ശ്രീ

എസ്സ്. ാറി. റെഡ്യാർ ശേഖരിച്ച

കലക്ടർ കുഞ്ഞൻനമ്പ്യാരുടെ

# തുള്ളൽ കഥകൾ

ഒന്നാംഭാഗം

Digitized By Kerala Sahitya Akademi

ശ്രീ

എസ്സ്. ററി. റെഡ്യാർ ശേഖരിച്ച

കലക്കത്ത കുഞ്ഞൻനമ്പ്യാരുടെ

# ഉള്ളൂർ കഥകൾ

ഒന്നാംഭാഗം

പ്രകാശകൻ,

ററി. സുബ്ബയ്യാ റെഡ്യാർ,

റെഡ്യാർ പ്രസ്സ് & ബുക്ക്ഡിപ്പോ,

തിരുവനന്തപുരം-1.

Digitized By Kerala Sahitya Akademi

പരിഷ്കരിച്ച പതിപ്പ്

കാപ്പി 2000.

റെഡ്യാർ പ്രസ്സ്, തിരുവനന്തപുരം.

സെപ്റ്റംബർ 1953.

പകർപ്പവകാശം പ്രകാശകനിൽ.

ഒന്നാംഭാഗത്തിനു്

വില 3—0—0.

Digitized By Kerala Sahitya Akademi

# മുഖവുര.

ഞാൻ പുസ്തകവ്യാപാരത്തിൽ ഏർപ്പെട്ടിട്ട് ഇപ്പോൾ ഇരുപത്തിഏഴുകൊല്ലം കഴിഞ്ഞിരിക്കുന്നു. ഇതിനിടയിൽ പ്രാചീനങ്ങളും, നവീനങ്ങളുമായ അനവധി ഭാഷാഗ്രന്ഥങ്ങൾ എന്റെ പ്രസിദ്ധീകരണത്തിൽ ഉൾപ്പെട്ട പൊതുജനങ്ങൾക്ക് ഉപകാരമായി ഭവിച്ചിട്ടുണ്ടെന്നുള്ളതു സുവിദിതമായ വാസ്തവമാണ്. ഒരു ഭാഷയ്ക്ക് എത്രമാത്രം ഉൽക്കർഷമുണ്ടെന്നുള്ളതു് ആ ഭാഷയിൽ പ്രചാരത്തിൽ ഇരിക്കുന്ന ഗ്രന്ഥങ്ങളുടെ എണ്ണവും വണ്ണവും ഘനവും തെളിവുംകൊണ്ടു നിശ്ചയിക്കാവുന്നതാണ്. ഞാൻ പുസ്തകപ്രചരണവിഷയത്തിൽ ആദ്യം ഏർപ്പെട്ടപ്പോൾ മലയാളഭാഷയിൽ പുസ്തകങ്ങൾക്ക് വളരെ ദാരിദ്ര്യവും ഉള്ളവയ്ക്ക് അസീമമായ വിലയും ഉണ്ടായിരുന്നു. ഏഴുത്തറിയാവുന്ന കേരളീയഹിന്ദുക്കളിൽ അധികം ആളുകളും അനുദിനവും പാരായണം ചെയ്യുന്ന വയാണല്ലൊ എഴുത്തച്ഛന്റെ ഭാഗവതം, ഭാരതം, രാമായണം എന്നീ മൂന്നു കിളിപ്പാട്ടുകളും; ഇവയിൽ ഓരോ പുസ്തകത്തിനും അന്ന് 7-ഉ 4-ഉ 3-ഉ രൂപാവീതം വില കൊടുത്താലും അത്ര സുലഭമല്ലായിരുന്നു. അവ അച്ചടിക്കപ്പെട്ടിരുന്നതും വാലും തലയും നിറ്റും നിലയും ഒന്നും ക്രമതെയും അപരിഷ്കൃതമായും ഭീമാബദ്ധനിഗ്രഹിതമായും ആയിരുന്നു. പുസ്തകത്തിന്റെ ചുരുക്കംകൊണ്ടും വിലക്കുറുതൽകൊണ്ടും ഒരുവിധം ദ്രവ്യസ്ഥന്മാരുടെ ഭവനങ്ങളിൽ അല്ലാതെ സാധാരണന്മാരുടേയും പാവങ്ങളുടേയും ഭവനങ്ങളിൽ അവയ്ക്ക് അന്ന് ഇന്നത്തെപ്പോലെ പ്രവേശനം ലഭിച്ചിരുന്നതുമില്ല. അവയെ എന്റെ പ്രസിദ്ധീകരണകോടിയിൽ അകപ്പെടുത്തി ആകൃതിയിൽ പരിഷ്കാരവും പ്രകൃതിയിൽ സംസ്കാരവും വരുത്തീട്ടുള്ളതു ഇപ്പോൾ മുമ്പിലത്തേതിൽ അഞ്ചിൽ ഒരോഹരി വിലയ്ക്ക് കേരളത്തിലെങ്ങും സുലഭമാണെന്നുള്ളതിനു ദൃഷ്ടാന്തം ധനികന്മാരുടെ പ്രാസാദങ്ങളിലും സാധാരണന്മാരുടെ ഭവനങ്ങളിലും പാവങ്ങളുടെ കുടിലുകളിലും ഒന്നുപോലെ പുരാണപാരായണം നടന്നുവരുന്നതാകുന്നു. ഭാഷാകവികുലഗുരുക്കന്മാരായ എഴുത്തച്ഛൻ, കുഞ്ചൻ നമ്പ്യാർ, ഉണ്ണായിവാരിയർ, പൊറ്റശ്ശേരി നമ്പൂരി മുതലായ പ്രസിദ്ധകവികളുടെ ദിവ്യാൻമുഖങ്ങളും മലയാളഭാഷയുടെ പൂർവികസമ്പത്തുകളും, ഗുണപ്രങ്ങളുമായ അനവധി കൃതികളെ അച്ചടിച്ചുസംരക്ഷിച്ചു ജനസാമാന്യത്തിനു ഒന്നുപോലെ അനുഭവയോഗ്യമാക്കിത്തീർത്തിട്ടുള്ളതുമല്ലാതെ അപ്രസിദ്ധങ്ങളും, പരിഷ്കാരവിമുഖന്മാരും സ്വാർത്ഥതൽപ്പരന്മാരുമായ പലരും ബുദ്ധിമാന്ദ്യമായി സംഗ്രഹിച്ചു വെള്ളരുമ്പിനും പാറനായ്ക്കും കൊടുപ്പാനായി വച്ചിരുന്ന പല പ്രയോജനകരങ്ങളായ ഗ്രന്ഥങ്ങളേയും ഞാൻ അതിപ്രയത്നംകൊണ്ടും ധനവ്യയംകൊണ്ടും സമ്പാദിച്ചു മുദ്രണംചെയ്തു പൊതുജനങ്ങൾക്കുപകാരമാക്കീട്ടുള്ളതിനെ തന്നത്താൻതന്നെ മഹാജനങ്ങളോടു് ഘോഷിക്കുന്നതു ആത്മപ്രശംസയിൽ അകപ്പെട്ടുപോകുമോ എന്നു ശങ്കിക്കുന്നെങ്കിലും വാസ്തവനിവേദനമാണല്ലൊ എന്നൊരു സമാധാനവും ഉണ്ടു്. മലയാളഭാഷാസാഹിത്യലോകത്തിനു പത്തിരുപതിൽ ചിലപ്രാനം കൊല്ലത്തിനിപ്പുറമായി പെട്ടെന്നൊരു വികാസവും, ശക്തിയും, പരിഷ്കാരവും, തെളിവും വഹിച്ചിട്ടുള്ളതിനു ഇപ്പോഴത്തെ ഭാഷാസാമ്രാജ്യത്തിലെ ചക്രവർത്തിതിരുമനസ്സിലേയും, യുവരാജാവുതിരുമനസ്സിലേയും, സാമന്തഭൂപന്മാരുടേയും ഭരണനൈപുണ്യവും പ്രധാനഉദ്യോഗസ്ഥന്മാരുടെ കൃത്യനിഷ്ഠയും, മലയാളം മാതൃഭാഷയായ കേരളത്തിന്റെ ഒന്നാകെയുള്ള ഉണർച്ചയും പരിഷ്കൃതനിലയിൽ വർത്തിക്കുന്ന അന്യഭാഷകളോടുള്ള സംസർഗ്ഗവും സർവകലാശാലയിൽ മലയാളഭാഷയും ഒരു ഉപഭാഷയായി സ്വീകരിക്കപ്പെട്ടതും ബ്രിട്ടീഷ്, തിരുവിതാംകൂർ, കൊച്ചി ഈ ഗവർമ്മെൻറുകളും മലയാളവിദ്യാലയങ്ങളെ സ്ഥാപിച്ചു പോഷിപ്പിക്കുന്നതും

Digitized By Kerala Sahitya Akademi

അച്ചടിയന്ത്രങ്ങളുടെ ആവിർഭാവവും പ്രധാനകാരണങ്ങളാണെങ്കിലും, മലയാളത്തെ ദ്രാവിഡഭാഷാ മഹാസാമ്രാജ്യത്തിൽനിന്നും വിടുത്തി പ്രത്യേകമായ ഒരു മഹാരാജ്യമാക്കി ഭരിച്ച എഴുത്തച്ഛന്റെ പാവനമായ കൃതികളേയും, അതിനെ പല നൂതനനിയമങ്ങളേയും വിചിത്രസ്ഥാപനങ്ങളേയും അലങ്കാരസാധനങ്ങളേയുംകൊണ്ടു പരിഷ്കരിച്ച കോട്ടയത്തമ്പുരാൻ, ഉണ്ണായിവാര്യർ മുതലായവരുടെ സാരഗർഭനങ്ങളായ കല്പനകളേയും, സ്വതന്ത്രസ്വതന്ത്രനായി സ്വവിഷയങ്ങളിലും തുള്ളി അകത്തു ചെന്നുപ്രസ്ഥാനമേറി മുഴക്കി രാണംനടത്തിയ കുഞ്ചൻനമ്പ്യാരുടെ ശാസനകളേയും പിന്നീടുണ്ടായ രണദോഷംകൊണ്ടു കിന്നിച്ചു മാഞ്ഞും, തേഞ്ഞുംപോയവയെ എല്ലാം അത്യല്പാനം ചെയ്താനിച്ചുചേർത്തും അജ്യാത്മരാമായണം, മനസ്സ്മൃതി, കർണ്ണാഭരി മുതലായ ശ്രേഷ്ഠഗ്രന്ഥങ്ങൾക്കു വ്യാഖ്യാനങ്ങളെ എഴുതിച്ചും ശ്രീമച്ഛങ്കരാചാര്യർ, വിക്രമാദിത്യകഥ, കീർത്തികേസരി, കാദംബരി, കഥാസരിത്സാഗരം, ശ്രീകൃഷ്ണാഭ്യുദയാമൃതം, ശ്ലോകവിനോദകഥകം, രുക്മിണിഹരണം, മീലാവതി, ആരാമാരാട്ടം. ശ്രീരാമകൃഷ്ണപരമഹംസരുടെ ഉപദേശങ്ങൾ 100 ൽ പരിമാനം ഗദ്യപുസ്തകങ്ങളെ ദ്രാവിഡം, സംസ്കൃതം, ഇംഗ്ലീഷ് മുതലായ ഭാഷകളിൽനിന്നും വിലോനമാംരക്കൊണ്ടു തർജ്ജമചെയ്യിപ്പിച്ചും വക്കീലന്മാരുടെ മഹാത്മ്യം, ഗന്ധർവപുരാണം, സേതുമാഹാത്മ്യം മുതലായി പല കിളിപ്പാട്ടുകൾ രാമചന്ദ്രചരിതം തുള്ളിയ 50-ൽ പരിമാനം നാടകപുസ്തകങ്ങൾ, ശ്രീകൃഷ്ണചരിതം, സന്മാർഗ്ഗചന്ദ്രിക, അവസരോചിതമാല, ഗുരുജ്ഞാനോപദേശം മുതലായി 100-ൽപരം മണിപ്രവാളഗദ്യപദ്യപുസ്തകങ്ങൾ, മാധവനിദാനം, വൈദ്യസംഗ്രഹം മുതലായ വൈദ്യഗ്രന്ഥങ്ങൾ, ജ്യോതിഷഗ്രന്ഥങ്ങൾ ഇവയും വള്ളപ്പാട്ടുകൾ, തിരുവാതിരപ്പാട്ടുകൾ, അമ്മാനപ്പാട്ടുകൾ, വാതരോഗപ്പാട്ടുകൾ, കമ്മിപ്പാട്ടുകൾ, ഉറഞ്ഞാടൽപ്പാട്ടുകൾ, നേരമ്പോക്കുവിഷയമായ ക്രിമിനൽക്കേസു പുസ്തകങ്ങൾ മുതലായി 300-ൽ പരിമാനം പിള്ളേർ ഇനങ്ങൾ ഇങ്ങനെ പത്തെഴുന്നൂറിൽ പരിമാനം ഭാഷാഗ്രന്ഥങ്ങളെ ഒരു വ്യാഴവട്ടക്കാലമായിട്ടു അനവരതപ്രയത്നംകൊണ്ടു സംഗ്രഹിച്ചും സഞ്ചയിച്ചും പ്രസിദ്ധംചെയ്ത ഭാഷാസാഹിത്യലോകവാസികൾക്കുപകാരപ്പെടുത്തിവരുന്ന "വിദ്യാവിനോദിനി" പുസ്തകശാലയുടേയും മുദ്രാലയത്തിന്റേയും പ്രയത്നവും ഭാഷാഭിവൃദ്ധിക്കു് എത്രമാത്രം പ്രയോജനപ്പെട്ടിട്ടുണ്ടെന്നുള്ളതിനെ മഹാജനങ്ങൾതന്നെ തീർച്ചപ്പെടുത്തേണ്ടതാണു്. ഞാൻ ഇതുവരെയും ഉള്ള എന്റെ ജീവിതകാലം മുഴുവനും ഭാഷാഗ്രന്ഥങ്ങളെ പ്രചരിപ്പിക്കുന്നതിനും മലയാളം അച്ചടിയെ അഭിവൃദ്ധിയിൽ കൊണ്ടുവരുന്നതിനും ആയിട്ടാണു് വിനിയോഗിച്ചിട്ടുള്ളതു്. ഈ വിഷയത്തിൽ എനിക്കു സഹായമായി ഭവിച്ചിട്ടുള്ളതു നിഷ്പക്ഷന്മാരായ പണ്ഡിതശ്രേഷ്ഠന്മാരുടെ അനുമോദനങ്ങളും അവരിൽ ചിലരുടെ ഉദാരതയും പ്രോത്സാഹനങ്ങളും എന്നാൽ പ്രസാധിതങ്ങളായ പുസ്തകങ്ങളെ യാതൊരാളും വാങ്ങിവായിച്ചു് എനിക്കു നാമംകൊണ്ടും കുതാത്പര്യത്തെ വർദ്ധിപ്പിക്കുന്നതും മാത്രമാകുന്നു. പരിഷ്കൃതരാജ്യങ്ങളിൽ ഭാഷാപോഷണവിഷയത്തിൽ പ്രയത്നിക്കുന്നവർക്കു് ഗവർമ്മെണ്ടിൽനിന്നും ബുക്കുകമ്മിറ്റിയിൽനിന്നും പല സഹായങ്ങളും ചെയ്തുകൊടുക്കുന്ന പതിവുണ്ടു്. എന്നാൽ വിദ്യാഭ്യാസവിഷയത്തിൽ അത്യന്തം ജാഗ്രൂകതയും ഉദാരതയും നാനാപ്രകാരത്തിലും പ്രകാശിപ്പിക്കുന്ന നമ്മുടെ ഗവർമ്മെണ്ടിൽനിന്നാകട്ടെ ബുക്കുകമ്മിറ്റിയിൽ നിന്നാകട്ടെ സുഖണിയമായ യാതൊരു സഹായവും ഇന്നേവരെയും "വിദ്യാവിനോദിനി"ക്കു ലഭിച്ചിട്ടില്ലാത്തതു ഭാഗ്യദോഷംകൊണ്ടെന്നല്ലാതെ മറെറാന്നുംപറയാവതല്ല. ഏതൊരു വ്യവസായവും അഭിവൃദ്ധിയിൽവരുന്നതിനു് തദ്ദേശഗവർമ്മെണ്ടിന്റെ സഹായം അത്യന്താപേക്ഷിതമാണെന്നുള്ളതു പ്രസ്താവയോഗ്യമാണു്. ഞാൻ അച്ചുക്കൂടം നടത്തി തുടങ്ങിയതുമുതൽ മലയാളം അച്ചടിയെ വിവിധവിധത്തിലും പരിഷ്കരിച്ചുവരികയാണെങ്കിലും എന്റെ എല്ലാ മനോഗതങ്ങളും മനസ്സോലെ, പ്രവൃത്തിയിൽ കൊണ്ടുവരുന്നതിനു മാത്രം യാതൊരു വിധത്തിലും സഹായികളില്ലാത്തതിനാൽ സാധിച്ചിട്ടില്ലെന്നുള്ളതിനേയും വ്യസനസമേതം വെളിപ്പെടുത്തിക്കൊള്ളുന്നു. പ്രാചീനന്മാരും അർവ്വാചീനന്മാരും

Digitized By Kerala Sahitya Akademi

ആയ പണ്ഡിതരത്നങ്ങളുടെ കവനങ്ങളെ ഇനംപ്രതി കൂട്ടിച്ചേർത്തടിക്കുന്നതു് മോഷ്ടാക്കന്മാരെ തടക്കുന്നതിനുള്ള ഒരു നല്ലവഴിയും വായനക്കാർക്കു സുഗമവും സുകരവും ആയിരിക്കുമെന്നെനിക്കു കുറെ മുമ്പിനാലെ ഉണ്ടായിരുന്ന അഭിപ്രായത്തെ അടിസ്ഥാനമാക്കി അഞ്ചാറുകൊല്ലങ്ങൾക്കുമുമ്പിൽ പൂർവികന്മാരും ആധുനികന്മാരും ആയ വിദ്വാന്മാരുടെ 72 ദിവസത്തെ ആട്ടക്കഥകളെ കൂട്ടിച്ചേർത്തു് അച്ചടിച്ചു മലയാളത്തിലെ പണ്ഡിതന്മാരിൽ പലർക്കും മാന്യപത്രങ്ങൾകൊടുത്തു അഭിപ്രായത്തിനയച്ചതിൽ എല്ലാവരും ഐകകണ്ഠ്യേന ഈ പ്രയത്നം മലയാളഭാഷയ്ക്കും മലയാളത്തിനും അമൂല്യമായ ഒരനുഗ്രഹവും അത്യന്തം ശ്ലാഘനീയവുമാണെന്നഭിപ്രായപ്പെട്ടതുകൂടാതെ അവരിൽ സർവകലാവല്ലഭനായ വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടും, ഇടാതീനനമോഷ്ടാക്കന്മാരിൽ അഗ്രേസരന്മാരായ എ. ആർ. രാജരാജവർമ്മകൊച്ചുകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടും ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ അവർകളും മറ്റും ഇതുപോലെ ഉള്ളകഥകളും, വഞ്ചിപ്പാട്ടുകളും മുതലായതും സംകലനം ചെയ്തച്ചടിപ്പിക്കുന്നതു വളരെ പ്രയോജനവും ആശാസ്യവുമാണെന്നഭിപ്രായപ്പെട്ടു്. ആ വിഷയത്തിൽ എനിക്കു അത്യന്തം ഉത്സാഹത്തെ ജനിപ്പിച്ചു.

അതിൽപിന്നെ ഞാൻ മോഷ്ടാകവികുലഗുരുവായ കുഞ്ചൻനമ്പ്യാരുടെ സരസമധുരപ്രസന്നഗംഭീരങ്ങളായ ഉള്ളൂൽപാട്ടുകളും സംകലനംചെയ്തച്ചടിപ്പിച്ചാൽ മോഷ്ടാക്കൾക്കും ജനങ്ങൾക്കും പ്രയോജനമായി ഭവിക്കുമെന്നുവിചാരിച്ചു ശ്രമിച്ചതിന്റെ ഫലമായിട്ടാണു് 32 കഥകളും അടങ്ങിയ കുഞ്ചൻനമ്പ്യാരുടെ ഉള്ളൂൽക്കഥകളും | രംഗോഗം എന്ന പുസ്തകം 1084 ൽ വിദ്യാഭിവർദ്ധിനീ മുദ്രാലയമുദ്രിതമായി പുറപ്പെട്ടു് ഈപ്പോൾ കേരളത്തിലെങ്ങും വിസ്തരിക്കുന്നതു്. മലയാളത്തിലെ എല്ലാ മാന്യപണ്ഡിതന്മാരും പൊതുജനപ്രതിനിധിയായ വർത്തമാനപത്രങ്ങളും വിലയേറിയ പല അഭിപ്രായങ്ങളുംമൂലം എന്നെ അനുമോദിക്കുകയും കേരളവാസികളാകെ ആദരിക്കുകയുംചെയ്തു. ഏതാണ്ടുശവിഷയത്തിൽ സർവ്വഥാ ജാഗരൂകനായ എനിക്കു വിശേഷാൽ ഉന്മേഷത്തെ ഉളവാക്കിയെങ്കിലും കുത്സിതന്മാരുടെ കുത്സിതങ്ങളാൽ ഉടനടി അതിന്റെ 2-രംഗോഗം പുറപ്പെടുവിക്കുന്നതിനു സംഗതിയായില്ല.

അതിന്റെശേഷം എന്റെ മാന്യസുഹൃത്തുക്കളിൽ പലരും, സരസകവിയായ കുഞ്ചൻനമ്പ്യാരുടെ ശിഷ്ടമുള്ള കവിതാരത്നങ്ങളെക്കൂടി സമ്പാദിച്ചു 2-രംഗോഗമായി ഒരു മലക്കൂടി കൊടുത്തു മലയാളഭാഷാവനിതയുടെ ഗളതലത്തെ അലങ്കരിക്കണമെന്നു നിർബന്ധിച്ചെങ്കിലും രണ്ടാംഭാഗത്തിൽ ചേർത്തിട്ടുള്ള ഉള്ളൂൽകഥകളിൽ അധികവും മുൻപിൽ അച്ചടിച്ചിട്ടുള്ളവ അല്പാക്ഷരങ്ങളാൽ അപ്രസിദ്ധങ്ങളും ഗ്രന്ഥം കൈയിൽ ഉള്ളവരിൽ അധികംപേരും പ്രസിദ്ധപ്പെടുത്തുന്നതിൽ വൈമനസ്യമുള്ളവരും ആകയാൽ അവയെ സമ്പാദിക്കുന്നതിനുള്ള ബുദ്ധിമുട്ടും ധനവ്യയവും ക്രമാധികമായി കണ്ടതുകൊണ്ടുണ്ടായ ഏതദ്വിഷയത്തിലുള്ള എന്റെ മന്ദഗതിയെ മഹാമന്ത്രിമശ്രീ കൊച്ചുണ്ണിയിൽ എച്ചു്. എച്ചു്. രാമവർമ്മത്തമ്പുരാൻ തിരുമനസ്സുകൊണ്ടു അനുഗ്രഹസൂചകങ്ങളും ചാരിതാർത്ഥ്യജനകങ്ങളുമായ തിരുവെഴുത്തുകൾമൂലം ഏറ്റവും ചില ദുർല്ലക്ഷണങ്ങളായ നല്ല കഥകൾ അയച്ചുതന്നും താമിതപ്പെടുത്തുകയാൽ 1085-ൽ 26 കഥകൾ അടങ്ങിയ രണ്ടാംഭാഗവും വെളിക്കാക്കി. അതിൽ എനിക്കു അധികം ബുദ്ധിമുട്ടും ധനവ്യയവും നേരിട്ടിട്ടുണ്ടെങ്കിലും പൊതുജനങ്ങളുടേയും വിദ്വാന്മാരുടേയും ശ്ലാഘയ്ക്കു നിദാനമായി വേറിച്ചുതുകൊണ്ടു പരോപകാരത്തെന്നു ദ്വാമെന്ന വിചാരത്തോടുകൂടിയ എനിക്കു യാതൊരു ചാരിതാർത്ഥ്യക്കുറവും സംഭവിച്ചില്ല.

അതിൽപിന്നെ രണ്ടുഭാഗത്തിലുംകൂടി ഉള്ള ഞാൻപറഞ്ഞുട്ട കഥകളേയും ഒന്നിച്ചു ചേർത്തു അവയിൽ ഓട്ടൻ എല്ലാം ഒന്നായും ശീതങ്കൻ പറയൻ ഇവയെ അനുക്രമമായും ഇനംതിരിച്ചും ചേർത്തും വായനക്കാരുടെ സൌകര്യത്തിനുവേണ്ടി റായൽസയിസ്സു മാറ്റി ഡിമ്മി എട്ടാക്കിയും ഒന്നാംപുസ്തകത്തിൽ പുസ്തകപ്രവേശനത്തിന്റെ ദുരിശംകൊണ്ടു് വന്നുപോയ നിസ്സും

Digitized By Kerala Sahitya Akademi

രങ്ങളായ ചില അച്ചുപിഴകളെ തിരുത്തിച്ചും അച്ചടിച്ചു പ്രസിദ്ധം ചെയ്യണമെന്നു സാല്പ ദിവസമായിട്ടു വിചാരിച്ചുകൊണ്ടു വരികയായിരുന്നു. ഇതിനിടയിൽ സ്ഥിരുമതത്തപനിക്ഷേ പണ്ഡാരമായ മഹാഭാരതത്തെ ഗദ്യമാക്കി പ്രസിദ്ധപ്പെടുത്തണമെന്നുള്ള മോഹംകൊണ്ടു ഞാൻ ഈയിട പ്രകടീകരിച്ച ധർമ്മരാജസൂയസഞ്ചയസ്ഥാനമായ ഭാരതം ഒൻപതാം വാല്യത്തിന്റെ രൂപീകരണത്തിൽക്കൂടി പ്രവേശിച്ചുപോയതിനാൽ എന്റെ അഭീഷ്ടപ്രകാരം മുള്ളുകഥ ഒന്നാം ഭാഗവും രണ്ടാംഭാഗവും ഇനംപ്രതി സങ്കലനംചെയ്തു മുൻപതിപ്പിൽ ഉണ്ടായിരുന്ന അക്ഷരവീഴ്ച കളും തീർത്തു നല്ല കടലാസിൽ രംഗിയായിട്ടു അച്ചടിച്ചു ഒതുങ്ങിയ സൈസ്സിൽ ചുരുങ്ങിയ വിലയ്ക്കു ഇപ്പോൾ മാത്രമേ പൊതുജനസമക്ഷം സമർപ്പിക്കുവാൻ സംഗതിയായിട്ടുള്ളൂ.

ഇതിൽ അടങ്ങീട്ടുള്ള എല്ലാ കഥകളേയും ഒന്നിച്ചു കൂട്ടിച്ചേർത്തു അവയെ സംസ്കരിച്ചു ഇപ്രകാരം അച്ചടിച്ചു പ്രസിദ്ധപ്പെടുത്തുന്നതിനു ഞാൻ സഹിച്ചിട്ടുള്ള ധനവ്യയത്തെയും പ്രയ ത്നത്തെയും എന്നല്ല മറെറന്തുകൊണ്ടും ഈ പുസ്തകത്തിനു ഒരു പത്തു രൂപാ വില നിശ്ചയി ച്ചാലും കൂടിപ്പോകുകയില്ല. ഇതിൽ ആദ്യം പ്രസിദ്ധപ്പെടുത്തിയ ഒന്നാം പുസ്തകത്തെപ്പററി അഭിപ്രായം പറഞ്ഞകൂട്ടത്തിൽ വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു പുസ്തകമൊന്നിനു അഞ്ചു രൂപാവീതം വില വച്ചാലും കൂടുതൽ അല്പമെന്നു കല്പിച്ചിട്ടുണ്ടു്. എന്നാൽ നമ്മുടെ മലയാ ളികളിൽ അധികം ആളുകളും ദ്രവ്യസ്ഥന്മാർ അല്ലായ്കയാൽ എന്റെ ഈ പ്രയത്നത്തിന്റെ ഫലവും ശ്രേഷ്ഠകവികുലകിരീടമണിയായ കുഞ്ചൻനമ്പ്യാരുടെ വാങ്മാധുര്യവും എല്ലാവരും ഒന്നുപോലെ ആസ്വദിക്കാറാകണമെന്നു നിശ്ചയിച്ചു ഞാൻ ഇതിനു ഏറവും കുറുങ്ങിയ വില മാത്രമേ നിശ്ചയിച്ചിട്ടുള്ളൂ.

അല്ലയോ കേരളീയമഹാജനങ്ങളേ ! ഈ മഹത്തായ ഗ്രന്ഥത്തിനു ഈ നിസ്സാരമായ തുക കൂടുതൽ അല്ലല്ലോ. അതുകൊണ്ടു മഹാജനങ്ങളും എല്ലാം ഈ പുസ്തകംവാങ്ങി വായിച്ചു മല യാളഭാഷയെ ഉദ്ദേശിച്ചിട്ടുള്ള എന്റെ വലുതായ ഈ ശ്രമത്തിനു് കൃതാർത്ഥതയുണ്ടാക്കിത്തരണ മെന്നു അപേക്ഷിച്ചുംകൊണ്ടും ഒന്നും രണ്ടും ഭാഗങ്ങളെ സംബന്ധിച്ചു സദയം അഭിപ്രായങ്ങളും തന്നയച്ചുതന്ന മഹാശയന്മാർക്കും പുസ്തകശുദ്ധീകരണത്തിനു കഥകളും അയച്ചുതന്ന എല്ലാ ഉദാരശീ ലന്മാർക്കും വിശേഷിച്ചും ഇതിൽ എന്നെ അത്യന്തം ഉത്സാഹപ്പെടുത്തുകയും നല്ലതിൽ ചില കഥ കളും അയച്ചുതരികയും ചെയ്ത ഔദാര്യനിധിയും ഭാഷാപോഷണൈകാഭിലാഷിയും ആയ മഹാ മഹിമശ്രീ കൊച്ചി ഒന്നാംകുർ എച്ചു്. എച്ചു്. രാമവർമ്മത്തമ്പുരാൻ തിരുമനസ്സിലേക്കും ഞാൻ എന്റെ ഹൃദയംഗമങ്ങളായ വന്ദനങ്ങളെ പറഞ്ഞുകൊണ്ടും ഇതിന്റെ ആദ്യപതിപ്പുകാലത്തു അച്ചടിച്ചും പകർത്തിയും ഏറവും ദുഷിച്ചുപോയ പല കഥകളേയും സശ്രദ്ധം പരിശോധിച്ചു യഥാപൂർവ്വം സംസ്കരിക്കുന്നതിനു തന്റെ വിലയേറിയ സമയത്തെ വ്യയംചെയ്ത പ്രബോധരഞ്ജനം അധിപരവർകളോടെന്നപോലെ രണ്ടു ഭാഗങ്ങളേയും ഒന്നായിട്ടു ഇനംതിരിച്ചു സങ്കലനം ചെയ്ത തിലും അവയിൽ ഉണ്ടായിരുന്ന അച്ചടിത്തെററുകളും മറവും പരിശോധിച്ചു ശുദ്ധിപ്പെടുത്തിയ തിലും പ്രയത്നിച്ചിട്ടുള്ള തെങ്ങിലഴികത്തു എൻ. നാണുപിള്ള ആശാനവർകളോടും ഞാൻ ഏറവും നന്ദിയുള്ളവനായിരിക്കുന്നതാണെന്നു പ്രസ്താവിച്ചുകൊണ്ടും ഈ മുഖവുരയെ ഉപസംഹ രിച്ചുകൊള്ളുന്നു.

1088 ചിങ്ങം 30-൹

എന്നു്,

എസ്സ്. ററി. റെഡ്യാർ.

Digitized By Kerala Sahitya Akademi

പല മഹാന്മാരിൽനിന്നും കിട്ടിയിട്ടുള്ള

# വിലയേറിയ അഭിപ്രായങ്ങൾ.

---

അനന്തപുരത്തുകൊട്ടാരത്തിൽ മഹാമഹിമശ്രീ മൂത്തകോയിത്തമ്പുരാൻ തിരുമനസ്സിൽനിന്നും,

ശ്രീ

എസ്സ്. ററി. റെഡ്യാരവർകൾക്കു്.

തുള്ളൽകഥകൾ അടങ്ങിയ ഒന്നാംഭാഗം പുസ്തകം കിട്ടി വളരെ സന്തോഷമായി. കുറ ഞ്ഞൊരുകാലത്തിനിപ്പുറം മലയാളഭാഷ ഒരപരിഷ്കൃതഭാഷയാണെന്നു് ചിലക്കൊരാക്ഷേപ മുണ്ടായതിനെ, നീക്കുന്നതിനുവേണ്ടി ഭാഷാഭിമാനികളായ പല മഹാന്മാരും പലപ്രകാരത്തിൽ ഉള്ള ശ്രമങ്ങൾ ചെയ്തതിന്റെ ഫലമായിട്ടു് ഇപ്പോൾ ആ ഭാഷ ഒരുവിധം പരിഷ്കൃതസ്ഥിതി യിൽ എത്തീട്ടുണ്ടെന്നുള്ളതു സർവ്വസമ്മതമാണല്ലോ. എന്നാൽ മഹാന്മാരായ പ്രാചീനകവികള ടെ കൃതികളെ ദുഷ്പാന്തരപ്പെടുത്തി മേൽപറഞ്ഞ ആക്ഷേപത്തെ പരിഹരിക്കുന്ന തിലേക്കു നിങ്ങൾ ചെയ്തുവരുന്ന പരിശ്രമം ഒട്ടുമപ്രധാനമല്ലാത്തതിനാൽ, അതിൽവച്ചു നിങ്ങൾ ക്കുണ്ടാകുന്ന യശസ്സു് ഈ കേരളഭൂമിയുള്ളകാലമെല്ലാം ക്ഷയരഹിതമായിരിക്കുമെന്നു ഞാൻ ആശം സിക്കുന്നു. ഇതിൽ നാലുപുസ്തകം വി. പി. ആയി അയച്ചുതരേണ്ടിയിരിക്കുന്നു.

മൂത്തകോയിത്തമ്പുരാൻ (ഒപ്പു്)

മഹാമഹിമശ്രീ കേരളവർമ്മ സി. എസ്സ്. ഐ. എഫ്. എം. യു. എം. ആർ. ഏ. എസ്സ്. എഫ്. ആർ. എച്ചു്. എസ്സ്. വലിയകോയിത്തമ്പുരാൻ തിരുമനസ്സിൽനിന്നും,

28-ാംനു- അയച്ച എഴുത്തുകിട്ടി. മുപ്പത്തിരണ്ടു തുള്ളൽകഥകൾ അടങ്ങിയ രണ്ടു തര ത്തിലുള്ള പുസ്തകം രണ്ടും കിട്ടീട്ടു് ഏതാനും ദിവസമായി. അതു കിട്ടിയതുമുതൽ നമ്പ്യാരുടെ ഓരോ അതിസരസങ്ങളായ തുള്ളൽക്കഥകളെ ഒന്നും രണ്ടും മണിക്കൂറുനേരം വായിക്കാതെ ഒരു ദിവസവും കഴിയാറില്ല.

കുറച്ചുകാലമായിട്ടു ദേഹത്തിന്റെ ആസ്വാസ്ഥതയാൽ പുസ്തകവായനയിൽ ശ്രദ്ധ എനിക്ക ല്പം കുറവായിട്ടാണിരിക്കുന്നതു്. എങ്കിലും ഈ തുള്ളൽക്കഥകളിൽ മുൻപു കേട്ടിട്ടില്ലാത്തതായി ചിലതും, കേട്ടിട്ടുള്ളതായി പലതും, എടുത്തു വായിച്ചുതുടങ്ങിയാൽ ഇതര കൃത്യനിർബ്ബന്ധംകൊ ണ്ടു മാത്രമാണു് പുസ്തകം കയ്യിൽനിന്നും താഴെ വയ്ക്കുണ്ടിവരുന്നതു്. ഈ നാട്ടിൽ വിദ്യാഭിവൃദ്ധി ക്കായി നിങ്ങൾ അനവധി ദ്രവ്യം ചെലവുചെയ്തും നാനാപ്രകാരമായി പരിശ്രമിച്ചും വരുന്നതി ന്റെ വില മതിക്കത്തക്കതല്ലാത്ത പല ഫലങ്ങളും വെളിക്കു വന്നാക്കുട്ടത്തിൽ ഈ മുപ്പത്തിരണ്ടു തുള്ളൽക്കഥകളേയും ഇങ്ങിനെ ഒന്നായിച്ചേർത്തു അച്ചടിപ്പിച്ചു്, ജനങ്ങൾക്കു സമർപ്പിച്ചിരിക്കുന്ന തിനേക്കാളും ശ്ലാഘ്യതരമായ ഒരു കൃത്യം ഭാഷാഭിമാനമുള്ള ഒരുവനാലും സാധിപ്പാൻ ശക്യമല്ല.

നിങ്ങൾ ഈ തുള്ളൽക്കഥാപുസ്തകങ്ങളിന്റെ രണ്ടു പ്രതികൾ എനിക്കയച്ചുതന്നതിനുവേ ണ്ടി എന്റെ ഹൃദയംഗമമായ നന്ദി പറഞ്ഞുകൊള്ളുന്നു.

പുസ്തകം ഒന്നിനു അഞ്ചുരൂപാവീതം ഒട്ടും സംശയംകൂടാതെ വിലവയ്ക്കാമെന്നിരിക്കെ, നിങ്ങൾ ഇപ്പോൾ വച്ചിരിക്കുന്ന വില അത്യന്തം ലഘുവാകയാൽ നാട്ടുകാരിൽ നിർവ്വാഹമുള്ള വരൊക്കെയും ഓരോ പ്രതിയെങ്കിലും വാങ്ങിക്കാതിരിക്കയില്ലെന്നു വിശ്വസിക്കുന്നു.

വലിയകോയിത്തമ്പുരാൻ (ഒപ്പു്)

Digitized By Kerala Sahitya Akademi

മഹാമഹിമശ്രീ ഏ. ആർ. രാജരാജവർമ്മ, എം. ഏ., എം. ആർ. ഏ. എസ്സു്., തിരുമനസ്സിൽനിന്നും.

നിങ്ങൾ അയച്ച "തുള്ളൽക്കഥകൾ ഒന്നാംഭാഗം കിട്ടി സന്തോഷമായി. സരസകവിയായ കുഞ്ചൻനമ്പ്യാരുടെ തുള്ളൽകഥകൾ ശേഖരിച്ചു ഇങ്ങിനെ അച്ചടിപ്പിക്കുന്നതിനായി നിങ്ങൾ ആരംഭിച്ചിരിക്കുന്നതു ഭാഷയുടെ ഭാഗ്യമെന്നേ എന്നു പറയാം. 72-ദിവസത്തെ ആട്ടക്കഥകൾ ഒന്നിച്ചു നിങ്ങൾ അച്ചടിപ്പിച്ചതുതന്നെ ഭാഷയ്ക്കു വലിയ സഹായമാണു്. എന്നാൽ ഈ തുള്ളൽകഥകൾ കൊണ്ടുള്ള ഉപയോഗം അതിലും അധികമായിട്ടുള്ളതാകുന്നു. അച്ചടിയുടെ രീതിയും മറ്റും നന്നായിട്ടുണ്ടു്. നമ്പ്യാരുടെ ശേഷമുള്ള തുള്ളൽകഥകളും കഴിയുന്നിടത്തോളം ശേഖരിച്ചു നിങ്ങൾ പ്രസിദ്ധപ്പെടുത്തുമെന്നു വിശ്വസിക്കയും ഈ മാതിരി ഓരോ നല്ല കൃതികൾ അച്ചടിപ്പിച്ചു പ്രസിദ്ധപ്പെടുത്തി ഭാഷയുടെ പരിഷ്കാരം വർദ്ധിപ്പിക്കുന്നതിനായി നിങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന പരിശ്രമത്തെപ്പറ്റി വളരെ അഭിനന്ദിക്കയും ചെയ്യുന്നു.

ഏ. ആർ. രാജരാജവർമ്മ (ഒപ്പു്)

സർവകലാശാലാ പരിശോധകൻ കൊച്ചി ഗവർമെന്റു് മഹാമഹിമശ്രീ കേരളവർമ്മ ബി. ഏ., കൊച്ചുതമ്പുരാൻ തിരുമനസ്സിൽനിന്നും.

തുള്ളൽകഥകളുടെ 1-ാംഭാഗം എന്റെ അഭിപ്രായത്തിനായി നിങ്ങൾ എനിക്കയച്ചുതന്നതിനെ, ഞാൻ നന്ദിപൂർവം സ്വീകരിച്ചുകൊള്ളുന്നു. നിങ്ങളുടെ "ആട്ടക്കഥകൾ" പുറത്തുവന്നപ്പോൾ എനിക്കാദ്യമേയുണ്ടായ വിചാരം ഇതുപോലെ തുള്ളൽക്കഥകളും ഒന്നായി സംഗ്രഹിച്ചിട്ടുള്ള ഒരു പുസ്തകം അച്ചടിച്ചുകിട്ടിയാൽ നന്നായിരുന്നു എന്നായിരുന്നു. അതും ഇപ്പോൾ സാധിച്ചുകൂട്ടത്തിലായി, ഇതിൽ വായനക്കാർ നിങ്ങളോടു്, എത്രതന്നെ കടപ്പെട്ടിരിക്കുന്നുവെന്നു്, പറഞ്ഞറിയിക്കുവാൻ നിവൃത്തിയില്ല. ഈ 1-ാംഭാഗത്തിൽ അടങ്ങിയിരിക്കുന്ന കഥകൾ മുഴുവൻ കുഞ്ചൻനമ്പ്യാരുടെ കൃതികളാണെന്നോർക്കുമ്പോൾ ഈ പുസ്തകത്തിന്റെ ഗുണവും ആവശ്യകതയും ഒരുപോലെ സ്പഷ്ടമാകുന്നു. പിന്നെ, വല്ല ന്യൂനതകളും സംഭവിപ്പാനിടയുള്ളതു അച്ചടിക്കാര്യത്തിലാണു്. എന്നാൽ ഏഴെട്ടു കഥകളോളം ഞാൻ വായിച്ചുനോക്കി. പറയത്തക്ക അച്ചടിപ്പിഴകളൊന്നും കണ്ടുമുട്ടിയില്ല. മറ്റു കഥകളിലും ഇങ്ങിനെതന്നെ നിഷ്കൃഷ്ടം ചെന്നിരിക്കുമെന്നതന്നെയാണു് എന്റെ വിശ്വാസം. എന്നാൽ ഒരു ദോഷമില്ലെ എന്നു സംശയിക്കുന്നു. അതായതു പുസ്തകത്തിനു വീതി കുറെ അധികമായിപ്പോയി പക്ഷേ അതുകൊണ്ടുള്ള നഷ്ടം നിങ്ങൾക്കല്ലാതെ വായനക്കാക്കില്ല.

നിങ്ങളുടെ ഉദ്യമത്തിനു തക്ക പ്രതിഫലം സിദ്ധിച്ചു് ജനോപകാരത്തിനായി ഇനിയും അനേകഗ്രന്ഥങ്ങളെ പ്രസിദ്ധപ്പെടുത്തുവാൻ, നിങ്ങളുടെ മനസ്സിൽ ഉത്സാഹത്തോന്നിക്കുന്നതിനു് ഈശ്വരനെ പ്രാർത്ഥിച്ചുംകൊണ്ടു് ഈ എഴുത്തു ഞാൻ അവസാനിപ്പിക്കുന്നു.

കേരളവർമ്മ (ഒപ്പു്)

ബ്രഹ്മശ്രീ നട്ടുവത്തച്ചുൻനംപൂരിപ്പാടു് തിരുമനസ്സിൽനിന്നും,

കുഞ്ചൻനമ്പ്യാരനേകംകഥകൾകവിതയിൽത്തുള്ളലായിച്ചമച്ചു.
തഞ്ചുംമോദാൽഭവാനാക്കൃതികൾമുഴുവനൊന്നായിവച്ചുചുടിച്ചു.
കിഞ്ചിൽസന്ദേഹമില്ലീശ്രമമതുവളരെശ്ലാഘനീയംനിനച്ചാൽ
താൻചെയ്യാനില്ലുവേറിട്ടിതിലുമധികമായിട്ടുലോകോപകാരം.
കൊള്ളാംബുക്കിലശേഷമില്ലപിഴകുത്തിക്കെട്ടമീയച്ചടി-
ക്കുള്ളാജാത്യവു,മല്ലമായവിലയുംമറ്റുംവിചാരിക്കുകിൽ
ഉള്ളത്തിൽപ്രിയമാക്കുമേകമിടയാംരണ്ടാംപതിപ്പിന്നിനി-
ത്തുള്ളക്കാക്കുപജീവനത്തിനിതുതാൻ നിക്ഷേപമിക്ഷോണിയിൽ.

എന്നു് നട്ടുവത്തു്, അച്ചുൻനംപൂരി (ഒപ്പു്)

Digitized By Kerala Sahitya Akademi

മ. രാ. രാ. കെ. പരമുപിള്ള എം. എ. അവർകളാൽ അയച്ചുതരപ്പെട്ടതു്,
മ. രാ. രാ. എസ്സ്. ററി. റെഡ്യാരവർകൾക്കു്.

നിങ്ങൾ അയച്ച തുള്ളൽക്കഥകൾ ഒന്നാംപുസ്തകം കിട്ടി. പുസ്തകം എല്ലാവിധത്തിലും നന്നായിരിക്കുന്നു എന്നാണു് എന്റെ അഭിപ്രായം. മലയാളഭാഷയ്ക്കുവേണ്ടി നിങ്ങൾ ചെയ്യുന്ന ശ്രമത്തെപ്പററി സന്തോഷിക്കാത്തവർ ആരും കാണുകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു. "എഴുപത്തിരണ്ടിവസത്തെ ആട്ടക്കഥകൾ" നിങ്ങൾ പ്രസിദ്ധപ്പെടുത്തിയ അവസരത്തിൽ നിങ്ങളുടെ അക്ഷീണപരിശ്രമത്തിന്റെ ഫലമായി, മലയാളഭാഷയിലുള്ള എല്ലാ ഉത്തമഗ്രന്ഥങ്ങളും, "വിദ്യാവിലാസിനി" മുദ്രാലയമുദ്രയെ ധരിച്ചു നാടൊട്ടുക്കു സൈ്വരമായി സഞ്ചാരംചെയ്യട്ടെ എന്നു ഞാൻ ആശംസിച്ചിരുന്നു. ഈ ആശംസ ഏറെക്കുറെ ഫലവത്തായി വന്നുകാണുന്നതിൽ പ്രത്യേകം സന്തോഷമുണ്ടു്. നമ്പ്യാരുടെ തുള്ളൽക്കഥകളോടു കേരളവാസികൾക്കെല്ലാം ഒരു പ്രത്യേക വാത്സല്യമുണ്ടല്ലോ. അവയെ കൂട്ടിച്ചേർത്തു് ഭംഗിയായവിധി പ്രസിദ്ധംചെയ്യുന്നതിനു സാധിച്ചതുനിങ്ങൾക്കായിരിക്കെ, അവക്കു നിങ്ങളോടും ഒരു പ്രത്യേക വാത്സല്യം തോന്നാൻ ന്യായമുണ്ടു്. ഗ്രന്ഥപ്രചാരവിഷയത്തിൽ നിങ്ങൾക്കു സവ്വിജയവും ഉണ്ടാകട്ടെ!

എന്നു് കെ. പരമുപിള്ള (ഒപ്പു്)

വലിയകൊട്ടാരം അദ്ധ്യാപകൻ

മ. രാ. രാ. കെ. സി. കേശവപിള്ള അവർകളിൽനിന്നും.

സരസകവി സാവ്വഭൌമനായ കുഞ്ചൻനമ്പ്യാരുടെ നിസ്തുലമധുരങ്ങളായ തുള്ളൽക്കഥകൾ 32-എണ്ണം ഒന്നിച്ചുചേർത്തിരിക്കുന്ന ഈ പുസ്തകം കണ്ടപ്പോൾ എനിക്കുണ്ടായ സന്തോഷാതിശയം അനിർവ്വചനീയമായിരിക്കുന്നു. "നമ്പ്യാരുടെ തുള്ളൽക്കഥ" എന്ന വാക്കുതന്നെ കണ്ണുപിയുഷമാണു്. മലയാളഭാഷയിൽ ഉണ്ടായിട്ടുള്ള യഥാർത്ഥകവിതകളിൽ ഉൽകൃഷ്ടതമമായ സ്ഥാനത്തെ അർഹിക്കുന്നതു് ഈ മഹാകവിയുടെ തുള്ളൽക്കഥകൾ ആണെന്നുള്ളതിനു സംശയമില്ല. ഇതു കൊണ്ടു് എഴുത്തച്ഛനെ നമ്പ്യാരിൽനിന്നും താഴ്ത്തിപ്പറകയാണെന്നു വായനക്കാർ ശങ്കിക്കരുതു്. എഴുത്തച്ഛൻ ഭാഷയ്ക്കു ചെയ്തിട്ടുള്ള പരിഷ്കാരമാണു് സർവ്വാപരി പ്രധാനമായിട്ടുള്ളതു്. ആ മഹാത്മാവിനെ അനുഗമിപ്പാൻ ഭാഗ്യമുണ്ടായതാകുന്നു നമ്പ്യാരുടെ അനതിശയനീയമായ ഈ ഉൽക്കർഷത്തിനു കാരണമായിത്തീർന്നതു്.

"താഴത്തുഭാഗത്തുവീണുകിടക്കുന്ന
വാഴപ്പഴംകൊണ്ടുമൂടീമഹീതലം
പാഴററപട്ട വിരിച്ചുകണക്കിനെ
വാഴയ്ക്കുമുറമംപ്രകാശമുണ്ടെപ്പോഴും
വാവലുംകാക്കയുംപച്ചക്കിളികളും
പ്രാവുംപരുന്തുംപറന്നുനടക്കുന്ന
പക്ഷികൾവന്നിപ്പഴത്തപഴങ്ങളെ
ഭക്ഷിക്കുമാറില്ലപേടികൊണ്ടെങ്ങിനെ"

എന്നിങ്ങിനെ "മധുരകോമളകാന്തപദാവലി"യായ "സരസ്വതി" അത്ര ധാരാളമായി മറെറാരു കവിയുടേയും നാവിൽ ആവിർഭവിച്ചിട്ടില്ലെന്നു തീർത്തുപറയാവുന്നതാണു്. അപ്രകാരമുള്ള ഈ ദിവ്യകവിയുടെ തുള്ളൽകഥകൾ ഒരേരോന്നായി അങ്ങുമിങ്ങും ചിതറിക്കിടന്നു് ചിരഞ്ജീവനം പാറയ്ക്കും ആഹാരമായിത്തീരാനിടയാകാതെ അവയെ സമാഹരിച്ചു് ഇപ്രകാരം അച്ചടിപ്പാൻ തുടങ്ങിയ മിസ്റ്റർ എസ്. ററി. റെഡ്യാരുടെ പ്രയത്നം, അത്യന്തം അഭിനന്ദനീയംതന്നെയാകുന്നു.

Digitized By Kerala Sahitya Akademi

പാളങ്ങളം തിരിച്ചുപിക്കുക, തെറ്റുകളെ കഴിയുന്നതും പരിഹരിക്ക മുതലായിഇതിന്റെ അച്ചടിയിൽ പെയ്യിരിക്കുന്ന പരിഷ്കാരങ്ങളും ആദരണീയങ്ങളായിട്ടുണ്ട്. ഭർല്ലഭമായി ചില ടിക്കിൽ മാത്രം കാണുന്ന അച്ചടിത്തെറ്റുകളം തീരെ നിസ്സാരങ്ങളും രണ്ടാംപതിപ്പിൽ പരിഹരിക്കാവുന്നവയും ആകുന്നു.

72-ദിവസത്തെ ആട്ടക്കഥകളം ഒന്നായി അച്ചടിപ്പിച്ചതുകൊണ്ടു് മിസ്റ്റർ റെഡ്യാരുടെ മേൽ ദോഷാഭിമാനികളംക്കുണ്ടായിരിക്കുന്ന ബഹുമാനം ഈ പുസ്തകത്തിന്റെ പ്രചാരത്തോടുകൂടി ടിഗ്ണിവേക്കാതെയിരിക്കയില്ലെന്നു പൂർണ്ണമായി വിശ്വസിക്കുന്നു.

കേ. സി. കേശവപിള്ള (ഒപ്പു്)

മ രാ. രാ. കൊട്ടാരത്തിൽ ശങ്കുണ്ണി അവർകളിൽനിന്നും.

ശ്രീ.

എസ്സു്. ററി. റെഡ്യാരവർകൾക്കു്.

നിങ്ങളം ഈയിടെ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന "തുള്ളൽക്കഥകളം" 1-ാം ഭാഗം പുസ്തകം ആകപ്പാടെ വളരെ നന്നായിരിക്കുന്നുവെന്നുള്ളതിനു സംശയമില്ല. ആകെ ഈ പുസ്തകത്തിൽ 32 കളം കഥകളാണല്ലോ അടങ്ങിയിരിക്കുന്നതു്. അവയിൽ ഓട്ടൻ, ശീതങ്കൻ, പറയൻ എന്നീ മൂന്നിനത്തിലുള്ള തുള്ളൽകഥകളേയും മൂന്നായി വേർതിരിച്ചു ശേഖരപ്പെടുത്തിയും പാളങ്ങളം വരിവരിയായി തിരിച്ചും ഇടയ്ക്കിടയ്ക്കു സന്ദർഭോചിതങ്ങളായ ദായംപടങ്ങളം കൂടി ചേർത്തും അച്ചടിപ്പിച്ചിരിക്കുന്നതു് ഏററവും ഉചിതവും വായനക്കാക്കു സൌകര്യപ്രദവും രസാവഹവും ആയിരിക്കുന്നു. മലയാളഭാഷയുടെ പരിഷ്കാരാഭിവൃദ്ധികളേയും ഗുണത്തേയും ഉദ്ദേശിച്ചു വളരെക്കാലമായി പല ഇനങ്ങളിലായിട്ടു അനവധി പുസ്തകങ്ങളം വിശേഷിച്ചും 72 ദിവസത്തെ ആട്ടക്കഥകളം ഒന്നായിച്ചേർത്തും അച്ചടിപ്പിച്ചു പ്രസിദ്ധപ്പെടുത്തുകയും തന്നിമിത്തം ഏറിയൊരു മഹാന്മാരുടെ ശ്ലാഘയ്ക്കു പാത്രീഭവിക്കുകയും ചെയ്തിട്ടുള്ള നിങ്ങളംക്കു് ഈ തുള്ളക്കഥകളുടെ പ്രസിദ്ധീകരണം വിശേഷിച്ചു് ഒരഭിമാനഹേതുവായിരിക്കുന്നില്ല. എങ്കിലും, ദോഷാഭിമാനികളായിട്ടുള്ള ഏവരും നിങ്ങളുടെ ഈ ഉചിതകൃത്യത്തെപ്പററി അത്യന്തം അഭിനന്ദിക്കുമെന്നു ഞാൻ ദൃഢമായി വിശ്വസിക്കുന്നു.

പരിഷ്കാരമെന്നതു് ഒരിക്കലും അവസാനിക്കാത്തതും കൂടാതെ പറവാനായി നോക്കിക്കൊണ്ടിരിക്കുന്നവക്കു് അരുതെന്നുള്ള വകകൂടാ പിന്നെയും പിന്നെയുംഉണ്ടാക്കിക്കൊണ്ടിരിക്കുന്നതുമാണു്. പുസ്തകങ്ങളം അച്ചടിപ്പിച്ചു പ്രസിദ്ധപ്പെടുത്തുന്നതിലുള്ള കഷ്ടപ്പാടുകളും നഷ്ടങ്ങളും മുതൽ ഈ ടാക്കുവാനുള്ള ബുദ്ധിമുട്ടുകളും മറവും എത്രമാത്രമുണ്ടെന്നു അനുഭവസ്ഥന്മാക്കു മാത്രമേ അറിവാൻ പാടുള്ളൂ. അതിനാൽ പ്രസ്തുതപുസ്തകത്തിൽ പാളങ്ങൾ വേർതിരിച്ചിരിക്കുന്ന സ്ഥിതിക്കു്, പാളങ്ങൾ കൂടി വേർതിരിച്ചു അച്ചടിച്ചിരുന്നു എങ്കിൽ വായനക്കാക്കു കുറച്ചുകൂടി സൌകര്യമുണ്ടായിരുന്നു എന്നും, പ്രൂഫ്നോക്കിയതിൽ കുറച്ചുകൂടി മനസ്സിരുത്തേണ്ടതായിരുന്നുവെന്നും മറവും ചിലർ അഭിപ്രായപ്പെട്ടേക്കാൻ ഏടയുണ്ടു്. അങ്ങിനെ വല്ല മഹാന്മാരും അഭിപ്രായപ്പെടുന്നതായാൽ, അതു ഇതിന്റെ രണ്ടാംഭാഗത്തിനു ഒരു പരിഷ്കാരകാരണമാകുമെന്നു വിശ്വസിക്കുന്നു.

റെഡ്യാരവർകൾ ഇപ്രകാരം മലയാളഭാഷയുടെ ഗുണത്തിനായി ഇനിയും പരിശ്രമിച്ചുകൊണ്ടു വളരെക്കാലം ആരോഗദൃഢഗാത്രനായി ജീവിച്ചിരിക്കുന്നതിനു സകലജഗന്നിയന്താവായ സർവ്വേശ്വരൻ സ്വയം കടാക്ഷിക്കട്ടെ!

എന്നു്, കൊട്ടാരത്തിൽ ശങ്കുണ്ണി (ഒപ്പു്)

Digitized By Kerala Sahitya Akademi

# കവിയുടെ ജീവചരിത്രം.

ഏതെങ്കിലും ഒരു പുസ്തകം വായിക്കുമ്പോൾ അതിന്റെ കർത്താവിന്റെ ജീവചരിത്രം അറിഞ്ഞാൽ കൊള്ളാമെന്നുള്ള ജിജ്ഞാസ വായനക്കാരിൽ ഒക്കും ഉണ്ടാകുന്നതാണല്ലോ. അതിലും കവി പ്രസിദ്ധനും കവിത സരസവും ആണെങ്കിൽ ആ മോഹം ഒട്ടും ചില്ലറയായിരിക്കുകയില്ല. എന്നാൽ നമ്മുടെ പൂർവികന്മാർക്ക് ഒരാളുടെ വാസ്തവചരിത്രത്തെ രേഖപ്പെടുത്തുന്നതിലുണ്ടായിരുന്ന വൈമുഖ്യംകൊണ്ട് നമുക്കിപ്പോൾ എല്ലാ പുരാതന മഹാശയന്മാരുടേയും ചരിത്രങ്ങളിൽ അധികം ഭാഗവും അതിശയോക്തി കൂട്ടി ഉരുക്കിയിട്ടുള്ളതിനെ പരമ്പരയായിട്ടല്ലാതെ അറിവാൻ മാർഗ്ഗമില്ലാതെ ആണ് ഇരിക്കുന്നത്. അതിനെ വിശ്വസിച്ച് ഒരാളുടെ ജീവചരിത്രം എഴുതുന്നതു വളരെ സൂക്ഷിച്ചും വേണ്ടിയിരിക്കുന്നു. എങ്കിലും സരളപ്രസന്നമധുരമായ കവിത കൊണ്ട് കേരളത്തിൽ എങ്ങും പ്രസിദ്ധനായ കുഞ്ചൻനമ്പ്യാരുടെ ജീവചരിത്രം പഴമക്കാരിൽ നിന്നും മറ്റും അറിഞ്ഞിട്ടുള്ളവയേയും വേറെ അന്വേഷിച്ചു അറിഞ്ഞിട്ടുള്ളവയേയും അടിസ്ഥാനപ്പെടുത്തി എഴുതിയാൽ അത് അധികം തെറ്റിപ്പോകുന്നതല്ലെന്നു വിചാരിച്ചു സമക്ഷീയായി ഇതിനു കീഴിൽ പറയുന്നു.

മലയാളഭാഷാസാഹിത്യസാമ്രാജ്യത്തിൽ സർവ്വപ്രകാരേണയും ചക്രവർത്തിയായി അഭിഷേകം ചെയ്തിരിക്കുന്ന മഹാകവി കുഞ്ചൻനമ്പ്യാരുടെ മൂലകുടുംബം കിള്ളിക്കുറിശ്ശിമംഗലത്തിനു സമീപത്തുള്ള കലക്കത്തു എന്ന പാവനമായ ഭവനം ആകുന്നു. അതുകൊണ്ടത്രേ അദ്ദേഹത്തെ കലക്കത്തു കുഞ്ചൻനമ്പ്യാർ എന്നു വിളിച്ചുവരുന്നത്. അദ്ദേഹത്തിന്റെ ജനനം എണ്ണൂററിഎൺപതാമാണ്ടിടയ്ക്കായിരുന്നു. അദ്ദേഹത്തിന്റെ അച്ഛൻ ഒരു നമ്പ്യാരുതന്നെ എങ്കിലും അദ്ദേഹത്തിന്റെ ജനനത്തിനു ഹേതുവായി ഒരു കഥ കേട്ടിട്ടുള്ളതുകൂടി ഇവിടെ എഴുതുന്നത് അത്ര അസംഗതമായി വരികയില്ലെന്നു വിചാരിക്കുന്നു.

"പണ്ടു കോഴിക്കോട്ടകാരനും ദരിദ്രനുമായ ഒരു സാധു നമ്പൂരിബ്രാഹ്മണൻ തന്റെ പുത്രികളെ വേളികഴിച്ചു കൊടുക്കുന്നതിനുവേണ്ടി തിരുവനന്തപുരത്തുപോയി മഹാരാജാവിനെ മുഖംകാണിച്ചു സങ്കടം അറിയിച്ചു. കല്പിച്ചു നൽകിയ പണക്കിഴിയുംകൊണ്ടു തിരിച്ചുപോകുന്ന വഴിമദ്ധ്യേ കിള്ളിക്കുറിശ്ശി ക്ഷേത്രത്തിൽചെന്നു കുളിക്കുന്നായി കുളക്കടവിൽ ഇറങ്ങി പണക്കിഴി കല്പടയിൽവച്ചിട്ടു കുളിക്കുമ്പോൾ ആവഴി കടന്നുപോയ ഒരു പഴയ കിഴിയുടെ മുകളിൽ അത്തന്നെ അത്ര മൂടത്തക്കവണ്ണം പാണകം ഇട്ടു. നമ്പൂരി കുളിച്ചുകയറി നോക്കിയപ്പോൾ പണക്കിഴി കണ്ടില്ല അദ്ദേഹം ക്രുദ്ധനായ ദുഃഖത്തോടുകൂടി ക്ഷേത്രത്തിൽപോയി വിചാരിച്ചു കിടന്നു. ഈ അവസരത്തിൽ നമ്മുടെ കവികുലഗുരുവിന്റെ മാതാവായ നങ്ങിയാർ ഗോമയം വാരുമ്പോൾ പണക്കിഴി കണ്ടു കിട്ടുകയും അതിനെ ഉടമസ്ഥനായ നമ്പൂരിക്കു കൊണ്ടുചെന്നു നൽകുകയും ചെയ്തു. പണക്കിഴി കിട്ടിയതുകൊണ്ടു സന്തുഷ്ടനായ ബ്രാഹ്മണൻ "നിനക്കു പ്രസിദ്ധനായ പുത്രൻ ഉണ്ടാകട്ടെ" എന്നു ആശീർവദിച്ചു. അതിന്റെ ഫലമായിട്ടാകുന്നു സരസകവികുലതിലകനായ കുഞ്ചൻനമ്പ്യാർ ഭൂലോകജാതനായത്.

കുഞ്ചൻനമ്പ്യാരുടെ ബാല്യകാലത്തെ താമസവും വിദ്യാഭ്യാസവും സ്വദേശമായ കിള്ളിക്കുറിശ്ശിമംഗലത്തുതന്നെ ആയിരിക്കണം. ഈ സ്ഥലം തിരുവില്വാമലയ്ക്കു സമീപവും, ലക്കടി ആഫീസിനു അടുത്തും ആണ്. അതിൽ പിന്നീടുള്ള അദ്ദേഹത്തിന്റെ താമസം കോലക്കടി ആഫീസിനു അടുത്തും ആണ്. അതിനു കാരണം അദ്ദേഹത്തിന്റെ അച്ഛനു കിടട്ടയം താലൂക്കിൽ കിടങ്ങൂർ ആയിരുന്നു. അതിനു കാരണം അദ്ദേഹത്തിന്റെ അച്ഛനു കിട

Digitized By Kerala Sahitya Akademi

ങ്ങൂർ എന്തോ ജോലിയുണ്ടായിരുന്നതുകൊണ്ട് തന്റെ പുസ്തകം മാച്ചുനോടൊന്നിച്ച് ആക്കിയ തത്രേ. അവിടെ വന്നതിൽ പിന്നീടും അദ്ദേഹം കുറെനാൾ വിദ്യാഭ്യാസം ചെയ്തതായി അറിയുന്നുണ്ട്. തെക്കൻ ദിക്കിൽ അദ്ദേഹത്തിനുള്ള ഗുരുനാഥന്മാരിൽ അദ്ദേഹം തന്റെ കവിതകളിൽ കൊണ്ടു നമ്മെ പരിചയപ്പെടുത്തുന്നതു ദ്രോണംപള്ളി ആചാര്യനേയും "ചണ്ഡികാദേവിയെ സേവിച്ചു മേവുന്ന" ഉണ്ണിരവിക്കുറുപ്പിനേയും ആണ്. ഇവരിൽ ദ്രോണംപള്ളിയിൽ ആചാര്യൻ എന്നു പറയുന്നതു അമ്പലപ്പുഴ നെടുമുടി പ്രവൃത്തിയിൽ ഉള്ള ഓണംപള്ളിയെന്ന ഇല്ലത്തിൽ അന്നുണ്ടായിരുന്ന പ്രധാന ബ്രാഹ്മണനെപ്പറ്റിയാണ്. ഈ ഓണംപള്ളിക്കുടുംബക്കാർ കലാവിദ്യകളിൽ മാത്തൂർ കുടുംബക്കാർക്ക് ഗുരുസ്ഥാനം വഹിച്ചുവന്നവർ ആയിരുന്നു. ഇവർ ദ്രോണാചാര്യരുടെ വംശജരാതന്മാരെന്നു വിചാരിക്കപ്പെട്ടുന്നവരും തുളുനാട്ടിൽനിന്നു അമ്പലപ്പുഴെ വന്നവരും ആണ്. ദ്രോണംപള്ളി ആചാര്യരെ നമ്പ്യാർ ഗുരുവാക്കിയതു തുള്ളലിനു് ആവശ്യമുള്ള കായികാഭ്യാസത്തിനായിട്ടല്ലാതെ അക്ഷരവിദ്യാഭ്യാസത്തിനായിട്ടാണെന്നു വിചാരിക്കുവാൻ ന്യായം കാണുന്നില്ല. ഓണംപള്ളി നായിക്കർ നമ്പ്യാരെ അക്ഷരവിദ്യ അഭ്യസിപ്പിച്ചിരുന്നുവെങ്കിൽ അദ്ദേഹം തന്റെ മറ്റുള്ള കവിതകളിൽ ഈ ഗുരുവിനെ ഉപേക്ഷിക്കുന്നതല്ലായിരുന്നു. കണ്ടംകുറിക്കാവിലെ ഇന്ദുചൂഡപ്രിയയെ സേവിക്കുന്ന നന്ദികാട്ടു ഭവനത്തിന്റെ നായകനായ ഉണ്ണിരവിക്കുറുപ്പ് നമ്പ്യാരെ ശാസ്ത്രങ്ങളും വായിപ്പിച്ചുതായിട്ടാണറിയുന്നതു്. നമ്പ്യാർക്കു വ്യാകരണം, വേദാന്തം, തർക്കം, ജ്യോതിഷം, വൈദ്യം എന്നു വേണ്ടാ എല്ലാ ശാസ്ത്രങ്ങളിലും കാവ്യനാടകാലങ്കാരങ്ങളിലും അപാരമായ ജ്ഞാനം ഉണ്ടായിരുന്നു എന്നു അദ്ദേഹത്തിന്റെ കവിതകളിൽ എവിടേയും തെളിവായിക്കാണുന്നതുകൊണ്ടു് അവയെല്ലാം അഭ്യസിച്ചുയ് ഉണ്ണിരവിക്കുറുപ്പിനോടായിരുന്നു എന്നും ഉണ്ണിരവിക്കുറുപ്പ് അവയിൽഎല്ലാം സമർത്ഥനായിരുന്നു എന്നും ആണ് പറയുന്നതു്. നമ്പ്യാർ ബാല്യത്തിലെ ഒരു കവിതാവാസനക്കാരൻ ആയിരുന്നു എങ്കിലും വ്യുൽപ്പത്തിക്കു ദൃഢതയും, ഹൃദയത്തിനു വിശാലതയും, ഗതിക്കു പരിഷ്കാരവും പ്രകാശിച്ചു കാണുന്നതു അമ്പലപ്പുഴെ താമസം തുടങ്ങിയതിൽ പിന്നീടു് ഉണ്ടാക്കിയിട്ടുള്ള കവിതകളിൽ ആയതുകൊണ്ടു് അദ്ദേഹത്തിന്റെ വിദ്യാഭ്യാസം പരിപൂർത്തിയാക്കിയതു് അമ്പലപ്പുഴെ വന്നതിൽ പിന്നീടാണെന്നുള്ളതും, അദ്ദേഹം ഉണ്ണിരവിക്കുറുപ്പിനോടു ശാസ്ത്രങ്ങളും അഭ്യസിച്ചിട്ടുണ്ടെന്നു പറയുന്നതും അധികം തെറ്റുകയില്ലെന്നു തോന്നുന്നു.

അദ്ദേഹം കോട്ടയം താലൂക്കിൽ ഉള്ള കിടങ്ങൂർനിന്നും അമ്പലപ്പുഴെ പാർപ്പു മാറിയതിനുള്ള പ്രത്യേകകാരണം എന്താണെന്നു വിവരമായി അറിയപ്പെട്ടിട്ടില്ല. കവിയായ തനിക്കു ചെമ്പകശ്ശേരി രാജാവു തെക്കടത്തു ഭട്ടതിരി മുതലായവരോടുണ്ടായ പരിചയം കൊണ്ടാണെന്നും കുലശേഖരപ്പെരുമാൾ ബാലമാർത്താണ്ഡവമ്മവഞ്ചീശ്വരൻ വടക്കുംകൂർ തെക്കുംകൂർ മുതലായ രാജ്യങ്ങളും അടക്കിയതോടുകൂടി അവിടത്തെ തൽക്കാലവാസം അത്ര സുഖമല്ലെന്നു വിചാരിച്ചിട്ടാണെന്നും കിടങ്ങൂർനിന്നും അമ്പലപ്പുഴ ക്ഷണപത്രവാൻപോയ ഒരു ചാക്യാർക്കു സഹായമായിട്ടാണെന്നും മറ്റും കിംവദന്തികളും ഉണ്ടു്. അദ്ദേഹം അമ്പലപ്പുഴെ വന്നതിൽ പിന്നീടു ഒന്നാമതായി "മന്ദാരദാരുവാം നന്ദികാരണ്യവാസ" ഉണ്ണിരവിക്കുറുപ്പിനേയും പിന്നീടു ചെമ്പകശ്ശേരി രാജാവു, മാത്തൂർപണിക്കർ ഇവരേയും ആശ്രയിച്ചു താമസിച്ചിരുന്നു. ഇദ്ദേഹം തന്റെ ഗുരുവായ ഉണ്ണിരവിക്കുറുപ്പിനോടൊന്നിച്ചു തകഴിയിലും ക്രുടാതെ ചെമ്പകശ്ശേരിരാജാവിനോടൊന്നിച്ചു് അമ്പലപ്പുഴെത്താലൂക്കിലുള്ള എല്ലാ പ്രവൃത്തികളിലും താമസിച്ചിട്ടുണ്ടു്. കുമാരപുരേശ്വരീസ്തോത്രം എന്നൊരു കവിത നിർമ്മിച്ചിട്ടുള്ളതുകൊണ്ടു് ഇദ്ദേഹം കുമാരനല്ലൂർ ശ്രീമതിനീ സ്വയംവരത്തിൽ കടമാളൂർ വേട്ടെയ്ക്കാരുമകനെപ്പറ്റി പ്രസ്താവിച്ചുകാണുന്നതുകൊണ്ടു കടമാളൂരും താമസിച്ചിട്ടുള്ളതായി അനുമാനിക്കാം. അതു് അദ്ദേഹത്തിന്റെ കിടങ്ങൂർ ഉള്ള സ്ഥിരതാമസക്കാലത്തായിരിക്കണം.

Digitized By Kerala Sahitya Akademi

നമ്പ്യാർ തന്റെ ജീവിതകാലത്തിൽ അധികം ഭാഗവും നയിച്ചിട്ടുള്ളതു ചെമ്പക ശ്ശേരിരാജാവിന്റെയും തിരുവിതാംകൂർ മഹാരാജാവിന്റെയും ആശ്രയത്തിൽ താമസിച്ചാണെ ന്നാണ് അഭിപ്രായപ്പെട്ടുന്നതു്. പണ്ഡിതപക്ഷപാതിയും പരാക്രമശാലിയും ആയിരുന്ന തിരു വിതാംകൂർ മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ ആശ്രിതസ്ഥാനത്തെ നമ്പ്യാർ കൈക്കൊണ്ടതു മാടമ്പിപ്പണിക്കർ വഴിയായിട്ടായിരുന്നു. നമ്പ്യാർ ഉണ്ടാക്കുന്ന കവിതകളെ എല്ലാം വാങ്ങി ശേഖരിച്ചതും തുള്ളൽ നടത്തിവന്നതും മാടമ്പിപ്പണിക്കർ ആണ്. നമ്പ്യാരുടെ കൃതികളിൽ ശീലാവതിയും പത്രവൃത്തവും, പതിനാലുവൃത്തവും, ഭാഗവതം ഉരുപത്തുനാലുവൃത്തവും നള ചരിതം, കാണക്കുസുത്രം ഈ കിളിപ്പാട്ടുകളും, കമരപുരേശ്വരിസ്തുതിയും, ബാല്യകാല ത്തിൽ ഉണ്ടാക്കിയവയാകുന്നു. വിദ്വൽകല്പകളായിരുന്ന കാർത്തികതിരുനാൾ രാമവർമ്മ മഹാരാജാവിന്റെ ആജ്ഞാപ്രകാരം ശംബരവധം, സ്യമന്തകം മുതലായി മൂന്നുനാലു ആട്ടക്കഥ കളും ഉണ്ടാക്കിയിട്ടുണ്ടു് ഈ ഗ്രന്ഥത്തിന്റെ കർത്തൃത്വം മണിപ്രവാളകാവ്യത്തിന്റെ രുചി അറി യാത്തവരായി എഴുത്തറിയാവുന്ന മലയാളികളിൽ ആരുതന്നെ ഇല്ലല്ലൊ. അതു് ഭാഗ്യവശാൽ ഒരു ദിവസം രാത്രികൊണ്ടു എഴുതിത്തീർത്തതാണെന്നു പറയുന്നതിലും അതിനു മുമ്പായ വിവാ വിഷയത്തിലും എത്രത്തോളം വാസ്തവം ഉണ്ടെന്നു അറിയുന്നില്ല എങ്കിലും അതിനെപ്പറ്റിയ യുള്ള പുരാവൃത്തവും ചുരുക്കമായിപ്പറയാം.

ചെമ്പകശ്ശേരി രാജാവിനു് സകലശാസ്ത്രപാരാവാരപാരംഗതനായ ഒരു ഭട്ടതിരി ഇഷ്ടനായിട്ടുണ്ടായിരുന്നു. ഭട്ടതിരിയുടെ ഇല്ലപ്പേരു് തെക്കേടത്തെന്നാണു് ഇദ്ദേഹം ചെമ്പ കശ്ശേരി രാജാവിന്റെ വിദ്വൽസഭാധ്യക്ഷനായിരുന്നതിനാൽ, എല്ലായ്പോഴും രാജാവിനോടൊ ന്നിച്ചുതന്നെയായിരുന്നു താമസിച്ചുവന്നിരുന്നതു്. നമ്പ്യാർ അമ്പലപ്പുഴെ പാഠ്പു തുടങ്ങിയതു മുതൽ, ഭട്ടതിരിയുടെ ശിഷ്യത്വം കൂടി സ്വീകരിച്ചുപോലും. നമ്പ്യാർ ഭട്ടതിരിയുടെ ശിഷ്യത്വം സ്വീകരിച്ചതിൽ പിന്നെ അദ്ദേഹം സ്വദേശത്തേക്കോ മറ്റോ പോയിരുന്ന ഒരു അവസരത്തിൽ പരദേശിയായ ഒരു ശാസ്ത്രിബ്രാഹ്മണൻ രാജസഭസ്സിൽ വെച്ചു വിദ്വാന്മാരുമായി ശാസ്ത്രവാദംചെയ്തു വിജയവും രാജസമ്മാനവും വാങ്ങുന്നതിനായി വരികയും, രാജാവിന്റെ ആജ്ഞപ്രകാരം ഭട്ടതി രിയും ശാസ്ത്രിയും തമ്മിൽ വാദം തുടങ്ങുകയും ചെയ്തു അവർതമ്മിൽ വളരെനാൾ വാദം നട ന്നിട്ടും ജയാപജയങ്ങളിൽ ഒന്നും തീർച്ചയാക്കാറായില്ലെങ്കിലും ഇനിയും വാദം മുമ്പോട്ടുപോകുന്ന തായാൽ ഭട്ടതിരി തോൽക്കുമാറാണെന്നുള്ളപ്പെന്നു രാജാവിനു് തോന്നുകയാൽ അദ്ദേഹം അവരോടു്, നിങ്ങളിൽ തമ്മിൽ വാദം തുടങ്ങിയിട്ടു് ദിവസം കുറെ അധികമായി. ഇതുവരെ, ആർക്കും ജയാ പജയങ്ങളിൽ ഒന്നും ഉണ്ടായില്ല. ഇനിയും നിങ്ങളിങ്ങനെ വാദിച്ചു് അനവധി ദിവസം പോകു മായിരിക്കും; അതുകൊണ്ടു് കാര്യമില്ല. നാം നിങ്ങളുടെ യോഗ്യത അറിയുന്നതിനു വേറൊരു പരീക്ഷ നിശ്ചയിച്ചിരിക്കുന്നു. അതു മറ്റൊന്നും അല്ല; കവിതാപരീക്ഷയാണു്. ഇന്നു രാത്രി കൊണ്ടു നിങ്ങളിൽ രണ്ടുപേരും പന്ത്രണ്ടുസർഗംവീതം അടങ്ങിയ ഓരോ മണിപ്രവാളകാവ്യം ഉണ്ടാക്കി നാളെ രാവിലെ നമ്മുടെ മുമ്പാകെ കൊണ്ടുവരണം. നാം അതു നോക്കി നിങ്ങളിൽ സമർത്ഥൻ ആരെന്നു നിശ്ചയിച്ചുകൊള്ളാമെന്നു പറഞ്ഞു വാദം അവസാനിപ്പിച്ചു.

ശാസ്ത്രി വലിയ സംസ്കൃതപണ്ഡിതനും കവിയുമായിരുന്നെങ്കിലും മണിപ്രവാള ത്തിൽ കാവ്യം ഉണ്ടാക്കുക അദ്ദേഹത്തിനെക്കൊണ്ടു അസാദ്ധ്യമെന്നു അദ്ദേഹത്തിനു തോന്നുക യാൽ അദ്ദേഹം കവിതയെഴുതാൻ ആരംഭിക്കാതെ അത്താഴം ഊണുംകഴിഞ്ഞു കടിന്നുറങ്ങി ഭട്ട തിരി അങ്ങനെയല്ല സ്വന്തം മാത്തിൽപോയി അത്താഴം ഊണും കഴിഞ്ഞു കവിതഎഴുതാൻ വേണ്ട വട്ടങ്ങളെല്ലാം ഉണ്ടാക്കിയുംകൊണ്ടു വിചാരിച്ചതിൽ അർദ്ധരാത്രിവരെ ആയിട്ടും അദ്ദേ ഹത്തെക്കൊണ്ടു ഒരു ശ്ലോകംകൂടി ഉണ്ടാക്കാൻ കഴിഞ്ഞില്ല. സംസ്കൃതത്തിലായിരുന്നെങ്കിൽ

Digitized By Kerala Sahitya Akademi

അദ്ദേഹത്തിനും പ്രയാസമില്ലായിരുന്നു. ഈ അവസരത്തിൽ നമ്പ്യാർ വടക്കുനിന്നും അമ്പലപ്പുഴയ്ക്കു വള്ളംവഴി വരികയായിരുന്നു. ഭട്ടതിരിയുടെ മംത്തിൽ [illegible]യായിട്ടും വിളക്കണച്ചിട്ടില്ലാഞ്ഞതു് എന്താണെന്നറിയണമെന്നു വിചാരിച്ചു് കായ്ക്കുറങ്ങി ഭട്ടതിരിയുടെ അടുക്കലേക്കു പോയി വന്നിച്ചു. ഭട്ടതിരി അകസ്മികമായുണ്ടായ നമ്പ്യാരുടെ ആഗമനംകൊണ്ടു് സന്തുഷ്ടനായി വിവരം നമ്പ്യാരോടു പറഞ്ഞു. നമ്പ്യാർ, കവിത ഉണ്ടാക്കിക്കളയാം. 1 സർഗമില്ലാതെ 12 സർഗവും കൂടി ഇനിയുള്ള രാത്രികൊണ്ടു തന്നെക്കൊണ്ടുമാത്രം എഴുതാൻ തുടങ്ങുകയില്ല. 11 സർഗം പറഞ്ഞുകൊടുക്കുന്നതുപോലെ എഴുതിക്കൊള്ളുന്നതിനു 11 ആളുകളെക്കൂടി ഉണ്ടാക്കാമെങ്കിൽ സംഗതി രംഗിയാകും എന്നു് ഭട്ടതിരിയോടറിയിച്ചു. അദ്ദേഹം ഉടൻ തന്നെ തന്റെ ശിഷ്യന്മാർ അവിടെക്കിടന്നുറങ്ങുന്നവരിൽ 11 പേരെ വിളിച്ചുണർത്തി അയച്ചുകൊടുത്തു. നമ്പ്യാർ മുറയ്ക്കു് 1-ാം സർഗത്തിന്റെ 1-ാം ശ്ലോകം താനെഴുതുകയും അതോടുകൂടെത്തന്നെ 2 മുതൽ 12 വരെ സർഗങ്ങളുടെയും ഒന്നാമത്തെ ശ്ലോകങ്ങളും പറഞ്ഞു കൊടുക്കുകയും ചെയ്തു. ശ്രീകൃഷ്ണചരിതം 12 സർഗം കാവ്യവും ഉണ്ടാക്കി വെളുക്കുന്നതിനുമുമ്പായി ഭട്ടതിരിയെ എല്പിച്ചു. ഇങ്ങനെയാണു് ശ്രീകൃഷ്ണചരിതം മണിപ്രവാളത്തിന്റെ ഉത്ഭവത്തെപ്പറ്റിയുള്ള കേൾവി.

രാമചന്ദ്രവിലാസം എന്നൊരു സംസ്കൃതകാവ്യവും അദ്ദേഹത്തിന്റെ കൃതിയായിട്ടുണ്ടു്. ഉത്തരരാമായണം കിളിപ്പാട്ടു കുഞ്ചൻനമ്പ്യാരുടെ കൃതിയാണെന്നു് ദോഷൈകദൃക്കുകൾ അഭിപ്രായപ്പെട്ടതിനെ ഇദാനീന്തന ദോഷൈകദൃക്കുകളിൽ പ്രധാനികൾ എല്ലാം സകാരണം അപലപിക്കുന്നതു് സ്വീകാര്യമത്രേ.

ഇങ്ങിനെ മലയാളഭാഷയിൽ ഉള്ള പഴയ മാറ്റുങ്ങളിൽക്കൂടി നമ്പ്യാരും തന്റെ കവിതാവനിതയേയും പ്രചരിപ്പിച്ചു എങ്കിലും, അദ്ദേഹത്തിന്റെ ആ പ്രൌഢാംഗനയുടെ വിലാസങ്ങളും എല്ലാം സർവജനഹൃദയാകർഷകമായി പ്രകാശിച്ചതു് സ്വതന്ത്രസ്വതന്ത്രനായ അദ്ദേഹം തന്നെ ഏർപ്പെടുത്തിയ തുള്ളൽ എന്ന പുതിയ മാർഗത്തിലൂടെയുള്ള പ്രസ്ഥാനത്തിൽ നിന്നും ആകുന്നു. അദ്ദേഹം തുള്ളൽഉണ്ടാക്കിയതു് അമ്പലപ്പുഴെ ക്ഷേത്രത്തിൽ കൃത്തിനു മിഴാവു കൊട്ടിക്കൊണ്ടിരിക്കുമ്പോൾ തന്നെ അപഥസിച്ച ചാക്യാരോടു പിണങ്ങിയിട്ടാണെന്നുള്ള സംഗതി സുപ്രസിദ്ധമാണെങ്കിലും ചുരുക്കത്തിൽ വിവരിക്കാം. "നമ്പ്യാർ അമ്പലപ്പുഴെ താമസിക്കുമ്പോൾ ഒരിക്കൽ ഉത്സവത്തിനു ചാക്യാരുടെ കൃത്തിനു മിഴാവു കൊട്ടാൻപോകേണ്ടിവന്നു. നമ്പ്യാരന്മാരുടെ കുലധർമ്മം മിഴാവു കൊട്ടുകയാണെങ്കിലും നമ്മുടെ കവിപുംഗവൻ അതു അത്ര ശീലിച്ചിരുന്നില്ല. പരിചയം ഇല്ലാത്ത അദ്ദേഹത്തെ ക്ഷണിച്ചതു പതിവുകാരൻ നമ്പ്യാക്കു ഉത്സവമദ്ധ്യേ ആശൌചം നേരിട്ടതുകൊണ്ടും വേറെ നമ്പ്യാരന്മാർ അടുത്ത സ്ഥലത്തെങ്ങും ഇല്ലായിരുന്നതുകൊണ്ടും ആയിരുന്നു. കുഞ്ചൻനമ്പ്യാരെ ക്ഷണിച്ചപ്പോൾ തനിക്കു മിഴാവുകൊട്ടാൻ പരിചയമില്ലെന്നു പറഞ്ഞതിൽ ചാക്യാർ അറിയാവുന്നതുപോലെ കൊട്ടിയാൽ മതിയെന്നും അല്ലെങ്കിൽ അടിയന്തിരം മുട്ടിപ്പോകുമെന്നും പറഞ്ഞതുകൊണ്ടായിരുന്നു പോയതു്. കൃത്തുരംഭിച്ചു നമ്പ്യാർ മിഴാവുകൊട്ടിത്തുടങ്ങിയപ്പോൾ തെറ്റിപ്പോയി ആക്ഷേപിക്കാൻ വിരുതുള്ള ചാക്യാർ തിരിഞ്ഞുനിന്നു പരിഹാസം തുടങ്ങി. ചാക്യാർ തന്നെ സഭയിൽവച്ചു പരസ്യമായി അധിക്ഷേപിച്ചതുകൊണ്ടു നമ്പ്യാർ വളരെ മുഷിഞ്ഞു. ഉടൻതന്നെ അദ്ദേഹം കൊട്ടനിർത്തി ഇറങ്ങിപ്പോയ്ക്കളഞ്ഞു. അതിൽപ്പിന്നെ നമ്പ്യാർക്കുണ്ടായ വിചാരം തന്നെ ആക്ഷേപിച്ച ചാക്യാരെ ലജ്ജിപ്പിക്കുന്നതിനുള്ള വഴി എന്തെന്നായിരുന്നു. ആ വിചാരത്തിന്റെ ഫലമായി ആ ദിവസംകൊണ്ടുതന്നെ അതിനുമുൻപില്ലാത്ത രീതിയിൽ ഒരു കവിത (കല്യാണസൌഗന്ധികം ശീതങ്കൻതുള്ളൽ) ഉണ്ടാക്കി അതിനെ രംഗത്തിൽ അഭിനയിക്കുന്നതിനു ഒരു വേഷവും നിശ്ചയിച്ചു. പിറേറദിവസം നാടകശാലയിൽ ചാക്യാർ കൃത്തു ആരംഭിച്ചപ്പോൾ നമ്പ്യാർ ഒരു പുതിയ വേഷം കെട്ടി അമ്പലപ്പുഴെ ക്ഷേത്രത്തിന്റെ പടിഞ്ഞാറെവശത്തു കളിത്തട്ടിനേൽ കയറി മേള

Digitized By Kerala Sahitya Akademi

താളസംഗീതത്തോടുകൂടി തുള്ളൽ ആരംഭിച്ചു. കളിത്തട്ടിന്മേൽ കൊട്ടും, പാട്ടും, തുള്ലലും, ആംഗ്യവും ഭാവവും എല്ലാം കലശൽ ആയപ്പോൾ ഇഴു് എന്തൊരു വിദ്യ ആണെന്നു നോക്കാനായി നാടകശാലയിൽ കൂടിയിരുന്നവർ ഒന്നാകെ നമ്പ്യാർക്കു മുറവും ചെന്നുകൂടി. നാടകശാലയിൽ ചാക്യാരും നമ്പ്യാരും മാത്രം ശേഷിച്ചു. നമ്പ്യാരുടെ പുതിയ പ്രസ്ഥാനത്തിലുള്ള പ്രയോഗവും പണ്ഡിതപാമരാന്തം ആകർഷിക്കുന്നതിനു ശക്തിയുള്ള ആദ്ദേഹത്തിന്റെ കവിതാമാധുര്യവും അഭിനയചതുരതയും കണ്ടു വന്നവർക്കാർക്കും തിരിച്ചുപോകാൻ നിവൃത്തി ഉണ്ടായില്ല. കേൾക്കാൻ ആളില്ലെന്നായപ്പോൾ ചാക്യാർ കൂത്തും മതിയാക്കിപ്പോകയും ചെയ്തു. ഇതാതിരുന്നു തുള്ളക്കഥയുടെ ഉത്ഭവം.

നമ്പ്യാരുടെ കൃതികളിൽ, ആദ്ദേഹത്തിന്റെ മൂഴുവൻ ശക്തിയും മനസ്സിന്റെ പരിഷ്കാരവും പക്വതയും പ്രസന്നമായി പ്രശോഭിച്ചുകാണുന്നതു് തുള്ളൽക്കഥകളിൽ ആണു്. ആദ്ദേഹത്തിനു മലയാളഭാഷാസാമ്രാജ്യത്തിൽ അനശ്വരമായ ഒരു കീർത്തിസ്തംഭം ഉയർത്തിട്ടുള്ളതും തുള്ളക്കഥകൾതന്നെ. സരളപ്രസന്നമധുരോദ്ധതഗതിയോടുകൂടി തുള്ളിച്ചാടിക്കുതിക്കുന്ന നമ്പ്യാരുടെ തുള്ളക്കഥകൾപോലെ വായനക്കാരെ രസിപ്പിക്കുന്നതായ മറ്റൊരു കവനങ്ങളും മലയാളത്തിൽ ഇല്ലെന്നുള്ളതു് സർവ്വസമ്മതമാണല്ലോ. ഇപ്രകാരം തുള്ളക്കഥകൾ സർവ്വജനഹൃദയാവർജ്ജകമായി വെച്ചിരിക്കുന്നതു്, കവി വിശാലവും ഉന്മേഷകരവുമായ തന്റെ മനഃശക്തിയുടെ ഗതിയെ അനുസരിച്ചല്ലാതെ, പഴയ മാമൂൽപ്രകാരം, തണ്ടാരും, അമ്പിളിയും ചക്രവാകപ്പക്ഷിയും തന്റെ കാവ്യനിർമ്മാണോപകരണവസ്തുക്കളാക്കി കരുതി കവിത എഴുതാൻ തുനിയാഞ്ഞതുകൊണ്ടും മനോഹരങ്ങളായ ആശയാരണങ്ങൾകൊണ്ടു തന്റെ കവിതാകാമിനിയെ അലങ്കരിച്ചിട്ടുള്ളതിനാലും പ്രതിപാദ്യവിഷയത്തിന്റെ ഗുരുലഘുത്വമനുസരിച്ചു ഭാഷയ്ക്കു വരുത്തിക്കൂട്ടിയിട്ടുള്ള ലളിതപ്രൌഢതകൾകൊണ്ടും കവിതാരംഗത്തിൽ അവതരിപ്പിക്കുന്ന സ്ത്രീപുരുഷന്മാരുടെയും വസ്തുവകകളുടേയും തന്മയരമണീയ വർണ്ണനവൈചിത്ര്യംകൊണ്ടും രചനയുടെ ലാളിത്യംകൊണ്ടും മനോഗതങ്ങളുടെ അനുക്രമമായ കഴുക്കുകൊണ്ടും സങ്കല്പശക്തിയുടെ ധാരാളത്വംകൊണ്ടും കവിതാപ്രവാഹത്തിന്റെ അതിയായ വേഗത്തെത്തടഞ്ഞും ഛിന്നഭിന്നമാക്കി വിപ്പിക്കുന്ന സാരശ്രൂന്യമായ ഭേദഗതികളേയും കെട്ടുപാടുകളേയും വകവയ്ക്കാതിരുന്നതിനാലും സർവ്വതന്ത്രസ്വതന്ത്രതകൊണ്ടും സകലവിഷയജ്ഞാനംകൊണ്ടും ആണെന്നുള്ളതു പരമസ്യമാണല്ലോ.

മലയാളഭാഷാസാഹിത്യനഭോമണ്ഡലത്തിൽ ആദ്യന്തം ദീപ്രമായി പ്രശോഭിക്കുന്ന ഒരു നക്ഷത്രമായ ഈ കവിയാൽ ഇങ്ങിനെ വിടൽപാമരാന്തം ആദരണീയമായവിധത്തിൽ നൂറിൽപരം തുള്ളക്കഥകൾ ഉണ്ടാക്കിയിട്ടുള്ളതായും പറഞ്ഞുകേൾവി ഉണ്ടു്. അവയിൽ പുറത്തുവന്നിട്ടുള്ളതും രഹസ്യത്തിൽ വച്ചിരുന്നതുമായി അൻപത്തെട്ടുകഥകൾ പുസ്തകത്തിൽ അടങ്ങിയിട്ടുണ്ടു്. ശേഷം ഉള്ളവകൾ മാത്തൂർമഠത്തിലെ ഗ്രന്ഥപ്പുരയിൽ ഇരിപ്പുള്ളതായും അറിയുന്നു. ചില കഥകൾ അഗ്നിബാധയിൽപ്പെട്ടു നശിച്ചുപോയതായി കേട്ടിട്ടുള്ളതു വാസ്തവമാണെങ്കിൽ കഷ്ടമാണു്. നമ്പ്യാരുടെ കൃതികൾ മാത്തൂർപണിക്കരുടെ കൈവശത്തിൽ ആകുന്നതിനിടയായതു് നമ്പ്യാർ ചെമ്പകശ്ശേരിരാജാവിന്റെ കല്പനപ്രകാരം തുള്ളൽപാട്ടുകൾ ഉണ്ടാക്കിയാൽ ഉടനെ പണിക്കരെ പഠിപ്പിച്ചു തിരുമുമ്പിൽ തുള്ളിച്ചുവന്നതുകൊണ്ടും ദ്രവ്യസ്ഥനായ പണിക്കരുടെ സംരക്ഷണയിൽ നമ്പ്യാർ താമസിച്ചിരുന്നതുകൊണ്ടും ആണു്. നമ്പ്യാർ ഉണ്ടാക്കിയ തുള്ളൽപാട്ടുകൾ ഏതെല്ലാമാണെന്നും അവയിൽ എന്തെല്ലാമടങ്ങിയിട്ടുണ്ടെന്നും അവയിൽ രസികത്വവും ആസ്വാദ്യതയും ഏതിനാണെന്നും മറ്റുമുള്ള നിരൂപണം വെളിപ്പെട്ടിടത്തോളമുള്ള കൃതികൾ ഈ പുസ്തകത്തിൽ ഉണ്ടെന്നും ശക്കരഉണ്ടയിൽ എവിടെയും മധുരംതന്നെ എന്നും ചൂരുക്കികഴിക്കയല്ലാതെ വിസ്തരഭയംകൊണ്ടു തൽക്കാലം നിവൃത്തിഇല്ല. അകൃത്രിമമായ രാമണീയകത്തോടും വിസ്മയനീ

Digitized By Kerala Sahitya Akademi

യമായ മാധുര്യത്തോടുകൂടി സർവ്വത്ര പ്രകാശിക്കുന്ന ഈ മഹാകവിയുടെ കവിതയിൽ എത്രഭാഗം വായിച്ചാലും മനസ്സിനുണ്ടാകുന്ന ആനന്ദം ഒന്നു വേറേതന്നെയാണ്.

"സമുല്ലാസോ വാചാം സരസമധുനിഷ്യന്ദലഹരീ
സമുന്മേഷാദ്യേക്ഷീ സകലരസപോഷോപജനകഃ
ന കേഷാമാദ്യത്തേ മനസി പരിതോഷം നവനവൈ-
വ്വിലാസൈരുന്മീലദ്വികചിതമധുശ്രീപരിമളഃ."  എന്നും

"സാ കവിതാ സാ വനിതാ യസ്യാഃ ശ്രവണേന ദർശനേനാപി
കവിഹൃദയം വിടഹൃദയം സരളം തരളം ചതുരം ഭവതി."

എന്നും മറ്റുമുള്ള ആപ്തവാക്കുകൾ വെറുതേ അല്ലെന്നു കാണിക്കുന്നതു് ഇദ്ദേഹത്തെപ്പോലെയുള്ളവരാണല്ലോ. ലൌകിക സംഗതികളെ സരസമായി വർണ്ണിക്കുന്നതിനു മലയാളഭാഷയ്ക്കു ശക്തിയുണ്ടെന്നുള്ളതിനെ കുഞ്ചൻനമ്പ്യാരാണു് ആദ്യമായി തുള്ളൽകഥകൾമൂലം ഒന്നാമതായി വെളിപ്പെടുത്തിയതു്. കുഞ്ചൻനമ്പ്യാരെ അനുകരിക്കുന്നതിനായി അക്കാലത്തു ഇക്കാലത്തും പല കവിപുംഗവന്മാരും പ്രയത്നിച്ചിട്ടുണ്ടെങ്കിലും ആദ്ദേഹത്തെ കടത്തിവയ്ക്കാനോ സമമെടുക്കാനോ ആർക്കും കഴിഞ്ഞിട്ടില്ലെന്നു മാത്രമല്ലാ പലരും ഭഗ്നാശയന്മാരായി പിൻമടകയാണു് ചെയ്തിട്ടുള്ളതു്. അദ്ദേഹത്തിന്റെ വഴി ഒന്നുവേറെ ആയിരുന്നു. അതിലെക്കുടിപ്പോകുന്നതിനു കയ്യിൽ ധാരാളം കോപ്പും നല്ല സ്വാതന്ത്ര്യബുദ്ധിയും ഊഹാപോഹവിചക്ഷണതയും സർവ്വതോമുഖമായ ജ്ഞാനവും രസജ്ഞതയും മനസ്സിൽഉണ്ടാകുന്ന എല്ലാ വികാരങ്ങളേയും വാഗ്രൂപേണ പരഹൃദയത്തിൽ കടത്തി കടന്നുകേറിയ ക്ഷണത്തിൽതന്നെ ഇറങ്ങിപ്പോകാതെ പതിഞ്ഞുയന്ന് അനുകരണീയഭാവം പ്രസ്ഫുരിപ്പിക്കത്തക്ക ഒരു വിശേഷവാസനയും ഉണ്ടായിരിക്കണം. വിദ്വാൻ പാമരനന്തം ആസ്വാദ്യങ്ങളായ കവിതകളെ അനുഗ്രഹകവിയായ ഇദ്ദേഹത്തിനൊപ്പം മലയാളഭാഷയിൽ മറെറാരുകവികളും നിർമ്മിച്ചിട്ടില്ല, അതു് മറെറ കവികൾക്കു ഇല്ലാത്തതായി അദ്ദേഹത്തിനുണ്ടായിരുന്ന പരിഹാസകവനപാടവവും എള്ളും പിടിയും ഇല്ലാത്ത വേദാന്തവിഷയങ്ങളേയും പ്രൌഢതരങ്ങളായ ശാസ്ത്രീയവിഷയങ്ങളേയും സാധാരണങ്ങളായ ലൌകികനടപടികളേയും ഒന്നുപോലെ സരസമായും ലളിതമായും പ്രതിപാദിക്കാൻ കഴിയുമായിരുന്ന വിശേഷാശയവാസനയും കൊണ്ടായിരുന്നു.

നമ്പ്യാർ പലസ്ഥലങ്ങളിലും വച്ചു പല ഫലിതങ്ങളും പ്രവർത്തിച്ചിട്ടുണ്ടു്. അവയിൽ ചിലതു വായനക്കാരുടെ അറിവിനുവേണ്ടി ഉല്ലേഖനം ചെയ്യാം. "നമ്പ്യാരു അമ്പലപ്പുഴെ താമസിക്കുമ്പോൾ ചെമ്പകശ്ശേരി രാജാവിന്റെ ഗുരുവായി "കയ്യിഴ" എന്നൊരു നംപൂരി ഉണ്ടായിരുന്നു. അദ്ദേഹം രാജാവിന്റെ സ്വാധീനംകൊണ്ടു മറുള്ളവരോടെല്ലാം ധിക്കാരമായി പെരുമാറുകയും കൊട്ടാരത്തിൽകാഴ്ച വയ്ക്കുന്ന വസ്തുക്കൾ എല്ലാം മറുള്ളവക്കു കൊടുക്കാതെ നമ്പൂരിതന്നെ കൊണ്ടുപോവുകയും ചെയ്തുകൊണ്ടുനംപൂതിരിയെ രാജാവിങ്കൽനിന്നു അകറുന്നതിനു നമ്പ്യാരെ രാജസേവകന്മാർ ഉപാർശചെയ്തു. തനിക്കിഷ്ടമില്ലാത്തവരെ കണക്കിനു ആക്ഷേപിക്കുവാനും സൌകര്യംപ്രതി കാര്യം പററിക്കാനും വിരുതുള്ള നമ്പ്യാർ രാജപരിചാരകന്മാരുടെ അപേക്ഷയെ സാധിക്കാൻ സൌകര്യം പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്ന അവസരത്തിൽ ഒരു ദിവസം ചെമ്പകശ്ശേരിരാജാവു കയ്യിഴയോടൊന്നിച്ചു എഴുന്നള്ളിവരുന്നതിനെക്കണ്ടു അവർ അടുത്തുവന്നപ്പോൾ നമ്പ്യാർ കയ്യിൽ ഇരുന്ന പാത്രം നിലത്തു ഇട്ടുകളഞ്ഞു. ഉടനെ രാജാവു അതുകണ്ടു പാത്രം ഇട്ടതു എന്തിനാണെന്നു ചോദിച്ചതിനു നമ്പ്യാർ ഉത്തരം പറഞ്ഞതു "കയ്യിഴവന്നതുകൊണ്ടുള്ള ഗ്രഹപ്പിഴ" ആണെന്നാണു്. അതുകേട്ടു ഇംഗിതജ്ഞന്മാരായ രാജാവും നംപൂരിയും നമ്പ്യാരുടെ ബുദ്ധിശക്തിയേയും ഫലിത വൈഭവത്തേയും ഓർത്തു അത്യന്തം സന്തോഷിച്ചു. അന്നുമുതൽ

Digitized By Kerala Sahitya Akademi

നംപൂരിയുടെ ധിക്കാരപ്രവൃത്തികൾക്കും ലോഭപ്രഞ്ചെയ്ത്യങ്ങൾക്കും വളരെ ഒതുക്കവും ഉണ്ടായി ഇപ്പോഴും തിരുവനന്തപുരത്തു താമസിക്കുന്ന കാലത്തിൽ ഒരു ദിവസം ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിൽ തൊഴുന്നതിനായി പെന്നപ്പോൾ അവിടത്തെ ശാന്തിക്കാരനായ നമ്പി, നമ്പ്യാരോടു ആരാണെന്നു ചോദിച്ചതിനു "നമ്പിയാർ" എന്നു ഉത്തരം പറഞ്ഞതുകേട്ടു കല്പഷ്ണ്ണയനായ നമ്പി വിവരം തിരുമനസ്സു് അറിയിക്കയാൽ മഹാരാജാവുതിരുമനസ്സുകൊണ്ടു നമ്പ്യാരെവരുത്തി ഉണ്ടായ പരമാർത്ഥം ചോദിച്ചപ്പോൾ,

"നമ്പി,യാരെന്നു ചോദിച്ചു നമ്പിയാരെന്നു ചൊല്ലിനേൻ
നമ്പി,കേട്ടഥ കോപിച്ചു തമ്പുരാനേ പൊറുക്കണം."

എന്നു അറിയിച്ചതായും തമ്പുരാൻകേട്ടു സന്തോഷിച്ചതായും കേൾവി ഉണ്ടു്. അതുപോലെതന്നെ ഇദ്ദേഹത്തിന്റെ സഹോദരിയായിരുന്ന ഉണ്ണായിവാര്യരുടേയും സമുദായത്തെപരിശോധിക്കുന്നതിനുവേണ്ടി ഇവർ സാധാരണ കൂടിച്ചുവരുന്ന തിരുവനന്തപുരത്തു ശ്രീവരാഹത്തുകടവു് ആനയെക്കൊണ്ടു കലക്കിക്കയും രണ്ടുപേരും കൂടിയുംകഴിഞ്ഞു തിരുമുൻപാകെ പെന്നപ്പോൾ തിരുമനസ്സുകൊണ്ടു് ആദ്യം വാര്യരോടു് ഇന്നാത്തെക്കുളി ഏവിടെ ആയിരുന്നുഎന്നു കല്പിച്ചുചോദിച്ചതായും വാര്യർ ശ്രീവരാഹത്തു കടവത്തിൽ കരികലക്കിയ സ്ഥലത്തായിരുന്നു എന്നും നമ്പ്യാരോടു ചോദിച്ചപ്പോൾ അവിടെത്തന്നെ കടവു കലക്കിയ സ്ഥലത്തായിരുന്നു എന്നും അറിയിച്ചതായും ഉടനെ മഹാരാജാവു് തിരുമനസ്സുകൊണ്ടു സമീപത്തുണ്ടായിരുന്ന വിദ്വൽമണി ഘണ്ഡപതി തിരുനാമം കൊച്ചുതമ്പുരാനോടു ഇവരുടെ യോഗ്യത ഇതുകൊണ്ടു നിശ്ചയിക്കരുതോ എന്നു ചോദിച്ചതായും ഒരു കിംവദന്തി ഉണ്ടു്. ക്രൂടാതെ സരസനായ നമ്പ്യാരും,പണ്ഡിതനായ വാര്യരുംകൂടി തിരുവനന്തപുരത്തു പത്മതീർത്ഥത്തിൽ കുളിച്ചുകൊണ്ടുനില്ക്കുമ്പോൾ ഒരു മാന്യകുടുംബത്തിലുള്ള സ്ത്രീസ്ത്രീ സൌന്ദര്യവതിയായ ദാസിയോടൊന്നിച്ചു കടന്നുപോകുന്നതിനെക്കണ്ടു വാരിയർ "കാതിലോല" എന്നു ചോദിച്ചു. നമ്പ്യാർ അതിനുത്തരം പറഞ്ഞതു് "നല്ലതാളി" എന്നായിരുന്നു. ഇതിൽ വാര്യരുടെ "കാതിലോല" എന്ന ചോദ്യത്തിന്റെ അർത്ഥം ഇവരിൽ സുന്ദരി ആരെന്നും "നല്ലതാളി" എന്ന നമ്പ്യാരുടെ ഉത്തരത്തിന്റെ അർത്ഥം നല്ലതു ആളി (ദാസി)യാണെന്നും പറയേണ്ടതില്ലല്ലോ. അതുപോലെതന്നെ ഒരിക്കൽ മഹാരാജാവുതിരുമനസ്സുകൊണ്ടു അദ്ദേഹത്തിന്റെ ആശ്രിതന്മാരായ കവികളോടൊന്നിച്ചു ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിൽ പുതുതായി ഒരു കമ്പവിളക്കുണ്ടാക്കിയതിനെ കാണുന്നതിനായി എഴുന്നള്ളി. മഹാരാജാവുതിരുമനസ്സുകൊണ്ടു വിളക്കിന്റെ പണികണ്ടു സന്തോഷിച്ചിട്ടു കൂടെ ഉണ്ടായിരുന്ന കവികളോടു ദീപസ്തംഭത്തെ വർണ്ണിച്ചു ശ്ലോകങ്ങളും ഉണ്ടാക്കുവാൻ കല്പിച്ചു. അവരിൽ ഓരോരുത്തരും അർത്ഥാലങ്കാരവൈചിത്ര്യത്തോടുകൂടി ശ്ലോകങ്ങളും ഉണ്ടാക്കി. നമ്പ്യാർ,

"ദീപസ്തംഭം മഹാശ്ചര്യം നമുക്കും കിട്ടണം പണം
ഇത്യർത്ഥ ഏഷാം ശ്ലോകാനാം അല്പാനല്പാനാം ന വിദ്യതേ"

എന്നൊരു ശ്ലോകമുണ്ടാക്കി മറ്റുകവികളെ ലജ്ജിപ്പിക്കുകയും മഹാരാജാവിനെ സന്തോഷിപ്പിക്കുകയും ചെയ്തു. നമ്പ്യാർക്കു കൊട്ടാരത്തിൽനിന്നും ദിവസംപ്രതി രണ്ടേകാലും കോപ്പും കൊടുക്കുന്നതിനു കല്പനയുണ്ടായിരുന്നു. നമ്പ്യാർ അതു പതിവായി വാങ്ങിവരികയും ചെയ്തിരുന്നു. ഒരിക്കൽ കലവറക്കാരൻപണ്ടാരം രണ്ടിടങ്ങഴി അരിയും കോപ്പുമേ, കൊടുക്കയുള്ളൂഎന്നു തർക്കിച്ചു. ഉടനെ നമ്പ്യാർ,

"രണ്ടേകാലെന്നു കല്പിച്ചു രണ്ടെ,കാലെന്നിതപ്യനും
ഉണ്ടോ കാലെന്നു പണ്ടാരം ഉണ്ടില്ലിന്നിത്രനേരവും".

Digitized By Kerala Sahitya Akademi

എന്നൊരു ശ്ലോകം എഴുതി തിരുമുമ്പാകെ പരുതി അറിവിക്കുകയും ശ്ലോകം കണ്ട സന്തുഷ്ടനായ മഹാരാജാവു കുറവുകൂടാതെ അരികൊടുക്കാൻ കല്പിച്ചു ചട്ടംകെട്ടുകയും അന്നുമുതൽ കൂട്ടത്തിലായി ഇടപ്പക്കത്തു രണ്ടുനേരം ഭക്ഷണം കൊടുക്കുന്നതിനു കല്പിക്കുകയും ചെയ്തു.

നമ്പ്യാരുടെ ഹാസ്യരസപ്രധാനങ്ങളും സരസമധുരതരങ്ങളുമായ കവിതകളെകൊണ്ടു സന്തുഷ്ടനായ മഹാരാജാവു് ഒരിക്കൽ അദ്ദേഹത്തിനു ആയിരം പണംകൊടുത്തു. പണംകൊടുത്തപ്പോൾ ഇതിനെ നല്ലതായി ഒരു സ്ഥലത്തിൽ ഉറപ്പിക്കണമെന്നുകൂടി കല്പിച്ചിരുന്നു. നമ്പ്യാർ സ്തുതിനായയ്യുകൊണ്ടു ദുർവ്യയം ചെയ്യുമെന്നുവിചാരിച്ചിട്ടാണു് അപ്രകാരം അരുളിച്ചെയ്തതു്. നമ്പ്യാർ അതുകേട്ടു പണവും വാങ്ങി സ്വദേശമായ കിള്ളിക്കുറിശ്ശി മംഗലത്തേക്കു തിരിച്ചു അവിടെച്ചെന്നപ്പോൾ കിള്ളിക്കുറിശ്ശിമംഗലത്തു ശിവാക്ഷേത്രത്തിന്റെ ബലിപ്പുര പുതുക്കിപ്പണിയിച്ചു കിടക്കുകയായിരുന്നു. നമ്പ്യാർ താൻ കൊണ്ടുവന്ന ആയിരംപണവും ചെലവാക്കി ബലിക്കല്ലപ്പുര നന്നാക്കീട്ടു തിരുവനന്തപുരത്തേക്കുമടങ്ങിപ്പോയി. അവിടെച്ചെന്നപ്പോൾ മഹാരാജാവു നമ്പ്യാരോടു പണം എന്തുചെയ്തു എന്നു ചോദിച്ചു. നമ്പ്യാർ ഉടനെ അടിയൻ വസ്തുവിനെൽ ആക്കീട്ടുണ്ടു് എന്നുത്തരംപറഞ്ഞു. കിള്ളിക്കുറിശ്ശിമംഗലം ക്ഷേത്രത്തിൽ ഇപ്പോഴുള്ള ബലിക്കല്ലപ്പുര നമ്പ്യാരു പണിയിപ്പിച്ചുതാണെന്നുള്ളതിനു ലക്ഷ്യമായിട്ടു് ആ ബലിക്കല്ലപ്പുരയുടെ കരിങ്കല്ലിന്മേൽ—

"ശ്രീ ബലിപ്രസ്തരശ്ലോകോ ശ്രീശുകാലയവംസിനഃ
രാമേണ പാണിവാദേന കാരിതോ ഭൂതയേ ധ്രുവം."

എന്നൊരു ശ്ലോകം കാണുന്നതായിട്ടറിയുന്നുണ്ടു്. അതുപോലെ തിരുവിതാംകൂർ മഹാരാജാവു തിരുമനസ്സിലേക്കു നമ്പ്യാരുടെ മേൽ ഒരിക്കൽ എന്തോ തിരുവുള്ളക്കേടുണ്ടാവുകയാൽ നമ്പ്യാർ കൊട്ടാരത്തിൽ കടക്കരുതെന്നു വാതിലിലെന്നും നമ്പ്യാർക്കു പതിവുള്ള അരിയും കോപ്പും കൊടുത്തുപോരുതെന്നും കല്പനയായി. അങ്ങനെ രണ്ടുമൂന്നുദിവസം കഴിഞ്ഞു. അതിന്റെശേഷം ഒരുദിവസം നമ്പ്യാർ—

"പൂജ്യത്വം സുജനൈരയം ച വടുഭിഃ ശത്രുക്കളാലപ്യഹം
കേറാൻ വാരണമുണ്ടതേ, മമയഹോ കൊട്ടാരവാതുക്കലും
ഒട്ടും തന്നരിയില്ല തേ,മമ തഥാപ്യുഷ്ടിക്ക കുപ്പട്ടിലും
വസവിച്ചിട്ടടിയൻ പിരിയണ നൃപതേ! ത്വത്തുല്യനായീദിനേൻ."

എങ്ങനെ ഒരു ശ്ലോകം എഴുതി തിരുമനസ്സറിയാൻ കൊടുത്തയച്ചു. മഹാരാജാവു തിരുമനസ്സുകൊണ്ടു ശ്ലോകംവായിച്ചു വളരെവളരെ സന്തോഷിച്ചു കൊട്ടാരത്തിൽ മുൻപതിവുപോലെ വന്നുകൊള്ളുന്നതിനും കൊടുത്തുവന്ന അരിയും കോപ്പും കൂടിശ്ശിക തീർത്തുകൊടുക്കുന്നതിനും കല്പനയായ്കയും ചെയ്തു.

നമ്പ്യാർ തിരുവനന്തപുരത്തു താമസിക്കുമ്പോൾ ആട്ടക്കാലത്തു പക്കത്തായിരുന്ന അപ്പു. പക്കത്തെ ഊണു് അത്ര തൃപ്തികരമല്ലെന്നുള്ളതു സുപ്രസിദ്ധമാണല്ലോ. നമ്പ്യാർക്കു പക്കത്തു് ഊണുകൊണ്ടു വയറിനു സുഖമില്ലാതെ ആവുകയാൽ ഇതിനൊരു നിവൃത്തി ഉണ്ടാക്കണമെന്നു വിചാരിച്ചുകൊണ്ടിരിക്കയായിരുന്നു. മഹാരാജാവു തിരുമനസ്സിലേക്കു പതിവായി എട്ടുനേരം വെടിയുടെ വട്ടം ഉണ്ടു്. യോഗ്യന്മാരായ സേവകന്മാർ എല്ലാം ആ സമയം തിരുമുൻപിൽ ഉണ്ടായിരിക്കും. ഈ കൂട്ടത്തിൽ വെടിപറയുവാൻ മിടുമിടുക്കനായ നമ്പ്യാർ ഇല്ലാതെ ഇരിക്കയില്ലല്ലോ. ഒരുദിവസം മഹാരാജാവും വിദ്വാന്മാരുംകൂടി മാളികമുകളിൽ ഇരുന്നു വെടിപറഞ്ഞുകൊണ്ടിരിക്കുമ്പോൾ മാളികത്താഴെക്കൂടിപ്പോയ ഒരു പശു ഇളകിച്ചാണകം ഇടുന്നതിനെ നമ്പ്യാർ കണ്ടു "അല്ലാ പയ്യേ നിനക്കും പക്കത്തിലാണോ ചോറു്" എന്നു ചോദിച്ചു. ഇംഗിതജ്ഞനായ മഹാ

Digitized By Kerala Sahitya Akademi

രാജാവു തിരുമനസ്സുകൊണ്ടു അന്നുമുതൽ നമ്പ്യാരുടെ പക്കത്തിലെ ഊണുമാറ്റി. പക്കത്തെ ഊണിന്റെ ബുദ്ധിമുട്ടിനെക്കുറിച്ചു "അരുയുപൊരുയുകൊർംവാൻ കൊട്ടണത്തോടിനിക്കെ"ന്നും മറ്റും പരാതി പറഞ്ഞിട്ടുള്ളതും സുപ്രസിദ്ധമാണല്ലൊ. നമ്പ്യാർ തിരുവനന്തപുരത്തെത്തുമസം മതിയാക്കി യാത്ര ആറിയിച്ചു അമ്പലപ്പുഴയ്ക്കു പോകുമ്പോൾ—

"നാലഞ്ചക്ഷരവും പാടിച്ചു ഗുരുവിൻപാദം തലോടീ ചിരം
പാലഞ്ചുംമൊഴിതന്നപാംഗവലയിൽ പാടീട്ടുഴന്നേൻ ചിരം
കോലംകെട്ടുക കോലുകങ്ങളിൽനടിക്കെന്നുള്ള വലയ്ക്കിനി—
ക്കാലംവാൽകമാകകൊണ്ടേടിയനെച്ചുടിക്കൊലാ ഭൂപതേ!"

എന്നിങ്ങനെ ഒരു ശ്ലോകം എഴുതി തുക്കയ്യിൽ കൊടുത്തു തിരുമനസ്സുകൊണ്ടു വളരെ സന്തോഷിച്ചു വീരശൃംഖല സമ്മാനിച്ചതുമല്ലാതെ അമ്പലപ്പുഴ ക്ഷേത്രത്തിൽ ചോറും പാൽപ്പായസവും പതിച്ചുകൊടുക്കുകയും ചെയ്തു. നമ്പ്യാർ അമ്പലപ്പുഴെ താമസിച്ചിരുന്നപ്പോൾ ചെമ്പകശ്ശേരിരാജാവിന്റെ അടുക്കൽ അവിടത്തെ ഊണിനെപ്പറ്റി സ്തുതിച്ചുണ്ടാക്കി കേൾപ്പിച്ചു സമ്മാനംവാങ്ങിയ ശ്ലോകംതന്നെ, ഊണു വളരെ വഷളെന്നനിലയിൽ അക്ഷവ്യത്യാസം വരുത്തക്കവണ്ണം തിരുവിതാംകൂർ മഹാരാജാവിനെ ചൊല്ലി കേൾപ്പിച്ചു് ആ തിരുമേനിയോടും സമ്മാനം വാങ്ങിയതായി കേൾവിയുണ്ടു്. ആ ശ്ലോകം താഴെപ്പറയുന്നതാണു്.

"പത്രംവിസ്തൃതമമ്രതുമ്പമലർതോരേറാടീടിനോരന്നവും
പൂത്തൻനെയ്യുനിയപ്പുഴുത്തപഴവും കാളിപ്പഴം കാളനും
പത്തഞ്ചുകറിക്കുമാസ്യമിയലുംനാരങ്ങയുംമാങ്ങയും
നിത്യം ചെമ്പകനാട്ടിലുച്ചിതയിർമേൽ തട്ടാതെകിട്ടുംസുഖം"

കാർത്തികതിരുനാൾ രാമവർമ്മമഹാരാജാവിന്റെ കാലത്തു് തൊള്ളായിരത്തി നാല്പതാമാണ്ടിടയ്ക്കാണു് അദ്ദേഹം തിരുവനന്തപുരത്തുനിന്നും അമ്പലപ്പുഴപ്പോയി സ്ഥിരതാമസം തുടങ്ങിയതു്. അതിൽപിന്നെ നാലഞ്ചുകൊല്ലത്തിനകം അദ്ദേഹം പരലോകപ്രാപ്തനായി. നമ്പ്യാർ മരിക്കുമ്പോൾ അറുപതിൽപ്പരം വയസ്സുള്ളായിരുന്നതായിട്ടാണു് അറിയുന്നതു്. നമ്പ്യാർ മരിച്ചതു പെട്ടെന്നു കടിച്ച ചികിത്സയിൽ ഇരുന്നപ്പോൾ പത്ഥ്യം അവസാനിക്കുന്നതിനു മുൻപായി അമ്പലപ്പുഴെതിരുമുൽപ്പാടിന്റെ കോവിലകത്തുണ്ടായിരുന്ന ഒരുമാസമടിയന്തിരത്തിനുപോയി സദ്യ ഉണ്ടതിനാൽ സുഖക്കേടു വീണ്ടും വഷ്ടിച്ചതാണെന്നാണു് കേട്ടുകേൾവി. നമ്പ്യാരുടെ കുടുംബക്കാർ ഇപ്പോഴും കിള്ളിക്കുറിശ്ശിയിൽ ഉണ്ടു്. അവരാണു് അമ്പലപ്പുഴെ ക്ഷേത്രത്തിങ്കൽനിന്നും നമ്പ്യാർക്കുണ്ടായിരുന്ന പതിവുകൾ ഇപ്പോഴും വാങ്ങിവരുന്നതു്.

നമ്പ്യാർ ഒരുവലിയ പരിഷ്കാരിയും സരസനും വിശാലബുദ്ധിമാനും ഉദ്യോഗപ്രിയനും സംസ്കൃതഭാഷയിൽ ധാരാളം ഗ്രന്ഥപരിചയമുള്ളവനും ഒന്നാംതരം ഫലിതക്കാരനും ലോകനടപടികളിലും വിവിധവിധക്കാരായ ആളുകളുടെ എല്ലാവിധമനോഗതികളിലും നല്ല ജ്ഞാനമുള്ളവനും ഒരു വലിയ സദ്യപ്രിയനും രാജസേവ മദ്യപാനം മുതലായവയിൽ ഏറ്റവും വെറുപ്പുള്ളവനും ആക്ഷേപസ്വരത്തിൽ ഗുണദോഷിക്കുന്നവനും കൈകൂലിവാങ്ങുക, ഗുപാശ്രീകേൾക്കുക മുതലായവയിൽ വളരെ അറപ്പുള്ളവനും ആയിരുന്ന എന്നു് അദ്ദേഹത്തിന്റെ കവിതകൾ കൊണ്ടു അനുമാനിക്കാവുന്നതാണു്. രസമിരിക്കുന്ന വഴിയേക്കൂടിപ്പോകാൻ നമ്പ്യാർക്കു അറിയാവുന്നതുപോലെ മലയാളഭാഷാകവികളിൽ ആർക്കും ഇതുവരെയും അറിവാൻ കഴിഞ്ഞിട്ടില്ല. ദുഷ്കവിതകൾ ഉണ്ടാക്കി മനുഷ്യരെ ഉപദ്രവിക്കുന്ന ബ്രഹ്മാണ്ഡവങ്കന്മാരെ അദ്ദേഹത്തിനു വളരെ പുച്ഛമായിരുന്നു. തുള്ളൽകഥകളിൽ പലേടത്തും അവരെ ആക്ഷേപിച്ചിട്ടുണ്ടു്. കുഞ്ചുലീലയിലും മറ്റും ആട്ടക്കാരെ ആക്ഷേപിച്ചുണ്ടാക്കുന്ന കഥകൊണ്ടു നമ്മുടെ കവിപുംഗവനും ആട്ടക്കാരോടും

Digitized By Kerala Sahitya Akademi

വെറുപ്പായിരുന്നെന്നു ഊഹിക്കാം. അദ്ദേഹം കിട്ടിയേടത്തെല്ലാംവച്ചു സംപ്രദായികളായ വൈദ്യന്മാരേയും മന്ത്രവാദികളേയും വെളിച്ചപ്പാടന്മാരേയും കണക്കിനു് ആക്ഷേപിച്ചിട്ടുണ്ടു്. നമ്പ്യാർ തന്റെ കവിതയിലുള്ള പാത്രങ്ങളെ തന്മയപ്പെടുത്തുന്നതിനുവേണ്ടി കൈലാസത്തും, പാതാളത്തും, പാമ്പാഴിയിലും, ദേവലോകത്തും, അളകയിലും മറ്റും പോകാതെ അതികവു. കേരളംകൊണ്ടുതന്നെ ആണു് കഴിച്ചുകൂട്ടിയിട്ടുള്ളതു്. നമ്പ്യാരുടെ ദൃഷ്ടാന്തങ്ങളും, ഉപമകളും മറ്റും വളരെ പഠനീയതാണു്. അദ്ദേഹത്തിനു മുടിയന്മാരായ കാരണവന്മാരോടും തന്റേടികളും ചീരുക്കളുമായ ടന്മാരോടും പ്രതിഗ്രഹത്തിനുവേണ്ടി നടന്നലയുന്ന ബ്രാഹ്മണരോടും വിശേഷിച്ചും പരദേശബ്രാഹ്മണരോടും ജാതിമതാചാരങ്ങളെ ലംഘിക്കുന്നവരോടും പാതിവ്രത്യവിഹീനകളായ സ്ത്രീജനങ്ങളോടും മറ്റും വളരെ വിരോധമായിരുന്നു. നമ്പ്യാർ ക്ഷേത്രം ശ്രദ്ധാത്മാവുമായിരുന്നു എന്നു അദ്ദേഹത്തിന്റെ കവിതകൾകൊണ്ടു ഊഹിക്കാം. നമ്പ്യാർ മറ്റുള്ള കവികളെപ്പോലെ അതിശയോക്തിക്കാനല്ലാതെ വാസ്തവോക്തിക്കാരനും ചുറ്റുമുള്ള സംഗതികളെക്കുറിച്ചുമാത്രം വർണ്ണിക്കുന്നവനുമായിരുന്നതിനാൽ അദ്ദേഹത്തിന്റെ കവിതകൊണ്ടു അന്നത്തെ ജനസമുദായാവസ്ഥയെ നമുക്കു പരിഗണിക്കാൻ കഴിയും. തൻമൂലം അദ്ദേഹത്തിന്റെ കവിതകൾക്കുള്ളിടത്തോളം പ്രസിദ്ധിയും മാഹാത്മ്യവും മറ്റു കവിതകൾക്കുണ്ടായിട്ടില്ല. അദ്ദേഹം പരലോകപ്രാപ്തനായെങ്കിലും തച്ഛരീരിയായി ഇപ്പോഴും ജീവിക്കുന്നുണ്ടു്.

"ജയന്തി തേ സുകൃതിനോ രസസിദ്ധാഃ കവീശ്വരാഃ
നാസ്തി തേഷാം യശഃകായേ ജരാമരണജം ഭയം"

എന്നാണല്ലോ ആപ്തവചനം. സാഹിത്യകലകളിൽ യത്നിച്ചു് ശാശ്വതമായകീർത്തി സ്വംതത്തെ മലയാളത്തിൽ സ്ഥാപിച്ചിട്ടുള്ള അദ്ദേഹത്തിനെക്കുറിച്ചു് മലയാളം അറിയാവുന്നവർക്കുള്ള ആദരാതിശയം അനിതരസാധാരണമാകുന്നു. നല്ല കവിതാചാതുര്യമുള്ള കവിവരൻ മാധുര്യത്തെ അനുഭവിക്കുന്നതുപോലെ സുഖം മറ്റൊന്നുകൊണ്ടും ഉണ്ടാകുന്നതല്ല. ശ്രീശങ്കരാചാര്യരുടെ വാങ്മാധുരിയിൽ മനസ്സലിഞ്ഞു മാധവാചാര്യർ ചൊല്ലിയ,

"അക്ഷ്ണോരുദ്ഭ്രം സലിഭ്രം ചിരതരമചരം ക്ഷീരമദ്രാക്ഷമിക്ഷും
സാക്ഷാദ്രാക്ഷാമജക്ഷം മധുരസമധയം പ്രാഗവിന്ദം മരന്ദം
മോചാമോചാമമന്യോ മധുരിമഗരിമാ ശങ്കരാചാര്യവാചാ
മഭ്യാന്തോ ഹന്ത കിം തൈരലമപി ച സുധാസാരസീസാരസീമ്നഃ."

എന്ന ശ്ലോകം നമ്പ്യാരെക്കുറിച്ചു മലയാളരോക്ഷ അറിയാവുന്ന ഏതൊരുത്തനും ചൊല്ലുന്നതാണു്.

"യസ്യാശ്ചാരുശ്രുതികരനികരഃ കണ്ണപൂരോ മയൂരോ
ഭാരസോ ഹാസഃ കവികുലഗുരുഃ കാളിദാസോ വിലാസഃ
ഹർഷോ ഹർഷോ ഹൃദയവസതിഃ പഞ്ചബാണസ്തു ബാണഃ
കേഷാം നൈഷാ കഥയ കവിതാകാമിനീ കൌതുകായ."

ഇങ്ങനെ ഒരു സംസ്കൃതവിദ്വാൻ കവിതാകാമിനിയെ സംസ്കൃതകവികളെക്കൊണ്ടു വർണ്ണിച്ചിട്ടുള്ളതുപോലെ ഒരു മലയാളകവി കവിതാകാമിനിയെ മലയാളകവികളെക്കൊണ്ടു വർണ്ണിക്കാൻ തുടങ്ങിയാൽ അയാൾ കവിതാകാമിനിയുടെ വിലാസമായി വർണ്ണിക്കുന്നതു മലയാളകവികളുടെ ഗണനാപ്രസംഗത്തിൽ കനിഷ്ഠികാധിഷ്ഠിതനായിത്തീരുന്ന സഭാസകവി കുഞ്ചൻ നമ്പ്യാരെത്തന്നെയാണെന്നുള്ളതിനു യാതൊരു സംശയവും ഇല്ല.

Digitized By Kerala Sahitya Akademi

നമ്പ്യാർ "വായിൽവന്നതു കോതയ്ക്കുപാട്ട" എന്ന നിലയിൽ കവിതയെഴുതിയതല്ലെന്നും കവിത എഴുതേണ്ടതു ഇന്ന പ്രകാരത്തിൽ ആണെന്നു് അദ്ദേഹം നല്ലവണ്ണം മനസ്സിലാക്കിയിരുന്നു എന്നും നമുക്കു അദ്ദേഹത്തിന്റെ എല്ലാ കവിതകളിൽനിന്നും അനുമാനിക്കാവുന്നതുകൂടാതെ.

"കോൽത്തേനോലേണമോരോപദമതിനെ നറുംപാലിൽ നീരെന്നപോലേ
ചേർത്തീടേണം വിശേഷിച്ചുടനതിലൊരലങ്കാരമുണ്ടായ്തുരേണം
പേർത്തും ചിന്തിക്കിലർത്ഥം നിരുപമരുചി തോന്നേണമെന്നിത്ര വന്നേ
തീർത്തീടാവൂ ശിലോകം ശിവശിവ കവിതാരീതി വൈഷമ്യമത്രേ."

എന്നു തന്നത്താൻ പറഞ്ഞിട്ടുള്ളതുകൊണ്ടു തീച്ചയാക്കാവുന്നതാണു്. സംസ്കൃതകവികളിൽ കാളിദാസനും, ഇംഗ്ലീഷുകവികളിൽ ഷെക്സ്പീയരും ഏതൊരു സ്ഥാനങ്ങളാണോ ഭാഷാകവികളിൽ കുഞ്ചൻനമ്പ്യാർ തൽസ്ഥാനാർഹനാണെന്നുള്ളതു നിരാക്ഷേപമാകുന്നു. ഉദഗയനപ്രശാന്തയശസ്വിയായ ഈ ദ്ദേഹത്തിന്റെ കവിതകളും എന്നെന്നേക്കും, കൈരളീമഹിളയുടെ കണ്ഠത്തിൽ അമൂല്യമായ ഒരു മുക്താഹാരമായി പ്രകാശിക്കുന്നതാണു്. ഈപ്രകാരമുള്ള ഒരു മഹാകവി നമ്മുടെ കേരളഭൂമിയെ അലങ്കരിച്ചതു് നമ്മുടേയും നമ്മുടെ ഭാഷയുടേയും മഹാഭാഗ്യമെന്നതന്നെ പറയാം. അതിനേക്കാളും ഒരു മഹാഭാഗ്യമാകുന്നു ആ കവിതാമുക്തങ്ങളും അങ്ങുമിങ്ങും ചിന്നിച്ചിതറികളിഞ്ഞും തെളിഞ്ഞും കിടന്നവയെ അതിപ്രയത്നംകൊണ്ടു ചേർത്തു ദ്രവ്യവ്യയംചെയ്തു മിനുക്കി കൊരുത്തു നമുക്കു നൽകുന്നതിനു ഈ ഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണകർത്താവായ എസ്. ററി. റെഡ്യാരെ നമുക്കു ലഭിച്ചതു്. അതുകൊണ്ടു കവികുലമുഖ്യനായ കുഞ്ചൻനമ്പ്യാരുടെ യശസ്സുന്നപോലെ "വിദ്യാവിലാസിനി" മുദ്രാലയത്തിന്റെ പ്രശസ്തിയും കല്പാന്തകാലാവധി മുഴങ്ങുമാറാകട്ടെ!!

എന്നു്,

ററി. എൻ നാണുപിള്ള ആശാൻ.

Digitized By Kerala Sahitya Akademi

ഓട്ടൻതുള്ളൽ

# വിഷയാനുക്രമണിക.


| | | പുറം |
|---|---|---|
| പ്രത്യേക്ഷമഹത്ത്വം | ... | 1 |
| കിരാതം | ... | 24 |
| രുക്മിണീസ്വയംവരം | ... | 42 |
| ദക്ഷാധ്വരയാത്ര | ... | 66 |
| കാർത്തവീര്യാർജ്ജുനവിജയം | ... | 93 |
| സ്യമന്തകം | ... | 106 |
| രാമാനുചരിതം | ... | 140 |
| ഐരാവതപൂജ | ... | 153 |
| നളചരിതം | ... | 169 |
| ലങ്കാമർദ്ദനം | ... | 200 |
| അഹല്യാമോക്ഷം | ... | 220 |
| ബാണയുദ്ധം | ... | 234 |
| പാത്രചരിതം | ... | 247 |
| സന്താനഗോപാലം | ... | 258 |
| സീതാസ്വയംവരം | ... | 271 |
| ശീലാവതീചരിതം | ... | 286 |
| രാവണോത്ഭവം | ... | 302 |
| ബാലിവിജയം | ... | 316 |
| സത്യാസ്വയംവരം | ... | 337 |
| ചന്ദ്രാംഗദചരിതം | ... | 355 |
| സുന്ദരീസ്വയംവരം | ... | 370 |
| അംബരീഷചരിതം | ... | 385 |
| നളചരിതം രണ്ടാംസ്വയംവരം | ... | 395 |
| ഹിഡിംബവധം | ... | 405 |
| ബകവധം | ... | 416 |
| ഗോവർദ്ധനചരിതം | ... | 421 |
| കിർമ്മീരവധം | ... | 430 |
| ഐരാവണവധം | ... | 433 |
| കുണ്ഡാർജ്ജുനവിജയം | ... | 445 |
| നിവാതകവചവധം | ... | 458 |


Digitized By Kerala Sahitya Akademi

ഫ്രിസ്സ്. ററി. ഡ്യൂ ട്രേഖരിച്ച കലക്കത്തു കുഞ്ഞൻനമ്പ്യാരുടെ

# തുള്ളൽ കഥ

## ഒന്നാം ഭാഗം.

## പ്രദോഷ മാഹാത്മ്യം.

### ഓട്ടൻതുള്ളൽ.

ഗണനിമതിശകലവുമംബരനദിയും
ഫണിപതിഫണഗണമണികളുമണിയും
ഗുണഗണനിധിയാം പരമേശ്വരനും
പ്രണയിനി ഭഗവതി പരമേശ്വരിയും
ഗണപതിഭഗവാനവമുഖനും ബഹു
ഗണപരിപാലിതഹരിഹരസുതനും
പണിയുന്നവരുടെ പാപമൊഴിപ്പാൻ
പണികൂടാതെ കടാക്ഷിച്ചരുളിന
ഫണിപതിശയനനനന്തപുരേശന-
മനുമതിയാകുമാരടിയനുവടിവൊട്ട
ഗുണമെഴുതരുളുക സുഖമേ പദതളി-
രിണപണിയുന്നേനഹമിഹസതതം.
ധരണീസുരവരമകുടമഹാമണി
കരണീയങ്ങളിലമലമഹാമതി
തരണിസമാനൻ ദുരിതമഹാണ്ണവ-
തരണത്തിന്നൊരു തരണീഭ്രതൻ
കരുണാഗുണഗണവരുണാലയനാം
ഗുരുനാഥൻ മമ വരമരുളേണം.
അരുണാംബുജരുചിതന്തിരുവടിയുടെ
ചരണയുഗം മമ ശരണംശരണം.
ധാത്രിയിലഴകിനകിള്ളിക്കുറിശി-
ക്ഷേത്രംതന്നിൽവിളങ്ങിനദേവൻ
നേത്രം മൂന്നുള്ളൊരു പരദൈവം
ഗാത്രം പാതിപരിഗ്രഹമാക്കി
ഗോത്രം നല്ലൊരുവില്ലമതാക്കി
ഗോത്രാധിപനേ വാഹനമാക്കി
ഗോത്രാപാലനശീലൻ മന്മതി-
പാത്രംതന്നിൽ വിളങ്ങീടേണം.
മാത്തൂരാലയവാസിനി ഭഗവതി
മാനസിജരിപുജനിനന്ദിനിസുന്ദരി
കാത്തരുളീടുക കളരിനിവാസിനി
കളമേനോഹരഗാമിനി കാമിനി.
വഞ്ചിമഹീപതിവരകുലശേഖര-
നഞ്ചിതവിമലമഹാഗുണസഞ്ചയ
സഞ്ചിതനാകിനസകലജനേശന-
ഞ്ചിതധനജനകുലബലശാലീ
പഞ്ചശരോപമമധുരശരീരന-
പഞ്ചലമാനസനന്മരസമാനൽ
കിഞ്ചനകനിവരുളീടുകിലടിയനു
നെഞ്ചിനുവെളിവുവിശേഷിച്ചുളവാം.
പഞ്ചായുധരിപുതൻ തിരുനാമം
പഞ്ചാക്ഷരമയമഖിലശിവങ്കര-
മഞ്ചാതനിശമുരുക്കഴിയുന്നവ-
നഞ്ചുമൊരാറും രുദ്രന്മാരുടെ
തിരുവുടലുടെസാരുപ്യമുടൻവരും
ഉരുതരദുരിതവിനാശനമൂലം.
ഹരശിവശങ്കരഗിരിജാവല്ലഭ!
പുരഹര! പുഷ്പശരാന്തക! ശംഭോ!

Digitized By Kerala Sahitya Akademi

ശരണം ഭവ! ഭവശമലംപരി-
ഹരണംചെയ്യുകളീടിനഭഗവാൻ
തരണം വരുടനടിയന്നു വിരവൊട്ടു
വരണം സർവ്വസമീഹിതമതിഭം
ചരണസ്മരണം ചെയ്യുംമനുജനു
മരണഭയം നാ ഹി യമഭയവും നഹി
കരുണവിലുച്ചി ഭവിച്ചു ഭവാംബുധി-
തരണം തരസാ സംഗതിക്കുട്ടും.
പ്രശമമിയന്നു പ്രദോഷം നോറ്റാൽ
പ്രശമിതമാകുമശേഷം ദുരിതം
ശശധരശേഖരനാകിയഭഗവാ-
നനുഭമശേഷമൊഴിച്ചുരുളീടും.
അശനത്തിനുവകയില്ലാത്തവനതി
ഭശതരധനധാന്യാദികളുണ്ടാം
വിശദമതാകിനകീർത്തിയുമുണ്ടാം
കുശദേഹത്തിനു പുഷ്ടിയുമുണ്ടാം
ദാരിദ്ര്യങ്ങളശേഷം നീങ്ങി
പ്പാരിൽ ദ്രവ്യപ്രഭവായ്വരുവാൻ
മുറയുമൊരാഗ്രഹമുണ്ടെന്നാകിൽ
പൊറുമൊരുമാഗ്രഹമുണ്ടെന്നാകിൽ
പൊറുതം മടിക്കുട്ടാതെ പ്രദോഷം
നോറ്റുതുടങ്ങുക മനുജന്മാക്കതി-
ലോറും മറൊരു ധർമ്മവുമില്ല.
വിനയമിയന്നുവിദർഭമഹീപതി
തനയൻതന്നുടെ ചരിതം കേട്ടാൽ
മനുജന്മാക്കു പ്രദോഷം നോല്പാൻ
മനസികുതൂഹലമുണ്ടാം നിയതം.
കുണ്ഡിനമെന്നുപ്രസിദ്ധമതാം ഭൂ-
മണ്ഡനമാകിയനഗരംതന്നിൽ
വിണ്ണവർപതിയെയൊടുതുല്യനതാമൊരു
പുണ്യമഹാമതി നൃപനുണ്ടായി.
ചണ്ഡതപെരുകിനവിമതന്മാരുടെ
ഖണ്ഡനവിധികളിലധികവിദഗ്ദ്ധൻ
മണ്ഡലമവനം ചെയ്തതിനവനാ-
ഖണ്ഡലനേക്കാൾ കൌശലമേറും.
നാടുകൾതോറും നായന്മാരുടെ
വീടുകൾ കണ്ടാലറിയാം നൃപനുടെ
കോടികൾ കൂടാതുള്ളൊരുസമ്പൽ-
പ്രൌഢികളെല്ലാമധികമനോജ്ഞം.
നാടകമല്ലിതു നരപതിതന്നുടെ
നാടകമെല്ലാം ബന്ധുധനധാന്യം

മാടുകൾ മഹിഷികൾ കാളകളും പുന-
രാടുകളെന്നിവയങ്ങുതളച്ചാൻ
കൂടുകൾ പോരാഞ്ഞാരുവകവളരെ-
ക്കാടുകൾ മേഞ്ഞുനടന്നീടുന്ന
ആടുകളനവധി യുവതിജനത്തിനു-
മാടകളണിയാത്തവരതിശ്ലക്ഷ്ണം
പീടികമാളികമണിമാടവുമ-
ങ്ങാടികൾ തെരുവുകൾ പെരുവഴിതോറും
മോടികലർന്നൊരു വേശ്യാസ്ത്രീകടെ
വീടുകളമരപുരത്തിനു സദൃശം.
നാടകമാടുക നടിമാരൊരുദിശി
പാടുക പാടുക മന്ദംപെരുകിന
പാടുകൾകൊണ്ടുപുകഴ്ത്തുക നൃപനെ
കോടികളെല്ലാം ശ്രീഭഗവതിവിള-
യാടുകകൊണ്ടൊരു കുണ്ഠത വന്നിട-
കൂടുകയില്ലിതുകാരണമത്രം
നേടുകയും ചിലവിടുകയുമതിനൊരു
കോടികളെങ്ങും കാണ്മാനില്ല
കടമില്ലൊരുവനുമതുകാരണമൊരു
തടവില്ലിവിടെ വസിച്ചുസുഖിപ്പാൻ
കടകാദികളാംകോപ്പുകൾ പട്ടം
പുടവയുമെന്നിവവയ്യാനകളി-
ലിടമില്ലാഞ്ഞു വിഷാദിക്കുന്നൊരു
മടവാർമണികളുമവരൊടുചേർന്ന
നടമാടുന്നൊരുപുരുഷന്മാരുമൊ-
രടവുകളിതുപോലെങ്ങാനുണ്ടോ
ദേവബ്രാഹ്മണവിശ്വാസംപുന-
രേവം മറൊരുനാട്ടിലുമില്ല
ദേവസ്വത്തെ ഹരിപ്പാൻതന്നുടെ
ജീവനുള്ളുന്നാഗ്രഹമില്ല
ശൈവഹരിക്ഷേത്രങ്ങളിലെല്ലാം
നൈവേദ്യത്തിനു പാല്പായസവും
ശീവലി പൂജ വിളക്കും മാലയു-
മീവക സകലം സമ്പാദിച്ചു
വെൺമകലർന്നമഹാക്ഷേത്രം ബന്ധു-
വെൺമാടമതാക്കിപ്പണിയിച്ചു
ഉണ്മാൻവകയില്ലാത്തജനത്തിനു
ധർമ്മക്കഞ്ഞികൊടുത്തുതുടങ്ങി
നാട്ടിൽ പലപലഭാഗിക്കിൽ പെരുവഴി
യുടനുടങ്ങിമുടങ്ങീടാതെ

Digitized By Kerala Sahitya Akademi

കെട്ടംചുമടുമെടുത്തുവരുന്നൊരു
പട്ടന്മാർക്കു വിശേഷിച്ചുൾപ്പൊ-
മുഷ്ടാശനവുംപച്ചടികിച്ചടി
കൂട്ടാനഞ്ചുവിധങ്ങളുമാകം
നറുനെയ്യുമിയും പാലും പഴവും
കാനനാലും നാരങ്ങാക്കറിയും.

മട്ടുമാറി.

ചെറിയപപ്പടം വലിയപപ്പടം
കുറിയതോരനുമക്കാറിയുമൽഭുതം!
നിറയെയുണ്ടുകൊണ്ടമലവെങ്കളി-
ത്തായിലോരിയപ്പൂഥികഭ്രാസുര-
പ്പരിഷയൊക്കവേ പെരിയവേനലും
വരിഷകാലവുംകളിരുകാലവും
പുരുഷകാരമുപ്പുരിയിലെപ്പൊഴു-
മുരുസുഖം വസിച്ചരുളുമന്നാളാൽ.

മട്ടുമാറി.

ശോഭാസമുദയപൂർണ്ണസുവർണ്ണയു
ഗാരോദാദിമഹാദാനങ്ങളും,
അറുപത്തുലക്ഷം ഗോദാനങ്ങളും
മനവരതം ബ്രാഹ്മണദാനങ്ങളു-
മനവധിമണികനകാംബരണാദികളും
ഘനതരദാനവിശേഷമശേഷം
കനിവൊട്ടു ചെയ്തു വിദർഭമഹീപതി
ഘനമൊട്ടു വാണിതു കുണ്ഡിനനഗരേ.
പത്തുമൊരെട്ടും കന്യകമാരേ
പാണിഗ്രഹണം ചെയ്തു നരേന്ദ്രൻ
ഉത്തമമാരാമവരൊടുക്രൂടി-
ത്തത്രസുഖിച്ചു രമിച്ചു വസിച്ചു.
സന്തതിയുണ്ടായില്ലതുകാരണ-
മന്തഃസ്ഥാപം കിമപി തുടങ്ങി
സന്തതമോരോസൽക്കർമ്മങ്ങളു-
മന്നനരെക്കൊണ്ടാരംഭിച്ചു
അപ്പവു,മടയും, കദളിപ്പഴവും,
പാല്പായസവും, മലർ, രവൽ,തേനും,
നെയ്യായസവും, ഗുളവു, മിളന്നീ,-
രല്ലേതരമാമാജ്യാഹുതിയും,
നെല്ലൊരി,തേങ്ങാ,നല്ലകരിന്നും,
വെള്ളം,വെള്ളരി,വൊറില,പാക്കും,

വടമോരിന ഗണപതിഹോമമി-
തൊഴാംകുട്ടിക്കൊണ്ടു തുടങ്ങി.
മന്ത്രജപം,ബ്രാഹ്മണഭോജനമാദരിശി,
തന്ത്രവിധം,ബ്രാഹ്മണപൂജാഞ്ജലിയും,
ഭഗവതിസേവയുമെന്നിവ സർവ്വം
ഭഗവൽപ്രീതിക്കായുണ്ടായി
പലവിധമങ്ങുതുടങ്ങിയസമയേ
ഫലമപി കിഞ്ചന കാൺമാറായി.
ചൈത്രമിഴിമാർപതിനെട്ടുള്ളതിലൊരു
കുലമഹിഷിക്കഥ ഗർഭമുണ്ടായ്
മുലയിണകണ്ണു കവർത്തുശരീരവു-
മലസതപുണ്ടു വിളർത്തു വിളങ്ങി;
അരുവയർ വീർത്തു തുടങ്ങി ഭുജിപ്പാ-
നരുചിയുമങ്ങുതളർച്ചയുമധികം;
നരപതിവരനുടെ മാനസതാരിൽ
പരിചൊടു മോദവുമാശു വളർന്നു.
താൻപൊട്ടുഗർഭിണിയാകിയമഹിഷി-
ക്കാൻപതുമാസവുമങ്ങു തികഞ്ഞു;
ധന്യവുമന്നു വിദർഭമഹീപതി
വൻപനുമാശു വളർന്നുതുടങ്ങി.

മട്ടുമാറി.

നാക്കാലം സാലപനെന്നു ചൊൽക്കൊമ്പ-
(ശത്രുഭവൻ
വക്കാണത്തിന്നു വട്ടമൊക്കവേ കൂട്ടിക്കൊണ്ടു
തക്കത്തിൽപടകൂട്ടി ചിക്കെന്നപുറപ്പെട്ടു
ഇക്കാലം വിദർഭൻറെ ദിക്കുകളെല്ലാമിങ്ങട-
ടക്കേണമെന്നുറച്ചുതക്കുള്ള പുരുഷാര-
മൊക്കെയുംവരുത്തിക്കൊണ്ടൊന്നായിച്ചു പുറപ്പെട്ടു
എട്ടുദിക്കുകളെല്ലാം പൊട്ടുമാറുള്ളോരിടി-
വെട്ടുന്നപോലെപടക്കൊട്ടുംമുഴക്കിക്കൊണ്ടു
ഒട്ടും ഭയം കൂടാതെ പെട്ടെന്നു നയന്മാർക്കു
പട്ടംമുടുവുംനൽകിപെട്ടെന്നു തെളിയിച്ചു
പട്ടിയുംതൊപ്പികളും കെട്ടിമുറുക്കിക്കൊണ്ടു
പട്ടാറവില്ലുമമ്പും വട്ടപ്പരിശവാളും
പട്ടസമെന്നീവണ്ണം വട്ടങ്ങളെല്ലുംകൂട്ടി
പട്ടണംതന്നിൽനിന്നു പാരാതെ നടക്കുണ്ടു;
നാടുനഗരങ്ങളും വീടുംകൂടികളും പുഴ
തോടുംവലിയമലമൂടുംകടന്നുപല

Digitized By Kerala Sahitya Akademi

കാട്ടുമതിക്രമിച്ചു. വാടുംമൃഗങ്ങളിട-
ക്കിടുംപെരിയവിലമാടും പിന്നിട്ടുചെന്ന
കണ്ഡിന്നപുരത്തിന്റെ കൂടുവഴിയടുക്കേ
കണ്ണും കിടങ്ങുംകോരിച്ചുന്നപാളയമിട്ട
സാലവൻ സമരഭൂവി മുന്നിൽസകലബല-
കല്യൻ കാണുതരവിലിൻ വിജയനൊട്ടു
തുല്യൻവിഗതഭയ ശല്യൻവിമലതര
കുല്യൻ കൂപിതമതി കിള്ളിംവെടിഞ്ഞു പട-
വില്ലുംകുലച്ചുതടവില്ലുന്നാവുവെക്കം
പൊല്ലുന്നുണ്ടരിയെക്കൊല്ലുന്നുണ്ടു മമ
തെല്ലും വിവാദമതിനില്ലുന്ന കരുതിക്കൊ-
ണ്ടുല്യാസത്തോടെമൊഴിചൊല്ലുന്നുണ്ടെന്നു

മട്ടുമാറി

കോപമിയന്നഥകണ്ഡിനപുരിയുടെ
ഗോപുരാന്തികടേ ചെന്നവ പറഞ്ഞു,
പാപമെടുത്തു കലച്ചു പിടിച്ചുതു
പാപലവാക്കു പറഞ്ഞുതുടങ്ങി.—
"വാടാ!വിമതവിദർഭമഹീപതി-
ക്കോടാ!നിന്നുടെ വികൃതികളും നമ്മോടു
കൂടാ,കൃപുരുഷ! പോരിലൊരല്പം
വാടാത്തവനഹമെന്നുധരിക്കണം
ആടലിനിക്കിഹനഹിനഹി,നിന്നുടെ
വാട,കിടങ്ങുക,ളാനപ്പന്തികളേ
പോടകഭവനം, നാടകഭവനം,
പേടകഭവനം, വേടകഭവനം,
നടപടവീടുകളെന്നിവ സകലവു-
മിടിപൊടിയാക്കി മുടിപ്പതിനിന്നൊരു
തടവു നമുക്കില്ല,ടവുക,ളനവധി
പടവുകളും,വഞ്ചികളും, വള്ളമിറുള്ളവർ
കടവിലടുത്തുകലമ്പിപ്പാട്ടുപാടുന്നു
പെടിത്തുടരുമ്പോളുള്ളിലിരിക്കും
മുട്ടുമലർമിഴിമാർമറവുള്ളവരും
കിടുകിടെ നിന്നു വിറയ്ക്കുന്നുള്ളു;
കടലുകളുംനാലിനകത്തുള്ളവനി-
ക്കുടയവനാകിനസാക്ഷാന്നിരിക്കെ
കുടയുമെടുത്തുപിടിപ്പിച്ചുങ്ങനെ
നടനം;ചെയ്തു നിനക്കെളുതാമോ?

ഇടയില്ലാത്തൊരു മൂഢൻ നമ്മോട്ട
പടയിൽതോറ്റുമടങ്ങുന്നേരം
കുടയും തഴയുമെടുത്തൊരുമലയുടെ
മടയിൽ പോടുക രാജ്യവുമെന്നു.
പടയണിനടുവിലൊരടവു പിടിപ്പാൻ
പടുതരമിപ്പുമതില്ലാത്തവനുടെ
തടികൊണ്ടൊരുഫലമില്ല,താനിപ്പോ
തടിയൻ തിന്നുമുടിപ്പാൻ കൊള്ളാം;
പിടിയാത്തവരുടെഹംകൃതികണ്ടാ-
ണ്ടടിയാത്തവർ വിട്ടുദോഷന്മാരൊരു
തടിയൊടിയോളവുമടിക്കുട്ടാനൊരു
മടിയരുതൊരുവനുമെന്നറിയേണം."

മട്ടുമാറി.

കേട്ടില്ലയോ നീമറുനാട്ടിൽദുഷ്പ്രഭുക്കന്മാർ
കാട്ടിയോരപരാധം കേട്ടു ഞാൻ സഹിക്കാഞ്ഞു
നാട്ടിൽനിന്നവരെയങ്ങാട്ടിക്കളഞ്ഞു,നമ്മുടെ
പാട്ടിലാക്കിരാജ്യങ്ങളം, കാട്ടിലുമങ്ങുമല-
മൂട്ടിലും മരുത്തിന്റെ ചോട്ടിലും, നീചരുടെ
വീട്ടിലും പലപലകോട്ടിലുംനടന്നോരോ
ഗോഷ്ടികാട്ടുന്നവെരിക്കുട്ടക്കാരങ്ങുമിങ്ങു-
മാട്ടക്കാരെന്നപോലെ ചേട്ടക്കാരുഴലുന്നു;
കാറുംമഴയുംമഞ്ഞുമേറുകൊണ്ടേകാദശി
നോറുള്ളവരെപ്പോലെ ഏറുനടപ്പാൻമേലാ
മാറുള്ളമാലോകരു,മാറിക്കണ്ടന്മാക്കൊരു
പാറും കൊടുക്കയില്ലാ, മുറവുമിവർകൾക്കെങ്ങും
കൊറുംകിടയാ,പിന്നെ മാറുള്ളസംസാരങ്ങളം
പെറുംനിരൂപിക്കേണ്ടാ, പാറുന്നില്ലൊരേ
(ടത്തും
ഓക്കുമ്പോളം നമ്മോടെത്തി നോക്കുന്നവെരി-
ലാക്കും വിരുതുകെട്ടിപ്പാക്കുന്നജനമില്ലം, (കളി-
തോക്കുമെടുത്തുപട കേളംക്കുന്നനേരംതന്നെ
തോല്പുന്നവരേയുള്ളുനോക്കുന്നടിക്കിലെങ്ങും
തെക്കുംവടക്കുംസഞ്ചരിക്കുംപഥികരോട്ട
കേളംക്കുമ്പോളറിയാമിനിക്കുള്ള പ്രബന്ധങ്ങളം
കാട്ടുകോവിലിലെന്നു സംക്രാന്തിയെന്നപോലെ
നാട്ടുപിള്ളക്കുന്നമ്മുടെ നാണയംഗ്രഹിക്കാമോ!

മട്ടുമാറി.

എന്തിനനേകം മൊഴി പറയുന്നിതു
ദന്തിരഥാദിധനങ്ങളശേഷവും

Digitized By Kerala Sahitya Akademi

മറ്റപ്പോഴതെങ്കൽകയ്യാളിച്ചിവ
കപ്പംതന്നുപൊറുക്കാമെങ്കിൽ
ഞാപ്പടവന്നതുമാറിയയയ്ക്കാ-
മിപ്പോഴതൊങ്കിൽ നിക്കൃതി സംഭവിക്കും.
ഓരെന്നാകിലനർത്ഥമനേകം
സാലമഹീപതി സംപ്രതി വരുത്തും.
വില്ലന്മാരിൽ വിദഗ്ദ്ധൻ ഞാൻതട-
വില്ലെങ്ങും തവ നാട്ടുടിപ്പാൻ.
ഗ്രന്ഥം മൊഴികഠം വിളിച്ചുപറഞ്ഞാ
രക്ഷാതനാകിന സാലനരേന്ദ്രൻ.
ക്രുദ്ധനതായവിദർഭമഹീപതി
യുദ്ധം ചെയ്യതിനാശു മുതിന്നു;
വൻപോരീടിന നായന്മാരഥ
തമ്പോടി വടിവോടു തുടങ്ങി;
ആൻപതുസഹസ്രംഭടജന-
മൻപൊടു കണ്ഡിനപുരിയിൽ നിറഞ്ഞു
വൻപടഹങ്ങളടിച്ചുമുഴക്കി
സംപ്രതി പട്ടടപടരവഘോഷം
കുന്തം, ചവളം, വില്ലും, ശരവും,
ചന്ദ്രഹാസാകുകഠം, ചക്രം, ശൂലം,
ചന്ദ്രഹാസപരുകിനവാളു, കടുത്തില,
തൊന്തിത്തടി, വടി, തോമരജാലം
ഇത്തരമായുധനികരമശേഷം
സത്വരമങ്ങു കരത്തിലെടുത്ത
ഉത്തരഗോപുരവാതിൽതുറന്നുപു-
റത്തുപുറപ്പെട്ടാത്തുവിളിച്ചു
ആണിവെടിവച്ചുപടയ്ക്കു തുടന്നിയു
പണിക്രടാതേ ഭടജനമുടനേ,
സാലനരേന്ദ്രവിദർഭമഹീപതി
സൈന്യഭടന്മാർതങ്ങളിലേറ്റഥ
ജന്യമഹോത്സവമതികോലാഹല-
മാവികലകലശലുക്രുടിയസമയേ.

മട്ടുമാറി.

പടമല്ലനൊരുത്തനടുത്തു
പടവില്ലുകരത്തിലെടുത്തു
പടുകോപമവന്നുകടുത്തു
പരിചാടുടനമ്പുതൊടുത്തു
അഥ പത്തുബാണമൊത്തുവിട്ടു

മറുതല ചത്തുവീണായുധഭൂമി നടുവിലൂടൻ
ഒരുവീരനുകണ്ണുകലങ്ങീ
തെരുതെരെവടിവെച്ചുയുടങ്ങി
ചാരിടജനമതിലൊന്നുമടങ്ങി
പരിചൊട്ടുകരമൊന്നുമുടങ്ങി
നാവനിഴഞ്ഞുകുഴഞ്ഞുവലഞ്ഞു-
മുലഞ്ഞുമൊരുതരമിഹപോന്നു.
ആയുകളൊടൊരുനായർചൊടിച്ചു-
പുയുകളുമെടുത്തുകുടിച്ചു
പ്രതിനായരെച്ചെന്നുപിടിച്ചു
ചതിയാലഥ മുക്കുകടിച്ചു
മുട്ടിപിടിച്ചുമിടിച്ചുമടിച്ചുമൊടിച്ചു
മൊരുകലശലുക്രുട്ടിചിലർ
വിരവോടുംവെട്ടിമരിച്ചു
ചിലരവശത പൂണ്ടുതിരിച്ചു
ചിലരയ്യ ബത കണ്ടുചിരിച്ചു
ചിലരണികളിലങ്ങുചരിച്ചു
ചലവിധത്തിലടുത്തുകടുത്തുതകർത്തുമിതുലം
രണഘോഷം.

മട്ടുമാറി.

നരവരനാകിയ സാലനൃപൻ പൊടു
ശരവരമാരിചൊരിഞ്ഞുചൊരിഞ്ഞഥ,
തെരുതെരെനിജഭടപടലമശേഷം
പരിമഥനംചെയ്യുന്നതുകണ്ടുടൻ
അരിശമിയന്നുവിദർഭമഹീശ്വര-
നരിശമനത്തെവരുത്തുവനെന്നിതി
കരുതിയുറച്ചുരഥത്തിലേറി
പരിചൊട്ടുനേത്തുശരങ്ങളുതിത്തു:—
"സാലകുലാധമ! കുടിലാ നിന്നുടെ
സാഹസമെത്രവിചിത്രമിതോർത്താൽ!
നിർമ്മര്യാദമൊരുത്തൻ വന്നിഹ
നമ്മുടെ രാജ്യമൊരുക്കുവതിന്നായ്
ദുർമ്മാർഗ്ഗങ്ങം തുടങ്ങിയതെന്തൊരു
ദുരഹങ്കാരമഹോ! ബത മൂഢാ!
ധർമ്മമിതെന്നുമധർമ്മമിതെന്നും
നിന്മനതാരിൽ വിചാരം നാസ്തി;
അന്യജനങ്ങടെ നാട്ടിൽ ബഹുധന-
ധാന്യസമൃദ്ധികഠം കാണുന്നേരം

Digitized By Kerala Sahitya Akademi

തന്നുടെകരളിൽമുഴുക്കുമസൂയയി-
തിന്നിന്ത കാരണമെന്നേ വേണ്ടൂ;
തന്നേക്കാൾവലുതായിട്ടൊരുവൻ
മന്നിലിരിക്കരുതെന്നൊരുഭാവം
നിന്നുടെമനമതിലതിശയമോടേ
വന്നുപോകുന്നിമിത്തംതന്നെയോട്ട
ജന്യത്തിന്നുമുതിർന്നുപോനിഹ
തന്നെത്താനറിയാത്തൊരുദുഷ്ടൻ;
അന്യമഹാജനമിതുകേൾക്കുമ്പോൾ
നിന്നെക്കൊണ്ടു ദുഷിക്കുമശേഷം:
എന്നതുകൊണ്ടു നമുക്കൊരുപായം
വന്നുപോലുപ്പാനില്ലെടസാലാ!
വന്നതുവന്നു, പോനെ വണങ്ങി-
ത്തന്നുടെ നാട്ടിലിരിപ്പാനാഗ്രഹ-
മെന്നുള്ളിൽപ്പുനരെള്ളോളവുമിഹ
തോന്നുന്നില്ല, ധരിച്ചീടുകനീ:
സമർചെയ്യുമ്പോളധുനാനിന്നൊട്ട
സമമായ്നില്ലാനെങ്കതല്ലെങ്കിൽ
സമരേ വെട്ടിമരിച്ചുതിരിച്ചുട-
നമരേശന്റെ പുരത്തിലിരിക്കാം.''
ഇത്ഥമുരത്തുവിദർഭനരേന്ദ്രൻ
യുദ്ധവിധങ്ങൾ തുടങ്ങി, മഹാരഥൻ
ഉദ്ധതനാകിയസാലവനമാശുര-
ണത്തിനണഞ്ഞുശരങ്ങളുതിർത്തു,
സപ്തം ദൈവമതാകിനഖൊണം
സപദി തൊടുത്തഥ സാലവനരേന്ദ്രൻ,
തത്പ്രാണംതന്നേ ഗരുഡാസ്ത്രത്തെ
ക്ഷിപ്രമയച്ചുവിദർഭനരേന്ദ്രൻ
പവമാനാസ്ത്രമയച്ചിതു സാലവൻ
പർവതബാണമയച്ചു വിദർഭൻ
ആഗ്നേയാസ്ത്രമയച്ചിതു സാലവൻ
അംഭോദാസ്ത്രമയച്ചു വിദർഭൻ!
പുഷ്പശരാസ്ത്രമയച്ചിതു സാലവൻ
പുരഹരബാണമയച്ചു വിദർഭൻ
ആസുരമസ്ത്രമയച്ചിതു സാലവൻ
അജിതശരംമോചിച്ചു വിദർഭൻ
രാക്ഷസമസ്ത്രമയച്ചിതു സാലവൻ
രാഘവബാണമയച്ചു വിദർഭൻ
തിമിരാസ്ത്രങ്ങളയച്ചിതു സാലവൻ
മിഹിരാസ്ത്രങ്ങളയച്ചു വിദർഭൻ
കരിശരമാശുതൊടുത്തിതു സാലവൻ
ഹരിശരമുഗ്രമയച്ചു വിദർഭൻ
ഇത്തർമസ്ത്രപ്രത്യസ്ത്രങ്ങളു-
തിർത്തുതിമിത്തൊരുസമരംതന്നിൽ
കണ്ഡിനനുപനുടെ വില്ലുംതേരും
ഖണ്ഡിതവാനഥ സാലവനരേന്ദ്രൻ
ഖണ്ഡശരംകൊണ്ടവനീപതിയുടെ
മുണ്ഡവുമാശുമുറിച്ചു തദാനീം;
പ്രാണവിനാശമടുത്തവനിന്നതു
വേണം കാരണമെന്നിരുതുടം
ബാണം തന്നുടെ ബലമല്പെന്നറി-
യേണം സർവജനങ്ങളുമിപ്പോൾ
ധീരപ്രകൃതി വിദർഭനരേന്ദ്രനു
വീര്യസമൃദ്ധിയുമാശു ലഭിച്ചു,
സൈരമതായിസ്സുരതരുണീമണി-
മാരൊടുക്രൂടിരമിച്ചുവസിച്ചു.

മട്ടുമാറി.

സമരത്തിൽ ജയിച്ചോരു സാലവനും പടകളും
സഹസാ പുരത്തിൽകേറി സർവമപഹരിച്ചു,
കനകപ്പൊടിയും, നല്ലകാഞ്ചനകുംഭങ്ങളും,
കനത്തപൊൻപാത്രങ്ങളും, കാതുള്ള വാൾപ്പുകളും
മഹത്തുപിരാശിചക്രം, മാറേറവുംതങ്കങ്ങളും
മഹനീയ രത്നങ്ങളും, മാലാകടകങ്ങളും,
പട്ടും, പൂടവകളും, പെട്ടിപെട്ടകങ്ങളും,
കട്ടിലും, മെത്തകളും, കുട്ടകം, ചട്ടകങ്ങളും,
രജതസ്വർണ്ണാദിയാകുംരാജദ്രവ്യങ്ങളെല്ലാം,
രഭസേന കൈക്കലാക്കി രാജേന്ദ്രകിങ്കരന്മാർ,
കൊള്ളയുമിട്ടുകൊട്ടി ഘോഷിച്ചുകുണ്ഡിനത്തി-
ലുള്ളപദാർത്ഥമെല്ലാമുനുംക്രൂടാതെതന്നെ
കണ്ടെഴുതിച്ചുംകൊണ്ടു കാരിയക്കാരന്മാർക്കും
കണ്ടങ്ങളുംപറമ്പുകളും കരക്കാർക്കും കയ്യാളിച്ചു,
മടിക്കാതെസാലഭൂപൻ മാളികമീതിലേറി
മടവാർമണികളോടേമാനിച്ചു വിനോദിച്ചു.
വിദർഭഭൂപാലനായി വിരവോടെതത്രവാണ
വിദഗ്ധന്മാക്കെന്തുപിനെ വിഷമം സുഖിച്ചി
രിപ്പാൻ.

Digitized By Kerala Sahitya Akademi

മട്ടുമാറി.

മൃതനായുള്ളവിദർഭാധിപനുടെ
പതിനെട്ടംഗനമാരവരെല്ലാം
കലശലുകൂടിയസമയ ശിവശിവ!
പലവഴിയോടിക്കാട്ടുകരേറി,
ഋതിലൊരു ഗർഭിണിയാകിയ സുന്ദരി
പതിയുടെ മരണം കേട്ടുകരഞ്ഞൊരു
ഗതിയില്ലാഞ്ഞു വനത്തിൽ ചുക്കുട-
നതിപരവശയായ് മെല്ലെ നടന്നാൾ
പത്തുതികഞ്ഞിതു ഗർഭമവൾക്കു വി-
പത്തുമതിങ്ങനെ സംഗതിവന്നു,
തരുവനത്തിലവൾക്കു നടപ്പതി-
നെത്ര മഹാപണിശിവശിവ! കഷ്ടം!
പേറിനടുത്തൊരു നോവുതുടങ്ങി:
ഏറുനടപ്പാനരുതാതായി;
മുറുമുട്ടുത്തൊരുതുണിയല്ലാതെ
മുറുറാരുവസ്തുവുമില്ലുകരത്തിൽ;
കാട്ടിൽക്കുടെനടന്നനടന്നൊരു
തോട്ടിന്നരികെച്ചെന്നവൾ പറ്റി;
പെട്ടെന്നവിടെപ്പെറ്റൊരു പുരുഷ-
ക്കുട്ടി പിറന്നു നിലത്തു പതിച്ചു
പിള്ളപിറന്നതുനേരം ജനനി-
ക്കുള്ളമെരിഞ്ഞൊരു ദാഹംമൂലം
വെള്ളംതെല്ലുകുടിക്കണമെന്നവ-
ളുള്ളംതന്നിലുറച്ചു പതുക്കെ,
തോട്ടിലിറങ്ങീജലപാനത്തിനു
പാട്ടിലിരുന്നതുടന്നൊരുനേരം,
പോട്ടിലൊളിച്ചുകിടക്കുംമുതല-
ക്കുട്ടങ്ങളിലൊരുപൊണ്ണൻമുതല
തണ്ണീരങ്ങുകുടിച്ചുതുടങ്ങിയ
പെണ്ണിനെവന്നു പിടിച്ചുവിഴുങ്ങി
പൊണ്ണത്തടിയനുതടിയുംവയറും
വണ്ണംവച്ചുതിരിച്ചുഗമിച്ചു
കണ്ണിണ ചിമ്മിക്കയ്യുംകാലും
മണ്ണിലിഴച്ചുകരഞ്ഞുകിടക്കും
ഉണ്ണി വിശന്നുതളർന്നു വിരഞ്ഞഥ
ദണ്ഡിക്കുന്നതുദൈവാധീനം;
താനേരംപുനരതുവഴിപോവാൻ
വന്നിതുകാചനഭൂസുരപത്നി;
തന്നുടെ പിള്ളയെയെളിയിലെടുത്തുന-
ടന്നുപതുക്കെവരുന്നൊരുവഴിയിൽ,
കാലുകുടഞ്ഞുകരഞ്ഞുകിടക്കും
ബാലനെയവിടെക്കണ്ടൊരുനേരം
ആരുടെകുഞ്ഞിതു? ശിവശിവ! ശിവനേ
കാരണമെന്തിതു വന്നുഭവിപ്പാൻ?
ആരുമൊരാശ്രയമില്ലിവനയ്യോ!
പാരംകഠിനമിതെന്തൊരുകഷ്ടം!
പിള്ളയെയിങ്ങനെപെറുവെടിഞ്ഞൊരു
തള്ളയ്ക്കെന്തൊരുഭ്രാന്തുപിടിച്ചോ?
പള്ളയിലേതും നാസ്തി മുലപ്പാൽ
തുള്ളികുടിച്ചുതുമില്ലകുമാരൻ;
ഇപ്പോൾതന്നെപിറന്നിഹ വീണവി-
കല്പമതിന്നുതരിമ്പില്ലിവനുടെ
പൊക്കിൾക്കൊടിയുംവീണില്ലിവനെയെ-
ടുക്കരുതോവാ? നെന്തിഹ ദോഷം?
മുഖകുടിയെന്നതിൽമുൻപേകുഞ്ഞിനു
കുലസംബന്ധമതില്ലുതുനൂനം;
പലരുംകേട്ടാലിതിനൊരുകുറ്റം
പറകയുമില്ലെന്നൊന്നുടെപക്ഷം.
വിപ്രകുടുംബിനിതന്നുടെമകനെ
ക്ഷിപ്രംതാഴെയിറക്കിയിരുത്തി,
കുഞ്ഞിനെവെക്കമെടുത്തുകുളിപ്പി-
ച്ചാദരവോടേ മുലയുംനല്കീ
തത്ര വസിക്കുന്നേരം വന്നാ-
നെത്തിയുമുത്തമനൊരു സന്ന്യാസി;
താരുള്ളിച്ചെയ്കിതുദിവ്യയതീശ്വര-
"നരുവയർമണിയാമന്തണർഭാഷ്യേ:
നരപതിനന്ദനനേഷ കുമാരൻ
സുരസുസദ്ഗുനിവൻസുകുമാരൻ
സുതനെപ്പെറൊരുസമയംതന്നേ
മുതലപിടിച്ചുമരിച്ചിതുജനനി;
ഇതുലംഗുണഗണമിവനെവളത്താ-
ലതുകൊണ്ടേതും ദോഷവുമില്ലാ;
ധാത്രീസുരനുടെ താഴേനില്പും
ക്ഷത്രിയനന്ത്രേ ഭേദമതുള്ളൂ
ധാത്രീദേവം പുണ്ടുവളർക്ക

Digitized By Kerala Sahitya Akademi

ധാന്യീപതിസുതനെക്കനിവോടേ''
എന്നരുൾചെയ്തുഗമിച്ചുയതീശൻ
നന്ദികലന്ദ്ര ഭ്രസുരപദാരി
തന്നുടെ മകനെ വലത്തേയെളിയിൽ
മന്നവസുതനെയിടത്തേയെളിയിൽ
ഇങ്ങനെസരസമെടുത്തുംകൊണ്ടു പ-
ളുങ്ങുനടന്നൊരുദേശംപുറി;
തന്നുടെ മകനെപ്പുറുതിലുടനേ
തന്നുടെ ത്തോവാഴ്ത്തു മരിച്ചു
എന്നത്തുമൂലമിരന്നുംകൊണ്ടുന-
ടന്നു ദിനങ്ങളം കഴിച്ചുപോന്നു;
ആണ്ടുതികഞ്ഞുമഹീസുരപുത്രനു
വേണ്ടുംക്രിയകളം ക്ഴിഞ്ഞതുമില്ലാ
രണ്ടുസുതന്മാരെയുമവനംനീളെ
ക്കൊണ്ടുനടന്നുമിരന്നുഭുജിച്ചും
രണ്ടുവയസ്സുംമൂന്നുവയസ്സും
രണ്ടുകുമാരന്മാക്കുമതായി;
ണ്ടിനടന്നുതുടങ്ങിപത്തുക്കേ
കണ്ണിതമമ്മയ്ക്കാട്ടുകുറഞ്ഞു.

മട്ടുമാറി.

ഏകദാ മുദാ ചെന്നു തദാനീ-
മേകചക്രയെന്നുള്ളൊരുദേശേ
ആകുലംവെടിഞ്ഞന്നമിരപ്പാ-
നാകവേനടന്നന്തണപതി
ഇമ്പമോടുബഹുഭ്രസുരരുള്ളോ-
രമ്പലത്തിലഥ ചെന്നുകരേറി;
അമ്പലാസികളം പറഞ്ഞു ശിശ്രൂക്കളം-
ക്കെമ്പ്രാന്തിരികളം ചോറു കൊടുത്തു.
കുന്നിൻമാതിനൊടുക്രടിവസിക്കും
ചന്ദ്രശേഖരനെ വന്ദനചെയ്തു,
മന്ദിരത്തിനഥ മൂന്നു വലംവ-
ച്ചുന്നൊരന്തണഗൃഹത്തിലിരുന്നു;
പിറേറന്നാളുഷസിചെന്നുകളിച്ചു
മറെറാരില്ലുമഥ പുക്കു വസിച്ചു;
കൊറവുമന്നവിടെനിന്നു ലഭിച്ചു;
മുറവുമിങ്ങനെ ദിനങ്ങളം കഴിച്ചു.

മട്ടുമാറി.

ബ്രാഹ്മണദേശംതന്നിലിവണ്ണം
ബ്രാഹ്മണിയും നിജതനയന്മാരും

ഭിക്ഷയുമോരു ഭുജിച്ചു സുഖിച്ചൊരു
പക്ഷമതങ്ങുകഴിഞ്ഞൊരുശേഷം:
പാണ്ഡിത്യാദിഗുണങ്ങളിണങ്ങിന
ശാണ്ഡില്യാഖ്യനൊരവനിസുരേന്ദ്രൻ,
ജ്യോതിശ്ശാസ്ത്രമശേഷമറിഞ്ഞോൻ
ജാതിശ്രേഷ്ഠതയുള്ളൊരുവിദ്വാൻ,
വങ്ങുകഴിഞ്ഞതു, മുപരിവരുന്നതു-
മുണ്ടുമനസ്സിലൊരീഷ്ലുമില്ല;
രണ്ടുശിശുക്കടെ ജാതകമൊക്കെ-
ക്കണ്ടുവരുത്തിയറിഞ്ഞു സമസ്തം;
രാവിലൊരുന്നാൾ ശിവനെത്തൊഴുവാൻ
കോവിലിൽവന്നൊരു വിപ്രാംഗനയേ
ദേവഗൃഹത്തിലകത്തു വിളിച്ചുട-
നേവം കിമപി പറഞ്ഞുതുടങ്ങി:—
''നിന്നുടെ പരമാത്മങ്ങളശേഷവു-
മെന്നുടെ ബുദ്ധിയിലുണ്ടിഹ ഭദ്രേ!
ധന്യനതാകിന നരപതിസുതനും
നിന്നുടെമകനുംപിന്നെ നിനക്കും
ബാഹ്യദാരിദ്ര്യം തീരണമെങ്കിൽ,
ബഹുമാനിക്കണമെന്നുടെ വചനം
ആഞ്ചുവയസ്സുവിടർന്നകുമാരനു-
മാറുവയസ്സുമിഹനിന്നുടെമകനും
എന്നൊരുദിവസം തികയുന്നോപുന-
രന്നുതുടങ്ങി ശ്രീവപൂജാത്ഥം
തിങ്ങളിൽരണ്ടുപ്രദോഷംവരുമതു
നിങ്ങടെമക്കളെനോല്പിക്കേണം,
സന്തതിലാഭംധനലാഭംപുന-
രന്ത്യകാലേശിവസാരൂപ്യം
എന്തൊരുവസ്തുനിനച്ചൊരുമാനുഷ-
നെന്തെങ്കിലുമതുസാധിച്ചീടും;
കനിവൊട്ടതു കരുത്തപ്രദോഷം
ശനിയാഴ്ചയുമൊരുമിച്ചു വരുന്നാൾ
അനുപമഫലമിദമനുതുടങ്ങാൻ
മനുജനു സംഗതി വരുമെന്നാകിൽ,
അതുമല്ലെന്നാൽ വൃശ്ചികമാസം
മുതലായിട്ടു തുടങ്ങിക്കൊൾവിൻ!
അതിനുടെനിയമവുമുരചെയ്യാമഹം.
അതിശയഭക്തി വിശ്രുതരവണം

Digitized By Kerala Sahitya Akademi

ശക്തിക്കൊത്തൊരുദക്ഷിണവേണം
ശക്തിക്കൊത്തതുപോലെ ഫലിക്കും;
അന്നദാനഭോജനശേഷംകൊണ്ടാ
പ്രാർത്ഥനചെയ്തു നമസ്കരിക്കേണം
വൈദികവിധിയില്ലാത്തമനുഷ്യനാ
വേദിയരെക്കൊണ്ടതു ചെയ്യിക്കാം:
പ്രാതഃസ്നാനാംഭസ്സാലോപം
ജാതികർമ്മാവിന്നുമില്ലൊരുഭേദം;
ശിവനാമോച്ചാരണവും പിന്നേ
ശിവഭവനേഷു പ്രദക്ഷിണ,മെന്നിവ
രുദ്രാവ്ന,മുപവാസവ്രതമിഹ
രുദ്രാദികളേ ധർമ്മമിതുചിതം
രുദ്രാക്ഷം പുനരാമെന്നാം ചില-
രുരുതെന്നും പുനരുരചെയ്യുന്നു;
രുദ്രാക്ഷാവലി ധാരണമെന്നതു
രുദ്രന്മാക്കൊരു ഭൂഷണമല്ലാ
രുദ്രപ്രീതിയവക്കു ഭവിപ്പാൻ
ഭദ്രമിതെന്നു മഹാജനവാക്യം:
ഉണ്ണരുതാരുമുറങ്ങരുതിദ്ദിന-
മെണ്ണയുമംഗേ തേക്കരുതിങ്ങിഹ
പെണ്ണുങ്ങടെ കഥ ചൊല്ലരുതാരുമി-
വണ്ണമിരുന്ന പ്രദോഷം നോറാൽ
ഇഹലോകങ്ങളിലെശ്വര്യാദികം
ബഹുലാഭം ഫലമല്ലാവക്കും;
പരലോകേശിവസായുജ്യാമൃത
പരമാനന്ദം ഫലമതിഭദ്രം.

മട്ടമാറി.

പ്രമോദമുടയൊരുപരമശിവൻ
പ്രദോഷനടവരനഖിലൻവൻ
പ്രമേഹനിരസനനിപുണനവൻ
പ്രസാദമരുളുക മയി ഭഗവാൻ!
ഗിരിമകൾവരനുടെ പട്ടനടനം
പരിചൊട്ടു പലപലരസചട്ടം
സുരനരമുനിവരപരിമിളിതം
സുഖചിരകരമിദമതിലളിതം,
തുടിയുടെ ചട ചടരടിരങ്ങും
മുടിയിലമരുംനീതിരകളിയും



മതികല ചൂടുംശിവനെത്തനാടെ-
മതിമുഖിമാരുടെ കഥയെന്നാളും-
മതിചുരത്തു വെടിഞ്ഞീടേണം,
നാട്ടിവസം പുനരഞ്ചുവെടുപ്പി-
നാകമേ സുഖമെഴുനോറു കുളിച്ചുടൻ
വെള്ളപ്പൂടവയുടുത്തു ശരീരേ
വെള്ളംകുട്ടി വിശ്രുതിവരുത്തിയ-
വെള്ളച്ചാരമെടുത്തു മഹേശ്വര-
നുള്ളിലോരു പഞ്ചാക്ഷരമുത്തെ
ഭക്തിപൂരസ്സുരമാകുംവണ്ണം
മുക്തിഫലപ്രദമാവർത്തിച്ചു
നിടിലംതൊട്ടു സന്ധികൾതോറും
വടിവൊടു കുറിയിട്ടാദരവോടേ
രുദ്രാക്ഷങ്ങൾ ശിരസ്സിൽ കണ്ഠേ
വക്ഷസി കർണ്ണേ കരയുഗളേപി
ശിക്ഷയിലങ്ങുതനിച്ചുധരിച്ചുശി-
വക്ഷേത്രേ മരുവീടുക വേണം:
പ്രവരബ്രാഹ്മണജാതിക്കൻപൊട്ടു
ശിവപൂജനവിധി വിധിയാംവണ്ണം
സന്ധ്യയടുത്താൽ മൂന്നാറുനാഴിക
മുൻപേചെന്നു കുളിച്ചുവരേണം.
സന്ധ്യാനടനംചെയ്തിരുനാമങ്ങള-
വന്ധ്യഫലങ്ങൾജപിച്ചുതീടേണം
ഹോമം, തർപ്പണ, മഭിഷേകം, ശിവ-
നാമംകൊണ്ടുള പൂഷ്പാഞ്ജലിയും,
പാലും തേനും നെയ്യും കരിക്കും
നാലുവിധങ്ങളിലഭിഷേകം, ശുചി
വിലപ്രദലംകൊണ്ടർച്ചനമയുപുന-
രെല്ലാവസ്തുവിലധികവിശേഷം:
അപ്പവു,മടയും,പാല്പായസവും,
ശില്പമതാകിനശുളപായസവും,
വെള്ളരി, വെറ്റില,മലർ,വിൽ,തേങ്ങാ,
വെളുവെളെയുള്ളനിവേദ്യവുമീവക
സംഗതിവന്നതുകൊണ്ടിഹനൈവേ-
ദ്യംവിധിപോലേ ചെയ്തീടേണം,
വിപ്രന്മാരെക്കാൽകഴുകിച്ചു ഭ-
ജിപ്പിക്കേണം സംഗതിപോലെ,

Digitized By Kerala Sahitya Akademi

കടകടമകടഫണി ചലനങ്ങളും
കടിതടകരിതുകിൽ ചലനങ്ങളും
പുരിജടമുടിതന്നിലുരവങ്ങളും
പരി ചിലിളകിയൊരസുരവങ്ങളും
കരിമുഖനടെ ഗളരണിതങ്ങളും
പരിജനതതിനുതിണേിതങ്ങളും
ത്രിമഗിരിയുടെ മകളം പാടുകയും
സുമധുരമരവങ്ങളാടുകയും
പ്രമഥനികരമഥ പാടുകയും
പ്രമരമാധികമിടകുടുകയും
സരസിജഭവനുടെ വേദങ്ങളും
സകലമുനികളുടെവാദങ്ങളും
സരസമരവപടുനാദങ്ങളും
പരണ ചലനബഹുഭേദങ്ങളും:

മട്ടുമാറി.

ഇത്തരമുത്തരമുത്തമനുത്തമ-
തെത്തവിചിത്ര ചരിത്രപവിത്രമ-
മിതുപുരത്രയവൈരിജഗത്ത്രയ
ഗുരുകരമതുഹി സമയേ ഫണിഗണ-
ഫണമണിഘൃണഘൃണവിരണിതമനുഗ്രഹ-
ഗ്രഹണഗണപരിണതമിഹനടനം
കരുതേ ഗുരുഗുഹപരിഘടനം
പരമാത്മാതകപരിതരണം
സരസം സന്തതമിഹ ശരണം.
ഇങ്ങനെയുള്ള പ്രദോഷമാഹാത്മ്യമ-
തെങ്ങനെ ഞാനിഹ വർണ്ണിക്കേണ്ടു?
നിങ്ങളിതിന്റെ ഗുണങ്ങളറിഞ്ഞുകൊ-
ടങ്ങുകസുഖമുപവാസമുദാരം.

മട്ടുമാറി.

യത്നവിശ്രുതവിദർഭകുമാരൻ
"ധർമ്മഗുപ്ത"നിതിപേരിവനുചിതം,
നിന്മകനഥ ഗുചിവ്രതനെന്നും
നിർമ്മലാംഗി! കരുതീടു സുശീലേ!
ഏകചക്രയിലൊരന്തണഗേഹേ
ശോകഹീനമഥ വാണു യഥേഷ്ടം
സുപ്രദോഷമഥ നാരവശിവന്റെ
സുപ്രസാദമചിരേണ ലഭിപ്പിൻ!

മട്ടുമാറി.

ബ്രാഹ്മണശ്രേഷ്ഠൻതന്റെ വാക്കുകൾകേട്ടനേരം
ബ്രാഹ്മണിക്കുള്ളിൽബഹു സന്തോഷമുളവായി
ബ്രാഹ്മണന്മാരെയെല്ലാം വന്ദിച്ചു പോന്നങ്ങൊരു
ബ്രാഹ്മണഭവനത്തെ പ്രാപിച്ചു വാസംചെയ്തു!
ഭിക്ഷയുമോരുന്നാനും മക്കളുമൊരുനേരം
ഭക്ഷിച്ചുംകൊണ്ടു രണ്ടു മുന്നുസംവത്സരങ്ങൾ
ശിക്ഷയിലവിടത്തിൽ വാണിതുമനുക്കാമ്പിൽ
ത്ര്യക്ഷനെ വഴിപോലെ ചിന്തിച്ചുഭക്തിയോടേ;
ശാണ്ഡില്യബ്രാഹ്മണന്റെ ശാസനമനുഷ്ഠിപ്പാൻ
ഉണ്ണികൾക്കിരുവർക്കുമെന്നിയേ കാലം
സംഭ്രതമെന്നറിഞ്ഞു സാധുപ്രദോഷംതന്നിൽ
ശംഭുസേവനമങ്ങാരംഭിച്ചുവിപ്രപത്നി;
മക്കളെപ്പുലർകാലേ കൊണ്ടുപോയ് കുളിപ്പിച്ചു
ചിക്കെന്ന താനുംകൂടെ സ്നാനവുംചെയ്തുവന്ന,
ചൊല്ലുകാണ്ടശിവക്ഷേത്രേ മൂവരും കൂടിച്ചെന്ന
മുക്കണ്ണൻതിരുമുമ്പിൽ കുപ്പി വെള്ളച്ചാരവും
വെള്ളവുംകൂട്ടിത്തേച്ചു വെള്ളവസ്ത്രവും ധരി-
ച്ചുള്ളത്തിൽ ഭക്തിയോടെ ഉണ്ണികുമാരന്മാരും
ഉഷയെന്ന പേരായുള്ളോരുന്നിദ്രബ്രാഹ്മണിയും
ഉചിതംപ്രദോഷംനോറു പഞ്ചാക്ഷരമന്ത്രത്തെ
പരിചിൽജപിച്ചുംകൊണ്ടുപരിതാപനാശനനാം
പഞ്ചായുധാന്തകന്റെ പാദയുഗം സ്മരിച്ചും
കുവളത്തില ചെത്തിക്കുസുമങ്ങളും കൊണ്ടുവന്ന
മൂവരും പുഷ്പാഞ്ജലിമുടങ്ങാതെചെയ്തുംകൊണ്ടു
ശാണ്ഡില്യപുത്രം നല്ല ശശിചൂഡൻ പ്രസാദി
പ്പാൻ
ശാണ്ഡില്യബ്രാഹ്മണൻ താനരുൾചെയ്ത നമ്മോ
ടെന്ന
ചിന്തിച്ചുകുവളത്തിന്നിലകൊണ്ടുമാലകെട്ടി
അന്തിക്കു ശിവബിംബേ അണിയിച്ചു കുപ്പി-
ക്കൊണ്ട
വെൺതിങ്കൾമൌലിക്ഷേത്രേ വെളിയിൽപ്രദ-
ക്ഷിണവും
അന്തിയാവോളം വച്ചുമലസാതെ സേവ ചെയ്തു.

മട്ടുമാറി.

കാറും കളിതും പനിയും പരിചൊട്ടു
പാറും മഴ പുതുമാരികളെല്ലാം

Digitized By Kerala Sahitya Akademi

ഏറെംകൊണ്ടവരഞ്ചുവെളുപ്പി-
ന്നേറുപൂവപ്പെട്ടെന്നികളിരുവരു-
മാറിൽചെന്നു കുളിച്ചൊരുദിനവും
മാറിത്തം വിണയാതെ പ്രദോഷം
നോറുംകൊണ്ടൊരുസംവത്സരമതി-
ലോരാം മാസവുമൊന്നു കഴിഞ്ഞു;
ഒരുദിനമാശു ഗ്രഹിവ്രതനാകും
ധരണിസുരേന്ദ്രകുമാരൻതാനേ
വിരവൊട്ടു പുഴയിൽ സ്നാനംചെയ്തു
കരമേലാറി വസിക്കുംനേരം
പെരുകിനകാറും മഴയും മിന്നലു-
മുരുതരമിടിയുമിയന്നൊരുസമയേ
തിരകളടിച്ചു പിളന്നൊരുകരമേ-
ലൊരുവിവരം ബത കാൺമാറായി;
പെട്ടെന്നിളകിയുരുണ്ടുവരുന്നൊരു
കുട്ടകമരികിലണഞ്ഞുപതിച്ചു:
ഒട്ടല്പിരുപറ മുപ്പറ കനക-
ക്കട്ടകളിട്ടുനിറച്ചൊരുപാത്രം:
എട്ടുവെളുപ്പിനുമൻപോടധികമി-
രുട്ടുംമഴയുംപുഴയുമിതൊന്നും
ക്ലേശിക്കാതെ കുമാരൻ വിരവൊട്ടു
കുട്ടകമതുപുനരുന്തിത്തള്ളിയു-
രുട്ടിയുരുട്ടിക്കൊണ്ടുതിരിച്ചൊരു
കാട്ടിൽക്കൂടെക്കഥമപി പെന്നൊരു
കോട്ടിലൊളിച്ചുഥ വച്ചു കളിച്ചു;
പിറേന്നാളൊരുനേരംതന്നുടെ
പെറമ്മയ്ക്കുവിളിച്ചുഥ കാട്ടി,
തെറന്നമ്മയുമമ്മകനുടെ മുടി
തൊട്ടുടനധികമനുഗ്രഹമേകി,
കുണ്ഡിനനൃപതികുമാരകനാംമ-
റവണ്ണിയെ വിരവിൽ വിളിച്ചുഥ ജനനി
തണ്ണീർ പൊഴിയും ജലമതിൽ മുഴുകി
ക്കനിവോടവരൊടുമിദമുരചെയ്തു:—
"വിധികാരുണ്യംകൊണ്ടുനമുക്കൊരു
നിധികുംഭം ബത സപദി ലഭിച്ചു
അധികം ധനമതിലധികം കനകമി-
തധിഗതമായതു നമ്മുടെ ഭാഗ്യം:
ഗണിതക്കാരൻ ബ്രാഹ്മണവരനുടെ
ഋണിതം നലമൊട്ടഫലിതമിദാനീം;

ഫണിപതിഭൂഷണസേവയിൽ വന്നൊരു
ഗുണമിതു ഹന്ത കുമാരന്മാരേ!
നാഴ്മൊരുത്തനുമാറാവനംപുന-
രഴ്മതിങ്ങനെ വീതിക്കേണം
നാത്മംമൂലം കലഹമിതെന്നാ-
നത്മം വന്നുവിപ്പാനുളിയതു
ഒരുതള്ളയ്ക്കുപിറന്നവരെങ്കിലു-
മൊരുകള്ളപ്പണമെന്നതുമൂലം
വിരസതപൂണ്ടവർജ്യേഷ്ഠനുമനുജ-
നിരുവരുമൊന്തൊരുകലശലുക്കുട്ടം!
യക്ഷികൾതമ്മിൽപൂശാക്കുട്ടി
ച്ചട്ടികലങ്ങാം പകുക്കുന്നപ്പോ!
കുട്ടികൾ നിങ്ങൾക്കുച്ചണ്ണംവരു
മെന്നിട്ടുപറകല്ല ധരിപ്പിൻ!
പണമെന്നുള്ളതു കയ്യിൽ വരുമ്പോൾ
ഗുണമെന്നുള്ളതു ദൂരത്താകും
പണവും ഗുണവും കൂടിയിരിപ്പാൻ
പണിയെന്നുള്ളതു ബോധിക്കേണം
പണയംമേടിക്കാതൊരുകാര്യം
പണവുമൊരുത്തനുനൽകരുതാരും
ഗുണവുംവന്നുമുഴത്തെന്നാകിൽ
ധനവും പുരുഷനുമില്ലൊരുഭേദം
പട്ടന്മാരൊടു വസ്തുമെടുത്താൽ
പൊട്ടന്മാരിഹ തോല്ക്കുംതുല്യം;
എട്ടുപണംമുതലുള്ളതിനവർപതി-
നെട്ടുപണംവിലവച്ചുകൊടുക്കും;
അവരൊടുചെന്നുകടംകൊണ്ടെങ്കിൽ
വേനംക്രൂടെന്നുശിപ്പാറാകും;
പത്തിനുകാലുകൊടുക്കണമപ്പോൾ
പത്തിനു രണ്ടര പലിശയുമായി;
വീട്ടുവതിന്നു തരംകുട്ടാഞ്ഞാൽ
വീട്ടിൽകേറിപാട്ടുകിടക്കും
നിങ്ങൾക്കങ്ങനെ കെടുകാര്യംവരു-
മെന്നതു നിരുപിച്ചുല്ലുപറഞ്ഞു-
മംഗനമാരുടെ സംസാരത്തിനു
സംഗതി ചേരുമെന്നില്ലില്ലം.

മട്ടുമാറി.

നമ്മതുൻമൊഴികൾകേട്ടകുമാരൻ
ധർമ്മഗ്രഹസ്ഥനുരചെയ്തിതു മന്ദം.

Digitized By Kerala Sahitya Akademi

ഞാനമെന്നുടയചേട്ടനുമേക-
പ്പാണനെന്നതു ധരിച്ചുരുളേണം
രണ്ടുഗാത്രമതുമാത്രമിദാനീം
ഉണ്ടുഭേദമതുകൊണ്ടു കിമമ്മേ?
നാഗ്രജന്റെ ധനമിങ്ങുമധീനം
വ്യഗ്രമില്ലതിനു ചേരസികിഞ്ചിൽ
പാതിപാതിവിഭജിച്ചതുകൊണ്ടി-
ങ്ങേതുമില്ല ഫലമെന്നറിയേണം;
രണ്ടുപേരുമടിയങ്ങളിഹശ്രീ-
കണ്ടുസേവ സമമേവ തുടങ്ങി;
ശങ്കരന്റെ മനതാരിലിദാനീം
എങ്കിലില്ലക നിവെന്നവരാരോ?
എങ്കിലസ്സു ഗുരുവിപ്രനിയോഗം
ലംഘിയാതെ ശിവമേവ ഭജേഹം.
ഇപ്രദോഷദിവസങ്ങളിലെല്ലാ-
മിപ്രകാരമിനിയും പലകാലം
ഊണുറക്കവുമില്ലൊ നിതാന്തം
സ്ഥാണുദേവ ചരണാബ്ജമുപാസേ.

മട്ടുമാറി.

ഇത്ഥം വൃത്തമൊരിരുപത്താറും
പത്തുമൊരെട്ടും മാസം മുഴുവൻ
തന്നു വസിച്ചു പ്രദോഷം നോറ
ക്ഷത്രിയസുതനും ബ്രാഹ്മണസുതനും
താരുണ്യവുമൊരു ലാവണ്യവുമതി-
കാരുണ്യവുമധരാരുണ്യവുമൊരു
ചാതുര്യവുമൊരു മാധുര്യവുമൊരു
വൈദുഷ്യവുമൊരു വൈദഗ്ദ്ധ്യവുമൊരു
സൌഭാഗ്യവുമൊരു സൌശീല്യവുമൊരു
സൌന്ദര്യവുമൊരുസൌഹൃണ്യവുമിതി
സർവ്വഗുണങ്ങളവക്കുതെളിഞ്ഞിതു
ഭവ്യത പെരുകിന രാജകുമാരനു
യൌവനസമുദയസമയേ നല്ലൊരു
ദിവ്യവധൂപാണിഗ്രഹണത്തിനു
സംഗതിക്കുട്ടണമെന്നു തദാപുന-
രംഗജവൈരിക്കുള്ളിലുറച്ചു:
അങ്ങനെ ഭഗവൽ പ്രേരണകൊണ്ടവ-
രണ്ടൊരുവനുവേറി ചെന്നു കളിപ്പാൻ
ഉത്സുകനായി കളിച്ചുത്ര ശിവനെത്തൊഴുതുട

നന്ദിയെയും ദൂരെ പറഞ്ഞു നടന്നു;
വിമലവസന്തവിഭൂഷിതമാകിന
വിപിനമെന്നവധിച്ചു രമിച്ചു.

മട്ടുമാറി.

പൂമലർകുലമൊക്കെ വിരിഞ്ഞു-
മധുരസമയമാരി ചൊരിഞ്ഞു
മധുകരനികരങ്ങളും വിരിഞ്ഞു
മണമുടയസുമങ്ങളും തിരിഞ്ഞു
മുദ്മദകളമിളദളിഗളതലകളകള-
മിളകിനകിളികളുമവിടെ നിനഞ്ഞു
നവകുരവകവല്ലികളും പൂത്തു
കുറുമൊഴികളുമാശു തെഴുത്തു.
ചെറുതരുതല പുഷ്പമിതർത്തു
നവമലർമണമൊന്നുമുതിർത്തു
വനതടമതിലുടനെയൊരുപട്ടതരുപടലികളുടെ
മട്ടുമലർ കുലമുടമപൊരുത്തു.
മലകാട്ടുകൾളാന്നു പകർന്നു;
കലമാനുകളോടി നടന്നു
പുലി പന്നികളൊന്നു നിവർന്നു
കലികാലവിലാസമുയർന്നു
മദമിയലും മുയലും മയിലും കുയിലും
മലകളിലൊരുകളിവെളിവിലിയന്നു;
കുളിർമതിയുദിച്ചു വിളങ്ങി
കുളമൊഴികടെ കേളിതുടങ്ങി
തളവളകളുമാശുകിലുങ്ങി
തടമുലകളുമൊന്നുകുലുങ്ങി
ചിലർകളിച്ചുപുളച്ചുവിളിച്ചു
തെളിച്ചുമൊളിച്ചുമധികരസം.

മട്ടുമാറി.

കുന്ദകുരണ്ടക ചൂതമശോകം
കുന്തളകുരവകമരുവകനാകം
ചന്ദനതിന്തുകവുന്ദവുമെന്നിവ
സുന്ദരതരുവരനികരമശേഷം
ചന്ദനശിശിരസമീരണകലിത
സ്പന്ദനഘനതരപരിമളമിളിതം
സുന്ദരിമാരും പുരുഷന്മാരും
കുന്ദശരന്റെ ശരങ്ങളുമിച്ചും
മന്ദവിലാസവിശേഷാച്ചും
നന്മിതകലഹരസങ്ങളും മറ്റും

Digitized By Kerala Sahitya Akademi

നന്ദികലന്ന നമിച്ചു രസിച്ചു
ലസിച്ചുരസിച്ചു റനടിച്ചു വസിച്ചു.
രതിനാർമണമതു നെടിപ്പുലദിരി
മണടിപ്പുമുവണ്ടുമുരണ്ടുവി-
രണ്ടുപാക്കുംവണ്ടുകേ ട്ടു
കണ്ണസ്ഫടികളകളാരവം
കൊണ്ടുമുഴങ്ങിനകോലാഹലമയു
കൊണ്ടുമനോജ്ഞനാവന്താരംഭേ
''ദ്രമിളാ'' ഹൃദയഗന്ധവ്വാധിപനുടെ
മകളാ''മംഗ്രുമതി'' തികുമാരി
കമലാമലമുഖി സഖികളുമായി
ചെകളാദികകുസുമങ്ങളിരുപ്പാൻ
തരളാപാംഗികളിച്ചു ചിരിച്ചു
വിരളാരാമവനങ്ങളിലഭിരുചി
തരളാമോദഭരേണ നടന്നിതു
പരളാമൃതരുചിരുചിരശരീരാ
ങ്ങളികുലങ്ങളെലാളിച്ചും പല
കേളിവിധങ്ങളിൽ മേളിച്ചും 'വന-
പാളികളം കണ്ടു വിനോദിച്ചും തര-
ളാളിരവങ്ങളിൽ മോദിച്ചും കുസു-
മങ്ങടെപേരുകളം ചോദിച്ചും ചില
സംഗതികൊണ്ടവർ വാദിച്ചും മലർ
പൂട്ടുകയും ചിലർ പാട്ടുകയും ചില-
രാട്ടുകയും ചിലരോട്ടുകയും ചിലർ
ചാട്ടുകയും മലർ തേടുകയും നട-
മാട്ടുകയും മരുവീട്ടുകയും ചിലർ
ചന്തമോടുപന്തുമാട്ടുമൊരുവക
ചിന്തുപാട്ടുമെന്തുകേട്ടവക്കിഹ
സന്തതമിങ്ങനെ സരസവനങ്ങളി
ലന്തികസീമനി കളിയാട്ടന്നൊരു
പന്തണിമുലയാളാകിനനല്ലൊരു
ഗന്ധവ്വാധിപകന്യകതന്നുടെ
ബന്ധുരമാകിനരൂപവുമുരുമദ-
സിന്ധുരമന്ഥരഗമനവുമഭിനവ
ബന്ധൂകാരുണമധരവുമിന്ദുസു-
ബന്ധുഭ്രുതമുഖാംബുജഭംഗിയും
ഇങ്ങനെകണ്ടൊരു നൃപതികുമാരനു
തിങ്ങിനകൌതുകമുള്ളിലുറച്ചുട-

നങ്ങ് ഗന്ധശരശരതമോഹമനുസ്മ-
യങ്ങിദ്വിജസുതനോടരുൾ ചെയ്തു.

മട്ടുമാറി.

''കണ്ടാലുമഗ്രേ നല്ലൊരു വണ്ടാർകുഴലിമണി
കണ്ടാലാനന്ദം കണ്ണിനു തണ്ടാർവിശിഖസ്തീയു
രണ്ടാംജനനമിതു കൊണ്ടാടിപ്രസാദിച്ചു (ടെ
കൊണ്ടാലും ഭൂമിദേവ! വണ്ടകിലിവളേപ്പോ-
ലുണ്ടായീലൊരുപെണ്ണും. വേണ്ടാ സന്ദേഹമേതും
കണ്ടിവാർകുഴലിയേ കണ്ടില്ലായെങ്കിലെൻറെ
രണ്ടുനയനങ്ങളേ കൊണ്ടില്ലാഫലമേതും,
തൊണ്ടിപ്പഴത്തെത്തല്ലി മണ്ടിപ്പാൻ വിരുതുള്ള
ചുണ്ടിൻറെ ചുകപ്പു നീ കണ്ടില്ലയോ കുമാരാ!
മല്ലീവിശിഖനുടെ വില്ലിൻവിലാസത്തെയും
തല്ലിയോടിക്കുന്നൊരു ചില്ലീയുഗവും നല്ല-
മുല്ലപ്പൂമൊട്ടിനുള്ളിലുല്ലാസംകലർന്നൊരു
വല്ലം നിനച്ചുവെന്നോ കൊല്ലമിക്കാമദേവൻ
പങ്കജമൊട്ടിനോടങ്കംപിടിപ്പാനുരു-
ശങ്കക്കുടാതുള്ളിലുരുകൊങ്കയുഗവുംകാൺകിൽ
ലോകാഭിരാമാവയനാകാരം കാണാനോരം
രാകാചന്ദ്രകലുമൊരാകാംക്ഷയില്ലാതാകും;
കല്ലോലത്തിൻറെ നല്ല ഹല്ലോഹലത്തേച്ചെന്നു
വെല്ലുംകടാക്ഷമിഴിത്തെല്ലും കണ്ടാലുമിന്നു
തെല്ലുംമടിക്കുടാതെ ചൊല്ലുന്നതുണ്ടു ഞാനും
ചൊല്ലുന്നതുണ്ടുമോഹമെല്ലാമിപ്പെണ്ണിനോടു
കല്യാണം കഴിഞ്ഞില്ലാ കല്യാണിക്കെങ്കിൽ,
തടവില്ലാനമുക്കിവളേ വല്ലഭയാക്കീടുവാൻ.

മട്ടുമാറി.

ഭാവികലമക്കഥ കേട്ടൊരുനേരം
ചെവ്വിയും പൊത്തിദ്വിജനരചെയ്തു:—
''ശിവ ശിവ! കഷ്ടമിതെന്തൊരുമോഹം?
തവഹൃദി സംപ്രതികഥയ! സഖേ! മേ
ശിവഭജനത്തിനു ഭംഗംവരുവതി-
നവകാശംവരുമിത്തൊഴിൽമൂലം
സവിശദഹൃദയ നിനക്കെന്തിപ്പോഠം
ഭാവിനയമിങ്ങനെ വരുവാൻ ബന്ധം?
ചഞ്ചലലോചനമാരുടെകള്ള-
പ്പുഞ്ചിരികണ്ടുകൊതിക്കും നിന്നുടെ

Digitized By Kerala Sahitya Akademi

നെഞ്ചിലൊരെരിപൊരിവളരുംനേരം
വഞ്ചിതനായ്വരുമെന്നാനങ്ങാ! നീ;
പണമുള്ളവനേ പെണ്ണിനുവേണ്ടൂ
ഗുണമുള്ളവനിലൊരാദരവില്ലൂ;
പണവുംകൊണ്ടിഹ ചെല്ലാത്തവനും
തുണവുമവൾക്കൊരുദേവുമില്ല
യനവാനെങ്കിലകത്തുകരേറി-
പ്പനിനീർകൊണ്ടവൾ കാൽകഴുകിക്കും:
കനിവൊട്ടു വൊറാതെവുത്തുകൊട്ടക്കും
കനമൊട്ടുമെത്തകരേറിയിരുത്തും,
യനമെപ്പുരുംവാങ്ങീട്ടവനേ
കനമില്ലാത്തൊരു പഞ്ഞികണക്കേ
മനസാ, വാചാ നോക്കുകയില്ലവൾ
മനമൊരുകല്ലുകണക്കു കഠോരം;
ചതിയായുള്ള പണങ്ങൾ പിടുങ്ങി
പതിയെന്നുള്ളൊരു കൂപക്രടാതേ
കൊതിയനെയങ്ങു പുറത്തുകിടത്തും
കൊയ്തുകിനുതിന്മാൻ വകയുണ്ടാക്കും
എഴുപതുന്തുരുവയസ്സായുള്ളൊരു
കിഴവനുകൈയിൽ പണമുണ്ടെങ്കിൽ
ഞഴകിയസുന്ദരനായിട്ടവളേ
തഴുകിപ്പോരാൻ തടവില്ലേതും;
വടിയും കുത്തി നരച്ചു ജരച്ചു
കൊരച്ചുവരുന്നൊരു കിഴവച്ചാരുടെ
മടിയിൽപണമുണ്ടെന്നാലായവൾ
മടിയാതവനെ ക്കെട്ടിപ്പുണരും;
ചിലവിടുവാൻ തടവില്ലാത്തവനുടെ
കലമെന്തെന്നുവിചാരവുമില്ലാ
ചലമിഴിമാരുടെ ശീലമിതിങ്ങനെ
പലരുംചൊല്ലിക്കേട്ടറിയുന്നു."

മട്ടമാറി.

കരുടനെങ്കിലും ജരഠനെങ്കിലും
നറയനെങ്കിലും ജടയനെങ്കിലും
കടിയനെങ്കിലും കടിലനെങ്കിലും
മുടിയനെങ്കിലും തടിയനെങ്കിലും
കള്ളനെങ്കിലും കാടനെങ്കിലും
മുള്ളനെങ്കിലും മൂഢനെങ്കിലും
കുട്ടിയെങ്കിലും കുഷ്ഠിയെങ്കിലും
യക്ഷ്മിയെങ്കിലും വിഡ്ഢിയെങ്കിലും
വിരസനെങ്കിലും സരസനെങ്കിലും
വികൃതിയെങ്കിലും വിരുതനെങ്കിലും
വിമുഖനെങ്കിലും സുമുഖനെങ്കിലും
വിമതനെങ്കിലും സുമതനെങ്കിലും
ചാരനെങ്കിലും ചപലനെങ്കിലും
ക്രൂരനെങ്കിലും കപിതനെങ്കിലും
രണ്ടുനാലുപണമുണ്ടവനേറ കുറി-
മുണ്ടിലെന്നതവർ കണ്ടുപോകിലിഹ
മണ്ടിവന്നവനെ വേണ്ടുമാഗ്രഹ-
മറിഞ്ഞു ചെയ്വതിനു സംശയമില്ല.

മട്ടമാറി.

ഗണികാജാതിക്കൊരുവനിലൊരു കൃപ
കണികാൺമാനില്ലെന്നതെ സഹജ!
ഗുണിയാകിന നീ തരുണീമണികളി-
ലണയാഞ്ഞെങ്കിലതെങ്ങടെ ഭാഗ്യം.
തുണിയും കിട്ടണമുച്ചിലഭിക്കണ-
മണിയും മണിഭൂഷണവും കിട്ടണ-
മിങ്ങനെയുള്ള ദുരാഗ്രഹമല്ലാ-
തംഗനമാക്കൊരു നേരവുമില്ല
കളമൊഴിയെന്നും കാമിനിയെന്നും,
കളഭമനോഹരഗാമിനിയെന്നും;
സുവദനയെന്നും, സുന്ദരിയെന്നും
കുവലയവിപുലവിലോചനയെന്നും;
വരതനുവെന്നും, വല്ലഭയെന്നും,
വരകരികുംഭപയോധരയെന്നും;
മതിമുഖിയെന്നും, മാനിനിയെന്നും,
മധുരാമൃതസദൃശാധരിയെന്നും
വസ്തുവിചാരമതില്ലാപ്പുരിഷക-
ളിസ്തുതിചെയ്തു വസിച്ചീടുന്നു.
മൂത്രം മലവും ചലവുമതിന്നൊരു
പാത്രം, പരമിഹ സുന്ദരിമാരുടെ
ഗാത്രം, ശിവ ശിവ! ചിന്തിച്ചാലതു
മാത്രം, മിനിക്കൊരു കൌതുകമില്ലം,
നേത്രങ്ങളിലേപ്പീളയുമവരുടെ
വക്ത്രങ്ങളിലേ ദുർഗ്ഗന്ധങ്ങളും
അത്രയുമല്ല വിയത്തുശരീരമ-
തെത്രയുമങ്ങിനെ വിടുവിടെ വത്സരം വത്സരം

Digitized By Kerala Sahitya Akademi

കക്ഷങ്ങളിൽനിന്നൊഴുകും ജലമൊരു
ലക്ഷത്തിൽപൂരമീച്ചുകളാസ്വദ്യം
പക്ഷമിതൊക്കെനിനക്കെന്നാകിലൊ-
രക്ഷരമുരിയാട്ടുകയില്ലിനി ഞാൻ
ആനടനമിരന്നും ഗതിയൊരു
വസ്ത്രംപോലുമുടുപ്പാനില്ലാ
അത്രദരിദ്രതയുള്ളവനിന്നുക-
ളുംവച്ചു പുലർത്താൻ മോഹം!
ശാസ്ത്രബലിക്കരിയില്ലാത്തവനി-
ച്ചാത്തത്തിനുമതിമോഹം പാരം
താനുണ്ണാത്തൊരുദേവർ വരത്തെ
ദാനംചെയ്യാനെളുതായ്വരുമോ?
ഞാനിങ്ങനെ ചില ശാതപറഞ്ഞെ
മാനിച്ചെങ്കിലതങ്ങനെ കൊള്ളാം;
മാനിനിമാരിൽ വലഞ്ഞൊരു പുരുഷനു
ഹാനികരം പലവക വന്നുഭവിക്കും
മാനക്ഷയവും ദ്രവ്യക്ഷയവും
സ്ഥാനക്ഷയവും ദേഹക്ഷയവും
ധർമ്മക്ഷയവും കർമ്മക്ഷയവും
ധൈര്യക്ഷയവും കായ്ക്ഷയവും
തർക്കവ്യാകരണാദി പാഠിച്ചതു-
മൊക്കെമറന്നുമലർന്നുകിടക്കും;
കയ്യൽപണമില്ലാതെ വരുമ്പോൾ
കടവുംവന്നഥ തലയിൽകേറും;
പൊക്കംപിന്നെ സ്ത്രീജനസംഗം
പൊക്കണമൊന്നിഹ തോളിലുമേറും;
ചെക്കനുമില്ലൊരു പട്ടരുമില്ലവ-
നൊക്കെത്തക്കെനടക്കുമകീർത്തി;
ദുഃഖം ദുഷ്പ്രഭുസേവതുടങ്ങി-
പ്പുക്കംതിന്നു കിടക്കാംപക്ഷേ:
പണ്ടൊരുഭൂസുരനില്ലത്തുള്ളൊരു
പണ്ടമശേഷം വിറവുമുടിച്ചും
കണ്ടജനത്തൊടിരന്നു ലഭിച്ചൊരു
മുണ്ടുമുടുത്തൊരു കുടയും ചൂടി
പ്പെരുവഴിയിട്ടിൽ ചെന്നുസ്ഥലം വ-
ച്ചൊരുനേരത്തവനുഷ്ടികഴിക്കും
കുടയിൽച്ചെന്നു പുകേലയിരന്നൊരു
കുടയിൽതിരുകിക്കൊണ്ടു നടക്കും;

ഇടയിലൊരിക്കൽ പരദേവതയുടെ
നടയിൽചെന്നു വണങ്ങിടുപ്പാരും,
ശിവശർമ്മാവെന്നവനുടെ നാമം
ശിവചൂണ്ടിയ്ക്കു മുടക്കുമില്ലാ,
ഇരുപത്തഞ്ചുവയസ്സുമതായി
പരിചൊട്ടുവേദവുമൊക്കെ മുഖസ്ഥം.
"ധനമുണ്ടാവാനെന്തൊരു കർമ്മം
മനസാ, വാചാ ചെയ്യേണ്ടതു ഞാൻ"
എന്നൊരുകണിയാനോടൊരു ദിവസം
ചെന്നുപതുക്കെ ക്ലേശിച്ചപ്പോൾ
ജാതകമൊക്കെവരുത്തിക്കണിയാൻ
പാതകമൊഴിവാൻ പ്രശ്നംവച്ചു,
"ദ്രവ്യമിതൊക്കെ നശിപ്പാനിന്നൊരു
ചൊവ്വാദോഷം കാണ്മാനുണ്ടു്
കണ്ടൻകാവിൽ ഭഗവതിനിങ്ങടെ
പണ്ടേയുള്ളൊരു പരദൈവമതു
കൊണ്ടുവിചാരിച്ചപ്പോളടിയൻ
കണ്ടുവിരോധമതവിടെത്തന്നേ
അവിടെച്ചെന്നഥ നിങ്ങളം ജിച്ചാൽ
ആനവധിധനമുണ്ടായ്വരുമുടനേ"
എന്നതുകേട്ടഥ കണ്ടൻകാവിൽ
ചെന്നുജിച്ചു മഹീസുരനങ്ങൊരു-
തിങ്ങളുമുടങ്ങാതച്ചനചെയ്തു ഹ-
ണങ്ങളുംപണങ്ങളുമുണ്ടായ്വരുവാൻ;
മുപ്പത്തൊന്നാംദിവസം രാത്രിയി-
ലൽഭുതമാകിനസ്വപ്നംകണ്ടു;
കൊല്ലൊട്ടുവന്നൊരു സുന്ദരിതാനൊരു
പെണ്ണുംനല്ലചെരിപ്പുംനൽകി.
ഇച്ഛിക്കുന്നപദാർത്ഥമശേഷവു-
മച്ചെപ്പിൽ പുനരുണ്ടാമുടനേ
നിരുപമമായചെരുപ്പുകളംപോട്ടാൽ
നിരുപിക്കുന്നൊരു ദിക്കിൽചെല്ലും
ചെരുപ്പുമെടുത്തുചെരിപ്പുമെടുത്തവ-
നപ്പോളംത്തന്നെ നടന്നുപതുക്കെ
തുക്കോവിൽ ചെന്നപ്പോളൊരുവഴി-
പോക്കൻ ബ്രാഹ്മണനവിടേക്കെത്തി;
ശിവശർമ്മാവഥ ചാദിച്ചതു "തവ
ഭവനം കുത്ര യരിത്രീദേവാ"?

Digitized By Kerala Sahitya Akademi

''നമ്മുടെവേനം കാശിക്കപ്പുറ-
മംബരനദിയുടെ തെക്കേക്കരമേൽ''
''കണ്ടാൽനല്ലൊരു വേശ്യാസ്ത്രീജന-
മുണ്ടോ വിപ്രാ! തന്നുടെടിക്കിൽ?''
''ഉണ്ണി ഉണിച്ചിരിയെന്നൊരുപെണ്ണ-
ണ്ടുലകിലവൾക്കെതിരില്ലൊരുപെണ്ണും
തലമുടികാതും കണ്ണുംമൊഴിയും
മുലയിണയുടയിണകൊടിനടുവെന്നിവ
സകലവുമെത്രമനോഹരമവളുടെ
ശകലവുമില്ലിഹദമയന്തിക്കും''
''തത്രഗമിച്ചുടനവളെ നമുക്കുക-
ളത്രമതാക്കാൻ സംഗതിവരുമോ!''
''സംഗതിവരുമവതിങ്ങളം നടന്നാ-
ലങ്ങവൾ വീട്ടിന്നരികെച്ചെല്ലാം;''
''ഞങ്ങിനെയല്ലിന്നന്തിക്കവിടെ-
ച്ചെന്നങ്ങവളെക്കണ്ടേടപോവൂ''
''ഭ്രാന്തുതനിക്കുകുറഞ്ഞോന്നുണ്ടോ?''
''ഭ്രാന്തല്ലിതു പരമാർത്ഥംതന്നെ;
ഇത്താഴത്തിന്ന തന്നുടെയില്ല-
ത്തെന്നാനതിനൊരു സംശയമില്ല.
എന്നുടെ മതിയടിരണ്ടുടെയായതി-
ലൊന്നുതനിക്കും മറ്റൊരുതനിക്കും
കാലേലിട്ടനിരുചിച്ചെന്നാൽ
പാലേകാശിക്കപ്പുറമെത്താം''
എന്നുപറഞ്ഞു ചെരിപ്പുംകെട്ടി
ച്ചെപ്പുമെടുത്തഥശിവശർമ്മാവും
പെരുവഴിപോക്കദ്വിജനുംക്രുടി;
ത്തരസാ കാശിക്കപ്പുറമെത്തി
ആദ്വിജവരനുടെ ഇല്ലംപുക്കുട-
നത്താഴംവഴിപോലെ ഭുജിച്ചുവ-
രുണ്ണിയുണിച്ചിരി തന്നുടെവീട്ടിൽ
തിണ്ണപ്പുറമതിലേറിവസിച്ചു
വാത്തപറഞ്ഞുടനവളോടുക്രുടി
ചെത്തുമുദാ ശിവശർമ്മദ്വിജനെ
നല്ലസമർത്ഥൻ പഥികദ്വിജനൊരു
തെല്ലുംമടിയില്ലീവകചെയ്യാൻ
ചെപ്പുചെരിപ്പുംമാളിച്ചുഥ വച്ചുട-
നെപ്പൊഴുമവളോടുക്രുടി വസിച്ചു;

കോപ്പുകളൊരുതീർത്തുകൊടുത്തിതു പലവക
വാപ്പുകളും ചെന്നുകളുരുളികളും കിണ്ടിക-
ളനവധി സമ്പത്തവളുടെ വീട്ടിൽ
ധനപതിവിപ്രൻ സമ്പാദിച്ചു;
അവളുടെ തള്ളക്കിഴവിയൊരുനാ-
ളവളോടുവേറെവിളിച്ചു പറഞ്ഞു;
''മകളേ നിന്നുടെ വിപ്രൻമൂലം
മാവുള്ളാളുകളൊക്കെ മാന്നു;
പാരം കഷ്ടമൊരാപത്തിലുമുപ-
കാരംചെയ്താനൊരുവരുമില്ലാ
ഇതിധനവാനിവനെങ്കിലുമേകൻ
മതിയാമോതവ വീടുപുലർത്താൻ?
തോട്ടം പുഴയും മഴയും വന്നിട-
ക്രുടുകകൊണ്ടിക്കടൽ നിറയുന്ന
എന്നകണക്കിന്ന പലരും പലവക
തന്നതുകൊണ്ടേ വീടുതടിപ്പൂ;
നിങ്ങടെ നമ്പൂരിക്കു പണംവര-
വെങ്ങനെയെന്നതു ക്ലേശിച്ചോനീ?
ചാത്തം മാസം ശാന്തിപ്രതിഗ്രഹ
മിത്യാദികളിൽ നടക്കയുമില്ലാ,
എങ്ങാനും പലിശപ്പണമതുമി-
ച്ചുങ്ങാതിക്കിഹവരുവാനില്ല,
വെറുതിലപുകയില വളരെക്കാണാം
കൊറ്റിനുമെങ്ങും കുറവുമതില്ലാ,
പത്തുംനൂറും വിപ്രന്മാക്കിഹ
നിത്യംചോറു കൊടുത്തീടുന്നു;
മധുരക്കറിയും പാൽപായസവും
മതിയാവോളം കോരിച്ചോരിയും
ഇങ്ങനെനിത്യം ചെലവിടുവാൻവക-
യെങ്ങനെയങ്ങേനുണ്ടാകുന്നു?
ഏതാനുംചില വിദ്യകളുണ്ടതു
നീ താനേതുമതറിയുന്നില്ലാ
എന്നാലെന്മകളദ്ദേഹത്തോട്ട
നന്നായ് ക്ലേശിച്ചുറിയിക്കേണം''

മട്ടുമാറി.

എന്നുള്ളമാതാവിൻറെ നിർബന്ധംകൊണ്ടൊ
രുനാൾ
ചോദിച്ചുറിഞ്ഞതുമെല്ലെ മേടിച്ചുകൈക്കലാക്കി
ചെപ്പും ചെരിപ്പും താൻറെ പെട്ടിയിലിട്ടുപൂട്ടി;

Digitized By Kerala Sahitya Akademi

വിപ്രന്നു ചെലവിന്നുമില്ലാതെയാക്കിപ്പിനെ
തന്നുടെ വീട്ടിൽനിന്നു തല്ലിപ്പുറത്തിറക്കി
ഉണ്ണി ഉണിച്ചിരിയും തള്ളയുമൊരുമിച്ചു
കണ്ണിൽ കാണാത്തദിക്കിലാട്ടിക്കളഞ്ഞുടനെ
പട്ടിണിയിട്ടുംകൊണ്ടു പാരംപരവശനായ
പട്ടിയെപ്പോലെവിപ്രൻ പാഞ്ഞുനടന്നീടുന്നു.

മട്ടുമാറി.

ഇങ്ങനെ കനിവില്ലാത്തൊരുജാതിക-
ദുർഗ്ഗനമാരെന്നോർത്തീടേണം
എങ്ങനെയെങ്കിലുമത്ഥമശേഷം
തങ്ങടെ കൈക്കലതാക്കും സഖ്യജാ!
ഇത്തരമുള്ള ശ്രുചിവ്രതവാക്കിനൊ-
രുത്തരവചനവുമുരിയാടാതേ
സത്വരമൻപൊട്ടു രാജകുമാരൻ
ചിത്തരസേന നടന്നുതിരിച്ചു.
ധന്യതപെരുകിന ഗന്ധർവ്വാധിപ-
കന്യകതന്നുടെ മുന്നിൽചെന്നഥ
നിന്നൊരു സുന്ദരവരനെക്കനിവൊട്ടു
തന്നരികേ ബത കണ്ടൊരുനേരം,
കൌതുകവിസ്മയകാമപ്രമര-
സാന്ദ്രമാനസയായകുമാരീ
കനിവൊട്ടു തരസാ ചോദ്യം ചെയ്തിതു:—
"കനകസമാനമനോഹരകാന്ത!
നളക്ഷേത്രനോ നളഭ്രവരനോ!
നളിനായുധനോ! നാരായണനോ!
അശ്വിനി മക്കളിലൊരുവൻ താനോ!
വിശ്വമനോഹര! വദ ഹി ഭവാൻ മേ
ഗാത്രമിദം തവകാൺകനിമിത്തം
നേത്രയുഗംമമ സഫലമിദാനീം;
കോ ത്വഭവോനെന്നറിവാൻ ഞാനൊരു
പാത്രമതാമോ പരമിഹലോകേ!"
എന്നതുകേട്ടരചെയ്ത കുമാരൻ:—
"എന്നുടെ നഗരം കുണ്ഡിനനഗരം
വൈദേഹീ വല്ലഭനേ സമാനൻ
വൈദർഭൻ നൃപനെന്നുടെ താതൻ
സാലമഹീപതിമൂഢൻ വന്നഥ
സമരേ താതനെ ഹനനംചെയ്ത
മുതലുള്ളതുമവനൊക്കെഹരിച്ചു
മുതലപിടിച്ചെന്നമ്മ മരിച്ചു;
ഉഷയെന്നുള്ളൊരു ഭൃസുരപത്നി
ഉടനേ നമ്മെയെടുത്തുവളർത്തി;
ഉഷയുടെ സുതനൊരു വിപ്രകുമാരൻ
വിഷ്വനിരാധരനെന്നുടെജ്യേഷ്ഠൻ
ധർമ്മഗുപ്തനെന്നെന്നുടെ നാമം
കർമ്മശക്തിയാലിങ്ങനെതന്നെ
ഏകപിക്രയാംബ്രാഹ്മണദേശേ
ഏകഭൃസുരഗൃഹേ മരുവുന്നു,
ഭിക്ഷയേറെ ദിവസങ്ങൾകഴിച്ചും
ദക്ഷവൈരിചരണങ്ങൾഭജിച്ചും
അക്ഷയേണമരുവുന്നിതു, ദൈവം
രക്ഷയുണ്ടിഹസമസ്തജനാനാം."

മട്ടുമാറി

ഞാനും ജ്യേഷ്ഠനുമിന്നുവിഭാതേ
കാനനഭൂതികൾ കാൺമാനായി
വനഭൂവിവന്നു വസിക്കുന്നേരം
വരതനു! നിന്നോക്കണ്ടിതു ഞങ്ങൾ!
മതിമുഖി! നിന്നുടെ വദനാംബുജമിദ-
മതിരമണീയം കാൺകനിമിത്തം
മതികമലേമമ കൌതുകമധികം
ചതിവാക്കല്ലിതു ചഞ്ചലനയനേ!
എന്നതുകാരണമിഹഞാൻ വന്നതു-
മെന്നുധരിച്ചീടുക നീ സുന്ദരി!
ഇന്നുനമുക്കിഹ സുദിനം നിന്മുഖ-
മിന്ദുസമാനം കണ്ടതുമൂലം
ഇന്ദിരയോ നീ! സതിയോ! രതിയോ!
ഇന്ദ്രകുടുംബിനിയാകിയ ശചിയോ?
നിന്നുടെപേരും വാർത്തകളെല്ലാ-
മെന്നൊട്ടുചൊൽക മനോഹരശീലേ!
പങ്കജനവദളനയനേ പരിചൊട്ടു
നിങ്കനിവെങ്കലിയന്നീടേണം
പങ്കജശരശതമേറെ നമുക്കതി
സങ്കടമെന്നേ പറവാനുള്ളൂ"
എന്നരചെയ്തതു കേട്ടകുമാരി;—
"എന്നുടെ താതൻ ഗന്ധർവ്വേന്ദ്രൻ
ദ്രുമിളാഖ്യൻ പരമേശ്വരഭക്തൻ
സുമതി സുശീലൻ സുരപതിതുല്യൻ
"ഭൃംഗ്രമതി"തിനമുക്കിഹനാമം
കിംശുകപുഷ്പസമാധര! സുമതേ!



Digitized By Kerala Sahitya Akademi

വംശവിശുദ്ധിനിനക്കുണ്ടെന്നിക്കും
സംശയമില്ല സമാനമിരുല്ലോ;
സകലഗുണോന്നതനെന്നുടെ താതൻ
സപദി ഭവാനേക്കണ്ടെന്നാകിൽ
സഫലം നിന്നഭിലാഷം നമ്മുടെ
സർവ്വമനോരഥമപി സാധിക്കും,
പാർവ്വണചന്ദ്രമനോഹരവക്ത്ര!
ലാളിക്കും മമ ജനകൻ നമ്മുടെ
വേളിക്കും വഴിയുണ്ടായ്വരുമേ
മേളിക്കും നാമിരുവരുമത്ഭവി .
കേളിക്കുംതരമായ്വരുമെന്നാൽ
നാളെക്കഴികെ വിവാഹ വേണ്ടു-
ന്നാളെക്കൊണ്ടു വരുന്നുണ്ടിഹ ഞാൻ
നാളേക്കും ഗുണമിങ്ങനെ വന്നാൽ
നീളേക്കും ഗുണമങ്ങുതന്നെ
മുറവും നമ്മുടെ വാഞ്ഛിതമിപ്പോൾ
പറവും ചേതസി താതനുമുടനേ
ചെറവും സംശയമതിനിനിവേണ്ടാ
മറേറന്നാളിഹ വരിക്കുസുശീലാ!"
എന്നുപറഞ്ഞവൾ തന്നുടെ ഗളമതിൽ
നിന്നൊരുഹാരമെടുത്തുകുമാരൻ
തന്നുടെ ഗളഭുവിചേർത്തുഗമിച്ചിതു
കന്യകയും സഖിമാരും രഭസാ

: മട്ടുമാറി (ചായ്പുതാളം)

രമണനിമണിവചനമിതി സദയമഥകേട്ടുടൻ
രാഗംവളർന്നോരു രാജവീരൻതദാ
കുതുകമൊട്ടു കുസുമശരസദൃശനതിസുന്ദരൻ
ക്രൂടലർകാലനാം ഭൂപാലബാലകൻ,
ആടവിതടമചലതടമഴകൊട്ടുകടന്നവൻ
ആരണന്മാരുടെ ആലയം പ്രാപിച്ചു,
ജനനിയുടെ നികടഭുവി നിമിഷമഥ ചെന്നുടൻ
നീതിമാനായവൻ ക്രുപ്പിനിന്നീടിനാൻ
"വരികരികിൽ മമതനയ വരിക തവ മംഗലം
വൈകുവാനെന്തു നീയിങ്ങുവന്നീടുവാൻ!
അധികമൊരുകുതുകമിഹ തവ മനസിയുണ്ടെന്നു
ആനനകാന്തികൊണ്ടങ്ങറിഞ്ഞീടിനേൻ;
പറകരിപുമഥന! തവ പരമസുഖകാരണം
പാർത്തനു നേരായ പാർത്ഥിവനന്ദനാ!"
ഇതിജനനിവചനമഥ സദയമഥ കേട്ടവൻ
ഈശഭക്തോത്തമനാശുചൊല്ലീടിനാൻ:—
"പരമശിവഭജനമയ പരിചൊടുഥ ചെയ്തു ഞാൻ
പാരാതെ കാനനേ ചെന്നുനില്ക്കുംവിധൌ
ഗഗനചരികുലമഖിലമണിയുമൊരു മാനിനി
ഗന്ധർവ്വകന്യകാ തത്ര വന്നീടിനാൾ
കളകളഭകളഗമനകളമൃദുസുഭാഷിണി
കാനനേയെന്നെയും കണ്ടുകാമിച്ചുവൾ
മമതയൊടുമധുരതരവചനമപിചൊന്നവൾ
മാലയിട്ടീടിനാൾ മന്ദമന്ദം തദാ
ഉഷസി മമ ജനകനൊടുമിവിടെവരുമീ ഞാനു-
മൂനമില്ലെന്നു പറഞ്ഞു മറഞ്ഞവൾ
സുരതരുണിജനമണിയുമണിമകുടമാലിക
സുന്ദരിയെന്നുടെ കാന്തയായ്വന്നിഹ
ജയജനനി! തവകരുണപരിണതി ഭവിക്കയാൽ
ജന്മം സഫലമായ് വന്നിതു സാംപ്രതം."
കനിവിനൊടുതനയനുടെ വചനമിവകേൾക്ക
കൌതുകം പൂണ്ടുരചെയ്തു വിപ്രാംഗനാ:—[യാൽ
"പരമമുരസസദൃശവചനമിതു കേൾക്കയാൽ
പാരംതണുത്തു മേ കണ്ണുങ്ങളിങ്ങനേ
നിരവധികരുചിരുചിരകനകമണിതങ്ങളിൽ
നീതിയിൽ ചേർന്നപോൽ നിങ്ങളും ചേർന്നിതു;
ഭവഭജനഫലമഖിലമഴകൊടുധരിക്ക നീ
ഭാവംതെളിഞ്ഞു സുഖേനവസിക്കനീ.

മട്ടുമാറി.

തനിക്കുള്ളോരഭിലാഷമിനിക്കാലം വൈകിടാതേ
ലഭിക്കുമെന്നോർത്തു ചിത്തം കുളുത്തുരാജകുമാരൻ
തരത്തിലീവണ്ണമാനമുണർത്തിച്ചു മോദിപ്പിച്ചു
രസിച്ചു ജ്യേഷ്ഠനും താനും വസിച്ചു വിപ്രാലയ-
ത്തിൽ
തളത്തിലിരുന്നു തൻറെ ഗളത്തിൽ വിളങ്ങീടുന്ന
വെളുത്തമുത്തുമാലയെ വളത്തമാതാവേക്കാട്ടി-
പ്പുറഞ്ഞോരവസ്ഥയ്ക്കാരു കുറഞ്ഞോന്നുനീക്ക-
മില്ലെ-
ന്നറിഞ്ഞോമാതാവെന്നുള്ള പരിജ്ഞാനമുളവാ-
ക്കി

Digitized By Kerala Sahitya Akademi

ഗന്ധവ്കന്യകയും ബന്ധുസ്ത്രീകളുംകൂടി
ഗന്ധവ്രാജാവിന്റെ ഗേഹത്തിലങ്ങുചെന്നു
വന്ദിച്ചു താതനോടുമൊന്നിച്ചിരുന്നു ഗ്രുധ-
മാകിന ചന്ദ്രഗുപ്തഭൂപന്റെ വൃത്തമാന്തം;
ഗാഢകൌതുകത്തോടെ താതനേ ഗ്രഹിപ്പിച്ചു
സന്തോഷമിയന്നോരു ഗന്ധവ്രാജൻ തന്റെ
ബന്ധുജനത്തെയെല്ലാമന്തികേവരുത്തിക്കൊ-
ണ്ടന്തമില്ലാതുള്ളോരു പൊന്നും പണവും പട്ടും
ചന്ദനമേറുന്ന ദിവ്യരത്നങ്ങളും ഭൂഷണങ്ങളും
ദന്തികളും കുതിരകളും തേരുകളും കാലാളുകളും
ആന്തോളം പല്ലക്കുകളിത്യാദിപദാർത്ഥങ്ങ-
ളൊക്കവേ സ്വരൂപിച്ചു കെട്ടിച്ചുമപ്പിച്ചുംകൊ-
ണ്ടക്കാട്ടിൽവന്നയോഗം ക്ലുപ്തിപ്പാർത്തോരുനേരം
വിപ്രകുമാരനോടുമൊന്നിച്ചു ധർമ്മഗുപ്തൻ
തൽപ്രദേശത്തുവന്നുനോക്കുന്നനേരം ബഹു
ദിവ്യന്മാരുടേയോഗം ദിവ്യസ്ത്രീകടെയോഗം
ദ്രവ്യസമ്പത്തുകണ്ടു വന്ദിച്ചുമോദത്തോടേ.

മട്ടുമാറി.

ദ്രമിളനതാകിന ഗന്ധവ്വാധിപ-
നമിതകുതൂഹലമോദത്തോടെ
നൃപതിസുതന്റെ കരാംബുജയുഗളം
സപദിപിടിച്ചു പുണർന്നുമ്മ ചെയ്തു,
ആമോദാദരമവനുടെ വാക്കുകളും
കാമോദരി രാഗത്തിലുദിച്ചു:—

"കേളംക്കസഖേ! കേവലം മേ വചനം
കേളീഗ്രണവസതേ!
ആക്കമിയന്നൊരു നിന്നുടെ വാത്കകളും
അഖിലവുമെൻ മകളും ചൊല്ലിക്കേട്ടു
ഇന്നലെ ഞാൻ മമ പരദൈവതമാം
ഇന്ദുചൂഡനുടെ പദതളിർതൊഴുവാൻ (കേളംക്ക)
ചെന്നിരു കൈലാസാചലസീമനി
ചേതസി പെരുകിന ഭാവനയോടേ (കേളംക്ക)
ചരണസരോജസമീപേ ചെന്നഥ
പരിചൊടു വന്ദനചെയ്തനേരം
പുരഹരഭഗവാനെന്നൊടു ഗ്രുധം :
സരസതരം ഗിരമരുളിച്ചെയ്തു (കേളംക്ക)
"ദ്രമിളസഖേ! ശ്രുണു സാധുവിശേഷം
സുമതിതനാകിന ഭ്രസുരസുതനും
വിമലസ്വരൂപി വിദഭ്രാത്മജനും
മമ പദഭജനം ചെയ്തീടുന്നു (കേളംക്ക)
വിധിപിഴയാതെ പ്രദോഷം നോറ്റവ-
രനവധികാദ്രം ബാഷ്പാരവർ
മതികമലേ മമ മോദമിദാനീ-
മതിശയതരമുളവാക്കീ നിയതം (കേളംക്ക)
വിപ്രകുമാരനു ധനമുണ്ടാവാൻ
ക്ഷിപ്രം ഞാനൊരു നിധിയും നൽകി
മൽപ്രിയനാകിന രാജകുമാരനു
സുപ്രിയമാശു വരുത്തീടേണം (കേളംക്ക)
ദ്രമിളാ! നിന്നുടെ മകളായുള്ളോരു
കമലായതമിഴി കന്യാമണിയേ
മമഹിതനാകിന രാജകുമാരനു
മമരകലന്നു കൊടുത്തീടേണം (കേളംക്ക)
ധന്യതപെരുകിന നൃപസുതനും തവ
കന്യകയാകുമൊരംഗ്രുമതിയും
അന്യോന്യം ബത കണ്ടുമനോരഥ-
മഖിലവുമാശു പറഞ്ഞു പിരിഞ്ഞു (കേളംക്ക)
കാണിവിളംബനമരുതിനിമകളുടെ
പാണിഗ്രഹണമഹോത്സവമധുനാ
വേണമതിങ്ങനെ ഭഗവാനെന്നൊടു-
വേറെവിളിച്ചരുൾചെയ്തു കുമാര! (കേളംക്ക)
ബാലാ! വരികമലാ! സരസഗുണശീലാ!
യുവതിജനലീലാ രസികാ! നിന്നെ-
ക്കണ്ടൊരുനേരമിനിക്കുണ്ടായ
സന്തോഷത്തിന്നുണ്ടോ അവസാനം
നീ മിണ്ടാതെ നില്പുന്നെന്തേ?
കേളീരസികയാകും നാളീകമുഖിയുടെ
വേളികഴിച്ചവളേ ലാളിച്ചുകൊണ്ടുപോക!.
കേളീമൊഴികളും ശുകപാളിമൊഴിയേ ഞാനു-
മാളീജനങ്ങളോടേ കേളിച്ചുങ്ങയച്ചീടാം.
ഏവം പറഞ്ഞു നിജഭാവം തെളിഞ്ഞു ശംഭു
സേവപ്രിയനാമുപദേവപ്രധാനിവീരൻ
ആംഗ്രുമതിയേ വിളിച്ചാശ്ലുവരുത്തിത്രുഹി-
നാംഗ്രുമുഖനാം കുണ്ഡിനേശന്ന ദാനംചെയ്തു
ഗന്ധവ്കന്യകേടേ വേളിക്കുപിന്നെമാറു
ബന്ധുക്കളാരും വേണ്ടാ സന്ധിപറകവേണ്ടാ,
കാന്തനാകുംപുരുഷൻ താൻതന്നെ ചെന്നവിടേ

Digitized By Kerala Sahitya Akademi

കാന്തമായുള്ളോരുകരാന്തം പിടിച്ചാൽപോരും
ഗാന്ധർവ്വവേളിക്കൊരു മന്ത്രവുംവേണ്ടാപിന്നെ
തന്ത്രവുംവേണ്ടാ പാണിയന്ത്രണമൊന്നേവേ-
കാമിക്കകൊണ്ടുള്ളകല്യാണമരിയുംവേണ്ടാ[ണ്ടു
കറിയും ചോറുമുണ്ടാക്കി കരക്കാക്കുംമാറു-
ള്ളോക്കും
നിറയോളംകൊട്ടത്തങ്ങു മതിയാക്കുകയുംവേണ്ടാ
ഇലയും പോളയും വാഴക്കുലയും വിറകുംവേണ്ടാ
വലിയപരിപ്പുകാറരണ്ടാവിമാരും വേണ്ടാ,
മടപ്പുള്ളിതന്നിൽകേറിക്കലമ്പിശ്ശണ്ണയിടുന്ന
മടപ്പുള്ളിക്കാരു ചന്ത്രക്കാരന്മാരാരും വേണ്ടാ,
കഴുത്തിൽ ടസ്സുവും കാതിൽ കടുക്കനുംപോട്ട-
കൊണ്ട-
ങ്ങെഴുത്തിന്നുവന്നുപാക്കുംപിള്ളമാരാരുംവേണ്ടാ,
വരുന്നനംപൂരിമാക്കു പ്രതിഗ്രഹംചെയ്കവേണ്ടാ
പരദേശിപ്പട്ടന്മാക്കു പണവുംകൊടുക്കവേണ്ടാ,
മുലയും തലമുടിയുമുലയും കുണ്ഡലങ്ങളും
ആണിഞ്ഞു പെണ്ണുങ്ങാംവന്നു കുനിഞ്ഞുനില്ക്കയും
വേണ്ടാ,
കണിയാക്കു രണ്ടുചക്രം കുണികാണ്മാൻകൊട്ട
ക്കേണ്ടാ,
മണിഹാരന്മാക്കു കാഴ്ചപ്പണവുംകൊടുക്കവേ-
ണ്ടാ.

മട്ടുമാറി.

ഇങ്ങനെയുള്ളൊരു കല്യാണച്ചില-
വെങ്ങും ഗാന്ധർവ്വത്തിന്നുവേണ്ടാ
മംഗലമാകിന മാലാബന്ധന-
മങ്ങവധാനം ചെയ്തുകണ്ടപ്പോഴേ
ഉന്നതനാകിന ഗന്ധർവ്വേശൻ
തന്നുടെമകളുടെ പാണിപിടിച്ചുടൻ
സുന്ദരനാകിന രാജകുമാരനു
സുരുചിരമൻപൊടു ദാനംചെയ്തു.
പൊന്നും പണവും പട്ടുകൂറ പുടവകളും
മിന്നുംമണിമയ മകുടം കടകം
പൊന്നരഞ്ഞാണം തരിവള പിരിവള
പൊന്നുംകുടർമണി തുടർമണിതോൾവള
വീരസുശൃംഖല വിരൽമോതിരവും
ഹാരശതങ്ങളും പതക്കമനേകം
ചാരുമഹാമണി കുണ്ഡലമങ്ങനെ
ചേരുംബഹുവിധഭൂഷണമേകി,
തേരുകളാനകളും കുതിരകളും സേനകളും
ഓരോക്കുട്ടം നൂറുസഹസ്രം,
നിറമേറീടിന രത്നസമൂഹം
പായിലളന്നുചൊരിഞ്ഞുതുടങ്ങീ
മാലകളനവധി ശീലകളനവധി
ബാലകഭൂപനു ദാനംചെയ്തു
ഗന്ധർവ്വാസ്ത്രം ഗജവദനാസ്ത്രം
സൈന്ധവമസ്ത്രം മാരുതമസ്ത്രം
വാരിധരാസ്ത്രം വലമഥനാസ്ത്രം
മാരഹരാസ്ത്രം മാധവമസ്ത്രം
മുദ്ഗരശൂലശരാസിശരാസന
മുസലമുസ്സണ്ടികളം പട്ടസചക്രം
ദിവ്യമതാകുമസംഖ്യമസംഖ്യ-
ദ്രവ്യമശേഷം ദാനംചെയ്തു.
സന്തോഷാംബുധി ഗന്ധർവ്വാധിപ-
നന്തോളത്തിൽ സുതയേയേറി
പന്തണിമുലമാർ സഖിമാരായിര-
മന്തികഭോഗ കൂട്ടിനടത്തി
കനകമണിഞ്ഞ മഹാഗജകുഞ്ഞേ
കനിവൊട്ടു നൃപനെക്കേറിയിരുത്തി
കുടതഴ ചാമരമനവധിപൊന്നും
കൊടികളുയന്നൊരു വെൺകൊറ്റക്കുട
കിടുപിടിപടഹം തുടിതാളം ചില
കടുവിടെയുള്ളൊരു തപ്പും തകിലും,
കൊമ്പുകുറുംകുഴൽനാഗസ്വരവും
കെട്ടുതാകിന ചില ചെണ്ടകളം തിമിലകളം
കാളംചെങ്ങില കൈമണി പലവക
മേളക്കാർവന്നവിടെ നിരന്നു.
"ചണ്ഡതപെരുകിന സാലപ്രമഹീപതി
കുണ്ഡിനനഗരമടക്കിയിരിപ്പതു
വെട്ടിയൊഴിച്ചുവിടത്തിലുടൻ ബഹു
പുഷ്ടിവരുത്തിബ്ഭവനമടിച്ചുത-
ളിച്ചുടനെന്നുടെ നന്ദിനിയേക്കുടി
വച്ചു സുഖിച്ചുവസിക്ക കുമാര!"
സച്ചരിതാമൃത മമസുത സാധുഗ-
മിച്ചിടുക നീ ഭവതുചരിത്രം!

Digitized By Kerala Sahitya Akademi

ഇത്ഥം ദ്രമിളമഹാഗന്ധവ്വൻ
തത്ഥം ഗിരമുരചെയ്യുപത്തുക്കെ
പുത്രനെയാത്രയുമാക്കിത്തരസാ
തത്രമറഞ്ഞിതു മഹിതചരിത്രൻ.

മട്ടുമാറി.

ആനപ്പടകളോടും സേനാഭടന്മാരോടും
നാനാവ്യൂഹങ്ങളോടും കൂടിമേളിച്ചു നല്ല
മോടികലർന്ന വനവാടികടന്നുമേളം
കൂടിനടന്നുചെന്ന ശ്രീമാനുഭാവനേക-
ചക്രദേശത്തുമേവും വിപ്രാത്മജന്റെപാദേ
വീണനമസ്കരിച്ചു മാതാവിനേയും ചെന്നു
ജാതമോദേന വീണവന്ദിച്ചു വഴിപോലെ
സീതാവല്ലഭനോടു തുല്യൻ നൃപതിപുത്രൻ
സന്തോഷവാരിധിയിൽ നീന്തുന്നമാതാവിനെ
ഗന്ധവ്വകന്യകയും ചെന്നു നമസ്കരിച്ചു;
വൈദർരാജ്യംതന്നിൽ ചെന്നുകൊണ്ടടിയങ്ങളം
വൈരിയെജ്ജയിച്ചിങ്ങുവൈകാതെവരുന്നുണ്ടു
ഈരാത്രനാളുമെൻ മാതാവത്രവസിക്കേവേണ്ടു
തത്രവിരോധംതീർന്നാലത്രഗമിച്ചുകൊള്ളാം.

മട്ടുമാറി.

ഇങ്ങനെയാത്ര പറഞ്ഞു കുമാരൻ
തിങ്ങിനപുരുഷാരത്തോടുക്രുടെ
ങ്ങിഗിയിലങ്ങു നടന്നുതുടങ്ങി
ങ്ങിഗമടുത്തിഹ സാലവനമപ്പോൾ;
അഗ്രജനാകിന ഭ്രൂസുരസുതനെയു-
മഗ്രെ സപദി നടത്തിക്കൊണ്ടഥ
ഉഗ്രതപെരുകിന ഗന്ധവ്വാദിസ-
മഗ്രബലേന സമേതൻദ്വാരൻ,
കൊട്ടും കുഴൽവിളി കോലാഹലമിദ-
മൊട്ടും കുറവുവരാതെ ദിഗന്തര-
മെട്ടും ഝടിതിമുഴക്കിക്കൊണ്ടണി-
യിട്ടും പൊടുപൊടെ വെടിയും വെച്ചഥ
കാട്ടുകടന്നു വിദർഭമഹീപതി
നാട്ടുപുകണ്ണു വിളിച്ചുപറഞ്ഞു:—
"മാടുകളാടുകളം വിപ്രന്മാരും
മാടണിമുഖിമാർ ബാലന്മാരും
മറെറാരുദിക്കിന്നു മാറിക്കൊൾവിൻ
മറെറന്നാളിഹ വന്നുപാർക്കാം;

പടയിൽവരുന്ന ഭടന്മാരിൽ ചില-
രിടയില്ലാതെയുമുണ്ടാമായവർ
ഝടിതികടന്നു കലമ്പിക്കലശലി
ലടിയോ പിടിയോ ഒന്നുപിണയ്ക്കും;
ആരുതരുതെന്നുവിലക്കാനുള്ളോ-
രെജമാനന്മാരറിയും മുൻപേ
തെരുതെരെ ബഹുപുരുഷാരമടുത്തുട-
നരുതരമാപത്തുളവാക്കീടും
പിന്നെനിനച്ചാൽ ഫലമില്ലീവക-
മുന്നേതന്നേ കരുതീടേണം
ന്യായംനോക്കി നടപ്പാൻ നമ്മുടെ
നായന്മാരുപാടിച്ചിട്ടില്ലാ;
നായും നായരുമൊക്കുമിനിക്കൊര-
പായം വരുമെന്നുള്ളവിചാരം
രണ്ടുവിധത്തിനുമില്ലതരിമ്പും
മിണ്ടുകിലായവർ ശ്രുണികടിക്കും;
കണ്ണുഗ്രഹത്തിൽ കലവും തവിയും
കണ്ടെന്നാലവർ കോറിയെടുക്കും;
ആനന്ദജ്ഞനമെന്നുള്ളൊരു ശങ്കയു-
മന്തണരെന്നൊരു ബഹുമാനവുമി-
ജ്ജന്തുക്കൾക്കുതരിമ്പില്ലവരുടെ-
ബന്ധുക്കൾക്കുമതങ്ങിനെതന്നെ;
ഭള്ളുനടിച്ചുനടക്കുന്നവനു
കള്ളുകുടിച്ചാൽ മറെറാരുമാശ്ശം
മുള്ളുപറഞ്ഞു പലക്കും ചിലരൊടു
കൊള്ളും പ്രഹരവുമങ്ങിനെയൊള്ളൂ;
കൊള്ളയിടാനും വീടുകളൊക്കെ-
ക്കൊള്ളികുത്തിവച്ചു ദഹിപ്പിക്കാനും
ഉള്ളതുകുത്തിക്കവരാനും പുന-
രെള്ളോളം മടിയൊരുവനുമില്ല.
അവരുടെ യജമാനന്മാക്കും പുന-
രവരെയമർപ്പാൻ ഭാവവുമില്ലാ:
കവരുന്നതിലൊരുപാതികൊടുത്താ-
ലവരുമതിനു സഹായംതന്നെ,
എന്നതുകാരണമിന്നും നാളയു-
മെന്നുടെനാട്ടിൽ പാക്കരുതാരും
പെണ്ണും പിള്ളകൾ ഗോബ്രാഹ്മണരും
കണ്ണും ചെവിയുമതില്ലാത്തവരും

Digitized By Kerala Sahitya Akademi

ഉണ്ണികളും ചില മുടവന്മാരും
ദണ്ഡംകൊണ്ടു കിടക്കുന്നവരും
പടയെന്നുള്ളതു കേൾക്കുന്നേരം
തുടതുള്ളുന്നമിടുക്കന്മാരും,
അമ്പലവാസികളെന്പ്രാന്തിരിമാ-
രായുധമില്ലാത്തൊരുനായന്മാർ
അങ്ങനെയുള്ളവരെല്ലാം വിരവിനൊ-
ടങ്ങൊരുനാട്ടിനുമാറിക്കൊൾവിൻ;
തങ്ങടെകോപ്പുകൾ പാത്രങ്ങളുമിവ
തങ്ങടെകൈക്കലിരിക്കേവേണ്ടു;
നമ്മുടെവീട്ടിൽകിണ്ടികൾനാലും
നാല്പതുനാഴിചെമ്പുംപോയി,
നമ്മുടെയില്ലത്താത്തന്മാരുടെ
ചിറവും ചെറുതാലികളും പോയി,
ഇല്ലത്തൻപതുഗ്രന്ഥംപോയി,
ഞെല്ലുകിടന്നതശേഷംപോയി,
എന്നുടെ വീട്ടിലൊരോട്ടക്കിണ്ടിയു-
മൊന്നരവയ്ക്കും കലവുംപോയി.
അയ്യോ! നമ്മുടെ കന്നുകളോടും
പയ്യോരുപത്തുമതൊക്കെപ്പോയി,
അപ്പംവിറവും ശക്കരവിറവും
അപ്പനൊരല്പം മുതലുണ്ടാക്കിയ-
തിപ്പോൾ നമ്മുടെ നിർഭാഗ്യതകൊ-
ണ്ടെപ്പേരുംപടതന്നിൽ നശിച്ചു;
ചിരുതപ്പെണ്ണവൾ മിന്നും മുടുകും
കരുതിപ്പോകാഞ്ഞിട്ടു കളഞ്ഞു
ഇളയച്ചിക്കുള്ളാഭരണത്തെ-
ക്കളയിച്ചുതുമപ്പട്ടരുതന്നെ;
കോതപ്പെണ്ണിനു കാതിലപോയി
നീലിപ്പെണ്ണിനു താലികൾംപോയി
ചക്കിപ്പെണ്ണിനു ചരടും മിന്നുമ-
ലക്കിയതോരൻ മുണ്ടുംപോയി
ഇട്ടിപ്പെണ്ണിനു കട്ടിലുപോയി
ഞെട്ടിപ്പെണ്ണിനു പെട്ടികൾംപോയി;
കണ്ടച്ചോരുടെ മുണ്ടുംപോയി;
പെണ്ടക്കാരുടെ പെണ്ടകൾംപോയി;
കേളച്ചോരുടെ വാളുംപോയി;
കാളൻനായുടെ ചങ്ങലപോയി;
ചിരികണ്ടച്ചോർ പടയിൽചാടി-
മൂരികകളഞ്ഞേച്ചോടിപ്പോന്നു;
കോന്തിച്ചെട്ടനു കുന്തംപോയി
കോന്തിക്കവനുടെ കൊടുവാൾംപോയി;
പേനുകിളച്ചുനടുമ്പോൾ നമ്മുടെ
ചങ്ങാതിക്കൊരു തുമ്പാപോയി,
എന്നെല്ലാം ചില ദൂഷണവാക്കുകൾം
പിന്നെക്കേൾക്കാം പടപിരിയുമ്പോൾ
പണവും പൊന്നും പാത്രവുമോരൊ
പണയങ്ങളുമണിയാഭരണങ്ങളും
ഒന്നും പാഴിൽ കളയാതൊക്കെയു-
മിന്നൊരുദിക്കിനുമാറിക്കൊൾവിൻ!"
ഇങ്ങനെയങ്ങു വിളിച്ചുപറഞ്ഞഥ
തിങ്ങിനബന്ധുപ്പടയും പെരുകിന
ഗന്ധവ്വപ്പട തേരും കുതിരകൾം
ദന്തിപ്പടകളുമങ്ങുകരേറി
കുണ്ഡിനപുരിയുടെ ഗോപുരസീമനി
കുപിതനതാകിന രാജകുമാരൻ
ചണ്ഡശരാസമെടുത്തുകുലച്ചുതി
ഖണ്ഡനചതുരൻ പുനരുരചെയ്തു:—
"നമ്മുടെ ജനകനെ വെട്ടിക്കൊന്നിഹ
നമ്മുടെ നഗരമടക്കിയിരിക്കും
ദുർമ്മതിയാകിയ സാലപാനികുല-
ധർമ്മതിയുള്ളതു കാണണമിപ്പോൾ;
തന്നറ്റാനറിയാത്തൊരു നിന്നുടെ
തടിപുനരടിമുടിപൊടിയാക്കാതിഹ
വിടുമോ ഞാനിഹ തടിയാമുടിയാ
വിടുഭോഷാ! നീയെന്തിനുകൊള്ളാം?
ദുസ്ഥിതിനന്നിതു പരരാജ്യങ്ങൾംക-
രസ്ഥാമതാക്കാനുള്ളൊരു മോഹം;
അത്ഥമടങ്ങുകയില്ലനിനക്കൊര-
നത്ഥംവന്നിഹ തലയിൽകേറി;
വ്യർത്ഥംനിന്നുടെ വിക്രമവിരുതുക-
ളർത്ഥിതമാക്കുവനഹമിഹ മൂഢാ!
അത്രവസിക്കും :വിപ്രകുലം തവ
പുത്രകളത്രസമൂഹം പിന്നെ
ഛത്രം ചാമരമഖിലം ദുഷ്ട-
ക്ഷത്രിയനിന്നു നശിക്കുമശേഷം
കൊമ്പൻകരിയുടെ ദിക്കുപിടിപ്പാ-
നൻപതുകൂനരികുടെച്ചെന്നുക-

Digitized By Kerala Sahitya Akademi

ലമ്പിയടുത്താലെളുതാമോ ശിവ
ശംഭിണ്ഡന്മാരുടെ ദുർമ്മോഹം! .
കേസരിവരനുടെ ഗിരികുഹരത്തിൽ
കേവലമൊരുമുയുവാനര മൂഢൻ
കേറിയിരിക്കാൻ മോഹിക്കുന്നതു
കേട്ടവരാരുചിരിക്കാതൊള്ള!
പോടാനമ്മുടെ പുരിയിലിരിപ്പാൻ
ക്രൂരതവപടപൊരുതിടുവതിനു
വാടാ! നരകുലഖേടാ! നരപതി
മൂഢാ നമ്മുടെ നാടായുള്ളതിൽ
ഈടാന്നിഹമലവീടാമിതു മമ
വീടായ്വരുമതു കരുതിയ ദോഷാ!
കാടായ്വരുമിനിവാസത്തിനു ബത
വേടാദികളൊടുക്രൂടെത്തന്നേ."

മട്ടുമാറി.

മമ്മത്തെഭേദിക്കുന്ന ധർമ്മഗുപ്തന്റെവാക്യം
ധർമ്മത്തെമോചിക്കാത്ത കർമ്മത്തിന്നനുകൂലം
കേട്ടപ്പോൾ ഭയപ്പെട്ട സാലവനം ക്രുദ്ധക്കാരം
ക്രുദ്ധാക്കാതിങ്ങിരുന്നാൽ കോട്ടംവരികേയുള്ള.
ഗന്ധവ്വന്മാരും മറവു ബന്ധുരാങ്കാക്കന്മാരും
സിന്ധുര വൃന്ദങ്ങളും സിന്ധുജവൃന്ദങ്ങളും
ഒക്കവേ ക്രുടെ വന്നു വിക്രമിക്കുന്നനേരം
ഇക്കുട്ടം നാമെല്ലാരും തോല്പുമെന്നതേ വരു;
ഊറക്കാരായുള്ളോരു മാറാരോടെത്തിപ്പട
ഏറവു മനസ്സംമുട്ടി തോറവു മടങ്ങുന്നേരം
മാറിക്കണ്ടന്മാരെന്നുമാലോകർ വാലൊടുക്കും
മാറിക്കൊൾകയേ നല്ലു നമ്മുടെ വൃന്ദമെല്ലാം;
ചെന്നു കെടുകയെക്കാൾ നിന്നു കെടുക നല്ലു
എന്നുള്ളതുചൊല്ലിനിപ്പോളെങ്ങുമേനീക്കമില്ലാ
തന്നേക്കാൾ വലിയോനെ താണുസേവിച്ചിടാ
ഞ്ഞാൽ
പിന്നെത്താനുദ്ധ്വമായി പിന്നോക്കം പോകേ
യുള്ളു
അന്യന്റെ രാജ്യം കിട്ടാനാഗ്രഹിക്കുന്നവന്നു
തന്നുടെ രാജ്യംക്രുടേ തനിക്കു ലഭിക്കാതകും
ഈവണ്ണം വിചാരിച്ചു സാലവനും ബന്ധുക്കളും
സേവിക്കതന്നേനല്ലു എന്നങ്ങു നിശ്ചയിച്ചു
വെള്ളക്കൊടിയുംകൊണ്ടു വേഗേന പുറപ്പെട്ടു
വെള്ളക്കുടയും താഴ്ത്തി വേഷം പകർന്നപോലെ

പട്ടംപണവുംപൊന്നും കെട്ടിയെടുപ്പിച്ചുംകൊ-
ണ്ടൊട്ടും താമസിക്കാതേ കൊട്ടംകുഴലുംമാറി
കാരിയക്കാറന്മാരും കാര്യസ്ഥന്മാരുംക്രുടി
വൈരിയേക്കാണ്മാനായി വൈകാതെ തത്ര
ചെന്നു;
വൈദർഭന്നവന്റെ വൈരസ്യംപോക്കിടുവാൻ
വൈദഗ്ധ്യമുള്ളസാലവൻവന്ദിച്ചുവഴിപോലെ

മട്ടുമാറി.

"വന്ദിക്കരുതരുതയ്യോ! ശിവശിവ!
വളരെ വയസ്സേറുന്ന ഭവാനിഹ
നിന്ദിക്കാതെയിരുന്നാലതുമതി
നിഖിലം പിഴകളുമിങ്ങുപൊറുക്കാം"
എന്നുപറഞ്ഞു വിദർഭകുമാരൻ
തന്നുപിടിച്ചുപുണർന്നുപതുക്കെ
തന്നുടെയരികിലിരുത്തിക്കഥകളു-
മൊന്നൊഴിയാതെ പറഞ്ഞറിയിച്ചു
സന്തോഷിച്ചഥ സാലവനരേന്ദ്രൻ
സകല ദ്രവ്യവുമങ്ങുകൊടുത്തു
മന്ത്രികളോടുംക്രുടിത്തന്നുടെ
മന്ദിരഗമനത്തിന്നുമുതിർന്നു
ആയതുസവ്വം വാങ്ങി വിദർഭൻ
അദ്ദേഹത്തിന്നുതന്നെ കൊടുത്തു;
പിന്നെ വിശേഷിച്ചനവധിപട്ടും
പൊന്നും പണവും മണിഭ്രഷണവും
സമ്മാനിച്ചിതു സാലവനുപന്നും
സാലവൻ തന്നുടെ കായ്ക്കാക്കും
സമ്മോദിച്ചഥ സാലവമഹീപതി
സമയംചെയ്തു "സഖേ പുനരിഹ നാം
തമ്മിൽ കലഹിക്കരുതൊരുനാളും
ജന്മികമം നാമിരുവരുമുള്ളന്നി"തി
യാത്രപറഞ്ഞു നടന്നുമഹീപതി
ഗോത്രമഹത്തരനാകിന സാലവൻ
പല്ലക്കുംമുകളേറിക്കൊണ്ടഥ
പടയും കുടയും ഘോഷത്തോടെ
നല്ലമുഹൂർത്തേ തൻപുരി പുക്കുട-
നല്ലാസേന സുഖിച്ചുവസിച്ചു
കുണ്ഡിനനഗരം പുക്കിതു ഗുണഗണ
മണ്ഡിതനാകിന രാജകുമാരൻ

Digitized By Kerala Sahitya Akademi

കുണ്ഡലമകുടാദികളുമണിഞ്ഞഥ
മണ്ഡപമേറി വസിച്ചു മഹീശൻ
ഗന്ധർവ്വാധിപ മകളുടെ ദിവ്യസു-
ഗന്ധമനോഹര ചാരുശരീരം
ഏന്ത പുണർന്ന രമിച്ചു രസിച്ചുട-
നന്തഃപുരമതിൽ വാണുസുഖിച്ചു.
സുപ്രീയങ്കിതനായുള്ള ശുചിവ്രത-
വിപ്രനൊരില്ലം തീർത്തുകൊടുത്തഥ
നെല്ലും പണവും ഭണ്ഡാരങ്ങളു-
മെല്ലാമനവധി ദാനംചെയ്തു.
കനിവൊട്ടു ഭ്രസുരദേശേ മേവും
ജനനിയെ വേഗാലിങ്ങുവരുത്തി
പുനരപി പുനരപി തൊഴുതു വണങ്ങി
ഘനതരഭക്തിവിശേഷത്തോടെ
അനഘമതാകിന കനകഗൃഹത്തിൽ
കനിവിലിരുത്തിപ്പരിപാലിച്ചു.
പ്രിയസുതനായ ശുചിവ്രതനുള്ളിൽ
പ്രിയമായുള്ളതു ദാനംചെയ്തു
നിയമമിയന്ന പ്രദോഷദിനങ്ങളി-
ലുപവാസത്തിന ഭംഗവുമില്ലാ.
പുരഹര! ശങ്കര! ശങ്കര! ശിവനേ!
ഹര! ഹര! ശശധരശേഖര! ശംഭോ!
ഗിരിജാവല്ലഭ! ഗിരിശ! മഹേശ്വര!
പരിപാലയമാം പരിപാലയമാം!
ഇങ്ങനെ ശിവനുടെ പാദസരോജേ
തിങ്ങിനഭക്ത്യാ വന്ദനചെയ്തു
മംഗലശാലി വിദർഭമഹീപതി
മങ്ങാതവിടെ വസിച്ചുസുഖിച്ചു.
ഈദൃശമായ പ്രദോഷമഹത്വം
സാദരമേവം കഥിക്കുന്നവരും
മോദമിയന്നിതു കേൾക്കുന്നവരും
വേദമയാകൃതി പരമേശ്വരനുടെ
പാദസരോജേ ചെന്നു സുഖിച്ചീടും
ഭേദംകൂടാതവിടെ വസിക്കും;
വേദിയകുലപതി മമ ഗുരുവരനുടെ
പാദസരോജം ശരണം ശരണം.

ഇതി പ്രദോഷമാഹാത്മ്യം ഓട്ടൻതുള്ളൽ സമാപ്തം.

# കിരാതം

## ഓട്ടൻതുള്ളൽ.

ഹരിഹരതനയൻ തിരുവടി ശരണം
വിരവൊട്ടു കവി ചൊൽവാൻ വരമരുളണം
മരുതലരടിയനൊടടൽ കരുതായ്കാൻ
കരുതുന്നേൻ കരുണാമൃതസിന്ധോ!
കരികരടികൾകടുവാപുലിസിംഹം
വനമതിൽ നിന്നു വധിച്ചതുപോലെ
മറുമലർ തമ്മെയൊഴിച്ചരുൾ നിത്യം
തഴുകഴൽ വിലസീടുന്നലമയ്യാ?
അണിമതി കലയും ഉമ്പയുമെല്ലും
ഫണിപതിഫണഗണമണികളുമണിയും
പുരരിപുതൻ പദകമലേ പർചൊട്ട
പണിയുന്നവരുടെ പാലൻശീലൻ
പ്രണയിനിയാകിന മലമകൾ താനും
പ്രണയസുഖേന രമിപ്പാനായി
ക്ഷണമൊരു കരിവരമിഥുനമതായി
ക്ഷണികമതാകിന വിഷയസുഖത്തിൽ
പ്രണയമിയന്നൊരു രസികന്മാരവർ
പ്രണിഹിത കുതുകം വാഴുംകാലം
മണമിയലുന്നമരുപ്പുകാവിൽ
മണലിൽ നടന്നു മദിച്ചു മരങ്ങടെ

Digitized By Kerala Sahitya Akademi

തണലിലിരുന്നു രമിക്കുന്നേരം
ഉണവതിയാമുമതന്നുടെ മകനായ്
ഗണപതിയെന്നൊരു മൂത്തിവിശേഷം
പ്രണതജനങ്ങടെ വിഘ്നമൊഴിപ്പാൻ
പ്രണഹിതകുതുകം വന്നുപിറന്നു
ക്ഷണമാത്രം തന്തിരുവടിയടിയനു
ഗുണമാത്രം ചെയ്തീടുന്നാകിൽ
ഗുണപാത്രം ഞാനിന്നിഹ വരുവൻ
അണുമാത്രം മമ സംശയമില്ലാ;
ഗണരാത്രങ്ങൾ കഴിഞ്ഞതിലങ്ങൊരു
കണമാത്രം പുനരുണ്ടായില്ല.
ഗുണമാത്രം ബഹുമാനവുമില്ല
ധനവാന്മാരുടെ സഭയിൽ ചെന്നാൽ
പരമാർത്ഥം പറയാമടിയനൊരു
പരനിന്ദാദികളും നാവിലുമില്ല
പരിചൊടു സന്തതമംബരതടിനീ
പുരിയിൽ വസിച്ചരുളീടിന ഭഗവാൻ
പരമാനന്ദമയാകൃതി കൃഷ്ണൻ
പരദൈവതമടിയന്നനുകൂലം
നരപതി കുലപതി ധരണീ സുരപതി
നിരവധി ഗുണഗണനിധിപതിസദൃശൻ
പെരുകിന ചെമ്പകനാടാകുന്നൊരു
സുരവരനാട്ടിലനാഹതരായാം
പരിജനപാലന പരിചയശീലൻ
പരിപാലിച്ചരുളീടുകധീശൻ
ഗുരുനാഥൻ മമ ഗുണഗണമേറിയ
ധരണിസുരോത്തമനരുളുകമൂലം
സരസകഥാകഥനത്തിനിനിക്കൊരു
പെരുവഴിമാത്രം കാണാറായി;
കിള്ളിക്കുറിശിമഹേശ്വരനും പുന-
രുള്ളിലിരുന്നരുളുന്ന സദാ മേ.
തുള്ളലിനുള്ള രസങ്ങളറിഞ്ഞവ-
രുള്ളം തന്നിൽ രസിച്ചീടേണം;
വെള്ളിച്ചുരികയിളക്കിപ്പുലപല
പുള്ളിപ്പുലി കടുവാ മഹിഷാദിക-
ളുള്ളവനങ്ങളിൽ വേട്ടയുമാടി-
പ്പുള്ളിക്രീഡാതൽപ്പരനാകിന
തകഴിയിൽ വാണരുളീടിന ഭഗവാൻ
ശ്രീകളളാകൃതിയാം ഹരിഹരതനയൻ
സകലവരപ്രദനപ്രതിമാനൻ
സുകൃതിഗുണങ്ങളം വരുത്തീടേണം:
കവിമാതാവേ! ദേവി സരസ്വതി!
കവിതാട്ടാവേ കാത്തരുളേണം;
സജ്ജനസഭയുടെ സുഭഗത്വംകൊ-
ണ്ടിജ്ജനമെന്നു പ്രയോഗിക്കുമ്പോൾ
ദുർജ്ജനമെങ്കിലുമതിനൊക്കാതൊരു
ദൂഷണമൊരുവൻ ചൊല്ലുകയില്ല;
നല്ലജനങ്ങടെ സഭയിൽ ചെന്നാൽ
വല്ലതുമവിടത്തോടിതമാവും:
മുല്ലപ്പൂമ്പൊടിയേറുകിടക്കും
കല്ലിനുമുണ്ടാമൊരുസൗരഭ്യം:
സുജനഗുണങ്കൊണ്ടുള്ളവാക്കും ബാഹ്യ
മാനവിശേഷം വരുമെന്നുള്ളതു
ഞാനൊരു പദ്യം ചൊല്ലാമായതു
മാന്യരെല്ലാം കേട്ടറിയേണം.

"കണ്ണാരുണ്ണുദമന്തരേണ രണിത-
ഗാഹസാ കാക! സ്വയം
മാകന്ദം മകരന്ദശാലിനമിഹ
ത്വാം മന്മഹേ കോകിലം
രമ്യാണി സ്ഥലവൈഭവേന കതിചി-
ദ്വസ്തൂനി കസ്തൂരികാം
നേപാളക്ഷിതിപാലഫാലപതിതേ
പംകേ ന ശംകേത കഃ"

"നേപാളക്ഷിതിതന്നിൽ വസിക്കും
ഭൂപാലന്റെ വലിപ്പം പറവാൻ
പണ്ടൊരു കവിതക്കാരൻ പദ്യമ-
തുണ്ടാക്കി സ്തുതിചെയ്തതു കേൾപ്പിൻ!
പിതൃപിണ്ഡത്തെക്കൊത്തിത്തിന്മാൻ
കൊതിയേറുന്നൊരു കാക്കേ! കേൾ നീ
ക്രൂരിരുൾപോലെ കറുത്ത ശരീരം
ക്രൂരമിതയ്യോ! നിന്നുടെ ശബ്ദം;
പാരമസഹ്യം കേൾക്കുന്നോർക്കൊരു
നേരവുമില്ലൊരു സൌഖ്യമിദാനീം:
കണ്ണുങ്ങൾക്കിതു കേൾക്കുന്നേരം
വുണ്ണിലൊരമ്പു തറച്ചതുപോലെ
ഉരിയാടാതൊരു തേന്മാവിന്മേൽ
മരുവുന്നാകിൽ നിനക്കിഹ കാക്കേ!

Digitized By Kerala Sahitya Akademi

പെരുതായിട്ടൊരു ഗുണമുണ്ടായ്കുരു-
മരുതാത്തതു പറകല്ല സഖേ! ഞാൻ.
കയിലും കാകനുമൊരുനിറമെന്നതു
കറവില്ലതിനു പലക്കും ബോധം;
നാദംകൊണ്ടേ നിങ്ങളു തമ്മിൽ
ഭേദമതുള്ളു ബലിഭോക്തൃതാവേ!
മാവിന്നഗ്രേ ചെന്നവസിച്ചാൽ
കാകൻ നീയൊരു കോകിലമാകും;
കാണികൾ നിന്നെക്കയിൽകയിലെന്നൊരു
നാണിയമങ്ങു നടത്തിക്കൊള്ളും,
ആയതുവരുമോ എന്നൊരു സംശയ-
മകതാരിൽ പുനരുണ്ടാകേണ്ടാ,
നേപാളക്ഷിതിതന്നിൽ വസിക്കും
ഭൂപാലന്റെ ലലാടംതന്നിൽ
ചേറുപിരണ്ടതു കണ്ടാലതുവില-
വോല്ലാത്തൊരു കസ്തൂരിക്കുറി;
എന്നല്ലാതൊരു മനുജന്മാക്കും
തോന്നുകയില്ല വിചാരിക്കുമ്പോൾ;
കുങ്കുമമണിയും തിരുനെറ്റിക്കൊരു
പങ്കം പിരശ്വാനെന്തവകാശം?
ശങ്കരശിവശിവ! ചേരാത്തുള്ളതു
ശങ്കിച്ചുവനൊരബദ്ധക്കാരൻ
ഏറെപ്പോന്ന ജനങ്ങടെ പാലന
ചേറെന്നുള്ളതിനെന്തവകാശം?
ചതിയെന്നുള്ളതൊരുത്തനുപോലും
കളിയായിപ്പറവാനും മേലാ;
ജളനെന്നാലും സ്ഥലഭേദംകൊ-
ണ്ടുള്ളവാകും ഗുണമെന്നിതിനർത്ഥം."

ശാസ്ത്രങ്ങൾ വ്യാകരണസൂത്രങ്ങൾ നല്ല തർക്ക
വാദങ്ങൾപിന്നെ ധർമ്മശാസ്ത്രങ്ങൾപുരാണങ്ങൾ
വേദം ഗണിത മന്ത്രവാദം ചികിത്സാഗ്രന്ഥ-
ഭേദം ശാസ്ത്രവിദ്യാവിനോദമെന്നിവകളും
ആട്ടം കളികൾപിന്നെച്ചാട്ടം ഞാണിന്മേലോടി
ഓട്ടംതുള്ളലും പല കൂട്ടം ഗ്രഹിച്ചവനും,
കോട്ടംകൂടാതെ കവിക്കൂട്ടം ചമച്ചുണ്ടാക്കി
വാട്ടംകൂടാതെവിദ്വൽക്കൂട്ടത്തെബോധിപ്പിപ്പാൻ
ഒട്ടുമെളുതല്ലെന്ന ഞെട്ടും നടയെക്കണ്ടാൽ
മുട്ടും മനസ്സുപാരം ചുട്ടുപാടിച്ചതെല്ലാം,
വിട്ടുപോമതുയല്ലാ കിട്ടും പരിഹാസങ്ങൾ;
കേട്ടും കവികൾ ചിലർകേട്ടും പ്രയോഗിക്കു-
തട്ടംമേലേറുംനേരം തട്ടമവനുഭംഗം [പോൾ
ഇഷ്ടം ലഭിക്കയുമില്ലനിഷ്ടം ലഭിക്കുതാനും;
ഇത്ഥംവിചാരിക്കുമ്പോളിതൊഴിലെളുതല്ലാ
ചിത്തം ഗുരുക്കന്മാരിൽ നിത്യമുറപ്പിക്കുന്ന
സത്തുക്കൾക്കൊരുഭാഗ്യമെത്തുമെന്നതേ വേണ്ടൂ.

ഉലകുടെ പെരുമാൾ വാഴുംകാലം
പലകുടിയില്ല ധരിത്രിയിലെങ്ങും
വിലപിടിയാത്ത ജനങ്ങളുമില്ല
ചെലവിടുവാൻ മടിയൊരുവനുമില്ല;
തലമുടി ചൊടിയും വല്ലും മുറവും
മുലയും കണ്ടാലഴകില്ലാത്തൊരു
ചലമിഴിമാരിലൊരുത്തരുമില്ല,
മലയാളം പരദേശങ്ങളിലും
സ്ഥലമില്ലാത്ത ഗൃഹങ്ങളുമില്ല.
ജലമില്ലാത്ത കുളങ്ങളുമില്ല,
ഫലമില്ലാത്ത മരങ്ങളുമില്ല,
ഫലമില്ലാത്ത വിവാദവുമില്ല,
ഓത്തില്ലാത്ത മഹീസുരരില്ല,
കൃത്തില്ലാത്ത നടന്മാരില്ല;
പോത്തില്ലാത്ത കൃഷിക്കാരില്ല,
ചാത്തില്ലാത്ത ധനവ്യയമില്ല;
ഭള്ളുപറഞ്ഞു നടക്കുന്നവരും
കള്ളുകുടിച്ചു മുടിക്കുന്നവരും
പൊള്ളുപറഞ്ഞു ഫലിപ്പിപ്പവരും
ഉള്ളിലുയ മുഴുക്കുന്നവരും
കള്ളന്മാരും കശ്മലജാതികളും
ഉള്ളൊരു ദിക്കുകളും കാണ്മാനില്ല
എള്ളും നെല്ലും പൊന്നും പണവും
എങ്ങുമൊരേടത്തില്ലാതില്ല
ഉത്തമഗുണനാമുലകുടെ പെരുമാൾ
ഇത്തരമവനിസുഖത്തെവരുത്തി
പത്തനസീമനി പരമാനന്ദം
സ്വസ്ഥതയോടെ വസിക്കുംകാലം;
ശാസ്ത്രിബ്രാഹ്മണനൊരുവൻ വന്നഥ
ശാസ്ത്രമൊരല്പം വായിച്ചുൻപൊട്ട
ധാത്രീശ്വരനെബ്ബോധിപ്പിച്ചതു-
മാത്രം ഞാനിഹ കഥനംചെയ്യാം.

Digitized By Kerala Sahitya Akademi

ശ്രീമധുസൂദന ഭക്തശിരോമണി
സോമകുലാംബുധി പൂർണ്ണശശാങ്കൻ
ഭൂമിപുരന്ദരനായ യുധിഷ്ഠിര
ഭൂമിപനടവിയിലാദരവോടേ
ഭീമാദികളാമവരജരോട്ടം
ഭാമിനിയാകിയ ദ്രൗപദിയോട്ടം
മാമുനിമാരുടെ വേഷം പൂണ്ടഥ
യാമിനിതന്നിലുറക്കമിളച്ചു
"രാമഹരേ! വരദേ"തി മുദാ തിരു
നാമജപങ്ങളും മുടങ്ങിടാതെ
ആമയഹരതുചി തീർത്ഥജലങ്ങളി-
ലാമഗ്നമാരായിനടന്നു.
കൈതവരഹിതന്മാരവർ സുഖമൊട്ടു
ദ്വൈതവനത്തിലിരിക്കുംകാലം
കൈതവമിയലും കുതുകുല കുമതികളം
ചെയ്താരു കള്ളച്ചൂതുനിമിത്തം
ജാതമതാകിന വൈരമൊഴിപ്പാ-
നേതൊരുമാർഗ്ഗം സമുചിതമെന്നായ്
ചേതസി കിമപി വിചാരിക്കുമ്പോൾ
പ്രീതനതാകിന വേദവ്യാസൻ
പരിചൊടു വന്നുപദേശംചെയ്തു;
പരമേശ്വരനൊടു പാശുപതാസ്ത്രം
വിശ്വാസത്തൊടു വാങ്ങിക്കൊണ്ടഥ
ശത്രുജയത്തിനു വരവുംവാങ്ങി
സത്വരമങ്ങു വരേണം വിജയൻ
വിരവൊടു പോകെന്നാശ്രമംചെയ്തീടിന
പരവചനത്തെക്കേട്ടഥ വിജയൻ
ഗുരുവന്ദനവും ചെയ്തു കരത്തിൽ
ശരവും വില്ലുമെടുത്തു തിരിച്ചു
ഗിരിശൻ ഭഗവാൻ വാണരുളുന്നൊരു
ഗിരിയുടെ മുകളിൽ ചെന്നുകരേറി
സുരവരതടിനീസലിലേമുഴുകി
തരസാ നിന്നു തപസ്സുതുടങ്ങി.
പഞ്ചായുധരിപു തന്നുടെ നാമം
പഞ്ചാക്ഷരമതു പാനംചെയ്തു
പഞ്ചാഗ്നികളുടെ നടുവിലനാരത-
മഞ്ചാതേകണ്ടവിടെവസിച്ചു,
പഞ്ചാനനസമധീരനതാകിന

പാഞ്ചാലീപതി പാണ്ഡുതനൂജൻ
പഞ്ചേന്ദ്രിയവുമടക്കി മനസ്സിൽ
സഞ്ചാരത്തിനു വഴികളം മുടക്കീ
പ്രപഞ്ചലഭാവവുമഖിലമകന്ന കു-
രാഞ്ചലയുഗ ളം മുകുളിതമാക്കി
കിഞ്ചിദപി സംശയമിടകൂടാതെ
ചെഞ്ചിലുറച്ചു ശിവോഹമതെന്നു
സഞ്ചിതഭാവവിശേഷമതാനവു-
മഞ്ചിതമാകിന ശിവനുടെ രൂപം
നാഞ്ചും മൂന്നും മൂർത്തികളുള്ളൊരു
സഞ്ചിതഗുണനാമഖിലേശ്വരനുടെ
ചെഞ്ചിടമുടിയും, നിടിലത്തടവും,
സഞ്ചിത പാവക നേത്രപ്പടയും
പഞ്ചലഫണമണികണ്ഡയുഗവും
പൂഞ്ചിരിതഞ്ചിന തിരുമുഖവടിവും
ഗരളസ്ഫുരിതമഹാഗളതലവും
പരിലസിതം ഫണി തിരുമാറിടവും
പരശുമൃഗാഭയവരദകടന്തുടി
ശരശൂലാഞ്ചിത കരനാളികയും
കരിചർമ്മാവൃത വികടകടീതട
പരിലസിതോരഗമണിഭൂഷകളെയും
പരിമൃദുതുടകളുമടിമലരിണയും
പരിചൊടു ചേതസി ചേർത്തു കിരീടി
പരമാനന്ദസമുദ്രേ മുഴുകി-
പ്പരമേശ്വരനഹമെന്നുറപ്പി-
ച്ചുതരക്ഷേത്രിമുഴുത്തുമുനീശ്വര
ചരിതത്തക്കാളൊന്നു കവിഞ്ഞു;
ഫലമൂലാദികളം ഭക്ഷണമില്ലാ
ജലപാനത്തിനുമഗ്രഹമില്ലാ
നിലമതിലൊരു കാലുന്നിക്കൊണ്ടൊരു
നിലയും വിശ്വയുമെത്തുസുഘോരം!
വലരിപുസൂതനുടെ ജടയുടെ നടുവിൽ
പലപല പക്ഷികളം കൂടുകളംകെട്ടി
കലപുലിപന്നികളെന്നിവ വന്നു
പലരും ചെന്നു വണങ്ങീടുന്നു
ചുറവംവള്ളികളം വന്നുടനിടയിൽ
ചുറവുന്നതുമവനറിയുന്നില്ല,
ചുറവുചുഴന്നു കിളന്നതിനകമേ
ചുറവുന്നതുമവനറിയുന്നില്ല

Digitized By Kerala Sahitya Akademi

ചുറവും പാമ്പുകളും വന്നുനിറഞ്ഞു,
മൂറാം ജിഷ്ണു മറഞ്ഞു ചമഞ്ഞു.

മട്ടുമാറി.

ചന്ദ്രക്കലാധരന്റെ സാന്ദ്രമാംസേവ ചെയ്വാൻ
ചന്ദ്രപ്രതിമൻവീരൻസാന്ദ്രപ്രസാദത്തോടെ
അന്നുള്ള ചങ്ങലകളഞ്ചും വെവ്വേറെയാക്കി
ആറിൽ കടന്നുപിന്നെ ഏഴുള്ള മാറ്റുത്തുടെ
എട്ടുള്ള പെട്ടകങ്ങളെട്ടും ഭാനുവച്ചു
ഒമ്പതാംവാതലപ്പോൾ ബന്ധനം ചെയ്തുധീരൻ
പത്തുള്ള ദിക്കിൽക്രൂടേ പേത്തും സഞ്ചാരംചെയ്തു
ആയിരമിതളുള്ള താമരയിതൾ പല
ഭംഗം പറന്ന പല ഭംഗികയായുള്ളൊരു
പിംഗ യിടതന്നിൽപിന്നെ സുഷുമ്നതന്നിൽ
ഒക്കെക്കടന്നുപിന്നെ ദുർഘടനദികളും
ജിഹ്വാഗ്രഖണ്ഡത്തിന്റെ ആഗ്രേ കടന്നുവീരൻ
സൂര്യന്റെ ദിക്കിൽചെന്ന സൂര്യപ്രതിമൻധീരൻ
പഞ്ചാരപായസങ്ങൾ ക്രൂടിക്കലന്നിട്ടുള്ള-
തഞ്ചാതെ സേവചെയ്തു പായസപ്രിയസഖി.

മട്ടുമാറി.

ആര്യ ഭയങ്കരമായ തപസ്സിനു
പാത്രമതാകിയ പാർത്ഥൻ തന്നുടെ
വാർത്തകൾ കേട്ടു വാസവനുള്ളിൽ
ചീതിത്താരു ഭീതി മുഴുത്തുതുടങ്ങി;
പാർത്ഥിവവരനിവനെന്നുടെ രാജ്യം
പാർത്തിരിയാതെകരസ്ഥമതാക്കും
പാർത്തലമൊക്കെയടക്കിസുയോധന-
നാർത്താവിനിയതുവരുവോനാല്ല,
സാക്ഷാൽനാരായണനാം മനുജനു
ദുഷ്ടവെന്നുടെമകനു തുടങ്ങി
കഷ്ടമിതെന്നു വന്ന തപസ്സു തുടങ്ങി
ദുഷ്ടനിനീക്കാമെന്നുമുറച്ചു,
തൻകഴൽ വന്നു വണങ്ങുന്നാവരുടെ
സങ്കടമൊക്കെയൊഴിക്കണമെന്നു
ശങ്കരനോന്നു കടാക്ഷിക്കുമ്പോൾ
കിങ്കരരായ് വരുമിങ്ങനമെല്ലാം,
നിഷ്ഠുരരാജൻ നിയുദ്ധനിമേൽ
അഷ്ടനനിഹനാൻ വാളുകൊടുത്തു
ആച്ചനടങ്ങിയിരിക്കേവേണ്ട
വെച്ചാലും വാളെന്നു ഗിരീശൻ
കല്പിച്ചെങ്കിലെറാനെന്നല്ലാ-
തിപ്പരിഷയ്ക്കാന്നരിയാടാമോ?
ഇത്തെഴിലൊക്കെവരുത്തും നമ്മുടെ
പൂർണ്ണൻ ഫല്ഗുനനെന്നുസമർത്ഥൻ,
ധനമെന്നുള്ളതുമോഹിക്കുമ്പോൾ
വിനയമൊരുത്തനുമില്ലിഹന്യനം;
തനയൻ ജനകനെവഞ്ചനചെയ്യും
ജനകൻ തനയനെ വധവും ക്രൂടും
അനുജൻ ജ്യേഷ്ഠനെ വെട്ടിക്കൊല്ലും
മനുജന്മാരുടെ മാർഗ്ഗമിതെല്ലാം;
കനകംമൂലം കാമിനിമൂലം
കലഹം പലവിധമുലകിൽ സുലഭം;
ഉഗ്രപ്രതാപകിനദ്ധരാഷ്ട്രാത്മജ-
നഗ്രജനാകിനധർമ്മാത്മജനുടെ
നിഗ്രഹമല്ലാതുള്ളൊരു തൊഴിലുക-
ളൊക്കെയെടുത്തു തടുത്തു വലച്ചും
പലരും കാൺകെ ദ്രൗപദിതന്നുടെ
തലമുടി പിടിപ്പെട്ടടിയും ക്രൂടി
ത്തടിതിപ്പൊടിച്ചും പുടവയഴിച്ചും
പൊടിയിലിഴച്ചും പൂജ കഴിച്ചും
ദുശ്ശാസനനെന്നവനെപ്പോലെ
ങ്കുലനായിട്ടൊരുവനുമില്ലാ:
മയ്യാദയ്ക്കു നടക്കണമെന്നു
ദുര്യോധനനൊരുഭാവവുമില്ലാ;
ജ്യേഷ്ഠനിരിക്കെക്കുരുവംശത്തിൽ
ജ്യേഷ്ഠൻ ഞാനെന്നവനുടെ ഭാവം
ജ്യേഷ്ഠനെ നാട്ടിൽ കണ്ടെന്നാകിൽ
ചേട്ടകളം തല്ലിപ്പല്ലുപൊഴിക്കും;
നാടും നഗരവുമൊക്കെവെടിഞ്ഞിഹ
കാടും വാണു വസിച്ചു യുധിഷ്ഠിരൻ
അവനുടെ തമ്പി ധനഞ്ജയനിപ്പോൾ
ശവനെസ്സേവതുടങ്ങി പതുക്കേ;
ഭുവനം മൂന്നു മടക്കിവസിപ്പാ-
നവനുടെഗ്രാഹമതുസാധിക്കും
ശിവനും പിന്നെ സേവിപ്പോരെ
ശിരസികരേറാനൊരു മടിയില്ലാ;
കുടിലതയുള്ളൊരു ചന്ദ്രക്കലയും
മുടിയിലെടുത്തു നടക്കുന്നില്ലേ?

Digitized By Kerala Sahitya Akademi

ഭവനദ്രോഹം ചെയ്വാനായി
ശിവനെച്ചെന്ന ഭജിക്ക നിമിത്തം
ഭവനം മൂന്ന ലഭിച്ച പുരന്മാർ
ഭുവനം മൂന്നും സുമതാക്കി;
നമ്മുടെ മകനെന്നാകിലുമിങ്ങിനെ
നിർമ്മര്യാദം ഭാവിച്ചാലതു
സമ്മതമല്ലനമുക്കൊരുനാളും
തൻമതഭംഗം ചെയ്തേ പോകൂ;
തള്ളെയ്കിട്ടൊരു തല്ലവരുമ്പോൾ
പിള്ളയെടുത്തു തടുക്കേയുള്ളൂ;
തന്നേക്കാൾ പ്രിയമുള്ള ജനത്തിനു
തന്നുടലിനു പിറന്നതു പോരും;
വല്ലാമക്കളിലില്ലാമക്കളി-
തെല്ലാവക്കും സമ്മതമല്ലോ
എന്നു മനസ്സിലുറച്ചുടനേ സുര
സുന്ദരിമാരെവിളിച്ചു വരുത്തി;
"സുരകുലതരുണമനോഹരയാകിയ
സുരുചിരതരുണിതിലോത്തമയെങ്ങു?
ഉർവ്വശിയെങ്ങു? മേനകയെങ്ങു?
സർവ്വഗുണാംബുധിരംഭയുമെങ്ങു?
സർവ്വരുമിങ്ങു വരട്ടേ നിങ്ങടെ
സാഭാസ്യാദിഗുണങ്ങടെ ഭംഗികളും
പാരാതൊരു ദിശി കാട്ടണമെങ്കിൽ
സംഗതി വരുമൊരു പുരുഷനുടെ വ്രത-
ഭംഗം ചെയ്വാനൊരു വഴിയുണ്ടാം
നമ്മുടെ മകനാമല്ലനനിപ്പോൾ
മന്മഥഹരനെസ്സേവ തുടങ്ങി;
നമ്മുടെ രാജ്യമടക്കി വസിപ്പാ-
നെന്മകനുള്ളിലൊരാശ തുടങ്ങി;
ഭക്തപ്രിയനാംഭഗവാനും പുന-
രൊത്ത വരങ്ങളും കൊടുക്കും നിയതം;
സത്വരമവനുടെ ചിത്തമിളക്കാ-
നിത്തിരിപണിയെന്നാകിലുമുടനെ
ചെന്നതു സാധിച്ചില്ലെന്നാൽ പുന-
രെന്നുടെ പൌരുഷമെങ്ങേ നശിക്കും.

മട്ടുമാറി.

"ഉല്ലാസത്തോടേനിങ്ങളെല്ലാമവിടെച്ചെന്നു
വില്ലാളിവീരനോടു സല്ലാപംപേശിക്കൊണ്ടു
മല്ലീവിശിഖനുടെ വില്ലിനെതിരായുള്ള
ചില്ലീവിലാസം കൊണ്ടുതല്ലിവശം കെടുപ്പിൻ
കല്ലോലംപോലെയുള്ള നല്ലൊരു കൺമുനകളു
മെല്ലെന്നവൻെറ നേരെ ചെല്ലുന്നനേരമുള്ളിൽ
തെല്ലും വികാരമുണ്ടായില്ലെന്നു വരുത്തില്ലാ
മുല്ലമൊട്ടിൻെറഭംഗി വെല്ലുംനിങ്ങടെനല്ല
പല്ലും ചൊടിയുംമിഴിത്തെല്ലും കാണുന്നനേരം
കല്ലുംമയങ്ങിപ്പോമെന്നല്ലോ ജഗൽ പ്രസിദ്ധം;
കില്ലനുക്കു ചെറുതും ഇല്ലിതു നിങ്ങളുടെ
ചെല്ലുന്നതാമസമതല്ലാതെ മറെറാന്നില്ലാ
നല്ലാർമണികളും നിങ്ങളല്ലാതിനൊരുത്തരു-
മില്ലാ നമുക്കെന്നുള്ളതെല്ലാരും ബോധിക്കേണം
വല്ലാതെ ശങ്കിച്ചുങ്ങുനില്ലാതെ ചെന്നടുത്തു
നല്ലകടാക്ഷംകൊണ്ടുകൊല്ലാക്കൊലചെയ്തു
[ണം;
നല്ലപാട്ടുകളും കുത്തുമെല്ലാംപ്രയോഗിക്കുമ്പോൾ
നല്ലരസികൻ പാർത്ഥൻ മെല്ലവേ കൺമിഴിച്ചു
കല്യാണിമാരെക്കണ്ടാലില്ലാതെയാകുംധൈര്യം
ചൊല്ലുമന്നേരം കായ്തമെല്ലാംനമുക്കുവന്നു."
ഏവമരുൾ ചെയ്തോരു ദേവാധിരാജനുടെ
ഭാവമറിഞ്ഞുടനേ ദേവസ്ത്രീകളും പറഞ്ഞു
"നിന്തിരുവടിയുടെ ചിന്തിതം സാധിപ്പിപ്പാൻ
ഇന്തിഗാമിനിമാക്കളെത്ര സന്ദേഹം നിൻെറ
അന്തികേ സർവകായ്തംസാധിച്ചു പോരുംഞങ്ങളും
ചെന്തീയിൽചെന്നു ചാടിനിന്തീടാൻകല്പിച്ചെ
ങ്കാന്തരംഗത്തിലേതും ഭാന്തരമില്ലതിനു [നാൽ
കുന്തീസുതൻെറ ചിത്തഭ്രാന്തി വരുത്താനൊരു
പന്തികളും നിരൂപിച്ചാൽ സാധിക്കുന്നതുമല്ല;
എന്നുവരുകിലുമതിനു മടിക്കുടാതെ
ചെന്നു സാധിച്ചുപോരാമെന്നു ധരിച്ചീടേണം
കിന്നരന്മാരും കൂടെപിന്നാലെ പോന്നീടേണം
പിന്നെ ഗന്ധർവന്മാരും മുന്നിൽനടന്നീടേണം.
എന്നാലടിയങ്ങൾക്കു നന്നായ് വരുവാൻവരം
തന്നാലും! തമ്പുരാനേ വന്നാലുമെന്നു ചൊല്ലി
ഒന്നിച്ചു നാരീവൃന്ദം വന്ദിച്ചു വഴിപോലെ
നന്ദിച്ചു പുറപ്പെട്ടു മന്ദിച്ചിടാതെ തന്നെ.

മട്ടുമാറി.

സുരതരുണികളങ്ങു നടന്നു,
സുരഗിരികടകങ്ങളും കടന്നു,

Digitized By Kerala Sahitya Akademi

പരിമുടുവചനങ്ങളം തുടന്നു,
പരിചൊടുമനമൊന്നു വിടന്നു,
വരവാണിജനങ്ങടെ തലമുടി
പട്ടതരമഴികയും മലർ പൊഴികയും
മണമമ്പൊട്ട വിലസുകയും,
ഹരിസുതനുടെ മുന്നിലടുത്തു,
കരതലമതിൽ വീണയെടുത്തു,
സരസിജശരനൊന്നു കയത്തു,
പരിചൊട്ട മലരമ്പു തൊടുത്തു,
വിധമൊന്നു പകന്നു വിളങ്ങിനകാലം
പുലി കരടികളും കൂനരികളും
മറിമാനുകളം പന്നികളും
മദമിളകി നടന്നു തുടങ്ങി,
മലയുടെ തടമൊന്നു നടുങ്ങി
മലയരും പുനരൊക്കെ നടുങ്ങി,
പലവഴികളുമൊക്കെ മുടങ്ങി,
സുരസുന്ദരിമാരഥ മലഹരി ബലഹരി
പാടുകയും ചിലരാടുകയും
ഒളിമുഖവീണകളോതുകയും,
ഒളിമിഴിയുടെ ഭംഗി വരുത്തി,
തെളിവൊടു ചിലർ ചൂതു നിരത്തി,
കളിപൂതുമതുടങ്ങിയൊരുത്തി,
കളമൊഴികളെ മുന്നിലിരുത്തി,
കനിവൊടു തുടന്നിതു പടുതര-
മൊരുവകതാളവും, ചിലമേളവും,
ചിലകൊട്ടകളം പാട്ടുകളും,
ഒരുകാമിനി വെറിലതെരുത്തു,
ഒരു സുന്ദരി പുഷ്പമരുത്തു,
ഒരുവൾക്കഥ പാതികൊടുത്തു,
ഒരുവൾക്കതുകണ്ടു വെരുത്തു,
ഒരുവൾക്കഥമുഞ്ഞികരുത്തു;
പലഭാവവുമിങ്ങിനെ കാട്ടുന്നു
കനിയുന്നു കാടും പടലും,
സുരതരുണികളൊന്നു തളർന്നു,
നരവീരനെ മാടി വിളിച്ചും
സരസംപുനരൊന്നു കളിച്ചും,
വിരവോടൊരു ദിക്കിലൊളിച്ചും
ചിലരൻപൊടുനെറി ചുളിച്ചും

കലഹിച്ചു പറഞ്ഞിതു കൊട്ടിന്നു-
പാട്ടിന്നും കുഴലൂത്തിന്നും
ഒട്ടും വിജയാ! നിനക്കുരസമില്ലേ?
അതിമോഹനമെന്നുടെയാനം
അതിമോഹനമെന്നുടെ ഗാനം
ചിതമില്ലിതു നിന്നുടെ ഗാനം
അതിലൊക്കെനിനക്കഭിമാനം
ഇതിനെന്തൊരു സംഗതി കണ്ടാലും കളിയല്ലേ
തണ്ടാർമിഴിമാരശേഷമിഹവന്നു;
തവകണ്ണുകളാശു തുറക്കു!
നവലീലമനസ്സിലുറയ്ക്കൂ!
ശിവസേവയിലാശുകുറയ്ക്കൂ!
അവമാനമിതൊക്കെ നിനയ്ക്കൂ!
നരവീര! ധനഞ്ജയ! വന്നാലും വിരവോടെ
വാമാക്ഷിമാരെ വിരഞ്ഞങ്ങു വിഹരിക്കാം;
വല്ലഭ! നാരിമാരെക്കണ്ടാൽ
നല്ലവാക്കു പറഞ്ഞീടേണം
മുല്ലസായകതുല്യനാകിയ
നല്ലസുന്ദരനല്ലയോ നീ
കുന്തീനന്ദനനായ ഭവാൻ
എന്തിനിങ്ങനെ ദുഃഖിക്കുന്നു?
പന്തണിക്കുളർകൊങ്കമാരുടെ
ചന്തമൻ പൊടുകണ്ടാലും നീ
കണ്ണുകളായിരമുള്ളവനും
കണ്ണനും പ്രിയനായ ഭവാൻ
കണ്ണടച്ചതു വിണ്ണിലുള്ളൊരു
പെണ്ണുങ്ങൾക്കതിദണ്ഡമയ്യോ!
ഖാണ്ഡവത്തെക്കരിച്ചവനേ!
ഗാണ്ഡിവത്തെ ധരിച്ചവനേ!
പാണ്ഡവ! കളവാണിമാരുടെ
താണ്ഡവങ്ങളെക്കണ്ടുകൊൾകെ!
വാശിയൊന്നും തുടങ്ങിടാതെ
വേശ്യമാരെ പരിഗ്രഹിക്ക
ഈശസേവയിലാശവേണ്ടാ സു-
രേശനന്ദന! ക്ലേശമയ്യോ.

മട്ടുമാറി.

ഇങ്ങനെ പലവിധമുരചെയ്തും പുന-
രംഗജശരതതിയേറുവലഞ്ഞും

Digitized By Kerala Sahitya Akademi

അംഗനമാരവ്ർചെയ്കൊരു യത്നം
ഭംഗമതായി മനസ്സുംമുട്ടി.
അത്രയ്ക്കനഭോവസ്മാധിയുറപ്പി-
ച്ചവിടെ സ്ഥിതനാമജ്ജുനവീരൻ
ഇക്കഥയൊന്നുമറിഞ്ഞതുമില്ലവ-
നൽക്കടധൈര്യപയോധിഗഭീരൻ
അജ്ജുനമാനസബന്ധമഴിപ്പാ-
നിജ്ജനമോത്താലെളുതല്ലെന്നിഹ
നിശ്ശ്വരനാരികളെല്ലാം തരസാ
ലജ്ജിതമാരായജ്ജുനടനാ.
അസ്സിനപുരമതിലുടകാലം പല-
രൊത്തുവിചാരപുമൊന്നുതുടങ്ങി;
കാട്ടിലിരിക്കും ധർമ്മാത്മജനെ
പാട്ടിലിരിക്കും ബ്രാഹ്മണർ ചൊല്ലി
കേട്ടവിശേഷം ദുർയ്യോധനനും
കൂട്ടുകാരും കുരുസദനത്തിൽ
മന്ത്രികളും യജമാനന്മാരും
യന്ത്രികളാകിന കണ്ണൻ ശകുനി
"അന്തണവരരേ! കാട്ടിലിരിക്കും
കുന്തീസുതരുടെ വാർത്തകളും പറവിൻ,
നാട്ടിലവർക്കു പുരസ്ഥിതിയെക്കാൾ
കാട്ടിൽപെരുകിന പരമാനന്ദം;
കാറിൻമകനുടെ കായമതിപ്പോൾ
കാറുംമഴകളുമോരുവലഞ്ഞു
കൊറിന്ന വകയില്ലാഞ്ഞിട്ടങ്ങൊരു
കൊറിപ്പക്ഷികണക്കെ മെലിഞ്ഞു
"കൊറിന്ന വകയില്ലെന്നോ? ശിവശിവ!
മാറികളും നിങ്ങൾക്കെന്തറിയാവു
ഊറക്കാക്കൊരിടത്തും ചെന്നാൽ
ഊനം വരുമാറില്ലെന്നറിവിൻ
ഫലമൂലാദികളും വളരെത്തിന്നാം
മലയിലതല്ലാതെന്തോന്നുള്ള?
ഫലമില്ലാത്ത വിവാദംകൊണ്ടിഹ
കലഹിക്കുന്നതുമെന്തിനുവെറുതേ?
കറിനാലും ക്രൂരാതൊരു ഭക്ഷണ-
മറിയുന്നില്ല വനങ്ങളിലെങ്ങും"
"കറിവെപ്പാനെന്തുള്ളതു കാട്ടിൽ!
വിറകിന മാത്രം മുട്ടില്ലവിടെ
അരിയും മോരും പാത്രവുമീവക-
യൊരു വസ്തുക്കളുമവിടെക്കിട്ടാ;
ക്രൂരപറഞ്ഞാൽ ബോധംവരുമോ
ചോറുണ്ണുന്നവരുണ്ടോ കാട്ടിൽ?
ചോറുതരും യജമാനന്മാരിൽ
ക്രൂരുണ്ടായതു കുറമതല്ലേ?"
"കായ്യം പറയാമറിയണമെങ്കിൽ
സുയ്യനവക്കൊരു പാത്രം നൽകി:
എന്തൊരു വസ്തു നിരൂപിച്ചെന്നാൽ
അന്തരമില്ലതിലുടനപ്പോൾ
അരിയുംവേണ്ടാ വിറകുംവേണ്ടാ
കറിവെപ്പാനായൊന്നുംവേണ്ടാ
ഉപ്പുംവേണ്ടാ മുളകുംവേണ്ടാ
വെപ്പാനുള്ളവരാരുംവേണ്ടാ
നിരൂപിക്കുമ്പോൾ ചോറുംകറിയും
പരിചൊടു പാത്രംതന്നിൽക്കാണാം
എലയുംമോരുംപഴവുംതൈരും
ചെലവഴിയാതങ്ങവിടെക്കാണാം"

മട്ടുമാറി.

"തോരമ്പർപ്പുവാരും ചീരക്കറിയുനിഞ്ചി-
ത്തൈരും പച്ചടിയതിൽചേരും വേപ്പിലക്കട്ടി
നാരങ്ങാമാങ്ങാ ചിലനേരം ശാപ്പാടിങ്ങനെ
ഓരോ ദിവസമോരോ ഘോഷം വിശേഷിച്ചു-
ണ്ടാം
കണ്ണൻപഴവുംപൊന്നിൻകിണ്ണം നിറച്ചുപാലും
വെണ്ണയും നല്ലചോറുംഉണ്ണാതെപോകുന്നെന്തെ?
പൊണ്ണാ വന്നാലുമെന്നീവണ്ണം വിളിക്കുംട്ടീമൻ
തിണ്ണംവഴിമേൽ വന്ന കണ്ണിൽ കരോടാരെയെ-
ചക്കപ്രഥമനോട്ടു വക്കാണിക്കുന്നാവരെ [ല്ലാം
തക്കത്തിൽ വിളിച്ചില വെയ്ക്കുന്നുഭീമസേനൻ;
ഒക്കെപ്പുറവതിൻ വാക്കിന്നു ഭംഗിപോരാ
പാക്കിന്നും വെറുതിലയ്ക്കും തുക്കുപുകയിലയ്ക്കും
ആക്കും മുഷിച്ചിലില്ല പാക്കും പരിഷകൾക്കു
ഭോഷ്കല്ലവിടെയുള്ള സൌഖ്യത്തിനെതിരില്ല.

മട്ടുമാറി.

സമ്പത്തിങ്കലുമാപത്തിങ്കലു-
മെമ്പത്തെട്ടു സഹസ്രംബ്രാഹ്മണ-
രെപ്പൊഴുമവരൊടുകൂടി നടക്കുമ-
തില്ലുരമെന്തൊരു ഭാഗ്യം വേണ്ടു;

Digitized By Kerala Sahitya Akademi

ഇപ്പോഴങ്ങനെവിടത്തില്ലാ
അല്പം നീരസമതുകൊണ്ടുണ്ട്"
"എങ്ങുഗമിച്ചു ഫൽഗുനനിപ്പോൾ?"
"നിങ്ങളതാരും ബോധിച്ചിലേ"
പാരാശര്യൻ വന്നരുൾചെയ്തു
പാരാതേകണ്ടങ്ങനനിപ്പോൾ
മാരാന്തകന്റെ ചരണാംഭോരുഹ-
മാരാധിച്ചു തപംചെയ്യുടനേ
പശുപതിന്നൊട്ടു പാശുപതാസ്ത്രം
ശരവുംവാങ്ങി ശത്രുജയത്തിനു
വരവും വാങ്ങി വരേണം വിജയൻ
വില്ലാതേകണ്ടരികളെയെല്ലാം
കൊൽവാനെളുതല്ലെന്നരുൾചെയ്തു;
തെല്ലുംമടിക്കൂടാതേ പാർത്ഥൻ
വില്ലും ശരവുമെടുത്തുതിരിച്ചു
കൈലാസാചല മൂലേചെന്നഥ
കാലാന്തകനെസ്സേവതുടങ്ങി;
ശരവും വാങ്ങിക്കൊണ്ടു ധനഞ്ജയ-
നൊരുമാസത്തിനകത്തുവരുമ്പോൾ
കുരുവംശത്തെ മുടിപ്പാനുള്ളൊരു
പെരുവഴിയാമൊരു സംശയമില്ലാ."

ഇന്ദ്രനരുടെമൊഴികേട്ടു സുയോധന-
നന്തസ്സാപം വളരെമുഴുത്തു,
"കൌന്തേയന്റെ തപസ്സുമുടക്കാ-
നെന്തൊരുകൃസ്തി വിചാരിക്കേണ്ടു?
അമ്മാവന്റെ പ്രയത്നമിതെന്ന്യേ
നമ്മാലൊരുകഴിവില്ലെന്നറിവിൻ,
ധർമ്മാത്മജനും സഹജന്മാക്കും
ഉമ്മാനും വകയില്ലെന്നല്ലവർ
സമ്മാനങ്ങളുമങ്ങുതുടങ്ങി
സമ്മോദാൽമരുവുന്നിതുപോലും
നിർമ്മാനുഷവിപിനത്തിലിരുന്നവർ
ധർമ്മംചെയ്തു തുടർന്നുകൊള്ളാം;
അതിനെക്കാളൊരു ദുർഘടമിപ്പോൾ
അതിയായിട്ടു നമുക്കുലഭിക്കും;
ഹരനെച്ചെന്ന തപസ്സും ചെയ്തൊരു
ശരവുംവാങ്ങി വരുമ്പോൾ വിജയൻ
കുരുവംശത്തെമുടിപ്പാനുള്ളൊരു
പെരുവഴിയാമൊരു സംശയമില്ലം"

വിരുതൻ ശകുനി പറഞ്ഞാനപ്പോൾ
മരുമകനേ! നീ ഖേദിക്കേണ്ട
നമ്മുടെക്കുട്ടിൽ പ്രാണനിരിക്കെ
ധർമ്മജനിവിടെവരത്തില്ലുണ്ണീ!
മർമ്മംനോക്കിക്കൊണ്ടു ചതിപ്പാൻ
നമ്മെപ്പോലൊരു മാനുഷനില്ലാ;
മറുതലതലപൊക്കാതെയിരിപ്പാൻ
മരുമകനേ! ചില വിദ്യയെടുക്കാം;
ആവതികെടുപ്പാൻ കൂടീല്ലെങ്കിൽ
പൊവതികെടുപ്പാൻ ഞാൻമതിയാകും;
ഏതുംഭയമില്ലെന്നുടെകയ്യിൽ
ചൂതും പടവുമിരിക്കുന്നുണ്ടു"
വാതുപറഞ്ഞു പിടിച്ചുപറിപ്പാൻ
മാതുലനൊരുവിരുതുണ്ടവിശേഷാൽ"
കർണ്ണനുമതുകേട്ടാന്ന പറഞ്ഞു
"കർണ്ണസുഖം പറകില്ലനരേന്ദ്ര!
പൊണ്ണൻമാരുതി പോരിൽമടങ്ങും
അണ്ണൻ ധർമ്മജനങ്ങിനെതന്നെ
ഉണ്ണികൾ നകുലൻ സഹദേവനുമി-
പ്പെണ്ണിനുതുല്യമിതൊക്കെയുമക്കാം;
പാശുപതാസ്ത്രം വാങ്ങി ഫൽഗുന-
നാശുവരുമ്പോളിത്തിരിവിഷമം
ക്ലേശത്തിനു പുനരർജ്ജുനനോടൊരു
വീശത്തിനുഞാൻ കൂടുകയുമില്ലാ
ഈശപ്രീതി ലഭിച്ചുവരുമ്പോൾ
ആശുതടുപ്പാനാരുംപോരാ
കീശഖഡ്ഗനുടെ ചിത്തമിളക്കാൻ
കൌശലമെന്തതു ചിന്തിച്ചാലും
കിങ്കരരുടെയയച്ചുടനവനുടെ
ശങ്കരസേവമുടക്കാമെങ്കിൽ
സങ്കടമൊന്നു ലഭിക്കയുമില്ലിഹ
ശങ്കവെടിഞ്ഞു നിയോഗിച്ചാലും
ആയതുകേട്ടുപറഞ്ഞുസുയോധന-
"നായതിനൊന്നു പ്രയത്നംചെയ്യാൻ
നായന്മാരെക്കൊണ്ടൊരു ഫലമി-
ല്ലായുധമുള്ളവർതന്നെ ചുരുക്കം.
കുള്ളുകുടിപ്പാനല്ലാതൊന്നിനു
കൊള്ളരുതാത്തജളന്മാരേറും

Digitized By Kerala Sahitya Akademi

തടിയന്മാരിവർ വീട്ടിലശേഷം
മുടിയന്മാർ ചിലരൊടിയന്മാരും
കുടിയന്മാരിവരെന്തിനുകൊള്ളാം"
"കറുപ്പുതിന്നുന്നവൻ വരുമ്പോൾ
വെറുപ്പുപാരം നമുക്കുതോന്നും
കറുപ്പുതാനെങ്കിലും കണക്കേ
പുറത്തുനില്ലെന്നിറക്കിനിത്തും
മറുത്തുവന്നാലവന്റെ കണ്ണും
അറുത്തുകൊൽവാൻ മടിക്കയില്ല
ചെറുപ്പകാലത്തു ഞാൻ വരുത്തി
പൊറുപ്പതിന്നും കൊടുത്തുപെട്ടികം
തുറപ്പതിന്നും നമുക്കു വെറാരില
തെറുപ്പതിന്നും തെളിഞ്ഞുനില്ക്കും
ചെറുക്കനും കൾ കുടിച്ചുവന്നാൽ
കുറുക്കനെപ്പോലടിച്ചുടുരേ
പറക്കുമാറാകുംപ്രകാരം
മറക്കവോളം പുറത്തുനാട്ടിൽ
കറുത്തുകീറിപ്പറിച്ചുമുണ്ടും
തെറുത്തുകെട്ടിത്തരുകെടേണം;
തരത്തിലെന്റെ പുരത്തിലിപ്പോൾ
കരുത്തരായിട്ടൊരുത്തരില്ലാ
സമർത്ഥരെന്നു നടിച്ചുപാരം
തിമിർത്തുനില്ക്കും ജനങ്ങളെക്കൊ-
ണ്ടനർത്ഥമല്ലാതൊരിക്കലില്ല
പെരുത്തകായ്യം വരുത്തുവാനി-
ന്നൊരുത്തനേഞാനുരുത്തുവിട്ടാൽ
അരപ്പണംപോലിനിക്കുകിട്ടാ-
നിരപ്പിലെല്ലാം കരസ്ഥമാക്കും;
കടുത്തൊരിക്കൽപിടിച്ചുകെട്ടി
കടുത്തവെയിലിൽ കിടത്തുമപ്പോൾ
അടുത്തതമ്പിക്കടുത്തവൻവ-
ന്നടുത്തുടൻ വേർപെടുത്തുകൊള്ളും."
"കുറേമൊരേടത്തുണ്ടാകുമ്പോൾ
മറവരെസ്സേവിച്ചു പൊറുക്കാം;
ജ്യേഷ്ഠനു തിരുവുള്ളക്കേടെന്നതു
കേട്ടാലനുജൻ രണ്ടോ നാലോ
കാട്ടുനേരത്തായാളവനുടെ
പാട്ടിലതായ് വരുമെന്നതു മൂലം

കുട്ടത്തിൽ പലരുണ്ടാകുന്നതു
കൊട്ടം നമ്മുടെ കുട്ടക്കാഴ്ച.
നാട്ടിലിരിക്കും പ്രഭിഷ്കരുഷ്ണി
കുട്ടിത്തത്തിൽ കുലുറുക്കുമ്പോൾ
ചോരുന്നകൊട്ടക്കും യജമാനനെയൊരു
കുറില്ലാക്കും നമ്മുടെനാട്ടിൽ,
ഏറുകൊട്ടുപ്പാൻ തോന്നുമിനിക്കി-
പ്പോറുകിൽ കാട്ടം തൊഴിലുകിൽ കണ്ടാൽ
ഈറവരുൾപോളിനുതു ചെയ്യുരു-
തെന്നുന്മുക്കില്ലെന്നുടെ കണ്ണാ!
എന്തിനു പലരെശ്ശണ്ണയിടുന്നു?
കന്തിസുതനുണ്ടേ സേവമുടക്കാ-
നെന്തൊരുപായമിതെന്നില്ലാതൊരു
ചിന്തനമുക്കിഹ ചിതമല്ലിപ്പോൾ"
"മൂകാസുരനെച്ചൊല്ലിയയ്ച്ചാ-
ലാകാത്തൊരു വഴിയല്ലിഹജ്യേഷ്ഠാ!
ദുശ്ശാസനസാധിക്കുമവൻ" ഇതി
ദുശ്ശാസനനും വന്നരചെയ്തു;
"എങ്കിൽ ചെന്നു വിളിച്ചു വരുത്തിൻ"
മൂകൻ വന്നു വണങ്ങിച്ചൊന്നാൻ:—
"മൂകൻ ഞാനിഹ കല്പനകേട്ടാൽ
ആകെച്ചെന്നു ജയിച്ചു വരുന്നോൻ
നാകം മേദിനി പാതാളവുമിഹ
ലോകം മൂന്നിലുമുള്ള ജനത്തിനു
പാകം വരുവാനുള്ള വിധങ്ങളി-
തൊക്കെപ്പോലും ഗ്രഹിയാതില്ലാ"
"ശകുനി പറഞ്ഞതു കൊള്ളാമൂകാ!
ശകുനം കൊള്ളാമിന്നുനിനച്ചാൽ
പലരെക്കട്ടകവന്നാലുടനെ
തലപോമെന്നതു ബോധിച്ചാലും!
നിർജ്ജനമാകിനഹിമഗിരിവനമതി-
ലജ്ജനനുണ്ടുതപംചെയ്യുന്നു
അവനെച്ചെന്നു ജയിച്ചുവരാനുട-
നവകാശം വരുമെങ്കിലിദാനീ.
കെല്പൊട്ടുമടിതിഗ്മമിക്കഭാവാനിഹ
കല്പനഞാൻ പറയുന്നിതുമൂകാ!"
അതുകേട്ടവനും തൊഴുതറിയിച്ചു
അതു ഞാൻ സാധിച്ചുടനിങ്ങുവരുന്നേൻ



Digitized By Kerala Sahitya Akademi

മട്ടുമാറി.

ഇങ്ങനെയുള്ളൊരു ഗിരമാകർണ്യ
കുഞ്ജരാരിയുമരുളിച്ചെയ്തു.
"ആശ്രിതരാകിനതാപസവരരെ
ആത്മവരുത്തുകവിരവിനൊടേപോയ്
കിങ്കരവരമയ കേട്ടടനേ മുനി
സംഘങ്ങളെയും ചെന്നു വരുത്തി.

മട്ടുമാറി.

മുനിവരരുമയ പൊഴുതുമുഹരപിനമിച്ചുടൻ
മുശ്രോന്തുചൂഡനോടേവമോതീടിനാർ
പരമശിവ! പുരമഥന! വരദ! കരുണാനിധേ
പാവ്തീകാന്ത! നമസ്തേ നമോസ്തുതേ!
കനകനിറമുടയഫണിനികരമണികുണ്ഡല!
കാലാദിദേവ! നമസ്തേ നമോസ്തുതേ!
നിടിലതടനയനപുട! നിഹതകുസുമായുധ!
നിർമ്മലാകാര! നമസ്തേ നമോസ്തുതേ!
സകലസുരമുനിമനുജദനുജകുലവന്ദിത!
സർവ്വേശശംഭോ! നമസ്തേ നമോസ്തുതേ!"

മട്ടുമാറി.

"ദന്തിമഹാസുരനിധനം ചെയ്തൊരു
നിന്തിരുവടിവടിവോടറിയേണം
കന്തീസുതനുടെ നിയമമതാകിന
ചെന്തീക്കനലതിലയ്യോ! ശിവ ശിവ!
വെന്തിടുന്ന ജഗത്ത്രയമെല്ലാം
നിന്തിരുവടിയറിയാത്തതുമല്ലാ;
ചിന്തിതമാകിയ വരദാനത്തിനു
മെന്തിഹ താമസമഖിലാധീശാ!
ഭവനായടവാൻ ത്രിപുരന്മാരുടെ
ഭവനം മൂന്നേ ചുട്ടതുമുള്ളൂ;
തവപദസേവകനാകിയ പാർത്ഥൻ
ഭുവനം മൂന്നും ചുട്ടുമതാക്കും;
അവനും പാരം മേനിമെലിഞ്ഞു
ശിവനേയൊരുപിടിയെല്ലെയുള്ളൂ
ദിവസംതോറും ക്ലേശനായാൽ പുന-
രവസാനം വരുവാനുമടുത്ത
വരമവനേകീലെന്നാല്ലാവനുടെ
മരണവുമാത്രവരുത്തി മഹേശൻ;
തരമല്ലാത്തവയെസ്സേവിക്കരു-
തെന്നൊരു ദൂഷണമങ്ങുവേകും

ചതിക്കുട്ടിടാൻ നമ്മെക്കാട്ടിൽ
ക്ഷിതിയിലൊരുത്തരുമില്ലനമേന്യാ!
തടിയൻ കിടിയുടെ വടിവുധരിച്ചു-
നടിയൻ ചെന്നിഹ്രടിക്കാടതിൽ
കണ്ണുമടച്ചു തപം ചെയ്യുന്നൊരു
പാണ്ഡുകുമാരൻ തൻശരീരം
വിരവൊട്ടു ചെന്നു പിളർന്നുവരുന്നു-
ണ്ടരനിമിഷംകൊണ്ടസുരവരൻ ഞാൻ!"
ഇത്തരമവ്വണ്ണൊട്ടു സമയം ചെയ്തു.
മത്തനതാകിയ മൂകൻ വലിയൊരു
പന്നിത്തടിയനതായിച്ചെന്നൊരു
കുന്നിൻ മുകളിലൊളിച്ചു വസിച്ചു.

മട്ടുമാറി.

അമരവരതനയനുടെയുരുതര തപോബലാൽ
ആകേ ദഹിച്ചു തുടങ്ങീ മഹീതലം
കരടികരിവരിഹരിണ ശരഭമഹിഷങ്ങളും
കാട്ടുതീതട്ടിദ്രഹിക്കും കണക്കിനെ;
മനുജനുടെ പരവശതവിരവിനൊടു കണ്ടുടൻ
മാമുനീന്ദ്രന്മാർ പുറപ്പെട്ടു മെല്ലവേ
തരുണിമുനി, വരിണമുനി, കുശികമുനി, യെന്നി
വാമദേവൻ, ദണ്ഡി, നാരദൻ, വ്യാസനും, (വർ
കലശഭവമുനിതിലക, നധികനിശിതൻ ത്വഷ്ടാ
കണ്വൻ, പുലസ്ത്യനും, പിന്നെ വാല്മീകിയും
പല മുനികളുമധികമതിരയമിയന്നുടൻ
പാവ്തീകാന്തനെക്കാൺമാൻ പുറപ്പെട്ടു;
വിരവിനൊടു രജതഗിരിയുടെ മുകളേറിടിനാർ
വിശ്വൈകനാഥനെ വാഴ്ത്തിനിന്നാടിനാർ,
ഭൂതപതിഭവനമതിലിയലുമതിവീരരാം
ഭൃതങ്ങളും ചെന്നുണർത്തിച്ചു മെല്ലവേ
"നരവകുലമതികല്യമണിയുമവിടേശ്വരാ!
ആവലാധിക്കാർ വരുന്നുണ്ടൊരു വിധം
രുധിരതരുജടമുടിയുമധികമിഹതാടിയും
പാരുരുദ്രാക്ഷവും യോഗപട്ടങ്ങളും
സുരമുനികൾ വലതുമുടനുപിടിപുജലപാത്രവും
മാമുനിമാരുടെ വേഷം മനോഹരം.
വിരവിനൊടു മുനികൾതവകഴലിണവണങ്ങുവാ
കാലവും പാർത്തുവാഴുന്നു ബാഹ്യാകുണേ!"

Digitized By Kerala Sahitya Akademi

എന്തിനു ശിവനെപ്പൂവിക്കുന്നു?
ചിന്തിതമൊന്നു ലഭിക്കയുമില്ല
ആന്തംവരുവാനെളുതാം നമ്മുടെ
കുന്തീസുതനു പിണഞ്ഞതുപോലെ
ശത്രുജയത്തിനു ശിവനെക്കണ്ടാൽ-
ലെത്രയുമെളുതെന്നൊരുമുനിചൊല്ലി
ആയതുനേരെന്നാത്തോരു ദോഷൻ
രാവും പകലും മടിക്കൂടാതെ
കായക്ലേശം ചെയ്തു തുടങ്ങി
കായും കനിയും ക്രൂടെ വെടിഞ്ഞു
ഊണുമുറക്കവുമൊക്കെവെടിഞ്ഞൊരു
തൂണുകണക്കേ നിന്നുടജിച്ചു
എങ്ങും ശിവനെക്കണ്ടതുമില്ലവ-
നിങ്ങനെനിന്നുമരിക്കയുള്ളു;
സേവിച്ചുവരെക്കുറില്ലാത്തൊരു
ദേവന്മാരെച്ചെന്നു ഭജിച്ചാൽ
ഏവം ഫലമെന്നുള്ളപവാദം
കേവലമിന്നുഭവോന്നുഭവിക്കും;
നിങ്കലപശ്രുതികേൾക്കും പൊഴുതിൽ
സങ്കടമടിയങ്ങർപ്പിക്ക മഹേശ!
ശങ്കരശംഭോ!ശതമഖതന്യന്ന
ശങ്കരനായിവരേണം ഭഗവാൻ."

മട്ടുമാറി. (ലക്ഷ്മീതാളം)

ഹരഹരപുരഹരപരമശിവ!
"ശ്രീകണ്ഠ! ശിതികണ്ഠ! ശംഭോശരണം
ഫണീന്ദ്രമണികണ്ഠ! ജയജയ!
വിശേശ! വിജിതാശ! വിത്തേശസഖ!
പ്രസീദപരമേശ! ജയജയ!"

മട്ടുമാറി. (കുംഭതാളം)

"പരിഹതസുരരിപുമണ്ഡല!ഫണികുണ്ഡല!
പരിപാലയ! പാണ്ഡു സുതം;
ജയജയ!മനസിജമദ്ഭരഖണ്ഡന!
ശശിമണ്ഡന!മദവാരണദണ്ഡധര!"

മട്ടുമാറി. (മമ്മതാളം)

"ടങ്കവും ഭഗവും പരശ്വവും
തിങ്കളും തിരുനീർഫണികളും
ഗംഗയും ജടയും പലവിധം
മംഗലാഭരണം തവവിഭോ!
ജയജയ! ഹര ഹര!
പുരഹരപരമശിവ!
ജയജയ! ഹരഹര!"

മട്ടുമാറി. (കുണ്ഡലിതാളം)

"മനക്കാമ്പിലുറയ്ക്കുന്നവക്കെല്ലാം കൊടുക്കും
മടിക്കാതെ വരം നീ മഹാദേവ!
പടയ്ക്കും മിടുക്കുണ്ടായിവരുത്തീടുവാനുള്ളും
കൊടുക്കാതിരിപ്പാനെന്തഹോകാരണംജയജയ!"

മട്ടുമാറി. (ചമ്പതാളം)

"കരബലം തടിക്കും കുരുബലം മുടിക്കും
സുരകുലം പുകഴ്ത്തും-വരഫലം കരുത്തും
പലഗുണം വരുത്തും വിജയനു."

മട്ടുമാറി. (പഞ്ചാരിതാളം)

വിജയകരം വിപുലതരം
"വിശിഖവരം വിമതഹരം
വിമലമരം വീതര!പരം
വിഹിതവരംജയജയ!
ഹരഹര!പുരഹര!പരമശിവ!"

മട്ടുമാറി. (ചാടന്തതാളം)

"തവവരവരബലംകൊണ്ടും
ഗുരുതരംശരബലംകൊണ്ടും
പുനരവൻ കരബലം കൊണ്ടും
ഘനതരം ഹരിബലം കൊണ്ടും
ഹരിസുതൻ വരബലം കൊണ്ടും
വിരുതനായി വരുമതേവേണ്ടു."

മട്ടുമാറി.

ഇത്ഥം മുനികളുടെസിദ്ധാന്തമെല്ലാംകേട്ടനാ-
മുഗ്ധലോന്ദു ചൂഡൻ മുട്ടുമന്ദസ്മിതവുംതുകി
ഉത്തരമൊന്നവർകൾക്കുംതാപംതീരുവാനാ-
യത്രമാത്രമെങ്കിലുമൊന്നരുൾ ചെയ്കിലേതും;
മറവും തിരുമനസ്സിൽ പറവന്ന ഭാവമെല്ലാം
കുറവും വരാതെ കണ്ടു തെറ്റെന്നു പോകനല്ലു;
വന്നുള്ളുംഗിരിടീവന്നു പുറത്തിരിക്കും
മുമ്പേഗമിച്ചു കൊൾകനല്ലു നമുക്കെന്നവർ

Digitized By Kerala Sahitya Akademi

കമ്പിട്ട കുപ്പിത്തിരുമുമ്പിൽ നിന്നങ്ങുപോന്ന
വമ്പിച്ചതാപസന്മാരെല്ലാരുമൊരുമിച്ചു
ചിന്തിച്ചുറച്ചവരും പാവ്വതീദേവിയുടെ
അന്തികേചെന്നണത്തിച്ചു വൃത്താന്തങ്ങളും
"കന്തീതനയനെന്നുനാളുണ്ടുസേവിക്കുന്നു
നിന്തിരുവടിയേയും ബോധിച്ചുവില്ലയോ ദേവീ!
ചെന്തീകണക്കവന്റെ ദേഹം ജ്വലിച്ചീടുന്നു
വെന്തീടുമാറായല്ലോ മൂന്നു ഭുവനങ്ങളും
ഇന്നുമുനികളും ഞങ്ങളും ചെന്നങ്ങുണത്തിച്ചീടും
ഒന്നുമരുൾചെയ്യാഞ്ഞു പോന്നുഞങ്ങളെല്ലാരും
കന്നിൻമകളേ! നീതാൻ ചെന്നങ്ങുണത്തിച്ചെ-
ന്നാൽ
നന്നായ് ഫലിക്കുമെന്നു തോന്നുന്നുഞങ്ങൾക്കെ-
ല്ലാം
ദുഷ്കണ്മുനികളെക്കൊണ്ടുവക്കാണിക്കുന്നനേരം
മുക്കണ്ണൻ തമ്പുരാന്റെ മുഷ്കാണുതാണുപോകും;
ഇക്കണ്ടപുരുഷന്മാർനെയ്യ്ക്കുംഭംപോലെതന്നെ
മൈക്കണ്ണിമാരെല്ലാരും തീക്കട്ടയെന്നപോലെ
ചൊല്ലാകുള്ളം വിദ്വാന്മാരുരയ്ക്കുന്നവാക്കിന്നു-
ള്ളോരോ
ദോഷംകൊണ്ടു വരുന്നുനീയിളക്കാതിരുന്നാൽപോരാ
ശ്രോത്രപ്രിയം പറകമാത്രമല്ലിതുനിന്റെ
നേത്രപ്രസാദമതുമാത്രം പ്രസിദ്ധമല്ലോ;
നേത്രംമൂന്നുള്ളവന്റെ ഗാത്രം പാതിമേടിപ്പാൻ
പാത്രമായല്ലോ നീയും ഗോത്രാധിരാജപുത്രി!"
എന്നതുകേട്ടു ഗിരിനന്ദിനീ ഭഗവതി
മന്ദഹാസവുംചെയ്തു മന്ദമോടരുൾചെയ്തു:—
"ഇന്നുഞാൻ തടിയാതെ ചന്ദ്രശേഖരനോടു
എന്നാലുണർത്തിച്ചീടുന്നതാണെന്നാഴിയാതെ തന്നെ
എന്നാലറിയാമല്ലോ എന്നോ പറഞ്ഞുകൂട്ടു [രാ
എന്നോടുകോപിച്ചെങ്കിൽ ഭഗനേരംമാറിപ്പോ
എന്നരുൾചെയ്തുദേവീ ചെന്നുഗിരീശൻമുമ്പിൽ
വന്ദനംചെയ്തുനിന്നാൾ മന്ദഹാസവുംതൂകി.

പദം

നിരുപമഗുണവാസതേ! ശ്രീ നീലകണ്ഠ
നിശമയ മേ വചനം
സുരവരസുതനെന്നേവരമരുളീടാത്തു!
പുരഹരനാഥാ! വിഭോ (നിരുപമഗുണ)

പെരികെക്കാലമുണ്ടുള്ളനൻ തേത്താവേ!
പരിചോടേ സേവിക്കുന്നു
സുരപതിസുതനുടെ പരിഭവംപോക്കുവാൻ
പെരികെയുണ്ടിങ്ങാഗ്രഹം (നിരുപമഗുണ)
ഘോരനിയമങ്ങൾകാരണം പാർത്ഥന്റെദേഹം
പാരം മെലിഞ്ഞുപോയയ്യോ!
പാരാതെചെന്നവനു പാശുപതാസ്ത്രം
നൽകീടേണമിന്നുശ്രീഖരാ! (നിരുപമഗുണ)
ഉണ്ണും ഉറക്കവുമെല്ലാം വെടിഞ്ഞുകാട്ടിൽ
വാണുതപം ചെയ്തീടുന്നു
പ്രാണങ്ങൾപോകുംമുൻപേ
ബാണംകൊടുത്തീടേണം
ബാണന്റെവാതിൽകാത്തവനേ! (നിരുപമ)
തിരുവുള്ളമെങ്കലുണ്ടെങ്കിൽ താമസിയാതെ-
സുരപതിസുതനുനൽകേണം
അരയ്ക്കുൽനാഴികപോലും
ഇളക്കാതിരുന്നുപോയാൽ
തരക്കേടുവന്നുകൂട്ടുമേ (നിരുപമഗുണ)

മട്ടുമാറി.

ഗിരിവരമകളുടെ കളവചനം
പരിചൊട്ടുകരുതിന പുരമഥനൽ
സരസമൊരുവചനമരുളി മുദാ:—
"സരസിജായതദളചലനയനേ!
സുരവരസുതനുടെ മനസ്സിൽമദം
പെരുതുകരുതുക ഗിരിതനയേ!
പരവശമവനൊരുതരിമ്പുമില്ലാ
കരളിലഹമ്മതി കുറവുമില്ലാ;
സുരകുലവരനുടെ തനയനെന്നും
സരസിജ ശരനൊടു സദൃശനെന്നും
സരസചരിതങ്ങളിൽ പടുതപമെന്നും
മരുത്തിന്റെ മകനുടെ സഹജനെന്നും
കുരുപതികളിലേറാം പ്രസിദ്ധനെന്നും
മരുത്തിന്റെ മകനെക്കാൾ വലിപ്പമെന്നും
കുരുത്തുള്ളപരിഷയിലധീശനെന്നും
ഗുരുതപമുള്ളവർകളിൽ പ്രഥമനെന്നും
കരത്തിൽ വില്ലെടുത്തോരിൽ മുമ്പനെന്നും
ഗുരുക്കന്മാരെക്കാട്ടിൽ പ്രഥിതനെന്നും

Digitized By Kerala Sahitya Akademi

നരകമഥനനൊട്ടു സഖിത്വമെന്നും
നരപതികളിലോഹം പ്രസിദ്ധനെന്നും
തരുണികുലമണിക്കു രമണനെന്നും
തരുണീഗ്രണമുടയപുരുഷനെന്നും
പൊരുവതിനതിതരംവിരുതനെന്നും,
പടുതരമമരരാൽ ഭരിതനെന്നും"

മട്ടുമാറി.

"ഇത്തരമുള്ളോരു ഗർവുശമിപ്പാൻ
ഇത്തിരിപാകം വന്നേതീരു
യുദ്ധംചെയ്തു തളച്ചുവരുമ്പോൾ
ബുദ്ധിയിൽനല്ല വിവേകവുമുണ്ടാം
പാരംവന്ന പഴത്തോരൊട്ടുകിനു
നീരുംകെട്ടിയുറച്ചുചമഞ്ഞാൽ
ക്ഷാരംവച്ചുപഴിപ്പിച്ചുവിടെ
ഭാരംവച്ചുമുദുതാംവന്നാൽ
വ്യാധിയെടുത്തുകളഞ്ഞതിനകമേ
ശോധനവന്നാലുടനേതന്നെ
വരളാനുള്ള കുഴമ്പുമതിന്മേൽ
പിരളുംനേരം താനേവരളും;
തരളാംബുജദളനയനേ! നിന്നൊടു
കരളപറഞ്ഞിട്ടെന്തൊരുകായ്ച്ചം
ദുഷ്ടുകിടക്കെ വാട്ടം വ്രണമതു
പൊട്ടും പിന്നെയുമൊരുസമയത്തിൽ
ഒട്ടുംവൈകാതവനൊടു യുദ്ധം
പെട്ടെന്നുണ്ടതുകണ്ടാലും നീ.
എലിയെപ്പോലെയിരിക്കുന്നവനൊരു
പുലിയെപ്പോലെവരുന്നതുകാണാം
നോറുവിശന്നുകിടക്കും ഫൽഗുന-
നേറുവരുമ്പോൾ ഭ്രമികുലുങ്ങും
കാറിന്മകനുടെ സോദരനെന്നതു
കാട്ടിത്തരുവൻ കണ്ടാലും നീ;
കാട്ടാളാകൃതികൈക്കൊണ്ടിഹ ഞാൻ
വേട്ടയുമാടിനടക്കുന്നേരം
കോട്ടംക്രൂരതവനൊട്ടു സമരം
കൂട്ടുവതിന്നും സംഗതിയുണ്ടാം
മട്ടോലുംമൊഴിയാളേ നീയൊരു
കാട്ടാളസ്ത്രീവേഷമെടുക്കാ,
കൂട്ടക്കാരിവർ ഭൃതഗണം പല-
കാട്ടാളന്മാർ കൂടെവരേണം;
കുംഭോദരനും, കുംഭീധരനും
കുംഭാണ്ഡകനും കുംഭീലകനും,
സിംഹീരണനും, ശൂലാംഗ്രിപനും,
ശൂലാവൃതനും, കുംഭനികുംഭൻ,
കുണ്ഡീവരദൻ കുഞ്ജരജംഘ-
നുദഗ്രൻവീരൻ, ഗണ്ഡുകാക്ഷൻ
കണ്ഠീരവനും, ഭൃംഗീരിടിയും,
ഘണ്ടാരവനും, ത്രൈപ്പീരജനും,
തുംഗരാജ, നസുരമർദ്ദനഭദ്രൻ,
വീരഭദ്രനതി, ഭദ്രനുദഗ്രൻ
ത്രൈർമ്മൻ, മണിവരൻ, മണികണ്ഠൻ,
നന്ദികേശ്വരനിവക്കെജമാനൻ,
നന്നിതൊക്കെവന ചാരികളാവാൻ,
ശാക്കളായിചിലരൊടു കരച്ചും
പോക്കുപോലെചിലരൊട്ടു തടിച്ചും,
വെക്കമൻപൊടുനടപ്പിനശേഷം
തക്കമിന്നമമവേട്ടകളാടാൻ"

മട്ടുമാറി.

ഇത്തരമരുളിച്ചെയ്തുമഹേശൻ
സത്വരമങ്ങൊരുവന ചരനായി
തത്രസുവർണ്ണകവർണ്ണശരീരൻ
തത്രവിളങ്ങിവിശേഷമനോജ്ഞം
ജടമുടിനല്ലൊരു തലമുടിയായി
നിടിലത്തിരുമിഴിതിലകമതായി,
ഫണിമണിമാലകം പീലികളായി,
ഫണിപതിവാസുകി കടകമതായി,
ശ്വാസ്ഥികം ശംഖാഭരണവുമായി,
അത്തൊഴിൽ കണ്ടാലെത്രമനോജ്ഞം
കരിത്തോൽ നല്ല കറുത്തടുക്കുലം
വരിത്തോൽഭുജംഗം പൊന്നരഞ്ഞാണം
വെൺമഴുശൂലം പാപം ശരവും
വെൺമയിലവപുനരങ്ങിനെയല്ലോ,
കുന്നിൻമകളുമതിന്നനുകൂലം
കുന്നിക്കുരുകുലമാലയണിഞ്ഞു
ഒട്ടുകറുത്തൊരു പുടവയുടുത്തു
കൊട്ടയെടുത്തൊരു കോലുമെടുത്തു

Digitized By Kerala Sahitya Akademi

ശങ്കരഭാമിനിതൈകൈകളിലങ്ങഥ
ശംകുംമുടവുകൾം കൊണ്ടുനിരച്ചു
മെച്ചുമിയന്നൊരുകൈവിരൽമുഴുവൻ
പിച്ചുളമോതിരമിട്ടുവിളങ്ങി.

നടന്നുകാനനതടത്തിലപ്പൊഴ്
കടന്നുവേട്ടകൾംതുടങ്ങി, നല്ലൊരു
കറുത്തപട്ടുകളുടുത്തുകൊണ്ടിരു-
പുറത്തുതൊങ്ങലുനിരത്തിയപ്പൊഴ്
ഉരത്തകാർമ്മുകമെടുത്തുതാൻകണ
തൊടുത്തുകാനനതടത്തിലെത്തിന
കടുത്തപന്നികളടുത്തപോത്തുകൾം
ങടക്കമെന്നിയെ നടക്കുമാനകൾം
തുടങ്ങിയിങ്ങനെ മൃഗങ്ങളിൽവിട-
ത്തുടങ്ങിലീലകളൊടുങ്ങി കേഴകൾം.

പാണ്ടൻനായുടെ പല്ലിനുശൌര്യം
പണ്ടേപ്പോലെ ഫലിക്കുന്നില്ലാ
പണ്ടിവനൊരുകടിയാലൊരു പുലിയെ
കണ്ടിച്ചുതുഞാൻ കണ്ടറിയുന്നേൻ,
കാടൻനായും കാട്ടിൽവരുമ്പോൾം
കോളല്ലാതൊരുപേടിതുടങ്ങും
വീട്ടിൽവരുന്നവരെപ്പലരെക്കടി
ക്കുട്ടിയചെണ്ടക്കാരനെ ഞാനൊരു
ക്കുട്ടിലതാക്കിച്ചുങ്ങലയിട്ടഥ
ംപൂട്ടിപ്പിന്നെക്കഞ്ഞികുടിക്കാ;
വെള്ളാ, വാ വായെന്നുവിളിച്ചാൽ
തൊള്ളതുറന്നു പറന്നുവരുംതാൻ
കള്ളനുതുള്ളിക്കഞ്ഞികൊടുപ്പാ-
നുള്ളൊരുപായം കാണ്മാനില്ല,
കാറുകൊണ്ടവനെപ്പൊഴുമങ്ങിനെ
ക്കുറവൻപോലിറയത്തുകിടക്കും
തിന്മാനല്ലാതൊന്നിനുപോലും
നമ്മുടെവീട്ടിൽ കാണ്മാനില്ലാ;
വണ്ണൻവാഴകണക്കെതടിച്ചൊരു
പൊണ്ണൻനായുണ്ടെന്നുടെ വീട്ടിൽ
അണ്ണനുമാത്രം ചോറുണ്ടവിടവ-
നുണ്ണുമ്പോൾം നല്ലുരുളകൊടുക്കും,
പന്നിയിറച്ചികൾം പണ്ടേവേണ്ടാ
ട്ടുന്നിലകൊണ്ടൊരു പൊറുതിയുമില്ലാ

കുറിച്ചെവിയൻ നായെക്കാണ്മൊരു
കുറുംപാവാൻ കാണ്മാനില്ലാ,
വേട്ടക്കായിവിളിക്കുന്നേരം
ചേട്ടക്കാരനു ചെവിയുംകേളാ
വേട്ടക്കാക്കു വിളിച്ചുകൊടുത്താൽ
ശ്യുഷ്ണൻകേട്ടാൽ കലശലുകൂട്ടും
ഇത്തരമൊരുവക കാട്ടാളന്മാർ
ചിത്തരസേന പാഞ്ഞു ചിരിച്ചു.
ഒക്കെച്ചാടിക്കാടുതകർത്തും
ബദ്ധപ്പെട്ടുനടന്നുതിരിത്തും
ചാടിവരുന്നാമൃഗങ്ങളെയെല്ലാം
കുത്തിക്കൊന്നു കളിച്ചു പുളിച്ചും
ചത്തമൃഗത്തെക്കെട്ടിയെടുത്തും
മത്തഗജത്തെച്ചെന്നുതടുത്തും
വരിയൻ പുലിയെച്ചുരികകൾംകൊണ്ടും
കരടിമൃഗത്തെപ്പരിഘം കൊണ്ടും
ദന്തികുലത്തെക്കുന്തംകൊണ്ടും
ബാലമൃഗത്തെ വേലുകൾംകൊണ്ടും
വ്യാഘ്രകുലത്തെ ചക്രംകൊണ്ടും
വ്യാളമൃഗത്തെ വാളുകൾം കൊണ്ടും
മക്കടവരരെക്കക്കടകൊണ്ടും
ഗന്ധമൃഗത്തെഗ്ഗദയെക്കൊണ്ടും
ഖഡ്ഗമൃഗത്തെ ഖഡ്ഗംകൊണ്ടും
കണ്ണീരവരെമുസ്സണ്ടികൾംകൊണ്ടും
കാടും പാടലും കടുത്തിലകൊണ്ടും
തെരുതെരെയങ്ങു വധിച്ചുതുടങ്ങി
വിരുതുപെരുത്തൊരുഹരഭൃത്യന്മാർ;
തടിയൻ പന്നിയെ വെടിവെപ്പാനാ-
യൊരുവൻ ചെന്നൊരു പടലിലൊളിച്ചു
പടലിൽ കണ്ടതു പന്നിയതെന്നൊരു
ടേനൊരുവെടിയും വെച്ചാൻനടനേ
തടിയൻ വെടികൊണ്ടവിടെ മറിഞ്ഞു
ഓടിച്ചെന്നിതു വെടിവെച്ചവനും
മക്കടനല്ലിവനയ്യോ! നമ്മുടെ
മക്കടെ മാതുലനിങ്ങനെകമ്മം!
മലയന്മാരൊരു ദിക്കിൽ ചെന്നു
വലയും കെട്ടിപ്പാക്കുന്നേരം
കലയെക്കണ്ടു ഭയപ്പെട്ടൊരുവൻ
തലയും കമ്പിട്ടോടിപ്പോയി

Digitized By Kerala Sahitya Akademi

വലയിൽപ്പെട്ട വലഞ്ഞതുകണ്ടു
മലയനൊരനുപ്രയോഗിച്ചുടനേ
തലയിൽകൊണ്ടു തറച്ചു വിഴച്ചോരു
ഫലമില്ലാതെ മരിച്ചാൻ ഭോഷൻ;
നായന്മാരുടെ നായാട്ടിങ്ങനെ-
പായം പലവിധമിങ്ങനെയുണ്ടാം
ആയതിനൊന്നു സംഗതിയില്ലാവി-
നായകജനകൻ കളിയാടുമ്പോൾ.

മട്ടുമാറി.

കാട്ടാളരാജന്മാരും കാട്ടാളസ്ത്രീയും തന്റെ
കുട്ടാളിവൃന്ദത്തോടെ വേട്ടവിനോദം പൂണ്ടു
കന്തീകുമാരനുടെ സന്നിധികം തന്നിൽ ചെന്നു
പന്തിനിരന്ന നിന്നു സന്നിധിയും വന്നാനഞ്ഞു;
തടിച്ചോരു പന്നിവേഷം കടിച്ചോരുമൂകാസുരൻ
കടുത്തൊരുകോപത്തോടുത്തുപാത്ഥനെക്കൊൽവാൻ
ഉരത്തപന്നിക്കുറുമ്പന്റെ പെരുത്തഘോഷങ്ങളും കേട്ടു
കരുത്തുള്ളർജ്ജുനൻ തന്റെ ഗുരുത്വംകൊണ്ടതു നേരം
അഴിച്ചു സമാധിനേത്രംമിഴിച്ചുനോക്കുന്നനേരം
ഉറച്ചു തന്നുടെ ദേഹം മറച്ചു കൊണ്ടൊരുശത്രു
ഛതിച്ചുനമ്മെകൊല്ലുവാൻ കുതിച്ചു വന്നിതുമൂഢൻ
വധിപ്പാൻ വരുന്നവനെ വധിച്ചാൽ മൽഗുരുനാഥൻ
വിധിച്ചുകർമ്മങ്ങൾക്കേതും വിരുദ്ധവുമില്ലനുനം
പടുതപോമേദേവം ചിന്തിച്ചെടുത്തു ഗാണ്ഡിവം
കയ്യിലെടുത്തുനല്ലോരുബാണംതൊടുത്തുകോപം
നടിച്ചു

മട്ടുമാറി.

ശ്ലോണിത്തടിയനെനോക്കിയയച്ചൊരു
ബാണമതുൽക്കടമക്കിടിതന്നുടെ
ശ്ലോണാം ചെന്നു പിളന്നൊരുനേരം
പ്രാണങ്ങൾക്കു പ്രയാണമടുത്തു
സംഗതികൊള്ളാമെന്നു മുറച്ചി-
ട്ടംഗജരിപുവും ബാണമയച്ചു
പുഷ്ഠേചെന്നു തറച്ചൊരുബാണം
പുഷ്ടം ഝടിതി പിളർന്നുതിരിച്ചു

വന്നു പതിച്ചെന്നോർത്തു കിരീടി
ചെന്നു കരത്തിലെടുത്തൊരു സമയം
വന്നു സമീപേ നിന്നു കിരാതൻ
ഒന്നു കയർത്തു പറഞ്ഞു തുടങ്ങി;
"നമ്മുടെ ബാണം മോക്ഷിപ്പാനോ
ട്ടുമ്മതി വന്നു തപം ചെയ്യുന്നു?
ഞാനുകളില്ല നിനക്കെന്നാലതി-
നായുധമെന്തുകൊണ്ടു വരുത്തിക്കൊണ്ടാനീ;
ഞാനൊട്ടു നമ്മോടു യാചിച്ചാൽ പ-
ത്തമ്പതു കണകം തരുന്നാണ്ടിവ ഞാൻ;
കട്ടകവർന്നാലുടനേ തന്ന
വെട്ടം തരുമതു സംശയമില്ലാ.
ള്ളനിനച്ചിവ കണ്ണു മറച്ചോരു
കള്ളൻ നിന്നു തപം ചെയ്യുന്നു.
കൊള്ളാമിതുമിന്നിതു വഴിപോക്ക-
ർക്കുള്ള ധനങ്ങൾ പിടിച്ചു പറിപ്പാൻ,
പകൽ കഴിവോളം കപ്പാനെങ്ങും
കഴിവില്ലാഞ്ഞു തപോധനഭാവം.
ഞാൻ പോയി മറഞ്ഞൊരു സമയേ
തസ്കരണത്തിനു സമയം നോക്കും
ദിക്കുകളൊക്കെ നടന്നു ദിനേശ-
നുദിക്കും മുമ്പേ വന്നു കളിക്കും
കണ്ണുമടച്ചു വിചാരിക്കുന്നതു:
പൊന്നുള്ളേടം പണമുള്ളേടം
പെണ്ണുള്ളേടമതല്ലാതിന്നൊരു
നിനവില്ലനിനക്കെന്തൊരു കഷ്ടം!
നാണം കൂടാതയ്യോ നമ്മുടെ
ബാണം കട്ടവനേതിൽ കൂട്ടി?
ആണുങ്ങൾക്കു പിറന്നവനെങ്കിൽ
പ്രാണത്തേക്കാൾ നാണം വലുതേ"
വ്യാധവചസ്സുകൾ കേട്ടടനപ്പോൾ
ക്രോധമിയന്നരചെയ്തു കിരീടി
"നീല്ലെടവേടാ നിന്നുടെ പല്ലുകൾ
തല്ലിയുതിപ്പാൻ ഞാൻ മതിയാകും
ഇല്ലൊരു സംശയ"മെന്നു പറഞ്ഞു
വില്ലുവലിച്ചു കുലച്ചു കിരീടി
നല്ലൊരു ബാണമെടുത്തു കുലച്ചു
മുല്ലശരാരിക്കിട്ടുഴവിട്ടു
തെല്ലും പഴുതാതവനുടെ നേരേ

Digitized By Kerala Sahitya Akademi

ചെല്ലുന്നതു കണ്ടംബരചാരികൾ
അല്ലൽ മുഴുത്തു വിരണ്ടു തുടങ്ങി
തെല്ലുകലുങ്ങീലന്തകവൈരി;
വില്ലിൻ മുനകൊണ്ടവനുടെ ബാണം
തല്ലിയൊടിച്ചു പൊഴിക്കണകണ്ടു,
തതു കണ്ടപ്പോളതിപരുഷത്തോ-
ടതിലധികം ശരവരിഷം ചെയ്തു
അതിശയമവനുടെ ശരനികരത്താൽ
കതിരവനുടെ കിരണങ്ങൾ മറഞ്ഞു.
നാടുനടുങ്ങിനാലുനിലയും കലുങ്ങിമാനം
കലയും നടുങ്ങി തമ്മിൽ കലഹം മുഴുത്തനേരം
മലമകളതുനേരം തലയുമഴിഞ്ഞു കുത്തു
മുലയും തുളുമ്പിച്ചെന്നു കലഹം ശമിപ്പാനായി
പലവാക്കുമരുൾ ചെയ്തു ഫലമില്ലെന്നൊത്തുമാറി
പരിചോടെപാർവതിയുംകലശൽപിനെയുമേറി
മലമകൾ ഭഗവതിപുനരരുൾചെയ്തു
വലരിപുസുതനുടേ ബാണമശേഷം
മലർസമമാകെന്നരുളിച്ചെയ്തു
മലർശരനായിമഹേന്ദ്രതനുജൻ;
ശരധിയിലൊരു ശരമില്ലാതാകെ-
ന്നരുൾചെയ്തുഗിരിനന്ദിനിയപ്പോൾ
ഇല്ലെന്നാകിൽ ശരവും വേണ്ടാ
നല്ലതരം പുനരെന്നു കിരീടി
വില്ലുവലിച്ചുഗ്രതല്ലു തുടങ്ങീ
മുല്ലശരാരിയെവിരവൊടുപാർത്ഥൻ;
ഹരനുടെ ജടയിൽ കുടികൊണ്ടീടിന
സുരനദിയാകിയ ഭഗവതിയപ്പോൾ
വലരിപുസുതനുടെ വില്ലുപിടുങ്ങി-
ത്തരസാതനുടെതിരയിലൊളിച്ചു;
പാപം പോയൊരു സമയേ വിജയൻ
കോപം പൂണ്ടു മരങ്ങൾ പറിച്ചു
താപസവന്ദിതനാകിയ ശിവനെ
ത്താഡനപീഡനമങ്ങുതുടങ്ങി
ത്രീക്ഷണനും ഹരിസുതനും തമ്മിൽ
വൃക്ഷംകൊണ്ടു മടിച്ചു പിടിച്ചും
വട്ടംതിരിക ചവിട്ടുകമുട്ടുക
കുട്ടയിലിട്ട ചവിട്ടിയുരുട്ടുക
തുള്ളുകകിള്ളുക തങ്ങളിലിങ്ങനെ
തുള്ളിയലഞ്ഞു വലഞ്ഞു കിരീടി.
തല്ലും ചവിട്ടും കൊണ്ടങ്ങല്ലും പൊടിഞ്ഞു-
പിന്നെ
പല്ലും കൊഴിഞ്ഞുമദമെല്ലാം ശമിച്ചു പാർത്ഥൻ
വല്ലാതെഭ്രമംവീണാൻവില്ലാളിവീരരിൽമുൻപൻ
അല്ലൽ മുഴുത്തു പാർത്ഥനുള്ളിൽ വിചാരം പൂണ്ടു
ചാരുമൂർത്തേ ഗൌരിനാഥ! കാരുണ്യാംബുരാശേ
നാഥാ!
കാരുണ്യം കുറവാനെന്തുകാരണം? ശംഭോ!
എത്രനാളുണ്ടയ്യോ! ഞാനും സേവിച്ചുകൊണ്ടിരി
ക്കുന്നു
ഇത്രനാളുമെന്റെ കാമം പൂരിച്ചില്ലയ്യോ!
കേടനേകമുണ്ടെന്നാലും കേവലം നീശിക്ഷി
യാതെ
വേടനെക്കൊണ്ടെന്തെന്നെത്തല്ലി കൊല്ലിക്കുന്നെ-
ന്തേ?
അത്രനല്ലകാട്ടാളന്റെതല്ലുകൊണ്ടുംകുത്തുകൊണ്ടും
എത്രയും തളർന്ന ദേഹം ധാത്രിയിൽ വീണു.
നാൽവർക്കുട്ടും സഭതന്നിൽവാലൊട്ടുപ്പാനുള്ളമൂലം
ബാലചന്ദ്രചൂഡാ! നീതാൻ കാരണംശംഭോ!
കണ്ണനും ശകുനിയുമാകണ്ണനം ചെയ്യുന്നനേരം
കണ്ണസൌഖ്യം വന്നുകൂട്ടും കൌരവന്മാർക്കു
ഊറക്കാരൻ പാർത്ഥൻ പോരിൽ
തോറുപോൽ വേടനോടെന്നു-
തോറവുംകുറവായ് വന്നുറവർകേട്ടാൽ.
കൃത്വാ മൃത്തികയാ കഥഞ്ചനവൃഥാ-
പുത്രസ്ത്രിണേത്രാകൃതിം
ടങ്കൃത്യാ യോഗിതിസമച്ചന പുത്രകൃതവാൻ
പത്രാണി തത്രാദരാൽ
ചിത്രം തത്ര കിരാതപുംഗവശിരോ-
ഭ്യോനി സന്തുഷ്ടവാൻ
തത്തൈവേന്തുകലാജടോഗിപി മൂഡോ
നോഗരണ്യചയ്യാച്ചനാൽ.
മൃത്തികകൊണ്ടൊരു ശിവലിംഗത്തെ
തത്രധരിത്രിയിലങ്ങുളവാക്കി
തത്രപഴുത്തു കൊഴിഞ്ഞു കിടക്കും
പത്രമെടുത്തുടനച്ചനചെയ്തു
മൃത്തികലിംഗം തങ്കൽവണങ്ങി
മൃത്യുഞ്ജയനെസ്സ്തുവതുടങ്ങി

Digitized By Kerala Sahitya Akademi

മൃത്യുഞ്ജയജയജയശങ്കരശംഭോ!
ഇത്ഥം തൊഴുതുവണങ്ങിനപാർത്ഥനപത്രമതെല്ലാം വേടൻ തന്നുടെ
മസ്തകസീമനികാൺമാറായി
എന്തൊരു വിസ്മയമെന്നു വിചാരിച്ചന്തികസീമനിമേവും വേടനെ
മുഴുവൻ നോക്കിക്കാണാനോരം
മഴുപുംമാനും പുരിജടമുടിയതിലൊഴുകും സുരനദിതന്നുടെ തിരയതിൽ
മുഴുകും ചന്ദ്രക്കലയും തുമ്പയു-
മളികുഠനടേ തിരുനിഴിയുടെവടിവും
തിരുനാസികയും തുക്കണ്ണിണയും
തിരുമുഖവും മൃദുമന്ദസ്മിതവും
ഗളരുചിതലവും തിരുമാറിടവും
ഉദരംനാഭീകുഹരം കടിതട-
മതിരമണീയം ഫണികാഞ്ചിഗ്രഹണം
കരിചർമ്മാംബരമൂരുദ്വയവും
പരിമൃദുജാനുകജംഘായുഗവും
തിരുവടിമലരും നഖപംക്തികളും
ഗിരിമകഠംതാനും കരിമുഖനറുമുഖ-
നുടനേഹരിഹരസുതനും വേട്ട-
യ്ക്കാരുമകനും ബഹുഭൃതഗണങ്ങളും
ഒരുമിച്ചങ്ങനെ കാണ്മാറായി;
പങ്കജശരനുടെ ഹുംകൃതിതീർത്തൊരു
ശങ്കരജയജയ സങ്കടമദഹര!

ഏതും ഗ്രഹിയാതെ ഞാൻ ചെയ്തോരപരാധങ്ങളം
എല്ലാം ക്ഷമിച്ചുകൊൾക കല്യാണകരശംഭോ!
അംഗങ്ങളടിയത്തിനെങ്ങുമിളകുവല്ലാ;
അങ്ങുവന്നുവന്ദിപ്പാനിങ്ങു ശക്തിയുമില്ലം
മംജുളനേത്ര! വന്ദേ ഗംഗാഭൂഷണാ! വന്ദേ
തുംഗാനുഭാവ വന്ദേ! മംഗല്യാകാര വന്ദേ!."

അതിശയഭക്ത്യാ വിവശനതാകിയ
ഹരിസുതവചനം കേട്ടുഗിരീശൻ
മതിതളിർതെളിവൊട്ടു ചെന്നുകരംകൊ-
ണ്ടതിമോദേനപിടിച്ചെഴുനേല്പി-
ച്ചുംഗമശേഷം തൊട്ടുതലോടി
തുംഗപരാക്രമപുഷ്ടിവരുത്തി
പുംഗവകേതനനാകിയഭഗവാ-
നംഗജശാസനനിദമരുൾചെയ്തു:—
"വത്സധനഞ്ജയ തുംഗകളേബര!
വത്സരമനവധി ജീവിച്ചീടുക!
മത്സരമുള്ളരിപുക്കളെയെല്ലാം
ഭസ്മമതാക്കാൻ നീ മതിയാകും;
ഭീമസഹോദരനാകിയനിന്നുടെ
ഭീമപരാക്രമമറിവാനായി
ഭീമകിരാതശരീരം പൂണ്ടു
ഭീമതരംബഹുയുദ്ധംചെയ്തു
സോമകുലോത്തമനാകിയനിങ്കൽ
പ്രേമപ്രീതിവരുന്ന നമുക്കു!
കാമാധികസുകുമാരാ നിന്നെ-
കാണ്മാനിത്തൊഴിലൊക്കെയെടുത്തു
പാശുപതാസ്ത്രം വാങ്ങുക തവഹിത
മാശുലടിക്കും ഫൽഗുനവീരാ!
കണ്ണസുയോധനഭീഷ്മാദികളാം
മണ്ണുവമാശുകടപ്പാൻ നല്ലൊരു
കപ്പൽമരക്കലമെന്നുടെബാണം
കൈപ്പൊടുകൊണ്ടു ഗമിക്കുധനഞ്ജയ!
പുരരിപുഭഗവാനിദമരുൾചെയ്തു
ശരവും വരവും ദാനംചെയ്തു
ഗിരിമകളോടും പ്രമഥാദികളോടു-
മങ്ങുഗമിച്ചുമറഞ്ഞുദശായാം
തിരയിൽമാച്ചൊരു വില്ലലഭിപ്പാൻ
സുരനിമ്നഗയെസ്സേവയുടങ്ങി.

മട്ടുമാറി.

നമസ്തേഗംഗായൈയുഭ്യംരണത്തിൽ മയാ-
കൃതമാം
സമസ്താപരാധമെല്ലാം ക്ഷമിച്ചു വരംനൽകേണം
അരികളെവെൽവതിന്നായ് പരമശിവൻനൽ
കിയ
ശരമിതുപാശുപതംപഴുതേയാംവില്ലില്ലാഞ്ഞാൽ.
ഇത്തരംസ്തുതികേട്ടു സത്വരംപ്രസാദിച്ചു
ഉത്തമനാമവനോടുത്തരമരുൾചെയ്തു:
വില്ലാളിവീരപാർത്ഥ വില്ലിതാധരിച്ചാലും?
മല്ലീശരാന്തകനെസ്സേവിച്ചുവസിച്ചാലും
ഇത്തരംവരംനൽകി സത്വരംമറഞ്ഞവൻ.



Digitized By Kerala Sahitya Akademi

സുരവരനരുളാൽ രഥവ്വുംകൊണ്ടു
സുരവ്വരസുതൻമാതലിവന്നു
പെരുകിനമോദംകൈക്കൊണ്ടുടനേ
സുരവ്വരസുനരഥമതിലേറി
സുരലോകംപ്രതിയാത്രതുടങ്ങി
കുശലകമലദിനേശൻ പാർത്ഥൻ
മംഗലമിക്കഥകേൾക്കുന്നോക്കു
മംഗലമനവധി വന്നുഭവിക്കും.

കിരാതം ഓട്ടൻതുള്ളൽ സമാപ്തം.

# രുക്മിണീ സ്വയംവരം

## ഓട്ടൻതുള്ളൽ.

ഒന്നാംകഥ.

സകലഭുവനകന്ദം ഹാസനിർമ്മുക്തകുന്ദം
ശമിതവിഷമവൃന്ദം ധ്യായ്മമാണാരവിന്ദം
സമുചിതമുചുകുന്ദം ദ്വാരപാദാരവിന്ദം
സുരവരതടിനീന്ദം സാധുവന്ദ്യം മുകുന്ദം.

ധ്രുപാളി.

ഇതുകാതിരവധൂലോചിളങ്ങിടുന്നൊരംബുകേ
തിരുമനസ്സിലൊരു കടാക്ഷമരുളിയടിയനിൽ
ദൃഢം
ചന്ദ്രബിംബസന്നിഭാനനേ ഭവപ്രിയതരേ!
പരമഭക്തചിത്തനന്ദനത്തിക്കണം മഹേശ്വരീ
ചന്നഗാധിനാഥശായിതനുടെ സഹോദരീ!
പരമഭക്തചിത്തനന്ദനത്തിക്കണം മഹേശ്വരീ
വന്നെതിത്തുരിതദൂരതിക്കുനിനീയൊരു
വഹനിയായ് ഭവിച്ചെനിക്കുസവ്ഭ്രതിനൽകണം

പദം.

കൊണ്ടോടിയുടൻ കുടമാളുരമന്നവേട്ടയ്ക്കാരു-
മകനേ
കൊണ്ടോടണമേകവിതയ്ക്കിനമന്ദമോദംപരി
ചൊട്ടുമേ
കണ്ടാലനിശം സുഖദമകം കളേബരന്തേമധുര-
തരം
ഗിരിജാവിഭ്രണാനൊരു നാളിൽ കനത്തമോദം-
വരുവതിന്നായ്
കടുത്തവൻപടതട്ടിപ്പതിനൊട്ടുക്കമെന്നിയെ
പടുതാവും

തുകിയന്നുകരംതൊട്ടുവപൊട്ടുപടക്കളങ്ങളി-
കാനരടിതമൊട്ടനടനമാടനടാ [ലിട്ടുക്കയും
വടിവിലിടകലരുമടവുടയോനേ (കൊണ്ടാടി)
കല്യാണഗുണാകരനേ നീ കനത്തകീർത്തിയരു-
ളേണമേ
കല്യാണമെന്നിക്കരുളേണം കുളുക്കുമല്ലാർ കുളയ-
ണമേ
കിളുത്തകൊമ്പുകമുറയ്ക്കണം കുളുത്തശോഭകൊം-
നിറയ്ക്കണം
കളിച്ചുകൊണ്ടിഹവസിക്കണം മമമുളച്ചുസമ്മ-
വരവുമരുളുമമകരളിലരുളുഗതി [തമടുക്കണം
നാരുണചരണയുഗമത്തുമമശരണം (കൊ)
ഇണക്കമോടിഹത്തുണയ്ക്കണം വണക്കമെന്നാടൻ-
ഗണിക്കണം
കണക്കിൽ വന്നിഹവസിക്കണം
തണുക്കുമാറ്റുണമണയ്ക്കണം
വെളിവിലെഴുന്നതളിവെള്ളവെളെവിലസിന
ഹസനരസത്തേടിഹവിലസണമനിശം (കൊ)
വണ്ടാർകുഴലോടിടചതുരം
കരണ്ഡമാലാവിലസിതനാ-
തണ്ടാർശരനും പരിതാപം
വളത്തഭംഗിക്കുടയോനേ!
സുഗന്ധിപുനവിലേപവും
സുബന്ധുരാനനവിലാസവും

സുബന്ധമാകിനകിരിടവുംകില
സുഗന്ധിയാകിന ശരീരവും.
വിമലകരവലയ പലനകിലികിലിത
പലസമലനമതിവിലസിതഗതിയും (കൊ)

ഫണിപതിഭൂഷണനാകിനഭോവാ-
നണികലയാണടമഹശ്വരനൊരുനാൾ
ഗുണവതിയാകിയ പാവ്തിയോട്ടം
ഗണമിയലുന്നൊരു കരിവടിവായി
അടവിയിലങ്ങു കടന്നു നടന്നും
മടിക്കുടാതെ കളിച്ചു രസിച്ചും
തരുണീയെ വിരവിലടുത്തുവിളിച്ചും
പെരുകിനസരസ സുഖേനകളിച്ചും
മരുവിനമലർശരഹരനുടെ ബീജം
ഉരുതരമുടനുള കരിമുഖമായി
ധരണിയിൽ വന്നു പിറന്നൊരു മൂത്തോ!
കരിവദന! ഭവാൻ കാത്തരുളേണം
വാണീഭഗവതീ! കല്യാണീഘനവേണീ! സു-
ശ്രോണി! സുന്ദരി! ശുകവാണീ! വാരിജവേണീ
കാണിപിരിഞ്ഞിടാതെ വാണീടേണം നീയെ-
ന്നെറ;
വാണിയിൽ വഴിപോലെ താണുവണങ്ങുനോൻ
ഞാൻ
ഏണാങ്കാനനയാളേ! വേണംനിൻ കൃപയെങ്കൽ
നാണമകറ്റിമമക്ഷീണമൊഴിച്ചീടേണം
ക്ഷോണീവാസികൾക്കൊരു ഭൂഷണമെന്നാ-
പോലെ
വാണീവിശേഷം കൊണ്ടങ്ങാനന്ദിക്കേണംദേ-
വുംബരനദീവാസനംബുജവിലോചനൻ [വി!
ചിന്മയൻ ജഗന്മയൻ കന്മഷവിനാശനൻ
തുംബുരുനാരദാദിസേവിതൻ മഹാവന്ദ്യൻ
ശംബരരിപുതാതൻ കാത്തുകൊൾകടിയനേ
പീലിത്തിരുമുടിയും മാലയും ചില്ലീകളും
നീലോല്പലത്തെവെല്ലുംലോചനപ്രഭാവവും
ചേലൊത്ത നാസികയും ബാലത്തരുണിമാർ
[തൻ
ചേതസ്സുവഞ്ചിച്ചീടും ലോലമാമധരവും
കണ്ണാലങ്കാരമസ്യകുണ്ഡലവിലാസവും
കണ്ണാടിവെല്ലുന്നൊരു ഗണ്ഡസ്ഥലവും നല്ല-
പൂർണ്ണചന്ദ്രനും പുനരർണ്ണോജവും നമിക്കും

പൂർണ്ണമായിടുന്നൊരു സുവർണ്ണരത്നാനനവും
ഓമൽ കഴുത്തിൽ മുത്തുമാലയും വനമാല
ശ്രീമൽ നൃകാശങ്ങളും ശ്രീവത്സകൌസ്തുഭവും
ചേരുന്ന മാറിടവും ചേർച്ചയുള്ളുദരവും
പാരിലെ വിളങ്ങിടുന്നൊരരമനൊക്കെകരീരണ്ടും
മഞ്ഞപ്പട്ടുടയാടകാഞ്ചിയും കലാപവും
മഞ്ജുളമായുള്ളൊരു പാദപങ്കജങ്ങളും
ശോഭിച്ച കരങ്ങളിൽ ചേരും ചമ്മട്ടിശംഖും
പാരിലെ ധരിച്ചു രഥമേറിത്തിരിച്ചു പണ്ട്
പാരാതെ വിജയന്റെ തേരുതെളിച്ച കൃഷ്ണൻ
പാലിച്ചീടേണമെന്നെന്നൊനിതാവണങ്ങുന്നോൻ
ഏവം സുഖിച്ചു വസുദേവൻ വസിച്ചുബല
ദേവൻ വിവാഹമൊന്നു ചെയ്വാൻഞാനെന്നു
രേവതാഭാജയാകും രേവതിയുടെവേളി [ച്ചു
ആവോളം ഘോഷത്തോടേ ആഘോഷിച്ചു-
കൊണ്ടു
ഭാവം തെളിഞ്ഞു തന്നുമേവുന്ന കാലമങ്ങു
ഭീഷ്മകനെന്നൊരുവൻ ഭൂമിപാലന്മാർ പാരം
ഉഷ്മയുള്ളൊരുവീരനുഴിവാഴുന്നകാലം
രുക്മിയെന്നൊരു പുത്രനുണ്ടായിഭീഷ്മകന്നു
രുക്മിക്കനുജന്മാരും മൂന്നാപേരുണ്ടായ് പിന്നൊ
രുക്മിണിയെന്ന പേരായുള്ളൊരുകന്യകയും
രുക്മപ്രകാശംപോലെ രൂപപ്രകാശത്തോടും
ഉണ്ടായിതവർപിന്നെകണ്ടാലുമതിയും സുഖ!
മുണ്ടാമാകൃതികണ്ടു തണ്ടാർമാനിനിതന്റെ
രണ്ടാമവതാരംപോൽവണ്ടാർവേണിമാരൊക്കെ
കൊണ്ടാടിനുതിക്കുന്ന കണ്ടാൽമതിയുമില്ല:
വണ്ടിനു മകതാരിലിടലുളവാക്കുന്ന
കൊണ്ടൽ ചുരികുഴൽ ചുരുണ്ടു വിളങ്ങീടുന്ന
തൊണ്ടിപ്പഴങ്ങളം മങ്ങിമണ്ടിയൊളിക്കുമവളുടെ
ചുണ്ടിന്റെ ഭംഗിയതുകണ്ടു പെണ്ണാകിലുടൻ
രണ്ടുകൺമുനകളെക്കൊണ്ടു കടാക്ഷമതു
കണ്ടു പുരുഷന്മാർ വിരണ്ടു വശംകെടുന്ന
മല്ലീശരന്റെ പടവില്ലിൻ വിലാസമൊക്കെ
തല്ലിയമക്കുംകുന്ന ചില്ലിയുഗവും നല്ല
മുല്ലമുകുളംപോലെ പല്ലും മന്ദസ്മിതവും
ഉല്ലാസമേറുന്നൊരുനല്ലാർമണിജനങ്ങ-
ളെല്ലാമവളെന്നു നില്ലാതെ വണങ്ങേണം,
അല്ലാതെയൊന്നുമിന്നു ചൊല്ലുവാനെളുതല്ല

Digitized By Kerala Sahitya Akademi

ചൊല്ലേറുമവളുടെ കല്യാണകാലം വന്നു
നല്ലൊരു പുരുഷനു നൽകീടവേണമെന്നു-
ള്ളൊവ്വാവരോടും നൃപനുല്ലാസഭാവത്തോടേ
മെല്ലെന്നു ചോദിച്ചീടുക നല്ലകൗതുകത്തോടെ.

മട്ടുമാറി.

കുണ്ഡിനവാസികൾ ബോധിക്കേണം.
പെണ്ണിനു പത്തുവയസ്സു തികഞ്ഞു
മന്നിൽ പലഗുണമുള്ളൊരു പുരുഷനു
മന്മകളെ പ്രതിപാദിക്കേണം
ജാതിശ്രേഷ്ഠതമുമ്പിൽവരേണം
ജാതിഗുണങ്ങളിണങ്ങീടേണം
ശില്പവിധങ്ങളിൽ നിപുണതവേണം
കല്പനതങ്കലുറപ്പുംവേണം
കണ്ടാൽ നല്ലൊരു രൂപഗുണം പുന-
രുണ്ടായ്തുരികവിശേഷാവശ്യം
ധനസമ്പത്തും ഗുണസമ്പത്തും
ജനസമ്പത്തും ജയസമ്പത്തും
കനിവേറീടിനശാസ്ത്രജ്ഞാനവു-
മനുപമമായുധവിദ്യാവിധവും
കനിവും കാന്തിയുമതിസരസത്വവു-
മിനിയും പലഗുണമുണ്ടായ്തുരണം
കീർത്തികരം വേണം കുശലത വേണം
പൂർത്തികരം വേണം പൂജ്യതവേണം
ശത്രുജനത്തെയമർപ്പാനുള്ളൊരു
ശക്തിവിശേഷിച്ചുണ്ടായ്തുരണം
നാടകകാവ്യപുരാണാദികളിൽ
പാടവമവനുണ്ടായിവരേണം
തർക്കവ്യാകരണാദികളിൽ പെട്ട
കർക്കശബുദ്ധിവിചാരം വേണം
കവിതകരം കേൾക്കുന്നേരംതന്നെ
ചെവിയുള്ളൊക്കാനന്ദം വേണം
കവിടിക്രിയയിൽ വിദഗ്ദ്ധതവേണം
കവിയണമീവകമാറുള്ളവരെ
സംഗീതം പുനരധികം വേണം
ഭംഗിയിലോരോ കുശലതവേണം
വൈദ്യം വേണം ഗണിതംവേണം
വൈദികവിധി ബഹുമാനിക്കേണം
ദേവബ്രാഹ്മണവിശ്വാസത്തിനു
കേവലമവനൊരു പാത്രതവേണം
രത്നപരീക്ഷകനകപരീക്ഷ
യത്നം ചെയ്തു വരുത്തീടേണം
എന്തിനു പലവിധമുരചെയ്യുന്നു
ചിന്തിതമിനിയും പലവിധമുണ്ടു്.
സകലഗുണങ്ങളുമുള്ളവനെന്നുടെ
മകളെ വിവാഹം ചെയ്വാനുചിതൻ;
ഇങ്ങിനെയുള്ളവനവനിതലങ്ങളി-
ലെങ്ങാനും പുനരുണ്ടെന്നാകിൽ
അവനെ വരുത്തുവിനാദരവോടെ
അവനു കൊടുപ്പാൻ മടിയില്ലെന്നും
അല്ലാതുള്ളവരാരും മകളുടെ
കല്യാണത്തിനു യോഗ്യരതല്ല
മടിയന്മാരും തടിയന്മാരും
മുടിയന്മാരും കുടിയന്മാരും
ജരയന്മാരും ജരാന്മാരും
മൂണ്ടന്മാരു മുരണ്ടന്മാരും
ചെണ്ടക്കാരും ചെകിടന്മാരും
ശണ്ഠയിടുന്നൊരു ശുണ്ഠിക്കാരും
ശണ്ഠികരം നല്ല കഷണ്ടിക്കാരും
ദുഷ്ടവികൃതിനടക്കുന്നവരും
ദോഷ്ടപറഞ്ഞു നടക്കുന്നവരും
ദുസ്സാമർത്ഥ്യക്കാരും പലവക
ദുസ്സക്കം പറയുന്ന ജനങ്ങളും
ഏഷണിപറയുന്നവരും ചിലരൊട്ടു
ഭീഷണികാട്ടി വലയ്ക്കുന്നവരും
ദുഷ്ടനവാക്കുകരം ഘോഷിക്കുന്നൊരു
ദോഷന്മാരും വിഷമന്മാരും
ഇങ്ങിനെയുള്ളവരാരും മകളുടെ
മംഗലകർമ്മം മോഹിക്കേണ്ട
രുക്മിണിതന്നുടെ സോദരനാകിയ
രുക്മി പറഞ്ഞു പിതാവിനൊടപ്പോൾ:—
"കുറാം കൂടാതുള്ള നരന്മാർ
കുറയും ഭൂമിയിലില്ലെന്നുടെ താതാ!
ലക്ഷം മാനുഷർ കൂടുമ്പോളതി
ലക്ഷണമുള്ളതിലൊന്നോ രണ്ടോ
ഉടലതിരമ്യമൊരുത്തനു കാൽക്കൊരു
മുടവുണ്ടവനു നടക്കുന്നേരം
മറ്റൊരു പുരുഷൻ സുന്ദരനെങ്കിലു-
മൊറ്റക്കണ്ണനതായതു ദോഷം;

Digitized By Kerala Sahitya Akademi

ചെപ്പുകം പലതുണ്ടൊരുവനു കിഞ്ചിൽ
പൂപ്പുക്കണ്ണുണ്ടെന്നൊരു ദോഷം
കാഴ്ചക്കാരു ചിരിപ്പു തുടങ്ങും
ചെപ്പുള്ളവനും ചിതമല്ലല്ലോ
നല്ലൊരു വിദ്വാനവനുടെ വായിൽ
പല്ലുകളൊന്നും കാണ്മാനില്ല
പലഗുണമുള്ളൊരു പുരുഷനവന്റെ
തലമുടിയൊക്കെ നരച്ചു വെളുത്തും
തിലകക്കുറിയും ചൊടിയും കൊള്ളാം
തലയിലവനൊരു രോമവുമില്ല.
ശാസ്ത്രമശേഷം വശമൊരു പുരുഷനു
ഗാത്രംകണ്ടാലയ്യോ വികൃതം
ശ്രോത്രംരണ്ടും വെടിവെച്ചാലൊരു
മാത്രം പോലും കേൾപ്പാൻവഹിയാ;
വ്യാകരണങ്ങടെ വ്യാഖ്യാനങ്ങളു-
മാകത്തന്നെ മുഖസ്ഥമൊരുത്തനു
വാക്കിനു ഫലിതവുമുണ്ടവനല്പം
കാക്കക്കണ്ണുണ്ടെന്നൊരുദോഷം;
തക്കം പലതും കണ്ടവനൊരുവനു
വക്ത്തില്ല ശരീരം കണ്ടാൽ
മിക്കതുമൊരുവനു ലക്ഷം ശ്ലോകമൊ-
രിക്കൽ കേട്ടാലങ്ങു ഗ്രഹിക്കും;
വിക്കുകമുണ്ടതുപറവാൻ വഹിയാ
സൽക്കഥ വളരെയറിഞ്ഞൊരു ദേഹം
കകകക കംസൻ കികികികിക്കൃഷ്ണൻ
പുപുപുപു പൂതനയെന്നാം കഥയിൽ;
നല്ലൊരു ജാതിയിൽ വന്നു പിറന്നു
നല്ലൊരു ഗുപഗ്രണങ്ങളുമുണ്ടു
ഹരിയെന്നാദിയൊരക്ഷരമവനുടെ
യരികേ കൂടെപ്പോയിട്ടില്ലാ
പ്രൌഢതയെല്ലാം കണ്ടാൽതോന്നും
മൂഢതയല്ലാതവനറിവില്ലാ
ഗണിതഗ്രന്ഥം വൈദ്യവുമുണ്ടതി
ഗുണവാനെന്നു പ്രസിദ്ധന്താനും
ലോകതയെന്നതു കണികാമ്മാനി-
ല്ലേകനു ദോഷമതേകമസംഖ്യം
കണ്ടാൽ നല്ലൊരു പുരുഷനവന്നു
വേണ്ടാസനവും കോപവുമേറും

കണ്ടജനത്തൊടു ഗ്രുണികടിച്ചും
രണ്ടാംവാക്കിനു കേറിയടിച്ചും
മീശക്കൊമ്പും ലന്തക്കുഴലും
ദേശത്തേക്കൊരു മുമ്പും വമ്പും
ഊശാന്താടിയുമുള്ളവനങ്ങൊരു
കാശിനു പിടിയാ പടയിൽച്ചെന്നാൽ
പഞ്ഞികണക്കെ നരച്ചൊരു വ്വലനു
കഞ്ഞികുടിപ്പാനൊരുവകയില്ല
മുഞ്ഞിയതങ്ങിനെ മൂക്കുംതാടിയു-
മൊന്നിച്ചമ്പതുവഷ്മതായി
അക്കിഴവച്ചാക്കിനും പടകളിൽ
വക്കാണിപ്പാനൊരുകുറവില്ല
തോക്കുമെടുത്തു നടക്കുമതിനും
ചാക്കെന്നുള്ളതുമായാർക്കില്ല;
ഊട്ടുകളിൽ ചെന്നഷ്ടികഴിക്കും
പാട്ടും പാടി നടക്കുമൊരിക്കൽ
വീട്ടിലിരുന്നാൽ കടമുണ്ടാമതു
വീട്ടിക്കൊടുവാൻ മുതലും നാസ്തി;
അമ്മാവൻ പണ്ടക്ഷരവിദ്യയി-
ലെമ്മാത്രം പിടിപെട്ടൊരു ദേഹം
സമ്മാനക്കവിചൊൽവാനുചിതൻ
ഉമ്മാനും വകയില്ലെന്നല്ല
അമ്മാവിക്കും മക്കൾക്കും പല
സമ്മാനങ്ങൾ കൊടുത്തു പുലർത്തി
തിന്മാനില്ലാതിങ്ങിനെയാക്കിയ-
തമ്മാപാപിപിണച്ചൊരനർത്ഥം;
ഇങ്ങനെ പൂർവ്വന്മാരെക്കൊണ്ടൊരു
ഭംഗിക്കാരൻ ഭാഷിക്കുന്നു.
മാനും പലഗ്രുണമുണ്ടെന്നാലും
കൂറും വരുമിതു ഗ്രുനിന്ദകളാൽ
അടിയനിതൊക്കെ വിചാരിച്ചാലി-
ത്തടിയന്മാർ പലരുള്ളതിലിപ്പോൾ
മടിയാതൊരുവനു പെൺകൊടിയാളെ
ഝടിതികൊടുപ്പാൻ തോന്നുന്നില്ല,
ശിശുവാമെന്നുടെ സോദരിതന്നെ
ശിശുപാലനു കൊടുത്താൽ കൊള്ളാം;
ശിശിരാചലപതിതന്നുടെ മകളെ
ശിശുശശിചൂഡനുവേൾപ്പാൻ നൽകി

Digitized By Kerala Sahitya Akademi

ചേദിമഹീപതിയെന്നതുപോലെ
നന്നായ്ചുരുമവനോടിവൾ ചോന്നാൽ
വേദിയർ പലരും ബഹുമാനിച്ചു
ആദിയിലവനുടെ ജനനദശായാം
ജനനീഗർഭേനിന്നു ജനിച്ചുട-
നവനീഭോഗേ വീഴുനോരം
അവനീപാലനുമുന്നുഭുജങ്ങളു-
മവയവ ശോഭയുമെന്തുവിചിത്രം!
അവനുടെ വൈരിയൊരുത്തൻ ചെന്നു-
ങ്ങവനെക്കയ്യിലെടുത്തൊരു സമയേ
മൂന്നാംഭുജമതുസപദിമറഞ്ഞും
മുന്നുലകൊക്കെ നിറഞ്ഞൊരശ്ശും
അതിശയമുള്ളൊരു പുരുഷനവൻ പുന-
രതിബലവീര്യപരാക്രമശാലി
പ്രതിഭടപടലമശേഷമമപ്പാൻ
മതിമാനവനിഹമതിയാമൊരുവൻ,
മതിലും ഗോപുരമെന്തുമനോഹര-
മതിലും വിസ്തൃയമെഴുനിലമാടം
മതിയുടെ മണ്ഡലമതിലംഘിപ്പാൻ
മതിയുള്ളൊരു മഹാസൌധങ്ങളും
അതിരേകം ധനധാന്യസമൃദ്ധിയു-
മതിലൊരുപാതി നമുക്കില്ലത്രം;
അതിമാനുഷനവനവനീവല്ലഭ-
നതിസുന്ദരനവനതി സുകുമാരൻ
ഗതിയും നല്ലൊരു മതിയും രാജ്യ-
സ്ഥിതിയും ക്രീഡാരതിയും കണ്ടാൽ
ആഴൽപെടുമാസുരപതിയും ധനപതി
ജനപതിമാരും മാമുനിമാരും
മതിമുഖിയാകിനരുക്മിണിതന്നുടെ
പതിയാവാനുചിതൻ ശിശുപാലൻ.
ഇങ്ങിനെ നിന്നുടെ മാനസമെങ്കില-
തങ്ങിനെയെന്നു പിതാവരുൾചെയ്തു.
രുക്മിണിതന്നുടെ സഖിമാരക്കഥ
രുക്മിണിയോടും ചെന്നറിയിച്ചു:—
നരപതികന്യേ! നിന്നുടെ വേളി-
ക്കൊരുനരപാലനെവേസ്ഥവരുത്തി
ശിശുപാലൻ നിന്നുടെ ഭർത്താവാവാൻ
ശിശുപാലൻ താനെന്നും കേട്ട
മൂപ്പിന്നും പുനരെളമയുമങ്ങിനെ
കല്പിക്കുന്നതു പലരും കേട്ടു
നാളെക്കഴിയെവരാനായ്ക്കൽപ്പി-
ച്ചാളെയയച്ചു നിന്നുടെയച്ഛൻ
നീളെക്കേളിതുടന്നിതു മതിമുഖി-
യാളേ നിൻറെ വിവാഹവിശേഷം
മേദിനിപതികളിലഴകേറുന്നോ
വേദിമഹീശ്വരനെന്നും കേട്ട്
ഖേദിക്കരുതേ രുക്മിണി നിൻമന-
മോദിക്കേണമടുത്തു വിവാഹം.

മട്ടുമാറി.

ഉച്ചന്നമവർചൊന്ന പറഞ്ഞനേരംതന്നെ
വിഷണ്ണഭാവംപൂണ്ടു വിറച്ചുശശിമുഖി
തളർന്തനുലത വളർന്ന വിവശര-
ഗളിച്ചു കണ്ണുനീരിൽ കുളിച്ചു പനിനീരും
തളിച്ചു സഖിമാരും വിളിച്ചു രുക്മിണിയെ
എടുത്തു മടിതന്നിൽ കിടത്തി വിശറിയു-
മെടുത്തുമെല്ലെവീശി തുടങ്ങീതവരെല്ലാം
ആടങ്ങിയിരുന്നപ്പോൾ പറഞ്ഞു കണ്ണനീരും
നിറഞ്ഞുശക്തിപാരം കുറഞ്ഞുമതിമുഖി:—
വിരഞ്ഞുനിങ്ങൾചെന്നു തിരഞ്ഞുവെക്കമൊരു
സമർത്ഥൻഭ്രസുരനെ വരുത്തീടേണമിപ്പോൾ.
ഒരുത്തിയിതു കേട്ടു തരത്തിൽ പുറപ്പെട്ടു
പുരത്തിലന്വേഷിച്ചു വരുത്തിയരികില-
ങ്ങിരുത്തിഭ്രസുരനെ വണങ്ങിരുക്മിണിയു-
മിണങ്ങിവിപ്രനോടു പറഞ്ഞുപലമൊഴി
വേദിയേന്ദ്രാ! കേട്ടാലുംമേ ഖേദമുള്ളിലുള്ള
തെല്ലാം
സോദരനും താതൻതാനും മാതാക്കന്മാരും
മന്ത്രികളുംക്രൂടി മന്ത്രിക്കുന്ന പോലുമയ്യോ;
യന്ത്രികളെല്ലാരും നമ്മെവഞ്ചിച്ചീടുന്ന
അശുഭമൂർത്തിയായുള്ളൊരു
ശിശുപാലനുകല്പിച്ചുപോൽ
ശിശുവാമെന്നൊദ്വാനം ചെയ്വാൻ
ശിവശിവശംഭോ പറയൻകയ്യിൽ
പശുവെമേപ്പാൻപരിചിനോടേകുന്നപോലെ
പറയുന്നിന്നു കേൾക്കുന്നൊരു മാനുഷരെല്ലാം,
കരുണയില്ലെൻ മാതാവിനും ഗുരുവിനുംസോദര
ന്മാക്കും
മരണഖേദംപോലെഖേദംമനസിമേജാതം

Digitized By Kerala Sahitya Akademi

ക്ലേശം മതി മതി! മതിമുഖി! നിന്റെ നി-
ദ്ദേശം കേൾപ്പാൻ മമ കാവില്ല
കേശവനാണേ ശിശുപാലനെ ഞാൻ
മീശകരിച്ചു വിട്ടന്നുണ്ടതനേ;
കേശവനിങ്ങു വരുമ്പോൾ നൃപതികൾ
പൂശുകനെക്കണ്ടെലികൾകണക്കെ
നാശത്തിന്നവകാശം വരുമൊരു
വീശത്തിന്നും വിലപിടിയാത്തോർ;
ആട്ടക്കാരുടെ ക്രൂട്ടൊരുക്രൂട്ടം
ക്രൂട്ടക്കാരൊട്ട കൂടിവരുന്നൊരു
പേട്ടക്കാരെപ്പാടെ പിടിച്ചു-
ക്കോട്ടക്കാരനു വിരോധം പോവൂ
പാട്ടക്കാരു വിളക്കിനു മീതെ
പാടിച്ചുത്തു പതിക്കുമ്പോലെ
ക്രൂട്ടത്തോടേ ശിശുപാലാദിക-
ളൊട്ടൊഴിയാതെ നശിക്കുമിദാനീം
കേട്ടീടുകനീയടുകലവരെനെ-
ക്കൂട്ടിക്കൊണ്ടു വരുന്നതുവിധ ഞാൻ
ഒട്ടും താമസമില്ലനുമൊക്കൊരു
ക്രൂട്ടംവേണ്ട വഴിക്കരിവേണ്ട;
ഉൗട്ടുപുരയ്ക്കുള്ളത്തപ്പുകഴിക്കാം
പുട്ടുമെരിച്ചു നടക്കാം രാവും
കടയും പിന്നൊരു കാരിമുണ്ടും മതി
മടിയിലിരിക്കും വൊറിലപാക്കും
ഇടയിൽ തല്ല ചരിഞ്ഞു കിടപ്പാ-
നിടമുള്ളാൽത്താകേറിക്കൊള്ളാം
മടിയിലിരിക്കും വൊറിലപുകയില
പടലോടയത്തും നേരത്തേതും
മടിക്കൂടാതെയിരന്നും തിന്നാ-
മതിനൊരു സംശയമില്ല നമുക്കു;
സഞ്ചിയെടുക്കാൻ ചെക്കൻപോന്നാൽ
സഞ്ചാരത്തിനസഹ്യതയുണ്ടാം
സഞ്ചിക്കാരനു ചോർകിടയാഞ്ഞാ-
ലിഞ്ചിക്കാരനവൻ താനപ്പോൾ
പൂണൂൽക്കാരനുവാട്ടുടത്തും
ഉൗണുകഴിപ്പാൻ തടവില്ലേതും
ചെക്കനു ചോറുകൊടുക്കരുതെന്നുവി-
ലക്കുമടുക്കളവെക്കുന്നവരൊട്ടു

കരുണാസിന്ധുകാവുണ്ണന്റെ ചരണപങ്കജങ്ങൾ
രണ്ടും
ശരണംതന്നൊരുക്മിണിക്കായ്വരണമി
ക്കാലം
പാരാതെനീഭ്രമിദേവിദ്വാരാവതിതന്നിൽ
ചെന്നു
നാരായണനോടെൻ മോഹം ബോധിപ്പി-
ക്കേണം
വാരിജാക്ഷാനീയല്ലാതെ പാരിലാരുമില്ലാധാരം
ദാരികയാംരുക്മിണിക്കെന്നായിച്ചീടേണം;
വൃഷ്ണിവംശേശോഭിക്കുന്ന കൃഷ്ണനാലിനിക്കേ
തുഷ്ണമേന്മേൽ വരിക്കുന്നുത്തമപുരാധീശാ
വരനായിട്ടെൻ ഗോവിന്ദനെ
വരണം ചെയ്വാൻ കൂടില്ലെങ്കിൽ
മരണം തന്നൊരുക്മിണിക്കെന്നായിച്ചീടണം
മാരനാകും വീരൻ തന്റെ ക്രൂരമുകൾകൊണ്ടു-
കൊണ്ടു
പാരമയ്യോ കേണീടുന്നു രുക്മിണിയെന്നു
ഉണ്ണാനില്ലുറക്കമില്ല കാണിനേരംവെളുപ്പുമില്ല
പ്രാണനാഥ! ശൗരെ! നാഥ! പാഹിമാമിതി
കേശവാനിന്നടെ രൂപം കേശാദിപാദാന്തം
കാന്തം
ചൈശവേ ഞാൻ രണ്ടായോന്നുമോരുന്നതനെ-
ന്നും
ആശയംപോലാരിലുമില്ലെ ആശയില്ലെവാസുദേവ!
ആശ്രിതവത്സലനിന്നെന്നാനിയുമെന്കാന്തനായ്
കൃഷ്ണനാകുംശിശുപാലൻ കണ്ടരികത്തെന്നെ-
യെന്നു
കൊണ്ടുപോകണം നീ കൃഷ്ണ വിരവിനോടെന്നും
ഇപ്രകാരമെല്ലാം ചെന്നു ക്ഷിപ്രമങ്ങുബോധി
പ്പിക്ക
വിപ്രദേവാനിന്നെത്തന്നെ വിശ്വസിക്കുന്നേൻ

മട്ടുമാറി.

രുക്മിണിതന്നുടെ വാക്കുകളിങ്ങനെ
രുചിതമിതെന്നൊട്ടു കേട്ടൊരു വിപ്രൻ
രുക്മിണിനിന്നുടെ മനസിവസിച്ചൊരു
രുചിപുനരധുനാ സാധിച്ചീടും
വരിചൊട്ടു ശിശുപാലന്റെ മുഖത്തൊരു
കരിതേപ്പിപ്പാൻ ഞാൻ മതിരുക്മിണി!
കാമ്മുകിൽ വണ്ണനെ വിരവിനൊടുംചെ-
ന്നാരുവയർ മണിയേ! കൊണ്ടിഹ വരുവൻ

Digitized By Kerala Sahitya Akademi

വക്കാണത്തിനു വട്ടം കൂട്ടിന-
ടക്കും നമ്മുടെ ചന്ത്രക്കാരൻ;
നായന്മാക്കും ചോറുകൊടുപ്പാൻ
കോയിമ്മയ്ക്കുമ സമ്മതമല്ല;
പട്ടന്മാരുടെ സദ്യകഴിഞ്ഞാൽ
കിട്ടും ക്ഷേണമെന്നുണ്ടൊരു വക
പട്ടിണിയിട്ടുപതിറടിയോളം
പാത്തുടേന്മാർ പാടുപെടുന്നു;
ഞച്ചികം വന്നു വിളിച്ചെന്നാകിലൊ-
ളിച്ചുകൊടുക്കും ചോറും കറിയും
വച്ചുമിക്കതുമെത്തുമ്പോളില-
വെച്ചുടങ്ങും നായന്മാക്കു;
കഞ്ഞിയൊഴിച്ചൊരു കറിയുണ്ടാക്കും
വെള്ളമൊഴിച്ചൊരു മോരുണ്ടാക്കും
ചട്ടമിവണ്ണമടുക്കളവെയ്ക്കും
പട്ടന്മാക്കതു മാറുകയില്ല;
പൊട്ടന്മാരെയെടുത്തു മറിപ്പാൻ
പട്ടന്മാക്കതിരാരും പോരാ;
പിള്ളേർ കൂടെപ്പോന്നാലവരുടെ
പള്ളവിശന്നു നടക്കേയുള്ളു.
നല്ലതുതാനേ കൂടയുമെടുത്തിനി
വല്ലതുമങ്ങുതിരിക്കനമുക്കു

മട്ടുമാറി.

യദുവരനിലതികുതുകമിയലു മവളോടുടൻ
യാത്രയും ചൊല്ലിപ്പുറപ്പെട്ടുഭൂസുരൻ;
നഗരികളുമടവികളുമചലതടഭാഗവും
നാടും കടന്നു നടന്നു ചെന്നങ്ങിനെ
കടലുടയതടനികടഭുവിഝടിതിചെന്നവൻ
കപ്പലേറിക്കടന്നക്കരെച്ചെന്നുടൻ
കനകമണിഭവനശതമനഘമണിമാടങ്ങ-
ളങ്ങാടിവാടി പൂങ്കാവും പുരങ്ങളും
മണിയറകളണിയറകളനവധി ധനങ്ങളും
മാണിക്യവൈഡൂര്യപത്മരാഗങ്ങളും
തെരുവുകളുമിരുപുറവുമൊരു കുറവുക്രടാതെ
തെങ്ങും കവുങ്ങും പുലാവു ചൂതങ്ങളും
മതിലുകളുമതിലു പരിമരതകപുരങ്ങളും
മാടമഞ്ചങ്ങളും മാളികാജാലവും
ഇവപലതുമവനിസുരനഴകിനൊടുകണ്ടുട-
നിന്നിരാകാന്തന്റെ മന്ദിരേ ചെന്നുടൻ
പരിചിനൊടുനരകരിപുസതതമപിവാഴുന്ന
പള്ളിമാടം കേറിയങ്ങു ചെല്ലും വിധൌ
വിരവിനൊടുമുരമഥനനരികിലഥവന്നുടൻ
വിപ്രനെപ്പൂജിച്ചു സല്കരിച്ചാദരാൽ
രചിതസുഖമതി സുമുഖനവനിസുരനെത്തദാ
രത്നസിംഹാസനത്തിലിരുത്തീടിനാൻ;
അതികുശലമതിസുഗ്രണമവനിസുരപുംഗവാ!
ആഗമിപ്പാനുള്ള കാരണം ചൊൽകെടോ
കടലുടയനടുവിലിഹമമനഗരമിന്നുനിൻ
കാൽപ്പൊടികൊണ്ടഹോ ശുദ്ധമായീവിടേ!
വിമലതരഗുണമുടയവിനയഗുണശീലരാം
വിപ്രരല്ലോ നമുക്കീശ്വരന്മാർ സഖേ!
അതിസരസമഖിലപതിവചനമതുകേട്ടട-
നാനന്ദമോടേ പറഞ്ഞു ഭൂമീസുരൻ
വല്ലവിമാരുടെ വല്ലഭനോകൃഷ്ണ
മല്ലരിപോ! ഭഗവൻ ശ്രീ
മല്ലവിലോചന!പാപവിമോചന!മാമകവാക്യ
കർണ്ണിനമന്ദിരേനിന്നുവരുന്നുഞാ- [മിദം
നണ്ഡജവാഥന കേളൊരു പെണ്ണിന്റെ
ടുതുപറവാനൊരുമ്പെട്ടവന്നിതു നന്ദസുത!
കണ്ണിന്റെകായ്മം വരുത്തണമെങ്കിലാ
പെണ്ണിന്റെ രൂപഗുണം കാണ്മാൻ
ദണ്ഡിച്ചുകൊള്ളേണമേവനെന്നാകിലും
ഖണ്ഡിച്ചുചൊല്ലാമിദം
മണ്ണിലും വിണ്ണിലും മറവുള്ളലകിലും
മേവുന്നസുന്ദരിമാരിന്നു
കണ്ഡിനഭൂപന്റെ നന്ദിനിയാകുമ-
പ്പെണ്ണിനെക്കുമ്പിടേണം;
ഉർവ്വശി മേനക രംഭ തിലോത്തമ
മുമ്പായനാരിമാരുമിപ്പോ-
ളുർവ്വീശപുത്രിയെക്കണ്ടുവെന്നാകി-
ലൊളിച്ചുനടക്കേയുള്ളു,
നീണ്ടങ്ങിരുണ്ടുചുരുണ്ടതലമുടി
കണ്ടാൽമനോഭിരാമം വ്രി-
വണ്ടിന്റെ വർണ്ണവും മണ്ടിയൊളിച്ചൊരു
കണ്ടിൽപതിക്കയുള്ള
തൊണ്ടിപ്പഴത്തിനങ്ങിണ്ടൽവളക്കുന്ന

Digitized By Kerala Sahitya Akademi

ചുണ്ടിന്റെ ശോഭകളും കണ്ണു
രണ്ടിന്റെ ഭംഗിവിലാസങ്ങളും
നല്ല ചില്ലികളും വില്ലാട്ടവും
പൂർണ്ണശശാങ്കനെയുറ്റുണ്ണും ജയിക്കും
മുഖാംബുജസൌന്ദര്യവും
രാഹമപ്രകാശവുമംഗപ്രകാശവുമെത്രമനോ
പങ്കജമൊട്ടിനോടങ്കം പൊരുതു [ജ്ഞമഹോ
ജയിപ്പാൻ വിരുതുംകെട്ടിമാവിൽ
കൊങ്കകളംവന്നുടനംകുരിച്ചീടുന്ന
പങ്കജനാഭോ വിഭോ!
പഞ്ചശരൻതന്റെ പഞ്ചശരങ്ങളെ
അഞ്ചാതെകയ്യിലാക്കിവന്ന
സഞ്ചരിച്ചീടുന്നകാമുകന്മാരുടെ
നെഞ്ചുപിളർന്നീടുവാൻ
പങ്കജബാണനശേഷന്യുപന്മാരെ
ശിക്കികളിപ്പിക്കുന്ന ഒരു
ശങ്കയില്ലെ ഭാവം തങ്കലേക്കല്പന
കേൾപ്പാനൊരുമ്പെട്ടു;
രുക്മിണിയെന്ന ചൂകഴ്ന്നോരു പെണ്ണിന്റെ
സോദരനല്ലൊരുവൻ ദുഷ്ടൻ
രുക്മനെന്നിങ്ങനെ പേരുള്ളവനൊട്ടും
നേരില്ലേ നാരായണ!
മൂഢനായുള്ളശിശുപാലമന്നന-
ക്കന്യകാദാനം ചെയ്വാൻ അതി
ഗൂഢപ്രയത്നം തുടങ്ങീ മഹാശാൻ
ക്രൂടപ്പലരുമുണ്ടു്
അച്ഛനമമ്മയ്ക്കുമിച്ഛയില്ലെങ്കിലു-
മായതുസമ്മതിപ്പാൻ, വഴി
വെച്ചുപാലിച്ചതിൽ ക്രൂട്ടിച്ചുമച്ചുതി
കുശലൻ മൂഢനവൻ
അക്കഥകേട്ടിട്ടു ദുഃഖിച്ചിരിക്കുന്ന
രുക്മിണിതാനുമഹോ! ഒരു
തക്കത്തിലെന്നെപ്പറഞ്ഞുനിയോഗിച്ചു
നിന്നോടുണർത്തീടുവാൻ
രാമസഹോദര! നിൻഗുണമൊക്കവേ
കെട്ടവർമുമ്പേതന്നെ, പാരം
കാമപരവശയായ് മരുവീടുന്ന
കാമിനീരുക്മിണീതാൻ
ഗോവിന്ദമുകുന്ദമുരാന്തക!

ഗോപാലഹരേ! മധുസൂദന!
നീ വന്നുവിവാഹം ചെയ്യണ-
മേവമവൾക്കഭിമതമുന്നാ
കരുണാകര! മാധവ! നിന്നോടെ
ചരണാംബുജയുഗളമവൾക്കൊരു
ശരണംഭവി ശശിബിംബാനന!
വരണംചെയ്തതിനുന്നാ നീ
വരണം മേ രുചിരംവിരവൊട്ട
മരണംവരുമല്ലെന്നാകിൽ മറ്റൊരുഗതിയില്ല
മധുസൂദന! ബോധിച്ചാലും [നമുക്ക
ഉറവതും വിപരീതം നമ
പ്പെറമ്മയുച്ചനമേവം
കുറാംവരുമവരറിയുമ്പോൾ
കുടിലന്മാരവരെല്ലാരും
തെറ്റെന്നഹരിക്ക ഹരേഗ്രണ-
മോരാം വരുമതുചെയ്തന്നാൽ
ശിശുപാലജരാസന്ധാദികളുഗ്രന്മാർ
നോക്കിയിരിക്കെ ശിശുവാമൊരുമറി-
മാൻപേടയെ പഞ്ചാനനനെന്നതുപോലെ
വന്നഹരിച്ചീടുകവിരവൊട്ടു
വരഗ്രണഗണഭ്രഷ്ണ ഭഗവൻ
എന്നിങ്ങനെ രുക്മിണിചൊന്നതു
വന്നിഹഞാനുരചെയ്തുന്നേൻ
വാളുടെ ഹൃദിവിവശത ശിവ! ശിവ!
അവയവമതിയായി മെലിഞ്ഞു,
നവശശികലപോലേകശതനു
തവവിരഹംകൊണ്ടുതളർന്നു
ഊണില്ല ഉറക്കവുമില്ലാ
ഉരിയാട്ടവുമൊന്നുകുറഞ്ഞു;
കാണുന്നനമുക്കുംചേതസി
കളിയല്ലവിഷാദമനേകം
നിന്നുടെയുടലടിമുടിപരിചൊട്ടുനിരൂപി-
ച്ചൊരുനെടുവീർപ്പുകളും
ഖിന്നതയും പറവതിനിഹപണി
നിന്നുടെകൃപതാനിഹശരണം.

ധരണീസുരേന്ദ്രനുടെ സരസവാക്കുകൾകേട്ട
തരസാ സന്തോഷത്തോടേ നരകാരിയരുൾ
ചെയ്തു



Digitized By Kerala Sahitya Akademi

പിണ്ഡംവെപ്പാനാളുണ്ടാക്കുക
ദണ്ഡമതാംധനമില്ലെന്നാകിൽ!
സുതനുണ്ടെന്നാലവനിഹതന്നുടെ
പിതൃപിണ്ഡത്തിനുമടിയുണ്ടാമോ?"
വേളികഴിപ്പാൻ മുതലില്ലാത്തൊരു
വേദിയനുണ്ടോ സുതനുണ്ടാവൂ?
ഇത്തരമവനിസുരനും കൃഷ്ണനു
മുത്തരമുത്തരമുരചെയ്യുടനേ
സത്വരമഥരഥമേറിനടന്നു
ഖിത്തരസേനവനങ്ങൾകടന്നു
ബ്രഹ്മജവാഹനനാകിയ ഭഗവാൻ
കുണ്ഡിനനഗരം പ്രാപിച്ചുടനേ
കുണ്ഡിനനരപതിഭീഷ്മകനപ്പൊട്ട
കുണ്ഡികതന്നിൽ നിറച്ചൊരുജലവും
ധൂപം ദീപം കുസുമം ചന്ദന
ലേപനമെന്നിവയാൽ പൂജിച്ചും
ശ്രീപതിയെബ്രഹ്മാനിച്ചുഴകൊട്ട
ഭൂപതിദീർഘനമസ്കൃതിചെയ്തു;
കാഞ്ചനമണിഗണ ശോഭിതമാംമണി
മഞ്ചം തന്നിലിരുത്തിവണങ്ങി
വിപ്രൻചെന്നഥ രുക്മിണിയോടും
സുപ്രിയമാകിയ വചനംചൊല്ലി
രുക്മിണീഗ്രഹം തവ രുക്മിണീ
രുക്മിണീസോദരീ നിൻറെരുചിതം സാധു-
വായ്ക്കുന്നു
സുകൃതത്തിന്നൊരനുപമാനുഭവംമേലിൽ-
രുക്മിണീ
ദ്വാരകാപുരിതന്നിൽ പാരാതെയകംപുക്കു
നാരായണനെക്കണ്ടു നലമൊടുഞാനും —
രുക്മിണീ
സുന്ദരാംഗനേ! നിൻറെ സന്ദേശമറിയിച്ചു
സന്ദേഹമിനിവേണ്ടസാരസനയനേ!—
രുക്മിണീ
നമ്മുടെമുഖേനിന്നനിന്നൊഴിശ്രുവിച്ചപ്പോൾ
മന്മഥാത്തിപൂണ്ടേറെറം മയങ്ങിഗോവിന്ദൻ—
രുക്മിണീ
ചന്തമോടിന്നനിൻറെചാരുരൂപസൌന്ദര്യം
ചിന്തിച്ചുപുറപ്പെട്ടചിരം താനേനാഥൻ—
രുക്മിണീ

വരുവാണിരുക്മിണിയെ വിരവോടുചെന്നു
കണ്ടു
വരുവാനെനിക്കുമോഹം പെരുതായുള്ളൻറിട്ടന്നു;
സുരതാപംവളരുന്നു പെരുതായിടുന്നുപണ്ടേ
സുരിച്ചുംകൊണ്ടുപ്പോഴും ഞാനിരിക്കുന്നുഭൂമി-
ദേവ
തെരിക്കെന്നുചെന്നു ഞാനും വരിക്കുന്നനേരം-
കണ്ടു-
ങ്ങിരിക്കുന്നരാജാക്കന്മാരൊരിക്കലേകോപ-
ത്തോടേ
ആട്ടുത്തുകൈകളിൽവില്ലുമെട്ടുത്തുസായകങ്ങളും
തൊട്ടുത്തുവലിച്ചുവന്നുതടുത്തുവെന്നാകിൽഞാനും
മടങ്ങുകയില്ല യുദ്ധം തുടങ്ങുമന്നേരമവർ
മടങ്ങുംന്യായമാരെല്ലാമൊടുങ്ങുമെന്നതേവേണ്ടൂ;
ഒട്ടുക്കംരാജാക്കൾമണ്ടിത്തിരിക്കും ബ്രാഹ്മണ
രെല്ലാം
ചിരിക്കുമന്നേരംനാണിച്ചിരിക്കുംസംശയം
"കൊണ്ടാടാരുക! തേരും കുതിരകളും [വേണ്ടാ
വണ്ടിനടപ്പാനടിക്കുട്ടീടുക
രണ്ടോമ്പടിമാർമാത്രം, മതിപുന-
രുണ്ടാമാളുകൾ പെരുവഴിതോറും
തേരിൽകേറുകവിപ്രാ! താനിനി
നേരംപാങ്ങുപറഞ്ഞു ഗമിക്കാം
തേരിൽനമുക്കു കരേറുകവിഷമം
തേരിൽനടന്നൊരു പരിചയമില്ലാ
നമ്മുടെപാണിപിടിച്ചുകരേറുക
സമ്മതമെങ്കിലതങ്ങിനെചെയ്യാം;
തേരിഹതെരുതെരെയോട്ടേന്നരം
തേരിലുറച്ചിഹനില്പാൻവിഷമം
"കൊടിമരമാഞ്ഞുപിടിച്ചുമുറുക്കി
പ്പടിമേൽവന്നുവസിക്കുതായോ!
കൊടിമരമിളകിമുറിഞ്ഞെന്നാകിൽ
പൊടിയാമെന്നുടെ ദേഹമശേഷം
മരണഭയംപുനരെന്തിനുവിപ്രാ?
നരനുവിനാശം നിശ്ചയമല്ലോ
പത്തുപണത്തിനുമുതലില്ലാതെ
പത്തുമറിഞ്ഞാലെന്തിനുകൊള്ളാം.
പത്തമനുഷ്യനു വിത്തംകൊണ്ടൊരു
കൃത്യമുണ്ടോ പൃത്ഥ്വീദേവ!

Digitized By Kerala Sahitya Akademi

കണ്ഡിനപുരംതന്നിൽവന്നാനിന്നുടെകാന്തൻ
കണ്ണിതംകളകനീ കേവലയനയേ!

രുക്മിണീ

ഭ്രസുരവരനുടെവാക്കുകളിങ്ങനെ
ഭോസുരസുധൈമാട്ട കേട്ടൊരുസമയേ
ഭ്രമിപനന്ദിനിഘനഭരമോടാൽ
ഭ്രമിയിൽവീണാവണങ്ങിച്ചൊനാനാൾ:—
ആത്മോപകാരം ചെയ്തഭവാനൊരു
പ്രത്യുപകാരം ചെയ്തതിനിപ്പോൾ
ക്ഷിതിതലമുടനുടകം ചെയ്താലും
മതിയാമെന്നാ തോന്നുന്നില്ല;
കൈതൊഴുകെന്നേ മറ്റാരു ദാനം
ചെയ്തു കടത്തെയൊഴിപ്പാൻ വിഷമം
കൈതവമല്ലിതു നിന്തിരുവടി മമ
ചെയ്തുപകാരമസാരവുമല്ല
അറിവുള്ളോരുനീ ചെയ്തുപകാരം
മറവില്ലെന്നുടെ മനസി മഹത്വം
കുറവില്ലിനി മമ കാര്യ്യമശേഷം
തിരമൊടു സാധിച്ചീടും ഭ്രസുര!"
കന്യകചൊന്നതു കേട്ടുരചെയ്താൻ
ധന്യത പെരുകിന ധരണിസുരേന്ദ്രൻ
നിന്നുടെ കൃപയുണ്ടെന്നാലതുകൊ-
ണ്ടെന്നുടെജന്മം സഫലമിദാനീം
അന്തഞ്ജനവും ഞാനും നമ്മുടെ
ബന്ധുക്കളുമടിയാർ കൂടിയാരും
സന്തതിയും ബ്രഹ്മസ്വവുമെല്ലാം
സന്തതമിഹതവ താതനധീനം.
ഇല്ലത്തെച്ചിലവിനു നെല്ലുംപണവുമിവ-
യെല്ലാമിക്കോയിക്കൽനിന്നല്ലോ കൊണ്ടുപോ-
കുന്നു
അല്ലാതൊരാശ്രയവുമില്ല രുക്മിണി!നിങ്ങ-
ളില്ലാതൊരാധാരവുമില്ല നമുക്കുപിന്നെ
വല്ലോരാവശ്യത്തിങ്കൽവല്ലോരോട്ടംപോദിച്ചാ-
ലില്ലെന്നവർ നമ്മോടു ചൊല്ലുകയുമില്ലിപ്പോൾ
തെല്ലുപേടിയുണ്ടവക്കെല്ലാമീ നമ്മെയാ
വല്ലാത്ത ദേഹമൊരുവല്ലന്തിപ്രയോഗിക്കും
നമ്പൂരിയച്ചനോടു വാനുടങ്ങീടൊല്ല
തമ്പുരാൻതന്നെതിരുമുമ്പിൽനിൽക്കുന്നദേഹം
തമ്പുരാൻ തന്നിക്കുമീ നമ്പൂരാരായിച്ചാ-
ലമ്പോടെ കല്പിപ്പാനൊരു തരിമ്പും സംശയമി
എന്നുള്ള ബഹുമാനമിന്നും നമുക്കു മതി-
മെന്നും കുറവില്ലുതുതന്നെ നമുക്കുവേണ്ടു.
സദ്യശ്രമിപ്പാൻ പോകുന്നിന്നിതാ-
നദ്യനമുക്കില്ലവസരമൊട്ടും
വിദ്വാന്മാരേസ്സുമ്മാരിപ്പാൻ
വിദ്വാന്മാക്കേ എളുതാവുള്ളു;
ഇങ്ങനെ രുക്മിണിയോടു പറഞ്ഞുട-
നങ്ങുഗമിച്ചാനവനിസുരേന്ദ്രൻ.

രുക്മിണീ സ്വയംബരം
ഒന്നാംകളം സമാപ്തം.

# രുക്മിണീ സ്വയംബരം

## രണ്ടാംകളം.

അക്കാലത്തദ്വാരകതന്നിൽ
ചൊൽക്കൊണ്ടീടിന ബലഭദ്രൻതാൻ
ചക്രായുധനെക്കാണാഞ്ഞഥ കാ-
വൽക്കാരൊടു വക്കാണവുമേശി
നമ്മുടെ സോദരനെങ്ങുഗമിച്ചു?
നമ്മെയൊളിപ്പാനെന്തവകാശം?
നിങ്ങടം ഗ്രഹിക്കാതൊരു ദിശിപോവാൻ
സംഗതിയില്ലതിനില്ലവിവാദം
പരമാത്മം പറയാഞ്ഞാൽ നിങ്ങടെ
ശിരസികലപ്പപതിപ്പിപ്പൻഞാൻ
ഇന്നാലെയസ്സമയത്തിനുമുമ്പേ
നന്ദകുമാരനെയിവിടെക്കണ്ടു
രാവെങ്ങാനും പോയെന്നാലീ
നായന്മാരിവരെന്തറിയാഞ്ഞു?
കള്ളന്മാരിവർ മൂക്കോളംബത
കള്ളുകുടിച്ചുകുടിച്ചുമയങ്ങി
തൊള്ളതുറന്നു മലച്ചുകിടന്നാ ട-
നുള്ളൊരു കാലമുറങ്ങുവതിന്നോ

Digitized By Kerala Sahitya Akademi

നിങ്ങളെയിവിടെക്കാവലിനാക്കി?
നിങ്ങടെ നാശമടുത്തിഹകൂടി
ഇങ്ങനെയുള്ള ജളന്മാരില്ലാ-
തിങ്ങൊരു ഭൃത്യരുമെത്തുന്നില്ല
തിന്നുമുടിപ്പാനിങ്ങനെയൊരുവക
വന്നുപിറന്ന നമ്മുടെ നാട്ടിൽ
ഒന്നിനുകല്പിച്ചാലതുചെയ്യാ-
നൊന്നിനുമില്ലൊരുണർവ്വതിപ്പോൾ.
തന്നുപുലർത്തുന്നവരെവണങ്ങണ-
മെന്നുള്ളതുമിവരറിയുന്നില്ല;
തങ്ങടെതങ്ങടെ സാമർത്ഥ്യംകൊ-
ണ്ടങ്ങിനെ ചെലവു കഴിച്ചീടുന്നതു-
മെന്നൊരുഭാവമിവക്കുണ്ടായതു-
മൊന്നുകലമ്പുംനേരത്തറിയാം.
പട്ടിണിരണ്ടു കിടക്കുന്നേരം
പട്ടികളേക്കാൾ പരവശഭാവം
കാട്ടിനടക്കും കുറുംതീന്നാൽ
ഗോഷ്ടികളും മുന്നേപ്പോലെതുടങ്ങും;
ശണ്ഠകളിട്ടു ശകാരിച്ചാലൊരു
കുണ്ഠിതമെന്നതുമില്ലാതായീ
കണ്ടാലറിയാത്താളുകളുടനടി-
കൊണ്ടാലറിയും പണ്ടൊരുകാലം
കൊണ്ടാലും പുനരറിയാത്തവനെ-
ക്കൊണ്ടൊരു വേലയെടുപ്പിക്കാമോ?
കണ്ടകവാക്കുകളും പറയുന്നാവനിവ
ചെങ്കിടക്കാരനതെന്നുവേചിക്കും
കംസാന്തകനവനെങ്ങനുള്ളതു
സംഗതികളുമറിഞ്ഞുകഥിപ്പിൻ!
സംശയമില്ലതു ചൊല്പിഴചാൽ
വംശമൊടുക്കും ബലഭദ്രൻഞാൻ.
ഇങ്ങിനെ ഭഗവാൻ നീലാംബരനഥ
തിങ്ങിനകോപാലരുണം ചെയ്യുമ്പോൾ
ഭീതനതാമൊരു ദൂതൻ വിരവൊടു
കൈതൊഴുതുര ചെയ്താനുടനേരം.
ഇന്നലെ നിശി ശശിയുടെ ബിംബ-
മുദിച്ചുവിളങ്ങുന്നേരം
പന്നാനൊരു കുടയും നല്ലൊരു മേ-
ല്പുടവയുമായൊരുവൻ

നന്ദജനുടെമണിമാളികമേൽ
ചെന്നുകരേറിയിരുന്നു
വന്നതിനുടെ കാരണമാരണ-
നന്ദജനുപനോടറിയിച്ചു
കുണ്ഡിനപുരിതന്നിൽ വിളങ്ങിന
കുണ്ഡിർമതിമുഖിരുക്മിണിയാം
പെണ്ണിനുടേ ഗുണഗണമഖിലവു-
മാശു പറഞ്ഞറിയിച്ചു,
സോദരനും ജനനിയുമച്ഛനു-
മിച്ഛമറിച്ചുതുടങ്ങി.
സാദരമഥ ശിശുപാലനു
കൊടുക്കണമെന്നവർപക്ഷം
ആയതുകേട്ടാധിപിടിച്ചവ-
ളെന്നെയയച്ചിതു ഗൂഢം
ആയതമിഴിയാകിയ രുക്മിണി-
യെന്നറിയിച്ചിതു വിപ്രൻ
ദാരുകനെ വിളിച്ചുപതുക്കെ
യുറക്കമുണർത്തിമുകുന്ദൻ
തേരുമവിടാശ്രുവരുത്തിയൊ-
രുത്തിനിമിത്തമതെല്ലാം
അവരിരുവരുമൊരുമിച്ചുപൊടു
ചെന്നഥ രഥവരമേറി
അവളുടെ കഥ കഥനംചെയ്തു
കളിച്ചുരസിച്ചുതിരിച്ചു
ആടിയനുമതുകണ്ടിഹ നിന്നിതു
മിണ്ടുകിലപ്പൂതനപ്പോൾ
നാടിക്കുട്ടമതിനൊരു സംശയ-
മങ്ങുഭവിക്കയുമില്ല.
ഇങ്ങിനെയവരങ്ങുഗമിച്ചു
കുണ്ഡിനനഗരംനോക്കി
ഇങ്ങിനെ പരമാത്മ്മിതിൽപര-
മൊക്കെ വിചാരിച്ചാലും.
ഇത്തരമവരുടെ മൊഴികളും പല വഴികളും
പരമാത്മമറിഞ്ഞിടവേ
സത്വരമുടനഥഹലധരൻ ഭുജബലധരൻ
പുരുഷോത്തമ പൂർവ്വഭവൻ
യദുകുലപതികടെ പടകളും ഗജഘടകളും
നലമേറിന മന്ത്രികളും

Digitized By Kerala Sahitya Akademi

നഖമൊടു ബഹുജനപതികളും കുലപതികളും
പലരോടിടചേന്നനടേ
ചിന്തിച്ചു ചിരകാലം ചിന്തയിലിയലുനാ
രോവമരുംചെയ്തു
ആരാനും അറിയുന്നോ ആരും ഗ്രഹിയാതൊ
പോയി മമ സഹജൻ
വൈദർഭീവരണാത്ഥം വൈരികൾ മരു-
വുന്ന കണ്ഡിനംപുക്കു
കുണ്ഡന്മാർ കുടിലന്മാർ കുമതികൾ പലരും
കൊതിച്ചിരിക്കുന്നു
കണ്ഠാടൻ ശിശുപാലൻ കണ്ണൻ കുരുപുംഗവൻ
ജരാസന്ധൻ
അമ്മനേരം അനുജൻതാൻ അരുവയർമണിയേ
സ്വയം ഹരിക്കുമ്പോൾ
എല്ലാരും എഴുനേല്ക്കും വില്ലംശരവുംതൊട്ടുള്ള
പടയുടരും
ബാലൻമേ സഹജൻതാൻ ബന്ധുവിഹീനൻ
വലഞ്ഞുപോകില്ലല്ലീ!
നാട്ടിലിരിക്കും നായന്മാരെ
കൂട്ടിസ്വരുപിച്ചീടുക വിരവൊട്ട
കൊട്ടിഗ്ഘോഷിച്ചാത്തുവിളിച്ചു
കൂട്ടിക്കൊണ്ടുവരേണമിദാനീം
ആയുധപാണികളായിട്ടനവധി
നായന്മാരുമമാത്യന്മാരും
കാര്യസ്ഥന്മാരെജമാന്മാ-
രായിരമായിരമാൾക്കധിപന്മാർ
പട്ടാണികൾ പല കുതിരക്കാരും
കൊട്ടപ്പടിയിൽ കാവൽക്കാരും
കാട്ടാളന്മാർ മുക്കോപ്പരിഷകൾ
കൊട്ടക്കാരന്മാരും പലവക
നസ്രാണികളും ജോനകർ പത്തുസ-
ഹസ്രാധികമിഹവന്നീടേണം
നീലാംബരനുടെ ശാസനയിങ്ങിനെ
നീളെനടത്താനാദരവോടെ
ഭൃത്യന്മാരെയയച്ചുവെക്കമ-
മാത്യന്മാരിലധിപൻസാത്യകി
കല്പനപറവാൻ കഴിവില്ലാത്തവർ
കെല്പൊട്ടുനാട്ടിൽ നടന്നുപറഞ്ഞു;

കേട്ടവർകേട്ടവർ വരവുതുടങ്ങി
കൂട്ടമിരുന്നു പറഞ്ഞുതുടങ്ങി
"നായന്മാരെ വരുത്താനെന്തോ-
ന്നായതു താനതുകേട്ടോ കൂവേ"?
"കല്പനയെന്നതു മാത്രംകേട്ട അ-
തിൽപരമുള്ളതെനിക്കറിയാമോ?"
"ദ്വാരാവതിപുരി വെട്ടിയടക്കാൻ
വൈരികൾ വരവുണ്ടെന്നതുകേട്ട"
നാരായണനുടെ നഗരമടക്കാ-
നാരെന്നാകിലുമെളുതല്ലിപ്പോൾ
"എന്തിനു താനിഹ ക്ലേശിക്കുന്നു
തന്തിരുവടിയുടെ കല്പനയെന്നാൽ
എന്തെങ്കിലുമതു സാധിക്കാഞ്ഞാ-
ലെന്തിനുകൊള്ളാമിജ്ജനമെല്ലാം"
"വീട്ടിലൊരമളി നമുക്കുണ്ടായതു
കേട്ടില്ലെങ്കിൽ പറയാമല്ലം
മാക്കോച്ചാരുടെ മകനും നമ്മുടെ
മൂക്കച്ചാരും തമ്മിലടിച്ചു
നാലുപണംകൊണ്ടെടവാടുണ്ടതു
മൂലംതങ്ങളിലിങ്ങനെ നേപ്പാൻ
ഊക്കം കോപമടക്കരുതാഞ്ഞവർ
മൂക്കുകടിച്ചു മുടിക്കുപിടിച്ചു
ഇങ്ങനെയുള്ളൊരു കലശലുകേട്ടട-
നങ്ങേച്ചേറച്ചിരികണ്ടച്ചാർ
ഓടിയടുത്തങ്ങവരുടെയിടയിൽ
ചാടിക്കൈക്കു പിടിച്ചുവലിച്ചു
വണ്ണൻവാഴകണക്കെയിഴച്ചാ-
പ്പൊണ്ണന്മാരെപ്പുറമേനീക്കി;
നായന്മാർ ചിലരക്കഥയെല്ലാം
കോയിക്കൽ ചെന്നാങ്ങറിവിച്ചു
കാര്യക്കാരതു കേട്ടടനേ നാ-
ലായുപ്പട്ടന്മാരെയയച്ചു
പട്ടന്മാർ വന്നെന്നുടെവീട്ടിൽ
തൊട്ടതശേഷം തല്ലിമുടക്കി
തിരുവാണയുമിട്ടായവരോരോ
കരുമനചെയ്തതു പറവാൻ വിഷമം
ഒന്നിനുപോയിട്ടല്ല നമുക്കതു
വന്നുവിചാരിച്ചതുമെന്നറിയേണം

Digitized By Kerala Sahitya Akademi

ആരാൻതമ്മിലടിച്ചതിനെന്നൊട്ട
ചേരാനെന്തവ്കാശം പൗത്താൽ.
വീട്ടിൽ വരുന്നവർ കാട്ടിയദോഷം
വീട്ടിലെ നായക്കെന്നവരാമോ
ഇങ്ങിനെയുള്ള തിട്ടക്കംവന്നാ-
ലെങ്ങിനെ കല്പന കേട്ടീടേണ്ടൂ
കല്പന കേൾക്കാത്തവനോ നിന്നപൊ-
റുപ്പാനും പുനരെളുതല്ലല്ലോ.”

പത്തുവിതച്ചാലതു പത്തും വിളയും കണ്ടം പത്തുപറയുള്ളതെടുത്തു മറാക്കാനും കൊ-ട്ടുത്തു എജമാനന്മാർ പത്തുപണം കയ്യിലെ-ടുത്തുകൊടുത്തെന്നാൽ പൊറുത്തു ഞാതല്ലെന്നാൽ-റുത്തുപോമെന്നല്ലാമറുത്തുപണിതുടങ്ങും, [പു-ശത്തുക്കളോടു പടയെത്തുന്ന നേരമങ്ങു പത്തുമറിഞ്ഞെന്നാകിലസ്സുപിന്നെയിങ്ങൊരു വസ്സുക്ലേശവുമില്ലെന്നോർത്തു നടന്നാനേകൻ; ഇത്ഥംപറഞ്ഞു മറൊരുത്തൻ “നമുക്കന്തുവ പൂത്തൻകുടമുണ്ടതിൽ പത്തെങ്കിലുമിപ്പോൾ-കൊ-ടുത്തേച്ചുപോയാൽപിന്നെ പത്തെങ്കിലുംനമു-ക്കൊ-രത്തൽവിശേഷിച്ചു വരത്തില്ല നായന്മാരേ! തുക്കുപുകയിലയ്ക്കുതോക്കുപണയംവെച്ചു പാക്കുകൊടുത്തക്കടംപോക്കുന്നതുണ്ടെന്നൊരു വാക്കുംപറഞ്ഞുംകൊണ്ടുപാക്കുന്ന കണ്ടച്ചെട്ടൻ തോക്കുംക്രടാതെചെന്നാൽതോല്ക്കുമബദ്ധക്കാരൻ വായ്ക്കുന്നപടതന്നിൽ നേക്കുന്നനേരംപല പാക്കുംമുറിവുമങ്ങുണ്ടാക്കുമറിഞ്ഞുക്രടാ; കല്യാണത്തിനുവീട്ടിൽനെല്ലും പണവുമൊന്നു-മില്ലാഞ്ഞുരണ്ടുവാളും വില്ലുമെടുത്തുവിറ നെല്ലുംപണവുംവാങ്ങിക്കല്യാണവുംകഴിച്ചു വില്ലാളിവിരുതന്മാരെല്ലാംപടയ്ക്കൊരുങ്ങി-ച്ചെല്ലാൻ കല്പനവന്നു വല്ലാതെ നാണംകെട്ട-വല്ലോ ചങ്ങാതിനിങ്ങൾക്കെല്ലാമായുധമുണ്ടോ? രണ്ടുകൈകളുംവീശിക്കൊണ്ടുപടയ്ക്കുചെല്ലും തണ്ടുതപ്പിക്കുവെടികൊണ്ടുമരിക്കയല്ലാ-തുണ്ടോമറൊരുകായ്യം? ചെണ്ടക്കാരെന്നുപേരും കൊണ്ടുകാലൻറെവീട്ടിൽ മുണ്ടുവിരിച്ചിരിക്കും

പണ്ടുള്ള പരാക്രമംകൊണ്ടുള്ള കീർത്തികൾക്കു-മുണ്ടാമിളപ്പമയ്യോകണ്ടാലും കാലദോഷം.”

ഇങ്ങനെ പലപല നായന്മാർ വ-
ന്നങ്ങുപുരത്തിൽ നിറഞ്ഞൊരു സമയേ
ഉഗ്രവർ സാത്യകികുരുവമ്മാവുസ-
മത്ര യുദ്ധപ്രവരന്മാരോടും
മത്തഗജപ്പടകുതിരപ്പടകളു-
മൊത്തുരഥങ്ങളുമനവധിക്രൂടി;
ബലദേവൻനിജകുലബലസഹിതൻ
ജലധികടന്നു രഥത്തിൽകേറി
പുരുഷാരത്തൊട്ടുക്രടിക്കുണ്ഡിന-
പുരവരഗോപുരസീമനി ചെന്നു;
പടകൾക്കെല്ലാം പാളയവാടികൾ
പലതരമവിടെക്കെട്ടിത്തീർത്തു;
പടഹംതുടിപറതാളംമേളം
പൊടുപൊടെ വെടിയും കലശലുക്രൂട്ടി
ഉടനേ ഹലധരനരമനപുക്കു
കുടതഴചാമരമെന്നിവയോടെ
വെക്കംചെന്നു വിദർഭനരേന്ദ്രൻ
സൽക്കാരാദികൾ ചെയ്തുവണങ്ങി;
പൊക്കമതേറിന മണിമഞ്ചാഗ്രേ
ചിക്കെന്നവിടെയിരുന്നനിദാന്തം
ഉഗ്രവർകൃതവമ്മാദികൾചെന്ന-
ങ്ങുത്തമപുരുഷനെ വന്ദിച്ചുടനേ
ചിത്തസുഖേന വസിച്ചുസഭായാ-
മിത്ഥം ബഹുജനമവിടെനിറഞ്ഞു
കെട്ടുംചുമടുമെടുത്തൊരുക്രൂട്ടം
പട്ടന്മാരുടെ വരവുതുടങ്ങി
കൂട്ടികളൊരുവക ടുസ്സാമത്ഥ്യം
കാട്ടിക്കശപിശ വാക്കുപറഞ്ഞും
കൊട്ടിലിൽ വന്ന സ്ഥലംവയ്ക്കുന്നവ-
രൊട്ടല്ലുതുമൊരു നൂറുസഹസ്രം
കെട്ടുകളൊക്കെയഴിച്ചുതിലുള്ളൊരു
പട്ടുകൾ പുടവകൾ തുപ്പട്ടികളുമി-
രട്ടുകരിമ്പടമുറുമാൽ വകകളി-
രട്ടിപ്പട്ടുമണപ്പാടൻവക
കോട്ടാരൻമുറി പാണ്ടിക്കവണികൾ
പട്ടാണിത്തുകിൽ പൂമുണ്ടുകളും

Digitized By Kerala Sahitya Akademi

പെട്ടന്നൊക്കെയഴിച്ചുനിരത്തി
ച്ചെട്ടികളൊരുവക കൊങ്കണിജാതികളും
കൊട്ടിൽനിറഞ്ഞുപുറത്തുകവിഞ്ഞു
കുടയും സഞ്ചിയുമൊരുമാറാട്ടും
വടിയുമെടുത്തിഹ മണ്ടിവരുന്ന
കൊടുവെയിൽകൊണ്ടുവിയർത്തുതളർന്നിഹ
നെടുവീർപ്പിട്ടു പടിപ്പുരകേറി
നമ്പൂരാരൊരുലക്ഷംകുടിയ-
കംപുകുന്നൊരു തിക്കും മുഷ്ടും
കുടകൾ തടഞ്ഞുമിടഞ്ഞുപൊടിഞ്ഞും
ഝടഝടയാലോചനമഹകാരികളുടെ
നടനംതുമ്മിൽ തിക്കിത്തെരിച്ചുട-
നടനേതാനും ഒന്നുംപുരപുക്കു;
ഊട്ടിനുമുമ്പുപ്രതിഗ്രഹമെന്നതു
കേട്ടുഴറിപ്പല ക്രുദ്ധത്തോടെ
കൊട്ടിലിലിലങ്ങുകരേറിച്ചെന്നൊരു
കോട്ടിലിരുന്ന മഹീസുരവൃന്ദം;
രുക്മിണിതന്നുടെ സോദരനാകിയ
രുക്മിയുമിവനുടെ സഹജന്മാരും
പെട്ടിനിറച്ചുള പൊന്നുംപണവും
കെട്ടിയെടുപ്പിച്ചാദരവോടെ
കൊട്ടിലിൽവന്ന കൊടുത്തുതുടങ്ങീ
വൃഷ്ടികണക്കിനെ വളരെദ്രവ്യം
നമ്പൂരാക്കു പ്രതിഗ്രഹമെന്നാ-
ലമ്പതുവഴിയൊരഹസ്സിൽനടക്കാം
വാരമൊളിച്ചൊരു കലശമുഹൂർത്തമ-
താരംഭിക്കാൻ ഭാവിക്കുമ്പോൾ
കുടയുംസഞ്ചിയുമായിക്കാണാ-
മുടനൊരു മുന്നൂറവനിസുരന്മാർ,
സോമാർത്തത്തിനു രാശിയടുത്താൽ
ചോമാതിരിമാരക്കിത്തിരിമാർ,
നമ്പൂതിരിമാരെന്പ്രാന്മാരുമ-
കംപൂകുന്നതു കാണാമുടനേ,
വേളിയൊരേടത്തുണ്ടെന്നുള്ളതു
കേട്ടുപരക്കുംമുമ്പേതന്നെ,
വിപ്രന്മാരതു സ്വപദിഗ്രഹിക്കും
ക്ഷിപ്രംചെന്നു പുറത്തളമേറും.
കാശീലെങ്കിലുമൊരുകലശത്തിനു
രാശിയെടുത്താലവിടെക്കാണാം
രാശിക്കാഗ്രഹമെന്നാല്ലായൊരു
കാശിനുകാതം വഴിമണ്ടുന്നു
അയ്യഞ്ചുപണം ചോമാതിരിമാ-
ക്കങ്ങിനെതന്നോ ഭട്ടേരിക്കും;
അക്കിത്തിരിമാക്കതിലൊന്നേറമ-
തൊക്കെ വിശേഷക്കാരുടെ വകയിൽ
നാനാലുപണം നമ്പൂരാക്കു
എമ്പ്രാന്മാക്കുമതങ്ങിനെതന്നെ
മുമ്മൂന്നുപണം പട്ടന്മാക്കതി-
ലൊന്നുകുറച്ചു ചിലമ്പാണടിക്കു
ഭാമ്പലവാസിക്കോരോ പണമതി-
ലപ്പുറമുള്ളോക്കിഷ്ടികൊടുക്കാം;
ഇങ്ങിനെയുള്ളൊരു സംസാരത്തിനു
സംഗതിപോലുമിതവിടെക്കാണാം
ഇരുകൈകൊണ്ടും വാരിക്കോരി-
തെരുതെരെയങ്ങുകൊടുത്തുതുടങ്ങി;
കനകപ്പൊടിയും പണവും രാശിയു-
മനവധി രത്നവുമാഭരണങ്ങളു-
മവനിസുരന്മാരാത്തുവിളിച്ചു
ശിവ!ശിവ! നല്ലൊരു പരമാനന്ദം.
രണ്ടുകരങ്ങളും നിറഞ്ഞപ്പോൾ കുറി-
മുണ്ടുവിരിച്ചതിലാക്കിമുറുക്കി
കെട്ടിത്തലയിലെടുത്തുകേറാ
കുട്ടിപ്പട്ടക്കിരുമുടിയാക്കി
കെട്ടിയെടുപ്പിച്ചങ്ങിനെയവർപണി
പെട്ടനടന്നാരവനിസുരന്മാർ;
സദ്യയ്ക്കിലവയ്പാനപ്പോൾ ചില-
രുദ്യോഗിച്ചു ശ്രമിച്ചുതുടങ്ങി
വമ്പന്മാരെ വിളിച്ചുവരുത്തി
കല്പനപറവാൻ കായ്ക്കാർപുന-
രപ്പൊഴതൊരു ദിശി വന്നിടകുടി
കെല്പൊട്ടുനിന്നുപറഞ്ഞുതുടങ്ങി;
"സംഘങ്ങളിലെപ്പരിഷക്കാരെ!
ശങ്കിക്കാത്ത ശാന്മാരെല്ലാം
സത്രക്കൊട്ടിലിൽ നിന്നുഗമിക്കണ-
മത്രനടന്നുകഴിയ്ക്കുന്നതാരും
ചോറും കറികളുമുപദംശങ്ങളു-

Digitized By Kerala Sahitya Akademi

മറ്റുംമുമ്പേ വിളമ്പീടേണം
ചോറിനുപുറകേ കറികൾംവരാഞ്ഞാൽ
മാറികൾംനിന്നു ശകാരംക്കുട്ടും;
എലവെച്ചുടനേ ചോറുവരാഞ്ഞാൽ
കലഹിച്ചോറു തിരിക്കുംചിലരു
കരുതിക്കൊണ്ടു വിളമ്പിവിളമ്പി-
ത്തെരുതെരെയൊക്കെ നികത്തീടേണം.
ഇലകളിൽ വളരെശ്ലേഷിപ്പിക്കും
ചിലരതു നോക്കി നടത്തീടേണം
പിശകിവിളമ്പിശ്ലേഷിപ്പിച്ചാൽ
പിഴയുണ്ടായ്വരുമെന്നറിയേണം
കിട്ടിയതൊന്നും മതിയാകില്ലാ
പട്ടന്മാക്കതു ബോധിക്കേണം
ഹടബുദ്ധവാവിട്ടുവിൺടുകണക്കോ
പോടൈടമെത്തക്കറികിറി സാദം''
ഇങ്ങിനെ പിശകി വിളമ്പിച്ചങ്ങിനെ
പിങ്ങൻപഴവും തൈരുംക്കുട്ടി
ചളുപിളെയാക്കി ശ്ലേഷിപ്പിച്ചതു
വളുവളെവാരി വിതച്ചുതിരിച്ചും
പപ്പടവും പഴവും പഞ്ചാരയു-
മപ്പോൾതന്നൊരു മുണ്ടിൽകെട്ടിയി-
ടത്തേക്കയ്യിലെടുത്തുംകൊണ്ടു പു-
റത്തേക്കങ്ങു പുറപ്പെട്ടുടനേ
വെറുതില പുകയില കൊൾവാനായതു
വിറുപിരിച്ചു തിരിച്ചുനടക്കും
കാവൽക്കാരെത്തിക്കിമറിച്ചുവർ
ധാവതിചെയ്യുമതോത്തീടേണം;
സദ്യുകഴപ്പുമതെന്നുവരുത്താ-
നുദ്യോഗിച്ചുനടക്കുന്നാളുക-
ളിട്ടിക്കിൽപലരുണ്ടായ്വരുമവ-
രിത്തിരിപാകംവന്നേ അറിയൂ.
നാനാവിധമിവ കാട്ടുന്നവരുടെ
നാശംവരുമേ സംശയമില്ല
കൊല്ലാവുന്ന ജനങ്ങൾം പിഴച്ചാൽ
കൊല്ലാൻ കല്പനയുണ്ടെന്നറിവിൻ
കൊല്ലരുതാത്തവരെക്കൂട്ടത്തിൽ
കൊള്ളരുതാത്ത വഴിക്കുംക്കുട്ടും
മോഷ്ടിപ്പാൻ ചിലർ മാവിച്ചാലയു

ഗോഷ്ടിയതെന്നേ വന്നുവിപ്പൂ;
കുട്ടംകൊണ്ടു പുറപ്പെട്ടാലൊരു
വെട്ടംകൊണ്ടു മരിക്കാമുടനേ
അതുകൊണ്ടൊരു ഭയമില്ലനമുക്കി-
ന്നിതുകൊണ്ടേ പുനരാധിയുമുള്ളൂ;
ഊട്ടിനു ചോറു കുഴപ്പുണ്ടായാൽ
നാട്ടിനു ഹാനി നമുക്കുംഹാനി
സംഘങ്ങൾംക്കുറപ്പുണ്ടെന്നാൽ
സങ്കടമേതും വരുവാനില്ല
കൽപനപോലെ നടപ്പാൻനിങ്ങൾം-
ക്കൽപം കാവു ഭവിച്ചീടൊല്ലാ
എന്നാൽ ഞങ്ങൾം ഗമിച്ചീടുന്നേ-
നെണ്ണയെടുപ്പാൻ കാലംവൈകി
എന്നുപറഞ്ഞഥ യജമാനന്മാർ
മന്നവനോടറിയിപ്പാൻപോയാർ.
കളിച്ചുമെണ്ണതേച്ചും കുളിച്ചും പേരുചൊല്ലി
വിളിച്ചും ജലംതന്നിൽ പുളച്ചും തെരുതെരെ
നടന്നും പുരകളിൽ കടന്നും സ്ഥലംവെച്ചും
കിടന്നും ചിലരങ്ങു കടന്നുനെടുംപുര
വിളമ്പി വരുംമുൻപേ കലമ്പിയൊരുക്കൂട്ടം
സ്ഥലംപിടിച്ചിരുന്നു കലമ്പിരിക്കുംചിലർ
കുറിയരിവെച്ചു വെളുത്തരിചോറും
കറികളുമാശുവിളമ്പിനിരന്നു
നറുനെയ് ശുക്കര നേന്ത്രപ്പഴവും
ചെറുപപ്പടമൊരു പത്തിരുന്നൂറും
ആനച്ചുവടൻ പപ്പടമൊരുവക
തേനുംനല്ലൊരു പഞ്ചാരപ്പൊടി
ചേനക്കറിചില പച്ചടികിച്ചടി
പാനകമൊരുവക നാരങ്ങാക്കറി
മാങ്ങാപ്പച്ചടി ഇഞ്ചിപ്പച്ചടി
ചേനവറുത്തും പയറുവറുത്തും
ചക്കപ്രഥമനടപ്രഥമൻവിധ-
മൊക്കെപ്പറവാൻ നേരംപോരാ;
പാലുംതൈരുംമോരും പലവക
കോലാഹലതരമെന്തുരചെയ്യാം
കൊണ്ടാപപ്പടമെന്നൊരു ദിക്കിൽ
കൊണ്ടാ പഴമെന്നങ്ങൊരു ദിക്കിൽ
ചക്കപ്രഥമൻ കൊണ്ടാവളരെ

Digitized By Kerala Sahitya Akademi

ശക്കരയുണ്ടകളമ്പയുകൊണ്ടാ
പച്ചടികൊണ്ടാ കിച്ചടികൊണ്ടാ
പഞ്ചാരപ്പൊടിയൊരുപാകൊണ്ടാ
മധുരക്കറിയോ മധ്രിതക്കറിയോ
മതിമതിപോരാ കോരിക്കൊണ്ടാ
എരിച്ചുകറികൊണ്ടാ പുളിച്ചുകറികൊണ്ടാ
പരിപ്പുകൊണ്ടാ നല്ല കരിമ്പിൻനീരുകൊണ്ടാ
ഭരിപ്പുകാരാ തൻറാ ഇരിപ്പുചിതമല്ല
നിരപ്പിൽ നടന്നൊന്നാ ഭരിപ്പിലതേനല്ല

എരിച്ച കാറിവെച്ചുകരിച്ചുതെന്തേ?പിന്നെ
പുളിച്ചുകാറിയൊന്നുതിളച്ചാലെന്തുചേതം
പഴത്തിനൊന്നും നല്ല പഴപ്പുമതിയല്ലാ
പഴപ്രഥമൻപാരം കുഴപ്പമായിപ്പോയി;
കരിമ്പിൻനീരിനൊരു തരിമ്പു പുളിയുണ്ട്
വറുത്തവിധമെല്ലാം കറുത്ത നിറമായി
കടിച്ചുകൂടാ, തെല്ല പൊടിച്ചുകൊണ്ടെന്നാലും
അടക്കമില്ലാത്തവർ കടക്കപുറത്തോട്ട്
കടക്കുംനേരമങ്ങു തട്ടുകുമെന്നുംചിലർ
കറിക്കു കുറവുകൾ കഥിക്കും നേരമിങ്ങു
വെറുപ്പുവരുമിനിമറിപ്പുവയ്ക്കുമിപ്പോൾ
സദ്യമനോഹരമെന്നിഹവന്നവ-
രുദ്ഘോഷം വണ്ണിക്കുന്നു
നൂറുമൊരെട്ടും രാശിയെടുത്തു
വേറുതിരിച്ചൊരു കിഴിയായ്കെട്ടി
അങ്ങിനെ ലക്ഷം കിഴിയുണ്ടാക്കി
ഭംഗിയൊടോരോ പൊന്നിൻതളികയി-
ലിട്ടുനിറച്ചുതിലോരോരോ കിഴി
പട്ടന്മാക്കുകൊടുത്തുതുടങ്ങീ
കിഴിമേടിക്കും പട്ടന്മാക്കൊരു
വഴിയേയുള്ളുപുറത്തുകടപ്പാൻ
മേടിച്ചാളുകൾ മറ്റൊരു വഴിയെ
ചാടിച്ചെന്നു കരേറാൻമേലാ.
എടയിൽചെന്നു കലമ്പുന്നവരുടെ
പിടലിപിടിച്ചുപുറത്തുംതള്ളും;
വടിയും തടിയുമെടുത്തുനടക്കും
ഭടജനമനവധി എടയിൽകാണാം
സവ്വാണിപ്പണമിങ്ങിനെവിരവൊടു
സവ്വമഹീസുര നികരങ്ങൾക്കും

സപദികൊടുത്തു പ്രസാദിപ്പിച്ചു
നൃപതികുമാരകനാകിയ രുക്മൻ;
കന്യാമണിയുടെ വേളിക്കുള്ളൊരു
സന്നാഹങ്ങൾ തുടങ്ങിപതുക്കെ
കാലമടുത്തു മുഹൂർത്തമഹോശിശു-
പാലമഹീപതിയോടറിയിക്കാം;
എന്നൊരു വാർത്തകൾ കേട്ടടനപ്പോൾ
മന്നവനാകിന ശിശുപാലൻതാൻ
ക്ഷൗരംചെയ്യിപ്പിച്ചുകുളിച്ചു
ഗോരോചനവും തൊട്ടു ലലാടേ
തലമുടിനന്നായ്ചെക്കിമുറുക്കി
തിലകംചാർത്തും കുറികളുമിട്ടു
വളകളുമിട്ടു കരങ്ങളിൽ മുഴുവൻ
കളഭംകൊണ്ടു മുഴുക്കാപ്പിട്ടു
ചേലപ്പട്ടിണ കെട്ടിയുടുത്തു
ചാലേ മാലകൾ പലതുമണിഞ്ഞു
പൊന്നരഞ്ഞാണം തോൾവളകടകം
പൊന്മണിഹാരം കുണ്ഡലമെന്നിവ
കോപ്പുകളിട്ടു ഞെരിഞ്ഞുപിരിഞ്ഞു
കാപ്പുംകെട്ടിക്കരമതിലൂടനേ
ആയിനിയുണ്ണികഴിച്ചുപുറപ്പെ-
ട്ടായിരമാമ്പടിപിമ്പിൽനടന്നു;
മുമ്പിൽതന്നുടെ ബന്ധുപ്പടകളു-
മൻപിനകോലാഹലമിടകൂടി;
ആത്തുവിളിച്ചുടനവനിസുരന്മാ-
രാൽത്തറകേറിനിരക്കെയിരുന്നു
രുക്മിയകമ്പടിയായഥമുമ്പിൽ
തിഗ്മപരാക്രമശാലിനടന്നു
മണിമഞ്ചത്തിൽ കേറിയിരുന്നു
മണിഗണഭൂഷിതനാം ശിശുപാലൻ:

തുടങ്ങീ മഹാഘോഷ തുടികളും പടഹവും
നടുങ്ങീ മഹീലോകം നഗരനികരവും
ഞാണിഞ്ഞു പൂറപ്പെട്ടാരലസമിഴികളും
കുണിഞ്ഞു നടക്കുന്ന മുതുവൃഷലികളും
വിടന്മാർ ഭടന്മാരും വികൃത ഗതികളും
നടന്മാർ ശാന്മാരും നഗരവാസികളും
നിറഞ്ഞു പുരംതന്നിൽ ബഹളഗളഗളം
പറഞ്ഞുമഹായോഗം പലതുമവിരളം.



Digitized By Kerala Sahitya Akademi

നാളികമുഖിതാനാളീജനങ്ങളുമായ്
മേളിച്ചു മെല്ലെമെല്ലെ ലാളിച്ചുനടന്നു
കാളീഭഗവതിയെക്കണ്ടു വണങ്ങിടുവാൻ;
കാളമേഘരുചികേളികുലകരപാളിയാമമല-
കേളിസുശീലേ
വണ്ടാർകുഴലിനീയും കണ്ടാലുമോരോ വക
തണ്ടാർശരന്മാർ പലരുണ്ടായിതധുനാ
കണ്ടാലഴകുള്ളോരു കാമുകന്മാരാമിവർ
രണ്ടുപന്തിനിരകൊണ്ടു നിൻവടിവു
കണ്ടുകാമകണകൊണ്ടുഴലുന്നു.
ധന്യോരുകുമിണി! കേൾ നിന്നെക്കൊതിച്ചുകൊ
തന്നെവന്നിരിക്കുന്ന മന്നിലെ നൃപന്മാർ [ണ്ടു
തന്നത്താൻ മാക്കും മന്നവന്മാരാമിവർ
നിന്നെവെച്ചു പുനരന്യചിന്തകളു-
മൊന്നുമില്ലറിക നന്നിതു സകലം.
ഇങ്ങുനിന്നുടെ രമണൻ വന്നു വസിച്ചീടുന്ന
നന്ദതനയനതീ സുന്ദരവദനൻ
സുന്ദരിയിവൻതന്നെ നിന്നെവിവാഹംചെയ്യും
നന്നുനന്നുതവ വന്നുകായ്മിദമിന്നുബിംബമുഖി
സുന്ദരനയനേ!"

ഇങ്ങിനെസഖിമാരിംഗിതമുരചെയ്തു
തിങ്ങിനരസംപൂണ്ടുമംഗലസമയേന
ഭാംഗജരിപുതന്നംഗനയാകുംദേവി
ഭംഗിയോടിഹ വിളങ്ങിമേവുമൊരു മംഗലാ-
ലയേചെന്നുകടന്നു
വേളിമഹോത്സവഘോഷം കാൺമാൻ
വേശ്യപ്പെൺകുലമന്നൊരുക്രൂട്ടം
മേളിച്ചൊരുദിശിവരവുതുടങ്ങീ
മാളികകേറിനിരക്കെയിരുന്നു
അച്ചികൾം തങ്ങടെ വീട്ടിലിരുന്നുവി-
ളിച്ചുകയത്തുപറഞ്ഞുതുടങ്ങീ
കൊച്ചുനടത്തി കൊതിച്ചുതിരിച്ചു
നിച്ചിരിയത്തിക്കില്ലൊരുനാണം;
കോയിക്കൽപോയ് കാഴ്ചകൾംകാൺമാൻ
സ്ഥായിക്കാർ ചിലരുണ്ടെന്നാകിൽ
പോയിക്കണ്ടുവരാമെന്നാലതി-
നായിക്കൊണ്ടൊരു പുരുഷൻവേണം
കുഞ്ഞുലിക്കൊരു നംപൂശ്ചുവൻ
ർഞ്ഞൂറഞ്ചുപണത്തിനുനല്ലൊര-
രഞ്ഞാണം പണിയിച്ചുകൊടുത്തതു
കുഞ്ഞിക്കാളിക്കിരവുകൊടുത്തു
തന്നുടെയരയിലെടുത്തിടുവാനാ-
പെണ്ണിനു സംഗതിവന്നതുമില്ലാ
രങ്ങിനെവരുമതു താന്തോന്നിത്തം
തങ്ങൾതുടങ്ങുകകൊണ്ടുവന്നു;
ഈച്ചിരനായരൊഴിച്ചേപ്പിനെ
കാഴ്ചയ്ക്കുള്ളും ഞാൻപാറില്ലാ
താച്ചൻനായരുമായിപ്പോയാൽ
താഴ്ചവരുംതരമല്ലിക്കാലം
ങ്ങേക്കുറെക്കൊച്ചിളയച്ചിയു-
മവളുടെ നായരുമൊരുമിച്ചുപൊട്ടു
ചെന്നൊരുദിക്കിലിരിക്കുന്നേരം
വന്നവരെല്ലാമാനകളിച്ചു
ങ്ങോരായതുകേട്ടുകയത്തുട-
നങ്ങോട്ടും പലവാക്കു പറഞ്ഞു
കൊച്ചിളയച്ചികരഞ്ഞുംകൊണ്ടൊരു
പച്ചപ്പട്ടരുമായിപ്പോയി
നിച്ചിരിയന്മാരുയവരോടൊരു-
മിച്ചിരിയായ്ക്കുനമുക്കിനിനല്ലു
ഇക്കാലത്തൊരുകാഴ്ചകൾം കാൺമാ-
നിക്കൂട്ടത്തിനു വിഷമം തന്നെ
കൾംക്കുടിയന്മാർ പലരുണ്ടവരുടെ
തിക്കുകൾംകൊണ്ടു സഹിപ്പാൻ മേലാ
പണ്ടൊരു പടയണികാൺമാൻ നമ്മെ
ക്കൊണ്ടു പുറപ്പെട്ടാനീവിദ്വാൻ
ചെണ്ടക്കാരൻ ചെല്ലുന്നേട-
ത്തുണ്ടാംവാശ്ശയുമൊരു വൈഷമ്യം
ങ്ങക്കരെയുണ്ടൊരു തുള്ളക്കാരൻ
തെക്കേത്തട്ടേൽ വന്നു കുരേറി
പറയൻകഥചൊൽവാനൊരുഗണപതി
കുറയെച്ചൊല്ലിത്തുള്ളുന്നേരം
ധൃഷ്ടനൊരുത്തൻ വന്നു വടക്കേ
ത്തട്ടേൽ കേറിത്തുള്ളൽ തുടങ്ങി
ശുണ്ഠികടിച്ചു മുറിക്കാർ തമ്മിൽ
ശണ്ഠതുടങ്ങി പ്രഹരം കൂട്ടി
കുണ്ടുവസിക്കും നായന്മാരവർ
രണ്ടുമുറിക്കാരോടിടകൂടി
കല്ലും തടിയുമെടുത്തവർ തമ്മിൽ

Digitized By Kerala Sahitya Akademi

തല്ലും തള്ളും കലശലുക്കൂട്ടി
നമ്മുടെ വിദ്വാനേറ്റുനടന്നു
നമ്മെ മറന്നു പറന്നു തിരിച്ചു
മണ്ടുംനേരം മുണ്ടും പോയൊരു
കുണ്ടുകിണറ്റിൽ ചെന്നു പതിച്ചു
കൊണ്ടന്നവനെ കാണാഞ്ഞിട്ട്
കണ്ടവരോടു കരഞ്ഞു പറഞ്ഞൊരു
വണ്ണം ഞാനിഹ വീട്ടിൽ പോന്നു-
പൊണ്ണനെയിന്നും ഞാൻ കണ്ടില്ലാ
ദോഷമതിങ്ങിനെ വരുമുടനേ ചില
രോഷന്മാരുടെ ക്രൂടെപ്പോയാൽ
ചക്കിപ്പെണ്ണിനു ശങ്കരനൊന്നൊരു
ചക്കരവായൻ ചേച്ചുതുടങ്ങീ
കൈക്കലിരിപ്പതു ചെങ്ങാതിക്ക-
ച്ചക്കച്ചുളയെന്നാകിലുമില്ലാ
കച്ചയുടുക്കാനില്ലാഞ്ഞവളെ
കാഴ്ചക്കായിക്കൊണ്ടു തിരിച്ചാൽ
ആനന്ദിച്ചു നടക്കും വിപ്ര-
ക്കാനകളിപ്പാൻ വകയുണ്ടാകും;
ഞാനൊരു കാഴ്ചക്കിളകണ്ണമെങ്കിൽ
സ്ഥാനത്തുള്ളതിലൊരുവൻവേണം
പണ്ടുപണിക്കരുനിൽക്കും കാലം
കണ്ടതുകായ്മമതെന്നുമുറച്ചു
കണ്ടവതാളന്മാരുടെ പുറകേ
മണ്ടിനടപ്പാനിവളൊടുക്കടാ
കാൺമാൻ വിധിയില്ലാത്ത ജനത്തിനു
മാമാങ്കത്തിനു പോയാലും ശരി
ഏതിനൊരുതടവുണ്ടാം മാറ്റരികം
യാതൊന്നിനു കോപ്പിട്ടു തിരിച്ചു
തൊടുകുറിയിട്ടു ചമഞ്ഞൊരുകഞ്ചി-
പ്പൂടവയുടുത്തും മോടികൾ കൂട്ടി
കൊടുവെയിൽകൊണ്ടൊരു കാഴ്ചപ്പന്തുപ്പി-
ലൂടനേ ചെന്നൊരു ദിക്കിലിരുന്നു
തടവില്ലിനിയെന്നോത്തവളപ്പോൾ
തൊടുവാൻ വഹിയാതായി മടങ്ങി
വിടുദോഷി! നിയെന്തിനു വന്നു?
ഉടനൊരു പരിഹാസത്തിനുമാത്രം
കൊച്ചിനുമാസം പത്തായില്ലവ-
ളിച്ചിരികാഴ്ചക്കായിയൊരുങ്ങി

നിച്ചിരിയത്തികടിഞ്ഞുൽപെറ്റൊരു
കൊച്ചിനെയിനിവരം കൊല്ലം താനും
വേശ്യകളൊന്നു നടിക്കും നേരം
വാശ്ശുതമൊരു പരിഹാസവുമുണ്ടാം
നംപൂരാരിവർനമ്മെക്കണ്ടാൽ
ആയംബുതുഷ്ണമൊരുവൻ ചൊല്ലും
വീട്ടിൽ വരുമ്പോൾ സരസന്മാരും
പാട്ടിൽ വരുമ്പോൾ ചിരസന്മാരും
കുട്ടിക്കൊരൊട്ടാരു സഭയിൽ ചെന്നാൽ
കോട്ടമറിഞ്ഞു പറഞ്ഞു ചിരിക്കും
പട്ടന്മാരുടെ ക്രൂടെപ്പോയാൽ
ഒട്ടുപൊറുപ്പൂണ്ടൊന്നൊരുപക്ഷം
ഗോഷ്ടികളാരാൻ ഭാവിച്ചാലവർ
കുട്ടത്തോടേ വടിയുമെടുക്കും
പോടാഘട്ടവാ! പീത്തായോളി!
കുടാകുസ്തികളെന്നു കയക്കും;
കേടുകളോരോന്നോത്തു തുടന്നാൽ
കുട്ടുകയില്ലാ കാഴ്ചകൾ കാൺമാൻ
രുക്മിണിതന്റെ സ്വയംബരഘോഷം
രുചിരമനോഹരമായതു കാൺമാൻ
പെണ്ണുങ്ങളിലൊരു പെണ്ണിനുമാഗ്രഹ-
മെന്നുള്ളതിനൊരു കുറവില്ലേതും.

പെണ്ണുങ്ങളും വിരവോടീവണ്ണം പറഞ്ഞുപല
പൊണ്ണന്മാരോടും നല്ല ദണ്ഡന്മാരോടും കൂടി
കുണ്ഡിനപുരംപുക്കു പെണ്ണിനെക്കാണ്മാൻവന്ന
തിണ്ണം നിറഞ്ഞു പല തിണ്ണപ്പുറങ്ങളേറി
കൊട്ടും കുഴൽ വിളിയും പാട്ടും പല വിധങ്ങളും
കേട്ടുരസിച്ചു പല കൂട്ടംവസിച്ചുനേരം
വേളിയടുത്തനേരം നാളികമുഖിയാളും
ആളീജനവും കൂടി കേളീവിനോദത്തോടെ
കാളീഭഗവതിതൻ കേളീവനത്തിൽ പ്ര-
തോളീപ്രദേശത്തു പ്രവേശം തുടങ്ങിമെല്ലെ.
ദുർഗ്ഗാദേവിവാണരുളും ചാരുഗേഹം തന്നിൽ
രുക്മിണിയും തോഴിമാരും വിപ്രനാരിമാരും
മന്ദംമന്ദം ചെന്നുനിന്നു വന്ദനങ്ങൾചെയ്തും
സുന്ദരീരുക്മിണിതന്റെ കാമമുരചെയ്തു
"ചന്ദ്രചൂഡജായേ! ദേവി! ചണ്ഡി! ചാരുശീലേ
വല്ലവീവല്ലഭൻ ദേവൻ വാസുദേവനെന്റെ
വല്ലഭനായ്വരവേണം വൈകിടാതെ തന്നെ

Digitized By Kerala Sahitya Akademi

ഈരേഴുലകുവനങ്ങളുംക്കും വേരായൊരുമൂർത്തി
നാരായണനെന്ന നല്ല പേരായൊരു ദേഹം
കരുണാവാരിരാശി കൃഷ്ണൻ തരുണിമാക്കുകാമൻ
തരുണാംബുവാഹാഭിരാമൻ വരനായ്വന്നീടേണം
ഹരജായേ! നിൻപാദാംഭോജം ശരണംമേഹ-
ഗൌരീ!
പരമാനന്ദാകാരേ! ധീരേ! പരിപാലിക്കേണം-
നീയെന്നെ"

വരമപിവിരവൊടു വാങ്ങി മനോഹരി
ഉരുതരസുഖമൊട്ടു നടനം ചെയ്താൾ
നൃവരകുലമുടനഖിലവുമവളുടെ
വരവയ കണ്ടു കുതുഹലമോടെ
സരസിജശരനുടെ ശരതതിയേറു
പരവശവികൃതികളാശു തുടങ്ങീ
ഹരഹരശിവശിവനരവരവികൃതിക-
ളുരചെയ്യാനുരഗേശനുമലസൻ
കന്യകതന്നുടെ വദനസരോജേ
കണ്ണുകൾ രണ്ടുമുറപ്പിച്ചൊരുവൻ
തന്നാത്താനെ മറന്നു വസിച്ചാ-
നന്നതമായൊരു കൂററികണക്കെ;
മറൊരു മന്നൻ വാല്യക്കാരൻ
വൊറ്ലതെറുത്തു കൊടുത്തതുവാങ്ങി
തലമുടിതന്നിലതെല്ലാം ചൂടി
ചലമഴിയാളെക്കണ്ടു വസിച്ചാൻ,
വെള്ളിയടപ്പനെടുത്തുതുറന്നതി-
നുള്ളിലിരിക്കും ചുണ്ണാമ്പെല്ലാം
പച്ചപ്പുഴുവെന്നോത്തു മുഖത്തു
തേച്ചു തുടങ്ങീ മറൊരു ഭൂപൻ
അവളെക്കണ്ടു ഭ്രമിച്ചൊരു ഭൂപതി
പവിഴംകൊത്തൊരു മാലയെടുത്തു
കണ്ടിച്ചൊരുരോമണികളെടുത്തതു
കൊണ്ടുടനച്ചനവിധികളം തുടങ്ങി;
മറൊരു നരപതിമഞ്ചത്തിൽ നി-
ന്നൊരു പതുക്കെപ്പലരും കാൺകെ
ഏറെം ഭോഷൻ കാതുപിടിച്ചുട-
നേത്തംവിട്ടുടനാനപ്പോൾ;
ഗ്രന്ഥമഴിച്ചു പിടിച്ചൊരു വിദ്വാൻ
ബന്ധം വിട്ടുപറഞ്ഞു തുടങ്ങി

"സുഗ്രീവൻ ധൃതരാഷ്ട്രൻ ശകുനി-
ശ്ശ്രീവൻഭമയന്തിവിരാധൻ
ലക്ഷ്മീഭഗവതിഗ്രുപ്തണ്ണൊമുനി
ലക്ഷ്മണനഞ്ജനനെന്നീവണ്ണം
മട്ടളമൊത്താൻ വിരുതനൊരുത്തൻ
മദനഭ്രാന്തു പിടിച്ചൊരു ഭോഷൻ
കൂട്ടിപ്പട്ടരെ മട്ടളമാക്കി
കൊട്ടിഘോരിണഘോഷം ചെയ്തു;
ഓടക്കുഴലെന്നോത്തൊരു ഭൂപതി
ക്രൂടെനടക്കും ശാസ്ത്രിദ്വിജനുടെ
പുസ്തകമൊന്നു വലിച്ചു മുഖത്തു
ഹസ്തംകൊണ്ടഥ ചേത്തു തുടങ്ങീ;
തപ്പിനുവിരുതുള്ളൊരു ധരണീശൻ
തപ്പില്ലാഞ്ഞിഹതപ്പിത്തന്നുടെ
മുന്നിലിരിക്കും മുതുവിപ്രന്റെക-
ഷണ്ടിത്തലയിൽത്തടവിക്കൊട്ടി;
ശാതോദരിയുടെ രൂപം തന്നുടെ
ചേതോദ്ഗ്രുണമതിൽ നിഴലിച്ചു
കണ്ണുമടച്ചുഥരുക്മണി രുക്മിണി!
എന്നുജപിച്ചു വസിച്ചുനൊരുവൻ;
വിദ്വാൻ താനെന്നറിയിപ്പാനൊരു
വിദ്വാൻ ഗ്രന്ഥമഴിച്ചു പിടിച്ചു
പ്രദിശതുഗിരിശസ്തുമിതാമെന്നഥ
പദവും പൊരുളും ചൊല്ലിരസിച്ചാൻ;
തുംബുരുതുല്യൻ താനെന്നൊരുവൻ
തംബുരുകയ്യിലെടുത്തു പതുക്കെ
സരിഗമപധനിസ എന്നും ചൊല്ലി
പരിചൊടുപാട്ടും പാടിരസിച്ചാൻ.
വണ്ടാർ കുഴലിവരുന്നതുമരികെ-
ക്കണ്ടാനന്ദിച്ചവളുടെ രൂപം
കൊണ്ടൊരു ശ്ലോകം കെട്ടിത്തീർത്തു
കൊണ്ടാടിച്ചിലപൊള്ളപറഞ്ഞും;
സുന്ദരിമാരുടെ രൂപം തീപ്പാൻ
സൌന്ദര്യാദിഗുണങ്ങളെവളരെ
പണ്ടേ പണ്ടേ പങ്കജസംഭവ-
നുണ്ടാക്കിപ്പലപെട്ടീലിട്ടു
പൂട്ടിത്തന്നുടെ പുരിയിൽ പരിചൊട്ടു
പാട്ടിലിരിപ്പതശേഷവുമിപ്പോൾ

Digitized By Kerala Sahitya Akademi

രുക്മണിതന്നുടെ രൂപംതീർപ്പാൻ
രുചികൊണ്ടൊക്കെയടിച്ചു തുലിച്ചുഹ
ചിലവിട്ടതിനാലെത്തിപ്പോയൊരു
തിലമാത്രം ബതശേഷിച്ചില്ലാ;
നഷ്ടിപിടിച്ചുംനാൻമുഖനിപ്പോൾ
സൃഷ്ടിപ്പാനും സാധനമില്ലാ
എന്നുരുകാരണമന്യസ്ത്രീകൾ-
ക്കൊന്നിനു മിപ്പോൾ പുണ്ണ്യതയില്ലാ
തലമുടിയുള്ളൊരു പെണ്ണിനുചാരും
മുലയില്ലാതെ ചമഞ്ഞീടുന്നു;
നല്ലമുഖശ്രീയൊരുവർക്കുണ്ടു
പല്ലുകളെല്ലാം വെളിയിൽ കാണാം;
വണ്ണംകൊള്ളാമൊരു നാരിക്കൊരു
കണ്ണുംനാസ്തിയതങ്ങിനെകുറവും,
ഇപ്പോഴുള്ളൊരു പെണ്ണുങ്ങൾക്കു
പൊല്ലാങ്ങും ഗുണമെല്ലാമില്ലാ
വാരിജഭവനുടെ ദാരിദ്ര്യംബത
കാരണമെന്നതിനർത്ഥമിതർത്ഥം.

ഏവംവികൃതിയുള്ളഭാവം പ്രകാശിപ്പിച്ചു
ഭൂപാലകന്മാരെല്ലാംമോഹനകാലമങ്ങു
ചേദിഭൂപാലനേറെംമോദിച്ചുതൻറെകായ്യം
സാധിക്കുമെന്നുതന്നെ ബോധിച്ചുശിശുപാലൻ
മാലയേല്ക്കാനുള്ളൊരു കാലമെന്നോർത്തുകൊണ്ടു
നാലുഭാഗത്തും വാദ്യകോലാഹലങ്ങൾകൂട്ടി
മാലോകരെല്ലാമെന്നെയാലോകനം ചെയ്യണം
നാലാഴിനടുവിലെ ഭൂലോകമൊക്കെശിശു-
പാലനധീനമനുകൂലം ദൈവമെന്നനു-
വേലംമദിച്ചുമദശീലൻ മരുവുന്നേരം;

തദനുമധുസൂദനൻ തനുഭംഗിയേക്കണ്ടു
മദനതരളാശയൻ മഞ്ചത്തിൽനിന്നാശു
അവനിയിലിറങ്ങിവന്നാനന്ദമുത്തിതാൻ
കമലദളനേത്രയാം കന്യയെപ്രാപിപ്പു,
കരമതുപിടിച്ചുടൻ കാമമൊന്നോതിനാൻ:—
"രുചിരഗുണമോഹനേ! രുക്മിണീ! മൽപ്രിയേ
രുചിരമനുരാഗിഞാൻ സുന്ദരീകേളടോ!
കനിവിനൊടുനിൻമുഖംകാണ്മതിനോഷ്ണഞാൻ
മനസിബഹുകൌതുകാൽ മണ്ടിവന്നീടിനേൻ
മമതരുണി നീയെടോ! മാനിനീമാലികേ!
മമതയുടയോരുമാം മാനിക്കനീ മുദാ
തരികപരിരംഭണം താമ്രബിംബാധരേ!
പെരികെവളരുന്നുഹേ പ്രേമഭോരംപ്രിയേ!
കരികളഭഗാമിനീ! കാമിതം ദേഹിമേ
തെളിവൊടുവിദർഭേ! തേരിലേറീടുക
ലളിതതനു! വല്ലഭേ! ലജ്ജമോചിക്കനീ
സരസതരമിങ്ങിനേ സാധുവാക്യംപറ-
ഞ്ഞനുമതിവരുത്തിനാനംബുജാക്ഷൻ മുദാ;
നരപതികളൊക്കവേ നോക്കിനില്ക്കുംവിധൌ
നരകരിപുമാധവൻ നാരിയെക്കൈക്കൊണ്ടു
വിരവൊടുനടന്നുതേവീരചൂഡാമണി
വിരചിതമഹോത്സവം വിശ്വലോകാധിപൻ

അംഗമഹീപതി, മഹിഷമഹീപതി
വംഗമഹീപതി, സിന്ധുമഹീപതി,
ആന്ധ്രമഹീപതി, സിംഹളഭൂപതി
കുന്തിമഹീപതി കുരുധരണീപതി,
കൊങ്കണഭൂപതി, കോസലനരപതി,
മങ്കണമന്നവരെന്നിവരെല്ലാം
കന്യാഹരണംകണ്ടുകലമ്പി-
സ്സന്നാഹത്തൊടുക്രുടെയടുത്താർ,
'നില്ലെടകുടിലാനിന്നുടെ തൊഴിലിതു
നല്ലതിനല്ലവല്ലവബാലാ!
വല്ലവനെങ്കിലുമിങ്ങനെചെയ്താൽ
കൊല്ലുമതിന്നൊരുകില്ലുമതില്ലാ
ശിശുപാലൻറെകളത്രമതിന്നൊരു
പശുപാലന്നുതൊടാമോ മൂഢ!
നാശുഭമഹോതവമോഷണമെന്നാൽ
ശിശുവായന്നേ ശീലമിതല്ലോ
പാലും തൈരും കട്ടുകവന്നൊരു
ബാലാ! നില്ലെടാ! ഗോപകുമാരാ!
നാലുജനങ്ങടെ സഭയിൽനിനക്കൊരു
നാളും വരുവാൻ സംഗതിയുണ്ടോ?
മാതുലനെക്കൊലചെയ്ത കുമാരാ
പൂതനയെക്കൊലചെയ്ത കുമാര
കൈതവമല്ലാതൊരുകർമ്മം നീ
ചെയ്തവനല്ല ജനിച്ചുപ്പിന്നൊ
പെണ്ണുകവന്നുഭുജിച്ചുനടന്നും
പെണ്ണുങ്ങടെവസനം മോഷ്ടിച്ചും
കണ്ണിൽകണ്ടതു കട്ടുമുടിച്ചും

Digitized By Kerala Sahitya Akademi

കഞ്ഞികുടിപ്പാനില്ലാതാക്കി
യജമാനന്മാർ പലരുണ്ടവരുടെ
പ്രജകളുമനവധികായ്ക്കാരും
മേനോന്മാരുപണിക്കരുമെന്നിവർ
നാനാജാതികൾ നോക്കിയിരിക്കെ
എടയന്മാരിലൊരുത്തൻവന്നു
മടിക്രൂടാതിക്കന്യാരത്നം
തടിതിപിടിച്ചുരഥത്തിൽകേറി
പടഹമടിച്ചുതിരിച്ചുകൊള്ളാം."

കൊടുപ്പിൻതാഡനംപാഞ്ഞ-
ങ്ങടുപ്പിൻ! കള്ളനെച്ചെന്ന
തടുപ്പിൻ കന്യകേമെല്ലെ
പ്പിടിപ്പിൻചേദിഭൂപന്നു
കൊടുപ്പിൻവില്ലുകളെല്ലാ-
മെടുപ്പിൻ! ബാണമെയ്ക്കാശു
തടുപ്പിൻ! യാദവന്മാരേ
മുടിപ്പിൻ! ഭൂപാലന്മാരേ
നടപ്പിൻ! തേത്തടംതല്ലി-
പ്പൊടിപ്പിൻ! കുണ്ഡനേറമാവിൽ
തെഴിപ്പിൻ! പാരാതെവേഗം
ചേരിപ്പിൻ കൂട്ടത്തിൽവന്നു
മരിപ്പിൻ! പേടിയുള്ളോരി-
ങ്ങിരിപ്പിൻ! പെണ്ണിനെച്ചൊല്ലി
മരിപ്പിൻ! മന്നവന്മാരെ!
ധരിപ്പിൻ കംസനെക്കൊന്ന
ശൗനെസംഹരിക്കേണ-
മുടനേസംശയംവേണ്ടാ
വിടനേക്കൈക്കലെത്തുമ്പോൾ
വിടൊല്ലാമന്നവന്മാരേ!

ഇങ്ങനെപലപലദൂഷണവാക്കുകൾ
തിങ്ങിനമദമൊടുഘോഷിച്ചുങ്ങിനെ
മുറവും നൃപതികൾവന്നുരഥത്തിനു
ചുറവുംനിന്നുതടുത്തൊരുസമയേ
സാത്യകിവീരൻ കൃതവർമ്മാവും
സാത്വതസംഘവുമവരുടെ പടയും
ഉദ്ധവരും ബലദേവരുമൻപൊടു
യുദ്ധംചെയ്തതിനെത്തിമുതിർന്നു;
"ക്ഷത്രിയകീടകമൂഢന്മാരേ!
ശത്രുതകൊണ്ടൊരു ഫലമില്ലേതും
എലികളൊരായിരമുണ്ടെന്നാലൊരു
പുലിയൊടുകലഹിപ്പാനെളുതാമോ!
കുനരിലക്ഷം വന്നാലിന്നൊരു
ചെറുകടുവായെവധിപ്പാനെളുതോ?
നിങ്ങൾക്കീവക കന്യാലാഭം
സംഗതിവരുമോ? ചപലന്മാരേ!
തങ്ങടെവാത്തകൾ താനറിയാത്തവ-
രിങ്ങിനെവന്നുതരംകെട്ടുമുടനേ
ഉപ്പുചുമന്നുനടക്കുമവന്നൊരു
കപ്പലുകടലിലിറക്കാൻമോഹം
ഞെങ്ങിക്കൊൾചപ്പിനടക്കുന്നവനൊരു
തണ്ടിലിരിപ്പാനാശകണക്കേ
കുണ്ടുകിണറ്റിൽ തവളക്കുഞ്ഞിനു
കുന്നിന്മീതെപറക്കാൻ മോഹം
ചൊട്ടച്ചാൺവഴിവട്ടംമാത്രം
കഷ്ടിച്ചുങ്ങുപറക്കുംകോഴികൾ
ഗരുഡനുപിറകേ ചിറകുംവീശി
ഗഗനേഗമനം വാഞ്ഛിക്കുന്നു
ഞാഞ്ഞൂലെന്നൊരുക്രൂട്ടം ഭൂമിയി-
ലഞ്ഞൂറായിരമെണ്ണംക്രൂടി
സപരുപിച്ചുകിലനന്തനെടുക്കും
ധരണിയെടുപ്പാനെളുതായ്വരുമോ?
കൊതിയന്മാരേ! മതിയന്മാരേ!
മതി! മതി! നിങ്ങടെ മതിയിലെമോഹം
മതിമുഖിയാകിയ രുക്മിണിതന്നിലെ
മതിരതിയൊക്കെ വൃഥാഫലമിപ്പോൾ
ആയനിയുണ്ടവനുണ്ടുർഭഗ-
നായവനാണോ പെണ്ണോ ചൊൽവിൻ
ചെങ്ങാതിക്കിനിവേളികഴിപ്പാ-
നെങ്ങാനൊരുപെണ്ണുണ്ടായ്വരുമോ?
ചേദിമഹീശനു വേളിമുടങ്ങി-
ച്ചേതംവന്നതുമൊട്ടുപൊറുക്കാം
മലയാളത്തും പരദേശത്തും
തലയുംപൊക്കിനടപ്പാൻമേലാ
ഭംഗിപറഞ്ഞുപ്രതിഗ്രഹമെല്ലാം
വാങ്ങിക്കൊണ്ടവർതന്നേയിപ്പോൾ
പരിഹാസത്തിനുവട്ടംക്രൂട്ടി-
പ്പൃഥിപ്രഥിവന്നവർപാത്തീടുന്ന
യുദ്ധമഹാഹസവുമുടനേയുടരുകി-
ലുത്തമവമശേഷംതീരും.

Digitized By Kerala Sahitya Akademi

മട്ടുമാറി.

വാളുമെടുത്തുപിടിച്ചുകളിച്ചു-
ച്ചീളെന്നോടിയടുത്തിതു രുക്മൻ
വേളിമുടക്കിയമൂഢാ! നിലയ്ക്ക
കേളിവിനോദമിതല്ലെട കൃഷ്ണാ!
ഗോക്കളെമേച്ചുനടക്കുന്നവനി-
പ്പോക്കളമെന്നുഗ്രഹിച്ചിട്ടുണ്ടോ!
നോക്കെട! നിന്നുടെ കുലബലധനജന-
മൊക്കെയുമാശുമുടിക്കും രുക്മൻ
ശിശുപാലനുകൊടുപ്പാനായി
ശിശുവായനോകല്പിതമാക്കിയ
മദ്ദാരുണനെക്കണ്ടോരു നിന്നുടെ
ധിഷ്ണ്യമതിപ്രൗഢം നമ്മോടുക്രൂടാ;
പാലും തെരുമിതല്ലെടകൃഷ്ണ!
പോരുംനിന്നുടെ പൌരുഷമെല്ലാം
ആമ്മാനമ്മുടെ പെൺകൊടിയാളെ-
സ്സുമ്മാനിപ്പാൻ നല്ലൊരു പാത്രം
ആമ്മാവനെയും കൊന്നുമുടിച്ചാ-
നമ്മാനിപ്പോളൊരു വകയില്ലാ;
കട്ടുഭുജിച്ചും കാലികളെ മേച്ചും
വട്ടുകളിച്ചും കാട്ടിലൊളിച്ചും
മട്ടോൽമൊഴികടെ പുടവകവന്നും
നാട്ടാരോടു പിടിച്ചു പറിച്ചും
പെരുവഴിപോകുന്നേരം ചെന്നൊരു
പെരുമണ്ണാനെക്കുത്തിക്കൊന്നും
പെരുതെടനിന്നുടെ വിരുതുകളിങ്ങിനെ
കരുതിപ്പൊരുതിക്കൊള്ളെടകടിലു!
ഇങ്ങിനെ വന്നു ശകാരം ക്രൂട്ടി
സംഗരസീമനികണ്ടൊരു സമയേ
തിങ്ങിനകോപാലോടിയടുത്താൻ
മംഗലമൂർത്തിമുകുന്ദനുമപ്പോൾ;
പടയുടെ കലശലുകേട്ടപ്പോൾ ചിലർ
പടികളടച്ചു മുടക്കനുമിട്ടു
ഊട്ടിനു വന്നൊരു പട്ടന്മാർ ചിലർ
കേട്ടയപ്പെട്ടഴറിത്തന്നുടെ
കുട്ടികളെച്ചിലർ തോളിലെടുത്തും
കുട്ടിസ്സാദം കെട്ടിനുമീതെ
കെട്ടിമുറുക്കിദ്ധാവതി ചെയ്തു

ഉടനവർ കൃതവർമ്മാസാത്യകിസകലയാദവരും
മുടനെ
ഉദ്ധതമതിനൃപതിബലത്തൊടു യുദ്ധവിധങ്ങൾ-
തുടങ്ങി
വില്ലുശരംചുരികകടുത്തിലുലുലം ചാവളംകുന്തം
നല്ലുഗദകൾംവാളുമ്പരിഘകൾം മുൾത്തടിചക്രം-
പരിഘം
ലന്തക്കുഴലിട്ടികൾം ശക്തികളൊരുവക പിൻകി
കളും
പന്തത്തൊടുപലവിധമായുധമെടുത്തു ചാടി-
വാർ
വെട്ടുംപലവെടികളുമിടയിടചടചടഘോഷ-
ത്തോടേ
തട്ടുചിലകുഴൽവിളി നിലവിളികൊമ്പുകൾം-
വൻപുകൾംകാട്ടി
ആനപ്പടകുതിരപ്പടകളുമിടവകമാടമ്പികളും
സേനാപതിമേനോക്കികളഥമൂത്തുപടത്തലവ-
ന്മാർ
പട്ടാണികൾംപലതരമിങ്ങനെ കളകളമിളകി-
നിറഞ്ഞും
പെട്ടെന്നൊരു സമരമഥോദ്ഭവിയതുപുനരതുലകു-
രാളം
സാത്യകിയുടെശരശതമോരിഹതോരുമടങ്ങി-
നൃപന്മാർ
നൃപതികളുടെ കണ്ണുപൊടിഞ്ഞുചിലരുടെ
കാലുമൊടിഞ്ഞു
നൃപനൊരുവനുപല്ലുതകന്നൊരുമല്ലനുമൂക്കു ചത-
ഞ്ഞു
വസ്ത്രംപോയാഭരണംപോയുടലു ചിലക്കുലടിച്ചു
രക്തംപോയ് നാണംകെട്ടഥഝടിതിനടന്നു
തിരിച്ചു
പെണ്ണിനെ മോഹിച്ചുലഭിച്ചൊരുമാനക്ഷയമധി
കമഹോ!
വന്നതുമിനിമതിമതി നമ്മുടെവീട്ടിലിരുന്നാൽ
പോരും
ഇത്തരമതിയേമിടക്രൂടിനരാജസമൂഹമശേഷം
സത്വരമങ്ങോടിയൊളിച്ചു ശമിച്ചുഗമിച്ചു-
വസിച്ചു

Digitized By Kerala Sahitya Akademi

ചന്തുക്കാരൻ കലവറചൂട്ടി-
ച്ചന്തത്തൊപ്പിയുമിട്ടുമുറുക്കി
കന്തമെടുത്തു കുറുക്കു വിളിച്ചുകൂ-
തിച്ചുര ചാടിപ്പാഞ്ഞു തിരിച്ചും
അച്ചികൾ ചൂലും മുറവുമെറിഞ്ഞും
മച്ചിലൊളിച്ചും മണ്ടിനടന്നും
അച്ഛനെ വിളിയെടിയങ്ങോക്കിപ്പോൾ
കൊച്ചിനെ വേണ്ടാ കോയിക്കൽ ചില
നിച്ചിരിയത്തികളുണ്ടവർ മേനികൊ-
തിച്ചുനടക്കുന്നെന്നിഹ കേട്ടു;
കള്ളന്മാക്കു തനിക്കു പിറന്നൊരു
പിള്ളയെവേണ്ടാതായാൽ പിന്നെ
തള്ളയിലൊരു കനിവുണ്ടായ് വരുമോ?
പള്ളപൊറുപ്പാനിങ്ങു വലഞ്ഞു
പടവന്നെന്നുടെ വീട്ടിൽ കേറി-
പ്പടിയും കതകും തല്ലിയൊടിച്ചു
കൊടിയും വാഴയുമൊക്കെ നശിക്കും
മൂടിയും നമ്മുടെ നാടുകളെല്ലാം
ഇങ്ങിനെയിവരെയെടുത്തും കൊണ്ടിനി-
യെങ്ങൊരു ദിക്കിനു പോയീടേണ്ടു?
ഖഡ്ഗമെടുത്തു കയത്തു വരുന്നൊരു
രുക്മനെ വിരവിലെടുത്തു മുകുന്ദൻ
വെക്കം ചെന്നു പിടിച്ചുടനവനുടെ
ഖഡ്ഗവുമിങ്ങു പിടിച്ചു പറിച്ചു,
തലമുടിപിടിപെട്ടസികൊണ്ടവനെ
ക്കൊലചെയ്വാനുടനാരംഭിച്ചു;
കാടൻ പൂച്ചുപിടിച്ചെലിപോലെ
മൂഢൻ നിന്നു വിറച്ചു തുടങ്ങി;
ആയതുകണ്ടു കരഞ്ഞു വിരഞ്ഞുട-
നായതമിഴിയാൾ രുക്മിണിയപ്പോൾ
തുക്കാൽ ചെന്നു പിടിച്ചു പറഞ്ഞു
ചക്രായുധനൊട്ടുചട്ടലാപാംഗി.

മട്ടുമാറി.

"കരുണാസാഗരനാഥ! ശരണം നീ ശരണം
ചരണാന്തേ പണിയുന്നേനരുതയ്യോ കോപം
കുലനാശം വരുത്തൊല്ലാ കുവലയനയന!
കൊലചെയ്തീടരുതെന്നാ സഹജനാമിവനെ
ഇവൻ ചെയ്തൊരപരാധം കാനനമെന്നാലും
സഹിക്കേണം മുകിൽ വണ്ണ! നമുക്കുള്ളമൂലം
ചൊറുപ്പം കൊണ്ടിവനോരാജ്ഞതപങ്ങളം പറ-
ഞ്ഞതു
ചൊറുപ്പമിന്നതു കേട്ടാൽ വധിപ്പാനംതോന്നും;
പൊറുപ്പുന്നെല്ലൊരുമോഹം വരുമോ കൊല-
ചെയ്താൽ
പുറപ്പെട്ടു ഗമിക്കുമേ ജനകാദിസകലം
ഒരുദോഷംചൊറുക്കേണംപെരുതായിവന്നാലും
നിരുപിച്ചു സഹിക്കേണംനിഖിലേശാ കൃഷ്ണാ!
ഇതിനെല്ലാംനിമിത്തംഞാനെന്നല്ലോവരുന്നതും
അതുപാരം മമഖേദം മധുവൈരിൻ നാഥാ!
നമസ്തേ ശ്രീഗോവിന്ദ! നമസ്തേ ഗോപാല!
നമസ്തേ ശ്രീധരവീര! നമസ്തേ ഭുവനേശ!"

മട്ടുമാറി.

ഇങ്ങിനെ വന്നു കരഞ്ഞു പറഞ്ഞൊരു
മംഗലമധുമൊഴിയാളെക്കണ്ടുട-
നങ്ങിനെയെന്നരുൾ ചെയ്തു കൃപാനിധി
താംഗനമാർമണിയോടനുരാഗാൽ
"മൽപ്രിയകാന്തേ! രുക്മണിതവപുന-
രപ്രിയമുണ്ടോ ഞാൻ ചെയ്യുന്നു?
ദുഷ്പ്രഭവാകിയ സോദരനിവനതി
ദുഷ്കൃതമുത്തിമഹാശാനധമൻ
ധിക്കാരങ്ങളം പറഞ്ഞതശേഷവു-
മിക്കാലത്തു സഹിക്കാമിഹ ഞാൻ;
പങ്കജനയനേ! നിന്നുടെ ചേതസി
സങ്കടമെങ്കിലെനിക്കും സങ്കട-
മെന്നാലൊരു പിഴയിന്നു പൊറുക്കാ-
മെന്നരുൾ ചെയ്തു പതുക്കെ മുകുന്ദൻ
പാണികമം കൊണ്ടഥരുക്മിണിതന്നുടെ
പാണിപിടിച്ചു പുണർന്നു വസിച്ചു.
ദുഷ്ടതപെരുകിനരുക്മനെ വിരവൊട്ടു
മുഷ്ടികമം കൊണ്ടു ശിരസ്സിലടിച്ചു
ഖൽഡം കൊണ്ടുടനവനുടെ തലമുടി
ചിക്കനെങ്ങു ചിരിച്ചൊരു ശേഷം
നാലുമൊരൊന്നും കുടുമകമം വെച്ചൊരു
കോലം കണ്ടാൽ ചിരിയാമങ്ങിനെ
നാണക്കേടു വരുത്തിയയച്ചു
പ്രാണൻമാത്രം പോയതുമില്ലം.

Digitized By Kerala Sahitya Akademi

മുന്നം രണ്ടും കൂട്ടുമക്കാരൻ
പോന്ന പുരത്തിൽ പുക്കഥ രുക്മൻ
കതകുമടച്ചു പുതച്ചു കിടന്നാ
ഹിതമല്ലാത്തതു ചെയ്ക നിമിത്തം.

വ'ിയ്യാംബൂരാശ്രിക്കൃഷ്ണൻ രാഗ്ര്യാസഹിതനായി
തേരിൽ കരേറിയ ദുർവ്വീരന്മാരോടുംകൂടി
സീരായുധനെച്ചെന്ന പാരാതെ കൈവണങ്ങി
ദ്വാരാവതിക്കുപോവാനാരംഭിച്ചുഴകോടേ
കൊട്ടും കുഴൽ വിളിയും പാട്ടും തഴകളാല-
വട്ടംതേവിടിശ്ശികടാട്ടം, ക്രുത്താടികടെ
ഓട്ടം എന്നിവ ചെറു ക്രുട്ടം മേളങ്ങളം പല'
ക്രുട്ടി നടന്നു ചെന്നു ക്ഷിപ്രം കടൽ കടന്നു;
വിപ്രന്മാരോടും ക്രുടിവപ്രംഗോപുരം പല
സുപ്രദേശം ലംഘിച്ചു ഉള്ളിൽ കടന്ന കൃഷ്ണൻ,
പുള്ളിമാൻ മിഴിയാളും പള്ളിശ്രാമ്പിമേലേറി
പള്ളിക്കട്ടിലിന്മീതേ ചെന്നാങ്ങധിവസിച്ചു;
നന്ദനന്ദനൻ കൃഷ്ണൻ മേളിച്ചു പുലർകാലേ
നന്ദിച്ചു മാതാവിനെ ഒന്നിച്ചു താതനേയും
വന്ദിച്ചു വഴിപോലെ മേളിച്ചുരുക്മിണിയെ
ലാളിച്ചുങ്കവളുടെ വേളികഴിച്ചു നല്ല
കേളിയുമാടിക്കൊണ്ടു മാളികമീതേ വാണു;
നാളീകമുഖിയുടെ വ്രീളിതവുമകന്ന-
ങ്ങാളീകൌശലമൂലമെന്നതേ പറയാവൂ.
ഇങ്ങിനെ രുക്മിണി ഹരണം ചെയ്ത
മംഗിയിലംബുജനയനൻ കൃഷ്ണൻ
മംഗലമിക്കഥ കഥനം ചെയ്താൽ
സംഗതമായ്വയരുമമിതാനന്ദം;
ഉലകുടെപെരുമാളിക്കഥയെല്ലാം
നലമൊടുമനസിനിനച്ചുവസിച്ചു
ഉലകുടെ പൊലിമവരുത്തിരമിക്കാം
കുലബലപുഷ്ടിയുമുളവാംഭദ്രം.

—:o:—

## മംഗളം.

സുരതടിനീ നിലയോത്തമ! മുരരിപൊ!
സരസിജലോചന! പാഹി
നരപതി വിജയൻ രഥമണിയാം യദു-
വര! കരി വരദ! പാഹി
മത്സ്യക്രുമ്മസുകരനരഹരി
വാമന ഭ്രുഗുവര! പാഹി
ശ്രീരാഘവജയ! സീതാവരജയ!
പീതാംബര!ജയജയപാഹി
ശ്രീവസുദേവാത്മജ! ജയശൌരേ!
ശ്രീലക്ഷ്മീ രമണ!മാം പാഹി
വാരിജഭവമുഖസുരവരവിനുത!
സാരസനയന! ശൌരേ!
നീരദമോഹനദിവ്യകളേബര!
ഹാരവിരാജിതകണ്ഠ!
ദേവകിനന്ദന!യാദവബാല!
ദേവജനാവനശീല!
വസുദേവാത്മജ! വാനവർ പാല!
വാസവിസുതമുരാരേ!
മഞ്ജുളകുണ്ഡലമണ്ഡിതഗണ്ഡ!
ഖണ്ഡരിഷണ്ഡാ! ലോലാ
രഞ്ജിതമഞ്ജുളകുന്തളശോഭിത
ബിംബഫലാധര! നാഥ!
മാറലർ പാശമറുത്തിഹ പാലയ!
ചോറനിക്കരവധസാ!
നളിനാസനമുഖസുരഗണപൂജിത!
അന്ധകജനപാലനപാഹി
മനസിജനാശന! ജനിമൃതിമോചന
മഹിത ഗുണാലയപാഹി
ശിശുശശിശേഖര! ശിവമുഡശങ്കര!
ശിതിഗള! ശംഭോ! പാഹി!
വനോർസേവിതവാസുകിഭ്രുഷണ!
വരമരുളീടുകവന്നേ
യക്ഷേശ്വരവരദാ!നതജന
മോക്ഷദ! മാം പര പാഹി
ശ്രീപൂണ്ഡ്രയീമന്ദിര!നാഥ!
ശ്രീപുരുഷോത്തമവന്നേ
ശ്രീഗുരുവായുപുരേശ്വരി! ഹരേ മാം
പരിപാലയമാം ദേവ!
നാരായണജയ! നാരായണജയ! നാരായണ
കൃഷ്ണ! ശരണം ശരണം.

രുക്മിണീ സ്വയംബരം ഓട്ടൻതുള്ളൽ സമാപ്തം.



Digitized By Kerala Sahitya Akademi

# ഷ്ടപദി

## ഓട്ടൻ തുള്ളൽ.

അണിമതികലയും സുരവാഹിനിയും
ഫണിപതിഗണഫണമണികളുമണിയും
ഗുണഗണമേറിനപുരിചിടയുടയോൻ
പ്രണതശിവങ്കരനഗമാരമണൻ
കരിണീവടിവുചമഞ്ഞു വിളങ്ങിന
തരുണീമണിയാം ഗിരിസുതയാസഹ-
കരിവരവേഷം പൂണ്ടൊരു ദിവസം
കരിഹരിശരഭവരാഹമഹാമൃഗ-
പരിവൃതമാകിനവിപിനംതന്നിൽ
പരിചൊടുവിഹരിച്ചീടിനസമയേ
പെരുകിനമട്ടുമലർവാസനകൊണ്ടും
സുരഭിമലയപവനാഗതികൊണ്ടും
പരിസരമിളദളിഝംകൃതികൊണ്ടും
പരഭൃതപഞ്ചമരാഗംകൊണ്ടും
പരിണതശശധരകിരണംകൊണ്ടും
സരളബകുളമുകുളാവലികൊണ്ടും
സരസിജശരശരനികരംകൊണ്ടും
സരസികുമുദവനധൂളികൾകൊണ്ടും
പരവശമാനസരാമവരുടനേ
പരിചൊടണഞ്ഞു പുണന്നൊരുനേരം
തരസാവന്നുപിറന്നുവിളങ്ങും
തരുണദിവാകരകോടിസമാനൻ
കരിമുഖമാകിന പരദൈവതമേ!
വരമരുളീടുക വന്ദിക്കുന്നേൻ.

മട്ടുമാറി.

കല്യാണവാരിരാശ കല്ലോലജാലംപോലെ
നല്ലൊരുതിരുമിഴിവില്ലാട്ടംകൊണ്ടുമമ
കല്യാണമരുളുക കല്യാണീ വാണീദേവി
ഫുല്ലാരവിന്ദരുചി വെല്ലുന്നഭംഗിയുള്ള
സല്ലാപചന്ദങ്ങളുടെ തെല്ലോടിടകലരും
മല്ലായുധൻറെപട വില്ലോടുതുലിതമാം
ചില്ലീമയകനക വല്ലീവിലാസംകൊണ്ടു-
മുല്ലാസഗുണമുള വില്ലാതെവിലസുന്ന
സല്ലാപമധുരസസല്ലാളനങ്ങൾകൊണ്ടു-
മെല്ലാനേരവുംമെന്നെ കല്യാണി! കാത്തരുൾക
കല്യേ! ഭഗവതി! നീ യല്ലാതിനിക്കുഗതി-
യില്ലാമമമനസി വല്ലായ്മവന്നീടുന്ന-
തെല്ലാമകത്തിപ്രതി മല്ലന്മാരുടെ മദ-
മെല്ലാംകുറപ്പതിനു നല്ലൊരുവചനകൌ-
ശല്യംതരിക മമ ശല്യങ്ങൾതീർത്തരുൾക
മല്ലാധിവാസജായേ മല്ലാക്ഷിസരസ്വതീ
ചൊല്ലേറുമൊരുകഥചൊല്ലേണമെന്നരുചി
തെല്ലുണ്ടിനിക്കുചെറുകില്ലുണ്ടതിനുപിന്നെ
നല്ലോരമൃതരസ കല്ലോലജാലങ്ങൾക്കു
തുല്യങ്ങളാം കവികൾ ചൊല്ലും ജനങ്ങളുടെ
ചൊല്ലുകൾകേൾക്കത്തന്നെനല്ലനമുക്കതിനു
തുല്യംകവിതാഗുണമില്ലെന്നറിഞ്ഞീടേണം
വല്ലാത്തകവിതകൾ ചൊല്ലുന്നവനെക്കാട്ടിൽ
ചൊല്ലാതിരിക്കുന്നവൻ നല്ലനിരൂപിച്ചാല-
തല്ലാതെടുസ്സാമത്ഥ്യമെല്ലാം തുടങ്ങുനേര-
മെല്ലാക്കും പരിഹാസമല്ലാതെവരികില്ല;
ഒല്ലാത്തവാക്കുവന്നുചൊല്ലുന്നപുരുഷനെ-
കൊല്ലാതെകൊല്ലുമടനെല്ലാ മഹാജനങ്ങൾ;
വല്ലാത്തദുഷിവാക്കുതല്ലും സഹിച്ചുകൂടാ
തല്ലുകൊണ്ടനാലതു തെല്ലുദിവസമങ്ങു
ചെല്ലുമ്പോൾവേദനകളെല്ലാം ശമിച്ചുപോകും
വല്ലാത്തവാക്കുഹൃദിശല്യംതറച്ചപോലെ
അല്ലൽവരുത്തുമതിനില്ലിങ്ങവസാനമ-
തെല്ലാംവിചാരിക്കുമ്പോൾചൊല്ലാനുമൊരുതല്ലാ
നല്ലഗുരുകടാക്ഷമല്ലാതൊരുശരണ-
മില്ലാമനുഷ്യക്കുതുചൊല്ലാനൊട്ടുക്കമിനി;

മട്ടുമാറി.

ധരണീസുതകുലമകുടമഥാമണി
ഗുരുനാഥൻ മമ വരമരുളേണം
ധരണീസുരപ്രഭു ചമ്പകനാടാം
അരവിന്ദാകരദിനകരനരശൻ

Digitized By Kerala Sahitya Akademi

ധരണീധരനുടെ ചരണാംബുജയുഗ
ശരണീകൃതനിജകരണീയൻ ഗുരു
കരുണാമൃതരസവരുണാലയനതി-
തരുണാമിതരുചിപരിണാഹംകൊ-
ണ്ടരുണാമലനവകിരണാവലിയുടെ
പരിണാമായിതകരുണാകാരൻ;
അരുണാംഗുലിനവ ചരണാംഭോരുഹ-
നരുണാപാംഗസ്ഫുരണാനന്ദൻ
ഹരിണാകനകവിതരണാദിഷ്ടസുര-
തരുണാനീതിഷ്ടുരുണാധൈര്യേ
ഗിരിണാസമഗുണനരുണാ, സുമധുര
തരുണീമാനസഹരണോചിതനിജ
കരണോന്നതഗുണഭരണോദാരവി-
ഹരണോദാത്തൻ, സുരണോദഗ്രൻ,
ചരണോൻമുഖജനശരണോന്നിദ്രൻ;
ധരണീപാലനശീലൻ നരപതി
ചരണംപരിചൊടുവന്ദിക്കുന്നേൻ
വരണംമമഗതിപരിണാമസുഖം.

ശ്ലോകം.

ഗോഷ്ഠീസാവിരളാനയത്രുഘടതേ
സത്താപൂരേഭോഗിനാം
നാരീസാഖലുദുർല്ലഭോനകുസ്യുതി
ശ്ലിഷ്ടംയദീയം മനഃ
ദുഷ്പ്രാപഞ്ചെതദംബുതീരജരജോ
രാജിന്ന്യയദ്ദൂഷയേ
ദുസ്സ്ഥാധഞ്ചസുഖം തദാവിലയതേ
ദുഃഖൊന്നവൃത്തിന്ന്യയൽ;

ഇതിനുടെപൊരുളുപറഞ്ഞീടാമല്ലൊ
മതിമാന്മാരറിയേണമിദാനീം;
അതിയായുള്ളഗുണങ്ങൾംവരുമ്പോ-
ളതിലൊരുദോഷമകപ്പെട്ടുമല്ലോ;
"മുറവും നല്ലമഹാജനമെല്ലാം
ചുറവുംവന്നുനിറഞ്ഞസഭായാം
കുറവംനോക്കിപ്പുറവാൻ വലിയൊരു
കുറവികണക്കിനെ നില്പുംചിലരിഹ;
ദോഷഗ്രാഹികളില്ലാത്തുള്ളൊരു
ദോഷജ്ഞന്മാരുടെസദ്ദുരഹം;
വേഷമനോഹരിയാകിയപെണ്ണിനു
ദൂഷണമൊന്നുണ്ടെന്നുമുരചെയ്യാം;
പല്ലവമെന്നതുപോലേ ദേഹം
പല്ലുണ്ടുമതെന്നുമനോജ്ഞം!
നല്ലകടാക്ഷം നല്ലൊരുഭാവം
സല്ലാപങ്ങളുമാനന്ദകരം
എല്ലാമിങ്ങനെ മംഗലമെങ്കിലു-
മല്പാതുണ്ടൊരു ദോഷമവശ്യം
കല്പകണക്കേ കാനനഹൃദയമ-
തല്പാതുള്ളവുമുർല്ലഭമല്ലോ;
ചാരുതയുള്ളൊരു സലിലത്തിനൊരു
നീരസമുണ്ടതുബോധിക്കേണം,
തീരത്തുള്ളൊരുപൊടിപടലംപ്രത
ചേരുന്നേരമതൊന്നുകലങ്ങും
എന്നാതുപോലേ നല്ലസുഖത്തിനു-
മൊന്നുവിരുദ്ധം ദുഃഖാഗമനം
അന്നനോരോദുഃഖാനുഭവം
വന്നിടുകുടാതുള്ളസുഖം ബഹു-
ദുർല്ലഭമെന്നുധരിച്ചീടേണം
നല്ലബുധന്മാരഖിലമിദാനീം"
ചൊല്ലിയപദ്യത്തിന്റെ പൊരുളിതു
വല്ലഭമോടുഗ്രഹിച്ചീടേണം,
ദൂഷണവാക്കുകൾ ചൊല്ലുകയത്രേ
ഭൂഷണമെന്നുനടിച്ചുനടക്കും
ദോഷന്മാർപലരുണ്ടതിനാലി-
ബ്ഭാഷാകവിതമഹാവൈഷമ്യം
ഗുരുപുരമമരും പരമശിവൻ മമ
സുകരതവരുവാൻ വരമരുളേണം;
തകഴിയിലമരും ഹരിഹരസുതനും
സകലഗുണങ്ങൾം നമുക്കുതരേണം;
നഗവരനന്ദിനിമാതുരമരും
ഭഗവതിസതതം കാത്തരുളേണം;
വിഗതകളങ്കം കവികളരപ്പാൻ
മികവുനമുക്കു ലഭിപ്പിക്കേണം,
അംബരതടിനീനിലയനിലീനമൊ-
രംബുജനയനം നയനാനന്ദം
കംബുകശോപരിശോഭിതമാകിന
ബിംബമെനിക്കവലംബനമേകം
ഉലകുജയിച്ചു ജയശ്രീകാംക്ഷികളായ
കുലഗൃഹമാകിന കുവലയനയനൻ,

Digitized By Kerala Sahitya Akademi

ഉലകുടെപെരുമാളവനീ പതികുല
തിലകമതാകിന മന്നരിൽ മന്നൻ,
വലരിപൂസന്നിഭനംബുധികാഞ്ചീ
വലയിതമാകിനവാസുധാചക്രം
കുലബലധനജനപൌരുഷശാലീ
നലമേവാണവസിക്കും കാലം;
പാരിൽദ്രവ്യവിഭൂതിപെരുത്തും
ദാരിദ്ര്യംബതകേൾപ്പാനില്ലാ
ചാരുസ്ത്രീകുലപാലികമാരുടെ
ചാരിത്രത്തിനുഭംഗവുമില്ലാ;
ഉന്മദമില്ലാ ദൂഷണമില്ലാ
ഉർമ്മുഖമുള്ളജനങ്ങളുമില്ലാ
കല്മഷമില്ലാ കശ്മലരില്ലാ
കമ്മങ്ങൾക്കൊരുബാധകളില്ലാ,
വഞ്ചനമില്ലാ വൈരമതില്ല
വാഞ്ഛിതമൊന്നുവരാ
ചഞ്ചലമില്ലാ ചാപലമില്ലാ
ചഞ്ചലമിഴിമാക്കില്ലലുമില്ലാ,
ദീനരുകളില്ലാ നിഷ്ഠുരമില്ലാ
നിന്നനിലയ്ക്കൊരിളക്കവുമില്ലാ,
മന്ദതയില്ലാ മത്സരമില്ലാ
മന്ദിരഭൂതിവിനാശമതില്ലാ;
ഭീഷണിയില്ലാ ഭീതിയുമില്ലാ
ഭീഷണഭാഷണദുഷ്ടാഷണമില്ലാ,
ഏഷണിയില്ലാ എതിർപടയില്ലാ
ഏഷണദോഷവിശേഷമതില്ലാ
മോഷണമില്ലാ മോഹവുമില്ലാ
മോഷ്ടാവെന്നൊരു നാമവുമില്ലാ;
കുന്നിതമില്ലാ കുടിലതയില്ലാ
കുന്നാളജാബലഭടജനമില്ലാ;
ശണ്ഠകളില്ലാ ശഠതകളില്ലാ
ചണ്ഡികളാകിനമാനുഷരില്ലാ;
സങ്കടമില്ലാ സംഭ്രമമില്ലാ
സംഘവിരോധമൊരുത്തനുമില്ലാ
സങ്കരമില്ലാ സാഹസമില്ലാ
സംഗരഭീതിപരാഭവമില്ലാ;
ഖ്യാകുലമില്ലാ വ്യാധികളില്ലാ
വ്യാകരണംപറയാത്തവരില്ലാ;
ലാഘവമില്ലാ ലാലസമില്ലാ
രാഘവസേവകരല്ലാതില്ലാ
വിഷഭയമില്ലാ വിഷമമതില്ലാ
വിഷയഭ്രാന്തുപിടിച്ചുവരില്ലാ,
പിഴകളുമില്ലാ പീഡകളില്ലാ
പിഴുകിപ്പോയജനങ്ങളുമില്ലാ,
കണ്ടകനില്ലാ കർക്കശനില്ലാ
കണ്ടാലഴകില്ലാത്തവനില്ലാ,
കാതരനില്ലാ കപടമതില്ലാ
കാതരമിഴിമാക്കൊരു വിനയില്ലാ
ധർമ്മപ്പെരുമാൾ പണ്ടുനടന്നൊരു:
ധർമ്മത്തിന്നൊരുപിഴക്രൂടാതെ
തന്മകനതിലൊരുപത്തുമടങ്ങുസു-
ധർമ്മസമൃദ്ധിവരുത്തിവസിച്ചുൻ
നെല്ലും പണവും പാത്രങ്ങളുമിവ-
യെല്ലാമനവധിവഴ്ചിച്ചുതിനാൽ
ഇല്ലങ്ങളിലൊരുദിക്കുമൊഴിഞ്ഞി-
ട്ടില്ലെന്നായിതുവിപ്രന്മാക്കും
വിത്തും നെല്ലും വാരിക്കോരി-
പത്തായങ്ങൾനിറച്ചൊരുശേഷം
പത്തായിരമിനിയുണ്ടതിനാലാ-
പത്തായെന്ന ഗൃഹസ്ഥനുഭാവം.
പെരുവഴിപോക്കക്ഷ്ടികൊടുപ്പാ-
നൊരുവനുമില്ലൊരു ദുർമ്മുഖലേശം;
ഒരു നാഴിക പുലരുന്നതിൽ മുമ്പേ
അരിയും കറിയും വെച്ചുളവാക്കി
പെരുവഴി പോക്കർ വരാഞ്ഞിട്ടവരുടെ
പെരുവഴി നോക്കിയിരിക്കും സരസൻ.
അരമനതന്നിൽ വരും പഥികന്മാ-
ക്കൊരുവൈഷമ്യമൊരിക്കലുമില്ലാ
നിരുപിക്കുമ്പോൾ കൊറുകഴിക്കാ-
മൊരുകുറിയല്ലതു രായുംപകലും;
കുറിയരിവെച്ചു വെളുത്തൊരു ചോറും
കുറികളുമഴ്ച്യം ഭധിയും കൂട്ടി-
നിറയെക്കൊറു കഴിക്കും പരിഷകൾ
കുറയല്ലൻപതു ലക്ഷം ദിനവും.
പട്ടന്മാക്കിഹ ചോറുകൊടുപ്പാ-
നൊട്ടല്ലാദരമുലകടെ മന്നനു,

Digitized By Kerala Sahitya Akademi

വട്ടം പലവക പച്ചടികിച്ചടി
ചട്ടററീടിന ചാറു പരിപ്പും
വണ്ണൻ പഴവും പപ്പടവും പല
കണ്ണൻ പഴവും കറികളു നാലും
തിണ്ണം ദധിമധുപാലുംഗ്ലളവുമി-
വണ്ണം പ്രാതലിനെല്ലാരുഘോഷം
അത്താഴത്തിനു കാച്ചിയമോരും
പുത്തൻ മാങ്ങാനാരങ്ങാക്കറി
മത്തങ്ങാക്കറി മറവും പലവക
നിത്യവുമിങ്ങിനെ ഭോജനദാനം
ക്രുത്തുണ്ടൊരുദിശി പാട്ടുണ്ടൊരു ദിശി
ഓത്തുണ്ടൊരുദിശി കീർത്തനമൊരുദിശി
ആട്ടമൊരേടത്തഭ്യാസികളുടെ
ചാട്ടമൊരേടത്തായുധവിദ്യാ
കൊട്ടും കോലടി ചെറ്റടി തപ്പടി
തട്ടമ്മേൽ കളി തകിലും മുരത്രും
നാടകനടനം നമ്മവിനോദം
പാഠകപഠനം പാവക്കുത്തും
മാടണിമുലമാർ മോഹിനിയാട്ടം
പാടവമേറിന പലപല മേളം
ചന്തംതടവിന ചതുരംഗങ്ങളു-
മന്തരഹീനം പകിടക്കളിയും
പന്തടിവീണാ വേണുമൃദംഗം
ചിന്തും പേരണി പോരണി വിധവും
അന്തണവരുടെ ശാസ്ത്രവിചാരം
ഗ്രന്ഥികളുടെ പടുമത്സരവാദം
സന്ധിതുടങ്ങിനനയശാസ്ത്രങ്ങളു-
മെന്തിതു ചൊന്നാലില്ലവസാനം
ദന്തികളനവധികാലാളുകളും
പന്തിനിരഞ്ഞൊരു കുതിരപ്പടയും
ലന്തത്തോക്കു പറങ്കിത്തോക്കുകളും
കുന്തം ചവളം വില്ലും ശരവും
ആയുധവാഹനവിഭവം പറവാ-
നായിരമാനനമുള്ളവനും പണി;
മായവിതന്നുടെ മകനാം മന്നവ-
നായതനയനൻ വാണൊരു കാലം
നായന്മാരുടെ വീടുകളും തോറും
മായാഭഗവതി വിളയാടുന്നു,

കായസ്ഥന്മാരച്ചന്മാക്കൊരു
കായക്ലേശവുമില്ലക്കാലം.
ഞാഞ്ഞു പറയുന്നുള്ളൊരു കണ്ടത്തിൽ
പുഞ്ചവിതച്ചു വിളഞ്ഞതു കൊയ്താൽ
ഞാഞ്ഞുജനത്തിനു ചെലവു കഴിക്കാ-
മഞ്ഞുമൊരേഴം മാസം മുഴുവൻ
തഞ്ചിലവുകളും വിത്തും കുലിയു-
മഞ്ചോതേ കണ്ടങ്ങു കഴിച്ചാൽ
ഞാഞ്ഞോ പാത്തോ വായ്പകൊടുപ്പാൻ
വാഞ്ഛരിച്ചാലതുമതിലുണ്ടാവും;
കണ്ടങ്ങളിലുഴവെന്നതു കൂടാ-
തുണ്ടാമനവധി നെല്ലതു കാലം.
കണ്ടങ്ങളിലുളവാം വിളവളവേ
കണ്ടവരില്ല കൃഷിക്കാരന്മാർ
പ്രജകളെ രക്ഷിപ്പാൻ വിരുതുള്ളോ-
രെജമാനന്മാരതി സരസന്മാർ
ദ്വിജവരഭക്തിയുമെത്രവിശേഷം
വിജയസമർത്ഥന്മാരവരെല്ലാം
നാരികളോടു വിചാരിച്ചിട്ടൊരു
കാര്യക്ലേശവു മന്നില്ലേതും
നേരല്ലാതൊരു സംസാരങ്ങളി-
ലാരംഭങ്ങളുമില്ലക്കാലം
ഞാപരാധികളോടത്ഥം വാങ്ങീ-
ട്ടപരാധത്തെ മറയ്ക്കയുമില്ലാ
ഉപകാരം ചെയ്തവരെത്തന്നെ
കുപകൃടാതെ ചതിക്കയുമില്ലാ;
ദൂഷണമുള്ളതു ധനവാനെങ്കിൽ
ഭൂഷണമെന്നൊരു ഭാവവുമില്ലാ.
ഏഷണി കേട്ടിട്ടെജമാനൻ ചില-
രീഷണി കാട്ടുകയില്ലതു കാലം;
ജാതിക്കവ്ഥതയില്ലാതുള്ളതു
ചെയ്തീടുന്ന ജനങ്ങളുമില്ലാ,
കോട്ടക്കച്ചമണപ്പാടൻവക
കോട്ടാറൻ പലതുപ്പട്ടികളും
കട്ടിക്കവണികൾ പട്ടുതരങ്ങളു-
മെട്ടുമുളം പലസോമൻ മുറിയും
കെട്ടിക്കാച്ചിയമുണ്ടുകളെന്നിവ
കെട്ടിയെടുക്കും പട്ടന്മാർ പിന്നെ

Digitized By Kerala Sahitya Akademi

നാട്ടിൽ നടന്നൊരു വാണിഭമെന്നതു
കേട്ടിട്ടില്ലക്കാലത്തിങ്കൽ
ഏഴുവെളുപ്പിനേറെ കുളിച്ചൊരു
പാഴുവരാതെ കഴിക്കും നിയമം
താഴുകയില്ലൊരു ദിക്കിലുമെന്നാ-
ലൂഴിയിലുള്ള മഹാവിപ്രന്മാർ
ഉലകിനിവണ്ണം പൊലിമവരുത്തി-
ക്കുലബലഭൂഷണമുലകുടെ പെരുമാൾ
പലപലമന്ത്രികളോടിടക്കുടി
പലസുഖസുമുഖം വാണരുളുന്നാൾ
ഒരുദിനമരചൻ നരവരസഭയിൽ
പരിചൊടുമണിസിംഹാസനമേറി-
പ്പരിണതരാകിന മന്ത്രികളോടൊ-
ന്നരുളിച്ചെയ്താനമിതോത്സാഹൻ;—
"മധുരയിൽ മന്നവനെന്നൊടു ചെയ്തൊരു
മതികെടപടങ്ങളശേഷമിദാനീം
മതിമാന്മാരാം മന്ത്രിവരന്മാർ
മതിയിൽ മറന്നിഹ മരുവീടുകയോ?
മതിയാകില്ലവനെക്കൊലചെയ്യാ-
നിതിലൊരു പുരുഷനുമെന്നൊരുമതമോ?
മതിമതിയെന്തിനനത്ഥ?മിതെന്നൊരു
മതിമാന്ദ്യെനവസിച്ചീടുകയോ?
അതിനുതുടന്നാൽ ചെലവിടുവാൻ ഞാൻ
മതിയല്ലെന്നൊരു ദുർബ്ബോധം കൊ-
ണ്ടതിയായിട്ടൊരു സന്നാഹത്തിനു
മതിമാന്മാരുമടിച്ചീടുകയോ?
മാതുലരെവരെവെട്ടിക്കൊന്നൊരു
പാതകിയാമവനവനിവെടിഞ്ഞ-
പ്രേതപുരത്തിലിരിക്കണമിന്നതി-
നേതുമിനിക്കൊരു സംശയമില്ലാ.
ക്ഷോണീപതിയെന്നിങ്ങനെയുള്ളൊരു
നാണിയമിങ്ങു നടിച്ചു തുടങ്ങി
നാണം കെട്ടൊരു കോണിലിരിപ്പാൻ
ആണുങ്ങൾക്കതു ഗുണമായ്തരുമോ?
ഊണുമുറക്കവുമെന്യേയൊരു തൊഴിൽ
കാണുന്നീലിഹയജമാനന്മാ-
ക്കേണവിലോചനമാരേപ്പോലെ
വാണാൽ മതിയോ? മതിമാന്മാരേ!
ഊണുകഴിപ്പാനടവിയിലുടനേ
നുണനടക്കും ക്രോഷ്ടാവും മതി,
ആണുങ്ങൾക്കു പിറന്നവനീവിധ-
മൂണുകളൊന്നുമൊരുണായീലാ
ക്ഷീണമകന്നുടനരിപടപടയെ-
ബ്ബാണംകൊണ്ടു തകർത്തങ്ങവരുടെ
ശോണിതശോണമതാകിനദേഹം
ക്ഷോണിയിലിട്ടു പിരട്ടിശ്വാവിനൊ-
രുണിര നൽകി സ്വാമിയെ വന്നഥ
താണുവണങ്ങിത്തരമാകിട്ടുമൊ-
രോണപ്പുടകയുടുത്തുടനുടവാ-
മൂണതേ പുനരുണെന്നാറിവിൻ"
ഇത്ഥം നൃപനുടെ വാക്കുകളം കേട്ടതി
വൃദ്ധനതാകിനമന്ത്രിപ്രവരൻ
സത്വരമെഴുനേറ്റടിമലർ കുമ്പി-
ട്ടുത്തരമിത്തരമൊന്നാറിയിച്ചാൻ:—
"അരുളിച്ചെയ്തതു സത്യമിതൊന്നും
നിരുപിക്കായ്കയുമല്പടിയങ്ങം,
കുരുസുതരാകിനനൂറുവരെപ്പോ-
ലുരുതൊരു സാഹസമെന്നൊരുപക്ഷം;
നരപതിധർമ്മജനനുജന്മാരും
പരിചൊടുവിപിനേ വാഴുംകാലം
ഉരഗദ്ധ്വജനും സഹജന്മാരും
തരസാതങ്കടെ വിഭവം കാട്ടാൻ
പെരുകിനപടയും കുടയും തഴയും
കരിതുരഗങ്ങളുമെന്തൊരു ഘോഷം
നിരുപമപൌരുഷമവിടെച്ചെന്നാർ
നിരുപിക്കരുതൊരു നാണക്കേടഥ
വിരവൊടുകിട്ടിത്തലയും താഴ്ത്തി-
പ്പുരിപുക്കാരതു കേട്ടിട്ടില്ലേ?"
അരുളിച്ചെയ്താനലകുടെ പെരുമാൾ
"അതുമാത്രം ഞാൻ കേട്ടിട്ടില്ലാ
പെരുകിനകൌതുകമുണ്ടതു കേൾപ്പാൻ
പരിചൊടുതൽക്കഥകഥനം ചെയ്ക"
അരുളപ്പാടതു കേട്ടൊരു സചിവൻ
കരതളിർകുമ്പിക്കഥനം ചെയ്താൻ;—
"എങ്കിലൊരുന്നാളുരഗദ്ധ്വജനും
ഹംകൃതിയേറിന ശകുനിയുമുടനെ
പങ്കജലോചനപാദാംബുജമധു
ഭംഗമതാകിന ധർമ്മാത്മജനെ

Digitized By Kerala Sahitya Akademi

കുള്ളുചുതുകം കൊണ്ടു ചതിച്ചു-
ക്കള്ളന്മാരുടനടവിയിലാക്കി;
വെള്ളക്കുടയും പടയും രാജ്യവു-
മുള്ളപദാർത്ഥമശേഷമടക്കി
ള്ളനടിച്ചു തടിച്ചു മദംകൊ-
ണ്ടുള്ളുനിറഞ്ഞു കവിഞ്ഞാടും മല-
വെള്ളത്തിരപോലിരവും പകലും
തള്ളിയലഞ്ഞും പരിതോഷത്താ-
ലുള്ളത്തിൽ പുനരുത്തമ പുരുഷരി-
ലെള്ളോളം ബഹുമാനം കൂടാ-
തുള്ളശരാചാരോടിടകൂടി
ത്തള്ളലിയന്ന വർഷിക്കും കാലം;
ധർമ്മതനുജനുമനുജന്മാരും
പെൺമണിയാളാം ദ്രൗപദിതാനും
നിർമ്മലരാകിന വിപ്രന്മാരും
ശർമ്മദമാകിന ധർമ്മാരണ്യ
നിർമ്മലതീർത്ഥജലങ്ങളുമാടി
ധർമ്മികരാകിനതാപസവരരുടെ
സമ്മാനത്തെ ലഭിച്ചു ലഭിച്ചും
കിർമ്മിരാസുരനിധനാനന്തര-
മന്തരിതാഖിലചിന്താഭാരം
സന്തോഷാംബുധി വൻതിരനീന്തി
ശാന്തന്മാരവരന്തണരോടെ
ഥന്തസുഖിച്ചു നിതാന്തമനോഹര-
കാന്താരേനിജ കാന്താസഹിതം
ക്ലാന്തിവെടിഞ്ഞതികാന്തിയുതന്മാ-
രന്തസ്സുഖമൊടു ചെന്താർമകളുടെ
കാന്തനുതന്നുടെ കാന്തം തിരുവുടൽ
ചിന്തിച്ചധിഗതസന്തതമോദമ-
നന്തുരന്തനിരന്തരമാം ഭവ-
സിന്ധുതരംഗനിബന്ധനമൻപൊടു
സന്തരണം ചെയ്തവിടെവസിച്ചാർ.

മട്ടുമാറി.

അക്കാലം ദുര്യോധനൻ പൊല്ലാണ്ടനുജ-
ന്മാരും
അക്കാത്മജൻ കർണ്ണനും ധിക്കാരി ശകുനിയും
ഉൾക്കാമ്പിലുള്ള വൈരമൊക്കെപ്രകാശിപ്പിച്ചു
തക്കത്തിലൊരു ദിക്കിലൊക്കെത്തികഞ്ഞുകൂടി
പൊക്കത്തിലുള്ള പുരിപുക്കാര്യ ചെന്നിരുന്ന-
സൽക്കാരങ്ങളും ചെയ്തു സൽകൌതുകവും പൂണ്ടു
നില്പുന്ന കണ്ണനടെ കൈക്കുപിടിച്ചു മെല്ലെ
ചിക്കെന്ന പലപല വാക്കുകളരചെയ്തു
വെക്കെന്ന സുയോധനൻ ഇക്കണ്ട നമുക്കെല്ലാം
ഇക്കാലം നിരുപിച്ചിതൊക്കെസ്സുഫലമായി;
ഭോഷ്കല്ല ബോധിക്കണം ഓക്കുമ്പോളിപ്രയോഗം
ആക്കും വരുന്നതല്ലാ; പാക്കാതെവരെക്കാട്ടി-
ലാക്കാനുള്ള പദേശമാത്രം മാതുലനല്ലാ-
താക്കാനും സാധിക്കുമോ!
ഊക്കുള്ള ഭീമസേനൻ തോല്പുമെന്നിന്നാളും
ആക്കും നിനവില്ലതും ഇക്കാലം സാധിച്ചുല്ലോ.
വർണ്ണൻ വാഴകണക്കു തടിച്ചൊരു
പൊന്നൻ മാരുതി മലയുടെ മൂട്ടിൽ
കണ്ണു മയങ്ങി വിശന്നു തളർന്നൊരു
മണ്ണിൽ മലർന്നു കിടന്നുഴലുന്നതു
കണ്ണുകളം കൊണ്ടതു കണ്ടുരസിപ്പാൻ
കണ്ണാ! കൌതുകമിയലുന്നില്ലീ?
കണ്ണസുഖം പുനരവരുടെ വാർത്താ-
കണ്ണനമാത്രമതും മതിതാനും
ഓട്ടന്മാരിലൊരുത്തനെ വിരവൊട്ടു
വിട്ടീടുകനാമെങ്കിലിദാനീം
കാട്ടിൽ ചെന്നവനവരുടെ ഗോഷ്ഠികളം
ഒട്ടൊഴിയാതെ ഗ്രഹിച്ചു വരേണം;
കാട്ടിൽ നടക്കും കാട്ടുമൃഗത്തെ-
ക്കാട്ടിൽ പരവശഭാവത്തോടെ
പട്ടിണിയിട്ടു നടക്കുന്നവരുടെ
കഷ്ടമശേഷം കേട്ടു രസിക്കണ-
മൊട്ടും താമസമരുതരുതതിനിഹ
വട്ടം കൂട്ടുകവടിവൊട്ടു കണ്ണാ!
കോട്ടമതില്ലാത്തോട്ടനെയുടന-
ക്കോട്ടിനു പോവാൻ വിട്ടീടുകനീ,
നന്നായ്ചുകതിരുവുള്ളൊരു പുരുഷനെ-
യിന്നുനിയോഗിച്ചീടണമതിനായ്-
ഒന്നും തിരിയാത്താളുകളുണ്ടിഹ
മന്ദന്മാരവരെന്തിനു കൊള്ളാം?
തിന്നുമുടിപ്പാനല്ലാതവരാൽ
ഒന്നുമിനിക്കൊരു ലാഭമതില്ലാ,

Digitized By Kerala Sahitya Akademi

ഒന്നിനയച്ചാലതുസാധിക്കി-
ല്ലെന്നല്ലമളിയുമൊന്ന വരുത്തും,
തന്നത്താനറിയാത്തൊരു ക്രൂട്ടം
വന്ന നിറഞ്ഞു നമ്മുടെ നാട്ടിൽ
എന്നുടെ മുതലുമുടിപ്പാനെപ്പൊഴ-
മെന്നുടെ ഭൃത്യന്മാർ മുതിരുന്ന,
അഷ്ടികണക്കിന ക്രൂടാഞ്ഞാലവർ
കൂട്ടിപ്പട്ടരെയേത്തമിടീക്കും,
പട്ടിണിയെന്നതു നമ്മുടെ പിള്ളേ-
ക്കൊട്ടും തന്നെ സഹിപ്പാൻ മേലാ,
വെട്ടമെടുക്കും മുമ്പേയഷ്ടികം
ഘട്ടിപ്പിച്ചാദമെടുത്തു ഭുജിക്കും
കട്ടത്തെരും ക്രൂട്ടിയുരുട്ടിയ-
തൊട്ടല്ലതു മൊരു പഞ്ചപ്രസ്ഥം,
കൊറുകഴിച്ചൊരു തെക്കൻ മുണ്ടും
ചുറ്റിയുടുത്തൊരു തൊങ്കലുതുക്കി
വെറിലതിന്ന മുഴപ്പിച്ചുംകൊ-
ണ്ടേടറ തിരിക്കും രസികന്മാരായ്,
കാറക്കുഴൽ മണിമാരുടെ വീടുകം
പററിപ്പുകിടപറഞ്ഞു രസിപ്പും
വെറപിടുങ്ങിത്തിന്നടനവരുടെ
കാറമുരപ്പു ചിരിപ്പുതിരിപ്പും,
പകയുള്ളവരെപ്പിഴചെയ്യിപ്പൊരു
വകയുണ്ടാക്കും പുകയിലകൊൾവാൻ
പകലും രായുമഹങ്കാരത്തിന
മികവുള്ളവരിവരെന്തൊരു കഷ്ടം!
തിരുവുള്ളക്കാരിവരെന്നോത്തി-
ട്ടരിയാട്ടുകയില്ലറിവുള്ളവരും;
തിരിയാത്തവരിവരൊരുവക്കും വഴി-
തിരിയാപെരിയ ജനത്തിനുപോലും;
മുടിയന്മാരിവരാകൃതികണ്ടാൽ
തടിയന്മാരൊരു വേലയെടുപ്പാൻ
മടിയന്മാർ പലജനമുണ്ടിഹ കാം-
കൂടിയന്മാർവരൊന്നിനുമാകാ,
ചോറുകൊടുക്കും യജമാനങ്കൽ
ക്രൂറുള്ളവരിഹ പാരംകുറയും
മാറുകയില്ല പറഞ്ഞാലെന്ന-
ല്ലേറുകയേ വരുദിവസംതോറും,

ഏറുകൊടുപ്പാൻ തോന്നുമെനിക്കി-
പ്പോറുകളുടെ ധിക്കാരം കണ്ടാൽ;
ന്യൂജനത്തിലൊരുത്തനുനേര-
ല്ലീറവരുന്നതു പെരുതോകണ്ണാ-
തോണികടന്നാൽ തുഴകൊണ്ടെന്തൊരു
നാണിയമുണ്ടതു ദോഷല്ലേതും,
ഉണ്ണകഴിച്ചു തിരിച്ചാലവരെ-
ക്കാണാകയില്ലൊരു ദിക്കിൽപോലും,
കാണാകയില്ലെന്നല്ലതിരഞ്ഞാ-
ലേണാക്ഷികളുടെ വീട്ടിൽ കാണാം.
ഈത്താഴത്തിന്നിലവെയ്ക്കുമ്പോഠം
എത്താത്തവരുടെ പിലകൊണ്ടീടാം
ചത്താലും വരുമഷ്ടിയടുത്താൽ
ഓത്താലിങ്ങു വെറുപ്പാകുന്ന.
ക്രൂറില്ലാത്തവരെങ്കിലുമിവരുടെ
ചോറുമുടക്കാൻ മടിയാകുന്ന
നീറും ക്ഷുത്തുവളന്നീടുമ്പോഠം
ആരും ഭേദമതില്ലെന്നറിക
ഈവിധമോരോന്നരചെയ്തെന്നാൽ
കേവലമിതിനേ നേരുമുള്ള.
ദൈവികമുള്ളൊരു ദൂതനെവിരവൊടു
പോവതിനായ നിയോഗിച്ചാലും
ആയുകേട്ടൻപൊടു രാധാതനയൻ
മതിമാനാകുമൊരോട്ടനെ വിരവൊടു
ഹിതമൊടുമെല്ലെ വിളിച്ചു വരുത്തി
ക്ഷിതിപതിശാസനമെന്നരചെയ്താൻ.

ഒട്ടൻ വചനമതു കേട്ടൻപൊടുസരസ-
നൊട്ടും മടിക്രൂടാതെ ഓട്ടം തുടങ്ങിയൊരു
കോട്ടംവരാതെ ചെന്ന കാട്ടിലങ്ങുകംപുക്ക
കാട്ടുമൃഗങ്ങളുടെ ക്രൂട്ടത്തെയവനേതും
ക്രൂട്ടാക്കാതെ കണ്ടോരോകോട്ടിൽതിരിഞ്ഞുമല-
മൂട്ടിൽ നടന്ന പല തോട്ടിൽ ചില വലിയ
മേട്ടിൻമുകളിലോരോ കോട്ടിൽമുനികളുടെ
ക്രൂട്ടത്തെക്കണ്ടുകണ്ടങ്ങൊട്ടുനേരം ചെന്നപ്പോൾ
കേട്ടദ്വൈതകമെന്നകാട്ടിൽ മരുവീടുന്ന
ശ്രേഷ്ഠന്മാരായുള്ളയുധിഷ്ഠിരാദികളെന്ന

ദ്വൈതേ തരസുഖരസികന്മാരായ്
ദ്വൈതവനത്തിൽ വസിച്ചരുളീടും

Digitized By Kerala Sahitya Akademi

ശീതകിരണകുലതിലകന്മാരാം
ഭൂതലന്തനചൂതശരന്മാർ
പാത്ഥന്മാരവരമിതാനന്ദകു-
താത്ഥന്മാരതി പാവനമാകിന
തീർത്ഥസ്നാനം ചെയ്തു സുഖിച്ചൊര-
നർത്ഥം ക്രൂടാതിഹ വിലസുന്നു.
വാർത്തകളിങ്ങനെ ശ്രുതമറിഞ്ഞതി-
ധൂർത്തനതാകിന കുരുസുതനുതൻ
പാർത്തിരിയാതെ തിരിച്ചു നടന്നഥ
പാർത്ഥിവനഗരം പുക്കാനുടനെ
കണ്ണാദികളൊട്ടുകുടിസ്സുഭയിൽ
സവർണ്ണാസനവരമേറിവസിക്കും
കർണ്ണജപനാം ധൃതരാഷ്ട്രജനുടെ
കർണ്ണചെന്നു പറഞ്ഞറിയിച്ചാൻ.

ആനന്ദഭൈരവി—ചെമ്പട.

(പല്ലവി)

"കേട്ടാലും വീര! കേട്ടാലും!
കേട്ടാലും ദുരിതശാന്തികേവലംനമുക്കുണ്ടാകും
ഗുരുകടാക്ഷ പരമഭാഗ്യമുള്ളവ-
നൊരുദുരാധി വരികയില്ലമന്നവ! (കേട്ടാലും)
കൌന്തേയന്മാക്കു സന്തോഷം
കാന്താരേ വസിക്കുമ്പോളും
സന്താപമവക്കില്ലേതും
കനിവിയന്നമുനിജനങ്ങളോടവ-
രനിശമേവംഘനശമേനചെന്നിതു (കേട്ടാലും)
ദൈതകാരണ്യമേവുന്നു,
കൈതവങ്ങളവരോടു
ചെയ്തേതും ഫലിച്ചീല
കരുണയുള്ള നരകവൈരിതന്നുടെ
ചരണമുണ്ടു ശരണമിന്നവക്കിഹ (കേട്ടാലും)
തീർത്ഥങ്ങളും തോറും പാർത്ഥന്മാർ
സാർത്ഥമാക്കി നാലാം പുരു-
ഷാർത്ഥമവരാർത്തമോദം
സരസിജാക്ഷചരിത സാർത്ഥകീർത്തന
വിതതമായി (കേട്ടാലും)
ദുരിതമായതൊക്കവേ
കാടുകളും തന്നെ വീടുകളും
തോടുകളും നദികളും നല്ലകോടുകളും പലതുണ്ടു
അരിവിയാറുമരികെയുണ്ടു നല്ലൊരു
വരിയിൽവേണ്ടുമരിയുമുണ്ടുകൊറിനാ-
ജന്തുക്കളെല്ലാം ബന്ധുക്കളും (കേട്ടാലും)
ശാന്തിക്കുമുച്ചയ്ക്കും വനോ-
ക്കത്താഴം പ്രാതലുനർഘം
നാടവിവാസമടവുനന്നനന്നൊരു
കടുപുമില്ല തടവുമില്ലവക്കിഹ (കേട്ടാലും)
ഉത്സാഹം പൂണ്ടു മേവുന്നു
മത്സരം ക്രൂടാതവക്കു വത്സരംപതിനൊന്നായി
വിരവിലിങ്ങു വരുവതിനു സംഗതിവരുമവക്കു
കുരുതിവാങ്ങാകൊള്ളുക!

മട്ടുമാറി.

ഓട്ടൻ വന്നു പറഞ്ഞൊരു വാക്കുകളും
കേട്ടുകയർത്തുരചെയ്തു സുയോധനൻ
"ഒട്ടുമകം പുറമില്ലാതുള്ളൊരു
യുഷ്മീ! നില്ലുനിനക്കെന്തറിയാം?
നിന്നോടവരുടെ ഗുണദോഷങ്ങളി-
ലൊന്നും ഞാനിഹ ക്ലേശിച്ചീലാ
ഒന്നിനയച്ചാലക്കഥമാത്രം
വന്നു പറഞ്ഞീടുകിലതുപോരും
പോടാ നിന്നുടെ ദുസ്സാമർത്ഥ്യം
ക്രൂടാ നമ്മൊടുകടിലകഠോരാ!
പാടവമേറിന പാണ്ഡുസുതന്മാ-
രോടിടക്രൂടി നടന്നാലും നീ;
നമ്മുടെ ചോർതിന്നൊരു ദുഷ്ടൻ
നമ്മുടെ വൈരികളിൽ ബഹുമാനം
നമ്മുടെ ദോഷവുമവരുടെ ഗുണവും
വെൺമയിലുരചെയ്തീടിനമൂഢാ!
കാട്ടിൽ ചെന്നുടനവരൊടുക്രൂടി
കായ്കനിതിന്നുകിടന്നാലും നീ
ക്രൂട്ടക്കാരെക്കുറില്ലാത്തൊരു-
ചേട്ടക്കാരനൊരിടയില്ലേതും
ചോറൊരിടത്തിൽ ക്രൂറൊരിടത്തിൽ
വേറതിരിച്ചുഗ്രഹിപ്പാറായി
ഏറിപ്പോം പറയുമ്പോളിക്കഴ-
വേറിക്കിട്ടതൊഴിപ്പാൻതോന്നും
മാറാരിൽകനിവേറമതുള്ളൊരു
ക്രൂറാരേക്കാം മാറാർനല്ലൂ
ഉപ്പുപിടിച്ചുപദാർത്ഥത്തെക്കാം
ഉപ്പിനുപുളികുറയും പറയുമ്പോൾ



Digitized By Kerala Sahitya Akademi

അപ്രിയമായ് വരുമതുകൊണ്ടും ഞാ-
നിപ്പുരിഷ്യുതരിമ്പില്ലറിവിൻ!
ഇക്കുട്ടത്തിൽ പരിചയമുള്ള വ-
നക്കുട്ടംചിതമെന്നിഹതോന്നും
അക്കുട്ടത്തിൽചെന്നിടപെട്ടാ-
ലിക്കുട്ടംചിതമെന്നുംതോന്നും
ദുഷ്ക്രുള്ളമഹാപാപികൾപോ-
ന്നിക്കുട്ടത്തിൽ നിറഞ്ഞുകഴിഞ്ഞു;
ഭോഷ്കല്ലൊരുവനെ വിശ്വാസം പുന-
രിക്കാലത്തുനമുക്കില്ലേതും
ഇജ്ജനമാന്നിനിറങ്ങുന്നേരം.
ദുർജ്ജനമതിനൊരു ദൂഷണമേശ്യം
സജ്ജനമെന്നതുപാരംകുറയും
പഞ്ചമനസ്സുകളേറെസ്സുലഭയിൽ
ഇതുകൊള്ളാമെന്നൊരുവനുപക്ഷം
അതുകൊള്ളാമെന്നപരനുപക്ഷം
ഉത്തരമുണ്ടുചിതമല്പെന്നും ചില
മതമുണ്ടായ്തുരുമങ്ങനെയുള്ള;
കള്ളച്ചൂതുകൾ മായാലന്നുണ്ടെ-
ന്നുള്ളതുഞാനോ കേട്ടിട്ടില്ലാ,
കള്ളന്മാരുടെവാർത്തകളെല്ലാം
കള്ളന്മാർക്കേ ബോധമതുള്ളൂ
ഹേതുകഥിക്കാമന്തകനായും
ചൂതുകൾപൊരുവാൻ വാസനയില്ലാ,
കൌതുകമെന്നതുപാരം താനും
വാതുകൾ, പറവാൻ കാരണമതുതാൻ,
വാതുപറഞ്ഞു കൊടുത്തതശേഷം
മായാലനിങ്ങുകരസ്ഥമതാക്കി
കൈതവമെന്നതുമായാലനിവിടെ
ചെയ്തതിലൊന്നും തോന്നുന്നീല
പണയന്തന്നതു വാങ്ങരുതെങ്കിൽ
പണയംപായുന്നെന്തിനു പാഴിൽ?
പണമെന്നുള്ളതിനോടിടപെട്ടാൽ
പ്രണയംകൊണ്ടൊരു ഫലമില്ലേതും
ഗുണവാന്മാരരുബന്ധംചെയ്താൽ
ഗുണചെയ്വാനുബന്ധക്കാരൻ,
ഗുണമുള്ളവനെപ്പാട്ടിൽവരുത്താൻ
പണികൾചെയ്യുന്നുവാർത്ഥിവിധം,

ചൂതിൽച്ചെകതിപിണഞ്ഞൊരുനേരം
കൈതവമെന്നൊരുവാർത്തനടത്തി
ഏതുംതിരിയാത്തവർ പായുന്നതി-
ലേതുമിനിക്കൊരുഭീതിയുമില്ലാ
ഇവനംപുനരതുനേരെനോത്തി-
ട്ടവരുടെഗുണഗണമുരചെയ്യുന്ന
വേതനമുക്കതിലും നന്നിഖേദം
ഇവനല്ലീശ്വരനെന്നൊവലപ്പാൻ"
ഇത്തരമങ്ങുകയത്തുപറഞ്ഞതി-
നുത്തരമവനൊന്നരചെയ്തീലാ
സത്വരമവനിയിൽ വീണുവണങ്ങി
ശ്ലാഘ്യനുകോപവുമൊന്നുശമിച്ചു,
ഗാന്ധാരീസുതനുടനേപുനരപി
ഗാന്ധാരാദികളോടുരചെയ്താൻ
"കൌന്തേയന്മാരവർപുനരിനിയും
കാന്താരാടനമങ്ങുകഴിഞ്ഞാൽ
മാറാരവരിഹമറൊരുക്രൂരം
ക്രൂരാർ ചിലരെക്കൂട്ടിക്കെട്ടി
ഏറാംകോപിച്ചിഹവന്നൊരുപട-
യേറാനാലിനിനില്പാൻവിഷമം.
കാറിൻമകനൊരു വൻപുലിപോലേ
ചീറിയണഞ്ഞുപിണങ്ങുന്നേരം
തോറുമടങ്ങുകയില്ലല്ലീനാം?
ഊറാക്കാരവർ പലരുണ്ടല്ലോ,
ഇക്കുട്ടത്തിലൊരമളിപിണപ്പാൻ
നോക്കിയിരിക്കുന്നുണ്ടിഹപലരും;
തെക്കുവടക്കുകിഴക്കുപടിഞ്ഞാർ
ദിക്കതുമുള്ളതിൽവൈരികളേവം
ഇക്കാലംചിലകുലശത്രുക്കളാ-
നൊക്കെക്കൂടിവിചാരിക്കുന്ന
ഇക്കണ്ടാളുകളൊക്കെവരുമ്പോൾ
ഇക്കഥയൊന്നുമറിഞ്ഞേപോവൂ"
ദുര്യ്യോധനനുടെ വചനംകേട്ടഥ
വീര്യ്യഗുണാംബുധി കർണ്ണനരുത്താൻ
"ധൈര്യംപൂണ്ടുവസിച്ചരുളേണം
കാര്യംകൊണ്ടു വിഷാദിക്കേണ്ടാ
നേത്രവരുംപരിപന്ഥിജനങ്ങടെ
ധൂർത്തുകളൊന്നും നമ്മൊടുകൂടാ

Digitized By Kerala Sahitya Akademi

ക്രുത്തശരാവലികൊണ്ടുടനവരുടെ
മൃത്തിപിളർപ്പാൻ ഞാനൊരുവൻമതി,
മറുപക്ഷത്തുവരുന്നജനങ്ങളെ
ആരതിപെടുപ്പാനെന്തിഹഭംഗം?
കുറുനരിലക്ഷം ക്രുദ്ധകിലും ഒരു
പെറുപുലിയോടുപമലിക്കില്ലേതും
അറിവുള്ളവനിഹ നമ്മുടെ :വ്രിരുതുക
ളറിയുവതിനൊരു സംശയമില്ലാ
അറിവില്ലാത്തവർ ദൂഷണവാക്കുകൾ
പറയുന്നതിനൊരു സങ്കടമില്ലാ,
കണ്ടാലറിയാത്തുള്ളശാന്മാർ
കൊണ്ടാലറിയും കളിയല്ലരശാ!
വേണ്ടാത്തതിനുതുടങ്ങരുതാരും
വേണ്ടാസനമൊന്നെന്നൊടുക്രുടാ;
ശ്രുണ്ടികടിച്ചുപടയ്ക്കുവരുന്നൊരു :
ചണ്ടിപ്പരിഷകൾമണ്ടിയൊളിക്കും
ശണ്ഠയുടന്നാലതിനുമൊരതിശയ-
മുണ്ടുനമുക്കതുബോധിക്കേണം
കുണ്ഠന്മാരിനിവന്നിഹനേത്താൽ
പെണ്ടക്കാരെന്നൊരുപേരുണ്ടാം
പണ്ടെക്കാൾ പല വിക്രമപൌരുഷ-
മുണ്ടിപ്പോൾ മമ കൌരവവീരാ!"
ശകുനിയുമപ്പോളുരചെയ്താൻ മരു-
മകനേ! മതിമതി ഭീതികളെല്ലാം
പ്രകൃതിഗഭീരന്മാക്കും ഞാനൊരു
വികൃതിവരുത്തുവതിന്നു സമർത്ഥൻ,
പാർത്ഥന്മാരിനി വന്നാലുടനേ
തീർത്തുരചെയ്യാമില്ലവിവാദം
തീർത്ഥസ്നാനമൊരിരുപതുവർഷം
പാർത്ഥന്മാക്കിനിയുംകല്പിക്കാം
പിന്നെവരുമ്പോൾ പിന്നെയുമുണ്ടാ-
മെന്നുടെകൌശലമതിലുമൊരധികം
ചേർന്നുമനുജനുമനുജന്മാരും
ചേർന്നുകളെവരുമുള്ളൊരുകാലം
കാട്ടിലിരുന്നുപരിഭവിച്ചീടേണം
നാട്ടിൽ?കറാനിനിയെന്തുള്ളതല്ലാ"
ഇങ്ങനെശകുനിയുമുരചെയ്തപ്പോൾ
തിങ്ങിനമോദം മനസിജനിച്ചു

തുംഗമഹാഹങ്കാരം പുണ്ടുടൻ-
ജംഗലധാജനഥപുനരുരചെയ്താൻ
"കാട്ടിലിരിക്കും പാർത്ഥന്മാക്കിഹ
കാട്ടീടേണം നമ്മുടെ വിഭവം
കൂട്ടീടേണം ബഹുപുരുഷാരം
കേട്ടീടേണമിതെല്ലാരുമൊ
കൊട്ടീടേണം ഭേരീഡിമഭം
ഞെട്ടീടേണം ഭുവനമശേഷം
തട്ടീടേണമകമ്പടിവടിവൊട്ടു
പൊട്ടീടേണം കുലഗിരികൂടം
ചട്ടകംതൊപ്പികളിട്ടുമുക്കി
ചട്ടറവീടിനവട്ടംകൂട്ടി
തട്ടിനടത്തിക്കൊട്ടിമുഴക്കി
പെട്ടികളും പല പെട്ടകവും ചില
കുട്ടകമെന്നിവകെട്ടിയെടുപ്പി-
ച്ചൊട്ടകവും ചില പട്ടിക്കൂതിരകൾ
പട്ടാണികൾ പല പെട്ടികളും കോ-
മട്ടികളും പല പട്ടന്മാരും
വട്ടംകൂട്ടിവനത്തിനുപോവാ-
നൊട്ടുംതാമസമരുതിനി നമ്മുടെ
പുഷ്ടശ്രീഭരപൌരുഷമവരെ
കാട്ടുവതിന്നുനമുക്കു സാഹം
നായന്മാരെവരുത്തീടുവതിനു
പോയാലുംചിലർ വേഗമിദാനീം,
ആയുധവാഹൻകോപ്പുകളെല്ലാ-
മായതുപോലെ വരുത്തീടേണം;
നാട്ടിലൊരുത്തനുമിതിനുവരാഞ്ഞാൽ
വീട്ടിൽചോദ്യം കല്പിക്കേണം
കേട്ടവർ കേട്ടവർ ക്രുദ്ധത്തോടെ
കോട്ടയിലെത്തിസ്വരൂപിക്കേണം
എങ്ങുനമ്മുടെ മന്ത്രക്കാരൻ?
മങ്ങാതിക്കൊരുണച്ചുയുമില്ലാ
ങ്ങാടിത്തരുവിൽച്ചെന്നരിയും
തേങ്ങാ മുളകും വാഴക്കായും
നായന്മാക്കിഹചോറുകൊടുപ്പാ-
നായതിനുള്ളപദാർത്ഥമശേഷം
വിരവൊടുകൊണ്ടുവരേണമതിന്നായ്
ഇരുന്തുരഞ്ജനംപോയീടേണം

Digitized By Kerala Sahitya Akademi

പൂകയില വൊറില കഞ്ഞാവുംപല
വകയിൽ കള്ള കറുപ്പംവേണം
സകലപദാർത്ഥവുമിങ്ങുവരുത്തി-
സ്സുന്നാഹംപലക്രുട്ടീടേണം"
എന്നതുകേട്ടൊരു രാജഭടന്മാ-
രൊന്നൊഴിയാതെപദാർത്ഥംക്രുട്ടി
സന്നദ്ധന്മാർ കല്പനപറവാ-
നൊന്നുമുതിർന്നടന്നുതുടങ്ങി:
പുരുഷാരത്തെയറിയിപ്പാനായ്-
പ്പുരുഷന്മാരെയയച്ചുതുടങ്ങി:
വിരുതന്മാരവർ നാട്ടിലശേഷം
നരപതികല്പനയങ്ങുനടത്തി,
കല്പനകേട്ടൊരു നായന്മാരും
കെല്പൊടുവന്നുനിറഞ്ഞുതുടങ്ങീ,
അല്പമതല്ലൊരു ജലധികണക്കെ
തല്പുരസീമ്നിപരന്നുനിരന്നു
തങ്ങളിലങ്ങുപറഞ്ഞുതുടങ്ങി:—
"സംഗതിയെന്തിതു കേട്ടോക്രുവാ
ഇങ്ങനെപുരുഷാരത്തെവരുത്തീ-
ട്ടെങ്ങുപടയ്ക്കുതുടങ്ങീടുന്നു?
കട്ടുവാപന്നികളേതാൻ തലമേൽ
വെടികൊണ്ടെങ്ങാൻ വീണിട്ടുണ്ടോ?
ഉടനേമറുതലനാടുപിടിപ്പാൻ
പടയുംക്രുട്ടിയടുക്കുന്നുണ്ടോ?
പടയിൽചെന്നുമരിപ്പാനിങ്ങൊരു
മടികൊണ്ടല്ല പറഞ്ഞീടുന്നു,
കടമുണ്ടമ്പതുപുത്തനിനിക്കതു
തടവിൽകിടന്നുകൊടുവന്നു മില്ലാ,
തുക്കുപുകേലതരിമ്പില്ലാഞ്ഞേ-
ത്തൊക്കൊരുദിക്കിൽ പണയംവെച്ചു
മാടക്കാച്ചിതുടെ മരുമകനാനിന്നൊരു
തോക്കുതരാമെന്നെന്നൊടുചൊല്ലി
അതുക്കാനുള്ളൊരുതോക്കും കൊണ്ടുപ-
ടയ്ക്കായ്ചെന്നുമരിച്ചെന്നാകിൽ
തോക്കവർകൊണ്ടുതിരിക്കുംവന്നുക-
ടക്കാർ വീട്ടിൽ പാഞ്ഞുകിടക്കും.
ചെട്ടൻ പണ്ടു പടയ്ക്കു മരിച്ചുതു
കേട്ടിട്ടില്ല നിങ്ങളിലാരും?
എട്ടുജനങ്ങളെ വെട്ടിക്കൊന്നൊരു
കോട്ടപിടിച്ചേ പിന്നെമരിച്ചു
മണ്ടുന്നേരം പിടരിക്കൊരു വെടി
കൊണ്ടു മരിച്ചെന്നൊടുകേളി;
വാളില്ലെന്നല്ലെന്നുടെ വീട്ടിലൊ-
രാളില്ലിന്നിതു കൊണ്ടു നടപ്പാൻ.
കാളകൃഷിക്കു നടക്കയിതെന്നേ
കേളച്ചാക്കൊരു തൊഴിലില്ലിപ്പോൾ
നായന്മാരായ്പിന്നെ പിറന്നാൽ
ആയുധമൊന്നു തുനിക്കായ്വേണം
ആയതിനൊരു വകയില്ലാത്തവനുടെ
കായം കൊണ്ടൊരു ഫലമില്ലറിവിൻ!
നെല്ലും പണവും മോഹിച്ചെന്നുടെ
വില്ലും കണയും പണയം വച്ചു
നല്ലചിതക്കാരൻ ഞാൻ താനിനി
ഇല്ലം വിറകു കറുപ്പും തിന്നും
ഇല്ലെന്നല്ലിതു മുടിയന്മാരുടെ
ഇല്ലന്നില്ല നശിച്ചേ നിൽപൂ.
വല്ലായുള്ള വിശപ്പു വരുമ്പോൾ
വല്ലതുവിറവും കൊറവു കഴിക്കാം;
ഇക്കഥയെല്ലാം മതിമതി നാമിനി
വെക്കം ചെന്നു മുഖം കാട്ടേണം
നോക്കുടനമ്മുടെ യജമാനന്മാർ
വക്കാണിക്കുമതോർത്തീടേണം.
രായും പകലും കല്പനകേൾക്കും
നായന്മാക്കൊരു കാര്യുകൊടുപ്പാ-
നീയജമാനന്മാക്കുമനസ്സി-
ല്ലായതുചൊന്നാൽകുറവുമുണ്ടാം
ഇഷ്ടം ചൊന്നുപറഞ്ഞു മറിപ്പാൻ
ഒട്ടും മടിയില്ലാത്ത സമർത്ഥനു
കിട്ടുംപലകുറി പട്ടും വളയും;
വെട്ടുംകുത്തുമനിഷ്ടമുരച്ചാൽ;
പണമുള്ളവനെപ്പാട്ടിൽ വരുത്തി
ഗുണദോഷങ്ങളും പറഞ്ഞു പതുക്കെ
പണമെപ്പേരും കൈക്കലുമാക്കും;
ക്ഷണമവനെത്തൻ വീട്ടിലുമാക്കും;
ഭാര്യാവൻ കൃഷികൊണ്ടു നടന്നാ-
ണമ്മാനില്ലെന്നറിയുന്നീലാ

Digitized By Kerala Sahitya Akademi

നമ്മുടെ കാലത്തതിനും പിന്നെ
ജന്മാന്തരമായ്. ചെല്ലുന്നീല;
ഇപ്പോളം നമ്മുടെ കണ്ടമെടുപ്പാൻ
കല്പനവന്നെന്നൊരു വഴികേട്ട
കല്പനപറയുന്നാൾക്കൊരു കാശുകൊ-
ടുപ്പാനിങ്ങൊരു വകയില്ലിപ്പോൾ,
പണ്ടുപ്രവൃത്തി നടത്തിയ പരിഷകളം
ഉണ്ടെന്നാലിതു വരികില്ലനിയ്യാ!
കണ്ടുചിലരുടെ കണ്ടമെടുത്തതു
കണ്ടന്നീവരവുണ്ടെന്നോർത്തു,
കണ്ടം പോയതുകൊണ്ടു നമുക്കൊരു
കുണ്ഠിതമില്ലിനിയുണ്ടാമൊരുനാൾ;
കണ്ടം പോയാലുണ്ടാകില്ലതു
മൊണ്ടു കുറഞ്ഞൊന്നുണ്ടു വിഷാദം.
കണ്ടാലറിയാം കണ്ടവർ ക്രൂ-
രന്മാണ്ടിതിനേഷണിചെയ്തപിണപ്പാൻ,
ചണ്ടികളം പലരുമുരുണ്ടു കരേറി-
ക്കൊണ്ടുമരിക്കുന്നുണ്ടിഹ നാട്ടിൽ"
ഇങ്ങിനെ പലപല വാക്കുകളം ഘോഷി-
ച്ചങ്ങിനെ വന്നിട കൂടിടേന്മാർ
തിങ്ങിനപടയുടെ സംഖ്യഗണിപ്പാ-
നെങ്ങിനെ കുശലതമതിയാകുന്നു?
തോക്കുള്ളവർ പുനരൊക്കെച്ചെന്നുവെ-
ടിയ്ക്കോട്ടയ്ക്കൽ പാക്കണമുടനേ
ആക്കംപൂണ്ടു വെടിക്കു മരുന്നു കൊ-
ടുക്കുന്നുണ്ടു തിടുക്കമനേകം,
തിക്കും വലിയ തിരക്കും പല പല
വാക്കും ചിലരുടെ മുഷ്കും ചുട്ടമിഴി
നോക്കും വിരവൊട്ടു വാക്കും വികൃതിക-
ളാക്കും പറവതിനാക്കം പോരാ.
ഇത്തരമൊരുദിശിഘോഷം പലവിധ-
മെത്തുമളവതമെന്നുരചെയ്യാം.
ഹസ്തിരഥാദികളം വന്നുസമസ്തം
ഹസ്തിനപുരമതിലെത്തിനിറഞ്ഞു
നായന്മാക്കിലവച്ചു തുടങ്ങി,
ആയതു പറവാനവസരമില്ലാ
ആയിരമായിരമോരോരുകോട്ടിലു-
ദ്യായുധപാണികളിലവെപ്പിച്ചാൻ

പന്തിനിരത്തിയിരുത്തുവതിനായ്.
മന്ത്രികളം പലരും കൂടിയിറങ്ങി
ഉന്തിയലച്ചു പിടിച്ചു വലിച്ചൊരു
പന്തിപരാക്രമമൊക്കെയെടുത്തു
പാലുകുടിച്ചു തടിച്ചു ജനത്തിനു
നാലുപദം വെയ്ക്കുമ്പോൾ വിയക്കും
വെയിലും കാറും കൊള്ളാതുള്ളവർ
പോലുമിതിന്നശ്രമിച്ചേ പോവൂ.
ഇലവച്ചങ്ങു നിരന്നു തുടങ്ങി
വലിയരിവെച്ചു വെളുത്തൊരു ചോറും
പലപല കറിയും പഴവും നെയ്യും
നലമൊട്ടു വളരെ വിളമ്പീടുന്നു.
വട്ടച്ചക്കരചേർത്തു കലക്കി
ചട്ടംകൂട്ടിന തെങ്ങാപ്പാലും
ഒട്ടല്ലണിനവട്ടം പലവിധ-
മിഷ്ടമറിഞ്ഞു കൊടുത്തീടുന്നു.
കടൽവാഴ്കുംകുറിയുണ്ടൊരുവക
ടേടഭോജനമതു കൂടാതില്ലം.
വടിവൊടുക്ഷണമങ്ങു പിരിഞ്ഞഥ
പടഹമടിച്ചു വിളിച്ചൊരുമിച്ചു
കുരുപതിസുതനാം ദുര്യോധനനഥ
തരസാതന്നുടെ സഹജന്മാരെ
പരിചൊടു ചെന്നു വിളിപ്പിച്ചപ്പോൾ
തെരുതെരെയവരും വരവു തുടങ്ങി.
ദുശ്ശാസനനും ദുർമ്മർഷണനും
ദുശ്ശരനും, ദുർമ്മഷണനും,
ദുർമ്മുഖനും ദുഷ്കർണ്ണനു മഥടു-
മ്മേധാവും ദുഷ്പ്രസഹൻ താനും.
ദുർമ്മതിയും ജളസന്ധൻ കർണ്ണൻ
ദുർബുദ്ധിയുമഥടുർബോധകനും
ചിത്രൻ വികടൻ ചിത്രരഥൻ താൻ
ചിത്രധ്വജനും കനകധ്വജനും
ചിത്രശരാസന ചിത്രകനും സുവി-
ചിത്രൻപിന്നെച്ചിത്രാംഗദനും,
നന്ദൻ പുനരുപനന്ദൻ പിന്നെ
കുന്ദോദരനും ദുർധർമ്മാവും
കുണ്ഡൻ പിന്നെ മഹാകുണ്ഡൻ താൻ
കുണ്ഡവിഭേദിയുമപരാജിതനും

Digitized By Kerala Sahitya Akademi

ദീക്ഷുഭുജൻ താൻ ദീക്ഷുധ്വാജനും
ദീക്ഷൻ ദീക്ഷുരഥൻ ദീക്ഷാക്ഷൻ
ദീക്ഷുഹനുസ്സും വ്യൂഢോരസ്കൻ
ദീക്ഷായുസ്സും ബ്രഹ്മാശനനും
ഭീമരഥൻ ദൃഢഹസ്തൻ ഭീമൻ
ഭീമപരാക്രമനഭയൻ താനും
എന്നു തുടങ്ങീട്ടുള്ളനുജന്മാർ
തൊണ്ണൂറൊൻപതുപേരും വന്നാർ
വിരവൊടുഭോജനമങ്ങു കഴിച്ചുവർ
പരിചൊടുകോപ്പുകളിട്ടുതുടങ്ങി
പരിമളമേറിനകളഭമെഴുക്കി
പുരികുഴൽ മാലകൾകൊണ്ടുമുറുക്കി
പെരുകിന കുറിതിലകങ്ങളൊരുക്കി
തരമൊടുതലമുടി ചിക്കിമിനുക്കി
തരിവള, പിരിവള, കാഞ്ചി, പതക്കം,
വിരുതുകൾ പലവക വിരൽമോതിരവും,
ഹാരമണി, കടമണി, തുടർമണി, കങ്കണ-
മരഞാണം, ചിലതോൾപൂട്ടുകളും,
മകുടം, കടകം, മണികുണ്ഡലവും,
വികടകിരീടം വിദ്രുമഹാരം,
വികസിതസുരഭിലമലർ മാലകളും
സകലമണിഞ്ഞു ഞെളിഞ്ഞു നടന്നാർ
പട്ടകൾ പലതും കെട്ടിയുടുത്തുട-
നെട്ടുമുളം ചിലചേലകൾ ചുറ്റി
പട്ടുമാലും തലയിൽ കെട്ടി
തട്ടുപുഴുകുമഥനാടൻ പുഴുകും
തൊട്ടുമുഖത്തിനു ഭംഗി വരുത്തി
ചട്ടം പലവക ക്രുട്ടിത്തരസാ
പെട്ടികൾ പെട്ടകമെന്നിവ പലതിൽ
ചട്ടറവീടിനകനകപ്പൊടികളു-
മിട്ടുനിറച്ചുതു കെട്ടിയെടുപ്പി-
ച്ചെട്ടുദിഗന്തം പൊട്ടും പടിപല
കൊട്ടും,വെടിയും, തട്ടിമുഴക്കി-
ത്തട്ടിനടത്തിനടന്നു തുടങ്ങി.

മട്ടുമാറി.

ഉച്ചത്തിലുള്ളഘോഷം മെച്ചത്തിൽ കേട്ട
അച്ചിമാരൊക്കെക്കൂടികാഴ്ചയ്ക്കുപുറപ്പെട്ടുനേരം
നിശ്ചിരിയത്തിനിൻറെ കൊച്ചിനെ എവിടെ-
ത്തിൽ വച്ചേച്ചു പുറപ്പെട്ട കാഴ്ചയ്ക്കു താനേതന്നെ
അമ്മുനചെവി വെടി വച്ചാലും കേട്ടുകൂടാ
ഉച്ചയ്ക്കുപോലും കിഴവച്ചാക്കു കണ്ണുകാണാ
കൊച്ചിനേനാംകോറിക്കടിച്ചെങ്കിലുമുതുക്ക-
നൊച്ചപോലുംകേൾക്കില്ലെന്നച്ചിമാരുടെ
ഘോഷം
എന്തൊരുപുറപ്പാടെന്നോതാനുംബോധിച്ചാനീ
എന്തെൻറെചട്ടത്തീഞാനേതുമേബോധി
ച്ചീല
ഇപ്പോൾ തിരുമാടം പുറപ്പാടെന്നെൻറെപക്ഷം
ഇപ്പോളല്ലതു പണ്ടുകെല്പോടു കഴിഞ്ഞല്ലൊ
മുപ്പുവാഴ്ചയ്ക്കുള്ളൊരു കോപ്പുകൾ ക്രുട്ടുകയൊ
മുപ്പുധൃതരാഷ്ട്രരിരിപ്പൊണ്ടു മരിച്ചില്ലാ,
എങ്കിൽ പടയ്ക്കുള്ളൊരു സന്നാഹമെന്നവരും
ശങ്കയില്ലെനിക്കതു സംഗതിയിപ്പോളില്ലാ
ബാണങ്ങൾപടക്കങ്ങൾചെന്നാണപൂക്കുറ്റി
കൾ
ഏണാക്ഷിമാരും ചിലവീണക്കാർപാട്ടുകാരും
വേണമോപടയ്ക്കായി പോരുണെങ്കിലെൻറ-
തോഴി
കാണാം നമുക്കു വെക്കം പോണംപുറപ്പെട്ടാലും
അങ്ങേക്കുറവുള്ളചിലകളെല്ലാം
അങ്ങുനടന്നിതു കാഴ്ചകൾ കാൺമാൻ
നിങ്ങൾ ചമഞ്ഞും ചന്തം നോക്കിയു-
മിങ്ങനെ തന്നിതു പിരികേയൊള്ളു.
ഘോഷമതെല്ലാം പിരിയുന്നേരം
ദോഷികളവിടെച്ചെന്നിഹ ചാടും
ദോഷിപ്പാൻ വിരുതുള്ള ജനത്തിനു
ശേഷിയതാമൊരു ക്രുട്ടമശേഷം.
ചിറമ്മയ്ക്കിതു പത്തുപിറന്നു
മറൊരു പൂതരുമില്ലെൻവീട്ടിൽ
പെറെറന്നാകിലുമമളിയതായ്വരു-
മീറില്ലത്തിലിരുന്നേപോവൂ
മറൊരു നാരിപറഞ്ഞാളപ്പോൾ
മറൊരു ചിന്തനമുക്കിതില്ലതും
മറൊരു പുരുഷൻ വീട്ടിൽ വരുമ്പോൾ
ഏറ്റം നമ്മുടെ നായർ കലമ്പും;
കുറ്റം വാഴ്ത്തുമൊന്നുണ്ടാക്കി
കൊറ്റു മുടക്കാൻ മടിയില്ലവനും

Digitized By Kerala Sahitya Akademi

പൊറാമ്മയ്ക്കിട്ടടിക്കുന്നവർ
മറുള്ളവരൊട്ടു നേരായ്ത്തന്നൊ?
മുള്ളില്ലാതൊരു വാക്കില്ലെങ്ങോ-
ക്കുള്ളിൽ ക്രൂരനൊരുള്ളുമില്ലാ
ഉള്ളൊരുനെല്ലും പണവും പാടേ
കള്ളുകുടിച്ചു കുടിച്ചു മുടിച്ചു.
കഞ്ഞികുടിപ്പാനില്ലാഞ്ഞെന്നുടെ
കുഞ്ഞുകളേറെ നടക്കാതായി
ഇങ്ങനെ തലയിലെഴുത്തൊന്നാകിലെ-
തെങ്ങനെ ഞാനതൊഴിച്ചീടണ്ടൂ
ഈയുകേട്ടപ്പോളൊരച്ചി പറഞ്ഞാൾ
ഈയുകേട്ടാലും കൊച്ചനിയത്തീ,
ആരിയായിട്ടൊരു വീടുപുലർത്താൻ
മതിയായിട്ടൊരു നായരെ നിർത്താൻ
നാമ്മയ്ക്കാഗ്രഹമുണ്ടായപ്പോൾ
ആമ്മാവിക്കതു സമ്മതമല്ലാ,
ആമ്മാവന്റെ മനസ്സു മറിപ്പാൻ
ആമ്മാപാപിക്കെത്ര വിശേഷം;
വല്ലാതൊരു ദോഷച്ചാർ നമ്മെ
ഇല്ലത്തേക്കും കൊണ്ടു തിരിച്ചാൻ.
നെല്ലുകൊടുത്തു കറുപ്പും തിന്നൊരു
കല്ലുകണക്കിനു കുത്തിയിരിക്കും
കണ്ണുതുറക്കെന്നുള്ളതു മില്ലി-
പ്പെണ്ണച്ചാക്കൊരു ബോധവുമില്ലാ
കിണ്ണം കിണ്ടിയുമിത്യാദികളിലൊ-
രെണ്ണം കണികാണ്മാനില്ലാതായ്;
അരിയും കറിയും വച്ചുകൊടുപ്പാൻ
ആരുതാതായി നമുക്കും പിന്നെ
ഒരു സുഖമെന്നതു ഞാനറിയുന്നി-
ല്ലൊരു ക്രൗര്യമെനിക്കില്ലിപ്പോൾ
ആരെങ്ങുറവുള്ളച്ചികളെല്ലാ-
മിങ്ങോട്ടേക്കു വിരോധം തന്നെ
ഉരിയരിപോലും ചോദിച്ചാലവർ
തരികില്ലെന്നല്ലാനകളിക്കും.
തിരിയാത്തവനൊട്ടു ഞാനൊരക്ഷര-
മുരിയാടാറില്ലെന്തിനു പാഴിൽ
പരിഹാസത്തിനു വകയില്ലാഞ്ഞവർ
പെരുവഴി നോക്കിയിരുന്നീടുന്നു

ഇങ്ങനെയോരോ വാക്കു പറഞ്ഞുട-
നംഗനമാരും വന്നു നിറഞ്ഞു
ആങ്ങാടികളിലുമാൽത്തറമേലും
രംഗപ്രാനിന്നിതു ശ്ലോഷം കാൺമാൻ
കുരുപതിതന്നയുമാജ്ഞയുമാകം
പെരുകിനപടകളുമിളകിഞ്ഞെല്ലി
പെരുവഴി തിങ്ങി വിങ്ങി നടന്നീടുന്നു.
തുടിപാകിടുപടിപടഹങ്ങളും
പൊട്ടുപൊടുവടികളുമുടമയോടേ
ഇടിപൊടിതകരുമൊരടവൂടനേ
വടിവൊടുനടന്നിതു പടകളെല്ലാം
കടലുടെ വടിവൊരു കലശലഹാ
പടലൂടനടവികളിടിഞ്ഞുടനേ
പൊടിയുടെ പടലുവുമുലകിലെല്ലാം
പടുതരമുയരുന്ന പലവഴിയിൽ
കടതഴകൊടുകളുമിടകലരും
ടേജനപടകടെ നടനവിധൌ
തടമുലതടവിന തരുണികളും
മട്ടുമലർ മലരുവൽ പൊരിഞ്ഞീടുന്നു.
ആനവധി കുതിരകളതിനിടയിൽ
ഘനരുചികരികളുമളവില്ലേതും
ധനജനവിഭവങ്ങളിവണ്ണം കണ്ടാൽ
ധനപതിയേപ്പെട്ടങ്ങൊളിച്ചുമണ്ടും.
കനകമണിഞ്ഞൊരു കരവരകണ്ണേ
കനിവൊടു കോറിയിരുന്നാൻ കുരുപതി
പനിമതിസമമൊരു വെള്ളക്കുടയും
കനകാഞ്ചിതമാം വെൺചാമരവും
ആനവധി തഴയും മുത്തുക്കുടയും
ധനവിഭവങ്ങളനേകമനേകം
ആനുജന്മാരുടെ മോടിയുമെന്നിവ
മനുജന്മാക്കു മനോഹരമെല്ലാം
ആടുകയും ചിലർ പാടുകയും ചില-
രോടുകയും ചിലർ ചാടുകയും ചിലർ
വാടുകയും ചിലർ തേടുകയും ചിലർ
ചോടുകൾ വച്ചിടകൂടുകയും ചിലർ
വീടുകളും പല നാടുകളും പല-
തോടുകളും പലകോടുകളും പല
കാടുകളും പല മാടുകളും മല-
മൂടുകളും മലർവാടികളും പല

Digitized By Kerala Sahitya Akademi

മേടുകളും പലവേടുകളും പല
പാടവമോടുകടന്നു കടന്നവ-
രാടലകന്നതകത്തു തിമിർത്തുമ-
ഹാടവിപുക്കുഗമിക്കുന്നേരം
ബന്ധകദ്യുതിബന്ധുരമാകിന
സന്ധ്യാസമയം വന്നിടുകുടി
അന്ധമതാകിനതിമിരം വന്നനു-
ബന്ധിച്ചുടവിതടങ്ങളും നിറഞ്ഞു
ഗന്ധവ്വന്മാക്കുള്ളൊരു സമയം.
ചന്തമൊടവിടെസ്സുംഗതമായി
ഗന്ധവ്വന്മാരതി സുഖമോടെ
പന്ത്രണ്ടിമുലമാരോടിടുകുടി
കാന്താരത്തിലിറങ്ങിക്കനിവൊട്ട
ചെന്താമരമലർ വാപികയും തോവും
സന്തോഷേണ ജലക്രീഡാദിനി-
താന്താനന്ദമിയന്നദശായാം
കുന്തീതനയന്മാർ മരുവീടിന
കാന്താരാന്തികഭൂമൌചെന്നാർ
ഗാന്ധാരിതനയന്മാർ പടയും
ഗാന്ധാരേശ്വരനംഗാധിപനും
വഞ്ചനശീലനതാകിനകുരുപതി
പുഞ്ചിരിപൂണ്ടു പറഞ്ഞാനുടനേ;—
"നെഞ്ചിൽ നമുക്കൊരുപായംതോന്നി
കിഞ്ചിൽഗ്രഹണമതിനുണ്ടാമിപ്പോൾ
നഞ്ചുകലക്കണമിവിടത്തിൽ ഫല
വഞ്ചോലകളിലെവാരിയിലെല്ലാം
ചഞ്ചലമിന്നിഹപാണ്ഡുസുതന്മാ-
രഞ്ജനങ്ങളുമതികുടിലന്മാർ
പാഞ്ചാലിയുമുടനംബുകുടീച്ചിഹ
പഞ്ചതയെ പ്രാപിച്ചീടേണം;
നഞ്ചുകലക്കുവി"നെന്നീവണ്ണം
പഞ്ചമഹാപാപി പറഞ്ഞപ്പോൾ
പാപികളൊരുവകരാജടേന്മാർ
വാപികയും തന്നിൽ മരുന്നു കലക്കി
കോപികളായവർ കാട്ടിയതെല്ലാം
പാപത്തിനൊരു വഴിയായ്വരുമേ!

വൃത്രനെക്കൊന്നവ്ന്റെ മിത്രമായുരുവുന്ന
ചിത്രസേനഗന്ധവ്വൻ ധാത്രിയിലങ്ങിറങ്ങി
രാത്രിയിൽ തന്റെ ചാരുഗാത്രിമാരോടുകുടി
തത്രവന്നൊരു ശതപത്രിണീതോയംതന്നിൽ
ചിത്രമാം കേളികൾക്കു പാത്രമാമവനപ്പോൾ
മാത്രാധികാനന്ദവിചിത്രം വിഹരിക്കുമ്പോൾ
വെള്ളപ്പുളകിനൊത്തവെള്ളത്തിൽനഞ്ചിടുവാ-
നുള്ളകുതുകം കൊണ്ടു തള്ളിവരുന്ന ചില
കള്ളന്മാരെക്കണ്ടപ്പോളുള്ളം കയത്തുബല-
മുള്ള ചിത്രസേനൻ താൻ വെള്ളത്തിൽ നിന്നു-
കേറി
കള്ളക്കുടിലന്മാരേ! കൊള്ളാമിക്കാട്ടത്തന്നി-
ലുള്ളമുനികളുടെ വെള്ളത്തിൽ നഞ്ചിടുവാ-
നുള്ളൊരുത്സാഹമിപ്പോൾ
കള്ളകുടിച്ചു വന്ന ഭള്ളനടിക്കും നിങ്ങൾ
തുള്ളുന്നതെല്ലാമിന്നുയുള്ള എന്നിങ്ങുറച്ചു;
കൊള്ളാം പ്രഹരമതിനുള്ള വഴികൾ വീണാ
കൊള്ളി വാക്കുകൾകൊണ്ടു തുള്ളിക്കുന്നുണ്ടുപ
ന്നെ
കൊള്ളിക്കുന്നുണ്ടുബാണംകൊള്ളിക്കുംബലം
മെള്ളോളമില്ലെന്നോർപ്പിൻ! മാന-
മട്ടുമാറി.
കുരുകുലമൂഢന്മാരേ നിങ്ങടെ-
പരമാർത്ഥം ഞാനഖിലമറിഞ്ഞേൻ,
തരമില്ലിങ്ങിനെ ചതിയും കൊതിയും
തരസാമനമതിലേറെ മുഴുത്താൽ,
പൌരവകുലമതിലഴകേറീടിന
വീരന്മാരാം പാർത്ഥന്മാരൊട്ട
വൈരം മനസി മുഴുത്തതിനാൽ നിജ
പൌരുഷമവരെക്കാട്ടുവതിന്നായ്
പൌരന്മാരും പടയും കുടയും
വാരണഘടയും കൂട്ടിക്കെട്ടി
പാരിടമൊക്കെമുഴക്കി വരുന്നതു
നേരായ് വരികില്ലധമന്മാരേ!
അഞ്ചിതമാകിന ശുദ്ധാജലങ്ങളിൽ
നഞ്ചിടുവാനായ്. വന്നൊരു നിങ്ങടെ
നെഞ്ചകമെന്നതുകല്ലോശിവ! ശിവ!
പഞ്ചമഹാപാതകിമാർനിങ്ങൾ;
നേരേനിന്നു പ്രയോഗിപ്പാനായ്
ധീരുക്കൾക്കൊരു വൈഭവമില്ലാ;
നേരല്ലാതെ ചതിപ്പാൻ പെരുവഴി
യോരോന്നിങ്ങിനെ നോക്കി നടന്നാൽ

Digitized By Kerala Sahitya Akademi

സൈരക്കേടുകൾ വളരെ വരുമ്പോൾ
ആരുമൊരാശ്രയമില്ലാതാകും
നീരസമല്ലാതുള്ള പ്രയോഗം
പാരം കൂറയും നിങ്ങൾക്കിപ്പോൾ
തന്നേക്കാൾ ബലവിക്രമമുള്ളോരു
ധന്യന്മാരൊട്ടു ചെന്നിഹ നേത്താൽ
ഒന്നും തരമായ് വരുകില്ലതുകൊ-
ണ്ടെന്നും തീരാദുഷ്കീർത്തികളും
ആണുങ്ങൾക്കു പിറന്നവരെങ്കിൽ
പ്രാണൻ കളവിൻ നമ്മുടെ നേരെ
ബാണം കൊണ്ടു സഹിക്കാഞ്ഞുടനേ
നാണം കെട്ട നടക്കും നിങ്ങൾ
ഇക്കുട്ടത്തിനു ബലമില്ലെന്നൊരു
ധിക്കാരം കൊണ്ടിവിടെ വരുന്ന
വക്കാണത്തിനടുക്കുന്നേരം
കൈക്കാണം ഞാൻ വാങ്ങുകയില്ലാ
വാക്കിനുവാക്കും വമ്പിനുവമ്പും
മുഷ്കിനു മുഷ്കും മുള്ളിനുമുള്ളും
നോക്കിനു നോക്കും തല്ലിനുതല്ലും
ദോഷ്കിനുദോഷ്കമിനിക്കുണ്ടറിവിൻ!
കള്ളന്മാരാം നിങ്ങളെ ഞങ്ങൾ-
ക്കെള്ളോളം ബഹുമാനമതില്ലാ,
ഉള്ളംതന്നിലഹംഭാവംകണ-
കൊള്ളുന്നേർമതുല്പമതാകും
പുള്ളിപ്പുലിയുടെ മുന്നിൽ ചെന്നിഹ
തുള്ളിനടക്കും കുറുനരിയെപ്പോൽ
കൊള്ളാം നീയിഹ കൌരവമൂഢാ!
കള്ളാനിന്നുടെ നാശമടുത്തു",
ഇത്തരമുള്ളോരുദ്ധതവാക്യം ചെവി
സത്വരമൻപൊടു കേട്ടൊരുനേരം
ക്രുദ്ധനതാകിയ ധൃതരാഷ്ട്രാത്മജ-
നുദ്ധതമുദ്ധതമിത്ഥമുരത്താൻ:—
"നില്ലെടമൂഢാ! മതിമതി നിന്നുടെ
വല്ലാതുള്ളോരു വാക്കുകളെല്ലാം
മല്ലനടിച്ചു ചൊടിച്ചു പറഞ്ഞാൽ
കൊല്ലുവതിന്നൊരു സംശയമില്ലാ;
ജളനാം നിന്നുടെ കരളിലഹമ്മതി
കളവാൻ വിരവിലഹമ്മതിദോഷാ
വളരെപ്പറവാൻ കുറവില്ലെന്നൊരു
വെളിവുണ്ടുള്ളിൽ നിനക്കതുവിഫലം.
പെണ്ണുങ്ങൾക്കൊരു ബഹുമാനത്തിനു
പൊണ്ണൻ പലവകയുല്പിക്കുന്നു,
വിണ്ണവർ നാട്ടിലെ വിരുതുംകൊണ്ടിഹ
വന്നു പറഞ്ഞാലിവിടെ ഫലിയാ,
മറുനാട്ടീന്നൊരു വിരുതൻ വന്നിഹ
തിരമൊടുനിന്നു ഫലിപ്പിക്കുന്നതു
കുറയുമതോർത്തു പറഞ്ഞീടുകനീ
കുറവുവരുത്തിയയയ്ക്കും ഞങ്ങൾ;
സംഗതികൂടാതുള്ളൊരു വാക്കുകൾ
നിങ്ങടെനാട്ടിൽ തന്നേനില്പു;
ഇങ്ങനെയുള്ളൊരു നല്ലസമക്ഷ-
ത്തെങ്ങുംനിങ്ങടെ വിദ്യകളൊക്കെ
പൊട്ടക്കുളമതുവിട്ടുതിരിച്ചാ-
ലട്ടയ്ക്കാരുഗതിയില്ലെന്നറിക!
യഷ്ടികളേതുമില്ല കുരയ്ക്കും-
പട്ടികടിക്കില്ലെന്നു പ്രസിദ്ധം.
ഗന്ധവ്വൻനീയെങ്കിലുമിങ്ങനെ
ബന്ധംക്രൂടാതുരചെയ്തെന്നാൽ
ബന്ധുവിഹീനനതാകിനനിന്നെ
ബന്ധിച്ചീടുന്നുണ്ടിഹ ഞങ്ങൾ,
പന്തണിമുലമാരാകുമിവക്കൊരു
സന്താപത്തിനു സംഗതിയില്ലാ
ചന്തമിയന്നൊരു പുരുഷന്മാർ പല-
ബന്ധുതചെയ്വാനിവിടെയുമുണ്ടാം.
അഞ്ചാറനുജന്മാരുനമുക്കു-
ണ്ടഞ്ചായുധനെക്കാൾ വിരുതന്മാർ
അഞ്ചാതവരൊടുക്രൂടിവസിക്കാം
കഞ്ചത്താർമിഴിമാരേ! വരുവിൻ!
കണ്ടകനാമിക്കണവൻകേറി
ശണ്ഠയിടുന്നതുശങ്കിക്കേണ്ടാ;
ശ്രുണ്ടികടിച്ചാൽ ഫലമില്ലവനതു
കണ്ടൊരുകോണിലിരിക്കേയുള്ളു,
നടുമിറവത്തൊരു കുറിതറച്ചൊരു
നെടുപാശംകൊണ്ടരയിൽമുറുക്കി
തടിയനെയതിനൊടുബന്ധിക്കുന്നു-
ണ്ടുടനൊരുമൂത്തകുരങ്ങതുപോലെ;



Digitized By Kerala Sahitya Akademi

വാടാനിന്നടെ വിരുതുകളെന്നൊട്ടു
ക്രൂടാമൂഢാകുടിലകുശീലാ!
പാടവമോടിഹ പടപൊരുതീടുക
നാടകമല്ലിതു വീരവിനോദം"
"കണ്ണാനീയിതുകേൾക്കുന്നീലേ
കണ്ണാരുന്തുദമിവനുടെ വചനം
കണ്ണാകൃഷ്ണമതാക്കുക പാപം
കീണ്ണമതാകണമിവനുടെഗാത്രം"
ഘോരശരങ്ങളെടുത്തുതൊടുത്തൊരു-
മാരികണക്കിനെ വഷ്ടിച്ചാലും!
വടിവൊടുഖേചരഖേടൻതന്നുട-
ലടിമുടിപൊടിയാക്കീടുകകണ്ണാ!
ദുശ്ശാസനനും ദുർമ്മുഖനും പുന-
രിശ്ശാസനമനുമാനിച്ചാലും!
വാശ്ശതമെന്നൊരുപേക്ഷകണക്കി-
ല്ലിശ്ശാനനെക്കൊലചെയ്തേപോവു.
നമ്മുടെനേരേവന്നൊരുക്രൂട്ടം
നിമ്മരിയാദംജല്പിക്കുന്നൊരു
ദുർമ്മതിയാമിവനുള്ളിലിരിക്കുമ-
ഹമ്മതിയിന്നുശമിപ്പിക്കേണം.
രണ്ടുശരങ്ങൾകണക്കിനുകൊണ്ടാൽ
മണ്ടുംവിരവൊടുമുതലവീരൻ
തൊണ്ടന്മാരിവർ പടയെന്നുള്ളൊരു
രണ്ടക്ഷരമതുകേട്ടിട്ടില്ലാ
ശണ്ഠയിടാനല്ലാതൊരുവസ്തു
ചെണ്ടക്കാരുവർഗ്രഹിച്ചിട്ടില്ലാ,
ചണ്ടികൾപറയുന്നതിനെക്കുടെ
കൊണ്ടാടാൻ ചില മൂഢരുമുണ്ടു"
"അടുക്കവിരവൊടു തടുക്കചിലർചെന്നു
പിടിക്കശരവരമെടുക്ക പരിചൊടു
കൊടുക്കയിവനുടെമിടുക്കുകൊണ്ടുതന്നെ
നടക്കുമെന്നരുചി മുടക്കുവതിനിന്നു
മടിക്കരുതുഗതി മുടക്കിമദ്ഭര-
മടക്കിയുടനതിപടുക്കളൊരുവക
പടയ്ക്കുതുടരുക!
പൊടുക്കെന്നിവനുടെമിടുക്കുഫലിക്കാഞ്ഞു
നടക്കുമില്ലെന്നാകിലടുക്കുമതുകൊണ്ടു
നടുക്കമിനിക്കില്ല പടുക്കളിവരെല്ലാ-
മൊടുക്കംതോറുമണ്ടും"

ഇങ്ങനെയുള്ളൊരു ദുഷ്പ്രണമവർ
തങ്ങളിലങ്ങുപറഞ്ഞൊരുദുശ്ശം
സംഗരമാശുതുടങ്ങിപ്രകടശ-
രങ്ങൾകൊരിഞ്ഞുമറഞ്ഞിതുഗഗനം;
ചൊല്ലേറിടിനഗന്ധവ്വൻനിജ-
വില്ലുവലിച്ചുചെവിക്കിടചേർത്തു,
നല്ലശരങ്ങളുതിർത്തുതുടങ്ങി
നല്ലൊരുസമരമതെന്നേവേണ്ടു;
ഈറക്കാരവർന്നാറുവരെല്ലാം
ഏറംചാടിയടുത്തുതുടങ്ങി;
കാറുകൾതട്ടിക്കരപാറീടുമൊ-
രാറിലവെള്ളത്തിരകൾകണക്കെ
കോറംപാരമതാരംഭേപുന-
രേറംപേടിയുമുടനേക്രൂടി
തോറുതിരിച്ചുതുടങ്ങിപതുക്കെ-
പ്പാറകൾപോലെ പടഞ്ജനമെല്ലാം
മാറലർബാണഗണങ്ങളുമുടനട-
നേറുമുറിഞ്ഞുമറിഞ്ഞുഥവീണു,
ഏറുതിരിപ്പാനെളുതല്ലാഞ്ഞവ-
രേറംഭ്രമിയിൽ വീണാമുരുണ്ടും,
പേടികലന്നൊരുനായന്മാര-
ങ്ങോടിച്ചെന്നുമരങ്ങടെമൂട്ടിൽ
ക്രൂടിക്കരിയിലകൊണ്ടുശരീരം
മൂടിയൊളിച്ചുശയിച്ചാരുടനേ.
നായന്മാരുടനോടുന്നേര-
ത്തായുധമെല്ലാം വഴിയിൽപോയി
ആയതുപിന്നെയുമുണ്ടാക്കീടാം
കായംകിട്ടുകിലുബഹുലാഭം
മലയുടേഗുഹയിൽചെന്നുകടന്നാർ
ചൂലിലരന്നേരം പ്രാണഭയത്താൽ
വലിയൊരുപുലിവന്നടിയുംക്രുട്ടി-
ത്തലയുംകൊണ്ടുതിരിച്ചാനപ്പോൾ;
കലയും മാനും വരുമൊരുമാർഗ്ഗേ
വലയുംകെട്ടിക്കാട്ടാളന്മാർ
മലയിലൊളിച്ചുഹപാക്കുന്നേരം
വലയിൽചെന്നുവലഞ്ഞാനൊരുവൻ;
വലയിൽപെട്ടുകണ്ടൊരുവേടൻ
കലയെന്നോർത്തൊരുബാണമയച്ചാൻ

Digitized By Kerala Sahitya Akademi

തലയിൽകൊണ്ടുതറച്ചുകണ്ടാ-
മലയൻവന്നിഹനോക്കുന്നേരം
കലയല്ലിവനൊരുവലിയൊരുതടിയൻ
മലയാളത്തിലെ മാനുഷനൊരുവൻ!
വലയീന്നിങ്ങുവലിച്ചുപതുക്കെ
തലയീന്നമുപറിച്ചുൻ വേടൻ
പേടിത്തൊണ്ടൻ മറെറാരുമാനുഷ-
നോടിപ്പോംവഴിയറിയാറാക്കി
കാടുതകത്തൊരുവാരിക്കുഴിയിൽ
ചാടിയൊളിച്ചുകിടന്നാനപ്പോൾ;
ഉള്ളത്തിൽഭയമേറുകമൂലം
വെള്ളത്തിൽചിലർ ചാടിയൊളിച്ചു,
വള്ളിക്കെട്ടുകൾതോറുംചെന്നതി-
നുള്ളിൽപുക്കിതുപലജനമപ്പോൾ,
മണ്ണിൽ പലപല കുഴിയുണ്ടാക്കി-
പൊണ്ണന്മാർചിലരവിടെയൊളിച്ചു
കണ്ണുമടച്ചുപുതച്ചുകിടന്നൊരു-
വണ്ണമുറക്കവുമങ്ങുതുടങ്ങി;
കൊമ്പുകുഴൽക്കാർ ചെണ്ടക്കാരു-
മമ്പുമേയപ്പെട്ടോടിനടന്നാർ,
കൊമ്പന്മാരുടെകൊമ്പുമരത്തിൻ
കൊമ്പുതടഞ്ഞുടനമ്പതുടിന്നം,
മട്ടളമരയിലുറപ്പിച്ചുടിന
വിദ്വാൻനാടുകപാരംഭണ്ഡം
മട്ടളമങ്ങൊരുകാട്ടിലെറിഞ്ഞി-
ട്ടട്ടിക്കീനാഥധാവതിചെയ്തു,
ഒരുഭോഗത്തത്തോലുപിളന്നി-
ട്ടൊരുവൻചെണ്ടയ്ക്കുകമേപുക്കാൻ,
പെരുവഴിതന്നിലുരുണ്ടുതിരിച്ചാൻ
പെരുതായുള്ളൊരു ചെണ്ടക്കാരൻ,

ഉടുക്കുംകൊട്ടികൊണ്ടഗ്രേനടക്കുന്നാമേളക്കാര
ഉടുക്കുംമുണ്ടുംകളഞ്ഞു മിടുക്കുംഭാവിച്ചുമണ്ടി ത്രൻ
തിടുക്കംപൂണ്ടൊരുവീട്ടിക്കടപ്പാൻ ഭാവിക്കു
ന്നേരം
കടുത്തനായർത്രാൻവന്നുതടുത്താ,നത്രയുമല്ലാ,
മുടിക്കുംപിടിച്ചുനാലഞ്ചടിക്കുന്നഘോഷംകേട്ടു
പൊട്ടക്കെന്നകാട്ടില്ലുക്കുകിടക്കുന്നനായന്മാർവ-
ന്നടുക്കുന്നകോലാഹലം കടുക്കുന്നുണ്ടൊരു
ദിക്കിൽ

പടയ്ക്കുതോറുമണ്ടുന്നടവാർവന്നുകേറുമ്പോൾ
പടിക്കൽകാവലുംവച്ചുകടപ്പാനെളുതല്ലെന്നും
വനത്തിൽനിന്നോടിവന്ന ജനത്തിൻറെഭാവം
കണ്ടു
മനസ്സിൽനിറുദിക്കും നാരീജനത്തിൻറെവാക്കു-
ണ്ടായി
"വമ്പന്മാരായ മീശക്കൊമ്പന്മാരെല്ലാമോരോ
വമ്പുംപറഞ്ഞു വില്ലുമമ്പുമെടുത്തുംകൊണ്ടു
തമ്പുരാന്മാക്കുതിരുമുമ്പിലകമ്പടിക്ക-:
ങ്ങിമ്പംകലർന്നുചെന്നു വമ്പിച്ചുകാനനത്തിൽ
ഗന്ധവ്വന്മാരെപ്പേടിച്ചുഡന്മാരായ നിങ്ങ-
ളെന്തിപ്പോളോടിപ്പോരാൻ ബന്ധമെൻഘോഷ
ന്മാരേ!
ചന്തംപെരിയതൊങ്കൻകുന്തംകളഞ്ഞുവീണ്ടു
ദന്തങ്ങളുംതകർന്നു എന്തൊരുസ്സാഹസങ്ങൾ,
തോല്ക്കുന്നക്രൂട്ടംനിങ്ങൾതോക്കുംകളഞ്ഞുപോന്ന
താക്കുമടുത്തതല്ലിതോക്കുമ്പോൾ ചിരിയാകും,
നേക്കുംമാറാരൊട്ടുപോരേല്ക്കുന്നനേരം പല
ചാക്കുംമുറിവുംപുനരാക്കും വരാത്തതല്ലാ;
ചാട്ടംപിഴച്ചുകപിക്കൂട്ടംകണക്കേ നിങ്ങൾ
ക്രൂട്ടംപിരിഞ്ഞുപാരംകോട്ടംപിണഞ്ഞമൂലം
ഓട്ടംതുടങ്ങിയതുവാട്ടംവരുവാൻതന്നെ
കേട്ടാലുടനേതന്നെ നാട്ടാർപരിഹസിക്കും;
കാട്ടിൽനിന്നോടിപ്പോന്ന വീട്ടില്ലുക്കൊളിക്ക-
ക്കാട്ടിൽമരിക്കനല്ലുകേട്ടീലേനായന്മാരേ [യെ-
ഗോഷ്ഠികൾപതിനാലുനാട്ടിലുംകേൾക്കുമയ്യോ
കാട്ടിയകമ്മമേതും പാട്ടിലായതുമില്ല"
പെണ്ണുങ്ങളുടെവാക്കീവണ്ണം കേൾക്കുന്നചില
പൊണ്ണന്മാർ വീടുകളിൽ കണ്ണുമടച്ചിരുന്നാർ;
കണ്ണൻ ദുര്യ്യോധനൻ വികർണ്ണൻ ദുശ്ശാസനനും
കണ്ണംചുവന്നിച്ചാപബന്ധുകുലച്ചുംകൊണ്ടു
ചണ്ഡമായുള്ളശരഷണ്ഡമുതിർത്തുംകൊണ്ടു
തത്രവന്നടുക്കുന്ന ചിത്രസേനൻറെപുത്ര-
മെത്രവളരെയുണ്ടമിത്രന്മാരവരോടു
യുദ്ധംതുടങ്ങിയവരിത്ഥംപറഞ്ഞീടുന്നു
ക്രുദ്ധന്മാരായകുരുവൃദ്ധൻറെ നന്ദനന്മാർ.

"ഗന്ധവ്വന്മാരാകിനനിങ്ങടെ
ഗന്ധംപോലും നാസ്തിയതാമൊരു
ബന്ധംക്രൂടാതിങ്ങനെനേർപ്പാ-
നെന്തൊരുകാരണമധമന്മാരേ!

Digitized By Kerala Sahitya Akademi

അംബരചാരികളാകിനനിങ്ങടെ
ഡംബരമിന്നുശമിക്കുമശേഷം
സംഗരമിവിടെച്ചെയ്യുതിനുള്ളൊരു
സംഗതിവന്നിതു നന്നിതുകാലം
അംഗമഹീപതി കണ്ണൻഞാനതു
നിങ്ങളറിഞ്ഞീലെങ്കിലിതറിവിൻ!
അംഗങ്ങളിലൂടനമ്പുകൾ കൊണ്ടിഹ
ഭംഗംവരുമളവായിയാമെല്ലാം;
നിങ്ങടെ വിരുതുകളൊന്നുമിദാനീം
ഞങ്ങടെ നേരെ ഫലിക്കയുമില്ലാ;
കുരുകുലതിലകൻ ദുര്യ്യോധനനൃപ-
നരികുലശലഭോവാനലസാരൻ
കരുബലശാലികളനുജന്മാരും
പരബലമാശുതകർക്കുമശേഷം."

ശ്ലോകം.

കുംഭീന്ദ്രപ്രൌഢകുംഭീസ്ഥലദലനകലാ
ചണ്ഡദോർദ്ദണ്ഡസാരാൻ
ഗംഭീരാരാവഘോരാൻ കിമുശശനികര-
സ്തംഭരേത്സിംഹവീരാൻ
കിംഭോ! ഗന്ധർവ്വവൃന്ദം സകലമപിസമം
സംഗതം സംഗരാന്തേ
ഡംഭോപേതം വിജേതും പ്രഭവതിമതിതോൽ
കത്തനാൻ ധാർത്തരാഷ്ട്രാൻ.

ശ്ലോകംകൊണ്ടു പറഞ്ഞാലറിവാൻ
ആകുലമെങ്കിൽ പൊരുളൊപ്പാം
ലോകരശേഷം ബോധിക്കേണം
ലൌകികമിപ്രകഥ ചെയ്യുന്നു
ആനത്തലവന്മാരുടെ മസ്തക-
മാഗ്രപിളർന്നുകിളന്നൊരുധിരം
പാനം ചെയ്തു മദിച്ചു നടക്കും
പരുഷമതാകിനസിംഹകുലത്തെ
താനേ ചെന്നൊരു ക്ലുപ്തം മൃഗമുകരം
താഡിച്ചാശു വധിപ്പാൻ മതിയോ;
അതുപോലെ ബ്രഹ്മാധിഷ്ഠിത-
രതുലപരാക്രമശാലികളാകും
ധൃതരാഷ്ട്രാത്മജരോടമർ ചെയ്യാൻ
മതിയാമോബത ശിവ ശിവ! മോഹം.

ക്രുടലർ കുലബലമവതി പെടുക്കും
ക്രുട്ടംകുരുകുലമെന്നു ധരിപ്പിൻ!
ആടലശേഷമകന്നു പടയ്ക്കുതി
പാടവമേറിന കണ്ണാദികളൊടു
ക്രുട്ടാനിങ്ങടെ നികൃതികളൊന്നും
വാടാഖേചര മൂഢാ! രണഭുവി
വാടാഞങ്ങളിലൊരുവൻ പോരും
പ്രൌഢാഹംകൃതി ഹുംകൃതിയാലതി
മൂഢന്മാരുടെ വാക്കിതിവണ്ണം
ശുദ്ധമതല്ലിഹ പൊരുളിതു കിഞ്ചിൽ.

മിത്രനന്ദനസുയോധനവൃന്ദം
തത്രവന്നടനടുത്തദശായാം
ചിത്രസേനനഥസേനകളോട-
ങ്ങൊത്തുക്രുടിയവരോടുരചെയ്താൻ;—
നില്ലനില്ലെടസുയോധന! കണ്ണാ!
നിങ്ങൾചൊന്നമൊഴിനിരുതമെല്ലാം
വില്ലെട്ടുത്തു വിളയാടിനഞങ്ങൾ-
ക്കില്ലതെല്ലുമൊരുവാട്ടമിദാനീം
ക്രുത്തമുത്തശരമാരികളെല്ലാം
പേത്തുചേത്തുടനുതിത്തുതുടന്നാൽ
ചീർത്തമൂർത്തികളിലാശ്രുസമസ്തം
കോത്തുകോത്തു ശകലീകൃതമാകും.
ധാർത്തരാഷ്ട്രകുടിലാശയ! നിന്നേറ
ധൂർത്തുകൊണ്ടു ഫലമില്ലെടാ! മൂഢാ
ഓർത്തുകൊൾക മമബാഹുബലംനീ
നേർത്തുവന്നതതിസാഹസമല്ലോ.
ഉദ്ഭടചാരിവരരോടമർചെയ്താ-
ലുദ്ഭടമാമവനിചാരികളെല്ലാം
മൂർദ്ധോഗമതിലമ്പുകളേറി-
ട്ടുദ്ഭടലോകഗതിവന്നുഭവിക്കും.
കാട്ടിൽവന്ന നിജപൌരുഷഭാവം
കാട്ടുവാനിഹ തുടരുന്നൊരു കള്ള-
ക്രുട്ടമിങ്ങനെതിമിർത്തതു മൂലം
കോട്ടമിന്നു വരുവാൻ വഴിക്രുട്ടി;
നൂറുപേരുമിഹനിങ്ങളശേഷം
ക്രൂരുകാരുമുടനൻപൊടുപോരിൽ
തോറുപോം ഝടിതിയത്രയുമല്ലാ
കാറുപോലെ ഭുവമാശുപറക്കും.

Digitized By Kerala Sahitya Akademi

നഷ്ടികഴിച്ചു തിമിർത്തു നടക്കും
യഷ്ടികളൊരുവക ട്ടുവിനടിയന്മാർ
നഷ്ടിവാരാനൊരു വഴിയും നോക്കി
കഷ്ടിച്ചുങ്ങനെ പടയും കൂട്ടി
കെട്ടിച്ചുറിയണിഞ്ഞു ഞെളിഞ്ഞിഹ
കൊട്ടിഗ്ഘോഷിച്ചാർത്തുവിളിച്ചും,
പെട്ടികളും ചില പെട്ടകവും പല
ചട്ടമതിങ്ങനെ വട്ടം കൂട്ടി
പെട്ടികളും ചില കുട്ടികളും കോ-
മട്ടികളും പല പട്ടന്മാരും
നാട്ടിലിരിക്കും പ്രജകളെയെല്ലാം
കൂട്ടിസ്വരൂപിച്ചെന്തൊരുകായ്യം?
കാട്ടിൽ വരാനിഹകുടിലന്മാരേ!
കാട്ടിയവിരുതുകളൊക്കെയബദ്ധം
കാട്ടിലിരിക്കും പാർത്ഥന്മാരെ-
ക്കാട്ടീടുവതിന്നിങ്ങനെ നിങ്ങടെ
ഗോഷ്ടികളോർത്താൽ ചിരിയാകുന്നു.
ഗോഷ്ടവിലോകനമെന്നൊരുകപടം
പുഷ്ടിനടിക്കും നിങ്ങളെയിപ്പോൾ
പട്ടിക്കും ബഹുമാനം നാസ്തി;
കൊട്ടിക്കൊണ്ടിഹവരുവാനിങ്ങനെ
സൃഷ്ടിച്ചാനൊരു കൃതികാരൻ
രാഷ്ട്രവിനാശത്തിന്നുടനേധൃത-
രാഷ്ട്രസുതന്മാർ നിങ്ങൾ പിറന്ന
നാട്ടിനു നാശം നിങ്ങടെ മൂലം,
നാണക്കേടിനു നല്ലൊരു മാർഗ്ഗം
പടയും നിങ്ങടെ പദവികളും പല
കുടയും കൊടിയും തഴചാമരവും
പടഹന്തുടിപറകൊമ്പും കുഴലും.
പട്ടതരഘോഷമശേഷവുമിപ്പോൾ
ത്യടിതിനശിച്ചിതു ജളരേ! നിങ്ങടെ
തടിമാത്രം ശേഷിച്ചിതു സമരേ;
തടിയന്മാരേ! പടപൊരുതീടുക
കുടിലന്മാരേ! മൂഢന്മാരേ
മടിയന്മാരുടെ മദവും മതവും
പടതുടരുമ്പോൾ തീരുമതറിവിൻ!

ഇത്ഥം പറഞ്ഞുകൊണ്ടുയുദ്ധംതുടങ്ങീതത്ര
ചിത്രസേനാദികളും ധാർത്തരാഷ്ട്രാദികളും,
ആസ്ത്രങ്ങളനവധി ശസ്ത്രങ്ങളും പലവിധം
ചിത്രപ്രകാരമതുമാത്രം പറവാൻ വേല,
വെട്ടം തടവും ചില മുട്ടും മുറികളും പുന-
രൊട്ടും കുറവില്ലാത്ത കൊട്ടും കുഴൽവിളിയും;
എട്ടുദിഗന്തങ്ങളും പൊട്ടുംപ്രകാരം പട-
വെട്ടും കുതുക്കളമ്പത്തെട്ടും മുപ്പതും പാലു-
മെട്ടും തളർന്നു വില്ലുമിട്ടും കളഞ്ഞു നല്ല
വട്ടം വെടിഞ്ഞു പിറകോട്ടുതിരിച്ചുനേരം
കൂട്ടം കലമ്പിപ്പടക്കുട്ടം പലപ്പഴിക്കും
ഓട്ടം തുടങ്ങിപ്പലകോട്ടങ്ങളും കണ്ടുനില്ക്കും
ധീരൻ ചിത്രസേനൻ ഗഭീരൻ ഗന്ധർവ്വരാജ
വീരൻ നൂറുപേരുടെ നേരെ പാഞ്ഞടുത്താഹ
രേരേമൂഢരേ!നിങ്ങളാരേക്കാൾമാനോട്ടുന്ന
പോരാടുവാൻമിടുക്കു പോരാത്തനിങ്ങളി
പ്പോൾ
ആരുചൊല്ലിത്തങ്ങടെപൌരുഷംകാട്ടാൻവന്ന
നില്പിൻ തരിമ്പെങ്കിലും കെല്പില്ലാത്തവർനി
ങ്ങൾ
ജല്പിപ്പാൻ മാത്രംകൊള്ളാം ബാല്യന്മാരയ്യോകഷ്ടം
"ചൊല്പൊങ്ങുംദേവരാജൻകല്പിച്ചുവന്നുഞങ്ങൾ
സപ്തഭാജന്റെ കുട്ടമെപ്പേരുമിന്നതന്നെ
സ്വർഗ്ഗത്തിൽ വന്നീടണം ഭൃല്ലാ പറയുന്നു
പട്ടം വളയുമെല്ലാം കിട്ടുമത്രയുമല്ലാ
വീരശൃംഖലനിങ്ങൾക്കോരോന്നുകൈക്കു
പോട്ടും
പാരാതെ പോന്നുകൊൾവിൻ വീരാളിപ്പട്ടം
കിട്ടും"

മട്ടുമാറി.

ഇത്തരം മൊഴിപറഞ്ഞു സമർത്ഥൻ
ചിത്രസേനനതിവേഗമടുത്തു,
തോറുടുരമർത്ഥധാവതിചെയ്തും
നൂറുപേരെയുമടുത്തു തടുത്തു,
വാരുകൊണ്ടുടനടിച്ചുപിടിച്ച-
ക്കയറുകൊണ്ടുടൽ വരിഞ്ഞുകെട്ടി
തേരിലേക്കോടിമരത്തൊടുക്രൂടി-
ച്ചേരുമാറു പലകെട്ടുമുറുക്കി
ക്ഷിപ്രമംബരതലത്തിലുയർന്നാൻ
അപ്രമേയബലനാകിന ദിവ്യൻ
ധാർത്തരാഷ്ട്രശതവും പുനരപ്പോൾ
ആർത്തരായി മുറയിട്ടുതുടങ്ങീ:—

Digitized By Kerala Sahitya Akademi

ധൂർത്തരാമരികൾ ഞങ്ങളെയെല്ലാം
തേർത്തടത്തിലുടനിട്ടു വരിഞ്ഞു
ഘോരപദിക്കിനിയാ കൊണ്ടു തിരിച്ചു
പാർത്തുകാങ്കമമധർമ്മതനൂജാ
പാർത്ഥ! ഹാ നകുല! ഹാ സഹദേവാ!
കാത്തുകൊൾകകനിവോടതിവേഗാൽ,
ഭീമസേനവരികാശ്രുതരിപ്പും
താമസിക്കരുതു നിങ്ങളിദാനീം,
സീമയില്ലമമ സങ്കടമയ്യോ!
ധീമതാംവര! യുധിഷ്ഠിരവീര!

(ഇന്ദിശരാഗം—കൂടെനോച്ചിതാളം)

തടിച്ചൊരുഗന്ധർവ്വൻ മഹാകശ്മലൻ ഞടിച്ചു
പിടിച്ചു കെട്ടിക്കൊണ്ടു തിരിച്ചു ശിവ ശിവ!
ഒരുത്തൻ വരുത്തുന്നൊരനർത്ഥങ്ങളാൽ
കരത്തിനൊരു കരുത്തുമില്ലാഞ്ഞങ്ങൾകനക്കെ-
തരംകെട്ട
വഴഞ്ഞുവശംകെട്ട വയംകേവലം വലയ്ക്കുകത്തു
പതിച്ചു മൃഗങ്ങളെക്കണക്കെ ശിവ ശിവ!
സഖേ! ധർമ്മജ! വീരസമീരാത്മജ! സരസപാർത്ഥ
നകുലസഹദേവ! വരിക വിരവോടെ
നിരാധാരമായുള്ള ജനങ്ങൾ,ക്കഥോനിങ്ങളെ-
ന്നിയെമറെറാരു ജനമില്ല ശരണമയ്യ ദുഃഖം
കരുക്കൾക്കു വന്നീടും തരക്കേടഥോകുലത്തി-
ലുള്ളജനങ്ങൾക്കൊക്കെത്തന്നെസമമെന്നറികടോ

ഇത്തരമുള്ളൊരു മുറവിളികൊണ്ടഥ
പത്തുദിഗന്തരമൊക്കെ മുഴങ്ങീ,
സത്വരമതുകേട്ടധികദയാനിധി
സത്വഗുണാംബുധി ധർമ്മതനൂജൻ.
ഗന്ധവഹാത്മജനോടരുൾ ചെയ്തു:—
ഗന്ധർവ്വന്മാർ വന്നിഹ നമ്മുടെ
ബന്ധുജനങ്ങളെയെല്ലാം വിരവൊടു
ബന്ധിച്ചും കൊണ്ടങ്ങു തിരിച്ചു
ബന്ധം ക്രൂടാതിങ്ങനെ ചെയ്തതി-
നന്ധതതാനൊരു കാരണമിപ്പോൾ
അന്ധൻജനകനുമിക്കഥകേട്ടാൽ
അന്തസ്സാപംകൊണ്ടു മരിക്കും
എന്തെങ്കിലുമുടനവരുജന്മാരുടെ
സന്താപങ്ങളൊഴിക്കണമിപ്പോൾ
ഞാന്തരമില്ലതു ചെയ്തീലെന്നാൽ
എന്തിനു നമ്മുടെ ധർമ്മവിചാരം?
ദുര്യോധനനും ദുശ്ശാസനനും
ദുഷണമനവധി ചെയ്തവരെങ്കിലു-
മയ്യോ ഞങ്ങൾ വലഞ്ഞെന്നിങ്ങനെ
കയ്യും മെയ്യും വശമല്ലാഞ്ഞവർ
നമ്മെ വിളിച്ചു കരഞ്ഞതു കേട്ടിഹ
ചുമ്മയിരിപ്പതുചിതമോസഹജ!
ധർമ്മം നൃപതിക്കാശ്രിതരക്ഷണ
കർമ്മമതല്ലോസഹജന്മാരേ;
ദുർമ്മദമിപ്പോളരുതരുതുരര
ദുരിതംവരുമതിനനവധിമേലിൽ
ജ്യേഷ്ഠവചനം കേട്ടൊരുനേരമു-
ദഗ്രപരാക്രമിയാകിയ ഭീമൻ
അഗ്രേനിന്നുപറഞ്ഞുതുടങ്ങിസ-
മഗ്രാഹംകൃതിശാലിഗഭീരൻ:—
"അടിയങ്ങൾക്കിഹനാലുജനത്തിനു-
മരുളിച്ചെയ്താരു കല്പനകേൾപ്പാൻ
മടിയെന്നുള്ളതുമില്ലിഹധർമ്മം
പിടിപാടില്ലാത്താളുകളല്ലാ,
കള്ളച്ചൂതുകൾകൊണ്ടു ചതിച്ചൊരു
കള്ളന്മാരുടെ കപടമതോർത്താൽ
ഉള്ളന്നന്നിലൊരല്പംകനിവെ-
ന്നുള്ളതുസംപ്രതിതോന്നുന്നീലാ;
തള്ളലുമവരുടെയുള്ളലുമൊരുവക:
ള്ളേളംപെരുകിനകള്ളവുമോർത്താൽ
കൊള്ളാമിത്തൊഴിൽതാനേവന്നതു
കോലാഹലമെന്നെന്നുടെ പക്ഷം;
ഗന്ധർവ്വന്മാർ സരസന്മാരവർ
എന്തെന്നില്ലാത്താളുകളല്ലവർ
ബന്ധംക്രൂടാതല്ലവരിവരെ-
ബ്ബന്ധിച്ചങ്ങനെകൊണ്ടുതിരിച്ചു
പാലുകുടിച്ചുതടിച്ചൊരുക്രൂട്ടം.
വാലില്ലാത്തകുരങ്ങച്ചന്മാർ
നാലഞ്ചല്ലൊരുന്തുരുജളന്മാർ
നാടുമുടിപ്പാൻവന്നുപിറന്നു
ചന്തംകാട്ടിനടക്കുന്നവരുടെ
ചന്തംതല്ലിയുതിർപ്പാൻനല്ലൊരു

Digitized By Kerala Sahitya Akademi

ബന്ധംകാണാഞ്ഞങ്ങുവാസിക്കും-
ഗന്ധവ്വാക്കിന്നുകണക്കിൽ
ബന്ധിപ്പാനൊരുസംഗതിവന്നതു
സന്ധിക്കാതവർവിടുകയുമില്ലവ-
രെന്തെങ്കിലുമൊന്നാരംഭിച്ചാൽ
അന്തരമില്ലതുചെയ്യുന്നിൽപ്പൂ
വിണ്ണവർനാട്ടിലിരിക്കുംവേശ്യ-
പ്പെണ്ണങ്ങടെനടുമുറ്റമടിപ്പാൻ
പൊണ്ണന്മാരിവർ കൊള്ളാമവരുടെ
പെണ്ണങ്ങടെവിടുപണിചെയ്യിക്കാം.
കാളിപ്പെണ്ണുകളിക്കുന്നേരം
താളിപതയ്പ്പാനൊരുവൻകൊള്ളാം,
നീലിപ്പെണ്ണിനു നിദ്രാസമയേ
കാലിണഞെക്കാനപരൻകൊള്ളാം
ഉവ്വശിതൻറെപടിക്കലമെട്ടുപ്പാൻ
ഉവ്വിയിലുള്ളവരിവർ ചിലർകൊള്ളാം,
അരുവയർമൌലിതിലോത്തമതന്നുടെ
പുരമുറിതുപ്പാനൊരുവൻകൊള്ളാം,
സാഗ്രസ്ത്രീകടെ വൃഷ്ടലികർമവേലയെ-
ടുക്കേണ്ടുന്നതിനിവരെക്കൊള്ളാം,
പച്ചിലയുള്ളൊരുപദവിക്കാരുടെ
എച്ചിലെടുപ്പാനിവർ ചിലർകൊള്ളാം,
ചന്ത്രക്കാരനുവെറ്റതൊപ്പാൻ
ചന്ത്രക്കാരരിലൊരുവൻകൊള്ളാം
കുട്ടിപ്പട്ടന്മാരുടെചുമടുകർം
കെട്ടിപ്പേറാനൊരുവകകൊള്ളാം,
കില്പകവൃക്ഷംകാപ്പാനുള്ളൊരു
കല്പനകേൾപ്പാനൊരുവകകൊള്ളാം,
ആമ്പടിക്കൂടുന്നവരുടെവീട്ടിൽ
തുമ്പകിളപ്പാനും ചിലർകൊള്ളാം,
ഗോക്കളെമേപ്പാനും ചിലർകൊള്ളാം,
ശാക്കളെനോക്കാനും ചിലർകൊള്ളാം
കാക്കവരുമ്പോൾവക്കാണിപ്പാ-
നാക്കണമെങ്കിലുമിവരെക്കൊള്ളാം,
ഈവകവീടുപണിചെയ്യിപ്പാനിഹ
ദേവകർംചൊല്ലാൽഗന്ധവ്വന്മാർ
ഇവരെക്കെട്ടിക്കൊണ്ടുതിരിപ്പാ-
നവകാശമിതെന്നടിയനുതോന്നി.

മറൊരുകായ്ക്കുശംചെയ്യാൻ
ന്യായമിലൊരുത്തനുമില്ലിഹന്യനം,
മായികളെപ്പുനരെന്തിനുനാമിഹ
മായിക്കൊർംവാൻ പണിചെയ്യുന്നു?
കുരുട്ടുവാരുടെമക്കളെയൊക്കെ
തെരുതെരെമമഗദകൊണ്ടടിക്കുട്ടി
പരിചൊടുകൊന്നുമുടിപ്പാനായി-
പ്പുലകുറിയടിയൻ ഭാവിച്ചപ്പോൾ
ഓരുതരുതെന്നിഹ ജ്യേഷ്ഠൻനമ്മോട്ട
തിരുവുള്ളക്കേടായതുമൂലം
കാറംവരുമെന്നോർത്തുടനടിയൻ
മുറുമുടങ്ങിപ്പാക്കുന്നിപ്പോൾ
മറൊരുക്രൂരക്കാർവന്നോറീ-
ന്ദ്രനുവരേയുംകൊണ്ടുതിരിച്ചതു
മാറുന്നെന്തിനുനല്ലകണക്കിലി-
തോറുമൊഴിപ്പാനെന്താവശ്യം?
താനൊന്നിനുകല്പിക്കയുമില്ലിഹ
താനേവന്നതുമൊക്കെമുടക്കും;
ജ്ഞാനികളാകിന നിങ്ങടെമല്യ്യൊ
ഞാനിങ്ങനെയൊരുമൂഢൻതന്നെ:
ജ്യേഷ്ഠനുമനുജന്മാരുംകൂടി
കാട്ടിലിരുന്നു തപംചെയ്താലും!
ശാന്തന്മാരൊടുക്രൂടിയിരിപ്പതു
താന്തോന്നിക്കിഹതരമില്ലിപ്പോൾ
തടിയൻഭീമൻ. ഞാനിനിനിങ്ങടെ
ഇടയിലിരുന്നുതരങ്ങൾകെടാതെ
വാഗ്ഗാരുദിക്കിനുപോകയുള്ളൂ
വാച്ചൊരുപരിവേമൊഴിയണമുടനേ
ഗദയുംകയ്യിലെടുത്തൊരുപൊണ്ണൻ
ഉദയേ കുളിയും പുഷ്പാഞ്ജലിയും
ഉപവാസങ്ങളുമുപരിയുടന്നാൽ
അപവാദങ്ങൾനമുക്കുവേക്കും
ചേട്ടനുമനുജന്മാരുംചെന്നാ-
ച്ചെണ്ടക്കാരുടെദീനമൊഴിച്ചുട-
നവരുടെദിക്കിനയയ്ക്കുവേണ്ടു
വേനേചെന്നുവർകോവം മുൻപേ
കാറിന്മകനുടനവിടെച്ചെന്നിഹ
ന്യൂറിനെയുംപൊടിയുംമതാക്കി

Digitized By Kerala Sahitya Akademi

കാലത്തിങ്ങുവരുന്നുണ്ടവരെ
കാലപുരത്തിൽ ചെന്നാൽകാണാം.
കടുത്തവാക്കുകളുരത്തു ഭീമൻ
കരത്തിലഗ്ഗദയെടുത്തുവെക്കും
നടപ്പതിന്നഥ തുടന്നേരം
കടുപ്പമായ്ചുരുമടക്കമില്ലാ
തടുത്തസോദര! തുടങ്ങൊലാനീ
പൊട്ടക്കനെക്കഥയൊട്ടുകുകെന്നതു
നടക്കയില്ലിഹമിട്ടുക്കനെങ്കിലും
ഒട്ടുക്കമൻപൊട്ടുമടക്കവും ചില-
മുടക്കവും വരുമടക്കമേശ്ശേ-
മിടയ്ക്കുസോദര! പടയ്ക്കുകാലമ-
തടുക്കുമന്നിതു നടക്കുമായതു
തടുക്കയില്ലഹമെടുക്കിലും ഗദ
മുടിക്കിലും പുനരടിക്കിലും പൊടി
പെടുക്കിലും പുരമടക്കിലും പഥി
വടക്കുതെക്കിഹ നടക്കിലും തവ
മതംനമുക്കനുമതം വൃകോദര!
ഹിതംപറഞ്ഞതു ചിതംഗ്രഹിക്കനീ.
കുരുകുലമതിലിഹജാതന്മാരവർ
ഒരുന്നുനം നാമെവരുമല്ലോ,
ഒരുമ നമുക്കുമവക്കും തങ്ങളിൽ
വരുവാൻവിഷമമതെങ്കിലുമിപ്പോൾ
മാറാർവന്നവിരോധിക്കുമ്പോൾ
ന്നുറഞ്ചും പുനരൊന്നെന്നേവരു.
ഊറക്കാക്കുംവരുമൊരബദ്ധാം
ക്രൂരാർവേണമൊഴിപ്പതിനപ്പോൾ
ക്രൂരാരൊരുവരുമില്ലാതൊരുദിശി
മാറാരെങ്കിലുമുപകൃതിചെയ്യാം.
കാറിന്മകനേ! മടിയാതവർകളെ
മാററിക്കൊണ്ടിഹവരിക കുമാര!
പണ്ടൊരുപൂച്ചയുമെലിയുംതങ്ങളി-
ലുണ്ടായ്വന്നസഖിത്വമൊരുന്നാൾ
മലയുടെമുട്ടിൽ കാട്ടാളന്മാർ
വലയുംകെട്ടിയുറപ്പിച്ചങ്ങനെ
കലയും മാനും പുലിയുംവന്നതിൽ
വലയുംനേരം കൊലചെയ്വാനായ്
ഒരുദിശിപാത്തിതു പകൽകഴിവോളം

ഒരുമൃഗമന്നിഹവന്നതുമില്ലാ,
വരുമിനിരാത്രിയിൽ നാളെവെളുത്താൽ
വിരവൊടുവന്നവധിക്കാമെന്നവർ
കരുതിത്തങ്ങടെവനേചെന്നട-
ന്നൊരുമിച്ചവിടെയുറക്കവുമായി
ഒരുമാഞ്ജാരംവനഭുവിരാത്രിയി-
ലിരയുംതെണ്ടിനടക്കുന്നേരം
തരസാചെന്നൊരുവലയിൽചാടി
കരവും കാലുമിളക്കാൻമേലാ
പരവശനപ്പോൾ ദ്യാവു ദ്യാവു
കരവുതുംചെയ്തവിടെവലഞ്ഞു
ഞരികേയുണ്ടൊരുപോട്ടിലിരിക്കും
പെരുതായുള്ളൊരു മൂഷികനപ്പോൾ
ഞരിയായുള്ളൊരു പൂച്ചത്തടിയൻ
കരയുന്നതുകേട്ടൊന്നുവിരണ്ടു,
ഉരിയാടാതെമുഖംകാട്ടുന്നതു-
മൊരുകുറികണ്ടാൻ പൂച്ചയുമപ്പോൾ,
സരസതയോടുവിളിച്ചുനവനെ
പ്പുരവശനായ് ഞാൻ മൂഷികവീര!
വലയിൽചാടിവലഞ്ഞിതു ഞാനൊരു
ഫലമില്ലാതെമരിപ്പാറായി,
കലമാൻ പന്നികൾ വന്നുപതിച്ചാൽ
മലയന്മാക്കുതിമ്മാൻകൊള്ളാം,
വിലപിടിയാത്തൊരു പൂച്ചലഭിച്ചാൽ
മലയന്നുമായതുതിന്മാനാകാ
തലയിലെഴുത്തിൻബലമതുകൊണ്ടിഹ
വലയിൽപെട്ട വലഞ്ഞുസഖേ! ഞാൻ
എലിയും പൂച്ചയുമന്യോന്യം ബഹു
കലഹികളെന്നൊരുചൊല്ലുതുകൊള്ളാം
കലഹമെനിക്കുഭവാനോടില്ലതു
നലമൊട്ടുനീയിഹബോധിക്കേണം
വലയുടെചരടുകടിച്ചുമുറിപ്പാൻ
പലപലകൌശലമങ്ങുണ്ടല്ലോ.
മലയൻപോന്നുവരുന്നതിൻമുമ്പേ
വലകണ്ടിപ്പാൻ കനിവിയലേണം
വലയുന്നവരുടെ പാലനമല്ലോ
വലിയജനങ്ങടെ ധർമ്മമതറിക!
എലിയെന്നല്ലഭവാനൊരു ദശയിൽ
പുലിയെക്കാളതിവൻപനതാകും

Digitized By Kerala Sahitya Akademi

പലവിധമിങ്ങനെമാജ്ജാരകനോടെ
പരവശവാക്കുകൾ കേട്ടൊരുനേരം
എലിയതുബോധിച്ചുരികേചെന്നഥ
വലകണ്ടിപ്പാൻ വട്ടംകൂട്ടി
ഓരോചരടുകടിച്ചുമുറിപ്പാ-
നോരോനാഴികനേരംവേണം;
തെരുതെരെയങ്ങുകടിച്ചുമുറിച്ചാൻ
തരമല്ലെന്നുണ്ടെടലിയുടെ ഹൃദയ
മെച്ചുമിവന്നിതുചെയ്യാനെന്നതു
പൂച്ചയറിഞ്ഞാലുപകാരത്തിനു
താഴ്ചവരാനുണ്ടെന്നുകനക്കെ-
ക്കാഴ്ചയവന്നുണ്ടെന്നതുമൂലം
താമസമായതുകണ്ടൊരുപൂച്ച-
യ്ക്കാമയമേറിക്ലേശവുമേറി
തെരുതെരെവേണമതല്ലെന്നാലി
വരുമതി ദുഷ്ടൻ മലയപ്പാഴൻ
പുലരുന്നേരം മലയന്മാരും
പലരും കലശലു കൂട്ടുംമുൻപേ
വലകണ്ടിച്ചു വിടേണം നീയെ-
ന്നെലിയൊടു പൂച്ച പറഞ്ഞു തുടങ്ങി
വെട്ടമടുത്തൊരു സമയേ മൂഷിക-
നൊട്ടും താമസിയാതെ വലയും-
പൊട്ടിച്ചുൻപൊടു പോട്ടിലൊളിച്ചു
ദുഷ്ടൻ പൂച്ചയുമങ്ങുനടന്നു
ഒട്ടുദിനങ്ങളും കഴിഞ്ഞൊരു ദിവസം
കൂട്ടീലെങ്ങുമൊരേടത്തശനം
മൂഷികനെന്തൊരുവകയുള്ളെന്നിഹ
കാട്ടിൽ നടന്നുപൂച്ചത്തടിയൻ
കൂട്ടുസഖിത്വം പ്രാപിച്ചെലിയുടെ
പോട്ടിന്നരികേ ചെന്നു വിളിച്ചാൻ
പണ്ടുപകാരം ചെയ്തൊരു മൂഷിക-
നുണ്ടോസുഷിരം തന്നിലിദാനീം
എലിയതു കേട്ടു വിലത്തിന്നുള്ളിൽ
തലകാട്ടാതെ വസിച്ചുപറഞ്ഞാൻ;—

ശ്ലോകം.

"കാര്യാർത്ഥമാവയോസ്സഖ്യം
തസ്മിന്നവസിതേ പുനഃ
മാജ്ജാരത്വം ഹിമാജ്ജാരോ
മൂഷികോമൂഷികഃ."

കായ്യം കൊണ്ടിഹ നീയും ഞാനും
കനിവൊടു സഖ്യം ചെയ്തിതു മുന്നം
കായ്യമതന്നുകഴിഞ്ഞു പിരിഞ്ഞു
വൈരമതിനിയും മുന്നപ്പോലെ
പൂശകനാം നീ പൂശകനിനിമേൽ
മൂഷികനാം ഞാൻ മൂഷികനിനിമേൽ,
ഇനിനാം തങ്ങളിലെത്തുന്നേരം
കനിവുമതില്ലൊരു ചേച്ചുയുമില്ലാ
ഇങ്ങനെയുള്ളൊരു ശ്ലോകം ചൊല്ലീ-
ട്ടങ്ങുനടന്നിതു മൂഷികനുടനേ
എന്നതുകൊണ്ടു പറഞ്ഞു വൃകോദര!
നന്നിതു മാർഗ്ഗം നയശാലികളാൽ
നിന്ദിതമല്ലിതു നിന്ദിതമത്രേ.
ചെന്നുടനവരുടെ മോചനമുചിതം
ഇന്നിസ്സുകടമൊടുത്തീർത്താൽ
പിന്നെനടത്തെപ്പോലേതനൊ
കൌന്തേയന്മാർ കൌന്തേയന്മാർ
കൌരവ്യന്മാർ കൌരവ്യന്മാർ
ആയ്തുനിദാനീമരുളിച്ചെയ്തതു
കായ്യമിതെന്നരചെയ്തിതു നകുലൻ,
ഏഷണി പറവാൻ വിരുതുപെരുത്തവ-
നേഷസുയോധനനനുജന്മാരും
ദുഷ്ടണമിങ്ങിനെ വരുവാനൊക്കെയു-
മേഷണി ദോഷമിതെന്നറിയേണം.

ശ്ലോകം.

"പുരാകൃതനഗോമായുർ
ദുരാഗ്രഹവശംവദഃ
പരാൻ വിനാശയൻ ഭ്രയോ-
ദുരാപദമുപേയിവാൻ"

പണ്ടൊരു കൂനനരിതിന്മാനുള്ളതു-
തെണ്ടിനടന്നു മനസ്സുംമുട്ടി-
ക്കണ്ടകമുള്ളവനങ്ങളിലെല്ലാം
മണ്ടിനടന്നു തളർന്നു ശരീരം
കണ്ടാനൊരു ദിശിനല്ല കരിമ്പുക-
ളുണ്ടാക്കിപ്പല വേലികളും കെട്ടി-
ക്കാത്തു കിടപ്പാൻ പുരയും കെട്ടി-
പ്പാർത്തീടുന്നൊരു നായരുമുണ്ടു.
കേളച്ചനെന്നവനുടെ പേരും
കേട്ടുഗ്രഹിച്ചാൻ കൂനനരിയൊരുനാൾ



Digitized By Kerala Sahitya Akademi

കേളച്ചൻതൊട്ടു ചെന്നു പറഞ്ഞു
കേളച്ചാ! ഞാനൊരുചെയ്യുന്നതു
നാളെപ്പുത്തുവെളുപ്പിനുമുൻപേ
കോളല്ലാതൊരു ദൂഷണമുണ്ടാം.
കാട്ടിൽ നടക്കുമൊരാനത്തലവൻ
കേട്ടുകരിമ്പുകളുള്ളവിശേഷം
രക്ഷിച്ചുവിടെ വളർത്തുകരിമ്പുകൾ
ഭക്ഷിപ്പാനായ്ക്കരുമത്തടിയൻ
രക്ഷിക്കുന്നൊരു തന്നെച്ചുടെ
ഭക്ഷിക്കാതെയടങ്ങുകയില്ല.
ഞാതുകേട്ടപ്പോൾ നേരെന്നോർത്തൊരു
മുതുകേളച്ചനൊന്നു വിരണ്ടു
കൂടുതായുള്ളൊരു കൌശലമുണ്ടിഹ
കൂടുനരി ഞാനതു ബോധിപ്പിക്കാം
ആനുകൾ മുട്ടുപഴുപ്പിച്ചെയ്താൽ
കുംഭിത്തടിയനെയിന്നു വധിക്കാം
ചെറു വടക്കൊരുപൊക്കം പെരുകിന
പൂറാനിന്നരികെച്ചെന്നു പതുക്കെ
പാറിക്കൊണ്ടാലമ്പുകളവനുടെ
നെറ്റിക്കിട്ടു പ്രയോഗിച്ചീടാം
പത്തുവെളുപ്പിനു മുമ്പേയവിടേ-
ക്കെത്തിക്കൊണ്ടാലതു സാധിക്കും
എന്നതു കേട്ടഥ കേളച്ചാരതു
നന്നെന്നോർത്തുടനവിടെപ്പാർത്താൻ.
കൂടുനരിചെന്നഗ്രജവരനോടെ-
ങ്ങറിയിച്ചാനതു സമയേ തന്നെ.
കരിമ്പുതിന്മാൻ കരിവരനിപ്പോൾ
തരിമ്പുമോഹമതുണ്ടെന്നാകിൽ,
തരംവരുത്താം പത്തുവെളുപ്പിനു
വരമ്പിനുള്ളിൽ ചെന്നാലവിടെ
കരിമ്പുകാണാമായതുതുമ്പി-
ക്കരത്തിലാക്കിത്തിന്നുമുടിപ്പാ-
നൊരുമ്പെടേണം നീയിഹ ഞാനു-
ണ്ടകമ്പടിക്കായ്മുന്നിൽ നടപ്പാൻ.
ഇത്തരമുരചെയ്തീടിന കൂടുനരി
മത്തഗജത്തെക്കൊണ്ടു വരുമ്പോൾ
പത്തൻപതു ദിവസത്തിനു ഭക്ഷണ
മിത്തടിയന്റെ ശരീരം മതിയാ-
മിതൊഴിൽ നല്ലുകണക്കിനു ക്രൂടി

കേളച്ചാരുടെ തടികൊണ്ടിന്നും
നാളേക്കും തടവില്ലുഭുജിപ്പാൻ
എന്നു വിചാരിച്ചവനും തെളിവൊട്ടു
ചെന്നൊരു ദിക്കിലൊളിച്ചഥ നിന്നാനു
വന്നടനാൻകരിമ്പു തകർത്തഥ
തിന്നു തുടന്നൊരു സമയേ കേളൻ,
ചുട്ടപഴത്തൊരു ശരവും വില്ലും
വട്ടംക്കുട്ടിപ്പാതിരനേരം
പുറമേലൊരു കാലും വച്ചഥ
തൊന്നക്കണവിട്ടൊരു നേരം
മസ്തകഭാഗേ ബാണം കൊണ്ടൊരു
മത്തകരീന്ദ്രൻ ചത്തുമറിഞ്ഞു.
വമ്പനതാകിന കേളച്ചാരെ
പാമ്പുകടിച്ചുടനവനും ചത്തു
പത്തിപ്പുറമേൽ വില്ലിൻ മുനയതു
കുത്തുകയാലപ്പാമ്പും ചത്തു-
ഒക്കെച്ചെത്തതു കണ്ടു പ്രസാദി-
ച്ചുക്കുനരിയരികെച്ചെന്നുടനേ,
അക്കുലവില്ലിൻ മുനമേലുള്ളൊരു
രക്തം ചെന്നഥ നക്കുന്നേരം
ചല്ലകം തട്ടി മുറിഞ്ഞിതു ഞാണം
വില്ലുനിവിൻനുടനവനുടെ വായിൽ
കൊണ്ടുകരേറിക്കുനരി ഭോഷൻ
രണ്ടുപിളർന്നുടനവനും ചത്തു.
ഏഷണിയുള്ളവനങ്ങനെ വരുമതു
ദോഷങ്ങളിലതി ദോഷം നിയതം;
ഭോഷന്മാക്കതു കാരണമിപ്പരി-
വേഷണമിങ്ങനെ സംഗതി വന്നു.
അഥപുനരഗ്രജനരുളിച്ചെയ്തു:—
കഥകൾ പറഞ്ഞഥ കാലം പോയാൽ
രഥമതിലധ്വനായന്ത്രിതരാമവ-
രതിദൂരംഗതരായെന്നവരും
വിരയപ്പോകുവുകോദരവീരാ!
ഹരിസുത! നീയും ക്രൂടിച്ചെല്ലുക
ഇരുവരുമൊരുമിച്ചുംബര ചരരെ
പരിചൊടുചെന്നു ജയിച്ചും കൊണ്ടഥ
കുരുസുതശതവും വീണ്ടും കൊണ്ടിഹ
വരികതരിമ്പു വിചാരം വേണ്ടാ

Digitized By Kerala Sahitya Akademi

ഗുരുശാസനമതു കേട്ടങ്ങിരുവരു-
മുരുതരവേഗം ചെന്നു വിളിച്ചു.

ചമ്പതാളം.

ഗഗനചരമൂഢരേ! ഗന്ധവ്വകീടരേ!
ഗമനമിതു വിരവിനൊടു വിഫലതരമാക്കുവൻ!
വിരുതുകളിതൊക്കവേവിരളതരമാക്കുവൻ
വരുകയുധിപൊരുവതിനു പെരികദമശീലരെ
കുരുകുലമഹീശരോടരുതരുതു സാഹസം
കരികളൊടുപൊരുവതിനു കുറുനരികൾപോരു-
ഹരിതനയനജ്ജുനൻപരിശമിതട്ടുഴ്ജുനൻ [മോ
പരുഷതരശരനികരനിരകൾ ചൊരിയും
വിധൌ
തടിതിപൊടിയുമാം കുടിലകുലമൊക്കവേ
പടപൊരുകിലുടലുടയമുടവുമുടനേവരും
പടയിലധികാദരൻ പടുമതിവൃകോദരൻ
കറിനതരഗദയുടയകരുമനകൾ കൊണ്ടുടൻ
അടിതുടരുമാഹവേ പൊടിയുമുടനാകവേ
അടിമുടികളഖിലമപിതിലതുലിതമായ്വരും

ഇത്ഥം പറഞ്ഞുകൊണ്ടുയുദ്ധം തുടങ്ങീപാ-
ത്ഥൻ
ഊദ്ധ്വപ്രദേശങ്ങളിൽ ക്രുത്തുള്ള സായകങ്ങൾ
ചേത്തുപ്രയോഗിച്ചതുനേത്തുപോകാതെ
കൊണ്ടു
കോത്തുഗന്ധവ്വന്മാക്കു പാത്തുക്രൂടാതെയാക്കി-
ത്തീത്തു വിജയനിനിധുത്തു ഫലിക്കയില്ലെ-
ന്നോത്തു, ചിത്രസേനനുമാത്തു വിളിച്ചുടത്തു;
മാരികണക്കേ വീരന്മാരിലസ്ത്രങ്ങളങ്ങു
വാരിച്ചൊരിഞ്ഞു വ്യോമചാരഗന്ധവ്വരാജൻ
പോരിലുടനേ വലവൈരിതനയനപ്പോൾ
ഭ്രരിശസ്ത്രങ്ങൾകൊണ്ടു ദൂരീകരിച്ചു സവ്വം
ദിവ്യൻപലവിധത്തിൽദിവ്യാസ്ത്രംപ്രയോഗിച്ചു
സവ്യസാചിതാനതു സവ്വം തടുത്തുനിന്നു;
വമ്പുള്ളജ്ജുനനുടെ വമ്പുതട്ടപ്പാനും ത-
രിമ്പുശക്തിയില്ലാഞ്ഞു കമ്പംതുടങ്ങീദിവ്യൻ
വിട്ടുപോവാനും വഴികിട്ടുന്നതില്ലാപട-
വെട്ടുവതിനു പുനരൊട്ടുമെള്ളുമല്ലാ;
പെട്ടെന്നു നാമിവിടെ പെട്ടുപോമെന്നുറച്ചു
കൊട്ടം ഘോഷവും നിത്തിയൊട്ടുംതാമസി
ക്കാതെ
തേരും പടയും നൂറുപേരും താനും ഭ്രമിയിൽ
ചേരുവാൻ വന്നിറങ്ങി ഗാരുഗന്ധവ്വരാജൻ
മാരുതാത്മജനതുനേരം പറഞ്ഞു പാത്ഥാ!
പോരും കലഹമിനിച്ചേരുകയെന്നോവേണ്ട
പാരം വലഞ്ഞു നിന്നെ ക്രൂരനുകൊടിക്കുട്ടം
വൈരം വെടിഞ്ഞിവരെ സൈരം സംവെടി-
ക്കേണം
ഭീമസേനന്റെ വാക്കുകേട്ടൊരു സവ്യസാചി
തൽക്ഷണം ക്രുടാതെ കണ്ടായുധമങ്ങുവച്ചു;
ഭ്രമിയിലിറങ്ങുക വൈകാതെ ചിത്രസേന!
നാമിരുവരും തമ്മിലേതും കലഹമില്ലാ.

ഗന്ധവ്വാത്മജവിജയന്മാരൊടു
ഗന്ധവ്വാധിപനിദമരുൾചെയ്തു;
ബന്ധുപ്രീതിബലം കൊണ്ടിവരെ
ബന്ധിപ്പതിനിഹബന്ധം വന്നു
ഒരുവന്നുപിടിപാടില്ലാത്തൊരു
കുരുസുതമൂഢന്മാരിവർന്യനം.
നിരുപണമില്ല ജളപ്രഭാവം
പെരുതായ്വന്നുശിരസ്സിൽകേറി
മറവും നമ്മുടെ വിദ്യകൾഭദ്രം
മറവുള്ളവരുടെ നിന്ദിതമെന്നും
ഏറാംമദഭരമുള്ളതശേഷം
മാറണമെന്നിട്ടഥമിതിചെയ്തു
വീരവൃകോദര! വരകിധനഞ്ജയ!
വൈരംനമ്മൊടു കരുതീടൊല്ല
വൈരിജനങ്ങടെബന്ധനമോക്ഷം
വിരവൊടുചെയ്തു വൃകോദരവീര!
എന്നതുകേട്ടവൃകോദരനുടനേ
സ്യന്ദനമേറിച്ചെന്നുപതുക്കെ
കെട്ടുകളൊക്കെയഴിപ്പാൻ രഥമതി-
ലിട്ടുപുരട്ടിയുരുട്ടിച്ചിലരുടെ
കുടുമപിടിച്ചുവലിച്ചും ചിലരുടെ
പിടരിപിടിച്ചുതിരിച്ചും ചിലരുടെ
താടിപറിച്ചും മീശമുറിച്ചും
മോടികുറച്ചും തട്ടിമറിച്ചും,
കെട്ടഴിയാഞ്ഞതുപൊട്ടിച്ചും പണി-
പെട്ടരഥത്തൽനിന്നു നിലത്തേ-
ക്കിട്ടുതുടങ്ങിമടങ്ങാതേ തല
തൊട്ടെണ്ണിസ്വരുപിച്ചുങ്കൊരുദിശി
ദുര്യ്യോധനനും ദുശ്ശാസനനും

Digitized By Kerala Sahitya Akademi

ദുർമ്മുഖനും ദുർശ്ശാസനനിവനും
ദുർമ്മഷ്ണനും ദുർമ്മോതാവും
ദുഷ്പ്രണനും ദുഷ്പ്രണനും
ദുഷ്പ്രണനും ദുഷ്പ്രണ്ടകനും
ദുശ്ശീലൻ ദുർബുദ്ധി ദുരീശൻ
എണ്ണംതൂറുമിതൊപ്പിപ്പാൻ ബഹു
ദണ്ഡമിനിക്കിഹകൈതളരുന്നു
ഉണ്ണീ! വരികധനഞ്ജയ! നീയിനി
എണ്ണിയൊരിക്കൽ സൂക്ഷിക്കേണം
അണ്ണൻതമ്പിയുമവനുടെതമ്പിയു-
മെണ്ണത്തിൽപിഴക്കുടാതെണ്ണുക!
കണ്ണില്ലാത്തൊരുജനകനിനിത്തൊ-
ട്ടെണ്ണിയൊരേടത്താക്കുന്നേരം
തൊണ്ണൂറോൻപതിലോറംകണ്ടീ-
ലെന്നുള്ളമളിവരാതെയിരിപ്പാൻ
ധൂർത്തന്മാരെയൊരോലയിലൊക്കെ-
ച്ചാർത്തിവിടാഞ്ഞാൽ ദൂഷണമുണ്ടാം
കാണുന്നീലകണക്കപ്പിള്ളകൾ
മേനോക്കൃച്ചന്മാരുമതില്ലാ.
നല്ലചിതത്തിൽക്കുടിനമുക്കെ-
തല്ലിനിയിവരുടെവോതിരിപ്പാൻ
എന്നുപറഞ്ഞുചിരിച്ചുവുകോദര-
നൊന്നൊഴിയാതിഹസൂരുവരേയും
കെട്ടുമഴിച്ചുഥവിട്ടുപതുക്കെ
തൊട്ടുതലോടിക്കൊണ്ടുരചെയ്താൻ:—
ദുര്യ്യോധന! ശ്രുണുവചനം നിന്നുടെ
ദുര്യ്യോഗംകൊണ്ടിഹനാനാഗതി-
വന്നുഭവിച്ചുനനായ്വാനിനി
നിന്നുടെ ദുർമ്മദമൊട്ടുശമിക്കും
ആയതുവരുവാൻ നിമിഷംനിന്നുടെ
മായമതുണ്ടോ മാറീടുന്നു?
നായുടെവാലൊരുപന്തീരാണ്ടു-
ക്കായതമാകിനകഴലതിലാക്കി,
പിന്നെയെടുത്തുനോക്കുന്നേരം
മുന്നപ്പോലെവളഞ്ഞേയിരിപ്പു
വെൺമതികുലമതിലീശ്വരനാകിന
ധർമ്മാത്മജനുടെചരണസമീപേ
ചെന്നുവണങ്ങിക്കരവുംകൂപ്പി
മുന്നുവലത്തുംവച്ചുപതുക്കെ;
പൊയ്ക്കാണ്ടാലും ഹസ്തിനപുരമതി-
ലിക്കണ്ടനുജന്മാരൊടുക്കുടെ
ഇങ്ങനെയുള്ളുവുകോദരവചനം
തിങ്ങിനനാണംകൊണ്ടുമുഖത്തെ
താഴ്ത്തിക്കൊണ്ടഥകേട്ടമനസ്സിലൊ-
രാത്തിമുഴുത്തുസുയോധനനുടനേ
ഉത്തരമുരിയാടാതേതന്നെ
സത്വരമനുജന്മാരൊടുക്കുടി
ഹസ്തിനപുരവഴിനോക്കിനടന്നാൻ
അസ്ഥിരമതിയാമതിശയകുടിലൻ
വിരവൊടുവീരൻ:വായുതനൂജൻ
നരനൊടുക്കുടെച്ചെന്നുവനാന്തേ
നരപതികുലപതിയാകിനതങ്ങടെ
ഗുരുവരനാകിനധർമ്മാത്മജനുടെ
ചരണസമീപേചെന്നുവണങ്ങി
പരമാനന്ദമയാകൃതിയാകിന
മുരരിപുഭഗവാൻ തന്നുടെരൂപ-
സ്മരണംചെയ്തുവസിച്ചുതുഭദ്രം
ചിത്രസേനനും വൃന്ദവുമെല്ലാം
ചിത്തസമ്മതംപൂണ്ടുഗമിച്ചു
വൃത്രവൈരിയെച്ചെന്നുവണങ്ങി
തത്രമേവിനാനതുമതിഭദ്രം.

ഘോഷയാത്ര ഓട്ടൻതുള്ളൽ സമാപ്തം.

Digitized By Kerala Sahitya Akademi

# കാർത്തവീര്യാർജ്ജുനവിജയം

## ഓട്ടൻതുള്ളൽ.

അക്കാലങ്ങളിലതിഭൃഗുവിക്രമ
ധിക്കൃതശക്രപരാക്രമനാകിയ
നക്തഞ്ചരപതിരാവണനെന്നൊരു
ശക്തൻവന്നുപിറന്നുധരായാം;
പത്തുമുഖങ്ങളുമിരുപതുകൈകളു-
മത്യുന്നതഗിരിസന്നിഭമാകിയ
ഗാത്രവുമുരുതരഭീഷണമിരുപതു
നേത്രവുമുൾക്കടദംഷ്ട്രാനികരം
എത്രഭയങ്കരമാകൃതികണ്ടാൽ
മിത്രതനൂജനുമാശ്രയപ്പെട്ടു-
മത്രമഹാബലനാകിയദശമുഖ-
നത്തൽവെടിഞ്ഞുതപംചെയ്യുടനേ
പങ്കജഭവനൊടുവരവുംവാങ്ങി-
ക്കിങ്കരസംഘസമേതംവിരവൊടു
ലങ്കാനഗരമടക്കിവസിച്ചുഥ
ശങ്കാരഹിതം ധനപതിതന്നുടെ
ഗർവ്വകാരത്തെയടക്കിജയിച്ചൊ-
രഹംകാരങ്ങൾനിലയ്ക്കുഞാഞ്ഞൻപൊട്ടു
ശങ്കരഭഗവാൻ വാണരുളുന്ന ഭ-
യങ്കരമാകിയകൈലാസത്തെ
കുത്തിയെടുത്തുകരങ്ങളിലാക്കി
സത്വരമമ്മാനക്കളിയാടി
പത്തിരുപതുകുറിപൊക്കിയെറിഞ്ഞും
ശക്തിപെരുത്തകരങ്ങളിലോരും,
മുപ്പുരവൈരിക്കതുകൊണ്ടവനൊ-
രപ്രിയമുണ്ടായില്ലവിശേഷി-
ച്ചുത്ഭൂതമായൊരുവാളും നൽകി
ക്ഷിപ്രമനുഗ്രഹമേകിയയച്ചു,
പുഷ്പകമായവിമാനവുമേറി
പുഷ്പശരാരിയെവന്ദിച്ചുടനേ
ഭൂതലവും പാതാളം സ്വർഗ്ഗം
വീതഭയേനജയിച്ചു ദശാസ്യൻ;
സമരാങ്കണമതിലമരാധിപനുടെ
സമരാടോപവുമാശ്രമമിപ്പി-
ച്ചുമരാംഗനമാരെക്കൊണ്ടഥവെൺ-
ചാമരവ്യജനംവീശിപ്പിച്ചു;
നന്ദനവിപിനേകല്പദ്രുമഹരി-
ചന്ദനമന്ദാരാദിമരങ്ങടെ
വൃന്ദമശേഷംപിഴുതുപതുക്കെ
സ്യന്ദനമേറിക്കൊണ്ടതിരിച്ചുഥ
കുണ്ഠതരഭുജവിക്രമനാംദശ-
കണ്ഠൻതന്നുടെ ലങ്കാനഗരേ
കൊണ്ടിഥവന്നുടനുദ്യാനങ്ങളു-
മുണ്ടാക്കിപ്പുനരത്രവസിച്ചു
ശാരദനീരദസന്നിഭനാകിയ
നാരദമാമുനി വീണയുമായി
ചാരുദയാനിധികലഹപ്രീതിവി-
ശാരദനാകിയഭഗവാനൊരുനാൾ
ധീരനതാകിയനക്തഞ്ചരപതി
വീരനിരിക്കും മണിമാളികമേൽ
ചാരുദയാഘനമോദമൊടിങ്ങനെ
പാരാതെങ്ങെഴുനള്ളിതദാനീം;
ഉന്നതനാകിയരാവണനപ്പോ-
ളുത്ഥാനംചെയ്താശ്രവണങ്ങി
ഭക്തിപുരസ്സരമർഘ്യാദികമംകൊ-
ണ്ടത്യാദരമാരാധനചെയ്തു.
ഭദ്രാസനവും നൽകിയിരുത്തി
ഭദ്രതരം കുശലപ്രശ്നാദികൾ
സമുദാചാരംചെയ്തുപതുക്കെ
സംസൽക്കരണവുമാശ്രുകഴിച്ചു;
കമലാസനസുതനാകിയമുനിവര
വിമലഗുണാലയനാരദഭഗവൻ
ഭവദാഗമനംകൊണ്ടുമദീയം
ഭവനംപാവനമാക്കിവിശേഷാൽ
ഭുവനംമൂന്നിലുമുള്ളജനാനാ-
മവനംചെയ്യും നിന്തിരുവടിയെ

Digitized By Kerala Sahitya Akademi

കണ്ടതുകൊണ്ടിഹകളിയല്ലേ ദശ-
കണ്ഠനുമനസി മറ്റാസന്തോഷം.
കുണ്ഠിതസുകൃതന്മാക്കുടവാനെ-
ക്കണ്ടുരസിപ്പാനെളുതല്ലേതും;
നമ്മുടെവിക്രമമല്ലമിതല്ലോ-
രഹമ്മതിഞാൻ പാകല്പ മുനീന്ദ്ര!
നമ്മെക്കൊണ്ടുജഗത്ത്രയവാസികൾ
ചെമ്മേകിമപിപറഞ്ഞീടുന്ന
ധാമ്മികരാകിയനിങ്ങൾക്കെന്തിഹ
ധാരണയില്ലതുബോധിച്ചാലും
ത്രിഭുവനവാസികളെല്ലാം നമ്മുടെ
വിഭുതകൊണ്ടുപുകഴ്ത്തുന്നില്ലേ?
സുഗ്രീവൻ ദശമുഖനെന്നൊരുനാണയ-
മഹഹോ! ദിശി ദിശി കേൾക്കുന്നില്ലേ?
മന്നിലിരിക്കും മാനിനിമാർ പുന-
രെന്നെക്കൊണ്ടുപുകഴ്ത്തുന്നില്ലേ?
എന്നെക്കാണാഞ്ഞങ്ങ്ഗനമാരഥ
മിന്നതപൂണ്ടുവസിക്കുന്നില്ലേ?
നമ്മുടെഗുണമിതുമറൈറാരുക്കുട്ട-
ക്കാക്കുലമിപ്പാനതിവൈഷമ്യം;
ഉള്ളിലുസുയനിറഞ്ഞുകവിഞ്ഞഥ
തുള്ളിനടക്കുംകുസ്തുതിക്കാരതു
കൊള്ളരുതെന്നുടുഷ്ടിക്കുന്നതുകൊ-
ണ്ടെള്ളോളംഭയമില്ലനമുക്ക്
ള്ളേപറഞ്ഞുഫലിപ്പിക്കയുമ-
ല്ലുള്ളതുതന്നെകഥിച്ചീടുന്നേൻ;
തീർത്തുരചെയ്യാമിന്നിഹനമ്മോടു
നേർത്തുവരുന്നവരൊക്കെമടങ്ങും;
ധൂർത്തകൾനമ്മൊടുകൂടുകയില്ലെ-
ന്നോർത്തുമഹേന്ദ്രനടങ്ങിപ്പാർത്തു,
ജംഭാന്തകനുടെ കുംഭിപ്രവരൻ
കൊമ്പുകൾനാലുമുയർത്തിക്കൊണ്ടഥ
തുമ്പിക്കരമതിൽമുസലവുമേന്തി
ജൃംഭിച്ചാശുവരുന്നേരം ഞാൻ
മുമ്പിൽചെന്നഥകൊണ്ടുപിടിച്ചുത-
രിമ്പുവിടാതെകരിമ്പുകണക്കേ-
കൊമ്പുകൾ നാലുമൊരമ്പതു ഖണ്ഡി-
ച്ചുൻപൊടു കുംഭമിടിച്ചു പിളർന്നു

ഇമ്പമകന്നതികമ്പമിയന്നട-
ന്നമ്പർകുലങ്ങളിൽ മുമ്പനതാകിയ
വമ്പൻ മണ്ടിനിലിമ്പപുരത്തി-
നകം പുക്കാനതി സംഭ്രമസരസൻ
കുംഭമുലച്ചികളാകിയ സുരകുല
ശുംഭളിമാരെ വിളിച്ചു വരുത്തി
സംഭോഗാദി സുഖത്തെ ലഭിച്ചിതു
സരസം ഞാനതു ബോധിച്ചാലും!
വെള്ളിക്കുന്ന പറിച്ചു കരത്തിൽ
തുള്ളിക്കുന്നൊരു നേരമതിന്മേൽ
പള്ളിയുറങ്ങും പരമേശ്വരനുടെ
പുള്ളിമൃഗാക്ഷിമുഡാനീദേവി-
ക്കുള്ളിലിരിക്കും കലഹം തീർപ്പാ-
നുള്ളൊരു സംഗതി വന്നതു മൂലം
കൊള്ളാമിവനുടെ തൊഴിലെന്നൊരു തിരു-
വുള്ളം ഭഗവാനെകലുറച്ചു;
ശക്രനുമഗ്നിയുമന്തകവീരന-
രക്കൻ വരുണൻ വായുധനേശൻ
മുക്കണ്ണരുമിവരെട്ടു വസുക്കളു-
മൊക്കെക്കപ്പമെനിക്കു തരുന്നു;
സപ്തസുരാംഗനമാരിൽ മികച്ചൊരു
ഉർവ്വശി മേനക രംഭ തിലോത്തമ
നിത്യവുമിവർ വന്നെന്നുടെ ലങ്കയി-
ലച്ചികളായവർ വേലയെടുപ്പാൻ
നമ്മുടെ ഭവനം തുക്ക തളിക്ക പ-
ടിക്കരിമടുക്ക പടുപ്പുരമെഴുകുക
മണ്ഡോദരിയുടെ തലമുടിയിൽപ്പുന-
രെണ്ണകളുക്കേത്തുപ്പിപ്പാനും
താളിയുമിഞ്ചയുമുണ്ടാക്കാനും
ആളികളെപ്പരിപാലിപ്പാനും
മാളികമേൽ മണിമെത്തവിരിപ്പാൻ
കേളിഗൃഹങ്ങളടിച്ചു തളിപ്പാൻ
ഇങ്ങിനെ വിടുപണിയൊക്കെയെടുപ്പാ-
നിന്ദ്രസുരാംഗനമാരാകുന്ന
ങ്ങിനെ നമ്മുടെ കല്പനയായതി-
നെങ്കുമൊരല്പം കുറവുമതില്ല;
ഇന്ദ്രജിദാഖ്യൻ നമ്മുടെ നന്ദന-
നിന്ദ്രനെ യുദ്ധം ചെയ്തു ജയിച്ചു.

Digitized By Kerala Sahitya Akademi

എന്നല്ലവനെബ്ബന്ധിച്ചുംകൊ-
ണ്ടെന്നുടെ മുമ്പിൽ കൊണ്ടിഹവന്നാ;
ലങ്കാപുരിയുടെ തോരണമൂലേ
ശൂംബെലകൊണ്ടു തളയ്ക്കുവാലും
ഇങ്ങിനെ നമ്മുടെ കല്പനകേട്ടവ-
നങ്ങിനെ ചെയ്യാനുണ്ണിസമർത്ഥൻ;
കണ്ണുകളായിരമുള്ളവനവിടെ
കണ്ണീർ കൊണ്ടൊരു നദിയുണ്ടാക്കി
വിണ്ണവർ നാട്ടുവെടിഞ്ഞു വരുന്നൊരു
പെണ്ണുങ്ങൾക്കു കുളിപ്പാൻ കൊള്ളാം
ഇക്കഥയും ഭുവനത്രയവാസിക-
ളൊക്കെപ്പുരിചെവാട്ടു ബോധിക്കുന്ന
ഭുവനതലങ്ങൾ ജയിച്ചുവിശേഷം
മാമുനിപുംഗവനറിയുന്നില്ലേ?
പുഷ്ടിപെരുത്തൊരു നരവരവീര-
ശ്രേഷ്ഠന്മാരുടെ നാടും നഗരവു-
മൊക്കെച്ചുട്ടു പൊടിച്ചുപിനോ
കിട്ടുന്നവരെയടിച്ചുമുടിച്ചും
ഒട്ടും കൃപയില്ലാത്ത നിശാചര-
ദുഷ്ടന്മാരുടെ കരുമനമൂലം
നഷ്ടമതായിമഹീതലമങ്ങോഴിൽ
ചട്ടമിതെന്നു നമുക്കില്ലേയും
ദുഷ്ടന്മാരാമവരുദിനംപ്രതി
കഷ്ടമിതോത്താലത്ഭുതമല്ലോ;
പട്ടിണിയിട്ടു വരുന്നാജനത്തി-
ന്നഷ്ടികൊടുക്കാത്തവനീശന്മാർ
കെട്ടിസ്വരുപിക്കുന്ന സുവർണ്ണം
പട്ടംപൊന്നും പണവുമിതെല്ലാം
പെട്ടെന്നാഭ്രു പിടിച്ചു പറിപ്പാ-
നൊട്ടും ദൂഷണമില്ല നമുക്കു
പട്ടന്മാരൊടു കടവും കൊണ്ടവ-
രഷ്ടികഴിച്ചു കിടന്നീടുന്നു;
ഗാന്ധാരാപതിതന്നുടെ രാജ്യം
കാന്താരത്തിനു സദൃശമതായി;
സിംഹളഭൂപതിതന്നുടെ നാട്ടിൽ
സിംഹം,പുലിയും ചെന്നു നിറഞ്ഞു;
ചേരനരാധിപനങ്ങുവനത്തിൽ
താളും തകരയുമശനമതായി;

ചോളമഹീശനു കൊറിനു കുമ്പ-
ച്ചോളമതല്ലാതില്ലൊരു വസ്തു;
കുരുരാജാക്കന്മാക്കിഹ ചക്ക-
ക്കുരുവല്ലാതില്ലൊന്നു ഭുജിപ്പാൻ
കാശ്മീരാവനിവല്ലഭനിപ്പോഴം
ക്രുശ്ചംതിനുകിടന്നീടുന്നു;
ചാമ്പേയാവനിവല്ലഭനിപ്പോഴം
ചേനുകിഴങ്ങും പഴയരിയായി.
കൊങ്കണരാജൻ തൻ പ്രിയമാരുടെ
കൊങ്കകളോത്തു മരിപ്പാറായി
കൊങ്കണഭൂപതി പണമുള്ളവരുടെ
കൊങ്കണദേശേശയനം പോടീ,
ഭോജനരാധിപതിക്കുമിഭാനീം
ഭോജനമെങ്ങും കിടയാതായി;
നാംഗമഹാശനമഷ്ടിലഭിക്കാ-
ഞ്ഞംഗമശേഷം കൃശതമമായി;
കാലിംഗേശനുമോറനടപ്പാൻ
കാലിനുശക്തികുറഞ്ഞുതുടങ്ങി;
കാശിനരേന്ദ്രനുമിക്കാലത്തൊരു
കാശിനമൂതലില്ലാതെ ചമഞ്ഞു
കുന്തളനരപതി കുത്തിക്കവരാൻ
കുന്തവുമേന്തിനടന്നുതുടങ്ങി,
എന്തിനുപലവിധമുരചെയ്യുന്നു
പംക്തിവരന്റെ പരാക്രമപുഷ്ടികഥം
ചിന്തിച്ചാലവസാനവുമില്ല
നിന്തിരുവടിയറിയാത്തതുമല്ല;
ഭൂതലവും സ്വർഗ്ഗം പാതാളം
ഭുവനംമൂന്നിലുമിന്നിഹപാത്താൽ
രാവണനോടുസമാനപരാക്രമ-
നേവനൊരധിപതിയുള്ള മുനീന്ദ്ര!
എങ്ങാനൊരുദിശി മത്സമനൊരുവൻ
തുംഗാഹംകൃതിഭാവത്തോടെ
സംഗരശൂരനതുണ്ടെന്നാല-
ച്ചെങ്ങാതിക്കുമനർത്ഥമടുത്തു;
ഉണ്ടെന്നാലതുമരുൾചെയ്യേണം
ചെണ്ടക്കാരനുമരണത്തിന്നൊരു
രണ്ടോ നാലോ ദിവസം താമസ-
മുണ്ടാമായതിലോറം വേണ്ട;

Digitized By Kerala Sahitya Akademi

കണ്ണുതരപ്രാണന്മാരൊട്ടു ദശ-
കണ്ഠനൊരുവാനാശ്രയമില്ല;
കണ്ടന്മാരിവരയ്യോ നമ്മുടെ
രണ്ടടികൊൾവാനാരും പോരാ.

ഉരത്താനന്നേരം നാരദ-
നൊരുത്തൻനിന്നോടുപോരിനു
സമർത്ഥനില്ലെന്നോ രാവണ!
മരുത്തൻ മന്നവൻ നിന്നുടെ
മദത്തെ ശമിപ്പിച്ചിതില്ലേ?
തരത്തിൽജയിച്ചുവെന്നതു
വരുത്തിപ്പോന്നില്ലേ നീ! അതി
സമർത്ഥൻ പൌരുഷമിങ്ങിനെ
കിമർത്ഥം ശ്ലാഘിക്കുന്നു ബത!
അനർത്ഥം നിന്നുടെ വാക്കുകൾ
സമസ്തം, നിന്തിരിച്ചൊന്നാൽ.

എങ്കിൽപറയാം, നിന്നുടെഹൃത്തംകൃതി
ലംഘിപ്പതിനിഹമതിയായുള്ള ദ-
യങ്കരഭുജബലമുള്ളൊരു, പുരുഷൻ
ലങ്കാധിപതേ! കേട്ടാലും നീ
ഹേഹയനൃവരന്മാക്കു വസിപ്പാൻ
മാഹിഷ്മതിയെന്നുണ്ടൊരുനഗരി
കൃതവീര്യാത്മജനർജ്ജുനനെന്നൊരു
മതിമാൻ ഭൂപതി തത്രജനിച്ചു
നീണ്ടുതടിച്ചുഭുജങ്ങളൊരായിര-
മുണ്ടർജ്ജുനനതു ബോധിച്ചാലും
വമ്പനതാകിയനിന്റെ ഭുജങ്ങളി-
ലൊൻപതുശതവുമൊരെൺപതുമേറും
നിന്നെക്കാൾ ഭുജവിക്രമമേറും
നിന്നെക്കാൾ ഭുജശക്തിയുമേറും
പിന്നെയുമുണ്ടുവിശേഷമിതാത്താൽ
സജ്ജനദൂഷണമർജ്ജുനനില്ല;
അവനുടെ ജനവും നിന്നുടെ ജനവും
ശിവ ശിവ! വളരെവിശേഷമതോർത്താൽ
അവനിയിലുള്ള മനുഷ്യരെയെല്ലാം
അവികലമവനിഹ രക്ഷിക്കുന്നു;
തവഭൃത്യന്മാരവനിയിലുള്ളമ-
നുഷ്യരെയെല്ലാം ഭക്ഷിക്കുന്നു
അക്കുട്ടം പുനരവനിസുരന്മാ-
ക്കില്ലംവളരെപ്പണിയിക്കുന്നു
ഇക്കുട്ടം പുനരന്തണമവരുടെ
ഇല്ലംചുട്ടുമുടിച്ചീടുന്നു,
ആജ്ഞനമിഷ്ടിതുടങ്ങുകിക്കുന്നു
ഇജ്യനമിഷ്ടിമുടക്കിക്കുന്നു
ഭാവർബഹ്വധമ്മം സാധിക്കുന്നു
ഇവർബഹ്വധമ്മം ബാധിക്കുന്നു
രാമനുനും രാവണനും തമ്മിൽ
ആനയുമാടുംപോലെ വിശേഷം
ആജ്ഞനമിങ്ങനെ പറയിക്കുന്നു
ലജ്ജനിനക്കു തരിനുണ്ടെങ്കിൽ
ആർജ്ജുനനൃപനെ വധിക്കണമെന്നേ
ദുർജ്ജനദൂഷണവാക്കുശമിപ്പു
നിന്നെസ്നേഹമിനിക്കുണ്ടതുകൊ-
ണ്ടെന്നൊടുവൈരമവക്കില്ലാക്കും;
കേവലമിന്നിഹ ലങ്കാപതിയുടെ
സേവകനായതു നാരദനെന്നു
ദേവകരം ദ്രുഷികരം മനുഷ്യജനങ്ങളു-
മെന്നെക്കൊണ്ടു ദൂഷിച്ചീടുന്നു;
ഏഷണികൂട്ടും നാരദനെന്നൊരു
ദൂഷണമുണ്ടുനമുക്കിഹപണ്ടേ
ദോഷന്മാരതു പറയും പൊറുവി-
ശേഷജ്ഞന്മാർ പറകയുമില്ല;
അതുകൊണ്ടേതും ഖേദമിനിക്കി-
ല്ലിതുകൊണ്ടധികവിഷാദവുമുണ്ടു;
കശ്മലനാകിയ കൃതവീര്യസുതൻ
വിശപ്രഭവാകുന്നഭവാനെ
പുല്ലുകൊടിപോലേ നിന്ദിക്കുന്നതെ-
നിക്കുസഹിക്കുന്നില്ല ദശാസ്യ!
ബാഹുജവംശം തന്നിലധീശൻ
ബാഹുസഹസ്രംകൊണ്ടു പ്രസിദ്ധൻ
ഹൈഹയമന്നവനുന്നതവീര്യൻ
ആഹവശൂരൻ അതിഗംഭീരൻ
ഇങ്ങനെസർവ്വജനങ്ങളും പുകഴ്ത്തി
തിങ്ങിനഗർവുമുഴുത്തുചമഞ്ഞു;
ആങ്ങനെയുള്ളമഹാമന്നവനെ
സംഗരസീമനി സപദിജയിച്ചാൽ
തുംഗമതാകിന കീർത്തിവിജൃംഭണ-
മങ്ങുഭവാനുലഭിക്കും നിയതം;
ഭംഗംവരികയുമില്ലഭവാനിഹ
സംഗതിയുണ്ടാം ബോധിപ്പാനും

Digitized By Kerala Sahitya Akademi

നാരദനൊഗിരഞ്ഞൊട കേട്ടുര
ഭല്ലാരഘ്ലാതരട്ടാവമിയന്ന
ആരവേണ്ട വനങ്ങളംമുഴക്കി
ക്രൂരദ്ഷ്ടികളം ഇറിച്ചുമിഴിച്ചുര
ചന്ദ്രഹാസവുമെട്ടുകരത്തിൽ
മന്ദവേഗമെഴുനേറ്റ ദശാസ്യൻ
ഇന്ദ്രനൈരിദശകണ്ടനുമങ്ങര-
വിന്ദവാസസുതനോട്ടരചെയ്തു
ജംഭവൈരിയുടെ വാഹനമാകിയ
കുംഭിരാജനുടെ കുംഭതടംഭേദ-
മിമ്പമോടനടിച്ചുപൊടിച്ചുര
കുംഭകുണ്ഡഗുരാവണനെന്നൊരു
വമ്പനിങ്ങുനിവസിക്കയുമങ്ങൊരു
ഡംഭമാനുഷകുലാധമനിങ്ങനെ
ഡംഭകാട്ടിവിളയാടുകയും ഭുവി
സംഭവിപ്പതിഹകഷ്ടമഹോബത
കുന്നിൻമകളുടെ നാഥനിരിക്കും
കുന്നെടുത്തുടനെറിഞ്ഞുപിടിക്കാം
ഇന്ദ്രനാദിസുരവൃന്ദമശേഷം
മന്ദിരേമമപിടിച്ചുതടുക്കാം
ചണ്ഡദണ്ഡമുടനന്തകദണ്ഡം
ദണ്ഡമെന്നിയെ വലിച്ചുമുറിക്കാം
വമ്പനാമമരകുംഭിവരന്റെ
കൊമ്പുനാലുമഥതല്ലിയൊടിക്കാം
ഇത്ഥമദ്ഭുതമനേകമെടുപ്പാൻ
ശക്തനായൊരു ദശാനനനിപ്പോൾ
മർത്ത്യമൂഢനിധനത്തിനുമാത്രം
പാത്രമല്ലകൃശനെന്നുവരാമോ?
കണ്ടുകൊൾക മമ വിക്രമമിപ്പോൾ
രണ്ടുപക്ഷമതിനില്ല മുനീന്ദ്ര
രണ്ടുനാളുദിവസത്തിനകത്താ-
ത്തണ്ടുതപ്പിയുടെ ഡംഭശമിക്കും;
ആ ദശാനന്റെ ഭുജദണ്ഡസഹസ്രം
രജ്ജുകൊണ്ടഥ വരിഞ്ഞുമുറുക്കി
പുഷ്പകക്കൊടി മരത്തൊടുകെട്ടി
ദുഷ്പ്രഭുതപുടയോരവനെദ്രുതം
ആത്രകൊണ്ടുവരവേണമതിന്നിഹ
ചിത്രയോധി മമ മന്ത്രിവരിഷ്ണു-

മന്ത്രമാത്രമമരാരിസമമൊരു
മാത്രകൊണ്ടടനൊരുങ്ങിവരേണം;
ഇത്തരംമൊഴി പറഞ്ഞുദശാസ്യൻ
തന്നനിന്നാനിജപുഷ്പകമേറി
ചിന്തയോധിയെവിളിച്ചുവരുത്തി
ചിന്തമോടടനൊ യാത്രതുടങ്ങി;
ചന്ദ്രഹാസവുമെടുത്തുപിടിച്ചു-
ങ്ങിന്ദ്രവൈരിസഹ നാരദനോട
ചന്തമോടടനയന്നതിരിച്ചാ-
നന്ദനായ ദശകന്ധരവീരൻ.

ശതപരനൻപൊടു പുഷ്പകമപ്പോൾ
ഉത്തരദിക്കിനു ധാവതിചെയ്തു;
ചിന്തകൊണ്ടുചിരിച്ചുഥ നാരദ-
നിത്ഥംനിന്നു പറഞ്ഞുതുടങ്ങി:—
താജ്ഞാനുപനെക്കൊടിമരത്തൂ
രജ്ജുവെടുത്തുവരിഞ്ഞുമുറുക്കി-
ക്കൊണ്ടുവരുന്നമഹോത്സവഘോഷം
കണ്ടുരസിപ്പാനഹമിഹമാഗ്ഗേ
ഗൃദ്ധമതായിവസിച്ചിടുന്നേൻ;
കൂടെപ്പോന്നിട്ടെന്തൊരുകാര്യം!
മൂഢന്മാരിവനേഷണിക്രൂട്ടാൻ
കൂടെനടക്കുന്നെന്നുകഥിക്കും;
ഹേഹയനരവരപുരമസുരവര-
ഗേഹസമാനം ഭുവി വിലസിതമാം
മാഹിഷ്മതിയെന്നതിനുടെപേർബഹ്വ-
മാഹാത്മ്യംബഹു മഹനീയംബഹു
രമണീയം ബഹു കമനീയം ബഹു
കമനീകുലമണിമണിമാടങ്ങളും
അമലസലിലനവകമലവിമലതര-
ശമലഹരണജനപട്ടതമമതിരുചി;
നമ്മദയാകിയതീർത്ഥവിശേഷം
ശമ്മദമാകിന പുളിനവിശേഷം
ധമ്മദയാനിധി നൃപതിവിശേഷം
ധമ്മപരായണപുരുഷവിശേഷം
രജതവിശേഷം രത്നവിശേഷം;
കമനിവിശേഷം കാന്തിവിശേഷം
സുകൃതിവിശേഷം സൂത്രവിശേഷം
സുമതിവിശേഷം സുക്ഷിവിശേഷം



Digitized By Kerala Sahitya Akademi

ഇങ്ങനെയുള്ളപുരത്തിലിറങ്ങി
സ്വംഗതിപോലെ സമീഹിതകാര്യം
സാധിച്ചീടുക! സാഹസമരുതതു
ദശബാധിച്ചീടുക ലങ്കാധിപതേ!
ഇത്തരമരുൾചെയ്തിടിനാ നാരദ-
നന്തമറഞ്ഞാരുശേഷം ദശമുഖ-
നുത്തരനരവരപത്തനദേശേ
സത്വരമവിടെയിറങ്ങിവിമൂഢൻ
നമ്മദതന്നുടെ പുളിനാന്തന്നിൽ
ദുർമ്മദശാലി ദശാനനവീരൻ
ചിന്തയോധിയൊടുകൂടിയതിങ്ങനെ-
തന്നനല്ലമണലുള്ളപ്രദേശേ
വസ്തുംകൊണ്ടൊരു വാളയമവിടെ
ചിന്തമതാക്കിത്തിന്ദുദശാസ്യൻ
രേവാസലിലേചെന്നുകുളിച്ചു
ദേവാരാധനക്കോപ്പുകൾംക്കുട്ടി
ശിവലിംഗത്തെയെടുത്തുനിരത്തി
ശിവപൂജയ്ക്കുതുടങ്ങിപതുക്കെ;
ജലഗന്ധാക്ഷതപുഷ്പാദികളും
ഫലമൂലംപുനരാവിലും മലരും
ദളവും കദളിപ്പഴവും പങ്കജ-
ദളവും ദൂൽദൂലുപം ദീപം
വെള്ളിവിളക്കുകൾം പൊന്നിൻതളികകൾം
വെള്ളിക്കുടവും മണിതാലങ്ങളിൽ
വെള്ളരിവൊരിലപാക്കും വെളുവെളെ-
യുള്ളപളുകിന്മാലകളനവധി
മുല്ലപ്പൂമലർചെത്തിപ്പൂവും
വിലവദളങ്ങളെരിക്കിൻപൂവും
ചെമ്പകമലർ ചേമന്തിപ്പൂവും
വെൺതുളസിപ്പൂ തുമ്പപ്പൂവും
മണമിയലും കളഭം കർപ്പൂരം
തണുതണമലയജകുംകുമഗന്ധം
ഘണഘണഘോഷം മണിയുടെഘോഷം
ഗണപതിബിംബം ഫണിപതിബിംബം
ഗുണമിയലുന്നഷഡാനനബിംബം
ശങ്കരശങ്കരിമാരുടെവിഗ്രഹ
സംഘട്ടമവിടെനിരത്തിപ്പരിചോടെ
പുഷ്പാഞ്ജലിയും മന്ത്രജപങ്ങളു-
മീവകപൂജകൾം ചെയ്തുവസിച്ചാ-
നവികലശക്തൻ നക്തഞ്ചരപതി.
ചിന്തയോധിയെവിളിച്ചുരചെയ്തു
തന്തചെന്നുകൃതവീര്യജനാകം
ക്ഷന്തിയാധമനെവേറെവിളിച്ചുഥ
വന്മാനമറിയിച്ചുവരേണം;
ഇപ്പടിനിന്നുടെ താന്തോന്നിത്തമ-
തിപ്പൊഴതിവിടെ നടക്കയുമില്ല;
ചൊല്ലൊങ്ങും ദശകണ്ഠമഹേന്ദ്രൻ
കല്പിക്കുന്നതുകേട്ടേപോവൂ
കപ്പംതരണം നമ്മുടെനാട്ടി-
ലിരിപ്പാനാഗ്രഹമുണ്ടെന്നാകിൽ
മുപ്പുറയും പുനരെട്ടൊന്നും പല
വൈപ്പുകളുണ്ടതു തന്നില്ലെങ്കിൽ
വെക്കംനിന്നുടെ നാടും നഗരവു-
മൊക്കെപ്പുടെയടക്കും നിന്നുടെ
ധിക്കാരങ്ങളഹങ്കാരങ്ങളു-
മിക്കാലങ്ങളിൽ നമ്മോടുക്രടാ
യുദ്ധംചെയ്തു ജയിക്കാമെന്നൊരു
ബുദ്ധിനിനക്കുതരിമ്പുണ്ടെങ്കിൽ
പത്തുശതംകരമുള്ളതിൽ വില്ലമെ-
ടുത്തുപടയ്ക്കുപുറപ്പെട്ടാലും!
ഇപ്രകാരമവനോടരചെയ്തട-
നല്പബുദ്ധിയുടെ ഭാവമറിഞ്ഞിഹ
സത്വരംവരിക സാധുമതേ! നീ
ചിന്തയോധിസചിവൻ സഹസാദശ-
വക്ത്രനെത്തൊഴുതുകൊണ്ടു നടന്നു;
തത്രഹേഹയനരേന്ദ്രനിരിക്കും
ചിത്രകാഞ്ചനമഹാപുരിപുക്കാൻ
ധാർമ്മികനാകിയനരവരനപ്പോൾ
നമ്മദനദിയുടെ സലിലംതന്നിൽ
പെൺമണിമാരോടൊരുമിച്ചുമ്പൊട്ട
വെൺമകലൻകളിച്ചീടുന്ന
നാരിമാരുമവരജ്ജുന നൃപതി-
ക്കായിരമുണ്ടുമഹാസുന്ദരിമാർ
ആയിരമുണ്ടുകരങ്ങളുമതിസുഖ-
മായിരമിപ്പാനതുമനുകൂലം.
മുഴുകിപ്പൊങ്ങും കാമിനിമാരെ-
ത്തഴുകിക്കൊണ്ടു രമിക്കും മുലകളിൽ

Digitized By Kerala Sahitya Akademi

ഇഴകുംകുംകുമകളഭം നാടൻ
പൂഴകുംനമ്മദതന്നിൽ ദൃതതര-
മിഴകും തലമുടി വടിവിലഴിഞ്ഞും
മലർനിരപയസിയഴിഞ്ഞു കവിഞ്ഞും
ചലമിഴിമാരുടെ തലയും മുലയും
തടഭുവിവാരിയഴിഞ്ഞു കവിഞ്ഞും
കമനികുംതമ്മിലിടഞ്ഞുതടഞ്ഞും
മുഴകിത്തത്തിമറിഞ്ഞു വലഞ്ഞും
നീന്തിവലഞ്ഞു തിരിയിലുലഞ്ഞും
താലികളഞ്ഞും തദനുതിരഞ്ഞും
തങ്ങൾംപിരിഞ്ഞും തോണികളിച്ചും
താണകളിച്ചും നാണമിളച്ചും
വേണിയഴിഞ്ഞും പാണികുഴഞ്ഞും
ക്ഷോണീപതിയുടെ പാണിപിടിച്ചുഥ
ചലമിഴിമാരുടെ മാർവിലണച്ചും
ജലമൊഴുകീടിനമുലകും പുണർന്നും
മുഖചുംബനവുംപലപലവിലസിത
കലിതലളിതകളികളുമതിചതുരം.
അമലകമലമുഖിമാരൊട്ടുക്കുടി
ബഹുവിധമാരമഹോത്സവഘോഷത്തോടെ
നരപതിവീരൻ ക്രീഡിച്ചുങ്ങിനെ
കനിവൊടുപയസികളിക്കുന്നേരം
രാത്രിഞ്ചരവരഭൂതനതാകിയ
ചിത്രയോധിവിരവോടുതിരിഞ്ഞഥ
തത്രചെന്ന തടിനീതടഭാഗേ
മുകുതശങ്കമുരചെയ്തുടങ്ങി:—
ഈരേഴുലകിനുമീശനതാകിയ
വീരൻ വാരാന്നിധിയുടെമദ്ധ്യേ
ലങ്കാനഗരേസൈവരമതായീ
വാണരുളും ദശകണ്ടപ്പെരുമാൾ
ഹേഹയനൃപതേ! നിന്നെക്കാണ്മാൻ
മാഹിഷ്മതിയിലെഴുന്നരുളുന്ന
സാഹസമെന്തിപ്പെണ്ണുങ്ങളുമായ്
മോഹമിയന്നുകളിക്കുന്നൊന്തിഹ?
സ്ഥടിതിരവോൻ ചെന്നപ്പൊടുതന്തിരു-
വടിയുടെചരണസരോജേബ്രഹ്മധന-
മടിയറയുംവച്ചുഗ്രവണങ്ങും;
മുടിയരുതേതവനാടും നഗരവു-
മടിയാർകുടിയാരങ്കും ചുങ്കം
പടയും കൊടയും പ്രജകളുമൊന്നും
മുടിയരുതാകിലശങ്കംനിന്നുടെ
മുടിയിൽതന്തിരുവടിയുടെയടിമലർ
പൊടിയേറവിടെവസിച്ചീടുകനീ
പിടിപാടില്ലാത്തെന്തൊരു കഷ്ടം!
പിടിയാത്തവരൊട്ടു പടവെട്ടിച്ചില
പിടിയാനകളുമ്പിടികുതിരകളു-
മുടനേ കിട്ടിയതോർത്തുതിമർത്തിഹ
പടുമോഹത്തെ നടിച്ചീടുന്നൊരു
വിടുമോഷൻ നീ, ദശമുഖചരിതം
വിരവൊടു ബോധിച്ചില്ലേ നിയതം?
ചടുലവിലോചനമാരുടെ തടമുല
ഉടലിലണച്ചു പുണർന്നും കൊണ്ടിഹ
നടനംചെയ്യും കാമിജനം മറു-
നാട്ടിലെ വാർത്തകളെന്തറിയുന്നു?
മടുമലർ ശരനെച്ചുട്ടുപൊടിച്ചൊരു
നിടിലതടത്തോൻ വാണരുളുന്നൊരു
കുലഗിരിവരനെക്കുത്തിയെടുത്തു
കുലുക്കിയിളക്കിയെറിഞ്ഞു പിടിച്ചൊരു
കരബലജലനിധിയാകും രാവണ-
നുലകുജയിച്ചു ജഗത്ത്രയമന്നൻ
ശ്രീമദുദാരശ്രീദശകണ്ഠ-
സ്വാമിഭവാനോടരുൾ ചെയ്യുന്ന
കല്പനയെന്തെന്നതുമുരചെയ്യാം
കുപ്പം തരണം കാലം തോറും
വിളവിൽ പാതി നമുക്കു തരേണം
മുളകുസമസ്തവുമേൾപ്പിക്കേണം;
തെങ്ങുകവുങ്ങുകൾ മാവുംപ്ലാവും
എങ്ങുമെനിക്കിഹകണ്ടെഴുതേണം;
മാടമ്പികളുടെ പദവികളൊന്നും
കൂട്ടുകയില്ലാ നമ്മുടെ നാട്ടിൽ
വീടന്മാരും വിളവുകളും നെല്ലുകളും
വിത്തിലിരട്ടി നമുക്കു തരേണം;
നാട്ടിലിരിക്കും പട്ടന്മാരും
നാലാലൊന്നു നമുക്കു തരേണം;
വീട്ടിലിരിക്കും നായന്മാർ പട-
വില്ലും കുന്തവുമേന്തിച്ചെല്ലും
വേലയെടുത്തു പൊറുക്കണമല്ലോ-
നാളും പാർത്താദശമുഖവേനേ;

Digitized By Kerala Sahitya Akademi

കള്ളുകുടിക്കും നായന്മാക്കുടി-
കൊള്ളുന്നാനമുരുത്തീടേണം;
ഉള്ളിൽ ക്രൂരില്ലാതജനത്തെ-
ക്കൊല്ലിക്കുന്നെജമാനന്മാരൊരു
കൊള്ളിക്കും വിലപിടിയാതവരെ-
ത്തുള്ളിക്കും ദശകണ്ണപ്പുരുമാൻ;
ഇങ്ങിനെയുള്ള ഇളപ്പുള്ളമന്ത്രിക-
ളെങ്ങും ചെയ്കയില്ലുലകൊണ്ടു
ഹാഹയനൃപതേ! നിന്നുടെ മന്ത്രിക-
ളാഢ്യവരന്മാരായുള്ളവ-
രെല്ലാമുടനേലങ്കാപുരിയിൽ
ചെല്ലാനരുളിച്ചെയ്തു ദശാസ്യൻ
നെല്ലും പണവും പൊന്നും പാത്രവു-
മുള്ളതശേഷവുമങ്ങു കൊടുത്താൽ
തെല്ലും ദുർഘടമില്ല നിനക്കതു
നല്ലനരന്മാക്കിക്കാലങ്ങളിൽ
വല്ലായുള്ളൊരു ശാഠതയുടന്നാൽ
വല്ലന്തിയുമിഹ വന്നു ഭവിക്കും;
നല്ലൊരു പെരുവഴിഞാനിഹ നിന്നൊടു
ചൊല്ലുന്നതു നീ മാനിക്കാഞ്ഞാൽ
പെട്ടെന്നിവിടെക്കാണാമനവധി
ദുഷ്ടന്മാർ ദശകണ്ഠഭടന്മാർ
വട്ടക്കണ്ണും ചെമ്പൻ തലയും
വായിൽ നിറഞ്ഞു വളഞ്ഞൊരു പല്ലും
അഞ്ജനശൈലംപോലെ ശരീരവു-
മതിതീവ്രതനമുഖവും കണ്ടാൽ
മർത്ത്യന്മാരുമമർത്ത്യന്മാരും
മൃത്യുഭയത്തെ പ്രാപിച്ചീടും;
ധൂമ്രാക്ഷൻ മകരാക്ഷൻ ദുർനി-
രീക്ഷാക്ഷൻ ധൂമ്രാക്ഷൻ ദുർമുഖ-
നതികായൻ പ്രതികായൻ പ്രാഹരൻ
വരദൻ പിന്നെ നികുംഭൻ നീരദൻ
കുംഭൻ കുംഭോദരനും പുനരഥ
വമ്പുപെരുത്ത മഹാപാർശ്വകനും
കമ്പനമീവകരാക്ഷസവൃന്ദം
വന്നുകരേറി മനുഷ്യരെയെല്ലാം
കൊന്നും തിന്നും ചോരകുടിച്ചും
സുന്ദരിമാരുടെ തലമുടി പിടിവെ-
ട്ടൊന്നൊഴിയാതവർ കൊണ്ടു തിരിച്ചു
നമ്പലമൊക്കെത്തീർത്തിടിഞ്ഞാട്ടം
നമ്പൂരാരുടെ ഭവനം ചുട്ടും
എവ്വാന്തിരിയെത്താഡിച്ചും പുന-
രമ്പലവാസികളെക്കാലചെയ്തും
കലശലു പലതും കൂട്ടും നിന്നുടെ
കുലനാശത്തെ വരുത്തും നൃപതേ!
ഇങ്ങിനെവളരെയനർത്ഥം വരുമതു
നിങ്ങൾ നിനച്ചാലൊഴികയുമില്ല;
ഞാനൊഴിലൊന്നും കൂടാതിവിടെ
സ്വസ്ഥതയോടു വസിക്കണമെങ്കിൽ
ചൊല്ലൊങ്ങും ദശകണ്ഠമഹേന്ദ്രനു
കപ്പം തരണം കാലന്തോറും;
കല്പനകേട്ടു വസിച്ചെന്നാൽ പുന-
രല്പമൊരല്പൽ ഭവിക്കയുമില്ല.
ഇത്ഥംഘോഷിച്ചുചിത്രയോധിപറയുന്നൊ-
രർത്ഥവചനമതു കേട്ടഹോഹയനൃപൻ [ര-
പെട്ടെന്നു കൈകളെല്ലാം കൊട്ടിച്ചിരിച്ചു കൊണ്ടും
മട്ടോലും മൊഴിമാരെക്കെട്ടിത്തഴുകിക്കൊണ്ടും
ഉത്തരമൊന്നു മുരിയാടാതെ വാരിധിയിൽ
സത്വരമങ്ങിറങ്ങി ക്രീഡതുടങ്ങിമെല്ലെ;
മുങ്ങുമങ്ങൊരു ദിക്കിൽ പൊങ്ങുമങ്ങൊരുദി-ക്കിൽ
മാനിനിയെ വളിക്കും ആഴത്തിലങ്ങൊളിക്കും
മെല്ലെമെല്ലെക്കുളിക്കും ഓളത്തിൽ ചെന്നു ചാടും
മേളത്തിലാട്ടമാടും സുന്ദരിമാരെത്തേടും
ക്രീഡകളൊന്നുമുക്കും വാരിയിലങ്ങുനോക്കും
മുഞ്ഞിയും മഗ്നമാക്കും വെറിലെ നല്ലപാക്കും
നകൻ കളിവാക്കും പറഞ്ഞുതമ്മിൽ നോക്കും
തിരയിൽചാടിനീന്തുംനെറിമേൽ കുറിചാന്തും
തഴുകികാമഭോഗമുപടിച്ചുപോലെ കാന്താ
നാരീജനങ്ങളോടു വാരിയിൽ ക്രീഡകളും
നേരം പോക്കല്ലാതൊരു നേരമിളക്കമില്ല;
ചിത്രയോധിപുനരിത്താഴിലെല്ലാം
തത്രനിന്നു ബതകണ്ടു കയർത്തു
കൊണ്ടു പോന്ന ദശകണ്ഠനിരിക്കും
പാളയത്തിലഥപുക്കുവണങ്ങി;
വർത്തമാനമറിയിച്ചൊരു നേരം
ക്രുദ്ധനാകിയ ദശാനനവീരൻ

Digitized By Kerala Sahitya Akademi

രോഷകൊണ്ടു ശിവപൂജനമദ്ധ്യേ
രോഷണം വലിയ ദൂഷണമിങ്ങിനെ
പിതൃയോധിയെയാട്ടി സംസ്കൃതമായി-
ട്ടുമാത്രമരുൾ ചെയ്തു ദശാസ്യൻ:—
നാഭിനസ്യമയികിംബ്രഹ്മാനം
നാസ്തിതസ്യബ്രഹ്മകഷ്ടമിദാനീം
ദുർജ്ജനസ്യഗുണദോഷവിചാരം
ദുർല്ലഭോജഗതികിംകഥനീയം!
ശാസനം മമനിശാമ്യദുരാത്മാ
ഹാസമേവകൃതവാനവിവേകീ
വന്ധ്യതസ്യഭവനാദിസമസ്തം
ബന്ധുനാശമുപവാസ്യതിനൂനം
പാകശാസനമുഖന്തദമന്ദം
നാകവാസിനിഖിലാസുരവൃന്ദം
യേനയസ്യവിജിതം സദശാസ്യോ
മാനുഷാദപിചകിന്നു ഖിദ്യേതി?
താംസമർപ്യപരമേശ്വരപൂജാം
തസ്യമീപമുപഗമ്യചശീഘ്രം
ചന്ദ്രഹാസമഭജഗാമിഷ്ടമേനം
കല്പയാമിനഹിസംശയമദ്യ.
ഇങ്ങിനെ സംസ്കൃതവാക്കു പറഞ്ഞും
തിങ്ങിനഭക്ത്യാപൂജകൾചെയ്തും
കണ്ണുമടച്ചു ജപിച്ചു വസിക്കും
പൊണ്ണനിരിക്കും പടുകുഴിതന്നിൽ
വെള്ളംവന്നു കടന്നുതുടങ്ങി
വെള്ളപ്പട്ടനനഞ്ഞുതുടങ്ങി;
വെള്ളിവിളക്കുകൾ പൊന്നിൻ തളികക-
ളുള്ളുതശേഷവുമൊഴുകിപ്പുതുക്ക
മുങ്ങിസമസ്തം ശിവലിംഗാദികൾ
പൊങ്ങിയെഴുന്നിതു പുഷ്പാദികളും
കെട്ടുവിളക്കുകളവിലുംമലരും
കൊട്ടത്തെങ്ങാകദളിപ്പഴവും
പൊട്ടെന്നിട്ടു നിറഞ്ഞൊരുവെള്ളി-
ത്തട്ടുകൾ മുഴുകിപ്പെട്ടികളൊഴുകി,
ആറുനിറഞ്ഞു പുലങ്ങൾകവിഞ്ഞു
കാവും മഴയും കാണ്മാനില്ല;
ആറിലെ വെള്ളം പൊങ്ങിവരുന്നൊരു
കാറുമതില്ലതിനെന്തൊരു ബന്ധം?
ഏറെം വന്നാലിതുവരുമോ?

ഈറനൊഴുക്കും നിലയില്ലാതായ്;
തള്ളിവരുന്നൊരു വെള്ളത്തിരയിൽ
തുള്ളിയലഞ്ഞു വലഞ്ഞു ദശാസ്യൻ;
വെള്ളവുമൊട്ടു കുടിച്ചു തടിച്ചു
പള്ളയുമൻപൊടു വീർത്തുതുടങ്ങി;
ഉരുപതുകൈകൊണ്ടൊത്തുതുഴഞ്ഞു
കരപറാഞ്ഞു കരങ്ങളും കുഴഞ്ഞു;
ഇരുപതു തണ്ടുകൾവച്ചുമുറുക്കിയ
പെരിയൊരു വഞ്ചികണക്കെ രാവണ-
നൊരുവണ്ണംകരപററിക്കയറി-
ത്തെരുതെരെ മണ്ടിടുരെച്ചെന്നഥ
നോക്കുന്നേരം കാണായ് വന്നു
നരപതികൃതവീര്യാത്മജവീരൻ
തിറവിയബാഹ്വ സഹസ്രംകൊണ്ടൊരു
പിറയും കെട്ടിയുറപ്പിച്ചുങ്ങിനെ
കുത്തിയൊലിച്ചുവരുംജലമങ്ങുത-
ടുത്തും കൊണ്ടാനദിയുടെ മദ്ധ്യേ
മട്ടോലും മിഴിമാരെത്തന്നുടെ
അരികിൽ നിറുത്തിക്കൊണ്ടു കളിച്ചും
സ്വസ്ഥതയിൽ ചില വാക്കുപറഞ്ഞു കു-
താത്ഥതപൂണ്ടഥമരുവീടുന്നു;
ഇടവും വലവുമൊരഞ്ഞുറഞ്ഞു-
റിടതിങ്ങീടിനകൈകളശേഷം
തടികൾ കണക്കെ നിരത്തിക്കൊണ്ടഥ
നടുവിൽ താനൊരു കുററിക്കണക്കെ
തടവുവരുത്തിത്തുവസിക്കും
പടുമതിയാകിയ പാർത്ഥിവവരനെ
തടമുലകൊണ്ടഥമടവാർമണിമാർ
വടിവൊടവൻമുൻപിടചേന്നങ്ങിനെ
ദൃഢതരമാലിംഗനവും ചെയ്തു
ചടുലവിലാദസമരുവീടുന്നു
ഇതൊഴിൽ കണ്ടു കയർത്തു ദശാസ്യൻ
ഇതടം നിന്നു പറഞ്ഞുതുടങ്ങി;
നോക്കെടമൂഢാ! നിന്നുടെ വികൃതിക-
ളാക്കുസഹിക്കാ! മിനിക്കിതുകണ്ടാൽ
ഖഡ്ഗമെടുത്തു കരങ്ങളശേഷം
ഖണ്ഡിക്കാതെയിരിപ്പാൻ മേലാ;
പിറകെട്ടീടിന പാണികൾ വെട്ടി
കുറുകുറനെന്നു മുറിക്കുന്നേരം

Digitized By Kerala Sahitya Akademi

പിറകാറീടിനശൈലംപോലിഹ
മറിയും നീയെടാ മാനുഷകീടാ!
പിറകിലിരിക്കും പെൺക്കുട്ടത്തിനു
വിറവിനുകൊള്ളും നിൻറെ കരങ്ങളും
ഉള്ളംതന്നിൽ കള്ളംബഹുവിധ-
മുള്ളോരുനീദശകണ്ണനെയിങ്ങിനെ
വെള്ളംതന്നിൽ ചാടിച്ചുതുഞാ-
നുള്ളംതന്നിൽ മറന്നീടുവനോ?
പോടാനിന്നുടെ വികൃതികളും നമ്മോട്ട
കൂടാകേളെടമാനുഷകീടാ!
നിന്നുടെനാടായുള്ളതശേഷം
വലിയൊരുകാടായ് വരുമതിമൂഢ!
വാടകിടങ്ങുകളങ്ങാടികളും
മേടകളും നടകശാലകളെന്നിവ
ദൃഢതരമിടിപൊടിയാക്കിമുടിപ്പാൻ
പടുതനമുക്കുണ്ടജ്ഞനകീടാ!
മത്തഗജങ്ങടെ മദജലമിയലിന
മസ്തകഭാരമടിച്ചുപിളന്നതിൽ
മുത്തുകളുള്ളതു കുത്തിയെടുത്തൊരു
മാലചമച്ചുങ്ങതിശയമായക-
ളത്രമതാകിയ മണ്ഡോദരിയുടെ
കുത്തുമുലത്തടയിടയിലണച്ചൊരു
നകുതഞ്ചരപതി തിലകൻ ഞാനതി
ശകുതൻ സാധുവിരകുതൻ ഭുജബല-
യുകുതൻമധുവിലയുകുതൻ സംഗര-
ശകുതൻ നിന്നുടെ പത്തുശതം കര-
മുള്ളതശേഷവുമൊത്തുതകർത്തലി-
വില്ലാതങ്ങുമുടിച്ചീടുന്നതു
കണ്ടുവിരഞ്ഞു കരഞ്ഞു പിരിഞ്ഞിഹ
മണ്ടും നിൻമഹിഷികളെല്ലാം ദശ-
കണ്ഠനുചേതസി കനിവെന്നുള്ളതു
പണ്ടേയില്ലതുബാധിച്ചാലും!
തന്നോപ്പോലും കനിവില്ലാതൊരു
സന്നദ്ധൻ ഞാൻ വളരെക്കാലം
നിന്നുതപംചെയ്തിട്ടും നാൻമുഖ-
നെന്നുടെമുമ്പിൽ വരാത്തതുമൂലം
അമ്പൊടുഖഡ്ഗമെടുത്തുശിരസ്സുക-
ളൊമ്പതുമുടനേഖണ്ഡിച്ചീടിന
വമ്പൻ ധീരതയുള്ളുനങ്ങളിൽ
മുമ്പൻഞാനതിപുരത്ത! മതാൽ നീ
കിംപുനരെന്നൊടുകാട്ടുമിനിക്കുത-
രിമ്പുഭയംനഹിയെന്നതുമറിക-
പലപലമീശക്കൊമ്പന്മാരെ
കൊന്നൊടയാതുകുലാധീശൻ ഞാൻ
ഹേഹയമാനുഷകീടാ! നമ്മോട്ട
നേരേനിന്നിഹപോരാടിടുക
ദൂരേമാനിനിമാരുടെനടുവിൽ
പ്രിയമിയലുന്നതുകണ്ടെന്നാകിൽ
ഭീരുജനങ്ങളിൽമൃത്തവനെന്നൊരു
പേരുനിനക്കുണ്ടെന്നതുതോന്നും
ഓരായിരമിക്കൈകളും നിനക്കൊരു
ശേരമതായിത്തീന്നുചമഞ്ഞു
മാനിനിമാരെപ്പുണരാൻമാത്രം
മറൊരുപോരിനു പോരാതാനും
പേരാൽതന്നുടെ വേരുകണക്കെ
പെരുതെങ്കിലുമൊരു ഫലമില്ലേതും

ചെവിക്കസഹ്യതപെരുകിയ വാക്കുകൾ
ശ്രവിച്ചുഭൂപതി വിരവൊടു കൈകളി-
ലെടുത്തുവില്ലും കണകളുമനവധി
തൊടുത്തുചെന്നിഹ നിശിചരവരനെ-
ത്തടുത്തുകൊണ്ടൊരുഗിരമുരചെയ്തു
കടുത്തവാക്കുകൾ മതിമതി ഭുവനം
കെടുത്തനിന്നുടെ കരതലവിരുതുകൾ
അടക്കിവയ്ക്കുന്നുണ്ടതിനൊരു ശര-
മുടക്കിവിരവിനൊടയച്ചുനിന്നുടൽ
മുടക്കിമൂഢനെ മുഹുരപി മുഹുരപി
മടക്കിമണ്ടിക്കുന്നതുമുണ്ടിഹ
പടയ്ക്കുവന്നാരു ബഹുതരമൻപൊട്ട
കൊടുത്തുമൂഢനെയടുത്തുവടികൊ-
ണ്ടടിച്ചു പല്ലുകൾ പൊഴിച്ചുഞാനും
പിടിച്ചുകെട്ടിയിരുപതുകൈകളു-
മൊടിച്ചുയയ്ക്കുണമെന്നൊരുപക്ഷം;
ഒരിക്കൽനിന്നുടെ ഇരുപത്തുമീശകൾ
കരിച്ചുയയ്ക്കുണമെന്നുവിചാരി-
ച്ചിരിക്കവേനീവന്നിഹ ചാടിയ-
തെനിക്കുനല്ലൊരുകൌതുകമധികം;

Digitized By Kerala Sahitya Akademi

മദിക്കകൊണ്ടും വലവല ചപലത
കഥിക്കകൊണ്ടും സുരകുലമേതൊ-
ട്ടുതിക്കകൊണ്ടും കുലതരുണികളെ-
പ്പിടിക്കകൊണ്ടും കള്ളുകുംഭവളരെ
ക്കുടിക്കകൊണ്ടും കള്ളുകുംഭം പലവക
ളടിക്കകൊണ്ടും നാട്ടുകളഖിലം
മുടിക്കകൊണ്ടും നതാംഗിമാരെ
പിടിക്കകൊണ്ടും വന്നൊരുപാതകം
അപവാദത്തിനു മൂലമതിങ്ങനെ
വിപദേവനുഭവിച്ചതുമിപ്പോൾ
ഝടിതിനിന്നുടെ; തടിയടിച്ചു
പൊടിപൊടിച്ചു മുടിയിഴച്ചു
പടയിലുടയപ്പടുതപലതു
ഝടിതിതുടങ്ങുക സപദിമടങ്ങുക!
കരുതിനിന്നു പൊരുതുകാംക്ഷ രാവണ
പൊരുതുനിന്റെ വിരുതുസജ്ജനാനാം!
ബല ചരിതമൊക്കെദുരിതമാക്കിയൊരു ബ്രഹ്മ
ദുരിതരാശിഭരിതനായകാരണം
ഇത്ഥമിന്നുവന്നുക്രൂടിസംഗതി
രുക്ഷാഹൃദയ! രാക്ഷസാധമ! തവ
തൽക്ഷണത്തിലിതഥമോതിരോഷമോ-
ടഞ്ജനാൻ രണത്തിനായ്തുടന്നിതു

നൃപതികുലനാഥനും നിർഋതികുലനാഥനും
സപദിബതതങ്ങളിൽ സമരമിടക്രൂടിനാർ
പഞ്ചശതപാണികളിലഞ്ചിതമതാകുമൊരു
പഞ്ചശത ചാപശരസഞ്ചയമെടുത്തൊരുവ-
നഞ്ചുമുടനഞ്ചുമൊരുപാണികളിൽ വില്ലുകള-
മമ്പുകളുമപ്പൊഴുധരിച്ചു പരനും മുദാ
സംഗരവിധങ്ങളവർതങ്ങളിലരംഗതര-
മങ്ങവർ തുടങ്ങിയിടരോടതിഗഭീരം
ഘോരശരമാരികളുതിത്ഥമിതു ബത-
പൊരുതുതുടങ്ങിനിശിചാരി നൃപവീരൻ [ടെ
പലപൊഴുതുമവർകരുതികുറവതു വരുതിവി
നിരവധികനിശിതശരമരിവരനിലരിശമൊട്ടു
വിട്ടുപടവെട്ടുവതിനൊട്ടും, ഞെട്ടലതിനില്ല
വടിവിനൊട്ടുമവരുടയഝടഝടതയിങ്ങനെ
ഝടിതിഹരുവിപ്പവമതുടനുടനയന്നു
തുരുതുരെവരുന്നബ്ബലശരനിരകലന്നുനിശി
ചരശ്ചരികവരനധികശകലിതനതായി;
ആഗ്നേയസ്ത്രം വരുണാസ്ത്രം ചക്രാസ്ത്രം
ലഘുതരമഥപ്രത്യസ്ത്രംത്ര്യക്ഷാസ്ത്രം ഇവവിധം
പലവകയിൽഅവരുടയകലശലയുപരവതിനു
ഫണിപതിയുമതിനുമതിയല്ലെന്നതും ദൃഢം
ക്ഷിതിപതിയുമഥരജനിചരപതിയുമങ്ങിനെ
തങ്ങളിൽസംഗരംചെയ്തോരനന്തരം
വീര്യംപെരുത്തകൃതവീര്യാത്മജന്റെ ബാഹു
ദണ്ഡപ്രയുക്തശരഷണ്ഡങ്ങൾകൊണ്ടു ദശ-
കണ്ഠന്റെ വീര്യമതുകണ്ടതുമാന്തായുധി
കണ്ടിച്ചുവില്ലുമതുമിണ്ടൽക്കുമുലമായ്
മണ്ടിത്തിരിപ്പതിനുമാഗ്രത്തെനോക്കിയതു
കണ്ടിട്ടുനില്പ്പുന്ന കാത്തവീര്യാർജ്ജുനൻ
ഝടിതിദശമുഖനുടയമുടികൾ പിടിപെട്ടട-
നങ്ങോട്ടുമിങ്ങോട്ടുമുതിയും തള്ളിയും
ഝടിതിഝടിതിയുടനടിയുമിടികളും കൊണ്ടു
ചാകാതെചത്തുതരംകെട്ട രാവണൻ [ടൻ
ചപലമതിയവനുടയപുഷ്പകവിമാനവും
ചന്ദ്രഹാസാദിയും കൈക്കലാക്കി നൃപൻ,
കരചരണമുപചരണമിരുപതുകരങ്ങളും
ചങ്ങലകൊണ്ടുബന്ധിച്ചു ലങ്കേന്ദ്രനെ
കരചരണചലചലനരഹിതമിഹകൊണ്ടുപോ
യ്ക്കാരാഗൃഹംതന്നിലിട്ടു പൂട്ടീടിനാൻ;

പത്തുമുഖങ്ങളിൽ നിന്നുപൂരപ്പെട്ടു-
മത്യുന്നതതരമുറവിളിഘോഷം.
പത്തുദിഗന്തരമൊക്കെമുഴങ്ങീ
പാതാളസാഗ്രങ്ങളിലെത്തി
എന്തൊരുമുറവിളിയായിതു ക്രൂവേ!
പംക്തിഗളന്റെ കരച്ചിലുപോലും
എന്തൊരുസങ്കടമങ്ങവനിപ്പോൾ
ബന്ധനമാശുലഭിച്ചിതുപോലും
മറവുള്ളവരെക്കെട്ടിയടിച്ചു
പിടിച്ചുപറിച്ചുവലയ്ക്കുന്നവനെ
കെട്ടിയടിപ്പാനേതൊരു വമ്പൻ
നാട്ടിലിദാനിമുണ്ടായ്വന്നു
കേട്ടില്ലേ താനജ്ഞനനെന്നൊരു
കേളിപെരുത്ത ധരിത്രിപാലൻ
അദ്ദേഹം താനാശരവരനാം.
മിദ്ദേഹത്തെ ബന്ധിച്ചതുപോൽ

Digitized By Kerala Sahitya Akademi

ബന്ധിപ്പാനൊരു ബന്ധംവേണമ-
തെന്തെന്നോർമ്മിഞ്ഞോഹേ താൻ
എന്തെന്നോർമ്മിഞ്ഞീലവനുടെ
താനൊന്നിത്തമതന്നോവേണ്ടേ
താനൊന്നിതപമതല്ലാനരനോ ദശ-
കന്ധരനോ നതു ബോധിച്ചോ താൻ?
ബോധിപ്പാനൊന്തൊരുവൈഷമ്യം!
ചോദിച്ചറിയണമെന്നില്ലല്ലോ;
സുരകുലനാരീപീഡകൾചെയ്യും
കുലതരുണികളെച്ചെന്നുപിടിച്ചും
പലപുനിമാരെക്കെട്ടിയടിച്ചും
ബലരിപുവോനമിടിച്ചുപൊടിച്ചും
വലയംചെയ്യും നക്തഞ്ചരവര-
ബലനിധിവന്നുഭവിച്ചിതിദാനീം;
ബലവാനാകിയ കൃതവീര്യജനൊട്ട
കലഹിപ്പാനായ്ചെന്നൊരുശേഷം
പാരാതവനും ഇവനെക്കെട്ടി-
ക്കാരാഗൃഹമതിലാക്കിയടച്ചാൻ;
അങ്ങിനെയന്നവനേമേറെനടിച്ചാ-
ലിങ്ങിനെയന്നവനുടനേക്രൂരം;
കൊലചെയ്യാത്തതുമെന്തേക്രൂരേ
കൊലചെയ്താൽമതിയാമോ ഭോഷാ!
പലനാളിങ്ങിനെ പട്ടിണിയിട്ടും
പലരുംകണ്ടുടനാനകളിച്ചും
വലയിൽപെട്ട കുരങ്ങുകണക്കേ
വലയണമെന്നേ മതിയാവുള്ളൂ
കൊലചെയ്താൽ പുനർന്തകനവനെ
വലയ്ക്കുന്നതിഹനമുക്കറിയാമോ?

അതുനേരാണിഹ നമ്മെക്കാളും
അതികാരുണ്യം പെരുതുതനിക്കു
രാവണമുറവിളികേട്ടിട്ടിങ്ങനെ
രാവും പകലും ഘോഷിക്കുന്നു,
ദേവക്കളത്രപ്രസാദിക്കുന്നു?
ദേവസ്ത്രീകൾക്കതിലും മോദം;
ഓജസ്സും തേജസ്സും പലനാ-
ളായുസ്സും ശ്രേയസ്സും വരുവതി-
നന്തണവരും മുനിവരും ദിശി
സന്തതവും ഹോമയനുപവരനെ
പാരമനുഗ്രഹമേകിനടന്നു

പാരിലതിശ്രമമേറിയിരുന്നഥ
ഭീതികലർന്നഗതീയവാസികൾ
ഭീതിവെടിഞ്ഞവസിച്ചിടുന്ന
ദേഹംമെലിഞ്ഞുപാരംകാരാഗൃഹം തന്നകത്തി
ദാഹംവിശപ്പുകൊണ്ടു മോഹംവളർന്നതു [ൽ
സ്നേഹംതീനുപുള്ളുദേഹങ്ങളൊന്നുമില്ല
ആറന്തകച്ചും! ദശകണ്ഠന്റെ വൃത്തമാനം
സ്നാനവുമില്ല മദ്യപാനവുമില്ലപാരം
നാണവുംപൂണ്ടു ദേഹക്ഷീണവുമകപ്പെട്ട
കുറില്ലാത്തവരോടു ചാവുതേടിച്ചുതിന്ന
കീറത്തുണിയുടുത്തു ദുഷ്ടമണിഞ്ഞങ്ങനെ
ആറുമാസംകഴിഞ്ഞിട്ടാരുമാരുത്തൻ കുറ്റം
തീരുവാൻ ശ്രമിക്കുന്നില്ലെന്ന സന്താപങ്ങളും
പിണ്ഡമുരുട്ടിയോരോകിണ്ണത്തിൽവച്ചുകൊണ്ടു
പെണ്ണുങ്ങൾവന്നുനിന്നിവണ്ണംപറഞ്ഞിടുന്നു
ലങ്കാധിപതേനിന്റെ കാൽമേൽകിടക്കുംനല്ല
ശൃംഖലകിലുങ്ങാതെചിങ്കകളിച്ചെന്നാകിൽ
പാക്കുവെറില നല്ല തുക്കുപുകയിലയും
പാക്കാതേതരുന്നുണ്ടു ഭോഷ്കില്ലപംക്തികണ്ഠ!
പത്തുമുഖങ്ങൾകൊണ്ടു പത്തുപദങ്ങൾപാടി
തിത്തിത്തൈയെന്നു ചാടിനൃത്തംവൈക്കരാവ-
മത്തഗജങ്ങളുടെ മസ്തകംതകർക്കുന്ന [ണ
ഹസ്തങ്ങളെങ്ങുനിന്റെ നക്തഞ്ചരാധിനാഥാ!
ഏണമിഴിമാരുടെ പാണിപിടിച്ചുഴയ്ക്കും
പാണികൾകൊണ്ടുനമ്മെ താണതൊഴുതുകൊണ്ടു
കേണുകിടന്നിടാതെ വീണനീയെങ്കിൽനല്ല
ചോറും കറിയും പുളിഞ്ചാറും കാച്ചിയമോരും
ആറുന്നതിനുമുൻപേ കുറുള്ളഞാൻതരുവൻ
മണ്ഡോദരിയെന്നൊരുപെണ്ണനിനക്കുണ്ടെന്നു
മന്നിടംതന്നിൽബഹുപെണ്ണുങ്ങൾചൊല്ലിക്കേട്ടു
സന്ദേഹമൊന്നുണ്ടു നിന്നോടുചോദിക്കുന്നു
ഒന്നേ നവർക്കു മുഖമുള്ളെന്നുകേട്ടഞങ്ങൾ
ഒന്നല്ലമുഖം നിനക്കഞ്ചുമഞ്ചുമുണ്ടല്ലോ
എന്നാലെങ്ങിനെയവർ നിന്നോടുരമിക്കുന്നു
പത്തുപുരുഷന്മാരോടൊത്തുവിനോദിക്കുന്ന
ധൂർത്തപ്പെണ്ണുങ്ങളുടെ കേൾവിയവർക്കുവന്നു
പോടീമഹാരാജന്ത്രനോടീവിശേഷംചെന്നു
ചോദിച്ചിട്ടെന്തോവശ്യംചോദിച്ചുറപ്പെന്നു

ചേതം

Digitized By Kerala Sahitya Akademi

ഒരോരോദിവസംമുഖമോരോന്നു ചുംബിച്ചുകൊ-
ണ്ടരോരോമൽക്രീഡികുന്നതാരോടുകേംപ്പിക്കുന്നാ

ഇത്ഥംവന്നൊരുക്രൂരം സ്ത്രീകള-
ബദ്ധംപറയുന്നതുകേട്ടപ്പോൾ
നാണംപൂണ്ടുകിടന്ന ദശാസ്യൻ
പ്രാണൻപോകാഞ്ഞതുതൽഭാഗ്യം.
എത്രയുംപാരം സമത്വമിളച്ചു
തത്രവാണ ദിവസങ്ങൾകഴിച്ചു
ചിത്രയോധി ദശകന്ധരനോടഥ
യാത്രചൊല്ലിയവനങ്ങുഗമിച്ചു;
തത്രചെന്നഥപുലസ്ത്യനിരിക്കും
ആശ്രമപദത്തിങ്കണഞ്ഞു;
തൽക്കഴൽക്കഥവണങ്ങിയവൻ പുന-
രിക്കഥകിമപിപറഞ്ഞറിയിച്ചു;
ഏവമെന്തുവരുവാനവകാശം?
രാവണന്റെ ചരിതം ബഹുകഷ്ടം;
ആവതെന്തുശിവശങ്കര പാത്താൽ
ദൈവകല്പിതമിതാക്കിയാവു.
ചീത്തവൈരമൊടു ചെന്നദശാസ്യൻ
കാത്തവീര്യനൊടു നേത്രുപിണങ്ങി
ആത്തിപൂണ്ടുസമരാത്തിലഭിച്ചു
പാത്തിടാതെയിഹ ബന്ധിതനായി;
ബന്ധുവാരുമില്ലാഞ്ഞതുകൊണ്ടവൻ
ഹന്ത! കേണുമരുവുന്നിതുതാപാൽ
അന്തരംഗമതിലാധിമുഴുത്തു
സന്തതം ബത വിശന്നുവലഞ്ഞു
പാണികാലുകളുമൻപൊടുകെട്ടി
രക്ഷാണിതന്നിലിളകാതെകിടന്നു
പ്രാണനാശമവനാശുകൊതിച്ചു
വാണിടുന്നബലമോടുമിദാനീം
രണ്ടുമാസമിതുപോലെ കഴിഞ്ഞിതു
വഞ്ചനാവചനമല്ല മുനീന്ദ്ര!
നെഞ്ചകത്തിലടിയനൊരുപായം
കിഞ്ചനാസ്ഥിയിഹനിൻകൃപയെന്യേ
മാമുനീശ്വര! വോൻവിരവോടു
മാനവേന്ദ്രനൊടു ചെന്നറിയിച്ചാൽ
സ്വാമിതന്നെവിടുവാൻ കല്പിക്കും
താമസിക്കരുതെഴുന്നരുളേണം.

ഇത്തരമുള്ളോരുവചനം കേട്ടുചു-
ലസ്ത്യമുനീന്ദ്രനമ്പോടുരചെയ്താൻ
പൌത്രസ്നേഹവശാൽവിവശാത്മാവായ്
ചിത്തംതന്നിൽ വിചാരമൊന്നു
എത്രയുമാപത്തല്ലോ നമുക്കു
പൌത്രനുസംഗതിവന്നതു രാവിവനു
ഹേഹേയനരപതി വാസംചെയ്യും
ഗേഹേവിരവൊട്ടു ഞാനുചെയ്യാം;
ധീരതയേറും മനുവംശത്തിൽ
ശാതപരഞ്ഞുമടക്കിയയ്ക്കും
വാഴ്ത്തുമവനൊടുപദേശിക്കാം പുന-
രീശ്വരകല്പിതമാക്കിയാവു,
എന്നരുൾചെയ്തുകുടയുംകമണ്ഡലു ന-
ടന്നുതുടങ്ങിപുലസ്ത്യമുനീന്ദ്രൻ
മന്ത്രീശ്വരനൊടുക്രൂടിനടന്നാ
മാഹിഷ്മതിപുരിതന്നിൽചെന്നാ
കൃതവീര്യജനെക്കണ്ടാനപ്പോൾ
കൃതവീര്യാത്മജനായുവണങ്ങി
അർഘ്യാദികളുംചെയ്തുമഹീപതി
സഭ സമുവാചമുനീന്ദ്ര! നമസ്തേ
എന്തൊരുസംഗതിയാഗമനത്തിനു
ഹന്തഭവാനരുൾചെയ്തീടേണം,
നിന്തിരുവടിമമകുലബലധനസുഖ
സന്തതിപുഷ്ടിവരുത്തീടേണം,
നിന്തിരുവടിയൊന്നരുളിച്ചെയ്താ-
ലെന്തെങ്കിലുമതുസാധിക്കുന്നാൻ
ഇത്ഥംനരവരഗീതകഥംകേട്ടതി-
നുത്തരമരുളിച്ചെയ്തു മുനീന്ദ്രൻ:—
സാധുമതേ തവഭൃതികഥം കാണ്മാൻ
സിദ്ധാന്തിച്ചിഹവന്നതുഞാനും;
സിദ്ധന്മാരൊടുകൂടിവസിപ്പാ-
നെത്രയുമാഗ്രഹമുണ്ടുനമുക്കു;
ഉച്ചതഗതിയാം നമ്മുടെപൌത്രനു-
ബന്ധമതല്ലാതില്ലൊരുനാളും,
ഭൃത്യജ്ഞയനടെവാസഗിരീന്ദ്രം
കൃത്തിയെടുത്തവനെന്നുകരുതാത്തു!
അത്രപെരുത്തുരാചാരത്തെ നി-
വൃത്തിവരുത്താനിതെന്നാഴിൽകൊള്ളാം,



Digitized By Kerala Sahitya Akademi

എന്നാലവനെയഴിച്ചുവിടേണം
നന്നായ്ത്തരുമിതുകൊണ്ടുനിനക്കു
ചെമ്മേനിൻകൃപകൊണ്ടിതുചെയ്താൽ
നന്മനിനക്കിനിമേന്മേലുണ്ടാം
മാമുനിവചനംകേട്ടനരേന്ദ്രൻ
മനസിഹിതംപൂണ്ടിദമരുൾചെയ്തു
ഇപ്പോൾതന്നെയഴിച്ചുവിടുന്നേ-
നപ്രിയമതുകൊണ്ടുണ്ടാകേണ്ട,
അപ്പോൾവന്നൊരു കിങ്കരടനെ
കല്പിച്ചുൻപൊടയച്ചു നരേന്ദ്രൻ;
കിങ്കരനുടനേചെന്നതുനേരം
ലങ്കാപതിയുടെ കൈകാൽകളിലെ
ശൃംഖലവിരവൊടഴിച്ചുപതുക്കെ
തൻകരയുഗളംകൊണ്ടുതലോടി,
വെളിയിൽകൊണ്ടന്നജ്ഞാനനികടേ
തെളിവിൽനിറുത്തി, വണങ്ങിയിരുന്നു
നാണംപൂണ്ടുമുഖാവലിതാഴ്ത്തി
ക്ഷീണംപൂണ്ടുവസിക്കുന്നവനൊടു
നരപതിയരുളിച്ചെയ്തിതു നിന്നൊടു
പരിഭവമൊക്കെത്തീർന്നുനമുക്കു
ലങ്കാധിപതേ! പോയാലും നീ
ശങ്കരസേവചെടിഞ്ഞിനിമേലിലു-
മഹങ്കരിയാതെയിരിക്കിൽകൊള്ളാം
എന്നുപറഞ്ഞുകൊടുത്തിതുപുഷ്പക-
മെന്നുള്ളൊരു രമണീയവിമാനം;
ഉന്നതഗുണഗണമിയലിനവാളും
സന്നതനാംദശകണ്ഠനുനൽകി
കുണ്ഠിതമൊക്കെത്തീർന്നു നൃപൻദശ-
കണ്ഠനെവിരവിലയച്ചുവസിച്ചു,
കിങ്കരസംഘവുമവനൊടുസഹിതം
ലങ്കാനഗരേചെന്നുവസിച്ചു
തുംഗസുഖേനപുലസ്ത്യമുനീന്ദ്രനു-
മങ്ങുഗമിച്ചുസുഖിച്ചുവസിച്ചു
കൃതവീര്യാത്മജനാകിയനരപതി
പുംഗവനംബുഹൃമംഗലമതുലം,

ഇതി കാർത്തവീര്യാർജ്ജുനവിജയം ഓട്ടൻതുള്ളൽ സമാപ്തം.

# സ്യമന്തകം

## ഓട്ടൻ തുള്ളൽ.

വാരണമദഹരനന്ദനനാകിയ
വാരണവദനൻ നിഖിലജനാശ്രയ
വാണനിപുണൻ സമദാസുരരിപു-
വാരണസേവിതചരണസരോജൻ
കാരണഭൂതൻ വിമല സരോജദ-
ളായതനയനൻ ചാരണനമിതൻ
പ്രണതജനാഭയദാനവിധാനൻ
പ്രണതപരായണനാകിയ ദേവൻ
ഗുണഗണനിലയൻ നിത്യവുമെന്നെ-
ഗ്ഗണപതിഗേവാൻ കാത്തരുളേണം;

വേണീവിജിതകളേണീനതജനു
വേണീചടുലയതാകിയ ഭഗവതി
വാണീദേവി മനോഹരയാകിയ
വാണിജനിപ്പാനെന്നുടെനാവിൽ
വാണീടേണം സന്തതവും കള-
വാണീമണിയാം ദേവിനമസ്തേ
വീണാപാണേ! നിൻപദകമലേ
വീണോരടിയനു വരമരുളേണം
ഏണീശാബവിലോചനയാളേ!
വീണാലാവിനി! നിൻകൃപയാലേ

Digitized By Kerala Sahitya Akademi

വാണീഗീതരംഗിണിതന്നുടെ
വേണീമധുരതയാൽമധുപോലും
കേണീടേണമതിന്നായടിയൻ
ക്ഷോണീതലമതിൽവീണതിടേ വലം
പാണികൾക്കുപ്പിവണങ്ങീടുന്നേൻ.

സംഗീതമപിസാഹിത്യം
സരസ്വത്യാസ്തനദ്വയം
ഏകമാപാദമധുരം
അന്യമാലോചനാമൃതം.

മംഗലയാകിയഭാരതിതന്നുടെ
ത്തുംഗകുചങ്ങളിലൊന്നിൽ നിറഞ്ഞൊരു
സംഗീതാമൃതസാരംതന്നെ
ഭംഗിയൊടങ്ങുവിളങ്ങീടുന്നു;
മറതിലൻപൊടുസാഹിത്യാമൃത-
മറമകന്നുവസിച്ചീടുന്നു;
മുറുംകേൾക്കുന്നേരംതന്നെ
പറന്നുരസമൊന്നിലുമന്ദം;
മറതുപിന്നെവിചാരിക്കുമ്പോ-
ളേറംതെളിവുവരുത്തീടുന്നു
എന്നതുകൊണ്ടീരണ്ടുകുചങ്ങളിൽ
നിന്നുഗളിക്കും പീയൂഷത്തെ
ഇന്നടിയത്തിനു ബുദ്ധികളുപ്പാൻ
തന്നരുളേണമൊരല്പംപോലും

വൃന്ദാരകകുലവന്ദിതനാകിന
നന്ദതനുജൻ സുന്ദരവദനൻ
വൃന്ദാവനതലലീലാലോലൻ
മന്ദാരകുസുമാഞ്ചിതമാലൻ
വന്ദേയിരുൾ രുചിമാലതമാലം
വൃന്ദാരകപശുപാലനശീലൻ
മന്ദതരമദഭാനവകാലൻ
ഇന്ദീവരദളലോചനനീലൻ;
ഇന്ദ്രോപമകലിതാചലലീലൻ
നന്ദിതപശുപവധൂജനജാലൻ
നന്ദജനനുപമപീതദുകൂലൻ
പാർത്ഥനുസാരഥിയായിക്കനിവൊടു
തേർത്തടമേറിപ്പടകളിലുടനേ
പാർത്ഥിവരാമരിജാലമൊടുക്കി
പാർത്തലമങ്ങു കവിഞ്ഞു വിളങ്ങിന

കീർത്തിനടത്തീടുഖിലജനാനാം
ആർത്തികളെല്ലാം തീർത്തരുളീടിന
മൂർത്തിനമുക്കിഹ കീർത്തിവരുത്താൻ
ഛീർത്തൊരു കരുണ നിവർത്തീടേണം;
ധൂർത്തുപെരുത്തൊരു കുരുകുലമെല്ലാം
പാർത്തിരിയാതെയമർത്തുപോലെ
നമ്മുടെ വൈരിസമൂഹമമർത്താൻ
അംബുരുഹതടിനീ പുരവരമമരും
കംബുകരോപരിശോടിതകരനാം
അംബുജനയനൻ കനിവൊടുനമ്മെ
കൺമുനകൊണ്ടു കടാക്ഷിക്കേണം.

കാട്ടിലണഞ്ഞൊരു വേട്ടക്കായി
പാട്ടിലിണങ്ങിന പടയൊടുകൂടി
ചട്ടയുമിട്ടൊരു വേലുമെടുത്ഥ
ചട്ടറവീടിന പച്ചപ്പട്ടം
കെട്ടിയുടുത്തൊരു വാലുംതൂക്കി
ചട്ടറവീടിനകുതിരയുമേറി
കാട്ടുമൃഗങ്ങടെ ക്രൂരമശേഷം
വെട്ടിവധിച്ചു വിശിഷ്ടതയോടെ
വാട്ടമകന്നിഹതകഴിയിൽ മരുവും
വിഷ്ണുപനായകനാകിയ ശാസ്താ-
വിഷ്ടം നൽകിപ്പുഷ്ടിവരുത്തി
ദുഷ്ടവിനാശനനാകിയ ദേവൻ
ഇഷ്ടിനമുക്കു വരുത്തീടേണം.

ജംഭാരിപുരത്തിൻറ സംഭോഗകരമായ
സംഭാരമെല്ലാം ക്രുദ്ധിസമ്പാദിച്ചുണ്ടായൊരു
ചെമ്പകശ്ശേരിനാട്ടിലിമ്പമായ്വാണരുളും
തമ്പുരാനെൻറ ദേവനാരായണഭൂപാലൻ
കൈപ്പോടു കരുണയാലെപ്പേരും കാത്തീടേണ-
മിപ്പാരിലഗ്രങ്ങളെപ്പേരും കളഞ്ഞെന്നെ
സല്പാത്രമാക്കിപ്പരിപ്പാലിക്ക! വണങ്ങുന്നേൻ

അംഭോജാലയനായ വിരിഞ്ചനു-
മംഭോജായത്നയനൻ വിഷ്ണുവു-
മംഭോജാകരബന്ധുദിനേശനു-
മംഭോജാകരവൈരിശ്ശാങ്കനും
അംഭോജാത്മജയാകിയ ലക്ഷ്മിയു-
മംഭോവായുമഹീദഹനൻ ബത
സംഭാവിതമാം ഭൂതമശേഷം
ജംഭാരാതിയുമമരന്മാരും

Digitized By Kerala Sahitya Akademi

കുംഭജനാദിമഹാമുനിവരനും
കുംഭിവരാനനനാമവനം ശര-
സംഭവനായകുമാരൻ താനും;
കുംഭോദരമുഖഭൂതഗണങ്ങളു-
മമ്പൊടു നമ്മുടെ കവിഗ്രന്ഥത്തെ
സംഭാവിച്ചു തുണച്ചീടേണം.

ഗുരുചരണാംബുജയുഗളം നമ്മുടെ
കരളിൽ പരിചൊടു മരുവിടേണം
ഗുരുവരചരണം കൊണ്ടു ലടിക്കാം
സുരവരമന്ദിരവാസംപോലും
ധരണിസുരന്മാർ മകുടാമണി
വരനല്ലോ മമ ഗുരുവായ്നാഥ
സരസഗുണാകരനഖിലനരാണാം
ദുരിതനിവാരണ കാരണഭൂതൻ
തന്തിരുവടിയുടെ കൃപയുണ്ടെന്നാൽ
എന്തു നമുക്കിഹ വശമല്ലാത്തു
അന്തണരെല്ലാം സന്തതമെന്നാ
ചിന്തതെളിഞ്ഞിഹ കാത്തീടേണം.
ചെന്തളിരടികളിലടിയൻ വിരവൊടു
ശാന്തന്മാരെ വണങ്ങിടുന്നേൻ.
മന്ദേതരഗുണമന്ദിരനെന്നെൻ ഗുരു
നന്ദിതനാകിയ ബാലരവിക്കും
നന്ദിവരുത്തും പരദൈവതമേ!
സുന്ദരികണ്ഠംകരിപുഗമനും
വൃന്ദാരകകുലവന്ദിതചരണ!
വന്ദേഭഗവതി നന്ദിതഭവന!
മന്ദാശയനാമടിയനു വിരവൊടു
നന്ദിച്ചാശ്രുതുണച്ചീടേണം

"ചീയതേ ബാഹ്യേന്ദ്രിയവ്യാപി
സുക്ഷുത്പതിരാകൃഷ്ടി
നശാലേസ്തംഭൊകരിതാ
വപ്തുർഗ്രണദപേക്ഷതേ."

കുറവില്ലാതുള്ളക്ഷരവിദ്യക-
ളറിവാന്മാത്രം ബുധിനുമില്ല
അറിവുള്ളതിനെപ്പുരയിൽ ചെന്നാൽ
പറവാൻ വാക്കിനു കൊശലമില്ല;
ചിലവകനാടകകാവ്യാദികളിൽ
ചിലവും കവിതാമാർഗ്ഗവുമില്ല
ചിലവസ്തുക്കൾ ചമയ്ക്കാമതിനൊരു
വിലപിടിയാ ചിലർ കേൾക്കുന്നേരം
അങ്ങിനെയുള്ളൊരു മാനുഷനാകിലു-
മിങ്ങിനെയുള്ള മഹാജനസഭയിൽ
ചെന്നൊരു വിദ്യപ്രയോഗിച്ചാലതു
നന്നെന്നുള്ളതു വന്നുഭവിപ്പതു
സജ്ജനസഭയുടെ സൽഗ്രണഗണ്യത
ഇജ്ജനമതിനാളായിട്ടല്ല;
വളമേറിന കണ്ടത്തിൽ വിതച്ചാൽ
വിളവൊരു പത്തിനു സംശയമില്ല
വളമില്ലാത്ത പറമ്പിൽ വിതച്ചാൽ
അളവേവിത്തും കിട്ടുകയില്ല
കണ്ടത്തിന്റെ ഗുണം കൊണ്ടേവിള-
വുണ്ടാവുള്ളൂ വിതച്ചതിലധികം
കൊണ്ടിഹചെന്നു വിതയ്ക്കുന്നവനെ-
ക്കൊണ്ടൊരു കായ്യം വരുവാനില്ല;
നല്ലകൃഷിക്കാരൻ താൻവിത്തൊരു
കല്ലിൽ വിതച്ചാൽ കരികേയുള്ള
നല്ലൊരു വയലിലുഴുതു വിതച്ചാൽ
നെല്ലൊരു നഴികൊരുപറവിളയും
എന്നകണക്കേകേൾക്കുന്നവരറി-
യുന്ന ജനങ്ങൾ മാത്രുകളെങ്കിൽ
ഇന്നവനെന്നില്ലവനുടെ വാക്കുകൾ
നന്നെന്നംവരുമിതിനുടെയർത്ഥം
അക്ഷരമെന്നാലമ്പതുമൊന്നുമ-
തിൽപരമെങ്ങാൻ കേൾപ്പാനുണ്ടോ!
പ്രാകൃതമൊന്നുംസംസ്കൃതമെന്നും
വ്യാകരണം പതിനെട്ടു പുരാണം
സൂത്രം നാടകകാവ്യശ്ലോകം
ശാസ്ത്രം പലവക ചമ്പുഭ്യാൽക്കഥ
ഗദ്യഗ്രന്ഥം പദ്യഗ്രന്ഥം
ഗണിതം വൈദ്യം വൈദികതന്ത്രം
ഇത്തരമനവധി പുസ്തകജാല
സമസ്തവുമമ്പത്തൊന്നിലടങ്ങും
അക്ഷരമീവകക്കുട്ടിച്ചേർത്തതി-
ലക്ഷതമാകിയരസമുളവാക്കി
പ്രാസവുമർത്ഥവുമിടചേർത്തിതു-
ള്ളാസ്യരസങ്ങളുമങ്ങുളവാക്കി

Digitized By Kerala Sahitya Akademi

തീക്കും നല്ലൊരു കവിയുടെ കവിതകളം
കേൾക്കും പരിഷകളെത്രസിക്കും
കണ്ണങ്ങടയ്ക്കു സഹിക്കാത്തുള്ളൊരു
വണ്ണമതാക്കിച്ചൊല്ലും ദുഷ്കവി
ഇത്ഥം സൽക്കവിദുഷ്കവിഭേദം
സിദ്ധമതായ്ത്തരമെന്നിതിനർത്ഥം
ശിക്ഷയിലൊരു സാദൃശ്യം ചൊല്ലി
തൽക്ഷണമിഹഞാൻ ബോധിപ്പിക്കാം
വൃത്തവിയുമപ്പും വഹ്നിവരുത്തും
വായോമാകാശമിവയഞ്ചും
സാധനമഖിലശരീരം തീർപ്പാൻ
സാധുവതാകിയ ബ്രഹ്മാവിന്നും
ചട്ടികലംകുടമെന്നിവയെല്ലാം
കൊട്ടിത്തീക്കും കുശവന്മാക്കും
ചട്ടമിതെല്ലാമൊരു പോലിരുവരു-
മൊട്ടും ഭേദവുമില്ല നിനച്ചാൽ
മണ്ണും വേണം ജലവും വേണം
മണ്ണതു ചുടുവാൻ തീയും വേണം
ആയതു തീർത്താൽ വെള്ളം വലിവാൻ
വായുവുമതിലുള്ളാകാശവുമാം
ഭൂതമതഞ്ചും കുശവനു വേണം
ബ്രഹ്മാവിന്നതുതന്നേ സാധനം
ഇന്ദ്രാദികളാമമരന്മാരും
ചന്ദ്രദിവാകരചാരണഗണവും
മനുജന്മാരും ദനുജന്മാരും
മനുമുതലായ മഹീശന്മാരും
ഫണികളുമനവധി പലപല ഭുവനേ
പണിക്കുടാതെ ചമയ്ക്കും ബ്രഹ്മൻ
ആയതുപോലേ വരുമോ കുശവൻ
നായർ ചമയ്ക്കും കലവും കുടവും
സാധനമൊന്നെന്നാലുമതിങ്ങിനെ
ഭേദവിശേഷം വരുവാൻ സംഗതി;
ഇത്ഥം സൽക്കവിദുഷ്കവിഭേദം
സിദ്ധമതായ്ത്തരമെന്നിതിനർത്ഥം.

പണ്ടുസ്യമന്തകമെന്നതു കാരണ-
മുണ്ടായോരപവാദകളങ്കം
പണിപലചെയ്തു സമസ്തമൊഴിച്ചു
കരുണാകരനതു കേട്ടിട്ടില്ലേ?

അരുളിച്ചെയ്താനലകടപെരുമാ-
ളതുഞാനേതും കേട്ടിട്ടില്ല,
അക്കഥനമ്മോടറിയിക്കേണം
സൽക്കഥകേട്ടാൽ ദുരിതം നീങ്ങും;
എന്നതു കേട്ടു തെളിഞ്ഞാസചിവൻ
വന്ദിച്ചങ്ങു പറഞ്ഞു തുടങ്ങി:—
ലക്ഷ്മീകുചതടകം കമ്രരേഖാ
ലക്ഷ്മീലളിതഭുജാന്തരനാകിയ
ലക്ഷ്മീപതിനിജഭക്തജനാനാം
ലക്ഷ്മീവിതരണശീലൻ ഭഗവാൻ.
ലക്ഷ്മീഭഗവതി രുക്മിണിയോടും
ലക്ഷ്മീവാനൊരുമിച്ചു വസിച്ചു;
മന്ദിരപൂർത്തികരം കീർത്തിപ്പാൻമമ
മന്ദതകൊണ്ടതിദുഷ്കടമില്ലാ;
മന്ദരശൈലമഹാശിഖരങ്ങളു-
മന്നതിനോടെതിരാകുന്നതുതുല്യം;
ചന്ദനവാടിയിലിടചേർന്നിടിന
സാന്ദ്രാലയശതമുൾക്കൊരു ഭാഗേ;
ചന്ദ്രികതട്ടിയലിഞ്ഞൊഴുകീടിന
ചന്ദ്രോപലപലമതിലുകളതുലം
ചന്ദ്രാനനമാർ പതിനായിര-
മിന്ദ്രാവരജമനോഹാരിണിമാർ
സാന്ദ്രമനോഹരഗാനാരംഭേ
മന്ദമണഞ്ഞു പുണർന്നു പുണർന്നും
കന്ദകുരണ്ഡകമാലകമാ ചൂടി
കന്ദുകതാഡനലീലകളാടി
ഇന്ദിശമലഹരിബലഹരിപാടി
ഇന്ദളമെന്നിവസരസംപാടി

അങ്ങാടിയതുതന്നിലെങ്ങാനുമൊരുമിശ്രി
പാടേകനകപ്പൊടിക്രടെയിടകലർന്ന
മുത്തുമണിപലതുമുത്തുംഗകാന്തിയോടെ
വിങ്ങുന്നപാതിരാവിലെങ്ങും നടക്കുന്നേരം
കണ്ടാലതിങ്കലൊട്ടുമുണ്ടാകയില്ലരുചി;
കാണാതപഹരിക്കകാണിപോലുമില്ലെന്നു
പ്രാണികൾക്കെല്ലാമുണ്ടു പ്രാണാപായത്തിൽഭ-
നാടുമകന്നനിശി കാടുകൾതോറുംനല്ല [യം
ചൊടുമിറക്കിച്ചിലകേഴമിഴിമാർതാനേ
പേടിയുംതുടിഞ്ഞങ്ങുതാനേകിടക്കുന്നേരം

Digitized By Kerala Sahitya Akademi

വേടക്കുലങ്ങളെല്ലാമോടിയകന്നീടുന്ന
ഭൂത്രയുമല്ലതിലും ചിത്രമിതെന്നുപാരം
പെട്ടന്നുറങ്ങുന്നേരം ചട്ടറവായുതാനും
പെട്ടന്നിളക്കുന്നില്ലതട്ടാതെപോയീടുന്ന
ഏവംനിജപുരിയിൽ ദേവൻ സുഖിച്ചുബല-
ദേവൻതന്നോടുക്രൂടെമേവുന്നകാലമങ്ങു
വൃത്രാരിസഹജന്നുമിത്രമായ്വസിക്കുന്ന
സത്രാജിത്തൊരുദിനംമിത്രനെസ്സേവിപ്പാനായ്
കാലേകളിച്ചു ചിലമൂലമന്ത്രംജപിച്ചു
ചാലേസമുദ്രന്തന്നേറക്കുലേവസിച്ചു രവി
തന്നെസ്തുതിച്ചുനവനാനോരമാടലോടെ

ഭംഭോജാകരതോഷണം ത്രിജഗതാ-
മാനന്ദസംപോഷണം
ഗംഭീരാമയശോഷണം വരതര
ശ്രീമന്മഹാട്ടീഷണം
ഡംഭോഹമ്മതിദുഷണം സുരഗിരേ-
രേകംമഹാഭ്രൂഷണം
സ്തംഭിന്നാരിഷുരോഷണം പ്രതിദിനം
വന്ദാമഹേപൂഷണം.

അംബരചാരിൻ! അംബുജധാരിൻ!
ഉരുതരദുരിതമഹാമയഹാരിൻ!
മണ്ഡനധാരിൻ! ഖണ്ഡിതവൈരിൻ?
ദിനമണിനിഖിലചരാചരഹാരിൻ!
കാമവിസാരിൻ കോമളധാരിൻ
ജയജയ! ദിനകരവാതാഹാരിൻ!
ഒട്ടൊഴിയാതെചരാചരമെല്ലാം
ഒട്ടുപുലമ്പുതുടങ്ങുന്നേരം
ഒട്ടുംതാഴ്ചവരാതെഗമിച്ചുട-
നോട്ടംതേടിനടന്നീടുകയും
വാട്ടമകന്നുപിടിച്ചുകളിച്ചും
വേട്ടകളാടിനടന്നുരസിച്ചും
പാട്ടിലിരുന്നുരസിച്ചുമുടിച്ചും
തണ്ടാർമലർശരമേറുവലഞ്ഞും
തണ്ടാർമിഴികളെയങ്ങുതിരഞ്ഞും
തേടിനടന്നുനടന്നുവലഞ്ഞും
തണ്ടിലിരുന്നുശരീരമുലഞ്ഞും
ക്ഷണമാശ്രുകഴിച്ചുകിടന്നും
ഭിക്ഷകളേറുവിശന്നുതളർന്നും
രക്ഷകരംചെയ്തുതിനങ്ങുനിഞ്ഞു

രുക്ഷമതാംചില കുന്നുകടന്നും,
ദുഷ്ടവിചേഷ്ടിതമൊക്കെലഭിച്ചും
ശിഷ്ടജനത്തെയടിച്ചുപിടിച്ചും
കഷ്ടമഹോചിലർ കള്ളകുടിച്ചും
പുഷ്ടമിറച്ചിയെടുത്തുകുടിച്ചും
നിന്തിരുവടിയുടെചരിതമിതെല്ലാം
സന്തതമഖിലംകാണാകുന്ന
സൃഷ്ടിക്കുന്നഭവാനിഹലോകേ
പുഷ്ടതയാപരിപാലിക്കുന്നു,
ദുഷ്ടരെയൊക്കെയൊടുക്കീടുന്ന
വിഷ്ണുപമൊക്കെവഹനിച്ചീടുന്ന
ജനനംചെയ്തുമവനംചെയ്തു
മഖിലചരാചരഹനനംചെയ്തു-
മനവരതംദിനനാഥ! കൃപാലോ
നനുകലയാമിഭവാനിഹനൃനം
ശങ്കരനായതു നിന്തിരുവടിതാൻ
ശങ്കയെനിക്കിഹതോന്നുന്നില്ല;
പങ്കജനാഭൻ നിന്തിരുവടിതാൻ
പങ്കജഭവനം നിന്തിരുവടിതാൻ,
വൃന്ദാരകപതിയാദിയതാം സുര-
വൃന്ദമശേഷം നിന്തിരുവടിതാൻ,
നിൻകഴലിന്നിഹകുപ്പീടുന്നോൻ
നിൻകൃപയെങ്കലുദിച്ചീടേണം
എന്നിവപലവകചൊല്ലിനമിച്ചു.
ഇന്ദ്രിയമഖിലമടക്കിജയിച്ചും
ഘോരമതായതപസ്സിലുറച്ചും
വാരിജബന്ധുമനസ്സിലുറച്ചും
പഞ്ചപാവകമദ്ധ്യഗനിന്ദ്രിയ
പഞ്ചകത്തെജയിച്ചുനിതാന്തം
പഞ്ചലത്തെവെടിഞ്ഞൊരുനേരം
നെഞ്ചകത്തുമുദിച്ചുദിനേശൻ;
അഞ്ചിതായതലോചനനാമവ-
നഞ്ചുനീളിനകത്തൊരുഭേദം
തഞ്ചിനാനൊരുകാന്തിവിശേഷം
പഞ്ചസായകനോടുസമാനൻ
നെഞ്ചിലെപ്പൊഴുമഞ്ചിതമാകിന
വാഞ്ഛിതംമമനൽകണമിപ്പോൾ
കന്ദമൂലഫലങ്ങളും ദലങ്ങളി-
ലൊന്നിലുംരുചിയില്ലവനന്നു

Digitized By Kerala Sahitya Akademi

മന്ദവാതമതെന്നിയേമറവ-
യൊന്നുവേണ്ടുളുജിപ്പതിനായി,
ഡംബരങ്ങളകന്നിതുദേവാ-
ലംബനംരവിയെന്നുമുറച്ചു
ദേവദേവദിവാകര! പാലയ!
കേവലാഗമമാകിയമൂർത്തേ!
ദേവസേവിൻനായടവാൻടെ
സേവചെയ്യുതിനാരിഹപോരും
ഇത്തരം പലവാക്കു പറഞ്ഞതി
ഭക്തിയോടെ വണങ്ങി വണങ്ങി
ആത്തമോദം തപ്പസ്സു തുടങ്ങിനാ-
നാത്തിതീക്ഷ്ണമെന്നാവനപ്പോൾ
ഭാനുനാരം ദിനനാഥമവൻതാ
മുന്നിൽപ്പരിചൊടു കാണായ് വന്നു
മന്ദസ്മിതവും തുകിനികാമം
മന്ദമൊരക്ഷരമുരുളിച്ചൊല്ലി;
ഛന്തകുമാരക! ചൊല്ലുണം നീ
ചിന്തയിലെന്തു നിനക്കുരിലാഷം?
സന്താപങ്ങളകന്നീടേണം
സന്തതമോദം വന്നീടേണം
ആത്തികളൊക്കെയകറ്റീടേണം
കീർത്തി നിനക്കു നടന്നീടേണം
ചിത്തഗുണങ്ങളിണങ്ങീടേണം
പൂർത്തികളാർത്തു വിളങ്ങീടേണം
ഇത്തരമുള്ള ദിവാകരവചനം
സത്വരമവിടെക്കേട്ടുശയാം
അത്തലകന്നിഹസത്രാജിത്തും
ഇത്തരമിത്ഥമുണത്തിച്ചുമുദാ;—
ദുഷ്കൃതികൊണ്ടു ഗൃഹത്തിലിരിപ്പൂ൯
ദുഷ്ടമെന്നതറിഞ്ഞീടേണം
സച്ചമറിഞ്ഞൊരു നിന്തിരുവടിയൊടു
സാപ്രതമെന്തിനുണത്തിക്കുന്നു?
പാരിടമൊക്കെയടഞ്ഞു നിറഞ്ഞൊരു
ക്രൂരിരുളൊക്കെയടക്കിക്കളവാൻ
കാരണമായൊരു തേജസ്സുണ്ടു
ചാരുതരംതയി കാണാകുന്നു;
അടിയനുമൊന്നതു തന്നരുളേണം
മടിയരുതേതും കരുണാസിന്ധോ
ഞ്ഞടിമലർ കുമ്പിടുന്നോർക്കഭിലാഷം
വടിവൊടു നിന്തിരുവടി നൽകുന്നു;
ഇത്തരമുള്ളൊരു സത്രാജിത്തിൻ
ചിത്തമനോരഥ സാരമറിഞ്ഞു
ഉത്തമനാകിയ സൂര്യൻ ഭഗവാൻ
ഉത്തരമൊന്നിദമരുളിച്ചെയ്തു:—

ഭോ! ഭോ! സത്രാജിദ്രാജിതപദകമലാ-
ലംബനം സാപ്രതം തേ
ദാരും ചേതോനുകൂലം കിമപിപടുതരം
നൈവലോകേ വിലോകേ
കാമംകാമപ്രദായീവപഷിവിജയതേ
കോപിചിന്താമണിർമ്മേ
സപ്താനാമഷ്ടഭാരം ദിനമനുജനയേ
ദേഷ്ടാസ്യാമിതൈവം.

ഇത്തരമുള്ളൊരു പദ്യം ചൊന്നാ-
നുത്തമനാകിയ സൂര്യഭഗവാൻ;
ആത്മഹിതിന്നറിവാൻ പണിയെങ്കിൽ
ആത്മംഭാഷയിലങ്ങറിയിക്കാം
കൈകൊണ്ടോട്ടറിയിച്ചീടേണം
മൈക്കാണ്ടോട്ട നടിക്കേണ്യം വേണം
എന്നതുകൊണ്ടുമറിഞ്ഞില്ലെങ്കിൽ
ചൊന്നതിനത്ഥം ചൊല്ലുന്നുണ്ടു
സത്രാജിത്തേ! കേട്ടാലും! നീ
ചിത്രം ചിത്രം! നിന്നുടെ ധൈര്യം
വല്ലവിമാരുടെ വല്ലഭനാകിയ
മല്ലവിലോചനനുല്ലാസേന
വാണീടുമ്പോൾ നിങ്ങൾക്കെല്ലാം
കണിപോലും വേദവുമില്ല;
എന്നതിലോറവുമൊന്നു തരുന്നതി-
നെന്തിഹവേണ്ടിതിചിന്തിതമിങ്ങു
പണ്ടിടയുണ്ടെടനേറംഗം തന്നിൽ
കണ്ടാലും നീ കണ്ണതയെന്യേ
ഛന്തസ്യമന്തകമെന്നമഹാമണി
കാന്തികരംകൊണ്ടതികാന്തമിതല്ലോ
നിത്യം നിത്യം പൂജിക്കേണം
ചിത്താനന്ദം സേവിക്കണം
എട്ടെട്ടഭാരം പൊന്നുദിനംപ്രതി
മുട്ടാതേതരുമിമ്മണിരാജൻ;

Digitized By Kerala Sahitya Akademi

എന്നാലിതു നീ മേടിച്ചാലും!
തന്നീടുന്നെനിന്നിതു തന്നെ.
ശിക്ഷയിലിന്നിതു സൂക്ഷിച്ചുങ്ങിനെ
രക്ഷിക്കേണമിതെന്നരുൾചെയ്തു.

സ്യമന്തകംമണികൊടുത്തു സുയ്യൻ
സമന്ത്രമങ്ങിനെ മാഞ്ഞനേരം
അമന്ദവേഗമൊടവൻ നടന്നു
ക്രമേണകാനനതലം കടന്നു
ഗളത്തിലമ്മണി വിളങ്ങിയപ്പോൾ
കളത്തശോകേൾ നിറഞ്ഞു കണ്ടു;
പുരത്തിലങ്ങവനടുക്കുമപ്പോൾ
കടുക്കനേ ചിലരകന്നുനിന്നു
തെരുക്കനെച്ചിലരൊരുക്കിയെല്ലാ-
മുരുത്തിരിപ്പിന്നൊരുമ്പെടുന്നു;
ദിനേശനുണ്ടിഹ വരുന്നു താനേ
ജനേശനെപ്പുനരണഞ്ഞു കാൺമാൻ
ജനങ്ങളിങ്ങനെ നിനച്ചു തൽക്ഷണ-
മനേകസംഭ്രമമകന്നു നിന്നു,
അക്കനെഴുന്നള്ളുന്നതു കാൺമാൻ
വെക്കം ചെന്നു നിറഞ്ഞു ജനങ്ങളും
ദിക്കുകളിൽ ചില തിക്കുതുടങ്ങി
പൊക്കത്തിൽചിലരേറിനിരന്നു
അച്ചികളെല്ലാം കാഴ്ചയിൽതന്നി-
ട്ടച്ചുത്തിൽ ചില വാക്കുതുടങ്ങി
ഇച്ചിരിയമ്മേ! നിച്ചിരിയത്തി;
ഇച്ചിരിയോട്ടം നന്നല്ലേടി!
കൊച്ചുകളോടു കളിച്ചിരിയാമൽ
കാഴ്ചയിലിച്ചനിനക്കുണ്ടെങ്കിൽ
കാച്ചിയ പൂടവയുടുക്കുതായോ!
പച്ചപ്പുഴുവും തേക്കുതായോ
കുഞ്ഞിപ്പെണ്ണിനു കുഞ്ഞികുടിപ്പാൻ
കുഞ്ഞുകുരഞ്ഞിട്ടാവതുമില്ല;
മഞ്ഞത്തുകിലും കുഞ്ഞിപ്പൂടവയു-
മാഞ്ഞുപിടിച്ചൊരു കുഞ്ഞച്ചാരും
കുഞ്ഞിക്കാവും അവളുടെ മകളും
പാഞ്ഞിതപോരൂ കാഴ്ചകൾ കാൺമാൻ;
മായച്ചിക്കൊരു നായർ വരാനു-
ണ്ടായതു കൊണ്ടവൾ പോരുന്നില്ലാ
മായം വേണ്ടയിതേറെ മദിച്ചാൽ
തായം തെറ്റുമതോത്തീടേണം
ചക്കിക്കുണ്ടൊരു ചക്കരവായൻ
ചക്കച്ചാരെന്നക്കരവീടൻ
തക്കംനോക്കിയടുക്കുന്നേരം
വെക്കമൊടവനെപ്പോക്കണമെന്നു
നീലിപ്പെണ്ണവൾ താലിയണിഞ്ഞും
ചേലഞ്ഞൊറിഞ്ഞും മാലയണിഞ്ഞും
കേളച്ചാരുടെ കോലം കണ്ടും
കാലം പോയതറിഞ്ഞില്ലവളും;
ഇങ്ങിനെയോരോവാക്കുകളോരോ-
നാംഗനമാരു പറഞ്ഞുതുടങ്ങി
തെക്കൻ കത്തിയെടുത്തൊരു തോളിൽ
തൂക്കിക്കൊണ്ടൊരു ക്രുദ്ധം വിളിച്ചു
ചെക്കനെയങ്ങു മറിഞ്ഞഥനോക്കി-
ച്ചിക്കെന്നങ്ങു നടന്നു തുടങ്ങി,
പൌരന്മാരതു നേരമതെല്ലാം
നാരായണനോടറിവിപ്പാനായ്
ദ്വാരകതന്നിൽ ചെന്നൊരു സമയേ
നാരായണനെക്കാൺമാറായി
വൃഷ്ണികുലത്തിന്മകുടമഹാമണി
കൃഷ്ണൻ തിരുവടിതാനതുനേരം
വല്ലഭയാകിയ രുക്മിണിയോട്ടും
നല്ലവിശേഷം ചൊല്ലി രസിച്ചു
ശീതളമായൊരു മണിയറതന്നിൽ
മൂടും പടവുമെടുത്തുനിരത്തി
മൂതായുധസമനാകിയ ഭഗവാൻ
മൂടും പൊരുതു കളിച്ചുരസിച്ചു
ഇരുമൂന്നാറുകളിച്ചാലിന്നീ-
ക്കരുവതിനിക്കിഹവെട്ടാമെന്നും
പെട്ടെന്നിപ്പൊളൊരെട്ടു കളിച്ചാൽ
പെട്ടപരിച്ചതു വെട്ടാമെന്നും
പകിടകളിച്ചതു കപടം തന്നെ
പകിടികളെന്നൊട്ടു ക്രൂടായെന്നും
തോലിപിണഞ്ഞു നമുക്കെന്നാലെൻ
താലിയിലൊന്നു തരുന്നോൻ പണയം
കൊങ്കുകൾ രണ്ടും പണയം തന്നാ-
ലെങ്കിലൊരിക്കൽ പൊരുതാമെന്നും

Digitized By Kerala Sahitya Akademi

ഇത്തരമോരോവാക്കരുൾചെയ്തു
ചിത്തവിനോദത്തോടു വസിക്കും
പുരുഷോത്തമനെച്ചെന്നു വണങ്ങി
പുരജനമേവമുണർത്തിച്ചുമുദാ.

രാകാശശിവദന! ദേവശൌരേ! ജയ
ലോകാഭിരാമഗുണ! ദേവശൌരേ!
ലക്ഷ്മീരമണ! ജയദേവശൌരേ!
രക്ഷീണഭൂജബലദേവശൌരേ!
ഖിലാരസികതനോ! ദേവശൌരേവന-
മാലാവലിഭൂഷണദേവശൌരേ!
ആദിത്യദേവനിങ്ങെഴുന്നരുളീതാനേ
മോദേനഗോപുരത്തിൽ പാർത്തിടുന്നു;
കാന്തിപടലം കൊണ്ടീരാജധാനിയിലുള്ള
കാന്താരമഖിലം വിളങ്ങീടുന്നു;
നിന്നടിമലർ വന്നു ക്ലുപ്തവാനായവ-
നിന്നിഹവന്നീടുന്നു മോദമോടെ;
എന്നാലവനെയിന്നു കാണിക്കേണം
നന്നായിട്ടൊരു ഭിക്ഷ പാർപ്പിക്കേണം.

എന്നീവാക്കുകൾ കേട്ടുമുകുന്ദൻ
മന്ദസ്മിതമൊടുമൊന്നരുൾചെയ്തു
എന്നും ഭിനകരനല്ലവരുന്നതു
മന്മാരയു ബോധിച്ചാലും!
ൺംബരമാർഗ്ഗം തന്നിൽ വിളങ്ങുമൊ-
രംബരമണിയുടെ ബിംബമൊരുന്നാൾ
ഭൂവനിതലത്തിലിറങ്ങുകയില്ലെ-
ന്നാരിയരുതായോ! ദോഷന്മാരേ!
സത്രാജിത്തു തപസ്സു തുടങ്ങി-
ത്തത്രവസിക്കുന്നെന്നതു കേട്ടു
മിത്രവരം കൊണ്ടവനരുകേ കാന്തികരം
ഇത്രവിളങ്ങിയതെന്നറിയേണം;
ഇത്തരമൊന്നരുൾ ചെയ്യരുതായാം
സത്രാജിത്തുമണഞ്ഞുവണങ്ങി
വൃത്താരാതി സഹോദരനോടാ-
വൃത്താന്തങ്ങളുണർത്തിച്ചു മുദാ;
ചെന്താർമാനിനി തന്നുടെ കണവൻ
ചിന്തിതമെല്ലാമെന്നാനരുളിചെയ്തു;—
യാദവനിന്നുടെ രോഗ്യംകൊണ്ടു
സാരമായുലഭിച്ചിതു മണിയും

ഭൂമിയിലുള്ള ജനങ്ങൾക്കിതുണി
കാൺമാൻപോലും പണിയരുകെന്നാ
ലാക്കുന്നുനിങ്കലുദിച്ചൊരു കരുണയ-
തോക്കും തോറും ചിത്രം ചിത്രം!
പരമമഹാധനമാകിയരത്നം
പരിപാലിപ്പാനെളുതല്ലെല്ലും
ചോരന്മാരുണ്ടനവധി പാർത്താ-
ലാരെന്നാലും സൂക്ഷിക്കേണം;
നിങ്കലൊരമളിവരാതെയിരിപ്പാ-
നെങ്കിലതെങ്കിലിരുന്നീടട്ടെ!
ആശയതിങ്കൽ നടക്കില്ലെല്ലും
നാശം വരുമതുകൊണ്ടുപറഞ്ഞു:
ചിത്താനന്ദം മണിയിൽ വിളഞ്ഞൊരു
വിത്തമതൊക്കെ നിനക്കു തരുന്നോൻ
ഇത്തരമൊന്നരുൾ ചെയ്കയുകേട്ടതി-
നുത്തരമൊന്നവനരിയാടാതെ
ചിത്തംകൊണ്ടു ചിരിച്ചുതുടങ്ങി
സത്വരമങ്ങു നടന്നുതുടങ്ങി;
ദ്രവ്യത്തിങ്കലെയാഗ്രഹമെന്നതു
ഭവ്യന്മാക്കുമിളക്കരുതേതും
വിത്തത്തിൽ കൊതിയുണ്ടാമെന്നാൽ
ഇതുയതെന്നൊരു നിയമംവേണം;
കാറും മഴയും പെയിലും മഞ്ഞും
ഏറും കൊണ്ടുടനാടലിനോടേ
ഏറാമൂറക്കം മാറിപ്പുരിചൊട്ടു
നേരവു കിടന്നുടനേറമിരന്നും
പണിപെട്ടിങ്ങു നമുക്കു ലഭിച്ചൊരു
മണിപെട്ടന്നു പിടിച്ചുപറിപ്പാൻ
മടിക്രൂരാതരുൾ ചെയ്തൊരു വചനം
കടുതായുന്നുടനോക്കുംതോറും;
സ്വർണ്ണമഭീഷ്ടം തരുവനിതെന്നൊരു
കണ്ണാനന്ദം ചൊല്ലുകയുതു
പാട്ടിലണഞ്ഞ ധനത്തിലൊരല്പം
കൊടുക്കയില്ലീ യജമാനന്മാർ;
പെട്ടിയുറപ്പാനിന്നെളുതല്ലാ
പൂട്ടിയ പുരുഷൻ വീട്ടിൽ പോയി
നാളെ വരേണം വേണമതെങ്കിലൊ-
രാളെയയച്ചാലതുമതിതാനും,

Digitized By Kerala Sahitya Akademi

ഇങ്ങിനെയുള്ളൊരു ശാതപറഞ്ഞി-
ട്ടിങ്ങു ലഭിപ്പാൻ ക്രൂടുകയില്ല
ഇത്ഥം മനസി നിനച്ചും കൊണ്ടു
സത്രാജിത്തും ഭവനംപുക്കാൻ:
നിത്യവുമമ്മണിവച്ചൊരു പീഠേ
കേതിമുഴുത്തഥ പൂജകൾ ചെയ്തു
ചിത്താനന്ദം മണിയിൽ വിളഞ്ഞൊരു
വിത്തമെടുത്തു സുഖിച്ചു വസിച്ചു,

പ്രസേനനെന്നൊരു സഹോദരൻ താൻ
പ്രസാദമോടവനടുത്തു വന്നു
വണങ്ങിയമ്മണിഗുണങ്ങൾകൊണ്ടവ-
നിണങ്ങി നിന്നഥ പറഞ്ഞു കിഞ്ചന
കനത്തകൌതുകമിനിക്കു ചേതസി
ജനിക്കകൊണ്ടിതു നിനച്ചിടുന്നു
മനക്കരുന്നതിലനുഗ്രഹം മയി
നിനക്കു കിഞ്ചന ജനിച്ചിടേണം;
നിരാകുലം മമതരേണമിമ്മണി
ചിരേണവാഞ്ഛിതമെനിക്കു ചേതസി
സരോജവല്ലേ വരേണവന്നതു
കരേണ ഞാനതു ധരിക്കണം
ഗളത്തിലമ്മണിവിളങ്ങണം മമ
കുളുത്തശോകേകം നിറയ്ക്കണം
നെടുത്തകാനനമടക്കിവാഴും
മൃഗങ്ങളെപ്പലതൊടുക്കണം
മുടക്കിയമ്പുകൾതൊടുക്കണം മൃഗ-
നടിപ്പതും ചിലമുടക്കണം

സാദരമിങ്ങനെ സോദരവചനം
യാദവനമ്പൊടു കേട്ടദശായാം
ഖേദം മനസിജനിച്ചുതടക്കി-
സ്സോദരനമ്മണിയുടനേനൽകി;
അപ്പോഴമ്മണി ദമടിച്ചവനും
ശില്പമെടുത്തു കഴുത്തിലണിഞ്ഞു;
പച്ചപിളങ്ങിനകച്ചമുറുക്കി
പച്ചപ്പട്ടുമുടുത്തഥകെട്ടി
പച്ചപ്പരിചയുമസിയുമെടുത്തൊ
പച്ചക്കുതിരമെലേറി നടന്നു;
വേട്ടയ്ക്കിളമയെഴുന്നള്ളുന്നതു
കേട്ടതുനേരം നായന്മാരൊരു
കൂട്ടമിരുന്നു പറഞ്ഞുതുടങ്ങി
കൂട്ടിവിളിച്ചു പറഞ്ഞുതുടങ്ങി;—
നായാട്ടെന്നതു കേമ്പകം നേരം
നായന്മാക്കതൊരുത്സവമല്ലൊ
മായം ചിലവക ബോധിക്കേണം
തായംകൊണ്ടതു സാധിക്കേണം
നായ്ക്കളനേകം കൂട്ടം വേണം
നായാടികളുമൊരുവകവേണം
വലയും കെട്ടിയുറപ്പിക്കേണം
മലയും കാടുമിളക്കീടേണം
കലഹിക്കുന്ന മൃഗങ്ങളെയൊക്കെ
കൊലചെയ്യാനൊരു വിരുതും വേണം;
കണ്ടുചൊരു മരിച്ചുപ്പിന്നെ
തെണ്ടിപ്പെല്ലാം കൂടെ മറന്നു;
വേട്ടക്കളരിയിലെത്തുംപോഴും
കോട്ടമിതൊന്നും നമ്മുടെ കണ്ട-
ജ്യേഷ്ഠനിരുന്നന്നുണ്ടായില്ല;
നമ്പൻനായെക്കൊണ്ടൊരു കൂട്ടം
വമ്പെന്നാലതു മതിയായില്ല
വമ്പടയൊക്കെ കൂട്ടിക്കൊണ്ടു
മുമ്പിൽ നടപ്പാൻ പോരാതാനും;
പണ്ടു പടയ്ക്കു മുറിഞ്ഞപ്പിന്നെ
തിണ്ടലിനിക്കൊനേരായില്ല;
കേളച്ചുരുകൊടുത്തു വളത്തൊരു
കാളൻനായവനെങ്ങു തിരിച്ചു
ചീളനെത്തിപ്പന്നിത്തടിയൻ
വേളകൂടിച്ചു പൊളിപ്പാൻപോയി!
കേളച്ചുരുടെ കാളൻനായുടെ
ശീലം നിങ്ങളറിഞ്ഞിട്ടില്ല;
ചാലേപന്നികൾ കോലം കണ്ടാൽ
വാലും തറവുപറക്കും കള്ളൻ,
കറുമ്പനെന്നൊരുനായുണ്ടവനൊരു
തരിമ്പുപേടിയുമില്ലൊരു നേരവും
ഉരമ്പിനുള്ളൊരു വരമ്പുപററി
തരം വരുമ്പോൾ കടിയും കൂട്ടം;
ഓവളുമ്പനൻപൊട്ടുമൃഗങ്ങളോടേ
കലമ്പുവാൻമതിബലംകൊടാതെ
പെരുത്തവൻപുലിയുരത്തുവന്നാൽ
കഴുത്തറുപ്പാൻ കരുത്തുപോരും;

Digitized By Kerala Sahitya Akademi

കട്ടവായൊടൊരുകടികൊണ്ടന്നേ
നെട്ടവാലൻതന്നുടലുമുറിഞ്ഞു
അടവിയിലിന്നുരുനടന്നംചെയ്യാൻ
ഉടനേയിന്നാപടുവല്ലേയും
ചാത്തച്ചായുടെ ചാത്തൻനായും
തൊമ്മച്ചായുടെ തൊമ്മൻനായും
കണ്ടച്ചായുടെ കണ്ടൻനായും
കോരച്ചായുടെ വീരൻനായും
എന്നിവനായ്ക്കളനേകംവേണം
നിന്നുപിണങ്ങുമിണങ്ങുരുവേണം
പടയ്ക്കുനല്ലവനിടയ്ക്കുമാകാ-
യിടയ്ക്കുനല്ലവൻപടയ്ക്കുമാകാ
പടയ്ക്കുടുക്കും കണക്കുതന്നെ
കടുത്തവേട്ടയ്ക്കുരുമ്പേടണം
വെളുക്കുമപ്പോൾ കുളിച്ചുനല്ല
വെളുത്തമുണ്ടും ഞൊറിഞ്ഞുടുത്തു
വെളുത്തവെണ്ണീറെടുത്തണിഞ്ഞു
കുളുത്തചോറും ചെലുത്തിനന്നായ്
തളത്തിലേറിച്ചുരിഞ്ഞുറങ്ങും
ജളത്വമേറിന തനിച്ചുനായർ
പടയ്ക്കുചെന്നങ്ങടുക്കുമപ്പോൾ
പടയും കുടയും വടിയും പൊടിയും
പൊട്ടുപൊടെ വെടിയും ചാക്കും മുറിവും
വാക്കും തെറിയും ചോരപ്പുഴയും
തീരാപ്പുഴിയും കണ്ടെങ്ങുനേരം
തൊണ്ടനവൻറേറ തുടകളുരണ്ടും
കീറുകിടനെന്നവിറച്ചുവിറച്ചും
ഉടലുതളർന്നും പേടിവളർന്നും
പടലുതടഞ്ഞിട്ടവിടെമറിഞ്ഞും
വെക്കംവീട്ടിലടുക്കളതന്നിൽ
പുക്കൊരുവമ്പൻ കതകുമടച്ചു
കഴലപനിച്ചുകിടക്കെയുള്ള
കിട്ടച്ചായൊരുരുവേട്ടക്കിടയിൽ
കാട്ടിൽചെന്നൊരു കോട്ടിലുറച്ചു
ക്രൂരംപന്നികൾ ചാട്ടംകണ്ടി-
ട്ടോട്ടംകൊണ്ടിഹവീട്ടിൽപോന്ന
ങ്ങഷ്ടികൊതിച്ചുവസിച്ചീടുന്നൊരു
യഷ്ടിയുമെന്തിനുപോന്നീടുന്നു?

കണ്ണൻപഴവും ചോറുംകറിയും
പൊണ്ണത്തടിയാ കാട്ടിൽകിട്ടാ;
നാരായണനെന്നൊരുഭാവത്തോടെ
പിന്നുരക്കുറിയിട്ടുംകൊണ്ട്
വേട്ടയ്ക്കെന്തിനുതാൻപോരുന്നു?
കാട്ടിലിരിപ്പതുവേർപ്പുകളത്രേനാ?
കള്ളാ! ചെന്നുകളത്രംതന്നുടെ
പിള്ളയെടുത്തുകളിപ്പിച്ചാലും!
തുള്ളിവരുന്നകുരങ്ങുകണക്കെ
തുള്ളിവരുന്നൊരുകോന്തച്ചായുടെ
പിള്ളേരുടെയൊരു നായാട്ടിങ്ങിനെ
വള്ളികളേറിയിരുന്നുവിറയ്ക്കും
തള്ളപിരിഞ്ഞൊരുകുഞ്ഞുകളൊന്നിനു
കൊള്ളരുതെന്നതുകേട്ടിട്ടില്ലേ?
ചേന്നച്ചാക്കുതിടുക്കംവന്നു
തന്നുടെമകളവൾപെറ്റതുകൊണ്ടു
ഉള്ളിയരച്ചും മുക്കുടിവെച്ചും
വെള്ളംവെച്ചും കൊള്ളിപിടിച്ചും
ഉള്ളൊരുനേരമടങ്ങിയിരിപ്പാൻ
കള്ളപ്പാഴന്നെളുതല്ലേയും,
കൊട്ടാരത്തിൽകൊച്ചുപണിക്കരു
വേട്ടക്കായിപോകണമെന്നാൽ
മുമ്പിലൊരമ്പതകമ്പടിവേണം
പിന്നെച്ചിലവകവേറേവേണം
പെട്ടിയെടുപ്പാൻ പട്ടരുവേണം
കാലുതിരുമ്മാൻ നായരുവേണം
വേലുക്കാരനുമരികേവേണം
സന്ധ്യയെടുപ്പാൻ പൊതുവാൾവേണം
ചന്തംകൂട്ടിവനത്തിൽചെന്നാൽ
എന്തൊരുകായ്വും ചിന്തിക്കുന്നു!
കാട്ടിൽചെന്നു മഹാഷ്ഠംപറവാൻ
കൂട്ടിക്കൊണ്ടിഹപോകയുമല്ല
കല്പിക്കുന്നതുമെന്തിനുപാഴിൽ
കല്പനവന്നതുബോധിച്ചിതില്ല
തങ്ങളിലിങ്ങനെയോരോവാക്കുകൾ
അങ്ങുപറഞ്ഞുനിറഞ്ഞാൻപടയിട
തിങ്ങിയിടഞ്ഞുനടന്നുതുടങ്ങി
ഭംഗിയിണങ്ങിനകോപ്പുംകൂട്ടി

Digitized By Kerala Sahitya Akademi

തപ്പുമത്തളമിടക്കയുട്ടുക്കുകം
തിത്തിവീണമുഖവീണമുരശ്ശം
ചെങ്കിലാതിമിലനല്ലമുദംഗം
ചെണ്ടകട്ടന്തുടികണ്ണംജാലം
ഡിണ്ഡിമമംക്യമിടക്കയുട്ടുക്കുകം
മഡ്ഡ്യുത്ഥല്ലരികംത്ഥർത്സരവാദ്യം
ഇത്തരംവിവിധവാദ്യസമൂഹം
പത്തുലക്ഷമിവയൊക്കെമുഴക്കി
തിത്തിമത്തത്തരികിടകിടതക
തികധകിടധിമിതത്തധരികിട
കിടതകിജംത്ഥാംകിടതകിധോം
ധിത്താത്ഥുത്ഥനകിടതകിധത്തീം
ധക്കധരിക്കുധരിക്കുധകത്ഥുണ
കങ്കണതക്കുതിക്കുതക്കുട്ടേതക്കിടകിടരികി
ഇത്തരമുള്ളോരുഘോഷംപലവക [ത്രം
സത്രമങ്ങുടങ്ങീടുന്ന

വില്ലും നല്ലശരങ്ങളും ചുരികയും
ചക്രങ്ങളും ശൂലങ്ങളും
ചൊല്ലേറും ചിലകത്തിവാളുചവളും
തോക്കും മുനക്കത്തിയും
ഉല്ലാസത്തൊടെടുത്തടുത്തിടുടനേ
മെല്ലെപടക്കുട്ടമെ-
ങ്ങെല്ലാംക്രുക്കിവിളിച്ചുകാട്ടിനരികേ
വേട്ടയ്ക്കാരുമെപെട്ടുതേ.

പടയിളകീടിനസമയേ ശിവശിവ!
ഭടജനമുടനേത്ഥടിതിചവിട്ടി
ധരണിതലങ്ങളിടിഞ്ഞുപൊടിഞ്ഞും
പൊടിപടലങ്ങളുമവിടെനിറഞ്ഞു
ഞഖിലമെഴുന്നനിരന്നുപുരന്ന-
ങ്ങംബരസീമനിരവികിരണങ്ങളു-
മൊക്കെമാച്ചുടനവിടെയടങ്ങാ-
ഞ്ഞമരപുരത്തിനകത്തുകടന്നാ-
ഗംഗാജലവും ചെന്നുകലക്കി
വട്ടപ്പരിചയുടക്കിടുമപ്പോൾ
ചടുചടനെന്നൊരുകടുതരഘോഷം
എട്ടുദിഗന്തംപൊട്ടിച്ചീടിന
കൊട്ടംവെടികളുമൊട്ടൊഴിയാതെ

കേട്ടശ്രായാമഷ്ടമഥാഗജ
ക്കൂട്ടവുമുടനെഞെട്ടീടുന്നു;
മലകളുമാശുകുലുങ്ങീടുന്നു;
ജലധികളാശുകലങ്ങീടുന്നു
വിടപികളൊക്കെയുലഞ്ഞീടുന്നു;
തടിനികളൊക്കെയലഞ്ഞീടുന്നു;
ധരണിധരിപ്പാനെളുതല്ലാഞ്ഞി-
ട്ടരഗാധിപതിവലഞ്ഞീടുന്നു
കമ്മാധീശൻ തന്നുടെയുടലും
ചടുചടനെന്നുതകർന്നീടുന്നു;
ചാടിച്ചിലരുപിടിച്ചുകളിച്ചും
കുടെച്ചിലരുപിടിച്ചുതടുത്തും
വടികൾവലിച്ചുതടികളൊടിച്ചും
പടലിലടിച്ചും പൊടികൾതുടച്ചും
ശിലകൾപൊടിച്ചും വലകൾപടുത്തും
വഴികൾതടുത്തും വികടമടുത്തും
നായാട്ടിന്നിഹ നായന്മാരവർ
കാട്ടിൽചെന്നു നിറഞ്ഞൊരുസമയേ
നായാടികളും കാട്ടുമിളക്കി
രിക്കുകളിൽ ചില വലയുംകെട്ടി
തക്കമറിഞ്ഞുതിരഞ്ഞുമൃഗങ്ങളെ
വക്കാണത്തിനടുത്തൊരുസമയേ
സത്രാജിത്തിൻറനുജനുമപ്പോൾ
തത്രജനത്തൊടൊന്നരുൾചെയ്തു
വേടന്മാരിതുബോധിക്കേണം
കാട്ടുകളൊക്കെയുറപ്പിക്കേണം
കാട്ടീന്നൊരുമൃഗമോടിപ്പോയാൽ
കോട്ടംനിങ്ങൾക്കെന്നറിയേണം
പേടികൂറുംവേടന്മാരിൽ ചില-
രോടിയണഞ്ഞുപിണങ്ങീടേണം;
വേടന്മാരൊട്ടുകൂടിനടക്കണ-
മാടൽമനസ്സുതിലുള്ളവരെല്ലാം
അമ്പൊടുകുന്തക്കാരൊരുമിച്ചു
മുമ്പിൽനടന്നുപിണങ്ങീടേണം
വമ്പുടയൊക്കെയുറപ്പിക്കേണം
വമ്പുപറഞ്ഞാലെളുതാകില്ല,
വമ്പുലിവന്നിഹചാടീടുന്നതു
അമ്പൊടുകുന്തിനടന്നീടേണം.

Digitized By Kerala Sahitya Akademi

പ്രസേനനിങ്ങനെഗംഭീരമായി
സ്വസേനയോടഥപറഞ്ഞനേരം
പടഞ്ജനങ്ങൾ വനത്തിലപ്പോൾ
വെട്ടുത്തുകാടുകളിളക്കിമെല്ലെ
തുടങ്ങിനായാട്ടനേകമപ്പോൾ
ഒടുക്കമില്ലാമൃഗങ്ങളപ്പോൾ
പൊടുക്കനെച്ചിലപരിമേച്ചും
കടുക്കനെച്ചിലതിരിഞ്ഞുറച്ചും
നടുക്കമോടുടനൊളിച്ചൊളിച്ചും
നെടുത്തപല്ലുകളിളിച്ചിളിച്ചും
കടുത്തമാനുകളകന്നകന്നും
തടിച്ചുപന്നികളകന്നകന്നും
തനിച്ചുകാട്ടിൽ ജനിച്ചുഘോഷം
നിനപ്പതിന്നും പ്രയാസമല്ലോ;
കൊമ്പിന്മേൽ ചില കൊമ്പുകളുമൊരു
നമ്പയ്യലക്ഷം കലകളണഞ്ഞു
തനിച്ചുനവധിപന്നിക്കൂട്ടം
തിന്നുപിണഞ്ഞുചെന്നായ്ക്കൂട്ടം
കടമാനും ചില മരിമാനും പല-
നെടുമാനും ചില കുറുമാനുകളും
പുള്ളിപ്പുലിയും വൻപുലി ചെമ്പുലി
വള്ളിപ്പുലിയും വരിയൻപുലിയും
ഘനതരമാകിനവനമഹിഷങ്ങളു-
മെട്ടടിമാൻ പല കേഴക്കൂട്ടം
ന്യംകുകളും രംകുകളും ഗന്ധമൃഗങ്ങളു-
മളവില്ലാതൊരു കടമാനുകളും
ചമരിമൃഗങ്ങളനേകക്കൂട്ടം
കടുവാകരടികളും കേഴക്കൂട്ടം
ഭക്ഷതരക്ഷുകളുംഭല്ലുകങ്ങളു-
മക്ഷതബലമാന്നാനക്കൂട്ടം
സിംഹം പലവകവികടകരാളം
വ്യാളസമൂഹം നരകരടികളും
മുയലുകളും ചില മയിലുകളും വള്ള
കുറുനരിയെന്നിവജന്തുസമൂഹം
ഒക്കെച്ചുടികാടുകളുംതോറും
തക്കത്തിൽചിലപോട്ടിലൊളിച്ചും
വെക്കംചിലവകയോടിയണഞ്ഞും
നായ്ക്കളടുത്തുകടിച്ചുപൊളിച്ചും

വെട്ടുകളും കുത്തുകളും നീട്ടുകളെന്നിവ
വക്കാണങ്ങളനേകവിധങ്ങളും
വെടികൊണ്ടുമൃഗങ്ങളും മുറിഞ്ഞും
കടികൊണ്ടുജനങ്ങളും മുറിഞ്ഞും
കരടികളെത്തിയടിച്ചു കടിച്ചും
കടുവാക്കുട്ടമടുത്തു പിടിച്ചും
വ്യാഘ്രങ്ങളുമതിശീഘ്രമടുത്തും
ഊറത്തിൽചിലർ പന്നികളും തന്നുടെ
തേറകളേറുമരിച്ചുതുടങ്ങി
ഏറമടുത്ത ഭടന്മാരെല്ലാം
തോറുമടങ്ങി നടന്നുതുടങ്ങി
ഞാറ്റുവേലതിബലനാം യുദ്ബാലൻ
കെല്പോടണഞ്ഞഥവില്ലുമെടുത്തു
അത്ഭുതമായ് ശരമാരിചൊരിഞ്ഞു
ഇരുടവേഗമശേഷമൃഗങ്ങടെ
ദൃഷ്ടിമടക്കി മുടക്കിച്ചിലവഴി
ചാപമെടുത്തു തൊടുത്തഥവേഗാൽ
കോപമൊടാശുകടന്നു നാന്തേ
മത്തഗജങ്ങടെ മസ്തകസീമനി
പത്തുമുപ്പതുമമ്പുകളുടനേ
ഒത്തുതറച്ചാനന്തമവീരൻ
ഇത്തരമുള്ളമൃഗങ്ങളുമെല്ലാം
ആത്തൽപിണഞ്ഞിഹ പത്തുമറിഞ്ഞും
ശരമേറൻപൊടു ശരസമൂഹം
പരവശമായിമരിച്ചീടുന്നു
പന്നിക്കൂട്ടമതൊന്നിച്ചുനവധി
വന്നതശേഷം കൊന്നീടുന്നു.
കലവന്നിങ്ങൊരു വലയിൽചാടി,
പലരുംക്രൂടിക്കൊലചെയ്യേണം
പന്നികുന്തമെനിക്കുണ്ടെന്നാൽ
പന്നികളെച്ചിലകൊന്നീടുന്നേൻ
കുന്തമിനി മുറിഞ്ഞതുകൊണ്ടുട-
നന്തരമിപ്പോളുണ്ടായ്വന്നു;
മെല്ലെക്കരടിവരുന്നതുകണ്ടി-
ട്ടില്ലലൊടുംപുനരോടും നേരം
കല്ലുതടഞ്ഞുമറിഞ്ഞുടനെന്നുടെ
പല്ലുകളൊട്ടുകൊഴിഞ്ഞുംപോയി
കടുവായെന്നതു കേട്ടൊരുനേരം
ഝടിതിനടന്നിതുഞാനുംപരിചൊടു

Digitized By Kerala Sahitya Akademi

പടലിൽപോന്നുകടന്നുകിടന്നു
കടുവായച്ചുതികണ്ടതുമില്ല
ഇങ്ങനെയോരോജളതപറഞ്ഞും
തങ്ങളിലൊട്ടുവിളിച്ചുതെളിച്ചും
നായന്മാരിഹകാടുകൾതോറും
നായാട്ടാടിനടക്കുന്നേരം
കൊമ്പുകൾകൊണ്ടു ശിലാതലമെല്ലാം
അമ്പൊടുകുത്തിയടുത്തുപൊടിച്ചും
തുമ്പിക്കൈകൊണ്ടഖിലമരങ്ങടെ
കൊമ്പുകളാശു പിടിച്ചുമൊടിച്ചും
സംഭ്രമമോടുവനത്തിൽനടക്കും
കുംഭികൾതന്നുടെ കുംഭതടങ്ങളി-
ലുടനേചാടിയടുത്തുകടിച്ചും
തുടുതുടയുള്ളോരു ചോരകുടിച്ചും
കഠിനരവംകൊണ്ടടവികളെല്ലാം
കിടുകിടനെന്നുകുലുക്കിനടന്നും
വികടതടാകുലകട്ടതരമാകിന
മുഖമുയത്തിയെടുത്തൊരുനോക്കും
കടുതരമാകിനകണ്ണിലുദിച്ചൊരു
തീക്കനലുകളുടെ ക്രുദ്ധംകൊണ്ടും
കാടുംപടലുകളൊക്കെദഹിച്ചും
കടിലനഖങ്ങളിലുടനേ ചിലവക
കടുവാകരടികളെന്നിവ കോത്തും
സിംഹാരാനലഭീഷണനാമൊരു
സിംഹത്തടിയൻ ത്വടുതിയടുത്താൻ

രുണ്ടംരുണ്ടംക്രോരാരവപരകരിണോ
മണ്ടകോമണ്ടമാനോ
ലുണ്ടംലുണ്ടഞ്ചകണ്ണലുചനികഠിനതയാ
കണ്ടതാംഭ്രമിമുണ്ടൻ
ഗ്രുണ്ടംഗ്രുണ്ടഞ്ചകുണ്ടേതരമഡനിലയോഹന്ത
കണ്ടീരവോസൌ
വാനണ്ടെമണ്ടതാരീൻവികടഹടശ്കൈനെർ
വണ്ടയൻകണ്ടനാളം.

കല്ലുകടിച്ചുപൊടിച്ചീടുന്നൊരു
വല്ലികളൊക്കെവളഞ്ഞുപിരിഞ്ഞും
സ്ഫടതരമാകിന സടകൾകടഞ്ഞും
വിടപികളോടഥത്വടിതിതടഞ്ഞും
കൊടിമരമോടിഹ പടപൊരുതീടിന

നെടിയൊരുവാലുമുയത്തിക്കൊണ്ടു•
ആടവിതകർത്തുതിമർത്തുനടന്നും
മൃഗപടലത്തെയമർത്തുപിടിച്ചും
മൃഗയാജനത്തെയടുത്തു പിടിച്ചും
തുടുതുടയുള്ളോരു ചോരയണിഞ്ഞും
യദുസുതനോടതിഘോരമണഞ്ഞാൻ
ഭാസുരനാമാരുകേസരിവീരൻ
പഞ്ചാനനനെക്കണ്ടതുനേരം
നെഞ്ചിനകത്തൊരു ഭീതിവളർന്നു
ചഞ്ചലമാകിനടേജനമെല്ലാം
തഞ്ചമിളച്ചുവർ പാഞ്ഞുതുടങ്ങി!
വാളുംപരിചകടുത്തിലതോക്കുക-
ളാദികളാകുമൊരായുധമെല്ലാം
കൈകളിൽനിന്നുകളഞ്ഞുകളഞ്ഞു•
കാടുകളിൽ ചിലരോടിയൊളിച്ചും
യജമാനനെയുമുപേക്ഷിച്ചുവരും
അളവേപുരിപുക്കങ്ങുവസിച്ചാർ.
സിംഹം ത്വടിതിയടുത്തുപിടിച്ചു
പ്രസേനനേയും കുതിരയുമെല്ലാം
കഠോരമാകിന കരയുഗളംകൊ-
ണ്ടടിച്ചുകൊന്നങ്ങവനിയിലിട്ടാൻ;
സ്യമന്തകംമണിപറിച്ചുകൊണ്ടട-
നമന്ദസാഹസമവൻനടന്നു;
പെരുത്തകാനനതലത്തിലപ്പൊട്ട
കരുത്തനങ്ങനെ ചരിക്കുമപ്പോൾ.

സകലകപികുലതിലകഭൂപനാംജാംബവാൻ
സപദിനിജഗുഹയിൽ നിന്നിങ്ങുപോന്നേകദാ
വനഭുവിഫലങ്ങളെത്തണ്ടിമേവുംവിധൌ
ഘനകുതുകമോടവൻകണ്ടുമൃഗേന്ദ്രനെ
വികടമണിഭൂന്തി പടലവിതസിതശരീരനാം
മൃഗപതിയൊടെത്തിനേത്തീടിനാൻജാംബവാൻ

കുതുകമൊടുടൻ കളിച്ചൊന്നടിച്ചീടിനാൻ
അതുപൊഴുതവിടുപൊടിയായി സിംഹേന്ദ്ര-
മണിയതുമെടുത്തുടൻ പുക്കുഗുഹാന്തരേ [നും;
മഹിതഗുണശാലിയാം വാനരാധീശനും
ഉചിതതരകാന്തിയുള്ളൊരുരത്നമതും
കൊച്ചുനുകളിപ്പതിന്നായി നൽകീടിനാൻ;

Digitized By Kerala Sahitya Akademi

എട്ടെട്ടുരോരംധനംവിളഞ്ഞീടുന്ന
ചട്ടറ്റരത്നത്തിനൊട്ടല്ലസങ്കടം:
പെട്ടെന്നു കുഞ്ഞുങ്ങളങ്ങുമിങ്ങുംവലി-
ച്ചിട്ടുംവലിച്ചുംകളിക്കുമാറാകയാൽ.

സത്രാജിത്തതുനേരം സോദര-
നത്രവരാഞ്ഞതുകൊണ്ടകതാരിൽ
ചിത്തവിഷാദം പുണ്ടുടനവനുടെ
വൃത്താന്തങ്ങളം തിരഞ്ഞൊരുസമയേ
സത്യമൊരുത്തരുമുരചെയ്യാഞ്ഞി-
ട്ടത്തൽമുഴുത്തുവനത്തിൽനടന്നു
കാട്ടിൽനടന്നുതിരിഞ്ഞുതിരഞ്ഞൊരു
കോട്ടിലുമവനെക്കാണാഞ്ഞിട്ട
പെട്ടെന്നുടലുതളർന്മനസ്സും
കെട്ടുകരഞ്ഞുപുരംപുക്കുചരാൽ:
ഉദകക്രിയകളം കഴിച്ചൊരുവിജനേ
വദനംതാഴ്ത്തിവസിക്കുംനേരം
ബന്ധുജനങ്ങളുമളവേചെന്നവ-
നന്തികസീമനിനിന്നുപറഞ്ഞു
സന്താപിച്ചുകരഞ്ഞു വിരഞ്ഞാ-
ലെന്തൊരുഫലമിനിവരുവാനുള്ള!
ചിന്തിച്ചാലതു ഞങ്ങൾക്കേറാമൊ-
രന്തരമിന്നിഹതോന്നുന്നില്ല:
ഈശ്വരകല്പിതമെന്നതുപാത്താൽ
വിശ്വജനത്തിനൊഴിക്കാവോന്നോ?
കർമ്മത്താലെവരുന്നതുമെല്ലാം:
ശർമ്മമിതെന്നുനിനച്ചീടേണം:
ജനനമിതെന്നും മരണമിതെന്നും
മനുജന്മാക്കുവിധിച്ചതിതെല്ലാം
അനുജവിനാശം കല്പിതമെന്നാൽ
അനുഭവിയാതെയിരുന്നീടാമോ?
വീരനിവണ്ണം വരുവാനെന്തൊരു
കാരണമെന്നതു തോന്നീലേതും
ക്ലേശിച്ചാലിതു തുമ്പുണ്ടാമെ-
ന്നാശനമുക്കുവളർന്നീടുന്നു:
ഇത്തരമുള്ളൊരു ബന്ധുജനാനാം
ചിത്തശ്രമഹരവചനംകേട്ടഥ
നേത്രജലങ്ങളടക്കിക്കഥമപി
സത്രാജിത്തുപറഞ്ഞുതുടങ്ങി:—

എല്ലാമെന്നുടെ ദുരിതംതന്നെ
വല്ലാതുള്ളൊരവസ്ഥവരിച്ചു;
നല്ലജനത്തൊടുക്രൂടിവസിപ്പാൻ
ഇല്ലനമുക്കൊരുഭാഗ്യമതോത്താൽ
ബാലനെയങ്ങുവനത്തിലയച്ചതു
മൂലമിനിക്കിതുവന്നുവരിച്ചു;
കാലമടുത്താലെവിടെയിരുന്നാ-
ലും വരുവതുവന്നെപോവു
എന്നുമനസ്സിലുറച്ചെന്നാകിലു-
മിന്നിതുകൊണ്ടൊന്നോപ്പാനുണ്ടോ
വന്നതുവന്നുനമുക്കിനിമേലിൽ
നിന്നുപൊരുപ്പാനെളുതല്ലേതും;
സഹജവിനാശമതിന്നൊരുതുമ്പു-
ണ്ടിന്നതുചെന്നാൽതലപോയേക്കും
എന്തിനതെല്ലാം ശങ്കിക്കുന്നു
എന്നുടെകർമ്മമിതെന്നോവേണ്ടൂ;
ചെല്ലുകചൊല്ലുക സത്രാജിത്തേ!
ഖിന്നതയേതും വേണ്ടുമനസ്സിൽ
തുമ്പുള്ളതിനെ മറച്ചീടേണ്ടാ
വമ്പില്ലാഞ്ഞാൽ പിന്നെയടങ്ങാം
ജീവസമാന്മാരാകിയ ഞങ്ങളൊ-
ടീവകപറവാൻ മടിയെന്തയ്യോ!
ഇത്തരമുള്ളൊരുബന്ധുജനങ്ങടെ
നിർബ്ബന്ധംകൊണ്ടവനുരചെയ്തു—
ചൊല്ലരുതെന്നതുകൊണ്ടല്ലേതും
ചൊന്നതുകൊണ്ടിനിയെന്തൊരുകായ്മ•
പെട്ടെന്നൊരുവക ബോധിക്കേണം
പെട്ടതിതെല്ലാംമണിയുടെമൂലം
മൂഢതകൊണ്ടുപറഞ്ഞീടുന്നു
ഗൂഢമിതെന്നുധരിച്ചീടേണം
കൃഷ്ണനൊരുന്നാളിമ്മണിമേലൊരു
തുഷ്ടവിചുകുറഞ്ഞൊരുനേരം
ഇപ്പോൾ നമുക്കുതരേണമിതെന്നൊരു
കല്പനഞാനതുകൃത്യാക്കീലാ
ഉണ്ണുമുറക്കമിളച്ചുലഭിച്ചതു
വേണമെനിക്കെന്നോതീടാമോ
തട്ടംകൊട്ടും പെണ്ടയ്ക്കുത്രേ
കിട്ടുംപണമതുമാരാന്മാക്കും
വെട്ടുംകുത്തും പരിശയ്ക്കുത്രേ
കിട്ടുംവിരുതുപണിക്കക്കെന്നും;

Digitized By Kerala Sahitya Akademi

ഇത്തരമുള്ള പഴഞ്ചൊല്ലോടെ-
ഞ്ഞൊത്തീടുന്നീവാർത്തകളെല്ലാം
വിത്തത്തിൽകൊതിയുണ്ടാമെന്നാൽ
ഇന്ദ്രയതെന്നൊരു നിയമംവേണ്ടേ'
എന്നതുകൊണ്ടിഹശങ്കിപ്പാൻവഴി
വന്നതുമുക്കുടനെന്നേവേണ്ടൂ
വന്ദിക്കേണ്ടജനങ്ങളെയെല്ലാം
നിന്ദിക്കുന്നതുകഷ്ടംതന്നെ
സുകൃതമശേഷമൊടുങ്ങുകകൊണ്ടീ-
പ്രകൃതികളൊക്കെനമുക്കുവരുന്നു;
സുകൃതികളെക്കൊണ്ടരുതരുതേതും
സുകൃതവിനിന്ദകളെന്നറിയേണം
ഇത്ഥംകിമപിപറഞ്ഞുവിശേഷം
സത്രാജിത്തുവസിച്ചൊരുസമയേ
മിത്രജനങ്ങളുമാദരവോടെ
യാത്രപറഞ്ഞുതിരിച്ചുനടന്നു;
അവരതിഗൂഢംചിലരൊടുചൊല്ലീ,
അവരുംചിലരൊടുചെന്നുപറഞ്ഞു;
അവരപ്പോളതു പലരൊടുചൊല്ലീ
അവരതുമൊക്കെനടന്നുപറഞ്ഞു;
ഇരുവരുക്രൂടിനടക്കുന്നേരം
ചരിതമിതൊന്നേ വികൽപ്പാനുള്ളൂ;
കരളപറഞ്ഞുനടന്നവരുന്നൊരു
വിരുതന്മാക്കൊരുവകയുണ്ടായി,
ചെവിയിൽചിലരുപറഞ്ഞുതുടങ്ങി
ചിലരതുകേൾപ്പാൻ ചെന്നുതുടങ്ങി
ചെവിപൊത്തിച്ചിലർ നിന്നുതുടങ്ങി
ചിലരതുകേട്ടചിരിച്ചുതുടങ്ങി;
ബാലന്മാരും വൃദ്ധന്മാരും
നവയൗവനമുള്ളൊരു ഭവ്യന്മാരും
കളമൊഴിമാരും കന്യകമാരും
വൃഷളികളും ചില വിഷരൂപികളും
ചിത്തഗ്രണത്തിനൊരുത്തരുപോലെ
തത്രമിളിച്ചുപറഞ്ഞുതുടങ്ങി
കാലത്തിന്റെ പകച്ചുനിനച്ചാൽ
മാലോകക്കുപൊറുപ്പാൻമേലാ
വേലികൾതന്നെ വിളവുമുടിച്ചാൽ
കാലികളെന്തുനടന്നീടുന്നു-
കുപ്പുലകത്തൊരു കള്ളനിരുന്നാൽ

ഏപ്പൊഴുമില്ലൊരുസുഖമറിയേണം
വീട്ടിലിരിപ്പാൻ തരമില്ലാഞ്ഞാൽ
കാട്ടിലിരിക്കാം പണ്ടൊരുകാലം
കാട്ടിൽചെന്നം കൊന്നുപറിക്കും
കൂട്ടമതിപ്പോളുണ്ടായ്വന്നാ
ലാലുപണത്തിനു മുതലുണ്ടെന്നാൽ
നാട്ടിലിരിപ്പാനെളുതല്ലേതും
നല്ലമനോഗുണമുള്ളജനത്തെ
കൊല്ലാനിന്നൊരുമടിയില്ലേതും;
പത്തമ്പതുപറനെല്ലുണ്ടെന്നാ-
ലത്തായങ്ങളിലളവേകണ്ടതെ-
ടുത്തുകൊടുത്തെൻവിത്തും കൂലിയു-
മെത്താനൊരുവഴികണ്ടുമില്ല;
പത്തായത്തിനുറപ്പുംപോരാ
കാത്തുകിടപ്പാനാളുംപോരാ
കട്ടുനടക്കും ദുഷ്ടജനത്തിനു
കിട്ടിയതെല്ലാം കൊള്ളാന്താനും;
തുമ്പകിളിച്ചും ചേമ്പുകൾമനട്ടും
തുവരകൾ വഴുതിന വാഴകൾവച്ചും
നമ്പരുടെപുറകെനടന്നി-
ട്ടിമ്മിണിമുതലുനമുക്കുണ്ടായതു
പാടേകട്ടുമുടിച്ചെന്നാകിൽ
പാളപിടിച്ചുനടക്കേയുള്ളൂ;
നെല്ലുംതാൻപൊലിശകടമുള്ളതു-
മെല്ലാമിങ്ങുവശത്തായില്ല;
ഒരുമേനികളും പല മേനികളും
സ്വരുപിച്ചൊട്ടകളത്തിലുമായി
പലിശകൊടുപ്പാനുള്ളൊരുനെല്ലും
പലതരമാക്കിയളന്നുംവച്ചു
ഇപ്പോൾനമ്മുടെവീട്ടിൽകള്ളൻ
കട്ടാൻനല്ലൊരുതരമായ്വന്നു;
ഏതാനുംചില കാളകളുള്ളതു-
മേതൊരുദിക്കിൽ സൂക്ഷിക്കേണ്ടൂ
കാളകളേയും മൂരികളേയും
കള്ളനുകപ്പാൻ വിരുതേറീടും;
എള്ളുവിതച്ചിട്ടുള്ളതുമെല്ലാം
കള്ളന്മാരുടെ വായിൽതന്നെ
കള്ളന്മാരതുകട്ടുഭുജിച്ചാൽ
പള്ളപൊറുപ്പാനാവതുമില്ല

Digitized By Kerala Sahitya Akademi

മംഗലഗ്രഹണനാം ഭഗവാനെക്കൊ-
ണ്ടിങ്ങനെ ചിലരുദ്ദിച്ചീടുന്നു
ഇല്ലിഹ സുയമുഴത്തിട്ടുള്ളവർ
ചൊല്ലുനടിച്ചുദ്ദിച്ചുതുടങ്ങി
സത്രാജിത്തൊരുമണിയുംകൊണ്ടതി
ശുദ്ധതയാഹരിമുന്നിൽചെന്നു
കൃഷ്ണനവനിൽ തൃപ്തിയുമുണ്ടായ്
സത്രാജിത്തുകൊടുത്തതുമില്ല
പെട്ടന്നന്നുജൻ മണിയുംകൊണ്ടൊരു
കാട്ടിൽചെന്നുമരിച്ചുംപോയി;
ചിത്തംകൊണ്ടുവിചാരിക്കുമ്പോൾ
കൊത്തുംകോളുമതൊത്തുചമഞ്ഞു
ശൈശവകാലത്തുണ്ടായീടിന
കൈതവമുണ്ടോമാറീടുന്നു?
ആയിരവത്സംകഴലിലിരുന്നൊരു
നായുടെവാലുവളഞ്ഞതിരു
കൊച്ചുകളോടുപിടിച്ചുപറിച്ചും
മച്ചിലൊളിച്ചുഥപാലുകുടിച്ചും
അച്ചികളങ്ങുകളിക്കുന്നേരം
കച്ചകളൊക്കെയെടുത്തുമറച്ചും
പച്ചപ്പാലും മോരും തൈരും
നിത്യവുമങ്ങിനെകട്ടുഭുജിച്ചും
പൂച്ചയ്ക്കാട്ടുകൊടുത്തുംപലവക
ചിച്ചകളിച്ചുനടന്നവനല്ലോ
കണ്ണൻകണ്ണനിതെന്നെല്ലാർക്കും
തിണ്ണംതേടിനടക്കേയിതുമോർത്താൽ
വെണ്ണകവർകട്ടുനടന്നപ്പോഴേ
കള്ളനിതെന്നൊരുപേരവനുണ്ടു്
മത്തുവലിച്ചുക്കുംതേത്തൊരു
കുത്തുകൊടുത്താപ്പാലുകുടിച്ചും
ഇത്തരമുള്ളൊരുകള്ളംകാട്ടി-
ട്ടുത്തമയാകിയജനനിയൊരുന്നാൾ
സത്വരമവനെയണഞ്ഞുപിടിച്ചുവ-
ളരെച്ചൊടുക്രുദ്ധിക്കെട്ടീട്ടില്ലേ?
പൂതനയെന്നൊരുപെണ്ണിനെയുംകൊല
ചെയ്തുനിങ്ങൾമറിച്ചിട്ടില്ലേ?
മായാമയനായൊരു കംസനെവെന്നൊരു
കൈതവമെല്ലാം ബോധിച്ചില്ലേ?

കാടുകൾതോറും കാലികൾമേപ്പാൻ
ആടലകന്നുകടന്നുനടന്നും
പേടമൃഗാക്ഷികളോടിടകൂടി
കൂടുന്നവരെത്തന്നെ ചതിച്ചും
കൂട്ടുമായിച്ചുടിനടക്കും
കാടുകൾപലതുംകാട്ടീടുന്നൊരു
കടുതരനാകിയകണ്ണൻതന്നുടെ
നാടകമെല്ലാംകേട്ടിട്ടില്ലേ?
എടയന്മാരുടെജാതിക്കുണ്ടോ
എടയെന്നുള്ളതുമുണ്ടാകുന്നു?
തടിയുമെടുത്തുഞെളിഞ്ഞുനടക്കും
തടിയന്മാരവർകാടുകൾതോറും
എടയാ! നില്ലെന്നോതുന്നേരം
തുടയുംതുള്ളിത്തുടുതിപറക്കും
കപ്പാനുള്ളൊരുതക്കംനോക്കി-
ട്ടപ്പോഴംപണിചെയ്യേയുള്ളു;
പെണ്ണുങ്ങൾക്കിഹകണ്ണനെയോത്താൽ
ഉണ്ണണമെന്നുമുറങ്ങണമെന്നും
തങ്ങടെതങ്ങടെവീടുകളെന്നും
ചങ്ങാതികളെക്കാണണമെന്നും
ഓമ്മപറഞ്ഞാൽ കേൾക്കണമെന്നും
നമ്മെച്ചിലരെപ്പേടിയതെന്നും
നാണമിതെന്നുമടക്കമിതെന്നും
കാണിക്കൊരുകുറികാണ്മാനില്ലാ;
രാവെന്നുണ്ടോ പകലെന്നുണ്ടോ
കാടെന്നുണ്ടോ വീടെന്നുണ്ടോ
കയ്യെപ്പെന്നുപിടിക്കുമൊരുത്തി
മെയ്യിൽചെന്നുവസിക്കുമൊരുത്തി
മടിയിൽചെന്നുമലയ്ക്കുമൊരുത്തി
അടിയിൽചെന്നുകിടക്കുമൊരുത്തി
മെല്ലെയിരുന്നുകളിച്ചുചിരിച്ചും-
വല്ലവിമാരെപ്പാട്ടിലണപ്പാൻ
നല്ലതിനല്ലയുനിഞ്ഞീടുന്നു
മെല്ലെക്കൊന്നുകഴുത്തുപറിക്കും;
മല്ലാക്ഷികളെക്കൊല്ലരുതെന്നാ-
മല്ലാരാതിക്കില്ലവിചാരം;
ഇത്തരമോരോടുവാക്കുകളെ-
ച്ചിലരുപറഞ്ഞുദ്ദിച്ചുതുടങ്ങി



Digitized By Kerala Sahitya Akademi

അച്ചികളും ചിലരങ്ങുവിളിച്ചു-
ക്കൊച്ചുകളോടുപറഞ്ഞുതുടങ്ങി:—
ഉണ്ണികളൊന്നുമറിച്ചീടേണം
കണ്ണനനേകം വിദ്യകളുണ്ടു
എന്നതുകൊണ്ടവനന്തികസീമനി
നിന്നുകളിക്കരുതെന്നറിയേണം
കാലേലുള്ള ചിലമ്പും മണിയും
ചാലേവന്നുപിടിച്ചുപറിക്കും
കയ്യത്തിൽചിലമോതിരമുണ്ടതു
കൊണ്ടുനടപ്പാനെളുതല്ലേതും :
കണ്ടവരാരാടുപിടിച്ചുപറിപ്പാൻ:
ഉണ്ടൊരുചിരുതക്കൃഷ്ണനുപാത്താൽ
സന്ധ്യാജിത്തിൻനാടകപെയെത്തി-
ക്കുത്തിക്കൊന്നാൻ മണിയുടെമൂലം;
അരയിൽകെട്ടിയമണികൾപറിപ്പാൻ
പരിചൊടുനിങ്ങളെയങ്ങുവിളിക്കും
അപ്പവുമടയുംപഴവുംകാട്ടി
ശില്പമണച്ചുമയക്കിക്കൊള്ളും;
അച്ചുതികണ്ടാൽപോന്നീടേണം
അച്ഛൻവേണ്ടതുതരുമിഹവന്നാൽ
അച്ചികൾതമ്മിൽപേരുവിളിച്ചി-
ട്ടിച്ചക്കൊത്തുപറഞ്ഞുതുടങ്ങീ
ചിരുതപ്പെണ്ണേ! കരുതിക്കോനീ
ചരിതംനിന്നുടെകോപ്പുകളെല്ലാം
എന്തൊരുകഷ്ടമിടക്കാത്താലി
കഴുത്തിൽനിന്നതഴിപ്പാൻമേലാ,
കള്ളന്മാരവർ രാവും പകലും
ഭള്ളുപറഞ്ഞുനടന്നീടുന്നു
എളയച്ചിക്കൊരിളക്കവുമില്ല
കയ്യതിലുള്ളതുകളയാറായി,
കേളച്ചാരുനിനക്കുണ്ടാക്കിയ
താലികളെല്ലാമെങ്ങടിപെണ്ണേ?
കാലികൾമേച്ചുനടക്കുംകൂട്ടം
തോലിപിണയ്ക്കുമതോത്തീടേണം,
കുമ്മണിയമ്മേ! നമ്മുടെനാട്ടിൽ
പൊൻമണികെട്ടിനടപ്പാൻമേലാ
മണികണ്ടാലും തുണികണ്ടാലും
മടികൂടാതെപിടിച്ചുപറിക്കും
യജമാനന്മാർ കട്ടുതുടന്നാൽ
മാറുജനത്തിനുമടിയുണ്ടാമോ?
നിന്നോതിക്കോൻമുള്ളുദ്ദണ്ഡം
ഉണ്ണികൾകരമോടിട്ടും മുള്ളും,
എമ്പ്രാനപ്പംകട്ടുഭുജിച്ചാ-
ലമ്പലവാസികളൊക്കെക്കക്കും
ഇട്ടിപ്പെണ്ണേ! കേട്ടായോനീ?
കഷ്ടംകഷ്ടമിതോക്കുംതോറും
കലിയുഗമെന്നതു തന്നെമുഴുത്തു
കപടമിതൊന്നേ കേൾപ്പാനുള്ളു;
ഇങ്ങനെ പലരും പലവിധമായി
തങ്ങളിലിതുകൊണ്ടാനകളിച്ചും
നാംഗനമാരുടെ കോപ്പുകളെല്ലാം
നാങ്ങൊരു ദിക്കിൽ ഗൃഢമൊളിച്ചും
വളയും തളയും മണിമോതിരവു-
മിടയ്ക്കാത്താലി മടക്കാത്താലികൾ
പൂത്താലികളും മാലകൾ നൂലുകൾ
മുട്ടുകൾ കുഴലും കടകം കാതില
തുക്കും മണികൾ പതക്കം തോൾവള
തുടലുംക്രുട്ടമരഞ്ഞാണകളും
അരമണിക്രുട്ടം മണികിങ്ങിണി പൊൻ-
മണിയും മിന്നുമിരട്ടക്കുഴലും
പവിഴക്കുഴലും മുത്തുക്കുലയും
കുരലാരം പലകാശ്മീരാലികളും
മറവും പല പല കോപ്പുകളെല്ലാം
പെട്ടിയിലിട്ടവർ പൂട്ടിക്കെട്ടി
പെട്ടെന്നുടനെനാടുകടത്തി
പാട്ടിലുറപ്പിച്ചാനതു കാലം
ഗ്രാമങ്ങളിലും നഗരങ്ങളിലും
മാടപ്പുരയിലുമങ്ങാടിയിലും:
മാളികകളിലും:മച്ചിട്ടറയിലു-
മാനക്കൊട്ടിലിലണിയറകളിലും
നെല്പുരകളിലുമറപ്പുരകളിലും
നാടകശാലകൾ നടുമുറ്റത്തും
പെരുവഴികളിലും തെരുവിലുമെല്ലും-
ഗ്രാമങ്ങളിലും ഗഗനങ്ങളിലും
ഇക്കഥതന്നെകേൾപ്പാനുള്ളു
വിപ്രന്മാരുകളപ്പുരതന്നിൽ.

Digitized By Kerala Sahitya Akademi

സന്ധ്യാവന്ദനസമയത്തിങ്കൽ
സംസ്കൃതമായിട്ടിക്കഥതന്നെ
തങ്ങളിലങ്ങു പറഞ്ഞു തുടങ്ങി:—
സത്രാജിത്കിലമിത്രവരാദതി
ചിത്രതരംമണിമത്രസലേഭേ
യത്രഗൃഹീതേ പുത്രഫലഞ്ചക-
ളത്രഫലഞ്ചസുമിത്രഫലഞ്ചേപ-
വിത്രഫലഞ്ചജഗത്ത്രയമംഗല
പാത്രമയംഖലുത്രസുഖാദതി-
മാത്രമുവാചചരിത്രമുദാരം;
കഷ്ടതരംകിലശിഷ്ടതരം പരി-
പുഷ്ടഗുണം ശിശുശിഷ്ടതരാന്മണി
ശ്ലിഷ്ടിസമൂഹവിശിഷ്ടരുചോഘന
കഷ്ടനികാരണമിഷ്ടതരംഹരി
ശിഷ്ടഗുണോവതിദിഷ്ടപരാജം
സത്യംകിമിദമസത്യം വാകിമു
സത്യധനോനനുനത്യമിഹാസൌ
ബഹുലഗുണേഭ്യോബഹുകരണേഭ്യോ
വിഗതഭയേഭ്യോമനുജഹിതേഭ്യോ
നിപുണതരേഭ്യോലളിതപദേഭ്യോ
ലപിതതമേഭ്യോജഗതിഹിതേഭ്യോ
ദനുജവരേഭ്യോദലിതപരേഭ്യോ
പരപുരുഷേഭ്യോഹന്തനമോസ്തു
ചരിതമഹായജനേഭ്യോനിതരാം
സംസ്കൃതമായിച്ചൊല്ലുകകൊണ്ടതു
പല്ലുമറിഞ്ഞതുമില്ലനേരം;
പങ്കജനയനൻ തങ്കലിവണ്ണം
ശങ്കപലക്കുമതുണ്ടാകുന്നു
അച്യുതനെക്കാണുന്നതു നേരം
കൊച്ചുകളോടിയൊളിച്ചുതുടങ്ങി,
അണയത്തങ്ങു വിളിക്കുന്നേരം
മണിയുംപൊത്തിപ്പാഞ്ഞുതുടങ്ങി,
കയ്യെച്ചെന്നു പിടിക്കുന്നേരം
അയ്യോ!യെന്നു കരഞ്ഞു തുടങ്ങി
തീന്മാനായിട്ടടയും പഴവും
സമ്മാനിപ്പാൻ തുനിയുന്നേരം
അമ്മകലമ്പും മേടിച്ചാലെ-
ന്നാകുഞ്ഞുങ്ങൾ പറഞ്ഞു തുടങ്ങി.

എന്തിഹനമ്മെ ശങ്കിപ്പതൊരു
ബന്ധമിതെന്നതുമെ ചെയ്യുന്നോരം
പ്രസേനനേത്താൻ പോലചെയ്തില്ലേ
സ്യമന്തകം മണിതോഷ്ടിച്ചീലേ!
ഞങ്ങടെ മണി മോതിരമെല്ലാ-
മങ്ങുപറിപ്പാൻ കുടുകയില്ലാ,
അച്ഛനമമ്മയുമൊന്നു പറഞ്ഞു
അച്യുതനരികെച്ചെല്ലുന്നാകിൽ
തച്ചുപറിക്കും കോപ്പുകളെല്ലാം
കൊച്ചുകളറിയണമെന്നീവണ്ണം;
മണിപോയാലതുമുണ്ടാക്കീടാം
തുണിപോയാലതുമുണ്ടാക്കീടാം
പ്രാണൻ പോയാലുണ്ണികളേ! പുന-
രുണ്ടാകില്ലെന്നമ്മ പറഞ്ഞു
പണ്ടേ തന്നേ പാലും തൈരും
വെണ്ണയുമെല്ലാം കക്കുമ്പോൾ നീ
എന്നീവണ്ണം പലരും പലവക
നിന്നെക്കൊണ്ടു ദൂഷിച്ചീടുന്ന
ഇത്തരമെല്ലാം ബാലന്മാരുടെ
വാക്കുകൾ കേട്ടൊരുനേരം കൃഷ്ണൻ
ചിത്തംകൊണ്ടു വിചാരിച്ചുരുളീ
സത്രാജിത്തിൻ കപടമിതെല്ലാം
പാപികളോടഹിതത്തെച്ചൊന്നാ-
ലാപത്തായിത്തനേതീരും;
പാമ്പിനു പാലുകൊടുത്തെന്നാകിൽ
കമ്പിരിയേറിവരാറേയുള്ളൂ
പരമാർത്ഥത്തെ വിചാരിക്കാതെ
പരിഹാസത്തെനടത്തീടരുതു,
പരിചൊടു സജ്ജനങ്ങളുമിപ്പോൾ
പരിപന്ഥികളുമതായിത്തീർന്നു.
നമ്മെക്കൊണ്ടും ദൂഷണമിങ്ങനെ
നിർമ്മിച്ചോബതപലരും കൂടി?
കർമ്മഫലങ്ങളൊഴിക്കാവല്ല
ഇമ്മണിമൂലമിനിക്കും വന്നു.

സ്യമന്തകം ഒന്നാംകളം സമാപ്തം.

Digitized By Kerala Sahitya Akademi

# സ്യമന്തകം

## രണ്ടാംകളം.

എന്നാലമ്മണിപോയതു കാരണ-
മൊന്നു തിരഞ്ഞേ മതിയാവുള്ളൂ
മന്ദന്മാരിതു ബോധിക്കാഞ്ഞാ-
ലെന്നും തീരാദുഷ്കീർത്തികളും;
ഇത്തരമൊക്കെ മനസ്സിൽ നിരൂപി-
ച്ചുത്തമപുരുഷൻ ഭഗവാനൊരുനാൾ
പത്തമ്പതുയദുവീരന്മാരൊട്ടു-
മൊത്തുപുറപ്പെട്ടടവികൾ തോറും
സത്വരമാരാഞ്ഞങ്ങെഴുനള്ളി
സ്വസ്ഥതയോടു നടക്കുംകാലം
ചന്തുകിടക്കും കുതിരയുമവിടെ
സ്സ്രാജിത്തിൻറനുജൻതന്നെയു-
മംഗം തന്നിൽ കേസരി തന്നുടെ
തുംഗനഖങ്ങൾ പതിഞ്ഞു കലങ്ങി
തിങ്ങിവരുന്നൊരു ചോരയണിഞ്ഞും
കണ്ണു തുറിച്ചു മരിച്ചു കിടപ്പതു
കണ്ണൻ തിരുവടി കണ്ടാനപ്പോൾ
കാടുകൾതോറും കേസരിതന്നുടെ
ചോടുകൾ നോക്കി ഗമിച്ചാൻ പിന്നെ
ഞവിടെച്ചെന്നു മറിഞ്ഞു കിടക്കും
സിംഹത്താനെക്കണ്ടാനുടനേ,
വാനരവരനുടെ ചുവടുകൾ നോക്കി
കാനനഭാഗേചെല്ലുന്നേരം
പാതാളത്തൊടു സദൃശമതായി
തീതിക്കണ്ണൊരു രോജനമായി
ക്രൂരിരുളിന്നൊരു കേളഗൃഹമായി
ക്രൂരമൃഗങ്ങൾക്കാലയമായി
കേളഗിരിനിരന്ധ്രപ്രതിനിധിയായി
ചുറ്റുപടെ പടുതരഭീഷണമായി
കണ്ടാനൊരുഗുഹ കാട്ടിൻ നടുവിൽ;
യാദവവീരന്മാരൊട്ടുമെല്ലാം
സാദരമുള്ളിച്ചെന്നു മുകുന്ദൻ:—
നിങ്ങളുമെല്ലാമിവിടെവസിപ്പിൻ!
ഞങ്ങളുകടപ്പാൻ ഞാനേവേണ്ടൂ

ഘോരമതായ ഗുഹാന്തരമെല്ലാം
ആരാഞ്ഞിങ്ങു വരുന്നേനുടനേ
ദിവസം പലതു കഴിഞ്ഞെന്നാലും
അതുകൊണ്ടൊന്നു കുഴമ്പീടേണ്ട;
എന്നരുൾ ചെയ്താഗുഹയുടെയുള്ളിൽ
ചെന്നു കടന്നു നടന്നു തുടങ്ങി
മുന്നിൽ പരിചൊടു കാണായ് വന്നു
മിന്നിവിളങ്ങും മണിഗോപുരവും
ഉന്നതമാകിനമതിലുകളും പലവക
തന്നിൽ ചേന്ന മഹാമണികിരണം
കൊണ്ടാക്കുരിരുളോടിയൊളിക്കും
ഖണ്ഡോപഥമഥിനള്ളൊരു ദൈർഘ്യം
കണ്ടാലധികമനോഹരമല്ലോ
ഇത്ഥം വിലസിനമണിഗോപുരമതി-
ലുത്തമപുരുഷൻ ചെന്നു കടന്നു
തത്തവലത്തേഭിത്തിതലത്തിൽ
ചിത്രമെഴുത്തുകൾ കണ്ടാൻ ദേവൻ;
ചിത്രം തത്ര വിചിത്രാകാരം
ചിത്തവിനോദം രാമചരിത്രം
പൂവ്വചരിത്രം കണ്ടു മുകുന്ദനു
പൂവ്വസ്മരണയുമുണ്ടായ്വന്നു
ചിത്രം കണ്ടു രസിച്ചുതിമന്ദം
സുന്ദരവദനനെഴുന്നള്ളുമ്പോൾ
കുണ്ഠതതീർന്നു പിണങ്ങീടും ദശ-
കണ്ഠം തന്നുടെ നിധനംകണ്ടാൻ
കണ്ഠം പലകുറിനിശിതശരൌഘം
കൊണ്ടു മുറിച്ചുങ്ങിടണതുകണ്ടാൻ
ഇന്ദ്രതുല്യനഥലക്ഷ്മണനപ്പോ-
ളിന്ദ്രജിത്തിനെ വധിക്കണകണ്ടാൻ
ജൃംഭമാനഗുണനാകിയരാമൻ
കുംഭകർണ്ണനെ വധിപ്പതു കണ്ടാൻ,
കുംഭനികുംഭാദികളെയുമെല്ലാം
അമ്പുകൾകൊണ്ടു വധിക്കണകണ്ടാൻ
രാക്ഷസരും പലകപികളുമായി
രൂക്ഷതപെരുകിന യുദ്ധംകണ്ടാൻ
സുഗ്രീവൻ ദശകണ്ഠൻ തന്നുടെ
മകുടം തച്ചു പറിക്കണകണ്ടാൻ
നീലൻചെന്നാശുകസാരണരെ
ചാലേ കെട്ടി മുറുക്കണകണ്ടാൻ

Digitized By Kerala Sahitya Akademi

ഝടുതി കരഞ്ഞുകൾ ലങ്കാപുരിയിൽ
പടവീടുകളും കെട്ടണകണ്ടാൻ;
നിറയും ഗിരികളടുത്തു സമുദ്രേ
ചിറയും കെട്ടിമുറുക്കുണകണ്ടാൻ
വരുണൻ വന്നിഹ ചരണാംഭോജേ
ശരണം ചൊല്ലി നമിക്കണകണ്ടാൻ,
ആഗ്നേയാസ്ത്രമെടുത്തുതൊടുത്തഥ
സാഗരശോഷണഘോഷം കണ്ടാൻ
ദർഭകമെകൊണ്ടു പരത്തിവിരിച്ചുതി-
ലത്തുതമാകിന ശയനം കണ്ടാൻ
രാവണസോദരനായ വിഭീഷണ-
നാവൊളമങ്ങുനമിക്കണകണ്ടാൻ;
ഹനുമാൻ വന്നാ ചൂടാമണിയും
മനുകുലവരനുകൊടുക്കണകണ്ടാൻ
ധൃഷ്ടതയോടേലങ്കാനഗരം.
ചുട്ടുപൊടിക്കണഘോഷം കണ്ടാൻ
അക്ഷകുമാരകനിധനം കണ്ടാൻ
വൃക്ഷലതാദികമം നാശം കണ്ടാൻ;
ചൂഡാമണിമേടിപ്പുതുകണ്ടാൻ
മോതിരമങ്ങുകൊടുപ്പുതുകണ്ടാൻ
സിംഹികയെക്കൊലചെയ്യുണകണ്ടാൻ
മൈനാകത്തെയമർപ്പുതുകണ്ടാൻ
പർവതമുകളീന്നാശുകപീന്ദ്രൻ
ഉർവികുലുക്കിയുയർന്നുതുകണ്ടാൻ
ഗുഹയിൽചെന്നുകടപ്പുതുകണ്ടാൻ
സീതാദേവിയെയാരാഞ്ഞക്കപി
ഖേദത്തോടുനടപ്പുതുകണ്ടാൻ
ദിക്കുകമംനാലിലുമക്കപിവീരരെ
യക്കകലേശനയപ്പുതുകണ്ടാൻ
പാതുമ്മാസ്യമിരുന്നുതുകണ്ടാൻ
സുഗ്രീവനെവാഴിപ്പുതുകണ്ടാൻ
ബാലിയെയും കൊലചെയ്യുണകണ്ടാൻ
സാലഭേദവുമുടനേകണ്ടാൻ
ദുന്ദുഭിഗാത്രമിളക്കണകണ്ടാൻ
സുഗ്രീവനുമായ് സഖ്യംകണ്ടാൻ
ഹനുമാനൊന്നുതൊഴുന്നുതുകണ്ടാൻ
അനുജനുമായിനടപ്പുതുകണ്ടാൻ
പമ്പയുമുടനെകടന്നുതുകണ്ടാൻ

ആപ്പൊട്ടുശബരീമോക്ഷംകണ്ടാൻ;
ആരുണകബന്ധവിനാശംകണ്ടാൻ
ആരുണജനസ്ഥാനവിനാശംകണ്ടാൻ
മാരീചാദികമംനിധനംകണ്ടാൻ
ക്ഷുഭിതപെരുകിന രാക്ഷസരാജൻ
പക്ഷിയെവെട്ടിമുറിക്കണകണ്ടാൻ
ഭിക്ഷുശരീരംപൂണ്ടുവന്നടനേ
ഭിക്ഷയെടുപ്പാൻ ചെല്ലുണകണ്ടാൻ
സീതാലക്ഷ്മണസർഹിതൻ രാമൻ
വീതായാസമിരുന്നുതുകണ്ടാൻ
വിരവൊടുഖരനെക്കൊല്ലുണകണ്ടാൻ
ആവനടെപടയുമൊടുക്കണകണ്ടാൻ
രാവണസോദരിതന്നുടെമൂക്കും
മുലയുംചെത്തിയയപ്പുതുകണ്ടാൻ
ലളിതാകൃതിയാമവളെക്കൊണ്ടൊരു
കളിയാട്ടുന്നുതുമവിടെക്കണ്ടാൻ
ഗോദാവരിയുടെതീരേരാമൻ
മോദതയോടുവസിപ്പുതുകണ്ടാൻ
പക്ഷീശ്വരനൊടുസഖ്യംകണ്ടാൻ
രാക്ഷസനിഗ്രഹസമയംകണ്ടാൻ
കുംഭജമുനിയെവണങ്ങണകണ്ടാൻ
അമ്പിൽവിരാധവധത്തെക്കണ്ടാൻ
ശരഭംഗാശ്രമവാസംകണ്ടാൻ
ഓരോമുനിപദനമനംകണ്ടാൻ
അത്രിമഹാമുനിനമകംകണ്ടാൻ
ചിത്രകൂടാചലവാസംകണ്ടാൻ
ദശരഥമരണംകേട്ടുകുളിച്ചുവ-
ന്നുദകക്രിയയും ചെയ്യുണകണ്ടാൻ
ഭരതൻപോന്നുതൊഴുന്നുതുകണ്ടാൻ
തരസാ ഗംഗകടന്നുതുകണ്ടാൻ
വിരവൊടുചെന്നുഗുഹാശ്രമസവിധേ
ജടകൾധരിച്ചുവിശേഷംകണ്ടാൻ
സരയുകടന്നുനടന്നുതുകണ്ടാൻ
പുരിയിലിരുന്നരുളുന്നുതുകണ്ടാൻ
അഭിഷേകത്തെമുടക്കണകണ്ടാൻ
മന്ഥരയോടിനടക്കണകണ്ടാൻ,
നാലുപുമവരുടെഭായ്കളോടും
ചാലെസുഖിച്ചുവസിക്കണകണ്ടാൻ

Digitized By Kerala Sahitya Akademi

മാദ്ധ്യോദ്ധ്വജയവും കണ്ടാൻ
സീതാപാണിഗ്രഹണം കണ്ടാൻ
ഹരനുടെവില്ലുമുറിക്കണകണ്ടാൻ
ത്വരിതമഹല്യാമോക്ഷം കണ്ടാൻ
മുനിവരയാഗത്രാണം കണ്ടാൻ
മാരീചാദികൾനിധനം കണ്ടാൻ
താടകയെക്കൊലചെയ്യണകണ്ടാൻ,
കാടകമേറിനടപ്പതുകണ്ടാൻ,
വിശ്വാമിത്രമഹാമുനിയോട്ടം
വിശ്വാസത്തൊടുചെന്നതുകണ്ടാൻ
വിശ്വസ്തുപാധിപദശരഥനോട്ടം
വിശ്വാമിത്രനിരന്നതുകണ്ടാൻ
നാലുമകൻമാരിടെയയോദ്ധ്യാപുരിയിൽ
ബാലതയോടുവളർന്നതുകണ്ടാൻ
ശത്രുഘ്നനുടെജനനം കണ്ടാൻ
ലക്ഷ്മണനുടെയും ജനനം കണ്ടാൻ,
ഭരതൻതന്നുടെ ജനനം കണ്ടാൻ
രഘുപതിതന്നുടെ ജനനം കണ്ടാൻ
രാമായണമതനുക്രമമായി
ദാമോദരനഥകണ്ടനടന്നു
പാലേയങ്കഴുനള്ളിനനേരം
ബാലകരങ്ങളിൽമണിയും കണ്ടു
മണിമേടിപ്പാനുടനേമാധവ-
നണയുംനേരം പേടിയൊടവനും
അച്ഛനെയങ്ങുവിളിച്ചുകരഞ്ഞു
അച്യുതനതുമേടിച്ചതുമില്ല;
ബ്രഹ്മപ്രളയമടുക്കുന്നേരം
ബ്രഹ്മാണ്ഡത്തെമുടിപ്പാനായി
സാഹസമോടുനടക്കുംപുരഹര
വാഹനമാകിയ വൃഷഭേന്ദ്രന്റെ
കണ്ണഞ്ചനിയെക്കുന്നിതമാക്കും
കണ്ണഞ്ചനിയതുകേൾക്കായ്കുന്നു
ഗ്രഹകളിലൊക്കെനിറഞ്ഞുകവിഞ്ഞൊരു
ഘുമുഘുമഘോഷംപെരുതായ്‌വന്നു.

ഘനതരഭുജദണ്ഡംഗാത്രമത്യന്തചണ്ഡം
പ്രചലിതജഗദണ്ഡംഖണ്ഡിതാരാതിഷണ്ഡം
ഹുതനിശിചരമുണ്ഡംബിഭ്രദോലോലഗണ്ഡം
വികടകാനനതുണ്ഡംജാംബവാനാജിഹിണ്ഡേ

ഉറച്ചകോപമോടകത്തുനിന്നഥ
പുറത്തുവന്നടനെതിർത്തുജാംബവാൻ
ആടച്ചകണ്ണുണയുറന്നതില്ലവ-
നരച്ചവാക്കുകൾ പറഞ്ഞുകൊണ്ടടു-
നടുത്തുകണ്ണനെത്തടുത്തിതേ മൽ
പുരത്തിലെന്നൊടു വരുന്നതാരിഹ?
കരുത്തനെന്നതു വരുത്തുവാനൊരു
ജളത്വമിങ്ങനെ നടിക്കയോമമ
കരങ്ങടേ പുരുതരിപ്പുതിപ്പുതി-
നൊരുത്തനില്ലിഹജഗത്രയേജള-
പൊടുക്കനെപ്പുനരടുത്തു വന്നിഹ
ഞടിച്ചു നിന്മദമടക്കുവാൻ തവ
നടിപ്പുഞാനിഹ മുടക്കുവാൻ ഭുവി
പടയ്ക്കു നല്ലൊരു പടുത്വമുള്ളൊരു
കുരങ്ങു ഞാനതു ധരിക്ക നീ
കുരങ്ങനെന്നതു നിനയ്ക്കുകൊണ്ടൊട്ടും
കുറച്ചു കാണരുതൊരിക്കലും നടേ
പെരുത്തരാവണ പുരത്തിലുള്ളൊരു
പരാക്രമങ്ങളെ നിനയ്ക്കുനീ
തടിച്ചുരാക്ഷസരടുത്തു നിന്നിഹ
തൊടുത്തൊരമ്പുകൾ തടുത്തതും ചില
തടിച്ചുവീരരെയടിച്ചതും തല
കടിച്ചതും മലപൊടിച്ചതും ചില
പിടിച്ചതും ചില പുരങ്ങളെപ്പൊടി-
പൊടിച്ചതും പല തരത്തിലങ്ങടി-
കൊടുത്തതും കപിബലനകൊന്നിഹ
കളിച്ചതും പുനരരക്കരൊക്കെയു-
മൊളിച്ചതും പടവിളിച്ചതും മുറ-
വിളിച്ചതും നിലവിളിച്ചതും
ഞതൊക്കെയങ്ങനെനിനയ്ക്കുനീതവ
മനക്കരുത്തു നിലയ്ക്കയില്ലതു
ധരിക്കനീയിഹതിരിക്കിനി
ഞടക്കമെന്നിയേ കടന്നുവന്നൊരു
മിടുക്കുകാട്ടിയാലടങ്ങുമോ?
മിടുക്കനെന്നൊരു നടിപ്പുതാൻ മന്നി-
യടക്കുവാനിഹ തുടന്നിതോ?
ശിശുക്കളൻപൊടുകളിക്കുമമ്മണി-
പിടിപ്പതിനുടനടുക്കയാൽ

Digitized By Kerala Sahitya Akademi

അടുത്തു നിന്നടലൊടുക്കുമെന്നായു
ധരിക്കനീലാഘ്രനടക്കെടോ!
മനുജനെന്നാകിലും ദനുജനെന്നാകിലും
മദമൊടുടനിവിടെ വരുമമരനെന്നാകിലും
യക്ഷിയെന്നാകിലും പക്ഷിയെന്നാകിലും
യമവരുണനിരതിപുരവൈരിയെന്നാകിലും
കാലനെന്നാകിലും ബാലനെന്നാകിലും
കടുതകരളൊടിടപെടുമരക്കനെന്നാകിലും
വീരരെന്നാകിലും ശൂരരെന്നാകിലും
വിരവിലിഹവരുമളവുഝടിതി പൊടിയാക്കു
ഭൂക്ഷനെന്നാകിലും യക്ഷനെന്നാകിലും [വൻ
പടയടിയിലടൽ കരുതുമേവനെന്നാകിലും
ഇന്ദ്രനെന്നാകിലും ചന്ദ്രനെന്നാകിലും
ഛതിയുടയഭ്രതപേതാളമെന്നാകിലും
വൃദ്ധനെന്നാകിലും ക്രുദ്ധനെന്നാകിലും
കുടിലഗതികലരുമുരഗേശനെന്നാകിലും
പേടിക്രുടാതെ നീ ചാടിവന്നീടിനാ-
നിഹസപദിജാംബവാനെന്ന കേളായ്കയോ
സൂര്യവംശേ പണ്ട ജാതനായുള്ളൊരു
ശ്രീരാമഭദ്രനെന്നാങ്ങുകേൾപ്പില്ലയോ?

ഇത്തരമുള്ളൊരുവാക്കുപറഞ്ഞവ-
നത്തമപുരുഷൻ തന്നുടെനേരേ
സത്വരമലറിയണഞ്ഞതിഘോരാൽ
മുഷ്ടിമടക്കിത്തിരുമാറിൽ ചില
കുത്തുകൾകുത്തിയമത്തുപിടിച്ചു
മങ്കുകൾ തന്നുടെകൊങ്കയിലിഴകും
കുംകുമമതുകൊണ്ടങ്കിതമാകിന
പങ്കജനയനൻ തന്നുടെമാവ്വിൽ
തൻകൈകൊണ്ടവനാരെന്നുള്ളൊരു
ശങ്കവെടിഞ്ഞുടനടിതട്ടീടിന
ഹുംകൃതിയോത്താലൽഭുതമത്രേ!
ഗോപീനായകനതുകൊണ്ടേതും
കോപം മനസിജനിച്ചതുമില്ല
നമ്മുടെ ഭക്തൻ നമ്മെച്ചൊല്ലി
പലകുറി പലരോടേറുപിണങ്ങി
കലപെട്ടീടിനഗാത്രത്തോടേ
കലഹത്തിന്നണയുന്നൊരു നേരം
കലഹിക്കുന്നതു ചിതമല്ലെന്നി-
ട്ടവനുടെയടിയും കടിയും പിടിയും
തക്കെകൊണ്ടു തടുത്തുതടുത്താ-
വൻകരുമനകളടപ്പാനുള്ളൊരു
വക്കാണത്തിനു ഭാവിച്ചില്ലം;
ഉൽക്കടനാകിയ മക്കടനപ്പോൾ
ധിക്കാരത്തെയകത്തു നിറച്ചു
ഇക്കുഴിയന്മമതല്ലം കുത്തും
വെക്കമടുത്തു തടുപ്പാറായോ?
നോക്കെടപാഴാ! നിന്നുടെയുടലുക-
ടിച്ചുപൊളിച്ചു വരുന്നൊരു ചോരക-
ടിച്ചുകളിച്ചീടുന്നോനെന്നവ-
നിടയിടെഘോഷിച്ചും കൊണ്ടടനേ
ആടലിലണഞ്ഞുപിണങ്ങുന്നേരം
പുരുഷോത്തമനും മനസികരുത്തൊരു
കോപത്തോടെമയട്ടിച്ചു തുടങ്ങി
യദുനായകനും കപിനായകനും
ഘനതരമാകിനയുദ്ധം ചെയ്തതു
ഫണിനായകനും വണ്ണിപ്പാനതി
പണിയെന്നത്രതോന്നീടുന്നു.

തടിച്ചുമരശതമൊടിച്ചു കരമതിൽ
പിടിച്ചുമുടനടനടിച്ചുമുടലുകം
കടിച്ചുംമുടയിടെപിടിച്ചും കടുഞ്ചോര-
തുടച്ചുംഗിരികളുമുടച്ചുംപലവിധ
മുരച്ചും തരംനോക്കിച്ചിരിച്ചുമിരുവരു-
മുറച്ചുപിണങ്ങുമ്പോൾ വിറച്ചുധരിണിയി-
ലുറച്ച ഗിരികളും നിറച്ചുഭയമുള്ളി-
ലുറച്ചുദിഗ്ഗജങ്ങൾവിറച്ചു താപമോടേ
കുറച്ചുമയുനേരം

നരവരവാനരവീരന്മാരവ-
രുരുതരയുദ്ധം ചെയ്തുതുടങ്ങി;
കടുതരകാനമരങ്ങളുതങ്ങളി-
നടനടനവിടെയിടഞ്ഞുതടഞ്ഞും
ദൃഢതരമുടലിലടിച്ചുഞെരിച്ചും
പട പടരവമൊടുതമ്മിലടിച്ചും
തക്കംനോക്കിച്ചാടിയടിച്ചും
വെക്കംചെന്നൊരുകുത്തുകൊടുത്തും
മുട്ടതകത്തുംമുഷ്ടിയടിച്ചും
കാട്ടിലടുത്തുമരങ്ങൾപറിച്ചും

Digitized By Kerala Sahitya Akademi

ടകൊട്ടിപ്പടുത്തുപിടിച്ചുപറിച്ചും
പർവതശിഖരമെടുത്തുപിടിച്ചും
ഗവ്വൊടുധരണിചവിട്ടിയിടിച്ചും
വട്ടത്തിൽപലമട്ടമണഞ്ഞും
കെട്ടിത്തങ്ങളിലൊട്ട പിണഞ്ഞും.
കാലൊടുകാലും കയ്യൊടുകയ്യും
മുട്ടൊടുമുട്ടും തട്ടൊടുതട്ടും
തല്ലൊടുതല്ലും പല്ലൊടുപല്ലും
മാറൊടുമാറും തലയൊടുതലയും
മലയൊടുമലയും മരമൊടുമരവും
തങ്ങളിലവിടെയിടഞ്ഞുടനൊരു
ചടചടരടിതം ഝടിതിനിറഞ്ഞൊരു
ഭുവനക്ടാഹമുടഞ്ഞിടുന്ന
ജലധികളങ്ങു കലങ്ങിമറിഞ്ഞും
ജലമയുപൊങ്ങി മരങ്ങൾമറിഞ്ഞും
ജലജകുലങ്ങളൊടിഞ്ഞുനിറഞ്ഞും
ജലമതിൽമുങ്ങിബ്ഭംഗികുറഞ്ഞും
മലകൾകുലുങ്ങിയുലഞ്ഞുപതിഞ്ഞും
മലയാചലവും പേടിപിടിച്ചും
മലജലവൃക്ഷമശേഷമൊടിച്ചും
മലനടിയങ്ങു കലങ്ങിമറിഞ്ഞും
ക്ഷമിനടുങ്ങീ ഭ്രതിമുടങ്ങീ
ക്ഷുതമടങ്ങി ഭീതിയുടങ്ങീ
ക്ഷവമയുപൊങ്ങീ രവിരുചിമങ്ങീ
ക്ഷസമടങ്ങീ രാഗമിണങ്ങീ
ഗോപീനായകനാകിയദേവൻ
കോപംകൊണ്ടു മഹാകപിതന്നുടെ
കവിളിലടിച്ചു പിടിച്ചുപറിച്ചും
മാവിലണഞ്ഞു നഖങ്ങളംതറച്ചും
മാറരുതെന്നൊരു സമരമുറച്ചും
വാലുപിടിച്ചു വലിച്ചുമുലച്ചും
കാലുപിടിച്ചു മലച്ചുപതിച്ചും
ചാട്ടയുടന്നും ചാടിയകന്നും
നിഖിലചരാചരനാഥൻതന്നൊടു
നിജരോഷത്തെ നടിച്ചുവിചിത്രമു
നിഖിലജഗദ്ഗുരുമാകിയയുക്തം
ദിവസംതോറും വർദ്ധിക്കുന്നു;

ഋക്ഷേശ്വരനും തൽക്ഷണമങ്ങഥ
ലക്ഷ്മീപതിയുടെ വക്ഷോടാഗേ
വൃക്ഷംകൊണ്ടഥ ശ്രുക്ഷമടിച്ചും
ദക്ഷതതേടിന ദക്ഷിണപാണിയി-
ലക്ഷതമാകിന വൃക്ഷമെടുത്തു
ഇക്ഷുകണക്കെ തൽക്ഷണമോടവ-
നൃക്ഷാധിപനാമക്ഷയസാരൻ
ശിക്ഷയിലങ്ങു പൊടിച്ചുതകർത്തും
സാക്ഷാൽഭുവനം രക്ഷിച്ചീടിന
പക്ഷിവരാസനനിക്ഷിതി തന്നിൽ
ദുക്ഷിതിപാലക ശിക്ഷയ്ക്കായി
തൽക്ഷണമങ്ങു സമക്ഷേവന്നു
മുക്ഷകുലാധിപനോത്തീലേയും
തിരുമാറിടമതിലിരുമാവൊളിരു
വനമാലകളഥ മണിമാലകളും
കഷ്ടമവൻചില മുഷ്ടികൾകൊണ്ടതി
ഗൃഷ്ടതയോടുടനെത്തിപ്പലവക
കുത്തുന്നേരമലഞ്ഞുപിരിഞ്ഞു
പൊട്ടിച്ചിതറി വിതറീടുന്നു
ഉദ്ധതരാമവരിദ്ധാടോപം
ബദ്ധരസം ബഹുയുദ്ധംചെയ്തു
വൃദ്ധകപീന്ദ്രൻ ക്രുദ്ധതയോടെ
ബുദ്ധികലുങ്ങി സിദ്ധമടങ്ങി
ബദ്ധവിമഥന ക്ഷുബ്ധമതാകിന
ദുഗ്ദ്ധാംബുധിതന്നുദ്ധത നാദമ-
ന്നുദ്ധതമാകിനഹിക്കാനാദമിടിച്ചുമുഴക്കി
ധിക്കൃതനിഖില ചരാചരനാകിന
മക്കടമകുടശിരോമണിതന്നുടെ
ഉൽക്കടകഠിന നഖാഗ്രമുദാരം
സുന്ദരനാകിയ നന്ദസുതന്റെ
സുന്ദരിമാരുടെ കോമളമാംനല
രേഖകൾതുടങ്ങനേരം കീറിന
സരസശരീരംതന്നിലുറച്ചു
തറയ്ക്കുന്നളവു മുറിഞ്ഞുമുറിഞ്ഞു തെറിച്ചുവീടുന്നു
നോക്കുടനോഷ്ഠം ടിക്കറിയാതെ
കൊക്കുമുണങ്ങി നരച്ചുകരച്ചൊരു
മക്കൾനെന്നനിനച്ചിഹ നമ്മോ-
ടിക്കളിയൊക്കെയിളയ്ക്കാറായോ?

Digitized By Kerala Sahitya Akademi

ഗിരികടഹങ്ങളടിച്ചു പൊളിപ്പാൻ
പിരുതുനടിച്ചു തടിച്ചുകരംകൊ-
ണ്ടടികൊണ്ടുടനേ ചെകിടുടയുമ്പോ
ളിടയുണ്ടാകുമതെന്നേവേണ്ടൂ
ഇക്കണ്ടതുകൊണ്ടറിയാറായി-
ല്ലിക്കപിതന്റെ പരാക്രമമെല്ലാം
അക്കന്ദദിക്കുംനേരം വെയിലിനു
ശുക്ഷതയില്ല സഹിക്കാംതാനും
ഉച്ചയ്ക്കുള്ള പകച്ചുനിനച്ചാൽ
പിച്ചയിലല്ലെന്നോത്തീടേണം
നന്നുകുരങ്ങേ! നമ്മൊടുനേത്തിഹ
നിന്നു പിണങ്ങാമെന്നൊരുമോഹം
നിന്നുടെ ശക്തികളൊക്കെയെടുത്തി-
ട്ടിങ്ങിഹ വന്നാലെന്തൊരുചേതം!
ചെല്ലുകങ്ങടെ മല്ലനിലപ്പാൻ
മെല്ലെയെടുത്തൊരു തല്ലേവേണ്ടൂ
എല്ലുഞെരിഞ്ഞും പല്ലുപൊടിഞ്ഞും
കൊല്ലുക്കൊലതാൻ ചെയ്യാമല്ലോ
ഗർവുകലർന്നതിമതി പൊണ്ണത്തടിയാ!
ദുർവിധവചനംകൊണ്ടെന്തുഫലം?
സർവ്വമഹീതലവാസികൾക്കും ചരിതം
സർവ്വമിനിക്കു മനസ്സിലുദിക്കുക
ദുർഘടമായീദിക്കുകളെന്നും
സർവ്വശിവങ്കരമംബരമെന്നും
ഭേദമിനിക്കൊരുനേരവുമില്ലാ
മോദമിതൊന്നേ സന്തതമുള്ളൂ
തങ്ങളിലിങ്ങിനെയോരോവചനം
തിങ്ങിനമദ്ദീമാട്ടു തമ്മിലുരച്ചും
രംഗിയിൽ മാറിയൊരടവുപിടിച്ചും
തുംഗമരാമരശിഖരമെടുത്തും
ജലധികുലക്കിഭരണികുലുക്കി
ഭുവനമിളക്കി ഗ്രഹകളിളക്കി
ത്രിഭുവനമാടി മുഖമതുവാടി
ഭയമതുതേടി രസമതുമോടി
മലകളുമാടി ജലമതു ചാടി
കലുഷതതേടി ബഹുരണമാടി
രേമിഹക്രുടി സുരജനമാടി
യുവതികൾ പാടികപികുലമോടി
മനമതു പേടി രസമതു തേടി

ഹരിവരചേടീ ജനമപികോടി
കലുഷതതേടിസരോസമോടി
മലകളുമാടിഭരമതു ക്രുടി
ഹരിവരമാടി ബഹുരണധാട്ടി;
ഇരവും പകലും പലതു കഴിഞ്ഞതു
മിരുവരുമേതും ബോധിച്ചില്ലാ
മാറൊട്ടുമാറിടപായുന്നേരം
മാധവനുടെ തിരുമാറിൽ വിളങ്ങിന-
ത്തുളസീമാലയിലുള്ളവാം പരിമള
തെളുതെളയോടഥകളകളലളിതം
വിളയാടീടുമാരളിനിറമളവേ
ചിതറിച്ചിതറിപ്പൊടിയാകുന്ന
കപടനരന്റോ കടകം മകുടവു
മുടഞാണും ചിലപിടിയരഞാണും
കപിയുടെയുടലിൽ പൊടുപൊടെവികട
മിടഞ്ഞു തടഞ്ഞു പൊടിഞ്ഞു കുടഞ്ഞും
പൊടിപടലങ്ങളുമടവിയിലങ്ങുട-
നുടനേയിളകിപ്പൊടിയാകുന്നു
ദിവസം ദിവസം ചെല്ലുന്തോറും
രണമതിദാരുണമായി വരുന്നു
ഒരു ദിവസത്തിലെടുത്ത വിധങ്ങൾ.
കുറിനാളിലുമതു കാണാന്നില്ലാ,
ഇരുവരുമിങ്ങനെ യുദ്ധം ചെയ്തി-
ട്ടിരുപത്തെട്ടു കഴിഞ്ഞു ദിനങ്ങൾ
പുരുഷോത്തമനിനിമതിയാക്കേണം
വിരവൊട്ടു സംഗരമെന്നുമുറച്ചു
നിത്യവുമിങ്ങനെ നിന്നുപിണങ്ങാൻ
മൃത്യുകുരങ്ങിനു ദീനവുമില്ലാ
തല്ലിനുപകരം തല്ലീട്ടുന്നു
കുത്തിനു പകരം കുത്തീടുന്നു
മല്ലിനു പകരം മല്ലം കാട്ടും
കല്ലിനുപകരം കല്ലുമെടുക്കും
എന്നാലിന്നു തടുപ്പാനാളി-
ല്ലെന്നു വരുന്നു പ്രയോഗംകൊണ്ടു
ഇന്നിവനുള്ളിൽ തള്ളിവരുന്നൊരു
ദുർഘടമായൊരു ഗർവുശമിപ്പാൻ
ചിത്തംതന്നിൽ കൂടുപിടിച്ചു
മൃത്യുകുരങ്ങൻ കണ്ണുതുറക്കു;



Digitized By Kerala Sahitya Akademi

ഇത്ഥം മനസിനിനച്ചും കൊണ്ട്
ഉത്തമപുരുഷൻ ത്വടിതിയടുത്താൻ
അഷ്ടകുലാചലമൊത്ത തടുപ്പാൻ
നിഷ്ഠുരമാം ചില മുഷ്ടിമടക്കി
ശിഷ്ടശിഖാമണിയാം കപിരാജൻ
ഞെട്ടണമെന്നിട്ടുത്തമാം ചില
കുത്തുകൾ കുത്തിയമത്ത പിടിച്ചാൻ
തട്ടുകൾ മുട്ടുകൾ നീട്ടചവിട്ടുകൾ
തള്ളുകൾ കിള്ളുകളേറവ കളേറുക-
ളെന്നിവകൊണ്ടു തളച്ചുവരുത്തി-
ച്ചെന്നിഹവാലും കാലും കരവും
ഒന്നിച്ചുടനേകുത്തിയമത്തൊരു
പിണ്ഡം പോലെയുരുട്ടി ധരണിയി-
ലിട്ടാനവനെക്കെടമേഥനൻ
മന്ദസ്മിതവും തുകിനികാമം
സുന്ദരവദനൻ നിന്നാനരികെ;
അനേരം കപിരാജനുമുള്ളിൽ
സന്താപം പെരുത്തായ് വലിച്ചു
ചിന്തയുടങ്ങീയെന്തീവണ്ണം
ഹന്തനമുക്കു വരാനൊരുകാരണ-
മെന്തൊരു ദുരിതം ചെയ്തീയു നാമിവ-
നെന്തൊരു സുകൃതം ചെയ്തവനെന്നും
ധീരതയോടേ വന്നീവണ്ണം
നമ്മെക്കുത്തിനമത്ത ചമച്ചവ-
നാരെന്നുള്ളതറിഞ്ഞില്ലെന്നേ!
വീരശിഖാമണിതന്നേന്തനം
ഇത്ഥംമനസിവിഷാദം പൂണ്ടു
കുത്തുകൾകൊണ്ടു തളർന്നു കിടക്കും
ഗാത്രമൊരേടമിളക്കാൻ മേലാ-
ഞ്ഞത്രകിടക്കുന്നേരം തന്നെ
നേത്രങ്ങളുടേ പോളകളുള്ളവേ
കരയുഗളംകൊണ്ടറമുയത്തി
പാത്തീടുമ്പോൾ കാണായ്വന്നു
വിശ്വങ്ങൾക്കൊരു കാരണഭൂതം
വിശ്വഗുണങ്ങൾക്കുത്തമഭൂതം
വിശ്വജനങ്ങൾക്കയനീഭൂതം
വിശ്വാനന്ദം വിശ്വമനോജ്ഞം
വൈഷ്ണവമാകിനരൂപമുദാരം
കൃഷ്ണനിതെന്നൊരു നാമത്തോടേ
വൃഷ്ണികുലത്തിൽ വളർന്നുണ്ടാകിയ
തേജഃപുഞ്ജമിതെന്നോവേണ്ടു.

അഞ്ചൽകാഞ്ചനകാഞ്ചിമഞ്ജനനിചോം
ആലംബപീതാംബരം
പഞ്ചൽകേകിശിഖണ്ഡമണ്ഡലമിള-
ധമ്മില്ലവല്ലീധരം
കിഞ്ചിൽശിഞ്ജിതകങ്കണാങ്കിതകരം
സാനന്ദമന്ദസ്മിതം
ജ്യോത്സ്നാനന്ദമുഖേന്ദുസുന്ദരമും
സംതൃഷ്ടവാൻജാംബവാൻ,

നീലപയോധരജാലം പോലെ
വിലസിതമായിപലനിറമായി
പീലിയണിഞ്ഞും മാലയണിഞ്ഞും
തണ്ടാർമണമതുതെണ്ടിയണഞ്ഞൊരു
വണ്ടുകൾ മണ്ടി മുരണ്ടു നടന്നും
കണ്ടാലധികമനോഹരമാകിയ
തണ്ടാർമാനിനികാന്തൻതന്നുടെ
കൊണ്ടയുമവിടെക്കണ്ടാനുടനേ
സുലളിതമാകിനകുവലയകലിതം
ഭംഗികലർന്നു വിടിർന്നു വിളങ്ങും
തിരുമിഴിരണ്ടും സുഗമേ കണ്ടാൻ
തിലകസുമത്തിനു കലഹംതേടും
തിരുനാസികയുമുദാരം കണ്ടാൻ
തുടുതുടെയങ്ങു വിളങ്ങീടുന്നൊരു
ചൊടികളുരണ്ടും കണ്ടാനുടനേ
ഗണ്ഡസ്ഥലമതിലൊളിമിന്നീടിന
കുണ്ഡലയുഗളവുമളവേകണ്ടാൻ
മധുരസുധാകരബിംബത്തിനൊരു
വിധുരതനൽകുംമുഖവും കണ്ടാൻ
ശംഖിനു തോലിവളത്തീടുന്നൊരു
ശങ്കവളക്കും ഗളവും കണ്ടാൻ
ലക്ഷ്മീകുചതടകുംകുമരേഖാ
ലക്ഷിതമാകിനവക്ഷോഭോഗേ
ശ്രീവത്സംബതകൌസ്തുഭരത്നം
വനമാലയുമവനെല്ലാം കണ്ടാൻ
ഭുജഗശരീരവിരാജിതമാകിന
ഭുജയുഗളത്തെയുമളവേകണ്ടാൻ

Digitized By Kerala Sahitya Akademi

മുഷ്ടികൊണ്ടു ഹനിച്ചതുംബഹുകഷ്ടമായ് വിട-
കൊണ്ടതും
നിഷ്ഠുരം പിടിപെട്ടതും ചിലരാട്ടമുട്ടുകളും
ചെയ്തതും
വാലുകൊണ്ടടിയിട്ടതും മമകാലുകൊണ്ടിഹ-
തൊട്ടതും
പീലിജാലമൊടിച്ചതും വനമാലവന്നു പിടി-
ച്ചതും
എന്നുവേണ്ടമമാപരാധമിതൊക്കെയിന്നതി-
ദാരുണം
എന്നിനിക്കുശമിക്കുമീദുരിതങ്ങളൊക്കെ-
ദയാനിധേ
കണ്ടഗോഷ്ഠികളം കാട്ടുവാൻ മികവുള്ളകുട്ട-
മിതെന്നതും
കൊണ്ടൽവണ്ണനറിഞ്ഞുകൊണ്ടു സഹിക്കിലേ-
ഗതിയുള്ളമേ
പണ്ടുനിൻകൃപകൊണ്ടതന്നെ ജഗത്തിൽനിന്നു-
പൊവത്തതും
കണ്ടധീരതയും നടിച്ചുരിപുക്കളോടു മവത്തതും
രാക്ഷസപ്പടയിൽ കടന്നതിരുക്ഷമായിനടന്നതും
വൃക്ഷവടലിതകത്തതും ചിലരാക്ഷസൌഘമ-
മത്തതും
വൈരിയോടടിയിട്ടതും പിടിപെട്ടതും കടി-
പെട്ടതും
വീരരെക്കൊല ചെയ്തതും ചിലരെയ്തതും പല-
ചെയ്തതും
നിൻപദാംബുജസേവനായി നടന്ന ഞാൻമുത-
വാനരൻ
സാമ്പ്രതം പരമാത്മബോധമശേഷവും മമ-
ജ്ഞംതേ
പണ്ടുനിന്നവതാരമൊക്കെയുമോക്കിലെത്രമ-
നോഹരം
കണ്ടുനിന്നടിയൻ സുഖിച്ചതുമുണ്ടു ചേതസി-
യൊക്കവേ
മത്സ്യമായി ജനിച്ചതുംമനുക്രമ്മമായിജനിച്ചതും
മത്സരിച്ചരിഖണ്ഡനായവരാഹമായിജനിച്ചതും
ഭീമവിക്രമമോടുടൻ നരസിംഹമായിജനിച്ചതും
വാമനാകൃതി പൂണ്ടുകൊണ്ടഥവിഷ്ടപങ്ങളെ-
വീണ്ടതും
ഭാർഗ്ഗവാകൃതി പൂണ്ടശേഷനരേന്ദ്രവൃന്ദമമത്തതും
ഭാർഗ്ഗവീപതിരാമനായ് ദശകണ്ഠനെക്കൊല-
ചെയ്തതും
വൃഷ്ണിവംശശിഖാമണേ! ബലഭദ്രനഗ്രജനായതും
കൃഷ്ണനാകിയനീയൊരുത്തനിതൊക്കെ-
ഞാനറിയുന്നിതേ

കൃശതരമാകുമൊരുദരം കണ്ടാ-
നതിഘ്നമാകിനജഘനം കണ്ടാൻ
പീതദുകൂലമുടഞ്ഞാണികളും
ജാതകുതൂഹലമഖിലം കണ്ടാൻ
കുംഭികരത്തിനു ഡംഭമടക്കും
കെല്പേറുന്ന മുഴങ്കാൽ കണ്ടാൻ
ശക്രാദികളാലച്ചിതമാകിന
തുക്കാലടിമലരിണയും കണ്ടാൻ;
അടിമലർതൊട്ടുതിരുമുടിയോളം
തിരുമുടിതൊട്ടങ്ങടിമലരോളം
തിരുവുടൽകണ്ടകതാരിലുദിച്ചൊരു
കരുണാലേശംകൊണ്ടു ഹരീശൻ
കണ്ണിണതന്നിൽ നിറഞ്ഞു പൊഴിഞ്ഞതി
തിണ്ണം വഴിയും കണ്ണീർകൊണ്ടു
കുളിച്ചു കുളുത്ത ശരീരത്തോടും
വിണ്ണോർ പതികളിലുത്തമനാകിയ
കണ്ണൻ തിരുവടി തന്നുടെ ചെവടി
പുണ്യംകൊണ്ടു ലഭിച്ചതുമൂലം
പൂണ്ടാനന്ദപയോനിധിസലിലേ
മുങ്ങിപ്പൊങ്ങിത്തിരകളം കളിച്ചൊരു
പുളകപ്പാളികളിച്ചു വിളങ്ങും
വെളുവെളെയുള്ളൊരു ദേഹത്തോടും
ധരണിയിൽ നിന്നെഴുനേറ്റൊരുവണ്ണം
കരുണാകരനുടെയടിമലർ താഴെ
വടിവൊടുവീണു വണങ്ങി വണങ്ങി
സ്തുതിവചനങ്ങളുമങ്ങു തുടങ്ങി

നന്ദനന്ദനസുന്ദരാനന! നന്ദനീയഗുണാം-
ബുധേ!
കുന്ദസുന്ദരമന്ദഹാസമുകുന്ദമാധവ! പാഹിമാം
പഞ്ചലായതപാരുലോചന! പഞ്ചബാണസ-
മാകൃതേ!
പഞ്ചലാമലനീലകുന്തള! മഞ്ജുളാനനപാഹി
ഗോകുലേശ! നമോസ്തുതേ ജയഗോപ- [മാം
ബാലനമോസ്തുതേ
ഗോപികേശ! നമോസ്തുതേ ജയഗോധനായ-
നമോസ്തുതേ
സാധുലോകശിഖാമണേ! പരമാത്മമൊക്കെയു-
മിങ്ങനെ
ബോധിയാഞ്ഞടിയൻ പിഴച്ചുപിഴയ്ക്കാടുക്ക-
വുമില്ലയോ

Digitized By Kerala Sahitya Akademi

പുതുമിതുകളതുമെന്നവലയ്ക്കുകത്തു വലയ്ക്കുയാൽ
ഇതുതത്ത്വമറിഞ്ഞിടാതെ പിണഞ്ഞുമേബുദ്ധ
സാഹസം
ഇതെത്താടുത്ത പണിക്കു ഹേതുസ്യമന്തകംമണി-
കാരണം
ഇപ്പോഴേക്കുനമുക്കുബോധമകത്തുറച്ചുവിരാ-
ജതേ
ദുഷ്കൃതസ്സുകം പോക്കുവാനെഴുനള്ളിയെന്നതറി-
ഞ്ഞുഞാൻ
കമ്മദോഷമതെന്നിയേ പിലതുണ്ട കണ്ടതു-
ചൊല്ലുവാൻ
കഷ്ടമിന്നടിയത്തിനും തവതവമൊക്കെമറന്നു-
ടൻ
ദുഷ്കമ്മമകപ്പെടാനിഹകാരണം കരുണാ-
നിധേ

കേതിയൊടിന്നുതി ചൊല്ലിവണങ്ങും
കേതുശിരോമണിയാം കപിരാജനെ
ഉത്തമപുരുഷൻ തുക്കെക്കൊണ്ടു
തൊട്ടുതലോടിത്തടവിത്തന്നുടെ-
യുടലിൽ ചേത്തുടനമിതാനന്ദം
തടവുന്നേരംകപിയുടെ കണ്ണീ-
ന്നൊഴുകീടുന്നൊരു വിമലജലങ്ങളിൽ
മുഴുകി മുകുന്ദൻ ചന്ദനപങ്കം
കുഴുകിയൊഴിച്ചുടനവനീതലവും
മെഴുകിപ്പൊടികളുമടിമലർതന്നി-
ലിഴുകിപ്പുരിചൊടു കാണായ് വന്നു
ഗോപീനായകനരുളിച്ചെയ്തു
കോപം മനസിനമുക്കില്ലുതുറ
ഗോപികളാടു കളിച്ചു നടക്കും
ഗോപാലംകുതി നിന്നെക്കാട്ടാൻ
എന്തൊരുപായമിതെന്നീവണ്ണം
ചിന്തിച്ചുങ്ങനെ മരുവുന്നേരം
സത്രാജിത്തൊരു മണിയും കൊണ്ടു
തത്രവരുന്നതു കാണായ് വന്നു
വേട്ടയ്ക്കായിട്ടവനുടെ സഹജൻ
കാട്ടിൽ ചെന്നു മരിച്ചും പോയി
മണിയും സഹജനുമിങ്ങുവരാഞ്ഞതി-
ട്ടത്തൽമുഴുത്തൊരു സത്രാജിത്തും
ഇഷ്ടജനങ്ങളുമൊക്കെച്ചൂടി
കെട്ടിത്തീർത്തു നമുക്കപരാധം;

കൃഷ്ണൻതന്നെ മണികട്ടെന്നും
തുഷ്ണയവറീലവന്നൊടെന്നും
പണ്ടെതന്നെകട്ടുമുടിക്കും
പണ്ടമിതെന്നും പലവിധമിങ്ങനെ
നമ്മെക്കൊണ്ടു ചമച്ചുപരാധം
തീർപ്പതിനെന്നൊരു ഭാവത്തോടെ
നമ്മുടെ കേതരിലഗ്രേസരനാം
നിന്നെക്കാണ്മാനിന്നിഹവന്നേൻ
ഇത്തരമരുളിച്ചെയ്തുടനേരം
ചിത്താനന്ദം പൂണ്ടു കപീന്ദ്രൻ
അംബുജമുഖിയാംജാംബവതിക്കി-
നംബുജനാഭൻ പതിയാകേണം
അംബരചരപുരസുന്ദരിമാരുടെ
ഡംബരമൊന്നു നിലുപ്പിക്കേണം
എന്നുമനസ്സിലുറച്ചുടനേനിജ
നന്ദിനിതന്നെ വിളിച്ചു വരുത്തി
നന്ദതനുജനുനൽകിപ്പരിചൊടു
വന്ദിച്ചുമ്പൊടുമണിയും നൽകി
നിന്തിരുവടിയുടെ കൃപയെന്നുള്ളതു
സന്തതമെങ്കലുറച്ചീടേണം
സുന്ദരിമാർ തവ പലരുണ്ടിപ്പുരം
എന്നതുമടിയൻ ബോധിക്കുന്നു
എന്നതിലൊന്നായ് വെച്ചീടേണം
നമ്മുടെമകളെയുമെന്നേവേണ്ടു
എന്നുപറഞ്ഞുവലത്തുകൾംവച്ചു
നന്നായ്ത്തൊഴുപദാരവിന്ദം
തുക്കാലടിമേൽപരിചൊടുവിലസും
പൊടികളെടുത്തുശിരസ്സിലണിഞ്ഞു
നിന്നീടുന്നൊരു വാനരപതിയെടു
നന്ദതനുജൻയാത്രയുമരുളി
തുക്കെക്കൊണ്ടുത്രജാംബവതീകു-
കമലംതാങ്ങിയെഴുന്നള്ളി മുദാ
ഗുഹയിൽനിന്നു പുറത്തുമിറങ്ങി
സ്വജനത്തോടും ക്രൂടിമുകുന്ദൻ
ഝടിതിമഹാവനമങ്ങുകടന്നു
ഭഗവാൻദ്വാരകതന്നിൽപ്പുക്കു
മിത്രജനത്തോടുക്രൂടിമുകുന്ദൻ
സത്രാജിത്തിൻ ഭവനംപുക്കു

Digitized By Kerala Sahitya Akademi

സത്രാജിത്തതുനേരംവിരൽപൊട്ടു
വ്യത്രാരാതിസഹോദരനക്ക -
ണ്ടുംത്രാസത്തൊട്ടുകുടെച്ചെന്ന
സത്രപമങ്ങുവണങ്ങുന്നേരം
നന്ദതാത്മജൻ സുന്ദരവദനൻ
മന്ദസ്മിതരുചിവൃന്ദംകൊണ്ടു
മന്ദിരമൊക്കെവെളുപ്പിച്ചുടനേ
സാന്ദ്രകുതൂഹലമുളവായ്തു
സത്രാജിത്തിതുബോധിച്ചാലും!
ചിത്രമിതെല്ലാംവിധിയുടെചരിതം
സോദരമരണംകൊണ്ടുള്ളവാകിയ
ഖേദംമനസിചുരുക്കീടേണം
സാദരമൊന്മൊഴികേട്ടീടേണം
മോദംമനസിവളർന്നീടേണം
നിന്നുടെസഹജൻ ഗഹനംതന്നിൽ
ചെന്നൊരുകോട്ടിലണഞ്ഞൊരുനേരം
വന്നൊരുസിംഹമടിച്ചുഹനിച്ചുപാ-
ടിച്ചുപറിച്ചാൻ മണിയെയുമുടനേ;
അവനെക്കൊന്നുപിടിച്ചാനമ്മണി
ജാംബവനെന്നൊരു വാനരരാജൻ
കുഞ്ജരബലനാമ്മവനും തന്നുടെ
കുഞ്ഞിനുമങ്ങുകളിപ്പാൻനല്കി
എന്തിതുവരുവാനെന്നുനമുക്കുമൊ-
രന്തസ്സാപംപൂണ്ടൊരഭിവസം
കാന്താരങ്ങളിലെങ്ങും ചെന്നുതി-
രഞ്ഞുവിരഞ്ഞുനടക്കുന്നേരം
വാനരവരനുടെ ഗുഹയിൽകണ്ടൻ
ഭാനുകരേണലഭിച്ചൊരുമണിയെ
മാനിച്ചവനൊരുതരുണീമണിയും
മണിയുംക്രൂടെത്തന്നാനുടനെ
എന്നാലിതുനീമേടിച്ചാലും
നന്നായ്വരുമെന്നരുളിച്ചെയ്തു
കേട്ടൊരുനേരംതലയുംതാഴ്ത്തി-
പ്പെട്ടന്നവിടെവസിച്ചുനിനച്ചു
കഷ്ടമിതെന്നുടെ സാഹസമെല്ലാം
ദുഷ്ടതകൊണ്ടിതുശങ്കിച്ചുൻഞാൻ
ഇപ്പോജനത്തെക്കൊണ്ടൊരുനാളും
നിഷ്ക്രമമായിനിനയ്ക്കുരുതല്ലോ
വിഷ്ണുപപതിയാം നന്ദസുതന്റെ
തുഷ്ടിവരുത്താനെന്തൊരുപായം
ഇഷ്ടക്കേടുമിവന്നുണ്ടായാൽ
നഷ്ടമിതല്ലോനമ്മുടെവംശം
വിഷ്ണുപവാസികളൊക്കെയിവന്റെ
തുഷ്ടിവരുത്താനായിപ്പലതര-
മിഷ്ടികൾകൊണ്ടുവിശിഷ്ടതയാടേ
തുഷ്ടിവരുത്തിവസിച്ചീടുന്ന
യഷ്ടിജനങ്ങളിൽ മുത്തവനാംഞാൻ
ദുഷ്ടതതന്നെനിനച്ചേയുള്ളു;
സകലമഹാജനഭ്രഷണനായി-
സ്സകലനിശാചരശോഷണനാകിയ
യദുനായകനെക്കാണ്ടിഹഞാനും
മോഷണമെന്നൊരുദുഷണമെല്ലാം
ശങ്കിച്ചുനതികഷ്ടംകഷ്ടം
ഇത്ഥംമനസിവിഷാദംപൂണ്ടതി-
പശ്ചാത്താപവിഷണ്ണതയോടെ
സത്രാജിത്തുവണങ്ങിവണങ്ങിയു-
ണർത്തിച്ചാനിതുഭഗവാനോടെ
അടിയൻചെയ്തപരാധമിതെല്ലാം
വടിവൊടുപോറുത്തിസഹിച്ചീടേണം
അടിമലരെന്നിയെമറുമൊരാശ്രയ-
മടിയനില്ലുതുണത്തിക്കുന്നോൻ;
അനുജവിനാശവിഷാദംകൊണ്ടു ട-
നനുചിതമായിനിനച്ചുംപോയി
അനുഗ്രണമാകിനപിലരുടെവാക്കുക-
ളനുമതമെന്നുനടിച്ചുംപോയീ;
ഇത്തരമുള്ളൊരുവചനംകേട്ടി-
ട്ടുത്തരമരുളിച്ചെയ്തു മുകുന്ദൻ
അത്തൽകളഞ്ഞുതെളിഞ്ഞാലുംനീ
ചിത്തവിഷാദമിതൊട്ടുംവേണ്ടാ
തത്ത്വമറിഞ്ഞീടാഞ്ഞാലനുദിന-
മിത്തരമെല്ലാമുണ്ടായീടും
ചിത്തവികാരമിനിക്കില്ലെന്നും
സത്യംതന്നെപറഞ്ഞീടുന്നു
യത്നംവളരെച്ചെയ്തുലഭിച്ചൊരു
രത്നംപോയതിളച്ചീടാമോ?
എന്നരുൾചെയ്കൊടുത്തൊരുരത്നം
വാങ്ങിവണങ്ങിസ്സത്രാജിത്തും

Digitized By Kerala Sahitya Akademi

ദാനവസൂദനനായിക്കൊണ്ടു
ദാനംചെയ്വാൻ തന്നുടെമകളെ
കല്യാണഗുണമേറും നല്ലസത്യഭാമയ-
ന്നല്ലോയിവൾക്കുനാമം ഉല്ലാസത്തോടെകണ്ടു
മല്ലാരിമനതാരിൽനല്ലൊരുമോദംപൂണ്ടു
മെല്ലെനിരൂപിക്കുന്നനല്ലാരിൽമണിയോടു
തുല്യമായ്പാരിലെങ്ങും ഇല്ലൊരുതരുണികൾ
കില്ലേതുമില്ലതിനു, അല്ലിത്താർബാണനുടെ
വില്ലിനുമിനിമേലിൽമുല്ലവിശിഖങ്ങൾക്കു-
മില്ലൊരുനേരംപോലും നല്ലൊരുവിശ്രമമെ-
ന്നല്ലോമമതോന്നുന്നു, വില്ലംകുലച്ചുകൊണ്ടു
മല്ലീശരംതൊടുത്തുകൊല്ലാനണഞ്ഞിടുന്ന
മെല്ലെമലർവിശിഖൻ, നല്ലൊരുവദനവും
ചില്ലീലതകൾരണ്ടും സ്ഫുല്ലാരവിന്ദത്തെയുംവെ
ല്ലും നയനങ്ങളും പൊല്ലേറുമധരവും
പല്ലും മന്ദസ്മിതവും മെല്ലെയഴിഞ്ഞുലഞ്ഞ
നല്ലതലമുടിയും പങ്കജമുകുളത്തോ-
ടങ്കംപൊരുതീടുന്നകൊങ്കയുഗളമതും
കങ്കേളിദളങ്ങളോടൊത്തകൈവിരലുകൾ
കാഞ്ചീഗുണങ്ങളെക്കൊണ്ടഞ്ചിതമായീടുന്ന
കാഞ്ചീസദനംമമനെഞ്ചിൽവിളയാടുന്നു
നാട്ടിൽമികുംവറീടും മട്ടലർമിഴിയാളെ
കിട്ടുംമമസുകൃതമൊട്ടല്ലനിനയ്ക്കുമ്പോൾ
ഏവംനിരൂപിക്കുന്നദേവേശനായിക്കൊണ്ടു
സത്രാജിത്തുനേരം സത്യഭാമയെനല്കി
പിന്നെസ്യമന്തകവും കന്യാദാനമായ്നല്കി
ബാലജനങ്ങളുടെ ശീലക്കേടുകളെല്ലാം
ചാലേസഹിച്ചീടേണം നീലനയനാപോറീ!
ഇത്തരമുരചെയ്കുവണങ്ങും
സത്രാജിത്തിൻപാണിപിടിച്ചു
ഗാത്രത്തിലുമണച്ചുമുകുന്ദൻ;
ചിത്താനന്ദംതടവിക്കനിവൊട്ടു
ചിത്രതരംമണിയവനായ്തന്നെ
സത്വരമങ്ങുകൊടുത്തു മുകുന്ദൻ;
യാത്രയുമുരചെയ്കവനൊടുമുടനേ
മിത്രജനങ്ങളുമായെഴുനള്ളി
കളമൊഴിമാരുടെ കരതലയുഗളം
കനിവൊടുകോർത്തുപിടിച്ചെഴുനള്ളി

കളികളുമരുളിച്ചെയ്തതിമധുരം
കളിയൊളിവിലസും ലളിതകടാക്ഷം
യദുവരനളവേതുകീട്ടവനുടെ
കരളിൽതെളിവൂവരുത്താനായി
തെളിതെളിവിലസും മന്ദസ്മിതമാം
കളർചന്ദ്രികയെക്കൊണ്ടടവിതടം
വെളുവെളെയാക്കിനടന്നാൻ കൃഷ്ണൻ
ലളിതവിജനലീലാകൃഷ്ണൻ
അപ്പോഴങ്ങദ്വാരകതന്നിൽ
കെല്പൊടുടനേപൊരുന്മാരും
ചിൽപുരുഷോത്തമനെഴുനള്ളത്തു-
ണ്ടിപ്പോഴെന്നതുകേട്ടൊരുനേരം
തല്പുരമൊക്കെയടിച്ചുകടഞ്ഞുട-
നുത്തമമായൊരലങ്കാരത്തിനു
കോപ്പുകൾകൂട്ടിപ്പാഞ്ഞുതുടങ്ങി
കല്പനചിലരുപറഞ്ഞുതുടങ്ങി
നമ്മുടെഗോവാനെഴുന്നള്ളുന്നു
പെൺമണിമാരുണ്ടിരുവരുപോലും
വെൺമയിലിവിടെവിവാഹോത്സവമതി
രമ്യമതായിഘോഷിക്കണം
പൊന്മയമാംചിലമണിമാളികയും
വെൺമാടങ്ങളുമുളവാക്കേണം
ഹർമ്മ്യങ്ങളുമഥമണിഭവനങ്ങളു-
മിനിയും പലതുചമച്ചീടേണം
പന്തലുമയരെത്തീർത്തീടേണം
ചന്തത്തോടുവിതാനിക്കേണം
രണ്ടുതുവേണം മുല്ലപ്പന്തലു
രണ്ടുവിവാഹംക്രടീട്ടല്ലോ
കാഴ്ചക്കൊരുവസിപ്പാൻ ചുറവും
കാഴ്ചത്തട്ടുകളിട്ടീടേണം
തട്ടുകളെല്ലാമൊട്ടൊഴിയാതെ
പട്ടുകൾകൊണ്ടുവിതാനിക്കേണം
കെട്ടീടേണം പലകൂടിലുകളും
വെട്ടീടേണം കാടുകളെല്ലാം;
നാട്ടീടേണം കൊടിമരനികരം
കൂട്ടീടേണംകൊടിയേറ്റാളം
കുറുകുംപലതും തൂക്കീടേണം
കുറുണ്ടെങ്കിലിതിപ്പോൾവേണം

Digitized By Kerala Sahitya Akademi

അങ്ങാടികളതുപലവകവേണം
ചങ്ങാതികളേ കാലംപോയ്
കോടിസഹസ്രംപീടികവേണം
കോട്ടകളിൽചിലതുണകൾംവേണം
കോടികൾം പട്ടകൾം തൂക്കീടുമ്പോൾം
കോടിപ്പോമിഹതുണില്ലാഞ്ഞാൽ
കോട്ടകളീന്നുജനങ്ങൾംനിറഞ്ഞഴ-
കോട്ടചമഞ്ഞുവരുന്നൊരുനേരം
കോടരുതേതുംസ്ഥലമില്ലാതെ
കോട്ടകളധികം കരുതീടേണം
കൊട്ടിലുപലതും കെട്ടീടേണം
കോട്ടത്തളവും തീർത്തീടേണം
കൊട്ടകൾം വട്ടികൾം തൊട്ടികളെല്ലാം
കോട്ടമകന്നുചമച്ചീടേണം
പന്തിപ്പലകകൾംപലതുംവേണം
മന്തുംകഴലമരക്കോരികയും
കലവറവേണം നിലവറവേണം
കലവറയിൽ ചില നിലവറവേണം
നിലവറയിൽ ചില കലവറവേണം
എലകണ്ടിപ്പാൻ പലരുംവേണം
കലകണ്ടിപ്പാനങ്ങനെതന്നെ
പാലും തൈരും നെയ്യും മോരും
ചാലെപ്പെരികെവരുത്തീടേണം
അരിയും പെരികെ വരുത്തീടേണം
പൊരിയും മലരവിലിവയും വേണം
ചന്ത്രക്കാരനു മൂഴ്യക്കാരും .
ചന്തം നോക്കി നടന്നാൽ പോരാ
സന്തതമോരോ കോട്ടകൾം കൂട്ടാ-
നന്തരമാൻ നിവന്നീടേണം
അന്തണനരനവധി വരുമെന്നാലവർ
ചെന്തളിരടിമലരുടനേ കൂപ്പി
പന്തിനിരത്തിയിരുത്തീട്ടവരെ
ചിന്തതെളിഞ്ഞു ഭുജിപ്പിക്കേണം;
എന്തിനു പലതു പറഞ്ഞീടുന്നു?.
ചെന്താർമാനിനി വല്ലഭനോകിയ
തന്തിരുവടിയുടെ വേളിയതെന്നതു
ചിന്തിച്ചെല്ലാമുത്സാഹിപ്പിൻ
ഇത്തരമോരോ വാക്കു പറഞ്ഞും

സത്വരമ്പിടെ നടന്നു ശ്രമിച്ചും
ചിത്താനന്ദത്തോടേ പുരജന-
മൊത്തു സമസ്തം കോപ്പുകൾം കൂട്ടി.
അവധി ജനമഥകുതുകമോടെ
ദനുജമഥന പുരമണഞ്ഞുപാടേ
പുനരപിപുനരപിജലധിതടേ
ഘനരസമോടുടൻ നിറഞ്ഞവിടേ
ചിറതന്നിലിടഞ്ഞിടഞ്ഞുടൻ നടന്നു
പിറകിൽ നിന്നന്തിത്തള്ളിച്ചിലർ കടന്നു
പുരങ്ങളിലകം പുക്കു ചിലരിരുന്നു
പരിചൊട്ടു കുടിലുകളൊക്കെപ്പുരന്നു
ടജനമൊരുവക നടന്നീടുന്നു
ചടചടപരിചകൾം തുടക്കിടുന്നു
പൊടുപൊടെവെടി ചിലർ മുഴക്കിടുന്നു
ഒരുദിശിമുനിജനമെഴുന്നള്ളുന്നു
പരിഹാസം പറഞ്ഞങ്ങു ചിരിച്ചീടുന്നു
പരിചൊടവരെച്ചിലർ വണങ്ങീടുന്നു
ഒരു ദിശിവിപ്രന്മാരും വസിച്ചീടുന്നു
പരമപുരുഷനുടെ വരവു കാൺമാൻ
തരുണികളൊരുമിച്ചു പുറപ്പെട്ടുന്നു;
തരിവളകടകങ്ങൾം ഇടഞ്ഞാണകൾം
തരമായ കുരലാരമരഞ്ഞാണകൾം
കരയുള്ള പുടവകൾം കുറിമുണ്ടുകൾം
തെരുതെരെയെടുത്തുടനണിഞ്ഞീടുന്നു
തിലകങ്ങൾം പലതരം ചമച്ചീടുന്നു
തലമുടിവടിവൊട്ടു തിരുകീടുന്നു
വിലസിനമധുഗണം പൊഴിഞ്ഞീടുന്നു
മലർശരനവരോടു പിണങ്ങീടുന്നു
കളമൊഴി ജനങ്ങളും തെളിവിനോടേ
കളികളും പറഞ്ഞങ്ങു കളിച്ചുമെല്ലേ
വളഭികൾം മുകളേറിയിരുന്നീടുന്നു
കളകളമോരോ വാക്കു പറഞ്ഞീടുന്നു

പെണ്ണായിട്ടു പിറന്നവരാരും
പെണ്ണെന്നേതും ഭാവിക്കേണ്ടാ
കണ്ണൻ തിരുവടി തന്നൊടു ചേരും
പെണ്ണേയൊരു പെണ്ണായുള്ള
എണ്ണില്ലാത്ത ഗുണങ്ങളിണങ്ങും
കണ്ണൻ തിരുവടി തന്നൊടുചേരാൻ

Digitized By Kerala Sahitya Akademi

പുണ്യം ക്രടാതിങ്ങനെ നമ്മെ
തിണ്ണം തീർത്തവനെന്തൊരു പാഴൻ
നന്ദാത്മജനുടെ രണ്ടു വശത്തും
സുന്ദരിമാരെക്കാണാകുന്നു;
ധന്യകളാമാക്കന്യകമാരെ-
ത്തന്നോമന്നിലിവണ്ണം കാണും
അന്യജനത്തിനു ഭാഗ്യം പോരാ
ധന്യജനത്തൊടു ക്രടിവസിപ്പാൻ
മുന്നം ചെയ്തൊരു സുക്രതം കൊണ്ടേ
നന്നായിട്ടൊരു വരനുണ്ടാവൂ
നോക്കുണ്ടെങ്ങൊരു നായരവന്റെ
വാക്കുകളം കേട്ടാലെന്തൊരു കഷ്ടം!
മൂക്കോളം ബത കള്ളുകുടിച്ചു-
ട്ടുക്കുകളം കാട്ടണമത്രേ വേണ്ടൂ
ചേന്നനായരുവന്നാനിന്നലെ
നമ്മുടെ വീട്ടിൽച്ചെരിവഴനായി-
ട്ടെന്നാറയ്ക്കൽ ഞാനുമവന്നൊരു
പായുമെടുത്തു പുറത്തു കൊടുത്തു;
ആയതുനേരം നമ്മുടെ നായരു
വന്നിട്ടെന്നോടെന്നു കലമ്പി
കള്ളച്ചെറുമീയാരാണിന്നീ
കള്ളപ്പാഴനു പറമ്പൽകിയതു്?
കൊള്ളാമെന്നു പറഞ്ഞു കൊണ്ടവ-
നുള്ളകലങ്ങളശേഷമുടച്ചു
കൊച്ചിനെ വന്നു പിടിച്ചുപറിച്ചാ
ദുഷ്ടനിനിക്കിട്ടൊന്നു മടച്ചു
ഇങ്ങനെയുള്ളൊരു കള്ളന്മാരേ
ഇങ്ങു നമുക്കുണ്ടാകുന്നുള്ളൂ;
മറൊരു നാരി പറഞ്ഞാനപ്പോൾ
ഏറവരെങ്കിലിവണ്ണം വേണം
വല്ലവിമാരെപ്പരിപാലിപ്പാൻ
മല്ലാരിക്കൊരു കൌശലമേറും
നല്ലജനത്തൊടു ക്രടി വസിപ്പാൻ
നല്ലൊരു ഭാഗ്യം വേണം തോഴി!
അണ്ണൻ പട്ടരുക്രടിനടന്നാൽ
എണ്ണയ്ക്കുമം ഞാനറിയേണ്ടാ
കാഴ്ചകളം കാൺമാൻ കൊണ്ടു നടപ്പാൻ
കൊച്ചു പണിക്കരു താനേ പോരും
താച്ചൻനായരു കച്ചയെടുത്തേ
ഇച്ചക്കൊക്കു പണ്ടൊരു കാലം
പണ്ടു സുഖിച്ചു വളർന്നവൾ ഞാനെ-
ന്നണ്ടാകേണം മാനിനിമാരേ!
തരുണികളിത്തരമൂരചെയ്യുടനേ
പരിചൊടു കണ്ടു രസിക്കുന്നേരം
സരസിജനയനനകം പുക്കുടനേ
സരസമൊരാലയമതിലെഴുനള്ളി
വിവാഹമാകിയ മഹോത്സവത്തിനു
മുഹൂർത്തമപ്പൊട്ടു വിധിച്ചനേരം
മഹാജനങ്ങളുമണഞ്ഞു പാരം
മഹാപുരങ്ങളിൽ നിറഞ്ഞിരുന്ന
മഹീതലങ്ങളിൽ വിളങ്ങിമേവും
മഹീസുരേശ്വരശ്രേഷ്ഠമപ്പോൾ
വിഹീനസംഭ്രമകന്ന യാദവ
മഹീശമന്ദിരമലങ്കരിച്ചു;
തനിച്ച മാനുഷജനത്തിനപ്പോൾ
അനേകമുണ്ടെമനോരഥങ്ങൾ
വിനോദനങ്ങളെ നിനയ്ക്കയാലഗ-
മനസ്സിലുണ്ടതികുത്സിതങ്ങൾ
മുരാരിതൻ പദസരോരുഹങ്ങളെ
നിരാകുലം കിലു വണങ്ങുവാനായ്
തരം വരേണ്മതിരുന്ന കാരണ-
മതൊക്കെയെന്നവർ നിനച്ചീടുന്ന
കെട്ടുകളം പലതുണ്ടതിനടെ മുറവും
കൊട്ടിലുപലതും കെട്ടിത്തീർത്തു
ഒട്ടല്ലയരംമാനത്തപ്പൊട്ടു
മുട്ടമതെന്നേ കണ്ടാൽ തോന്നു
ചന്ദനവിടപികളം കൊണ്ടു ചമച്ചോ-
രുന്നതമാകിന തൂണുകളെല്ലാം;
അകിലുമരംകൊണ്ടഖിലം തീർത്തു
അകലം നീളവുമളവില്ലേതും
അപ്പോളങ്ങൊരു മന്ത്രിപ്രവരൻ
കല്പനകൊണ്ടു പറഞ്ഞു തുടങ്ങി;
പത്തും രണ്ടും മന്ത്രികളുള്ളവ-
രൊത്തു പ്രയത്നം ചെയ്തീടേണം
ഉത്തമമാം ജനമിവിടെപ്പലവക-
യെത്തുമതെന്നതു ബോധിച്ചാലും!
സത്രത്തിനു കൊഴപ്പുവരാതെ
ചിത്തമുറച്ചു ശ്രമിച്ചീടേണം;

Digitized By Kerala Sahitya Akademi

മറുനാട്ടിന്നു വരുന്ന ജനത്തെ
പരിപാലിപ്പാൻ പലരും വേണം
നരവരമന്ത്രികനും വന്നാലവരെ-
പ്പുരമുറിതന്നിൽ പാർപ്പിക്കേണം
മേളം കൂടി നൃപന്മാർ വന്നാൽ
മാളികതന്നിലിരുത്തീടേണം;
ശക്കിത്തിരിമാർ ചോമാതിരിമാർ
ചൊൽക്കൊണ്ടീടിന ഭട്ടേരികളും
ആഢ്യന്മാരും മന്ത്രികനും മന്ത്രികനും
മൌഢ്യമിയന്നൊരു നമ്പൂരാരും
സകലരുമങ്ങെഴുനള്ളുന്നേരം
തേവാരികനും പരിപാലിക്കേണം
വൈദ്യക്കാരും ഗണിതക്കാരും
വന്നാലവരെപ്പാർപ്പിക്കേണം
ആട്ടക്കാരുടെ പെട്ടികനും വയ്പാൻ
കൊട്ടിലുവേറേ കെട്ടീടേണം;
ശാസ്ത്രപ്പിള്ളേക്കരിയും കോപ്പും
പാത്രവുമങ്ങുകൊടുത്തീടേണം
കള്ളുകുടിക്കും കള്ളന്മാരുടെ
തൊള്ളയിലുടനേ മുള്ളീടേണം
വാടയ്ക്കുള്ളിൽ കാടുകനും കാട്ടും
ചേടന്മാരെത്താഡിക്കേണം
ഒട്ടൊട്ടസ്മനത്തിനടുത്താൽ
വെട്ടം നീളെ നിരത്തീടേണം
വാടയ്ക്കകമേ മുള്ളുന്നവരെ
വടിയിട്ടങ്ങു മറിച്ചീടേണം
കല്പനകേൾപ്പാനെളുതല്ലെന്നാൽ
കല്പിതമാക്കുമൊഴിക്കാവല്ലാ
കൃഷ്ണൻ തിരുവടി ശാസനമെന്നതു
വൃഷ്ണികളെല്ലാം ബോധിക്കേണം.

ഗംഭീരമിങ്ങനെ പറഞ്ഞനേരം
സരോജനങ്ങടെ മനംതെളിഞ്ഞു
മഹോത്സവങ്ങളുമുടൻ തുടങ്ങി
മുഹൂർത്തവും പുനരടുത്തുവന്നു;
കുമാരിമാരെയുമലങ്കരിപ്പാൻ
പ്രമോദമോടിഹമൃഗാക്ഷിമാരും;
കുളിച്ചുവന്നുടനിളച്ചിടാതെ
കളിച്ചു കൈകളിൽ പിടിച്ചു മന്ദം
ഇരുണ്ടു നീണ്ടതി ചുരുണ്ട തലമുടി
കരങ്ങൾകൊണ്ടവർ വിടിർത്തു തിരുകി
കുരണ്ഡമാലകളണിഞ്ഞുമെല്ലെ-
പ്പുരന്ന കുനിര നിരക്കവെച്ചു-
ത്തരത്തിൽ നല്ലൊരു തിലകം ചേർത്തു
വിലോലപങ്കജദളങ്ങൾപോലെ
വിലാസമുള്ളൊരു വിലോചനങ്ങളിൽ
വിലാസമാകിനശലാകചേർത്തു
വിലാസിനീജനമുദാരഭാവം
തെളിഞ്ഞ കുണ്ഡലമണിഞ്ഞു കാതിൽ
ഗളത്തിൽ മാലകളെടുത്തണിഞ്ഞു
കരങ്ങളിൽ തരിവളകളുമിട്ടു
വിരൽക്കുമോതിരനികരമണിഞ്ഞു
അവർണ്ണ്യമാകിന പദതളിരുകളിൽ
സുവർണ്ണനൂപുരനികരമണിഞ്ഞു
സുവർണ്ണകൌതുകമവരുചമഞ്ഞു
കുമാരിമാരൊടുമിടചേർന്നങ്ങനെ
പ്രമോദമോടിഹ സഖികളുമെല്ലാം.

മല്ലവിലോചനനായമുകുന്ദൻ
മുല്ലപ്പന്തലിലന്നെഴുനള്ളി
കല്യാണികളാം കന്യകമാരുടെ
കല്യാണോത്സവസമയത്തിങ്കൽ
ഉല്ലാസത്തൊടു വേണ്ടുംവിധികളു-
മെല്ലാമങ്ങു കഴിഞ്ഞദശായാം
ഭൂമിസുരന്മാക്കനവധിധനവും
കാർമുകിൽ വർണ്ണൻ ദാനംചെയ്തു;
ആമോദത്തൊടു മംഗലസമയേ
ഭാമാപാണിഗ്രഹണംചെയ്തു
ജാംബൂനദവും പട്ടും വളയും
താംബൂലങ്ങളുമവനിസുരന്മാ-
ക്കംബുജനയനൻദാനംചെയ്തഥ
ജാംബവതിയെയും വേട്ടാനുടനേ
പാവകസാക്ഷികമാകിയകർമ്മം
പാവനമാശുകഴിച്ചുമുകുന്ദൻ
ദേവകിവസുദേവാദികളോടും
ദേവിയതാകിയരുക്മിണിയോടും
സേവകരാകിയവൃഷ്ണികളോടും
കേവലമൊരുമിച്ചങ്ങെഴുനള്ളി



Digitized By Kerala Sahitya Akademi

പള്ളിമഹാമണിസൌധംപുക്കതി-
നുള്ളിൽപരിചൊടുവാണീടുന്നാ.
സൂര്യനുദിച്ചുവെളുക്കുന്നേരം
കായ്ക്കാർപലരെണ്ണയെടുപ്പാൻ
എണ്ണത്തട്ടേലോറിയിരുന്നു
എണ്ണയെടുത്തുകൊടുത്തുതുടങ്ങി
കെട്ടൊരുദിക്കിലുറക്കീട്ടനവധി
പട്ടന്മാർവന്നാത്തുവിളിച്ചു
തട്ടിനുതാഴേനിന്നുശിരസ്സുകഠം
കാട്ടിപ്പരിചൊടുതേച്ചുതുടങ്ങി;
ചടപടനെന്നവർ മുടിയിലടിച്ചും
വടിവൊടുതേച്ചുങ്ങടിയിലൊലിച്ചും
താളിത്തട്ടിനുതാഴെച്ചെന്ന-
ത്താളിക്കാരൊടുമുള്ളപറഞ്ഞും
താളിപിഴിഞ്ഞവർ കണ്ണിലൊഴിച്ചും
താളിച്ചെളിയിൽതെറ്റിവിയച്ചും
ഇഞ്ചകളൊട്ടപിടിച്ചുപറിച്ചും
സഞ്ചികളിൽചിലരാക്കിയൊളിച്ചും
വഞ്ചിച്ചവരുടെസഞ്ചിപിടിച്ചും
വഞ്ചിയിലേറ്റിക്കരപറ്റിച്ചും
കടവിലിടഞ്ഞുതടഞ്ഞുകുടഞ്ഞും
ചിലരവതച്ചും ചിലരുകുളിച്ചും
സോമൻപുടവകഠം നാർപ്പട്ടകളും
കെട്ടിയുടുത്തൊരുപാളത്താറും
കുട്ടിത്തെരുതെരെയോടിയടുക്കും
കൊട്ടിലുപുക്കുംരെട്ടപിരിച്ചും
വട്ടംകൂട്ടംപട്ടന്മാരുടെ
ചട്ടംകണ്ടാലെത്രവിചിത്രം!
അപ്പൊളടുക്കളതന്നിൽവിളങ്ങുമൊ-
രത്ഭുതമെങ്ങനെവാഴ്ത്തീടേണ്ടൂ
കൊള്ളിയടുപ്പിൽ തള്ളുന്നചിലർ
വെള്ളംകോരിനിറയ്ക്കുന്നചിലർ
ഉള്ളുനടിച്ചുനടക്കുന്നചിലർ
പൊള്ളപറഞ്ഞുചിരിക്കുന്നചിലർ
ആത്രശ്ശേരിചിത്രമ്പള്ളി
പാത്രമെടുത്തിതുപാപ്പാറായി
പാത്രത്തണ്ടുപിടിപ്പാൻ നല്ലൊരു
പാത്രംതന്നേനിങ്ങളിതെന്നും

തൊട്ടാശ്ശേരി എരിശ്ശേരിക്കു-
ചട്ടകമായിട്ടുടനേടേണം
കടുകശ്ശേരികടുകുവറുക്ക
വേങ്ങിശ്ശേരിതേങ്ങവറുക്ക
ചക്കപ്രഥമൻ വെക്കണമെന്നാൽ
തെക്കത്തിന്നൊരുതക്കപുമേറും
ചീരക്കാറിനു സരസതയേറും
ചീരക്കറികഠം ചമപ്പാനെന്നും
വഴുതക്കാടും വഴുതിപ്പോമേ
വഴുതിനങ്ങാക്കറിവെക്കുന്നേരം
നെല്ലിക്കാടുമഹീൻമൂന്നാമൻ
നെല്ലിക്കാക്കറിവയ്പ്പാൻകൊള്ളാം;
ഉപ്പുകഠംനോക്കാനപ്പഥൻവേണം
വമ്പന്മാരിൽമികച്ചൊരുവമ്പൻ
ഉപ്പേരികളുടെ പാകംനോക്കാ-
നയ്യള്ളിക്കു ശരിയല്ലാരും
വെള്ളംപോരാ വെള്ളമൊഴിപ്പാൻ
കള്ളന്മാരവരെങ്ങിഹപോയി
ചെമ്പുകളിനിയുമൊരമ്പതുവേണം
ചെമ്പുകിടാരം മുമ്പിൽവരേണം
ഊഴക്കാരേ പാഴന്മാരേ!
വാഴക്കായിതുമതിയാകില്ല
മുപ്പറകൊള്ളും കൊട്ടനിറച്ചിനി
ഉപ്പേരിക്കു നുറുക്കീടേണം
മാങ്ങാക്കാടിചമയ്ക്കണമെന്നാൽ
തേങ്ങയരച്ചുതുമതിയായില്ല
ഇങ്ങനെപലതുപറഞ്ഞുംകൊണ്ടു
ഭംഗിയൊടങ്ങുപചിച്ചുതുടങ്ങി
അഞ്ചെട്ടാളുകഠംകൂടീട്ടങ്ങൊരു
സഞ്ചിയഴിച്ചുമുറുക്കുതുടങ്ങി
തുക്കുപുകയിലതരിമ്പില്ലാഞ്ഞാൽ
നമുക്കുമുറുക്കിനുസുഖമില്ലേതും
പാക്കുംവെറ്റിലയുണ്ടെന്നാകിൽ
തുക്കംനോക്കണമെന്നുടെകുഴലിൽ
തന്നുടെകുഴലിൽ പുകയിലയെന്നതു
മുന്നംഞാനോ കണ്ടിട്ടില്ല
വെറ്റിലപറ്റാനുള്ളൊരുപായം
മുറ്റുമതേതും നമ്മൊടുക്രടാ

Digitized By Kerala Sahitya Akademi

തന്നെപ്പോലേ കണ്ടതുപററി
തിന്നുമുടിക്കനമുക്കില്ലേതും
തിന്നുമുടിക്കും ഞാനെന്നിങ്ങനെ
വന്നുപറഞ്ഞാലടിയുംകൊള്ളും
അച്ചികഠുമുമ്പിൽപിച്ചകളിക്കും
കച്ചകൊടുത്തും മച്ചിലൊളിച്ചും
നായന്മാരോടടിയുംകൊണ്ടു
പായുംനീയോ നമ്മെയടിപ്പാൻ
നിന്നെയടിച്ചാലാരുതടുപ്പാ-
നെന്നുടെമുമ്പിൽ വരുന്നവനെന്നും
കന്നത്തോടേ ഞാനടികൊണ്ടാൽ
നിന്നെക്കുടയതൊപ്പിക്കണമോ
നില്ലെടപാഴാ നില്ലെടപോഴാ
നല്ലതിനല്ലതുനിഞ്ഞീടുന്നു
എല്ലുകളെല്ലാം തല്ലിയൊടിപ്പെൻ
വല്ലതുകൊണ്ടും പല്ലുകൊഴിപ്പെൻ
ഇത്തരമോരോവാക്കുപറഞ്ഞും
ശാസ്ത്രമഹീസുരരിരുവരുതമ്മിൽ
സത്വരമുടനെയടിപ്പതിനായി
പലകവലിച്ചുപിടിച്ചതിഘോരമാൽ
വഡ്ഢികളിൽകുറിമുണ്ടുമുറുക്കി
വിഡ്ഢിത്തങ്ങളം നടിച്ചുതുടങ്ങി;
കിടുകിടെമേനിവിറച്ചുതുടങ്ങി;
കുടുകുടെയുടലുവിയത്തു വിയത്തും
വടിവൊടുതങ്ങളിൽ മുണ്ടുപിടിച്ചും
തണ്ടുതടഞ്ഞവർ മണ്ടിനടന്നൊരു
രണ്ടുംക്രുടെ മറിഞ്ഞഥവീണു
കണ്ടുവസിക്കുന്നാളുകളെല്ലാം
കൈകൊട്ടിക്കൊണ്ടാത്തുവിളിച്ചു
എലവൈപ്പാനുമടുത്തൊരുനേരം
പലരുംവന്നു ശ്രമിച്ചുതുടങ്ങി
സ്ഥലവുംവച്ചുവസിക്കുന്നാളുകളം
കലഹിച്ചുങ്ങു പറഞ്ഞുതുടങ്ങി
ഞാൻവച്ചോരു നിലത്തുവസിപ്പാൻ
താനോരുവണ്ടതു കശ്മലചിത്തം
തന്നുടെനിലമല്ലേതുമതോത്താൽ
മുന്നംഞാനൊരു മുണ്ടുവിരിച്ചു
മുണ്ടുവിരിക്കും മുമ്പേഞാനും
രണ്ടുവരച്ചുതുകണ്ടില്ലേ താൻ
രണ്ടുവരച്ചുതുപറെങ്ങാനും
കണ്ടില്ലാ ഞാനെന്നൊരുഘോഷം
കൊട്ടിലിലിങ്ങനെ സവ്ജനങ്ങളു-
മൂട്ടിനുവന്നിരന്നൊരു സമയേ
കുട്ടുകുറിക്കാർ വരവുതുടങ്ങി
കൊട്ടവുമകിലും മുരളും മാഞ്ചിയു-
മൊട്ടൊഴിയാതെപൊടിച്ചുകലക്കി
തട്ടുപുഴുപ്പൊടി പച്ചകൊഴുന്നും
വാട്ടമകന്നൊരു പച്ചപ്പുഴവും
രാമച്ചപ്പൊടി പിച്ചകമലരും
ചട്ടറവീടിന ചെമ്പകമൊട്ടും
മട്ടലർപലതും പനിനീരെന്നിവ
കുട്ടിയിളക്കിപ്പുരിമളമോടിട
കുട്ടിനചന്ദനപങ്കം പരിചൊട്ടു
തട്ടകലത്തിലെടുത്തുംകൊണ്ടൊരു
കുട്ടമെടുത്തുകൊടുത്തുതുടങ്ങി
ചാന്തും മലയജകുങ്കുമമെല്ലാ-
മന്തണർപന്തിയിൽ വന്നുതുടങ്ങി
എലവച്ചുങ്ങുനിരന്നുതുടങ്ങി
ജലവുമെടുത്തുകൊടുത്തുതുടങ്ങി
മലരുപോലെ വെളുത്തൊരുചോറു-
വിളമ്പി വിളമ്പിയടുത്തുതുടങ്ങി
ഉപ്പേരികളും പലവകയുണ്ടതു
കെല്പോടങ്ങുവിളമ്പീടുന്നു
പപ്പടമെന്നതു പത്തും മുപ്പതു-
മൊപ്പിച്ചുങ്ങുവിളമ്പീടുന്നു;
ആനച്ചുവടൻ പപ്പടമൊരുവക
മാനിച്ചുങ്ങുവിളമ്പീടുന്നു
ചക്കപ്രഥമനുമമൃതുംക്രുടി
തൂക്കിക്കണ്ടാലമൃതേപൊങ്ങു
പ്രഥമന്മാരിലടപ്രഥമൻപോൽ
പ്രഥമനിതെന്നൊരു ധ്വളിപറഞ്ഞു
വച്ചുണ്ടാക്കിയ കറികിറിയൊന്നിലു-
മിച്ഛയിനിക്കില്ലെന്നുടെ ഘട്ടുവാ
പച്ചടിസാവു പരിപ്പുണ്ടാനാ-
ലാച്ചിതുസാപ്പാടെന്നാനൊരുവൻ
ആടനമ്പൂതിരിപീത്താമൊളി
റമ്പംപോട്ടു പുളിശാങ്കറിയെ

Digitized By Kerala Sahitya Akademi

ഒന്നുടെമുതലോ സാംപ്രതമായി
സാപ്പാട്ടുക്കായ് വന്തേനെന്നു
പഞ്ചാരപ്പൊടി പോട്ടുതുപോരും
വേപ്പിലചിത്തേ പോടെടെ പുട്ടുവാ
സാറംകീറും പച്ചടികിച്ചടി
പളവും കിളവും പോട്ടെന്നൊരുവൻ
കത്തിരിക്കാക്കറിയുണ്ടാനാൽ
ചെത്തവിളമ്പണമെന്നാനൊരുവൻ
ഘടനാഘണ്ണാ മണിയാ സ്വാമി
അമ്പു സുമ്പാ വെങ്കിട്ടാമ
സീതാരാമാ കൊള്ളുത്തുരാനും
ആനപിടുങ്കൻ മണിയൻ ഞാഞ്ഞാൽ
അപ്പുപ്പാ ചില മുഷ്കുകളൊന്നും
അപ്പന്മാരുടെ മുതലോഎന്നും
പോടിങ്കല പോടിങ്കലപോട്ടു
ചോറൊരിടങ്കഴിയിങ്കെപോട്ടു
ഇത്തരമോരോ വിപ്രന്മാരുടെ
പ്രകൃതിമഹോത്സവമെത്ര വിചിത്രം
പാലുകുറുക്കിയെടുക്കുന്ന ചിലർ
വാരിച്ചുങ്ങുനടക്കുന്ന ചിലർ
നാരങ്ങാക്കറി മാങ്ങാക്കറിയും
മോരും തൈരുമെടുക്കുന്ന ചിലർ
വെല്ലപ്പായസമുണ്ടുവരുന്ന
മെല്ലെയിരുന്ന ചെലുത്തണമെന്നും
കുന്നംതൈരുകുടിപ്പതിനിന്നീ
വന്നജനങ്ങളിൽ മുമ്പിങ്ങെന്നും
കൊണ്ടാരണ്ടുകുലപ്പഴമെന്നും
കൊണ്ടാപപ്പടമിവിടെക്കെന്നാം
കൊണ്ടാടുന്ന ജനങ്ങളിൽനിന്നു-
ങ്ങുണ്ടായീടിനകൌതുകമോത്താൽ
കണ്ടാലെത്രമനോഹരമതിനെ
കൊണ്ടുപുകഴ്ത്താനെളുതല്ലേതും
ഗോസായികളുണ്ടെങ്ങൊരു ദിക്കിൽ
തങ്ങളിലോരോന്നരചെയ്യുന്നു,
വമ്പന്മാരെ വിളിക്കയുമുണ്ടവ-
രൊപ്പമിരുന്നു ഭുജിക്കുന്നേരം
ജയജയരാമാ സീതാരാമാ
ജയജയരാമാ കോദണ്ഡരാമാ
തുമാറമുലുക്കു കാശിമുലുക്കു
തുമാറട്ടിക്കാണികാഥറെബാവാ
അമാറട്ടിക്കാണിസീതാറാമാ
ബ്രഹ്മദേവോദാവൻ ദാറോ
അച്ഛപാനീഡാലോഡാലോ
പത്താലാവോക്കാരിലാവോ
മെന്തലാവോകേലീലാവോ
തുഫ്ലീലാവോടുദേലാവോ
സുപാരിലാവോസക്കരിലാവോ
പൂരീധാരോദസ്തുലാവോ
ധിക്രാധാരോതമാക്കുധാരോ
സുണ്ടധാരോകഘലാലാവോ
രേവോധാരോഭോജിക്കറാബ്
പാനീപീയോമേരാപൈടബം
ഊട്ടുമായികും കുറുകും കുറുകും കുറു
ജാറെഥറജാമുറജാഥറജാറെ.

ഇത്തരമോരോ കോലാഹലമു-
ണ്ടുത്തമപുരുഷപുരങ്ങളിലെല്ലാം
വാണിയർഗോംകണിചെട്ടികളൊരുവക
വാണിഭവും വച്ചുങ്കവസിച്ചു
വാണീടുന്നതു വാഴ്ത്താൻ നമ്മുടെ
വാണിക്കേതും പ്രൌഢതപോരാ
ഇത്തരമോരോ ഘോഷത്തോടെ
രാത്രികഴിച്ചും പകലുകഴിച്ചും.
മികവേറുന്ന വിവാഹമഹോത്സവ-
മഴകോടങ്ങു കഴിഞ്ഞ ദശായാം
വന്നമഹാജനമൊക്കയുമുടനെ
നന്ദികലന്നവർ ഗമനംചെയ്തു
നന്ദതനുജൻ സുന്ദരവദനൻ
സുന്ദരിമാരൊടു കൂടിസ്സുഖമേ
കന്ദർപ്പോത്സവകേളികളാടി
നന്ദികവന്നു സുഖിച്ചു വസിച്ചു
എന്നതുകൊണ്ടു പറഞ്ഞിതു ഞാനും
യത്നംചെയ്തു വരുത്താമെല്ലാം
ഇക്കഥകേൾക്കണമെന്നരുൾ ചെയ്തു
മിക്കതുമടിയനുണത്തിച്ചേനെ
ഉലകുടെ പെരുമാളോടൊരു സചിവൻ
പലതുമുണത്തിച്ചവിടെ വാഴിച്ചു.

ഇതി സ്യമന്തകം ഓട്ടൻതുള്ളൽ സമാപ്തം.

Digitized By Kerala Sahitya Akademi

# രാമായണചരിതം

## ഓട്ടൻതുള്ളൽ.

---

കാരണപുരുഷനാകിയ ഭഗവാൻ
വാരണവരദൻ വാരിജനയനൻ
ദ്വാരാവതി പുരിതന്നിലുദാരം
ദാരങ്ങളുടെ സമൂഹത്തോടും
സൈരം വാണരുളീടിന കാലം
നാരദമുനിവരനൊരുദിനമമ്പൊട്ടു
നാരായണനെക്കാൺമതിനവിടെ
പാരാതങ്ങെഴുനള്ളിനിശ്ശുദ്ധം
പതിനാറായിരമെട്ടും സ്ത്രീകടെ
പതിയാകുന്ന പരമ്പുരുഷൻ താൻ
അതിമാനുഷനിവനെങ്കിലുമനവധി
മതിമുഖിമാരൊട്ടു ക്രൂടിരമിപ്പാൻ
മതിയായ്കുരുമോ താനൊരുവൻ പുന-
രതിനുടെ കൌശലമുണ്ടറിയേണം
പ്രതിദിനമോരോ നാരികളോട്ടും
രതിസുഖമനുഭവേമ്മെന്നു വരുമ്പോൾ
ഉഴവില്ലാതൊരു പുല്ലുകിളുത്തൊരു
പഴുനിലമെന്നാകണക്കേ സ്ത്രീകൾ
ക്ലേശംവരുവാൻ വളരെക്കാലം
പാഴിലിരുന്നേ സംഗതിക്കുട്ടു
മുപ്പതുമെട്ടുമൊരഞ്ചും വർഷം
മാസംപത്തും ദിവസമൊരെട്ടും
ആങ്ങുകഴിഞ്ഞാലൊരു ദിനമവനൊട്ടു
സംഗമമംഗനമാക്കുലഭിക്കും;
രണ്ടാംകുറിവരുമളവേ നാരികൾ
കണ്ടാലാകാതായ്കുരുമപ്പോൾ.
തണ്ടാർമാതിൻകണവനുമായവൾ
വണ്ടാതായ്കുരുമക്കാലത്തു
തലമുടിയൊക്കെ വെളുത്തുനരച്ചും
മുലയിണതുങ്ങിയുലഞ്ഞു ചമഞ്ഞും
ചില പല്ലിന്നുമിളക്കം വരുമൊരു
വിലപിടിയാത്തവളായ്കുരുമപ്പോൾ
ആയവും പെറവും പെണ്ണെന്നാൽ പുന-
രവളും പെറവു തുടങ്ങുമതങ്ങിനെ
മകളും മകനും മരുമകളും മകനും
വകപലതിങ്ങനെ തീന്നാലവിടെ
സുഖമില്ലെന്നും വന്നു ഭവിക്കും
കാളിയമഥനൻ വളരെസ്ത്രീകളെ
വേളികഴിച്ചതുചിതമായില്ല;
കേളിക്കും സുഖമില്ലിസ്ത്രീകളെ
ലാളിക്കുന്നതു മെങ്ങനെ കൃഷ്ണൻ
മുറവുമൊരുത്തിയെലാളിക്കുമ്പോൾ
മറേറപ്പെണ്ണിനു മുഞ്ഞികറുക്കും
തെറന്നവളെസ്സമ്മാനിച്ചാൽ
കുറവുമറവുമൊന്നുണ്ടാക്കും
ആറാമതില്ലാതംഗനമാക്കിഹ
കൊറവുകൊടുത്തും കോപ്പുകൾ തീത്തും
പേറിനു കടുകും മഞ്ഞളുമുള്ളിയു-
മേറെ പലവക ചിലവുകളിട്ടും
വളരെ സ്ത്രീകളെ വച്ചു പുലർത്തും
ജളപുരുഷൻ മുതലുള്ളതശേഷം
കളവാനുള്ളൊരു സംഗതിയാകും
കളവാണികളിൽകാംക്ഷമുഴുത്താൽ,
നളിനവിലോചനനാകിയ കൃഷ്ണനു
നാരികളനവധിയുണ്ടായതിനാൽ
കളിചിരകല്ലൊരു നേരവുമുള്ളിൽ
തെളിവില്ലെന്നും വന്നുഭവിക്കും
വാശ്ശുതുമസ്മനമുക്കുന്നതിനാൽ
ഈശ്വരവിലസിതമാക്കറിയാവു
നാരദകുമാരൻ ബോധിക്കാതെ
ചെന്നുപതുക്കെയുണർത്തിച്ചൊരു ദിക്കിൽ
നിന്നുടനൊന്നു വിശേഷമറിഞ്ഞ-
ങ്ങിന്നുനമുക്കു ഗമിച്ചീടേണം.
ഇത്ഥം നാരദമാമുനി തന്നുടെ
ചിത്തം തന്നിൽ വിചാരിച്ചങ്ങൊരു

Digitized By Kerala Sahitya Akademi

പൂത്തൻമണിമാളികമുകളേറി
പുരുഷോത്തമനുടെ ശയനഗൃഹത്തിൽ
ജാലകവാതിൽ പഴുതിൽ കൂടെ
പാലെയൊളിച്ചുഥനോക്കുന്നേരം
ഉത്തമപുരുഷൻ വെറിലയും തി-
ന്നുത്തമകാമിനിമണിയൊടു ചേർന്ഥ
മെത്തകരേറിമനോഭവലീലകൾ
ചിത്തസുഖേനകഴിപ്പതു കണ്ടു
ഇന്നുമുരാന്തകനിവളൊടുക്രൂടി
ചേർന്നുശയിക്കും ദിവസമതല്ലോ
എന്നതറിഞ്ഞു മുനീന്ദ്രൻ മറെറാരു
മന്ദിരസീമനി ചെല്ലുന്നേരം
അവിടത്തിൽ പുനരംബുജനേത്രനു-
മവികലസുന്ദരിയായൊരു പെണ്ണും
പകിടകളിച്ചും കൊണ്ടു രസിച്ചും
വികടവിനോദം വാണരുളുന്നു;
മറെറാരു ഭവനേ ചെന്നമുനീന്ദ്രൻ
പറെറിയൊളിച്ചുഥ നോക്കുന്നേരം
കറക്കുഴൽ മണിയൊരുവൻ മുകുന്ദനു
വെറുതെവെടുത്തു കൊടുപ്പതു കണ്ടു
എതിർഗേഹാന്തേ ചെന്നമുനീന്ദ്രൻ
കതകിൻ നികടേ നോക്കുന്നേരം
ചതുരൻ കൃഷ്ണനുമൊരുസുന്ദരിയും
ചതുരംഗം വയ്ക്കുന്നതു കണ്ടു
വീണാധരമുനിമറെറാരു ഭവനേ
കാണാതവിടെയൊളിച്ചുഥനോക്കി;
ചേണാൻറീടിനമധുസൂദനനും
ഏണായതമിഴിയാകിനപെണ്ണും
വീണാവേണുവിനോദത്തോടെ
കാണായവിടെ രമിക്കുന്നതുമഥ
പരഭവനാന്തേ ചെന്നമുനീന്ദ്രൻ
പരമപുമാനെയുമവിടെക്കണ്ടു;
പരിമളമിളകിനമലയജമൊഴുകും
പരഭൃതമൊഴിയുടെ കുചഭരയുഗളം
പരിചൊടുതിരുമാവ്വിടമിടചേർത്ഥ
പരമസുഖേനപുണർന്നീടുന്നു;
പ്രാണാധിപനാം മാധവനങ്ങിനെ
ഏണമിഴിയുടെ പാദസരോജേ
വീണാശ്രവണങ്ങീടുന്നതുമഥ
കാണായ്വന്നിതു മറെറാരുഭവനേ
നലമൊടുമറൊരുഗേഹേകൃഷ്ണൻ
ചലമിഴിയേനിജമടിയിലിരുത്തി
തലമുടിചികിവിടുത്തീടുന്നതു
സുലളിതമവിടെക്കാണായ്വന്നു;
കലിതകുതൂഹലമന്യഗൃഹത്തിൽ
കലിമുനി ചെന്ന കരേറും നേരം
ജലജദലേക്ഷണനേവം നല്ലൊരു
ചലമിഴിയേ നിജമടിയിലിരുത്തി
മലയജപങ്കിലകുങ്കുമകളഭം
മുലകളിലണിയിക്കുന്നതു കണ്ടു
കലഹപ്രിയമുനിതാനഥമറൊരു
നിലയം തന്നിൽ ചെല്ലുന്നേരം
വലരിപുസഹജനൊരംഗനതന്നുടെ
മുലയിണമെല്ലെത്തൊട്ടതലോടി
കലഹിക്കരുതെ കാമിനി! നിന്നുടെ
മുലയിണയാണമറൊരു നാരിയെ
വലനം ചെയ്കില്ലാഞ്ഞു സുശീലേ!
കലുഷതകളകളമൊഴിമൌലേ!
കുലദൈവതമേ വരികസമീപേ
ബലഭദ്രാനുജനിങ്ങനെയവളൊടു
പലമൊഴിയന്തകനിഞ്ഞു പറഞ്ഞു
കലഹം തീർത്തുടനവടെലലാടെ
തിലകക്കുറിചേക്കുന്നതു കണ്ടു;
തദ്ദിശിമറൊരുഗേഹേകൃഷ്ണൻ
മദ്ദളമൊത്തിപ്പദവും പാടി
പദ്യംചൊല്ലിപ്പൊരുളരുളീടിന
വിദ്യവിനോദവിലീനൻ കണ്ടാൻ
ദോഷമകന്നഥമറൊരു ഭവനവി-
ശേഷമതറിവാൻ ചെല്ലുന്നേരം.

മല്ലാരിദേവനൊരു മല്ലാക്ഷിയോടുംക്രൂടി
മുല്ലായുധകേളിയിലുല്ലാസത്തോടുംക്രൂടി
മെല്ലെവരികതടവില്ലുതു മിന്നുമലർ
വില്ലേന്തിവരുന്നൊരു മാൻ മദനനെന്നെ
കൊല്ലുന്നതിനുമുമ്പേതെല്ലും മടിക്രൂടാതെ
വെല്ലും പഞ്ചസാരയും വെല്ലുമധരമതും
മെല്ലെന്നു തരിക നീകില്ലെന്നുമിന്നു വേണ്ടാ;
നല്ലന്തിനേരമൊരു വല്ലന്തിയുണ്ടാക്കാതെ

Digitized By Kerala Sahitya Akademi

നില്പുതിതുകേമനസികില്പുതിയുഴലുന്നു?
മുല്ലവിശിഖനുടെ മല്ലാടത്തിനുകാമ-
വല്ലീ! നീയെന്നോശതിയില്ലല്ലോ നമുക്കിന്നു
ഇങ്ങനെയൊരു പുരിതന്നിൽ മുകുന്ദനൊ-
രംഗനയോടരുൾ ചെയ്തതു കേട്ടഥ
തിങ്ങിനമോദാൽ നാരദമാമുനി
യെങ്ങുമൊരേടമിളച്ചിടാതെ
ഉൗക്കോടം ഹരിചരിതം കണ്ടഥ
മൂക്കേൽ വിരലും വെച്ചു നടന്നു;
നിരക്കെപ്പതിനാറായിരമെട്ടു
മിതൊക്കെക്കണ്ടു സുവസ്ഗൃഹത്തിൽ
എല്ലാശയനഗൃഹങ്ങളിലും ബത
മല്ലാന്തകനും മഹിഷിയുമായി
സല്ലാപാദി സുഖേനശയിപ്പതു-
മുല്ലാസാലിഹകണ്ടു മുനീന്ദ്രൻ;
കൃഷ്ണഹരേ!മധുസൂദനമാധവ!
വൃഷ്ണികുലേശവ! വിശ്വംഭരജയ
വിസ്മയമീശ്വരതവമറിമായം
തസ്മിൻ സ്വാമിൻനാഥനമസ്തേ
സുസ്മിതനാകിയ നാരദനിങ്ങനെ
വിസ്മിതനായി വണങ്ങീട്ടടനേ
രുക്മിണിതാനഥവാണരുളീടിന
രുക്മനികേതേ ചെന്നു മുനീന്ദ്രൻ
ഒട്ടും മടിയാതേഷ്ണി പറവാൻ
വട്ടം കൂട്ടിവസിച്ചരുൾചെയ്തു.

വരികവിരവൊടു വിദർഭതനൂജേ
വരഗുണശാലിനി വാരണഗമനേ!
ഹരിവല്ലഭമാർ പതിനാറായിര-
മരുണാധരിമാരതി സുന്ദരിമാർ.
അതിലധികം പുനരെട്ടനതാംഗിക-
ളതിലും സുന്ദരിനീയും ഭാമയും
അതിശയമാകിന ഹരികാമിനിമാ-
രതിനൊരു സംശയമില്ല സുശീലേ!
അതിലും ഹന്ത നിനക്കു വിശേഷി-
ച്ചതിസൌഭാഗ്യമിതെന്നു പ്രസിദ്ധം;
എന്നിഹ പലരും പറയുന്നതു കേട്ട-
ങ്ങിനെ തന്നെ നമുക്കും ബോധം.

സത്യഭാഷിണീ രുക്മിണി നീയും
സത്യഭാമയുംസംപ്രതിതുല്യം
സത്യസന്ധനാം കൃഷ്ണനുനിങ്ങളിൽ
നിത്യരാഗമൊരു നീക്കുപുമില്ലാ;
എങ്കിലും കിമപിസംശയമിപ്പോ-
ളെങ്കലുള്ളതിഹ ഞാനുരചെയ്യാം
മങ്കമാർമണേനിങ്കലുറച്ചൊരു
പങ്കജാക്ഷനെതങ്കലതാക്കാൻ
സത്യഭാമതാനൊന്നു മുതിർന്നിതു
സത്യബുദ്ധിയാം നീയറിയുന്നോ
ഗൃഢമന്ത്രമോകിമപിയവൾക്കൊരു
ഗൃഢതന്ത്രമോ ഉണ്ടതുവന്നം;
പ്രൌഢനാകിയഹരിക്കവൾതങ്കൽ
ഗാഢരാഗമുളവായിതു കാലം;
പാരിനീശനമരേന്ദ്രബലത്തെ
പോരിലൻപൊട്ടു ജയിച്ചു മുകുന്ദൻ
പാരിജാതമപിഹന്തഹരിച്ചു
പാരിടത്തിലതു കൊണ്ടിഹപോന്നാ
ആരുമാരുമറിയാതൊരു ദിക്കിൽ
പേരുമാറി വിധമൊന്നു പകർത്തി
തത്രനട്ടുവളമിട്ടു നനച്ചു
ചിത്രരത്നശിലകൊണ്ടു പടുത്തു
പത്മരാഗതണിവും മണവും ലഭ്യ
പത്മനാഭനുടെ ഭാമിനിയാകും
സത്യഭാമയുടെ മന്ദിരമിപ്പോൾ
സത്യലോക സുരലോകസമാനം.

ഇരിക്കുന്നജനങ്ങൾക്കു നിരക്കുന്നദ്രവ്യമെല്ലാം
തെരിക്കെന്നു ദാനം ചെയ്യാനൊരിക്കലും കുറവില്ലാ,
ഉരിക്കഞ്ഞിരണ്ടുവറുമൊരിക്കൽഭുജിച്ചുകൊണ്ടു
മരിപ്പോറായ്കിടക്കുന്നോരിരപ്പാളിക്കൂട്ടമെല്ലാം
നിരപ്പോടെ പാരിജാതത്തരുപ്രൌഢനോട്ടം ചെന്നു-
ങ്ങിരക്കുന്നോരമേതന്റെ പരക്കുന്നകൊമ്പുകളിലിരിക്കുന്ന പട്ടും പൊന്നും
പെരുക്കുന്ന നെല്ലും വിത്തും
കൊതിക്കുന്നതെല്ലാം താഴെ
പതിക്കുന്നതാശ്രു കാണാം.
ഉടുപ്പാനില്ലാത്തവൻ പ-
ട്ടുടുത്തു കങ്കണം കൈയിൽ
തൊടുത്തു കാതുരണ്ടിലും
കടുക്കൻ പോട്ടകൊണ്ടോരോ

Digitized By Kerala Sahitya Akademi

മിട്ടുക്കന്മാർ നെല്ലരിയും
പൊട്ടുക്കെന്ന ചാക്കിൽ കെട്ടി
നടക്കുന്ന വീട്ടിൽ കൊണ്ടെ
കിടക്കുന്ന നാരിമാക്കും
കൊടുക്കുന്ന വേണ്ടതെല്ലാം;
കടക്കാരും പോന്ന വന്ന
തടുക്കാതെ ദ്രവ്യം വാങ്ങി
അടക്കം പൂണ്ടങ്ങു മാറി
നടക്കുന്ന സന്തോഷിച്ചു
കൊടുക്കുന്ന വേലയെല്ലാ-
മെടുക്കുന്നവക്കും ക്ലേശം
കൊടുക്കുന്നതിനുമേതും
മടിക്കുന്നോരില്ലിക്കാലം.

തരുണീകുലമണിരാമവസിക്കും
പുരമതിൽ മരുവിനൊരുതരസുരതരു
ധനവസനാദികളെല്ലാം കരുതും
തെരുതെരെയങ്ങു കൊടുക്കും താനും
തെരുപുകൾ വീടുകൾ നാടുകളെല്ലാം
പെരികിനധനധാന്യാദികൾ കൊണ്ടിഹ
പരിപൂർണ്ണാമൃതമായ് വന്നിതുബത!
നരവരസുന്ദരിരുക്മിണിബാലേ!
ഇത്തരമുരുതമസുരവൃക്ഷത്തെ
സത്വരമിങ്ങിഹ കൊണ്ടുവന്നിപ്പോൾ
പത്തുസഹസ്രവുമാറുസഹസ്രവു-
മുത്തമകാമിനിമണികളിലാക്കും
ഉത്തമപുരുഷൻ ദാനം ചെയ്തി-
ല്ലെത്തൊഴിൽ കൊള്ളാമായതുപോട്ടെ;
എട്ടുവധുക്കളിലേറം മുരഹര-
നിഷ്ടയതായൊരുരുക്മിണിനിന്നുടെ
വീട്ടിലെമുറ്റത്തമരദ്രുമമതു
നട്ടുനനപ്പാൻ നിന്നുടെ വല്ലഭ-
നൊട്ടുംകഴിവില്ലാഞ്ഞതുകഷ്ടം!
അന്തനിനക്കുതരാഞ്ഞതിനേക്കാ-
ളന്തസ്സാപമവർക്കു കൊടുത്തതു;
കൊന്നതിനേക്കാൾ കോതപിറക്കൽ
ചെന്നുവിളിക്കുന്നതു ബഹുദുഃഖം.
ഇത്തരമേഷണി കുട്ടിമുനീന്ദ്രൻ
സത്വരമങ്ങു ഗമിച്ചൊരുശേഷം

ബുദ്ധിക്ഷയവും പുണ്ടഥരുക്മിണി
ക്രുദ്ധിച്ചുവിടെത്തന്നുടെവേന
കതകുമടച്ചു കിടക്കുന്നേരം
കടൽ നിറമുടയവനങ്ങെഴുന്നള്ളി.

(പദം)

ബന്ധുകാധരിമാർ ക്ലുപ്തംബന്ധുരാംഗി!വാത
ബന്ധിച്ചു കിടപ്പാനൊരുബന്ധം ബാലേ! ത്വൽ
അന്തികേവുമിരുട്ടും വന്നുകൂടിനിന്നെറ
ന്താന്തികേശയിപ്പാനുള്ളാ വന്നു ഞാനും;
എന്തിനുകലഹിക്കുന്നു കല്യാണാംഗി! കൃഷ്ണൻ
എന്തൊരു പിഴചെയ്തിപ്പോളെന്നു ചൊൽകാ
മാരന്റെ ശരങ്ങളേറ്റു മാഴ്കുന്നെന്നുടെ ചി-
ത്തരെന്റെമാലറിയുന്ന നീയല്ലാതെ ത്വത്തം
പന്തിടഞ്ഞപോർമുലകും പുൽകാനല്ലോവന്നു
ദന്തിഗാമിനി! നിൻകാന്തൻവാസുദേവൻ
മറവുള്ളമാനിനിമാരെ കൈവെടിഞ്ഞുഞാനും
മുറവും നിന്നോടു രമിപ്പാനല്ലോ വന്നു
കുറവെന്തെനുക്കുബാലേ! ക്രൂരില്ലാതായ് വന്നു
തെറ്റെന്നു കതകടപ്പാനെന്തുമൂലം?
പാരമുണ്ടുപരിതാപം പങ്കജാക്ഷിബാലേ
പാരാതെ വാതൽ തുറക്ക രുക്മിണീ നീ

ഇങ്ങനെ മധുരിപുതന്നുടെ വചനം
തിങ്ങിനകലഹത്തോടേ കേട്ടഥ
മങ്ങിനമുഖവും താഴ്ത്തിയിരുന്ന
കലങ്ങിനവചസാ രുക്മിണി ചൊന്നാൾ

(പദം)

"വണ്ടാർ കുഴലിമാരെക്കൊണ്ടാടിവിനോദി-
പ്പാൻ
വണ്ടാരുമേവമില്ലല്ലോ വണ്ടാരുമേവമില്ലല്ലോ
അംബുജമധുപാനമാദരിക്കുന്നഭംഗം
നിംബത്തെ കാംക്ഷിച്ചീടുമോ?
നിർമ്മലാകാരനിംബത്തെ കാംക്ഷിച്ചീടുമോ?
പാരാതെതന്നെ പതിനാറായിരം നാരിമാർ
വേറായ് നിനക്കുമുണ്ടല്ലോ
വേദാന്തമൂർത്തേ! വേറായ്നിനക്കുമുണ്ടല്ലോ
പാരിജാത്തെ നൽകിപ്പാലിച്ചു ചെച്ചിരിക്കും
വാരിജാക്ഷി ഞാനല്ലല്ലോ
വാരിധിവർണ്ണ! വാരിജാക്ഷി ഞാനല്ലല്ലോ;

Digitized By Kerala Sahitya Akademi

ദിവ്യസ്ത്രീയോടുകൂടി ദിവ്യകുസുമം ചൂടി
നിവ്യാജക്രീഡചെയ്താലും നീരജനേത്ര!
നിവ്യാജക്രീഡചെയ്താലും
സാരങ്ങളായുള്ളൊരു ദാരങ്ങൾ നിൻവരവും
പാർംകൊതിച്ചു മേവുന്ന
പാരാതെ പോകപാരം കൊതിച്ചു മേവുന്നു.

ഭീഷ്മകമകളുടെ വചനമിതിങ്ങനെ
ഉഷ്ണളതരമഥ കേട്ട മുകുന്ദൻ
ശാന്തിദവാക്കരുൾ ചെയ്തു പുറുക്കെ
ശാഞ്ചതകിമപിവരുത്തിക്കൊണ്ടഥ
വാതിൽ തുറപ്പിച്ചാശു ഗൃഹം പു-
ക്കാധിപറഞ്ഞുകളഞ്ഞുതെളിഞ്ഞൊരു
ഭാവമിയന്നൊരു ഭാമിനിയോടും
ഭഗവാനത്ര ശയിച്ചു രമിച്ചു.

അവശതകൾ പറഞ്ഞു കളഞ്ഞു
അവളുടെ മുഖമാത്രതെളിഞ്ഞു
കളുർമുലകളണച്ചു പുണർന്നു
ഇതി പലവിധലീല തുടർന്നു
രതിരമണൻ ബാണമിണങ്ങി
മതിമുഖിയുടെ കോപമടങ്ങി
മധുമലർഗണമാശു പൊഴിഞ്ഞു
തലമുടിവടിവോടുമഴിഞ്ഞു
പരിചൊടും വീടിനകൻ നു
രജനിയതു കഴിഞ്ഞു പുലർന്നു.

രജനികഴിഞ്ഞു പുലർന്നൊരു സമയേ
രുചിരസുഖേന മുകുന്ദൻ ഭഗവാൻ
നിജകൃത്യങ്ങൾ കഴിച്ചുഭുജിച്ചുഥ
നിജമണിഭവനേ ചെന്നുവസിച്ചു
ഉള്ളിൽനിനച്ചിതുരുക്മിണിദേവി
ക്കുള്ളിലഹമ്മതികൊണ്ടിഹ കിഞ്ചിൽ
ഉള്ളനതാംഗിജനങ്ങളിലതിശയ-
മുള്ളവമംഞാനെന്നുണ്ടൊരുഭാവം
എങ്കിലതൊട്ടു ശമിപ്പിക്കാഞ്ഞാ-
ലെങ്കലൊശ്രുനതവരുമിനിമേലിൽ
എന്നുമനസ്സിലുറച്ചുമുകുന്ദൻ
തന്നുടെവാഹനമാകിയ ഗരുഡനെ
വിരവൊടുചിന്തിച്ചീടിനസമയേ
ഗരുഡനുമനുപൊടുവന്നുവണങ്ങി

നരുളിച്ചെയ്തു മുകുന്ദൻ ഭഗവാൻ
ഗരുഡാ! വരിക സമീപേ സുമതേ!
കദളിവനത്തിലിരിക്കുന്നിടിഹ
കദനവിചക്ഷണനാകിയ ഹനുമാൻ
മദനാന്തകനുടെ ബീജമവൻ ദശ-
വദനപുരത്തെദഹിപ്പിച്ചൊരുവൻ
രഘുനായകനുടെ ഭകതൻ മാരുത!
ലഘുതരലംഘിത ലവണസമുദ്രൻ
സുഗ്രീവപ്രിയനംഗദസേവ്യൻദ-
ശഗ്രീവന്റെ കപോലസ്ഥലമതി-
ലുഗ്രനഖാവലി കലിശകരാളക-
രാഗ്രംകൊണ്ടടികുട്ടിയവീരൻ;
ആഞ്ജനതന്നുടെ തനയൻ നിശിചര-
ഭഞ്ജനമപ്പൊടുചെയ്തൊരുവീരൻ
അക്ഷകുമാരനെ വിരവൊടുതന്നുടെ
കക്ഷംതന്നിലമർത്തിഞെരിച്ചുവ-
ധിച്ചുവിചക്ഷണനായ മരുവീടിന
മാരുതസുതനുടെ വീക്ഷണമായതു
പാരാതിങ്ങുലഭിച്ചീടേണം
ഭക്ഷനതായഭവാനതിനധുനാ
പക്ഷികുലോത്തമ പോയ വരവേണം.

ഗന്ധമാദനമഹാഗിരിമുകളിൽ
ഗന്ധവാഹനതനൂജനിരിക്കു-
ന്നെന്ദ്രവാഹനസഹസ്രബലൻ മമ
ബന്ധുവാകുമവനാശ്രുവരേണം
മക്കടാധിപനെയിങ്ങുവരുത്താൻ
ദുർഘടം തവ ഭവിക്കയുമില്ല
മൽക്കടാക്ഷമവനാഗ്രഹമുണ്ടതു
നീക്കമില്ലവരുമിങ്ങുനിനച്ചാൽ;
പണ്ടുരാമനുടെ ചാരുകടാക്ഷം
കൊണ്ടുമൽപ്രിയനതാം ഹനുമാനെ
കണ്ടുകൊൾവതിനു കൌതുകമിപ്പോ-
ളുണ്ടുമേ മനസി പക്ഷികുലേന്ദ്ര!
രണ്ടുനാലുദിവസത്തിനകം നീ
കൊണ്ടുവന്നമമ കാട്ടുകവേണം
രണ്ടുപക്ഷമതിനില്ല ഭവാനെ
ക്കണ്ടുവെങ്കിലവനിങ്ങിഹപോരും

അരുളപ്പാടതുകേട്ട ഗരുഡൻ മുകുന്ദൻതന്റെ
തിരുപ്പാദേ വീണാ കുപ്പിസ്തുതിച്ചുസന്തോഷ
ത്തോടെ



Digitized By Kerala Sahitya Akademi

ചിറകുംപരത്തിക്കൊണ്ടങ്ങുയർന്ന മാരുതവേഗ-
മിയന്നഗഗനത്തിങ്കൽ പറന്നവടക്കുനോക്കി
പ്പറന്നുനാടുകൾം കാടുംകടന്ന ഗന്ധമാദന-
മണഞ്ഞുകീഴ്പോട്ടുനോക്കിയറിഞ്ഞുമാരുതി വീരൻ
ഇരിക്കുംകദളികൊണ്ടല്ലസിക്കുംപ്രദേശത്തു പൊ
ന്നിറങ്ങിയരികേയങ്ങുനിറഞ്ഞ വാഴക്കുട്ടത്തിൽ
നിറംചേരും മണ്ഡപത്തിലിരിക്കും ശ്രീഹനുമാനെ
സ്മരിക്കും മാനുഷക്കുള്ളിലിരിക്കും പാപങ്ങളെല്ലാം
തെരിക്കെന്നനഷ്ടമാക്കുംഒരിക്കലേതന്നെന്തുനം.

ഇങ്ങനെയുള്ളൊരു ശ്രീഹനുമാനെ
തിങ്ങിനമോദാൽ കണ്ടൊരുനേരം
പതംഗപുംഗവനാകിയ ഗരുഡൻ
കപികുലപുംഗവനോടരുൾചെയ്തു:—
ജനകസുതാപതി ദൂതസഖേ! മണി
കനകസുകുണ്ഡലമണ്ഡിതഗണ്ഡ!
ഞാനഘമതേ! ശൃണു മാമകവചനം
വിനതാസുതനഹമണ്ഡജവീരൻ
അരുണസഹോദരനധികവിനീതൻ
കരുണാകരനുടെ വാഹനഭൂതൻ
അരുണാംബുജദളലോചനനാകിയ
ഹരിയുടെദൂതൻ ഞാനിഹവന്നു
അരുളിച്ചെയ്തനിയോഗിച്ചിതുമാം
കരളിൽ കനിവൊട്ടു കാർമുകിൽവർണ്ണൻ
സുരപുരിസമമാം ദ്വാരകതന്നിൽ
സുരുചിരവാസംചെയ്തരുളുന്ന
യദുകുലനാഥൻ കൃഷ്ണൻ തിരുവടി
സദുവാംശ്രീമടു ചരണസരോജൻ
അഞ്ജനതന്നുടെ മകനാകുന്നനി-
രഞ്ജനഹൃദയനതായ ഭവാനെ
അഞ്ജനവർണ്ണനു കാണ്മാനാഗ്രഹ-
മധികമതുണ്ടെന്നറികയിദാനീം
തൻതിരുവടിതാനെന്നെയയച്ചു
ചിന്തിതമെന്തെന്നാക്കറിയാവൂ
പങ്കജമുഖാലയദാഹകനെദ്രുത-
മന്തികസീമനികൃട്ടിക്കൊണ്ടിഹ
വരികെന്നെന്നെനിയോഗിച്ചിഹഹരി
പെരികെക്കൊതുകമോടിതുകാലം
വിരവൊട്ടുപോന്നീടുകനീ കപിവര!
ഹരിവരമരുളും ഹന്തനിനക്കും.

ഇതുണനുടെ സഹജനുടെവചനമതുകേട്ടുടൻ
ആഞ്ജനേയൻ കപിശ്രേഷ്ഠൻ പറഞ്ഞിതു—
പത്രപകുലമതിൽമരുവുമശ്രമണിയാമവൻ
പാർത്ഥനുതേർതെളിപ്പാനിരിക്കുന്നവൻ
തെളിവുമൊരുവെളിവുമവനകമലരിലില്ലെ
വെണ്ണയും പാലും കവർന്നുഭുജിപ്പവൻ [ടോ!
ആവനുടയഭവനമതിൽവരികുചിതമല്ലെടോ
ആഞ്ജനാപുത്രനാമിക്കപിശ്രേഷ്ഠനു
വൃഷലികടെവികൃതിബത ശിവശിവനമുക്ക
വീക്ഷണംചെയ്യാൻ മനസ്സില്ലതെല്ലുമേ [ഹോ
ചട്ടലമിഴിപടലികടെവിട്ടുപണികൾംചെയ്യുമ-
ച്ചങ്ങാതിയെച്ചെന്നു കാണ്മാൻ ചിതംനഹി
രഘുനൃപതികുലതിലകനലഘുഭുജവിക്രമൻ
രാമഭദ്രസ്വാമിദേവൻസദൈവതം
അവനുടയചരണമുടുകമലയുഗമാശ്രയം
അന്യനേസ്സേവിക്കയില്ലഞാനണ്ഡജ!
മക്കടവരനുടെ വാക്കുകൾംകേട്ടുട-
നൽക്കടരോഷമിയന്നഥ ഗരുഡൻ
നോക്കെടമൂത്തകരങ്ങച്ചാരേ!
ധിക്കാരം മമ കേൾംക്കരുതിപ്പോൾം
ശക്രാദികളും വന്നുവണങ്ങും
ചക്രായുധനെക്കൊണ്ടു ദൂഷിക്കും
വക്രാത്മാവേ നിന്നൊടുകിഞ്ചന
വക്കാണിച്ചമതിയാവിപ്പോൾം
അക്കനുതുല്യമശേഷജഗത്തിലി-
തൊക്കെപ്പൊലിമ വരുത്തിയിരിക്കും
വിക്രമജലനിധി വിശ്വജനേശ്വര-
നക്കടൽവർണ്ണൻ കണ്ണാരിസ ഖി
മൽകുലദൈവതമദ്ദേഹത്തെ നി-
നക്കുദൂഷിപ്പാൻ യോഗ്യതയുണ്ടോ?
മക്കടകീടാ നിന്നുടെനിന്നുടെ
മസ്തകമിന്നുതകർത്തേപോകു
ഉള്ളിമരങ്ങടെ കായും കനിയും
തൊള്ളയിലിട്ടുകടിച്ചുഭുജിച്ചുഥ
പള്ളനിറച്ചുമരത്തേലേറി
പല്ലുമിളിച്ചുപുളച്ചുനടക്കും

Digitized By Kerala Sahitya Akademi

കള്ളപ്പൂട്ടം കപിപവലന്മാർ
മുള്ളുപറഞ്ഞാലയുപൊഴുതുടനാടി
കൊള്ളുമെടാമതികലയം നിന്റെ
തള്ളലുമുടനേതീരുമശേഷം
കൊള്ളിവലിച്ചുതലയ്ക്കിട്ടടനടി
കൊള്ളിക്കും ഞാൻ വാലുപിടിച്ചിഹ
ളുള്ളിക്കുന്നണ്ടായുമല്പിനി
വള്ളികൾകൊണ്ടു വരിഞ്ഞുകിണറ്റിൽ
തള്ളിമറിച്ചൊരു തടികൊണ്ടടലുകൾ
തല്ലിത്തെരിച്ചു തടിച്ചുകരങ്ങിനെ
യെള്ളിനുതുല്യം പൊടിയാക്കാതെ-
ന്നുള്ളിൽകോപമടങ്ങുകയില്ല
തന്നെത്താനറിയാതെ ദുഷിക്കും
നിന്നെത്താമസിയാതെ വധിച്ചു
പന്നഗരിപുവിനുമതിയാകുള്ള
പന്നഗഭൂഷണവാദത്താണ.

എന്നതുകേട്ടരുൾചെയ്തു ഹനുമാ-
നെന്നുടെനിധനം ചെയ്യുതിനിപ്പോൾ
മന്നിലൊരുത്തരുമില്ലിഹപിന്നെ
പന്നഗലോകം തന്നിലുമില്ലാ
വിണ്ണിലുമില്ലെന്നറിയാമെന്നുടെ
ഉണ്ണികയക്കുന്നെന്തിനുപഴുതേ
കണ്ണനുവേണ്ടിക്കലഹിച്ചാൽനി-
ന്നറ്റനുതുല്യമതാകും നീയും
അണ്ഡജമൂഢാ! നിന്നുടെ ജ്യേഷ്ഠനൊ-
രണ്ഡജനല്ലേ സുഗ്രീവസാരഥി?
പൊണ്ണനുടയിണയിലകറ്റം മുറിച്ചൊരു
വണ്ണൻവാഴകണക്കേ രവിയുടെ
തേരുതെളിച്ചുനടക്കുന്നിപ്പോ-
ളാരുമിതറിയാതില്ലിഹ ഗരുഡ!
ഉരുവിഹീനൻ തന്നുടെതമ്പി-
ക്രൂരുമുറിഞ്ഞുനടപ്പാറായി
മാരുതിയോടുമരുത്തുവരുന്നവ-
രാരുംതോറ്റുമടങ്ങാതില്ലാ
പോരുംനിന്നുടെ പൌരുഷവാക്കുകൾ
ചേരുന്നില്ലിഹചെറുമിടനീം
പോരുതുടൻ ജയിപ്പാൻമാത്രം
പോരുംഞാനെന്നാഗ്രഹമെങ്കിൽ

ഞാരംമടിക്കണമാഹവമെന്നാട്ട
സാരംവെച്ചുപറഞ്ഞതു മതി മതി!
കൊക്കും മുഖവും നഖവും ചിറകുമി-
നിക്കുണ്ടായുധമമർചെയ്വതിനെ-
ന്നുൾക്കമലത്തിൽ നിനക്കൊരുഹുങ്കുതി
നില്പുംരണ്ടുമടികൊള്ളുന്നേരം
മുഷ്കുശമിച്ചുടനീയൽകണക്കെ
പറക്കുംനീപടയേറെന്നാകിൽ
ദിക്കുജയിച്ചൊരു രാവണവീരനി-
രിക്കും ലങ്കാനഗരം ചുട്ടക-
രിതീർത്തൊരുകരുമനകേട്ടവരാരും
ഇക്കപിവീരമെതിർക്കയുമില്ലാ
ഒക്കെയറിഞ്ഞൊരു പക്ഷിക്കെന്നെയ
മിക്കാമെന്നുമുതിർന്നുകൊള്ളാം
നിന്നെക്കൊല്ലുകയില്ലേ ഹനുമാൻ
പിന്നെത്തോഷം വരുമതുമൂലം
കിന്നരചാരണസന്നുതനീശര-
നെന്നുടെനാഥൻ ശ്രീനാരായണ-
ദേവൻതന്നുടെ വാഹനമാകിയ
തപത്തേഹത്തെനശിപ്പിച്ചെന്നാ-
ലത്തോഷം മമ തീരുകയില്ലെ-
ന്നുത്തേശിച്ചുപറഞ്ഞിതു ഞാനും
സപ്താശനനായുള്ളൊരു നിന്നുടെ
ദർപ്പമടക്കിയയപ്പാനല്ലം
സംഗരമിവിടെച്ചെയ്യാംപുനര-
ങ്ങപ്പുറമേതും ഭാവുമില്ലാ.

ഇങ്ങനെയുള്ളൊരു പവനാത്മജനുടെ
ഭംഗികലർന്നൊരുമൊഴികേട്ടിട്ടും
സംഗരമെളുതല്ലെന്നുഹന്തവി-
ഹംഗമരാജനുതോന്നീലേതും
കരുതിക്കൊള്ളെട കപികുലകീടാ!
പൊരുതിക്കൊള്ളെട പൊണ്ണത്തടിയാ
തരുമൃഗമാകിയ നിന്നുടതെടിയൊരു
പെരുമലപോലെ തടിച്ചുതുടിച്ചു-
തടിച്ചുതുലച്ചുപിടിച്ചുമിഴിച്ചുമെ-
തിർത്തുവരുന്ന സമർത്ഥൻ ഗരുഡൻ;
ഉറ്റുപെരുത്ത കരങ്ങച്ചാരേ!
ക്രുദ്ധവളഞ്ഞൊരു കൊക്കിൻമുകളിൽ

Digitized By Kerala Sahitya Akademi

കോപ്പുംകൊണ്ടുപറന്നതിരിച്ച-
ക്കാർത്ത്യായനിയുടെ സോദരനാകിയ
കീർത്ത്യാവിലസിന സുലളിതകോമള
മൂർത്ത്യാനന്ദജനാർത്ത്യാദിഹരൻ
മുരരിപുഭഗവാൻ വാണരുളുന്ന
പുരത്തിൽകൊണ്ടേ താഴ്ച്ചവരാതിഹ
തന്തിരുമുമ്പിൽ കാഴ്ചയതായ്വ-
ച്ചന്തരമെന്യേ തൊഴുതീടുന്നേൻ.

ഇത്ഥംപറഞ്ഞുചെന്ന യുദ്ധംതുടങ്ങിപാരം
ക്രുദ്ധൻഗരുഡനതിശുദ്ധൻതാനെന്നേവേണ്ട
ശക്തന്മാരായുള്ളൊരു നകതഞ്ചരേന്ദ്രന്മാരെ,
കുത്തിക്കൊലചെയ്യൊരു ശക്തിയിൽപാരി-
ലുണ്ടോവേണ്ടാ
മരുത്തിൻറെപുത്രനാകും കരുത്തൻ ഹനുമാനെ
പരമാത്മാവറിയാതെ ഗരുഡൻ പടതുടങ്ങി:
ചൊടിച്ചും ചിറകുകൊണ്ടടിച്ചും
കൊക്കുകൊണ്ടു കടിച്ചും
വല്ലാത്വാക്കുചറഞ്ഞും
തങ്ങളിൽകെട്ടിപ്പിണഞ്ഞും
ഭൂഷണംചൊല്ലിപ്പഴിച്ചും
ശ്ലാഘിച്ചുഗ്രണ്ണികടിച്ചും
ഘോരാട്ടനേരംകുലുങ്ങി
ഗന്ധമാദനംകലങ്ങി
വാരിധിനാലുംമുടങ്ങി
മൃഗസഞ്ചാരംനടുങ്ങി
ഭൂചക്രവാളംമടങ്ങിടാതെ
തങ്ങളിൽതുടങ്ങിമുഷ്ടിയുദ്ധങ്ങൾ.

ഞടികളുമിടികളുമടനടനെ
കടിപിടികലശലുമിഹപടനെ
വടിതടിയൊക്കയുമടവുകളും
പൊട്ടുപൊടെരടിതവും വിരുതുകളും
കദനവിധങ്ങളൊന്നുപകർന്നീടുന്ന
കളിവിപിനമൊക്കെത്തകർന്നീടുന്ന :
മലകടെ ഗുഹകളും മുഴങ്ങിടുന്ന
കലപുലികളുമേറാം കുഴങ്ങിടുന്ന
കലഹരസികൻ മുനി രസിച്ചീടുന്ന
കലിതകുതുകമിഹവസിച്ചീടുന്ന

ഭയമുടയവരൊക്കെത്തിരിച്ചീടുന്ന
ഭയമില്ലാത്തവർകണ്ടുരസിച്ചീടുന്ന
വരഗിരിസമമൊന്നവളർന്നീടുന്ന
പരിചൊട്ടുകൈയുംകാലും തളർന്നീടുന്ന
ഗരുഡനമദമൊന്നകുറഞ്ഞീടുന്ന
ഗഗനഭ്രവതിൽനിന്നുചറന്നീടുന്ന.

തെല്ലുകയത്തൊരു മാരുതസുതനുടെ
തല്ലുകൾകൊണ്ടുതളർന്നുശരീരം
ആല്പൽമുഴുത്തുടനരുണസഹോദര-
ന ശ്രുപാർന്നുതിരിച്ചുതുടങ്ങി
ഒന്നുവിളിച്ചുരുംചെയ്ത ഹനുമാ-
നെന്നുടെ ഗരുഡൻ ഖേദിക്കേണ്ട
എന്നെപ്പൊരുതുജയിപ്പാനിപ്പോൾ
മന്നിലൊരുത്തരുമതിയാകില്ലാ
എന്നതുകാരണമെന്നൊടുതോറുതി
നെന്നുടെഗരുഡനൊരുവമതിവേണ്ടാ
അങ്ങുപരാക്രമമില്ലാഞ്ഞല്ലിഹ
ഭംഗംവന്നുഭവിച്ചുസഖേ തവ
തുംഗപരാക്രമനാകിയമനുകല
പുംഗവരാമസ്വാമികടാക്ഷം
കൊണ്ടുനമുക്കുവിശേഷതയുള്ളതു
കൊണ്ടുഭവാനുമറിഞ്ഞീടേണം
രണ്ടുവിധം വാക്കില്ലനുമുക്കു
പണ്ടുമിദാനീമപിനഹിഭേദം
ഗുരുവാമെന്നുടെ രഘുകുലനാഥൻ
ഒരുവാക്കിപ്പോൾ ചൊല്ലിയയച്ചാൻ
വരുവാൻ സംശയമില്ലിങ്ങാവതു
മൊരുവാക്കങ്ങുധരിപ്പിക്കേണം!
സജ്ജനസഭയിലിരുന്നരുളുകിലു
ദുർജ്ജനസഭയിലിരുന്നരുളുകിലും
അജ്ജനകസുതാപതിയരുൾചെയ്തം-
ലവിടെനമുക്കുവരാൻ കുറവില്ലാ
ഇത്തരമുള്ളൊരു മാരുതിവചനം
ചിത്തരസത്തൊടുകേട്ടഥ ഗരുഡൻ
സത്പർമങ്ങളുപറന്നുതിരിച്ചു-
ങ്ങുത്തരമുരിയാടാതെഗമിച്ചു
കാരണപുരുഷൻവാണരുളീടിന
ദ്വാരാവതീപുരിപുക്കഥ ശൗരി

Digitized By Kerala Sahitya Akademi

വന്ദനംചെയ്തിഹ നിന്നൊരുസമയേ
നന്ദകുമാരൻ പ്രാദ്യംചെയ്തു
എന്നുടെ ഗരുഡൻവരുന്നോ ബത പുന-
രെങ്ങുഹനുമാൻ പിറകെവരുന്നോ?
നിന്നൊടുക്രൂടിവരാതെയിരിപ്പാൻ
സംഗതിയില്ലിവനെന്തിഹവൈകി
മക്കടവര നിഹ ഗോപുരസീമനി
പാക്കുന്നെന്തിന പുഴതിലിദാനീം;
വെക്കംവരുവാൻ പൊല്ലീടവനെ
അക്കപിവരനവസരമറിയേണ്ടാ
അഞ്ജനസഖിയുടെ വചനംകേട്ടിഹ
ലജ്ജിതനാകിയ വിനതാതനയൻ
അഞ്ജലിക്കുപ്പിയുണത്തിച്ചാനട-
നഞ്ജനതന്നുടെ മകനുടെ വചനം
ഉൽപ്പലലോചന നിന്തിരുവടിയുടെ
കല്പനഞാൻ ചെന്നവനൊടു ചൊന്നേൻ
അല്പംബഹുമാനിച്ചീലെന്ന-
ല്ലപ്രിയവചനമുരച്ചു. ഹനുമാൻ
നിന്തിരുവടിയെക്കൊണ്ടുഷിച്ചു
ചിന്തിച്ചാലതി കഠിനം കഠിനം
ഹന്തനമുക്കതുണത്തിപ്പാനെളു-
തല്ലമുകുന്ദ മുകുന്ദ നമസ്തേ!
ഇടയില്ലാത്തടന്മാരാകുമൊ-
രിടയന്മാരുടെ നടുവിൽവസിക്കും
മുടിയൻചൊല്ലിയയച്ചിഹവനൊരു
തടിയൻ നീയെന്തറിയും? മൂഢാ!
മടവാർചൊല്ലിയ വീട്ടുപണിയെല്ലാം
മടിക്കൂടാതെയെടുത്തുപൊറുക്കും.
പിടിയാത്തവരുടുപരിയപ്പെട്ടോ
ടിയാനല്ലിക്കപികുലവീരൻ
കടിയാപ്പെട്ടികരയുമ്പോളൊരു
വടിയാൽനില്ക്കുമതല്ലാതെന്തിഹ
വട്ടുവാമവനെപ്പേടിയുമില്ലി-
പ്പട്ടുവാ, പവനതനുജനുമിപ്പോൾ
കുടുതായ്ശബ്ദിക്കും കുറുനരിയെ-
ക്കുടുവായുണ്ടോ പേടിക്കുന്നു?
പൊല്ലേറും രഘുനായകനല്ലാ-
തില്ലൊരു ദൈവമിനിക്കിഹ ഭുവനേ

കല്യാണാകൃതി സീതാരമണൻ
ചൊല്ലിയയച്ചെന്നാലവിടത്തിൽ
ചെല്ലുവതിന്നൊരു സംശയവും പുന-
രില്ലനമുക്കതുബോധിച്ചാലും!
വല്ലതുമെങ്കിലുമസ്ഥാനമുക്കൊരു
വല്ലവശിശുവെശ്ശങ്കയുമില്ല
പുല്ലംനിന്നുടെ സ്വാമിയുമൊക്കും
ചൊല്ലുകനീചെന്നവനൊടിതെല്ലാം
വെണ്ണകവന്നുഭുജിച്ചുനടക്കും
കണ്ണൻചൊല്ലിയയച്ചവിശേഷം
കണ്ണംകൊണ്ടുശ്രുവിക്കയുമില്ലീ-
യണ്ണവതരണംചെയ്തൊരു ഹനുമാൻ
അക്കപിയിങ്ങനെ നിന്തിരുവടിയെ
ധിക്കാരേണപറഞ്ഞൊരുവാക്കുസ-
ഹിക്കാഞ്ഞടിയൻ തടിയൻ കപിയെയാടു
വക്കാണത്തിനുവട്ടംകൂട്ടി
കൊക്കും ചിറകുമയത്തിച്ചെന്നഥ
കൊത്തും തള്ളലുമടികളുമിടികളു-
മിത്തരമഖിലവിധങ്ങളിലവനൊടു
യുദ്ധംചെയ്തു കുറഞ്ഞൊരുനേരം
ഉദ്ധതനാകിയമാരുതസുതനൊടു
കുത്തും തള്ളലുമിടിയും കടിയും
തൊഴിയും പൊഴിയുംകൊണ്ടുടനടി
മണ്ടിപ്പോന്നിഹ ഭവനംപുക്കേൻ.
പണ്ടൊരുനാളുമിവണ്ണമൊരവമതി-
യുണ്ടായിട്ടറിവില്ലടിയന്നു
പണ്ടാരമുതൽതിന്നുമുടിക്കും
പണ്ടങ്ങൾക്കിതുകേട്ടാൽ പരിഭവ-
മുണ്ടെന്നാകിൽ തഴയുംകൈയിൽ.
കൊണ്ടുപുറപ്പെട്ടീടുകവേണം
യജമാനന്മാരെങ്ങു? നിന്നുടെ
യജമാനത്വമിതെന്തിനുകൊള്ളാം?
തങ്ങടെസ്വാമിയെയിന്നൊരുമൂത്തകു-
രങ്ങച്ചൻ ദുഷിവാക്കുപറഞ്ഞാൽ
എങ്ങനെകേട്ടുപൊറുത്തീടുന്നു?
ചങ്ങാതിക്കതുചിതമായ്വരുമോ?
ചന്തക്കുഴലും വില്ലുംകണയും
കന്തവുമേന്തിനടക്കും നിങ്ങടെ
ചന്തംകാണ്മാനല്ലെജമാനൻ

Digitized By Kerala Sahitya Akademi

ചോദിപ്പതെന്തെന്നൊരുപ്പിക്കുന്നു
എന്തെങ്കിലുമൊരുപടയിൽചെന്നു
നന്നംവരികിലതല്ലേ നല്ലു
അന്തരമില്ലജനിച്ചപ്പോഴേ
അന്തവുമുണ്ടുധരിച്ചീടേണം
കക്കടശ്ശലമുസ്സുണ്ണികളെന്നിവ
യൊക്കെയെടുത്തുപടയ്ക്കുപുറപ്പെ-
ട്ടുൽക്കടരോഷം മലമുകളേറി
ദിക്കുകളൊക്കെമുഴക്കിച്ചെന്നാൽ
അക്കപിയെങ്ങനെനിന്നുപൊരുപ്പു?
ചുറ്റുംനിന്നുശരങ്ങളയയ്ക്കാം
എറുംപിടിയും കലശലുക്രട്ടാം
കൊട്ടകൊട്ടക്കാം കൊറുമുടക്കാം
മുറുമവരുടെപരാക്രമമപ്പോൾ
ചെറുംസംശയമതിനിന്നിപ്പോൾ
കുറുംക്രൂരതവനെച്ചെന്നിഹ
കുത്തിക്കൊന്നുനമുക്കിഹപോരാം.

ഗരുഡനുടെഭാഷിതംകേട്ടമന്ദസ്മിതം
മുടുവദനപങ്കജേ ജാതമായീമുദാ
മുരമഥനനുചിവാനെന്തെടോ നിന്നുടെ
കരളിലൊരുസാഹസമിങ്ങനെ തോന്നുവാൻ
അസുരസുരസംഘവും മർത്ത്യസംഘങ്ങളും
അഖിലമൊരുമിച്ചുചെന്നാഹവംചെയ്കിലു-
മഖിലബലവീര്യനാമഞ്ജനാപുത്രന്റെ
വധമിതെളുതല്ലെടോ! വൈനതേയാസഖേ!
മതിമതിമനോഹരമെന്മൊഴികേൾക്കനീ
മതിവിഭവശാലിയാം മാരുതീവാനരൻ
രജനിചരഭഞ്ജനൻ രാമചന്ദ്രപ്രിയൻ
സലിലനിധിലംഘനൻ സാരതേജോമയൻ
സുഖഗതവിഭീഷണൻ സുകൃതിസംതോഷണൻ
അവനൊടുമരുത്തനീയാഹവംചെയ്കുതും
അധികമവിവേകമെന്നോർത്തുകൊൾകസഖേ-
ഇനിയുമൊരെടുപ്പുനീചെന്നുപോന്നീടണം
വിരവിനൊടുവീരനെക്കണ്ടുചൊല്ലീടണം
രജനിചരവൈരിയാം രാമചന്ദ്രൻമുദാ
രജിതസുഖമെന്നോടുചൊല്ലിവിട്ടുഹിതം
ജനഹൃദയരഞ്ജനൻ ജാനകീവല്ലഭൻ
മനസിജമനോഹരൻ മാനഗാംഭീര്യവാൻ
ഭഗവദനഖണ്ഡനൻ ദ്വാരകാമന്ദിരേ
വിശദമെഴുനെള്ളിമേവുന്നുഹമാരുതേ!
ഇതികിമപിചൊല്ലിയാലിന്നുതന്നേവരും
മതിഗ്രഹണമനോഹരൻ മാരുതന്റേറ മകൻ.

ഏവം കനിഞ്ഞു വാസുദേവനരുളിച്ചെയ്ക
ഭാവംതെളിഞ്ഞുവൈനതേയൻ വണങ്ങിമെല്ലെ
പക്ഷിപറന്നു പലവൃക്ഷത്തിന്മീതേക്കുടി
വിക്ഷിപ്തവേഗമോടെ വീരൻ, ഗമനം ചെയ്ക
മാരുതിവസിക്കുന്ന ചാരുകദളിക്കാട്ടിൽ
പാരാതിറങ്ങിച്ചെന്നു പാരം കനിവിനോടെ
ശ്രീരാമഭക്തൻ തന്റെശ്രീ പാദസന്നിധിയി-
ലാരോമൽ കേതിയോടെ നിന്നുപറഞ്ഞിവണ്ണം:
വീരവിജയ ഗുണധീര പവനസുത!
ശ്രീരാമദേവനുണ്ടു ദ്വാരാവതിപുരിയിൽ
വീരാവസിച്ചീടുന്നു പാരാതെഴുന്നള്ളേണം!

എന്നതുകേട്ടരുൾചെയ്ക ഹനുമാ-
നെന്നുടെനാഥൻ രഘുകുലവരനെ
നിന്നുടെകൺകൊണ്ടീക്ഷിതനായോ?
മുന്നമയോദ്ധ്യയിൽ വാണൊരുനാഥൻ
പിന്നെയുമിങ്ങവതീർണ്ണനതായേ?
ലക്ഷ്മണനുണ്ടോ ഭരതനുമുണ്ടോ?
ലക്ഷ്മണനാം ശത്രുഘ്നനുമുണ്ടോ?
ലക്ഷ്മീഭഗവതിയാകിയ സീതയു-
മക്ഷിതിപന്റെ സമീപത്തുണ്ടോ
പക്ഷികുലോത്തമനിദ്ദമരുൾ ചെയ്ക
ലക്ഷ്മണനില്ലാ ഭരതനുമില്ലാ
ലക്ഷ്മണനാം ശത്രുഘ്നനുമില്ലാ
ലക്ഷ്മീഭഗവതിയാകിയസീതയു-
മക്ഷിതിപന്റെ സമീപത്തില്ലാ.
ജാനകിയില്ല സമീപത്തെങ്കിൽ
ഞാനങ്ങോട്ടു വരുത്തില്ലിപ്പോൾ
നീയങ്ങോട്ടു നടന്നാലും ഹനു-
മാനങ്ങോട്ടു വരുന്നില്ലണ്ണീ!
ഹനുമാനിങ്ങനെയുരചെയ്തെന്നതു
മനുകുലവരനോടറിയിച്ചാലും.
എന്നതുകേട്ടഥ ഗരുഡൻ താനും
പോന്നു പറന്നു തിരിച്ചുവിടന്നു
കാരണപുരുഷൻ വാണരുളീടിന
ദ്വാരാവതീപുരിപുക്കഥമെല്ലെ

Digitized By Kerala Sahitya Akademi

വന്ദനചെയ്തിഹനിന്നൊരു സമയേ
നന്ദകുമാരൻ ചോദ്യംചെയ്തു;
ഹനുമാനെങ്ങുവിഹംഗമവീരാ!
ഹനുമാനങ്ങുമഹാഗിരിമുകളിൽ
ഇങ്ങോട്ടെന്തു വരാഞ്ഞു ഹനുമാൻ
ഇങ്ങോട്ടു വരുത്തില്ല ഹനുമാൻ
എന്തൊരു സംഗതിയിങ്ങനെ പറവാൻ
എന്തെന്നടിയനറിഞ്ഞതുമില്ല
പരമാർത്ഥം നീയറിയിച്ചില്ലേ?
പരമാർത്ഥം ഞാനറിയിച്ചതെ
രഘുപതിയെബ്ബഹുമാനമതില്ലേ?
രഘുപതിയെബ്ബഹുമാനമതുണ്ടു
കല്പിച്ചാലതു കേൾക്കരുതായോ
കല്പിച്ചാലതു കേൾക്കുന്താനും
അതിനെന്തൊരു വൈഷമ്യമിദാനീം
അതിനൊരു വൈഷമ്യം കുറയുണ്ടു
ആയതുമെന്നോടറിയിച്ചാലും
ആയതുമടിയനുണർത്തിച്ചീടാം:
ആയതമിഴിയാളാകിയ ജാനകി
ലക്ഷ്മീഭഗവതിയാകിയ സീതാ
രക്ഷോവരരിപുവാകിയ നൃപനുടെ
അന്തികഭാഗത്തില്ലെന്നാകിൽ
നിന്തിരുവടിയെക്കാണുകയില്ലെ-
ന്നന്തരംഗീനമുരച്ചിതു ഹനുമാൻ
എന്നതുകേട്ടു മുകുന്ദൻ താനും
വന്നിതുകൊള്ളാമവനുടെഭാവം
എന്നാലിനിയുമൊരിക്കൽ ക്രൂടെ
ചെന്നുവരേണം ഭാനുകുലേന്ദ്രാ
ചാരുതയാജനകാത്മജയോടും
ഭാരകതന്നിൽ വസിച്ചീടുന്ന
ശ്രീരഘുനായകനെന്നതുനമ്മുടെ
മാരുതിയോടു പറഞ്ഞീടുകപോയ്
കല്പനകേൾക്കാൻ മടിയില്ലടിയനു
ചിൽപുരുഷോത്തമ!കൃഷ്ണമുരാരേ!
ത്വൽപദപങ്കജമല്ലാതൊരുഗതി
യിപ്പരിഷയ്ക്കില്ലഖിലജനേശാ!
എന്നു പറഞ്ഞു പറന്നു തിരിച്ചു
പന്നഗദൂഷണപക്ഷിശ്രേഷ്ഠൻ.

പങ്കജാക്ഷനതുനേരം തന്നുടെ
മങ്കമാർകളെ വിളിച്ചുരുംചെയ്തു
ലങ്കചുട്ടുപൊടിയാക്കിനിശാചര
സംഘമപ്പൊടു മുടിച്ചൊരു ഹനുമാൻ
ശങ്കരപ്രിയനശേഷജനങ്ങടെ
സങ്കടങ്ങളെയൊഴിച്ചു സുഖത്തെ
സംഘടിപ്പതിനു നല്ലസമർത്ഥൻ
ശങ്കവേണ്ടശശിനേർമുഖിമാരേ!
കല്യനാമവനെയിങ്ങുവരുത്താൻ
ചൊല്ലിവിട്ടവിനതാത്മജനേ ഞാൻ
നല്ലവീര്യബലശാലിഹനുമാ-
നില്ലകില്ലിഹവരും വിരവോടെ
രാമഭദ്രനുടെ നല്ലൊരു മേഘ-
ശ്യാമകോമളമുദാരശരീരം
ഞാനുമൻപൊടുധരിച്ചീടുനേൻ
ഭാഗ്യമുള്ള പതിനാറുസഹസ്രം
രാജ്ഞിമാരിലൊരുപങ്കജഗാത്രി
വേഗമിന്നു ജനകാത്മജതന്നുടെ
വേഷമപ്പൊടു ധരിക്കണമിപ്പോൾ.
നാരായണനുടെ കല്പനകേട്ടഥ
നാരികൾ പതിനാറായിരമുള്ളതി-
ലൊരുനാരിക്കും ജനകാത്മജയുടെ
തിരുമേനിക്കു സമാനശരീരം
വിരവൊടുഹന്ത ധരിപ്പാൻ കൌശല-
മൊരുതെല്ലും പുനരുണ്ടായില്ലാ;
പരവശമവരുടെ ഭാവമതിങ്ങനെ
മുരരിപുഭഗവാൻ കണ്ടുചിരിച്ചു
എട്ടനതാംഗികൾ പിന്നെവിശേഷി-
ച്ചൊട്ടുമവക്കൊരു താഴ്ചയുമില്ലാ
എന്നതിലാവവിലാസിനിമാരൊടു
നന്ദകുമാരനുമരുളിച്ചെയ്തു: —
കാളിന്ദീജാംബവതീസത്യാ
കേളിയേറിനഭാമരുക്മിണി
മിത്രവിന്ദയെന്നല്ലൊരു ഭാര്യമാർ
തത്രവന്നവണങ്ങുവിനേവരും
നേത്രരാഗമിനിക്കിഹനിങ്ങടെ
ഗാത്രരത്നമതുകണ്ടു സുഖിപ്പാൻ
ജാനകിതന്നുടെ വേഷമെടുപ്പാൻ
മാനിനിമാക്കിഹകൌശലമുണ്ടോ?

Digitized By Kerala Sahitya Akademi

ഞാനതുകാരണമിങ്ങുവിളിച്ചു
ആനനമെന്തേതാഴ്ത്തീടുന്നു?
അംഗനമാരവരാവും ചൊന്നാർ
ഞങ്ങൾ നിനച്ചാലിന്നിതു മാത്രം
സാധിപ്പാനെളുതല്ലുമുകുന്ദ!
ബോധിച്ചീടുകതിരുമനതാരിൽ
മന്ദസ്മിതവും ചെയ്തഥഭീഷ്മക-
നന്ദിനിയോടരുൾ ചെയ്തുമുകുന്ദൻ
രുക്മിണിബാലേ! മൈഥിലിതന്നുടെ
വേഷമിതാശു ധരിക്കണമിപ്പോൾ
രഘുനായകനുടെ വേഷം ഞാനും
ലഘുതരമങ്ങു ധരിച്ചീടുന്നേൻ
വൈദർഭീ! ശൃണു നീയും വിരവൊടു
വൈദേഹീവടിവാശുധരിക്ക
ഹനുമാനിങ്ങു വരുന്നതിനുള്ളിൽ
തനുമാറിസ്ഥിതി ചെയ്യണമിപ്പോൾ
എന്നതു കേട്ടപൂരമുറിതന്നിൽ
ചെന്നുകരേറിയിരുന്ന പതുക്കെ
കതകുമടച്ചുകണ്ണുമടച്ചു
മാനമിയന്നു മനസ്സുമുറച്ചു
ജാനകിതന്നുടെ തടമുലതുടയിണ
കടിതടമുടലസ്ഫുടതരമുടലുടെ
ഗുണഗണമഹിമാവതുമുടനോർത്തും
പേർത്തുശരീരം പാർത്തുദരത്തിൽ
പണിപലതും ചെയ്താശുകരാഗ്രേ
മണിദർപ്പണവുമെടുത്തഥനോക്കി
കനിഞ്ഞുനിവൻ പിരിഞ്ഞു വലഞ്ഞും
എളുതല്ലെന്നു മനസ്സിലുറച്ചു
കളമൊഴിരുക്മിണി കതകുതുറന്നു
വെളിയിൽ പോന്നു മുകുന്ദസമീപേ
തെളിവില്ലാതവൾ മുഖവും താഴ്ത്തീ
ക്ഷീണമിയന്നു വണങ്ങിച്ചൊന്നാൾ
നാണക്കേടുനമുക്കു ഭവിച്ചു
രാമൻ തൻറെ കളത്രമതാകിയ
കാമിനിമണിയുടെ വേഷമെടുപ്പാൻ
പലപലയത്നം ചെയ്താനതിനൊരു
ഫലമുണ്ടായതുമില്ലുമുരാരേ!
ഇന്നുമാത്രം കൃപയുണ്ടെന്നാകിൽ
ഇതുമാത്രം കല്പിച്ചീടരുതേ!
രുക്മിണിയിങ്ങനെ ചൊന്നതുകേട്ടാശു
വിശ്വംഭരനാമംബുജനേത്രൻ
സത്യഭാമയെ വിളിച്ചരുൾചെയ്തു
സത്യഭാഷിണി! നിനക്കു നിനച്ചാൽ
ജാനകിതന്നുടെ വേഷമെടുപ്പാൻ
മാനിനീ! തവാഹികൌശലമുണ്ടോ
ആമിതെങ്കിലതിസുന്ദരിതെല്ലും
താമസിക്കരുതു കാമിനിമൌലേ!
സത്യഭാമയതു കേട്ടൊരുനേരം
സത്യസന്ധനെ വണങ്ങിനടന്നു
അങ്ങുചെന്നു ജനകാത്മജതന്നുടെ
അംഗഭംഗിവഴിപോലെ ചമഞ്ഞു
അങ്ങുചെന്നു മുകിൽവർണ്ണസമീപേ
ഇന്ദുബിംബമുഖിനിന്നു വണങ്ങി
കാർമുകിൽ വർണ്ണനുമപ്പോൾ തന്നെ
കാർമുകവും തൂക്കയ്യിലെടുത്തു
അമ്പുമെടുത്തു പിടിച്ചു കരാഗ്രേ
വമ്പുപെരുത്തദശാനനവീരനെ
അന്തകപുരിയിലയച്ചപുമാനുടെ
ചന്തമിയന്നശരീരവുമപ്പോൾ.

പക്ഷീന്ദ്രനങ്ങുചെന്നു പവനാത്മജനെക്കണ്ടു
പക്ഷമിളക്കിക്കൊണ്ടു പറഞ്ഞു സന്തോഷത്തോ
ശ്രീരാമദേവനുണ്ടു സീതാദേവിയും ക്രൂടി [ടെ
വീരാവസിച്ചീടുന്ന ദ്വാരാവതീപുരിയിൽ
പാരാതെ പോകനമുക്കാരോർമൽഭക്തിയോടെ
നാരായണവാഹനനേവം പറഞ്ഞനേരം
പാരം പ്രസാദിച്ചരുൾചെയ്തു ഹനുമാനപ്പോൾ
പോരുന്നതുണ്ടുഞാനുമേതും സംശയംവേണ്ടാ
അഗ്രേനടന്നാലും നീയധുനാപക്ഷികുലേന്ദ്രാ
വ്യഗ്രേതരം ഞാനഥ പിറകേ വരുന്നുണ്ടല്ലോ
ചിറകുള്ള നീനക്കങ്ങു പറന്നുഗമിക്കാമല്ലോ
ചിറകില്ലാത്ത് ഞാനങ്ങുനടന്നുബഹു
കാടുംമലയും കുന്നുംതോടും കടന്നുദേഹം
വാടിവലഞ്ഞു ബഹുനേരം ക്രൂടിയേപറവ
മുന്നേനീയങ്ങുചെന്നുരാമനോടറിയിക്ക
പിന്നാലെവരുന്നുണ്ടു പിംഗാക്ഷനെന്നീവണ്ണം.

ഹനുമാൻ തന്നുടെവാക്കുകൾ കേട്ടു
വിഹംഗമരാജൻ പോന്നൊരുശേഷം

Digitized By Kerala Sahitya Akademi

ശ്രീഹനുമാനൊരുനൊടിനേരംകൊ-
ണ്ടതിവേഗാലദ്വാരകപററി
സീതാസഹിതനതാകിയ രാഘുകുല
നാഥൻതന്നുടെ ചരണസരോജേ
വീണുനമസ്കൃതിചെയ്തുപതുക്കെ
പാണികളം മൌലിയിൽ വച്ചുഥ കൂപ്പി
വാണികൾംകൊണ്ടുബഹുസ്തുതിചെയ്തു
നാണമൊഴിച്ചിതി മാരുതപുത്രൻ
രാമ ഹരേ ജയ രഘുകുലനായക!
രാവണനാശന! രാഘവ! ജയജയ
ജനകതനുജേ ദേവി! നമസ്തേ
കനകമനോഹ കോമളകായേ!
മനുകുലപുംഗവമാനിനിമായേ!
ഇത്തരമനവധിനുതിഗിരമോതീ
ചിത്രവിചിത്രചരിത്രനതാകിയ
സീതാപതിയൊടു യാത്രയുമോതി
പ്രീത്യായാതനതായ ഹനുമാനും
പവനജനങ്ങുഗമിച്ചൊരുശേഷം
പതഗകുലേന്ദ്രൻ വന്നുവണങ്ങി
ഹനുമാനെങ്ങുവിഹംഗമവീരാ
ഹനുമാനുണ്ടിഹ പിറകെവരുന്നു
ആയ്യോഭോഷം നീയറിയാതെ
ആഞ്ജനാതന്നുടെ തനയനിഹാനീം
കണ്ടുപറഞ്ഞുമാഞ്ഞിട്ടിപ്പോൾ
രണ്ടരനാഴികയങ്ങുകഴിഞ്ഞു
മാരുതനേക്കാൾ വേഗമതുള്ളോരു
മാരുതസുതനേ ജയിപ്പാനിപ്പോൾ
പാരിലൊരുത്തരുമതിയാകില്ലാ
പോരുംനിന്നുടെ ഗർവുകളെല്ലാം
എന്നരുൾചെയ്തു മുകുന്ദൻ ഭഗവാൻ
രാഘവരൂപമുപേക്ഷിച്ചുടനെ
ഉന്നതമായൊരു മണിഭവനാഗ്രേ
ചെന്നുവസിച്ചിതു വാസവസഹജൻ
ഗരുഡനുമേറാം വിസ്മയമോടെ
മാരുതസുതനെബ്ബുദ്ധ്യാനിച്ചു
ഹരിഹരമുരഹര ചരണംക്രൂപ്പി-
ത്തിരുവൈകുണ്ഠത്തങ്ങുഗമിച്ചു.

രാമാനുചരിതം ഓട്ടൻതുള്ളൽ സമാപ്തം.

# ഐരാവതപൂജ

## ഓട്ടൻ തുള്ളൽ.

വെള്ളിക്കുന്നിൽ പള്ളിവസിക്കും
പള്ളിപ്പുരമേശ്വരനും തന്നുടെ
പിള്ളഗണേശനുമറുമുഖനമ്മയു-
മുള്ളതെളിഞ്ഞുവസിച്ചീടുമ്പോൾ
ഉള്ളിലഥമ്മതി തള്ളിനിറഞ്ഞഥ
ഭള്ളുനടിച്ചുതിരിച്ചു ധനേശൻ
വെള്ളംചൂട്ടും പരമേശ്വരനുടെ
പള്ളിക്കാലിണതൊഴുതറിയിച്ചു
കള്ളമതല്ലിഥനമ്മുടെനഗരേ
പള്ളിവിരുന്നിനെഴുന്നരുളേണം
ഉണ്ണികൾംഭ്രതാദികളുംവന്നാൽ
ദണ്ഡംനഥിനഥിവിരവൊടു വരണം;
ഉണ്ണിഗണേശനുവയർനിറവോളം
കണ്ണമടച്ചമൃതേത്തുകഴിക്കാം
ധനപതിതന്നുടെ വചനംകേട്ടു
പനിമതിചൂടും പരമേശ്വരനും
കനിവൊടിവൻറയഥംമതിതീർപ്പാൻ
പണിചെയ്യേണമിതെന്നുമുറച്ചു
വേണമിതെന്നാൽ വരുവൻനാമിഥ
കാണിയുമില്ലിഥമടിയെന്നരുളി



Digitized By Kerala Sahitya Akademi

ഗണപതിതന്നുടെ കുമ്പതലോടി
ക്ഷണമൊട്ടുന്നിലയച്ചുമദേശൻ
ഗണപതിയും ധനപതിയുംക്രൂടി
കനിവൊട്ടതൊഴുതിട്ടാശു നടന്നു;
ഗുണഗണമിയലും പുരമതിലെത്തി
ഗണപതിപൂജയ്ക്കാശുമുതിർന്നാ,
വ്വലുതായുള്ളൊരു പലകയതിന്മേൽ
വടിവൊടിരുത്തിഗുണനാഥനെയും
വിരവൊടുധനപതി വിശറിയെടുത്തു
വിരുതൻഗണപതിയേയഥവീശി
തെളിവോടും പൊൻകിണ്ണത്തിൽ
തെളുതെളെനല്ലോരെണ്ണയെടുത്തു
പിള്ളേർവന്നിഥമെല്ലത്തേപ്പി-
ച്ചുള്ളൊരുകൌതുകമെന്തുരചെയ്വു
വലിയൊരുകണ്ണുദയവും മൂക്കും
വെളുവെളെമുഖവും കുമ്പയുമെല്ലാം
എണ്ണയൊലിപ്പിച്ചയ്യോ ശിവശിവ
കണ്ണംചിമ്മിപ്പിച്ചതുനേരം
താളിയുമീഞ്ചകവും യോജിപ്പിച്ചു
ട്ടാളികളാൽബതസ്നാനംചെയ്തു
കാലുംകഴുകിച്ചാദരവോടെ
നാലിനുകത്തൊരെടുത്തുതളിച്ചു
മണ്ഡലവും തേച്ചിലയും വച്ചുക-
മണ്ഡലുജലമതിടത്തുംവച്ചു
പൊന്നുവിളക്കുകൊളുത്തിപ്പുരിചൊട്ടു
മുന്നിൽവച്ചിട്ടാദരവോടെ
ഇലയുടെയരികേ പലകയുമിട്ടു
വലിയൊരുഗണനാഥനെയുമിരുത്തി
ജലഗന്ധാക്ഷതധൂപംദീപം
കുസുമം ചന്ദനമിവകളണിഞ്ഞു
മെല്ലെയിലയ്ക്കുജലാദികൊടുത്തു
നല്ലൊരുചോറും കദളീഫലവും
നറുനെയ്യീവകയൊക്കെവിളമ്പി
ക്കുടിനീർവീഴ്ത്തിക്കനിവൊട്ടുക്കുപ്പി
ങ്ങമ്പോട്ടുഗണപതി തന്നുടെമടിയിൽ
കുമ്പയൊതുക്കീട്ടുണതുടങ്ങി;
ത്ഥടിതിവിളമ്പിന വിഭവമതെല്ലാം
നുടനുടനെന്നമുതേത്തുകഴിഞ്ഞു

തെരുതെരെയായതുകണ്ടുവിളമ്പീ-
ട്ടരുതരുതെന്നരുളാതുടങ്ങി
കോരികവച്ചവർ വട്ടിയെടുത്ത-
ച്ചോറുകൾകൊണ്ടുവിളമ്പുതുടങ്ങി
ചട്ടമിതൊന്നുപകർന്നുകണ്ടവർ
വട്ടളമാശുചരിച്ചുവിളമ്പി
തുമ്പിക്കരവുംപൊക്കിപ്പുരിചൊട്ട
വൻപൻവായിപിളർന്നുവശായി;
ചെല്ലുന്നവരവർ ചോറുംകറികളു-
മെല്ലാംതൊള്ളയിലിട്ടുതുടങ്ങി;
ചോറുതൊടുങ്ങി കറിയതൊടുങ്ങി
വീരൻധനപതിയൊന്നുനടുങ്ങി;
വച്ചൊരുചോറും കറികളുമെല്ലാം
കൊച്ചുഗണേശൻ കൊറുകഴിച്ചു;
കുലയതെടുത്തുകുടഞ്ഞുപഴങ്ങാം
കുലയുടെക്രുടെയതൊക്കെയൊടുങ്ങി
പച്ചക്കായും പപ്പടവുംപല
പച്ചക്കൊപ്പുകളൊക്കെയൊടുങ്ങി;
തൈരുതൊടുങ്ങി മോരുതൊടുങ്ങി
സൈരുകുടിവെള്ളവുമൊക്കെത്തീർന്നു
ഉപ്പുംമുളകും ചമ്പുംചിമ്പും
ക്ഷിപ്രംഗണപതിയപ്പടിതിന്നു
ഉള്ളതശേഷമൊടുങ്ങീട്ടവനുടെ-
യുള്ളിലൊരാധിവളർന്നുവശായി;
ഒറുക്കൊമ്പനുകൊറുമുഴുക്കാ-
ഞ്ഞൊറുംകോപിച്ചെഴുനേറുടനെ
മുൻപിലിരുന്ന വിളക്കുവിഴുങ്ങീ,
ചെമ്പുകളങ്ങമുതേത്തുതുടങ്ങീ
ചട്ടുകവും പല കുട്ടുകവും ചില
വട്ടികളെന്നിവയൊക്കെവിഴുങ്ങി
മുരളിനടന്നങ്ങുരുളിവിഴുങ്ങീ-
ട്ടതിരുചിയോടുകല്ലുവിഴുങ്ങി
കട്ടോടങ്ങളുലക്കയുമീവക-
പാത്രംശാലയുമൊക്കെവിഴുങ്ങി
ആത്തിപെരുത്തുസഹിക്കരുതാഞ്ഞി-
ട്ടൻപിനൊടൊത്തൊരുതൂണവിഴുങ്ങി
സത്വരമങ്ങുനെടുമ്പുരയുണ്ട
തുച്ചിവരാഞ്ഞുഗണേശസ്വാമി;

Digitized By Kerala Sahitya Akademi

കണ്ടതശേഷവുമുണ്ടിട്ടം ബത-
കൊണ്ടാകൊണ്ടായെന്നരുൾചെയ്തു,
ധനപതിതാനുമൊരാധിമുഴുത്തു
മനമതിലോത്തുഗിരീശനെയുടനെ
സ്മരസ്മര! ശിവശിവയെന്നുവിളിച്ചു
പരവശനായിനടന്നുതുടങ്ങി
ഒറക്കൊമ്പൻ പിമ്പേചാടി
തെറ്റെന്നോടിച്ചെന്ന മഹേശൻ
തന്നുടെയടിമലർവീണുവണങ്ങി
ഖിന്നതവന്നതുതൊഴുതറിയിച്ചു:—
"ഗണപതിയടിയനെയുണ്ണംമുൻപേ
ഗിരിമകൾ പതിനീ രക്ഷിക്കേണം
പാത്രാപാത്രമിതോക്കാഞ്ഞെന്നുടെ
പാത്രാദികളും തിന്നുഗണേശൻ
ഗുരുതരുതെന്നുവിലക്കീട്ടങ്ങിനെ
ഒരുപിടിമലരുകൊടുത്ത മഹേശൻ
മതിമതിയെന്നരുൾചെയ്തുകേട്ട
തുരുതുരയെല്ലാം ഛർദ്ദിൽതുടങ്ങീ
നെടുതായുള്ളനെടുമ്പുരമുൻപിൽ
ഝടഝടയങ്ങുഞെരിഞ്ഞമവീണു
ണ്ടതുപോലെ ക്രമത്താൽതുണ്ടം
തണ്ടെന്നീവകകണ്ടുതുടങ്ങീ
ചെമ്പുംവാപ്പുവിളക്കും പലവക
വൻപാത്രമാശ്രവമിച്ചാനഖിലം
എണ്ണവുമേറുനടന്നാനങ്ങൊരു-
വണ്ണംധനപതി തലയുംതാഴ്ത്തി;
ഇത്തരമുള്ളൊരുഗണപതിഭഗവാ-
നിന്നിതിനൊന്നുതുണച്ചീടേണം

കളമാസ്യൻ ഗണനായകനെന്നുടെ
കളഭാഷ്യത്തിനുതുണയായ്സ്മരണം
കളഭാഷിണിവാണിയുമെൻനാവിൽ
കളമാംവണ്ണം വിളയാടേണം,
പ്രളയപയോധിയിലിളകിമറിഞ്ഞമ
തെളുതെളുവരുമൊരുതിരമാലകൾപോൽ
ഇളകിവരേണംവാക്കുംപട്ടതയിൽ
ഇളകാതൊരുഗുരുകൃപയൊട്ടുക്രുടെ;
തെളിയണമാത്മജ്ഞാനമതിന്നായ്
തെളിവൊട്ടുഞാനിത വന്ദിക്കുന്നേൻ.

കുന്തിയിരിക്കുമിടത്തുംപടിയേ
സന്തോഷത്തൊടുവിപ്രന്മാരും
ഗാന്ധാരിയെമാനിച്ചുചിവണ്ണം
ചന്തപറഞ്ഞുരസിച്ചുനടന്നാർ
സദ്യാഘോഷമുരന്തന്നോ ധൃത-
രാഷ്ട്രക്കില്ലൊരു ലുബ്ധൊന്നിനും
സുപട്ടെട്ടു ലഭിച്ചുതു സുബലജ-
പോവ്ട്ടസുനിമൂലന്തന്നെ
പേവട്ടച്ചാറൻ ശകുനിക്കും
ഈവട്ടംചെന്നിട്ടില്ലൊട്ടും
നാലും രണ്ടും മതിയെന്നവനും,
ചേലൊടുഗാന്ധാരിയുമുരചെയ്തു
എട്ടുംപത്തും ചെയ്യണമായതി
നൊട്ടും സംശയമില്ലെന്നവളുടെ
നെഞ്ചികം കൊണ്ടിട്ടൊട്ടു ലഭിച്ചുതു
മിഷ്ടന്മാരെ! ബോധിച്ചാലും
ഭാഗ്യവതീഗാന്ധാരിയവളുടെ
യോഗ്യതമറവാക്കുള്ള നിനച്ചാൽ
അല്ലേ നമ്മുടെ കുന്തികണക്കിനി-
യില്ലെനാളയുമിങ്ങനെ പൂജാ!
അല്ലെപാണ്ഡുമഹീപതിതന്നുടെ
വല്ലഭയെന്നിവളെന്നറിയേണം
പാതിരാജ്യത്തിന്നവകാശികം
ബോധിച്ചാലും ധർമ്മസുതാദികം
നാളെത്തന്നെ പൂജതുടങ്ങും
നാമെല്ലാം പോയീടരുതിന്നു
കോളപ്പുറവും കോശ്യപ്പള്ളി;
വാളക്കോടും വള്ളിക്കാടും
കൂടെക്കേറിച്ചെന്നിട്ടിപ്പോഴം
കുന്തിയൊടും ചോദിച്ചുറിയേണം
ആരെല്ലാം സദ്യയ്ക്കു ശ്രമിപ്പാൻ
സംഘക്കാരരുനിന്നീടേണ്ടു
നാളെത്തന്നെയുണ്ടോയെന്നും
നല്ലപ്പോഴേയാവോയെന്നും
സുപട്ടെത്രലഭിക്കുമിതെന്നാം
ബോധിച്ചുല്ലോ പോകണമെന്നും.
ഇന്നണഭോഷിതരേവം കേട്ടഥ
ചിന്താപരവശയായിവണ്ണം

Digitized By Kerala Sahitya Akademi

നിനയ്ക്കിലിനിക്കല്ലോ കണക്കുരാജ്യത്തിന്നു
ഇവർക്കുകൂട്ടിനീടെ കണക്കുള്ളവകാശം
കൊടുക്കുന്നതുംതിന്നുകിടക്കേണ്ടവർക്കിപ്പോ
ന്നാടക്കംനാടുമായിനമുക്കിപ്രകാരമായ് [ർ
വിധിക്കും നേരില്ലാതെയിരിക്കുംകാലത്തിങ്കൽ
ഇരിക്കേക്കാളും നല്ലുമരിക്കസകലക്കും;
ഭുജിക്കും ചെയ്കകമ്മം മരിക്കും പിന്നൊവന്നാ
പിറക്കും മുന്നേക്കമ്മം ഭുജിക്കുമിപ്രകാരം
വചിക്കുന്നതും നേരായിരിക്കിലിനിക്കിതു
വരുവാൻ സംഗതിയും വരികയില്ലാഞ്ഞല്ലോ.

എന്തീശ്വര! ഞാൻ മുന്നേജ്ജന്മനി
ഹന്തമഹാപാപം ചെയ്തിട്ടോ
കാന്തൻമൃതനായിങ്ങനെയുള്ളൊരു
സന്താപങ്ങളും ഭുജിച്ചീടുന്നു?
ത്തോവുള്ളന്നിങ്ങിനെയൊരുവൻ
വൃത്താന്തം പോലും ചൊല്ലീടാ;
വൃദ്ധൻ പൂർവ്വജനം പേടിക്കും!
പൃത്ഥ്വീപതികളുമെന്തുരചെയ്വൂ!
ആവകയെന്തുപറഞ്ഞിട്ടിപ്പോ-
ളീവിധമായ്വന്നതു വിധിവിഹിതം
ഹാവിധിയോമമകർമ്മഫലം കിമു
ദൈവത്തിന്നതകില്ലാതായോ?
ഈവിധമപവാദം കേട്ടാലി-
ബ്ജീവിതസുധാരണമെങ്ങനെ ശിവ ശിവ!
നാരായണനരകാന്തക! വിഷ്ണോ!
നീരദസന്നിഭ! വാരിജനാഭാ!
നേരിന്നാധാരം നീയല്ലാ-
താശ്രയമഹിനരസിംഹശരീരാ!
ഏകാദശിതിരുവോണം രോഹിണി
തിരുവാതിര കാർത്തികവ്രതമിങ്ങനെ
ശിവരാത്ര്യാദികളുപവാസിച്ചതു
വിഫലമതായ്പ്പോയോമുകിൽ വർണ്ണാ!
കരുണാകരകമലാവല്ലഭ! ജയ
ധരണീധരഭരണാ! സർവ്വേശാ!
തിരുമലരടിയെന്യേമറൊരുഗതി
കരുവർക്കും നഹി സുരമുനിവന്ദ്യാ!
സൃഷ്ടാവുമുഷ്ടിപ്പതു നിൻകരുണാ-
പുഷ്ടപ്രാതനെ സന്ദേഹം നഹി

മട്ടലർശരവൈരിയുമിന്നിപ്പോൾ
മാറല്ലെന്നു മഹത്തുകൾ പാവു-
ധ്യക്ഷതഭാവിച്ചുമരേന്ദ്രൻ ദിവി
പുഷ്ടാടോപമൈന്ദ്രീതഭാവി-
ച്ചിട്ടുഞെളിഞ്ഞിടുനാളു നിന്നുടെ
പുഷ്കരപാബലമല്ലോപോറാ!
വിദ്ധ്വംസിക്കുടവയറച്ചുർ കുബേരൻ
മൈന്ദ്രീതയും നിൻതിരുവുള്ളമതേ
അന്തകനും തവകരുണാശക്ത്യാ
ഹന്തകഴിച്ചീടുന്നനിതാന്തം
എന്തീകുന്തിപിഴച്ചതു നിന്നൊടു
ചെന്താമരനയനാ!നരകാരേ!
അവളുടെ മക്കളുമെന്നുടെ മക്കളു-
മവകാശം കൊണ്ടൊരുപോലിവിടെ
ഇവരുടെ യച്ഛൻ മൃതനായതിനാൽ
അഹമിതിപിടിയാത്തവളായ്വന്നു
അതിബാലന്മാർമിറികിൻ മുട്ടകൾ-
ളവരുടെ ഭാഗ്യം പോരായ്കയ്തേ
അവനീശൻ മൃതനായതിനെന്തിനു
പഴുതേ ഞാൻ ദുഃഖിച്ചീടുന്നു!
മായാമാനുഷനാകിയ കൃഷ്ണൻ
ആയവനുടെകൃപയുണ്ടെന്നാകിൽ
ആയതു സാധിപ്പാൻ ഞാനോമതി
യായേക്കാമിക്കാലം തന്നെ
പണവും ഭണ്ഡാരം കരികോലം
പടയും നാടും പാടെയവക്കായ്
ഒടികടമാടുമോട്ടുപ്പാത്രവു-
മുടനുണിപഴയതുമായി നമുക്കു
കൊട്ടണമുണ്ടോട്ടേപാണ്ഡവരും
കൊട്ടണമതുവേണ്ടായെന്നാലും
ഇഷ്ടം ദുര്യ്യോധനനനുവങ്ങരി
എട്ടനുവങ്ങയവയ്ക്കുവേണ്ടു
കൊട്ടുവതിന്നിമ്മക്കളെയെല്ലാം
യുദ്ധിയുമായി നടക്കും ശകുനി
വിദുരഗംഗാദത്തിനുമൊഴികെ
വിരുദ്ധക്കാരേയുള്ളിവിടത്തിൽ
ഒരുവരുമില്ലനമുക്കെന്നായി
ഓരുമയിതെന്നിവിടെസ്സാധിപ്പാൻ

Digitized By Kerala Sahitya Akademi

ഇത്തിരിയെല്ലാമുണ്ടു നമുക്ക-
പ്പൊന്നും പൊടിയുമെടുപ്പാനിന്നും
കിംഫലമിതു സാധിപ്പാൻ ഞാനും
എൻപിള്ളകളും മതിയാകാതായ്
ശരണാഗതവത്സല! ജയ! ശൌരേ!
ശാർങ്ങായുധശാശ്വതഗോവിന്ദ!
എന്മക്കൾക്കാധാരം മറ്റി-
ല്ലിമ്മഹിയിങ്കലതിനിതൊഴുതേൻ!

നിനച്ചീവണ്ണം ചിന്തിച്ചുഴുകുന്തിയപ്പോൾ
ഗമിച്ചു ധർമ്മജനുമനുജന്മാരുമായി
എടുത്തു ഭീമനൊരു കരത്തിൽ പൊറുമന്യു-
കരത്തിൽ പ്രഥമനും കലത്തിൽ പകർന്നിട്ട
കടത്തിൽ ദധിയുക്കി എടുത്തു കിരീടിയും
എടുത്തു മാദ്രിജരും കരത്തിലിവമറും
നിരത്തിവച്ചമ്മയെ വിളിച്ചുമ്മാനായപ്പോൾ
മരുത്തിൻ മകനതി കരുത്തനായ ഭീമൻ.

അമ്മേ! അമ്മേ! വന്നാലും തവ
ഉമ്മാനെന്തേ വൈകിക്കുന്നു?
പെമ്മേ പോരും: കറികളുമെല്ലാം
പലൊട്ടു കൊണ്ടന്നിട്ടുണ്ടല്ലോ:
ഉമ്മിണിയല്ലമ്മേ പരമാന്നം
തിമ്മാൻ പട്ടർ വിളമ്പുകമൂലം
ആമ്മേയുൺമാൻ വരുവാറായെ-
ന്നമ്മാരുതതനയൻ പറയുമ്പോൾ
അമ്മാൻമിഴിയാളാകിയ കുന്തിയു-
മശ്രുപൊഴിച്ചുഥ മുക്കുപിഴിഞ്ഞു
ആമ്മുഴുമതിമുഖവും ബന്ധുകം
പെമ്മേകുമ്പിടുമധരോഷ്ഠങ്ങളും
ആച്ഛാദിച്ചിതു കരകമലത്താൽ
ദീർഘശ്വാസത്തോടും ക്രൂടെ;
അമ്മയെയീവണ്ണം കണ്ടപ്പോൾ
ആന്തകസൂതനും ചിന്തയുടങ്ങി;
അനേരം ഭീമനുമനുജനും
ആദരവോടു പറഞ്ഞാനേവം
എന്താണമ്മയും ജ്യേഷ്ഠനുമിങ്ങനെ
വന്തുടങ്ങീടുന്നതു കഷ്ടം!
അയുതഗജാധികബലവാനായ്ഞൊ-
ണനുജനുമായിങ്ങനെ ജീവിക്കിൽ
ആവരിലുമധികമെശപ്പോട്ട വാഴ്വ-
നച്ഛൻ പാണ്ഡുനൃപാധിപനാണ.
അച്ഛനേറ കാലത്തിൽ സുഖലജ-
യിച്ചകളൊന്നും സാധിച്ചീലാ
അശ്രുതിഭാവുമുണ്ടായില്ല-
ന്നയശസ്സുകൾ കേൾപ്പാറായില്ലാ
അച്ഛൻ സ്വർഗ്ഗതനായെന്നാലു-
മാഗ്രഹമൊണ്ടെന്നാലീ ഞങ്ങൾ
അച്ഛനേറ പാതിക്കവകാശിക-
ളിജ്ജനമെന്നതു സംശയമില്ലാ;
ഇച്ഛമാക്കതൊഴിഞ്ഞു കൊട്ടപ്പാ-
നിജ്ജന്മം മൂളുകയില്ലിഹ ഞാൻ;
അച്ഛനേറ ശീലം നന്നല്ലോ
അജ്ജന്തുഗാന്ധാരീവഷളും
ഇച്ഛിച്ചതു സാധിക്കട്ടിപ്പോ-
ളിജ്ജനമിശ്ശിപ്രായം വരുവോളം
ന്നാറിനെയും കൊട്ടിക്കൊണ്ടെനേറ
ഉറ്റമതാംകരകരിശനതീർത്തു
കാറ്ററിന്മകനാം ഞാനും ജ്യേഷ്ഠനെ
വെറ്റിയൊടേരാജ്യം വാഴിപ്പൻ!
കൊറ്റവനന്ധൻ മുതുപ്രാണിയെനാം
കൊല്ലേണ്ടാ അതുമാനവിരോധം
ഇല്ലൊരു കഥയിന്നവനാലേതും
സൊല്ലുയുമില്ലൊരെടുത്തു കിടക്കും;
കറ്റാണികുഴൽ ഗാന്ധാരിയെ ഇന്നൊരു
പറവ കുടിപ്പിച്ചീടുകയില്ലാ;
കൊറ്റിനു മുട്ടിപ്പട്ടിണിയിട്ടു
ദുഷ്ടതയെന്നു നിനച്ചു കരഞ്ഞു
തുഷ്ടിവരുത്തുമചിത്തതയെന്നതു
ജ്യേഷ്ഠനുമമ്മയും ബോധിച്ചാലും
ഹരിസമഭുജബലവിക്രമിയാകിയ
ഹരിസുതഗിരിമിതു കേട്ടദശായാം
ഹരിഹരിവിക്രമിയാകിയ പാർത്ഥൻ
ഹരിഹയസുനുരത്താനേവം:

ഒട്ടക്കു നൂറുപേരെ നാടക്കും രാജ്യംവാഴ്വാൻ
മിടുക്കില്ലാഞ്ഞിട്ടല്ലേകിടക്കുന്നീവണ്ണം നാം
നാടിക്കീഴ്പ്പൊടിയേറെ കിടക്കുന്നെന്നഭാവം
നടിക്കുമവരിപ്പോൾ ക്ഷമിക്കുകറഞ്ഞാനും

Digitized By Kerala Sahitya Akademi

ഞാടൽക്കുയോഗമെത്തി യടല്ലാളത്തിലെത്തി
ഞാടുക്കുന്നേരം കാട്ടിക്കൊട്ടപ്പൻ ഭൂജബലം
മുടിച്ചുകള്ളന്മാരെ മുടിച്ചു ചിലരുടെ
മുടിക്കുഭംഗമേറിപ്പിടിച്ചു കെട്ടിനന്നാ-
യടിച്ചു കൊല്ലുവാനുമസഹ്യമഗ്രജനും
പട്ടതുമോട്ടു ഞാനും മുടിപ്പൻരിപുക്കളെ.
മക്കളുടെ ഗിരമേവം കേട്ടുകുന്തിതാനും
ചിക്കനെമോദാശ്രുപൊഴിച്ചുംക്കനിവോടെ
ട്ടുഃഖവുമടക്കിചെന്നുരുക്കൈകൾകൊണ്ടപ്പോൾ
മക്കളെയനുഗ്രഹിച്ചു ഗദ്ഗദവണ്ണ്ണെന
ട്ടുഃഖകാരണങ്ങളൊക്കെ ഞാരിനടയാൾ
തൽക്ഷണംചൊന്നതുകേട്ടു ഫൽഗുനനും ചൊ-
ധിക്കരിച്ചുപൂജയിതുട്ടുഷ്കരമിതല്ലോ; ന്നാൻ
മുഷ്കരമായൊരുകർമ്മം ഞാമ്മ ബോധിക്കേണം
ഞാരീശനെയിവിടെയിക്കിരീടികൊണ്ട-
ന്നിക്രിയകഴിപ്പനഹംമൽഗിരീശനാണേ
പുഷ്കരലോചനനുടെ ഉംക്കുപയാൽവ്യാമ
പുഷ്കരചാരികളോടും ശക്രനെവരുത്തി
സ്വർഗ്ഗവിലാസിനികളാലീഗൃഹമലംകൃത്യ
ഞഗ്രഭുക്കുകളെയമുഗ്രഭുക്കുകളാക്കി
സ്വർഗ്ഗവാസികളെക്കൊണ്ടു ഭോക്കവുമുണ്ടാക്കി-
ച്ചിഗ്രഹോകഴിപ്പൻസദ്യഞാക്കിരീടിനാളെ;
ഞാച്ചനമരേശൻ പാണ്ഡുവാകുമച്ഛനോടും
ഞാച്ചയിൽവന്നിവിടിരുന്നിജ്ജനവുമായി
മജ്ജനഭോജനനിദ്രാസക്തരായിമോദാൽ
മാനമോട്ടുമൈരാവതപൂജകഴിപ്പിച്ചു
വേണ്ടുവോളംധനംവാരിക്കോരിവിപ്രന്മാക്കും
കൊണ്ടുപോവാൻകൊടുപ്പിപ്പാനൊണ്ടിനിക്കു-
ശക്തി
ശുണികൾമണ്ണുകൊണ്ടുള്ളൊരാനയല്ലോപൂജി-
ച്ചുണ്ടർകോനേയുമാനയുമിങ്ങുവരുത്തീട്ടു
രണ്ടുനാലുദിനംകഴിയുന്നതിനുമുൻപേ
ഇണ്ടലെന്യേസാധിപ്പൻ ഞാൻ
കണ്ടുകൊൾകെൻറമ്മേ
ഉണ്ടുകൊണ്ടാലുമിതുകൊണ്ടുണ്ടാകേണ്ടതാപം
കുണ്ഠതകൈവെടികമ്മേ! ദണ്ഡനമസ്കാരം;
ഫൽഗുനഗിരമീവണ്ണംകേട്ടു കുന്തിതാനും
ഫൽഗുപരിതാപയായി സൽഗുണനിവേഗാൽ
ക്ഷ്യംഭോജ്യഖാദ്യപേയാദ്യൈങ്ങളെല്ലാമൻപാൽ
ക്ഷണംശിക്ഷയിൽത്തന്നെ തദ്ദിനംകഴിച്ചു;
ദക്ഷനാമജ്ജനൻ സഹസ്രാക്ഷനായിക്കൊണ്ടു
ശിക്ഷയിലൊരു സന്ദേശപത്രികയെഴുതി
തൽക്ഷണമൊരമ്പുംകോലുകെട്ടിവില്ലുംപൂട്ടി-
ത്തെരട്ട
ത്തിക്ഷിതിയിൽനിന്നുമേൽഭാഗത്തയച്ചുരുളി;
ബാണവുമന്നേരം ജഗൽപ്രാണവേഗംഗമിച്ചുഗീ
ർവ്വാണലോകംപ്രവേശിച്ചുനേരമമരാധിപനും
ഉണമെല്ലാംകഴിച്ചുടനേണശാബാക്ഷികളോടു
വേണുവിളിച്ചീടുകയും വീണവായിച്ചീടുകയും
തിത്തിയിൽസ്വരംവിളിക്കുകയുംമറ്റുള്ളക്കാരൊ-
ത്ത
നത്കകീജനംവിവിധനർത്തനകൌതുകത്തോടും
ഉത്തമനാം നാരദനും തുംബുരുവും കൈപിടിച്ചു
രുദ്രവീണതംബുരുതോളത്തുവച്ചതികുതുകം
കൃത്തുകണ്ടുരസിച്ചും മുദ്രാവുകൊണ്ടുസമ്മാനിച്ചും
തത്രമധ്യേമധ്യേസുത്രാമാവിനെനോക്കിച്ചി
രിച്ചും
വൃത്രവൈരിതാനുമേറംസുപ്രമോദംകലന്തി
സ്വസ്ഥനായിസിംഹാസനേ ഇത്തിരിനേരമി
രുന്ന
പുത്രനാമജ്ജനനെയ്ക്കാരസ്നേഹവും പത്രികയുമായ്
സൂത്രാമാവിൻറമടിയിൽവന്നിരുന്നനേരം
ചിത്രമിതെന്തെന്നുതൻറുക്കരങ്ങളുംകൊണ്ടെ
ട്ടുള്ള
പത്രികനോക്കിവായിച്ചുവാചകവുംധരി-
ച്ചീവം;
പുത്രവാത്സല്യാതിരേകാലെത്രയുംമുഖത്തുകാട്ടി
പത്രികമാവ്ത്തണച്ചുനിസ്തുലകൌതുകത്തോടും
പുഞ്ചിരിതൂകിമഘോന്ദ്രനമപ്പോൾ
കഞ്ജോത്ഭവജനോടിദമരുളി
ഹോഹോനാരദ! വരികരികേയി-
സ്സാധനമധുനാവായിച്ചാലും
ഉർവ്വശ്യാദികളിശ്ശിയിരിപ്പിൻ
ഇശ്ശിയിരിപ്പിൻ വാദ്യക്കാരും
അപ്പോൾനാരദനമരാധിപനൊടു
പത്രികവാങ്ങിയുടൻവായിച്ചു
അഗ്രജനായ ജയന്തൻവായി-
ച്ചുള്ളതെയറിയിക്കേണ്ടുമവസ്ഥ

Digitized By Kerala Sahitya Akademi

സുബല സുതാതനയന്മാരിപ്പോൾ
പ്രബലം വിദ്യാട്ട്യാസേവരുവാൻ
പ്രബലകരീശ്വരപൂജകഴിച്ചു
പ്രബലതയവിടെക്കാട്ടീതവരും,
ഉത്സവമോഷ്ഠമിവണ്ണന്തന്നെ
ഉർവിയിലെങ്ങുംകേട്ടിട്ടില്ലാ
കുത്സയതിനുണ്ടായിട്ടല്ലതി
ദുസ്സ്ഥമായ് വന്നിതുഞങ്ങൾക്കും;
സദ്യകഴിഞ്ഞൊരുസുരവരരും
സദ്യോഞങ്ങടെപടിയേപോവോൾ
പരിഹാസാകൃതികളിഹവിപ്രന്മാർ
പഥിവിവരിച്ചുനടന്നാരവം;
കുന്തികുണക്കിനിയുദോടനാളെ
ഉന്തീശ്വരപൂജാദുരേ!
ഹന്തപണം വിംശതികിട്ടീടും
പന്തിയിതിന്നിലെന്നുംകേപിൽ
ഹന്തനുപൻ മൃതനാകാഞ്ഞെങ്കിൽ
ഞങ്ങടിനെതന്നേസംശയമില്ല,
ഇതഥംമാർഗ്ഗികൾപറയുന്നതുകേ-
ട്ടുൾത്താപം ജനനിക്കും ജ്യേഷ്ഠനും
അക്കായ്ത്തിനാട്ടുൻതന്നെ
അമരവരന്മാരേയുംക്കുട്ടി
അക്കരിവരനെയുമിങ്ങുവരുത്തീ
ട്ടിജ്ജപമാദ്യതുടങ്ങിക്കേണം;
പിന്നെവിശേഷിച്ചും താമസിയാ-
തൊന്നിനുപേക്ഷവരാതേകണ്ടു
വന്നീടണമട്ടുൻതന്നേയി
തൊന്നൊഴിയാതെവഹിപ്പിക്കേണം;
ഇപ്പടികൈയെഴുതിയയയ്പുമ്പാൽ
ഇന്ദുകുലേശൻ പാത്ഥനെഴുത്തു;
കുറിവാചകമതുകേട്ടമരേശൻ
കുറവിയലാത്തൊരു പ്രണയത്തോടും
മറുവാചകമുരചെയ്യാതേ തൻ
മന്ത്രികളോടിദമരുളിച്ചെയ്തു
എല്ലാരുംകേട്ടല്ലോയിതുകൊ-
ണ്ടെങ്ങിനെവേണ്ടൂഎന്നതുപറവിൻ
ചെല്ലാഞ്ഞാലുണ്ടേപോരായ്കയും
ചെന്നാലുംപുനരങ്ങിനെതന്നെ;

എല്ലാരുംക്കുടിക്കുശിച്ചു
ചൊല്ലുണമെങ്ങിനെവേണ്ടുവതെന്നും
അമരാധിപഗിരമേവംകേട്ടി-
ട്ടമരന്മാരും ചിന്തിച്ചുവും
കുമതികൾപലർക്കുടിക്കൊണ്ടിന്ദ്രനെ
നമനംചെയ്തീവണ്ണമുരത്താർ
ഇന്ദ്രാണീവല്ലഭ! ദേവേന്ദ്ര!
വന്ദാരോർമന്ദാരാ! ജയജയ!
സന്ദേശത്തിൽകണ്ടൊരുകാര്യം
സന്ദേഹംതന്നേയാകുന്ന
തന്ദേശംഗന്തുംനഹിയോഗ്യം
മന്ദേശന്മാരല്ലല്ലോനാം;
വൃന്ദാരാധിപ! നമ്മളിലാരാ-
നിനോതിൽകീഴിൽ ഭൂലോകേ
ചെന്നാരുമർത്ത്യനമായിസ്സുഖ്യം
വന്നിട്ടില്ലതു ബോധിച്ചാലും
ഇന്ദ്രന്മാർപലരുണ്ടായിവിടെ
ഞാനിങ്ങിനെയിതുകേട്ടിട്ടില്ല
എന്നമരന്മാർചൊന്നതുകേട്ടി-
ട്ടിന്ദ്രനുമരുളിച്ചെയ്താനപ്പോൾ
എന്നല്ലുത്തരകോസലമായൊര-
യോദ്ധ്യാവാസികളാകും നൃപരൊ-
ട്ടുന്ദാർകാഥന്മാർ സ്വാമി-
രുന്നാവഴിപലതും പറയാമേ!
ഞാതുമിതുമെന്തിനുപറയുന്നിങ്ങിനെ?
ഇതുകൊണ്ടിപ്പോൾ വന്നതുപറവിൻ
ഞാതുകേട്ടവർ പിന്നെയുമുരചെയ്തു
ഇതുഞങ്ങൾക്കൊട്ടുംചെന്നില്ല;
കണ്ടവരുടെകുറികണ്ടീടുമ്പോൾ
മണ്ടീടത്തക്കവരല്ലല്ലോ
അണ്ടർപുരാനങ്ങുന്നെന്തിങ്ങനെ
ചെണ്ടത്തരമായിട്ടുതുടങ്ങി?
പണ്ടേയീകല്പനകൾക്കല്ലാ-
തൊണ്ടേഞ്ഞങ്ങൾക്കൊന്നിൽ കായ്പും?
കല്പിക്കുന്നതുകേൾക്കാമിന്നും
കല്പിക്കും വേലകളുംചെയ്യാം;
കല്പിച്ചൊരുകായ്പ്പിന്നിപ്പോൾ
ഇപ്പടിയെന്നേതോന്നുന്നുള്ളൂ

Digitized By Kerala Sahitya Akademi

എന്നമരന്മാർചൊന്നതുകേട്ട
മന്ദസ്മിതമൊടുശചിയുംചൊന്നാൾ
വല്ലായ്കയുംപറയായ്വിൻ! നിങ്ങടം
വല്ലായ്ക്കാരായ്വന്നീടും
സർല്ലോകാധിപനുടെ അന്തർഗ്ഗത-
മല്ലോയിക്കുറിവന്നതുമിവിടെ;
എല്ലാരുംവിപരീതിച്ചാലും
വല്ലനേതിനായങ്ങുഗമിക്കും
കുന്തീ! കുന്തീ! യെന്നുനിശായാം
ഹന്ത! കിനാവിൽ വിളിച്ചീടുന്നു
എന്തെന്നതുഞാൻചെവിപാത്തപ്പോൾ
എന്തൊരുപുതുമകൾ പറയാവല്ലേ
എല്ലാംകൊണ്ടും പോകേയാവൂ
അല്ലാഞ്ഞാലമരേശൻ മരണം
വല്ലാതേപ്രാപിക്കും നമ്മിൽ-
ക്കെല്ലാക്കും സങ്കടമുണ്ടാമേ,
പണ്ടുണ്ടോ ഇന്ദ്രന്മാക്കാക്കാ-
നങ്ങിളയിൽകാമിനിമാരാരാ
രുണ്ടായിട്ടതുമിണ്ടെങ്കണ്ടാ ചില
ശങ്കകളുണ്ടാമതുകൊണ്ടിവിടെ
ഇങ്ങിനെശചിയുരചെയ്തതുകേട്ടി-
ട്ടിന്ദ്രനുമവരോടരുളിച്ചെയ്തു
ഇന്നിതുനിങ്ങടംക്കെല്ലാപേക്കും
ചെന്നതിനിക്കും ചെന്നെന്നാറിക,
എന്നാൽപോകുന്നില്ലെന്നപ്പോൾ
ഇന്ദ്രാദികളംപറയുന്നതുകേട്ട
മന്ദസ്മിതമൊടു നാരദമുനിയും
മന്ദേതരമവിടുന്നുനടന്നു;
ഇന്നന്തൊരുകുശൽക്രട്ടേണ്ടുഞാ-
നിന്ദ്രനുമങ്ങനന്തംതങ്ങളിലൊരു
ശങ്കകുറഞ്ഞൊന്നുണ്ടാവാനൊരു
സംഗതിയുണ്ടാമോ എന്നിങ്ങനെ
ചിന്തപൊറാഞ്ഞുടനേ നാരദനും
കുന്തീസുതരെക്കാണ്മതിനായി
ന്ദസ്തിനപുരമതിലസ്സായാസം
യുദ്ധാകുശലമതിചെന്നാനപ്പോൾ;
കൊക്കരിവീണയുമക്കരതാരിൽ
ശ്രീകൃഷ്ണമലോഹരിപാദസ്മൃതിയും

തെക്കുവടക്കിടയിടനോക്കുകയും
കൊക്കുകണക്കുഗളംനീട്ടുകയും
മൌക്തികമണിനിഭദന്തപ്രഭയും
മുക്തസ്ഫടികശരീരപ്രഭയും
അക്കാരോജിതമായികിരീടേ
ബിംബേരുതകമണിയുടെ പ്രഭയും
തിക്കിത്തള്ളിയടുത്തുവരുന്നതു
ശിവശിവകുതുകം പറയാവല്ലേ;
ഏണാങ്കാനന്വയജാതന്മാരും
വീണാപാണിയെയിങ്ങിനെകണ്ടു
വീണാദരവിൽക്കുപ്പിനിവന്നു
പേണിപ്പയസാകാൽ കഴുകിച്ചു;
പ്രീണിച്ചുതത്തീർത്ഥപുമാടി
അർഘ്യാദികളാമുപചാരത്താൽ
അക്കാത്മജസുതനാദരവോടെ
അക്കമലോൽഭവസുതനെപ്പൂജി-
ച്ചുംകൃപയോടരുൾ ചെയ്തീവണ്ണം
ഇന്ദീവരസുന്ദരനയനകഥാ
നന്ദാമൃതപാനാനന്ദാത്മൻ
വന്ദേ തവ ചരണാംബുജയുഗളം
വന്ദാരോമ്മന്ദാര! മുനീന്ദ്ര!
എന്തിപ്പോളിവിടേ നിന്തിരുവടി
ചെന്താർമലരടികൊണ്ടിഹ ഞങ്ങടെ
മന്ദിരമൊക്കെയലംകൃതമാക്കിയ-
തന്തമ്മോദാലരുളീടേണം;
സപ്താവനിപാതാളങ്ങളിലെ-
ന്തിക്കാലത്തൊരു പുതുമകളുള്ള;
നിഷ്കൈതവമരുളീടുകിൽഞങ്ങൾ-
ക്കാഗ്രഹമേറീടുന്നതു കേൾപ്പാൻ
ധർമ്മജനുടെ ഗിരമേവ്വം കേട്ട
നിർമ്മലമാനസനാകിയ മുനിയും
അമ്മഹീപാലകബാലകമൌലിനി
ചെമ്മേതൻകൈവച്ചരുൾ:ചെയ്തു
സപ്തപ്തസ്ഥയുഷ്മാകം സുഖസം-
സിദ്ധിർഭവേദ ധരേന്ദ്രം സരസം
ഞാനുഗ്രഹിച്ചുവരെ മുനിപ്രവരനിതഥം
കേളുക്കിഞ്ഞടാമുടി ചെറുപുഞ്ചിരിപൂണ്ടു
ജ്ഞാനത്തമപ്രിയുക്തം വചിച്ചു നൃപനൊട്ടു
നിനച്ചു ദേവാദികളുറച്ചുകായ്മെല്ലാം.

Digitized By Kerala Sahitya Akademi

ഇന്ദുവംശാങ്കുരന്മാരേ ഇന്ന ഞാൻവൈകുണ്ഠേ
നിന്നു വേഗാലമരേന്ദ്രസന്നിധിയിൽ വന്നു
സുന്ദരിമാരോടുമുമ്പർനായകൻതന്റെ
മന്ദിരനികടേയാടിക്കൂടിയിരിക്കുമ്പോൾ
ആസ്ഥാവുംപത്രികയുമായ് ഗോപ്രഭിത്തിൻറങ്കേ
മാത്രയും താമസിക്കാതെ വന്നിരുന്നനേരം
വൃത്രവൈരിതാനതെടുത്താദരവോടെന്റെ
ഹസ്തേ തൻ ഞാനതു വായിച്ചുറിയിച്ചാരേ
സത്രഭുക്കുകളുമായിത്തന്നനിരൂപിച്ചു
ഇപ്പടയ്ക്കുമ്പായ്യരികയില്ലെന്നറിവു;
ഇപ്പടിധരിച്ചുവിടന്നപ്പോഴേ പുറപ്പെ-
ട്ടിപ്പുരിയിൽ വന്നു വിരയപ്പുറവതിന്നായ്
ഓലയെഴുതിയയച്ചുകാരിയത്തിന്നിന്ദ്രൻ
നാളെ വരുമെന്നു ഭാവിച്ചുങ്ങിരിക്കവേണ്ട
ആളുമമ്പും കണ്ടു പേടിക്കേണ്ടവനല്ലിന്ദ്രൻ
പ്രീളയാമക്കുറിയിലെ വാചകങ്ങൾ കേട്ടു
ഇത്ഥമോരോഭർത്സനവും കൃത്സയായഗീരും
സുത്രാമാവും കൂടിക്കൊണ്ടിട്ടത്രിദശന്മാരും
വത്സനെന്നഗീരുകേട്ടു മത്സരിച്ചിന്ദ്രാണി
കുത്സയുരചെയ്തതൊന്നും ഹന്തപറയാമോ!
ആയവസ്ഥകണ്ടും കേട്ടും ഞാനുമതിൽക്കൂടി
ആയബുദ്ധന്മാർ പറഞ്ഞതാകവേ ധരിച്ചു
ആയവസ്ഥനിങ്ങളോടു ബോധിപ്പിപ്പാനായി
മായാഹീനം ഞാനിവിടെ വന്നതു നരേന്ദ്ര!
ആയതിനെന്തിനിവേണ്ടു എന്നു നിരൂപിച്ചു-
ട്ടായുധപാണികൾ നിങ്ങളെവരുമുറയ്ക്കു.

നാരദഗിരമതുകേട്ടദശായാം
നലമൊടു ധർമ്മാത്മജനരചെയ്തു
ഞാനൊരു പന്നീരബ്ദേക്കിന്ദ്രനെ
നലമൊടു സേവിച്ചീടുന്നാകിൽ
നഹിസംശയമിവിടേക്കു വരുത്തി
ഞാനീകർമ്മം സാധിക്കുന്നോൻ
ഇത്ഥം ധർമ്മജഗീരുകൾ കേട്ടതി
ബദ്ധരോഷോപം മാരുതതനയൻ
ക്രുദ്ധിച്ചുബ്ധിയിൽ വരുമൂർമ്മികളെ
സ്തംഭിച്ചുദ്ധാലജ്ജിപ്പിക്കും
ക്രുദ്ധിതഭാവം കാട്ടി ദൃഷ്ടികൾ
വട്ടത്തിൽ മുറിച്ചുരുൾ ചെയ്തു

മത്തേഭത്തേലവന്മാർ തങ്ങടെ
മസ്തകമസ്ഥായാസമടിച്ചു
ഭിത്ത്വാരക്തം പാനം ചെയ്തുതി
ക്രുദ്ധിച്ചുലവം കേസരി തന്നുടെ
മസ്തകപാടനപടുവാം മൽഗദ
ഹസ്തേധൃത്വാ ഞാൻ സുരലോകേ
ഗത്വാതത്രസ്ഥാമമരാവതി
സുത്രാമ്ണാവൈരാവതസഹിതം
ഹത്വാത്രാനേതും ശക്തോഹം
തത്രഗമിപ്പതുമാത്രമസാദ്ധ്യം
എന്നെയെടുത്താരാനും വാസവ-
വാസേ വെച്ചുചു എന്നാകിൽ
ഇന്ദ്രൻ തന്നെക്കൊണ്ടിക്കാഴ്ച്ചം
ഇന്നേദ്ദിവസംസാധിക്കും ഞാൻ
താതകമാരുതനന്ദനഗീരുക-
ളന്തസ്സാരവിഹീനമിവണ്ണം
കൗന്തേയൻ വിജയൻ കേട്ടടനേ
താതസ്സാരസമേതൻ ചൊന്നാൻ.

ക്ഷമിക്കുകുറഞ്ഞോന്നു വരുത്തുനൊണ്ടിന്ദ്ര-
ഒരിക്കലിനിച്ചൊന്ന പാകനാരദനും [നെ
ചതുർദ്ദന്തിയേയും കൊണ്ടിവിടെ വന്നിക്രിയ
തരത്തിൽ കഴിപ്പിക്കതരമെന്നറിഞ്ഞാലും
കരുത്തനാകുമെന്റെ ഉരത്തബാണംകൊണ്ടു
കരുത്തുകേട്ടനന്നായ് വരുത്തുമമരരേ
കനക്കേടുകൾ വരും മരുത്വാനതുനേരം
ഇനിക്കൊണ്ടപമാനം കനക്കെയതുകൊണ്ടു്.

തന്നത്താനറിയാതൊരുദ്ധംഭകൾ
നന്നല്ലെന്നു പറഞ്ഞുച്ചാലും!
തന്നത്താനറിയാഞ്ഞാലുടനെ
പിന്നെത്താനറിയും പുനരെന്നും
ഇന്നത്തേതും മുന്നത്തേതും
പിന്നത്തേതും ചിന്തിക്കേണം;
ഇന്നത്തേ ദിവസം തന്നെ ചെ-
ന്നിന്ദ്രനൊടിങ്ങനെ ബോധിപ്പിക്ക;
എന്നങ്ങനനരചെയ്തതു കേട്ടു
മന്ദസ്മിതമൊട്ടു നാരദമുനിയും
മന്ദേതരമാശിസ്സും ചൊല്ലി
മംഗലധാമാവരുളിച്ചെയ്തു;



Digitized By Kerala Sahitya Akademi

ഇന്നീവണ്ണം ചെന്നു പറഞ്ഞാ-
ലിന്ദ്രൻ ബഹുമാനിച്ചീവതെങ്കിൽ
വന്നീടുവനഹമിന്നേ തന്നപ-
മാന്യതയാകിലിതന്യേ തന്നെ,
എന്നു പറഞ്ഞമരാലയഗതനായ
ഇന്ദീവരസുതസുതനാം മുനിയും
ഒന്നൊഴിയാതമരേന്ദ്രനെയുണ്ണുന
സന്ദേശങ്ങളുണർത്തിച്ചുരുളി.
ഒന്നും മിണ്ടീലാവാസവനും
നിന്നു കറഞ്ഞൊന്നുഖിടെ മുനീന്ദ്രൻ,
അക്കഥ ഞാവിടെ ഇരിക്കട്ടേ പുന-
രുണ്ണുന്നദ്ദിനമിംഗിതമോടും
നിർജ്ജരനിശ്ചയമറിയണമെന്നതി
നിശ്ചലനായി വസിച്ചു ഗഭീരൻ;
പിറെന്നാളെതിരേഫല്ഗുനനും
തെറ്റെന്നഥ നിയമങ്ങളും കഴിച്ചു
ഉറച്ചമതായൊരു വില്ലുകുലച്ചുഥ
കാറിൻ ജവജിതബാണവരങ്ങളെ
മുറുകെത്തെളികടയിച്ചു വെള്ളപ്പി-
ച്ചുറപ്പുകൂടാതുള്ളൊരുപവഴിയിൽ
ഒറ്റാൽ കുത്തും പോലേ തന്നേ
ചുറ്റും കുത്തിനിറുത്തി കിരീടി;
വെറ്റിയൊടേ തലകോത്തുവലിച്ചുഥ
ചുറ്റിക്കെട്ടി മുറുക്കിതദാനീം
നെറ്റിപ്പട്ടം പൊൻതകടാലൊരു
കുറപ്പുകൂടാതുള്ളതു കെട്ടി;
മാറും പട്ടകളും തോൽമെത്തകളും
മംഗലധാമാഭംഗീകൃതപാ
തെറ്റെന്നഥ ചെറുഞാണൊലിയിട്ടട-
ന്നൊറ്റക്കൊമ്പന്നായിക്കൊണ്ടു
ബാണവരം ചെവികഴിയെ വലിച്ചു
പിന്നെയൊരസ്ത്രം ഭൂമിയിലെയ്തു
ഗുരുഭ്രാതന്മാരെയുമപിതന്നുടെ
ഭരദേവതമാരെയുമപി ചിന്തി-
ച്ചുരുതരശൌര്യപ്രകടിതധാമാ
വരശരനിരസുരവരലോകത്തിൽ
തെരുതെരെയങ്ങനെ വർഷിക്കുന്നതു
കരിമുകിൽ നിരചെരു വരിഷംപോലെ;
അസ്ത്രൌഘമദഭ്രംക്ഷിപ്രം
ശത്രുപ്രായോജന്യാഥാഭൂമൌ
വർഷതിവജ്രധരനി വിഭ്രമമൊടു
തൽപ്രതിമാജ്ഞനസിംഹധ്വനിഭിഃ
ക്ഷിപ്രംബ്രഹ്മാണ്ഡങ്ങളുമിളകി,
അഭ്രമുവല്ലനേരംഭ്രമമുൾക്കൊ-
ണ്ടഭ്രതലേ പരവശനായുണ്ടി;
നിഷ്ഠുരതരചെറുഞാണൊലികൊണ്ടു
നിർഭരകുതുകംഘുമുഘുമുനിനദം
കിമിദമിതിസ്മൃതി ചേന്മരകളും
സമരകുതൂഹലിനാരദമുനിയും
ഭീമൊട്ടുകീഴ്പെട്ടഥനോക്കുമ്പോൾ
ഭീമശരാവലി വന്നു തുടങ്ങി,
അമരാധിപനും നാടകശാലയി-
ലമിതാഭോഗമിരുന്നീടുമ്പോൾ
ധിമിനെനോരോപത്രികളാലേ
സദനസ്തംഭക്ഷോഭം കൊണ്ടു.

കടച്ചിത്തുണാകൾക്കു കടുക്കെന്നാനുകൊണ്ടു
നടുക്കംപൂണ്ടുപാരം നടുക്കമായിന്ദ്രനും
കടക്കങ്ങകത്തോട്ടു ഓടയ്ക്കുവാതിലൊക്കെ
മിടുക്കന്മാരെങ്ങുപോയ്ത്തുടുക്കുമയെന്നു
മിടുക്കുള്ളവരോടീയവസ്ഥമുന്നേചൊന്നോൻ
തടുക്കാമെങ്കിലന്നുതടുപ്പിൻ കയ്യന്മാരേ!
ഒടുക്കമിതുവരും നമുക്കെന്നതു ഞാന-
ന്നരച്ചതന്നുചെമ്മേ നിരസിച്ചിതുമിവർ
മടക്കിവാക്കാലെന്നൊത്തടസ്സം ചെയ്തുകൊണ്ടു
മുടിക്കുമിപ്പോഴെന്റെ മിടുക്കനായമകൻ
അടക്കമമരരെ അതിനുകില്ലില്ലേതും
ഇതിത്രിദശരോടേവചിച്ചീടുന്നനേരം
പത്രീപതികയാലടച്ചു കതകുകൾ
അമരന്മാക്കെല്ലാക്കും ശരനിര
ധിമിധിമിനെന്നിടകൊണ്ടു തുടങ്ങീ
വരുണാസ്ത്രം ചെന്നഗ്നിക്കേറവു
പരവശനായതുകൊണ്ടു ജ്വലനൻ
പൊരുപൊരയങ്ങുപൊരിഞ്ഞഥമങ്ങി
പരവശനായഥ പാഞ്ഞു നടന്നു.
അന്തകനുടെ ദംഷ്ട്രത്തിനുകൊണ്ടു
ഹന്തപിശാചകബാണംതരസാ

Digitized By Kerala Sahitya Akademi

എന്തൊരുകുതുകം ചുണ്ടു ചതഞ്ഞു
സന്താപത്തൊട്ടു ചോരയൊലിച്ചു
നീലമഹാമലയുടെ മുകളീന്നാഥ
കോലാഹലമൊട്ടു മരുവിവരുംപടി.
കോലവുമങ്ങു നിണാംബുവിൽ മുഴുകി
ച്ചാലോലത്തൊട്ടമണ്ടി നടന്നു;
വഡ്ഢിക്കുടവയറച്ചാരാകിയ
വൈശ്രവണന്നൊരു ചെണ്ടുപിണഞ്ഞു
ചട്ടറ്റൊരു മൂടിയും കടകാംഗുലി
പെട്ടക്കെവളവട്ടപ്പാവും
വെട്ടുമിടിപ്രഭപോൽ വിലസുന്നൊരു
പട്ടടഞാണുകളൊക്കെയുമറവു
നെട്ടിപ്പേപോൽ നഗ്നനതായി
വഡ്ഢീം തുള്ളിച്ചോടുന്നേരം
എട്ടൊമ്പതുബാണം ധനദന്റെ
വഡ്ഢിക്കിട്ടഥഭിണ്ഡനങ്ങിനെ
മിട്ടേൽക്കൊണ്ടുതുടങ്ങികുബേരൻ
മുട്ടംകുത്തിനടന്നുതുടങ്ങി
ഉവ്ശ്യാദികളായീട്ടന്നൊരു
പാവ്ണശശിമുഖിമാക്കുപിണഞ്ഞൊരു
ദുവ്വിഷമങ്ങളുരയ്ക്കാവല്ലുതു
ദുവ്വാക്കായ്വരുമെന്നൊരുശങ്കാ
അസ്ത്രംകൊണ്ടഥ വസ്ത്രംപോയി
വിശ്രുതരാകിന ദേവസ്ത്രീകളം
ഥസ്ത്രംകൊണ്ടവർ മദ്ധ്യംപൊത്തി
പേത്തുംപരവശരായ്മണ്ടുമ്പോളം
പാത്ഥശിലീമുഖമേകംചെന്നവ-
ളസ്ത്രാംഗുലിയുടെയുടയിൽക്കുടെ
പൃത്ഥ്വീമണ്ഡലമതിനുടെതാഴെ
ത്തസ്ത്രംകൊണ്ടുപതിഞ്ഞഥനിന്നു
ബാണംകൊണ്ടുതറച്ചിട്ടേതും
പേണിസുക്ഷിച്ചാൽ മുറിവില്ലാ;
പ്രാണത്രാണപരായണമാരാം
ദേവസ്ത്രീജനമിങ്ങനെയോരോ
ഭാവക്കേടുകളംകാട്ടിയതോരോ-
ന്നേതുമിനിക്കോ പറയാവല്ലേ.
കുംഭീശ്വരകുംഭസ്തനിയാകിയ
രംഭയ്ക്കേറിയൊരമളിപിണഞ്ഞു;

കുംഭീശ്വരകരഡംഭപ്രതിമസു-
സംഭോഗോരുഗഭീരനിതംബാ
ഡംബരസംവൃതഭാരംകൊണ്ടും
കുംഭസ്തനയുഗളങ്ങളുതങ്ങടെ
സംഭാരങ്ങടെ ഭാരംകൊണ്ടും
കമ്പപ്പെട്ടവിറച്ചുവിറച്ചുവാം
കുംഭീശ്വരഗമനാപായുമ്പോളം
ക്ലേത്തല്ലിക്കവിണിട്ടടനേ
പല്ലവതുല്യാംഗിവീണപ്പോളം
പല്ലൊന്നുംപോയില്ലവംതന്നുടെ
പല്ലവതുല്യാധരമതസാരം
എല്ലാവരെയും ചുംബിച്ചിട്ടവം
പൊല്ലാതുള്ളതഴമ്പുകളപ്പോളം
നല്ലതുപല്ലിനുനംകിയമൂലം
മെല്ലേമാനിച്ചുപല്ലതിനെ
എന്നുപമിക്കാമവംവീണപ്പോളം
തന്നുടെപല്ലുകിറിക്കിണകണ്ടാൽ;
തുമ്പികളെക്കണ്ടൊരുകുംഭികളഥ
കമ്പംപൂണ്ടോടുന്നതുപോലെ
കുംഭസ്തനികളുമായോരോവഴി
ങ്ങുംബരചാരികളോടിനടന്നു
ശലഭംപായുംപോലെയുമപ്പോൾ
ശരതതികൊണ്ടുവിരണ്ടോടുകയും
ശശവൽച്ചാടുകകാചനയോടുക
ശശിമുഖിമാരെത്തേടുകകൂടുക
കുശഗാത്രികളെയെടുത്തോടുകയും
പിശുനന്മാരിട്ടേച്ചോടുകയും
ആകെവിരണ്ടും മാലുപിരണ്ടും
ശോകംപൂണ്ടും മാനസകുണ്ഠിത
ബാണംകൊണ്ടും നാണംപൂണ്ടു
വീണുമുരുണ്ടും കേണുവിരണ്ടും
ഗ്രഹകർമ്മകണ്ടുകൊലുവതുകൊണ്ടു
ഒന്നുംരണ്ടുമൊരോഗ്രഹതന്നിൽ
നിന്നുംകണ്ടുമിരുന്നുമൊളിച്ചും
വിബുധാംഗനമാർ വിബുധന്മാരും
അമളികർമ്മവിവിധം കാട്ടിയതെല്ലാം
വിവിധമുഖൻഫണിപതിയുരചെയ്കിലു-
മവധിവരാ എന്നല്ലേവേണ്ടു.

Digitized By Kerala Sahitya Akademi

ഉണ്ണിത്തമ്പുരാനുടെഗണ്ഡത്തിലമ്പുചെന്നു
ചിണ്ഡനവിലങ്ങക്കാണ്ടണ്ടർകോനുടെ-
സുതൻ
ഖണ്ഡിതധൈര്യത്തോടേ, വിണ്ണിൽവീണതു
നേരം
ചെണ്ടക്കാറന്മാർചെന്നുതാങ്ങുമ്പോഴവക്കിട്ടു
കൊണ്ടുബാണങ്ങളുകൊണ്ടുക്രുട്ടാക്കാതവർ
ഉമ്പർകോൻസുതനെയുംകൊണ്ടുവന്നിന്ദ്രൻ-
മുമ്പിൽ
ഉണ്ടായസന്താപത്താലണ്ടർകോൻനില്പ്പുനേരം
ഉണ്ടോരോദിക്പാലന്മാർ മണ്ടിമണ്ടിവരുന്നു.

ഞാഗ്ന്യന്തകനിർൃതിവരുണാദികളം
ഗ്നേഹ്യദാനഗന്ധന്മാരായി
മഗ്നാശ്മതഥാസന്താപാബ്ധൌ
മാഹേന്ദ്രാലയഗതരായൊക്കെ
ഏകാദശരുദ്രന്മാരശ്വിനി
ദേവകളഷ്ടവസുക്കളം പിതൃക്കളം
ഖേദാംഭോധൌമുങ്ങിമരുത്തുകളം
ദ്വാദശസൂര്യർ ദേവസ്ത്രീകളം
ദ്വാഗവതന്മാരും സുരമുനികളം
കിന്നരകിംപുരുഷോരഗഗ്രഹ്യക
വിദ്യാധരയക്ഷാദികളെല്ലാം
തന്നുടെകോലംതന്നെത്തന്നിൽ
നന്ന്യോന്യംനോക്കാതെയുമായി
ഒക്കെയധോമുഖരായ്നിന്നിങ്ങനെ
സ്വർഗ്ഗനിവാസികളം ചിന്തതുടങ്ങി
ചിത്രംചിത്രമിതോർത്താലെന്തൊരു
മർത്ത്യനേറദ്ഭുജവിക്രമമയ്യോ!
മർത്ത്യൻതന്നെയുമല്ലൊ പാർത്ഥൻ
മറ്റൊരുടതിനൊരുകുറ്റംബാധിക്ക
കൃത്യംഗുരുവൊടുചോദിച്ചെന്നാൽ
സത്യമിതിന്നൊഴിവുണ്ടാമെന്നും
അമരേശ്വരഗുരുവിൻറെമുൻപി-
ലമംഗലവേഷത്തോടേചൊൽവാൻ
ഭയമേതാനൊണ്ടാ എന്നും ചിലർ
ഭയമില്ലങ്ങിനെതന്നേവേണം
എന്നുപറഞ്ഞമരന്മാർഗീഷ്പതി
തന്നെവരുത്തിയിരിന്നുടെ ഒഴിവുകളം
ഒന്നൊഴിയാതേ ചോദിച്ചുപ്പോളം
ഇന്ദ്രാദികളോടരുളീഗുരുവും.

ആങ്ങുസുരന്മാരേ! കേട്ടാലും
ഭംഗിയൊടച്യുതനുടെചരിതങ്ങളം
ഗംഗാധരസേവിതചരണൻഹരി
സംഗാസംഗൻ സ്കന്ദാധീശൻ
തുംഗസഹസ്രകവചനിശാചര
ഭംഗംകുറ്റുംതിരുമെനടവേ
ഭംഗിയൊടേരണ്ടായിവിഭജി-
ച്ചിംഗിതമൊരുപോലെരണ്ടംശം
നരനെന്നും നാരായണനെന്നും
പരബോധത്തെവരുത്തിക്കൊണ്ടുട-
നരിയനിശാചരനെക്കൊലചെയ്തിതു
നരനാകുന്നതുഫല്ഗുനനെന്നറി
നരനെന്നാലവനാരാകുന്നതു
പരമാത്മംബോധിപ്പിച്ചീടാം.
വാമാംഗംവിഷ്ണുദക്ഷിണമാ-
മംഗംശങ്കരനെന്നുംകേൾപ്പൂ
സോമാങ്കൻശങ്കരനാകുന്നതു
കാമ്യാംഗംദക്ഷിണമാംഭാഗം
ആയംശന്തനേയാകുന്നതു
വീയ്പുമാനാംഫല്ഗുനനെന്നറി
കൃഷ്ണൻ ശ്രീനാരായണനെന്നു
പ്രത്യേകംപറയേണ്ടായല്ലോ
വർണ്ണംകൊണ്ടും ചിന്തിച്ചാലീ
വർണ്ണംതന്നേഎന്നുമറിക്കാം;
ശുദ്ധസ്ഫടികവിരാജിതഗാത്രൻ
മുക്തശശാങ്കവിരാജിതമൌലീ
ഇത്തൈലോക്യങ്ങൾക്കും കർത്താ
ഇത്രിദശന്മാർകൾക്കും കർത്താ
ശത്രുജനാനാംപേർത്തും കർത്താ
സത്രഭുജാമുപചാരംകർത്തും
അസ്മ്യസ്യാഗ്നേർമ്മുഖമാകാരം
വൃഷ്ണികുലേശ്രീകൃഷ്ണനതായി
ഉഷ്ണേതരകരകുലേജിഷ്ണുതാവു-
മുത്തമുകുന്ദാംശംതാൻ വിജയൻ
തസ്യശരങ്ങൾനിരോദ്ധും ലോകേ
കോസ്ത്രി! വേന്നോപ്യഭയംഭ്രത?
പോരിമയുള്ളജനങ്ങൾമറുത്താൽ
പോരായുകൾവന്നീടുംമുൻപേ

Digitized By Kerala Sahitya Akademi

ചേരുകതന്നേ ന്യായമുള്ളതു
മാനവവിരോധം വാനവവരരേ,
മാനവനെന്നൊരുനിന്ദ്യബലാലിനു
മാനവിരോധത്തിന്നൊരുവഴിയായ്
ആമാനെന്നു പറഞ്ഞവരെല്ലാം
ഊമൻമൂളിടുന്നതുപോലെ
ഭീമശരാവലികണ്ടുടയപ്പെ
ട്ടാമയമോടഥ മണ്ടിനടന്നു;
ഇണ്ടൽനമുക്കുണ്ടായതുതീപ്പാൻ
വേണ്ടുന്നതുപറയാം കേട്ടാലും
ചെണ്ടക്കാരന്മാരേ! ഇനിയും
മണ്ടിപ്പിൻ! നാരദനെഭ്രമൌ
വേണ്ടുംവണ്ണംകല്പിച്ചെന്നതു
കണ്ടുപറഞ്ഞേയനുകൂലംനിൽപ്പു;
കൊണ്ടതിലാക്കാനൊണ്ടോമുറിവി-
ക്കണ്ടമരന്മാക്കൊന്നതുപറവാൻ
രണ്ടുകരത്തിലുമുള്ളൊരുമുടുവുകൾ
ചങ്ങലകിങ്ങിണിമണിമാലകളും
കുണ്ഡലകവചകിരീടാദികളും
ഖണ്ഡിച്ചൊക്കെശ്ശരനിരകൊണ്ടു
മണ്ഡനഹീനതവന്നതുമോർത്താൽ
കണ്ണേജപവരരേ! അറിയേണ്ടേ?
കൊല്ലണമെങ്കിൽകൊൽവാനവനൊരു
തെല്ലുംവേലയുമില്ലെന്നറിവിൻ!
വില്ലാളികൾബഹുമാനിക്കട്ടീ
വില്ലിൻറവൈദഗ്ധ്യംകണ്ടാൽ
ഭൂമിയിൽനിന്നുപ്രയോഗിച്ചതുകൊ-
ണ്ടാമയമെത്രലഭിച്ചുനമുക്ക്
ഭീമസഹോദരബാഹുബലൈരതി
ഭീമതിശാലികളായെല്ലാരും.
എന്തിനുവളരെപ്പറയുന്നിങ്ങിനെ
കുന്തീസുതസന്ദേശംകൃത്യം
ഇന്ദ്രാദികളേ! കോപ്പുകളുമുതിരുക
ചെന്നീടുകമുന്നേനാരദനെ-
ന്നന്നാഗ്രഹവശംചെയ്തതുകേട്ടും
നിന്നമഹാമുനിനാരദനരുളീ
മുന്നേതന്നേഞാനവയെല്ലാം
ചൊന്നതുബഹുമാനിച്ചതുമില്ലാ
ഓടേണ്ടുന്നവനോടാം നിങ്ങളു-
ടോടാതേകണ്ടിശ്ശിയിരിപ്പിൻ!
മേടുകളിനിയുണ്ടാകരുതെന്നവ-
നോടുപറഞ്ഞുശമിപ്പിപ്പൻ ഞാൻ
ഓടുകദേവാദികളും പുറകേ
മാടുകണക്കെല്ലാരുംക്രൂടി
പേടകപെട്ടിയുറന്നജവത്തോ-
ടാടകളാഭരണാദികളെല്ലാം
ക്രൂടെയണിഞ്ഞതിമോടികലർന്നി-
ട്ടാദരവായ്വന്നാലും നിങ്ങൾ;
നാരദഗിരമീവണ്ണംകേട്ടു
ന്യായവാനായബ്രഹ്മസുതൻചൊന്നാൻ
താനിനിവാസ്തിനപുരിയിൽചെന്നാൽ
ആനന്ദാശികൾചെയ്തവനോടേ
ഞാനരചെയ്തീടുംപടിപറകയു
മൂനംക്രൂടാതേ കേട്ടാലും!
ആനകൾ സേനകൾമാനിനിമാരും
ജ്ഞാനികളാകിയ മാമുനിമാരും
വാനവരെല്ലാവരെയും ക്രൂട്ടി
വാനവർകോനീവാനിൽക്രൂടെ
ദീനം തന്നേ വരുവാനെന്നതു
താനവനോടു പറഞ്ഞീടേണം;
ഇത്ഥം ഗീഷ്പതിവാക്കുകൾ കേട്ടി-
ട്ടത്യാദരനാം നാരദമുനിയും
പൃത്ഥ്വീതലമതിലാഗതനായി
പാർത്ഥനൊടിങ്ങനെയരുളിച്ചെയ്തു:—
ആരുതരുതമ്പുകളെയ്തീടരുതി-
ന്നമരാലയമതിലമളികൾ പലതും
ആമരാധിപനും ത്രിദശന്മാരും
ഭ്രമമൊടു യാത്രമുതിന്നിട്ടുണ്ടു.
ആവർകൾക്കൊരു വഴിവരുവാനില്ലാ-
ഞ്ഞവിടെത്തന്നെ പാർത്തീടുന്നു
ആതിനേതാനും കുശലുണ്ടെങ്കിൽ
ത്രിദശന്മാരിഹ വന്നെന്നറിക
മതിമാനാകിയ പാർത്ഥനുമപ്പോ-
ളിതിനാരദഗിരമൻപിൽകേട്ടു
ചതുരൻ ശരത്തിനൊണ്ടോരായത
സുഖകരസോപാനങ്ങൾ ചമച്ചു

Digitized By Kerala Sahitya Akademi

സുരലോകത്തൊളമുവ്വിന്നങ്ങിനെ
സുരുചിരമെന്നേ പറവാനുള്ളൂ.

അനുകൊണ്ടു നടകെട്ടീടുമ്പർകുലമുമ്പൻ
തുംബുരുപ്രമുഖന്മാരുമൻപിനോടുക്രുടി
തുംബുരുമുരളികൊന്നും ഉമ്പികരതാളം
തമ്മിട്ടമുട്ടക്കിടയ്ക്കുതപ്പുതകിൽ ചിഹ്നം
മത്തളം പടഹം താളം തിത്തിയും മിഴാവും
ഒത്തുക്രുടി മേളമിട്ടുകൊട്ടുകയുമേവം
കേട്ടനേരമമരന്മാർ പുഷ്പകൌതുകത്തോ-
ടൊട്ടൊഴിയാതെ അമരപട്ടണത്തിൽ വന്നു
ചട്ടമോരോന്നേയൊങ്ങിയാനുമുതിരുന്ന
അച്ചുവസുക്കളുമന്നക്കെട്ടമെട്ടുപ്പിച്ചു
പ്രാഡ്വിവാകന്മാരെപ്പോലെനിന്നിതോരോപാ
ശാചിനിദേവകൾകളങ്ങളുമെടുപ്പി- [ട്ടിൽ
ച്ചുവേഗത്തോടുമിന്ദ്രൻ പാശ്വത്തുവിവന്നു
ദ്വാദശഭാസ്കരരരിരുദ്രഗണം കറിവക
ജാതവേദസ്സെടുപ്പിച്ചു ഹോമപാത്രാദികളെല്ലാം
ഇന്ധനക്കെട്ടുകളെല്ലാമന്തകഭേദന്മാർ ചുമ്മി-
ഭിന്ദനംചെയ്തതിനോരോകോടാലിയുംതോളിൽ
മേൽവച്ചു
അന്ത്യഗ്രായുസ്സിനെ വന്നു ദുഷ്ടികളുന്തിച്ചുധികം
സിംഹനാദദ്ധ്വനിപോലെ ഗർജ്ജനവും ചെയ്തു
കൊണ്ടു
ഹുംകൃതികലർത്തും യമകിംകരസംഘങ്ങളുംവന്നു
ശങ്കരാനുഗാമികളാം ഭൂതവൃന്ദങ്ങളുമപ്പോൾ
പൊൻകലശശരാവങ്ങളുംവൻ ചരക്കുകമണ്ഡലു
പഞ്ജരാദികളിലൊക്കെ മഞ്ഞളവിഭവത്തോടേ
കുഞ്ജരത്തെക്കൊണ്ടു വന്നു കുഞ്ജരപാലകന്മാരു-
മഞ്ജസാകുഞ്ജരേപരിന്ദ്രനുമമന്ത്രുളി
പൊന്നുകൊണ്ടു ചമച്ചേറുമുന്നതമാകിയതേ-
രിൽ
കിന്നരേശനും കരേറിത്തന്നുടെ പദവിയോടേ
എന്നുടെപൌരുഷത്തെയിമ്മന്നിടത്തിൽകാട്ട
ണമെ-
ന്നന്നിയൊരോചാരണക്കുട്ടന്മാരെയകമ്പടിയും
പൊന്നുമാണ്ടേചലമാലപൊന്നിന്മൊട്ടുള്ളവാള
കും
മിന്നുമിടിപോലെമിന്നുംപൊന്നിന്മടിമകുടവും
കുണ്ഡലമണ്ഡിതഗണ്ഡമണ്ഡലമണ്ഡിതനായി
ചണ്ഡബാഹുതുന്ദിലതടം എന്തൊരു പുരുമക-
ണ്ടാൽ

ക്ഷീരമാജ്യം ദധികളും പാരമായ ചാറകളിൽ
ചാരുതരമെട്ടുപ്പിച്ചു ദേവർകോനകമ്പടിയായ്
ശക്കരപഞ്ചതാരയും പ്പപ്പടം പഴക്കുലയും
ഒക്കെയോരോതരുവഴിമിക്കതും ചുമന്നിട്ടൊണ്ടു
പെട്ടകങ്ങൾപെട്ടിചെപ്പുംഒട്ടഭണ്ഡാരക്കെട്ടുകൾ
കൊട്ടവട്ടിചട്ടകങ്ങൾ വട്ടുരുളിതരംവക
കെട്ടുകെട്ടായുരുക്കിയിട്ടുള്ള പൊന്നങ്ങോരോവക
കെട്ടിയായ്സ്സാളങ്ങൾനീട്ടിയിട്ടുകിടന്നപൊന്തുകൾ
എട്ടുപത്തൊട്ടകത്തിന്റെ ചുഷ്ടുഭാഗത്തിട്ടും
കൊണ്ടു
ധൃഷ്ടരായഗ്രഹ്യകന്മാരൊട്ടൊഴിയാതെ വന്നപ്പോ
ചിക്കനെയസ്സുരാദികാന്തനോടുക്രുടിവന്ന [ൾ
ശക്രനുടെ പുരോട്ടവിനിസ്ക്രുതരായതിമോദാൽ
ഉർവ്വശിയാദിയായുള്ള സർവ്വനാരിമാരുമായി
ആടുകയും പാടുകയും പാടവം കാട്ടീടുകയും
മന്ദമന്ദമങ്ങു നടന്നീടുകയും കിന്നരന്മാർ
തുംബുരുവും നാരദനും തുംബുരുവായിച്ചുകൊണ്ടു
ഉമ്പർകോനേറുമുമ്പിൽക്രുടിസ്സംഭ്രമിയാതെ
നടന്നു
വിശ്വകർമ്മാവപ്പോൾവന്നൊരശ്വമേറീട്ടതരസാ
വിശ്വദേവപിതുക്കളുംപാണ്ഡുവാകുംനരേന്ദ്രനും
ഒക്കെയൊരുമിച്ചു ദേവലോകവാസിജനമെല്ലാം
നിസ്ക്രുതരായതിൻമുമ്പേ വിശ്വകർമ്മാനടകൊണ്ടു
ഹസ്തിനപുരിയിൽ വന്നു പാർത്ഥഗൃഹാംകണേ
നിന്നു
തത്രദേവരാജധാനിഎന്നപോലെനിർമ്മിച്ചുവൻ
ഹാടകനിർമ്മിതനാടകശാലക-
ളോടുനടപ്പുരക്രുത്തമ്പലവും
ഘോടകശാലകളും പാകശാലകളും
വാടവുകളും ചില ചാവടിമാടം
ആട്ടക്കൊട്ടിലരങ്ങറപൂട്ടറ
ഉൂട്ടുപുരാദികളും കിണറും കുളവും
ചാട്ടക്കൊട്ടിലുചിന്തകളും തെരുവുകളും
കോട്ടപ്പടികളും പടിപ്പുരമാളിക
നാട്ടിപ്പൊൻകൊടിമരമതിലൊക്കെ
തുക്കികൊടിക്കുറകളും നിരനിരവേ,
മിന്നുമിനെയങ്ങിനെ തെറ്റീടുന്നൊരു
മുറ്റം കണ്ടാലെന്തൊരുകുതുകം
ഘനകനകത്തറതുളസിത്തറകളു
ഘനപീനസ്തനിമാരുടെ സദനം

Digitized By Kerala Sahitya Akademi

ഘനഖചിതം മണികാന്തികൾംകൊണ്ടു
ദിനകരനുദയംപോലെ ചിലേടം.
ഇത്ഥം പാർത്ഥഗൃഹം കണ്ടാല-
ങ്ങത്രിദശാലയമെന്നകണക്കെ
ചിത്രതരംസൃഷ്ടിച്ചതു പറവാൻ
ബുദ്ധിബലം പോരാനമ്മൾക്കു
സുത്രാമാദികളും ദേവകളും
എത്രയുമാഘോഷിച്ചുതിതരസാ
ഖ്യാടോപം വരുമൊരുകോപ്പുകൾ
വൃത്ഥാധിയിലുള്ള നടങ്ങുകളു
വിസ്മയശാലികളുംപാ. പാർത്തി-
ട്ടിത്തിരിയങ്ങിനെ നിരിക്കുമോരം
തീക്കിടിമിനാൽ കണക്കോരാവക്
സഹ്രശ്രേണികളെക്കാണായി
നാൽക്കാമ്പന്റെ കഴുത്തിൽ കേറി
ശുക്രൻ ചാമരവും വീശിച്ചു
പൊൽക്കുടകൊടിതഴതുമ്പട്ടിമേളം
തിക്കിടക്രൂടിട്ടെന്തൊരുഘോഷം
ഉക്ഷവാഹനമേരിത്തരസാ
ത്രൃക്ഷന്മാരാംരുദ്രന്മാരും
യക്ഷാധിപനും തേരതിലേറി
ശിക്ഷയിൽ വരുമൊരുമേളംകുതുകം
തൽക്ഷണമപ്പോളിക്ഷിതിതന്നിൽ
തൽക്ഷണമെത്തിനിറഞ്ഞു സുരന്മാർ
ധന്മജനാദികളെവരുമായി
സ്സുന്മാനിച്ചുവരെല്ലാവരെയും
ചെന്മേ ഓരോരോഭവനങ്ങളിൽ
വെൺമതിമുഖിമാരെയുമവരാക്കി;
മണിമണ്ഡപമദ്ധ്യേശുക്രനെയും
പ്രണമന്മാരായ്ക്കൊണ്ടയിരുത്തി
പ്രണമനമപ്പൊട്ടു ചെയ്തപ്പോഴേ
പ്രണയത്തോടെ പാണ്ഡുവിനെയുമവർകണ്ടു
പ്രണമനമപ്പൊട്ടുചെയ്തപ്പോഴതി
പ്രണയത്തോടെ നരപാലകനും
ഗുണവാന്മാരെയണച്ചു പുണർന്നു
പ്രണയത്തോടശ്രുക്കൾപൊഴിച്ചു;
കുന്തിയുമൻപൊടുകാന്തം ദൃഷ്ടാ
സന്താപത്തോടുവന്ദിച്ചപ്പോൾ
ഇന്ദ്രാണിയുടെ സവിധേമാദ്രിയെ
സാന്ദ്രാമോദത്തോടേ കണ്ടു
ഇന്ദ്രാണിയെയും മാദ്രിയെയും പ്രിത
കുന്തിയണച്ചാലിംഗനമോടും
നിന്നീടുമ്പോൾ പാണ്ഡുസുതന്മാർ
ചെന്നവരിരുവരെയും കൈക്കുപ്പി
ശചിയും മാദ്രിയുമാമമ്മക്കളെ
വിശദസ്മിതമൊട്ടുപരിരംഭിച്ചു;
കുചകലശങ്ങളിൽ നിന്നു ചുരന്നിതു
വിശദപയസ്സുപ്പോൾ മാദ്രിക്കും
ഇന്ദ്രനമപ്പോൾ മകനെവിളിച്ചു
തന്നുടെയങ്കത്തന്നെയിരുത്തി;
മന്ദസ്മിതമൊട്ടുശിരസിനുകർന്നു
മന്ദതരമിങ്ങനെയരുൾചെയ്തു
"എന്നുണ്ണീ! നിന്നെ വിടയാ ഞാൻ
വന്നവരാൻ വൈകിയമൂലത്താൽ
സന്താപം കൊണ്ടുണ്ടായ്തു നീ
സന്ത്യജ തൽക്കാരണവും പറയാം
നിൻപോരുബാഹുപരാക്രമമറിവാൻ
നിന്നാണയിന്നലെവാരാഞ്ഞു
ഇന്നുപ്രസാദിച്ചിട്ടേ ഞാൻ
വന്നതുമിവിടെസ്സുഭഗാത്മാ!
എന്നാലിനിവൈകികാതേക
ണ്ടൊന്നൊഴിയാതെയയ്ക്കുകൊരോനോ
എന്നമരാധിപനരുളിച്ചെയ്തു
നിന്നൊരുദേവകളോട്ടും തരസാ
വന്നിടുകവാദ്യക്കാരെല്ലാം
നന്നായാഘോഷിപ്പിൻ വിരയേ
ദേവകളൃഷികൾം കളിച്ചുവരട്ടേ
ദേവസ്ത്രീകൾം നടിച്ചുടട്ടെ
ഒട്ടൊഴിയാതുള്ളമരകളെല്ലാ-
മുത്സവഘോഷം കൂട്ടീടട്ടേ
ഭൃഷ്ടന്മാർ ചിലരരിവയ്ക്കട്ടേ!
പട്ടന്മാരെക്കൂട്ടിക്കൊൾവിൻ;
ഒട്ടംവൈകാതേവൈശ്രവണൻ
വട്ടംകൂട്ടുകപഴയരിപകടം
അഷ്ടവസുക്കൾംകറിക്കുന്നുക്കുക
വട്ടികളീന്നരിതട്ടുകദിനകരൻ
കൊട്ടിലിലൊക്കെ തുടുപ്പലോറു
കുട്ടകമാദിചരക്കുകളൊക്കെ

Digitized By Kerala Sahitya Akademi

ഇട്ടീടുകവെള്ളംവൈകാതരി
വട്ടികളിൽക്കുത്തിക്കൊണ്ടരുവിൻ!
അമരാധിപനുടെ കല്പനകേട്ടതി
ശ്രമദന്മാരാം ദേവകദംബം
അകമേനല്ലസഭാവത്തോട്ടം
ശ്രമമോരോന്നവരുറവുതുടങ്ങി;
മൃദുലതരംവാദ്യധ്വാനികേട്ടതി
ശ്രമദമമാനസനാകിയ ഭീഷ്മരും
അമിതമനോഗ്രണനാകിയവിദുരരു-
മമിതപരാക്രമനാകിയ കൃപരും
അമിതാനന്ദം പാണ്ഡവവാസ്സേ
സുമനസ്സുകളായ്നിന്നുതദാനീം
സുമനോജനകരഘടിതസുരദ്രുമ
സുമഗന്ധാദികൾകൊണ്ടവിടത്തിൽ
ക്ഷമയെല്ലാമാഹ്ളാദകമായി
വിസ്മയമെന്നേപറവാനുള്ള
ദേവാദികളാലപ്പുരമെല്ലാം
കേവലമങ്ങുനിറഞ്ഞിടതിങ്ങി
ആമല്ലാക്ഷമകത്തുകടപ്പാൻ
ആഘോഷംകേട്ടീടാംതാനും
ദുരിയോധനനാദികളും മതിൽചുറവും
വിരയപ്പാഞ്ഞുനടന്നുഴലുന്നു
ഒരുവാതില്പ്പും കേറിക്കൂടാ
സുരസംഘങ്ങളുടേമൂലത്താൽ
താപസരാത്തുകളിച്ചൈരാവത
പൂജതുടങ്ങി മഹോത്സവസഹിതം
ഹാടകമാദിപുരങ്ങളിലൊക്കെ
പ്പാടേരത്നക്കല്ലുകൾവച്ചൊരു
കോടിദിവാകരകാന്തിപ്രഭോജിത
കല്പകളായവിളക്കുകൾവച്ചു
നല്ലമുഹൂർത്തത്തോടിഹതന്നെ
മെല്ലെബൃഹസ്പതിപൂജതുടങ്ങീ
ജലഗന്ധാക്ഷതധൂപാദികളാൽ
കലിശായുധനെപ്പൂജിച്ചുടനേ
കൊലയാനത്തലവനെയുംക്രമേ
പുരുഭക്ത്യാപൂജിച്ചുതുടങ്ങി;
അഷ്ടാംഗകസംയുക്തംവിരവൊടു
ചന്ദ്രധ്യാഗന്ധം കളഭവേമിശ്രം
കളഭോദധിപനെക്കളഭംതേപ്പി-
ച്ചൊളിതിരളുംനെറുകിലുപ്പടമിട്ടു
ഗളഭൂഷകിങ്കിണിസംഘംകെട്ടി
ഘണഘണഝണഝണശ്രംഖലശബ്ദം
ശംഖദ്ധ്വനിവാദ്യദ്ധ്വനിഘോഷം
സിംഹദ്ധ്വനിപോലാർപ്പും കുരവകളം
ഭംഗിയൊടുടജയജയശബ്ദദ്ധ്വനി
ഭാഗവതന്മാരേറുഴക്കി
കുംകുമപങ്കാങ്കിതകൊങ്കയർസുര-
മങ്കയർസംഗീതദ്ധ്വനിഘോഷം,
തുംബുരുനാരദർപാടുകഘോഷം;
അംബുജമുഖിമാരാടുകഘോഷം
എട്ടാശാധീശന്മാർതങ്ങടെ
പുഷ്പാടോപത്തോടുംക്രമെ
ക്കെട്ടിച്ചുറവിനടന്നുശ്രമിക്കയു
മെച്ചിയുമായിനടന്നീടുകയും
അച്ചികഴിക്കയുമിടയിടെക്രമെ
തുഷ്ടപ്രാഭ്രമിയിലുള്ളന്തണരും
സൌരഭ്യൈകരദ്രവ്യംകൊണ്ടു
സൌരഭ്യാത്മധൂപിക്കയുമിട-
ഘോഷിക്കയുമുണ്ടോരോഗണ്ഡുക
മർഘ്യാദിക്രമമമരാംഗനകടെ
നൃത്തംഗായകവൈണികരംവഗ്ഗം
നൽത്തനവുംവിബുധൌഘസുഘോഷം
ദിഗ്ഗജവരനാംകുംഭിവരോത്സവം
ദിക്പാലകരുകഴിച്ചീവണ്ണം
ദിവസംമൂന്നുകഴിഞ്ഞിതുപൂജ
യ്ക്കവസാനാർഘ്യം നൽകിനശേഷം
ത്രിദശാധിപനൊരുസിംഹാസനമതി-
ലമിതാഭോഗമിരുന്നുംകൊണ്ടു
ത്രിദശന്മാരോടരുളിച്ചെയ്തു
പണമെല്ലാമെങ്ങു കൊണ്ടരുവിൻ
അപ്പോൾത്രിദശന്മാരെല്ലാരും
മുപ്പുറമാൻപറകെട്ടിയപട്ടക-
ളൊപ്പാരത്തോടഴിച്ചുകുടഞ്ഞതു-
മപ്പോ! വലിയൊരുകുലമലപോലെ
അപ്പോഴ്ധ്യാനദൻകൊണ്ടന്നൊരു
കട്ടിപ്പൊന്നുകളരികേക്രമെ

Digitized By Kerala Sahitya Akademi

പെട്ടികളിന്നകൂടഞ്ഞിട്ടപ്പോ-
ളൊട്ടല്ലുതുമൊരുകുറവമലപോലെ
ഭൂസുരവരരെല്ലാരുംവരുവിൻ!
ഭൂതികരംവേണ്ടപോലുകൊണ്ടുപൊയ്ക്കോൾവിൻ:
ഏതുംനാണിക്കേണ്ടാവരുവിൻ
വാരിക്കോരിത്തരുവൻ ഞങ്ങൾ
ക്കാതുരരോവമിതില്ലരമരുതെ-
ന്നരുളിച്ചെയ്തിന്ദ്രനുമതുനേരം
തപസരപ്പോൾ മുണ്ടും പുടവക-
ളാകെവിരിച്ചുതുടങ്ങിപതുക്കെ;
മാസുരധാമാവിന്റെ നിയോഗാൽ
വാരിക്കോരിപ്പൊന്നും പണവും
ബഹുലംവിപ്രാപ്തിണവുംചെയ്തിതു
മതിമാന്മാരാപോണ്ഡവരപ്പോൾ
കൊണ്ടുപോകാനൊരുകുശലില്ലാഞ്ഞുതി-
കുണ്ഠിതരായിവിപ്രസമൂഹം
കൊണ്ടുപോകാഞ്ഞരിശപ്പെട്ടവരും
കൂടദ്രവ്യംവാരിയെറിഞ്ഞു
ഭാണ്ഡങ്ങളിൽവാരിക്കെട്ടിട്ടു
പാണ്ഡുസുതന്മാർദാനംചെയ്തു,
പാണ്ഡുരയശസ്സുംവർദ്ധിപ്പിച്ചു
പാണ്ഡുവിനും ഏറുതികൈവരുകയുമാറി
ആശിസ്സുംചൊല്ലിബ്ഭൂസുരരും
ആകപ്പോയിത്തങ്ങടെടിക്കിരുന്നു:
ആശാപാലകരോടും ശക്രൻ
താരശൻപാണ്ഡുനരപതിയോടും
ഐരാവതഗജപൂജകഴിപ്പി-
ച്ചാദരവോടുഘോഷിച്ചീവണ്ണം.
കുന്തിയൊടും തനയന്മാരോടും
ശന്തനുജൻ വിദുരൻ കൃപരോടും
ചാന്തമ്മോദംചൂണ്ടുസുരന്മാർ
സുമന്ത്രിച്ചുനിജാലയഗതരായ്
ചാഞ്ഞുനന്നടെകീർത്തികരംവാഴ്ത്തുന്നിരിപ്പിൻ
നിർജ്ജരസംഘം സുഖമായ്ച്ചാണാ.

ഐരാവതപൂജ ഓട്ടൻതുള്ളൽസമാപ്തം.

---

# നളചരിതം

## ഓട്ടൻ തുള്ളൽ.

പുരരിപുവാകിയ ഭഗവാൻതന്നുടെ
തിരുമടിതന്നിൽവസിക്കും പാവ്തി
തിരുമുടിജടയിൽ സുരവാഹിനിയുടെ
തിരുമുഖവും കളർകൊങ്കദ്വയവും
പരിചൊടുകണ്ടുസഹിക്കരുതാഞ്ഞു
പുരഹരനോടഥചോദ്യംചെയ്തു:
തിരുമുടിജടയുടെനടുവിൽവിളങ്ങി-
പ്പുരിചൊടുകാണുന്നെന്തൊരുവസ്തു?
ഹരനരുൾചെയ്തിതുനമ്മുടെജടയിൽ
പെരുകിനവെള്ളം വേർപെടുകില്ല.
കരളകഥിക്കരുതെന്നൊടുനാഥ!
സരസംമുഖമിഹകാണാകുന്നു
മുഖമല്ലതഹോജലമതിലുളവാം
വികസസരോജമിതെന്നുവരേണം;
വികസസരോജേകുനിരനികരം
പരിചൊടുകാണ്മാനെന്തവകാശം?
കുനിരയല്ലുതുമധുപാനത്തിനു
വരിവണ്ടുകൾവന്നിണക്കൂടുന്നു;
പുരികക്കൊടിമുനയുഗളമിദാനീം
പരിചൊടുകാണ്മാനെന്തവകാശം;
പുരികക്കൊടിയല്ലവിരളമിളകും
ചെറുതിരയത്രേ ആചലതന്നുജേ:



Digitized By Kerala Sahitya Akademi

സരസമതാകിനലോചനയുഗളം
പരിചൊടുകാൺമാനെന്തവകാശം?
ഗിരിവരതനയേ! ലോചനമല്പത്തു
കരിമീനിണകളിയാടുകയത്രേ!
കരികുംഭോക്തുതികൂർമുലയുഗളം
പരിചൊടുകാൺമാനെന്തവകാശം?
കൂർമുലയല്പത്തുകോകദ്വന്ദ്വം
നളിനസമീപേവിളയാട്ടുന്നു;
കളിവചനംവാകാഴ്മിദംവാ
കരളിലെനിക്കുവിവാദമിദാനീം.
ഇങ്ങനെകപടഗിരാഗിരിവരസുത
തന്നുടെമാനസവഞ്ചനചെയ്യും
ഗംഗാധരനാംകിള്ളികുറിശിയ-
മന്മഥഹോശൻകാത്തരുളേണം.

ഉലകുടെപെരുമാൾ മന്ത്രികളോടും
കലിയുടെകുടുതവിചാരിക്കുമ്പോൾ
വലിയൊരുവൃദ്ധൻതൊഴുതുരചെയ്തിതു
കലിയുടെശക്തികുറയ്ക്കുമുപായം;
നളചരിതാമൃതമുരചെയ്താലും
തെളിവൊടുകേട്ടുരസിച്ചെന്നാലും
പൊളിയല്ലവനുടെകലിമലദോഷം
ജ്വലനെന്നാകിലുമാശ്വനശിക്കും;
കലിയുഗശക്തിമുഴുത്തുജനാനാം
തലയിൽകേറിമനസ്സുംമുട്ടി
പാപികൾ പകിടകൾ പൊരുവതിനായി
ഗോപികൾകൊണ്ടു വരച്ചുതുടങ്ങും
കഷ്ടം! സാളഗ്രാമസ്ഥാനേ
കുട്ടിച്ചാത്തനമന്ത്രതുടങ്ങും
വിളവുകളൊന്നു കുറഞ്ഞുതുടങ്ങും
കളവുകളൊന്നുമുഴുത്തുതുടങ്ങും
വിലയുംപാരമിടിഞ്ഞുതുടങ്ങും
മലയുംകാടുമുരത്തുതുടങ്ങും
നിലയുംവിട്ടുമനുഷ്യരശേഷം
വലയും കലിയുഗമേറെമുഴുത്താൽ;
കളമൊഴിമാരുടെ തലയും മുലയും
വളയും തളയും കളിയും ചിരിയും
വളയുംപുരികക്കൊടിയുംകണ്ടിഹ
വലയും വലയത്തിൽ മാനുഷരെല്ലാം
യജമാനനെന്നൊരുചെകതിപിണപ്പാൻ
പ്രജകൾക്കൊക്കെമനസ്സുതുടങ്ങും
യജനംചെയ്യുജഗത്തുപുലമ്പും
ദ്വിജവരവൃത്തികുംചെയ്തുതുടങ്ങും
രാജസമീപേചെന്നൊരുകൂട്ടം
ഏഷണിപറവാനാളുകളേറും
ഭോജനമാത്രംകിട്ടുന്നവനൊരു
രാജാവെന്നുനടിച്ചുതുടങ്ങും;
ദൂഷണമുള്ളൊരുനൃപനെക്കണ്ടാൽ
പോഷിപ്പാനങ്ങാഗ്രഹതുടങ്ങും
ഭൂഷണമണിവാൻ വകയില്ലാഞ്ഞാൽ
മോഷണമൊരുവകചെയ്തുതുടങ്ങും;
വല്ലിടമാരുടെവീടുപുലമ്പാൻ
ഇല്ലംപണയംവച്ചുതുടങ്ങും
നെല്ലും പണവും പൊന്നും പാത്രവു-
മില്ലെന്നാമിനി ദിവസേ ദിവസേ
കൊല്ലുംപലവിധമപരാധം പലർ
കൊല്ലുംപശുവിനെ മടിക്കുടാതെ
തെല്ലുംനല്ലൊരുസാധുജനത്തെ
തെല്ലുംഭയവും മാനുഷനില്ല;
പുല്ലും പുഴുവും ഭൂമിയിലിങ്ങതു
മെല്ലെന്നങ്ങുനടന്നുതുടങ്ങും;
ചൊല്ലുന്നതിനെക്കേട്ടുനടപ്പാൻ
വല്ലുമുള്ളവരില്ലെന്നാമേ;
മൂത്തുതുടങ്ങുംകപടതയിനിമേ-
ലോത്തുതുടങ്ങും ശൂദ്രാദികളും
ഓത്തുതുടങ്ങും വിപ്രന്മാരതു
പേത്തുതുടങ്ങും മറവുള്ളവരും
ചേത്തുതുടങ്ങുംവികടസരസ്വതി
കൂത്തുതുടങ്ങും മോഹാദികളും
ചേത്തുതുടങ്ങും ദ്രവ്യത്തിൽകൊതി
പാത്തുതുടങ്ങും വരവും ചിലവും
പാത്തുതുടങ്ങും നെല്ലും പണവും
ആത്തുതുടങ്ങും പലരുംകൂടി-
പ്പാത്തുതുടങ്ങുംകുത്തിക്കവരാൻ
ചീത്തുതുടങ്ങും ദുഷ്കൃവികേട്ടി-
ത്തീത്തുതുടങ്ങും ദുഷ്ടജനങ്ങൾ.

ആത്തിവളർന്നും പൂത്തിതളർന്നും
കീർത്തികുറഞ്ഞും പൂർത്തമെരിഞ്ഞും

Digitized By Kerala Sahitya Akademi

വൃത്തിപെരുത്തും കത്തിയെടുത്തും
തന്തുജഗത്തുവിയത്തുകയത്തും
ക്രുത്തുവരുന്നൊരുജാതികളിനിമേൽ
വ്യാധിപിടിച്ചുകിടക്കും ചിലരുടെ
നാഡിപിടിച്ചുനടക്കുംപലരും
സാധിക്കരുതായുള്ളതിമോഹം
ബാധിക്കും ചിലമർത്ത്യജനാനാം;
അപമൃത്യുക്കളുമവതാളങ്ങളു-
മപമാനങ്ങളുമുണ്ടായ്വരുമേ
വിശ്വജനത്തിനുമീശ്വരനെന്നൊരു
വിശ്വാസത്തിനുകറവുതുടങ്ങും
കുടിലന്മാരും ജടിലന്മാരും
കുരുടന്മാരും ജരഠന്മാരും
കുരയന്മാരും കുനയന്മാരും
പലവിധമുണ്ടായ്വരുമിനിമേലിൽ;
ഈശ്വരകോപമറിഞ്ഞാൽപിന്നെ
വാശ്രുതുമെന്നൊരുപേക്ഷതുടങ്ങും
വരവും തരവും ജനവും ധനവും
മനുജരിൽവച്ചുതിനീചന്മാരാം
മനുജപുഴുക്കൾക്കേറിച്ചുമയും
മതിയും കൊതിയും അതികപടങ്ങളു-
മതിയായിട്ടുബുധന്മാക്കുളവാം;
ഗതിയില്ലാത്തജനങ്ങളിലൊരുകുപ
മതിമാന്മാക്കിനിവരികില്ലരച!
അമ്പലമെന്നുമറന്നതിനുള്ളിൽ
തമ്പലമിടുമിനിമടിക്രുടാതെ
പെമ്പുപൊളിച്ചുഥവിറവുതുടങ്ങും
അമ്പലമുടയവർപുകയിലതിന്മാൻ;
ലന്തപറങ്കിയുമിങ്കിരിയേസും
ബന്ധുവതാമിനിയരചന്മാക്കും
ഗ്രന്ഥികളൊരുകുറഞ്ഞുതുടങ്ങും
ഗ്രന്ഥമെഴുത്തും നാസ്തിയതാമേ!
ശാസ്ത്രികളെന്നൊരുഭോവത്തോടേ
ശാസ്ത്രമെടുക്കും പകൽകഴിവോളം
രാത്രിയടുത്താലവരെപ്പിന്നെ
ക്ഷേത്രംതന്നിലൊരേടംകാണാം
ഇത്രയനിഷ്ടഫലപ്രദകലിബല-
മത്രജനങ്ങളുണത്തിച്ചീടാം;

ഉലകടെപെരുമാളൊന്നറിയേണം
കലിയുടെദോഷംതീരണമെങ്കിൽ
വലിയൊരുകഥയിതു നളനുടെചരിതം
കലിതകുതൂഹലമുരചെയ്തീടാം;
ഫലിതംകുറയുമിതെങ്കിലുമോത്താൽ
കലിമലഹരമെന്നൊരുഗുണമധികം
പലരുമിനിക്കുസഹായിച്ചീടിൽ
പലദിക്കൊട്ടുചുരുക്കിപ്പറയാം.
കരുണാമ്രുതരുചിവദനനുദാരൻ
തരുണാരുണഗണഗുരുകരസാരൻ
തരുണാംബുജദളനയനൻസുരവര
തരുണാസമധനവിതരണശീലൻ
കരുണാമലജലവരുണാവാസൻ
ഹരിണാന്തകബലഹരിണാവാസൻ
ഹരിണാങ്കാടകചരിണീശോഭിത
ചരണായാംഭവിഹരിണാസദൃശൻ
ചരണാംബുജയുഗശരണാഗതജന
ശരണായിതനവകരുണാധരണൻ
മരണംഭവഭയഹരണാദികരൻ
കരുണാകരഗുരുകരുണാശരണൻ
ധരണീപതികലധരണീയാരുടെ
ധരണിധരിച്ചുരു ധരണീബാലൻ
ധരണീവിലസിതതരുണീമാനസ
ഹരണീകൃതതന്നുധരണീമദനൻ;
അളകാപതിസമഘനതരവിഭവൻ;
അളകാഞ്ചിതസ്ഫുടനിടിലകലാപൻ
നളക്രുബരനെക്കാളതിസുഭഗൻ
നളനെന്നൊരുനൃപനുളവായ്വന്നു;
നളിനകുലാരികുപാലംകരണൻ
കളമധുരാകൃതിനിഷധനരേന്ദ്രൻ
കളകളതരധനദാംബരഭൂഷണ-
ചളിതകളേബരനതിസുകുമാരൻ
കളിയൊടുനിഷധപുരേ പുരുമോടാൽ
കളിരുചിതേടിവളർന്നുകാലം
കളമൊഴിമാരുടെ കരളിൽപരിചൊടു
കമലശരാത്തിവളർന്നുതുടങ്ങീ;
തെളുതെളെവിലസിനപനിമതിരുചിയാൽ
വെളുവെളെവിളയാടീടിനഗാത്രേ

Digitized By Kerala Sahitya Akademi

തളവളമകുടമണിഞ്ഞു നരേന്ദ്രൻ
കളികുട്ടുമാടിനടക്കുന്നേരം;
നളിനസരസ്സിനരികേനല്ലൊരു
പുളിനംതന്നിൽ ചെല്ലുന്നേരം
നളിനംതന്നിലുറങ്ങിടുന്നൊരു
കളഹംസത്തെക്കണ്ടാനരചൻ;
പങ്കജകന്നൊരുതങ്കംപൊന്നിനൊ-
ടങ്കുപൊരുതുമൊരംഗപ്രഭയും
കുംകുമനിറമാം ചിറകുംകൊക്കും
പങ്കജരുചിരംചരണദ്വയവും
കണ്ടതുനേരം നൃപനുകുതൂഹല-
മുണ്ടായുന്നതുമനതാരികൾ;
കൊണ്ടാടിത്തൻകരകമലത്തെ
ക്കൊണ്ടുപിടിച്ചുമുറുക്കിക്കൊണ്ടാൻ
ആരചൻചെന്നിഹതൊട്ടതുനേരം
ആരയന്നംതാൻഝടിതിയുണർന്നു
ആരുതരുതെന്നെക്കൊല്ലരുതെന്നും
തെരുതെരെയങ്ങുപറഞ്ഞുതുടങ്ങി;
ആപരാധത്തെച്ചെയ്യാത്തവനെ
കൃപകൂടാതെവധിച്ചെന്നാകിൽ
നൃപതേ! നിന്നുടെ നാട്ടുംധനവും
സപദിനശിക്കുമതോർത്തീടേണം
പക്ഷികളെഒക്കാലുചെയ്താരുമാംസം
ഭക്ഷിപ്പാനൊരുരുചിയുണ്ടാകിൽ
ഇക്ഷിതിയിൽപലകുടുമുണ്ടതു
ഭക്ഷിച്ചാലുംമതിവരുവോളം
മാനത്തങ്ങുപറന്നുനടക്കും
ഞാനെന്തൊരുചെറിയപക്ഷിയുനാകൽ?
മാനുഷകുലവരമകുമെടണെ! നീ
ഹാനിനമുക്കുവരുത്തിടൊല്ല
എല്ലുംതോലുംചിറകും കൊക്കുമി-
തെല്ലാംനീക്കിനുകുക്കിക്കുടൽ
തെല്ലുകളിപ്പാനൊക്കുന്നും വരു-
മിതെല്ലാംവെടിഞാനെമാനസം
എന്നുടെമാതാചിന്നവയ്ക്കുന്നോരു
മുന്നാറാമതിലിരുപ്പതുമവ്വ
എന്നാവഴിനോക്കുവതുടെ ദുഃഖമ-
തെന്നാനമിക്കും നിന്നധനരേന്ദ്ര!

നിന്നുടെകയ്യാൽ മരണംവരുമിനി
എന്നുശിരസ്സിൽനമുക്കുണ്ടെങ്കിൽ
എന്നുമൊരുത്തനുമാവതുമില്ലതു
വന്നുവിച്ചാൽ ഖേദവുമില്ലാ;
എന്നുടെപിടയും തനയന്മാരും
നമ്മുടെകുലവും ബന്ധുജനങ്ങളും
അമ്മയുമച്ഛനുമന്യജനമാരും
കമ്പലാലിതുകാലമൊടുങ്ങും;
അന്നത്തരുണികൾ പണിയുംനമ്മുടെ
കന്നൽകുഴൽമൊഴികാന്തയുമിപ്പോൾ
എന്നുടെവരവുംനോക്കിപ്പരിചിനൊ-
ടുന്നതദിക്കിലിരുന്നീടുന്നു;
അയ്യോ! നരവര! സാഹസമിങ്ങിനെ
ചെയ്യരുതേടുരിതംവരുമെന്നാൽ
പൊയ്യല്ലൊരുപൊഴുതരുതിതുപരിവേ-
മിയ്യൽകണക്കെനടക്കുമൊരെങ്കൽ
കൊന്നാൽപാപം തിന്നാൽപോമുട-
നെന്നൊരുവലുതാം മൂഢതയുണ്ടേ
നിന്നുടെകരളിലതഴകല്ലേതും
മന്നിൽമികച്ചൊരുബുധനല്ലേനീ?
അവനുടെവാക്കുകളിങ്ങനെകേട്ടഥ
കുവലയനയനൻ നളനരപാലൻ
ശിവശിവയെന്നുടനരയന്നത്തെ
ജവമൊടുവിട്ടരചെയ്യുപതുക്കെ
കനകമയാകൃതിയാകിയനിന്നെ
കനിവൊടുകണ്ടതുകൊണ്ടുകതാരിൽ
ഘനതരമായൊരുകൌതുകമുളവായ്
മനസാവാചാസത്യംതന്നെ;
ക്ഷോണിതലങ്ങളിലിങ്ങിനെയൊരുവക-
കാണുന്നില്ലിതുകൊണ്ടുഭവാനെ
പാണിതലത്തിലെടുപ്പാൻബന്ധം
പ്രാണിവ്രധത്തിനുഭാവിച്ചുല്ലേ.
മന്നവനിങ്ങനെയുരചെയ്തപ്പോ-
ളന്നംധരണിയിൽനിന്നെഴുനീറവ;
ഒന്നുകുടഞ്ഞുശരീരമശേഷം
തന്നുടെചിറകുംവീശിയിരുന്നു
ചിറകിനകത്തുകടിച്ചുകിടക്കും
ചെറുപേൻകൊതുകുകൾഈച്ചുകൾപുഴുവും

Digitized By Kerala Sahitya Akademi

തിറവിയകൊക്കുകൾകൊണ്ടുകടിച്ചു
കൊവകൊറെയങ്ങുകൊറിച്ചുതുടങ്ങി;
ഒരുകാൽകൊണ്ടുശിരസ്സിൽപരിചൊട്ടു
ചൊറികിത്തത്തിനടന്നുതുടങ്ങി.
നരവരനാകിയ നളനുടെമുമ്പിൽ
തരസ്വാനിന്നുപറഞ്ഞുതുടങ്ങി:
"ശ്രീമൻ! നൈഷധഭൂപതേ! തവ യശോ
ഗായന്തി ദേവാംഗനാഃ
ക്ഷേമാംഭോരുഹരാജിതഗണൈ-
രാകാശഗംഗാതടേ
യാവത്താവദസാവമന്ദവിലസ-
ന്മന്ദാക്ഷമന്ദീകൃതാ
മന്ദാരദ്രുമവാടികാ ഹിവേതഃ
കാരുണ്യവാരാന്നിധേ!"
പാർത്ഥിവ! നിന്നുടെവാക്കുകൾകേട്ട
കൃതാർത്ഥതയിങ്ങുവരുത്തീടേണം
ആർത്തിജനത്തിനു മതിയാംവണ്ണം
അർത്ഥമെടുത്തു കൊടുക്കണനിന്നുടെ
കീർത്തിവളർന്നു വളർന്നുപതുക്കെ
പാർത്തലമൊക്കെ നിറഞ്ഞു സഭോന്തേ
പാർത്തിരിയാതെ വളർന്നു സുരോത്തമ-
തീർത്ഥമതാകിനഗംഗാപുളിനേ
വാർത്തകളീവകകീർത്തനമാക്കി
തീർത്തുതുടങ്ങീസുരനാരികളും
പാർത്തലവാസികൾ മറവുള്ളവരുടെ
കീർത്തികളെല്ലാം നേർത്തു ചമഞ്ഞു
ധൂർത്തല്ലുതു പൊഴുതമരതരുക്കൾ
ക്കാർത്തിപിടിച്ചു തുടങ്ങിപതുക്കെ
ചീർത്തൊരുനാണം കൊണ്ടു ശിരസ്സുകൾ
താഴ്ത്തിക്കഥമപിവാണീടുന്നു;
പൂർത്തിപെരുത്തൊരു ചാരുദയാമല-
മൂർത്തേ! ജയജയ! നളനൃപാല
രാജസ്തുതിയുടെ പൊരുളീവണ്ണം
ഭോജിപ്പിച്ചു പറഞ്ഞരയന്നം
രാജമനസ്സു കുളിപ്പാൻ പുനരിഹ
വ്യാജവിഹീനം കഥനം ചെയ്തു.

നിഷധകുലകമലവനദിനകരധരാപതേ!
നീതിശാസ്ത്രാംബുധേകേളിക്കുമേവാക്കുകൾ

വിവേകമൊടു വിലസിനവിദർഭമണ്ഡലേ
വീരനാംഭൂമിപാലൻ തന്റെ പുത്രിയായ്
സുമുഖിദമയന്തിയെന്നുണ്ടൊരു കന്യകാ
സുന്ദരികളിന്നവളെ വന്ദിക്കുമാകവേ
നിറമുടയതലമുടി ചുരുണ്ടുനീണ്ടങ്ങിനെ
നീലമേഘങ്ങൾക്കു തോലിനൽകുന്നിതേ
കുറുനിരയുമൊരുകുറിയുമൊരുനിടിലരംഗിയും
കൃത്താട്ടമോമനച്ചില്ലിവില്ലാട്ടവും
കമലദളവിമലചലലോചനദ്വന്ദ്വവും
കാമാസ്ത്രതുല്യകടാക്ഷവീക്ഷങ്ങളും
തിലകസുമസമസുഷമനാസികാശോഭയും
തിങ്കളോടൊക്കും കപോലസ്ഥലങ്ങളും
മധുമധുരമുടുലതരമധരസൌഭാഗ്യവും
മാലതീമൊട്ടിനോടൊത്തദന്തങ്ങളും
വലയകലകിലുകിലിതകരയുഗളകേളിയും
വാഴ്ത്തിസ്തുതിപ്പാൻ നമുക്കെളുതല്ലെടോ!
കൊടിനടുവുമതിവികടകടിതടവിലാസവും
കോമളാഡംബരം കാഞ്ചീകലാപവും
കളളിയൊട്ടുമുട്ടുതയൊടുകദനമിടക്കുട്ടന
കാലുരണ്ടും വിഭോ! കണ്ടാൽ മനോഹരം
ശശിയൊടെതിർപൊരുതുവിരുതേറുന്നവക്ത്ര
ശംഖിനോടൊക്കുന്നകണ്ഠപ്രദേശവും
മലകളൊട്ടുപലപൊഴുതുകലഹരുചിതേടുന്ന
മാർത്തുതിങ്ങും കുചങ്ങടെ ഭംഗിയും
കിളികളൊടുകളിവചനമിളിയുമൊരുവാണി
കീർത്തിപ്പതിന്നുഞാൻസമർത്ഥനല്ലെടോ!;
പലവടിവും വന്നു ചമഞ്ഞു
തലമുടിയും വന്നു തികഞ്ഞു
മുലയിണയും മാറുകവിഞ്ഞു
മലർശരനും മെല്ലെയണഞ്ഞു
ശിശുതകഴിഞ്ഞു വശതകഴിഞ്ഞു
മറവുമൊഴിഞ്ഞു മനമതഴിഞ്ഞു
കിളിമൊഴിതാനൊന്നു പകർന്നു
കളിപുതുമയ്ക്കാശവളർന്നു
കളിവചനൌഷധിമുതിർന്നു
നളനൃപതേ! കാമമുയർന്നു
മിഴികളും വിടിർന്നു വഴിയിലമർന്നു
അഴകുകലർന്നു കഴലിണചേർന്നു

Digitized By Kerala Sahitya Akademi

പ്രിയസഖിമാരോടുമിണങ്ങി
പ്രിയതമനെച്ചിന്തതുടങ്ങി
പ്രിയമധുരം വാക്കിലിണങ്ങി
പ്രിയമിടമെന്നേത്തുവണങ്ങി;
കഥകൾ തുടങ്ങികപടമടങ്ങി
കളികൾ തുടങ്ങി കമനിവിളങ്ങി
പലചരിതം കേട്ടുമസിച്ചും
പലകുതുകം വന്നു ഭവിച്ചും
പലപദവും കേട്ടു രസിച്ചും
പലഗുണവും ചേർന്നവസിച്ചും
മദനനുദിച്ചുമദമതിളച്ചു
മനസിരസിച്ചു അവിടെ മറച്ചു.

ദമനനുടെ സോദരിയാകിയ കന്യക
ദമയന്തിക്കു വിവാഹമടുത്തു
കമലവിലോചനയാളെനിനച്ചാൽ
ഭൂവിയിലതിനൊരു പുരുഷരുമില്ല
മലർശരപരവശരായുന്നീടിന
പലപലനൃപതികുളവളെ ലഭിപ്പാൻ
പലതരമങ്ങു പ്രയത്നംചെയ്തു
ഫലമതുപിനെക്കണ്ടാലറിയാം;
ഒരുവൻകൊണ്ടുതിരിക്കും മുമ്പേ
തരസാചെന്നവശത്താക്കണം;
തരുണിമണിക്കിഹതരമായിട്ടൊരു
പുരുഷൻ ധരണിയിലില്ല മുരുക്കം
മന്നിൽ പലപലമന്നവരുണ്ടതി-
ലൊന്നുമവൾക്കിഹസമ്മതമല്ല;
യിന്നൊട്ടുക്കുടിരമിപ്പാനൊരുഗതി-
വന്നുവേറിക്കിലതവളുടെ ഭാഗ്യം.
ഇത്തരമുരചെയ്തരയന്നത്തൊട്ടു
ഉത്തരമരുളീനളനരപാലൻ
ഉത്തമനാകിയകളഹംസസഖേ!
ചിത്തസുഖംമമനിന്നുടെ വാത്താ
കനകസമാനകളേബരനാംനീ
കനിവൊടതിങ്കലിറങ്ങീടണം
പനിമതിമുഖിയെനമുക്കു ലഭിപ്പാൻ
മനമതഴിഞ്ഞിഹപണിചെയ്താലും;
നിന്നുടെകൂപ്പുണ്ടെന്നവരുമ്പോൾ
ഒന്നുമിനിക്കുവരാത്തതുമില്ലാ

എന്നുടെ വാർത്തകളിന്നവളോടു
ചെന്നു പറഞ്ഞു ധരിപ്പിക്കേണം
നിന്നുമനസ്സു തെളിഞ്ഞരയന്നം
മന്നവനോടുരചെയ്തു തുടങ്ങി
നിന്നുടെ വചനം കേട്ടു നടപ്പു-
നെന്നുമിനിക്കൊരു സംശയമില്ല.
അറിയാം നാലുദിനത്തിലതപ്പുറ-
മറിവുള്ളരചാപൊളിയല്ലേതും;
കുറുനാം കഴികേക്കാണാമെന്നൊരു
കുറിയും വെച്ചുതിരിച്ചിതു ഹംസം
കുണ്ഡിനനഗരം നോക്കിപ്പുരിചിനൊ-
ടണ്ഡജനാശു പറന്നു തുടങ്ങി
അണ്ഡജഗമനം കണ്ടാലൊരുശശി
മണ്ഡലമെന്നിഹ തോന്നുംഗഗനേ.

ചരിച്ചുഗഗനത്തിൽ തിരിച്ചു കളഹംസം
സ്മരിച്ചു നളനെയും ധരിച്ചു ഹൃദയത്തിൽ:
കടന്നു പലദിക്കും നടന്നു വിരവോടേ
എടങ്ങൾ നഗരങ്ങൾ മാങ്ങൾ കിടങ്ങുകൾ
പടങ്ങൾ വിപിനങ്ങൾ തടങ്ങൾ തടാകങ്ങൾ
തുടങ്ങിപ്പലവസ്തു കടന്നു പറക്കുമ്പോൾ.

നാടുകൾകണ്ടു വീടുകൾ കണ്ടു
കൂടുകൾ കണ്ടു കോടുകൾകണ്ടു
ചാടുകൾകണ്ടു പോടുകൾ കണ്ടു
ചോടുകൾകണ്ടു വീടുകൾകണ്ടു
വീടുകളിൽ ചില നായന്മാരുടെ
മൂഢതകൊണ്ടൊരുഘോഷംകണ്ടു;
അമ്പികളോടുകലമ്പിച്ചിലകല-
മെച്ചിലിലിട്ടു തകർക്കിണകണ്ടു;
കമ്പുകൾ പൂടവകൾ ഒരുവൻചെന്നു
വലിച്ചു കരിച്ചു തിരിച്ചതുകണ്ടു;
ഇല്ലംകൊണ്ടൊന്നവളെത്തല്ലി
പല്ലതകത്തൊരു പങ്ങച്ചാരുടെ
തള്ളകയത്തൊരലക്കയെടുത്തു
ചെള്ളക്കൊന്നു ചിമുക്കിണകണ്ടു;
മറൊരിടത്തൊരുഘോഷംകണ്ടു
തെറെന്നവിടെച്ചെന്നരയന്നം
മുറത്തുള്ളൊരു തെങ്ങിൻ മുകളിൽ
പററിച്ചെവിയുംപാത്തുവസിച്ചു;

Digitized By Kerala Sahitya Akademi

നായർവിശന്നുവലഞ്ഞു വരുമ്പോൾ
കായക്കഞ്ഞിക്കരിയിട്ടില്ല;
ആയതുകേട്ടു കലമ്പിച്ചെന്ന-
ങ്ങായുധമുടനെ കാട്ടിലൊറിഞ്ഞു
ചുട്ടതിളപ്പും വെള്ളമശേഷം
കുട്ടികൾ തന്നുടെ തലയിലൊഴിച്ചു
കെട്ടിയപെണ്ണിനെ മടിക്കുടാതെ
കിട്ടിയവടികൊണ്ടൊന്നു കിടച്ചു
ഉരുളികൾ കിണ്ടികളൊക്കെയുടച്ചു
ഉരലുപലിച്ചു കിണാറിൽ മറിച്ചു
ചിരവയെടുത്തഗ്നിയിലെരിച്ചു
ആരകല്ലുങ്ങുകളഞ്ഞിലൊറിഞ്ഞു
ആളുകൊണ്ടരിശം തീരാഞ്ഞവനപ്പുരയുടെ ചുറവും മതിലിനടന്നു,
അരയന്നം പുനരുടനേ
ഹരഹര! ശിവശിവ!യെന്നു പറഞ്ഞു
അരനാഴികവഴിചെല്ലുന്നേരത്തരികേനല്ലൊരു പെരുവഴികണ്ടു;
അരയാലുകളും പേരാലുകളും
അർമനതെരുവുകളങ്ങാടികളും
മരവും നല്ലനടക്കാവുകളും
പുരയും പുഴയും വഴിയമ്പലവും
നറുമലർവിലാസിനപൂങ്കാവുകളും
തരകളുമന്നണമത്താണികളും
കിണറുംതളവും തളവും കുളവും
തണലും മണലും മണിഗോപുരവും
അണയുംതോറും തുളസിദളങ്ങടെ
മണവും ഗുണവുമിതെന്തുമനോജ്ഞം
അമ്പലമവിടെക്കണ്ടുതുടങ്ങീ
വൻപടഹധ്വനി കേട്ടുതുടങ്ങീ
കമ്പവിളക്കുകൊളുത്തിവിളങ്ങീ
വമ്പുരപലതും കണ്ടുതുടങ്ങീ;
കൊടിയേറെറാണ്ടിഹവിഷ്ണുക്ഷേത്രം
കൊടിമരമുയരെക്കാണാകുന്നു
തടിയന്മാർ പലരുണ്ടവരുന്നു
കൊടിയമഹോത്സവമോലാഷംകാൺമാൻ
എന്നുമനസ്സിലുറച്ചുരയന്നം
ചെന്നരയാലിൻ മുകളിലിരുന്നു

ആനേരം പലദിക്കീന്നും ചിലർ
വന്നുതുടങ്ങിനിന്നുതുടങ്ങീ;
ആൽത്താരമേൽ ചിലർ വന്നുകേറി
പാട്ടുതുടങ്ങീഘോഷം കാൺമാൻ;
ആർത്തുവിളിച്ചുകളിച്ചു പുളച്ചിഹ
പാർത്തലവാഹികളം വന്നുനിറഞ്ഞു.
ഇളകിനനരവരപടയും ചില
വെളുവെളെവിലസിനകുടയും പല
കളമൊഴിമാരുടെനടയും ചെറു
കിളികളുമവരുടെ പിടയും ചില
കരികളുവമരുടെ പിടിയും പല
പരിമളമിളകിനമുടിയും ചില
കലഹവുമുടനുടനടിയും ചില
പുരികളിലനവധികൊടിയും പല
പലദിശിപൊട്ടുപൊടെവെടിയുംനറു
മലരതിലതിമുട്ടുപൊടിയും പുന-
രൊരുവകതടവടിപിടയും.
കൊട്ടുംകുഴൽവിളിയുമൊട്ടുകുറവില്ലയാ-
ഞ്ഞിട്ടുമനുജർ ചെവിപൊട്ടുംപരിചിനോടെ
തട്ടുംമുകളിൽകൊതികിട്ടും പ്രയോഗംകണ്ടി
ട്ടൊട്ടുംവിരുതുചിലരിട്ടുംവഴുതുകില്ലാ;
പട്ടുംപുടവമലർമൊട്ടുംതരിവളയു-
മിട്ടുംകൊണ്ടൊരുക്കുട്ടുംവാട്ടുംകലരുമാല-
വട്ടുംകുടതഴയുംപട്ടുംപടവടികളും
ചട്ടുംപലതരങ്ങളുംവട്ടുംതെളിഞ്ഞെരിയും
വെട്ടങ്ങളുടനെനല്ലവട്ടങ്ങളൊരുദിശി
പട്ടന്മാരുടെപലകുട്ടങ്ങളോരോദിശി;
ബാലത്തരുണികടെനീലത്തലമുടിയും
ചേലൊത്തമുലകളുംഫാലതിലകങ്ങളും
ചേലത്തരങ്ങളുടുത്താലോലമിഴികളും
ആലാപവടിവുകളും മേലേകണ്ടൊരുക്കുട്ടം
ബാലപുരുഷർചെന്നനാലുവശത്തുംനിന്നു
ആലോകിച്ചുരോരോകേളിജാലങ്ങളോരോദിശി
ആനക്കഴുത്തിൽഭഗവാനെഎഴുന്നള്ളിച്ചു [ശി
നാനാപടഹങ്ങളും സേനാപടജ്ജനവും
ആനന്ദംവരുത്തുന്നഗാനങ്ങളോരോദിശി.
ഇങ്ങനെപലവിധമുത്സവോത്സവം
തിങ്ങിനമോദാൽകണ്ടരയന്നം

Digitized By Kerala Sahitya Akademi

അംഗനമാരും പുരുഷന്മാരും
അങ്ങൊരുദിക്കിൽ വന്നതുകണ്ടാൻ
നെടുതായുള്ളമണപ്പാടൻമു-
ണ്ടടികവിയോളം ഞാത്തിയുടുത്തൊരു
വടിയുംകയ്യിലെടുത്തുവരുന്നൊരു
തടിയൻപുറകേഒരുത്തിയുമുണ്ടു
ചെണ്ടക്കാരൊടുകല്പനപറകയു-
മുണ്ടൊരുദിക്കിൽകേൾക്കാകുന്നു;
മാരായന്മാരൊന്നറിയേണം
നാരായണനുടെകൊടിയേറുന്നാൾ
നേരായുള്ളൊരുപാണിപിഴച്ചാൽ
തീരാതുള്ളൊരുകുറവംവരുമേ
ശണ്ടിപ്പുരിഷകഥം പലരുംക്രൂടി
ശണ്ഠതുടങ്ങിമുടങ്ങിപ്പോയാൽ
ചെണ്ടക്കാരേ! നിങ്ങടെകൈവിരൽ
കണ്ടിച്ചെറിവാൻകല്പനവരുമേ!
തിമിലയെടുത്തുനടപ്പാൻനമ്മുടെ
കൊമരിക്കിന്നിത്രശരിയല്ലാരും
കഴലുവിളിച്ചുഫലിപ്പിക്കുന്നതു
കിഴവച്ചാരതുമതിയാക്കേണം
നമ്പൻവേണം കൊമ്പുവിളിപ്പാൻ
വമ്പനതിന്നൊരുമുൻപൻതന്നെ
കാളമെടുത്തുവിളിക്കണമെന്നാൽ
കേളനെവച്ചിട്ടൊരുവനുമില്ല
മേളംകൂട്ടുകിലങ്ങവനല്ലം
താളംതെറുമതുണ്ടൊരുദോഷം
ചെങ്ങലകൊണ്ടൊരുവട്ടംനില്പാൻ
ചങ്ങാതിക്കൊരുവാസനയില്ലാ;
സകലജനങ്ങടെനടുവിൽചെന്നഥ
തകിലുതകത്തുതുടങ്ങുന്നേരം
അകലെപ്പോമവർതങ്ങടെചെവിയിൽ
തുകിലുംതുറവുവിറച്ചുതുടങ്ങും
പുതുവാളെന്നൊരുവിദ്വാനുണ്ടു
പുതുതായുള്ളവിധങ്ങളെടുപ്പാൻ
പുതുവന്മാരുടെയാളായതിനാൽ
പുതുവാളെന്നൊരുപേരവനുമവായ;
അതിയായിട്ടവനിവിടെവരേണ്ടാ
മതിയാമവനുടെവിരുതുകളെല്ലാം

കൊച്ചുൻനിന്നിഹശംഖുവിളിച്ചാൽ
അതിനുംപിന്നെവിരോധംവേണ്ട
പാട്ടിനുചേരുമിടയ്ക്കുക്കാരെ
കൂട്ടിക്കൊള്ളണമവരേവേണ്ടു
ഊട്ടിനുവന്നുകിടക്കുന്നവരുടെ
കൂട്ടക്കാരെച്ചാർത്തുകയില്ല;
മദ്ദളമെന്നതു മൂന്നോ നാലോ
തപ്പുംവേണമതെട്ടോപത്തോ
അപ്പുറമുള്ളതുതിരിയെനടക്കാം;
തുടിയുംപറയുമുടുക്കുംവേണം
തടിയനതിങ്കൽമിടുക്കുംവേണം
ചെണ്ടക്കാരനടക്കംവേണം
കൊട്ടിനുനല്ലൊരുടുക്കുംവേണം
ഇങ്ങിനെപലവിധമുത്സവഘോഷം
ഭംഗിയൊടവിടെക്കണ്ടരയന്നം
തിങ്ങിനകുതുകമിയന്നുപറഞ്ഞു
അങ്ങുതിരിച്ചുപുനരരിവേഗം.

വിദഗ്ദ്ധനാകിയ നളനേറ്റുതൻ
വിദർഭനൽപുരമടുത്തുകണ്ടു;
മദിച്ചുദന്തികഠംനിറഞ്ഞുകണ്ടു;
കുതിച്ചുചാടും കുതിരകഠംകണ്ടു;
മണിപ്പുരങ്ങളുമുയർന്നുകണ്ടു;
മണിഗൃഹങ്ങളുമണഞ്ഞുകണ്ടു;
തണുത്തചന്ദനമരങ്ങഠംകണ്ടു;
മണത്തമേറിനവനങ്ങഠംകണ്ടു;
സ്ഥലങ്ങളും തരുഫലങ്ങളും
മലങ്ങളും മണിനിലങ്ങളും
വിലങ്ങളും പല കലങ്ങളും
ധനങ്ങളും മുനിജനങ്ങളും
മൃഗങ്ങളും ചില നഗങ്ങളും
ശുകങ്ങളും ചില പികങ്ങളും
അറങ്ങളും പല നിറങ്ങളും
പഠങ്ങളും മണിപീഠങ്ങളും
അഖണ്ഡിതായുധമുഖങ്ങളും
പറന്നുചെന്നടനനേകവസ്തു
നിറഞ്ഞകുണ്ഡിനവിഭ്രതികണ്ടു.

ദമനടെസോദരി സഖിമാരോടും
കമലസരസ്സിന്നരികേനല്ലൊരു

Digitized By Kerala Sahitya Akademi

രമണീയാങ്കണമണിശിലമുകളിൽ
കമനികളിച്ചുവസിക്കുന്നേരം
കളഹംസംചെന്നവളുടെമുമ്പിൽ
കളമധുരാകൃതിമെല്ലെയിറങ്ങി;
കളമൊഴിയോടുകളിച്ചുവസിച്ചുഥ
കിളിയെപ്പോലെപറഞ്ഞുതുടങ്ങി:

പദം എരിക്കിലകാമോദരി.

കല്യാണശീലേ! ബാലേ! നല്ലാരിൽമൌലി-
ചൊല്ലുവം ഭീമനന്ദനേ! [മാലേ!
മല്ലീശരാസനവില്ലിനെവെല്ലുന
ചില്ലി! നിസ്തുല്യാകൃതേ! ശൃണു
നല്ലവിശേഷം ധന്യേ നൃപതിവരകന്യേ!
നളനെന്നൊരുസുന്ദരനുണ്ടുഭൂതലേ
മന്നരിലവനോടുസദൃശനാരൊരു
മന്നവനില്ല സുശീലേ (കല്യാ)
ഈരേഴുലോകങ്ങളിലീ രാജാവിനെപ്പോലെ
വീരനായാരുമില്ലെടോ!
നാരികളവനുടെഗുണഗണരസം കേട്ടു
പാരം മയങ്ങീട്ടുണ്ടു
വില്ലാളിവീരനാകും നല്ലൊരുനളനുടെ
സല്ലാപം പറക മോഹം
പല്ലവമൃദുതരമധുരമധുരതയും
അധരിതവിധുരിതവിധുവാംമുഖവും (കല്യാ)
മട്ടോലുംമിഴിയാളേ! ഞാനേറവുംചിന്തിക്കുന്നു
മാനിയാംനൈഷധേശ്വരൻ
മാനിനി! നിന്നുടയ വരനായിവരികി-
ലുരുതരസുകൃതമവനും നിനക്കും (കല്യാ
പന്തോലുംമുലമാക്കു സന്താപം വളക്കുന്ന
കാന്തികൾചൊല്ലാവല്ലെടോ!
സന്തതംപരിമളമിളകിനതലമുടി
ബന്ധനമതിലനബന്ധുരമല്ലോ (കല്യാ)
കാമനു രതിപോലെ രാമനു സീതപോലെ
ഭീമനു രോഹിണിപോലെ
കോമളഹൃദനനാം നളനരപാലനു
ഭീമസുതേ! നീപ്രിയയായ്ചമയേണം. (കല്യാ)

കളഹംസം ഞാനംബരചാരീ
നളനുടെഭുതനതോത്തീടേണം,

കളമൊഴിനിന്നുടെചരിതംകേട്ടിഹ
പൊളിയല്ലരചൻ പരവശനായി;
കാമശരാർത്തിപിടിച്ചുടഥിച്ചൊരു
കോമളതനുവാം നളനരപാലൻ
താമരയിലകൾവിരിച്ചുശയിച്ചുഥ
ഭൂമിയിലനിശംമുറങ്ങീടുന്നു;
മട്ടുമലർപരിമളമേറ്റുനേരം
കിട്ടുകിടെമേനിവിറച്ചീടുന്നു;
ഉടലിൽചന്ദനമണിയുന്നേരം
ചുട്ടകനലെന്നവനോർത്തീടുന്നു:
ശശിയുടെകാന്തികളാന്തിവരുമ്പോൾ
വിശറിയെടുത്തഥ വീശീടുന്നു;
ആശ്രയനിധിയാം സുന്ദരനൃപനെ
ശശീവദനേ! നീയോർത്തീടേണം;
അയ്യോകഷ്ടമവസ്ഥയീതൊന്നും
നീയറിയാത്തതിനെന്തിഹസംഗതി?
അവനുടെരുപഗുണങ്ങൾമനസിച്ചാൽ
ശിവശിവ! എന്നതുമാത്രംപറയാം;
ഭുവനംമൂന്നിലുമോത്തുവരുമ്പോൾ
അവനൊടുസമമിന്നവനേയുള്ളു;
ആണല്ലാതൊരുമലർശരനിപ്പോൾ
നാണംകെട്ടൊരുകോണിലൊളിക്കും
ഏണാങ്കൻപുനരംബുധപടലേ
ന്നുണനടപ്പതുകാണുന്നീലേ?
നളനുടെമുഖവുംചന്ദ്രനുമോത്താൽ
വളരെവിശേഷംകാണ്മാനുണ്ടു
അളിനിറമായകളങ്കംകൊണ്ടൊരു
വെളിവൊരുനേരവുമിന്നുവിനില്ല;
ഒളിമിന്നീടുമൊരധരപ്രഭയാൽ
നളനുടെവദനമിതെത്രമനോജ്ഞം!

ചഞ്ചൽപുരികുഴൽതഞ്ചുംനളനുടെ
കൊഞ്ചൽപുതുമയൊടഞ്ചിതമാകിന
പുഞ്ചിരികണ്ടുടനഞ്ചിമയങ്ങിന
ചഞ്ചലമിഴികടെനെഞ്ചിൽപരിചൊട്ടു
പഞ്ചായുധനുടെചഞ്ചൽകണകള
തഞ്ചുംകൊണ്ടുടനഞ്ചുംവിഷരസ
സഞ്ചിതപാവകവഞ്ചനയാലെഴു-
യാഞ്ചിതയും ചിലർ വാഞ്ഛിക്കുന്നു;



Digitized By Kerala Sahitya Akademi

ഏറമ്പടകളിലൂറതയുള്ളോരു
മാറാർപടയും മറങ്ങവനുടെ
ക്രൂറാർപടയും മുറുംനളനുടെ
ചുറുംനിന്നടനേറുപിണങ്ങും
മാറികളെല്ലാം തോറുശരങ്ങളു-
മോരുമുറിഞ്ഞങ്ങോരാണ്ടയമൊടു
കാറത്തിളകിനപാറാകൾപോലെ
തെറെന്നടവികൾപാറീടുന്നു;
എട്ടുദിഗന്തരവട്ടംപൊരുതും
ദുഷ്ടരിപുക്കടെകോട്ടകളെല്ലാം
തട്ടിനിരത്തിക്കെട്ടുകൾപലതും
മുട്ടിമുറിച്ചുടനിട്ടാലവയും
ചുട്ടജയക്കഴനാട്ടിക്കാടുകൾ
വെട്ടിമുറിച്ചുംനാട്ടിൽവിളങ്ങിന
പുഷ്ടികളവരുടെവെട്ടിയടക്കി-
ച്ചുട്ടംകെട്ടിനശിപ്പിൻനളനുടെ
ചട്ടംകണ്ടവർക്രുട്ടത്തോടെ
കെട്ടുംകെട്ടിക്കെട്ടിയപെണ്ണും
കുട്ടികളും ചിലചട്ടികളും ചില-
പെട്ടികളും ചിലപൊട്ടിയകലവും
ചട്ടുകവും ചിലവട്ടികളും ചില
കൊട്ടകളെന്നിവകെട്ടിപ്പെറി
കാട്ടിൽപലപലകോട്ടിൽനടന്നും
പട്ടികൾപോലെപട്ടിണിയിട്ടും
കഷ്ടമനത്ഥപ്പെട്ടീടുന്നു;
ഈത്രപരാക്രമമുള്ളോരുനളനാം
ധാത്രീപതികുലമകുടശിരോരത്നമണി
തത്രമനോഭവബന്ധംകൊണ്ടതി
മാത്രം പരവശനായി സരസിജ-
പത്രേവീണ മയങ്ങീടുന്നു
ഗാത്രം പോയിമെലിഞ്ഞീടുന്നു
മാത്രം ക്ഷണമെന്നതുമില്ലാ
ഈത്രപകർന്നു നിഷധനരേന്ദ്രൻ
ധാത്രിയിലായി ശയനവുമിപ്പോൾ
രാത്രിയിലല്ല മുറക്കവുമില്ല
നേത്രജലങ്ങൾ പൊഴിഞ്ഞുവഴിഞ്ഞു
ഗാത്രം മുഴുവൻ മുഴുകീടുന്നു;
നളിനാസനനുടെ വാഹനമാകിന

കളഹംസം ഞാനംബുജനയനേ!
പൊളിവചനങ്ങൾ പറഞ്ഞിട്ടില്ലേ
കളമൊഴിയാളേ കരുതുകിതെല്ലും.
പരിതാപരയന്നം പറഞ്ഞമൊഴിയെല്ലാം
തരസാ ദമയന്തീ ധരിച്ചു ഹൃദയത്തിൽ
നളിനമുഖനാകും നളനെ നിരൂപിച്ചു
വളർന്നു കാമരസം തളർന്നു ശരീരവും
ഗളിച്ചു കണ്ണനീറിൽ കളിച്ചു വഴിപോലെ
മുളച്ചുകുരുത്തലം ഇളച്ചു കളിയെല്ലാം
വിറച്ചു മുലരണ്ടും തറച്ചുമലർശരം
ഉറച്ചു പരിതാപമണച്ചു ക്ഷണനേരം
കയർത്തു മലരമ്പൻ വിയർത്തു മുഖമപ്പോൾ
നിറഞ്ഞലജ്ജയോടെ പറഞ്ഞു തുടങ്ങിനാൾ.
കനകപയോരുഹമധുപനം പെ-
യ്യുനവധി സുഖമൊടു സുരലോകങ്ങളിൽ
അനവരതം മരുവീടും നിന്നുടെ
കനിവുനിനച്ചുഹമുരചെയ്യുന്നേൻ
മനസിജസുന്ദരനാകിയ നളനെ-
ന്മനസികരേറിവസിച്ചീടുന്നു
മന്നുജശിരോമണിമാണിക്യം മമ
മനസിജതാപവുമുളവാക്കുന്നു;
നളനല്ലാതൊരു പുരുഷനിലെന്മന-
മിളകുന്നീലതു ബോധിച്ചാലും!
നളനുടെ ഗളമതിൽ മാലയിടുന്നതി-
നെളുതായൊരു വഴി നിരൂപിച്ചാലും
ജനകനിതിങ്കലിറങ്ങീലെങ്കിലു-
മിനിമറൊരുവനിനിക്കിഹവേണ്ടാ;
കനകം കോരിചൊരിയുന്നവനെയു-
മനുരാഗം മമ മനമതിലില്ലാ
എന്നുടെ പ്രാണനുമവനുടെപ്രാണനു-
മിന്നുതുടങ്ങിയതൊന്നായ്ചമ്പു
സുന്ദരനാകിയ നളനെക്കാൺമാ-
നെന്നു നമുക്കിഹ സംഗതിയുള്ളു?
ഞാനപ്പുരുഷയിൽ മികവുള്ളവനെ!
നിന്നെയൊഴിഞ്ഞൊരു ഗതിയില്ലിഹമേ!
എന്നുടെ വാത്കളൊന്നൊഴിയാതെ
മന്നവർ മണിയോടറിയിച്ചാലും
എന്നൊക്കാം ഗുണമേറും തരുണികൾ
മന്നിൽ പലവിധമുണ്ടെന്നാലും

Digitized By Kerala Sahitya Akademi

എന്നെ വെടിഞ്ഞീടരുതെന്നരചനോ-
ടിന്നുടവാൻ പോന്നരചയ്യേണം
ശരണം നീ മമ നളനെ വരുത്തി-
ത്തരണം വിരവൊട്ടു മടിക്കൂടാതെ
മരണമിനിക്കു വരുത്തും മൻപേ
വരണം നരപതിവരണം ചെയ്വാൻ;
കരുമനപൊരുകിന കാമക്കള്ളനു
കരളിലൊരല്പം കരുണയുമില്ല
നരപതി വിരവിൽ വരവില്ലെങ്കിൽ
മരണമനംഗനിനിക്കു വരുത്തും.

പദം.

കളഹംസകാരുണ്യരാശേ!
ലളിതാകൃതേ കളങ്കമെല്ലാമൊഴിക്കനീ
നളങ്കലെന്നെക്കൊട്ടുക്കനീ
വിളംബിതത്തെക്കുറയ്ക്കനീ
തെളിഞ്ഞുനമ്മെത്തുണയ്ക്കനീ (കളഹംസ)
മനക്കരുന്നുവെന്തുരുകീടുന്നു
നളനെത്തന്നെ നിനയ്ക്കുകമൂലം
മാൽപെരുകീടുന്നു പിരിഞ്ഞിരിപ്പാൻ
ഇനിക്കു ധൈര്യംപാരം നേത്തിടുന്നുമനസിമമ
(കളഹംസ)

നിനച്ചതെല്ലാം വരുത്തുവാൻ
നിനക്കുപായം പെരുക്കയാൽ
തനിച്ചു നിന്നോടിരന്നു ഞാ-
നിനിച്ചിതം നീ വരുത്തുക (കളഹംസ)
അടുത്തുവന്നു നിന്നു കാമദേവൻകുസുമബാണം
തൊടുത്തു കൊണ്ടാനെന്നു തോന്നുന്നു
അതിനെയിന്നു തടുത്തു നിർത്താ-
നാളല്ല ഞാൻ പരമബന്ധോ! (കളഹംസ)
പടുതരമേറും നരേന്ദ്രനോ-
ടടുത്തിവണ്ണം പറഞ്ഞു നീ
അടുത്തനാളേയ്ക്കുകംപരം
കടുത്തതാപം കുറയ്ക്കനീ (കളഹംസ)
നിറഞ്ഞകാന്തി കോലും കാന്തൻ തന്റെ-
[രൂപസൌന്ദര്യം
പറഞ്ഞു കേട്ടതുനേരം തന്നെ ഞാൻ കണ്ടതു
അറിഞ്ഞിതെല്ലാമിന്നു രാജഹംസമേ! [പോലെ
(കളഹംസ)

ആവന്റെ ചിത്തം മറിഞ്ഞുപോവാ-
തറിഞ്ഞവണ്ണം തുണയ്ക്കനീ
പറഞ്ഞവാക്കിലൊരേടവും
കുറഞ്ഞുപോകാതുരയ്ക്കനീ
കളഹംസകാരുണ്യരാശേ! ലളിതാകൃതേ
കളങ്കമെല്ലാമൊഴിക്കനീ.

ഭീമാത്മജയുടെ വചനം കേട്ടതി
ധീമാനാമയരന്നം ചൊന്നാൻ;
ഭൂമീപതിവരനായനളങ്കൽ
പ്രേമമുറച്ചോ! ശശധരവദനേ!
നിങ്കലുറപ്പുണ്ടെന്നതു വന്നാൽ
സങ്കടമഖിലമൊഴിക്കുന്നോൻ ഞാൻ
പങ്കജനയനേ! നളനരപാലനു
നിങ്കൽ കനിവിനു കുറവില്ലേതും
സ്ത്രീപുരുഷന്മാക്കന്യോന്യം ഭവി
ശ്രുപഗ്രഹണങ്ങൾ തികഞ്ഞു വരുമ്പോൾ
സന്ധിപറഞ്ഞിഹ ചെല്ലുവരുത്തും
ബന്ധുക്കൾക്കൊരു ക്ലേശവുമില്ല;
നീറാടിലിരിക്കും വള്ളങ്ങൾക്കൊരു
കാറു കണക്കെ പിടിച്ചെന്നാകിൽ
താനേ വലിക്കുന്നാളുകളെല്ലാം
മിണ്ടാതവിടെയിരുന്നാൽ പോരും
നാമരക്കാരൻ തലതെറ്റാതെ
കിമപിസഹായം ചെയ്താൽകൊള്ളാം
ദമയന്തീനളയുഗളം ചേർപ്പാൻ
ശ്രമമില്ലേതുമിനിക്കു വിശേഷാൽ
ചുട്ടപഴുപ്പിച്ചീടിനകനകം
കുട്ടിവിളക്കാമെന്നു വരുമ്പോൾ
തട്ടാനരികിലിരുന്നതു തമ്മിൽ
കൂട്ടുകമാത്രം ചെയ്താൽ പോരും;
എന്നതുപോലേ ഞാനുമിതിങ്കൽ
സുന്ദരവദനേ പണിചെയ്യുന്നേൻ
ഇങ്ങിനെ നിന്നുടെ ഹൃദയമറിഞ്ഞാൽ
പിണ്ടാതിക്കിനിയില്ലൊരു വികൃതി
ഇത്തരമുരചെയ്തരയന്നം താൻ
സത്വരമങ്ങു പറന്നു തിരിച്ചു
ഉത്തമനാകിയ നളനുടെ മുമ്പിൽ
എത്തിക്കഥകൾ പറഞ്ഞറിയിച്ചു.

പൊൽക്കൊണ്ടീടിനഭീമനരാധിപ
നുക്കാലം നിജകന്യകതന്നുടെ

Digitized By Kerala Sahitya Akademi

യോഗ്യമതായ്സ്വയംവരഘോഷം
ഭാഗ്യഗുണോത്തമനാരംഭിച്ചു;
പത്തുമൊരെട്ടും ദ്വീപുകളെല്ലാരു
ധാത്രിക്കോണകം വാണുവസിക്കേ
ധാത്രീപതികൾക്കെല്ലാം വിരവൊട്ടു
പത്രികയെഴുതിയയച്ചു തുടങ്ങി;
നാരായണനുടെ കേരിൽ മുമ്പാം
നാരദമുനിയും പർവ്വതമുനിയും
പാരിടമഖിലം പുനരുകാലം
പോരുതിരിഞ്ഞു നടക്കും സമയേ
കടലിടതടവിനധരണിയിലെങ്ങും
പടയുടെനാമം കേൾപ്പാനില്ല
ഉടനേമുനിവരരിരുവരുമങ്ങിനെ
നെടുവീർപ്പിട്ടു തിരിച്ചു നടന്നു
ഇരുവരുതമ്മിൽ കലഹിക്കാഞ്ഞാൽ
ഒരുരസമെന്നയ നാരദനില്ല;
ഒരുവിധമേഷണിക്കുട്ടുവതിന്നൊരു
പെരുവഴി നോക്കിനടക്കുന്നേരം
സരസിജമുഖിരമയന്തിനിമിത്തം
പരവശരാമിനിമന്നവരെല്ലാം
തരമിതുകൊള്ളാമിവിടെ വരുത്തി
സ്വയംപതിയെക്കൊണ്ടാനന്ദമറിക്കാം
പലപലനൃപതികൾ തമ്മിൽ പെരുകിന
കലശലുമിവിടെ വരുത്തീടാം ഞാൻ
ഫലമിനിയവളുടെ ചരിതമിതെല്ലാം
വലരിപുതനോടറിയിക്കേണം
എന്ന മനസ്സിൽ കരുതീ മുനിമാർ
പെന്ന സുരേശ്വരനഗരം പുക്കു
ഇന്ദ്രനിരുന്നരുളുന്നൊരു സഭയിൽ
നന്ദികളന്നെഴുനള്ളിമുനിമാർ
ത്വടിതിസുരോത്തമനെഴുനേറവരുടെ
അടിമലർ തൊഴുവണക്കത്തോടെ
അടിമലർപൊടിനിജമുടിയിലണിഞ്ഞു
പൂതരുപൂജകളുടനേചെയ്തു
കനകാസനമതിലവരെയിരുത്തി
കനിവൊടുവിശേഷിയെടുത്തഥവീശി
മുനിയുടെ വചസാ താനമിരുന്ന
മനസിതെളിഞ്ഞുപറഞ്ഞു മഹേന്ദ്രൻ,

നിങ്ങളെയിവിടെക്കാണ്മാനധുനാ
സംഗതിവരുമെന്നോർത്തില്ലേതും
ഞങ്ങടെ സുകൃതം കൊണ്ടിനിമേലിൽ
മംഗലമനവധി വരുമിഹനൂനം
കണ്ണുകളായിരമുള്ളതുമിപ്പോൾ
നിർണ്ണയമഖിലം സഫലമതായി
പൂർണ്ണാനന്ദം മനസിവേറ്റു
കണ്ണാനന്ദം പറകയുമല്ല;
ഈതുകരിപുപദഭക്തമണേ! ഞാ-
നന്ധതകൊണ്ടൊന്നരചെയ്യുന്നേൻ
നിന്തിരുവടിയെക്കൂടി ചോദിച്ചെന്നാ-
ലന്തരമില്ലിതു;ബോധിച്ചീടും
മന്നിലിരിക്കും മന്നവരിപ്പോ-
ളെന്നുടെനഗരേ വരുമാറില്ലാ;
മുന്നംപലരും ഭൂമിയിൽ നിന്നിഹ
വന്നുസുഖിച്ചു വസിപ്പാറുണ്ടു;
പെരുവഴിപോക്കനുഭവനമതായി
പെരുകിനസാധനസമ്പത്തുകളാൽ
ഒരുഫലമില്ലനമുക്കിതുകാലം
ഒരുവനുമില്ലതുകൊണ്ടുസുഖിപ്പാൻ
അർത്ഥം വളരെസ്സമ്പാദിച്ചു-
താനർത്ഥത്തിന്നൊരുപെരുവഴിയായി
അർത്ഥികളൊരുവനുമിങ്ങുവരാഞ്ഞാൽ
വ്യർത്ഥമിതെന്തിനു രക്ഷിക്കുന്നു?
ദാനവരിപുതൻതുക്കാലാണെ
ദാനംചെയ്യാൻ മടിയില്ലടിയനു
മേനിക്കാഗ്രഹമുണ്ടായാൽ ചില
ദാനം ചെയ്യുമിനിക്കതുമില്ല
ചുങ്കമെടുത്തും പിഴചെയ്യിച്ചും
ശങ്കവെടിഞ്ഞുഗ്രഹങ്ങൾകവർന്നും
വങ്കരമേൽമരുവുന്നജനത്തിനു
സങ്കടമറ്റനന്നളവാക്കിച്ചും
കമ്പോളത്തിലിരിക്കുന്നവരൊട്ടു
വൻപുപറഞ്ഞുപിടിച്ചുപറിച്ചും
വമ്പെഴുതിച്ചും വിരൽമുക്കിച്ചും
മുമ്പിൽവരുത്തിപ്പണമൊപ്പിച്ചും
കയ്ക്കാണത്തിനുകൺമുനയിട്ടും
കയ്ക്കൽവരുത്തിയതല്ലുവയൊന്നും

Digitized By Kerala Sahitya Akademi

കല്പകവൃക്ഷംതന്നിൽവിളഞ്ഞോര-
നല്പധനങ്ങൾമുനീന്ദ്രന്മാരേ!
യജമാനന്നുപിഴുക്കുണ്ടായാൽ
പ്രജകൾപൊറുപ്പാനെളുതല്ലേതും,
സജ്ജനങ്ങൾക്കുകൊടുത്തതുകൊണ്ടും
സുജനങ്ങൾക്കിഹമതിയാകില്ല;
ക്രൂരജ്ഞരെവിളിച്ചുവരുത്തി
ചോറുകൊടുത്തുപുലർത്തിടുകയും
ദേവൂതിരിക്കയുമന്യജനത്തൊട്ട
മാറീടുകയും ചിലവിദ്വാന്മാർ
ഓടുകടന്നൊരു സുയാദികളും
കേടുവരുന്നോക്കുന്നോവനയും
വിദ്യപാഠിച്ചതുവിറവട്ടജിക്കയും
ഇട്ടിക്കുകളിലൊരേടവുമില്ല.
ആശ്രിതപാലകനിഹജ്ഞാനമുമിഹ
വിശ്രുതവിദ്വാന്മാക്കുംബോധം;
കായ്മമശേഷംബോധിപ്പാനൊരു
കായ്ക്കാരനെഞാൻകല്പിക്കും
വൈരമവങ്കലൊരുത്തനുമില്ലാ
വൈരികളവനെശ്ശങ്കിക്കേണം
ശേഷംപ്രജകളിലൊരുവനവന്നൊട്ടു
ദൂഷണമുള്ളതുപറകയില്ലാ;
ഏഷണികൊണ്ടുദിനങ്ങൾകഴിക്കും
ദോഷജനങ്ങളുമില്ലിഹനാട്ടിൽ
ഇരുതായുള്ളവിധങ്ങളിലൊന്നും
സുരലോകങ്ങളിലില്ലമുനീന്ദ്ര!
എന്നായിട്ടുസുഖിപ്പാനാളുകൾ
പോന്നവരുന്നില്ലെന്തൊരുകഷ്ടം
പടയുടെനടുവിലണഞ്ഞുപിണങ്ങി
കടകം ഓതിരമെന്നിവപലതര-
മടവുകൾകൊണ്ടുതടുത്തുവെട്ടി
ത്ഡിതികടുത്തുമുറിക്കുന്നേരം
തടികൾമുറിഞ്ഞും പൊടികളണിഞ്ഞവ-
രുടനദേവകളായിവരുമ്പോൾ
മടവാർമണികളുമിന്നിഹഞാൻഞാ-
നിടണംമാലകഴുത്തിലിതെന്നോ-
ത്തുടലുകൾതമ്മിലിടഞ്ഞുതടഞ്ഞും
തടമുലയിണപുണരൊന്നുകളുന്നും

പൊട്ടുപൊടെമാലകൾപൊട്ടിയുതിന്നും
മുടികളഴിഞ്ഞുകിഴിഞ്ഞുമുതിന്നും
പരിചൊടുവീശുമെഴുന്നൊരുപുരുഷരെ
വിരവിൽചെന്നുവരിച്ചുവരുന്നൊരു
വടിവുകളമ്പൊടുകണ്ടുരസിപ്പാ-
നടിയനുകണ്ണുകളിനിയുമൊരായിര
മിടക്കുടുകിലേമതിയാവുള്ള!
സമരമതിങ്കൽമരിച്ചനരന്മാ-
രമരന്മാരാമുടനേതന്നെ
അമരവധൂക്കൾക്കവരെവരിപ്പാ-
നമിതമൊരാഗ്രഹമുണ്ടവിശേഷാൽ
പുതുപുരുഷന്മാരോടുരമിപ്പാൻ
മതിമുഖിമാക്കിഹകൗതുകമേറും
മുതുപുരുഷന്മാരായിസുരന്മാ-
രതുകൊണ്ടവരും ദുഃഖിക്കുന്നു;
ഞാനുളിച്ചെയ്തതുകേൾക്കണമെല്ലാം
കരളിലിനിക്കൊരുവെളിവില്ലേതും
പണ്ടേപ്പോലെഞങ്ങടെലീലകൾ
കണ്ടുരസിക്കണമെന്നില്ലാക്കും
മന്നിൽവസിക്കുംയജമാന്മാ-
ക്കിന്നുപതുക്കെയുപേക്ഷതുടങ്ങി,
എന്നുടെകുറവുമിതെങ്കിൽപലതുടെ
മുന്നിലുടൻപരമാർത്ഥംചെയ്യാം.
ഇന്ദ്രവചസ്സുകൾകേട്ടുമുനീന്ദ്രൻ
മന്ദസ്മിതമുഖനരുളിച്ചെയ്തു.
സകലസുധാശനമകുടമണേ! നീ
സകലമഹീതലചരിതംകേൾക്ക.
സകലവിദഗ്ദ്ധനരേന്ദ്രൻ ഭീമൻ
സുഖമൊടുനഗരേവാഴുംകാലം
സന്തതിയില്ലാഞ്ഞവനുമുഗ്രർമ്മുഹു-
രന്തസ്താപംപെരുതായ്വന്നു,
സന്തതമോരോസൽക്രതിയുംചെ-
യ്തന്തണവരെവണങ്ങിവസിച്ചു
ദമനമുനീശ്വരവരവചനത്താൽ
ദമനനൊരുസുതനുളവായ്വന്നു
കമലശരാസനജയലക്ഷ്മിയതാം
ദമയന്തികുമാരിയുമുളവായീ
ഈരേഴുലകിനുമവളെപ്പോലൊരു
നാരീമണിയെക്കാണ്മാനില്ലാ;

Digitized By Kerala Sahitya Akademi

വാരിജഭവനിന്നഖിലചരാചര
സാരമെടുത്തുടനവളെത്തീർത്തു,
ക്രൂരിരുമ്പുകൊണ്ടവൾപുരികഴൽതീർത്തു;
വാരിരുഹംകൊണ്ടക്ഷികൾതീർത്തു
വാരിജസായകചാപംകൊണ്ടു
സാരോരുഹമിഴിതൻപുരികംതീർത്തു
കാമശരേണകടാക്ഷംതീർത്തു
സോമനെയവളുടെവദനവുമാക്കി,
ബിംബഫലംകൊണ്ടധരംതീർത്തു
കംബുവിനാൽഗളതലവുംതീർത്തു
കനകചായാരുഹമുകുളംകൊണ്ടുട-
നനുപമകുളർമുലയുഗളംതീർത്തു;
ഞാരയാലിലകൊണ്ടുദരംതീർത്തു
നവമാലികയാൽകരവുംതീർത്തു
പുളിനംകൊണ്ടവൾജഘനംതീർത്തു
നളിനംകൊണ്ടവൾതുടകൾചമച്ചു
മദനരസേനമനസ്സുചമച്ചു
ചെമ്പകമൊട്ടിന്നിരുളൊളികൊണ്ടുട-
നിമ്പമൊടംഗപ്രഭയുംതീർത്തു
രംഭാതിലോത്തമയെന്നിവരെല്ലാം
കുമ്പിടുമവളെക്കാണുന്നേരം
ഇന്ദ്രാ നിന്നുടെവല്ലഭയാകും
ഇന്ദ്രാണിക്കുമിളപ്പംതട്ടും;
കണ്ടജനങ്ങടെകണ്ണുംമനവും
വണ്ടാർകുഴലികവന്നീടുന്ന
ഏഴുസമുദ്രദ്വീപുകളുടനാ
വാഴുംനൃപതികളിവിടെവിശേഷം
ചാരന്മാരുപറഞ്ഞുധരിച്ചും
മാരശരാതുരമാനസരായി;
ദമയന്തിയുടെവിശേഷമതൊന്നേ
ദേശാദികളിൽകേൾപ്പാനുള്ള
ങ്ങുലടിക്കണമിങ്ങുലടിക്കണ
മെന്നിഹസർവ്വജനത്തിനുമാഗ്രഹം
എങ്ങുമൊരേടമടങ്ങിയിരിപ്പാ-
നംഗജനിപ്പോളവസരമില്ല;
വില്ലുവലിച്ചുകുലച്ചുപിടിച്ചുവ-
നെല്ലുദിക്കിലുമോടീടുന്ന
അമ്പുകൾപോരാഞ്ഞിരവുംപകലും
ചെമ്പകമൊണാനഴന്നീടുന്ന
ആയോധനകലാഹാദികൾതങ്ങളിൽ
ആയതുമൊന്നിഹകേൾപ്പാനില്ല;
ആയതമിഴിയെനിനച്ചുനൃപന്മാർ
ആയുധവിദ്യകളൊക്കെമറന്നു;
പടയെന്നുള്ളവിധങ്ങളിതൊന്നും
തടിയന്മാക്കുംസമ്മതമില്ല;
തടിയുടെംഗിവരുത്തിത്തന്നെ
മൂടിവാനുള്ളൊരുചെരുവഴിക്കുട്ടി,
ചലമിഴിയാൾക്കുമനസ്സിലിണങ്ങും
പലതരമോരോകോപ്പുകൾതീർത്തും
എന്തൊരുവസ്തുവിലടിലാഷംദമ-
യന്തിക്കുള്ളിലതറിവാനായി
സന്തതമാരുംബോധിക്കാതെ
ബന്ധുജനങ്ങളെയാത്തയുമാക്കി;
ഒരുവനവൾക്കുതരത്തിനുചേരും
തരിവളതീർപ്പിച്ചങ്ങിനെപാത്തു
ഗ്രന്ഥികളെബ്രഹ്മമാനമവൾക്കു-
ണ്ടന്തരമില്ലെന്നറിയുന്നേരം
ഗ്രന്ഥമഴിച്ചുപഠിച്ചുതുടങ്ങും
ചിന്തിച്ചുത്മുരച്ചുതുടങ്ങും
സ്വരമുള്ളവനിൽങ്കൌതുകമെന്നാൽ
സരിഗമപധനിസ എന്നുതുടങ്ങും;
ആട്ടക്കാരിൽകനിവുണ്ടതുകേ-
ട്ടാട്ടവുമങ്ങുതുടങ്ങുംതാനും;
ചതുരംഗപ്പോരുള്ളൊരുപുരുഷൻ
ഹിതമെന്നിവിടെമനസ്സുണ്ടെങ്കിൽ
ചതുരംഗത്തിനുവിരുതുണ്ടാവാൻ
കൊതിയനിരുന്നുപ്രയത്നംചെയ്യും;
മാലയിലാഗ്രഹമെന്നതുകേട്ടാൽ
മാലകൾതീർത്തുകൊടുക്കുമൊരുത്തൻ
നാലുദിഗന്തരവാസികളാംക്ഷിതി-
പാലന്മാരുടെതെഴിലീവണ്ണം.
സംഗരമെന്നതുഭൂമിയിലെങ്ങും
സംഗതിവരുവാനിനിയെളുതല്ല
എടുക്കുംതല്പയിൽ പുലിവീണാലും
പൊഴുകോടാലിവച്ചെന്നാലും
പിഴയുള്ളവനെക്കണ്ടെന്നാലും

Digitized By Kerala Sahitya Akademi

വഴിയിൽവിരോധംചെയ്കെന്നാലും
നാടൊരുദിക്കുതകത്തെന്നാലും
വാടയിടിച്ചുമുടിച്ചെന്നാലും
മൂഢന്മാക്കൊരിളക്കവുമില്ല
ക്രൂടലരോടുപിണക്കവുമില്ല
പാത്തലവാസികളാകിയനൃപരുടെ
വാത്തകളെല്ലാമങ്ങിനെതന്നെ
ധൃത്തനതാകിയമദനൻതന്നുടെ
ക്രുത്തശരംകൊണ്ടോരുരരായി;
മതിമുഖിമാരിലുമതിപടുവാകിയ
മതിമുഖിമാരുടെമടിയിലിരിപ്പാൻ
മതിയാംവണ്ണംപുണ്യംചെയ്തോരു
മതിമാനുണ്ടൊരുദിക്കിലിദാനീം
വിശ്വത്തിങ്കലൊരേടത്തുണ്ടു്
ഭൂശൂരനുറിയാമാരെന്നുള്ളതു
വാശ്ശ്രയമാട്ടയുമെന്തിനിദാനീം
വേശ്യകൾംവൃത്തിനമുക്കറിയേണ്ടാ
യുദ്ധംകാണ്മാൻവകയില്ലാഞ്ഞു
ബുദ്ധിക്കൊരുതെളിവില്ലിഹയിപ്പോൾ
ശ്രുതമാകിനദേവാസുരമാം
യുദ്ധമിദാനീമുണ്ടായ്തുരുമോ?
എന്നതുകേട്ടസുരേന്ദ്രൻചൊന്നാൻ
എന്നൊട്ടുമുനിയതുക്ലേശിക്കേണ്ടാ
എന്നുടെയനുജൻകമലാകാന്തൻ
തന്നുടെഘോരസുദർശനചക്രം
നിന്നമരാപുരിരക്ഷിക്കുമ്പോൾ
എന്നുംദാനവർവരികയുമില്ല
നമ്മുടെവജ്രംനിഷ്ഫലമാക്കി
അംബുജലോചനനെന്നുടെസഹജൻ
ചണ്ഡമതാകിനകോദണ്ഡംമമ
മണ്ഡനമാക്കിമേഘങ്ങൾക്കു
ദേവാസുരരണമില്ലമുനീന്ദ്ര!
കേവലമയ്യമമമോഹിക്കേണ്ടാ
ദേവാധിപനുടെവചനംകേട്ടു
ദേവമുനീന്ദ്രൻ പുനരരുൾചെയ്തു
ഇങ്ങു ഗ്രഹപ്പിഴയുള്ളൊരുകാലം
നിങ്ങടെ കുറമതല്ല സുരേന്ദ്ര!
ഞങ്ങളിദാനീം പോകുന്നു തവ
മംഗലമസ്തു! സമീഹിതമസ്തു!
നാരദപർവ്വതരേവംചൊല്ലി
ധീരതയോടു ഗമിച്ചൊരുശേഷം
സപ്തിയാകിയ വാസവനുടനെ
ദിക്പതിമാരെ വിളിച്ചുരുംചെയ്തു
ഭീമാത്മജയുടെ കല്യാണത്തെ-
ക്കാൺമാനഭിരുചി നിങ്ങൾക്കുണ്ടോ
നാമിനിയവിടെച്ചെല്ലുന്നേരം
കാമിനിനമ്മെ വരിക്കില്ലില്ലീ?
എന്നതുകേട്ടടനഗ്നിയുമിളകി
പിന്നെക്കാലനുമൊന്നുപകൻ!
തരുണീമണിയെക്കേട്ടതുനേരം
വരുണൻ വിരുണൻ മുമ്പിൽനടന്നു
ധനദനുപോവതിനാഗ്രഹമുണ്ടു
ഖനിവിട്ടച്ചു ഗമിപ്പാൻമേലാ
പവനനൊരിക്കലുമവസരമില്ല
ഭുവനതലത്തിൽ നടക്കനിമിത്തം
ദനുജന്മാരിൽ ചേരുകയില്ല
മനുജന്മാരിതി നിരൃതിയടങ്ങി,
ഗിരിമകൾതന്നെശ്ശങ്കിച്ചിട്ടു
ഗിരിശനുമങ്ങു പുറപ്പെട്ടില്ലാ;
ഇന്ദ്രനുമഗ്നിയുമന്തകനപ്പതി
നന്ദികലന്മ്വർ നാൽവരുമുടനേ
ഒന്നിച്ചനവധി കൌതുകമോടെ
മന്ദമിറങ്ങി നടന്നുതുടങ്ങി
ഉർവ്വശിമേനകരംഭതിലോത്തമ
സർവ്വസുരാംഗനമാരതുനേരം
പർവ്വതശാസനഗമനംകണ്ടവർ
ദുർവ്വചനങ്ങൾ പറഞ്ഞുതുടങ്ങി:
സുരപതി പിതൃപതി ജലപതി വഹ്നിയു-
മൊരുനരതരുണിയിലാഗ്രഹമോടേ
തെരുതെരെയങ്ങു തിരിച്ചുതുകാൺമാൻ
വരുവിൻ വരുവിൻ സുരനാരികളെ!
വിണ്ണവർനാട്ടിൽ തരമായിട്ടൊരു
പെണ്ണില്ലാഞ്ഞവരങ്ങുഗമിച്ചു
തന്നുടെ നാട്ടിലെയംഗനമാരെ-
ച്ചെങ്ങാതിക്കു തരംപോരഞ്ഞി-
ട്ടങ്ങൊരുദിക്കിൽ ചെന്നൊരു പെണ്ണിനെ

Digitized By Kerala Sahitya Akademi

ഇങ്ങുവരുത്താമെന്നൊരുമോഹം;
ഇന്ദ്രനുപിന്നെ വിചാരിക്കുമ്പോൾ
ഇന്നുതുടങ്ങിയ ശീലവുമല്ലാ
സുന്ദരിയാകുമഹല്യയിലഭിരുചി
വന്നുഭവിച്ചൊരു ഗോഷ്ടികൾകൊണ്ടുട-
നന്നുപിണഞ്ഞജളത്വമതോർത്താൽ
ഇന്നിതിനൊട്ടും സംഗതിയില്ല;
മുറ്റുംസുരവരനിങ്ങനെയുള്ള
മറ്റവരെന്തിനു ക്രൂടെപ്പോയി?
കാറ്റാർകുഴലിയതൊന്നേയുള്ള
തെറ്റെന്നുവളിതിലാരെവരിപ്പൂ?
മറ്റവളതുകേട്ടൊന്നരചെയ്യൂ;
കുറ്റംവരുമവർ കേട്ടെന്നാകിൽ
മുറ്റുംമനസിയ സൂയമുഴുത്തി-
ട്ടുറ്റവരെക്കൊണ്ടിതുപറയുമ്പോൾ
അറ്റംവിട്ടന്യാമരനാരികൾ
തെറ്റെന്നങ്ങുപറഞ്ഞുതുടങ്ങി;
നാരദമുനിയുടെ കപടത്തൊഴിലുക-
ളാരറിയാത്തതു ബോധിച്ചുള്ളിൽ
നേരെന്നോർത്തുതിരിച്ചുനടന്നു;
ധീരതയുള്ളിലവക്കില്ലെന്നതു
പാരാതിന്നതികച്ചുരചെയ്യാം.
കാണാമുടനേ നമ്മുടെയാളുകൾ.
ഏണാപാംഗിയെ ലജ്ജിയാഞ്ഞിട്ട
വീണാധരനെ മുഷിവുംചൊല്ലി
നാണംകെട്ടു തിരിച്ചുവരുന്നതു
ഏണവിലോചനയായ തിലോത്തമ
നാണമിളച്ചുവളരചെയ്തപ്പോൾ
നല്ലൊരു തരുണികൾ നമ്മുടെനാട്ടിലു-
മില്ലാഞ്ഞിട്ടവർ ഭണ്ഡികളുനു
യജമാനന്മാരെന്തിനുപോയി
നിജ ദൂതന്മാരില്ലാഞ്ഞിട്ടോ!
മാനക്കേടുവരുത്തിക്കൊൾവാൻ
താനേചെന്നേ മതിയാവുള്ളൂ
മാനവാധീശന്മാരിൽവിശേഷ-
ജ്ഞാനമുള്ളവനവളെ ലഭിക്കും
വാനോക്കീശൻ മുതലായുള്ളവർ
മാനമുപേക്ഷിച്ചിങ്ങുഗമിക്കും

ഇങ്ങനെയൊരുവിധമമരസ്ത്രീകടെ
തിങ്ങിനപ രിഹാസങ്ങൾഭവിച്ചു
ഞങ്ങൊരുകാലം ഭീമനരേന്ദ്രൻ
മംഗലസമയമടുത്തൊരുസമയേ
നളനുപതിക്കുടനൊരു കാറിയെഴുതി
തെളിവൊട്ടു ദൂതനെയാജ്ഞയുമാക്കി
നളഗൃത്തിൽ ചെന്നഥദൂതൻ
നളനെവണങ്ങിക്കുറിയുംനൽകി
അറിവുപെരുത്തൊരു മേനവനപ്പോൾ-
കുറിയിലെ വാചകമങ്ങറിയിച്ചു
ഭീമനരേശ്വരനെഴുതിയ വടിവിതു
സോമകുലേശ്വരനറിയണമെന്നാൽ—
ധനുമാസം പതിനാറാംതീയതി
ശനിവാരത്തെ മകരംരാശി
നമ്മുടെമകൾ ദമയന്തിയതാകിയ
കന്യകതന്റെ വിവാഹമുത്സവം
അതിനവോന്നം മന്ത്രികൾനാലും
ചതുരംഗിണിയാം സേനയുമായി
നിഷധപതേ! പതിനഞ്ചാംതീയതി
ഇഷസികളിപ്പാനിവിടെ വരേണം
ശേഷമവസ്ഥകളെല്ലാം നമ്മുടെ
ദൂതൻപറയുമിതേവമെഴുത്തു.
വാചകമിങ്ങനെ കേട്ടനരേന്ദ്രൻ
വാഞ്ഛിതമഖിലംവരുമെന്നായി
ദൂതനുപട്ടംവളയുംനൽകി
പ്രീതിവരുത്തിയയച്ചുപുരത്തിൽ;
കളമൊഴിയാളെക്കാണാമെന്നഥ
വളരെമനസ്സിൽ കൌതുകമോടെ
നളനരപാലൻ തെളിവൊട്ടുചെന്നു
കുളിയുംഭക്ഷണമാശുകഴിച്ചു
പുരുഷാരത്തെ വരുത്താനായൊരു
പുരുഷ്നെനിഷധനരേന്ദ്രനയച്ചു
പാരിലൊട്ടു പെരുകിന നായന്മാ വർ
പുരമതിൽവന്നുനിറഞ്ഞൊരുസമയേ
ടേജനമുടനിളകിന മദമൊട്ടുപടുതുവരവു
തുടങ്ങി
കുടലിടെ നടുതടമുടനിടിപൊടിപൊടികൾ
പറന്നുതുടങ്ങി

Digitized By Kerala Sahitya Akademi

തെളിവൊട്ട പലവാളുകൾം കക്കടതോക്കുകൾം
വില്ലുകൾം ശൂലം
വെളുവെള വിലസുന്ന കട്ടത്തിലശക്തികൾം
പത്രികുപാണം
ശക്തികൾം പലപരശ്ശുമുസ്സുണ്ടികൾം വില്ലുകൾം
ചുരികകൾംകന്തം
പരിചകൾം ശൂരുപരിഘം തോമരപ്പട്ടസ-
മീട്ടികൾം പോള-
ച്ചുരികകൾം എമതാടകൾം വെൺമഴു കത്തികൾം
വേലുകൾംമറവും
പെരുകിനപലകാളംതോക്കുകൾം ചക്രവു-
മുൽക്കടകന്തം
ഉടവാളുകൾം പടവാളുകളിവയൊടുവാളുകളിവ
പലതും
പടയാളികൾം വടിവോടാശു പിടിച്ചുവരവിടെ
നിറഞ്ഞു
നളനൃപനുടെ പുരമതിൽ വിരവൊടു പെരുകിന
പുരുഷസമൂഹം
കുകുമൊടുപലതരമൊരുവക മന്ത്രികൾം
മാടമ്പികളും
പലപല കൊലയാനകൾംകുതിരകൾംതേരുകൾം
കാലാളുകളും
പലതരമണിചാമരകുടതഴ പുങ്കൊടി
വെള്ളക്കൊടിയും
പരിചൊടുപലനായന്മാരവർവന്നൊരു
ദിക്കിലിരുന്നു
നരവരപുരസീമനികുട്ടമിരുന്നുപറഞ്ഞുതുടങ്ങി:

കുണ്ഡിനനരപതിതന്നുടെ മകളാം
പെണ്ണിനെ വേൾപ്പാനെഴുനള്ളുന്നു
നമ്മുടെ സ്വാമി ജഗത്ത്രയവീരൻ
സമ്മതമായിഹ നായന്മാരേ!
പെരിയപടജ്ജനസഞ്ചയമാനസ-
മറിയണമെന്നിട്ടരചെയ്യുന്നു
ഒരുവനുസമ്മതമല്ലെന്നാലതു
ശരിയേ കേൾക്കണമെന്നരുൾചെയ്തു
തന്തിരുവടിയുടെ കല്പനയെന്നാ-
ലൊന്നിനുമൊരുവനു സംശയമില്ലാ;
മന്ത്രികളൊന്നിനുമുതിരുംനേര-
മെന്ത്രീകണ്ടുനാമുടിപ്പാൻതുനിക്കും
തങ്ങടെകായ്മംനോക്കിനടക്കും
ചങ്ങാതികൾം പലരുണ്ടിഹനാട്ടിൽ
ഇങ്ങൊരുക്രൂട്ടം വന്നരചെയ്യും
അങ്ങുരചെയ്യും മറൊരുക്രൂട്ടം
ഇരുവരുതമ്മിൽ കടിപിടിക്രൂട്ടി
പരിചൊടുകണ്ടുരസിക്കുമൊരുത്തൻ
കുരളപറഞ്ഞു നടക്കുമൊരുത്തൻ
പരിഹാസങ്ങൾം നടത്തുമൊരുത്തൻ;
ചോരകൊടുത്തൊരു കൈക്കുകടിക്കു-
ന്നോരും പലവിധമേറിവരുന്നു;
തോണികടന്നാൽ തൊഴികൊടുതൊരു
നാണയമുണ്ടതുപോലെ സമസ്തം
ആണിനുചേരുമവസ്ഥകളല്പ്പേ
കാണുന്നുചില വസ്തുതകാരും
സന്ധിച്ചുവനെത്തുന്നൊപ്പിടിച്ചുഥ
ബന്ധിപ്പാനൊരു മടിയില്ലേതും
ബന്ധുതചെയ്യും മതിമാന്മാരക്കാര-
ന്തിപിണപ്പാൻ വഴിയുണ്ടാക്കും;
പടയെന്നുള്ളതു കേൾക്കുമ്പോളവർ
പടലിൽചാടിയൊളിച്ചുകിടക്കും
ഇടയില്ലാഞ്ഞൊരുക്രൂട്ടംപലവുക
തടിയന്മാരവരെന്തിനുകൊള്ളാം?
മറുനാട്ടിന്നു ഗമിക്കുമ്പോരം
കുറവുവരാതെയിരിപ്പാനിവക
പറയുന്നുഞാനെന്നുടെ വാൽത്തക-
ളറിവുള്ളാളുകളറിയുമശേഷം
വൻപുപെരുത്ത കരക്കാരെല്ലാം
മുമ്പിലകമ്പടി ക്രൂടീടണം
കൊമ്പുംകുഴലും തകിലും മുരജം
വൻപടഹങ്ങളുമനവധിവേണം.

കരങ്ങൾംവീശിക്കൊണ്ടുവരുമാതെന്തൊരുതോ
മരങ്ങൾംചുമപ്പാനോ? മരുന്നുപറിപ്പാനോ? [ൻ
കരത്തിലായുധങ്ങൾം തരത്തിൽകരുതാതെ
ഗുരുത്വമില്ലാത്ത നീ പുരത്തിൽ വരുന്നാകിൽ
അടിച്ചുചെപ്പുരണ്ടും പൊടിച്ചേ മതിയാവൂ
കടിച്ചു ബോധമില്ലാതടിച്ചുനിന്നുകിട്ടുമ്പോൾ
കടുത്തിലയും തോക്കും കൊടുത്തു പണയം നീ
അടുത്ത നാളിലയച്ചുതരേണമെടുപ്പിച്ചേക്കാം;



Digitized By Kerala Sahitya Akademi

ടതപം പറയാതെ നടക്കരാനങ്ങോട്ട
മിടുക്ക പറഞ്ഞെന്നാലൊടുക്കം തനിക്കില്ല
കവട്ടുസഞ്ചിക്കുള്ളിൽ കവട്ടുനിറച്ചുടൻ
കവത്തപുകയിലതെവത്തു പിടിച്ചുംകൊ-
ണ്ടറെച്ചു തുക്കിത്തുക്കി വിറച്ചുവരുന്നൊരു
നരച്ചകിഴവനെ താച്ചു മറിച്ചാലും!
ഇന്നങ്ങരാരും തമ്മിൽ പിണങ്ങിത്തുടങ്ങല്ലേ
പണത്തേക്കൊതിക്കല്ലേ ഗുണത്തെത്യജിക്കല്ലേ
സപയംവരത്തിൽ ചെന്നങ്ങഹംകരിച്ചെന്നാ-
കിൽ
മയംവരുത്തുവാൻ ഞാൻ മതിയെന്നറിഞ്ഞാലും
കോയിക്കൽ ചെല്ലുന്നേരം വായിൽ കൈപൂത
ത്തുണം
ദേവിക്കാതിരുന്നെന്നാൽ സേവ്യം മതിയല്ലാ.
അവിടെവരും ചിലയജമാനന്മാ-
രവരെപ്പരിചൊടു ശങ്കിക്കണം
അവസരമായാതവർതൊടുവത
മവതാളങ്ങൾ തുടങ്ങിടൊല്ലാ;
ഗണിതക്കാരും കവിതക്കാരും
ഗണികാജനവും വൈദ്യന്മാരും
മണികാരന്മാരെന്നു തുടങ്ങി
ഗുണമുള്ളാളുകൾ വളരെ വരുമ്പോൾ
നമ്മുടെയാളുകളൊന്നിച്ചുതദിശി
സമ്മുഖമവിടെപ്രാർത്ഥിക്കേണം
നന്നിവരെന്നു വരാജനത്തിനു
തോന്നിക്കേണം നായന്മാരെ
പട്ടും മുണ്ടും വണവും പുടവ-
ക്കെട്ടും പലവിധമവിടെക്കിട്ടാൽ
ഒട്ടുംകൊതിയതിലുണ്ടാകൊപ്പ
കിട്ടുന്നതിലേ മോഹമിതാവൂ
കട്ടനടക്കുംതിരുവാളികളുടെ
പട്ടമതിൽ ചിലരറിയുന്നില്ല!
കൂട്ടക്കാർ ചിലരതിനു തുനിഞ്ഞാൽ
കിട്ടും വെട്ടിയ് ബോധിച്ചാലും
ഒരുവൻ ചെന്നൊരുപായം കാട്ടി-
ട്ടുചനറിഞ്ഞു പിടിച്ചുപരിഞ്ഞാൽ
വിരവൊടുവിണ്ടു വരുത്തിപ്പോകാവാൻ
വിരുതുനമുക്കിഹരുതിയാകില്ല;

മനുമതിൽ നല്ലൊരടുക്കവേണം
കനിവൊട്ടു മന്നിടുക്കും വേണം
ധനികളിലവിടെ വണക്കംവേണം
കനിവൊട്ടു തമ്മിലിണക്കംവേണം
സരസതവേണം ധീരതവേണം
തരസാസമയോചിതവും വേണം
കളമാഴിമാരെത്തടിനടനൊരു
കളിചിരിജളതതുടങ്ങുന്നവനെ
കളവാൻ കാവിലില്ലനുമാനം
തളയിലിടുന്നതെങ്ങനെ മറിവിൻ?
ഇങ്ങനെയാരുവൻ കല്പനയുരചെ-
യ്യുങ്ങുനടന്നു തുടങ്ങിതദാനീം
തിങ്ങിനപടയും പരിചൊടുനളനെവ-
ണങ്ങിനിരന്നവനെന്നാരു സമയേ.
നളനുപനൃത്തപാഴിതതികയുകാൽ
വളതളമകടമണിഞ്ഞു തദാ,
തെളിവൊടു വലിയാരു കരിവരന്റെ
ഗളതിലെഴുന്നള്ളിയിരുന്നതുളി,
കടകൊടി തഴ പൺചമരികൾകെട്ടി
പടഹങ്ങൾകിടുമുടി തുടിമുഴങ്ങും
ഇടിയൊട്ടു പടപാരുതടിമുഴക്കി
പൊടിപൊടെ വെടികുടുമുടയിടയിൽ
പടജനപടലവുമിടവകയും
നടവിടമടമടരടിതങ്ങളും
തടമുലതടവിനതരുണികളും
മുടമലരുടയാരു പരിമളവും
നടകളിലിളകിനകരിഘടയും
പടകടെ കലശവും നിലവിളിയും
പുതരവടിവുകളിവപലതും
ഇതിങ്ങിപ്പ്രാപ്പെട്ടു നടനംചെയ്തു
ജയജയ! നരവരനളനൃപതേ!
ജയജയ! വിഹരണചതുരമതേ!
ജയജയ! ഗുരുതരഗുണനൃപതേ!
ജയജയ! കരിവരസരസഗതേ!
ഇങ്ങനെ പാടിനുതിചെയ്തുനൊരു
ഭംഗികലർന്നാരു വിപ്രന്മാരിട-
തിങ്ങിനപടയൊടുകൂടിനരേന്ദ്രൻ
മംഗലമന്ദിരമായ് തുടങ്ങി

Digitized By Kerala Sahitya Akademi

സുരപതിവരുണനുമതകനഗ്നിയു-
മൊരുമിച്ചുവിടെ ക്ഷിതിയിലിറങ്ങി
കരളിൽപെരുകിനകുന്നിതമോടെ
തരസാതെമ്മിലുറച്ചുടങ്ങി
ഭുവനമനോഹരസുന്ദരവരനാ-
ണിവനെക്കന്യകകണ്ടെന്നാകിൽ
മിവനെത്തന്നൊവരിക്കയുള്ളൂ
ശിവശിവ! കണ്ടാലെത്രമനോജ്ഞൻ!
രണ്ടുപ്രകാരംനിരൂപിച്ചാലും
തണ്ടാർമിഴിയെ നമുക്കിഹവേണ്ടാ
കണ്ടാലഴകുള്ളിവനെവരിച്ചാ-
ലുണ്ടോപിന്നെനമുക്കുവരുന്നു?
പ്രണയിനിയിവനെ വരിച്ചില്ലെങ്കിൽ
ഗുണമറിയാത്തവളവളെന്നാവരും
ഗുണമറിയാത്തനിതംബിനിമാരും
ഗുണവും സമമെന്നെന്നുടെപക്ഷം,
അതുകൊണ്ടിവിടെവിചാരിക്കുമ്പോൾ
ചതികൊണ്ടിവനെയെടുത്തുവരിക്കാം
അതിനുപദേശം ഞാനുറപ്പിച്ചാം
മതിമുഖിയാളെക്കാട്ടുകതിവനെ
ദൂതുരചെയ്യുനവനെയയയ്ക്കുണ-
മേതുമതിന്നൊരു സംശയമില്ല,
കാതരമിഴിയെ ലഭിക്കുണമെന്നാൽ
കൈതവമൊട്ടു തുടങ്ങേണ്ടിവരും
പഞ്ചശരോപമനാം നളഭൂപനെ
വഞ്ചിപ്പതിനവർനാലുപായമുടനെ
നെഞ്ചിലുറച്ചു നരേന്ദ്രാഗമനം
കിഞ്ചിൽ പാത്തു വസിക്കുണനേരം
നളനും,പടയും കൂടയും തഴയും
പരിചൊട്ടുപെരുവഴിതന്നിലിറങ്ങി
കളവുമനസ്സിൽ കരുതിനദേവകൾ
തെളിവിൽച്ചെന്നവർ മന്നിലിറങ്ങി
ദിവ്യന്മാരെക്കണ്ടതുനേരം
ഭവ്യനതാകിനനളനരപാലൻ
കരിവരഗളമതിൽ നിന്നാനിതാന്തം
തരിതമിറങ്ങിച്ചെന്നവണങ്ങി;
അങ്ങളിച്ചെയ്തസുരവരന്മാരോ
നരവരപുംഗവനളനല്ലേനീ?

പെരുവഴിമദ്ധ്യനിന്നൊക്കെക്കണ്ടതു
പാരിപൊട്ടുഞങ്ങടാഗ്രഹതന്നെ
ഒരുകാര്യം ഞാൻ നിന്നൊടിരന്നാൽ
തരുവതിനെന്തുമടിനളനരപാലാ!
വിരവൊടുതരണം മടിക്രൂടാതെ
അരുതെന്നാകിലുമെം കേൾക്കണം
കളവുംപൊളിയുമറിഞ്ഞിടാത്തൊരു
നളനരപാലൻ തൊഴുതുചൊല്ലി.

ഞാടിയന്നുനിങ്ങടെ കല്പനകേൾപ്പാൻ, -
മടിയില്ലറിയണമരുൾചെയ്താലേ!
തിരുമനതാരിൽനിന്നുത്ഭവപോലി-
ന്നരുളിച്ചെയ്താലെന്തുവിവാദം?
വാനവരാകിയ നിങ്ങൾക്കെന്തിഹ
മാനവനാകിയ ഞാനതുകണ്ടു?
ഞാനതുചെയ്താൻ മതിയാമെങ്കിൽ
ദാനം ചെയ്താൻ മടിയില്ലടിയനു.

ക്ഷിതിപതിവചനം കേട്ടരുൾചെയ്തു
പതികരുതിടിനദേവശ്രേഷ്ഠൻ;
മതിമുഖിയാം ദമയന്തിയിലധികം
പ്രതിദിനമാശവളർന്നിടുന്നു.
അതുകാരണമിഹഞങ്ങളിതാനീം
ക്ഷിതിയിലിറങ്ങിനടന്നിടുന്നു
അതിയായിട്ടു പ്രയത്നംചെയ്താൻ
മതിയായിട്ടാരുബന്ധുവുമില്ല
അതുരരാകിയഞങ്ങടെ വചസാ
ദൂതുപറഞ്ഞാശ്വാതോദരിയുടെ
ചേതസിഞങ്ങളിലനുരാഗംപരി-
ചോടവിളംബിതമുളവാക്കണം
നാദുജനങ്ങളിലൊരുവനെയിന്നവരം
മാലയണിഞ്ഞേണം മടിക്രൂടാതെ
നീലക്കാർകഴലാളൊടിതെല്ലാം
ചാലേചെന്നുപറഞ്ഞിടുകനീ.
വലരിപുവചനംകേട്ടു നരേന്ദ്രൻ
വലിയവിഷാദം പൂണ്ടരുൾചെയ്തു:—
മുട്ടുമലർമിഴിയെ വിവാഹംചെയ്താ-
നടിയനുമധുനാവിടെകൊള്ളുനോൻ;
പതറുന്നിമുലയാളാമവളെന്നെ
ച്ചതിയിലാക്കിവരിച്ചിതുപോലും

Digitized By Kerala Sahitya Akademi

കാന്തയിനിക്കവളെന്നിഹ ഞാനും
കാന്തനിനിക്കിവനെന്നുടനവളും
ചന്തമൊടന്നുകരണവിവാഹം
ചന്തകഴിച്ചിഹപോരുവതെന്നെ;
പൂന്തേൻമൊഴിയൊടുസന്ധിപറഞ്ഞിഹ
സാധിപ്പിപ്പാനിങ്ങുതുടങ്ങി
കൊതിയഹാരെ തുതിനയച്ചാൽ
പിതമായ്വരുമോവിബുധന്മാരേ
അതിനെക്കാളുമൊടോതൈവൈഷമ്യം
അതുമുരചെയ്യാംമതിമാന്മാരേ!
മതിലുകളേഴുകടന്നാനടനേ
മതിമുഖിതന്നുടെ ഭവനംചെല്ലും
അതിനിടയിൽ ചിലകാവൽക്കാരു
ണ്ടതിയായിട്ടുകയുന്നുനടപ്പാൻ
അവരിൽചിലർതൊക്കാലചെയ്യാതെ
അവിടെച്ചെന്നാടപ്പാൻ വിഷമം
കുത്തുകളടിയും വെട്ടംകുട്ടം
കൂടിവരുന്നൊരുനൂറനെക്കണ്ടാൽ
പെട്ടെന്നവിടെ വസിച്ചീടുന്നൊരു
മട്ടോൽമൊഴിമാരാടിയൊളിക്കും:
വൈരസ്യം പലകാട്ടും പുരുഷനെ
സാരസ്യത്തിനു കൊള്ളരുതേയും;
ചേരുകയില്ലെന്നല്ലവളുന്നാ
വൈരമവങ്കലുറച്ചുതിരും;
കാവൽക്കാരറിയാതെപതുക്കെ
കേവലമവളുടെ മുന്നിൽചെല്ലും
എന്നാലും പുനരുണ്ടൊരുദോഷം
ഇന്ദ്രാദികളുമബാധിക്കണം
കളമൊഴിയാളെക്കാന്നാനോര-
ത്തിളകിപ്പോംമേമമമാനസമെയ്യ്
നളനെന്നുള്ളതുമവൾതാൻബോധിച്ചാൽ
തെളിവൊടുമാലയുമിടുമവളെന്നെ
എന്നെത്തന്നെവാഴ്ത്തുകയല്ലെ-
ന്നിന്നുകനിഞ്ഞാത്തരുളീടേണം
ഇന്നിവപലപലദുഷ്കടമുണ്ടു
എന്നതുകൊണ്ടുപറഞ്ഞീടുന്നു
സ്സാധ്യങ്ങളിലടിയനെവിടുവാ-
നുത്സാഹിക്കരുതമരന്മാരേ!

വത്സലയാമവൾതാനിങ്ങനെനിനച്ചു-
ലുത്സംഗവ്രതമുടനേതന്നൊ
വിണ്ണവർവരനതുകേട്ടതുനേരം
കണ്ണുകളായിരമൊന്നുചുവന്നു
ദണ്ഡുകരത്തിലെടുത്തുയമനൻ
തിണ്ണംവരുണനുമൊന്നുപകൻനു
അനലനുമൊന്നാഞ്ഞലച്ചുതുടങ്ങി
കനലെരികണ്ണുതുറന്നുമിഴിച്ചു
മനസികയുന്നുസുരോത്തമനപ്പോൾ
കനിവുവെടിഞ്ഞുപകൻനുതുടങ്ങി;
രാതകരോരോന്നരചെയ്യുന്നൊരു
കാനനമന്നുംപെടുവേടകനീ
കുടിലതമനസിനിറച്ചുനിറച്ചൊരു
പടുതനടിച്ചുപറഞ്ഞതറിഞ്ഞു;
സോമകുലത്തിൽപിറവിലഭിച്ചൊരു
ഭൂമിപതിക്കിഹപൊളിപായാമോ!
ഭീമാത്മജയാംകന്യകതന്നിൽ
പ്രേമംകൊണ്ടുപറഞ്ഞതിതെല്ലാം
സാധിപ്പിക്കാമെന്നുപറഞ്ഞതു
ബോധിച്ചുപ്പോളെല്ലുതല്ലെന്നും
ഒരുനാഴികയുടെയിടയിൽപലവാ-
ക്കുരചെയ്യുന്നതുചിതമോ! മൂഢാ!
തിരിയാത്താളുകമിഞ്ങളിതെന്നൊരു
പരിഹാസത്തിനു നീ തുനിയുന്നു;
മയ്യാദയ്ക്കാരുനീക്കംവന്നാൽ
ഇരിയാനീയിബ്ഭൂമിയിലെങ്ങും
സുന്ദരനാകിയനമ്മെക്കണ്ടാൽ
സുന്ദരിവന്നിഹമടിയിൽകേറും
എന്നിവകണ്ടുജളത്വംപെറവാൻ
എന്നുപഠിച്ചെടാ മനുജകിശോര!
നളനെന്നല്ലനിനക്കിനിനാമം
ജളനെന്നുള്ളതുബോധിച്ചാലും
കളവുംപൊളിയുംതെളിവുമിതെല്ലാം
അളവില്ലാതെമനസ്സിലുറച്ചു
മേനിപറഞ്ഞാൽമറവുള്ളവർബാല്യ
മാനിച്ചീടുമതെന്നൊരുപക്ഷം
നീയാരെന്നുംഞാനാരെന്നും
താനറിയാത്തവനെതുകണ്ടുധി

Digitized By Kerala Sahitya Akademi

തന്നത്താനറിയുന്നതിനേക്കാൾ
പിന്നെവിശേഷിച്ചൊരുഗുണമില്ലാ?
നിന്നുടെ വൃത്തികളം ഞാനറിയുന്നു
എന്നുടെ വൃത്തികളം നീയറിവീലാ
ധാർമ്മികനാകിയധരണിപതിക്കിഹ
ധർമ്മത്തിന്നൊരുനീക്കംവന്നാൽ
കർമ്മികളാകിയവിപ്രന്മാരുടെ
കർമ്മത്തിന്നും കുറവുഭവിക്കും.
കണ്ണുകളംരണ്ടുമുരുട്ടിമിഴിച്ചു
ബന്ധുംകയറുമെടുത്തുപിടിച്ചു
ചണ്ഡമതാകിനമീശവിറച്ചു
ബന്ധുരൻയമനരുളിച്ചെയ്തു;
എന്തുപറഞ്ഞെടമനുജപ്പുഴവേ
ബന്ധുതചെയ്യാനെളുതല്ലെന്നോ?
അന്തകനാകിയനമ്മുടെവാത്തകളം
ചിന്തിക്കാതെപറഞ്ഞീടുകയോ
പെമ്പുകിടാരംചുട്ടപഴപ്പി-
ച്ചുമ്പയുമേചാതനനെയ്തുതിളപ്പു?-
ച്ചുമ്പയുമലക്ഷംകിങ്കരജനമു-
ണ്ടെൻപുരിതന്നിൽവസിച്ചീടുന്നു
ദുഷ്കൃതകാട്ടംമനുജരെയിന്നതി-
ലിട്ടുവറുത്തുപൊരിച്ചീടുന്നു
ചെറ്റുത്തങ്ങളംപറഞ്ഞെന്നാൽതവ
പെട്ടീടുംചിലസങ്കടമിപ്പോളം
പലപലട്ടുരിതംചെയ്യുന്നവരുടെ
തലയിലടിച്ചുപിളപ്പാനുള്ളൊരു
വലിയൊരുദണ്ഡിതുകണ്ടാലും നീ
നളടുർബുദ്ധേ പാശവുമുടനേ
കണ്ടജനങ്ങടെ കണ്ണംതന്നിൽ
കണ്ണോത്തരമായ്കെട്ടിമുറുക്കി
കണ്ടങ്ങളിലും കണ്ടകമതിലും
കണ്ടിലുമിട്ടുവലിച്ചുപലേടം
കൊണ്ടുനടന്നും കരചരണാദികളം
കണ്ടിച്ചും കടുചോരപുരണ്ടും
നീണ്ടുതടിച്ചൊരുനെടുപാശത്തെ
ക്കണ്ടതുകൊണ്ടെന്തരുളിയമില്ലല്ലീ?
ഗ്രസ്തനികടിക്കുംനമ്മെക്കാണ്മോരാ
ശസ്തായിടീപ്പാൻവകയുണ്ടാക്കിയ

പെണ്ടക്കാരാ ശഠത പാഞ്ഞാ-
ലിണ്ടൽപിണപ്പാൻ ഞാൻമതിയാകം.
വരുണനണഞ്ഞുപറഞ്ഞുതുടങ്ങി;
കരുണനമുക്കുതരിമ്പില്ലൊട്ടും
തരുണീമണിയിൽകൊതികൊണ്ടല്ലേ
വരുണൻനമ്മൊടുപൊളിപറയുന്നു
കോപമിനിക്കുമനസ്സിലുദിച്ചാൽ
ശാപംതരുവാൻ സംശയമില്ല
ആപത്തൊന്നുവരുത്തിക്കൊണ്ടാൽ
താപമൊഴിപ്പാനെളുതല്ലെല്ലും
അഗ്നിയുമരുളിച്ചെയ്തുതരുണിയിൽ
മഗ്നതകൊണ്ടുകണക്കില്ലരചാ
കശ്മലവൃത്തിപറഞ്ഞാൽനിന്നെ
സ്സുമിതാക്കും ഞാനുമിദാനീം.
ഇത്തരമവരുടെവാക്കുകളംകേട്ടു
നത്തൽമുഴത്തൊരുനളനരുളംചെയ്തു:
ക്തനതാകുമൊരടിയന്നിലിവക
യുക്തമതല്ല സുരേന്ദ്രന്മാരേ
നിങ്ങടെ ശാസനമെന്തെന്നാലതു
മംഗലമായ്വരുമധികജനാനാം
കല്പിക്കുന്നതുകേളംക്കാമതിനുവി-
കല്പവുമില്ലിഹ കാനിവരുളളണം.
എന്നതുകേട്ടമനസ്സുതെളിഞ്ഞുസ-
മന്വസ്സുതമരുളംചെയ്തു സുരേന്ദ്രൻ
നല്ലതുവരികനിനക്കുനരേന്ദ്ര
ചൊല്ലിയവണ്ണം ദണ്ഡിച്ചാലും
സാധിക്കുംതവകാര്യ്യമശേഷം
ബോധിക്കയുമില്ലാരും നിന്നെ
ദമനുടെസോദരിയെന്യേ മറെറാരു
സുമുഖികളംപോലുംനിന്നെക്കാണാ
കളളാക്ഷിണിയും നിന്നെക്കണ്ടാൽ
നളനെന്നുള്ളതുബോധിച്ചീടാ;
നിങ്ങളുതമ്മിൽപറയുംവാക്കുക-
ളങ്ങുമൊരുത്തരുകേളംക്കയുമില്ലാ
എന്നാൽഞങ്ങടെകാര്യ്യമശേഷം
നിന്നുടെപക്കലുറപ്പിക്കുന്നേൻ;
ചെന്നുപറഞ്ഞുമനസ്സുമിളക്കി
സുന്ദരിതങ്ങടെപാട്ടിൽവരേണം;

Digitized By Kerala Sahitya Akademi

അഞ്ചേല്പേ ശരമംബുജബാണന-
തഞ്ചുമെടുത്തുതൊടുത്തീടുന്ന
അഞ്ചുജനങ്ങടെനെഞ്ചുപിളർപ്പാൻ
പഞ്ചായുധനിഹമോവിക്കുന്നു;
നാമുശരത്തിനലാക്കായിട്ടിഹ
നാമുശരീരം ഞങ്ങടെതന്നെ
അഞ്ചാമത്തെക്കണകൊണ്ടടനേ
പഞ്ചത്വമിഴിയെ പ്രഹരിക്കേണം
ഗുണഗണസിന്ധോ! നിഷ്ഠധനരേന്ദ്ര!
ക്ഷണനേരം നീ വൈകിക്കരുതേ
പ്രണയിനിയാംദമയന്തിയൊടേവം
മതിമോഹങ്ങൾപറഞ്ഞീടുമ്പോയ്
അണിമതിമുഖിയുടെ മണിമയഭവനേ
രുണചണനരവര! ശ്ലാഘ്യാന്തേ നീ;
നല്ലയുവരികെ നിനക്കു നരേന്ദ്ര!
ചൊല്ലിയവണ്ണം ദണ്ഡിച്ചാലും.
ശചിപതികല്പനനടത്തുവാനും
മുഖദർനംക്ഷണമകപ്പെടാനും
ഉറച്ചു ചേതസി നളക്ഷിതീശൻ
മറച്ചു തന്നുടെ മനോവികാരം
പടജനങ്ങളെവനത്തിലപ്പോ-
ളടക്കിവച്ചുഥ നടന്നുധീരൻ
കടൻകണ്ഡിനപുരത്തിനുള്ളിൽ
കിടങ്ങുഗോപുരമതിൽകടന്നു;
നിറഞ്ഞമാനുഷജനങ്ങളാരും
അറിഞ്ഞതില്ലിഹ നളനൊരയാനം
മറഞ്ഞു ഭൂപതി നടന്നുമെല്ലെ
പറഞ്ഞതിക്കിലുമടുത്തുചെന്നു.
ഏണാക്ഷികളൊരുപത്തുസഹസ്രം
വാണീടുന്നതുകാണായ്വന്നു;
അണയിട്ടൊരുഭൂതരെയവിടെ-
ക്കാണാനില്ലൊരുകോണിൽപോലും
നാളീകാക്ഷിവിലഭജതാനും
ആളീപാളികളോടുംക്രുടി
കേളിവിനോദവിശാരദഗതിയായ്-
മാളികമുകളിൽവസിക്കുന്നേരം,
കോമളഗാത്രൻ സോമകുലേശൻ
മേളമിയന്നമനോഭവചിത്തൻ;

താപമകന്നറിയാതെവാഴികയുടെ
കാമനിവൃത്തിക്കാഗ്രഹമോടെ
മാനവവീരൻ മതിമുഖിതന്നുടെ
മണിമഞ്ചത്തിനടുത്താരുസമയേ
ശ്യാമവിഹീനസുകാമമനോജ്ഞം
പാവനമാകിനപഞ്ചദശീനാഥം
നക്ഷത്രങ്ങടെനടുവിൽവിളങ്ങും
സാക്ഷാൽപനിമതിബിംബംപോലെ
ലക്ഷണയുതമാംദമയന്തിമുഖ-
മക്ഷിതിപാലനുകാണായ്വന്നു;
അടിമലർമുടയിണകടിതടമാടും
പടകൊടിനടുതലമുടിവടിവുകളും;
മുടിയടിയുടലുകളുടമകളുടനതി
പടുതരമരചൻകാണായ്വന്നു;
വാങ്ങിയലയ്ക്കൊരുളയുസമുദ്രേ
മുങ്ങിയപോലെമനസ്സുതണുത്തു
അംഗനമാർമണിമകുടമണി
മംഗലദീപികയുകുലവാണി
എങ്ങിനെയിവളുടെമുമ്പിൽച്ചെന്നാൽ
തിങ്ങിനവികൃതിമറച്ചീടേണ്ടു?
ഇങ്ങിനെയുള്ളൊരുപെൺകൊടിയാളുടെ
സംഗമസുഖകരമാക്കുലഭിപ്പു?
ക്രൂരപെരുത്തോരനംഗപാനതിൽ
നൂറുമടങ്ങുമഹാഗ്രഹമേറും
കാറൊളിതലമുടിവടിവുംമുഖവും
മാറണിമുലകളുമിങ്ങിനെകണ്ടിഹ
നീറുന്നുമമഹൃദയമിദാനീം
ഏറുന്നുപുനരലർശരതാപം
മാറണികഴൽമന്നിയാളൊടിനിക്കിഹ
ഏവരുപിരിഞ്ഞുവസിപ്പാൻദണ്ഡം
ഇത്ഥംപലവകനളനരപാലൻ
ചിത്തംകൊണ്ടുവിചാരിച്ചുടനെ
മത്തമതംഗജഗാമിനിതന്നുടെ
പത്തനസീമനി ചെന്നുകരേറി;
അതിസുന്ദരനാംപുരുഷനെയരികിൽ
പ്രതിമുഖമവിടെക്കണ്ടുഭൂനരം
മതിമുഖിതന്നുടെമനതളിരിൽപുന-
രതിയായിട്ടൊരുവിസ്മയമുളവായ്

Digitized By Kerala Sahitya Akademi

എഴുനേററവളൊരുമണിപീഠത്തെയു-
മഴകൊടുനൽകിയിരുത്തിയതിമ്പൽ
ശശിമുഖിമുടുതരകുശലപ്രശ്നം
വിശദമറിഞ്ഞുപറഞ്ഞാളവം,
മാരസമാനശരീര ഭവാൻ പുന-
രാരെന്നുള്ളതു ചൊല്ലീടേണം
കാരണമെന്തിഹ വരുവാനെന്നും
സാരമതാം തവ കുലമേതെന്നും
ആരിഹ നിന്നുടെ ജനകനതെന്നും
പാരതിലെങ്ങധിവാസമിതെന്നും
പേരെന്തെന്നും കഥയ! മഹാത്മൻ!
പാരംകൌതുകമിങ്ങുളവായി,
കളമൊഴിയാളുടെ വാക്യകഥം കേട്ട
നളനരപാലൻ പുനരരുൾചെയ്തു;
നളിനദളായതനയനേ! കാമിനി!
കളിയല്ലിതു കേൾ ഞാനൊരു ഭൂതൻ;
കലനാമാദികളുരചെയ്തിട്ടാരു
ഫലമില്ലല്ലോ കുവലയനയനേ!
അലർശരപരവശനായിട്ടഹമിഹ
ചിലയജമാനന്മാരിലുകാലം
നിന്നുടെ രാഗ്യമിതരിലയമായു
മന്നിലൊരംഗനമാക്കിതുലഭിയാ;
ഇന്ദ്രനുനികൽകാംക്ഷയുടങ്ങി
സുന്ദരിനിന്നുടെ സുകൃതംതന്നെ;
എന്നതുമല്ലാ പ്രേതാധിപനും
പിന്നെദ്ദഹനനുമംഭോനിധിയും
എന്നിവർനാലുമഹാപുരുഷന്മാർ
നിന്നെനിനച്ചു മരിച്ചുറായി;
ഇന്നിതിലൊരുവനെ മാലയിടേണം
നിന്നുടെമനമതിലൊത്തതുപോലെ
സുരപതിപാരം പരവശനായി
വരുണനുമഗ്നിയുമങ്ങനെതന്നെ;
അന്തകനതിയായിട്ടനുരാഗം
അന്തമെടുത്തു കടുത്താതാപാൽ
അമരാവതിയിലിരുന്നു രമിപ്പാൻ
മയന്തിതവകൈതുകമില്ലേ?
അമരായിപനെ വരിച്ചീടുന്നാകി-
ലുമൽസ്നേഹകുമാരനുനിങ്കൽ

ഗംഗാസലിലേ സ്നാനംചെയ്യാം
ഗംഗാപുളിനേകളികളുമാടാം
ശൃംഗാരാദിരസങ്ങൾ നടിച്ചുമ-
രാംഗനമാരുടെ നൃത്തം കാണാം;
കല്പകപുഷ്പാകൊണ്ടു ചമച്ചൊരു
തല്പം തന്നിൽ നിനക്കു ശയിക്കാം;
അല്പമിതല്ല സുഖങ്ങൾ നിനച്ചാ-
ലുൾപ്പുലനയനേ! ഹരിയെവരിക്കാം
വ്രണനെയോർത്താലവനെത്തന്നെ
വരണം ചെയ്യണമെന്നും തോന്നും
തരണംവളരെ ദ്രവ്യമിതെന്നാൽ
വരുണനുചെറുകും സംശയമില്ല;
തരുണിമണിക്കിഹയമനെവരിപ്പാൻ
കരുണമനസ്സിലുദിച്ചെന്നാകിൽ
മരണമേംപുനരൊട്ടുവേണ്ടാ
പെരിയബ്രഹ്മൻ കാലമിരിക്കാം.
ഭുജസ്സുള്ള ജനങ്ങളിലത്ര
തൻമൊഴിമാക്കനുരാഗമിരിപ്പു
എന്നാലഗ്നിയെ മാലയിടേണം
നന്നായിട്ടവനണ്ടപ്രകാശം.
പൂന്തേൻ മുട്ടുവാണി! ദമയന്തി!
ചിന്തിതമെന്തിഹതേ?
ചിന്താമണിയാകും സുരേന്ദ്രന്റെ
കാന്തയായീടണം നീ! കുശോദരി!
പൂന്തേൻമുട്ടുവാണി! ദമയന്തി!
ചിന്തിതമെന്തിഹതേ?
പങ്കജബാണന്റെ ബാണങ്ങളേറവ-
നംഗംതളർന്നീടുന്നുപിന്നെ
തിങ്കളുദിച്ചുവരുന്നേരം സങ്കടം
പാരംവളർന്നീടുന്നു, നവ
കുങ്കുമപങ്കം പനിനീരുചന്ദനം
രമനിദഹിച്ചീടുന്നഇനി
നിൻകൃപയില്ലെങ്കിലെങ്ങനെവാസവൻ
പ്രാണൻവഹിച്ചീടുന്നു കുശോദരി! (പൂന്തേൻ)
നന്ദനകാനനം തന്നിലിരുന്നാലു-
മില്ലൊരുചിത്തസുഖം ഹരി
ചന്ദനവൃക്ഷത്തണലിൽ കിടന്നാലു-
മുന്മത്തമാകിലുന്നെന്നിയേ

Digitized By Kerala Sahitya Akademi

മന്ദിരംതന്നിലിരിപ്പാനുംമേലാ
പുരന്ദരനെന്നുവന്നു സുര
സുന്ദരിമാരുടെ ക്രുത്തിലുംപാട്ടിലുംകൌശല-
മില്ലുപോലും കുശോദരി! (പൂന്തേൻ)
നിന്നുടെ നാമം ജപിക്കും കളിക്കും
ചിരിക്കും തിരിക്കും മുടൻപിന്നെ
നിന്നുടെ രൂപം സ്മരിക്കും ചിരിക്കും
മരിക്കും മരിക്കുംപോലെ നല്ല
മന്ദിരം തോറും നടക്കും കിടക്കും
മടക്കും മനോമദനൻ
സുരൻതന്നുടെ ജ്ഞാനം തന്നൂം വിറയ്ക്കും
കുറയ്ക്കും മറക്കുമുടൻകുശോദരി (പൂന്തേൻ)
ഞങ്ങിനെതന്നെവരുണനുമഗ്നിയു-
മന്തകദേവൻ താനും അവർ
തങ്ങടെ സങ്കടമിങ്ങനെ ചൊല്ലുകിൽ
നല്ലൊരൊട്ടുക്കമനോഹര
പുംഗവനന്ദിനിസുന്ദരിനീയെ
നന്ദിച്ചയയ്ക്കുണമേ പല
രംഗിപറഞ്ഞു മയക്കിച്ചുമയ്ക്കരു-
ത്തെന്നെയുമിന്നിഹ നീ കുശോദരി!
പൂന്തേൻ മൊഴിവാണി! ദമയന്തി!
ചിന്തിതമെന്തിഹതേ?

നളനുടെ വചനംകേട്ടദശായാം
കളമൊഴിമുഖവും താഴ്ത്തിച്ചൊന്നാൾ
വളരെപ്പറയരുതെന്നൊട്ടുത!
കളിവചനങ്ങളും കുറച്ചാലും നീ
ഹൃദയംകൊണ്ടൊരു പുരുഷനെമുന്നം
സമയം ഞാനിഹവരണം ചെയ്തു
അവനല്ലാതൊരുപുരുഷനെ ഞാനിബ്
ഭവനം മുന്നിലുമിച്ഛിച്ചീടാ;
ധർമ്മമതിയായ പതിവ്രതഞാൻ ദുർ-
വതി വ്യർത്ഥാപലരെക്കാംക്ഷിച്ചീടാ;
പട്ടമതിയാംമമവല്ലഭനിപ്പോൾ
ഝടിതിവരും മമവേളികഴിപ്പാൻ!
എന്നുടെ രമണനു ശരിയായിട്ടൊരു
സുന്ദരനില്ല ജഗത്ത്രയവാടേ
തിന്നുടെ പെവിയിൽ കേളാഞ്ഞെന്തേ?
[illegible] നിഷധേശ്വരനെ

കളമധുരാകൃതിനളനരപാലൻ
നളിനവിലോചനനളിരുചികേശൻ
തെളിവൊട്ടു മുന്നിൽ വരുന്നാളവനുടെ
ഗളമതിൽ മാലകരേറിവരിക്കും;
ഇന്ദ്രാദികളും ചന്ദ്രാദികളും
ചന്ദ്രമുഖന്മാർ മറുള്ളവരും
കുന്നിച്ചീടിനപണമുള്ളവരും
സുന്ദരരെന്നൊൻടിക്കുന്നവരും
ഈരേഴുലകിലുമമരും പുരുഷരി-
ലാരുമെനിക്കിഹ വരനാകേണ്ടാ;
വീരശിരോമണിനളഭൂപാലൻ
ചാരുഗുണാകരനെന്നുടെ കാന്തൻ
നളനുടെ രൂപം വഴിയാംവണ്ണം
നളിനദലത്തിൽ നഖംകൊണ്ടെഴുതി
തെളിവൊടുതന്നുകളഹംസം മമ
കളിയല്ലയ്യോ ഹൃദി മരുവീടുന്നു;
നിന്നുടെ രൂപവുമെഴുതിയരൂപവു-
മിന്നൊരുപോലേ തോന്നീടുന്നു,
എന്തൊരുകാരണമതിനെന്നുള്ളയ്യോ
ചിന്തിച്ചീട്ടും കാണുന്നില്ലാ;
കോടിസഹസ്രം മദനന്മാരുടെ
മോടികളന്നു വോനേ ഭൂതിനു
ചാടിച്ചവരുടെ മനതാരിങ്കലെ
മൂഢതയോർത്താൽ ചിരിയാകുന്നു;
വാഴ്ത്തുമതുകൊണ്ടെന്തിനു വളരെ
ദുഷ്ടാഖ്യാങ്ങൾ കഥിച്ചീടുന്നു?
ഈശ്വരകൃപയുണ്ടെങ്കിലുടൻനിഷ-
ധേശ്വരവരനേ വരണം ചെയ്യാം
നളനൃപനെന്നുടെ വരനായ്വരുവാൻ
തെളിവൊടു ദേവവരന്മാരവർമമ
പെരുകിനകൃപയൊടുവരമരുളേണം
വരമിദമേവഹിദേവന്മാരേ!
സുരവധുമാരുടെ നടുവിലിരുന്നീ
നരവധുചേരുകയില്ലേ
ഉർവ്വരയകാഞ്ചനവള്ളിയുടെ നടുവിൽ
പിച്ചളവള്ളയുപോലെ
പൊന്മയഹംസികം തന്നുടെയിടയിൽ
പൊരുൾ പിടയുമ്പോലേ

Digitized By Kerala Sahitya Akademi

മറിമാൻ പിടികം തന്നുടെയിടയിൽ
കുനരിതൻ പിടപോലെ
അഴകിയ ഹരിണികം അരികിൽചെല്ലും
കുഴതപ്പെങ്കൊടിപോലെ
നിഷധനരാധിപനെന്നുടെ രമണൻ
ഇഷുധരബാഹ്മനോജ്ഞൻ
മദനമനോഹരസുന്ദരവദനൻ
മദകളകോമളലീലൻ
സരസശിരീഷശരീരനുദാരൻ
സരസിജലോചനനല്ലോ
സുരവരസേവകനായവനോനും
നരവരനളനുമിദാനീം
ഇരുവരുമൊരുവൻ തന്നുടെ സുതരാം
കരളിൽ വിചാരമിദം മേ
ഇതിലധികം മമ നിന്നൊടുപറവാൻ
മതിബലമില്ലിഹദുത!
അയ്യ കേട്ടടനേനളനരുംചെയ്യ
അയ്യമതിയായില്ലംബുജനയനേ!
അതിസുന്ദരനാമിന്ദ്രങ്കൽ തവ
കൊത്യില്ലെന്ന പറഞ്ഞിയ്യ ദോഷം
ഇന്ദ്രൻതന്നുടെ രസമുണ്ടാവാൻ
സുന്ദരിമാർ പലരിച്ഛിക്കുന്ന
ഇന്നയ്യസാധിക്കില്ലെന്നോത്തവ-
മൊന്നുമനങ്ങുന്നില്ലെന്നയ്യേ
ദേവാണ്ടർകുലത്തിൽ മികച്ചൊരുവമ്പനെ
വേണ്ടനിനക്കെന്നരചെയ്യാമോ?
കൊണ്ടൽക്കുഴൽമണിയാളേ! നിന്നുടെ
ചെണ്ടത്തം പുനരധികം തന്നെ
നളനെന്നുള്ളൊരു പുരുഷൻ ദോഷൻ
ജളനെന്നുള്ളതു ബോധിച്ചാലും!
പൊളിയല്ലവനെക്കാണുന്നേരം
തെളികയുമില്ലനിനക്കുസുശീലേ!
മനസിനളൻ നളനെന്നുനിനച്ചി-
ട്ടുന്നദിനമിങ്ങുവസിച്ചുനിനക്കും
അവനെക്കണ്ണിൽകാണുന്നേരം
ഇവനോ' എന്നൊരു നിന്ദയുമുണ്ടാം
കയ്യിൽ കിട്ടിയകനകമുപേക്ഷി-
ച്ചീയംകൊൾവാനിച്ഛിക്കുന്ന

ന്നായ്യോദോഷിനീയെന്തിങ്ങനെ
കായ്കുകായ്കും തിരിയാത്തവളോ!
മംഗലശീലേ നീയും നളനും
തങ്ങളിലൊട്ടും ചേരുകയില്ലാ;
നല്ലമിനുത്ത കഷങ്കിക്കാരൻ
മുല്ലപ്പൂമലർ ചൂടിയപോലെ
കുന്നിക്കുരുവും പവിഴവുമിടചേ-
ർത്തുന്നതുമുലകളിലണിയുംപോലെ
കൊന്നപ്പൂവും മാറുള്ളൊരുനൽ
പൊന്നും തമ്മിൽ ചേരുംപോലെ?
കാഞ്ചനമുട്ടകിൻ നടുവിലണിഞ്ഞൊരു
മഞ്ചാടിക്കുരുവെന്നതുപോലെ
കോപമെനിക്കു മനസ്സിലുദിച്ചാൽ
ശാപംതരുവൻ സംശയമില്ല;
ചഞ്ചലനയനേ സുന്ദരിനിന്നുടെ
നെഞ്ചിൽ നിനച്ചുതുചിതമല്ലാട്ടം
സകലകലാമലശീലാശയയാം
ഭൂകമൊഴി! നിന്നുടെ ലീലകളറിവാൻ
വികൃതിജളൻ നളനാളായ്യരുമോ?
വികൃതികളെന്തിനു ചിന്തിക്കുന്നു!
കുവലയമലരുടെ പരിമളസാരം
തവളകളറിവാൻ സംഗതിവരുമോ?
പെണ്ണിൻഭാവവിശേഷമശേഷം
കണ്ണില്ലാത്തവനനുഭവമാമോ?
നല്ലൊരുപാട്ടം കൊട്ടം കേട്ടാൽ
കല്ലിനുഭാവവികാരമതുണ്ടോ?
ശ്ലോകം ചൊല്ലിപ്പൊരുൾ പറയുമ്പോൾ
കാകനതിങ്കലൊരിടയുണ്ടാമോ!
മാടണിമുലമാർമധുരതയറിവാൻ
മാടപ്രാവിനു സംഗതി വരുമോ?
മൂഢനതാകിനനളനീവകയിൽ
പ്രൌഢതയില്ലതു ബോധിച്ചാലും!
സുരപതിവിരുതൻ നല്ലൊരു രസികൻ
സുരതരസങ്ങളറിഞ്ഞൊരുവിരുതൻ!
ഒരുവനെമാലയിടേണമിതെന്നാൽ
പുരുഷോത്തമനാമിന്ദ്രനെ വേണം;
തരുണീമണിയാളതു കേട്ടപ്പോൾ
ചെവിയും പൊത്തീട്ടൊന്നുചെയ്തു



Digitized By Kerala Sahitya Akademi

മന്ദിരംതന്നിലിരിപ്പാനുംമേലാ
പുരന്ദരനെന്നുവന്ന സുര
സുന്ദരിമാരുടെ ക്രുത്തിലുംപാട്ടിലുംകൌശല-
മില്ലുപോലും കുശോദരീ! (പൂന്തേൻ)
നിന്നുടെ നാമം ജപിക്കും കളിക്കും
ചിരിക്കും തിരിക്കും മുടൻപിന്നെ
നിന്നുടെ രൂപം സുരിക്കും ചിരിക്കും
ഇരിക്കും മരിക്കുംപോലെ നല്ല
മന്ദിരം തോറും നടക്കും കിടക്കും
ഇടക്കും മനോമദനൻ
സുരൻതന്നുടെ ബാണം തറയ്ക്കും വിറയ്ക്കും
കുറയ്ക്കും മറക്കുമുടൻകുശോദരി (പൂന്തേൻ)
ആങ്ങിനെതന്നെവരുണനുമഗ്നിയു-
മന്തകദേവൻ താനും അവർ
തങ്ങടെ സങ്കടമിങ്ങനെ ചൊല്ലുകിൽ
ഇല്ലൊരൊടുക്കമനോഹര
പുംഗവനന്ദിനിസുന്ദരിനീയയ്യ
നന്ദിച്ചയയ്ക്കുണമേ പല
രംഗിപറഞ്ഞു മയക്കിച്ചമയ്ക്കുക-
ത്തെന്നെയുമിന്നിഹ നീ കുശോദരി!
പൂന്തേൻ മുട്ടുവാണി! ദമയന്തീ!
ചിന്തിതമെന്തിഹതേ?

നളനുടെ വചനംകേട്ടദശായാം
കളമൊഴിമുഖവും താഴ്ത്തിച്ചൊന്നാൾ
വളരെപ്പറയരുതെന്നൊടു ദൂത!
കളിവചനങ്ങൾ കുറച്ചാലും നീ
ഹൃദയംകൊണ്ടൊരു പുരുഷനെമുന്നം
സദയം ഞാനിഹവരണം ചെയ്തു
അവനല്ലാതൊരുപുരുഷനെ ഞാനിബ്
ഭുവനം മുന്നിലുമിച്ഛിച്ചീടാ;
ധർമ്മമതിയായ പതിവ്രതഞാൻ ദുർ-
വതി വൃഥാപലരെക്കാംക്ഷിച്ചീടാ;
പട്ടമതിയാംമമവല്ലഭനിപ്പോൾ
തടിതിവരും മമവേളികഴിപ്പാൻ!
എന്നുടെ രമണനു ശരിയായിട്ടൊരു
സുന്ദരനില്ല ജഗത്ത്രയവാടേ
കിന്നുടെ ചെവിയിൽ കേളാഞ്ഞതുതേ?
[illegible] നിഷധേശ്വരനെ

കളമധുരാകൃതിനളനരപാലൻ
നളിനവിലോചനനളിരുചികേശൻ
തെളിവൊടു മുന്നിൽ വരുന്നാളവനുടെ
ഗളമതിൽ മാലകരേറിവരിക്കും;
ഇന്ദ്രാദികളും ചന്ദ്രാദികളും
ചന്ദ്രമുഖന്മാർ മറുള്ളവരും
കുന്നിച്ചീടിനപണമുള്ളവരും
സുന്ദരരെന്നൊട്ടിക്കുന്നവരും
ഈരേഴുലകിലുമമരും പുരുഷരി-
ലാരുമെനിക്കിഹ വരനാകേണ്ടാ;
വീരശിരോമണിനളഭൂപാലൻ
ചാരുഗുണാകരനെന്നുടെ കാന്തൻ
നളനുടെ രൂപം വഴിയാംവണ്ണം
നളിനദലത്തിൽ നഖംകൊണ്ടെഴുതി
തെളിവൊടുതന്നുകളഹംസം മമ
കളിയല്ലയ്യ ഹൃദി മരുവീടുന്നു;
നിന്നുടെ രൂപവുമെഴുതിയരൂപവു-
മിന്നൊരുപോലേ തോന്നീടുന്നു,
എന്തൊരുകാരണമതിനെന്നുള്ളയ്യ
ചിന്തിച്ചിട്ടയ്യ കാണുന്നില്ലാ;
കോടിസഹസ്രം മദനന്മാരുടെ
മോടികളന്നവനേ ഭൂതിനു
ചാടിച്ചവരുടെ മനതാരിങ്കലെ
മൂഢതയോർത്താൽ ചിരിയാകുന്നു;
വാഴ്ത്തുമതുകൊണ്ടെന്തിനു വളരെ
ദുഷ്ടാഖ്യങ്ങൾ കഥിച്ചീടുന്നു?
ഈശ്വരകൃപയുണ്ടെങ്കിലുടൻനിഷ-
ധേശ്വരവരനേ വരണം ചെയ്യാം
നളനുപനെന്നുടെ വരനായ്വരുവാൻ
തെളിവൊടു ദേവവരന്മാരവർമമ
പെരുകിന്നകൃപയൊടുവരമരുളേണം
വരമിദമേവഹിദേവന്മാരേ!
സുരവധുമാരുടെ നടുവിലിരുന്നീം
നരവധുചേരുകയില്ലെ
ഇഹ്രയകാഞ്ചനവളയുടെ നടുവിൽ
പിച്ചളവളയുമുപോലെ
പൊന്മയഹംസികം തന്നുടെയിടയിൽ
പൊന്മൻ പിടയുമുപോലെ

Digitized By Kerala Sahitya Akademi

മറിമാൻ പിടികരം തന്നുടെയിടയിൽ
കറുനരിതൻ പിടപോലെ
അഴകിയ ഹരിണികരം അരികിൽചെല്ലും
കഴുതപ്പൈങ്കൊടിപോലെ
നിഷധനരാധിപനെന്നുടെ രമണൻ
ഇഷുധരബാഹ്വമനോജ്ഞൻ
മദനമനോഹരസുന്ദരവദനൻ
മദകളകോമളലീലൻ
സരസശിരീഷശരീരനുദാരൻ
സരസിജലോചനനല്ലോ
സുരവരസേവകനായവനോനും
നരവരനളനുമിദാനീം
ഇരുവരുമൊരുവൻ തന്നുടെ സുതരാം
കരളിൽ വിചാരമിദം മേ
ഇതിലധികം മമ നിന്നൊടുപറവാൻ
മതിബലമില്ലിഹദുത!

ആയതു കേട്ടടനേനളനരുൾചെയ്തു
ആയുമതിയായില്ലംബുജനയനേ!
അതിസുന്ദരനാമിന്ദ്രകൽ തവ
കൊതിയില്ലെന്നു പറഞ്ഞിതു ദോഷം
ഇന്ദ്രൻതന്നുടെ രസമുണ്ടാവാൻ
സുന്ദരിമാർ പലരിച്ഛിക്കുന്നു
ഇന്നതുസാധിക്കില്ലെന്നോത്തവ-
രൊന്നുമനങ്ങുന്നില്ലെന്നതു
ആണ്ടർകുലത്തിൽ മികച്ചൊരുവമ്പനെ
വേണ്ടനിനക്കെന്നരചെയ്യാമോ?
കൊണ്ടൽക്കുഴൽമണിയാളേ! നിന്നുടെ
ചെണ്ടത്തം പുനരധികം തന്നെ
നളനെന്നുള്ളൊരു പുരുഷൻ ദോഷൻ
ജളനെന്നുള്ളതു ബോധിച്ചാലും!
പൊരുളിയല്ലവനെക്കാണുന്നേരം
തെളികയുമില്ലനിനക്കുസുശീലേ!
മനസിനളൻ നളനെന്നുനിനച്ചി-
ട്ടുന്നുദിനമിങ്ങുവസിച്ചുനിനക്കും —
അവനെക്കണ്ണിൽകാണുന്നേരം
ഭവനോ' എന്നൊരു നിന്ദയുമുണ്ടാം
കയ്യിൽ കിട്ടിയകനകമുപേക്ഷി-
ച്ചീയംകൊൾവാനിച്ഛിക്കുന്നു

ആയ്യോദോഷിനീയെന്തിങ്ങനെ
കായ്കാകായ്കം തിരിയാത്തവളോ!
മംഗലശീലേ നീയും നളനും
തങ്ങളിലൊട്ടംചേരുകയില്ലാ;
നല്ലമിനുത്ത കഷങ്കിക്കാരൻ
മുല്ലപ്പൂമലർ ചൂടിയപോലെ
കുന്നിക്കുരുവും പവിഴവുമിടചേ-
ർത്തുന്നതുമുലകളിലണിയുംപോലെ
കൊന്നപ്പൂവും മാറുള്ളൊരുനൽ
പൊന്നും തമ്മിൽ ചേരുംപോലെ?
കാഞ്ചനമുട്ടകിൻ നടുവിലണിഞ്ഞൊരു
മഞ്ചാടിക്കുരുവെന്നതുപോലെ
കോപമെനിക്കു മനസ്സിലുദിച്ചാൽ
ശാപംതരുവൻ സംശയമില്ല;
ചഞ്ചലനയനേ സുന്ദരിനിന്നുടെ
നെഞ്ചിൽ നിനച്ചതുചിതമല്ലാട്ടം
സകലകലാമലശീലാശയയാം
ഭവതിമാഴി! നിന്നുടെ ലീലകളറിവാൻ
വികൃതിജളൻ നളനാളായ്തരുമോ?
വികൃതികളെന്തിനു ചിന്തിക്കുന്നു!
കുവലയമലരുടെ പരിമളസാരം
തവളകളറിവാൻ സംഗതിവരുമോ?
പെണ്ണിൻഭാവവിശേഷമശേഷം
കണ്ണില്ലാത്തവനനുഭവമാമോ?
നല്ലൊരുപാട്ടും കൊട്ടും കേട്ടാൽ
കല്ലിനുഭാവവികാരമതുണ്ടോ?
ശ്ലോകം ചൊല്ലിപ്പൊരുൾ പറയുമ്പോൾ
കാകനതിങ്കലൊരിടയുണ്ടാമോ!
മാടണിമുലമാർമധുരതയറിവാൻ
മാടപ്രാവിനു സംഗതി വരുമോ?
മൂഢനതാകിനനളനീവകയിൽ
പ്രൌഢതയില്ലതു ബോധിച്ചാലും!
സുരപതിവിരുതൻ നല്ലൊരു രസികൻ
സുരതരസങ്ങളറിഞ്ഞൊരുവിരുതൻ!
ഒരുവനെമാലയിടേണമിതെന്നാൽ
പുരുഷോത്തമനാമിന്ദ്രനെ വേണം;
തരുണീമണിയാളതു കേട്ടപ്പോൾ
ചെവിയും പൊത്തീട്ടൊന്നുചൊല്ലി



Digitized By Kerala Sahitya Akademi

മതി! മതി! നിന്നുടെ കടുവചനാദികളം
മതിതാപം മമ പെരുകീടുന്നു;
മതിമുഖനാകിയനളനരപാലനെ
അതിയായിട്ടു തുഷ്ടിച്ചതുമതിമതി!
തിരിയെനടക്കാമിനിയുമൊരക്ഷര-
മുരിയാടുകിൽ ഞാനങ്ങുഗമിക്കും;
പരിഹാസാദികളം പറയുന്നവരും
ഉരികിലിരുന്നതു കേൾക്കുന്നവരും
ഉരിതാനുഭവം സമമായ്വരുമെ-
ന്നറചെയ്യുന്ന മുനിതിലകന്മാർ;
തരുണീതരുണന്മാരന്യോന്യം
തരമായ്വരുവാൻ ദുഷ്കടമാണു;
ഒരുവനിലാഗ്രഹമൊരുനാരിക്കതു
പരഹൃദയത്തെയുമൊപ്പിക്കേണ്ടോ
ഇരുവരുതമ്മിൽ ചേർന്നവരുമ്പോൾ
പരമാനന്ദമവക്കുലടിക്കും;
മറുള്ളവരുപറഞ്ഞാലും ഹൃദി
പാറുകയില്ല കുലുക്കവുമില്ല
കാറനളനുപനെന്നാകിലു-
മോരോമവങ്കൽ നമുക്കഭിലാഷം
മറെന്തിനു വളരുപ്രായുന്ന
പൊരുപിറന്നൊരു ജനനിയുമെന്നെ
പോററിവളർത്തൊരു ജനകൻതാനും
മറൊരുപുരുഷനെമാലയിടീപ്പാൻ
മുറവംവന്നുപ്രയത്നംചെയ്താൽ
തെറ്റെന്നവിടെമരിക്കും ഞാനതി-
ലേറെരംമറൊരുപായവുമില്ല.

ഇത്തരമവളുടെ വാക്കുകളം കേട്ടതി-
നുത്തരമില്ലെന്നോർത്തു നരേന്ദ്രൻ
സ്വസ്ഥിനിനക്കെന്നരുളം ചെയ്തവളുടെ
പത്തനമതിൽ നിന്നാഗമിച്ചു
നിജ്ജരവരരുടെ മുൻപിൽ ചെന്നതി-
ലജ്ജിതനായിത്തൊഴുതുരചെയ്തു
ഇജ്ജനമോത്താലിതിനെന്തുതല്ലേ
സജ്ജനനികരശിരോമണിമാരേ!
ദുഷ്ടതരമവളുടെ ചിത്തമിളക്കാ-
നാടിയനുമതിക്ഷമമില്ലെന്നറിവിൻ!
ചതിവുപറഞ്ഞു മനസ്സുമറിപ്പാൻ
പടുതപെരുത്തൊരു പെൺകൊടിയാളവും
മതിമുഖിതാനൊരു പുരുഷനെ മനസാ
പതിയായിട്ടുവരിച്ചിതുപോലും
അതിയായിട്ടിഹക്ലേശിച്ചാലും
സതിയാമവളെവിട്ടു കൂടുകയില്ല;
അടിയൻ വളരെ ക്ലേശംചെയ്തു
മടിയെന്നുള്ളതു ബോധിക്കേണ്ടും
മറിവുണ്ടെങ്കിലിതെല്ലാം നിങ്ങൾ-
ക്കറിയാമല്ലോ വിബുധന്മാരേ!
സകലജനങ്ങടെ ഹൃദയമശേഷം
മുകുരതലത്തിൽ കാണുമ്പോലെ
അകതാരിങ്കൽ വിചാരിച്ചറിവാൻ
മികവുടവോന്മാക്കെന്നു പ്രസിദ്ധം
ക്ഷേമമഹാനിധിയാകിയ നളനുടെ
യുക്തികളം കേട്ടു തെളിഞ്ഞമരന്മാർ
യുക്തമിതവനുടെ ദോഷമതല്ലെ-
ന്നോർത്തു ഭവേന മറഞ്ഞാരവരും.

നളനുമയുനേരം കളവോനുടെ
ഗളമതികലോറിത്തെളിഞ്ഞു പുറപ്പെട്ട
കളിച്ചു പടഞ്ഞാനം വിളിച്ചുപുറപ്പെട്ട
വളച്ചുവഴി വെട്ടിത്തെളിച്ചു: ജലംകൊണ്ടു
തളിച്ചു പടകളും വിളിച്ചു കഴൽകൊമ്പും
വിളിച്ചു പടഹങ്ങളം അടിച്ചു വിരുതന്മാർ
പിടിച്ചു കളിച്ചൊക്കെ നടിച്ചു നടകൊണ്ടു.

ഭൂപശിരോമണി നളനും പടയും
താപമകന്നഥ കുണ്ഡിനപുരിയുടെ
സവിധേ ചെന്നുടനവിടെനിറഞ്ഞനു
രൂപം നൃപനെ വണങ്ങിടേടന്മാർ
പരിചൊടു നിഷധനരേന്ദ്രൻതരസാ
കരിവരഗളമതിൽനിന്നു പതുക്കെ
പരിജനകുതലമവലംബിച്ചുട-
നുരുതരകുതുകംക്ഷിതിയിലിറങ്ങി-
മുപ്പതുനാല്പതുനായന്മാരും
കെല്പൊടുനാലെജമാനന്മാരും
ഉൽപ്പലനയനൻ നളഭൂപാലൻ
അപ്പുരിപുക്കഥ നൃപനെക്കണ്ടു.
ഭീമനരേന്ദ്രൻ വിരവൊടുനളനെ
പ്രേമമുയർന്നു പിടിച്ചുഗതഴുകി

Digitized By Kerala Sahitya Akademi

കോമളമാകിനമണിമാളികമേൽ
ഭൂമിമോദേന കരേറിയിരുത്തി;
പാർത്ഥസീമനി മരുവീടുന്നൊരു
പാർത്ഥിവവരരും വന്നു തുടങ്ങീ
തങ്ങടെതങ്ങടെ പരിവാരത്തൊട്ട-
മങ്ങിനെയുപകലവീരന്മാരും
ഭംഗിവരുത്തിയണിഞ്ഞുമിനിഞ്ഞു മ
തംഗജമഞ്ജുളഗാമിനിയാളുടെ
ശോണാധരസുഖപാനാമലനി-
വ്വാണാനന്ദമനസ്വിമഹീശൻ
താനാരാൽ മുന്നണിയായ്ക്കണ്ഡിന
ലീനാത്മാവായ് യാത്രതിരിച്ചു
മധുരസമങ്ങിനെ വാന്നൊഴുകീടിന
മധുരാധരിയുടെ മടിയിലിരിപ്പാൻ
മധുരാകൃതി ഞാൻ മതിയാംഭ്രുവിനു-
മധിരാട്ടാണെൻ സമതവഹിപ്പാൻ
പാർത്ഥമതിലാരുള്ളെന്നിങ്ങനെ
ധൂർത്തനുമോർത്തു ഗമിച്ചു തുടങ്ങി
പിൻപിൽ നടക്കും നൃപനുടനേരം
തുമ്പികണക്കെ പറന്നുതുടങ്ങി
പടയും വേണ്ടാ കുടയും വേണ്ടാം
മട്ടുമലർമിഴിയെ ലഭിച്ചാൽപോരും
ഉടലുമുറിഞ്ഞാലന്തരമുണ്ടോ?:
തടമുലചൂൽകാൻ സൌഖ്യംകുറയും;
മന്നവർ പലരും പോരുന്നെന്തിനു
കന്യക നമ്മുടെ കയ്യ്കൽപോരും
എന്നെപ്പോലേ സുന്ദരനായി
പിന്നെയൊരുത്തൻ ഭൂമിയിലില്ല;
അതുമല്ലെന്നുടെ കോപ്പുകളിട്ടാ-
ലതിലൊരുശോഭ നമുക്കേയുള്ള
ചോദ്യംകൊണ്ടു പരീക്ഷിച്ചെന്നാ-
ലായതുനമ്മൊട്ടു പോരെന്നില്ല
വിരുതന്മാരിൽ കൌശുകമേറും
നാരീമണിമാക്കെന്ന പ്രസിദ്ധം
ജാതിശ്രേഷ്ഠതയുള്ളജനത്തെ
കാതരമിഴിമാർകാമിച്ചീടും;
ജാതിവഴിപ്പം നിരൂപിച്ചെന്നാൽ-
ക്ഷേത്രംകുറവുനമുക്കില്ലിപ്പോൾ;
ഇട്ടിക്കിൽ പുനരെന്നിൽ മികച്ചൊരു
വിദ്വാനില്ല തികച്ചുരചെയ്യാം
വിദ്വാനാകിയ വരനെവരിപ്പാ-
നുദ്യോഗിക്കും ദമസോദരിയും
കവികളിലേറ്റം കൌശുകമേറും
കവലയമിഴിമാക്കില്ലവിവാദം;
കവിതക്കാരിന്നപലരുണ്ടെങ്കിൽ
അവരിൽമികച്ചു ഞാനിഹതന്നെ;
അംഗനമാക്കുമനസ്സു തരപ്പാൻ
സംഗീതത്തിനു ശരിയല്ലൊന്നും
സംഗീതങ്ങടെഭംഗിവരുത്താ-
നിങ്ങൊരുകുട്ടം വാസനയേറും
ഇങ്ങിനെയോരോന്നോർത്തു നൃപന്മാ-
രംഗജബാണം കൊണ്ടു മയങ്ങി
തങ്ങടെ തങ്ങടെപൌരുഷചിന്ത തു-
ടങ്ങിക്ഷിതിപതിവേനംപൂക്കാർ;
ഇന്ദ്രാദികളവർ നാലുജനംനള-
ചന്ദ്രനു നാലുവരങ്ങൾ കൊടുപ്പാൻ
സാന്ദ്രകുതൂഹലസരസന്മാർവർ
സവിധേവന്തരചെയ്തുതുടങ്ങി;
ഇന്ദുബിംബമുഖിയാം ദമയന്തി-
ക്കിന്നു നീ രമണനായ്തുമൂലം
നന്നുനന്നുസുകൃതം പരിപൂർണ്ണം
പൂർണ്ണചന്ദ്രസുമുഖാ നരവീര!
നിന്നുടേഉത്തമനാസ്സുറിവാനായ്
വന്നുഞങ്ങളിഹ നാൽവരുമായി
മന്നിടത്തിൽ മഹിളാമണിയാകിയ
കന്യയേ ത്വടിതി കൈക്കലതാക്കാൻ
മോഹമില്ല ദമയന്തിയിലേറ്റം
സ്നേഹമുണ്ടതിനുമില്ല വിവാദം
മുഗ്ധഗാമിനികലോത്തമതന്നുടെ
ചിത്തസാരമറിയുന്നതിനായി
അത്രമാത്രമിഹ ചെയ്തിതു ഞങ്ങളു-
മത്രതന്നെപോകുന്നുനരേന്ദ്ര!

ശ്ലോകം.

കല്യാണീ കമലാ യഥാ ഭഗവതീ
കാന്തം പ്രപേദേ ഹരിം
കല്യാ സാചലബാലികാ ഭഗവതീ
പാരേന്ദ്രമൂഡം യഥാ

Digitized By Kerala Sahitya Akademi

മല്ലീപുഷ്പസുഹാസിനീ രതിരപി
പ്രാപ്തം യഥാ ചിത്തജം
മല്ലാക്ഷീ ദമസോദരീ വൃതവതീ
കാന്തം ഭവന്തം തഥാ.

പദ്യമതിങ്ങനെ കേട്ടാലുടനേ
വിദ്വാന്മാക്കിഹ പൊരുളുണ്ടാകും
വിദ്യാരഹിതന്മാക്കു ഗ്രഹിപ്പാൻ
വിരവൊട്ടു പൊരുളുരചെയ്തീടുന്നേൻ
നളനൃപതേ! നീ നമ്മുടെ വചനം
നലമൊട്ടു കേട്ടരുളിച്ചീടേണം
നളിനംതന്നിൽപണ്ടുപിറന്നൊരു
കളമൊഴികുലമണിലക്ഷ്മീഭഗവതി
നരകാന്തകനാംനാരായണനെ
തരസാചെന്നുവരിച്ചതുപോലേ
വരവർണ്ണിനിദമയന്തിഭവന്തം
വരനായ്വരണംചെയ്തിതു ഭദ്രം;
യമനിയമാദിഗുണങ്ങൾകൊനിറഞ്ഞൊരു
സുമശരരിപുവാം പരമേശ്വരനെ
ഹിമഗിരിവരസുത വരണം ചെയ്തൊരു
സുമഹിതമംഗലകർമ്മംപോലെ
കമിതാവായി ശ്രീരതിയും പുന-
രമിതരസാനുചിതനാകിയ മദനം
രമണനതാക്കിവരിച്ചതുപോലെ
ദമയന്ത്യാ സഹ നിഷധപതേ! നീ
നിഷധപതേ! കേമം നിന്നുടെ യാഗേ
നിഖിലസുരന്മാരോടുംക്രുടെ
നിജനിജരൂപത്തോടുംവന്നു
നൃപവരസഭയിലിരുന്നിരുക്കാണ്ടു
മർത്ത്യപ്പരിഷകളം കാൺകെത്തന്നൊ
പ്രത്യക്ഷേണ ഹവിർഭാഗത്തെ
ഭുക്തികഴിക്കുന്നണ്ടിഹ ഞാൻ തവ
ഭുക്തിമഹത്തുകളംബോധിക്കേണം
വരുണൻഭഗവാനരുളിച്ചെയ്തു
വരികസഖേ! നളനൃപതികുലേന്ദ്ര!
പുരുഗുണരാശേ! മരുഭ്രമിയിലും
പെരിയമഹാമലയുടെതടമതിലും
ഒരുനാളൊരുദിശിചെന്നുഭവാനും
മരുവുന്നേരം നമ്മെക്കനിവൊടു
നിരുപിക്കുമ്പോളവിടെവരുന്നേൻ
ദരുദിക്കിലുമിഹജലമില്ലെന്നു
പരവശരോവം വേണ്ടനിനക്കു
പെരുകിനവാഗ്പും ചെമ്പുചരക്കുകളം
പരിചൊടടുപ്പിൽകേറിക്കൊണ്ടതിൽ
അരിയുംപോട്ടാലധികമവററിൽ
പെരികെഞ്ജലവും തനിയേ നിറയും
എരിയുംതീയെന്നഗ്നിയുമരുളി.
അരിയും കറികളുമമൃതിനുസമമെ-
ന്നരുളിച്ചെയ്താനന്തകഭഗവാൻ;
പെരുകിനസുഖമിനി ദമയന്ത്യാ സഹ
പുരിയിൽച്ചെന്നവസിച്ചീടുക നീ.
ഏവമരുളിച്ചെയ്തദേവന്മാർ നാലുപേരും
ദേവലോകത്തെനോക്കിപ്പോവാൻമുതിന്നതു
മാഞ്ഞുമഞ്ചങ്ങളംതോറും നിറഞ്ഞുമേവും നൃപ-
ന്മാർ
പറഞ്ഞുതുടങ്ങിരോഗ്യംകുറഞ്ഞുസംസാരവാഗ്പു.
മറിഞ്ഞുകൂടാതെതൈവം ചതിച്ചുപെണ്ണിനെ
വേൾപ്പാൻ
കൊതിച്ചുവന്നൊരുനമ്മെത്യജിച്ചുവൈരസേ-
നിയെ
വരിച്ചുദമയന്തിയുംധരിച്ചുവിപ്രന്മാരെല്ലാം
തിരിച്ചുസ്വർഗ്ഗവുംകെട്ടിത്തിരിച്ചുകൊണ്ടങ്ങു
മിങ്ങും
മേച്ചുവന്നൊരുനമ്മംശ്രമിച്ചുനില്ക്കയോവേണ്ടു
ഗമിച്ചുകൊൾകയോവേണ്ടുനടപ്പിൻഭൂപാല-
ന്മാരേ
കടപ്പിൻകുണ്ഡിനംതന്നിൽകടപ്പിൻഭീമനെ-
ച്ചെന്നു
പിടിപ്പിൻ! കന്യകേപ്പാഞ്ഞങ്ങടുപ്പിൻകാർമ്മു
കംകൈയിൽ
എടുപ്പിൻ ഘോരബാണങ്ങൾതൊടുപ്പിൻ ഒരുത്തു
കൊണ്ടെല്ലാം-
മടുപ്പിൻപത്തനംകുത്തിത്തകർപ്പിൻ സർവ്വം
ചെന്നു
ഹരിപ്പിൻ! പേടിയുള്ളോരിങ്ങിരിപ്പിൻ
പെണ്ണിനെച്ചൊല്ലി
മരിപ്പിൻ മന്നവന്മാരേ! സുരിപ്പിൻ നാണക്കേ
ടെല്ലാം.

Digitized By Kerala Sahitya Akademi

പടഹമെങ്ങുപടകളെങ്ങു നമ്മുടെ
കൊടികളെങ്ങു കടകളെങ്ങുസംഗര
ഘടനഘോഷമുടനെവേണം ഭരികുല-
മടിപെടുക്കപൊടിപൊടിക്കനല്ലൊരു
മിടുമിടുക്കനടനടുക്കവിരവോടു
നലമൊടുവിലസിന ചലമിഴിമണിയുടെ
തലമുടിവടിവൊടു പിടിപെടുവതിനൊരു
മടിയുടരുതിഹ പടുതരനരവര
പരിഷകളുടെയൊരു പുരിയതിൽവിരവൊടു
ഉരുതരമിഹ ബത കരുതിയപുരുഷരെ
വിരവൊടുശരവരനിരകൾക്കിരയാ-
ക്കീടവേണമാടലെന്തുസംപ്രതി
മൂഢരാവുമൂഢമായതെന്തിഹ!
ഗ്ലാഘമല്ല ഗാഢവൈരമിന്നതി
ഗ്ലാഘമായി ക്രൂഢമായി ശിവ ശിവ!
ഇത്ഥംനൃപതിസമൂഹമശേഷം
യുദ്ധമതായിഹ കണ്ഡിനനൃപനാടു
യുദ്ധംചെയ്യുതിനെത്തിനിറഞ്ഞവ-
രുദ്ധതകളകളഘോഷത്തോടും
അംഗൻ നൃപതി കലിംഗൻ നരപതി
വംഗൻ വരഗുണതുംഗൻ ദ്രമിളൻ
കുന്തളനരപതികുരുകുലഭൂപതി
കുന്തിമഹീപതി വിന്ധ്യനരേന്ദ്രൻ
പൂണ്ഡ്രകനരപതി പുഷ്കരനരപതി
പാണ്ഡ്യമഹീപതി പാഞ്ചാലനൃപൻ
ചോളക്ഷിതിപതി ലാടനരേന്ദ്രൻ
സിന്ധുമഹീപതി സിംഹളഭൂപതി
കണ്ണാടപ്രഭു കാശ്മീരപ്രഭു
കാശിമഹീപതി കാമരൂപപ്രഭു
രുദ്രമഹീപതി രുദ്രപുരേശൻ
ഇങ്ങിനെയുള്ളനൃപന്മാരനവധി
തിങ്ങിനപുരുഷാരങ്ങളുമിളകി
തങ്ങടെതങ്ങടെ നായന്മാരെയു-
മങ്ങുസപരിവുപിച്ചിങ്ങുതുടങ്ങി
ചന്ദ്രക്കാരൻരാമച്ചൻതൊരു
കുന്തമെടുത്തുപിടിച്ചുകരത്തിൽ
വാളുമെടുത്തുതാളത്തിൽച്ചില
മേളംക്കൊട്ടിരച്ചുറുകർംവച്ചു

കാക്കരനായർ കടുത്തലകൈയി-
ലൊട്ടുത്തുപിടിച്ചുനടന്നുതുടങ്ങി;
ചന്തക്കുഴലും തോളിലൊട്ടത്തൊരു
കന്തക്കാരണിയിട്ടുതുടങ്ങി;
കാപ്പീറെന്നൊരു രോഷം പറഞ്ഞു
കലശലൊരേടത്തങ്ങുതുടങ്ങി;
കണ്ടച്ചാരേ! ക്രൂരം തന്നുടെ
കൈയിലൊരായുധമില്ലാത്തെന്തേ
ചൊണക്കാഴ്ചമിനിക്കു പിണഞ്ഞതു
മ്ലേച്ഛാ താനതുബോധിച്ചില്ലേ
നമ്മുടെ വീട്ടിൽ പത്തുപണത്തിനു
ചൊവ്വുള്ളതുമില്ലൊക്കെനശിച്ചു
അമ്മമരിച്ചപ്പിന്നെക്കാഴ്ചം
അമ്മാവൻ ക്ലേശിച്ചുതുടങ്ങി;
അമ്മായിക്കും മക്കൾക്കും പുന-
രമ്മാനമുറപ്പാനും വെറുതില
തിമ്മാനം തേപ്പാനും പുനര-
ങ്ങമ്മാത്രംചിലതീർപ്പിപ്പാനും
അമ്മുതലെല്ലാം ചിലവിട്ടിപ്പോൾ
ഉമ്മാനംവകയില്ലാതാക്കി
അമ്മാപാപികടംകൊണ്ടതുമിഹ
നമ്മാലോത്താൽ പോക്കുകവിഷമം;
ഗണപതിപട്ടക്കമ്പത്തുപണവും
പലിശയുമങ്ങുകൊടുപ്പാനുണ്ടു;
പണമില്ലാഞ്ഞിട്ടെന്നുടെകന്തം
പണയംവച്ചു പലിശകൊടുപ്പാൻ
കേളിപെരുത്തൊരു കന്യകമണിയുടെ
വേളിക്കോളമെഴുന്നള്ളുന്നു
ആയതുകേട്ടവർ കേട്ടവരെല്ലാ-
മായുധമെന്തിനടന്നുതുടങ്ങി:
ആയുധമില്ലനമുക്കെന്നുള്ളതു
നായന്മാക്കു പറഞ്ഞീടാമോ;
ആയതുമൂലം മിണ്ടാതേഞാൻ
കൈയുംവീശിക്കൊണ്ടുതിരിച്ചു
കേട്ടോ താനാകന്യകയെപ്പോയ്
വേട്ടോനമ്മുടെ സ്വാമിയുമിപ്പോൾ?
നമ്മുടെസ്വാമിക്കവളെ ലഭിപ്പാൻ
കർമ്മമതില്ലുതനിക്കെന്തറിയാം

Digitized By Kerala Sahitya Akademi

നമ്മുടെ രാജാവെന്തൊരുകാര്യം
നമ്മളെയൊക്കെ സ്വാശ്രയിക്കുന്നു
മാലകഴുത്തേലോറ്റനുപന്റെ
മൂലവിനാശം ചെയ്യുതിനിപ്പോൾ
നാലംബുധിയുടെ നടുവിലിയന്നൊരു
നായന്മാരവരൊക്കെമുതിർന്നു
ആയതുചാരം നിർമ്മരിയാദം
ആയവനെന്തുപറഞ്ഞുനരേന്ദ്ര-
ക്കായവർതന്നെവരിപ്പാൻ ചെന്നാൽ-
ആയതുപേക്ഷിച്ചീടുകയുണ്ടോ?
ആയിരമൻപതുകോടിനൃപന്മാർ
ആയവളൊരുവളെമോഹിച്ചെന്നാൽ
ആയവളെങ്ങിനെവേണ്ടും ദേഹം
കണ്ടിച്ചെല്ലും വിരൂപിക്കയുമോ?
മെല്ലെപ്പുറക നൃപന്മാർകേട്ടാൽ
കൊല്ലുംതന്നെത്താമസിയാതെ
മല്ലുവിലോചനമാരെക്കാമി-
ച്ചുള്ളമലിഞ്ഞുഴലുന്നനൃപന്മാ-
ക്കുള്ളിൽവിചാരം ചെല്ലുകയില്ല
അല്ലേതാനതറിഞ്ഞിട്ടില്ലേ
വല്ലതുമവിടൊരുപായമതുണ്ടോ
ചെല്ലുണമീജനമെന്നോവേണ്ട
പടയിൽചെന്നമരിപ്പാനൊട്ടും
മടിയില്ലിങ്ങതുബോധിച്ചാലും
ഭടയില്ലാതെകഥിക്കയുമല്ലി-
പ്പടരോവിച്ചതുചിതമല്ലിപ്പോൾ;
ഒരുപെൺകൊടിയിൽ കൊതികൊണ്ടൊരുവക
നിരുപണമില്ലാതുള്ളനൃപന്മാർ
നരപതിഭീമനു കുറവതാക്കിയ
തൊരുവൻ കേട്ടാലാനകളിക്കും;
അങ്ങാടികളിൽതോലിപിണഞ്ഞാൽ
അമ്മയെടപ്രിയമെന്നതുപോലെ;
ചെങ്ങാതികടെജളതാമതിങ്ങനെ
എങ്ങാനുണ്ടോപണ്ടുള്ളവായി.
ഇത്തരമോരോവാക്കുപറഞ്ഞവ-
രെത്തിനിറഞ്ഞിതു.നായന്മാരും
സത്വരമനവധിനൃപതികളും കണ്ഡിന-
പത്തനമൊക്കെയടിച്ചുതകർപ്പാൻ
വട്ടംകൂടിയവാർത്തകളൻപൊട്ടു
കേട്ടുമഹീപതി ഭീമൻ നളനും
എന്തിഹസമുചിതമെന്നുമനസ്സിൽ
ചിന്തിച്ചുവിടെവസിച്ചീടുമ്പോൾ
ഭാരതവംശാധിപനാം നളനൊട്ട
ഭാരതിഭഗവതിയരുളിച്ചെയ്തു;
വീരാ നൃപകുലമകുടമണേ! തവ
ധീരതകൊണ്ടുശമിക്കുമനർത്ഥം
നൃപതിജനങ്ങടെ കലഹാരംഭം
സപദി ശമിപ്പാനുണ്ടൊരുപായം
വിപദമൊഴിപ്പാനിന്ദ്രാണിക്കൊരു
വിരുതുണ്ടവളെസ്സേവിക്കേണം.
"ഇന്ദ്രൻറെഭാര്യയാകുമിന്ദ്രാണിദേവിയെന-
രേന്ദ്രനവാൻ മനസ്സിൽ നന്നായി ഭജിച്ചാലും;
എന്നാലുടനേതന്നെനന്നായിവരും ഭവാൻ"
എന്നങ്ങരുളിച്ചെയ്തമന്ദ്രമറഞ്ഞുദേവി
എന്നുള്ളരുളപ്പാടുകേട്ടനരേന്ദ്രൻതാനും
ചെന്നുകളിച്ചുവേഗംവന്നുപുരോമുഖയെ
പുഷ്പങ്ങൾകൊണ്ടുവന്നുപൂജിച്ചുവിധിയോടെ
നിഷ്പന്നമനോവേത്തോടെനിന്നു സ്തുതിയുടങ്ങി.
വന്ദേഹം ദേവീ വന്ദേഹം ദേവീ!
സന്ദേഹംക്രൂടാതെ എന്നെ
സന്തോഷിപ്പിക്കേണം
ദേവീ സങ്കടം ദേവീ സങ്കടം നമുക്കിഹ
ശങ്കയൊഴിച്ചുനിൻകടാക്ഷമേ ഗതി (വന്ദേഹം(
ഭൂപന്മാർ ബഹുകോപന്മാർ
ഭൂപാലൻ ഭീമന്റെ നാട്ടിൽ.
ആപത്തു വരുത്തീടാതെ.
കലഹാരോവകലുഷാരോവൻപൊടുശമയദേവി
ശതമഖപ്രിയേ!തവകരുണവേണം (വന്ദേഹം)
ദുർല്ലഭേ ശക്രവല്ലഭേ!
വല്ലാതെനൃപന്മാർ നമ്മെ
വെല്ലാതെ ശമിപ്പതിന്നു
കല്യാണം ദിശ കല്യാണീ
കല്യാണം മുടങ്ങീടാതെ
കല്യേനീകാത്തരുളേണം
കമലലോചനേ ശമലമോചനേ!
തവ കരുണ വേണം ആതണപല്ലവധരീ

Digitized By Kerala Sahitya Akademi

കല്യാണം ദിശ! ദിശീ കല്യാണി!
വന്ദേഹം ദേവീ വന്ദേഹംദേവീ!
ജംഭാന്തകനുടെ വല്ലഭനുടെ
സംഭാവനകൊണ്ടഖിലസുപാണം
ജൃംഭിതകോപവികാരമശേഷം
സാംപ്രതമൻപൊടു സംഭൃതമോദൽ
സംഭ്രമമാശു ശമിച്ചുനൃപന്മാർ
സംപ്രതിവന്നസുഖേനപറഞ്ഞു;
എന്തുപിഴച്ചു ഭീമനരേന്ദ്രൻ?
എന്തുപിഴച്ചു മഹാമതിനളനും?
എന്തിക്കുവലയദളമിഴിയാം ദമ-
യന്തിക്കും പുനരപരാധമെടോ!
മാച്ചിലനമ്മുടെ നിർഭാഗ്യത്തെ
മാറ്റിക്കൊൾവാനാക്കില്ലതാവു;
പോറ്റിക്കും കൃപയില്ലിനിനമ്മെ
മാറ്റികളകിനഭൂപതിമാരിൽ
നൂറ്റിലൊരുത്തനുതോന്നിയതില്ലി
ഗോഷ്ടികളം കാട്ടരുതെന്നുമനസ്സിൽ
നീറ്റിൽനടക്കും മുതലകൾ പോലെ
പ്പീറ്റിയടപ്പുനൊരുത്തവകാശം?
നളിനശശീമുഖസന്നിഭമുഖനാകിയ
നളനുപവരനെക്കണ്ടാൽനല്ലൊരു
കളമൊഴികുലമണിമറ്റൊരുനൃപനുടെ
ഗളമതിൽമാലനിബന്ധിപ്പവളോ!
പലനൃവരന്മാരുണ്ടെങ്കിലുമിവ
നളനൊടുതുല്യമൊരുത്തനുമില്ല;
തെളിവൊടുമവനെവരിച്ചില്ലെങ്കിൽ
കളമൊഴിയാൾക്കൊരുവകതിരുവി-
ല്ലെന്നൊരു കുറവുവിചിച്ചേനേ ഞയ്യ
വന്നില്ലവളുടെ ഭാഗ്യവിശേഷാൽ
നളനേത്തന്നെയസംഗതമിങ്ങിനെ :

നരവരവൃന്ദമശേഷവുമപ്പോൾ
തെളിവൊടുവാഴ്ത്തിസ്തുതിചെയ്യുന്നതു
നരപതിഭീമൻകേട്ടതിമോദാൽ
പൊരുളോമിയുടെ കൃപാലവമൽതം
ഞാലോകിതമിതിമനസ്സിലുറച്ചു
കാലോചിതമാമുപചാരത്തെ
കനിവൊടുചെയ്യുതുടങ്ങിനരേന്ദ്രൻ!
സ്വർണ്ണാഭരണം രത്നാഭരണം
കുണ്ഡലവും കങ്കണവുംതോൾവള
കാഞ്ചിദുകൂലംതരിവളപരിവള
കാഞ്ചനകുംഭകനകച്ഛത്രം
പൂഞ്ചേലകളും കുപ്പായം ബഹു
വാഞ്ഛിതമൊക്കും പല്ലക്കുകളും
ആനവധിപണവും മണിഗണവും ബഹു
കനകപ്പൊടിയും വാരിക്കോരി
ധനപതിസകലനരേന്ദ്രന്മാക്കും
കനിവൊടുത്തുടിതികൊടുത്തു തുടങ്ങി;
ദമയന്തിയുടെ സഖിമാരുണ്ടവർ
കമനീയാംഗികൾ കോടിസഹസ്രം
ഓരോരോനരവീരന്മാക്കതിൽ
ഓരോസഖിമാരെപ്രത്യക്ഷം;
ആരോമൽകനിവാടുകൊടുത്താൻ
ധീരോദാത്തൻ ഭീമനരേന്ദ്രൻ;
ദമയന്തിക്കുസമാനമതാകിയ
കന്യാരത്നം കിട്ടുകമൂലം
പ്രമുദിതഹൃദയന്മാരായ് നൃപതികൾ
സമമഥയാതുപറഞ്ഞു തിരിച്ചു;
കല്യാണിയതാംദമസോദരിയുടെ
കല്യാണോത്സവകോലാഹലമഥ
നല്ലമുഹൂർത്തനലമൊടുചെയ്വാൻ
ഉല്ലാസേനതുടങ്ങിനരേന്ദ്രൻ.

നളചരിതം ഒറ്റൻതുള്ളൽ സമാപ്തം.

Digitized By Kerala Sahitya Akademi

# ലങ്കാമർദ്ദനം

## ഓട്ടൻതുള്ളൽ.

---

പത്മലോചനംജഗദ്വോച്ചിമോചനം ജഗ-
പവനതനയഹൃദയകമലലീനമസ്വതം ജഗ
പാപനാശനംജഗപരാപരംഹരിംജഗ
ഭുവനഭരണദുരിതഹരണചരണപങ്കജംഭജേ
സപ്തരാജതല്പശയനമുല്ലലോദ്ഭവോദിതസവ്യ-
മുൽപ്രയസ്തമദ്ഭുതാംഗമബ്ജരോചിഷംജഗേ
രാമരാഘവം ജഗേ രമാവരം ഹരിം ജഗേ
രക്ഷകുലേശദാരിശിചരേശദലിതമനവദ്യംജഗേ
രാമലമജിതമഖിലനാഥമചലമമൃതമതുലമാസ-
മസമശംപരംസദൈവദശരഥാത്മജംജഗേ
ഭൂഭാരഹരകരലോകവര
ഭൂതേശനിഷേവിതപാദവര!
ശോകാപഹാരപരപാപഹര!
ലോകേശമുഖ്യാമരതാപഹര!
സീതാവരപാഹികരുണാകര!
ർണശ്ശരവരഘരപാപഹര!
ശ്രീരാഘവദേവഭവാബ്ധിതര
നാരായണനാഥ! നരാധിവര!
കല്യാണമുദിക്കുമിനം പ്രതിമേ
വിലാചലനായകപാലയമാം.

വേദങ്ങൾക്കൊരുകാരണനാകിയ
നാഥൻ ഗോപതിവന്ദിതനജിതൻ
ഖേദങ്ങൾക്കുനിവാരംജഗദീ-
ർദ്ധങ്ങൾക്കുവിശേഷണമൂർത്തി
ദ്രുതങ്ങൾക്കു വിശേഷിച്ചുധിപതി
ലോകങ്ങൾക്കു സദാഗതിഭഗവാൻ
പാപങ്ങൾക്കു വിനാശകരൻപരി-
താപങ്ങൾക്കൊരരാതിപുരാരി
ബോധങ്ങൾക്കു ഗുണപ്രദനാം ഹര-
നാതംകോപഹനംബുധികയോട്ടം
മാതംഗഗഞ്ജിതപെരുവടിവഴകിന
മാതംഗാകൃതിയായുമ പിടിയായ
ബോധങ്ങൾക്കതിയച്ചിവരുത്തിമു-
ദ്രാഖ്യംകൃതിയൊട്ടുമരുവിനകാലം
സാരംഗാഞ്ചിതപാണികൃപാനിധി
ശ്രീഗംഗാവരദേവനസുതനായ
മാതംഗിനിവടിവായഭവാനിയി-
ലേറുംഗുണമൊട്ടുവന്നുപിറന്നൊരു
ദേവൻഗണപതിനാമാഗുണപതി
ശ്രീമദ്ഗജവരാസുരവദനൻ
മാതംഗാനനനായഗണേശ്വര
പാദങ്ങൾക്കിഹഞാൻപണിയുന്നേൻ—

വരദേഹോരതീചാരു ചരിതേസകലലോക
ഭരിതേ! കവിതയ്ക്കുതിവിരുതേസന്താപം പാരം
പെരുതെന്നിലേവംദോഷാതെരുതെരെദുതാന്നാ-
സ്സ്യയാൽ
ഒരുതെല്ലുംനാണിയാതെഒരുനേരംവേർവിടാതെ
ഇരിതേരിലെന്നപോലെന്നകമേ കവിമാതാ-
വേ!
ഫലതിസകലംസാരജലധേർദ്ദുർബോധലേശ
രഹിതേസൽബോധരൂപലസിതേ എന്നാ-
വിടത്തിൽ
പരിരോപിച്ചീടേണമേ! ഗുരുദേവീനിൻകടാ-
ക്ഷം;
കടൽവണ്ണൻലോകത്രയപരിപൂർണ്ണൻകാളമേഘ
കരുവണ്ണൻകൃഷ്ണനെന്നിൽ മരുവുന്നമോഹം ചെ
ന്മേ
ഒഴിവിന്നന്ധകാരമാലിഴുകുന്നതോയരാശി
തുഴയുന്നോക്കാത്മബന്ധുപുഴകുന്നഗോവല്സ
മമരുന്നദേവനെന്നിൽ പെരുകുന്നതാപംതീർത്തു
മിടതൊന്നുമാറുമിതുമിടരെന്യേചെന്നുനില്പാൻ
അരവിന്ദമന്ദിരാദിസുരവൃന്ദവന്ദിതനാ-
മരവിന്ദസുന്ദരാക്ഷൻ ശരദിന്ദുബിംബാനനൻ
മുചുകുന്ദനന്ദനീയൻ ഗുരുനന്ദിതാശയനാം
വരനിന്ദിരാരമണൻ കനിവിന്നരുളേണമേ.

ഗുരുപവനാഞ്ചിതപുരവരനും മമ
ഗുരുവരനും സുരമുനിവരരും

Digitized By Kerala Sahitya Akademi

മറയവരായ മഹത്തുകളും ബത
മറവടിവോടു പകുത്തവനും
സുരതോയാഞ്ചിതപുരവരനും മമ
ഹരിഗീതാലയപതിഗ്രഹനും
കരുണതരേണം പിഴകളും വിടേണം
മോദത്തോടനുവാസരമെന്നുടെ
ചേതസ്സിൽകുടികൊണ്ടരുളിടിന
ശ്രീതപാഞ്ചിതമായ്മെമഹീവര
പാദദ്വയബലമാശ്രയമായി
ശ്രീരാമായണമായമഹാകഥ
സാരാമൃതമതിലിദമൊരുഭാഗം
ലങ്കാമർദ്ദനനാമകഥാഗ്രഹണ
സംഘോദയമിദമൊട്ടരചെയ്യാം
രാമൻ ജഗദഭിരാമൻ ഭൂശപരി-
ധാമൻതനുജിതകാമൻക്ഷിതിസുതാ
രമൻ ധൃതപരധാമൻ ജലധര
ധാമൻരിപുകുലഭീമൻ ധൃതപഥ
യാമൻബുധപതികാമൻ ജിതഭൂ
രാമൻ സുകലിതഹേമൻ രണഭുവി
കേമൻ ഖലകുലവാമൻ വിരഹിത-
ധീമൻ ഗതപരിണാമൻബഹുവിധ-
നാമൻരവികുലസോമൻ ദശരഥ-
രാമൻ മമ ഹൃദി രാമൻ

ശ്രീരാമൻ സുകൃതൈരാമൻനിജ
താരാർമകളാം ജാനകിയോടും
സോദരനാകിയ ലക്ഷ്മണനോടും
താതനിയോഗം കാരണമായി-
ക്കാനനസീമനി മേവിനകാല-
ത്താനനനൈരൈടാമമരാരി
രാവണനായനി രാചരനാരുനാഥം
പാവനയാകിയജാനകിതന്നെ
മോഷ്ടിച്ചുംകൊണ്ടവനുടെകനുമ
ക്കാട്ടിൽശിംശിപവൃക്ഷമൂലേ
പാർപ്പിച്ചാനഥ ശ്രീരാഘവനു-
മാഹസ്തുതി പൂർത്തനെമിത്രവുമാക്കി
തണ്ടാർമകൾക്കണ്ടുവരേണ്ടതി-
നണ്ടർകുലാധിപപൊരുത്താദികളും
തെക്കേക്കടലിനടുക്കൽചെന്നവ-
ടക്കേക്കരമേൽ വസിച്ചൊരശേഷം
മക്കടസഞ്ചയമക്കടൽകണ്ടഥ
ഉൽക്കടഭീതിവെടിഞ്ഞിതനേകം
ദുർഘടമിക്കടലക്കരെപോക
നമുക്കുനിനയ്ക്കിലശക്യമശക്യം
വീരതയും രണധൈരതയുംപരി
ഘോരതയും ഗതിസാരതയും
ധീരതയും ഭയദൂരതയും
തേജോചാരുതയും ബലപൂരതയും
ബാഹുമോടികലർന്നുവളർന്നചലാദിക-
ളോടലെഴുന്നശരീരികളായി
രണ്ടുസഹസ്രംവാനരവരരും
ഭൃംഗശരീരപ്പുളവഗകുലാധിപ-
നംഗദനവരിലിടയ്ക്കുമധീശൻ
നാൻമുഖസുനുമഹാകപിവീരൻ
ജാംബവനുത്തുവയസ്സുൻ വിവിദൻ
ബലപതികുമുദൻ ശതബലിപനസൻ
ഗണപതിവിനതൻ മദവരസഹിതൻ
സുഹിതൻ സുഭടൻ വിശദൻ വികടൻ
വൃഷഭൻശരഭൻവിമുഖൻസുമുഖൻ
വിപുലൻസുബലൻബഹുലൻപ്രബലൻ
ജ്യോതിർമ്മുഖനും ദുർമ്മുഖനുംബലി
ശാതൻബലിമുഖനഗ്നിമുഖാഖ്യൻ
നീലൻ നളനും തദനു സുഷേണൻ
കാലനസമനാം സുതനുഗവാക്ഷൻ
കേസരിതാരൻ ഗവയൻശൂരൻ
സുമതിപ്രമഥിവിശാലൻശാതൻ
മാരുത്സുതനാം ശ്രീഹനുമാനതി
മേരുസമാനശരീരികളം പലരും
പരന്നവാരിധിതന്നുടെതീരേ
നിരന്നിരുന്നനിരുപണമാന്നാ
രംഭോധിയുടെ ഗംഭീരാരവ
ഡംഭേദർഷവുമവിടെനശിച്ചു:—

കായംവളർന്നാജിവായും പിളർന്നചെമ്പ-
ച്ചായംകലർന്ന പനിച്ചായംകലർന്നനീളേ
മേയുംതല ഭട്ടംതായനിധിയിൽകളി-
പായുന്നാനനമുഷ്ടംപായുംയെപ്പട്ടകം



Digitized By Kerala Sahitya Akademi

കായുംജനങ്ങൾക്കെല്ലാംകണ്ടീടുംനേരംരയം
പൂണ്ടീടുംവട്ടമൊത്തവണ്ടിപ്പരിചപോലെ
തെണ്ടിക്കളിക്കുന്നതിരണ്ടിക്കുലങ്ങൾ ചില
കുണ്ടിൽകിടപ്പവർപുരണ്ടീട്ടെഴുനേറ്റപ-
രണ്ടിച്ചിറകുമായിമണ്ടിപ്പുളച്ചുവേഗം
കണ്ടിക്കുംകണ്ടകങ്ങൾകൊണ്ടീടിൽപ്രാണൻ
പോമതുകൊണ്ടീഷലില്ലുറ്റനം;
ഹുംകാരനാദത്തോടുസംഘ്ലനസംഘ്ലംവളർ
ശംഖവരന്മാരുടെസംഘ്ലോഷഘോരംകണ്ടു
മീനക്കുലേശന്മാരുടെയാനവിശേഷം വാരിധി-
യാനക്കുലേശന്മാരുടെമേനിയായയുംകണ്ടും
വമ്പുംനികത്തിനിജകൊമ്പുംപരത്തിക്കൊണ്ടു
വമ്പൻ ചിറകുമായിചെമ്പൻ ചിറാകിൻക്രുദ്ധം
ഡംഭേനടിച്ചധികംവനുകാണിപ്പാനായി
ഇമ്പത്തോടവമുണ്ടാരെണ്ണത്തീരായിരങ്ങൾ
ഭീമാകൃതികൾകടലാമസമൂഹംടയ-
മാമതിനില്ലാഭേദം പോമക്കാലത്തുമോദം.
കഴനിറത്തൊടുനീളമെഴുംഹണി
വാളികളും ജലധൂളികളും കട
ലാളികളും ചിലതേളുകളുംവളർ
തോളരമായ്മുതുകാളിമയായ്ചില
വാളുകളുണ്ടവർപല്ലുകളീച്ചുകൾ
വാളുകൾപോലെനികന്നുജലോപരി
ക്രുദ്ധികളിച്ചുപുളച്ചുമദിച്ചുട-
നോളത്തിൽസുഖകേളികളോടും
കടിപെടുദാരുണകൊടുപടലികൾനിജ-
പേടകളൊടൊരുമയൊടിടകലരുംപടി
കടലടിതിരയുടെനടുവെമറിഞ്ഞും
ഇടരൊടുമിടിതരംഘടഘടഘോഷ-
ത്തൊടുപിടിപെടുമതിരതിനടനീന്തും
തുടുനിറമുടയകുളീരാവലിയും
ഇടരൊടുമിടിംഘടരവമതിനുടനുല
കടലടിതിരയുടെനടുവെമറിഞ്ഞും
തുടുനിറയുയരവേത്തടിതിധിമിധിംധി
പിംഗലവണ്ണമിയന്നുവളന്നതി-
പിംഗലജാലവിധങ്ങളുമേവം
വാരാന്നിധിയുടെഘോരാഡംബര
മോരോന്നിവകകണ്ടുദശായാം

ധീരതപൂണ്ടുമഹാകപിവരരതി
ധീരതപൂണ്ടുമനസ്സുമടങ്ങി
ആംഭോനിധിയതിനക്കരെലങ്കയി-
ലംഭോജാക്ഷിമനോഹരിസീതാ
സംഭ്രമാധികലൻവസിപ്പതു
സംപാതിവചനേനധരിച്ചു;
ആക്കരപൂക്കൊരുമക്കടവരനിഹ
പുഷ്കരമിഴിയെക്കണ്ടുപറഞ്ഞൊരു
ദുർഗ്ഘടവുംപിണയാതെകടന്നി-
ട്ടിക്കരെവരുവാനാക്കില്ലതാവു?
എന്നനിരൂപിച്ചുംഗദനായപു-
രന്ദരനന്ദനനന്ദനനേവം
ശിഷ്ടന്മാരാംവാനരവരരിൽ
ശ്രേഷ്ഠന്മാരെവിളിച്ചുരചെയ്താൻ:—
ആവ്യാജംവന്നെന്നൊടുപറമ്പിൻ
വെവ്വേറെവിവരംബലവേഗം;
ചാടീടേണംജലനിധിയതിനഴൽ
തേടീടാതവരാരെന്നറിവാൻ
നിജനിജമാനസമതമതുവിരവൊട്ടു
വദവദവാനരനികരാധിപരേ!
അംഗദനിങ്ങനെചൊന്നതുകേട്ടവർ;
തങ്ങടെതങ്ങടെബലമുരചെയ്താർ
ഒരുപതുയോജനചാടാമെന്ന-
ങ്ങൊരുകപിതന്നുടെ നിനവുപറഞ്ഞു;
നീചാട്ടംപടിയിരുപതുയോജന
ഞാൻചാടാമെന്നപരനുരച്ചാൻ;
മുപ്പതുചാടാമെന്നൊരുവൻ ദ്രുമ-
മപ്പുറമല്പവുമെന്നാൽകഴിയാ;
നാല്പതുചാടാമെന്നൊരുകപിവര-
നപ്പുറിയിൽവീണുമരിക്കാംപക്ഷം;
അൻപതുചാടാമറുപതുമെഴുപതു-
മെമ്പതുമാംപുനരഥതൊണ്ണൂറും;
നൂറേയോജനലങ്കയിലണവാൻ
നൂറുംചാടാനാരുംപോരാ;
പോരുംതേവരുമെന്നുനിനച്ചുഥ
തീരാതാധിസഹിക്കരുതാഞ്ഞു
താരാസുതനാമംഗദനവരൊട്ടു
പാരാതേനയഗിരമുരചെയ്താൻ:—

Digitized By Kerala Sahitya Akademi

അരയോജനവഴിചാടുന്നവനും
അരയുംതൊണ്ണൂറൊമ്പതുമവനും
ഒപ്പംസപ്തവികല്പംനാസ്തി
വികല്പംജലധിയിൽവീണമറിഞ്ഞും
കപ്പിക്കപ്പിത്തുപ്പിത്തുപ്പി
ചപ്പിച്ചപ്പിത്തപ്പിത്തപ്പി
ബബ്ബ്ബാഗ്ഗുഗ്ഗുവെന്നും
ഉപ്പെപ്പെപ്പെപ്പോപെപ്പെയാം
എന്തിനുവെറുതെ ചാവാൻപോണാ
നീന്തിനടപ്പാൻമുതലകളല്ല;
ആക്ഷിമുട്ടിവിശന്നുതളർന്ഥ
പട്ടിണിയിട്ടുവലഞ്ഞുകഴഞ്ഞുതി-
നഷ്ടിവേറിച്ചുചടച്ചുനശിച്ചുതി
ചുട്ടമല്ലരിതിട്ടമലേവം
പാട്ടുകിടന്നുമരിപ്പതിനീശ്വര
നിഷ്ടമതാകിൽനമുക്കതുകമ്മം;
എന്നുടെമതവുംചൊല്ലീടാമിനി
എന്നുടെദേവാൻ തന്നുടെകൃപയാൽ
ഉദ്യോഗേനകൃതിച്ചീടുന്നോൻ
സത്വരമക്കരപുക്കീടുന്നോൻ
ആതിനുടനേപുനരിങ്ങോട്ടേയ്ക്ക-
മതിനുബലംമതിയാകയുമില്ല;
തണ്ടലർമകളാം ജാനകിലങ്കയി-
ലുണ്ടെന്നാകിൽകണ്ടീടുന്നോൻ
ഉണ്ടെന്നാലും കണ്ടെന്നാലും
രണ്ടെന്നാലുമിതാരറിയുന്നു;
അംഗദവാക്യമിദംഗ്രഹണമുഖ്യം
സമ്മതയോഗ്യം ജാംബവദാഖ്യൻ
കേട്ടുകനിഞ്ഞുപറഞ്ഞിതുവെറുതേ
ക്രുദ്ധമതെന്തിനുക്രൂടീടുന്നു?
അംഗദനോർത്താൽവിഷമംനാസ്തി
ഞങ്ങൾക്കതിനൊരുസുഖവുംനാസ്തി
ആമെന്നാലും പോമെന്നാലും
ചാമെന്നാലുംസമ്മതമല്ല;
ലക്ഷംപ്ലവഗപ്രവരരിരിക്കെ
തൽക്കുലമുഖ്യൻ കിഷ്കിന്ധേശൻ
ഇച്ഛമയനായസചിവപതിമുഖേ-
ന്നെഴുനള്ളുന്നതുമനുചിതമോർത്താൽ

ഞാങ്ങോട്ടിങ്ങോട്ടുശ്രമസുഖഗതി-
യങ്ങിനെയൊരുവനിതിനാതകേണം;
എന്നാലോ ഞാനെങ്ങിനെവേണ്ടു?
എന്നാലൊന്നുംകഴികയുമില്ല;
മുന്നം ഭൂലകിനുമുന്നാടിയാക്കിയ-
ളന്നാൻപണ്ടുത്രിവിക്രമമൂർത്തി
ആക്കാലംഞാൻപറയുംകൊട്ടി-
ക്കൂഗ്രാരോഗ്യമദാതപസഹിതം
വലുത്തുവച്ചേനിരുപതുമൊന്നും
ജഗത്ത്രയംദശമാത്രകളാലേ
ഇങ്ങിനെമുന്നംചെയ്താരുഞാനി-
ന്നിങ്ങനെയായിവയസ്സുംപുക്കു;
രാക്ഷസപുരിയിൽ ജാനകിയുള്ളതു
സൂക്ഷ്മതയോടുധരിച്ചുൽപിന്നെ
കാണാതേപോയാലപവാദം
പ്രാണൻപോയാലുംപോയീടാ
മക്കുട്ടത്തിലൊരുത്തൻവിരവിനൊ
ടിക്കായ്ത്തിനുമതിയാകേണം;
മരുദാത്മജനാം ഥനുമാനെന്തൊ-
ന്നുരിയാടാതെവസിച്ചീടുന്നു.
പവനനന്ദനമാന്യഭുവനവിക്രമസിന്ധോ!
തപനനന്ദനമവനംചെയ്തതിനായി
ലവണവാരിധിചാടിക്കടന്നുലങ്കയിൽപുക്കീ-
ട്ടവനീനന്ദിനീസീതാചരണപങ്കജംകുപ്പീ
ട്ടിവിടെയെത്തുവാൻശക്തരിവരിലാരുമില്ലി-
പ്പോൾ
അവിടെയുണ്ടുവൈദേഹി സുദ്ധംകേൾക്കയും
ചെയ്തു;
നിനയ്ക്കുമാരുതസുനോനിനക്കുസാദ്ധ്യമായീടും
ഇണയ്ക്കുംമാരുതദേവൻതനിക്കു പുത്രനല്ലോനീ;
ശിവനാമീശ്വരൻമുന്നംശിവയാമീശ്വരിയോടു
വിപിനവാനരാകാരം ധരിച്ചുസഞ്ചരിക്കു-
മ്പോൾ
പതിച്ചുരേതസാഗ്രം ധരിച്ചു ദേവിസന്തോഷം
കൊണ്ടുകാതണം കല്പിച്ചയച്ചിതാശുഗവീരം
എടുത്ത ഗർഗപിണ്ഡം ക്ഷണത്തിലഞ്ജനാ-
ഗർഭേ
കൊടുത്തിട്ടഞ്ജനാ പെറുവേവിച്ചു നീയുമന്നേരം
തുടുത്തസുഷുമ്നാബിംബംകണ്ടെടുത്തു ചാടിയന്നേരം
പഴത്തെയെന്നോർത്തുവിഴുങ്ങടുത്ത ക്ഷണംചെ
ന്താൻ

Digitized By Kerala Sahitya Akademi

ദഹിക്കുമെന്നതു ചിന്തിച്ചയച്ചു ശക്രനംവജ്രം
പട്ടതംവിട്ടനീഭ്രമൌപതിച്ചുമാരുതനപ്പോൾ
കരത്തിൽനിന്നെയും പൂണ്ടു വിലത്തിനാളിടും-
ടുംപ്പുക്ക
ജഗത്തിലാക്കുമില്ലാതെ വേറ്റുവായുവുമപ്പോൾ
കമലാവല്ലനേൻ ശംഭുകമലസംഭവൻമുഖാ-
മമംസഞ്ചയത്തോടുമിതകൌതുകംനിൻറെ
തലയിൽ പാണികംവെച്ചിട്ടതളിനവരംകല്പ-
പ്രളയകാലമാമന്നമരണമില്ലയെന്നേവം
ശിവനാലുത്ഭവിച്ചോരുസുതനാംനീയെടോവീര
ഭുവനംമൂന്നിലും നിന്നെജയിപ്പാനാരുമില്ലല്ലോ,
അതിലും കേവലമിപ്പോളധികം വിസ്മയമല്ലോ
മതിമാനായനീ കേട്ടതെളിഞ്ഞുസമ്മതിച്ചാലും.

ആദരവോടു തുക്കെമോതിരം രാമദേവൻ
വാതജനിൻകലാല്ലോമോദേനതന്നയച്ചു
ഒട്ടുംവിഷാദംവേണ്ട പെട്ടെന്നെഴുന്നേററാലും
മൂട്ടുംസമയത്തിങ്കലൊട്ടും സംശയിക്കാതെ
ചാടിഗ്ഗമിച്ചുകൊൾകനാഥന്റെ കാരുണ്യവും
കൂടിഗ്ഗമിക്കുമെന്നാൽ പേടിപ്പാനാരേവീര
അഞ്ഞുറുയോജനചെറന്നുചാടിയനിന-
ക്കഞ്ജസാപാത്തുകണ്ടാലിന്നിതിനെന്തുദണ്ഡം
ഭാസുരഗാത്രിയായ ഭൂസുതസീതതന്റെ
പാദസരോജത്തെയും ചേതസ്സിലാക്കിക്കൊണ്ടു
ശ്രീരാമപാദത്തെയും ധ്യാനിച്ചുചാടിക്കൊൾകമാരുതൻ ക്രുദ്ധനപ്പോരും ദേഹത്തിനാധാരമായ്
സർവ്വംഭവിക്കും രവിൻ പരിപാലിക്ക
സർവ്വത്രനല്ലോനീയുംഗർവ്വിണരപോയ്ക്കുന്നാലും.

ഇരുപവനനന്ദനൻ വിക്രമാംബുനിധി
വിധിതമായഭോഷിതം കേട്ടുസന്തുഷ്ടനായ്
ഹരിചരണമാത്മനാചിന്തചെയ്തുശ്രമം
തരിതമെഴുന്നേറവൻചിച്ചു ബ്രഹ്മാണ്ഡം
ഉലകിടറുമിപ്പതിന്നുന്നിയായ് മാധവൻ
വലയരഹിതൻ വളന്നീടുമുന്നതമേ
കുലഗിരിസമാനനായ് സിംഹനാദംപൊഴി-
ച്ചുലകിടമുഷവും കേട്ടു ചെറ്റിത്തരാ
ഉടയമതനുവാൻ രാഘവസ്വാമിത-
ന്നടയകരുണാബലകൊണ്ടു ഞാനിക്ഷണം
ജലധിയിതു ചാടുവൻലങ്കപുക്കീടുവൻ
രാക്ഷകുലവരപ്രിയാദേവിയെത്തേടുവൻ.

അറിവെനടിപങ്കജംകണ്ടുകുമ്പിട്ടുവൻ
വിരവിലടയാളവും മുദ്രയും നൽകുവൻ;
അവനിസുതചോരനെത്തച്ചുകൊന്നീടുവൻ
അവനുടെ പുരത്തെയും ഭസ്മമാക്കീടുവൻ
രജനിവരവംശവും നഷ്ടമാക്കീടുവൻ
ജനകസുതതന്നെയുംകൊണ്ടുപോന്നീടുവൻ
അനിശമവനീസുതാവല്ലനേൻ പാതുമാം
മനസിമമ പഞ്ചലംനാസ്തികീശേശരേ!
ആയുപൊഴുതു പൊല്ലിനാൻ ജാംബവാൻ
പിന്നെയും
അതിനൊരിടവന്നുകൂട്ടുന്നനാളാമെടോ!
ഭീമുഖനെരാഘവൻ കൊല്ലുമായോധനേ
ഭീശബലപരാക്രമമന്നുകാട്ടാമെടോ!
അബലമണിസീതയെക്കണ്ടു വന്നീടുക
പ്രബലതകളം കാട്ടുവാനിന്നുവേണ്ടാസമേ!
വചനമിവകേട്ടുമാനിച്ചുവാതാത്മജൻ
പ്രചുരതരവിക്രമൻ വീശ്വവാനാധി
പ്ലവഗവരരേപോയ്വരുന്നേനഹം.
ഇപ്പിടെമരുവീടുവിൻനിങ്ങളെല്ലാവരും
വിരവിലിതിയാത്രയും പൊല്ലിമാരേന്ദ്രമാം
ഗിരിമുകളിലേറിനാൻ വായുപുത്രൻതദാ,
സ്മരിച്ചുരാഘവപദംപ്രതിഷ്ഠചേതസിചെയ്തു
ധരിച്ചുകടവേയുള്ളിൽധരിസ്ഥിനദിനീപാദം
ശിരസ്സിൽസ്വാമിതൻനാമംവരച്ചുമുദ്രയുംചേർത്തു
കരുത്തൻമാരുതിലങ്കാപുരത്തിൽ ചിന്തവും
ചേർത്തു
ചരത്തിപാണികം രണ്ടുമുയർത്തിദീർഗ്ഘമാം
വാലും
കനത്തകൈകൊണ്ടുനിന്നുവത്സകാലുകളം-
രണ്ടും
ചിറുസ്സുകൈകൊണ്ടുകണക്കിടുകണക്കെമാരുതിലങ്കാ-
പുരിക്കുനേത്രമാംസ്ഫടികമുപിടിച്ചുസൂത്രവുംപാർത്തു
നിനച്ചുമാരുതിക്കേറ്റുനിനച്ചിതാഗ്രഗർവ്വന്ന
വിധിച്ചുകുട്ടിനാൻ ക്രുദ്ധരുച്ചുചാടിനാൻ തെ-
ങ്ങിശിക്കുദൃഷ്ടിയുംചേർത്തു ഉദിച്ചുഭാസ്കരനുക്കു
മസ്തമിപ്പാനെന്നതുപോലെ.
ചരിത്രമിപ്രകാരത്തെ ഗ്രഹിച്ചുനിർജ്ജരാധിപാ
വരുത്തിഗീഷ്പതിമുമ്പാംസുരശ്രേഷ്ഠോത്തമ
ന്മാരെ

Digitized By Kerala Sahitya Akademi

നീയിനിമോഹമൊഴിച്ചുചാട്ടെ
വായിനനേരേകുതിച്ചുചാട്ടെ
അഹസാസുരസാസരസവചസ്സുതി
സഹസാസരസം കേട്ടുകപീന്ദ്രൻ
ഹന്തവിചിത്രം വഴിതടയുന്നവ-
ളെന്തൊരുവേഷമിതെന്തൊരുജാതി
പെരുവഴിപോകുന്നാവരെവിലക്കി
കരക്കലമോടുഭുജിക്കുന്നാവളിവ-
ളെങ്കിലുമിവളെടുസംഗതിചൊൽവന-
തിങ്കലൊഴിക്കിലിതങ്ങിനെപോട്ടെ
ഇതിമനതാരിൽ നിനച്ചുമരുൽസുത-
നതിനയമോടവളോടുരചെയ്താൻ:—

ശ്രീരാമസ്വാമിതന്റെദൂതൻഞാൻവായുപുത്രൻ
താരാർമകളാംസീതാദേവിയെയന്വേഷിപ്പാൻ
രാക്ഷസരാജ്യത്തിന്നായ്ശീഘ്രംഗമിക്കുന്നനി-
ന്നാഗ്രഹം സാധിപ്പിപ്പൻഞാനങ്ങുപോയ്ക്കൊട്ടേ
ലങ്കാപുരിയിൽ പുക്കുശങ്കാരഹിതംമലർ-
മങ്കയാം ജാനകിയെ പങ്കവിഹീനംകണ്ടു
സങ്കടംതീർത്തു പോന്ന പങ്കജനേത്രൻരാമൻ
തങ്കഴൽ കുപ്പിവാഴ്ത്തസ്സമ്മറിയിച്ചാൽ. ഞാൻ,
താമസിക്കാതെ നിൻറെവായിൽ പുക്കീടുന്നുണ്ടു
താമസിച്ചീടുകനീയേവമിവിടെത്തന്നെ
വ്യാജം ഞാൻചെയ്കയില്ലുചതിച്ചിലോക്കയില്ല
വ്യാജംപറകയില്ലുവേഗം വഴിതരേണം
ആശ്ചര്യാത്മജന്റെ സുരസവാചകങ്ങളംകേട്ട-
സുരസ
ആശ്വാശമേ വീതശംകമത്രചൊല്ലിനാൾ
ഫണിവരന്റെ വായിൽ വന്നതവളതന്റെനിന
വുപോലെ
പുതിലായിവന്ന നിൻറെമോഹമഖിലമിതെ-
ന്നെടോ
അനിമിഷമാത്രമതിനൊരിടതരികയില്ല ഞാനു
മതുനിനച്ചുപപറഞ്ഞു കാര്യമില്ലെടോ!
നിന്നുടുക്കുൾ ഞാൻ വരുമ്പോൾ നിൻറെശാസ്ത്ര
മായിരിക്കാം
എന്നുടെക്കനിവരുമ്പോളെന്റെ ശാസ്ത്രവും
മരണവിരോധം നിനക്കുപെരുത്തുപാരമെങ്കിലതിനു
വിരവിലുച്ചരിച്ചുകൊൾകരാമനാമകീർത്തനം

നിനച്ചിതേവരുംനന്നായ്വിധിച്ചുതൽപരീ
ക്ഷാർത്ഥം
ഗമിച്ചിടേണമിന്നെന്നേമനസ്സിൽസൗഖ്യവു
മുള്ളൂ
അവന്റെ വിക്രമശക്തിയറിഞ്ഞു ക്രൂരവാനായി
ജവംപോയ്നില്ക്കുണം വിദ്വാൻ വരും മാർഗ്ഗ-
ത്തിനുമദ്ധ്യേ
സുരസായെന്നപേരായോരുരഗകാമിനിതന്നെ
സുരലോകാധിപൻ കല്പിച്ചയച്ചു പോന്നവൾ
വേഗാൽ
പവനനന്ദനൻ പോന്ന വരുന്നമാർഗ്ഗമുൾപുക്കു
ഭവനംമുന്നിലും ഭീതിവരുന്നഗാത്രവും പൂണ്ടു
സരസംമാരുതപുത്രൻവരുന്നഭാവവുംനോക്കി
സുരസകാമിനിനിന്നാളധികം ധീരതയോടും.

നിർണ്ണയമപ്പൊഴുതപ്പവനാത്മജ-
നുണ്ടുതവേഗാലപ്പുറിയുടെ
തടവുവരാതെ ഗമിച്ചീടുന്നതി.
നിടയിലൊരുത്തി ഭയങ്കരഗാത്രി
പടുതരഗൌരവമൊച്ചപൊഴിച്ചു
പവനജനോടുതടുത്തുരചെയ്താൾ
മാമിഹലംഘിച്ചുവനൊരുത്തൻ
വ്യോമനിപോവതിനിച്ഛിക്കുന്നു
നിൽക്കുഗമിക്കയിലുംക്കൊതിവേണ്ടുനി-
നക്കിഹനാകുടുക്കുവെച്ചു;
ചാവാൻവന്നൊരുനീയിനിയിപ്പോൾ
പോവാനെന്തിനുമോഹിക്കുന്നു?
വഴിയതിലൂടെ നടക്കുന്നവരെ
പ്പുഴതിൽവിടാതെ ഭുജിക്കുന്നേവം
വിധികല്പനയാൽനിന്നെഭുജിപ്പാ-
നധികപ്രിയമൊടുസംഗതിവന്നു
ജീവനിലുള്ളൊരുമോഹത്താലെ
ഈവഴിയാരുംപോകുന്നില്ലാ
ഏറിയകാലം ക്രൂരനിശാചര
കായ്മിതിന്നിതെഴിക്കയുമില്ലാ
വിശപ്പുകൊണ്ടും ദാഹംകൊണ്ടും
സഹിപ്പുതിനും പാത്രവുമല്ലാ
എന്നുടെവായിൽ പുക്കോണ്ടാലും!
നിന്നുടെവിധിയെന്നോർത്തോണ്ടാലും

Digitized By Kerala Sahitya Akademi

ത്വരിതമെന്നെറ വായിൽ വന്നു പൂകനീമടിച്ചു നീ
ടേണ്ട
യെരിപൊരിഞ്ഞിടുന്നു പെരികെക്ഷുത്തു-
ഡാശയാലയം
ഉരഗനാരിതന്നെറ ഘോരമൊഴികളംകേട്ടവായു-
സുനു
രഘുകുലേശമോത്തുചൊല്ലിവിരവിലുത്തരം-
ഗിരം
ഞാനുചിതമീവകട്ടുഷ്ടതചെയ്യാ-
നതിനിതിരിഞ്ഞുനിനക്കെന്നാകിൽ
എന്നുടെ കർമ്മമതിങ്ങനെയാട്ടെ
നിന്നുടെ വയറുനിറഞ്ഞുംപോട്ടെ
എന്നെത്തിന്നുരസിപ്പതിനായ്ക്കൊതി-
യുന്നിച്ചതു ഞാൻ തീർത്തുതരുന്നേൻ
തെരുക്കനേമമനേരേനിന്നിഹ
ത്തുറക്കവായ് നീതാമസിയാതെ
ഉടൽക്കുപാകംനോക്കിക്കൊണ്ടഥ
പിളർക്കവക്ത്രം ഭീഷണഗാത്രേ
എന്നു പറഞ്ഞൊരുമാരുതിയോജന
വണ്ണവുമായിവളർന്ധനിന്നാൻ
ഹനുമാൻതന്നുടെ ഗീരുംപോവപു-
മനുമോഹത്തൊടറിഞ്ഞിഹനാരി
നിന്നുടെഗാത്രംതിന്നുനിറപ്പതി-
നെന്നുടെവക്ത്രംമതിയായീടും
വണ്ണംപെരുകിനനിന്നുടെയുടലി-
ന്നണ്ണാക്കിൽതടയാതെഭുജിപ്പെൻ
പിന്നാക്കാൽബലി പൂജകൊടുത്താൽ
പൊണ്ണ! ദേവതമാറുകയില്ലാ;
അല്പപ്രജ്ഞാ ദുർബ്ബലജാത!
ദുർബ്ബലനിന്നുടെധാർഷ്ട്യമിതെല്ലാം
എന്നുടെനേരേകാണ്ടുവരേണ്ടാ
നിന്നുടെപകിടകളെന്നൊട്ടുക്കുടാ;
ഇത്ഥമുരച്ചുവരം രണ്ടും മൂന്നും
വിസ്തൃതയോജനവക്ത്രവുമായി
നേരേനിന്നളവഞ്ജനാനന്ദന-
നീരഞ്ജായിതുയോജനവണ്ണം;
ഒരുപതുയോജനവണ്ണം കണ്ടവ-
ളിരുപതുയോജനവായിപിളർന്നു;
അപ്പൊളതുകണ്ടുപ്പവനജനും
മുപ്പതുയോജനയാക്കിശരീരം

വൻപരിൽമുമ്പനിവൻബഹുധീര-
നിദംഭയഹീനനകംപരിലാഢ്യർ
കിംപറയാവതുമലമലമെന്നവ-
ളൻപതുയോജനവായ് പിളരുമ്പോൾ
ചുരുക്കിമാരുതിദേഹവുമുടൽപെറു-
വിരല്പുസമമായ് സംശയഹീനം
ക്ഷണത്തിലവളുടെവായിൽപുക്കഥ
പുറത്തുപോന്നാൻശ്രവണദ്വാരാൽ
അഹിമാതാവേ! ശരണംവിരവൊടു
വഴി മേ ദേഹിവിളംബനമരുതേ!
ഭൂയോ ഭൂയോ വന്ദേഹംതവ
പാദേ ദേവീ! ഹേ! സുരസാമ്പ്രേ
എന്നുപറഞ്ഞുവണങ്ങിയമാരുത-
നന്ദനനോടുപറഞ്ഞിതുസുരസാ;
വീരാപവനകുമാരാദ്ഭുതമരി
ധീരാ ശൂണു ശൂരാ! മേ വചനം
താവകവീര്യബലങ്ങളെയറിവാൻ
ദേവകഠനായകനായ മഹേന്ദ്രൻ
സംശയമാത്മനിതീർപ്പതിനായി-
ട്ടാശുനിയോഗിച്ചെന്നെയയച്ചു;
ബോധംവന്നു ഖേദംതീർന്നു
മോദംചേന്നു തവ ബലമതുലം;
സുഖമേ പോക നിശാചരപുരിയതി-
ലകമേപോകവിദേഹാത്മജതൻ
ചരിതമറിഞ്ഞതുമങ്ങറിയിച്ചുഥ
ത്വടിതിരഘൂത്തമനിങ്ങെഴുനള്ളി;
രക്ഷോവംശമൊടുക്കുമശേഷവു-
മൂക്ഷകുലേശ! വാനിതിനാദ്യൻ;
വൃന്ദാരകവരനീക്ഷലൊഴിപ്പാൻ
മന്ദേതരമിഹപോകുന്നേൻ ഞാൻ
ജയിക്ക സർവ്വം പവനതനുജ നീ
ഗമിക്കയെന്നവം യാത്രപറഞ്ഞു
സുരേശനാദികളോടുരചെയ്തു
സുഖംനിനച്ചുവരങ്ങുരസിച്ചു;
മാരുതമണ്ഡലമാശ്ശുതടേ
മാരുതസുതനാം ശ്രീഹനുമാനും
വിരവിലരീനൻ ചപലവിഹീനൻ
ഗരുഡസമാനൻ പോകുന്നേരം.

Digitized By Kerala Sahitya Akademi

സുരനാഥൻതന്നെപ്പെടി-
ച്ചുടകനിധിയിൽവാഴും
ഗിരിനാഥൻമൈനാകത്തോ-
ടരുൾച്ചെയ്തനോഴിനാഥൻ;
ഋഹിനാചലാധിനാഥ
തനയ! മേനകാസുനോ!
കപിനാഥൻ ശ്രീഹനുമാൻ
പവമാനപുത്രനിപ്പോൾ
രഘുനാഥസ്യാജ്ഞയാലേ
ദശകണ്ഠരാജ്യത്തിന്നായ്
ഖഗനാഥൻയാനംപോലെ
വരുമിങ്ങടുക്കുമിപ്പോൾ;
വിരവോടെചെന്നവനെ
കനിവോടേ സമ്മാനിച്ചു
പരിചോടേ യാത്രയാക്കി
വംശിക മൈനാകമേ! നീ;
സഗരഭൂപാലകന്മാർ
വലുതാക്കി നമ്മെ മുന്നം
അതിനാലെ സാഗരമെ-
ന്നുലവായി നാമധേയം;
സഗരകുലത്തിലല്ലോ
സകലൈകനാഥൻ വിഷ്ണു
ഖഗപൈകാരൂഢൻ ദാശ-
രഥ്യായവതരിച്ചു
രഘുനാഥൻകാര്യത്തിന്നായ്
കപിനാഥൻപോകുന്നിപ്പോൾ
ഒരുന്നൂറുയോജനയു-
ണ്ടകലം ലങ്കയിൽചെലവാൻ;
ഇരിപ്പാനൊരേടമില്ല
കുതിപ്പാനുമൊന്നുമില്ല
ഭുജിപ്പാനുമില്ല ദാഹം
കെടുപ്പാനുമെയ്തുമില്ല
മടിക്കാതെ ചെന്നവന്റെ
മതിക്കു ചേരുന്നതെല്ലാം
കൊടുത്തുസന്തോഷിപ്പിച്ചു
സുഖത്തോടയച്ചീടേണം.
ജലധീശവാക്യം കേട്ട
ഗുണധീതാഭ്യൻമൂർത്തി
ജലധേർമൈനാകംമേല്പോ-
ട്ടുടനേ പൊങ്ങിനാൻ നേരെ
അമിതമധുരസഫലപകപങ്കള-
മൃതസമാനമായ വിമലസുഖോദകവും
നിറയപ്പെട്ടൊരുതേജ-
സ്സിഴകുംശ്രീമൈനാകവും
വിരവിൽപവനജൻത-
ന്നരികിൽപ്രത്യക്ഷനായാൻ;
അനല്പസന്തോഷത്തോടു
കഥിച്ചുമൈനാകമേവം.

പദം.

വാതകുമാരവീര! പാഥോനിധിവരന്റെ
ശാസനയാലെവന്നഞാനെടോ കപിവീര!
എന്മേലിരുന്നുകൊണ്ടുനിന്മെയ്തളർച്ചതീർത്തു
സമ്മോദംപൂണ്ടുപോയാലും
മാരുതസുനോ! സമ്മോദംപൂണ്ടുപോയാലും!
പകപമധുഫലങ്ങൾഭക്ഷിച്ചുദാഹംതീർത്തു
സൌഖ്യമുൾക്കൊൾകസാദരം
വാനരവീരാ! സൌഖ്യമുൾക്കൊൾകസാദരം,
ഇഷ്ടമായുള്ളതെല്ലാംമിഷ്ടമായഭിചെയ്തു
തുഷ്ടനായ്പോയീടേണമേ! രാമചന്ദ്രേഷ്ടാ!
തുഷ്ടനായ്പോയീടേണമേ.

ഋഹിനഗിരിപുത്രനാമദ്രിസംതോഷിതം
സുഖസഹിതമാശുകേട്ടാശുഗേയൻ തദാ
കുതുകമാടുപുഞ്ചിരിപൂണ്ടു സംപ്രീതനായ്
ഗിരിവരനൊടുത്തരം സത്വരം ചൊല്ലിനാൻ:—
അയി! ശൃണു ധരാധരാധീശ രാമാജ്ഞയാ-
ലബലാമണിസീതയെക്കണ്ടുവന്നീടുവാൻ
ദശമുഖപുരിക്കുഞാനിന്നുപോകുന്നിതു
വഴിയിലൊരുതാമസം യോഗ്യമല്ലൊട്ടുമേ
ഒരുവകഭുജിക്കതാനോക്കുമറൊന്നുതാ-
നൊരുദിശികിടക്കതാനിന്നിതൊന്നും സഖേ!
അരുതരുതുരാഘവസ്വാമികാര്യാന്തരേ
അലമലമലംകുലാദ്രീന്ദ്ര ചൂഡാമണേ!
ഇതികരുണയാചോവാൻ ചെയ്തസൽക്കാരമി-
ന്നതു മനസിവിചാരിച്ചുസന്തുഷ്ടനായേൻതുലോം
മെച്ചമെഴുമിച്ചൂയൊടുമച്ചനെനമിച്ചുടനു-
രിച്ചുഭയവാച്ചുഥ പുളച്ചുതിതഴച്ചുധിക-

Digitized By Kerala Sahitya Akademi

മപ്പുമതിമാരുതിഗിരീശ്വരമണച്ചുടൽപി-
ടിച്ചുതഴുകിപ്പുരിരസിച്ചുസുഖയാത്രയുമ-
യച്ചുവിർവിൽ ബത തിരിച്ചു രജനീ
ചരപുരിക്കു പവനാത്മജൻ.

പവനമണ്ഡലമാശ്ലിഗരുഡസന്നിഭൻ
വേഗാൽ
പവനനന്ദനൻ ചാടിഗ്ഗമനംചെയ്തുനേരം
കറുത്തഗാത്രവുമേറ്റം തുടുത്തനേത്രവുമായ്ക്കൊ
ണ്ടൊരുത്തീഭീഷണഗാത്രികരുത്തിമായികാര-
ത്തി
പരുത്തവന്മലപോലെജലത്തിൽവാസിനി
നിത്യം
പരിതൃഷ്ണിഹരായാഗ്രഹണിസിംഹികാ
നാമ്നി
അവർംക്കുമീതിലേപോവോർനിഴല്പുമർത്തനം
ചെയ്തു
പിടിച്ചുക്ഷണംചെയ്തുവസിപ്പുവാരിധിമദ്ധ്യേ;
അവർംക്കുമീതിലായപ്പോൾനിഴല്പുമർത്തനം
ചെയ്തു
നിഴലൊക്കെപ്പിടിപെട്ടുപിടിച്ചുനിത്തിയ
നേരം
ചൊടിച്ചുമാരുതികീഴേചുഴിച്ചുനോക്കിയനേരം
ഗ്രഹിച്ചുസിംഹികതന്നെചവിട്ടിടുഷ്ടയെ
പെട്ടെ-
ന്നയച്ചിതന്തകരാജ്യമരുത്സംഭ്രതനാംവീരൻ
വരിഷ്ടൻ രാമചന്ദ്രേഷ്ടൻ ബലിഷ്ടൻ മാരുത
സുനു
കൃതിച്ചിതാശരാധീശപുരിക്കുനേർവഴിനോക്കി
യുദിച്ചുഭാസ്കരനുമസ്തമിച്ചുനേരമായപ്പോൾ
മിടുക്കൻശ്രീഹനുമാനംദശഗ്രീവാലയത്തി
ന്നേറ
വടക്കേഗോപുരവാതിൽക്കടുത്തദേശമുൾപ്പുക്ക
അവിടെനിന്നുടൻനോക്കിയറിഞ്ഞീതസ്ഥലാ -
വസ്ഥ!

ഇരുളില്ലാദിശിസർവ്വംനവരത്നോജ്ജ്വലാഭാസം
ഉയർന്നഗോ പുരംനാലുംവിളങ്ങുംപൊന്മതിലേഴും
അതിനു ചുഴുമായേഴുകിടങ്ങുണ്ടത്യഗാധമായ്;
കനകനിർമ്മിതംസർവ്വംജഗദേകാത്ഭുതഭാവം
ഘനഃകൗതുഹലംയന്ത്രപ്പുണികൾംവിസ്മയ
മേറും

ചാടുഗോപുരമെല്ലാമകത്തുപോവതിന്നേറ്റം
തടുത്തുൽകണ്ടതുനേരംനിനച്ചുമാരുതപുത്രൻ;
ഒളിച്ചുചെൽകയുമില്ലചതിച്ചുചെൽകയുമില്ല
വഴിക്കുവാതലുടെന്നെയകത്തുകേറുകവേണം;
നമസ്തേരാഘവസ്വാമി!നമസ്തേപാഹിമാംനാഥ!
നമസ്തേ മൈഥിലീ ദേവി! തുണയ്ക്കുലോകമാതാ
വേ
ഇവണ്ണംപ്രാർത്ഥനചെയ്തുനിവൻനോക്കിയനേരം
ഉയർന്നഗോപുരാഗ്രാന്തേഉറന്നവാതിൽകാണായി
കുശമാംവാതിലുംപൂവാൻകുശനായജ്ഞനാസുനു
വിജനമസ്ഥലംപ്രാപിച്ചുനിലനന്ദനവീരൻ
ഇടത്തുപാദവുമുള്ളിൽകമത്തിദക്ഷിണപാദ-
മെടുത്തുവെപ്പതിൻ മുമ്പേതടുത്തിതേകഘോ-
രാംഗി

ഹുംകാരത്തൊടുശങ്കാവഹിതം
ലങ്കാലക്ഷ്മിയേകഗാത്രി
സംഘോരാരവരൂപിണിഭീഷണി
സംഘോഷാവരോഷിണിതരസാ;
എട്ടലകുംഖലുഞെട്ടുമടൻതട-
വൊട്ടുവരുതിടിവെട്ടിനസമമവ-
ളട്ടഹസിച്ചുഥദൃഷ്ടിമറിച്ചുതി
നിഷ്ഠുരവൈരമൊടിത്ഥമുരച്ചാൾ;
ആരാടകുശ! ചോരശാനിശി
വാരാനിഹമതിപോരാതവനേ!
ഘോരാകാരമഹാരാക്ഷസവര-
രാരാനുംകണ്ടെങ്കിലിനിക്കൊരു
പോരായ്കൊരു പേരായേനേ
ഭോമക്കട! ദൂരേനില്ലൂടെ
മാറെടമൂഢ! മരമൃഗകീടാ!
വാനരപശുഭക്ഷണിദാനവഖഗമൃഗ
മാനവരീവകജാതികളാരും -
ഞാനറിയാതെ കടന്നുവരാബഹു-
മാനമെഴും ഭശകണ്ണപുരാന്തേ
കടക്കുമോ നീ ഞാൻ പറയാതെ?
വിടപ്രവീണ! പഞ്ചലബുദ്ധേ!
കടക്കിൽ നിന്നെസ്സുമ്മതമേറ്റം
മിടുക്കനത്രേ സംശയമില്ല
ഞടിച്ചു നിന്നുടെ മസ്തകമിപ്പോൾ
ഞൊടിച്ചുവാരിധിതന്നുടെമദ്ധ്യേ

Digitized By Kerala Sahitya Akademi

കലക്കുവൻ ഞാനില്ല വിവാദം
നിലയ്ക്കു നിന്നോടിയാലും നല്ല
നിലയ്ക്കുമല്ലെന്നാകിലിദാനീം
കൊലയ്ക്കു ചേരും കശ്മലഹൃദയ!
ചൊടിച്ചിലും നിൻ ധാർഷ്ട്യവുമെല്ലാ-
മിടിച്ചിലാകും സംശയമില്ല.

എന്നിവയ്ക്കാക്രോശം കേട്ടുകപീശ്വര-
നൊന്നുമിളക്കാതങ്ങിനെനിന്നാൻ;
പട്ടതടമോടഥ ലങ്കാലക്ഷ്മിയു-
മട്ടുത്തുചെന്നഥമാരുതസുതനുടെ
ജടയ്ക്കു ചെവിതടമുടയുംപരിചോടി
കൊടുത്തിതപ്പോൾ ശ്രീവാനുമാനും
തട്ടുത്തു തല്പതിടയ്ക്കുമുട്ടജത്താൽ
കൊട്ടുന്നു നല്ലൊരു താഡനമുടനേ
തടിയുംകൊണ്ടവൾ വീണിതു ഭൂമിയി-
ലുടനേ ചോരയുമൊട്ടു വമിച്ചു;
തരിതമെഴുന്നവൾ മരുദാത്മജനൊടു
തരസാ പുഞ്ചിരി പൂണ്ടു പറഞ്ഞു
അയുക്തമത്യുക്തമയി! തവ കരബല-
മിബ്ഭുവനത്രയവിശ്രുതവീര!
കേട്ടാലും മമചരിതമശേഷം
കേട്ടുമനസ്സിലുറച്ചീടേണം;
പണ്ടു ജനങ്ങൾ കുലാന്തകനാം ദശ-
കണ്ഠനുവേണ്ടി ദയാനിതഹൃദയൻ
ലങ്കാനഗരകപാടം കാപ്പാൻ
പങ്കേരുഹമേവനെന്നെയയച്ചു;
ഞാനിപ്പുരിയിൽ വസിക്കുന്നാളൊരു
ഹാനിവരാനഗരേകപിവീര!
സരസം ചിന്തിച്ചുരുളിച്ചെയ്തിതു
സർവ്വേശ്വരമേവനെന്നൊട്ടു ശ്രുധം;
സീതാന്വേഷണകാരണമായി
ശ്രീരാമാജ്ഞയൊടൊരുകപി രാത്രൌ;
ബലവരപുരിയതിൽ വന്നുകടക്കും
കലഹം നിങ്ങളിലിവിടെയുദിക്കും
ജടർ കൊള്ളുംപരിചവനൊടുനീയുമൊ-
രടികൊള്ളും പുനരതിനുടനേ നീ
മനക്കരുന്നതിലാദരപൂർവ്വക-
മാഗ്രഹിക്കണമവനെ ഭവാനു;
ജാനകിദേവിവസിച്ചുരുളുന്നൊരു
സ്ഥാനവുമവിടെച്ചെൽവതിനുള്ളൊരു
വഴികളുമാശു പറഞ്ഞുകൊടുത്തുട-
നൊഴികവ്യിടന്നു വിളംബനരഹിതം
ആശു വസിച്ചീടുൻ ബഹുകാലം ശത-
പത്രസമൂഹവുകല്പനയാലേ
ആടികൊണ്ടിങ്ങൊരു സങ്കടമില്ലാ
നടകൊണ്ടാലുമശങ്കമശേഷം
സമവിസ്താരമതെഴുനൂറുകടിയു
സുമതേ യോജന ലങ്കാനഗരം
ഏഴിടമേടമതിൽ പുഴം പുറം
ഏഴിനുമുണ്ടുകിടങ്ങുകൾ ചുറ്റും
ഉന്നതഗോപുരമോരോന്നതിലിന
നൊന്നാലുണ്ടിഹ നട നാലിനുമായ്
പെരികെപ്പുള്ളലസൽപരിനിർമ്മിത-
മിരുപതെത്തേഗോപുരമഖിലം
ഒത്തനടയ്ക്കു നിനക്കൊട്ടു കാണാം
പത്തുമുഖൻ മരുവും മണിഭവനം;
കാൺകനീനീളെ നടന്നു പുരാകേം
പൂങ്കാവുണ്ടതിനോട്ടു സമീപേ
ഉദ്യാനാടവിമധ്യേ നില്പിതു-
മത്യുന്നതമാം ശിംശപവൃക്ഷം
അതിനുടെ കീഴേ മരുവീടുന്നിതു
മതിമുഖി ജാനകിയതിദുഃഖിതയായ്
ഭാവിടെച്ചെന്നഥ കണ്ടാലും നീ
ഭാവനിതന്വജാമനിലതനൂജ!
രാക്ഷസനായകം കാവലുമുണ്ടു
രാക്ഷസരുദ്യാനത്തിലുമുണ്ടു
കണ്ടനിശാചരർ മണ്ടിയണഞ്ഞാൽ
ശണ്ഠയിലവരെയൊടുക്കിജയിക്കും
വിശദമതേ!നീ ചെയ്തുതു സകലവു-
മുചിതമതെന്നേ വന്നുവിഭോ!
സർവ്വം ജയമായ്വരിക ഭവാനവ-
ഗർവ്വം പാവനപവനതനൂജ:
നന്നായ്വരിക നിനക്കിനി മേന്മേൽ
നിന്നാലേ ജിതലങ്കാനഗരീ
സീതാവസ്ഥകളങ്ങറിയിച്ചുഥ
ശ്രീരാമാദികളിങ്ങു കടന്നു



Digitized By Kerala Sahitya Akademi

ആശരവംശമൊടുക്കുമതിദൃത-
മാഗ്രഹമുണ്ടോ! ഹേ കപിവീര!
എന്നാലോ ഞാൻ പോയീടുന്നേൻ
എന്നു മറഞ്ഞിതു ലങ്കാലക്ഷ്മി.

തദനു കപികുലതിലകനഞ്ജനാനന്ദനൻ
തണ്ടാരിൽമാരിനെക്കണ്ടറിഞ്ഞീടുവാൻ
പാരിച്ചുരിയിലഖിലദിശി തിരവതിനുവാതജ-
നന്ദനാമലക്രോഡസന്നിഭഗാത്രനായ്
ആവിടവിടെയിടയടയഝടിതി നടമാടിനാ-
നാലോകനം ചെയ്തു ചാരുലങ്കാപുരം
സകലപുരനികരജിതമിരുപതുഭുജാലയം
സാനന്ദമാമ്മാവു കണ്ടു വാതാത്മജൻ.

അപ്പുരിതന്നിൽ വസിച്ചീടുന്ന രാവണ-
നപ്പൊഴുതൊരു ദുർല്ലക്ഷണമുണ്ടായ്
ഇടത്തുഭാഗംദേഹമാഹതോ-
രെട്ടുത്തു തട്ടിവിറച്ചുതരിച്ചു
നിമിത്തമാകും പുരുഷന്മാക്കതു-
മമിത്രവൃന്ദം വന്നുകരേറും
ബലത്തിനും നിജഥാനി ഭവിക്കും
കുലത്തിനും ബത നാശമുദിക്കും
ഇനത്ഥമേവം വരുമിതു സുദൃഢം
മനസ്സിലാക്കി നിശാചരനാഥൻ
തഥാ വിറച്ചീടു ജാനകിതന്നുട-
ലതീവ വിസ്മയമതുമിടഭാഗം;
സാമിരഘൂത്തമനവ്വളവിൽത്തൻ-
വാമേതരമുടനൊന്നുവിറച്ചു;
ദക്ഷിണഭാഗം പുരുഷന്മാക്കതു
സൂക്ഷ്മം ദൃഢമതിവിജയനിമിത്തം;
അനന്തരം പുനരനിലതനൂജൻ
മനം തന്നുപ്പിച്ചുതിഥരിക്ഷ്യാ
അനന്തഭാസുരമപ്പുരമഖിലം
ഗുണാന്തരങ്ങൾ പാത്തു ലഭിച്ചാൻ;
മണിയാമച്ചുകൾ മാളികയും പല
മണികളുൽഭൂതഗോപുരനസിയും
നികരനികേതനമാളികളും പില
സുരപരിലാഞ്ഛിതതുണ്ടുകളും
സുരശയനോന്നതമേടകളും പല
ബലപതിമാരുടെ വീടുകളും

ബഹുവിധമൽഭുതമോടികളും പുന-
രിടയിടയിൽ ചിലതോട്ടുകളും
വടിവൊട്ടു കിണറുകളും വാപികളും
സ്ഫടികമയാഞ്ചിതഭിത്തികളും മണിയറ
കേളിയിലഴകിയ മേത്തളവും
കനകമണിത്തറപൊന്മതിലും പല
വനകുതുകോജ്ജ്വലവെൺമകളും
നിരമണിഗോപുരനിലകളെയും
സുവരസഭാതലനിരകളെയും
നടവഴിയിടവഴിതെരുവുകളും
വടിവൊട്ടനെടുകൊടികൊടിമരവും
തോരണപങ്ക്തിസുകോണികളും
വാണപന്തികളും കോണകളും
നാകശാലനടപ്പുരയും പില
മാലാടകശാലപടിപ്പുരയും
മോടികലർന്ന കുളപ്പുരയും ബഹു-
മാട്ടകൾശാലപണിപ്പുരയും പില
വീടുകളാദികളപ്പുരയും ബഹു
നാണിശാലമുടിപ്പുരയും ബഹു
ഭോജനശാലമണിപ്പുരയും ബത
ഭോജനശാലഭടപ്പുരയും
നാഴികമണിയുടെ ചാതുനിനാദം
നാഴികലേശസമൂഹവിലാസം
മദിരാപാനം ചെയ്തുതിനനവധി
ചതുരാകാരസമുന്നതഭവനം
പലലംവെട്ടിപ്പുരിശകളിപ്പാൻ
പലവകപലദിശിപടുഭവനങ്ങൾ
പത്താനനനുടെപത്തനശോഭേ-
കത്താനനനു സഹസ്രാനനനും
വൻപച്ചാരാം കുംഭജവിയൻ
നിർമിച്ചുനിശമുറങ്ങും ഭവനം
ഉത്തമനായ വിഭീഷണഭവനം
തത്സവിധേ സുമഹത്സ്ഥലമേറും
രാവണസുതനാം മേഘനിനാദൻ
ദേവകുലാധിപജിത്തിൻഭവനം
തസ്യ സഹോദരനാമതികായൻ
തത്സഹജൻ തലമുന്നുള്ളവനും
നാലാംനന്ദനനക്ഷകുമാരൻ

Digitized By Kerala Sahitya Akademi

ആലയമിവരുടെ ബാഹുലവിലാസം;
കുംഭൈവിയൻ തൻപുത്രന്മാർ
കുംഭൻ തദനു നികുംഭനുമേവം
ഖരസുതനാം മകരാക്ഷനുമിവരുടെ
പുരശോകം പറവാൻ പണിപാത്താൽ
ധൂമ്രേക്ഷണ ധൂമ്രേക്ഷണ ധൂമ്രവി-
ശ്രുപേക്ഷണകലശേക്ഷണപുരുഷം
ഫാലേക്ഷണനും കാലേക്ഷണനും
ബാലേക്ഷണനും സ്ഥൂലേക്ഷണനും
ദൂരേക്ഷണനും ഭ്രുതേക്ഷണനും
ശോണേക്ഷണനും തദനുനരാന്തക-
നേവം വജ്രസമുന്നതമുദ്യൻ
മത്തോന്മത്തന്മാരുടെ ദേവനം
സുപ്തഘ്നന്മഖവിന്നരകാഖ്യൻ
അബ്ബൻ കുമ്പസുപാശ്വമഹോദരൻ
ജംബുമാലിപ്രജംഘവിശങ്കൻ
എന്നിവരാദികം മന്ദിരമനവധി
ഒന്നൊഴിയാതെകപീന്ദ്രനമപ്പോൾ
കടന്നുസകലംനോക്കിക്കൊണ്ടഥ
നടന്നുപിന്നെയുമോരോദിശിയിൽ
ജനകിദേവിവസിച്ചവിടം പവ-
മാനതനുജൻ കണ്ടതുമില്ല;
ദശമുഖനാകിയ രാവണനനിശം
ഭുശസുഖമോടേ ശയനംചെയ്യും
മണിയറതന്നിൽ വസിപ്പതിനല്ലോ
മതിമുഖിജാനകിസംഗതിയാവൂ;
പൂങ്കാവിൽസ്ഥിതിയെന്നുപറഞ്ഞൊരു
ലങ്കാവചനം നിശ്ചയമാമോ?
ഇത്ഥമുറച്ചുദശാസ്യനുറങ്ങും
വിസ്തൃതമണിമയപത്തനമഖിലം
പാക്കുന്നളവിൽ പതിനൊന്നുവിധം
ക്രുക്കംവലിയെക്കേട്ടകപീന്ദ്രൻ;
ആവംനാലുംമൂക്കുണ്ടൊരുവനു
വേറെയരികേമറൊരുപെണ്ണും
ഇങ്ങിനെവകപതിനൊന്നുവിധത്തിൽ
സംഗതിയായതുശ്വാസപ്രകൃതി;
ഭീഷ്ണപ്രിസ്നിഘ്നഘോസ്നി
ജിഷ്ണുമഹോങ്കരധർമ്മസജന്മ

വിക്രമശാപപ്രകൃതികരംകേട്ടിതു
രഘുതിലകപ്രിയജാനകിയിതിലി-
ല്ലെന്നുമനസ്സിലുറച്ചുതിരിച്ചവ
ല്ലികാധിപസംഘവരിഷ്ടൻ;
ലങ്കാനാഥിപരത്തൊടുകൊട്ടുന്നാ ഒ
പ്പംകാവാളുതിരിഞ്ഞുതുടങ്ങി;
മലർമയമഴകിനപരിമളമിളകിനൊ-
രിളമുടപവനനുമപി പനിഗ്രുഹം
തടഞ്ഞുക്കൂടെപ്പെരുവഴിയുടെ
ക്ഷണംജഗാമസുമാടവിമദ്ധ്യേ
ബാട്ടലഫലാലസകസുമദലാഞ്ചിത
വിപുലതലേ വിമലേതിമനോജ്ഞം
വളന്നുമരനിരവരിമദ്ധ്യേ
ഇയന്നശിംശപനാമകവൃക്ഷം
ഞതിനുടെമുരടിനുനികടേമേവിന
മതിമുഖിമായാഭഗവതിസീതാ
ദുഃഖിതയായിമുഷിഞ്ഞുമെലിഞ്ഞുട-
നക്ഷിജലേനനനഞ്ഞുശരീരം
ഉണ്ണംകളിയുമുറക്കമൊഴിച്ചുഥ
ക്ഷീണംപുണ്ട തളന്നുതളന്നു
രാമസുരണയൊടനിശം രഘുവര
നാമമൊരിക്കലുപേക്ഷിക്കാതെ
രക്ഷാമാനിനിമണ്ഡലമദ്ധ്യാ-
ദ്ധക്ഷകുലേശൻ കണ്ടദശായാം
മനസാ ചിന്തിച്ചുമ്മരമുകളതി-
ലലസാതെകണ്ടല്ലമിരുന്നു.
രഘുത്തമപ്രിയമിഥിലതനൂജാ
ജഗത്സ്വരൂപിണി ഭഗവതിമായാ
ജഗത്ത്രയേശ്വരി തന്നുടൽകണ്ടേൻ
കൃതാർത്ഥനായേൻഞാനുമിദാനീം;
അമിത്രവൃന്ദംകണ്ടീലമാമിതി
ചരിത്രമാരുമറിഞ്ഞതുമില്ല;
ക്ഷമിക്കവേണമൊരല്പംനേരം
ഗ്രഹിക്കവേണമിതത്രവിശേഷം
നിശാചരാംഗനമാരുടെവാക്കും
കഠോരനാക്കും, പല്ലുകടിക്കും
ദയാനയാദിവിവർജ്ജിതഭാവം-
മനേകഗോചരകർമ്മം കണ്ടറിവാനായ്

Digitized By Kerala Sahitya Akademi

പ്ലവംഗപുംഗവനാകിയ ഹനുമാൻ
പ്രഭഞ്ജനാത്മജനഞ്ജനാതനയൻ
ചുരുങ്ങിവാണാനകിൽമരുകളിൽ
പ്രചണ്ഡവിക്രമനപിചരദാനീം.

അഭിമാനാംബുധിവീര്യപരാക്രമ-
സഹമാനേനജനേന ധനേന
അഭിമോദേനാ സുഖേനമദേന
ആടിമാനേന സഹായബലേന
സുഖമായഴകിനലംകാപുരിയതി-
ലകമാ മരുവിന കൈകസിതനയൻ
ഹനുമാനവിടെച്ചെല്ലുംമുമ്പേ
ദശാസ്യനന്നൊരുസ്വപ്നം കണ്ടു;
രവികുലനാഥൻ രമയുടെനാഥൻ
ദശരഥതനയൻ ഹരിവനവാസൻ
നരപതിരാമൻ തൻറെനിയോഗാൽ
ഒരുകപിവരനമിഹരാത്രിയിലിവിടെ
പേടിവിഹീനം വാരിധിയും ബത
ചാടി ജവേന കടന്നു പുരാന്തേ.

ഇപ്പുരിനീളവെനക്കിനടക്കും
പുഷ്പവനത്തിൽ പുക്കുവസിക്കും
പൃഥ്വീസുതയെക്കണ്ടുനമിക്കും
മുദ്രാരത്നവുമങ്ങുകൊടുക്കും
ഗ്രഹം വാസ്തവമഖിലമുരപ്പും
ചൂഡാരത്നവുമവനുകൊടുക്കും
അല്പംനാശവുമിവിടെവരിക്കും
ക്ഷിപ്രംജലനിധിചാടിഗമിക്കും
സംശയമില്ലിവനുണ്ടുസമീപേ
ശിംശപവൃക്ഷമിരിപ്പുണ്ടല്ലോ
സ്വപ്നമിവണ്ണംകണ്ടുദശാസ്യൻ
സുപ്തിയുണർവിവിചാരമിയന്നു
താപാദ്രാവണരക്തനിഭരേന്ദ്രനു
പൂർവ്വസ്മരണയുണ്ടായ്വന്നു;
ശ്രീവരപുരമാം ശ്രീകൈലാസേ
ഗോപുരസീമനികാവൽവസിക്കും
ജയവിജയന്മാരവരിരുവരിലിവർ
ജയനവനതിനിഹ സംശയമില്ലാ;
സഹജൻ വിഹഗൻ ചലടകണ്ണൻ മമ
സഹജൻ വികടൻ വിഗതവിഷാദൻ
ഹിരണ്യനയനനുമവനുടെ സഹജൻ
ഹിരണ്യകശിപുവുമിങ്ങനെമുന്നം
കഴിഞ്ഞുമന്നവർ മൂന്നിഹമന്നിൽ
ചുഴിഞ്ഞുപിന്നെയുമാത്രപിറന്നു;
മോക്ഷപ്രദനാം ഭഗവാൻ ഞങ്ങടെ
മോക്ഷപ്രാപ്തിവരുത്തുവതിന്നായ്
അവനിപസുതനായ് രാഘവനായിഹ
വിപിനതലേപെരുമാറീടുന്നു
അതിനുടെയേതുവരുത്തുവതിന്നാ-
യവനീമകളാമവനുടെമഹിഷിയെ
മോഷണമാശുകഴിച്ചിതുഞാനതി
ദൂഷണമെന്നതുരാവണനില്ല;
ഒരുപുരുഷന്റെകുടുംബിനിയേമ-
റൊരുപുരുഷൻകൊണ്ടങ്ങുഗമിച്ചാൽ
ഒന്നുംക്രുദ്ധാക്കാതെയിരിപ്പാ-
നിന്നാക്കുംതോന്നീടുകയില്ല;
അജ്ഞജനമോഹനസമയമതുംപുന-
രിജ്ജനമിങ്ങിനെനിശ്ചയമാമോ?
എങ്കിലുമിന്നൊരുപണിചെയ്യേണം
സങ്കടമവനിൽ വളത്തീടേണം
സ്വപ്നംകണ്ടാൽ ചിലകാലങ്ങളി-
ലൊക്കുമതെന്നൊരു ശാസ്ത്രവുമുണ്ട്;
അവ്വാനരനുണ്ടിച്ചയിലിപ്പോൾ
പൂവാടിയതിൽ വസിച്ചീടുന്നു
ഇപ്പോൾതന്നെയഥമവളോടുസുഖതര
പുഷ്പായുധരണമത്തിക്കേണം
വാദ്യനികരംകൊണ്ടവളുടെഹൃദയം
ശീഘ്രമഹോപരിഭേദിപ്പൻ ഞാൻ
എന്നുടെഗീരും നിർബന്ധങ്ങളു-
മൊന്നൊഴിയാതവനിന്നുധരിക്കും
തന്നവനക്കഥ രാഘവനോടഥ
ചൊന്നതിനുടനേ വരുമിഹരാമൻ;
മോക്ഷഫലവുമവനുള്ളൊരുപായം
സാക്ഷാദിഹമിഹകരുതി ദശാസ്യൻ
സീതാദേവിവസിപ്പേടത്ത-
ക്കാദരവോടുചുറപ്പാടായി.

അധികംസുന്ദരന്മാരിലഴകും സുന്ദരമായൊ
രതിശൃംഗാരമാംവേഷംധരിച്ചു രാക്ഷസരാജൻ

Digitized By Kerala Sahitya Akademi

കനകമണ്ഡലരത്നകലിതമോഹനാഹാര
ചലനസന്തോഷ്തഗന്ധകസുമമാലികാജാലം
വളകരംമോതിരം ചാരുതിലകപാളികരംമെയ്യി
ലിളകുംകാഞ്ചനമാലവിലസുംമോഹനനാദം
വിളങ്ങുംപൊന്നരഞ്ഞാണോടിണങ്ങും ദിവ്യര-
ത്നങ്ങളം
നിറങ്ങളംകൊണ്ടുമദ്ദേശംനിറഞ്ഞകാന്തിയുംപൂ:
നിറമേറീടിനപട്ടിൽപുറമേവിസ്മയമായ്[ണ്ടു
രുമാൽരംഗിയിൽകെട്ടിത്തുടർമാലാവലിമീതേ
ഇളയഭാസ്കരബിംബമുദയംചെയ്യുമവ്വണ്ണം
വിളങ്ങുംഭാസുരചാരുമകുടമണ്ഡലത്തോടും
അടുത്തസേവകന്മാരാമമത്ത്യവൈരികരം
കൈയി
ലെടുത്തിതായുധജാലംനടത്തീതാരവഘോഷംൽ
തരത്തിൽകാമിനീവൃന്ദംകരത്തിൽപൊന്നണി
ത്താലം
നിരത്തിച്ചുറ്റുടൻമന്ദംനിറത്തിൽകാഞ്ചന-
ദീപം
കൊളുത്തികൌതുകംപാരംനിരത്തിദീപമാ
ലയോ
മുയത്തികോമളപൂരംവരുത്തിവായ്കുരാരാവ-
മുരത്തിൽകീർത്തനംചൊല്ലിപ്പുകഴ്ത്തിശാസ്ത്ര-
സൌന്ദര്യം
വളത്തികാമുകന്മാരെത്തളത്തികാമനെനിന്ദി-
ച്ചുകത്തിഭൂഷണജാലമുത്തിതൽപ്രകാശൌ-
ഘം
തരത്തിൽസുന്ദരീവൃന്ദംനിരപ്പിൽനല്ലവരെല്ലാം
ഇടക്കമദ്ദളതാളമുടുക്കുംപാണ്ടിമേളത്തോ-
ടിണക്കംതേടിനനാഗസ്വരവുരാളസംഗീതം
സുഖവീണാരവമോടുഴലുംതിത്തികിണാനം
മുഖവീണാവലിശംഖധ്വനിയുംമാറുമീവണ്ണം
അമരാധീശനവനുപദവിഘോഷവും
രമരാരാതികരംമുമ്പാഴകും രാവണവീരൻ
ഞെളിഞ്ഞുനിന്നടൻതോക്കി;
പറഞ്ഞീതവരുംനന്നായറിഞ്ഞുകൊള്ളുവിൻ
വിധങ്ങളംകാട്ടുതാരും വിടുപ്പിൻ പെട്ടികരം
കടപ്പിൻപെട്ടകംകെട്ടിൻ വെടിപ്പിലായിരം
പെട്ടി
നിറപ്പിൻകാഞ്ചനരത്നം ചമപ്പിനാഭരണങ്ങളം
ശ്രമിപ്പിൻ മന്ത്രിമുഖ്യന്മാർ നമിപ്പിനെപ്പൊഴു
സ്തുതിപ്പിൻ സേവകവൃന്ദം; [നമ്മെ
മുഷ്ടിപ്പിൻശീലകരംകണ്ടാൽതൊട്ടുപ്പിൻസം:
യംവേഗേ; [ഭ്രമം
മുട്ടുപ്പഞ്ചലകളഞ്ഞുറപ്പുപൂണ്ണമാക്കേണം
വളപ്പിൻമോടികരംമെയ്യിൽ ധരിപ്പിൻഭൂഷ-
കൊടുപ്പിൻവേണ്ടവക്കെല്ലാം; [ണമെല്ലാം
ഗമിപ്പിൻതാമസമില്ലാ ഇളിപ്പിൻനോക്കുകരം-
കണ്ടാൽ
കൊടുപ്പിൻതാഡനംനന്നായ്, നടപ്പിൻക്രൂരവ
ചൂരവം
കെടുപ്പിൻദാഹവുംക്ഷുത്തുംതടുപ്പിൻ ദുർഗ്ഗകുന-
ങ്ങളം
തകർപ്പിൻമോഹനമേളം പൊഴിപ്പിൻവേണ-
വിൻനാദം
ഒഴിപ്പിൻദിക്കുകരംമുമ്പിന്നൊഴിപ്പിൻ കശ്മല-
ന്മാരേ
ചരിപ്പിൻനല്ലവർമുമ്പിൽനിരപ്പിൻമാനസ-
മൊത്തു
രമിപ്പിൻനാരിമാർമുമ്പിൽ കളിപ്പിൻമോഹി
നിയാട്ടം
രസിപ്പിൻഭാവമെല്ലാരും വെടിപ്പിൻവട്ടണി-
യിട്ടു
നടപ്പിൻമന്ദമന്ദേനകുറപ്പിൻകാടമൂഢത്വം
തുടിപ്പിൻഭൂതലമെല്ലാം തളിപ്പിൻകാമിനീ-
വൃന്ദം
വാഴിപ്പിനാലവട്ടംകൈവിളക്കും ചാമരജാലം
മണപ്പൂരാഞ്ചിത ചാരുമലർപ്പൂ സഞ്ചയംവാരി
വിതപ്പിനെന്നുടെമെയ്യിൽപനിപ്പാനീയ സംയു
ക്തമാമരമാനിനീമാരുമസുരമാനിനീമാരു- [ക്തം
മപരംമാനുഷനാഗാസ്സുരസാം മാനിനീമാരും
വളകംകാതിലമാലാതളകം പൂമലർമാലാ
വലികാംനാസികാരത്നമിളകുംമൌക്തികാ-
ഹാരം
ഇളക്കത്താലിയുംമിന്നുംമടക്കത്താലിയുംന്തുലും
പതക്കംതോൾവളമുത്തുവിരല്പൂമോതിരജാലം
ധരിപ്പിനീവകമാറും മഹാദിവ്യാഭരണങ്ങളം
മതിപ്പിൻ കുറവുണ്ടാക്കാതിരിപ്പിൻ മാനിനി
മാരേ
വെളുക്കപ്പുല്ലകംതേച്ചു മുഖക്കിക്കൺകവപ്പിച്ചു
കുറിക്കുട്ടാടികംപൂശിനിരക്കെവാല്മീകിപൂണ്ടു

Digitized By Kerala Sahitya Akademi

കള്ളക്കുമാനസത്തോടുംപുറപ്പെട്ടിടുവിൻവേഗം
ചിലക്കുതാമസംകണ്ടാലലയ്ക്കും ചൂരൽകൊണ്ടു ഞാൻ

മുട്ടുതമേറിനവസ്തുംധരിച്ചീടേണമെല്ലാരും
മഷ്ഠതമുള്ളവരിന്നിജ്ജനത്തെസ്സുമ്മതിക്കേണം
മഷ്ഠിക്കുനന്ദിനീതന്റെമതിക്കുകൊതുകം പാര
മുദിക്കുമേവമല്ലാഞ്ഞാൽ ദുഷിക്കുംസംശയമില്ലാ
ഇവണ്ണംകല്പനചെയ്യുനടന്നു രാക്ഷസരാജൻ
സുവർണ്ണഭൂഷണാകാരൻ തുടങ്ങിയാത്രയുമന്ദം.

മധുവാണീജനം കണ്ടുമയങ്ങുംവണ്ണം
മലരമ്പൻനാണംപൂണ്ടുവണങ്ങുംവണ്ണം
മുഖംപത്തുംതെളിഞ്ഞേറാം വിളങ്ങുംവണ്ണം
സുഖംചിത്തംനിറയുമാളികുംവണ്ണം
നയനങ്ങളിരുപതുമിളക്കിക്കൊണ്ടു
നവരസമവറിൽചേർത്തിണക്കിക്കൊണ്ടു
നയസുഖരസഗിരമുരച്ചുംകൊണ്ടു
നവമലർപരിമളംധരിച്ചുംകൊണ്ടു
ശതമഖമുഖസുഖവിഗതകരൻ
ദശമുഖനഴകിയപുരുഷവരൻ
വളകുംമോതിരംപൂണ്ട കരനികരൻ
വനിതമാർകളികണ്ട കുതുകധരൻ
മുറുക്കിക്കൊല്ലികുംപത്തും മുഴുപ്പിക്കുന്നു
കുറുക്കുകാൽവച്ചു മന്ദം ഗമിപ്പിക്കുന്നു
മനസ്സിൽദേവിയേധ്യാനിച്ചുറപ്പിക്കുന്നു
മദനത്തെമന്മഥനുള്ളിൽ കുറുപ്പിക്കുന്നു
ദശമുഖനേവം വേഷംധരിച്ചുകൊണ്ടു
ഭൂശമുഖംനിനച്ചുടൻ ഗ്രഹിച്ചുംകൊണ്ടു
നിറഞ്ഞചൂരലക്കാവിലടുത്തുമന്ദം
ബഹുതപോജനത്തെയൊട്ടകറിനിന്നായ്
ജഗന്മാതാവായദേവിയമന്നീടുന്ന
പുകഴ്ന്നപുമലക്കാവിൽനികന്നീടുന്ന
നിറന്തേടുമകിൽമരമണിത്തറയ്ക്കൽ
സുഖംതേടിരാവണൻചെന്നടുക്കടുക്കെ
നിശിചരവരൻതന്റെവരവീവണ്ണം
ശശിമുഖിസീതകേട്ടുവിറച്ചുതുണ്ണം
മുലരണ്ടും തുടകളാൽ മറച്ചുണച്ചു
മുഖപങ്കേരുഹം കുമ്പിട്ടിരുന്നിരുണ്ട
തലമുടിയടിക്കീഴെവിരിച്ചുഴിച്ചു

സുലളിതചാരുഗാത്രം മറച്ചുറച്ചു
മഞ്ഞളതരനേത്രമടച്ചുടച്ചു
മനസ്സിൽ ശ്രീരാമഭ്യാനമുറച്ചുറച്ചു
മരത്തിൻകീഴാതിക്കിക്കൊണ്ടിരിക്കുംനേരം.

പത്തുകഴുത്തനമത്തൽപുഴുഗണ-
മിത്തഭവസ്യ ശരോദ്ഭൂതവിദ്യയിൽ
നിത്തരുതാതമതിമോടു
മടിച്ചുഖിലേശ്വരിയോടരുളിച്ചെയ്താൻ:—

നുതേ! നരവരജാതേഗുണമയ
ഭൂതേ! മതിമുഖി! സീതേ! കേൾ പരി-
ഖേദേതരസുഖബോധേതരമവ
മോദേതരമിദമരുതരുതമലേ!
ബാലേ സുമുഖി സുശീലേ! ശിത്രുശശി
ഫാലേ മുടുലകപോലേ! സുമശര
മാലേറീടുകയാലേ നന്നു കാ-
നീലേ ദുഢമിതു കാലേ പരിദുശ
തുലേനലഗതിപോലേവരുമിതി
നാലേ ദുഢമിദമലമലമബുലേ!
ലോകൈകാധിപനായ ദശാസ്യൻ
കൈകസിസുതനാം രാവണനിഹഞാൻ
കോകിലഭാഷിണിനിന്നുടെ കാരണ-
മാകുലനായി ഭവിച്ചിതനേകം
നിന്നുടെ ചരണസരോരുഹയുഗളെ
വന്നിഹശരണം പ്രാപിക്കുന്നോൻ
കണ്ടാലും നീ എന്നുടെ ഗാത്രം
തണ്ടാരാലജിതം ദശവക്ത്രം
സുന്ദരചാരുശരീരമിവണ്ണം
മന്നിലൊരുത്തനുമില്ലസുവർണ്ണം
രക്ഷാജനവരനെന്നറികെന്നൊ
പക്ഷ്മളസായകനെയ്തീടുന്നോ
ഹതനാക്കും കാമാകുലയതേ!ന്നൊ
രതിനൊരു സംശയമില്ലമരാതേ!ന്നൊ
മകരക്കുമിഴിമുനകൊണ്ടുഴകിയ
രുചിരപ്രവലിതചൂരികകൊടിയിണ
ഇളകിക്കനിവിനൊടൊരു വീക്ഷണമതു
മയിസത്തനുരുചിയറികുക്കുകമൊ-
ടധികക്കരുണയൊടകമൊത്തഴകിയ
മണിപത്തനമതിലതിസുസ്ഥലഭുവി

Digitized By Kerala Sahitya Akademi

ജഗദിവമേദവിഹീനം തേട്ടം
തേട്ടമനോക്കു പ്രയാസം കാണ്മാൻ
തേടാതവരെച്ചെന്നഥകാണും
പേടിയുമില്ല പ്രസാദവുമില്ലാരു
മോടിയുമില്ല ശരീരത്തിന്മേൽ
ആശയെക്കാത്തതു സാധിപ്പിപ്പൊരു
മാണിക്കം മണികൈയിലിരിക്കെ
വീശത്തിന്നും വിലപിടിയാതൊരു
കാചത്തെപ്പരികാമിക്കാമോ?
മോശത്തെച്ചെയ്തിടുകരാമനൊ-
ടേശത്തക്കൊരു മാനസമോഹം
തിങ്കൾക്കൊത്തനിറം കലരും മുഖ
തങ്കൽപ്പെട്ട വിളങ്ങിയിരിപ്പൊരു
തങ്കക്കട്ടയെറിഞ്ഞു കളഞ്ഞൊരു
ചെങ്കല്ലിനെയോ മോഹിക്കുന്നു?
മങ്കകുലമണിമകുടമനോഹരി
ശങ്കിക്കരുതൊരുതെല്ലു മിദാനീം
ലങ്കയ്ക്കധിപതിയായ് മരുവീടിനൊ
രെങ്കൽ ചെന്നുവസിപ്പതിനോത്താൽ
കിംകിംസംശയമത്ഭുതഗാത്രേ!
പങ്കേരുഹസുമസന്നിഭനേത്രേ!
കല്പകവൃക്ഷക്കുസുമമുപേക്ഷി-
ച്ചില്പക്കുസുമമപേക്ഷിക്കാമോ?
നീയാവതുഭൂഭുവിനാരീരത്നം
പൊയ്യല്ലഥമിഥപൂരുഷരത്നം
കൈയിലിരിക്കും കനകമുപേക്ഷി-
ച്ചീയ്യമിരപ്പാനിച്ഛിക്കാമോ?
നിന്നുടെ രമണൻഞാനായിനിമേൽ
എന്നുടെ രമണിമനോഹരിനീയും
ഇങ്ങിനെയായാലിജ്ജന്മംമമ
തിങ്ങിനസുസുഖം സഫലംസതതം
കൂട്ടുകമൽതനവോടകമൊത്തഴ
കോടതിൽ സതതമീടുമുഴത്തെഴു-
മേടലർതൽക്കുലബാണരസക്കളി
നാടകവിദ്യകളാടുകമെത്തക-
രേകബുദ്ധിയിലോടുകമൽഗ്ഗിര-
മൂഢരഹിതത്തൊടുനേടുകനൽസുഖ-
മാടകം വേണ്ടവമോടികളോടിട

സുഖമെത്തയിലനുദിനമുത്തമഗുണ-
രസമത്തനതവപരിസിലാരിയിൽ മലർ
ശരവിദ്യകളുടെ വിവിധപ്രകൃതിയി-
ലധികപ്രിയമൊടു മതിലുംഭ്രമമൊടു-
മതിവിദ്ധതമഹിപോകപുരാന്തേ
രാമനെയെന്തിനു മോഹിക്കുന്നു?
രാമനവൻ ഭുവനൈകനിതാന്തൻ
മാമുനിമാരുടെ കുടിലുകളം തോറും
നാമവുമോതി നടന്നുമിരുന്നും
മുഷിച്ചിലിലായാൽ മറൊരു കാട്ടിൽ
കഴിച്ചിലിടനേ പിന്നൊരു കാട്ടിൽ
ഒരിക്കലും പിരിയാതെ വസിക്കണം
നൊരുത്തിയുമെന്നു സഖ്യവുമുള്ള
ഒന്നല്ലുകിൽ പിന്നൊന്നാവനതു
നന്നല്ലുകിൽ പിന്നൊന്നതുമാം
ഒന്നിനുമില്ലൊരു കാംക്ഷവിശേഷി-
ച്ചൊന്നിലുമില്ലൊരു കാംക്ഷയുമനിശം
നിയുംമറൊരു കാട്ടാളിയുമിഹ
പൊയ്യല്ലവനൊരു ഭേദവുമില്ലാ
മായവർകുലയവർ വിണ്ണവരുംബത
പായന്നതിലു പ്രസംകുംഭേദം
ശ്വാവുംഗോവും ഭേദം നഹി നഹി
രാവും പകലുമജസ്രമഭേദം
ഇങ്ങിനെയുള്ളൊരു രമനെവെടുതേ
മംഗലശീലേ മോഹിക്കേണ്ടാ
അനഘിതമയിതവവനഭുവിവാസവു-
മനുപമസുലളിത പരിമൃദുഗാത്രേ!
സ്വസ്ഥതെക്കാളിക്കൊരുകപരി-
മുഖ്യത്തെപ്പുലർദിക്കുകളം തോറും
പൊരിവെട്ടുള്ളം മലകാനനവു-
രിക്കൊത്തൊരു പുരി നഹിനഹിലോകേ
ഇങ്ങിനെയുള്ളവു പ്രകോൺമതി-
നംഗനമാർമുടിമകുടമണേ! നീ
തിങ്ങിനകൌതുകമോടു പുറപ്പെട്ടു-
കിങ്കിനിയിങ്ങനെയരുതുനിവാസം
നാടുംവീടും കാടും വേടും
ഫലവും തേടും ഗുണവും തേടും
പുണ്യവുമാടും പാപവുമോടും

Digitized By Kerala Sahitya Akademi

കൂടവിളങ്ങിനഭൂഷണജാലവു-
മൂടകമോദമെടുത്തു ധരിച്ചിഹ
മൂടകരാമനിലാശയുമകമേ
പ്രീതിയുമാശ്ലേഷിക്കുമസിക്ക
സുഖിക്കചിരിക്കരമിക്കകളിക്ക
വിളിപണിസകലം ചെയ്യിപ്പാനും
കളിചിരിചൂണ്ടവിനോദിപ്പാനും
നാസുരസുരാസ്സ്രോമാനിനിമാരു-
ണ്ടനവധിയവർ പിരിയാതെ വസിക്കും
കല്യാണാത്മതേഘോഷത്തോടും
സല്ലാപാദിവിനോദത്തോടും
മല്ലായതമിഴി! പോകപുരാന്തേ
നീയുള്ളയൊരു ശരണമിനിക്കു
വിബുധാരാതിദശാസ്യനിവണ്ണം
വസുധാനന്ദിനി ജാനകി തന്റെ
സവിധേ ചെന്നനമസ്കൃതിചെയ്തിദ-
മവിധം ചാരുമധാമധുരോക്തം
ഹ്രീയുമുപേക്ഷിച്ചുരചെയ്യുന്നള-
വഹിതതരം പ്രതിനോക്കീടാതെ
ഉള്ളുടകോപമൊടത്രപുരോഭവി
പുല്ലൊടിപൊട്ടിച്ചിട്ടവിളംബം
തത്ക്ഷണശകലം സാക്ഷീകൃത്യ
ജഗത്ത്രയനായിക ചൊന്നാളേവം.

ബലപ്രൌഢോത്തമനിന്റെ
വലിപ്പംകേളിയുണ്ടേററം
ജളപ്രൌഢോത്തമൻനീയ്യെ-
ന്നുമപ്പാൻ സംശയംവേണ്ടൊ
കരുത്തൻ കാത്തവിയ്യുന്റെ
പുരത്തിൽ ശൃംഖലംപൂണ്ടു
പരുത്തതൃണനിനോടിട്ട
ത്തളച്ചവാത്കകളോത്താൽ
വിചിത്രമെന്തയുമൊത്തു
രസിപ്പാൻ വേണ്ടുമറെറാന്നും
ചരിത്രം വിസ്മയം മൂഢ!
പ്രവൃദ്ധകുലബുദ്ധേ!
തദനുബാലിതൻ വാൽമേൽ
സ്ഥിതനായ് ദാരുണവപുഷം
കഥനം ചെയ്തുടലിക്കരയ്ത്തു-
മനിശംക്ഷണം വേണ്ടാ;

പ്രബലനൊകിലോനീമാംകപടഭിക്ഷുവായ്ത്തന്ന
ചപലചിത്തനായ്ക്കൂട്ടുവിരവിൽ കൊണ്ടുപോ-
രേണ്ടു
മതിയായുള്ളവരെൻറപതിയും ദേവരൻതാനും
അറിയാതല്ലയോ നീമാംതടിതികൊണ്ടിഹ-
പോന്നു
അവരിലേകനുള്ളപ്പോൾ വരികിൽ നിന്നുടെ-
ദേഹ
വിപിനേഞാനുവുങ്ങുമംക്ഷണനേരമായിവന്നീടും
മിഥിലാനന്ദിനിനീർത്തുവ്രതയാംമാനിനിഞാ
നെൻ
പതിയാകുന്നതു ലോകപതിയാംകോസലഭൂപൻ
ജലധിലംഘനംചെയ്തു കടന്നുവന്നുടൻ നിന്റെ
കുലവും കൊട്ടയും വീടുംബലവുംനഷ്ടമാക്കീടും
ബലനാംനിന്നുടെ പത്തുതലയുമസ്സൂസംഛത്താൽ
കളയുംകണ്ണുവും വീയ്യുംവിതയും മസ്തകംപത്തും
ജയവുമെന്നെയും കൈക്കൊണ്ടുഴറുമല്പതിരാമൻ
ജഗദേകാഞ്ചിതരൂപൻമനുവം ശാധിപൻവീരൻ
അതിനുതാമസമില്ലെന്നറികതസ്കര! നീച!
അതിദാരുണനവന്നീടുമധികം നാശവും നൂനം
വസുന്ധരാസുതാഗിരം ദശാനനനൻ
ജവം ധരിച്ചുതിരുഷാന്ധസംഭ്രമ-
മദാന്തരംഗമോടിദം തദാപരി-
ഭവം ധരിച്ചുടനെടുത്തു ഖഡ്ഗവു-
മടുത്തു സീതയെക്കഴുത്തിനോങ്ങിയോ-
രവസ്ഥകണ്ടതിപുട്ടുതാമോടതി
ജവത്തിലൻപൊടുമയസ്യനന്ദിനി
പിടിച്ചു ഖഡ്ഗവുമിടിച്ചുമാനവു-
മിളച്ചുപോവിധമൊഴിച്ചുമൌനത
വന്ധിച്ചുമോഹവുമാച്ചു സീതയി-
ലുദിച്ചുലജ്ജയുമിളിച്ചു പല്ലകം
വിറച്ചു മാനസമറച്ചുപോവതി-
നരച്ചു രാക്ഷസിജനത്തൊടിത്തരം
"രജനീചരനാരികളേ! വരുവിൻ
രജനീചരഭാസുരചാരുമുഖി
ജനകാത്മജയാമിവൾ മാനസതാ-
രരികമമ ചിത്തിനോടിനിനീ
കൊടുവാക്കുകൾ നല്ലനയോക്തികളും
പടുരീഷണസൌമ്യരസങ്ങളെയും
സരസോക്തിവിനോദവിധങ്ങളെയും
സമയോചിതമാർത്തിഹചെയ്യടനേ

Digitized By Kerala Sahitya Akademi

മമസന്നിധിതന്നിലിണപ്പിഴനടോ!
ക്ഷമയാമരുവീടുവനിന്നുമുതൽ
ഒരു മാസമതിന്നകമെന്നരികിൽ
ഇവിടം വന്നു വസിക്കണമായതിനായ്
വഴിപോലെ ശ്രമിച്ചുവരുത്തിടുവിൻ!"
ഇത്ഥമുരച്ചു ദശാസ്യനുറക്കറ-
പുക്കതിമോദരസേനശയിച്ചു.

ദശകണ്ഠൻപോയശേഷം ജനകഭൂപാലപുത്രി
അതികൃഷ്ണമാനസയായഴൽപൂണ്ടുഭയോഭയോ
കരഞ്ഞും കണ്ണുനീരാലെനനഞ്ഞു സന്താപമു-
ള്ളിൽ
നിറഞ്ഞും ശരീരമെല്ലാം കുഴഞ്ഞും സ്വേദാംബു
മെയ്യിൽ
പൊഴിഞ്ഞും ഭീതിയോടാധിവഴിഞ്ഞും ഭർത്താര
മോർത്തും
പറഞ്ഞുംദുഃഖിച്ചു പാരംവലഞ്ഞുമുൾക്കാമ്പിൽ-
തെളിഞ്ഞും
നിറഞ്ഞു വ്യഗ്രിച്ചും ചിത്തമഴിഞ്ഞും കോമള-
പൂമൈ
തമലിഞ്ഞും മൂഷ്ടിഞ്ഞും സുഖമൊഴിഞ്ഞും മൈ-
ഥിലീദേവി
തഴകാംപൂമരക്കാവിൽപുകഴേറുംശിംശപാഖ്യ
തരുവിന്റെ ശാഖകളിലൊരു കൊമ്പുമന്ദമന്ദം
കരംകൊണ്ടു പിടിച്ചാശു മറച്ചിരുന്നുനോരോ
തിരംഹാ പറഞ്ഞുകേണുധരണിനന്ദിനിസീതാ
രാമനാഥ! ലോകനാഥ! മമമാനസാധിനാഥ!
കൃപയില്ലാതാവാനുള്ളോരവകാശം തോന്നുന്നി-
ല്ലേ
പരുത്തരാക്ഷസീജാലംപിടിച്ചുഭക്ഷണം ചെയ്യു
മൊരുത്തനില്ലല്ലോ ചിത്രം ചരിത്രം രക്ഷിതാ-
വായി
വിഗതകാരുണ്യനായി മമജീവനാഥൻരാമൻ
പിഴകൾ ഞാൻ ചെയ്തിട്ടില്ല വെടിയായ്കുത്തോ-
വേലയെ-
ന്നുടയകാരുണ്യാഭാവേ പരിചാഹിതേവംചൊ-
ല്ലി
വിവിധവിലാപം ചെയ്താളവനീനന്ദിനിസീ-
പവമാനപുത്രനേവമഖിലംമനസ്സിലാക്കി ത്രാ;
ബഹുമാനംപൂണ്ടുസീതാഹൃദയധൈര്യത്തെക്കണ്ടു
അവിടെയിരുന്നുരാമചരിതംകീർത്തനംചെയ്തി-
തനിലനന്ദനനുള്ളിലധികം ഭക്തിയോടേവം.

ആയ്കുലജാതനഖിലാധിപതിരാമൻ
വീര്യപുരുഷൻ ഹരിവിശേഷപരിധാമൻ
കോസലനൃപാലസുതനാമമലഭൂമൻ
ഭൂതലമഹൽക്കുമുദചാരുമുഖസോമൻ
മേദിനിസുതാമിഥിലമേദിനിപുത്രി
സീതയിതിനാമമെഴുമാമ്പുലഗാത്രി
യാമിനിവരാനനസുഭാമിനിസമേതം
രാമനനുജേനസഹതാതഗിരയോതോ
ഘോരവിപിനസ്ഥിതിയിലാശയുമുറച്ചു
ചാരുമതിയായ ഗ്രഹനാഥിയുമൊഴിച്ചു
ചിത്രവരകൂടഗിരിപാശ്വമുപഗതവാ
നുത്തരതാദപി ചതാതമതംശ്രുതവാ
ഖേദവുമമന്ത്രുപിയുകമ്മവിധികൃതവാ
പാടുകകളും ഭരതനാശ്രുപരിദതവാ
ദണ്ഡകമുപേത്യ ചവിരാധമപിഹതവാ
മണ്ഡലമഹാമുനിവരാനപിചനതവാ
പഞ്ചവടിപുക്കതിസുഖിച്ചുധിവസിച്ചു
പഞ്ചയുഗകന്ധരസഹോദരിധരിച്ചു;
പഞ്ചമലർസായകരസാന്ദ്രതവെടിച്ചു
പഞ്ചമതിലാശ്രുലളിതാതനുവഹിച്ചു;
ശൂർപ്പണഖവന്നു ചിലവാക്കുകളുരച്ചു
പേപ്രകൃതികണ്ടനുജനീഷ്യുതപിടിച്ചു
വാളുമുറയുരിമുലനാസികമുറിച്ചു
കാളനിശപോലെ രജനിചരിതിരിച്ചു
ആക്കഥകൾകേട്ടു ഖരനാദികൾപൊടിച്ചു
വിഗ്രഹമതിങ്കലവരൊക്കവെനശിച്ചു;
രാവണനുംവന്നവനിപുത്രിയെഹരിച്ചു
പാരിടസുതേത്തിരവതിന്നുടനയച്ചു
നാലുദിശിവാനരരുഴറൊടുഗമിച്ചു
ബാലിസുതനാദികപിസേനയൊരുമിച്ചു
ചാലെയഥതെക്കുദിശിനോക്കിനതിരിച്ചു
ഘോരതരവാരിനിധികണ്ടുവിഷമിച്ചു
രാജതനയം വസതിയോത്തു വിചലിച്ചു
വാജിവരവാചമതുകൊണ്ടതുധരിച്ചു
ആകുലമകന്നൊരു കുരങ്ങഥകുതിച്ചു
വേഗമൊടുചാടിമലർവാടിയിൽ വസിച്ചു
ശിംശപതരുപരിയിരുന്നുദരിശിച്ചു
സംശയവുമില്ലമമഭാഗ്യവുമുദിച്ചു



Digitized By Kerala Sahitya Akademi

വിശ്വജനനീംസപദികണ്ടതിസുഖിച്ചു
വിസ്മയമിവണ്ണമനിലാത്മജനുരച്ചു
രാഘവകുലനായക ചരിതരസാലാപ-
മിശ്രസുഖദായകമമിതമനോജ്ഞം
അത്രപവിത്രവിചിത്ര ചരിത്രമി-
തിത്രുദയാന്വിതമുദിതസമേതം
യാവനൊരുത്തൻ കീർത്തിച്ചതുമതി
പാവനചാരുസുമാനസനേവൻ!
മായാവികളാം ദേവാരികളുടെ
മായാകൃതിപ്രകൃതികളോവാൻ?
മാരുതനെന്നുടെ മാനസതോഷദ-
കാരണമായിദമുരചെയ്താനോ?
കഥയഖിലാശയസരസമഹോമമ
ഹൃദയസുബോധയകരമനുവാരം.
നൃപവരനാകിയമമവരനുംബത
കപിവരനാകിയരവിസുതനും
മനമൊരുമിച്ചു സുഹൃത്തുകളാവതി-
നനുപമസുമതേകിംകാരണവും?
ചുഞ്ചിരിചൂണ്ടിതുകേട്ടമരൽസുത-
നഞ്ചിതതുപാണിയോടുരചെയ്താൻ;
പഞ്ചവടിസ്ഥലമതിൽമരുവുന്നള-
വഞ്ചനമൊരഞ്ചുംതലയുള്ളവനാൽ
വഞ്ചിതയായിതുവതിയുമടന്നഥ
സഞ്ചിതപാപമൊടവനീശന്മാർ
ദുഃഖിച്ചുക്കാടൊക്കെനടന്നും
പക്ഷിമൃഗാദിയൊടന്വേഷിച്ചും
ഒട്ടുകരഞ്ഞുമുഷിഞ്ഞുമുഴന്നഴൽ
പെട്ടതിരിഞ്ഞുനടന്നീടുമ്പോൾ;
വെട്ടംകൊണ്ടുപിളർന്തതളന്നഴൽ
പെട്ടംകൊണ്ടുകിടന്ന ജടായുവി-
നിഷ്ടംപുണ്ടുകൊടുത്തിതുമോക്ഷവു-
മൊട്ടുംപിന്നെവിഗതവിളംബം
വികൃതാകൃതിയായ്ചന്നകബന്ധനു
സുകൃതാനന്ദപദത്തെയുമരുളി;
അപരിച്ഛേദിസുഭക്തിഭരിച്ചൊരു
ശബരിക്കുംഗതിയരുളിജവേന
പമ്പാനദിയെപിമ്പാക്കിപ്പോ-
ന്നമ്പൊടുശ്യമൂകാദ്രികരേറി

ബാലിയെത്താലമ്മലതൻമുക-
ളാലയമായദിവാകരതനയൻ
നീലൻഗവയഗവാക്ഷനുമടിയൻ
നാലിങ്ങിനെ നിജമന്ത്രികളോടും
നിവസിക്കുമ്പോളിവരെക്കണ്ടതി-
ഭയമുൾക്കൊണ്ടു ദിവാകരതനയൻ
എന്നെയയച്ചുചെന്നുനമിച്ചു
എന്നുടെചുമലതിലവരെവഹിച്ചു;
സുഗ്രീവനെയുംകണ്ടുപറഞ്ഞു
വ്യഗ്രമശേഷവുമകലെവെടിഞ്ഞു
അഗ്നിയെവിരവൊടു സാക്ഷിയുമാക്കി
സഖ്യവുമുടനിഷ്ടചെയ്തിച്ചേൻ ഞാൻ;
ഒരുബാണേനവധിച്ചിതുബാലിയെ
വിരവോടമ്മമരഘുനാഥൻ;
കിഷ്കിന്ധാപുരിപാലനമതിനായ്
സുഗ്രീവനെയും വാഴിച്ചവനും,
ദിക്കുകൾനാലിലുമന്വേഷിപ്പാൻ
മുക്കോടിസഞ്ചയമോരോലക്ഷം
ദിശിദിശിപോയതിലഹമിഹതെക്കേ
ദിശിതിരവാൻ പോന്നവരിലൊരുത്തൻ
അടയാളോക്തിയുമുണ്ടിതുനൽത്തിരു
വടയാളാഖ്യമുദ്രയുമുണ്ടു;
തണ്ടാർമാനിനി രണ്ടായ്ചതനു
പൂണ്ടാശ്രമമതിലൊന്നഗ്നിയിലും
വടിവൊടുമരുവിനതടയാളോദിത-
മുടനിഷ്ടചിഹ്നം പശ്യസുശീലേ!
താരാർമകളോടേവമുരച്ചുഥ
ശ്രീരാമാങ്കിതമോതിരമുദ്രാ
ജാനകിദേവിക്കാശുകൊടുത്തിതു
വാനരവീരൻ പവനതനുജൻ.

വരൻതൻറെനാമംപൂണ്ടനിറംതേടുമംഗുലീയം
കരംതന്നിൽവാങ്ങിസീതാജവംതോഷപൂരത്തൊടും
ശിരസ്സിലുമുഴുത്തിമിഴിയുഗത്തിലണച്ചുമുലത്തടത്തിലുംതന്തിരുമാറിടത്തിലും ഭൃയോഭൃയോ
ബാഷ്പലാപാലഴകോടുമമലാവിലാപംചെയ്താ-
ളചലാനന്ദിനീസീതാമിഥിലഭൂപാലപുത്രി

Digitized By Kerala Sahitya Akademi

പറഞ്ഞുമനസ്സിൽമമനിറഞ്ഞുനിന്നൊരുദുഃഖം
കുറഞ്ഞുനിൻവാക്കുകേട്ടമറിഞ്ഞുപതിചരിതം
വരംവിശ്വാസമായിമോതിരംമേലടിച്ചുമൂലം
മമജീവനാഥൻതന്റെ ചരിതമുരച്ചൊരുനീ
മമജീവദാതാവെന്നുമനസാനിശ്ചയിച്ചുൻ-
ഞാൻ.

ഇനിയൊട്ടുംതാമസിയാതെ
വരനിഷ്ഠംമാമിളയാതെ
കനിവൊട്ടും കൈവെടിയാതെ
വരനിഷ്ഠമാനസമോടെ
തലയെട്ടുംരണ്ടുമേറാറം
കരമെട്ടുമൊരേഴുമഞ്ചും
ധൃതദുഷ്ടംമാമതികഷ്ടം
ഘതകെട്ടോരനിഷ്ടവരിഷ്ടം
യുധിനഷ്ടതചെയ്തജവത്തോടു
പരിതുഷ്ടിയൊടങ്ങുഗമിപ്പതി-
ന്നായിഷ്ടമതേശ്രുണസംഗതി
മുവിവിട്ടവരുത്തുകനീപോയ്.

അവനിസുതാഗിരമധികശ്രദ്ധാബത
പവനതനുജൻകേട്ടരചെയ്താൻ;
കമലായതദലസുരുചിരനയനേ
കളമൊഴികളകഴലകമതിലധികം
രഘുനായകനും നിജസോദരനും
പ്ലവഗാധിപനാമരുണാത്മജനും
പ്രബലതപെരുകിന കപികുലബലയുത
മബലമണേ!വരുമിവിടെബലേന;
അതിതബലൌഘമശേഷമൊടുക്കും
ഭവതിയെയുംകൊണ്ടങ്ങുഗമിക്കും
സാഗരമെന്നൊരുദുർഗ്ഘടമുള്ളതി-
നാകുലമില്ലവേൽകുപയാഞാൻ
നൃപകുലതിലകവരന്മാരെയുമഥ
കപികുലബലജലമിരുപതുമൊന്നും
ചുമലിലെടുത്തുടനവേനകടത്തുവെ
നമലതനോനഹിസംശയമല്പം.

ധരിത്രീനന്ദിനികൌതുകമോടിതി
മരുൽസുതോക്തികൾകേട്ടരുൾചെയ്താൾ;
അതികൃശനല്ലോനീയിനിയുള്ളവ-
രിതിലുംകൃശരോനിന്നൊടുസമരോ!

തന്ത്രസമീരണപുത്രനതീവ
ധൈര്യത്തെജനത്തിനുവർദ്ധിതമാംപടി
കുർവ്വുകലോത്തമനൊത്തമഹത്തനു
ബന്ധുമുദാപരിധൃതവാനതവാ
ഭാതിസതവരുടനഖിലേശ്വരിയോടു
ഗിരമുത്തരമുരചെയ്തുകപീന്ദ്രൻ;
ഇതിനൊത്തവരുണ്ടതിവിക്രമമൊട്ടു
മിരുപത്തൊന്നുജലംകപിസൈന്യം
ഇവിടെവരുംബതയവിളംബിതമിനി
വിബുധരിപുക്കളുമൊക്കെനശിക്കും;
ഉടയാളോക്തിയുമടയാളവുമിതി
ദൃഢിതിതരേണം വിടയരുളേണം;
വടിവൊടുചിന്തിച്ചുവനിസുതാനീ
മുടിയിൽവിളങ്ങും ചൂഡാരത്നം
മാരുതസുതനുടെപാണിയിൽനൽകി
ച്ചാരുഗിരത്തെയുമരുളിച്ചെയ്തു.

ഉത്തമചിത്രക്കുടെപുത്രപീസുരോത്തമന്റെ
വിസ്തൃതതാഴ്വരയിൽതത്രവാണീടുംകാലം
ഞാമിഷംശോഷിപ്പിപ്പാൻഭൂമൌ നിരത്തിവച്ചു
സാമോദംഞാനതിങ്കൽ കാവലുമായിരുന്ന
എന്മടിതന്നിൽചേർത്തുതൻമുടിജീവനാഥൻ
സമ്മോദംപുണ്ടസുഖമാമ്മാറുറങ്ങുന്നേരം
പാകാസുരാരിതന്റെ സുനുജയന്തനൊരു
കാകാകൃതിയായ്ചെന്നിട്ടാമിഷം ഭുജിക്കുമ്പോൾ
പാരാതെകല്പെട്ടുത്തുനാലഞ്ചെറിഞ്ഞുഞാനും
ശ്രുരതരോവിച്ചുന്റെനേരേയടുത്തുകാകൻ;
ക്രുത്തൊരുകൊക്കുകൊണ്ടും മൂർത്തനഖങ്ങൾകൊ
ണ്ടും
ഗാത്രമുറിവേറ്റിട്ടാർത്തയായ്ചീണഞാനും
നവമനുണന്നിതപ്പോൾ ഖേദേനകണ്ടിതെന്നെ
ക്രോധേനപുൽമുറിച്ചുസാരമനുജപിച്ചു
വായസംതന്നെനോക്കിനേരേപ്രയോഗിച്ചു-
പ്പോൾ
പോയവൻഭീതികൈക്കൊണ്ടാരോരോദിശി-
യെല്ലാം
ഈശ്വാഗീശവിബുധേശ്രുതേശനാദി
യാശാപതികളാദിയാമവരവരെല്ലാം
ദാശരഥിവിശിഖമോചനംചെയ്തതിനു-
ള്ളാശയശക്തികാണാഞ്ഞാത്രസുരേശസുനു

Digitized By Kerala Sahitya Akademi

ക്ഷീണിച്ചുടീതിചുണ്ടനാണിച്ചുപോന്നവ-
ന്നെൻ പ്രാണേശ്വരാംഭ്രിയുഗ്മേവീണാശ്രയിച്ചു-
നേരം കണ്ണെണ്ണമേറുന്നോൻറെനന്ദനനായവൻറെ
കണ്ണൊന്നുകുത്തിച്ചോത്തുതിണ്ണംമറച്ചുബാണം;
അന്നേവംപാലിച്ചവനിന്നേവംമോചിച്ചതു-
മിന്നുംനിരൂപിക്കുമ്പോളെന്നുടെകഷ്ടകാലം
ഇവഭൂതവൃത്താന്തംനീചെവിയിലുപദേശിക്ക
മമജീവനാഥൻ കൈയിൽ മണിയുംകൊടുത്തു
കൊൾക;
മടിയാതെപിന്നെക്കീശപ്പടയോടും തമ്പി
യോടും
ഉടനെവരേണംനാഥനതിനായ്ശ്രമിച്ചാലും നീ
സുഖമായ്ഭവിക്കനിനക്കൊരുനാളും ദുഃഖമില്ലെ
ന്നനുമോദംചൂണ്ടുദേവികനിവോടനുഗ്രഹിച്ചു
ജനകനന്ദനിതന്നെത്തൊഴുതുയാത്രയും വീണ്ടും
രനിലനന്ദനനോടുതനയസചിവശ്രേഷ്ഠൻ;

ഉപവനമതിൽകടന്നാത്മസന്തുഷ്ടനാ-
യൊരുമരമതിൻറെകൊമ്പത്തിരുന്നോത്തിടം
നിശിയിലിഹവന്നുവൈദേഹിയെക്കണ്ടുഞാൻ
നിശികഴിവതിന്നുമുമ്പങ്ങുപോയാകിലോ
സമുചിതവിഹീനനാംഭൂതനെന്നായ്ക്കുരും
സുമതിതയശസ്സിനും ശോഭകേടായ്ക്കുരും
അരിപുരിയിലേകനെട്ടുതയച്ചീടുകിൽ
പരിചൊടുഗ്രരുതരമാം കായ്യസാദ്ധ്യംപരം;
സ്വയഹൃദയവൈഭവാൽപിന്നെയൊന്നന്യമാ
യുചിതമൊട്ടുചെയ്കിലോ ഭൂതനത്രുത്തമൻ;
ദശവദനമീക്ഷണം വീക്ഷണംചെയ്യണം
ചിലവചനമായവൻ താനുമായ്സ്പ്രേശണം
അതിനുവഴിപൂമലക്കാവുഭഞ്ജിക്കണം
തദനുവരുമാറ്റവത്തിന്നുരക്ഷോഗണം
അവരൊടുപിണങ്ങണം കൊന്നൊടുക്കീടണം
അപരമമരാരിയെക്കണ്ടുചൊല്ലായ്കുരും;
ഇതിമനസിചിന്തചെയ്തഞ്ജനാനന്ദനൻ
ക്ഷിതിധരവരോപമൻക്ഷീണഥീനൻതദാ

ലങ്കാമർദ്ദനം ഓട്ടൻതുള്ളൽ സമാപ്തം.

# അഹല്യാമോക്ഷം

## ഓട്ടൻതുള്ളൽ.

പണ്ടുമഹാട്ടജവിക്രമനാം ദശ-
കണ്ഠനതെന്നൊരു രാക്ഷസരാജൻ
ഇണ്ടൽപ്പുനന്ധരിത്രിയിലവനെ-
ക്കണ്ടാലഞ്ജനശൈലസമാനൻ
കണ്ടതുചെരുകിനരാക്ഷസരെക്കൊ-
ണ്ടുചിണർൽതുടങ്ങിസുരന്മാക്കെല്ലാം;
തൽക്ഷണമായവരാക്കെക്കൂടി
ലക്ഷ്മീപതിയെച്ചെന്നവണങ്ങി
രക്ഷോവരനാലുള്ളൊരുസഹ്യത :
ശിക്ഷയിലങ്ങറിയിച്ചൊരുസമയേ
പക്ഷിദ്വാജനാമീശ്വരനവരെ
രക്ഷിപ്പതിനുമുതിന്നുരംചെയ്തു:—
'ഇക്ഷുശരാസധരിപുതൻകൃപയാൽ
രക്ഷോവരനതിബലവാനെങ്കിലു-
മക്ഷയട്ടജബലനാകുമൊരവനെ
ശിക്ഷിച്ചിനിഞാൻ നിങ്ങളെയെല്ലാം
രക്ഷിച്ചീടുവനെന്നരുൾചെയ്തു
മോക്ഷപ്രദനവിടത്തിൽമറഞ്ഞു;
ഉത്തരകോസലരാജ്യമെത്രയു-
മുത്തമമായൊരയോദ്ധ്യാപുരിയിൽ
കീർത്തിപെരുത്തൊരു ദശരഥനാകും
പാർത്ഥിവമകുടശിരോമണിതന്നുടെ

Digitized By Kerala Sahitya Akademi

പുരുനരാജ്ഞീരമാഭേധയോടും
പൃഥവിയിൽവന്നവതാരംചെയ്തി-
ട്ടുവസിക്കുംകാലേ കൌശിക
സത്രവിരോധികളെക്കൊലചെയ്വാൻ
പ്രാർത്ഥിതനായതുകാരണമഹിപന
മൂർത്ത്യംഗജനാം ലക്ഷ്മണനോടും
ആശ്രിതരക്ഷകനാകിയ ഭഗവാൻ
വിശ്രുതമാകിന സിദ്ധാശ്രമഭൂവി
പാർത്തുമഹാരാക്ഷസികളെക്കൊലചെ-
യ്താനന്തികളഞ്ഞുമുനീന്ദ്രന്മാർക്കും
ഭൂപകുമാരന്മാരുടനേഹര-
പാപംകാൺമതിനാഗ്രഹമോടെ
വിശ്വാമിത്രമുനീശ്വരവചനാൽ
വിശ്വാസത്തൊടുപോയൊരുശേഷം.

വീരൻ ശ്രീരാമചന്ദ്രൻധീരൻതരുണീജന
മാരൻതരുണഗുണശീലൻ സരസീരുഹ
നേത്രൻമൃദുലതരഗാത്രൻ പരിപാലിത
സത്രൻപരിപാലിതശാസ്ത്രൻപ്രചലിതകാ-
മാസ്ത്രൻപൂർണ്ണേന്ദുനിഭവക്ത്രൻകുശികന്യക-
പുത്രൻതന്നോടുകൂടിരസിച്ചുപോകുംകാലം.

അഗ്രേകണ്ടൊരുകാനനമെത്രയു-
മുഗ്രതരംതരുപൂരംവിമലം
സർഗ്ഗസ്ഥിതിലയകാരണനാം നൃപ-
വർഗ്ഗശിരോമണിചോദിച്ചുടനേ
ഏതൊരുകാനനമിന്നുപുരോഭവി-
ച്ചേതോഹരമിതുകാണാകുന്നു?
പാതകനാശനമായതുപോവന-
മേതൊരുമുനിയുടെയെന്നരുൾചെയ്തു
ഹരികരിനരിമരുമഗ്രേനടക്കും
ക്രൂരികൾനരിഹരിണങ്ങളുമീവക
ചെറുകിനമോദാലിടചേർന്നങ്ങിനെ-
പരിഭവരഹിതം കാണാകുന്ന
ഇങ്ങിനെയുള്ളമഹാസ്ഥലദർശന-
സംഗതിവരികയുമില്ലനരാണാം
പുണ്യവിശേഷംകൊണ്ടല്ലാതിതു
മാന്യമതേ! യിടക്രുടുകയില്ലാ!
രാമചന്ദ്രഗിരമേവംകേട്ടൊരു
മാമുനീന്ദ്രനഴകോടരുൾചെയ്തു

ശ്യാമകോമളകളേബരേ! നിന്നുടെ
കാമിതംചുചിരമിന്നനമുക്കു
വാമദേവപദകേതനതാകിയ-
സാമവേദനിധിഗൌതമനെന്നൊരു
മാമുനീശ്വരവരനുള്ളവായി
ഭൂമിതന്നിലൊരുകാലംപണ്ടു
സോമബിംബമുഖിയായൊരഹല്യാ
കോമളാംഗി മുട്ടാതിണിയോടും
ശ്യാമകോമളകളേബരവളരെ
ഭീമമായതപമായവർചെയ്താരു
പുണ്യദേശമിതുകാൺകരുതമ
പുണ്ഡരീകവിമലായതനേത്രേ!

താപസവരനുടെ വാക്കുകൾകേട്ട
ഭൂപകുമാരനുമരുളിച്ചെയ്തു
ശാപവരാധിപഗൌതമമുനിയുടെ
പാപവിമോചനവാസസ്ഥലമിതു
കണ്ടുവണങ്ങിഗമിക്കുമാഗ്രഹ-
മുണ്ടുനമുക്കുമനസ്സിലിതാനീം
ഇണ്ടലകന്നുശമിച്ചെന്നാലതു-
കൊണ്ടുനമുക്കൊരുമംഗലമുണ്ടാം
എന്നരുൾചെയ്തുമുനീശ്വരസഹിതം
ചെന്നുമഹാവനശോഭംപുക്കു
അന്നേരത്തൊരു മോഹനമാംശില
മുന്നിൽപരിചൊടുകാണായ്വന്നു
ഏതിമേഖലേനേപറഞ്ഞാൻ മാമുനി
ഇതുകണ്ടീടുക രാജകുമാര!
മതിമുഖിയായൊരഹല്യാദേവിയെ
ഇതുകാലത്തൊരു ശിലയായ്ച്ചാൺക!
തവപദകമലംകൊണ്ടുചവിട്ടുക
ഇവളുടെപാപവിമോചനമല്ലോ
അവലംബ്യാകാലം ദുഃഖിച്ചിങ്ങിനെ
അവനിയിലൊരുശിലയായിസ്സുതരാം
ഏന്തഴവോന്നുടെ പാദസരോരുഹ
ചിന്തനകൊണ്ടതിവിമലാത്മാവാം
ചിന്തിതവിതരണസന്താനദ്രുമ
നിന്തിരുവടിയുടെ വരവുംപാർത്തു
പൂന്തേൻമൊഴിയവൾതന്നേറുള്ളൊരു-
തെന്തിഹാനരചെയ്തതിദൈന്യം

Digitized By Kerala Sahitya Akademi

രമേരമംവരരാഘവപ്രവീര!
കാമഫലപ്രദ! കാരുണ്യികേതുമ!
മമകടുഃഖനിവാരണമതിനാരു-
രമേസമരുതിനിയരവിന്ദാക്ഷ!
ഇങ്ങിണവളരപ്രാർത്ഥിച്ചുംകൊ-
ണ്ടംഗനമണിയവരം വാണീട്ടന്നു
മംഗലനിലയയവരംക്കിനിവേഗാൽ
മംഗലമരുളുക കരുണാസിന്ധോ!
മമുനിവചനംകേട്ടമരാധ്യം
മനസിതെളിഞ്ഞിമേൽപ്പിച്ചെയ്തു
കനിവൊടുമാമുനിപുംഗവവേഗാൽ
ഇതിനുടെകാരണമരുൾചെയ്താലും
മതിമുഖിയായൊരഹല്യാദേവി
സതിജനവംശശിരോമണിരത്നം
അതിസുഖമോടുതപസ്സുംചെയ്തു
പരിചൊടുകൂടിവസിക്കുംകാലം
സംഗതിയിങ്ങനെയരുവാൻ മുനികല-
പുംഗവകാരണമരുൾചെയ്തലും;
മംഗലമുത്തിരഷുത്തമവചനം
മംഗിയൊടിങ്ങനെകേട്ടമരാധ്യം
തിങ്കിനമോടമൊടതിനുടെകാരണ-
മിങ്ങിനെമുനിവർനരുളിച്ചെയ്തു.
അമരാധിപനൊരുനാളിൽകയുകാൽ
അരനേരിതലമയുക്കുൾമതിനായി
പരിചൊടുനല്ലവിമാനവുമേറി
സുരപതിമേരുകം കണ്ടുരസിച്ചു
അതികലകാലനനേകം ടിക്കുകം
തരണംചെയ്തുഗമിക്കുംകാലം
ലോകമഹാമണിദീപമതെയാര-
ദേനവുമബ്ബിയിലാശ്രമറഞ്ഞു
അരഗണങ്ങളുദിച്ചുവിളങ്ങി
സാരസജാലവുമങ്ങഥമങ്ങി
പന്തുനടിച്ചുഴകോടഥപൊങ്ങി
പന്തികയുലകിലശേഷംതിങ്ങി
ഞാംഗനമാരൊടുകൂടിച്ചിലജന-
മംശജനാടകമാടുവതിന്നായ്
ഉഗ്രകിരണനെന്നാരുപുരുകളിൽവാണവർ
ശൃംഗാരങ്ങളോനടിച്ചുതുടങ്ങ

തിങ്കിനമോടമൊടമരേശൻതാൻ
ഇങ്ങിനെയുള്ളൊരു രാത്രിയിൽവേഗാ-
ലങ്ങുഗമിക്കുന്നേരമധോഭുവി
ഭംഗിയിലൊരുവനമവിടെക്കണ്ടു
ഗൌതമമുനിയുടെയാശ്രമദേശം
കൌതുകമോടഥകണ്ടമഹേന്ദ്രൻ
അതിശയമോടൊരു പുങ്കാവുംപുന-
രതിലൊരുമതിമുഖിവിലസീടുവതും
പ്രതിമുഖമവിടെക്കണ്ടു സുരേശ്വര-
നതിമോദത്തൊടുനോക്കും സമയേ.
അതികുടിലഘനസടശനിറമുടയവേണിയും
അതുതമാകും നിടിലപ്രദേശവും
രതിരമണകരകമല ചാപത്തിനേററവും
ആതങ്കമേകുന്ന ചില്ലിവില്ലാട്ടവും
കമലദളവിമലരുചികണ്ണിണഭംഗിയും
കാമസുണീരമോടൊത്തകർണ്ണങ്ങളും,
തിലകസുമസമമുടയ നാസികാഭംഗിയും
തികരംക്കതുല്യംനിരങ്കമാംവക്ത്രവും
വനജസമഘനസുഷ്മകചകലശകുടുമ്മം
വക്ഷഃപ്രദേശംനിറഞ്ഞുതിങ്ങിത്തഭാ
മുലതരകരയുഗളവടിവുമതിമോഹനം
ആനന്ദമുണ്ടാംവലിത്രയശോഭയും
പുളിനമൊടുസമജഘനമതികൃശസുമധ്യവും
പുന്നകിൽചാരുമക്കാഞ്ചിതൻ ശോഭയും
കദളിയൊടുകലഥമനുദിനവുമഥചെയ്തിടും:
കാമിനീമൌലിതന്നുരുപ്രദേശവും
കമലകലമനിശമവർംപുറ്റടികം കാങ്കെയാൽ
കാമഭംഗേനജലംപുക്കുമേവിനാർ
അരുരുരുധുപറവതിനു നാഗാധിരാജനും
അരുതസൌന്ദര്യമോഹനാഡംബരം
സുരതരുണിജനമഖിലമപ്സരസ്ത്രീകളും
പരിചിനൊടുകാങ്കിലോ നാണമായേടും

കമലാക്ഷിയെയങ്ങിനെകണ്ടു
കാമാസ്ത്രവുമപ്പൊഴെകൊണ്ടു
വലശാസനനൊന്നുവിരണ്ടു
ചലനായുധനായതുകൊണ്ടു
തലമുടികണ്ടും മുഖിയിണകണ്ടും
കളിരുചികണ്ടും മനമയുമാണ്ടും

Digitized By Kerala Sahitya Akademi

സുമുഖാനനമൊന്നു കടുത്തു
സുമസായകമൊക്കയെടുത്തു
വിരവോടതിലൊന്നുതൊടുത്തു
സുരനാഥനെയൊന്നുകൊടുത്തു
ശരമതെടുത്തു ഗുണമോടുചേർത്തു
സമയമതോർത്തു പതിവതുപാർത്തു
പുരുഹൂതനുബുദ്ധിപകർന്നു
പരനാരിയിലാശവളർന്നു
സുരകാമിനിമാരെമറന്നു
സ്മരലീലയിൽ മോഹമിയന്നു
ധൃതിയതകൻവിവശതചേർന്നു
തദനുതളർന്നുകാമമുയർന്നു.

ഉത്തമനായസുരാധിപനിങ്ങിനെ
ചിത്തവിചാരം വന്നുഭവിച്ചു
മത്തനുതായസുരാധിപനപ്പോ-
ളുത്തൽവളർന്നുവിഷാദിച്ചുടനേ
കാമിനിമണികുലമകുടശിരോമണി
യാമിനിയതിലിവളേകയതായി
ഉൽപ്പലലോചനയാരുടെഭോമിനി
പുഷ്പമിരുത്തുവസിച്ചീടുന്നു
നിഷ്പലമായിതുവരുമോ നമ്മുടെ
പുഷ്പശരാർത്തികളിവളോടുചൊന്നാൽ
എങ്കിലുമവളുടെസവിധേചെന്നി-
സ്സകടമഖിലം പറകേയുള്ളൂ
എന്നുമനസ്സിലുറച്ചുമഹേന്ദ്രൻ
മന്നിടമതിലവതരണംചെയ്തു
സുന്ദരിമാർമണിതന്നുടെസവിധേ
ചെന്നവളോടുരചെയ്തിതുമന്ദം.

പരമതിമൊഴിജനമടിപണിയുന്നൊരു
സരസിജദളമിഴിശശിവദനേകേൾ
ഒരുകിനവനമതിലിങ്ങിനെതാനേ
പരിചൊടുവരുവാനെന്തൊരുമുഖം
വലുതായുള്ളോരുസത്വകുലംബ്രഹ്മ
വിലസീടുന്നൊരു ഗന്ധനേരാത്തൊ
ചലനമതെന്നിയെനടകൊള്ളുംതവ
കുലനാമങ്ങളുമുരചെയ്താലും
സുലളിതകോമളഗാത്രേ നിൻവര-
നലകില്ലതേതാരുസുകൃതിയതെന്നും

പരിചൊടുചൊൽകമനോജ്ഞേ! നീയിങ്ങ
പരമാർത്ഥങ്ങളശേഷവുമിപ്പോൾ
സുരകുലവൈരിയുടെ ഗിരമതുകേട്ടശ
സരസിജളമിഴിചൊന്നാളേവം
മുനികുലമകുടശിരോമണിനീ
മമപതിഗൗതമമുനിയെന്നറികേ!
നാമമതല്ലാതിപരമാർത്ഥം
മാമകമെന്നറിയേണമിതിപ്പോൾ
കാമസമാനകളേബരനാകുവ
നാമമതെന്തെന്നതുചെയ്താലും!
ഇത്തരമവളുടെ വാക്കുകളഖിലം
ചിത്തരസത്തോടു കേട്ടമരേശൻ
സത്വരമത്തരുണാംഗിയൊടപ്പോൾ
ഉത്തരമരുളം ചെയ്യാനതിമോടാൽ
നാമരാധിപനെന്നെന്നുപുരിപൊട്ട
കമലാനനയാംനീയറിയേണ്ടും
വിമലമതേ! തവ്കൊങ്കകുംകുങ്കു-
ട്ടമിതകുതൂഹലമുളവാകുന്നു
മറ്റൊലും മൊഴിയാളേ! 'നിൻമുല
മൊട്ടുകളും രണ്ടും നമ്മുടെ മാറിൽ
പുഷ്ടാനന്ദം ചേർത്തു പുണർന്നി-
ട്ടൊട്ടു ശമിപ്പിച്ചീടുകതാപം
കുഴൽമടുമലർ ശരനുടെ ബാണം
പൊടുന്നനവധികൊണ്ടിട്ടെന്നുടൽ
നഷ്ടംവന്നുവേർക്കും മുമ്പേ
തുഷ്ടിയൊടാശ്ലേഷിച്ചുണർന്നാലും നീ
രതിരമണാസ്ത്രമദനാതിവിവശാൽ
മതിയും കെട്ടുഭജിക്കുന്നെന്നെ
മതിമുഖിയാളേയൊന്നുപുണർന്നാ-
ലതിയായിട്ടൊരുസന്തോഷവുമില്ല
എന്നതുകേട്ടമനോജ്ഞരതോഷിണി
തൽക്ഷണസ്ഥിതമൊട്ടുചൊന്നാളേവം
ഉത്തമനായവനോടെ ഹൃദയേ
ഇത്തരമുള്ളതുതോന്നീടുന്നതു
യുക്തമതല്ലെന്നറികമഹാമുനി
സത്തമനിന്നിതുബോധിച്ചുടനാൽ
കോപിച്ചമുനിവരനിന്ദ്രനെ
ശ്രീപവചസ്സുകളരുളും നിയതം

Digitized By Kerala Sahitya Akademi

പപ്പവുമുണ്ടതിനെത്രയുമോത്താൽ
താപവുമതിനാൽവന്നുവേർക്കും
ഞാറിവില്ലാത്തജനത്തോടീവക
പറഞ്ഞണമറിവുള്ളാളുകളെല്ലാം
പറവാൻമാത്രമൊരറിവുനമുക്കി-
ല്ലുറിയണമല്ലോസകലവുമോത്താൽ
മറിമായങ്ങളെയറിയാത്തള്ളൊരു
മറിമാൻമിഴിയുടെ വചനമിതേവം
സുരശരവിവശനതായീടുന്നൊരു
സുരകുലനാഥൻ കേട്ടൊരുനേരം
പെരുകിനപരവശമാനസനായി-
ട്ടുനരപിസരസിജമുഖിയൊടുചൊന്നാൻ;
ഉരുതരഗുണഭഞ്ജനനിലയേനിന്നുടെ
ഗിരമെയുടുസ്സുഷമെത്രയുമോത്താൽ;
ഒരുഗതിയില്ലിഹനീയല്ലാതെ
പെരുകിനമലർശരതാപമൊഴിപ്പാൻ
എന്നുടെ ജീവനെരക്ഷിച്ചീടുക
സുന്ദരിമാർകുലമകുടമണേ! നീ
ഭദ്രമതിയാമെന്നൊരു മാടപ്രാവിൻ
ചരിതമതിന്നിഹചൊല്ലീടാം ഞാൻ;
ഒരുദിനമൊരുവനതരുവിൻമുകളിൽ
പരിചൊടുതാനം പിടയുംക്രൂടി
മനസിജതാപമൊടാഖഗമിഥുനം
മനമതഴിഞ്ഞുരമിക്കും സമയേ
വന്നൊരുവ്യാധനുമത്തരുമൂലേ
നിന്നാരുശരമെയ്താനതുമൂലം
പക്ഷിണിതന്നുടെ വക്ഷസ്ഥലമതു
ലക്ഷിതമാക്കിത്തീർത്തുശരത്തിനു
പക്ഷവുമറവിലുപിച്ചുവളം
തൽക്ഷണമവനിയിലാശുപതിച്ചു
ചെന്നതെടുത്തക്കാട്ടാളൻതാൻ
പിന്നെയുമവിടെച്ചെന്നുവസിച്ചു;
തന്നുടെ പിടയേ മതിയുടെ മരണ്യു
കൊന്നൊരുതാപം സഹ്യിയാഞ്ഞിട്ടതി-
നുന്നതമാകിനതരുശാഖായാം
ഖിന്നതചൂണ്ടുനിരീക്ഷണനേരം
പരവശനായേകിരാതൻ തന്നെ
പരിചൊടുകണ്ടുപ്പാരാവതവും.

പെരുകിനകൃപയവനുള്ളിലുദിച്ചു
പരിവേമേതും തോന്നീലപ്പോൾ;
പട്ടിണിയിട്ടുകിടന്നീടുന്നൊരു
കാട്ടാളന്നലതിച്ചോരുമാംസം
ചുട്ടുഭുജിപ്പാനഗ്നിയുമുടനേ
പെട്ടെന്നവിടെക്കൊത്തിക്കൊണ്ട-
ന്നിട്ടുകൊടുത്തവനാദരവോടെ
ഇഷ്ടനതായകിരാതനുമുടനെ
ചുട്ടുഭുജിച്ചുകപോതിയെവേഗാ-
ലൊട്ടും തൃപ്തിവരാഞ്ഞിട്ടവനും
ദൃഷ്ടിമിഴിച്ചുഥനോക്കുന്നേരം
ശിഷ്ടനതായൊരുപാരാവതവും
കഷ്ടമിതെന്നുമനസ്സിലുറച്ചു
തന്നുടെദേഹവുമവനുഭുജിപ്പാൻ
ഖിന്നതയെന്നിയെദാനംചെയ്തു,
വഹ്നിയിൽ വീണുമരിച്ചാനുടനേ
ധന്യനതായകപോതപ്പക്ഷി
ചെന്നതെടുത്തു ഭുജിച്ചുരുസമയേ
വന്നിതുതൃപ്തിയുമായവനേറം
ഉന്നതമതിയായുള്ളജനങ്ങൾ
ക്കിന്നതു ചെയ്യുമെന്നില്ലല്ലോ

സുരകുലവരനുടെ ഗിരമഖിലം
പരിചൊടു ശ്രവിച്ചൊരു ചലമിഴിയും
സുരശരവിവശയായവളുമേറ്റം
വിരവൊടു നിരൂപിച്ചു ശശിവദനാ
മരതകമണിമയതനുലതികാ
സരസിജമിഴികളൊടിടകലർന്നു
വരസുമതതികൊണ്ടു ഗ്രഥിതമല്ലേ
പെരുകിന സുഖമൊടുരമിച്ചുവാഴും
ഹരിയുടെ മൂർത്തനുതനുസംഗമം
തരുണിമാർക്കതു പാർത്താലതി ദുർല്ലഭം;
കരമതിലിഹവന്നതതിസുകൃതം
തരുണിമാർ സുഖലീലകവടിഞ്ഞീടുമോ?
കരമതിലകപ്പെട്ട കനകക്കട്ട
പരിചൊടുകളയുന്നതു ചിതമല്ല;
ഇനിനാലൊരുദോഷം വന്നാലുടനേ
വിധിയെന്നോർത്താളഥ ശശിമുഖിയും.

Digitized By Kerala Sahitya Akademi

സുന്ദരനായ സുരേശൻ തന്നൊടു
നന്ദികലർന്നു പറഞ്ഞാളേവം;
വരികമനോഹരരൂപാ നിന്നുടെ
കരളിലുദിച്ചൊരു കാമിതമെല്ലാം
വിരവൊടു സാധിച്ചീടുകവേഗാ-
ലരുതിനിയതിനൊരു താമസമൊട്ടും
മതിമുഖിയാളുടെ വചനമിതേവം
മതിതളിർതെളിവൊട്ടു കേട്ടൊരുനേരം
സുതനുവതായൊരഹല്യയെ വേഗാ-
ലതിവേഗത്തൊട്ടു പ്രാപിച്ചിന്ദ്രൻ;
പലവിധലീലകൾ ചെയ്തുതുടങ്ങി
രതിപതികരമതിൽ ബാണമൊടുങ്ങി;
കുതിരവദനഹൃദയത്തിന്നുടനെ
പനിമതിബിംബവുമങ്ങഥമങ്ങി
സുഖമൊടുകൂടിരമിച്ചു സുരേശൻ
മതിമുഖിമണിയെയാട്ടുകൂടിയശേഷം
രതിയുടെ വിരതിടവിച്ചൊരു സമയേ
രുചിരമനോഹരനായ സുരേശൻ
മനസ്സുതിരവും ചെയ്തുപുണർന്നു
മന്ദേതരമവളോടുരചെയ്തു;
"എന്നാലങ്ങുഗമിക്കുന്നിഹ ഞാൻ
നിന്നാലതിനൊരു വിഷമമതുണ്ടാം
നിന്നുടെ വല്ലഭനിവിടെവരുമ്പോൾ
എന്നെയുമവിടെക്കണ്ടെന്നാകിൽ
ഉന്നതമതിയാമവനുടെ ഹൃദയേ
ഒന്നിനതൊന്നു ധരിക്കും നിയതം
ആയതിനൊന്നിനുമിടകൂടാതെ
ആയതമിഴി! ഞാൻ പോയീടുന്നോൻ;
ഇന്നും രാത്രിയിലിവിടെവരുംഞാൻ
ഒന്നും തുച്ഛിപ്പിച്ചുതുമില്ല
എന്നവളോടുരചെയ്തതിമോദാൽ
ഒന്നുപുണർന്നു നടന്നമഹേന്ദ്രൻ;
സുന്ദരിമാർകുലമെഴലിയുമുടനേ
ചെന്നുകളിച്ചുടനാശ്രമദേശേ
വന്നുവസിച്ചുമുനീന്ദ്രനുവേണ്ടുവ-
തൊന്നൊഴിയാതെയൊരുക്കിയിരുന്നാ
ഇന്നുതുടങ്ങീട്ടമരാധിപനിൽ
സുന്ദരഗാത്രിക്കാശമുഴുത്തു;

എന്നതു തന്നെയുമല്ലമുനീന്ദ്രനിൽ
നിന്നയുമന്നുമുതൽക്കു തുടങ്ങീ;
ഇന്നുംരാത്രിയിലമരാധീശൻ
സുന്ദരിമണിയുടെ സവിധേ ചെന്നു
നന്ദിച്ചതിസുഖമോടു വസിച്ചു
പിന്നെയുമങ്ങിനെ നിത്യമതായി
പലനാളിങ്ങിനെ പുരുഹൂതൻതാ-
നലസാക്ഷീസമനായിരസിച്ചു;
പലകാലംവലയാനൊരുസംഗതി
പലമിഴിയാൾക്കതുകൊണ്ടുവെടിച്ചു
സുരാധിപനിൽകാംക്ഷമുഴുത്തു
കമലവിലോചനയാൾക്കുദിനംപ്രതി
വിമലാത്മാവാം മാമുനിതാനൊരു
കുമതിയതെന്നുമനസ്സിലുറച്ചു.

നേരംവെളുപ്പാറാകും നേരമമരവരൻ
പാരത്തുചെന്നുപരിചോടുകുക്കുടശബ്ദം
പാരംപുറപ്പെടീക്കുംനേരംവഴകീതെന്ന-
ത്തീരംഗമിക്കുംമുനി സാരംഗാക്ഷിയുമപ്പോൾ
പാരാതെചെന്നുസുരവീരനോടൊത്തുപല-
നേരംപോക്കരയ്ക്കയുംമാരമാലോടെപരി
ചോടെരമിച്ചുമുനിവീരൻനിയമംതീർന്നു
പാരത്തുവരുന്നേരം ദൂരത്തുഗമിക്കയും.

കേഴക്കണ്ണീസംഗമമോത്തവ-
രേഴരനാഴികരാവുള്ളപ്പോൾ
കോഴികരഞ്ഞുതുടങ്ങിമഹേന്ദ്രൻ
മോഴകളഞ്ഞുമുനീന്ദ്രനുമപ്പോൾ
പ്രീതനതായെഴുനേറങ്ങുടനേ
പ്രാതസ്നാനത്തിന്നുഗമിക്കും
മാമുനിപോയതറിഞ്ഞാലുടനേ
വാമവിലോചനയാളൊട്ടുക്കൂടി
കാമമഹോത്സവമാടീട്ടധികം
പ്രേമമിയന്നുരമിക്കും നിത്യം
ഇങ്ങിനെപലനാൾ പുരുഹൂതൻതാൻ
മംഗലഗാത്രിയൊടൊത്തുരമിച്ചു
തിങ്ങിനദമാദാൽ വാണൊരുകാലം
പങ്കജാക്ഷൊരു ചെണ്ടപിണഞ്ഞു
രാത്രിയിലൊരുനാൾകുക്കുടശബ്ദം



Digitized By Kerala Sahitya Akademi

പാത്തിരിയാതെ ശ്രവിച്ചുമഹാമുനി
മാത്താണ്ഡോദയസമയമിതെന്നു-
ങ്ങോത്തുനടന്നു കുളിപ്പാൻ വേഗം
ഗംഗാപുളിനേ ചെന്നൊരുനേരം
ഗംഗയുണർന്നതുമില്ലസുമയ
സംഗതിയെന്തെന്നോത്തു മഹാമുനി
പുംഗവനത്രതപോവിഭവത്താൽ
ഒന്നൊഴിയാതെയറിഞ്ഞു ചരിത്രം
നന്നിത്തൊഴിലെന്നോത്തു ഗമിച്ചു
അന്നേരം പുരന്ദരനുമവളോ-
ടൊന്നിച്ചോരോ കഥകൾ പറഞ്ഞു
നന്ദിച്ചവരു രമിക്കുന്നേരം
ചെന്നകരേറി മുനീന്ദ്രനുമവിടെ
സുന്ദരിയോടൊരുമിച്ചു രമിക്കും
സുന്ദരനായ സുരേശൻ തന്നെ
ദുഷ്ടനതായൊരു നേരത്തവനുടെ
ദൃഷ്ടികളൊന്നു കലങ്ങി മറിഞ്ഞു
മാമുനിവരനെക്കണ്ടൊരുനേര-
ത്താമയമോടുസുരാധിപനുടനേ
ഭൂമിനിയാമവളെയുപേക്ഷിച്ചൊരു
താമസമെന്നിയെയോടീരയേന
വന്നൊരുകോപാദ്ദേവാധിപനോ-
ടൊന്നുവിളിച്ചുരുവും ചെയ്തു മുനീന്ദ്രൻ
സുകൃതിയതായ സുരേശാ നിന്നുടെ
വികൃതികളും കണ്ടു രസിച്ചേനിഹ ഞാൻ
യാഗം ചെയ്ത ഫലങ്ങളെയിന്നൊരു
ഭോഗംകൊണ്ടു നിവൃത്തിയതാക്കി
വേഗം പോകുന്നെന്തിനു നിന്നവി-
വേകം കൊണ്ടൊരു കോപവുമില്ല
എന്നെക്കണ്ടതിനാലൊരു സമ്പ-
ത്തിന്നുഭവാനുലഭിച്ചീടേണം
പത്തുശതം സുനാരികളോടു-
ങ്ങോത്തു രമിപ്പാനായി നിനക്കു
പുത്തനതായൊരു ലിംഗസഹസ്രം
ഉത്തമനാകിയ നിന്റെ ശരീരേ
ഒത്തുമുളയ്ക്കുണമെന്റെ തപസ്സൊരു
സത്യമതെന്നാലെന്നുടെ ശാപാൽ
എന്നു ശപിച്ചു പുരന്ദരനെപ്പുന-
രൊന്നു പറഞ്ഞിതഹല്യയൊടപ്പോൾ

"കഷ്ടം മാനിനിമൗലേ! നിന്നുടെ
ചേഷ്ടിതമെത്ര ജുഗുപ്സിതമോർത്താൽ
ദുഷ്ടനതായൊരു വരനില്ലാഞ്ഞി-
ട്ടൊട്ടു കൊതിച്ചുഥ മരുവും സമയേ
കിട്ടിയവരനൊടു ക്രൂടിപ്പരിചിനെ-
ടിഷ്ടസുഖങ്ങൾ ഭജിച്ചാലും നീ!
കുവലയനയനേ! നിന്റെ മനസ്സിൽ
കപടമതിങ്ങനെ തോന്നുകമൂലം
കപികളുമംഗനമാരും സമമെ-
ന്നുപമിക്കുന്നതു സൂക്ഷ്മതോർത്താൽ
കുടിലവധൂജനമകുടമണേനുൻ
കുടിലതകാരണമിന്നു മുതൽക്കു
കഠിനമതായൊരു ശിലയായ്പ്പോക
കഠിനമതിങ്ങിനെ കാട്ടുകമൂലം
താപസവരനതി കോപമിയന്നു
പാവകനെന്നതു പോലെ ജ്വലിച്ചു
ശാപമതിങ്ങനെ ക്രുദ്ധിയനേരം
താപമിയന്നു വിറച്ചിതഹല്യ
എന്നൊരു മോചനമതിനെന്നോത്തതി-
ഖിന്നതപൂണ്ടു വിലാപിച്ചുവളും
തന്നുടെ പതിയുടെ ചരണസരോജേ
ഖിന്നതപൂണ്ടു കരഞ്ഞുവസിച്ചു.

കരുണാജലരാശിയാം മാമുനീന്ദ്ര വിഭോ!
കരുണമയിതോന്നുവാനാശുനമിക്കുന്നേൻ
ശരണമിഹത്വൽകൃപയെന്നിയേ മററില്ല
ശരണമിഹശാപമോക്ഷം വേഗനിന്നു മേ
കരളിൽ മരുവുന്നു മേ താപമിന്നേററവും
കരള പറവല്ല ഞാൻ മാമുനിവരനേ!
തരുണിമണിയിങ്ങനെ കേണുതൻ നാഥനെ
പരിചിനൊടു വീണു കൈക്കുപ്പിനമിക്കയാൽ
പ്രീതനതായി മഹാമുനിതാനും
കാതരമിഴിയോടരുൾ ചെയ്തേവം
ഇതിനൊരു മോക്ഷം തരുവെൻ ഞാനിഹ
മതിമുഖിയാളേ കേട്ടാലും നീ
പാരാവാരസുതാരമണൻ ഭൂ-
ഭാരമശേഷം തീർപ്പതിനായി
ഉത്തരകോസലരാജ്യേ ദശരഥ-
പുത്രശിരോമണിയായുളവാകും

Digitized By Kerala Sahitya Akademi

ഞക്കാലത്തഖിലേശൻ തന്നുടെ
തൃക്കാൽകൊണ്ടു ചവിട്ടും നിന്നെ
നീക്കാമതിനുടെ രോഷവുമപ്പോൾ
രോഷ്ടായീടുകയില്ലെൻ വചനം.
ഇക്കാലത്തിതു തീരുകയില്ല
യിക്കാരം നീ കാട്ടുകമൂലം
മൈക്കണ്ണാളേ! യെന്തിനു നിന്നുടെ
ളിംകാമ്പിൽ പാിതാപം പഴുതേ?
എന്നൊരു മോക്ഷവുമരുളിനടന്നു
ധന്യനതായ മഹാമുനിതാനും
കന്നൽമിഴിയാളായൊരഹല്യയു-
മന്നേയൊരു ശിലയായിത്തീൻ
പിന്നീടസ്സുരനാഥൻ തന്നുടെ
ഖിന്നതടാരുണമോത്തതിഖേദാൽ.

ങ്ങിച്ചുദേവനു ശാപം ചൊച്ചുതാപവുമങ്ങു
വഹിച്ചു സങ്കടമേറെ നിറച്ചു മേനിയിലൊക്കെ
നിറച്ചു ലിംഗവും വന്നു മുളച്ചു താൻ തന്നെ നോക്കി
രസിച്ചു വേഗത്തിലങ്ങു ഗമിച്ചു സ്വർഗ്ഗത്തിൽ-പോയി
വിരിച്ചു കട്ടിലേൽ കേറി ശയിച്ചുമുണ്ടുകൾ-കൊണ്ടു
പുതച്ചു ശീലകൾകൊണ്ടു മറച്ചു വാതലുമൊ-
രടച്ചുനിദ്രയുംമന്ദമിളച്ചുതന്നത്താനോർത്തു ക്കൊ
രസിച്ചു വസിച്ചു.

ഗീർവ്വാണേശനെ വന്ദിപ്പാനാ-
യുർവ്വശിചെന്ന വെളുപ്പാന്നേരം
വാതൽ തുറന്ന കടന്നൊരു സമയേ
ശാതോദരിയൊടു ചൊന്നാനേവം:
ങ്ങമരനിതംബിനിമാരേയിപ്പോൾ
സമയമതില്ലിഹ കാണ്മാനൊട്ടും
പനിമതിവദനേ! ഇന്നു നമുക്കൊരു
പനിയുടെ ദീനമിതെന്നോവേണ്ടു
ആയതുകൊണ്ടു കിടക്കുന്നേൻ ഞാൻ
മായമതല്ല പറഞ്ഞീടുന്നു
പോയാലും സുഖമില്ലനമുക്കിഹ
ന്യായമറിഞ്ഞവളല്ലോ നീയും
അല്പം ഭേദം വന്നാലുടനേ
ഉൽപലനയനേ! ആളെയയയ്ക്കാം

കെല്പൊട്ടു നിന്നുടെ വേനോ ചെന്നി-
ട്ടല്പേതരസുഖമോടു വസിക്ക
എന്നതുകേട്ടരചെയ്ത സുരോഷിണി
നന്നുവാനുടെ വാക്കുകളെല്ലാം
മുന്നമൊരിക്കലുമുരചെയ്യാത്തതു
മിന്നുരചെയ്യാനെന്നൊരു മൂലം?
നന്നായ് ബോധിച്ചില്ല നമുക്കതു
വന്നീടും ഞാനരികിലിദാനീം
ഇത്തരമുരചെയ്തായവർ ചെന്ന-
സ്സുത്തമനുപുതച്ചുപുതപ്പതു
സത്വരമങ്ങുവലിച്ചു കളഞ്ഞു
ചിത്തരസത്തൊട്ടു നോക്കുന്നേരം
അതിനവമായൊരുലിംഗസഹസ്രം
സുഗേതയാമവർ കണ്ടൊരുനേരം
അതികുതുകം പുനരുണ്ടായ് വന്നു
മതിമുഖിയാളുടെ മനതാരിങ്കൽ.

നിർജ്ജരനാഥ സുമതേ അതി-
ലജ്ജയാകുന്നിതു കണ്ടാൽ
സജ്ജനങ്ങൾക്കുമുണ്ടാവാനെന്തഹോ.
മുജ്ജന്മവാസനകൊണ്ടോ കഥിച്ചാലും (നി)
എന്തൊരബദ്ധത്തിൽ ചാടി എന്നു-
മെന്തൊരു കാരണമെന്നും
എന്തിനിനല്ലൊരുപായം എന്നുള്ളതും
ചിന്തിച്ചരുളുക ഹന്ത ഞാനിഹ (നി)

ഇങ്ങിനെയുള്ളവനെ ഞാൻ മുമ്പിൽ
എങ്ങുമേകണ്ടിട്ടുമില്ല
തൽക്കാലശാന്തി വരുത്താനിനി
ഞങ്ങൾക്കുംക്കാമ്പിലോത്താൽ
കഴിയുമറിഞ്ഞാലും (നി)

എങ്കിലുമുണ്ടു വിഷമം കിഞ്ചിൽ
മങ്കമാരായിരം വേണം
ശങ്കകൂടാതെയതിനുമുതിർന്നാലും
പങ്കജനാഭസഹോദരവീര! (നി)
പത്തുശതം വല്ലഭമാരും വ-
ന്നൊത്തു വിനോദിക്കുന്നേരം
ചിത്തത്തിലോറവും നാണമുണ്ടായ് വരും
മത്തേഭഗാമിനിമാർക്കുമസംശയം (നി)

Digitized By Kerala Sahitya Akademi

ഞാനിതപോകുന്നെന്നും ചൊല്ലി
മാനിനിതാൻ നടകൊണ്ടൊരു സമയേ
ഒന്നു വിളിച്ചു പറഞ്ഞു മഹേശൻ
വന്നാലും നീ ഉർവ്വശിബാലേ!
നിന്നോടിതിനുടെ മൂലമശേഷം
ഒന്നൊഴിയാതെ പറഞ്ഞറിയിക്കാം;
നാരീമണിയായുള്ളൊരഹല്യയെ
ആരോമൽക്കണ്ടിന്നലെ ഞാനും
മാരശരാർത്തിയൊടവളൊടുക്രൂടി
സൈരമതായി രമിക്കും സമയേ
പാരാതവളുടെ കണവൻ കണ്ടഥ
പാരംകോപിച്ചുഗ്ര ശപിച്ചു
സാരംഗാക്ഷി! നീയിനിയിക്കഥ
യാരോടും പറയരുതേ ബാലേ!
ഒരുവനറിഞ്ഞാലപ്പോൾതന്നെ
പരിചിനൊടറിയും മറ്റുള്ളവരും
പരിഹാസങ്ങളുമാരംഭിക്കും
വിരുതന്മാർ ചിലരുനോരത്തു
നാണംകെട്ടവസിക്കുന്നതിലും
പ്രാണൻകളകയതേറ്റംനല്ലു,
ഏണാങ്കാനനയാളേ ഞാനൊരു
കോണിലൊളിച്ചു വസിക്കുന്നായി
നിന്നോടാരാൻ ചോദിച്ചെങ്കിൽ
എന്നെക്കണ്ടില്ലെന്നരചെയ്ക
സുന്ദരഗാത്രീ! നീയിനിവേഗാൽ
നിന്നുടെ ഭവനം ചെന്നു വസിക്ക
എന്നതു കേട്ടവൾ പുഞ്ചിരിയോടെ
മന്ദമിറങ്ങി നടന്നുതുടങ്ങി;
ചെന്നവളക്കഥ തന്നുടെ ഭവനേ
വന്നിച്ചുൻപൊട്ടു വാണിടുന്നാൾ
മേനക ഉർവ്വശി തന്നുടെ ഭവനേ
ആനന്ദേനഗമിച്ചൊരുനേരം
ആയവൾ മേനകതന്നൊടു സരസം
മായമൊഴിഞ്ഞു പറഞ്ഞു തുടങ്ങി:-
വൃന്ദാരകനാഥൻ തന്നുടെ വാർത്തകളൊക്കെ-
യറിഞ്ഞേൻ
പെണ്ണായിരമൊരുമിച്ചുരികിൽ ചെയ്യണമെ-
ന്നരുൾചെയ്ക

തായതിനൊരു കാരണമുണ്ടതു കേൾക്ക മനോ-
ഹരശീലേ
ആയതമിഴിയായൊരഹല്യയിലാശുമുഴുത്തതു-
മൂലം
പോയവനവർസവിധേ ചെന്നു രമിച്ചുരതിരു-
വരുമയി
ആയതുകണ്ടവളുടെ കണവനുമൊന്നുകയർത്തു-
ശപിച്ചു
തുംഗമതായുള്ളൊരുലിംഗമൊരായിരമിപ്പോൾ
വിശേഷാ-
ലതുന്നതമായോരേണിക്കുമ്പുകൾപോലെ-
വെച്ചു
ആയതുകേട്ടുഗ്രപറഞ്ഞു മേനകയതിനുടെ
ശേഷം
ആയതുവരണം ദോഷനുമതു നന്നിഹനമ്മെയ
ശേഷം
നിന്മുഴുത്തതിനാൽ വന്നതുമിന്നുനമുക്കതി-
തോഷം
പോയവനുടെ സവിധേ ചെന്നതിനവമായു-
ള്ളൊരുവേഷം
കണ്ടീടണമെന്നുപറഞ്ഞവളൊന്നു ചിരിച്ചു
നഭന്നു.

അരയന്നപ്പിടതന്നോടിടയും
തരുണീമണിയുടെ നടയുംപിന്നെ
കരിവരയുമ്പിക്കരമതിനഖിലം
പരിവേമളവാക്കീടിനതുടയും
അടിമുടിയിടയിലെ അഴകുകളെല്ലാം
വടിവൊടുപറവതിനിന്നുനമുക്കൊരു
പടുതയതില്ലൊരു പുരുഷൻകണ്ടാൽ
ഉടനേകാമരനുള്ളുപിടിക്കും;
അത്രമനോഹരയാകിയപങ്കജ-
പത്രവിലോചനമേനകതാനും
സുസ്മേരവുപുത്തുകിടക്കും
ചിത്രമതായൊരു ഭവനംപുക്കു
കുതുകത്തുറന്നൊരുസമയേവാസവ-
നതിപുരുഷംപൂണ്ടിത്ഥംചൊന്നാൻ:
ആരുവരുന്നിതുചൊല്ലുകവേഗാൽ
നേരമനേകമിനുസമയമിതല്ല;
ദൂരെപ്പോകണമല്ലെന്നാൽചില
സൈരക്കേടുവരിക്കുമിദാനീം;

Digitized By Kerala Sahitya Akademi

കാൺമാൻനമ്മുടെയരികത്തിങ്കൽ
മാനിനിമാരുവരുണ്ടായിപ്പോഴം
മാനക്കേടുവേറിക്കേണ്ടായ്കിൽ
മാനിനിമാരേ പൊയ്ക്കൊണ്ടാലും
ഹരിയുടെവാക്കുകൾ കേട്ടവളുടനേ
പരിഹാസത്തൊടുമവനൊടുചൊന്നാൾ
ഇത്രകലമ്പുന്നെന്തിനുപാഴിൽ
തത്രവരുന്നതുമില്ലിഹയിപ്പോൾ
വൃത്രനിഷൂദന! നിന്തിരുവടിയുടെ
വൃത്തമശേഷമറിഞ്ഞെനിവ്രഞാൻ;
അമ്മുനിശാപംക്രുടിയതിന്നു
നാമെന്തോന്നുപിഴച്ചുവോങ്കൽ
അങ്ങാടീന്നൊരു തോലിപിണഞ്ഞാൽ-
തങ്ങടെഅമ്മയെയാടെന്നുണ്ടല്ലോ
ലക്ഷണമുള്ളൊരുനാരികളിന്നു
ലക്ഷമതല്ല വാനുടെനാട്ടിൽ
ദക്ഷനതായവാനതിലൊന്നും
ലക്ഷ്യമതായില്ലായതുപോട്ടെ
സുരവര! നിന്നുടെഭാഗ്യയതാകും
പരഭൃതമൊഴിയാമിന്ദ്രാണിയെയും
പരിചിനൊടാശ്രമറന്നതിമോദാൽ
ധരണിയിലൊക്കെനടന്നുതിരഞ്ഞു
പെരുകിനനിയമമഹാനിധിയായൊരു
പരമുനിപത്നിയിലാശമുഴുത്തു;
പലനാളതിനായുദ്യോഗിച്ചു
ഫലമിഴിയാളൊടുക്രൂടിരമിച്ചു
സതിയാമവളുടെ ഹൃദയേയിത്തൊഴിൽ
ചിതമല്ലെന്നതുതോന്നീലപ്പോഴം
പതിവ്രതമാരുടെധർമ്മമൊഴിച്ചാ-
ലതിനൊരുപാപം വരുവാനുള്ളതു
വലുതായിന്നവോനുടെദേഹേ
നലമൊടുവന്നമുളച്ചെന്നറിക;
മർക്കടജാതിയിലൊരുവനുപണ്ടൊരു
ദുർഘടമിങ്ങിനെവന്നതുകേൾക്ക
പെരിയൊരുവൃക്ഷമറുപ്പതിനുള്ളിൽ
പരിചിനൊടാപ്പുമടിച്ചുകരേറി.
ഈവ്വാളുമുടന്തരിക്കേണ്ടേ-
ത്തവ്വനങ്ങുനടകൊണ്ടൊരുസമയേ
മൊച്ചവനുവിരവോടത്തടിമേൽ
ഇച്ഛയോടുകരയേറിയിരുന്നു.
അണ്ഡംരണ്ടും തടിയുടെമുടയിൽ
പൊണ്ണക്കപിയവനിട്ടുംകൊണ്ടു
ചാപ്പുപിടിങ്ങിയൊറിഞ്ഞൊരുസമയേ
കെല്പൊടുവന്നിടചന്നിതുതടിയും
എണ്ണയരിക്കുംപോലേയവനുടെ
അണ്ഡംപെട്ടമരത്തിനുള്ളിൽ
ദണ്ഡപ്പെട്ടവിലാപിച്ചവനും
ദണ്ഡധരന്നുടെവനംപുക്കാൻ;
എന്നതുപോലേയിന്നവാനും
വന്നവിചാരനത്ഥമതോർത്താൽ
തന്നുടെദോഷംകാരണമിന്നതു-
ധന്യമതേ! മനതാരിലുറയ്ക്ക
ന്യനംകണ്ടജനങ്ങൾക്കെല്ലാം-
മാനകേടിപ്പോനൊരുവകയായി
സ്ഥാനത്തുള്ളജനങ്ങൾക്കെല്ലാം
മാനക്കേടുവിചാർവിഷമം;
മുറകൊനിൻറഹിതത്തെച്ചെയ്യാൻ
നോറുംകൊണ്ടുവസിക്കും ഞങ്ങടെ
ഏറ്റംനിന്ദമുഴുത്തതിനായൊരു..
നേറ്റിക്കാക്കുവരാത്തതുവന്നു.
ഇങ്ങിനെപരിഹാസോക്തികൾചൊല്ലി
അംഗനാമണിയവൾ പോയൊരുശേഷം;
തിങ്ങിനശോകാൽവാണപുരന്ദര-
നെങ്ങുംപ്രതിവിധികാണാഞ്ഞതിനാൽ;
ദണ്ഡംകാൺമാനായിപ്പലപല-
പെണ്ണുങ്ങളുമഥയാത്രതുടങ്ങി;
വിണ്ണവർനാഥനുകാഴ്ചകളവരൊരു-
വണ്ണംപലവകസമ്പാദിച്ചു
വെറ്റിലചൂകയിലജാതിക്കായും
മറ്റുംപലവക കാഴ്ചദ്രവ്യം
തെറ്റെന്നീവകകൈയിലെടുത്തഥ
കറ്റക്കുഴൽമണിമാരുനടന്നു!
സുരപതിതാനേവാണരുളീടും
പെരിയൊരുമണിയറതന്നിൽചെന്നു
സരസിജമുഖിമാർ പുരവാതുക്കൽ
പരിഭ്രമത്തോടെചെന്നുകടന്നൊരുസമയേ

Digitized By Kerala Sahitya Akademi

അംഗമശേഷം തിങ്ങിമുളച്ചുതി
ളംഗികളന്നാരുലിംഗസമസ്തം
അംഗനമാരവർകണ്ടൊരുനേരം
തിങ്ങിനലജ്ജകലൻവസിച്ചു
മുക്കേൽവിരലുംവച്ചുപതുക്കെ
ചിക്കെന്നങ്ങുപുറത്തുകടന്നു
കളമൊഴിമാരവർ പലരുംക്കൂടി
കളിവചനങ്ങൾപറഞ്ഞുതുടങ്ങി.

ഗീർവ്വാണനാരിമാർ കേട്ടുകൊൾവിൻ
ഗീർവ്വാണരാജന്റെ വൃത്തമെല്ലാം
സമ്മറിഞ്ഞുഞാനുശീതാൽകയാൽ
ഗർഭമതിന്നുനിദാനമല്ലോ
വൃന്ദാരകാധിപൻമോദമോടെ
മന്ദാരപുഷ്പമലംകരിച്ചു
സുന്ദരരൂപം ധരിച്ചുവനേകരാ
മന്നിടംതന്നിൽ ഗമിക്കുംനേരം
മാമുനിയാകുന്നഗൌതമന്റെ
രാമനിയാകുമഹല്യതന്നെ
യാമിനിയിൽ തത്രകണ്ടുമിച്ചുവൻ
കാമിനിതന്നുടെ മുമ്പിൽചെന്നു
വണ്ടാർകഴലിയെപ്പാട്ടിലാക്കി
രണ്ടാർശരലീലയാടിമോദാൽ
ഇണ്ടലതിനാലകപ്പെട്ടുവെന്നറി
രണ്ടുനാളായ് ശ്രുവിച്ചിടുന്നുഞാൻ
മംഗലഗാത്രിയഹല്യയോടും
സംഗമംചെയ്യാനുടനേതന്നെ
ഇങ്ങിനെവന്നുചേർന്നുവതിനെന്തൊരു
സംഗതിയെന്നുപറകമ്പോലേ
ഇങ്ങിനെപണ്ടുഞാൻകേട്ടിട്ടില്ല
എങ്ങുമൊരുരേടത്തും നിർണ്ണയംതാൻ
അംഗനമാരൊടുക്കുടിവിനോദിച്ചാൽ
ലിംഗംവെളുരെവിക്കുംപോലും
അല്പമൊരുഭേദമുണ്ടതിനു
ൽപ്പലനേത്രയെപുല്കുന്നേരം
തൽപ്പതിയായമുനിവരൻകണ്ടുടൻ
കൊല്പോടനുഗ്രഹിച്ചെന്നുകേട്ടു.

ഇങ്ങിനെപലപല പരിഹാസം പുന-
രംഗനമാർകളുമങ്ങുതുടങ്ങി

ആങ്ങതുകേട്ടുസുരന്മാരുംസുര
പുംഗവനെവന്ദിപ്പാനായി
തക്കത്തിൽചെന്നളവോമനിയി-
ലൊക്കെക്കാണായെന്നേവേണ്ടു
ആലുംമുകളിലണഞ്ഞുകിടക്കും
വാവലതെന്നയുപോലെനിരക്കെ
ശക്രൻതന്നുടെദേഹത്തിങ്കൽ
ഒക്കെനിറഞ്ഞഥകാണാകുന്നു;
ആയതുകണ്ടൊരുവിബുധന്മാരവർ
വായുംപൊത്തിക്കൊണ്ടുചിരിച്ചു
പോയവരോരോകോണിൽചെന്നി-
ക്കായ്യംകൊണ്ടുപറഞ്ഞുതുടങ്ങി;
നമ്മുടെസ്വാമിക്കിങ്ങിനെവരുവാൻ
സംഗതിയെന്തിതുവിബുധന്മാരേ!
ഇന്നലെയോളം ഇങ്ങിനെയില്ല
ഇന്നിതുവരുവാനെന്തൊരുമൂലം
ഇന്നുവെളുപ്പിൻ ഞാനെഴുനേറ്റു
ഇന്ദ്രനെവന്ദിപ്പാൻചെന്നപ്പോൾ
എന്തെന്നതുമറിഞ്ഞീലവനുടെ
ചന്തമിയന്നശരീരത്തിന്മേൽ
അവയവമൊന്നും കാൺമാനില്ല
അപജയമായ്തന്നല്ലോകഷ്ടം
കണ്ണും കാലും കൈയും ചുണ്ടും
കണ്ണും ദന്തം തുടിയുമെല്ലാം
സൂക്ഷിച്ചുങ്ങിനെനോക്കിക്കണ്ടാ-
ലാസകലം കോശാകൃതിയത്രേ
തുക്കോശാകൃതികണ്ടതുതന്നെ
ചിക്കെന്നിങ്ങുവണങ്ങിപ്പോന്നു
ശക്രൻവണ്ണം വരുവാനെന്തൊ-
രതിക്രമമേതാൻ ചെയ്തിട്ടുണ്ടോ
വിക്രമമെന്നുനിനച്ചെന്നല്ലോ
വിക്രമനസ്സൊടുവാണീടുന്നു;
നാരായണപദഭക്തനതാകിയ
നാരദമാമുനിയിക്കഥയെല്ലാം
പാരംകൌതുകമോടഥകേട്ട
പാരിടമൊക്കെനടത്തിചരിത്രം
കേട്ടവർകേട്ടവരൊക്കെക്കൂടി
കൂട്ടംകൂടിയസിച്ചുതുടങ്ങി

Digitized By Kerala Sahitya Akademi

ഇട്ടിച്ചേട്ടം ദേവാധിപനൊരു
വിഡ്ഢിത്തംവന്നതുനീകേട്ടോ
കേട്ടില്ലെന്നാൽ അങ്ങിനെയെന്തൊരു
കേൾട്ടംവന്നുവിച്ചതിദാനീം?
പാട്ടനതായൊരവന്റെചരിതം
കേട്ടാൽചിരിയാമെന്നോവേണ്ടു?
കറക്കുഴൽമണിയായൊരഹല്യയി-
ലേറെമൊരീരുചിയുണ്ടായതിനാൽ
മുറിക്കുടിനടന്നൊരുകായ്ം
പറിയവന്നുപലകുറിയവളേ
കഷ്ടംമാമുനിവരനുടെവദനം
മുട്ടാതവനം കരിതേപ്പിക്കും
മട്ടോൽ മൊഴിയെക്കട്ട രമിപ്പാൻ
പെട്ടെന്നവനുലകിങ്കൽ നടക്കും
കിട്ടിയ സമയമതിന്നായവനും
മട്ടലർ ബാണവിനോദം ചെയ്വോൻ
ഇങ്ങിനെ പലനാൾ ചെന്നൊരുശേഷം
മംഗലശീലനതായമുനീന്ദ്രൻ
ഇങ്ങിനെയുള്ളൊരു തൊഴിലുഗ്രഹിച്ചി-
ട്ടങ്ങോർ നല്ലൊരനുഗ്രഹമരുളീ
ആംഗത്തെല്ലൊരു പത്തുസഹസ്രം
ലിംഗംവന്നു മുളച്ചിതുപോലും
എങ്ങാനും പുനരിങ്ങനെയൊരുകഥ
ചങ്ങാതിക്കുള്ളേ കേട്ടിട്ടുണ്ടോ
ഇങ്ങിനെയുള്ളോരവതാളന്മാ-
രെങ്ങിനെവെളിവിൽ നടന്നീടുന്നു
കാട്ടരുതാത്തതു കാട്ടിനടന്നാൽ
കൂട്ടം പരിഹാസം പലരപ്പോഴും
വാട്ടമതിന്നില്ലെന്നതു വന്നാൽ
കോട്ടം വന്നു മേവിക്കും നൂനം
ഇന്ദ്രൻ താനെന്നാകിലുമിന്നീ
ദുർന്യമിങ്ങിനെ കാട്ടീടാമോ?
മന്ദിരമതിലൊരു കോണിലിരുന്നാൽ
വന്ദ്യനതെന്നു നടിച്ചു വസിക്കാം
ശങ്കര! ശിവു ശിവ! യിങ്ങിനെ പണ്ടൊരു
പെൺകൊതിയമ്മാർ തിന്നിട്ടില്ലാ;
എങ്കിലുമിന്നതു ചേരും പണ്ടൊരു
വൻകപടത്തൊഴിൽ കാട്ടിയതോർത്താൽ

സുഭ്രൻ തന്നുടെ തേരുതെളിപ്പാൻ
സാരഥിയായൊരരുണൻമുന്നം
പാരാതവനുടെ മുമ്പിൽ ചെന്നൊരു
വാരിജലോചനയെന്നതുപോലെ
സ്ത്രീയുടെ വേഷം കണ്ടപ്പോളാ-
സ്ത്രീണൻ കാമങ്കൊണ്ടു പിടിച്ചു
ദാരിയതെന്നതു തന്നെ നിനച്ചു-
ക്കായ്പ്പാട്ടു കഴിച്ചിതുപോലും
പുരുഷന്മാരൊട്ടു ക്രൂടിരമിക്കും
പുരുഷനെയെങ്ങാൻ കേട്ടിട്ടുണ്ടോ
വഷളന്മാരുടെ തൊഴിലുകളം ചെയ്താൽ
വഷളായിട്ടു മേവിക്കേയുള്ളൂ.
ഇങ്ങിനെ പലവകമനുജന്മാരുടെ
തിങ്ങിനപരിഹാസങ്ങളം മേവിച്ചു
മങ്ങിനമുഖമൊട്ടു വാണാപുരന്ദര-
നെങ്ങും പ്രതിവിധി കാണാത്തതിനാൽ
ആക്കാലത്തു ബൃഹസ്പതിയാകിയ
ചൊൽക്കൊണ്ടീടും ദേവാചാര്യൻ
ഇക്കഥയഖിലം കേട്ടൊരു നേര
ത്തുൾക്കമലത്തിൽ വളർന്നു വിഷാദം
വൈക്കം ചെന്നു സുധർമ്മയതാം സ-
ഭക്കുസുരന്മാരോടൊരുമിച്ചു
വല്ലാതിങ്ങിനെ നമ്മുടെ സ്വാമി-
ക്കല്ലൽ പിണഞ്ഞതു തീർപ്പാൻ ചൊല്ലിൻ!
നല്ലൊരു മാർഗ്ഗം ചിന്തിച്ചീടെണ-
മെല്ലാവരുമിനി ദേവന്മാരേ!
ധർമ്മവിരോധമതായിട്ടുള്ളൊരു-
കർമ്മമനുഷ്ഠിച്ചീടുകമൂലം
ദുർമ്മതിയാമിവനോർത്താലിതിനൊരു
ശർമ്മം വന്നു മേവിപ്പാൻ വിഷമം
എങ്കിലുമതിനൊരുപായമിദാനീ
മെങ്കിലുദിച്ചതു ഞാനുരചെയ്യാം
ശങ്കവെടിഞ്ഞിനിനമ്മളശേഷം
ശങ്കരകേതനതാകും മുനിപദ-
പങ്കജമതിൽ വീണാശു നമിപ്പാൻ
തൻകൃപകൊണ്ടു നമുക്കിനിമേലിൽ
സങ്കടമൊഴിവാൻ കഴിവുണ്ടാകും
എങ്കിൽനമുക്കു ഗമിക്കല്ലല്ലീ!

Digitized By Kerala Sahitya Akademi

ശങ്കമനസ്സിൽ തോന്നീടേണ്ട
ഇങ്ങിനെ ഗുരുഗിരമേവം കേട്ടവ-
രൊക്കെ നടന്നു മുനീന്ദ്രസമീപേ
മംഗലശീലന്മാരവർ മുനികുല-
പുംഗവനാകിയ ഗൌതമമുനിയുടെ
പാദസരോരുഹം വന്ദിച്ചുടനവ-
രാദരവോടു നമസ്കൃതിചെയ്തു
ഇരുപതുമഞ്ചുമൊരെട്ടും കോടി
പെരുകിനശോകേലന്കിരീടം
വിരവൊടു തന്നുടെ പാദസരോജേ
ഒരുമിച്ചങ്ങിനെ കണ്ടദശായാം
പരമദയാലുവതായ മുനീശ്വര-
നരുതരമവരോടരുളിച്ചെയ്തു
സുരവരരഖിലരുമെന്നുടെ സവിധേ
പരിചൊടു വരുവാനെന്തൊരു മൂലം
പെരുതായിട്ടൊരു കാരണമുണ്ടതു-
മുരചെയ്യാമതിനില്ലവിപാദം
കരണീയം പുനരെന്നാലെന്തോ-
ന്നരചെയ്താൽ കഴിയുന്നതുചെയ്യും
എന്നതുകേട്ട സുരന്മാരെല്ലാം
വന്ദനചെയ്തു പറഞ്ഞാരേവം
നിജ്ജരരാജൻ തന്നെക്കണ്ടതി-
ലജ്ജിതരായിഹ വന്നു ഞങ്ങൾ
സജ്ജനമാനിതനായഭവാനാൽ
വജ്ജിതനായവനവനുടെ ദോഷാൽ
ഊജ്ജിതഭുജബലനാമവനപ്പോ-
ളുജ്ജിതമായിതുലിംഗസഹസ്രം
ധൃത്തുകളൊക്കെ വെടിഞ്ഞരനിമിഷാ-
ലാർത്തിവളർന്ന തളർന്ന ശരീരം
ചടുലവിലോചനയുഗളാംശുചിയുടെ
നടുവുമുറിഞ്ഞു കിടപ്പുനമ്മെളോരു
ഇടയാമെന്നതു തന്നെ നിനച്ചു
വിടകൊരണ്ടനിഹ കരുണാസിന്ധോ!
ജ്ഞാനിയതായ ഭവാനുടെയുള്ളിൽ
ജ്ഞാനമുദിച്ചതു കുറവുമല്ല;
ജലമതിൽ നില്ക്കും കമലദലത്തിനു-
വലിയൊരു ബന്ധുവതല്ലോ പറഞ്ഞാൽ
ജലപതിതാനും സൂര്യനുമെന്നതു-
പലപലശാസ്ത്രം ഘോഷിക്കുന്നു;
സ്ഥാനഭംശം വന്നു ഭവിച്ചാൽ-
ന്നുനമിളക്കിക്കളയും സൂര്യൻ
വരുണൻ താനതു പ്ലോഷിപ്പിക്കും
കരുണയവക്കുതരിമ്പില്ലിപ്പോൾ
ഗോപുകരം വളരെ ഘോഷിച്ചാലതു
സേവയ്ക്കുന്ന നടിക്കും ചിലരു
ദ്ഭവിയതെങ്കിൽ വിഷാദിക്കേണ്ടാ.
ഏവനുമായതൊഴിപ്പാൻ മേലാ
അടിമലരിങ്കൽ നമിച്ചു കിടക്കും
അടിയങ്ങൾക്കൊരു വരമരുളേണം!
കുടിലതപെരുകിന ഞങ്ങടെ സ്വാമി-
ക്കുടലിൽ മുളച്ചൊരു ലിംഗസഹസ്രം
വടിവൊടു പോവതിനായിക്കൃപയാൽ
ഉടനൊരു കല്പനയുണ്ടാകേണം
സുരവരരഖിലവുമഴകൊടുചൊല്ലിയ
ഗിരമതു സകലം കേട്ടൊരു നേരം
പരമദയാലുവതായ മുനീശ്വര
നൊരുഗിരമവരോടരുൾ ചെയ്തവം
എന്നുടെ ശാപം നിഷ്ഫലമെന്നതു
വന്നുഭവിക്കയുമില്ലെന്നറിക
ലിംഗസഹസ്രം മറൊന്നാക്കാം
നിങ്ങളിലുള്ളൊരു വാത്സല്യത്താൽ
അംഗങ്ങളിലൊന്നാക്കണമവനിനി
എങ്ങും കാട്ടരുതിത്തൊഴിൽ മേലിൽ
വിണ്ണവരഖിലരുമരുൾ ചെയ്കപ്പോൾ
കണ്ണുകളാക്കണമെങ്കിലതെല്ലാം
അങ്ങിനെയെങ്കിലതങ്ങിനെതന്നെ
നിങ്ങടെ അഭിരുചിപോലെ ഭവിക്കും
മംഗലനിലയനതായ മുനീന്ദ്രൻ
ഇങ്ങിനെ മോക്ഷവുമരുളിയശേഷം
തിങ്ങിനമോദമൊടാശു സുരന്മാ-
രങ്ങുസുരോത്തമസവിധേചെന്നു
ലിംഗസഹസ്രം പോയിട്ടവനുടെ
അംഗം തന്നിൽ നിറഞ്ഞിതു നയനം
തുംഗമനസ്സോടു വാണിതുസുരകുല
പുംഗവനഖിലസുരന്മാരോടും
ദേവാധിപനുടെ ശാപാനുഗ്രഹ-
മേവമിതെന്നു ധരിക്കകുമാരാ!

Digitized By Kerala Sahitya Akademi

നിന്തിരുമലരടിവെച്ചുനിയിവളുടെ
സന്താപത്തെ യൊഴിച്ചീടേണം
മാമുനിവരനുടെ വാക്കുകളിങ്ങിനെ
മാനവവീരൻ കേട്ടദശായാം
താനങ്ങിനെ മന്ദം ചോയ് ചെന്നഥ
സാനന്ദം നിജപാദസരോജം
ഉഗ്രതപസ്സോടിരിക്കും ശിലമേ-
ലഗ്രേവച്ചുരുളീടിനനേരം
മാനവവരനാം രഘുവരമഗ്ര
മാനി നിയാമകഥകാണായ് വന്ന
ശ്യാമളഘനരുചിതടവിനതലമുടി
കോമളമാകിനനെറിത്തടവും
ആഞ്ചിതമാകിനകമലദളത്തി
നഞ്ചൽ വളത്തും നയനപ്രഭയും
സഞ്ചിതശോഭകലന്നൊരുതിലകസു-
മാഞ്ചിതവന്ദിതനാസാപുടവും
ചഞ്ചലമിഴികടെമനമഴിക്കും
പുഞ്ചിരിയാം മന്ത്രികയും വടിവും
തൊണ്ടിപ്പഴരുചിതേടിനൊരധരം
നീണ്ടുതടിച്ചൊരു പാണിദ്വയവും
വിസ്തൃതമാകിനതിരുമാറിടവും
തത്രമനോഹരഹാരാവലിയും
എത്രയുമൽഭുതമായൊരുദരേ
ചാത്തിനപൂന്തുകിലതിനുടെമീതേ
ചേത്തൊരു കാഞ്ചനകാഞ്ചീവടിവും
പാത്താൽ വിശ്രുതമൂരുദ്വയവും
ആത്തരതായ സുരമ്മക്കാത്തികളം
തീത്തപരിത്രാണത്തിനുവാമന
മൂത്തിയതായ മഹാബലിതന്നുടെ
ചീരത്തൊരു ഗർവുകുറപ്പാൻ മുന്നടി
ധാത്രിയെയാചിച്ചീടിനസമയേ
പാത്രതകൊണ്ടു കൊടുത്തനവനും
എത്രയുമുഗ്രമതായൊരു രൂപം
തത്രധരിച്ചിട്ടീരടിയാക്കീ
ട്ടിത്രൈലോക്യമളന്നൊരു പാദം
മൂത്തിയിലങ്ങിനെ ചേത്തൊരുനേര-
ത്തൊത്തുപുരാമുനി ചൊല്ലിയവചനം
അതിശയഭക്തിയതായ സമുദ്ര
മതിമുഖിയാമളവം മുങ്ങിപ്പൊങ്ങി

കതിരവവംശജമണ്ഡളപാദേ
പതിതയതായിനമസ്കൃതിചെയ്തു
അതിവിനയത്തൊട്ടു കൂപ്പിനിന്നതിഗിര-
മതിമോദേന തുടന്നുളവാൾ

രാമരാമദയാസിന്ധോ! ശ്യാമളവിഗ്രഹതവ
നാമവും ജപിച്ചു വനസീമനിതാനം
ഭീമമായശിലയായിമാമുനിതൻശാപത്താൽ
ആമയമോടാതുവാണേൻ കോമളഗാത്രേ!
നിന്നുടയപാദരേണു എന്നുടെ മൂർദ്ധ്നിവീഴ്കയാ
ധന്യയായേനിന്നു ഞാനും പുണ്ഡരീകാക്ഷ; [ൽ
എന്നുടെ ജന്മസാഫല്യംവന്നു നിന്നെക്കാൺക
നപേക്ഷിക്കുന്നോനഹമിന്നുരാഘവ! [യാലെ
അച്യുതനിൻനാമങ്ങളെയുച്ചരിക്കാറായ്തുരേണം
നിത്യവുമെൻനാവുകൊണ്ടുവിശ്വനായകാ!
കണ്ണുങ്ങളും നിൻറെഗുണവർണ്ണനംശ്രവിപ്പുംനായ്
അർണ്ണോജാക്ഷ! ശ്രുതിക്കേണം ചിത്തമോഹന!
പാണികളാലുന്നെത്തേക്ഷാണിനാഥ! കുചയു-
തിനു
വേണമെങ്കിൽ കൃപയിന്നക്ഷീണപുണ്യദ!
പുണ്ഡരീകായതനേത്ര! പൂർണ്ണചന്ദ്രനിഭവക്ത്ര!
ഖണ്ഡിതനിഖിലാമിത്ര! കാരുണ്യപാത്ര!
ചാപബാണധര! വന്ദേഭൂപബാലവേഷ! വന്ദേ
പാപനാശകര!വന്ദേ പാവന! വന്ദേ.

ഇത്തരമതിശയമാം സ്തുതികേട്ടി-
ട്ടുത്തമപുരുഷൻ രാമൻ തിരുവടി
സത്വരമായവളോടുരചെയ്തു,
സ്വസ്ഥനിനക്കു ഭവിക്കും മേലിൽ
ദുഷ്കൃതമാകും വിഷയങ്ങളിലൊരു
ഇച്ഛഭവിക്കയുമരുതിനിമേലിൽ
സച്ചിന്മയനാമെന്നുടെ പാദേ
നിശ്ചലമായി വരേണം ചിത്തം
അതിശയഭക്തിയുമെങ്കൽ സതതം
മതിമുഖിയായ നിനക്കുളവാകും
പതിശുശ്രൂഷപരായണയായി
പ്രതിദിവസം നീ വാഴ്ക സുഖേന
നരവരശിശുവാം നാരായണനൊടു
പരമഭിലാഷം വാങ്ങിയശേഷം
സരസിജനയനപ്രദക്ഷിണവും വ
ച്ചുരുതരഭക്ത്യാവീണവണങ്ങി



Digitized By Kerala Sahitya Akademi

ഞാനുകൊണ്ടെവിലഗ്രഹണങ്ങളുമുണ്ടാം
പതിവ്രതമാക്കതിനില്ലവിവാദം;
വിശ്വാമിത്രനെ വന്ദിച്ചുടനേ
വിശ്വാസത്തോടു പോയാളവളും
ഉത്തമനാകിയ ഗിമവാൻ തന്നുടെ
പാദാംബരവാസാവാണീടിനൊരു

ഭർത്തൃപദത്തെച്ചെന്നു നമിച്ചു-
ട്ടുവസിച്ചുവനോടു സമേതം
ഭൂതിമാനുഷനാം രാമൻ തിരുവടി
മതിമാനകിയ കൌശികനോടും
അതിമോദേന ഗമിച്ചിതു തരസാ
മതി ചൂഡന്നുടെ ചാപം കാൺമാൻ.

അഹല്യാമോക്ഷം ഓട്ടൻതുള്ളൽ സമാപ്തം.

# ബാണയുദ്ധം

## ഓട്ടൻതുള്ളൽ.

പണ്ടുമഹാബലി തന്നുടെ സുതരാ-
യുണ്ടായ് നൂറുകുമാരന്മാരിൽ
കണ്ടാലധികഭയങ്കരഗാത്രൻ
കുണ്ഡൻ ബാണാസുരനെന്നൊരുവൻ
കണ്ടകനെങ്കിലുമതിശക്തൻതാൻ
കുണ്ഡിതരക്തജബാഹുസഹസ്രൻ
കണ്ണീരവമൃഗപടലികളം പോലും
രണ്ടടികൊണ്ടവൻ മതിയാകില്ലാ
നാടെടർ വരൻ മുതലഖിലജനങ്ങളു-
മിണ്ടലൊടവനെ വണങ്ങീടുന്നു
അത്തമഹാബലവിക്രമമുള്ളവ-
നത്തൽവെടിഞ്ഞു മഹേശ്വരനുത്തേ
ചിത്തകുതൂഹലമോടു മിഴാവും
ശക്തനടിച്ചു സഹസ്രകരത്താൽ
മുല്ലശരാന്തകനുള്ളിതെളിഞ്ഞി-
ട്ടില്ലാസേന പറഞ്ഞീവണ്ണം
നല്ലസമർത്ഥനഹോനീയതിനൊരു
തെല്ലും സംശയമില്ല നിനച്ചാൽ
പൊല്ലിക്കൊൾകവരം വേണ്ടുന്നതു
കില്ലില്ലതിനു തരുന്നുണ്ടിഹ ഞാൻ
എന്നതു കേട്ടുതെളിഞ്ഞഥബാണൻ
മന്ദസ്മിതവും തുകിയച്ചാനാൻ

എന്നോ! വിസ്മയമെന്തൊരു വരമിതു
നിന്നോടിങ്ങു വരിച്ചീടേണ്ടൂ?
മുന്നം ഞാനോ കരുതിയതില്ലേ
നിന്നോടൊന്നു വരിക്കണമെന്നും
ഇംഗിതമിങ്ങു വരേണ്ടതു പൊല്ലാം
ഇന്നു ഭവാനും പാവ്തിതാനും
ഭംഗിയൊടെൻ ഗോപുരവാതുക്കൽ
പുംഗവവാഹന! പുരുഷമൊത്തു
പേത്തു നിതാന്തമുറക്കമിളച്ചിഹ
പാത്തീടേണമിതെല്ലാനാളും
ശങ്കവെടിഞ്ഞതു നേരം ബാണൻ
ഹുംകൃതിയോടീവണ്ണം പൊന്നിതു
പങ്കജശരരിപുകേട്ടിവനുള്ളി-
ലഹങ്കാരം പെരുതുണ്ടതിനിപ്പോൾ
നീക്കുവതിനൊരു കഴിവുണ്ടാമതു
നീങ്ങുകയും പുനരില്ല നിനച്ചാൽ
നീരജശരരിപുതനുമിവണ്ണം
നീതിയൊടും മനതാരിൽക്കരുതി
നീരജരിപുധരനുള്ളിൽ വളന്നൊരു
നീരസമെന്നും കാട്ടീടാതെ
ശങ്കരശങ്കരിമാർ സുതരോടും
ശങ്കവെടിഞ്ഞഥ ബാണാസുരനുടെ

Digitized By Kerala Sahitya Akademi

കിങ്കരരോവമിയന്നം നടന്നുഭ-
യങ്കരമാകിന ഗോപുരവാതിൽ
ശങ്കാഹീനം കുത്തുനിതാന്തം
തിങ്കൾമുഖദികം വാണിതു പലനാൾ
പലദിനമിങ്ങിനെ ചെന്നാരുകാലം
നലമൊടു ബാണാസുരനുമതപ്പോൾ
കലിതകുതൂഹലമോടും ശിവപദ-
കമലംകുപ്പി ഉണത്തിച്ചിങ്ങിനെ;—
പാണിസഹസ്രമിനിക്കുണ്ടതിനാൽ
കാണിയുമില്ലുപകാരം പാർത്താൽ
ബാണനുസമരമൊഴിഞ്ഞാലുള്ളോരു
നാണക്കേടെന്തുരചെയ്യുന്നു?
ചീർത്തമഹാഭുജവിക്രമനൊരുവൻ
നേർത്തുവരുന്നീലെന്തൊരുകഷ്ടം?
പാർത്താലെന്നൊടു തുല്യനൊരുത്തൻ
പാർത്തലമതിലില്ലാഞ്ഞോമാമക-
ധൂർത്തുകളോർത്തുഭയപ്പെട്ടൊരു ദിശി
പാർത്തുവിറച്ചുവസിച്ചീടുകയോ?
നേരെത്തൊരു വിക്രമനേരുരണത്തിനു
പാർത്തുകൊതിച്ചു വസിക്കുന്നിഹ ഞാൻ
നേരിനിനമ്മിലുമിത്തിരിനേരം
ക്രൂരശരേണ കളിച്ചീടേണം
എന്നീവചനം കേട്ടു മഹാശ-
നന്നതമാകിയ കോപമടക്കി
പന്നഗഭൂഷണനന്നവനോടഥ
നന്നായിട്ടരുൾ ചെയ്തീവണ്ണം,
ഉന്നതമാകിയ കേതുവിതൊരുനാൾ
ഖണ്ഡിച്ചാശു നിലത്തുപതിക്കും
അന്നൊരു പുരുഷമകുടമഹാമണി
വന്നിഹനിന്നൊടു സമരംചെയ്യും
എന്നല്ലവനിഹ നിന്നുടെഹൃത്കൃതി
നന്നായിട്ടു ശമിപ്പിച്ചീടും
എന്നതു കേട്ടു തെളിഞ്ഞിതു ബാണൻ
തന്നുടെ പുരമതു പുക്കുവസിച്ചാൻ
കൊടിമരമെന്തു മുറിഞ്ഞീടാത്തു
കൊടിയരണത്തിനു വൈകുന്നല്ലോ
ത്വടിതിയടിച്ചു മുറിച്ചീടുകയോ
പൊടുപൊടെയങ്ങു പൊടിച്ചീടുകയോ

കടുതായുള്ളൊരു സംഗരമതിനിഹ
പടുവാം പുരുഷനെന്തു വരാന്നു?
വിരുതോന്ന വിഭോ മനപൊന്തൻ
തെരുതെരെയീവകയുള്ളിൽ നിനച്ചു
രുവും കാലത്തൊരുനാളുവന്നടെ
മകളായുഷയെന്നുള്ളൊരുതരുണി
ശീതളമായൊരു മാളികമുകളിൽ
കോമളയാമവളാളികളോടും
കേളിവിനോദം ചെയ്തുസുഖിച്ചുവർ
മേളമിയന്നൊരു നിദ്രാവേളയിൽ
നാളികായുധരാട്ടു സമാനൻ
കോമളരൂപൻ ശ്യാമളവർണ്ണൻ
നാളീകായതലോചനയാമവ-
ളോടിടചേർന്നു ശയിച്ചൊരു പുരുഷൻ
ചലമിഴിതന്നെയണച്ചുഥമാവിൽ
നലമൊടു ഗാഢാശ്ലേഷംചെയ്തു
കലിതസുഖേനമുകുന്ധരാമൃത
രസമവളുടെ ഹൃദയത്തിനു നൽകി
അരുണാധരിയുമുണർന്നതുനേരം
കണവനെയാലിംഗനമിച്ചിച്ചു
അണയുന്നേരം കാണാഞ്ഞവളും
അണയത്തെങ്ങും തപ്പികരത്താൽ
ഉണവാനാമവനണയത്തില്ലാ
ഞെകമതിലെല്ലാമാറഞ്ഞുടനെ
തരുണീമണിയാമവളുടെയുള്ളിൽ
ക്ഷണനേരംകൊണ്ടുളവാമഴലതു
ഫണമായിരമുള്ളവനുമിതോർത്താൽ
പണിപണിപാവാനൊന്നുവണ്ടു
സരസിജശരനഥമുൽഭരപിമുൽഭരപി
ശരനികരങ്ങൾ പൊഴിച്ചുതുടങ്ങി
പരുഷതമൊഴിയതുകൊണ്ടുമയങ്ങി
പരവശഭാവമിയന്നു തളർന്നു
പരിചൊടു തല്പേ വീണുകരഞ്ഞി-
ട്ടരുവയർ മണിയാമുഷയതുനേരം.
എന്തയ്യോ? ചെയ്തു ദോഷം ഞാൻ
ചിന്തിക്കിലീവണ്ണമാക്കും
സന്താപമുണ്ടായിട്ടുണ്ടോ
ഹന്തകഷ്ടമെന്തിവണ്ണമനുഭവ
ബന്ധമിന്നിനിക്കു വന്നു ശിവ! ശിവ! (എന്തു)

Digitized By Kerala Sahitya Akademi

എന്തെന്റെ കാന്താ! നീയെന്നെ
സന്താപിപ്പിച്ചീടുന്നേവം
കായ്യമെന്തു ന്യായമെന്തു നിന്നുടെ
മോഹമെന്തു സാഹസങ്ങളീദൃശം (എന്തു:
മായകൊണ്ടു മറഞ്ഞേവം
ന്യായമോ ദുഃഖിപ്പിപ്പതു
മായമാത്ര കൈവെടിഞ്ഞു മാമക
കായമാത്ര പുൽവതിന്നു വരികിവ്വ (എന്തു)
യോഗ്യനാം ഭവാനീവണ്ണം
യോഗ്യമോ ചെയ്തീടുന്നതും
യോഗ്യമിന്നുമാരതാപമെന്നൊട്ടു തീർക്കുതിന്നു
ഭാഗ്യവാരിധേ ശ്രീനാ (എന്തു)
ദുഷ്കൃതമെയാടെന്തീവണ്ണം
കഷ്ടമിന്നു ചെയ്തീടുന്നു!
ദുഷ്ടനായീടുന്നാനിന്നെറ
ചേഷ്ടിതമിതെത്രകഷ്ടം! (എന്തു)
കേൾക്കെടോ കുസുമേഷോ നീ
വീരനെന്നഭാവംകൊണ്ടോ!
നാരിയാമെന്നെയെയ്യുന്നു
വീരനാകിൽ നേരെവന്നുമാനസ
ചോരനോടബാണമെയ്കൊൾകികിവ (എന്തു)
നാണമില്ലേനാരിതന്നെ
ബാണമെയ്തീടുവാനിപ്പോൾ
കാണവേണമിന്നുഞാനും തവ
പാണിവിക്രമങ്ങളൊക്കെവിരവൊട്ടു (എന്തു

അംഭോരുഹദളലോചനയമേവം
ജൃംഭിച്ചീടിനതാപത്തോടെ
സംഭോഗാദിനിനച്ചുകരഞ്ഞതു
കുംഭോണ്ഡാത്മജകേട്ടടനപ്പോൾ
തെരുതെരെയവിടെ സമീപേചെന്നി-
ട്ടുരുവയർമണിയുമിവണ്ണംചൊന്നാൾ
എന്തൊരുകാരണമിന്നീവണ്ണം
സന്താപത്തിനു സംഗതിയെന്നും
എന്തെങ്കിലുമുരചെയ്യണമെന്നൊട്ടു
ചെന്താമരദളലോചനയാളെ!
ചിന്തിതമന്ത്രനിനക്കെന്നാലതി-
നന്തരമില്ലതുസാധിപ്പിപ്പൻ

ഉണ്ടാകണ്ടകിനാവിൽ പുരുഷനെ
ന്നെന്തന്നാലതുപാകസുശീലേ!
വേണ്ടവിഷാദംപെറുമിദാനീം
ഇണ്ടാക്കാമതിനുള്ളൊരുപായം
കുണ്ഠിതമെല്ലാമകലെവെടിഞ്ഞി-
ട്ടുണ്ടായൊരുവൃത്താന്തമശേഷം
വണ്ടാർകുഴലാളേ! പറകെന്നാ-
ടുണ്ടാകരുതേമടിയതിനേതും
കുണ്ഡശരക്ഷതമാനസയാകും
സുന്ദരിയാമുഷതാനതുനേരം
ഇന്ദുമുഖീഗിരമേവംകേട്ടു
മന്ദാക്ഷിണിമന്ദാക്ഷരമൂചേ.
ചിത്രലേഖേ! സഖീ! കേൾക്ക
അത്രഎൻദുഃഖകാരണം
എത്രചിത്രമൊരുസ്വപ്നംകണ്ടുഞാനിപ്പോൾ
സുന്ദരപുരുഷനേകൻവന്നിവിടെഎന്നരികിൽ
മന്ദമന്ദംതല്പംതന്നിൽചേർന്നുകൊണ്ടവൻ
ഗാഢഗാഢംപുണർന്നിതുശുദ്ധമോദമവനെന്നെ
പ്രൌഢനാകുമവൻചിന്നെഗ്ഗൂഢനായ്ചന്ന
പാരമുണ്ടുപരിതാപംമാരബാണഗണമേറെ
നാരിമൌലേ! സഖി ഞാനും എന്തെന്തോ-
ചെയ്‌വു
ദേഹമെല്ലാംതളരുന്നു മോഹമുള്ളിൽവളരുന്നു
ദാഹവുംവളർന്നീടുന്നു ആഹന്ത! കഷ്ടം!
എന്തുവേണ്ടെന്നറിഞ്ഞീലചിന്തകൊണ്ടുവല
ഞ്ഞുഞാൻ
സിന്ധുരഗമനേ! തോഴി! ബന്ധുരഗാത്രീ
ഇത്തരംപറയുന്നതിനുത്തരമായ് ചിത്രലേഖാ
സത്വരംചൊന്നതുകേട്ടാലെന്തുയും ചിത്രം!

കളകവിഷാദം കളനമാഴിമൌലേ.
കഴിവുണ്ടാക്കുവനഹമിതിനിപ്പോൾ
കളിയല്ലിഹനിൻവരനെയിദാനീം
ഒളിവിൽവരുത്തുവനരികേഞാനും
കളഭാഷിണിനീ ദുഃഖിക്കരുതേ
കളകളമോഹനകന്ദളജാലേ!
തെളിവിനൊടിങ്ങിനെചൊന്നടനാവൾ
കളിപറകല്ലേ തുലികകൊണ്ടു
സുലളിതകോമളനാം സുരവരനെ
സരസിജലോചനഎഴുന്നേരം

Digitized By Kerala Sahitya Akademi

ഇന്ദ്രാകൃതികണ്ടേടനസുന്ദരി
നിന്ദിച്ചവനെന്നെന്നേ ചെയ്താം
ചന്ദ്രനെയെഴുതിയതെന്നപ്പോം
സുന്ദരനാകും വരുണനെയെഴുതി
ഭാവംകൊണ്ടതെല്ലെന്നവരംകാട്ടി
കാമിനിയുടനേ നിർൃതിയെയെഴുതി
ഭാസുരഗാത്രിയതല്ലെന്നപ്പോം
ഭാനുവിനെദൃതമെഴുതിമനോഹരി
സരസിജസംഭവനെപ്പുനരെഴുതി
സരസിജമിഴിയാളതുമല്ലെന്നാം
സുരലോകത്തെയശേഷവുമപ്പോം
സരസപ്പൊൺകൊടിയാളെഴുതീട്ടം
ഭാനുസരണംപുനരില്ലാഞ്ഞുടനേ
സുരരിപുവരനെയശേഷവുമെഴുതി
ബുദ്ധിയവർക്കവരാരിലുമപ്പോം
ബുദ്ധായതല്ലാഞ്ഞുടനേതന്നെ
സിദ്ധന്മാരെവരച്ചുകിന്നര-
കിംപുരുഷന്മാരെയുമതുനേരം
ഗന്ധർവന്മാർ പലരെയുമപ്പോം
ബന്ധുരഗാത്രിയുമെഴുതീട്ടുടനേ
സിന്ധുഗമനയ്ക്കതുകാണ്മാറായി
ലബ്ധതതീന്നില്ലെന്നതുകണ്ടു
ബന്ധുരഗാത്രിയുമുടനേമാനുഷ-
വരനെവരച്ചുതുടങ്ങിതദാനീം
കന്ദളാഖ്യനുപവീരനുടേയുട-
ലന്തരംഗകുതുകേനവരച്ചു
ഭന്തിവാരികൾംപെരുത്തൊരുമാഗധ
ഭൂമിപാലനെവരച്ചുഥകാട്ടി
ചന്തമേറെയുളവായൊരുചോളൻ
കേരളൻഗ്രണമിയന്നകലിംഗൻ
കൊങ്കണേശ്വരനെവരച്ചുഥകാട്ടി
പ്പങ്കണേരുനെയുമങ്ങിനെതന്നെ
പാണ്ഡ്യഭൂപനെവരച്ചുമനോഹരി
പാണ്ഡുപുത്രനെയുമാശുവരച്ചു
കണ്ഡിനാഖ്യനുപവീരശരീരം
ദണ്ഡമെന്നിയെവരച്ചുഥകാട്ടി
ഒന്നുകൊണ്ടുമവർന്തന്നുടെതാപം
തീർന്നതില്ലപുനരെന്നതുകണ്ടു

സുന്ദരാംഗിയവൾ തുലികകൊണ്ടു
തീർത്തുമെല്ലെയടുവശമതപ്പോൾ
കൃഷ്ണമായമഥികൊണ്ടതിരവുറാൽ
വൃഷ്ണിവംശകുലനായകനാകും
ജിഷ്ണുതൻസഖിയുടനേയുടൽ
യുഷ്ണയോടവം വരച്ചുമനോഹരി
മെച്ചമുണ്ടിവനുമാകൃതികിഞ്ചിൽ
തീർത്തുരയ്ക്കിലവനല്ലിതുനൂനം
ഒത്തിവണ്ണമിനിയും വിലരുപമ
തീക്കപാക്കുതുശീഘ്രമിദാനീം;
എന്നുകേട്ടുപ്രദ്യുമ്നനുടനേ-
സുന്ദരാകൃതിവരച്ചുമനോഹരി
ഇന്ദുബിംബമുഖിയാളാമുഷയും
സുന്ദരാംഗമതുപാർത്തുപറഞ്ഞു
കന്ദബാണനിവനെന്നതുചൊല്ലാം
ഇന്നതിന്നുവിവദിച്ചുനിനച്ചാൽ
കാന്തിയേറെയുളവാമിവനെന്നുടെ
കാന്തനോടുസമനാകിലുമിപ്പോൾ
ഓന്തുകൊണ്ടുപറകല്ലൊരുകിഞ്ചന
പ്രാപ്തിരേഖമവനണ്ടതുനൂനം
ബുദ്ധിശാലിയതുകേട്ടടനേയനി-
രുദ്ധനെജ്ഞടിതീർത്തുകണ്ടു
ബുദ്ധിതന്നിലുടനേയുളവായൊരു
ലജ്ജകാരണമധോമുഖിയായി
ട്ടുനിന്നുവിരൽകൊണ്ടുവരച്ചു
ചിത്രമെന്നതുമറന്നുടനേമദ-
നാർത്തികൊണ്ടവൾമതിഭ്രമമോടേ
ചിത്രമായപതിതന്നുടെരൂപം
ചിത്രമൻപിനൊടുത്തിരുപുൽകാൻ
ചിത്രലേഖയുടനേയുരചെയ്താം
ചിത്രമെന്നതുധരിക്കമനോജ്ഞേ
രാഗരോതിപരിതാപമതപ്പോൾ
നാരിമാർമണിതനിക്കുളവായി
രോഗവാഞ്ഛയിലഴിഞ്ഞമനസ്സോടു
രോസുരാംഗിമരുവുന്നതുകണ്ടു
ചിത്രലേഖയുചൊല്ലുനാഖ്യീതവ
ദുഃഖമൊക്കെയകലത്തുകളഞ്ഞതി-
സൌഖ്യമോടുമരുവീടാൻ സംഗതി

Digitized By Kerala Sahitya Akademi

ക്രൂരവൻ ധ്രുവമഹോശ്രുണുബാലേ
എന്നുചൊല്ലിയവരംകൊണ്ടതിനെയന്യൻ
സുന്ദരാംഗിനടകൊണ്ടതിവേഗാൽ
ഉന്നതാദ്രികളുംകടന്നിതുകാട്ടും
നാടുതാണ്ടുകളുംമാങ്ങളിടങ്ങളും
ദ്വാരകാനഗരികണ്ടുതെളിഞ്ഞവ-
ളാരുമാരുമറിയാതതുനേരം
ആദരേണഭവനങ്ങളുടേയിട-
ക്രുടിയപ്പൊട്ടനടന്നതിവേഗം
ബദ്ധമോദമനിരുദ്ധാന്തരങ്ങൾ
സുദ്ധമായപുരിപുക്കുപതുക്കെ
ബുദ്ധിതന്നിലതികൌതുകമോടനി-
രുദ്ധനെഞ്ഞടിതികൈക്കലതാക്കി
സിന്ധുരേന്ദ്രവരഗാമിനിയാകും
ബന്ധുകാധരിനടന്നതിവേഗം
സിന്ധുശായിയുടെപൌത്രനെയപ്പോൾ
ബന്ധുരാംഗിയുഷയോടിടചെത്തു.

കരുണാനിധി മാധവപൌത്രൻ
അരുണാക്ഷിയെയും ഇടക്രുടി
അരുണാധരമാശുനകന്ത
പ്രണയവുമേറമിയന്ത
വിരവോടുകളിച്ചു പുളച്ചു
രസിച്ചുമദിച്ചുവസിച്ചുതദാ
കളരോഷിണിതാനതുനേരം
തെളിവോടുപുണന്നതിവേഗം
കളർകോമളമാംകുചഭാരേ
തെളിവോടുടൽചേത്തതുനേരം
കളരങ്ങളണിഞ്ഞുതെളിഞ്ഞു
സുമനങ്ങളണിഞ്ഞുവിളങ്ങിധ്രുവം
കളിവാക്കുപറഞ്ഞുരസിച്ചും
കളിയബ്ജപദങ്ങളുരച്ചും
തെളിവോടുസുമങ്ങൾധരിച്ചും
കളിവാക്കുപറഞ്ഞുചിരിച്ചും
പരിഹസിച്ചുവസിച്ചുസുഖിച്ചുതദാനീം
നല്ലവീടികമെല്ലെനകന്നും
പല്ലവാധരമിടയ്ക്കുനകന്നും
രതികലകളിടയ്ക്കുമുടന്നും
മതിമറന്നുതളർന്നുകുഴഞ്ഞുവളർന്നുടനേരം

മലർബാണനണഞ്ഞുതുടങ്ങി
മലർകണകൾപൊഴിഞ്ഞുതുടങ്ങി
രതികണവനകണകളൊടുങ്ങി
നതിവിവശതപൂണ്ടുമയങ്ങി
രതിമുതിർന്നകിളർന്നുതളർന്നുടനേരം.

പൊല്ലാവുമുഷതന്നൊടെല്ലാമിവണ്ണമോരോ
നല്ലവിലാസമാടിമെല്ലെരസിച്ചുകള
വല്ലവലഞ്ഞിതിക്ഷുവില്ലൻറെനന്ദനൻതാൻ
നല്ലമണിയറയിൽ മല്ലാക്ഷിയോടുംക്രുടി
മല്ലായുധവിലാസമെല്ലാംനടിച്ചുതതു
കല്യൻകമലബാണതുല്യൻമദനകണ
ശല്യംതറച്ചിട്ടള്ളിരല്ലൽകെടുത്തുരതി
വല്ലിയാമുഷയോടുമെല്ലവേദാരങ്ങളെ
ന്നെല്ലാംപറഞ്ഞുകൊണ്ടുനല്ലപോലെസുഖിച്ചു
നല്ലാർമണിയാമുഷതാനും കണവനുമായ്.

ഇങ്ങിനെപലദിനമങ്ങുകഴിഞ്ഞു
മംഗലരൂപകളാം സഖിവൃന്ദം
ഒന്നൊഴിയാതെയടുത്തുപതുക്കെ-
ത്തങ്ങളിലിങ്ങനെചൊന്നുതുടങ്ങീ

ബാലികയാമുഷതൻറെവാത്ത
ചാലേധരിപ്പിനെല്ലാരും
ബാലികതന്നുടെ ആനനപങ്കജം
മെല്ലെത്തെളിഞ്ഞുവരുന്നദിനംപ്രതി (ബാലി
പങ്കജകോരകം പമ്പരം വെല്ലുന്ന
കൊങ്കകൾ ചാരത്തുമൌവ്വണ്ണം കാണുന്ന (ബാ)
പണ്ടൊന്നും കാണാത്ത ഭ്രഷ്ണമൊണ്ടിന്നു
കുണ്ടോതരമവൾ കണ്ണാത്തിൽ കണ്ടുന്ന (ബാലി)
ലീലകൾ കോലുവാൻ കാലം പുലരുമ്പോൾ
ചാലേനാമങ്ങു ചെല്ലുമതുനേരം (ബാലി)
കട്ടകം തന്നിൽ നാമൊട്ടേടം ചെല്ലുമ്പോൾ
പെട്ടെന്നു പെട്ടകം പൂട്ടിപ്പോരുന്നു (ബാലി)
മങ്ങിമയങ്ങിച്ചുമഞ്ഞു കാണാമപ്പോൾ
ചങ്ങാതിതന്നുടെ കണ്ണുകൾ രണ്ടും (ബാലി)
രോഗമെന്നിങ്ങനെ ചൊല്ലുമാറുണ്ടവൾ
രോഗമല്ലയതു രാഗമത്രെന്നുനം . (ബാലി)
മതമ്പാതെയുള്ളൊരു ദന്താംബരങ്ങളും
തെളിഞ്ഞല്ലോ കാണുന്നുതെന്നൊഴിതന്നുടെ
(ബാലിക)

Digitized By Kerala Sahitya Akademi

ഇങ്ങിനെയുള്ളോരുലാഞ്ഛനം കാണുമ്പോൾ
എങ്ങിനെ കന്യകയെന്നു പറയുന്നു? (ബാലി)
ഇന്നിവൾതന്നുടെ കാമുകനായി-
ട്ടന്യനൊരുത്തനുകത്തുണ്ടിപ്പോൾ;
എന്നെ വിസ്മയമെങ്ങിനെ വന്നിവ-
നന്നാതമതിലുകടന്നിതിനുള്ളിൽ?
നമ്മളിതൊരുവരൊട്ടും പറയാഞ്ഞാൽ
ചെമ്മവനുള്ള ഭവിക്കുമബദ്ധം;
പക്ഷ്മളലോചനമാരീവണ്ണം
ലക്ഷണമേറ്റു നിരൂപിച്ചിട്ട്
അക്ഷതരാകിയ രക്ഷികളോടെ
തൽക്ഷണമങ്ങുരചെയ്തതുനേരം
രക്ഷികളീവകബാണനൊടപ്പോൾ
ശിക്ഷയിലങ്ങു പറഞ്ഞാരേവം;
കന്യകദൂഷകനായൊരു കാമുക-
നന്യനൊരുത്തനകത്തുണ്ടിപ്പോൾ,
ധന്യൻ കേട്ടുകയത്തതിവേഗം
കന്യാഭവനേ ചെന്നു കരേറി,
ചൂതേലും മുലയാളതുപോരം
ചൂതും പടവുമെടുത്തു നിരത്തി
ചൂതായുധസുതനോടുംക്രൂടി
ചൂതുംപൊരുതുവസിച്ചീടുന്നു;
കണ്ടുകയത്തിതുഖണ്ഡൻ സുരജനൊ-
ടുണ്ടായൊരു കോപത്തോടപ്പോൾ
ഞാണിച്ചുടനെ ശരങ്ങളം പൊഴിച്ചതു
കണ്ടുകയത്തുമനോഭവപുത്രൻ
നന്നായിട്ട ശരങ്ങളം പൊഴിച്ചുവ
രൊന്നൊഴിയാതെ കുറഞ്ഞൊരുനേരം;
പന്നഗപാശംകൊണ്ടു മുറുക്കി
ഖിന്നനതാമനിരുദ്ധനെയപ്പോൾ
അന്നൊരു പുരമുറിതന്നിലടച്ചു
ഉന്നതബാഹുസഹസ്രൻപോന്നാൻ
തന്നുടെ ഭവനേ പുക്കതിവേഗം
നന്നായിട്ട സുഖിച്ചുവസിച്ചാൻ.

ഖദ്ധനായുള്ളൊരനിരുദ്ധനെക്കണ്ടനേരം
മുഗ്ധാവിലോചനയാളം ദുഃഖേനഭൂതലത്തിൽ
വീണുമുരുണ്ടും പാണിമാറത്തുചേർത്തിട്ട
ഏണവിലോചനയാളാശു കേണതുനേരം
തൈലത്തിൽ കുത്തീട്ടുന്ന വഹ്നിതന്നിലപ്പം
സലിലം തളിക്കുംപോലെവന്നിതപ്പോൾ
ഫലനലോചനതന്റെ ഖേദം മാറീടുവാൻ
പലപലവാക്കു ചൊന്നതെല്ലാമപ്പോൾ
ഫലമില്ലാതായി വന്നു വാരിധിയിൽ മേലം
വരിഞ്ഞിക്കും മാരിപോലെയെന്നേവരും
നാണിച്ചുമാറാതവൾ പിന്നെയുമങ്ങോരോരോ
വാണിവിശേഷങ്ങളെ ഓതിയോതി.
ഏണാങ്കാനനതന്റെ ഖേദവുമൊട്ടുമാറി
വാണൊരു കോണിൽ നാണിച്ചുണനെന്നാ
പഞ്ജരം തന്നിൽ ഞാനിരുദ്ധനായൊരുനല്ല
കുഞ്ജരവൈരി എന്നപോലെതന്നെ
അന്ധനായുള്ളൊരനിരുദ്ധൻ കോപിച്ചുഥ
ബന്ധുവിരോധനായ് നിനാകാലം
രാജന്മാരെല്ലാവരും നിദ്രവെടിഞ്ഞുകൊണ്ടു
രാജകുമാരൻ തന്നെക്കാണാഞ്ഞിട്ട
എങ്ങുപോൽ ഗമിച്ചുവനെത്രകഷ്ടമാരു
മെങ്ങും ഗ്രഹിച്ചീടാതെ പോവാനെന്തു?
ഇന്നവന്നീടുമവനിന്നവരുമുണ്ണി
ല്ലെന്നവരുമെന്നേവം ചിന്തചെയ്തു.
സുന്ദരനാമവനെക്കാണാഞ്ഞിട്ടനല്ല
സുന്ദരിമാരും ദുഃഖസാഗരത്തിൽ
മങ്ങിമയങ്ങിമുങ്ങിപൊങ്ങിവീണും കൊണ്ടു
തുംഗസ്തനങ്ങളം നോക്കി സന്താപിച്ചും
നാലുമാസമീവണ്ണം ചെന്നാറെയുമെങ്ങും
ബാലകനെക്കാണാഞ്ഞങ്ങു ലോകരെല്ലാം
മാലുമുഴുത്തു മധുദ്വേഷിയൊടങ്ങുചെന്നു
ബാലകൻറെ വാർത്തചൊല്ലി വാഴുംകാലം.

നാരദമാമുനിവീണയുമായി
ദ്വാരകതന്നിൽ പുക്കൊരു നാളിൽ
നാരായണനും വന്നുവണങ്ങി
സാദരമർഘ്യാദികളും ചെയ്തു
ദ്വാരകവാസികളെല്ലാം നാരദ
പാദസരോരുഹ വീണുവണങ്ങീ
ശ്രീനാരദമുനിയപ്പോൾ തന്നെ
ശ്രീമാധവനൊടു കല്പിച്ചുവം
ശ്രീപതിനിന്തിരുവടിയുടെ പൌത്രൻ
ശ്രീദ്വാരകയതിലില്ലാഞ്ഞല്ലി

Digitized By Kerala Sahitya Akademi

ഖേദം പൂണ്ടു ജഗദ്വാസികളതി
മോദം ക്രൂരാത മരുവുന്നു?
ബാണൻ സമരാങ്കണമതിലവനേ
നാണക്കേടു വരിപ്പിച്ചനവധി
ക്ഷീണിപ്പിച്ചൊരു കോണിലിരുത്തി
പ്രാണൻ പോകാഞ്ഞതു തൽഭാഗ്യം
ആദ്യമതായുള്ളക്ഷൗഹിണിനന-
താക്കിക്രമാരംസമരേ ബാണൻ
അപ്പുരികാത്തു വസിച്ചീടുന്നതു
മുപ്പുരവൈരിയതെന്നറിയേണം
നാരദനിങ്ങനെ കല്പിച്ചുടനേ
യാദവരോടേ വീണതെറിച്ചു
നാരായണശിവയെന്നു ജപിച്ചു;
നേരേമീതെ കിളന്നു നടന്നു
വൃഷ്ണികളെല്ലാവരുമൊരുമിച്ചു
കൃഷ്ണൻ തിരുവടിയോടും ക്രൂടി
ഉഗ്രിച്ചസുരനെ വെൽവാനായി
കൃഷ്ണൻ തിരുവടിയാത്ര തുടങ്ങി.
നരകാരിപുനളിനദളലോചനൻ മാധവൻ
നരകദുരിതൌഘശാന്തിപ്രദൻകേശവൻ
നരജരകളാദിമദ്ധ്യാന്തമില്ലാത്തവൻ
കരിമുകിലൊടിടയുമൊരുചികരമൊരുമിച്ചുടൻ
വിരവിനൊടു നെറുകയിൽ ക്രൂടിബന്ധിച്ചുടൻ
സരസമൊടു നിറമധികമുള്ള പീലിത്തരം
സരസിജവിലോചനൻ ചെത്തു ചിലപുഷ്പം
മധുമഥനനതു പൊഴുതു നെറിഞ്ഞടമതിൽ
മഹിമയൊടു ഗോപിയും ചെത്തു തിലകവും
ഗളമതിലണിഞ്ഞു തൻമാലഹാരങ്ങളും
തുളസികൃതമാലജാലങ്ങളണിഞ്ഞുടൻ
കരമതിലെടുത്തു ശരചാപഖഡ്ഗാദിയും
കരുണാകരനമിതകുതുകേനപീതാംബരം
തിരുവുടയുമരയിലതി കുതുകമൊടുചെത്തുടൻ
പരിചിനൊടു പൊന്നരഞ്ഞാണമിട്ടഞ്ജസാ
അരുണനൊടു സഹതരുണതരണിയുവരുന്ന-
പോൽ
കരുണാനിധിമാധവൻ തേരിൽക്കരേറിനാൻ
മുനികളുടെ മനമതിലും വനിതകടെ മാവ്വിലും
കനിവിനൊടുമമമതിയിലും വിളങ്ങിടുന്ന
ആനന്ദമുൾത്തിയെക്കൊണ്ടു വീരരും
ആനന്ദമോടു കൊണ്ടാടിപ്പുറപ്പെട്ടു
ആനതേർ കാലാൾ കുതിരപ്പടകളും
അമിതകരബലമുടയയദുവരരുമൊക്കയും
മാനം നടിച്ചവർ തേരിൽക്കരേറിനാർ
മഹിമകളൊടുതുപൊഴുതു തെരുതെരെമദിച്ചുടൻ
ആലവട്ടങ്ങളും വെൺചാമരങ്ങളും
ആഴകിനൊടു കൊടിതുഴകം പടലമിവയൊ-
ക്കെയും
ചുറവും പിടിപ്പിച്ചു കുറങ്ങളും ക്രൂടാതെ
പറവലരൊടേറവു പടവെട്ടുവതിനായിട്ടു
കോട്ടങ്ങളും ക്രൂടാതെ കണ്ടങ്ങുതാനരം
എട്ടുദിശിപൊട്ടുമളവിട്ടു ചെവു ഞാണൊലികളും
ആരവാരങ്ങളും സിംഹനാദങ്ങളും
അമിതകരബലമുടയയദുവരനിനാദവും
മറവു ശംഗങ്ങളും ചക്രങ്ങളും തമ്മിട്ടവും
മധുരതരമുദുലരസംപൂങ്കുഴൽ കാഹളം;
പെയ്യുമദത്തൊടു കുഴലികളും നാദവും
പെരിയരഥമലറിയുടനിളകുമതിഘോഷവും
നാരദവീണാമനോഹരനാദവും
നരകാരിപുകരഗളിതഭൂണനിനദഘോഷവും
അങ്ങോട്ടമിങ്ങോട്ടു മുന്തിയും തള്ളിയും
ഹരിയുടയപടകളുടെ പടുതരനിനാദവും.

അംബുധിശയനോത്തമപുരുഷൻ അഖില-
ജനേശൻകൃഷ്ണൻ
തുംബുരുസനകാദികളും സേവിതനമിതനന-
ന്തൻതാനും
തംബുരുകരന്തന്നിലെടുത്തു കളിച്ചുചിരിച്ചുവി-
ളിച്ചും
പടുതപെരുത്തൊരു പടനായകരുടെ പടവ-
ന്നിങ്ങറിയേണം
പടയതിനൊരു കുറവുവരാതെരിച്ചുവഹിച്ചി-
ടേണം
നെടുതാകിനകൊടിമരമുകളിൽ കൊടികളു-
ശോളിക്കേണം
പടഹങ്ങളടിപ്പിക്കേണംമതിപടുതകളം കാട്ടി
ടേണം
പടയുടെയിടകണ്ടഥഘോടകപാളിനിരത്തീ-
ടേണം
കാനനതരുമുൻതടിയുള്ളൊരുകരികളംനിര-
ത്തീടേണം

Digitized By Kerala Sahitya Akademi

ദുഷ്ടന്മാരുടനോടിടുമ്പോ-
ളൊട്ടംപൊളിയല്ലവനികളുങ്ങും
അഷ്ടഗജങ്ങടെ ചെവികളശ്ശം
പൊട്ടിയണഞ്ഞുവലഞ്ഞുചമഞ്ഞു.

കളിച്ചും വീരവാദമുച്ചമോരോജനം
വിളിച്ചും പുളച്ചഹങ്കരിച്ചുമദിച്ചുനെ
കഥിച്ചുമോരോകഥരസിച്ചുമതുകേട്ട
മോദിച്ചുചിലർപടഭരിച്ചുസന്തോഷിച്ചും
തടിച്ചുഗജത്തിന്റെ കഴുത്തിൽകരയേറി
ചൊടിച്ചുവില്ലമമ്പും ധരിച്ചുവിരുതന്മാർ
പിരിച്ചുരാഗദ്വേഷം ജ്വലിച്ചുമനതാരിൽ
സ്മരിക്കമുകുന്ദനെകഴിച്ചുബാണയുദ്ധം
തരത്തിലോരോവാജിവരുത്തിത്തരംകണ്ടു
പരത്തിക്കരുത്തന്മാരൊരുത്തരൊഴിയാതെ
തരത്തിൽവില്ലമമ്പുംകരത്തിലെടുത്തോരോ
രഥത്തിൽകരയേറിരഥത്തിലാവനഴി
ധരിച്ചുവിരുതന്മാർ മരിപ്പാൻമടിയെന്യേ
തരക്കേടായുള്ളോരെതിരിച്ചുനിൽത്തിപ്പട
തിരിച്ചുനേരം ബാണനിരിക്കും രാജ്യമെല്ലാം
വിറച്ചുപടകണ്ടുമോദിച്ചുനാടുവാസികൾ [ട്ടരെ
തിരിച്ചുംസംഗരമുള്ളിൽകേതിച്ചുംചിലർക്കു
വിളിച്ചുംകാട്ടുകൾതേടിപുരിച്ചുംകോട്ടിൽകരേറി
ഒളിച്ചുംകൂട്ടുപിരിഞ്ഞുവിളിച്ചും കൂട്ടുകാർചിലർ
ചൊരിച്ചുംകഷ്ടമിതെന്നുവദിച്ചുംഒട്ടേടമോടി
തിരിച്ചുംകൂട്ടുകൾതട്ടിപ്പതിച്ചുംകൂട്ടുകാരങ്ങൾ
തറച്ചുംഒട്ടുപേർകണ്ടുചിരിച്ചുംദുഷ്ടന്മാർശൌര്യം
ജ്വലിച്ചുംഒട്ടല്ലോരാജനങ്ങൾവലഞ്ഞതോത്താ-
പടവന്നിങ്ങുകരേറിനമ്മുടെ [ൽ
വടിയിങ്ങൊട്ടെടുകഞ്ഞിപ്പെണ്ണേ
വടിഞാനിവിടെക്കണ്ടില്ലെന്നും
പിടലിക്കൊന്നുതരുന്നുണ്ടെന്നും
പൂടവയുടുത്തുഞെളിഞ്ഞുനടന്നാ-
ലൂടലുമുറിഞ്ഞുമരിക്കുമിതെന്നും
പാളയമവിടെക്കണ്ടൊരുതടിയൻ
വാളുകളഞ്ഞുതിരിച്ചുനടന്നു
കേളച്ചുരതുനേരംനമ്മുടെ
കാളിപ്പെണ്ണുംക്രുദ്ധിനടന്നു
ഇട്ടിക്കാളിനുമിട്ടീശ്വരനും

കല്പകം കവിണത്തരമെന്നിവകൈയിലെടു-
ത്തൊരുകാലാൽ
തെല്പം ഭയമില്ലാതനവധിവന്നുപരന്നീടേണം
വെള്ളത്തിരതള്ളിവരുന്നതുപോലെപരക്കണ-
മിപ്പോൾ
കള്ളമൊഴിഞ്ഞുള്ളോരു വെള്ളക്കുതിരകളുള്ളതശേഷം
കൊള്ളരുതാതുള്ളോരു ധൂളിപ്പടകളകറ്റീടണം
കള്ളകിരീടനകളിക്കും പൊണ്ണന്മാരിവരാരും
കൊള്ളരുതു പടയ്ക്കിന്നിവരുടെ ചെമ്മെയ്യുടി-
കൊള്ളേണം
ഇത്തരമഖിലേശൻ തന്നുടെ കല്പനകേട്ടവ-
രെല്ലാം
സത്വരമവ്വണ്ണം പലപലകോപ്പുകൾകൂട്ടിത-
ദാനീം

തിത്തിയിടക്കയുടക്കം തിമിലകൊം
ഒത്തുംമട്ടുള്ളതുമെത്രവിധത്തിൽ
കാളംചെങ്കിലചെങ്കടകൊം തിമിലകൊം
നീളം കുറയും കൊമ്പും കുഴലും
അമ്പിളിവളയും:തമ്പേറെന്നിവ-
മേളംകൊണ്ടു ജഗത്തു മുഴക്കി
ശക്തിപെരുത്തജനങ്ങളെടുക്കും
ശക്തികടുത്തിലമുംത്തടിവാളും
വേലും വെൺമഴു ഗദയും കുന്തം
ശൂലംപരശ്വധപരശ്വധവട്ടക
ചക്രംനല്ലശതഘ്നികളനവധി
വക്രതരം ചിലശസ്ത്രസമൂഹം
ചൊട്ടകൊംനല്ലകടുത്തില ചുരിക്ക-
ളീട്ടികളോട്ടുളിചാട്ടുളിയെന്നിവ
യൊക്കെയെടുത്തുതിരിച്ചുവർതന്നുടെ
ചെക്കൻമാരൊടുക്രുദ്ധിട്ടൊരുവക
വെക്കംദ്വാരകനഗരിയിൽനിന്നഥ
ചിക്കെന്നങ്ങുകടന്നുനടന്നു
പൊടിപടലങ്ങൊംകിളർന്നുദിഗന്തം
പൊടിപെടുമാറുടനാത്തുവിളിച്ചു
വട്ടപ്പരിശതുടയ്ക്കിടുമപ്പോൾ
പൊട്ടിജഗത്തുകൊംഞെട്ടീടുന്നു
വെട്ടമിടിക്കുസമാനംഘോരം
നിഷ്ഠുരരാത്തുകളിച്ചുപുളച്ചും



Digitized By Kerala Sahitya Akademi

പെട്ടെന്നൊരുദിശിനോക്കിനടന്നു
കഷ്ടമിതെന്നു പറഞ്ഞുംകൊണ്ടു
മട്ടാലുംമൊഴിമാർ ചിലരപ്പോൾ
കെട്ടിയപുരുഷംകാണാഞ്ഞിട്ടു
ഒട്ടുവിളിച്ചുകരഞ്ഞുവലഞ്ഞും
കൂട്ടികളെച്ചിലരെടിയിലെടുത്തും
കൂട്ടിപ്പെണ്ണേ! വാ പറയട്ടേ
കൂട്ടമ്മാരയളെങ്ങുഗമിച്ചു
ഒട്ടല്ലവളുടെതാന്തോന്നിത്തം
കഷ്ടമിതെന്നോപറവാനുള്ള
കൊച്ചിളയമ്മീ! കേട്ടില്ലേനീ
അമ്മുതനുടെപടവന്നുകരേറി
കൊച്ചുകളോടുകളിക്കാംപിന്നെ
നിച്ചിരിയത്തീവെക്കംവാനീ
കുഞ്ഞമ്മാരെക്കണ്ടില്ലല്ലോ
പൊങ്ങമ്മാരയളെങ്ങുഗമിച്ചു
കുഞ്ഞിപ്പെണ്ണിന്നുള്ളരഹസ്യം
പെണ്ണിനെയന്വേഷിച്ചുനടന്നു
നിത്യവുമിങ്ങിനെയിവിടെച്ചെന്നു
നിച്ചിരിയതാം പുണരാമെന്നും
കൊച്ചുക്കാളിപറഞ്ഞതുനന്മോ-
ടിച്ചയതില്ലെന്നിപ്പോൾതോന്നി
മാടമ്മാരെന്നുള്ളൊരുവിരുതൻ
മാടണിമുലമാരോടുംക്രൂടി
പടിമേലേറിപ്പായുന്നേരം
പടയുടെവിരുതേകേൾപ്പാനുള്ള
പടവന്നപ്പോളോടിയൊളിച്ചൊരു
വിടുരോഷമ്മാരെന്നേവേണ്ടു
കടിലാപാംഗികൾതന്നുടെവീട്ടിൽ
വിടുചണിചെയ്യവസിപ്പാനല്ലാ-
തൊരുഫലമില്ലാത്തടിയന്മാരുടെ
തടികൊണ്ടെന്നുധരിക്കവേണ്ടു
കെട്ടിയപന്തലിൽവന്നൊരുദുഷ്ടൻ
കട്ടിക്കവണിമുറിച്ചുനമുക്കു
കഷ്ടമൊരുത്തനൊടൊന്നുപറഞ്ഞാൽ
പെട്ടെന്നടിക്കുട്ടുംതടിയൻ
വീട്ടിനകത്തൊരുപുരുഷൻവന്നാൽ
വെവതിന്നും മടിയില്ലെന്നും

ഒട്ടല്ലിങ്ങനെപാടുപെടുന്നതി-
നറമതില്ലപറഞ്ഞെന്നാകിൽ
കൂട്ടികൾനാലഞ്ചുണ്ടായിട്ടും
ഒട്ടുംമറുമുഖമറിയുന്നില്ല
ഞങ്ങിനെയുള്ളസമർത്ഥനിതാപട
വന്നെന്നുള്ളതുകേട്ടൊരുനേരം
തിങ്ങിനമീത്യാതെരുതെരെമണ്ടീ-
ട്ടെങ്ങാൻപോയ്തുകണ്ടേനാനിങ്ങനെ
കൊച്ചുകിടാങ്ങളുനാലഞ്ചുണ്ടതി-
ലായ്യാകൊച്ചുകരഞ്ഞീടുന്ന
ഒന്നിനെയെളിയിലെടുക്കാംപിന്നെ
ഒന്നിനെകൈക്കുപിടിച്ചുനടത്തും
പിന്നുള്ളതിനെക്കൊണ്ടൊരുപായം
കണ്ടില്ലേഞാനെങ്ങിനെവേണ്ടു
ഇങ്ങിനെപലപലതുംഗസ്സനിമാ-
രങ്ങുപറഞ്ഞുനടന്നുതുടങ്ങി
മങ്ങാടാ! താനെവിടെപ്പോന്നു?
ഇങ്ങോട്ടേക്കുനടന്നീടുകെടാ!
അങ്ങോട്ടീവഴിഓടിച്ചെന്നാൽ
തിങ്ങിനപടയിൽപെട്ടമരിക്കാം
കാലിനൊരേന്തുനമുക്കുണ്ടതിനാൽ
ഓടുവതിന്നും വശമില്ലംതായ്
പീലിക്കുന്തമെടുത്തൊരുവൻഗ്രഹ
കാലിണവന്ദിച്ചുങ്ങുനടന്നു
തെക്കൻകത്തിയെടുത്തൊരുവിഭ്രാൻ
വെക്കംതോളിലുതേററിക്കൊണ്ടു
ചെക്കനെയങ്ങുമറിഞ്ഞഥനോക്കി
ചിക്കെന്നങ്ങുകടന്നുനടന്നു
വില്ലുംശരവുമെടുത്തവരരിയെ-
ക്കൊല്ലാമെന്നുനിനച്ചിട്ടൊരുവൻ
നല്ലൊരുവിരുതുകൾപലതുംചൊല്ലി
ച്ചെല്ലുന്നേരം പടകണ്ടായാൽ
വില്ലൊരുകോട്ടിലെറിഞ്ഞൊരുവണ്ണം
മെല്ലെപ്പോന്നിഹവനംപുക്കു
നായണനും പടകളുമെല്ലാം
പാരാതവിടെച്ചെന്നുനിറഞ്ഞു
ധീരന്മാരവർബാണപുരത്തിൻ
ഗോപുരസീമനിചെന്നുകരേറി

Digitized By Kerala Sahitya Akademi

കണ്ണൻതിരുവടിയൊരുബാണംകൊ-
ണ്ടുന്നതമാകിനകൊടിമരമെയ്തു
മണ്ണിൽമുറിച്ചുമരിച്ചുതുനേരം
പൊണ്ണൻബാണനുമൊന്നുവിറച്ചു
മതിലുകഠംഗോപുരമെന്നിവയെല്ലാ
മതിബലവാന്മാർകുത്തിയുടച്ചുതു
മതികലചൂടുമരൻകണ്ടുടനേ
മകനാംശരജന്മാവെട്ടിയാനാനൻ.
ഒട്ടുദിനംനാമിവിടെപ്പുത്തതി-
മുഷ്ടതയോടുള്ളജിച്ചീടുന്ന
ദുഷ്ടന്മാരാംവൃഷ്ടികരംമൂലം
കഷ്ടംപാറുമുടങ്ങുകയുള്ള
യാഗ്യതയല്പിനിനോക്കിയിരിപ്പുതു-
മാക്കമൊടേറുപിണങ്ങിടേണം
ഇങ്ങിനെകല്പിച്ചുടനേതന്നുടെ
പുംഗവകണ്ണൊകേറിശിവൻഹരി
തന്നൊടുപന്നുപിണങ്ങിത്തങ്ങളിൽ
ഇങ്ങിനെനിന്നുകുറഞ്ഞൊരുനേരം
ആൺമയിലേറിഷൺമുഖനും പ്ര-
ദ്യുമ്നനൊടേറുശരങ്ങൾപൊഴിച്ചു
പെറുവലഞ്ഞിതുരുകുമിണിനങ്ങനെ-
നേറുതുണച്ചാരുദ്ധവരപ്പോൾ
സിന്ധുരമാനവരിപുവായുള്ളോ-
രന്തകനൈവരിയുമന്ധകനാഥനു-
മന്ധരകൈവിട്ടടനേതന്നെ
ബന്ധുരമേദമിയന്നതുനേരം
അസ്ത്രംകൊണ്ടുകളിച്ചുംതങ്ങളി-
ലസ്ത്രവിശാരദരാമവർതമ്മിൽ
ഈരേഴലകിനുകാരണരാകും
വീരന്മാരവർനേരിട്ടപ്പോ-
ളീരേഴലകും ഞെട്ടിവിറച്ചു
വാരിധിപൂരവുമൊന്നുകലങ്ങി.

ബാണനണഞ്ഞുടൻസാത്യകിതന്നൊടു
ബാണഗണംചൊഴിച്ചു ഒരു-
ക്ഷീണംക്രുടാതവൻതാനു-
മതുനേരംപ്രത്യസ്ത്രമെയ്തുനിന്നു
പൊല്ലിനാൻബാണനോ-
ടുല്ലാസമോടവൻനല്ലസമത്ഥനെടാതട-
വില്ലാതടിതകത്തീടുന്നതുണ്ടതിനില്ലവികല്പമേ
നിലെടവിലെട്ടുത്താഹവംചെയ്തിൽനീ [ദ്യു
ജ്ഞല്ലെന്നുവന്നുക്രുടുംദ്ധ-
മില്ലതിനിങ്ങൊരുവല്ലന്തിതെല്ലുമേ കല്യ! കണ്ണാ
മുല്ലബാണാരിതൻഭക്തനെന്നുള്ളൊരു [രഭാരാ!
ഡംഭുകൊണ്ടല്ലോവാൻ മമ
മല്ലവിലോചനൻതന്നുടെപുത്രന്റെ
പുത്രനെബന്ധിച്ചതും
പൊല്ലിയനോരനിരുദ്ധനെയിന്നുനീ
മല്ലാക്ഷിമൌലിയോടുംക്രുടെ
മല്ലാരിതൻമുമ്പിൽവച്ചുവണങ്ങുകിൽ
കൊല്ലാതയയ്ക്കുംനിന്നെ.
ഇപ്രകാരംപറയുന്നൊരുസാത്യകി
തന്നോടതിരോഷത്താൽബാണൻ
ക്ഷിപ്രംശരങ്ങൾപൊഴിച്ചുതുകണ്ടവ-
നപ്രിയംപുണ്ടതിനാൽ
ബദ്ധരോഷത്തോടുരണ്ടുപരിഷയും
ക്രുദ്ധന്മാരായിനിന്നുകൊണ്ടു
ബുദ്ധിമാന്മാരവർതങ്ങളിലുണ്ടായയുദ്ധമതെത്ര-
ചിത്രം!

പലരുംപലവിധത്തിൽരണംതുടങ്ങി
മലയുന്നചത്തുരണ്ടുപുറത്തുമുള്ളോർ
ചലിക്കുന്നചിത്തംകാണും ജനങ്ങൾക്കെല്ലാം
ഒലിക്കുന്നുചോരപ്പുഴപലവഴിക്കും
കരുത്തന്മാർഗദകൈയിലെടുത്തുകൊണ്ടു
കരുത്തേറും കരികളെ പൊരിച്ചീടുന്ന
കരത്തിൽ വാളിളക്കികൊണ്ടടുത്തീടുന്ന ചിലർ
കഴുത്തു മുറിച്ചുകലെക്കളഞ്ഞീടുന്ന
ശരങ്ങൾ ഗളങ്ങളൂടേ നടന്നീടുന്ന ചില
രൊരുക്കം നോക്കിപ്പോരിൽ കയത്തീടുന്ന
സമരേ വീണുമരിക്കും ജനങ്ങളെല്ലാ-
മമരസ്ത്രീകളോടൊത്തു രസിച്ചീടുന്ന
കലഹം ഭയങ്കരമായ് ചമഞ്ഞിതപ്പോൾ
കലഹപ്രിയമുനിയും രസിച്ചീടുന്ന
മലകളുലഞ്ഞിളകിച്ചുമഞ്ഞീടുന്ന
കടൽകലങ്ങീടുന്ന പാതുകുലുങ്ങീടുന്ന
ചിലർ ചിലരോടേറു പിണങ്ങീടുന്ന
ചിലരൊഴിച്ചീടുന്ന ചിലർ മരിച്ചീടുന്ന

Digitized By Kerala Sahitya Akademi

കുടകൊടിതഴകളും മുറിച്ചീടുന്ന
താഴെപ്പതിച്ചീടുന്ന രക്തം കുഴച്ചീടുന്ന
കാളികുളിരക്തം കണ്ടു മദിച്ചീടുന്ന
ഘോരകുടിച്ചീടുന്ന അഹങ്കരിച്ചീടുന്ന
ഭയമുടയവരോടിത്തിരിച്ചീടുന്ന
പാരംഭയമില്ലാത്തവർ കണ്ടു രസിച്ചീടുന്ന
മിടുക്കുള്ളവർകഠം പാഞ്ഞടുത്തീടുന്ന
ബാണംപൊഴിച്ചീടുന്ന കാണെക്കഴിച്ചീടുന്ന;
വേലായുധനും പ്രദ്യുമ്നനുമായ്
കോലാഹലമൊട്ട സംഗരമുണ്ടായ്
വേലുമുറിഞ്ഞതു നേരം സരസം
മേലാസംഗ്രഹമെന്നഥവാങ്ങി
ഘോരനിന വേലയെടുത്തീതൊരും
ക്രൂരാനല്ലിവനെന്നതു തന്നെ
ക്രൂരാനാം ശ്രീ നാരായണനോ
ടേറുപിണങ്ങാനെന്താവശ്യം?
അച്ഛനുമാനസതാരതിലിപ്പോ-
ളിച്ഛാഭേദംവന്നിട്ടെന്നെ
സ്വച്ഛമതാം മമ ദേഹം കീറി-
ട്ടയ്യോ വേദനസഹിയായല്ലോ
എന്നുനിനച്ചഥ സുന്ദരഗാത്രൻ
പോന്നൊരു ദിക്കിലിരിക്കും നേരം
കുടവയറേന്തി നഗണനായകനും
കുടവയറും കൊണ്ടോടിയണഞ്ഞു
അമലിടപുക്കുശംഖരവം താച്ചി-
ട്ടുരുതരുതെന്നു തിരിച്ചു നടന്നു
കളിക്കയും ചിലരാളിക്കയും ചിലർ
വിളിക്കയും ചിലർ പുളയ്ക്കയും
ചിലർ വരിക്കയും മോദമിളയ്ക്കയും
ഖേദം പെരുക്കയും പാരം ഛസിക്കയും
അട്ടഹസിക്കയും രണംസ്തുതിക്കയും
ചിലരൊഴിക്കയും ചിലർപഴിക്കയും
പടുതയുള്ളവർ പിടിക്കയും പട-
ഭടിക്കയും ഭേരിയടിക്കയും
അടൽക്കളമൊക്കെപ്പൊടിക്കയും വെട്ടി-
നടുക്കയും ചിലർ തിരിക്കയും
കടുത്തകരിപടമുടയ്ക്കയും വടി-
യെടുത്തു ചിലർ തമ്മിലടിക്കയും

ശരങ്ങളം പലവിധമയ്ക്കയും
തലതെറിക്കയും ഉടൽ മുറിക്കയു,
പരന്നപടകേട്ടു തിരിക്കയും ഘോര
പരന്ന പലവഴിയൊലിക്കയും
പരന്നകുതിരകഠം മരിക്കയും ശരം
നിരന്ന ജനമൊക്കെ മറക്കയും വില്ല
മുറിച്ചുരഥികളും മടിക്കയും
പടയ്ക്കുനാശം കണ്ടു കടുത്ത കോപംപൂണ്ടു
മിടുക്കുണ്ടെന്നു ബാണനടുത്തു കൃഷ്ണനോടു
കടക്കണ്ണം ചുവത്തിക്കൊണ്ടടുത്തു ദാമോദരൻ
എടുത്തു ശരം വില്ലിൽ തൊടുത്തു പ്രയോഗിച്ചു
കടുത്ത മാവ്വിടത്തിൽ കൊടുത്താനതുനേരം
തൊടുത്തു ചില ബാണം തടുത്തിതസുരനും
മടുത്താരമ്പൻ തന്നെക്കെടുത്തദേവൻറെകണ്ണൻ
തടിച്ചബാണനെന്നു നിനച്ചിടാതെ കൃഷ്ണൻ
ചൊടിച്ചു ബാണങ്ങളെപ്പൊടുക്കെന്നയയ്ക്ക-
പടയ്ക്കുമിടുക്കുണ്ടെന്നടുത്തങ്ങസുരനും [പ്പോഠം
കടുത്തരോഷത്തോടും മടിക്കാതയ്ക്ക ബാണം
തടിച്ചവനുതൻ താനും അമർത്യനാഥൻ താനും
നടിച്ചു പണ്ടുണ്ടായ സമരം കണക്കെയും
ശ്രീപതിനാരായണൻ ശ്രീദശരഥപുത്രൻ
ശ്രീരാമദേവൻ താനും വീരനാം രാവണനും
ഭാരുണതരം നേത്രത്തമ്മിൽ പൊരുമ്പോലെയും
ഘോരതരം സമരമുണ്ടായിതുനേരം
പൊല്ലാപ്പുപൂരവൈരിപൊല്ലിക്കൊണ്ടങ്ങയച്ചു
ശരനികരമുൾത്തടിവാർന്ന
കുന്തങ്ങളം കക്കടപരശ്വധവിശിഖം
ഒക്കെയെടുത്തതുനേരം
തക്കംനോക്കിച്ചോരിഞ്ഞ സുരശ്വരൻ
ബാണങ്ങളം വഷ്ടിച്ചു
നാരായണനും പുനരതു ഖണ്ഡിച്ചു
ഖണ്ഡിച്ചു ഖണ്ഡിച്ചും
ഖണ്ഡലസാരഥിയുടെത്തിതതു നേരം
തേരെയ്തുപൊടിയാക്കി
വാരിജനയനൻ സനാതനൻ കൃഷ്ണൻ
അശ്വങ്ങളം കൊലചെയ്തു
വിശ്വപ്പെരുമാളമേയനാവ്യക്തൻ
ചൊല്ലിക്കൊണ്ടതുനേരം
വില്ലംകുടയും മുറിച്ചു തഴപലത്തും

Digitized By Kerala Sahitya Akademi

കൊല്വാനായത്തദനേരം
വില്ലും കുഴിയെക്കുലച്ചുനല്വാരി
ചെല്ലുമ്പോൾ ബാണനൻറ
മാതാവതിഭീതിപൂണ്ടു വശനാടി
താംബുജനയനൻ തന്നടെ മുമ്പിൽ
താംബൂലമംബരമാക്കിട്ടവളും
നിന്നതുകണ്ടു മുകുന്ദൻ തിരുവടി
നിന്ദിച്ചുടനേ പിന്മുതിരിഞ്ഞു
താനേരത്തുടനോടിച്ചുടി
ച്ചെന്നാങ്ങു മുറിയിലൊളിച്ചിതു ബാണൻ
പുരനാശനഭഗവാനത്തനേരം
പരിചൊടുടൻ പനി നിർമ്മിച്ചുടനേ
തെരുതെരെ വീണുവിറച്ചു തുടങ്ങി
കരികാലാരം കുതിരപ്പടയെല്ലാം
വണ്ണികളെല്ലാം പനിപൂണ്ടുടനേ
വീണുവിറച്ചീടുന്നതു കണ്ടു
ഉണ്ണിച്ചുടനേവൻപനിതന്നെ
കൃഷ്ണൻ തിരുവടിയും നിർമ്മിച്ചു
വിഷ്ണുജ്വരമതു വന്നു തുടങ്ങി
വൻപനിതന്നൊടു സംഗരമപ്പോൾ
തോറവു തുടങ്ങി ശിവജ്വരമപ്പോ-
ളേറവു തട്ടുപ്പതിനെതുല്ലാഞ്ഞു
പോറുവതിന്നൊരുവരുമില്ലാഞ്ഞു
പോററിവിളിച്ചു കരഞ്ഞതിവേഗം
നാരായണനുടെ പാദസരോജേ
ആതിനുതിചെയ്താങ്ങതിഭയമോടേ
നാഥാമുകുന്ദശൌരേ! പരിപാഹിനാഥ
മുകുന്ദശൌരേ! നാഥാനീയല്ലാതില്ലേ
പരാശ്രയം പാഥോജനേത്ര! ഭവാൻ
ഭീതിയൊഴിച്ചു പരിപാലിച്ചീടണം
ഭൂമിപതേ പുരുഷോത്തമ! കൃഷ്ണാ (നാഥാ)
അച്യുതാനന്തജയജയ ജയ!
സരസീരുഹലോചനസച്ചിൽസ്വരൂപ!!
സനാതനകൃഷ്ണാ
സത്യസ്വരൂപാ വിഭോ! (നാഥാ)
താവകപാദയുഗം ഗതി മമ
പാവനശീല! വിഭോ മാധവ!
നിൻകൃപാവൈഭവംകൊണ്ടെൻറെ
ആധിയും വ്യാധിയും നീക്കിരക്ഷിക്കണം (നാ

സർവ്വലോകേശ പരാപരവര
ദുർവ്വീകരശയന! സർവ്വസ്ഥിതികരാ
സർവ്വഭൂതാത്മക! സർവ്വദാ പാഹി മാം
പാഹി ദയാലോ (നാഥാ)

ഇങ്ങിനെയുള്ളോരുനുത കേട്ടടിനാ
മംഗലമൂർത്തിമധുരിപുഭഗവാൻ
തിങ്ങിനപരവശഭാവമിയന്നൊരു
വൻപനിതന്നടയെത്തുമുരുളി
നിന്നീടുന്നതു നേരത്തിങ്കൽ
വന്നിതു പോരിനു വീണ്ടുബാണൻ
നീണ്ടതടിച്ച ഭുജങ്ങളൊരായിര-
മുള്ളതിൽ വില്ലും ശരവുമെടുത്തു
കുണ്ഠതയെന്യേദശകണ്ഠൻവൈ-
കുണ്ഠൻതന്നൊടു നേർത്തതുപോലെ
ആർത്തുതിമിർത്തു കളിച്ചുപുളച്ചുട-
നാർത്തിവെടിഞ്ഞു പടഞ്ജനമോടും
നേർത്തിതു പടുവാക്യങ്ങളും പറഞ്ഞത
ധുർത്തൻ പോർത്തു മടുത്തതുനേരം
രേരേഗോകുലകീടാ നില്ലെട
നേരേനമ്മൊടു വാടാപോരിനു
ക്രൂടാനിന്നുടെ വികൃതികളെന്നൊടു
ശൂരാമോദം പോരാടീടുക
നരകനല്ല മുരനുമല്ല വാരണ-
മുഖരുമല്ല കുംസനല്ലിതതിബലാ
വേറെയുള്ളവീരനെന്നേകരുതുക
വിരുതുകളൊരുവകതെരുതെരെവളരുമ-
തഖിലമൊഴിപ്പാൻ ശരനിരയുരുതരെ
വരുമതുവീരനെങ്കിൽ നേരേനിന്നുസംഗര
ശൂരനാകുമെന്നാടെയ്തുവിക്രമ-
മെക്കെയിന്നു നിങ്കലെങ്കിലച്യുത'
കരുതിനിന്നൊരുത്തുകൊൾകമാധവ!
കൊടിയും കുടയും വിരുതുകളും വടിവിലെടുത്തു
നിന്നുടനടലിൽ പൊടിപെടുത്തു
നിന്നുടെതടിതകർത്തു നിന്നമർത്തി
വെക്കമിഹാസ്ഥടിതികുഴച്ചൊരു
പിണ്ഡമതാക്കിവയ്ക്കുമീ ഞാനൊരു
ദണ്ഡമെന്നിയേ വെണ്ണതിന്ന
പൊണ്ണനായ നിന്നുടെ ചണ്ഡ-
ബാഹുവിക്രമങ്ങളൊക്കെയും

Digitized By Kerala Sahitya Akademi

മുന്നിൽനില്ക്കിലോക്കുനിന്ന സങ്കടം
വന്നുകൂടുമെന്ന ധൃത്തയാദവ!

എന്ന പറഞ്ഞുടനെയ്തിതു ബാണൻ
കുന്നിടുന്മൽ മഴപെയ്യുംദപാലെ
പന്നഗശായിയുമ്പു കണ്ടുപ്പാം
സന്നാഹത്തൊടടുത്തസുരൻമെ-
യ്യൊന്നൊഴിയാതെ തറച്ചിതുബാണം
വന്നൊരുകോപം സഹിയാഞ്ഞുപ്പാം
പേരാൽ തന്നുടെ വേടുകം പോലെ
പെരുതായുള്ള കരങ്ങളശേഷം
നാരായണനഖിലേശൻ കൃഷ്ണൻ
നേരേനിന്നു മുറിച്ചു തുടങ്ങി
പൂരരിപുഗേവാനതുകണ്ടുടനേ
മുരരിപുതന്റെ സമീപം പുക്കു
ആരുതരുതെന്നാക്കൊല്ലുതെന്നു
തെരുതെരെയരുളിച്ചെയ്താനുപ്പാം
കരുണാകരന്നുടെ പാദസരോരുഹ
ശരണം ചൊല്ലിവണങ്ങിമഹാഗ്രണ-
നിധിയായിടിനഗേവാൻ ഗണപതി
ജനകൻസ്തുതിചെയ്തിദമത്തനേരം

കൃഷ്ണ മുകുന്ദ! മുരാന്തക! മാധവ!
ജിഷ്ണുമുഖാമരവന്ദിതകേശവ!
ജിഷ്ണുസഖേ! ജഗദീശ മനോഹര!
വൃഷ്ണികുലോത്തമ! വിശ്വംഭര ജയ!
കൃഷ്ണ പയോദനിഭോജ്ജ്വലലോചന!
തൃഷ്ണാതരളിതചിത്തമുനീനാം
തൃഷ്ണാശാന്തിദവിഗ്രഹഗേവൻ!
വിഷ്ണോജയജയ! വിശ്വസ്ഥിതികര
തച്ചരണാംബുജചിന്താപരിവൃത
നിശ്ചലബുദ്ധിമഹാബലിതനയൻ
മച്ചരണാഭ്യുപകാരണതോഹൃദി
തൽകൃതദോഷമശേഷമിദാനീം
വിസൃണം ചെയ്തിപ്പുരിപാലയ;
ഭക്തപരായണ ദീനദയാലോ!
കാലാന്തകനുടെ കല്പനയിങ്ങിനെ
കോലാഹലമൊടുകേട്ടടനപ്പോൾ
നീലക്കാർ നിറമൊത്തമുകുന്ദൻ
കാലോചിതതരമുരുളിച്ചെയ്തു;

തൽക്കേതനതാമിവനിനിമേലിൽ
മൽക്കേതനതാഭ്യുന്നീടട്ടേ!
മിഞ്ചിനപാണികളും നാലും കൊണ്ടഥ
നിൻചരണങ്ങളും പണിഞ്ഞിഹപാശേ
കിഞ്ചനരീതിലുചിക്കാതനിശം
സഞ്ചിതമോദം വാണീടട്ടെ
നാരായണനുടെ കല്പനയിങ്ങിനെ
മാറാന്തകനും കേട്ടതെളിഞ്ഞു
പാരാതടിമലർ വീണുവണങ്ങി
നേരേ പുരിപുക്കുടനേവാണാ
ശുദ്ധനതാമനിരുദ്ധൻതന്നെ
ബദ്ധാനന്ദം ഇഷ്ടയെഴുക്കൂടി
മുഗ്ദ്ധവിലോചനയാസ്സുനൽകി
ബുദ്ധിയിൽ മോദമിയന്നു വണങ്ങി

ദേവദേവദയാനിധേ! ദനുജാന്തകാ പരി-
പാഹിമാം
വേദസാമമനോഹരാനഘ! മോദശീലന-
മോസ്തുതേ
ആദിയിൽ മകരാകൃതീമഴകോടുപൂണ്ടനിരാമയം
ചാരുക്രമ്മകളേബരധര! ലോകനാഥനമോ-
സ്തുതേ!
കോലകോലമിയന്നകേശവനീലലോല-
വിലോചന!
മാലശേഷമൊഴിച്ചുപാലയ! പദ്മനാഭ!-
നമോസ്തുതേ!
നരകനാശനദുരിതഹരമൂർതിവേഹര കരുണാ-
നിധേ!
നാരസിംഹമഹാകൃതീധര! ദേവപാഹി -
നമോസ്തുതേ
പണ്ടുമൂവടിയായളന്നുടയങ്കരംഭുവനത്രയം
ഭൂമികാന്തമനോഹരാഭുവനൈകനാഥനമോ-
സ്തുതേ
പരശുധരവടിവായതും ദശരഥനന്ദനനായതും
പരമപുരുഷതയായതും ബലദേവനായുളവാ
യതും
വൃഷ്ണിവംശകുലോത്തമാപുരുഷോത്തമായ-
നമോസ്തുതേ!
ദുഷ്കർമ്മമഹോവോന്നൊടുഷ്ടനായിഹചെയ്തതും
കഷ്ടവാക്കുപറഞ്ഞതും ശരമിട്ടടക്കിയയച്ചതും
ഒക്കെനിന്തിരുമേനിതന്നെക്ഷമിക്കിലേഗതി-
യുള്ളുമേ

Digitized By Kerala Sahitya Akademi

ഈവണ്ണം സ്തുതിചെയ്ത ബാണനോടരുനേരം
ഈരേഴലകിന്നീശൻ കാവ്ണ്ണനരുൾചെയ്തു
ബാണാ! വരിക നല്ല വണ്ണം നിനക്കു
പൊണ്ണന്മാർ വൈരികളാൽ ഭണ്ഡമൊകയില്ല
ശ്രീമഹാദേവൻ തൻെറ ശ്രീപാദങ്ങളുംക്രുപ്പി
ശ്രീമാനായിവിടത്തിൽ ശോഭയിൽവാണുനീയും
ശ്രീപതിയേവം കല്പിച്ചുമോദത്തോടുക്രുടെ
ശ്രീസുതാത്മജനോടും ശ്രീസമയുഷ്യയോടും
ശ്രീമദ്ദ്വാരകാപുക്കരം ജനങ്ങൾം ജയ
ശ്രീയോടുമൊരുമിച്ചു വാണുസുഖിച്ചുചിരപ്പോൾം

ബാണയുദ്ധം ഒട്ടൻതുള്ളൽ സമാപ്തം.

# പാത്രചരിതം.

## ഒട്ടൻതുള്ളൽ.

ചെന്നുവസിച്ചു മഹാപ്രിപിനേപുന-
രെന്നും പണ്ടറിയാത്തനൃപന്മാർ!
കൊടുവെയിൽ കൊണ്ടുവിയത്തുതളന്നൊരു
കടയും ക്രടെക്കിടയാതങ്ങിനെ
ചെടുതായുള്ളൊരു കാട്ടിൽ പുക്കു
നടപ്പാനുള്ളൊരു സംഗതിവന്നു
കിഴവന്മാക്കു കഷണ്ടിമറപ്പാൻ
പഴതായുള്ളൊരു മുണ്ടുംനാസ്തി
മഴപെയ്യുകിൽ നനഞ്ഞു നനഞ്ഞി-
ക്കിഴവന്മാർ ചിലർ ചാകേയുള്ള
കുന്തീസുതരെക്ലേശിപ്പിപ്പാ-
നെന്തിനു താനിഹക്രുടെപ്പോന്നു
നിങ്ങളശേഷം പോരുന്നേര-
ത്തങ്ങുനമുക്കുവസിപ്പതുചിതമോ?
അങ്ങിനെയായ്തു പുറപ്പെട്ടെന്നാ-
ലിങ്ങിനെ പട്ടിണിയിടുകേയുള്ള
കൊറിനു വകയില്ലടവിയിലെന്നതു
മുറവും തൊനതു ചിന്തിച്ചില്ലം

ധർമ്മപരായണമാനസനാകിന
ധർമ്മാത്മജനും പവനാത്മജനും
അർജ്ജുനനും നകുലൻ സഹദേവനു.
മജ്ജനമൈവരുമവരുടെ ഭാര്യയും
സമ്പത്തികലുമാപത്തികലു-
മൻപൊടുക്രുടിവസിച്ചീടുന്നൊരു
എമ്പത്തെട്ടു സഹസ്രം വിപ്രരു-
മിമ്പമിയന്നു വനത്തിൽ പുക്കു
കള്ളം പെരുകിനശകുനി ശാൻ ബത
കള്ളച്ചൂതുകളിച്ചു ചതിച്ചുട-
നുള്ളധനങ്ങളം പിടിച്ചു പറിച്ചു
തള്ളിയയച്ചിതു കുന്തീസുതരെ
മുന്നാമുട്ടത്തൊരു വസ്ത്രമതല്ലാ-
തൊന്നുമവക്കു ലഭിച്ചതുമില്ലം
ഖിന്നതപൂണ്ടു വിശന്നു തളന്നൊരു
മന്നവർ നാഥനുമനുജന്മാരും
തനുഭംഗീമണിപാഞ്ചാലിയുമവ-
രുന്നതമാകിനമലയുടെ നികടേ

Digitized By Kerala Sahitya Akademi

കലയും പുലിയും നിങ്ങടംകുണ്മാ-
നിലയും വച്ചിഹ പാത്തിടുവതോ?
നിലയില്ലാതെ പുറപ്പെട്ടെന്നാൽ
വലയുന്നതിനൊരു പോംവഴിയില്ല
മലയിൽ പോന്ന കിടപ്പാൻ നമ്മുടെ
തലയിലെഴുത്തിദമെന്നാവേണ്ടൂ
വലയിൽ പെട്ടുഴറുന്നപ്പോലെ
പിലയംവിട്ടൊട്ട വന്ന ടവിക്കും
മലയാളികളും പരദേശികളും
പലയാളുകളുടെരമനതന്നിൽ
സ്ഥലവും വച്ചുടനിരവും പകലും
നലമൊട്ടു കൊറവു കഴിച്ചുവീടുന്നു
ഫലമില്ലാരിഹ കാട്ടിൻ നടുവിൽ
ജലവും ക്രൂടെ ലഭിക്കാതിങ്ങിനെ
പലരും ഹന്ത കിടന്നുഴലുന്നൊരു
ഫലമൂലങ്ങളുമില്ലതായി
കഷ്ടം കഷ്ടം; ദുര്യ്യോധനനതി
ദുഷ്ടൻ ദുഷ്ടൻ ദുശ്ശാസനനും
അവരുടെ നമ്മാവനുമതിദുഷ്ടൻ
കപടക്കാരൻ ശകുനികുശീലൻ
ധർമ്മാത്മജനെയുമനുജന്മാരെയും
അമ്മാപാപികൾ കള്ളച്ചൂതെ-
ന്നുള്ളൊരുകപടം കൊണ്ടുവനത്തിൽ
തള്ളിമറിച്ചൊരു ശാതയ്ക്കിപ്പോൾ
കള്ളന്മാരുടെ വീടും പുരയും
കൊള്ളിയെരിച്ചു കരിച്ചേതീരു;
കുറിയരിവെച്ചുവെളുത്തൊരുചോറും
കറിയും നെയ്യും തൈരും കൂട്ടി
നിറയെക്കൊറവു കഴിച്ചുവസിപ്പാൻ
കുറവല്ലന്നണരെൺപതിനായിരം
ഇങ്ങിനെയുള്ളമഹാബ്രാഹ്മണരെ
ഇങ്ങിനെ കാട്ടിൽ പട്ടിണിയിട്ട വി-
ശന്നുതളർന്ന കിടന്നുഴലാൻവഴി-
വച്ചവരൊക്കെനശിക്കണമെന്നു ശ-
പിക്കണമിജ്ജനമൊക്കെക്രൂടീ-
ട്ടിക്കപടത്തിനതേ മതിയാവൂ
നമ്മുടെയില്ലത്തച്ഛനമ്മയു-
മനുജ്ജനവും മക്കളുമെല്ലാം
നമ്മുടെ മൂലം പലവുകഴിച്ചുവർ
നന്മയിലവിടെപ്പാർത്തിടുന്നു
നെല്ലും പണവും വസ്തുവുമെല്ലാം
ഗുണവാന്മാരിവരെവരുമങ്ങുത-
രുന്നു കാരണമില്ലാത്തരുവി-
രുന്നവരുന്നോക്കുവിടുകിടക്കും
പാർത്ഥന്മാരുവാഴുക്കുപ്പോൾ
ഔച്ചം നമ്മുടെ ധർമ്മമിതെല്ലാം.

അപ്പോൾ പറഞ്ഞാനൊരുവിപ്രൻ നമ്മുടെ-
യില്ല
ത്തപ്പൻമരിച്ചപ്പിനൊസല്ലം കടംപിണഞ്ഞു
കണ്ടംകുഴിച്ചെയ്യുന്ന കണ്ടൻറതാന്തോന്നി-
ത്തം
കൊണ്ടെൻറ കണ്ടമെല്ലാംകണ്ടോർകരസ്ഥ-
മാക്കി
രണ്ടുകന്യകമാരുമുണ്ടുനമുക്കു അതു
രണ്ടുമൊരുമിച്ചുതിരണ്ടവരെവേട്ട
കൊണ്ടുപോവാനാരെയും കണ്ടില്ലാനമുക്കതു
കൊണ്ടുവിഷാദം പാരമുണ്ടു മനസ്സിൽ പിനൊ
രണ്ടുപണംകിട്ടുന്നദിക്കിൽ കടയും കൊണ്ടു
മണ്ടുവാനെനിക്കൊട്ടുമാരോഗ്യമില്ലതായി
ശാന്തിചെയ്യുന്നതെല്ലതല്ലെന്നറച്ചുപോന്നു
കുന്തീതനയന്മാരെസ്സേവിച്ചിരിക്കും കാലം
കാട്ടിനു പോവാൻ വട്ടംകൂട്ടിപ്പുറപ്പെട്ടെന്നു
കേട്ടഞാൻ ക്രൂടെപ്പുറപ്പെട്ടവെന്നതേവേണ്ടൂ
കാട്ടിൽ ചെന്നാലും നമുക്കുട്ടിൽചോറുംകറിയും
കിട്ടുമെന്നോർത്തു പോയി കഷ്ടം ഞാനെന്തുചെ-
യ്വൂ
കായും കനിയും തിന്നുവായും കുഴഞ്ഞുകാട്ടിൽ
രാവുംപകലുമങ്ങുപായുന്നതിൻറ മൂലം
കായംപിടിക്കുമൊരുപായും വിചാരിക്കാതൊരു
നായിൻറകുട്ടതൻറകൈയുംതലയ്ക്കൽവച്ചു
മണ്ണിൽകിടക്കപാരംദണ്ഡമയ്യോ! നമുക്കി-
വ്വണ്ണംവരുത്തിയതാപ്പൊണ്ണൻ ദുര്യ്യോധനൻ.
മറൊരുഭ്രസുരനുരചെയ്താനിഹ [താൻ
കുറമൊരുത്തൻ പറവാനില്ല
മാറാരികളായിട്ടൊരുവകവളരെ
പ്പോറാരികളിങ്ങനെനുപനെവലപ്പാൻ
പാറാകൾപോലെപുറപ്പെട്ടവരെ-
പ്പോറുവതിനൊരുനുപനെളുതാമോ

Digitized By Kerala Sahitya Akademi

ന്തറവർ പെയ്താകുള്ളിൽ
തോറാവനത്തിലിരിക്കുന്നവരുടെ
ക്രൂരനിയോഗമിടിഞ്ഞുപെട്ടാന്നിതു
മാറിത്തെഴിലിൻറമഹത്വം
ഇണ്ണണമെന്നുമുറങ്ങണമെന്നും
പെണ്ണുങ്ങളൊടുരസിക്കണമെന്നും
കണ്ണിൽക്കണ്ടജനങ്ങളെയെല്ലാം
എണ്ണിക്കൊണ്ടുഷിക്കണമെന്നും
ഇത്തെഴിലല്ലാതിപ്പരിഷയ്ക്കാരു
വസ്തുവിചാരമൊരിക്കലുമില്ലാ
കൊറുകഴിഞ്ഞുവരുമ്പോളുടനേ
വെറിലചുകയിലകൊണ്ടുവരാഞ്ഞാൽ
മുറുംനമ്മുടെചന്ത്രക്കാരനു
കുറുംവാശ്ശുതമാന്നുണ്ടാക്കും
മാറുള്ളവരുടെസങ്കടമെന്നതു
മുറുംനമ്മൾവിചാരിക്കില്ല
പോറ്റികളെന്നൊരുപേരറിയേണം
മാറികളായതുകാരണമറിവാൻ
അങ്ങിനെതിന്നുതിമത്തുകിടപ്പവ-
രിങ്ങിനെപട്ടിണിയിട്ടുകിടപ്പിൻ
തങ്ങടെകൊറിനുവകയില്ലാത്തവ-
രെങ്ങിനെനമ്മെരക്ഷിക്കേണ്ടൂ?
അങ്ങുസുഖായനനാദികളാരും
നിങ്ങടെചാവുവിലക്കുകയില്ല
പെങ്ങാതികളിഹകാട്ടിൽനടന്നുമ-
യങ്ങാതങ്ങുനടന്നാലും പുന-
രെങ്ങാന്തുട്ടുള്ളടത്തെത്തിമു-
ടങ്ങാതഷ്ടികഴിച്ചുവസിപ്പിൻ
നിങ്ങടെവസ്തുവിലുകയില്ല-
ഭുജംഗഭൂജനതുബോധിച്ചാലും
മതിമതിനിങ്ങടെടുസ്സുമത്രൂം
ഗതിയില്ലാത്തവരായിഹഞങ്ങൾ
അന്തണരെക്കൊണ്ടാനകളിച്ചാ-
ലന്തരമുണ്ടാമഖിലന്മാക്കും
ഉമ്മാൻവകയില്ലാഞ്ഞിട്ടല്ലീ
ഞങ്ങടെക്രൂട്ടംനമ്പൂതിരിമാർ
ധർമ്മാത്മജനുടെപുറകേപോന്നതു
കർമ്മാധീനമതെന്നുധരിപ്പിൻ

ദുഷ്ടവിചാരംവസ്തുവുമെണ്ണുകയെല്ലാം
നാളുകൾമുതാറും തന്നുടെപുലത്തും
ഭൂപതിവരരാം പാണ്ഡവരെപ്പുന-
രാപത്തിങ്കലുപേക്ഷിക്കാമോ?
ഗുണവാന്മാരാമിവരെവെടിഞ്ഞൊരു
ക്ഷണമാത്രംവൈഷമ്യമിരിപ്പാൻ
മനമുള്ളാരുകുസുമങ്ങൾതിരഞ്ഞി-
ട്ടണയുന്നീല്ലവണ്ടുകളെല്ലാം?
ഇവരൊടുചേന്നാൽ ദുഃഖംസുഖമാ-
മിവരെവെടിഞ്ഞാൽ സർവ്വംദുഃഖം
ആയതുകൊള്ളാമപ്പിടിക്കെന്നൊരു-
പായമിതെന്നുമുക്കുവിഷാദം
ഉണ്ണണമുള്ളതുപേക്ഷിച്ചാലി-
പ്രാണനെയെങ്ങനെരക്ഷിക്കുന്നു;
ഫലമൂലാദികളഷ്ടികഴിച്ചാൽ
മലമൂത്രാദികളൊഴികയുമില്ലാ
ജലവുംകുടിയാതിങ്ങിനെപാർത്താൽ
ബലവുംകെട്ടുമരിക്കേയുള്ളൂ
താടിക്കാക്കുവനഞ്ഞിൽതാരും
മോടിക്കാക്കുതുചേരുകയില്ല
ചാടിക്കടിക്കുടുംകുടുവായെ
പേടിച്ചിട്ടിഹപാർപ്പാൻമേലാ
താനിങ്ങിനെപായുന്നതിനർത്ഥം
ഞാനിങ്ങാപ്പെയറ്റിതുവിപ്രാ!
ഇപ്പോളൊരുചെറുചക്കിപ്പെണ്ണിനു-
ടുപ്പൻപാതിപ്പുടവകൊടുപ്പാൻ
മോഹിച്ചൻപതുചക്രംസുപ്പൻ
നംപൂതിരിയൊടുവാങ്ങിച്ചുടുപ്പാം
അപ്പരമാർത്ഥംകേട്ടുകലമ്പി-
ട്ടുപ്പൻനംപൂത്തുച്ചുന്തന്നെയ-
ടിപ്പാൻറാവുണ്ടെന്നതുകേട്ടേ-
യപ്പെട്ടോടിയൊളിച്ചില്ലേതാൻ
പിന്നെപ്പലരുംസംസാരിച്ചാരു
വണ്ണംഴപ്പിലെയരിശുമൊഴിച്ചു
പെണ്ണിനുപുടവകൊടുത്തെന്നുള്ളതു-
മുണ്ണിക്കിട്ടൻപോറ്റിപറഞ്ഞു
അങ്ങിനെയുള്ളാരുബാലപ്പുണ്ണിനെ
ഒ ഞാനിഹകാണാതുടവിയിൽ



Digitized By Kerala Sahitya Akademi

വാസംചെയ്യുന്നെന്നല്ലേ? വന
വാസവിരക്തനെനിക്കിന്നവിപ്രാ!
ഇങ്ങനെപലതും പലപലവാക്കുപ
റഞ്ഞുവിശന്നുതളർന്നവനാന്തേ
തിങ്ങിനപരവശഭാവം പുണ്ട
മങ്ങിനമുഖമൊടുവാഴുംകാലം
ധർമ്മതനൂജനുമനുജന്മാരും
കർമ്മബ്രാഹ്മണവരനുടെസങ്കട-
മൊന്നൊഴിയാതെയറിഞ്ഞുമുകുന്ദൻ
തൻകഴലിണയുണയെന്നമനസ്സിൽ
ചേർത്തുരുകിക്യാചെന്നുകളിച്ചു-
നോർത്തിനനാലിനുമാശ്രയമാകിന
മുത്താണ്ഡനെവഴിപോലെമനസ്സിൽ
ചേർത്തഥനിന്നുതപസ്സുതുടങ്ങി.

മുകിയ ആടന്ത.

നാഥദിനേശ നമോനമോനാഥാ! ദിനേശ
നാഥാ വിഭോകര' നാഥാ വിഭോകര!
നമസ്തേഹിത പുരണത്തിനുകാരണ!ഖലുനാഥാ
കാരുണ്യമൂർത്തേ!കരംബിതതാരുണ്യമൂർത്തേ!
ആരുനിനച്ചാലൊഴിച്ചുൽക്കടാതൊരു
ഘോരപാപനിവാരണത്തിനു
പോരുമിന്നുഭവാനതീശ്വരാ (നാഥ)
പാർത്ഥന്മാർഞങ്ങൾപരാധീനപാർത്ഥന്മാർ-
ഞങ്ങൾ
പാർത്ഥിവഭാവംവെടിഞ്ഞുവിനംപുക്ക
പാർത്ഥനിൻപദമാർത്തുചേതസി
മുമ്പിൽവീണിതാകമ്പിടുന്നേൻ (നാഥാ)
ഉത്തമന്മാരാംമഹീസുരസത്തമന്മാരും
ഭക്തവനംതന്നിൽവന്നവിശന്നട-
നത്തൽപൂണ്ടുവശംകെടുന്നമാഥതാമുള്ള
മഹാജനങ്ങൾ (നാഥാ)
നന്നിതാവഷ്ടംമഹാവിപ്ര
വൃന്ദമശേഷം
നന്ദിപ്പിച്ചീടുകനാഥ! ദിവാകര
സുരന്മാക്കും നരന്മാക്കുംവരംനൽകും (നാഥാ)
പാർത്ഥന്മാരുടെമനസിഹിതംപര-
മാർത്ഥമറിഞ്ഞൊരു പാവനമൂർത്തി
മാർത്താണ്ഡൻപുനരവരുടെനികടെ
പൂർത്തുവന്നപ്രസാദിച്ചരുളി

ധർമ്മതനൂജനുകേൾടരഫൽഗുന
നിർമ്മലനകുലസഹദേവാ
കർമ്മക്ഷരഹിതേ കൃഷ്ണേ! നിങ്ങടെ
നന്മവരാനൊരുവരമേകണമെന്നാൽ
ദിവ്യമതാകിനപാത്രമിരുത്തുത
മവ്യയമന്നമിദമാഗ്രഹമുണ്ടെന്നാൽ
എന്തൊരുവസ്തുലഭിക്കണമെന്നാൽ
പിന്തിക്കുന്നവകിട്ടുമവറിൽ
സന്തതമുളവാം ചോറുംകറികളു-
മന്നവരുടെയുഷ്ടിവരുത്തുക
എമ്പെരുമ്മാളുസഹസ്രംദ്വിജരുടെ
നമ്പെത്തൊക്കെവരുത്തിക്കൊൾവിൻ
ആദ്യമുടങ്ങിമുടങ്ങാതിവിടെ
സദ്യയുടങ്ങിക്കൊൾകനരേന്ദ്ര!
പഥികന്മാക്കുംചോറുകൊടുത്തുട-
നധികംപ്രീതിവരുത്തിക്കൊൾവിൻ
പാഞ്ചാലീ നീ വിപ്രന്മാക്കിഹ
പഞ്ചാരപ്പാൽപായസമധുനാ
ആഞ്ചാതങ്ങുവിളമ്പീടുകബഹു
പഞ്ചാമൃതവും ഗുളവും ദധിയും
നിന്നുടെയഷ്ടികഴിഞ്ഞാൽപാത്രേ
ഭാനംപാൽപഴമെന്നിത്യാദികം
ആടിവസംപുനരുണ്ടാകില്ലെ-
ന്നറിയണമരചന്മാരേ! നിങ്ങൾ
പഥികന്മാരുടെവരവുനിലയ്ക്കേ
പാഷ്ടിനീയും ഭക്ഷിക്കുവു
മതിയന്മാർചിലർ കുസൃതിപറഞ്ഞു-
മയുനീകരുതിപ്പാർത്തീടേണം
ഉത്തരമരുൾചെയ്തീടിനസുയ്യൻ
സത്വരമുത്തമപാത്രംനൽകി-
ത്തത്രമറഞ്ഞൊരുസമയേ പാണ്ഡവ-
രത്രവനത്തിലുറങ്ങീടുന്നൊരു
ധാത്രീസുരരെച്ചെന്നുപയുക്കെ
യുറക്കമുണർത്തിത്തൊഴുതുരചെയ്തു
കാനനനദിയിൽ ബ്രാഹ്മണരെല്ലാം
സ്നാനംചെയ്വാനാശുഗമിക്ക
മുണ്ടുംചുടവയുമെല്ലാം കടവിൽ
കൊണ്ടുവരുംകൊച്ചുനജന്മാരു്

Digitized By Kerala Sahitya Akademi

എണ്ണയുമവിടെത്താളിയുമീഞ്ചയു-
മെല്ലാവക്കും വട്ടംകൂട്ടി
എലവയ്പ്പാനുമടുത്തുവനത്തിൽ
സ്ഥലവുംവെച്ചുകുളിപ്പാൻപോവിനാ
എന്നതുകേട്ടൊരുവിപ്രൻചൊന്നാ-
നെന്തൊരുവാക്കിതു വിപ്രന്മാരേ
കെന്തന്തേയെന്ദ്രനമനുജന്മാക്കും
ഭോജ്യപിടിച്ചേ? പരിഹാസമിതോ?
അയ്യോ ശിവ ശിവ! കാട്ടിൻനടുവിൽ
തീയുംപുകയും കാണ്മാനില്ല
വെറ്റിലനാസ്തിമടുപ്പുള്ളിക്കാ
രാരുംക്രടെപ്പോന്നിട്ടില്ല
അരികഴകന്നതുകാണ്മാനില്ലാ
കറിവയ്ക്കുന്നതുകാണ്മാനില്ലാ
തേങ്ങാകണ്ടിയുടച്ചൊരുശബ്ദവു-
മെങ്ങാനൊരുദിശികേൾപ്പാനില്ലം
ഇലവയ്പ്പാനുമടുത്തെന്നിങ്ങനെ
ഫലിതംപറയുന്നെന്നുനരേന്ദ്രൻ
വാഴ്ത്തുമൊന്നുകുളിച്ചുവരാം പുന-
രീശ്വരവിലസിതമാക്കിയാവു?
എന്നുപറഞ്ഞവർ കാനനനദിയിൽ
ചെന്നുനിറഞ്ഞൊരുനേരത്തിങ്കൽ
ആനേരത്തൊരുവാപ്പുനിറച്ചുട-
നെണ്ണയുമവിടെത്താളിയുമീഞ്ചയു-
മെന്നോ! വിസ്മയവിസ്മയമെന്നവ-
രെണ്ണയെടുത്തഥതച്ചുതുടങ്ങി
കണ്ണിലൊലിച്ചും കാതിലൊലിച്ചും
കണ്ണുകലിച്ചുകയത്തുവിളിച്ചും
തെക്കുവടക്കുമിശക്കാരാ!
വെക്കംതാളിപതിച്ചിറകൊണ്ടാ
എന്നവരാടിടഘോഷിക്കുമ്പോൾ
ചെന്നഥനകുലൻ താളിപിഴിഞ്ഞു
ഇങ്ങനസപത്നികളിച്ചുമഹാജന-
മങ്ങുവനത്തിൽ വരുന്നൊരുനേരം
തനിച്ചു പാന്ഥത്തിൽ നിന്നു ജനിച്ചോരിലക്കെട്ടകൊ-
ണ്ടൊരിക്കലല വിപ്രന്മാരു നിരക്കെയിലയും
വച്ചു

കുമ്പിൾ കോരിക്കൊടുത്തു മാരുതി
കൈയിൽ
വെള്ളത്തിലാർ കോരികയിൽ നിറച്ചുപാഞ്ചാ-
ലിതെല്ലാ
വിളമ്പിത്തുടങ്ങീ ചൊറവു വിളംബംകൂടാതെ
തന്നെ
ഇളഞ്ചോനവാഴയ്ക്കായുംഇളവൻ വെള്ളരിക്കായും
ഇടയിലെന്നാരെരിശ്ശേര ഇലയ്ക്കാക്കെവിള-
മ്പുന്നു
വരുത്തനേന്ത്രവാഴയ്ക്കാക്രുക്കുമുണ്ടയ്ക്കാചക്ക-
മുളയുമുപ്പേരിക്കുട്ടം വളരെ വിളമ്പീടുന്നു
ചെറിയ പപ്പടം പിന്നെ വലിയ പപ്പടങ്ങളു
കുറയാതെ പഞ്ചസാരശ്ശർക്കരയും പായസം തേനും
പരിപ്പുപച്ചടിച്ചുവംകരിമ്പിൻനീർനല്ല
പാലും
പൊടിയുപ്പുവൽക്കൂട്ടുകറിപൊടിച്ചു വേപ്പിലക്കട്ടി
തൈരിച്ചുകുന്നമ്പഴവും തടിച്ചുവണ്ണമ്പഴവും
പരിപ്പുപ്രഥമൻ പക്കപ്രഥമനടപ്രഥമൻ
നിരപ്പിൽ വിളമ്പിമാങ്ങാ പുളിശ്ശേരിതൈരും-
മോരും
ചുക്കും ജീരകമിടചേർന്നുരുക്കു-
ക്കിയരമോരും കോരിവിളമ്പി
തൽക്ഷണമനവധി വിപ്രന്മാരുടെ
ക്ഷണഘോഷമിതെന്തുവിചിത്രം!
കൊണ്ടാപപ്പടമെന്നൊരു വിപ്രൻ
കൊണ്ടാപഴമെന്നങ്ങൊരുവിപ്രൻ
കോരികകൊണ്ടുടനടമധുക്കരി
കോരിവിളമ്പണമെന്നൊരുവിപ്രൻ
ഇഞ്ചിത്തൈരും മാങ്ങാക്കറിയും
കിഞ്ചിൽ പോടണമെന്നൊരു വിപ്രൻ
പഞ്ചപ്രസ്ഥം പഞ്ചാരപ്പൊടി
പാല്പായസമതിലിട്ടു കലന്തട-
നഞ്ചാതിലയിൽ വിളമ്പുകിലെന്നുടെ
നെഞ്ചുകുളുർക്കുമതെന്നൊരുവിപ്രൻ
ചെണ്ടുമുറിക്കുസമാനമതാക്കി
ക്കണ്ടിച്ചുടിനനെന്ത്രപ്പഴമതു
കണ്ടംകണ്ടമിനിക്കു വിളമ്പുകിൽ
ഉണ്ടൊരുകൈയുകമെന്നൊരു വിപ്രൻ,
ആലങ്ങാടൻ ശർക്കരയുണ്ടകമാ
നാലഞ്ചിങ്ങു വിളമ്പീടുകിലതി

Digitized By Kerala Sahitya Akademi

കോലാഹലമാമെന്നതെ ക്ഷണ-
ലീലാവിധമിദമെന്നൊരു വിപ്രൻ
മൃത്തുനരച്ചൊരു കമ്പളഫലവും
മത്തനുമൊന്നു പറിച്ചൊരു കറിവ-
ച്ചെയ്തയുമിപ്പമിനിക്കതുതന്നാൽ
സത്യം വിസ്മയമെന്നൊരു വിപ്രൻ
ഓലോലക്കറി ചിതമായ്ച്ചമൽ
പാലോടൊക്കുമിതെന്നു വടക്കൻ
മാലോകക്കൊരു പക്ഷമതിവിടെ
കാലോചിതതരമെന്നൊരു വിപ്രൻ
പച്ചടികൊണ്ടോ കിച്ചടികൊണ്ടോ
കച്ചുര കൊണ്ടോ പുളിച്ചുരകൊണ്ടോ
എരിച്ചുര മധുരധുരിച്ചുരമെല്ലാം
വച്ചുരശേഷം ഹിതമെന്നൊരുവൻ;
വെരുകിൻ കടയും ചെറുകടലാടിയു-
മയമോദകവും ക്രുട്ടിയരച്ചൊരു
മുക്കുടിവച്ചുതരേണമെന്നിക്കരി-
ശസ്സുശമിപ്പാനെന്നൊരു വിപ്രൻ.
പിത്തം കൊണ്ടുവലഞ്ഞു നമുക്കതി-
നൊത്തൊരുമുക്കുടികൊടവനുമിഞ്ചിയു-
മുത്തമമായതു മോരിലരച്ചുത-
റ ത്തിഇജ്ജീരകമിട്ടു കലന്നൊരു
കുത്തിലകുത്തിയവറിലൊഴിച്ചുത-
രത്തിൽ ചൂടുശമിപ്പിച്ചെന്നെറക-
രത്തിൽ തന്നാലായതു മങ്ങുചെ-
ലുത്തിക്കൊള്ളാമഹമെന്നൊരുവൻ
പുളിയാരിലയും മാവിൻ തളിരും
പുളിവേർ മാതളനാരങ്ങായും
പൊളിയല്പവക കൊണ്ടൊരുമുക്കുടി-
തെളിവൊട്ടു വേണമെനിക്കെന്നൊരുവൻ;
കാച്ചിയമോരിൽ നവായസഗ്ഗളികപൊ-
ടിച്ചുകലക്കിത്തരണമിതങ്ങുക-
ടിച്ചെന്നാലിരുനാഴിച്ചോറേ-
ജിച്ചീടാമിനിയെന്നൊരുവിപ്രൻ;
ഇത്തരമനവധിവിപ്രന്മാരുടെ
ചിത്തരസത്തുസ്സാധിച്ചിപ്പാൻ
പാത്രമതായതു പാഞ്ചതിഭൂപൊരു
പാത്രമവംശലതികാഭൂഷണം
മുക്കുടിയും പല പൊടിയും ഗ്ലളികയു-
മൊക്കെയുമോക്കുന്നോരത്തുണ്ടാം;
ഈതണ്ണരവരുടെ ക്ഷണമിങ്ങിനെ
യന്ത' സുഖന കഴിഞ്ഞൊരു സമയ
ത്തോക്കന്മാരെവരെയും പുന-
രത്യാദരവോടുളികഴിപ്പി-
ച്ചുത്തമഗാമിനിയാമവർ താനും
സത്വരമങ്ങു ഭുജിച്ചുവസിച്ചു
മിത്രവരത്തെക്കൊണ്ടു ലഭിച്ചൊരു-
പാത്രത്തിന്റെ മഹത്വമിതെന്നു,
വിപ്രപ്രമാരുമറിഞ്ഞുപതുക്കെ
ത്തൽപ്രിയസുഖമൊടുതന്നുവസിച്ചു.

ഹസ്തിരഥാദ്യുത്സമർത്ഥപെരുകുമൊ-
രസ്തിനപുരിയിൽ പരിപാട്ടുവാഴും
ദുര്യ്യോധനനും ദുശ്ശാസനനും
ദുർവ്വാരിഷ്ടനും ദുർമ്മോരിഷ്ടനും
ദുർമ്മേധാവും ദുർമ്മോദനനും
ദുർന്നീലകനും ദുശ്ശേശവനും
മിത്രങ്ങളുമായവരുടെ നല്ലക-
ളുത്സങ്ങളുമായതി സുഖമോടെ
ചിത്തവിനോദത്തോടും വലവല
രാത്രിദിനങ്ങൾ കഴിഞ്ഞൊരു സമയ
പെരുവഴിയുട്ടിനു വന്നുകിടക്കും
പെരുവഴിപോക്കർ പറഞ്ഞുതുടങ്ങി;
താനെങ്ങുന്നു വരുന്നതുവിപ്ര!
ഞാനെന്നുടെ ദിശിയിന്നു വരുന്നു
തന്നുടെ ദിശിപുനരെന്തുവിശേഷം
എന്നുടെ പുരി ഖത നല്ലവിശേഷം
ഇതുകാലം താനെവിടെവസിച്ചു?
ഇതുകാലം ഞാൻ കാട്ടിൽ വസിച്ചു
കാട്ടിലിരുന്നാൽ ക്ഷണമെങ്ങിനെ?
നാട്ടിലിരുന്നാൽ ക്ഷണമെങ്ങിനെ
നാട്ടിൽ പലടൂട്ടുകൾകൂടുമല്ലോ?
കാട്ടിലുമിപ്പോളുട്ടുതുടങ്ങി;
എന്തീവണ്ണമിതാരുടെ ധർമ്മം
കുന്തീതനയന്മാരുടെ ധർമ്മം
അയ്യോ! രോഷം പറഞ്ഞതുമതി മതി!
ദുര്യ്യോധനനൊടു ചൂതിൽതോറാ

Digitized By Kerala Sahitya Akademi

നാടും നഗരവുമങ്കം ചുങ്കം
വീടും കടികളുമെന്നിവയെല്ലാം
പാടെ ഉപേക്ഷിച്ചുള്ളുവസിപ്പവ-
രിന്നുനിനച്ചാലൂട്ടുകഴിപ്പാ-
നെന്തൊരു മുതലവർ പക്കലിരിപ്പൂ?
ഹന്തഭവാനൊരു കുരള പറഞ്ഞതു
പിന്തിച്ചാലിഹ ചിരിയാംവിവിധം
കുരള പറഞ്ഞു ഫലിപ്പിക്കുന്നൊരു
പുരുഷൻ ഞാനല്ലെന്നുടെ വിപ്രാ!
കുന്തീതനയരുമെൺപ്രതിനായിര-
മന്തണവരരും ക്രൂടിച്ചെന്നൊരു
കാന്താരത്തിലകം പുക്കധികം
സന്താപപ്പെട്ടഴലുംനേരം
കുന്തീതനയന്മാർ ദിനകനെ
ചിന്തിച്ചുഗ്രതപസ്സുതുടങ്ങി,
കാന്ത്യാമോഹനനാകിയ സൂര്യനു-
മന്തികസീമനിവന്നുവിളങ്ങി
ശാസ്ത്രംകൊണ്ടും ദുർഗ്രഹമാകിന
ഗാത്രം പൂണ്ടദിനേശനവക്കൊരു
പാത്രം ദാനം ചെയ്തുവിശേഷം
മാത്രംകേട്ടമഹീസുരവരരെ
എന്നോവന്നുലടിക്കണമെന്നാൽ
കുന്തികുമാരന്മാക്കതു സർവ്വം
ചന്തമിയന്ന ചുക്കിൽ കാണാം
എന്തൊരുവിസ്മയമസ്മാദികളെ!
ചോരും കീറിയും ചാരം പുളിയും
നൂറുസഹസ്രം ജനമെന്നാലും
ചോരുകൊടുപ്പാൻ തടവില്ലേതും
ഭൂപതിമാരുടെ വല്ലഭയാകും
ദ്രൌപദിവേണമതൊക്കെ വിളമ്പാൻ
കൊറു കഴിഞ്ഞവർ ദുപന്നാൽ പിന്നൊരു
വറുമവറിൽ കാണുകയില്ലാ
പോററികളന്തിക്കവിടെച്ചെന്നാൽ
മാററികളെന്നൊരു പേരുംകിട്ടും
നൂറുവർ ചെയ്തൊരു കള്ളച്ചൂതിൽ
തോറുവനത്തിലിരിക്കുന്നവരുടെ
ക്രൂരനുപറകല്പിന്ദ്രനുമതിലി-
ന്നേറെം വിരുതു വിശേഷിച്ചില്ല;

പെരുവഴിപോക്കരുമൊരുദിശിശ്രുത്വാ-
മിരുന്നുപറഞ്ഞൊരുവാക്കുകൾകേട്ടു
കുരുപതിസൂനുസുയോധനനാൽ
ഒരുതരമധികമുയർമുഴുത്തു
നമ്മാവാൻ പുനരിങ്ങുവരേണം
ധർമ്മാത്മജനും സഹജന്മാക്കും
നമ്മേക്കാൾ സുഖമായിട്ടവിയിൽ
ധർമ്മം ചെയ്തിയലുന്നിതുപോലും
സൂര്യനവക്കൊരു പാത്രം നൽകി
കാര്യമവക്കു കണക്കിനു ക്രൂടി
നിരുപമമാകിനപാത്രമനസ്സിൽ
നിരൂപിക്കുന്നതശേഷവുമെടോ
കണ്ണാ! നിന്നുടെ താതൻ സൂര്യനി-
വണ്ണമവക്കുസഹായം ചെയ്യാ-
നെന്തവകാശം മകനെന്നുമെ-
ന്നെങ്കിലതങ്ങിനെ ചെയ്യുന്നുമില്ല
പട്ടികൾ പോലവർ കാട്ടിൻ നടുവിൽ
പട്ടിണിയിട്ടു കിടന്നുഴൽവാനായ്
ചെട്ടെന്നിങ്ങിനെ മനസിപ്പിചാരി-
ച്ചിട്ടിഹചെയ്തൊരു കൈതവകർമ്മം
ഒട്ടുംഹന്തഫലിച്ചതുമില്ലാ
പെട്ടെന്നിനിയും വന്നവർ ചാട്ടം
രാജ്യം പാതികൊടുക്കണമെന്നാ-
പൂജ്യന്മാരു വിധിച്ചു തുടങ്ങും
യോഗ്യമിതെന്നുമയോഗ്യമിതെന്നും
പൂജ്യന്മാക്കു വിചാരവുമില്ലാ
നമ്മുടെ ചോറുണ്ണുന്നജനത്തിനു
നമ്മെക്കുറതരിമ്പില്ലിപ്പോൾ
ധർമ്മാത്മജനുടെ പക്ഷക്കാരിവർ
നമ്മെപ്പേടിച്ചുരിയാടാതെ
ചുമ്മാപാക്കുന്നിതു കള്ളന്മാർ
ഇമ്മാവനുമിതറിഞ്ഞിട്ടില്ലേ?
നമ്മുടെ കായ്ക്കാരന്മാരിലു-
റമ്മതിക്രൂടാതുള്ളവരില്ലാ;
ഉമ്മാൻവകയില്ലാഞ്ഞവർമുന്നം
ധർമ്മക്കഞ്ഞികുടിച്ചുകിടന്നു
നമ്മുടെ ശുദ്ധതകൊണ്ടുവരുത്തി
സ്സുമ്മാനിച്ചു സമീപത്താക്കി

Digitized By Kerala Sahitya Akademi

ചെമ്മേവാളുകൊടുത്തയ്പിന്നാ
നമ്മെക്കാളൊരു പൌരുഷമേറും
എന്തിനുപലവഴി ഫലമില്ലാത്തതു
ചിന്തിക്കുന്നിതു സഹജന്മാരേ!
കുന്തീസുതരുടെ സദ്യുടുക്കാ-
നെന്തൊരുപായമിടുക്കേടുണ്ടാത്തു?
ഭോജനസാധനമുണ്ടാകുന്നാരു
ഭോജനമാത്രം നശിപ്പാനൊരുവഴി
ഉണ്ടായ് വരുമോമാതുലനോത്താ-
ലുചിതമതിപ്പോൾ ചെയ്യുന്നാകിൽ.

ആനുഷ്ടുഭവൃത്തം— ചമ്പ.

ഇതിമനസി ചിന്തയാ ചകമ്പേ ദുര്യ്യോധനൻ
കൃതിരകുനികൃഷ്ണരം തന്നമേവും വിധൌ
സപദി പതിനായിരം ശിഷ്യരും താനുമായ്
സകലദിശി സഞ്ചരിക്കുന്നയോഗീശ്വരൻ
ദുരിതഹരദർശനൻ ദുർവ്വാസതാപസൻ
ത്വരിതമിഹമന്ദിരേവന്നു കേറീടിനാൻ
സകലകനകാസനം നല്കിയിരുത്തിനാൻ
വദനമിദമോതിനാൻ വാരിജാരിപ്രിയൻ
ഹരിഹരസമൻ ഭവാനുത്തമിക്കയാൽ
കരിപുരമിതെന്നെയും ശുദ്ധമായിട്ടുധം
വിരവൊടു ഭവാനിനിസ്നാനകാദിയും
വിധിവിഹിതമൊക്കയും ചെയ്തവന്നാദരാൽ
സരസമിഹ ഭിക്ഷ ചെയ്തിട്ടുപായീടുവാൻ;
ഇതിനുപതിഭാഷിതം കേട്ടുയാഗീശ്വരൻ
മതിതളിർതെളിഞ്ഞു തൻശിഷ്യരോടുംമുദാ
വിരവൊട്ടു കുളിച്ചുതൻദേവകായ്യങ്ങളും
പരമശിവപൂജയും ചെയ്തവന്നീടിനാൻ.

പൊന്നുംതളികകളൊരുപതിനായിര-
മൊന്നു വിശേഷിച്ചുതിരുമണിയം
സപ്പൂക്കോരികകൊണ്ടുതിലെല്ലാം
അന്നംവെളുവെളെയങ്ങുവിളമ്പി;
ഭിക്ഷുന്നുള്ള പദാർത്ഥമശേഷം
ശിക്ഷയിൽ വട്ടം കൂട്ടിമുനീശൻ
തൽക്ഷണമനവധിശിഷ്യരുമായി
ഭക്ഷണമങ്ങു കഴിഞ്ഞൊരുസമയേ
ദ്വൈപായനമുനീശ്വരനപ്പോൾ
പ്രീതിമുഴുത്തുടനരുളിച്ചെയ്തു

ഭദ്രംഭവേതു സുയോധനനമ്മുടെ
ഭക്ഷണമെന്നുമഹാഹാരമായി;
സമ്മാനിപ്പാൻ നിന്നെപ്പോലൊരു
ധർമ്മികളില്ലിതു ബോധിച്ചാലും
എന്നാലിനി ഞാൻ പോകുന്നതുവ
ന്നായ് വരുമെന്നരുളിച്ചെയ്തു
കേട്ടവണങ്ങിദുര്യ്യോധനനും
കേവലമാഗ്രഹമൊന്നറിയിച്ചു
ജ്യേഷ്ഠൻ നമ്മുടെ ധർമ്മതനുജൻ
കാട്ടിലിരുന്നു തപംചെയ്യുന്നു
നാട്ടിലിരുന്നാൽ നാടുഭരിപ്പാൻ
നമ്മുടെ ജ്യേഷ്ഠനൊരാഗ്രഹമില്ല,
അഞ്ചുവെളുപ്പിനെറുകുളിക്കണ-
മഞ്ചാതൊരു വിജനത്തിലിരിക്കണ-
മുച്ചയ്ക്കൊരുകുളി അന്തിക്കൊരുകുളി
നിത്യവുമിങ്ങനെ ജ്യേഷ്ഠനുനേമം
ഹോമം ജലവും പുഷ്പാഞ്ജലിയും
നാമജപങ്ങളും നമസ്കാരങ്ങളു-
മിങ്ങിനെകഴിയും രാവും പകലും
എങ്ങിനെ കായ്യം ക്ലേശിക്കുന്നു?
ബൌദ്ധന്മാരെക്കണ്ടാൽദേഹമ-
ശുദ്ധമതൊന്നു കുളിച്ചേപോവു
ശുദ്ധപുരിഷകളകലെപ്പാണം
ശുദ്ധിവരുത്തിവരുത്തിത്തന്നുടെ
ബുദ്ധിക്കൊരു വെളിവില്ലാതായതു
വർദ്ധിക്കേപുനരുള്ളമുനീന്ദ്ര!
എന്നതുകാരണമിവിടെ വസിച്ചാൽ
തന്നുടെ ദിനകൃത്യങ്ങളും മുടങ്ങും
ഉണ്ണീ! വരിക സുയോധന! നീയും
കണ്ണനമമ്മാവനുമായ് നമ്മുടെ
നാടും നഗരവുമങ്കം ചുങ്കം
വീടും കൂടികളുമെന്നിവയെല്ലാം
ക്ലേശിച്ചുവിവിടെ വസിക്കനമുക്കിതു
ക്ലേശിപ്പാനെളുതല്ലെന്നിങ്ങിനെ
നമ്മുടെ ജ്യേഷ്ഠൻ നമ്മൊട്ടുകല്പി-
ച്ചുണ്ടുവനത്തിനു യാത്രയുമായി
ഞങ്ങിനെ ജ്യേഷ്ഠൻ കല്പിച്ചാൽ പുന-
രെങ്ങിനെ അടിയനുപക്ഷിക്കേണ്ടു

Digitized By Kerala Sahitya Akademi

കിളിമൊഴിയാളുടെ കൊറവു കഴിഞ്ഞെ
ന്നളവേകണ്ടാലവിടെച്ചെല്ലാം.

ഇത്ഥം പറഞ്ഞുകുരുപുത്രന്റെകൈതവത്താൽ
ശുചൻ മുനീന്ദ്രനപ്പോൾ തത്വവിചാരിച്ചില്ല;
സത്യമെന്നോർത്തുകൊണ്ടങ്ങത്യന്തമാദരത്തോടും
യാത്രയും ചൊല്ലിമെല്ലെയാത്ത ഉടങ്ങിത്തന്റെ
ശിഷ്യന്മാരോടുകൂടിത്തുഷ്ട്യാനടന്നുചില
കാട്ടും മലയും കുന്നും തോട്ടും കടന്നു സുഖ-
മാട്ടംമയിലുകളും പാട്ടും കുയിലുകളും
ഓട്ടും മുയലുകളും പാട്ടും മക്കടങ്ങളും
ഓട്ടംവരാഹങ്ങളും മാനും മഹിഷങ്ങളും ചെ-
ന്നായും നൽസിംഹങ്ങളും രാവും പകലുമിരു-
ട്ടായുള്ളടിക്കുകളും;

ഇങ്ങിനെയുള്ള പ്രദേശമശേഷവു-
മങ്ങുനടന്നു കണ്ടുമുനീന്ദ്രൻ
കുന്തികുമാരർ വസിക്കും വനമതി-
ലന്തികസീമനിചെന്നുചൊല്ലുകെ
ദിവ്യൻ മുനികുലവര്യൻ തന്നുടെ
ദിവ്യമതാകിനനേത്രംകൊണ്ടു
സൂക്ഷിച്ചുപ്പോൾ ദ്രൌപദിതന്നുടെ
ലക്ഷണമെല്ലാം കഴിഞ്ഞതറിഞ്ഞു
ലക്ഷണമുള്ള ജനത്തിനു തത്വ-
നിരീക്ഷണമെന്നതിതെന്തൊരു ദണ്ഡം
പത്തുസഹസ്രം ശിഷ്യന്മാരൊടു
മൊത്തുമഹാമുനിദ്വൈപായനനും
മന്നവവരനാം ധർമ്മാത്മജനുടെ
മുന്നിലെഴുന്നള്ളീടിന സമയേ
ശീഘ്രം നരപതിധർമ്മതനൂജൻ
ദീക്ഷനമസ്കൃതിചെയ്തുവണങ്ങി
അന്തണനും പുനരമ്പതിനായിര-
മന്തികസീമനി ചെന്നുവണങ്ങി
നിർമ്മലമാനസനാകിനഭൂപതി
ധർമ്മതനൂജൻ തെഴുത്തുരചെയ്തു
ആനന്ദാമലമൂർത്തേ! ഭവതാ
സ്നാനംചെയ്തുവരാനെഴുനള്ളാം
പാനംഭോജനമെന്നിവകൊണ്ടൊരു
ദീനമശേഷമൊഴിഞ്ഞില്ലാതെ
കുശലപ്രശ്നം തരമല്ലിപ്പോ-
ളുണ്ണാനന്തരമല്ലോ ഉചിതം

ഭീമജ്യേഷ്ഠനുമെഴുതല്ലിപ്പോൾ
ഭൂമിയെ രക്ഷിപ്പാനതുകൊണ്ടു
ഭോഗമിതെല്ലാമിങ്ങു പിണങ്ങിയു
നേരംപോക്കില്ലിതു പരമാർത്ഥം
ജ്യേഷ്ഠനുമനുജന്മാരവർനാൽവർ
ജ്യേഷ്ഠത്തിയുമായ് കാട്ടിൽപോയി
ശാന്തിവിനോദത്തിന്നൊരുപന്തി
രാസ്സിബ്രാഹ്മണർ കൂടെപ്പോയി
കാട്ടിലിരിക്കും പരിഷക്കെല്ലാ-
മൂട്ടിനു വേണ്ടും സാധനമെല്ലാം
ആടിയുംമോരും തൈരും പഴവും
കറിവയ്പാനുള്ളിലകലയെല്ലാം
മടികൂടാതേ സകലവുമവിടേ-
ക്കടിയൻ തന്നെകൊടുത്തുവിടുന്നു
നിന്തിരുവടിയും ശിഷ്യരുമായി
കുന്തികുമാരർ വസിക്കും വനമതിൽ
വെക്കമെഴുന്നള്ളേണമിതവരുടെ
സൽക്കാരം ബഹുമാനിക്കണം
നിർമ്മലമാകിന സോമകുലത്തിനു
ധർമ്മജനല്ലോ നായകനായതു
അദ്ദേഹത്തെ യനുഗ്രഹിയാഞ്ഞാ-
ലടിയങ്ങർക്കതു മതിയാകില്ല
അവിടെച്ചുരസമെഴുന്നള്ളിപ്പു-
ണരവരുടെ സമ്മാനത്തെ ലഭിച്ചുട-
നവരെയനുഗ്രഹമേകുവതിന്നവ-
കാശം വരുമെന്നാകിലിദാനീം
ഏറിയവിപ്രജനങ്ങൾക്കെല്ലാം
ചോറുവിളമ്പിദ്ദണ്ഡിക്കുന്നതു
ദ്രൌപദിതാനെന്നുള്ളതുകേട്ട
ഭൂപതികല്പനയങ്ങിനെപോലും!
എന്നാലവളുടെ ലക്ഷണമങ്ങുക-
ഴിഞ്ഞയവിടെയഴുന്നെള്ളാവൂ
അല്ലെന്നാകിൽ വിശന്നു വലഞ്ഞവ-
രെല്ലാംവക്കും വേണ്ടും വണ്ണം
വെച്ചുവിളമ്പിദ്ദണ്ഡിപ്പാനും
കൊച്ചുകുടുംബിനിയാളാവില്ല
കൂടിതേവാരം മറെറാരു ദിക്കിൽ
തെളിവൊടു നിങ്ങൾകഴിച്ചുംകൊണ്ടു

Digitized By Kerala Sahitya Akademi

നരപതിവാക്കുകൾ കേട്ട മുനീന്ദ്രൻ
വിരവൊട് ശിഷ്യസമൂഹത്തോടും
ഗിരിവരനദിയിൽ സ്നാനം ചെയ്വാൻ
പരിചിനൊടങ്ങുഗമിച്ചൊരുശേഷം
ഭൂപതിവരനാം ധർമ്മതനയനൻ
ദ്രൌപദിയോട് വിളിച്ചുരചെയ്തു
പാഞ്ചാലാധിപനന്ദനയേ! നമ്മുടെ
വാഞ്ഛിതമിപ്പോളരിലം വന്നു
ശ്രീദുർവ്വാസാവെന്ന പ്രസിദ്ധൻ
ശ്രീപതിഭക്തജനങ്ങളിൽ മുൻപൻ
പത്തുസഹസ്രം ശിഷ്യന്മാക്കും
ക്ഷുത്തും ദാഹവുമധികമവർക്കു
നമ്മുടെ സുകൃതം കാരണമവരെ
നമ്മാനിപ്പാൻ സംഗതിവന്നു
സ്നാനംചെയ്തിഹവൈകും വരുവാൻ
ഞാനങ്ങവർകളെ യാത്രയുമാക്കി
തേവാരത്തിനു പൂവും ചന്ദന-
മിവകയൊക്കെയൊരുക്കീടേണം
നൈവേദ്യത്തിനു പാല്പായസവും
നെയ്യും ശർക്കരകദളിപ്പഴവും
ഭിക്ഷയ്ക്കുള്ള പദാർത്ഥമശേഷം
ശിക്ഷയിൽ വട്ടം കൂട്ടീടേണം
നലമൊടു ശിഷ്യന്മാർക്കും സാദര-
മിലയും വച്ചിഹ പാർത്തീടേണം
കല്പനയിപ്പടി കേട്ടമനസ്സിൽ
തീപ്പിടിപെട്ട കണക്കേ ദ്രൌപദി
തന്നുടെ പതിയേത്തൊഴുതും കൊണ്ടു
നിന്നുവിറച്ചു പറഞ്ഞു തുടങ്ങി
ആര്യാ കഷ്ടമൊരമളിപിണഞ്ഞു
പൊയ്വല്ലെന്നുടെ ഭക്തികഴിഞ്ഞു
ഇനിയൊരു വസ്തുവുമിദ്ദിവസംമമ
ജനിയാശിവശിവ! കിംകരണീയം
കോപശരീരനതാകിയമാമുനി
ശാപമഹാഗ്നിയിൽ നമ്മുടെ വംശം
സപദിശപിച്ചിഹ ചെന്നുമതാക്കും
വ്യവസിതമയ്യോ സർവ്വവിനാശം
ദുർവ്വാസാവു ശപിച്ചാൽ പിന്നൊരു
നിർവ്വാഹവുമില്ലെന്നുടെ കാന്താ!
തരസാപതിതോരുമാപദനിമിത്തം
സുഹൃത്സംഘത്തെസ്സുപദിശപിച്ചു
ജയും നരയും പൂണ്ടവരെല്ലാം
നരകക്കുഴിയിൽ ബഹുബഹുകാലം.
താങ്ങിനെയുള്ളൊരുദുർവ്വാസാവിനെ
ഇങ്ങിനെയാക്കിത്തീർത്തതിനിപ്പോ-
ളെങ്ങിനെയിനിഞാൻവേറുവിദാനം
ഇങ്ങിനെകണ്ണുമടച്ചുകശോദരി
തിങ്ങിനവേദനയോടുംക്രുടി
മംഗലമൂർത്തിമുകുന്ദനെയങ്ങവർ
മങ്ങാതൻപൊടുസേവതുടങ്ങി.

ദ്വിതീയൈകതാളം— ചമ്പ.

ആഹാമുകുന്ദമമമോഹാംബുരാശിയുടെ
മാഹാത്മ്യമെത്ര തവ ദീനബന്ധോ!
ദുശ്ശാസനൻപണ്ടു ദൂഷണം ചെയ്തതൊഴിൽ
വിശ്വനാഥാ! ബത കാനനം അതികഠിനം
അന്നതവകരുണകൊണ്ടുനിന്നപൊവുത്തടിയൻ
ഇന്നുമതിലധികമായ്വന്നവല്ലോ
രാധാപതേ! നിരാധാരയാകുമെന്റെ
ബാധയൊഴിച്ചുരുക്മകവാസുദേവാ!

മുറിയടന്ത.

പാഹിപാഹിപങ്കജാക്ഷ!
പാഹിപാഹിപത്മാക്ഷനാ
പാഹിപാഹിപത്മാകാന്താ പാലയശൌരേ!
ഇങ്ങിനെകണ്ണുമടച്ചുകശോദരി
തിങ്ങിനവേദനയോടുംക്രുടി
മംഗലമൂർത്തിമുകുന്ദനെയങ്ങവർ
മങ്ങാതൻപൊടുസേവിച്ചുപ്പോരും
നന്ദാത്മജനായുള്ളമുകുന്ദൻ
വന്നവളോടിദമരുളിച്ചെയ്തു.

വേകടരാഗം—മുറിയടന്തതാളം.

വാരണഗാമിനീ! ഭാമിനീ! പാഞ്ചാലീ!
വാരിജവക്ത്രമുഖീ! മമ
പാരം വിശക്കുന്ന പാത്രത്തിലേതാനു-
മുണ്ടെങ്കിൽതന്നാലും നീ:
ക്ഷുത്തുശമിപ്പിച്ചുയയ്ക്കുണമെന്നെ നീ
യുത്തമരാജസുതേ! ഇനി-
ക്കത്തായമുമ്മാൻകഴിവന്നില്ലിന്നലെ
സത്യം പറയുന്നു ഞാൻ.

Digitized By Kerala Sahitya Akademi

വെള്ളംകുടിയാഞ്ഞെൻവള്ളമുരുകുന്നു
കള്ളംപറകല്ലെടോ ഇനി-
ക്കുള്ളതു ചാവതന്നാൽമതിപിന്നെശേഷംഞാനേ
വെള്ളംകുടിച്ചുകൊള്ളാം
നന്ദകുമാരക! ഇന്ദീവരേക്ഷണ!
യിന്നുഞാൻക്ഷിച്ചുപോയിയിനി
അന്നമിപ്പാത്രത്തിലുണ്ടായ്വരികയി-
ല്ലെന്നുദിനേശവാക്യം
പാത്രമെടുത്തിങ്ങുകൊണ്ടുവരികനീ
പാഞ്ചതീ വൈകീടാതെ
അത്രമാത്രമെന്നാകിലുമന്നമ-
വറിലുണ്ടായ്കയുമേനിശ്ചയം
പാത്രമെടുത്തവൾനോക്കുന്നനേരത്തു
പററിക്കിടന്നിടുന്നശാകപത്രമെടുത്തു
ഭുജിച്ചുജലവുംകുടിച്ചുഗമിച്ചുകൃഷ്ണൻ
പാത്രേപററിയചീരയിലക്കറി
മാത്രമെടുത്തുഭുജിച്ചുമുകുന്ദൻ
യാത്രയുമരുൾചെയ്യാതെഗമിച്ചതു-
മോത്താലെന്നുടെ ഉരിതംതന്നെ;
ത്തൃപ്തിവരുത്തുവാനുംചെയ്യാൻ
യാത്രയയച്ചതുമാത്താലുചിതം
ക്ഷേത്രേപാസികളിവിടെവരുമ്പോൾ
പാത്രേഭോജനമൊന്നുംനാസ്തി
ഗോത്രാരിപ്രതിമൻ മുകിൽവണ്ണൻ
മാത്രംരക്ഷന്നാമിവിടുധുനാ
എവംചിന്തിച്ചുടനേ ദ്രൌപദി
താപംപൂണ്ടുവസിക്കുംസമയേ.

കാനക്കുറഞ്ഞി— ചമ്പ.

തദനമുനിപുംഗവൻ ശിഷ്യരോടുംമുദാ
വനനദിയിൽനിന്നുകളിച്ചുപൊങ്ങുംവിധൌ
സപദിബഹുഭക്തികൊണ്ടുത്തുതുപ്തരായ്
മാമുനീന്ദ്രന്മാർക്കിതെന്തൊരുവിസ്മയം
മധുരസമന്നാദ്യം പൂവൻപഴങ്ങളും
മതിതളിർതെളിഞ്ഞുനൽപാല്പായസങ്ങളും
കറിപലതുമഥദധിയുമധികമവർകക്ഷിയിൽ
മാനസാനന്ദംവിളമ്പിത്തുടങ്ങിനാർ
ഭൂതിമപലട്ടരിതമതിട്ടുധ്യോധനൻതന്റെ
കൈതവാഹ്വത്തുവാൽ മാധവൻമായകം
ഭൂതികപടദുഷ്ടരാഗ്ധാത്തരാഷ്ട്രാദികം
നഷ്ടമാകെന്നുശപിച്ചുമുനീന്ദ്രനും
അതുപൊഴുതുയമനിയമാനന്ദമുത്തിയും
പാണ്ഡവന്മാർ പണ്ണശാലാഗതരായി
പാർത്ഥിവമകുടശിരോമണിധർമ്മജ-
നാത്തിയൊടും നിജസോദരരോടും
ഭാമിനിയോടും മാമുനിതന്നുടെ
കഴലിണഭൂമിയിൽവീണാവണങ്ങി
കാരുണ്യാംബുധിയായ്മുനിവരനും
ഭരതഭൂപതിതന്നുടെമുടിയിൽ
പരമാനന്ദമൻഗ്രഹമേകി-
പ്പുരമേശോത്ഭവനിദമരുൾചെയ്തു
തുംഗപരാക്രമരാശേ! നൃപവര
മംഗലമാശുഭവിക്കനിനക്കു്
മംഗലമൂർത്തിമുകുന്ദനുനിങ്ങളി-
ലങ്ങുള്ളവാകിയവാത്സല്യത്താൽ
ഇംഗിതമൊക്കെലഭിച്ചുന്നള്ളതു-
മിങ്ങുധരിച്ചുൻ ധർമ്മതനുജ!
പതിവ്രതയാളേ! പാഞ്ചാലീ? യവർ
ഹതിവുപറഞ്ഞതറിഞ്ഞില്ലാ ഞാൻ
സോമകുലാവനിരമണന്മാരുടെ
കാമവിലോചിതമാശു ലഭിക്കെ-
ന്നാമോദം വരുമാറരുൾചെയ്തു
താമസമെന്യേയാത്രപറഞ്ഞു
ശിഷ്യന്മാരൊടുമരുമിച്ചുമുനി
തുഷ്ടൻമെല്ലെമറഞ്ഞനപ്പോൾ.

ഇതിപാത്രചരിതം ഓട്ടൻതുള്ളൽ സമാപ്തം.



Digitized By Kerala Sahitya Akademi

# സന്താനഗോപാലം

## ഓട്ടൻതുള്ളൽ.

---

വെള്ളിക്കുന്നിലമന്നൊഴുന്നഭഗവാൻ
വെള്ളപ്പളുങ്കായേയും
വെള്ളം നല്ലൊരു വെള്ളരുക്കിവ ജട-
യ്ക്കുള്ളിൽ സദാ ചൂടുവാൻ
എള്ളോളം തിരുവുള്ളമെന്നിലധുനാ-
തുള്ളക്കഥയ്ക്കുകവാൻ
കിള്ളിക്കുർശ്ശിയമന്ദേവമനിശം
കള്ളം വിനാഭാവയേ.

സന്തതിധനധാന്യാദിസമസ്തം
ചിന്തിച്ചതു പോലാശുകൊടുക്കും
സന്താനദ്രുമമാകിയ സന്തതി
ഗോപാലം കഥയതു കഥനീയം
അതിമോദത്തോടുരചെയ്യാമതു
മതിമാന്മാർ കേട്ടരുളുകവേണം
മൽകൃതികർമ്മക്കൊരു പിഴവന്നാലും
സൽകൃതിയെന്നിഹ വരുവതിനായി
സുകൃതികളാകിയ കൃതികളെയിന്നു
നമസ്കൃതിചെയ്കനെല്ലാവരെയും
വികൃതിപറഞ്ഞു നടക്കും ദുർജ്ജന
നികൃതികർമ്മംകൊണ്ടൊരു ക്രൂസലുമില്ല
നാരായണനുടെ കഥപറയുമ്പോ-
ളോരോട്ടുഷ്യം വന്നെന്നാലും
ചോരായ്മകളില്ലെന്നതു കൊണ്ടോ-
ധീരതയുള്ളിൽ വളർന്നീടുന്നു
കാരണപുരുഷനാകിയ ഭഗവാ-
നാരണപൂജിതനതിസുകുമാരൻ
കാരുണ്യാലയനച്യുതനജ്ഞന
സാരഥിഭക്തപ്രിയനാം കൃഷ്ണൻ
ഈരെണ്ണായിരവും പുനരെട്ടും
ദാരങ്ങളതാം തരുണികളോടും
ഭാരകയെന്നമഹാപുരിതന്നിൽ
സപരം വാണരുളീടിനകാലം

ശതമുഖസുരവന്ദ്യൻ കൃഷ്ണൻ
വിരവൊടുഹയമേധം ചെയ്വാനായ്
ചിതമൊടുയജനപുരാദികർമ്മം തീർത്തി-
ട്ടതിനു പ്രയത്നം ചെയ്തു തുടങ്ങി
ജ്യേഷ്ഠനതാം ബലഭദ്രരോടും പരി
തുഷ്ടന്മാരാം വൃഷ്ണികളോടും
ഇഷ്ടന്മാരിൽ ശ്രേഷ്ഠനതായയു-
ധിഷ്ഠിരസോദരനാം സഖിയോടും
എട്ടും നിജപതിനായിരവും
മട്ടാൽ മിഴിമാർ പെറുവളവാകും
എട്ടുസഹസ്രം മക്കളൊടും പരി-
തുഷ്ടശ്രീഗേഹം പുക്കതിമോദാൽ.
സദ്യശ്രമിപ്പാനനിരുദ്ധാദികൾ
തദ്ദിശിപോകെന്നവരെയയച്ചു
ശ്ലാഘ്യതപെരുകിനമാമുനിവരനുടെ
യോഗ്യതപോലെയിരുത്തിയഥാവൽ
യാഗത്തിന്നായ് വന്നൊരുനരവര
രോഗത്തോടു മിരുത്തിമുകുന്ദൻ
അന്നണവരുമസംഖ്യം വന്നി-
ട്ടന്തികസീമ്നിയിരുന്നതുടങ്ങി
അടിതിരിയക്കിത്തിരിചോമാതിരി-
പട്ടേയ്ക്കുംപ്രാൻ നംപൂതിരിയും
പട്ടന്മാരും കുട്ടികളൊരുവക
വട്ടം പറവാൻ കാലം പോരാ
മറും പല പല സാധുജനങ്ങളു-
മാറം ക്രൂരാതസ്സുടനന്നുടെ
മുറും വന്നു നിറഞ്ഞു ശശിയുടെ
മുറ്റും നക്ഷത്രങ്ങളും കണക്കേ.
ഏറാം ഘോഷിച്ചങ്ങിനെ ജഗതീ-
രാഷ്ട്രാറിയുമവിടെയിരുന്നരുളുമ്പോൾ
തത്രസമീപത്തുള്ളൊരു ഭൂസുര-
സത്തമനും പുനരന്തർജ്ജനവും
എതുകൊതിച്ചിട്ടുണ്ടായ് വന്നൊരു

Digitized By Kerala Sahitya Akademi

പുത്രൻ ചത്തു പിറന്ന ദായോം
ഞത്തലൊടടിയിരുവരുനും തന്നുടെ
ഹാസ്തലത്തിലെടുത്ത കുമാരം
ഉത്തമപുരുഷപദാംബുജസേവക-
നുത്തമമാകിനവക്ഷസിതാഡി-
ച്ചുതുച്ചുത്തലിവണ്ണം ശിവ ശിവ!
പത്തിരുന്തുവിലാപിച്ചിട്ട
ചിത്തവിഷാദാൽപൊന്നാനപ്പോൾ

പദം.

ഹന്തഹന്ത മുരാന്തകബന്ധുരാംഗദയാരാശേ
ബന്ധമെന്തെനിനിക്കിവണ്ണം സംഭവിപ്പാനും
വിപ്രകർമ്മം പിഴയാതെകിൽബിഷാംശമണയാ
പിൽപുരുഷാച്ചനസേവലുബ്ധമാക്കാതെ [തെ
കഷ്ടകഷ്ട! എന്നല്ലാതെ ഇപ്പോയെന്യായെന്മനസ്സി
വിഷ്ടിവംശശിഖാമണേ! പിന്തയില്ലമേ [ൽ
പാലയകൃപാലയലോകാലയഗുണാലയമാം
വേലയില്ലഭവാനോത്താൽപാലനമസ്മൽ
ഇത്ഥംദുഃഖിച്ചു പുനരുത്ഥാനംചെയ്തവിപ്രൻ
പുത്രനെയുമെടുത്തുപ്രസ്ഥാനംചെയ്തുശീഘ്രം
പേത്തുശയിച്ചുദുഃഖമോത്തുശരീരംപാരം
നേത്രംആനനംപാരംവീർത്തുംകണ്ണനോട്ടക-
യത്തുംകണ്ണനീരൊട്ടുവാത്തുംകൈകൊണ്ടുകുടേ
തോത്തുംതോയ്വേടെടുഃഖമോത്തും പാരാതെയാ
പേത്തുംപറഞ്ഞുശീഘ്രംആത്തനായ്പുറപ്പെട്ട
സത്യസ്വരൂപനാം ശ്രീകൃഷ്ണന്റെമുമ്പിൽകൊ
സത്വരംവച്ചുനിജപുത്രനെയുമദ്ദേഹം [ണ്ടായ്
നിരക്കുംപന്തിയിൽചെന്നങ്ങിരിക്കും നിർമ്മല
ന്മാരാ-
യിരിക്കുംമാലോകക്കുള്ളമെരിക്കുംകന്മഷത്തെ
സം-
ഹരിക്കുംമാലോകർ മാറുള്ളവക്കുംഗ്രുധമാനസ-
മിരിക്കുംശോകവഹ്നിയിൽ ദഹിക്കുംബ്രാഹ്മണ
നെന്ന
നടിക്കുമാറെല്ലാവരുംഅടിക്കുംകൈകൊണ്ടുമാവ്-
ത്തടിക്കുംപൊടിയാംവണ്ണമിരിക്കും ഒച്ചകൾ
കൊണ്ടും
നടുങ്ങുംപാഞ്ഞങ്ങുമിങ്ങുംനടക്കുംഉണ്ണിയെമാവ്-
ഞ്ഞെടുക്കുംകണ്ണനകൊണ്ടക്കൊടുക്കും കാൽത്തം
രിൽവീണാ

കിടക്കുംകാലിണകെട്ടിപ്പിടിക്കും ഉണ്ണിടെ
ജീവൻ
കിടയ്ക്കുംഎന്നുള്ളഭാവംനടിക്കുംഭ്രസുരൻതന്റെ
തിടുക്കമിങ്ങനെകഷ്ടം!
തുഷ്ടമാനസരാകും ഭ്രസുരരെല്ലാവരും
ഞെട്ടമാറചെയ്തിടിവെട്ടും നാദംപോലെ.

പാരംപരവശമാമെൻപീഡകരം
നേരംപോക്കായ്തീർന്നനിനക്കും
മരണമടുത്തപുമാനുടെശ്വാസവി-
കാരംകണ്ടുരസിക്കുംപോലെ
നാരികരംനാലഞ്ചുണ്ടല്ലോതവ-
പുത്രന്മാരുംമൂന്നാലില്ലെ
കക്കശമാനസഞങ്ങളുമിങ്ങനെ
ദുഃഖിച്ചിട്ടുകിടപ്പാറെന്നോ?
എണ്ണകിലെത്രയുള്ളോരുനിന്നുടെ
പെണ്ണുങ്ങൾക്കുപ്രതിപ്രതിയനവധി
യുണ്ണികളുംപെണ്ണുങ്ങളുമുള്ളതി-
ലൊന്നിനുമില്ലൊരുസൌഖ്യക്കേടു
കണ്ടാലമ്പതുമറുപതുമൊരുദിന-
മുണ്ടാകുന്നനിനക്കുസുതന്മാർ
കൊണ്ടാടിക്കൊണ്ടവരെപ്പരിപാട്ട
കണ്ടുരസിച്ചും കൈകളിലാക്കി
കുണ്ഠതതീർന്നവസിച്ചീടുംവെ-
കുണ്ഠാ! നിന്നുടെ നാട്ടുംകൊള്ളാം
വിപ്രന്മാരുടെ ദുഃഖംകണ്ടാൽ
ഉൾപ്പൂവിങ്കൽ കൃപയില്ലാതൊരു
ദുഷ്പ്രഭവേനീയേറെഞ്ഞെളിഞ്ഞാൽ
ക്ഷിപ്രംനിന്നെശപിക്കും ഞാനും?
കുഴലുവിളിച്ചുരസിപ്പാൻകൊള്ളാം
തോഴിയെവിളിച്ചുനടപ്പാൻകൊള്ളാം
ചേലകൾകെട്ടനടപ്പാൻകൊള്ളാം
പാലുകവൻഭുജിപ്പാൻകൊള്ളാം
അംഗനമാരെയെഴുളിപ്പാൻകൊള്ളാം
ഇങ്ങിനെയുള്ളതിനൊക്കെക്കൊള്ളാം
പാർത്ഥിവധർമ്മംതിരിയാതുള്ളൊരു
ദുർത്തമതേ! യീവണ്ണംരാജ്യ-
ത്താത്തിവളർന്നുകാത്തുവസിച്ചാൽ
കീർത്തികളും തിറമായിത്തീരും.

Digitized By Kerala Sahitya Akademi

നാട്ടിലിരിക്കുന്നൊരുനാനാജനത്തിന്റെയും
പാട്ടിലിരിക്കുംദ്രവ്യംപാടേകരസ്ഥമാക്കി
വീട്ടിലിരുന്നോരോരോഗോഷ്ഠികൾകാട്ടുംനി-
ന്നാട്ടിക്കളവാനുമീനാട്ടിലാരുമില്ലല്ലോ. [ന്നെ

ഞാന്ന്യായംപലതിങ്ങനെ ബ്രാഹ്മണ-
നന്യായംവച്ചുരചെയ്തീടും
മന്നവവരനതിനുത്തരമായി-
ട്ടെന്നുംതന്നെയുമുരിയാടീലാ
ഖിന്നതപൂണ്ടുവിഷണ്ണന്മാരായ്
നിന്നാചമഞ്ഞാമഹാജനമെല്ലാം
എന്നതു വിസ്മയമെന്നുവിചാരി-
ച്ചന്യോന്യം ചിലവാക്കുരുതുടങ്ങി
ഈരേഴുലകിനുവേരായ്മരുവിന
നാരായണനും നരനുംക്രുടി
പാരതിവിടെയിരുന്നാരുള്ളുമ്പോൾ
നേരേവന്നൊരുകുസൂരനിങ്ങിനെ
ചേരാതുള്ളതുചൊന്നതുനല്ലൊരു
നേരായ്വരുമോടയന്നുംചിലരും
നീരസമേതാൻകാട്ടീട്ടുണ്ടോ
സാരസനാഭനൊടെന്നുംചിലരും
മാരണദേവതകൊല്ലുകയാപല
ബാലകമരണമിതെന്നുംചിലരും
മാരണദേവതകൊല്ലുന്നതിനു
നിവാരണമുണ്ടോ എന്നുംചിലരും
കുട്ടികൾചത്താലിവിടേക്കൊണ്ടുവ
കെട്ടിക്കൊണ്ടുവരേണ്ടുശവത്തെ
ക്രൂസുഖരരുടെ മുടലക്കളമോ
ദോസ്വരമാമിദ്വാരകനഗരം
ഞാമല്ലിതുമല്ലങ്ങിനെയല്ല
മതിസംശയമതുനിശ്ചയമാക്കാം
ആറുംരണ്ടുംചത്തസുതന്മാ-
രാരേക്കാട്ടിസ്സംശയമാറ്റി
ബലഭദ്രാജ്ഞനനാദികളാലൊരു
ഫലമില്ലാതായ്വന്നെന്നുംചിലർ
പലരുംപ്പലവിധമുരചെയ്യുന്നതു
ബലവുംകെട്ടിട്ടരിയാടീലാ
കലിശായുധസമനാകിയപതി
കലമണിമകുടമഹാമണിവിജയൻ

കലിശംപോലെകഠോരവചസ്സുകൾ
കലശലൊടിങ്ങനെകേട്ടദശായാം
വളരുംകോപമടക്കുതാങ്ങാതെ-
തളിരുംക്രൂടെവിറച്ചുതുടങ്ങി
വളരുംതോട്ടിയുമംദരിയതൊരു
കളഭംനിന്നുമദിക്കുംപോലെ
ബലവീര്യാംബുധിവിജയൻനിജകുല
ചിലയുംകൈയിലെടുത്തുപതുക്കെ
പലപലവിരുതുകളവിടെനടിച്ചു
ഘനജനമദഹരനാകിയവിജയൻ
ദുഃഖംപൂണ്ടുകിടക്കുംദ്വിജനെ
കൈക്കുപിടിച്ചെഴുനേല്പിച്ചുടനേ
കേകിയൊടേദ്വിജവരനെത്തൊഴുതു
സശുക്തിനടിച്ചുപറഞ്ഞുതുടങ്ങി

ദുഃഖംകൊണ്ടുള്ളതുപോരും മേലിൽ
സൌഖ്യംവരുത്താൻ ഞാൻപോരും
ഇക്കഥകേട്ടിട്ടുമാരുമിളകാതെ
നിൽക്കുന്നതെന്തിതുധിക്കാരമല്ലയോ (ദുഃഖം)
ഇന്നിയൊരുന്നിയുണ്ടാകുമെങ്കിൽ
വന്നുരക്ഷിച്ചുതരുന്നോൻ
പന്നഗശയന കാരുണ്യംകൊണ്ടിപ്പോൾ
ഒന്നുംനമുക്കുകഴിയാത്തതില്ലഹോ! (ദുഃഖം)
പാരംപരിതാപത്തോടേയുള്ള
ഗീരുകളിങ്ങനെകേട്ടാൽ
പൂരുകലത്തിൽപിറന്നവളന്നൊരു
പൂരുഷനേതുംസഹിക്കയില്ലേതുമേ! (ദുഃഖം)
പാത്തലമൊക്കെനിറഞ്ഞൊരെന്റെ
കീർത്തികൾകേട്ടിട്ടില്ലയോ
മൂർത്തികൾമൂന്നുംമറുപക്ഷത്തായാലും
രക്ഷിപ്പാൻബാലനെൻറച്ചുതനാണുഞാൻ (ദു:)
ഇത്തരമുള്ളൊരുവാക്കുകൾകേട്ട
കയത്തുപറഞ്ഞുടനജ്ഞാനത്തോടേ
മതിമതിനിന്നുടെഗർവുകളെല്ലാം
ചതിവുകളുംഞാനറിയും മൂഢാ!
ക്ഷിതിപതിമാരുടെടുസ്സാമർത്ഥ്യം
ക്ഷിതിസുരപരരൊടുകൂടുകയില്ല
അക്കടൽവണ്ണനമഗ്രജനും പുന-
രിക്കണ്ടാളുകൾമറവുള്ളവരും

Digitized By Kerala Sahitya Akademi

ദുർഘടമറികിയകാര്യമതെന്നു
നിനച്ചിട്ടവരാൽ സാദ്ധ്യവുമല്ല
ഞാനപിടിച്ചാലിളകാത്തൊരുതടി
ശാപവിനാകൊണ്ടുഗമിക്കായ് വരുമേ
ഊറക്കാരന്മാരാംനിങ്ങളെ
ന്നാറുവരാട്ടിപ്പായിച്ചുന്നു
ഊറംകൊണ്ടൊരുഫലമില്ലാതെ
തോറ്റുമടങ്ങാനെന്തൊരുബന്ധം
ഏണവിലോചനയാളാംനിന്നെ
മാനിനിയെപ്പിടിപെട്ടസഭായാം
ദീനതയെന്നിയെ ദുശ്ശാസനനവ-
മാനമതോതോന്നോചെയ്തുമ്പോൾ
നാണംക്കുടാതവിടെവസിച്ചു
ആണുങ്ങൾക്കിഹയോഗ്യമതാമോ
അക്ഷോണീസുരനാഥനിവണ്ണമ-
ധിക്ഷേപിച്ചുപറഞ്ഞതുകേട്ടു
വീര്യപരാക്രമശാലിയതായ
കിരീടിയുമപ്പോളേവംചൊന്നാൻ
കഷ്ടംഭ്രസുരനിത്ഥമുരപ്പാ-
നൊട്ടുംമടിയില്ലാത്തതുമെന്തേ
കേട്ടിട്ടില്ലേദ്രസുരനെന്റെ
വിചേഷ്ടിതമൊട്ടുമറിഞ്ഞിട്ടില്ല
മാരുതനന്ദനസോദരനായ
മഹാരഥനജ്ഞാനെന്നറിയേണം
കാട്ടാളാകൃതിപൂണ്ടൊരുഹരനെ
കാട്ടിയഘോരപരാക്രമമെല്ലാം
കിട്ടിനമുക്കിഹപാശുപതാസ്ത്രം
ഒട്ടുംദ്വിജവരകേട്ടിട്ടില്ലേ?
പാഞ്ചാലപാലനോടേറ്റരണം ചെ-
ണംചെയ്താശുജയിച്ചുപിടിച്ചുഥ
കെട്ടിയെടുപ്പിച്ചെന്നുടെഗുരുവിനു
പുഷ്കരതുഹലദക്ഷിണചെയ്ക
വമ്പന്മാരാംഭൂപതിമാരവർ
ഡംഭംകാട്ടിഞെളിഞ്ഞങ്ങവരുടെ
ഡംഭത്തരവും വമ്പത്തരവും
കൊമ്പത്തരവും മുമ്പത്തരവും
പിമ്പിട്ടാശ്രമടക്കിദ്രൗപദി
തൻപാണിഗ്രഹണോത്സവകാലേ

യന്ത്രംഭീതപാവേളികഴിച്ചുത
മന്ത്രണനാഥാ കേട്ടിട്ടില്ലേ
യാദവകേളിയതെന്നമഹാവിധി
മാധവീഹരണംകേട്ടിട്ടില്ലേ?
സുരലോകചെന്നമരാരികളാം
അരിയനിവാതകകവചന്മാരേ
വിരവിൽവധിച്ചുടനവരെവരിച്ചു
വിവശരൊഴിച്ചുപുരിയിലയച്ചു
കോപംക്കദവിടേന്ദ്രൻ വിരാടനൃപന്റെ
പശുക്കളെയൊക്കെഹരിച്ചതുമൂലം
ഭീഷ്മദ്രോണകൃപാചാര്യന്മാർ
ഭീഷ്മപരാക്രമരാമവർ പലരും
പോരിനവന്നവരോടു പിണങ്ങി
ധീരതയോടുടനവരുമടങ്ങി
അപ്പുത്രവൃന്ദമശേഷം വീണ്ടി-
ട്ടപ്പൃഥിവീവരനാജ്ഞകൊടുത്തു
ഭൂതമകിനപോരതിലേറാം
ധീരതപൂണ്ടുമഹീപതിമാരെ
തേരതിലോരിയെതിർത്തു ജയിച്ചൊരു
വീരൻ വിജയൻ ഞാനറിയേണം
ലോകാധീശ്വരനാകിയ ഭഗവാൻ
ശ്രീകൃഷ്ണപ്രിയനഹമറിയേണം
തന്റെ വലിപ്പം താൻപറയാതതു
കൊണ്ടുമിതിങ്ങാരിയാഞ്ഞിട്ടല്ലാ
ധാത്രീസുരരുടെ ദുഃഖംകാൺമതു
ക്ഷത്രിയഭൂപക്കുചിതവുമല്ല
അതിനു ശ്രമിച്ചാലവനെ ദുഷിപ്പതു-
മനുചിതമയിതവഭുവനസുരേശാ!
സംശയമൊട്ടുംവേണ്ടമഹേശ്വര
വംശപരാക്രമപൊയ്ക്കാണ്ടാലും!
പത്നീതനയനെരക്ഷിപ്പാൻ ഞാ-
നിത്ഥം ചൊല്ലിയ സത്യഗിരംമ
വ്യർത്ഥമതാകിലരക്ഷണവും ബത
പാർത്തിരിയാതതിനടനേഞാനും
കയ്യിലിരിക്കും ഗാണ്ഡിവമോടും
തിയ്യിൽ ചാടി ദഹിച്ചീടുന്നേൻ
സത്യം ഗുരുവരചരണത്താണ
സത്യം പൂവ്വജപാദത്താണ

Digitized By Kerala Sahitya Akademi

ശ്രീഗാണ്ഡിവമാം ചാപത്താണ
ശ്രീകൃഷ്ണൻ ശ്രീപാദത്താണ
നിശ്ചയമായിദമൂഹിക്കാണ്ടാലും
സജ്ജനനാഥാപൊയ്പ്പോണ്ടാലും
മേടുരമുള്ളനവാക്കുകളിങ്ങനെ
ആദരവോടഥകേട്ടാരുവിപ്രൻ
ദുർജ്ജനരിപുവാംപാർത്ഥൻതന്നൊട്ട
വിപ്രൻതാൻപുനരരുളിച്ചെയ്തു;—

അറിവില്ലാതെ ഞാൻ വല്ലതുംപറഞ്ഞുപോ-
യെന്നിരിക്കിലും
ആറിവുള്ളോരുപോന്നുള്ളിൽകരുതിവെക്കല്ലേ
സജ്ജനവന്ദിതനായൊരുള്ളുനാ!നീയെന്യേമറവു
ഇജ്ജനത്തിന്നാരുമൊരുശരണവുമില്ലേ
പുന്നാരെമ്പതുംക്ഷിപ്രം ചത്തുപോയേട്ടുഖം-
കൊണ്ടു
ഇപ്രകാരംദുർഭാഷണംചെയ്തുപായേൻഞാൻ
എന്നതുകൊണ്ടൊന്നുമിന്നുമന്നവ നിന്നകതാരി
കാമഷങ്ങളും തോന്നരുതേ നിർമ്മലമൂർത്തേ! [ൽ

ക്ഷീണവചസ്സുകളോരാന്നിങ്ങിനെ
കേണുപറഞ്ഞതു കേട്ടു കിരീടി
പാണിതലം കൊണ്ടുദ്ദേഹത്തെ
താണതലോടിപ്പുനരതിസദയം
പോണംട്ടുസുനീയെന്നെങ്ങൊരു
വാണിയുമൽപൊട്ടു യാതു പറഞ്ഞു
മന്നിൽ മരിച്ചു മലർന്നു കിടക്കുമൊ-
രുണ്ണിയെവേഗത്തു കോരിയെടുത്തൊരു
വണ്ണംയാതു പറഞ്ഞില്ലാരും
ഉന്നതഗുണനിധിയാതു തിരിച്ചു
വില്ലാനായിക്കൊണ്ടു ഗമിച്ചുമ-
രുപ്പാവക്കിഹ വിലചേരാഞ്ഞാൽ
അപ്പോഴുടനെ തിരിയെക്കൊണ്ടു-
ഗമിപ്പാൻ ഭാവിച്ചെന്നകണക്കെ
ആരുനാഴികകൊണ്ടില്ലത്തെത്തി
തെരുതെരവേഗമകായിൽ പുക്കു
ഉദകക്രിയവിധിയെല്ലാം ചെയ്തി-
ട്ടുടനുതന്നുടെ കാന്തസമീപേ
പരിതാപേനവിമൂർഛിതയായി-
ട്ടരിയാതാതെ കിടക്കും പതിയെ

തരസാകോരിയെടുത്തു മനോഹര-
മിലാമന്ത്രവുമായുടങ്ങി
ഖേദം മതി മതി! മതിമുഖി! നീയിനി
മോദിച്ചിട്ടുടനെഴുനീറാലും
നാഥോ! നമ്മുടെ കാര്യമിതെല്ലാം
സാധിപ്പാനൊരുയോഗംവന്ന
പൊയ്പ്പല്ലെന്നുടെ ദുഃഖം കണ്ടി-
ട്ടയ്യാ കഷ്ടമിതെന്നുപറഞ്ഞു
കയ്യേറാനിക്കാര്യം നമ്മുടെ
കയ്യിക്കുള്ളൊരു പാർത്ഥനുമിപ്പോൾ
ചൊന്നതിനിന്നൊരു നീക്കം വന്നാൽ
മന്നവവരനതിനുടനേ തന്നേ
കയ്യിലിരിക്കും ഗാണ്ഡിവമൊട്ടും
തീയിൽ ചാടി ദഹിക്കമിദാനീം
നമ്മുടെ സുകൃതവിശേഷംകൊണ്ടു
മന്നവവരനുടനിങ്ങനെചെയ്ക
നന്നായവിടെ വസിച്ചാലും നീ
മന്ദതപഴുതെ വൃഥാഫലമല്ലോ
ശാന്തിവരുത്തു കേട്ടൊരുനേരം
കാന്തയുമാശു തെളിഞ്ഞുനിറം
കാന്തനുമായിട്ടോരോരോവൃ-
ത്താന്തം തമ്മിലുരച്ചുടങ്ങി
കണ്ണനെയുണ്ടോ കണ്ടെങ്ങാനും?
കണ്ണനെയും ഞാനവിടെക്കണ്ടു
ഉണ്ണിയെയുണ്ടോ കണ്ടു മുകുന്ദൻ?
ഉണ്ണിയെയും ഞാൻ കാട്ടിമുകുന്ദം
കല്പനയെന്തെല്ലാമുണ്ടായി?
കല്പനയൊന്നുംഞാൻ കേട്ടില്ലാ
കാരണപുരുഷൻ മിണ്ടാത്തതിനുടെ
കാരണമെന്തെന്നുണ്ടോ കാന്താ!
കാരണപുരുഷൻ മിണ്ടാത്തതിനുടെ
കാരണമെന്തെന്നാക്കറിയാവൂ?
ബലഭദ്രാദികളെന്തുപറഞ്ഞു?
ബലഭദ്രാദികളുരിയാടീലാ
പാർത്ഥനുടെ ചരിതം കേൾക്കട്ടേ!
പാർത്ഥനുടെ ചരിതം കേട്ടാലും
ഹാഹാ! പാർത്ഥനിതിന്നെളുതാമോ?
ഓഹോ പാർത്ഥൻ പൊരുമതിന്നു

Digitized By Kerala Sahitya Akademi

കുന്തീസുതനുടെ സത്യത്തിന്നം-
ങ്ങന്തരമുണ്ടായ്തുരുമോ നാഥ!
കുന്തീസുതനു മരിപ്പാനുണ്ടോ
ഭോത്തുപിടിച്ചു ശിരസ്സിലെഴുത്തും
നിശ്ചലഹൃദയന്മാരായിട്ടവ-
രച്യുതപൂജകളും ചെയ്യുവസിച്ചും
ഹരനുടെ നാമവിശേഷമുരച്ചും
അവരുടനവിടെ വസിച്ചുസുഖേന.

ഏവം കഴിഞ്ഞെല്ലാരും മേവുന്നകാലമങ്ങു
ഭോവംതെളിഞ്ഞു തത്രദ്രുസുരൻ പത്നിയോടും
തോഷമിയന്നോരോവിശേഷങ്ങളും ചോദിച്ചു.
പ്പോൾ
യോഷമാർമൌലിതാനും ശേഷമരുളിച്ചെയ്തു.

അങ്ങിനെവളരെദ്ദിവസംചെന്ന-
ങ്ങംഗനമണിമാർ മൌലിക്കണ്ടു
പത്താംഗർഭവുമുണ്ടായ്തന്നു
പത്താംമാസവുമങ്ങുതികഞ്ഞു
ദ്രുസുരവരനും താപമിയന്നു
കുന്തീസുതനെക്കൊണ്ടിഹവരുവാൻ
സത്വരമങ്ങു ഗമിച്ചു നരവര-
പത്തനസീമനിചെന്നിഹകണ്ടു

പദം

ഇന്ദ്രാത്മജാ! ഇതുകേൾക്കമനോഹര
സാന്ദ്രവചനമിദംഇന്നു-
ചന്ദ്രാനനയോൽഭുത! പോരികവൈകാതെ-
മന്ദിരേ.മോദമോടും നീടുകവീ
സുതിസമയമടുത്തവിടെ എന്റെ ക്രൂടെപ്പോ-
ക്രൂടലർകാലനാം കൃഷ്ണന്റെ മുമ്പിന്നു
ചെയ്യസമയമിപ്പോൾ
അതിശൂരാ! മറന്നിതോപോകനാംവൈകാതെ
മാനസേ മോദമോടെ
അയ്യോ എൻ മാനിനിതാനേവസിക്കുന്ന
പൊയ്യല്ലേ പാർത്ഥവേന്ദ്രാ! ഒരു
കഷ്ടപ്പംകൊണ്ടുവളരും പരിതാപം
നന്ദസുതപ്രിയകേളം
ക്രൂടലർകാലനാം കൃഷ്ണനോടും നിന്റെ
ക്രൂടിപിറന്നോരോടും ഇന്നു
ക്രൂടിപ്പറഞ്ഞുനീതേരിൽ കരേറുക
പാടവശാലിൻവിരോ!

എന്നുള്ള വാക്യംകേട്ടനന്നായ്തെളിഞ്ഞു
ങ്ങഗ്രജപാദാംബുജം വ്യഗ്രതവിട്ടു ക്രൂപീവീരൻ
ഭീമപാദാരവിന്ദം ഭീമമാംകൈതിയോടും
താണുതാഴുനിജമായുപാദാംബുജവും
സോദരന്മാരെനന്നായാശ്ലേഷംചെയ്തു കൊണ്ടു
ഖേദംക്രൂടാതെവാഴുസോദരന്മാരേനിങ്ങൾ
പാഞ്ചാലരാജകന്യ വന്നാലുമരികത്തു
പാഞ്ചാല്യം ക്രൂടാതെനീമാതാവോടൊത്തുപാക്ക
ഭദ്രേ!വരികഗ്രേ! ഭദ്രം ഭവിച്ചീടുക
ഭദ്രം ഞാൻ ദ്രുസുരന്റെ പത്തനേഗമിക്കുന്ന
നിന്നുടെ സോദരന്റെകാരുണ്യമുണ്ടെന്നാകിൽ
കണ്ടീടാമല്ലെന്നാകിൽ കണ്ടതുകായ്തുതന്നെ.

എന്നുപറഞ്ഞു പുറപ്പെട്ടനിജ
മന്ദതവിട്ടു പരാക്രമശാലീ
പോരികവിപ്രാപക്ഷേ നമ്മുടെ
പോരുകൾം കിഞ്ചനകാട്ടുന്നുണ്ടു
എന്നുപറഞ്ഞുരഥമതിലേറീ-
ട്ടുന്നതഗുണനിധിയാത്രതിരിച്ചു
പൂമ്പവിലങ്ങെച്ചാടുകയും പല-
ട്ടുഗ്രകുനംപുനരങ്ങിനകണ്ടു
വാഗ്രുതമങ്ങുഗമിച്ചീടാംപുന-
രീശ്വരവിധിപോലൊത്തുവരട്ടെ
എന്നുപറഞ്ഞുനടന്നകടന്നു
മന്ദിരസീമനിചെന്നകരേറി
ഗർവിലാപവുമങ്ങുതുടങ്ങി
വിപ്രാംഗനമാർവരവുതുടങ്ങി
ഈശ്വരസേവകൾം ചെയ്യുന്നുജഗ
ദീശ്വരനാമംചൊല്ലുന്നുചിലർ
സതതാന്യായമാകെന്നോതുന്നു
വിബുധേശാദിയെവാഴ്ത്തുന്നുചിലർ
തൽഗ്രഥനിലഗതിപാക്കുന്നുചിലർ
നിഴലടിനോക്കിയളക്കുന്നുചിലർ
വിരലുകൾംകൊണ്ടുപിടിക്കുന്നുചിലർ
മാറിടമാഞ്ഞുതലോടുന്നുചിലർ
ആമയഹരരെത്തേടുന്നുചിലർ
വേരുമൂറിപ്പാനോടുന്നുചിലർ
ഘോഷമതിങ്ങനെകേട്ടതദാദമ-
ഘോഷസുതാരിസഖൻവിജയൻതാൻ

Digitized By Kerala Sahitya Akademi

ഗാണ്ഡീവചാപമുടൻകലചൂട്ടി
തൂണിയിലമ്പുനിറച്ചുഥകെട്ടി
തൂണ്ണംകൈച്ചുടഴകൊടുകെട്ടി
പാണ്ഡവനും ശരക്രടംകെട്ടി
തലവാസികളാകവെഞ്ചെട്ടി
ഭൂമിയുമൊന്നവിറച്ചുഥഞ്ചെട്ടി
ഉമ്പരിൽമുമ്പൻഗാംഭീര്യാംബുധി
ഉമ്പർകലാധിപതനയൻവിജയൻ
ഉടനുടനേചെറുഞാണൊലിയിട്ടും
ഇടിനിനദങ്ങൾവിറച്ചുഥഞ്ചെട്ടി
ഇൗററില്ലത്തിനകത്തുചുറത്തൊരെ-
ടത്തുകരത്തിൽ ധനുസ്സുമെടുത്തുവ
ലത്തുകരത്തിലുരുതരമുരത്തക-
രുത്തുപെരുത്തശരത്തെയുമേന്തി
അന്തകടേരെവിരോധിച്ചുഴകോ-
ടന്തണബാലനെരക്ഷിക്കേണം
ഏവമുറച്ചുകിരീടിവസിച്ചു
മഹീസുരമാനിനിയും പ്രസവിച്ചു
അതിശയമായൊരുസൂതനുണ്ടായതു
വധുകുലമണിമാർ നോക്കിയിരിക്കെ
ഹാഹാ! കഷ്ടം! കഷ്ടാ! ശിവശിവ!
ദേഹത്തോടുമറഞ്ഞുകുമാരൻ
ഹന്തഹന്ത! മരിച്ചുകുമാരൻ
എന്തുചെയ്തുഞാനെന്റെ ദൈവമേ!
കന്തുനന്ദനൻ തന്നുടെസത്യവും
ഹന്തപാഴിലായ്വന്നുചമഞ്ഞല്ലോ
പാർത്ഥനല്ലയോ ഇല്ലത്തിരിക്കുന്ന
വാർത്തയെതുമറിഞ്ഞതുമില്ലയോ?
കർമ്മദോഷമിതെന്നുടെജാതകം
നിർമ്മലൻ പാർത്ഥൻ തൻറെപരാക്രമം
ഒന്നുമിപ്പോൾഫലിക്കാഞ്ഞതെന്നുടെ
കർമ്മദോഷമതെന്നുപറയാവൂ
മുന്നമൊന്നുമേയീവണ്ണം കണ്ടതി-
ല്ലെന്നൊവഞ്ചിച്ചുപോയാനോ ബാലകൻ
അയ്യോ ബാലക! എന്തുനീയിങ്ങനെ
മെയ്യോടെമറയുന്ന കുമാരക!
ഒച്ചയെങ്കിലും കേൾപ്പാനില്ലായിതു
നിശ്ചയംകൃഷ്ണൻ തന്നുടേമായങ്ങളം

കൃഷ്ണനങ്ങുകൃപയേതുമില്ലാഞ്ഞാൽ
ജിഷ്ണുഭാവിച്ചാൽ സാധിക്കുമോ കായ്യം?
കൃഷ്ണകൃഷ്ണ! മുകുന്ദ! മുരാന്തക!
പത്മനാഭപരൻപുരുഷോത്തമ!
മാനിനിമാരുടെ, മുറവിളികേട്ടീ-
മാനികിരീടിമഹേന്ദ്രതനുജൻ
എന്തിതിവാത്തകമെചവിപാക്കുമ്പോൾ
അന്തണനോടിവരുന്നതുകണ്ടാൻ
നിർദ്ദയമാനസനായകിയുത്തരസൂര-
നന്ദനനോടുപറഞ്ഞവയെല്ലാം
ഇജ്ജനമെങ്ങിനെചൊല്ലീടേണ്ടൂ
ലജ്ജയുമുണ്ടിസ്സഭയിൽപറവാൻ
പാർത്ഥാ! ശ്രുണുപടുവൃത്ത! നിന്നുടെ
വാർത്താവൈഭവമതിശയമോർത്താൽ
ശശികുലജാതനുപൻഞാനെന്നും
ശചിരമണൻറെസുതൻഞാനെന്നും
ചൊല്ലിഞെളിഞ്ഞുപറഞ്ഞതുനേരെ-
ന്നെന്നുള്ളത്തിൽനിനച്ചുതബദ്ധം
അതിമാനവുമതിവൻപും മുൻപും
തവമാനസമതിലുമുണ്ടെന്നുള്ളം
ചൊന്നവലിപ്പമതെവിടെപ്പോയി?
മന്നവരിൽജള! ഹീനജളാഡ്യ
തണ്ടുംതപ്പിനടക്കുംനിന്നൊടു
പണ്ടേഞാൻവന്നരചെയ്തിട്ടും?
എന്നുടെമക്കൾമരിച്ചൊരുദുഃഖം
നിന്നൊടുഞാൻവന്നരചെയ്തിട്ടും?
സത്യംചെയ്തതുമെന്തിനെടാ! നീ
മദ്യംസേവതുടങ്ങീട്ടുണ്ടോ?
പേയാമീവകടുഷ്ടിവചനംപല
മേയോമേയോഭവനസുരേശൻ
വായിൽതോന്നിയതഖിലമുരച്ചു
കായത്തിൽകൊതിവിജയനൊഴിച്ചു
പേതസ്സിൽപുനരേവമുരച്ചു
ശ്രീകൃഷ്ണൻദ്രുതമെന്നെയൊഴിച്ചു!
ഹാ! കഷ്ടം! പോരായ്മവിച്ചു
കേട്ടിട്ടില്ലാത്തവമാനോരുക്തികൾ
കേട്ടുസഹിപ്പാനെതല്ലേയും
കായത്തോടെദ്വിജവരബാലക-
മായത്തോടേകൊണ്ടുതിരിച്ചുഴ

Digitized By Kerala Sahitya Akademi

ന്തായത്താലല്ലെന്നായുന്തനമുപയത്താലെന്നാകിലുമുടനേ
പോയെത്തീടിനദേശത്തോളം പോയിത്തിരവൻകൊണ്ടിഹവരുവൻ!
ഏവമുറച്ചുകിരീടിവസിച്ചു ദേവവരാത്മജനതിനശ്രമിച്ചു
ഞംബരായണമാഹാത്ഭുതവിദ്യാ ഡംബരണകപികേതനവീരൻ
ധർമ്മരാജപുരിനോക്കിനടന്നു ധർമ്മജാനുജനുമീഷലകന്നു
കണ്ണടച്ചുധമിഴിക്കുമിടയ്ക്കാ- ഖണ്ഡലാത്മജനുമന്തകദേശേ
ചെന്നടുത്തളവുകാലടേന്മാർ നിന്നുതങ്ങളിലിവണ്ണമുരച്ചാർ
ഏവനിന്നൊരുനരൻപടുധീരൻ ഏവനായധികചാരുശരീരൻ
പ്രേതയായകപുരിക്കുവരുന്നു ഭീതിഭാവമവനുള്ളിലകന്നു
ചെന്നുകൊണ്ടിഹവരാതെയൊരുത്തൻ ഇന്നുവന്നായുമതീവവിചിത്രം?
ദായുധങ്ങളൊടുമല്ലാമമിപ്പോൾ ആയവൻവരുവതാശ്രുതപ്പൻ
എന്നുറച്ചുബതകാലടേന്മാർ നിന്നുചാപവിശിഖാദികളോടും.

അടുത്തുഗോപുരദ്വാരമമർത്ത്യനായകസൂനു
എടുത്തുഗാണ്ഡീവചാപംകലച്ചൂണിയുമേന്തി
യിമുന്തിംയിംധിമന്തീദംതകത്തുഞാണൊലി
പാർത്ഥൻ
അമന്സംഭ്രമംപൂണ്ടുഴന്നാരന്തകടുതർ
ഘോംകാരോദയചെറുഞാണൊലിയും
ശംഖാരവവുംകേട്ടകൃതാന്തൻ
നമുടെതനയസഹോദരനാകിയ
വെൺമതികലമണിശേഖരനുജൻ
അവനുടെശംഖധ്വനിയല്ലനിശ്ചയ-
മവനവിരോധിയുഷ്ണിൻവെറുതേ
ഭോഷ്കുപറഞ്ഞുകലഹിക്കാതെ
കൂട്ടിക്കൊണ്ടിഹവരുവിൻവിരവിൽ
അന്തകശാസനകേട്ടടനവരും

കന്തീസുതനെക്കൊണ്ടിഹവരുവാൻ
നരനോടവരരുൾചെയ്തിതുദന്തം
സുരനാഥജനും കൃപ്പികൃതാന്തം
വിരവിലനുഗ്രഹമരുളിമുദായമ-
നരുളിച്ചെയ്കപവിധപുജനോടു്
കിമതാളുന്നിധനജ്ഞയ! വരുവതി-
നനന്യരുകാരണമുചെയ്താലും!
ഹരിനഖനാകിയഹര് സുതനപ്പോൾ
യമവചനംകേട്ടിമുരചെയ്തു:—
മരിമതിമഹാമതേ! മദ്ധ്യുവാക്കുകം
ഖതികളിറചെയ്തുമുട്ടുതരോക്കിലോ
ധരണിസുരവരനടയബാലകൻതന്നെഞാൻ
ധരണിസുരാലയേകാത്തുനില്ക്കുംവിധൌ
മമചരശരാകരക്രൂടങ്ങൾഭേദിച്ചു
ചാരത്തുബാലനെക്കൊണ്ടിങ്ങുപോന്നതും
അമരവരതനയനഹമെന്നെയോക്കായ്കിലെ-
ൻറഗുരുൻതന്നെനീചിന്തചെയ്കീലയോ?
മധുരിപുനഖിലജഗദീശനാം കൃഷ്ണൻറ
കാരുണ്യപീയുഷമുണ്ടുനമുക്കഹോ!
തരികമമകരതളിരിലഴകൊടുകുമാരനെ
താല്പര്യമാമൻറഗംഭീരസത്യവും
ഓർത്തുകൊള്ളുല്ലായ്കിലന്തകനെന്നുള്ള
ധൃത്തുപോക്കീടുവാൻ പാർത്ഥൻമടിക്കുമോ!
ദ്വാരകാതീരത്തൊരുഭൂസുരബാലന്മാരെ
പാരാതൊൻപതുപേരെചോരാനികൊണ്ടു
പോന്ന
പത്താംതനയനെഞാൻരക്ഷിച്ചുകൊട്ടുപ്പാനായ്
സത്യവുംചെയ്തുകൊണ്ടുപത്തനേവസിക്കുമ്പോ
ചിത്തഭയംക്രൂരാതെപുത്രഹീനസുരസുതനെ [രം
ഞാനനികൊണ്ടുപോന്നതെന്തുയുധിക്കാനുമായ്-
ആയതിനിന്നനിൻറെനാശംവരുത്തുവാനായ്
ആശുഞാൻവന്നതെന്നുക്രൂരാതെകേട്ടുകാർകൊ
ശ്ലാഘനംപാർത്ഥനെന്നുഞാനുനീശങ്കിക്കേണ്ടാ
പക്ഷരണത്തിന്നായിപക്ഷങ്ങൾനിർക്രുന്നനന്നായ്
കന്തീനന്ദനനെന്നുകേട്ടിട്ടില്ലയോ ഭൂപാ!
ഞാനുകവൈരിഞാനുംഞാനുരമെന്നേവേണ്ട
ക്രുദ്ധമുള്ളശരംകൊണ്ടുപോക്കുമതെന്നിൽനിൻറെ
ധൃത്തുകളവാനിന്നുപാർത്ഥൻമടിക്കയില്ലാ



Digitized By Kerala Sahitya Akademi

ഇത്തരമുള്ളൊരു വിജയൻതന്നുടെ
അരുത്തൽമുഴുത്തൊരുവാക്കുകൾകേട്ട
ആധിപിടിച്ചുവിയത്തുകൃതാന്തനു-
മാദരവോടങ്ങരുളിച്ചെയ്തു:—
എന്തൊരുദ്ദുസുരനെന്തൊരുബാലക-
നേതൊരുമിക്കിനുകൊണ്ടുതിരിച്ചു
ഹേതുവതെന്തിതുവരുവാനെന്നും
ഏതുമറിഞ്ഞിട്ടില്ലേഞാനും;
മത്തടരാരുംപോയിട്ടില്ലാ
മൽപുരിയിൽകൊണ്ടപന്നിട്ടില്ലാ
നിന്നെക്കബളിപ്പിച്ചാരാണ്ടതി
നെന്നൊട്ടുകോപിച്ചാൽഫലമുണ്ടോ?
അങ്ങാടിത്തോറെന്നാലിങ്ങിതി
നമ്മയൊടെന്നപഴഞ്ചൊല്ലൊത്തു;
സംശയമുണ്ടെന്നാകിലഹോരിപു
വംശപരന്തപപോരികകൂടെ
എന്നുപറഞ്ഞുതുറന്നിതുയമനം
തന്നുടെവൻനരകൌഘകവാടം
പാപംചെയ്തൊരുജീവനെയങ്ങനെ
ദുഃഖിപ്പിപ്പതുകണ്ടുകിരീടി;

കണ്ടാലുമോരോമഹാപാപികൾകിടക്കുന്ന
കണ്ണുമറുത്തുകൊണ്ടു കുണ്ഡിതംപ്രാപിക്കുന്ന
ദേവസ്വംബ്രഹ്മസ്വവും കേവലമടക്കിക്കൊ-
ണ്ടോരോമൽപൂമേനിയായുള്ളൊരുകാന്തയോടും
സാദരംപുലർത്തുന്നമൂഢന്മാരുടെതന്ന
താഡനംചെയ്തുകൊണ്ടുവാട്ടിവലിച്ചീടുന്നും.

കള്ളുകുടിക്കുംനായന്മാരുടെ
പള്ളയ്ക്കിട്ടുകൊടുക്കണകണ്ടു;
വള്ളികൾകൊണ്ടുവരിഞ്ഞുതുകണ്ടു;
പാശംകൊണ്ടുമുറുക്കണകണ്ടു;
പിന്നെപ്പുലപലജീവനെയിങ്ങിനെ
ബന്ധിപ്പിപ്പതുകണ്ടുള്ളനിനും
അസ്ഥലമഖിലംപാർത്തുകിരീടി
നാസ്തികമാർഗനതോർത്തഴൽതേടി;
താതൻപാദവുമാശ്രയമിച്ചു
ഖേദാദികളഖിലങ്ങളൊഴിച്ചു
ഭാവിതെയുമില്ലെന്നുടനെവിധിച്ചു
മിക്പാലാഷ്ടകമുച്ചനംചൊല്ലി

തത്രതിരഞ്ഞുംകാണാഞ്ഞതിനാൽ
നാണംകെട്ടമനസ്സുമടങ്ങി
മാനംകെട്ടമഹീന്ദ്രതനൂജൻ
നിശ്ചയമായിമനസ്സിലുറച്ചു
അച്യുതനെന്നെയുപേക്ഷിച്ചെന്ന
ൽപരിതംപുനരഗ്നിയിൽവീണുദ-
ഹിച്ചൊരവസ്ഥഗ്രഹിച്ചീടേണം
ഏവംനിജമനതാരിലുറച്ചു
ദേവവരാത്മജനതിനശ്രമിച്ചു;
അനവധിവിറകവരുത്തിനിറച്ചു
മനമതിലതിശയഭക്തിയുറച്ചു;
ആശ്രുകളിച്ചുവിളുതിധരിച്ചുഖി-
ലേശപദേനിജഭക്തിയുറച്ചു
ഇന്ധനമാശ്രുവരുത്തിയുയത്തി
ഘനഘടയുംപുനരത്തീശയമോടെ
അഗ്രജജനകസഹായനതായോ-
രഗ്നിയെവിരവൊടുവിറകിൻനടുവേ
കുത്തിയെടുത്തുചുഴന്നുപിളർന്നഘ-
നാശ്രയമാർഗത്തോളമുയർത്തി
ദിക്പതിമാരെയുമാരാധിച്ചു-
ങ്ങഗ്നിയെമുന്നവലത്തുംവച്ചു
ശരവുംശരധിശരാസനസമയുഗ-
കരതലപരിഭാഃഞ്ജലിചെയ്തു
ദേവകദംബവരിഷ്ഠാധികനാം
പാവകദേവനൊടായറിയിച്ചു.

പാർത്ഥിധനഞ്ജയ! പാതമദന്നായ
പാർത്ഥിധനഞ്ജയമയമിഹഭഗവൻ
തപ്തത്തായതപാപസമേതം
തപ്തോഹത്തൊടുപരുന്നോൻഞാൻ;
എന്നുടെകൃഷ്ണാ!യെന്നുവിളിച്ചു
വഹ്നിടനടുവേചെന്നുപതിപ്പാൻ
ആഞ്ഞിത്തുങ്ങിയമൻകുതിച്ചു
ജനങ്ങൾക്കനവധിഭയവുമുറച്ചു
ഇഷ്ണസമേതേജനനിനികേതേ
കൃഷ്ണനറിഞ്ഞാൽജിഷ്ണുജസമയം
അയ്യോ! കഷ്ടം നമ്മുടെപാർത്ഥൻ
രീയിൽച്ചാടിദഹിക്കുമിദാനീം;
പേടിമുഴുത്തൊരുഭാവത്തോടെ

Digitized By Kerala Sahitya Akademi

ഓടിജനാർദ്ദനനതിമതിമോദാൽ
മഞ്ഞപ്പട്ടുടെകുത്തുകിഴിഞ്ഞും
മഞ്ജീരദ്വനിതത്തുപൊഴിഞ്ഞും
ഓടിയലഞ്ഞും നാടികുഴഞ്ഞും
വാടിയുലഞ്ഞും മാടിവിളിച്ചും
വിജയാ! വിജയാ! യെന്നുവിളിച്ചും
അരുതേസാഹസമെന്നുപറഞ്ഞും
വിജയൻവഹനിയിൽവീഴുംമുൻപേ
തരസാചെന്നുപിടിച്ചു മുകുന്ദൻ
മുൻനോക്കീട്ടുകുതിച്ചൊരു പാർത്ഥൻ
പിൻനോക്കീട്ടുമറിഞ്ഞഥവീണ
അപ്പോഴത്തെയവസ്ഥനിനച്ചാ-
ലുള്ളതുമെന്നേപറവാനുള്ള
വിഭ്രമമോടഥനോക്കുന്നേരം
രുക്മീണിവരനെക്കാൺമാറായി
വ്രീളാവിവശതപൂണ്ടുകിരീടി
കാളാഭോംഗനെവീണുവണങ്ങി
തൊണ്ടവിറച്ചും നെഞ്ചുവിറച്ചും
മിണ്ടരുതാതെവിയർത്തുതളർന്നും;
അണ്ടർവരാത്മജനിണ്ടൽമുഴുത്തു
കണ്ടുദയാനിധി കാർമുകിൽവർണ്ണൻ
പുഞ്ചിരിപൂണ്ടിടമരുളിച്ചെയ്തു
നിഞ്ചരിതംബഹുവിസ്മയമോർത്താൽ!
കന്തികുമാരകാ! നീ എന്തിനുറയ്ക്കുണ്ടീവണ്ണം
ഛന്തനിനച്ചുചെയ്തതന്ധകാരോദയമോ?
ചെന്തീയിൽവീണദേഹംവെന്തുമരിപ്പാനൊരു-
ബന്ധംചെയ്തീടുവാൻകാരണമെന്തുപാർത്ഥാ!
ബുദ്ധിതെളിഞ്ഞുകേൾക്കാതദ്വിധമായതെല്ലാം
സിദ്ധിദമാക്കിയഞാൻപ്രസ്താപകാരിയായോ
ഘോരതരായുധനത്തിൽതേരതിലേറിനിൻതേ
രാവീയ്യുംപൂരിപ്പിപ്പാൻസാരഥിയായില്ലേ ഞാൻ
പോരിന്നായർരംഭിച്ചവീരന്മാരുമായ്നേരേ
ഘോഷിച്ചുനേരത്തുനീതേരിൽപരിപതിച്ചു
അന്നേരംമോഹാന്ധതീർത്തുനന്നായുപദേശിച്ചു
തന്നൊരുപനിഷത്തുമിന്നുമറന്നുപോയോ
ലോകങ്ങളേഴുരണ്ടുംകീഴ്മേൽമറിപ്പതിന്നു
മാകുലമില്ലചിത്തമേവിചാരിച്ചീടുമ്പോൾ,
ദുസുരബാലപരിപാലനവീരവാദ-
ത്തോറ്റവതെന്നോടുപറയാഞ്ഞതെന്തുപാർത്ഥ!
പുത്രപ്രീസുരേശൻതന്നോടുപത്തുകുമാരന്മാരിങ്ക
പത്തിലൊരുത്തനെനീകാത്തുതരുന്നേനെന്ന
സത്യവചനമിന്നുവ്യർത്ഥമായ്ചെന്നിതിപ്പോൾകൊ
ണ്ടുദ്ധിക്ഷയവുംവേണ്ടാചിത്തേഖേദവുംവേ-
പത്തുകുമാരന്മാരുമൊത്തുധരിത്രീദേവ [ണ്ടാ
സത്തമനായ്ക്കൊണ്ടുകൊടുത്താലുമല്ലോ! നീ
ദാരുണകർമ്മത്തിനിന്നുമോഹമുണ്ടായ്തുനിൻ
സാഹസമെന്നല്ലാതെ ഹാ! ഹാ! പറഞ്ഞീടാ-
തിമാധവഗിരമമരാധിപസുത- [മോ?
നതിമാധുര്യസമേതംശ്രുതവാ
നതവാമരരിപുചരണസരോരുഹ-
മുക്തവാടീമസഹോദരനേവം
കരുണാകരതവതരുണാരുണസമ-
ചരണാംബുജയുഗമാധാരംമമ
പിഴകളശേഷമൊഴിച്ചുരുളേണം
അടിയനെയോർത്തുക്ഷമിച്ചീടേണം
മുട്ടീടുന്നിയഗ്നിജ്വാലയിൽ
പെട്ടീടുന്നഹരേപരിതാപം
മുട്ടീടുന്നുവിവേകവുമകമേ
വൃഷ്ണിവംശജ! ജഗദീശമുരാരേ
ഇതിനരപതിഗിരമഖിലംകേട്ടു
അതിമോദനചിരിച്ചുമുകുന്ദൻ
അഗ്നിജ്വാലയിലുഷ്ണമകന്നു
ശക്രതനുജനു ദുഃഖമകന്നു
മാരുകനാം നിജസുതനെമാനസ
താരകമേ കരുതി ജഗദീശൻ
രഥവും കൊണ്ടഥ വന്നവനും നിജ
പദവും വന്ദിച്ചളവുതദാനീം
നരനൊടു സഹിതം നാരായണനും
വിരവിനൊടുൽഭൂതരഥമതിലേറി-
ട്ടംബരമാർഗ്ഗേയാത്തുതുടങ്ങി
ജവംബഹുദൂരമകന്നു തുടങ്ങി
രവിമണ്ഡലവും ശശിമണ്ഡലവും
ധ്രുവമണ്ഡലവും താഴെക്കാണായി
വിബുധാധിപപുരിനിശാനായകപുരി
നവഖേചരഗതി സുരടീക്രീകയും
കല്പകവൃക്ഷം പുഷ്പോദ്യാനവു-
മപ്സരികളും കനകാചലശിഖരം

Digitized By Kerala Sahitya Akademi

ഏറെത്താഴത്തേറെത്താഴെ
ടുരേ ടുരേ കാണായ്തുന്ന
ലോകാലോകവുമങ്ങു കടന്നു
മാഹ ക്രൂരിരുളാധിമുഴുത്തു
കൺകാണാഞ്ഞുമുടൻ കമലേശ
മുഖം കാണാഞ്ഞു വലഞ്ഞു കിരീടി
ശക്രതനുജനു ദുഃഖമൊഴിപ്പാൻ
വക്രമശാലി ജഗൽഗുരുകൃഷ്ണൻ
ചക്രപരായണനർക്കമലേനിജ
ചക്രത്തെപ്പരിശീഘ്രംസ്മൃത്വാ
ലോകൈകാഞ്ചിതദീപാകൃതി ജഗ-
ദേകാശീതസുദർശനചക്രം
തുണ്ണുടിച്ചു കോപമൊഴിച്ചു
പാണ്ഡവനുള്ളിൽ വിഷാദമൊഴിച്ചു
വൃത്രവിനാശനപുത്രനൊടാജ്ഞാ-
ഗുരുയായകനായ്വിരവാൽ
എന്തിയകനിതുചൊന്നതി ടുരമ
തൽത്രിദശാശാജനോത്തമനെത്തി
യോജനമൂരൊരുൽപതിനായിര-
മനവധികുതിച്ചുപായിച്ചു
ഓരോരോതരമിദമുള്ളിയനേര-
ത്തെറിയടുരമകന്നിതുതേരും
ശ്രീപാഞ്ചജന്യമുടെതിരയടിനാദം
താപാൽകേട്ടുമഹാൽഭുതജാതം
വൈഷ്ണവശുപമഹാൽഭുതപൂർണ്ണ
സുഖസ്ഥലമാഗതനാസ്ത്രുതിയുടെ
മെന്നണയുമ്പോളമ്പൊടുകണ്ടു
സുന്ദരമഞ്ജുതരേജാനിലയം
ശ്രീകണ്ഠാദിനിഷേവിതമാംഹരി
വൈകുണ്ഠം ജഗദേകമനോജ്ഞം
ക്ഷീരാബ്ധിവമതിൽ നാഗാധിപനുടെ
ചാരുഫണാഞ്ചിതമണിവരതല്പ
നാരായണനധിവാസം കണ്ടുമു-
രാരികിരീടിയൊടരുളിച്ചെയ്തു
കാണ്മതുമിതു കണ്ടീടുകവൈ-
കുണ്ഠപുരം പുരുഷാണ്ഡമവാസം,
എന്നുപറഞ്ഞഥനന്ദസുതോപിപു-
രുഷനാഭനുനാഥ സമേതം

സ്യന്ദനമതിൽ നിന്നപ്പൊടിറങ്ങി
ജഗന്നിലയസ്ഥലമാശ്രുവണങ്ങി;
അതിമോദത്തോടുനാക്കുനേരം
അതിശയമനവധി കണ്ടു തുടങ്ങി;
കനകക്കൊടിമരമുയരെക്കണ്ടു
ഖഗസത്തമസുനിവാസംകണ്ടു;
ഹേമസമാനാശയുപ്രകേണ്ടു
സാമനാമാനമതിൽ പ്രകേണ്ടു
നവരത്നജ്വലപരിതോസുരമാം
സുരവൽത്തുസാപാനംകണ്ടു
ഹരിപദഭക്തജനത്തെക്കണ്ടു
സുരമുനിമാരെയുമഴകൊടുകണ്ടു
ഓരോതരമവർ സേവകർം കണ്ടു
നാരദമുനിയെ വിശേഷാൽകണ്ടു
മേരുസമാനകിരീടംകണ്ടു
ചാരുഗളോന്നതമാലകർംകണ്ടു
പുഷ്പാദ്യാനവിശേഷംകണ്ടു
ഷൽപ്പദജാലവിലാസംകണ്ടു
പീതാംബരമാമുടുപുടകണ്ടു
പാദാംബുജയുഗമഴകാടുകണ്ടു
ലക്ഷ്മീദേവിയെയരികേകണ്ടു
ആകഷ്ടാപതിയുടെ വാസംകണ്ടു
ശ്രീവൈകുണ്ഠവിശേഷമുരപ്പാൻ
ആകാംക്ഷിതമെന്നാകിലുമിപ്പോൾ
ആവുന്നതിനേ മോഹിക്കാവൂ
മോവിച്ചുമെല്ലെതല്ലുതുരപ്പാൻ
നരനൊടു സഹിതൻ നാരായണനും
ഹരിചരണാംബുജമാശ്രുവണങ്ങി
ഭൂമീഭഗവതിമാരൊടുകൂടി
ആനന്ദമോദേനവസിച്ചരുളുന്നൊരു
ഭഗവദ്രൂപവിലാസംകണ്ടു
പെരുകിനഭക്ത്യാഹരിസ്തുതിചെയ്തു
മുരഹരനന്തഗിരമിതിവിവിധം
ഹരികരുണാകരജഗദഖിലേശൻ
ശ്രുത്വാകൃത്വാമുഖ്യാസ്സുരമഭ-
മുക്ത്വാമധുരമനോഹരവാക്യം
രാമസഖോരുരു ഭീമസഖോരോ!
രക്ഷ മമ ചാരുകുമാരന്മാരോ!

Digitized By Kerala Sahitya Akademi

ശ്രീതലവാസം സുഖമല്ലേതവ?
സാധുജനത്തിനുമിഹനിങ്ങളുമിക്കും
കൃഷ്ണാനന്തരമെ ശ്രീരാസുരാദികളും
ഭക്ഷ്യാസുഖമൊടുവാഴുന്നില്ലേ!
മുസലിക്കും തവജനനിക്കും മന-
മൊരുമിക്കുന്നയടുപ്പവരക്കും
ഉപജനകനുമുപമാതാവിനും
തവസുഖവാസമതല്ലേ കൃഷ്ണ
നിർമ്മലഹൃദയാ വിജയാ നമ്മുടെ
ധർമ്മതനുജനു സുഖമാ വാസം?
മാരുതസുതനും മാദ്രീസുതനും
ശൂരജസോദരി തവമാതാവും
കുശലസമേതനിവാസരതല്ലേ?
വിശദമതേശതമന്യൂതനുജ!
ശത്രുഹരായുധചിത്തരസോദര
നിത്യസുഖേനവസിക്കുന്നില്ലേ?
ഇതിമധുസൂദനനതിമധുരോദര-
മുചിതകുതൂഹലമുൾക്കൊള്ളുമ്പോൾ
ഭക്തിനിറഞ്ഞു വഴിഞ്ഞു പൊഴിഞ്ഞനു-
സൂക്തമുവാചജഗല്പതികൃഷ്ണൻ;
കുശലം സകലം കരുണാജലധേ!
കുശലമതില്ലതുമറിയുന്നില്ലേ
നിന്തിരുവടിയറിയാതഖിലാശയ
കിഞ്ചിദുദന്തം നഹിനഹിഭവനേ
ഒന്നും പറവാൻ തോന്നാതേഷത
നിന്നുകിരീടിമുകുന്ദസമീപേ;
അന്നേരം മധുകൈടഭനാശൻ
അന്യോന്യാദരമരുളിച്ചെയ്തു;
ഉർവ്വീതലപരിതാപഹരാ! തവ
ദുർവ്വാംബുലപരിതാപമപരം
സർവ്വവിശേഷമശേഷമറിഞ്ഞാൻ
വാസുദേവശുഭജവിജയന്മാരേ
നിങ്ങളെയുള്ളൊരു വാത്സല്യം പുന-
രിങ്ങുമുഴുത്തു ചൊടിച്ചതുമൂലം,
ഇരുവരുമെന്നുടെ മുമ്പിൽവരേണം
പരിവേഷ്ടിതം കണ്ടീടേണം
അതിനൊരു പെരുവഴി ഞാനിഹകരുതി
ക്ഷിതിസുരസുരരെക്കൊണ്ടിഹപോരേ

ഇന്നവരുംഭവതനിങ്ങളുമിപ്പുന-
രെന്നു നിനച്ചു വസിച്ചതു ഞാനും
പുത്രകുമാരരെയാത്തവനീസുര
സത്തമനാളെ കൊടുത്തു സുഖന
ദമ്പതിമാരുടനുഗ്രഹവും ബഹു
സംപ്രതിവങ്കിവസിച്ചിടുകായ്
അതുകേട്ടളവഥ തൊഴുതുനിവൻള-
വതികൗളകമിഹകാണാഞ്ഞു;
പൃഥ്വീസുനുടെ പുത്രകുമാരരു-
മുടകളിച്ചുവസിച്ചിടുന്നു;
അച്ഛൻമക്കളെയെന്നകണക്കെ
ആശ്ലേഷം ബഹുമായാസഹിതം
വാഞ്ഛാസാകമൊരുണ്ണിയെ ഭഗവാൻ
പാഞ്ചാടിച്ചു കളിപ്പിക്കുന്ന
പോക്കാക്കെക്കെയെന്നു പറഞ്ഞു
വിരലുപിടിച്ചു നിവൃത്തികുമാരൻ
ഇതിലിതിലതിലിതിലെന്നു പറഞ്ഞു
വിരലുകളും ചെന്നു പിടിച്ചുനിവർത്തും
കൈസ്പർശമാത്രപിടിച്ചുവലിച്ചു
കുഴത്തിലുടൻ കരയറിയിരുന്നും
മടിയിൽപുക്കുസുഖശയിച്ചും
മകരക്കാതിലകണ്ടുരസിച്ചും
വിടുവിടമുട്ടുകളും കുത്തിനടന്നും
ഫണിവരതല്പവിണമറിഞ്ഞും
വലുസാധികമാം വചനമുരത്തും
കലിതരസേനകളിച്ചു രസിച്ചും
തുക്കെക്കൊണ്ടുപിടിച്ചു മുറുക്കി
ശീഘ്രം നിറുകയിലാഘ്രാണിച്ചും
ലക്ഷ്മീഭഗവതിപത്മാംഗനയെനെ-
യാശ്ലേഷിച്ചു കപോലങ്ങൾകൊടുത്തും
അവനീദേവിയുമവനുടെ പൂവ്വജ-
മാദരവോടഥതാലോലിച്ചും
ബാലകലീലാവിലസിതമത്പുത്ര
പാലകിരീടികളും കണ്ടുരസിച്ചും
പുഞ്ചിരിപൂണ്ട വരൻ പുരുഷൻ പുന-
രഞ്ചിതരൂപൻ കിഞ്ചിദ്ഭാഷേ
വിശ്രുതവിപ്രകുമാരന്മാരേ
പശ്യമുരാരിവിജയന്മാരേ!

Digitized By Kerala Sahitya Akademi

പത്തുശിശുക്കളും ക്രമത്തെയുമവരുടെ
നിത്യവളർച്ചവയസ്സുകളും ബത
ഉണ്ണികളെപ്രതിപരിപാലിച്ചുട-
നണ്ണാജാക്ഷനുമിദമരുൾചെയ്തു;
സുഖമായങ്ങുഗമിച്ചുവസിപ്പിൻ!
സുകുമാരാകൃതിമാരേ! നിങ്ങളും
നിങ്ങൾക്കച്ഛനുമമ്മയുമുണ്ട
നിങ്ങളെയോർത്തുവിലാപിക്കുന്നു;
എന്നതുകൊണ്ടിനിചൈകാതവരെ
ചെന്നഥകണ്ടുവരേണമിദാനീം.

മധുകൈടഭരിതന്റെ മധുരമാംവാക്കുകേട്ട
അധികസന്താപത്താടും കരയുന്നബാലകന്മാർ
പൊഴിയുന്ന കണ്ണനീരും കരയുന്നമാനസവും
പതറുന്നഖേദത്തോടേ പറയുന്നിതോരോതരം
വിയക്കുന്ന ദീർഘവീർപ്പും പിളർത്തുന്ന ചുണ്ടുരണ്ടും
തളരുന്ന പാരവശ്യം പറയുന്നിതോരോതരം
ജനകജനനിമാരും ഇവിടെയുണ്ടല്ലോ ഞങ്ങൾ-
ക്കിനിയേതൊച്ഛനമ്മ! അറിയുന്നില്ലല്ലോ-
ഞങ്ങൾ;
ഒരുനാളുംപോകയില്ലെന്നരചെയ്തനാഥൻതന്റെ
തിരുമുഖം നോക്കിനോക്കിക്കരയുന്ന ബാലക
ന്മാർ.

മഹിമാഭഗവതിമാരുകണ്ടുട-
നാമോദേനസമാശ്ലേഷിച്ചു
ദുഃഖമൊഴിച്ചുദിമരുളിച്ചെയ്തു
മക്കളെ! യങ്ങുഗമിക്കസുഖേന,
നിങ്ങൾക്കച്ഛനുമമ്മയുമുണ്ട
നിങ്ങളെയോർത്തു വിലാപിക്കുന്നു
പിതൃമാതാക്കളെ ദുഃഖിപ്പിക്കരു-
തതിദോഷം വരുമതിനുണ്ണികളെ!
എന്നതുകേട്ട കുമാരന്മാരുട-
നൊന്നുപകർന്നു ചമഞ്ഞു സാദരം;
അങ്ങുള്ളവരെക്കണ്ടീടേണം
ഞങ്ങൾക്കങ്ങു ഗമിച്ചീടേണം
അച്ഛനുമമ്മയുമുള്ളിടത്തേ-
ക്കിക്ഷണമിപ്പൊളയച്ചീടേണം
മായാമയനാം നാരായണനുടെ
മായാവൈഭവമതിശയമോർത്താൽ

നിശ്ചലമാനസനാകിയ ഭഗവാൻ
കുട്ടികളോടിദമരുളിച്ചെയ്തു—
എങ്കിൽ സുഖമായങ്ങുഗമിപ്പിൻ
സങ്കടമുള്ളിലശേഷമൊഴിപ്പിൻ
ഓജസ്സോടേ ചെന്നുടനവരുടെ
തേജസ്സോടു ലയിക്കുക നിങ്ങളും;
ഇദമരുളും ചെയ്തഥ ഭൂയോഭൂയോ
വിരവൊടുതഴുകിയനുഗ്രഹമേകി;
യാത്രയയച്ചു മുകുന്ദൻ കൃഷ്ണനു-
മാസ്ഥയൊടദ്വിജബാലന്മാരെ
തേരതിലേറിയുഴറൊടുവേഗാൽ
ദ്വാരകതന്നിലിറങ്ങിവിളങ്ങി
ധരണീസുരനുടെ ഭവനേചെന്ന-
ക്കരുണാകരനുടെ വചസാവിജയൻ
വൃത്ഥാദേവനെയാശ്വവിളിച്ചു
അപ്പൊഴുതുംകൃതമായി ശകാരം
വേണ്ടാപരിവേഗിരമിനിദ്വിജസുത-
നിണ്ടലശേഷമൊഴിപ്പതിനായി
പങ്കജനയനൻ ശ്രീകൃഷ്ണൻ വ-
ന്നങ്കണസീമനിമരുവീടുന്നു;
മുററത്തോളംവരികഭവാനിഹ
കുററം പറവാൻപ്പിന്നെയുമാമേ;
എന്നതുകേട്ടു പുറത്തുമിറങ്ങി
മന്നിടദേവൻ മഹിഷീസഹിതൻ
ശ്രീധരദേവനുമിദമരുൾചെയ്തു
ദ്വിസുരനാഥനൊടയിഗ്രണരാശേ!
മൃത്യുവേവിച്ചുസുതന്മാരെത്തവ
പത്തിനെയും ബതപശ്യമഹാത്മൻ!
ഒന്നിനെവിജയൻ രക്ഷിച്ചതുമതിൻ.
മുന്നേപോയവരൊമ്പതുപേരും
കയ്ക്കൊള്ളുകതവപുത്രരെയതിസുഖ-
മായ്ക്കൊള്ളുകതവനിത്യനിവാസം;
എന്നരുൾചെയ്തഥനന്ദജനാഗ്ര
പുരന്ദരജാതൻ തന്നുടെ കയ്യിൽ
നന്ദിച്ചുൻപൊടു നന്ദനദശകം
മന്നിടദേവനു നൽകിപ്പിച്ചു
മദിനിദേവൻ മാനിനിയോടും
ദമാദമുദിച്ചുയ ചൊല്ലുവല്ലേ

Digitized By Kerala Sahitya Akademi

ഞൽഭൂതമൽഭൂതമെന്നു മഹാജന-
മുല്ലഖനേത്രനെ വാഴ്ത്തീടുന്നു;
ആലിംഗനമവർ ചുംബനമങ്ങവ-
രാവോളമവർ ചെയ്തീടുന്നു
അവനീസുരനും രമണീസഹിതം
കമലാകാമുകവിജയന്മാരെ! /
മക്കൾ മരിച്ചൊരു ദുഃഖനിമിത്തമി-
നിക്കുവേഴിച്ചൊരതീമമൂലം

ദുഷ്" കൃതവചനമുത്തരവയെല്ലാം
സൽകൃതമെന്നെബോധിക്കാവൂ
ഭ്രൂസുരവരരുടെ ശീലമിതെന്നു
ചേതസിനിങ്ങനിരൂപിക്കാവൂ;
ആത്തകുതൂഹലമോടവനപ്പോൾ
വാഴ്ത്തിമുരാന്തകവിജയന്മാരെ
മേദിനിതന്നിൽ മാനിനിയോടും
സാദരമത്ര സുഖിച്ചു വസിച്ചു;

സന്താനഗോപാലം ഓട്ടൻതുള്ളൽ സമാപ്തം.

# സീതാസ്വയംവരം

## ഓട്ടൻ തുള്ളൽ.

വിശ്വാനന്ദകരാകൃതിയാകിയ
വിശ്വാധീശൻ വീരശിരോമണി
വിശ്വാമിത്രമഹാമുനിയോടും
വിശ്വാസേനഗമിപ്പാനായി
വില്ലും ശരവുമെടുത്തും കൊണ്ടഥ
തെല്ലും മടിക്രടാതെ മഹാമതി
ചൊല്ലേറീടിനരാമനുമനുജനു-
മുല്ലാസേന പുറപ്പെട്ടടനെ
ദശരഥനന്ദനനാകിനരാമൻ
ദശമുഖരാവണകിങ്കരരാകിയ
നിശിചരരെക്കൊലചെയ്വാനുള്ളൊരു
വിശിഖം കയ്യിലെടുത്തൊരു സമയെ
ത്രിശിരസ്സും ഖരനും ദൂഷ്ണനും
നിശിചരവരനാം ദശകണ്ഠനുമഥ
ഭൂശതരമാധിമനസ്സിൽ വളൻ
വിശദമറിഞ്ഞയുമില്ലവരാരും
ലക്ഷ്മണസഹിതൻ ശ്രീരാമൻ ശുഭ
ലക്ഷണസമയേ മുനിയൊടുകൂടെ
തൽക്ഷണമടവിയിൽ നടനം ചെയ്തഥ
താടകയെക്കൊലചെയ്തതഭാനീം
സിദ്ധാശ്രമമടവിചെന്നു വസിച്ചുട-

നിദ്ധാടോപം മുനിവരയാഗ
പ്രദ്ധ്വംസത്തിനു വന്ന നിശാചര
വിദ്ധ്വംസത്തെ ചെയ്തമഹീപതി
യാഗംരക്ഷിച്ചുടനെനടന്നഥ
വേഗം ഗംഗകടന്നുനടന്നുവി-
ദേഹമഹീപതിജനകൻ തന്നുടെ
ഗേഹസമീപേ ചെന്നുപതുക്കെ
ത്വരിതമഹല്ല്യാമോക്ഷവുമേകി-
പ്പുരിചൊട്ടുപഥിപഥിപരമാനന്ദം
പെരികസുഖേനരമിച്ചും കൊണ്ടഥ
പുരിയുടെ നികടം തന്നിലണഞ്ഞു
അഥജനകനൃപന്റെ പുരത്തിൽ
പൃഥുകനകഘടങ്ങളം നിരത്തി
ബദ്ധജനമവിടത്തിൽവരുത്തി
ബദ്ധമതിയൊടു സാകമിരുത്തി
പുനരണിയറമണിയറകലവറ
നിലവറപണിയറതുണിയറയും
നിലമൊക്കെയടിച്ചു തളിച്ചു
പിലശില്പിജനത്തെ വിളിച്ചു
നൃപകല്പനയവരൊടുരച്ചു
നലമേറിനകല്പുപൊളിച്ചു

Digitized By Kerala Sahitya Akademi

പലതറകളുമാകളുമിറകളും
മുറകളുമതിബാഹ്യമതിലുകളും
കൊടിമര മുരു പന്തിനിറച്ചു
പടികളുമിവിടത്തിലുറച്ചു
പൊടിപടലവുമൊക്കെമറിച്ചു
പട്ടപിലാവുകളൊട്ടുകുറച്ചു
പടകുടികളുമുടനുടയിടയിടെ
വടിവിനൊടുടനുടനടകലരും
മണിമേടകളും പലവകതീർത്തു
മണികാഞ്ചനമാലകളും കോർത്തു
പണിതട്ടുകളിട്ടുമേലത്തു
പലകണ്ടുകളമ്പൊടുതൂർത്തു
നരവരനുടെ പുരമതുസുരവര
പുരിയൊടുപരിവേതരമതുലം
കട്ടിലുകൊട്ടിലുകോട്ടത്തളവും
തടവുകളെടവുകളും കിണവും കുളവും
കെട്ടുകളും തട്ടുകളും പലകൊത്തളവും
ഘനമൊടുവില സിനകനകത്തളവും
മാടപ്പുരകളുമങ്ങാടികളും
മതിലും ഗോപുരമതിലും വിസ്തൃതം
ഞെട്ടിൻകുടിലുകളാനപ്പന്തികൾ-
ളതിരമണീയം കുതിരപ്പന്തികളും
ഞാണിതഞ്ചും പലമണിമഞ്ചങ്ങളു-
മണിമതിമുഖികടെമണിയറയുണിയറ-
മാങ്ങളും പുനരിടങ്ങളും പര-
തടങ്ങളും തരുപടങ്ങളും
ബാഹ്യതരമിഹവിരവൊടുനരവര
പുരവരമതിലനവധിജനതതി
മനതളിരിളകിനഘനതരമനുപമ-
മുത്തരമിത്തരമുത്തമമുത്തമ
പത്തനപംക്തികളും തത്തതുചിത്രമെത്രയും-
ചിരം

അനേകമഹീപതിതന്നുടെ മകളുടെ
ഘനതരകല്യാണോത്സവഘോഷം
കനിവൊടുതുടങ്ങുന്നാരു സമയേ
മനസികരുതീടലമഖിലജനനാഥൻ
വിപ്രക്ഷത്രിയവൈശ്യന്മാരും
വിവിധതരംബാഹ്യരാജനങ്ങളു-
മല്പേതരമഥനാനാജാതികൾ-

ളെപ്പേരും ബഹുമിഥിലാപുരമതിൽ
വന്നുനിറഞ്ഞു തുടങ്ങിപതുക്കെ
തങ്ങടെ തങ്ങടെ വിഭവത്തോടെ
ആനകൾ തേരുകളനവധിജനതതി
മാനികളാമെജമാനന്മാരും
മേനാക്കികളും സേനാപതികളു-
മധിപന്മാരുമമാത്യന്മാരും
മാനിനിമാരും വൃഷലികളും ബഹു-
മാനിക്കേണ്ടും രാജസ്യൂകം
ആനന്ദിച്ചു കളിച്ചു ചിരിച്ചുട-
നനമകനന്ന പരന്ന വരുന്നൊരു
മാനുഷഘോഷവിശേഷമതെങ്ങിനെ
ഞാനരചെയ്തു ധരിപ്പിക്കേണ്ടു?
ആനനമായിരമുള്ള ഫണീന്ദ്രൻ
താനരചെയ്താലുമില്ലവസാനം

അങ്ങാടിത്തെരുവുകളങ്ങാഗ്ര കെട്ടിത്തീർത്തു
മങ്ങാതെകൊണ്ടണികൾചെങ്ങാതിമാരുംവന്നു
കെട്ടും മുമുടുകളും ഒട്ടും കുറക്കുടാതെ
കെട്ടിച്ചമന്നു വച്ചുചെട്ടിപ്പുരിഷകൾകോ-
മട്ടിപ്പുരിഷകളും ചെട്ടിച്ചിമാരും കൊച്ചു-
കുട്ടികളേയും ചില പട്ടികലങ്കാരം പല
വട്ടിയും കുട്ടകളും കുട്ടിക്കവണിതെറുത്തു
കെട്ടിപ്പുടവസോമൻ കോട്ടക്കച്ചുകൾ പല
ക്രുട്ടങ്ങളെന്നുവേണ്ടാ
കുപ്പായക്കുട്ടങ്ങൾ മണപ്പാടൻ മുണ്ടുവക
തുപ്പട്ടറമാൽ ചെത്തിപ്പട്ടം വീരവാളിയും
തൊപ്പിചകലാസുകൾ കുപ്പികണ്ണാടികളും
ചെപ്പും ചിമിഴുകൾ കവപ്പും കരിമ്പടവും
തപ്പുകൊണ്ടുകികൾവിരിപ്പുംകോസടികൾ ചെ
രിപ്പും പലവിധം പരിപ്പുപയറുഴുന്നും

ഇത്തരമനവധിവാണിഭമവിടെ-
സ്സുതരമങ്ങു തുടങ്ങിപലേടവു-
മെത്രമനോജ്ഞാമരചപുരത്തിൽ
വിചിത്രവിശേഷമഹോബഹുഘോഷം
പട്ടന്മാരുടെ വാണിഭമൊരുവക
പട്ടുകൾരട്ടുകൾ തിപ്പുമമ്പുടി
തട്ടുകൾ തോറും തെക്കൻ പുടവ-
ക്കെട്ടുകൾ പലതുമഴിച്ചു നിരത്തി

Digitized By Kerala Sahitya Akademi

കസ്തൂരികുങ്കുമാമോദസംഭാരവും
നൃപതികളുടെ വരവുമവിരതമതങ്ങിനെ
നാലുദിക്കിനും തിരക്കും പരക്കുവ
കുടതഴകൾകൊടികൾമെഴുത്തുടിപടഹങ്ങളു
കൊമ്പും കുഴൽ വിളികാളവും തമ്പട്ടവും [വും
തകിൽ മുരശുമദ്ദളംതപ്പും തിമിലയും
ചെണ്ടപ്രയഗങ്ങളും പാണ്ടിമേളങ്ങളും
ഇത്തരമനവധികോലാഹലമിഹ
പതിനാവാടികൾ തോറുമുദാരം
പത്തരമാറുള്ളാഭരണങ്ങൾമ-
ഹത്തരമുടലിലണിഞ്ഞു വരുന്നൊരു
പെണ്ണുങ്ങളെയും കൊണ്ടുവരുന്നൊരു
പൊണ്ണന്മാർ പല കാഴ്ച്ചക്കാരും
ഒന്നുണ്ണം പല പട്ടന്മാരുമി-
വന്നും വിസ്മയമെങ്ങാനുണ്ടോ!
അച്ചികളൊരുവക മുതുവേശ്യകളും
മച്ചികൾ കഴവികൾ മക്കളുമൊക്കെ
കാഴ്ചകൾ കാണ്മാൻ വട്ടം കൂട്ടി-
ത്താഴ്ചവരാതെ ചമഞ്ഞു തുടങ്ങി
കച്ചഞൊറിഞ്ഞുമുടുത്തും വിരലിൽ
പിച്ചളമോതിരമിഞ്ഞൻമോതിരം
ഇത്തരമോരോകൊച്ചുകളിട്ടുക-
ഴുത്തിൽ പൊന്മണി താലികൾകെട്ടി
കണ്ണിൽ കരിയും തേച്ചു മിനുക്കി-
ക്കണ്ണാടിയെടുത്തായതിൽ നോക്കി
കുറിയും തിലകവുമിട്ടുവെളുത്തൊരു
മുറിമുണ്ടങ്ങിനെ തോളിലുമിട്ട്
വെറിലപാക്കും പുകയിലനുറു-
മിവറായതെല്ലാം മടിയിലുമാക്കി
കുട്ടി! കുമ്മിണി! കുഞ്ഞിപ്പെണ്ണേ
ഇട്ടിളയച്ചീകോതേ ചിരുതേ!
ചക്കിമാധവികാളിനിലി
ചക്കച്ചാരുടെ മകളേ നിന്നുടെ
ചന്തംനോക്കി ഞെളിഞ്ഞു ചമഞ്ഞു-
മണിഞ്ഞുകനിഞ്ഞുമലഞ്ഞുമുലഞ്ഞും
കാലംപോയതു കാണുന്നീലേ
കാഴ്ചകളെല്ലാം കഴിയും മുന്നേ
വെക്കം ചെന്നൊരു ദിക്കിൽ പററിയി-

പത്തുപണത്തിനൊടുത്തൊരുമുണ്ടിനു
പതിനഞ്ചു പണം വില പറയും ചില
പുത്തൻ കവണി പണത്തിനുവാങ്ങി
പുത്തൻവിലവയ്ക്കാമെന്നൊരുവൻ
പോടാഘടുവായപ്പടിനമ്മൊടു
കൂടാഹോഹോ എന്നൊരു മിപ്രൻ
അവുത്തുകെട്ടിപ്പടവകളൊരുവക
തെവുത്തുകെട്ടിഞെരുവുകളിരുചുറ-
മുരുത്തിരിങ്ങച്ചൊരു ദിശിവിരവൊട്ടു
നിരിത്തിവച്ചും മുറിച്ചുവിറകും
തരത്തിലത്താക്കരസ്ഥമാക്കി-
ച്ചുരക്കുവാങ്ങിച്ചുരക്കൊവാണിഭ
ത്തിരക്കുവർദ്ധിച്ചുകിടക്കുമനവധി
പരദേശികളുടെ പല പലഘോഷം
നരനാരികളുടെ വരവും കലശലു-
മൊരുവകകശുപിശപറയുകവാണിഭ-
മെടുക്കയും ചിലർ കൊടുക്കയും ചില-
രുടുക്കയും ചിലർ നടക്കയും ചില-
രാടുകയും ചിലർ പാടുകയും ചില-
രോടുകയും ചിലർ ചാടുകയും ചിലർ
മദിച്ചു വദിച്ചു നദിച്ചു രസിച്ചു
പലവിധമിഹനലമൊട്ടു നരവര
പുരമതിലതിശയമിതിജാതം

ജനകനരവരനുടയ കനകമണിമന്ദിരേ
ജാനകീകല്യാണഘോഷം മനോഹരം
അരപർവതൊരുവഴികൾ തെരുവുകളുമൊക്ക-
ആടകൾകൊണ്ടു വിതാനിച്ചു രംഗിയിൽ [വേ
മണികനകരജതശതമണിയുമണിപ്പന്തലിൽ
മാലകൾ തൂക്കി വിളക്കുവച്ചാദരാൽ
നിറമുടയകനകമണിനിറപറകൾ വച്ചുടൻ
നീളവേചന്ദനച്ചാറും കളഭവും
കനിവിനൊടു പനിജലവുമതിനുരോകുങ്കുമം
കസ്തൂരിയും തളിച്ചേറും പരിമളം
നടനടികളുടെ നടനപടുരവവിലാസവും
നല്ലോരു വേണുവീണാദിനാദങ്ങളും
കിടുമുടികളുടെ ചടുലചടചടരവങ്ങളും
കിങ്കരന്മാരുടെ ഹുങ്കാരഘോഷവും
കുളികൾനിലവിളികുഞ്ഞികിളികളുടെ ലീലയും



Digitized By Kerala Sahitya Akademi

രിക്കാഞ്ഞാലക്കോയിക്കൽ പല
തിക്കും വലിയ തിരക്കും പലരുടെ
മുഷ്കും കലശൽ പെരുക്കുമ്പോളൊരു
ദിക്കുനമുക്കു ലടിക്കാനുമില്ലവ
സ്ഥിക്കണമെങ്കിലിതൊക്കെ ധരിപ്പിൻ
മുഞ്ഞിനരച്ചുവെളുത്തൊരു നല്ലൊരു
പഞ്ഞികണക്കിനെ മുതുകിഴവച്ചാർ
കുഞ്ഞിപ്പെണ്ണിനു കാഴ്ചകൾ കാണ്മാൻ
കുട്ടിക്കൊണ്ടു തിരിച്ചു തുടങ്ങി
കഞ്ഞികുടിപ്പാനില്ലെന്നാലും
കണ്ടാൽ വക്ത്രത്തുള്ളവനെന്നാ-
ലിങ്ങനെകൊള്ളാമതുമില്ലാഞ്ഞാ-
ലെങ്ങിനെ പെണ്ണിനു തലപൊരുങ്ങേണ്ടു
നിങ്ങളിതാരും ബോധിച്ചീലേ
സംഗതിവെന്നൊരു നാരിപറഞ്ഞു.
മറ്റൊരുനാരി പറഞ്ഞാനപ്പോൾ
മാക്കോച്ചാരുടെ മകളൊടു ക്രൂടെ
കാക്കരനായരു ചെച്ചുതുടങ്ങീ
പോക്കിരിയവനൊരു ചെണ്ടപിണങ്ങി
പത്തുപണത്തിനു പാതിപ്പുടവയെ-
ടുത്തുകൊടുത്തുപടന്നുംപോയി
പത്താംതീയതിപണമുണ്ടാക്കി-
പ്പട്ടക്കുള്ളുകൊടുത്തില്ലെങ്കിൽ
പത്തിനുരണ്ടരപ്പലിശപ്പണമെ-
ന്നൊന്നുപറഞ്ഞുപിരിഞ്ഞിതുപോലും
പത്താംതീയതിപുലരുന്നേരം
പട്ടർതളത്തിൽപാട്ടുകിടന്നു
കാക്കരയാനവനെങ്കേപ്പോനാൻ
കച്ചയെടുത്തപണത്തെത്തൊരും
പണമില്ലാട്ടാപ്പണയന്തരും
പട്ടരുകിട്ടേവാരുംപെണ്ണേ
ഒത്തെത്താനൊരുപണയന്തന്നാ-
ലൊരുകുറിപാർത്തുവാങ്കിക്കൊൾവാൻ
ഇങ്ങനെപട്ടരുപട്ടിണിയിട്ടു
പാട്ടുകിടക്കുന്നെന്നതുകേട്ടു
കൊച്ചുനരത്തിയൊളിച്ചുപതുക്കെ-
ക്കച്ചയെടുത്തുപുതച്ചുംകൊണ്ടു
താച്ചൻനായരെമുമ്പിൽനടത്തി

കാഴ്ചകൾകാൺമാനങ്ങുതിരിച്ചു
കാഴ്ചപ്പന്തലിലെത്തുമ്പോളൊരു
താഴ്ചവരാനങ്കിങ്ങനരുത്തി
നല്ലവെളുത്തൊരുപുമവയുടുപ്പാ-
നില്ലതുകൊണ്ടുനമുക്കുവിചാരം
മണിയും താലിയുമെന്തിനുനല്ലൊരു
തുണിയുണ്ടെന്നാലായതുപോരും
കണികാൺമാനൊരുപണമില്ലാത്തവ-
ളണിവാനേന്താലെന്തൊരുകായ്മ
ഉമ്മാൻവകയില്ലാത്തൊരുതറവാൻ
സമ്മാനിപ്പാനാളായ്വരുമോ
നമ്മുടെവീട്ടിൽപണ്ടൊരുമാതാ
വമ്മായുംമുതൽതേടിയതെല്ലാം
അമ്മാവിയ്യുകൊടുത്തുകൊടുത്തുട-
നമ്മാവൻതാനൊക്കെമുടിച്ചു
അമ്മാമക്കളൊരഞ്ചെട്ടുണ്ടവ-
രുമ്മാനല്ലാതൊന്നിനുപോരാ
അമ്മാപാപികൾ രാവും പകലും
ഉമ്മാനിലയുംവച്ചുനിരക്കെ
കൊലെറയുമുമ്മക്കളയിലുമൊരു
കോലാഹലമേകേൾപ്പാനുള്ള
ചോറുവിളമ്പെടികോടാ! ചിരുതേ
മോരുവിളമ്പെടിമാധവിനിങ്ങടെ
വെയ്പ്പെല്ലാംചിതമയ്യോ കറികളി-
ലുപ്പുംമുളകുംപോരുന്നില്ല
കയ്പുണ്യംചിതമൊരുപുളിയെങ്ങനെ
കയ്പുണ്ടാവാൻ സംഗതിവന്നു
കുട്ടികളിങ്ങനെപിശകിപ്പിശകി-
ക്കിട്ടിയതൊന്നും മതിയില്ലിനിയും
ചട്ടിയിലുള്ളൊരു ചോറുംകറിയും
കൊട്ടിവിളമ്പണമല്ലെന്നാകിൽ
പട്ടികൾപോലവർപാഞ്ഞുകരേറി-
ച്ചട്ടികലങ്ങളുടച്ചുനുംമതി
മുട്ടിനമുക്കുമനസ്സും പലപല
മുട്ടികണക്കിനുതിന്നുതടിച്ചൊരു
ക്രൂട്ടക്കാരുടെമൂലംനമ്മുടെ
വീട്ടിലിരുന്നുപൊറുപ്പാൻമേലാ
ചെട്ടക്കാക്കരിവച്ചുവിളമ്പി

Digitized By Kerala Sahitya Akademi

ച്ചെട്ടത്തിക്കുമിനിയ്ക്കുംഭോരം
കോട്ടമൊരിക്കൽകഞ്ഞികുടിപ്പാൻ
ക്ലേട്ടുകയില്ലൊരുനേരംപോലും
കോയിക്കൽപോയ്ക്കുഴുകംകാണ്മാൻ
സ്ഥായിക്കാർചിലരുണ്ടെന്നാകിൽ
പോയിക്കൊണ്ടുവരേണമിനിക്കതി-
നായിക്കൊണ്ടുപുറപ്പെട്ടപ്പോൾ
അമ്മാവിക്കരുസമ്മതമല്ലം
അമ്മാവനുമൊട്ടങ്ങിനെതന്നൊ
അമ്മയ്ക്കില്ലാതിട്ടിക്കിലെടോ
നമ്മെക്കുറുതരിമ്പില്ലാക്കും
മോദിച്ചീടിനനാരികളംതമ്മിൽ
മോദിച്ചുടുപാണ്ടുടുടങ്ങി
കല്യാണാംഗിവിദേഹാത്മജയുടെ
കല്യാണോത്സവസംഘാഷംകാൺമാൻ
ഉല്ലാസനുധരിത്രിയിലുള്ളവ-
രെല്ലാവരുമിഹപോയീടുന്നു
എല്ലാവരുമിഹപോയതുകൊള്ളാം
തെല്ലുവിരോധംകേൾപ്പാനുണ്ടു
വില്ലാളികളാം വീരനൃപന്മാ-
ക്കില്ലാതവളെക്കിട്ടുകയില്ലാ
വില്ലുവലിച്ചുകുലച്ചുമുറിച്ചു
വേളികഴിപ്പാൻസംഗതിക്കുട്ടു
വില്ലെന്നുള്ളൊരുപണയംചൊന്നതു
വില്ലുകുമതായുന്നുഭവിച്ചു
നുല്ലസമത്ഥന്മാരായുള്ളൊരു
നരപതിവിരുതന്മാർപലർവന്നു
വില്ലുമെടുത്തുവീണുമുറിഞ്ഞതു
പല്ലുതകർന്നു എല്ലുതെരിഞ്ഞവ-
രെല്ലാംപരുവശരെന്നോവേണ്ടു
പെണ്ണിനെമോഹിച്ചയ്യോ ശിവശിവ!
പൊണ്ണന്മാക്കുങ്ങരുളിപിണഞ്ഞതി-
വണ്ണമിതെന്നുപറഞ്ഞറിയിപ്പാൻ
ദണ്ഡമിനിയ്ക്കുൻ കൊച്ചനുജത്തീ
ഇങ്ങനെപണയംപറവാനെന്തൊരു
സംഗതിയായതുകേട്ടോതാനും
നിങ്ങടെചൊവിയിൽപൂക്കാലവിടെയ-
ടങ്ങുകയില്ലുപറക്കുംനാട്ടിൽ

നിന്നാണെന്നുടെകണ്ണാണേഞാ-
നിന്നിയൊരുത്തരെയറിയിക്കില്ല
എന്നാൽപറയാമച്ഛനമ്മയു-
മെന്നതുടങ്ങിപ്പലരുംക്രൂടെ
മുഷ്കരമാമൊരുപണയംചൊല്ലി
ദുർഘടമാക്കിത്തീർത്തുവിവാഹം
പെണ്ണിനെയച്ഛനുക്രൂരില്ലെന്നോ
പെണ്ണിനുണ്ടോ അച്ഛനമ്മയും
അച്ഛനമ്മയുമില്ലാതെങ്ങിനെ
കൊച്ചുകുമാരിപിറന്നുമൊയി?
എങ്ങിനെയുണ്ടായെന്നതറിഞ്ഞി-
ല്ലങ്ങിനെകിട്ടിയതെന്നോവേണ്ടു
കഞ്ഞികുടിപ്പാൻവകയില്ലാഞ്ഞാൽ
കുഞ്ഞിനെവില്പ്പൂം പാപികളല്ലൊ?
പിള്ളേവിറവും പണമുണ്ടാക്കി-
പ്പുള്ളിപൊറുപ്പിപ്പാൻമുതിരുന്നൊരു
തള്ളയിരിക്കും നാടുനശിക്കും
കൊള്ളരുതീവകജാതികളൊന്നും
അങ്ങിനെയെങ്ങാൻകിട്ടിയപിള്ള-
യ്ക്കിങ്ങനെയനുഭവമെന്നായ്വരുമോ
കുഞ്ഞുതുനിക്കില്ലാഞ്ഞാൽമറുകി-
ഴിഞ്ഞൊരുജാതിയിലുള്ളൊരുശിശുവെ
കുഴിയതിൽവച്ചുമെടുക്കാമെന്നൊരു
പഴമൊഴിയുണ്ടതെക്കുൻദിക്കിൽ
വലിയതനൂരാനിങ്ങനെവന്നൊരു
വഴിയിൽവന്നുവൈദേഹിയതാകിയ
മകളെവളർക്കുന്നുന്നതുകൊണ്ടൊരു
മകളെച്ചുറില്ലാതെഭവിച്ചു
എന്തൊരുകഷ്ടം സാധിക്കാതൊരു
പന്തിപിടിച്ചൊരുപന്തിനുപവ്വാർ
ചന്തമിയന്നിഹവന്നവരെല്ലാം
ദന്തമൊടിഞ്ഞുമടങ്ങിപ്പോയി
എന്നുടെജാനകി തെരുളായായി-
യെന്നിനിയവളുടെവേളികഴിപ്പു
മതിയായിട്ടൊരുമന്നവവീരൻ
ശ്രുതിയായിട്ടുപ്രയത്നംചെയ്താൽ
പതിയായിട്ടവരാനംവിഷമം
ധൃതിയായിട്ടൊരുപണയംചൊല്ലാ

Digitized By Kerala Sahitya Akademi

ഞങ്ങിനെഞാതകമയ്യോജാനകി-
യിങ്ങനെതന്നെയിരുന്നനയ്യും
വല്ലാത്തള്ളൊരുരാശിയിലയ്യൊ
വന്നുപിറന്നൊരുവൈദേഹിക്കു
കല്യാണത്തിനുവേണ്ടും ഭാഗ്യമ-
തില്ലാഞ്ഞാൽപുനരെന്തിഹചെയ്യാം.

എന്നോ! നിർമ്മരിയാദമെന്നോപറവാനുള്ള
എന്നെവേണെങ്കിലെന്നേറകന്തംവിഴുങ്ങേണം
താൻ
എന്നുള്ളസംസാരംപോൽവന്നുകായ്ങ്ങളെല്ലാം-
ഒന്നുംകണക്കിലാകില്ലെന്നുനമുക്കുപക്ഷം
വില്ലുകുലയ്ക്കുന്നോക്കെ വേളിലഭിക്കുവെന്നു
തെല്ലുംമടിക്രടാതെചൊല്ലുന്നതുമുരാടനു
കല്യാണിസീതയുടെ കല്യാണംവേണ്ടുമന്ന-
തെള്ളോളമാശയില്ലെന്നല്ലോതോന്നിക്കുണ്ടായം
നല്ലൊരുപെണ്ണിരുന്നനരച്ചുപോകയേയുള്ള
വല്ലോരുംവന്നുവേട്ടുകൊണ്ടുപോയില്ലെന്നാ
നല്ലതലമുടിയും കാതും മുഖവും നല്ല [ക്രിൽ
വല്ലംചൊടിയുംകണ്ണുംകണ്ടാലെത്രമനോജ്ഞം
ചാലേചകിടച്ചുംതുപോലെ മുലകുംരണ്ടും
ബാലയാംവൈദേഹിയ്ക്കുവന്നുകുത്തീടുന്നു
ആലാപടംഗികളും ലീലാകടാക്ഷങ്ങളും
പ്രാലേയരുചിബിംബംപോലെവദനംപിന്നെ
നീലോൽപലദളംപോലെനീണ്ടുള്ളനേത്രങ്ങളും
മല്ലീശരൻറപടവില്ലിൻറ വൈഭവത്തെ
തല്ലിമണ്ടിക്കുന്നോരുചില്ലീയുഗവുംനല്ല
മുല്ലമുകുളംപോലെചല്ലുംമന്ദസ്മിതവും
ബാലേന്ദുകലപോലെഫാലതിലകങ്ങളും
എല്ലാമിവണ്ണംകണ്ടുംകേട്ടുംനൃപവരന്മാർ
എല്ലുംമലരമ്പൻറെമുല്ലുക്കുണകളേറെ
വല്ലാത്തുഴറുന്നുദേഹമെല്ലാംതളർന്നുഖേദ-
മല്ലാതൊരുനേരവുമില്ലാതെനാടുംവീടു-
മെല്ലാംവെടിഞ്ഞുവെക്കമെല്ലാരുംക്രടിസ്സീത
കല്യാണപ്പന്തൽകളിൽചെല്ലുന്നനേരംകേട്ടു
വില്ലുകുലയ്ക്കാമെന്നുവില്ലുമാരൊത്തുചെന്നു
വില്ലുമെടുത്തുവീരന്മാർപല്ലുംതകർന്നുപാരം
അല്ലൽപിണഞ്ഞുസാധിക്കില്ലെന്നുറച്ചുമണ്ടി
നല്ലാർമണിയുടയകല്യാണമുദ്ധമായി
വല്ലാത്തകഥലമെന്നേചൊല്ലാവുയെന്നാവണ്ണം
എല്ലാസ്ത്രീകളുംതമ്മിൽസല്ലാപംചെയ്യുന്നേരം.

മണ്ടിവന്നൊരുമനോഹരരൂപിണി
കണ്ടിവാർകുഴലിതാനുരചെയ്താൾ
കുണ്ഡിതംകളകകാമിനിമാരേ
കണ്ടുകൊൾവിനിഹവേളിമഹോത്സവം
രണ്ടുപക്ഷമതിനില്ലുവിവാഹം
രണ്ടുന ളിലകമാഗ്രഹവേക്കും
രണ്ടുസുന്ദരനരേന്ദ്രസുതന്മാ-
രുണ്ടുപോന്നിഹപുരേമരുവുന്നു
കണ്ടുഞാനവരെയിന്നിഹകണ്ടാൽ
രണ്ടുപേരുമതിവിസ്മയരൂപികൾ
പണ്ടുശംഭുഗിരിവാനതികോപം
കൊണ്ടുഫാലമിഴിതന്നിലെരിച്ചൊരു
വണ്ടുഞാണുടയമന്മഥനിപ്പോൾ
രണ്ടുവിഗ്രഹമിയന്നിഹവന്നു
കണ്ടിവാർകുഴലിസീതയെവേട്ടും-
കൊണ്ടുപോകുവതിനെന്നിഹതോന്നും
രണ്ടുപേരിലൊരുവൻവിരവോടാ
കുണ്ഠരാകിയനൃപന്മാർപലരും
കണ്ടിരിക്കവേ വില്ലുകുലച്ചും-
കൊണ്ടുജാനകിയെവേളികഴിച്ചുഹ
കൊണ്ടുപോയിടുമതായതുനിശ്ചയ-
മുണ്ടിനിക്കുമമകൊച്ചുനത്തീ
തണ്ടുതപ്പികടെ കുണ്ഠിതംവരവും
കണ്ടിരുന്നിഹ നമുക്കു ചിരിക്കാം
രാമനെന്നുമഥലക്ഷ്മണനെന്നും
നാമധേയവുമവർക്കിഹകേട്ടു
കാമദേവനുടെ കാന്തിയെവെല്ലും
കോമളാകൃതിമനോഹരനാകിയ
രാമനെന്ന ശിശു വില്ലുകുലാപ്പൻ
മാമുനീന്ദ്രനരുൾ ചെയ്തിതുപോലും.

അയ്യോ ശിവ ശിവ കൊച്ചുകുമാരനു
കയ്യോകാലോ പോകാനുള്ളൊരു
ദുഷ്കരമായ കല്ലിച്ചിരുമുനി-
വയ്യാനമിപ്പോൾ ഓർത്തുപിടിച്ചോ
വണ്ണൻ വാഴകണക്കു തടിച്ചൊരു
പെണ്ണുങ്ങൾ ചിലർ വന്നവിടേയ്ക്കു

Digitized By Kerala Sahitya Akademi

ദണ്ഡുമെടുത്തു കലപ്പാൻവളരെ-
ദ്ദണ്ഡിച്ചു ശ്രമതായെന്നല്ലീ
കണ്ണൊടിഞ്ഞു കാലുമൊടിഞ്ഞു
മണ്ണിൽ മറിഞ്ഞുമുറിഞ്ഞു ശരീരം
മന്നിലിരിക്കും മന്നവരനവധി
ഖിന്നതചൂണ്ടിഹമാറിപ്പോന്നു
ഇങ്ങിനെയുള്ളൊരു വില്ലുകലപ്പാ-
നിങ്ങിനെ ശിശ്രവാം ദശരഥതനയൻ
എങ്ങിനെ മതിയാകുന്നതികാനമി-
തംഗനമാരേ! നിങ്ങാം ധരിപ്പിൻ
ആനവലിക്കാത്തുള്ളമരത്തടി
പൂനവലിപ്പാനാളായ് വരുമോ?
ജാനകിമൂലം മന്നുകലഞ്ചാലനു
മനക്കേടു വരുത്തും മാമുനി
വിശ്വാമിത്രൻ കല്പിച്ചാലതു
വിശ്വാസമിനിക്കില്ലനുജത്തീ
വിശ്വംമൂന്നിലുമെത്തുയുമേറ്റം
വിശ്രുതമാകിയ സുഷ്കുകലത്തിൽ
വന്നുപിറന്ന നൃപമാക്കൊരുപിഴ
വന്നെന്നുള്ളതു കേൾപ്പാനില്ലാ
ഇന്നിതുകേൾക്കാറാകില്ലല്ലീ-
യെന്നു നമുക്കിഹ തോന്നീടുന്നു
നമ്മുടെ സ്വാമിവിദേഹനരേന്ദ്രൻ
നല്ലതു ഞാനിഹ ചൊല്ലാമിപ്പോൾ
വില്ലെന്നുള്ളൊരു പണയം ചൊന്നതു
വില്ലങ്ങത്തെ വെടിഞ്ഞു പൊടുക്കനെ
നല്ലകുമാരകനാകിയ രാമനെ
മെല്ലെവിളിച്ചു വരുത്തിക്കനിവൊടു
കല്യാണാംഗിയതാകിയ മകളുടെ
കല്യാണം വഴിപോലെ കഴിച്ചുഥ
ആരും വളരെ ഗ്രഹിയാതങ്ങൊരു
തേരിൻ മുകളിൽ കേറിയയോദ്ധ്യാ-
പുരിയിലയയ്ക്കുണമിരുവരെയും പുന-
രരുതൊരു താമസമായതിനിപ്പോൾ
നാമിഹ ചൊന്നാനതു ചെയ്യെന്നാൽ
സ്വാമിക്കേതും ദൂഷണമില്ലാ
രാമനുമകളെദ്ദാനം ചെയ്താൽ
ഭൂമിയിൽ നല്ലൊരു കീർത്തിനടക്കും

ചാച്ചുയുമുണ്ടാം ചേച്ചുയുമുണ്ടാം
താഴ്ചയുമെങ്ങും വരികയുമില്ലാ
കാഴ്ചനരേശ്വരനുണ്ടെന്നാകിൽ
വാശ്രുതമിങ്ങനെ ചെയ്യണമിപ്പോൾ
ചോടീ നിന്നുടെ സംസാരംമതി
പോകാം വിരവൊടു കാഴ്ചകൾ കാണ്മാൻ.
കൊപ്പുള്ളാരു നിനുക്കുണ്ടാക്കിയ
കോപ്പുകളെല്ലാമെങ്ങടിപെണ്ണേ
കോപ്പുകളെല്ലാം പണയംവച്ചു
കറുപ്പും കള്ളും കൊണ്ടു മുടിച്ചൊരു
മുടിയൻ നായർ നമുക്കൊരു മുണ്ടും
പുടവയുമിപ്പോൾ തരുമാറില്ല
കടമെന്നുള്ളതു തലയിൽ കേറി
കാട്ടിലൊളിച്ചു നടക്കുന്നിപ്പോൾ
ഇമ്മിണിയച്ചീവാടീനിന്നുടെ
പൊന്മണിയിന്നു നമുക്കുതരാമോ
പൊന്മണിവിറവു കടത്തെപ്പോക്കി
പൊളിയില്ലിങ്ങനെ സംഗതിവന്നു
പൊന്നും വെള്ളിയുമെന്നുടെ വീട്ടിലി-
തൊന്നും കണികാൺമാനുമതില്ലാ
രാമച്ചാരുടെ മകടെ കഴുത്തിലൊ-
രാമത്താലികിടക്കുന്നുണ്ട്
ഞായത്തുകിട്ടും ചോദിച്ചെന്നാ-
ലായവാം തരുമെന്നെന്നുടെ പക്ഷം
ആവാം പോന്നില്ലെ കാഴ്ചകൾ കാണ്മാൻ
അവംപോന്നില്ലേ തൊടുവാൻമലാ
ഇങ്ങനെയോരോ വാക്കുപറഞ്ഞും
തങ്ങടെ മോടിവരുത്തിക്കൊണ്ടും
പെട്ടിയുറന്നു കോപ്പുകളെല്ലാം
കെട്ടിയണിഞ്ഞും പുടവഞൊറിഞ്ഞും
കണ്ണുകളെഴുതിത്തിലകം തൊട്ടും
മോതിരമിട്ടും കൈവളയിട്ടും
താലിയണിഞ്ഞും മാലയണഞ്ഞും
നാടൻ പുഴുവുമുഖത്തു മിനുക്കി
ക്രൂടെത്തലമുടിചീക്കിവിടർത്തു
വെറ്റതെറുത്തും കയ്യിലെടുത്തും
മറ്റുള്ളവർകളെമാടിവിളിച്ചും
കൊച്ചിനെയിളിയിലെടുത്തും പലതര-
മച്ചികളങ്ങു നടന്നുതുടങ്ങി

Digitized By Kerala Sahitya Akademi

തെക്കുവടക്കുകിഴക്കുപടഞ്ഞാ-
റൊക്കെനിറഞ്ഞുകവിഞ്ഞുവരുന്നൊരു
വിപ്രന്മാരുടെതിക്കുതിരക്കുനി-
രപ്പൊടതത്രവിചിത്രമിതല്ലോ
ദേഹേത്തന്നൊടു ചോദിക്കുന്നുവി-
ദേഹേശന്റെ മകൾക്കുസ്വയംവര
ശ്ലോഷ്മിതങ്ങുതുടങ്ങിജനങ്ങളു-
ശേഷവുമവിടെച്ചെന്ന നിറഞ്ഞു
തത്തനമുക്കുപ്രതിഗ്രഹമവിടൊ-
ട്ടെത്തുലഭിക്കുമതുണ്ടോ കേട്ട
നംപൂതിരിമാക്കന്മത്ത മഹപത്ത-
മാർംക്കാത്രെണ്ടെന്നങ്ങിനെകേട്ട
ഓരോപാതിപ്പട്ടം കിട്ടും
നേരോപൊള്ളിയോ കണ്ടാലറിയാം
ധീരത്വം പുനരുള്ളമഹീപതി
പാരിൽ ധനവാന്മേരിലുദീശൻ
ദരിദ്രവ്യമതുള്ളതശേഷം
വാരിക്കോരിച്ചിലവിട്ടപ്പോൾ
ദാരിദ്ര്യം കാണികൾമാനില്ലാ.
താത്തരുമെന്നാലിപ്പരിഷയ്ക്ക
പോരികവിപ്രാസദ്യയടുത്ത
കോരികകൊണ്ടു വിളമ്പും പ്രഥമൻ
പപ്പടവും പഴവും പഞ്ചാരയു-
മപ്പംവടകളുമപ്പേരികളും
നെയ്യും നല്ല പരിപ്പും പാലും
പച്ചടികിച്ചടിവേപ്പിലമാങ്ങാ
നാരങ്ങാക്കറിപുളിയിഞ്ചികളും
ചക്കപ്രഥമനടപ്രഥമൻ പുന-
രൊക്കയുമാദ്യലാലക്കറിയിങ്ങിനെ
ശർക്കരചേർത്തു വരുത്തപദാർത്ഥം
മുഷ്കരമാകിനനേന്ത്രപ്പഴവും
കണ്ണൻ പഴവും വണ്ണൻപഴവും
കാളിപ്പഴവും കദളിപ്പഴവും
കന്നിൻതെരും കാച്ചിയമോരുമി-
തൊന്നും കുറവില്ലെത്രചെലുത്താം
എന്നാലായതിലേറെവിളമ്പും
ജ്ഞലയിലിടം പോരാതായ്വരുമേ
എല്ലാമിലയിൽ ശേഷിപ്പവരൊട്ട
വല്ലാതങ്ങു ശകാരിക്കുന്ന

തരിപ്പുനടത്തും പരദേശികടെ
വലുപ്പവുമവിടെക്കാണാകയില്ല
വസ്ത്രിനുനല്ലമടപ്പള്ളിക്കാ-
രല്ലമതല്ലൊരു പത്തുസഹസ്രം
കല്പനകേട്ടു നടക്കാത്തവരുടെ
കൈക്കുപിടിച്ചു പുറത്തുംതള്ളും
ചന്ദ്രക്കാരനുമേറെഞെളിഞ്ഞാൽ
ചന്തക്കേട്ടുവരുത്തിയയയ്ക്കും
കൊല്ലാവുന്ന ജനങ്ങളം പിഴച്ചാൽ
കൊല്ലാൻകല്പനവരുമെന്നറിക
കൊല്ലരുതാത്തവരുക്കുട്ടത്തിൽ
കൊള്ളരുതാത്തവഴിക്കും കൂട്ടും
വമ്പുള്ളോരെജമാനൻമീശ-
ക്കൊമ്പുള്ളവനെന്നാകിലുടനേ
സംഭോരങ്ങളംവരുത്താത്തവരെ
സ്തംഭത്തോടുവരിഞ്ഞിഹകെട്ടും
നംപൂതിരിമാർ ചോമാതിരിമാ-
രെംപ്രാന്തിരിമാർ പരദേശികളും
നമ്പിബ്രാഹ്മണരെന്നുള്ളവരുടെ
മുമ്പിൽ വരുമ്പോളം വഴിതിരിയാഞ്ഞാൽ
വമ്പന്മാരവരധികാരികളെയു-
മമ്പൊട്ടു നരപതി പിഴചെയ്യിക്കും
സംപ്രതിജനകപുരത്തിലൊരുത്തനു
സംഭ്രമമെന്നതു കാൺമാനില്ലാ

ഇത്ഥം നാലുദിക്കിനുമെത്തും മഹീസുരന്മാർ
ചിത്തം തെളിഞ്ഞുപലവൃത്തം പറഞ്ഞുകൊണ്ടു
ക്ഷത്രംവിശറിയുമായത്രനഗരിതന്നിൽ
ചിത്രമായുള്ള ബഹുസത്രങ്ങളും കണ്ടുകണ്ട-
ങ്ങെത്രയും മോദമോടെ ധാത്രീശൻ ജനകന്റെ
പുത്രീവിവാഹമഹോത്സവേ തത്രസുഖിച്ചുവാണു.

ഇത്തരമനവധിഹോഷം ദിശിദിശി
ചിത്തരസങ്ങളനേകമനേകം
പത്തനമൊക്കെ നിറഞ്ഞു ജനങ്ങൾ
പലപലവിദ്യകളങ്ങുതുടങ്ങി
ആട്ടംപല ദിശിപാട്ടംകളികളു-
മോട്ടംതുള്ളലുകൊമ്പും കുഴൽവിളി
തട്ടമ്മേൽകളിതറയിൽ ചാട്ടവു-
മൊട്ടും കുറയാതമ്മാനാട്ടം

Digitized By Kerala Sahitya Akademi

കമ്പക്കുത്തുകൾ ഞാണിന്മേൽക്കളി
കമ്പമകന്നൊരു ദണ്ഡിപ്പുകളും
കൊമ്പുകളും കിടുമുടിയുംതകിലുമൊ-
രമ്പതുലക്ഷം തിമിലക്കാരും
പാണ്ടിവിധം മലയാളവിധങ്ങളു-
മാണ്ടിക്കളികളുമായുധവിദ്യകളും
ചെണ്ടകുടുന്തുടിമദ്ദളഘോഷവു-
മുണ്ടിഷ്ടദിശിദിശികേളിക്കാകുന്ന
ശാസ്ത്രിബ്രാഹ്മണരവരുടെ കളിയും
മാത്രക്കോളും വാളും വടിയും
ചെപ്പടിവിദ്യകളുംതപ്പടികോലടി
കെല്പൊടുപൊടുപാടെവെടികളുമിടയിടെ-
യിപ്പടിബഹുവിധമന്ത്രയുമൽഭുത
മപ്പുരവരമതിലാശുനിറഞ്ഞും
വിശ്വാമിത്രമഹാമുനിതാനും
വിരവൊടുരഘുസുതരോടുസമേതം
വിശ്വാസം ബഹുമാനം ഭക്തിയു-
മാശ്വാസവുമിയലും ജനകേന്ദ്രനെ
വേറെവിളിച്ചുവരുത്തിസ്സാദര-
മേറെത്തളിവൊടുഗിരമുരചെയ്തു.

വീരപുംഗവധീരമഹീപാല
സൌമ്യവാരിധേകേളുംക്കഗിരംമേ
സൂര്യവംശതിലകൻ ദശരഥൻ
ഭോഗ്യമാരുമായ് മേവുന്നകാലം
പുത്രരില്ലാഞ്ഞു ദുഃഖംമുഴുക്കയാൽ
പുത്രകാമമഖവും തുടങ്ങിച്ചു
ശൃംഗമുനിയുടെ വൈഭവാൽ
വിശ്രുതന്മാരാം പുത്രന്മാരുണ്ടായി
കോസലനൃപൻതന്നേറമകളായ
കൌസല്യയ്ക്കുപിറന്നിതുരാമനും
കേകയനൃപൻതന്നേറമകളായ
കൈകേയിയ്ക്കുപിറന്നുഭരതനും
മാഗധന്നേറകുമാരിയായുള്ളൊരു
ധന്യശീലസുമിത്രയ്ക്കുമപ്പോൾ
ലക്ഷണശത്രുഘ്നന്മാരെന്നിങ്ങിനെ
ലക്ഷണമുള്ളപുത്രന്മാരുണ്ടായി
നാലുവേദവുമാറുശാസ്ത്രങ്ങളും
നാലുനന്ദനന്മാരുംഗ്രഹിച്ചു

ആയുധവിദ്യയാദികളൊക്കെയു-
മായവണ്ണംഗ്രഹിച്ചുരവരും
മൂത്തവനായരാമൻമനോഹരൻ
മുന്നാമൻബതലക്ഷ്മണനവനും
നമ്മൊടൊന്നിച്ചുപോന്നിതുയാഗവും
ചെമ്മേരക്ഷിച്ചുതിചതുരന്മാർ
പാടവമുള്ളരാമൻവഴിതന്നിൽ
താടകയെക്കൊലചെയ്തുവേഗം
പ്രൌഢരാകിയരാക്ഷസവീരരെ
താഡനംചെയ്തുബാണങ്ങൾകൊണ്ടു
ഭൂപാലബാലൻതന്നെയഹല്യയു-
ശാപമോക്ഷവുമന്നൊട്ടനവ്വി
ഭൂപവയ്യയാംനിൻപുരേശിവ
ചാപമുണ്ടെന്നുകേട്ടതുകാൺമാൻ
ജാതമോദമിവിടേക്കുവന്നിവർ
ഏതുംവൈകാതെകാണിക്കചാപം.

ഇത്തരമുരചെയ്തീടിനമുനിയോ-
ടുത്തരമുരചെയ്താനഥ ജനകൻ
അയ്യോ ശിവശിവശിശ്രുവാമിവനീ-
ത്ര്യംബകമാംവില്ലുകുലപ്പാൻ
കയ്യുക്കുണ്ടോസാഹസമാമിതു
ചെയ്യിപ്പിക്കനമുക്കിതുചിതമോ
അയ്യായിരമവനീശന്മാരിതു
ചെയ്യാമെന്നുനടിച്ചിഹവന്നി-
ത്ര്യംബകമൊട്ടുതോറനുമടങ്ങി
കയ്യുംകാലുമൊടിഞ്ഞുചിലക്കിഹ
മെയ്യുവളഞ്ഞു കണ്ണുകളഞ്ഞു
പൊയ്യല്ലുതരംകെട്ടാരവർ
ആയാളുകളിലൊരുത്തരുമോത്താൽ
വയ്യാതുള്ളൊരുദുർഘടകായ്യം
ചെയ്യാമെന്നിക്കുണ്ടുങ്ങടുക്കും
ചെയ്യിപ്പിക്കാമെന്നുമുക്കും
ദുർമ്മോഹംകൊണ്ടതിനുതുനിഞ്ഞാൽ
ധർമ്മോപക്ഷയമെന്നിഹതീരും
ത്രിപുരന്മാരെച്ചുട്ടുമുടിപ്പാൻ
ത്രിദശന്മാരുണ്ടാക്കിയവില്ലിതു
നൂവരന്മാക്കും സുഖകുലരത്നിന്
ആവരന്മാക്കുമെടുത്തുകുലപ്പാൻ

Digitized By Kerala Sahitya Akademi

സാധിക്കാഞ്ഞൊരുകാര്യമിതടിയൻ
ബോധിക്കാഞ്ഞൊരുപണയംചാന്നതു
നാധികംകഷ്ടമശേഷജനത്തിനു-
മാധിക്കുള്ളൊരുതൊഴിലായ്വന്നു.

സുഖക്കേടുപാരമെന്നോർമകൾക്കുവയസ്സുപത്തായ്
പെട്ടെന്നൊരുഹത്തിനുകൊട്ടക്കെന്നുള്ളതിനൊരു
മുടക്കമീകല്യാണത്തിനുമുടക്കം വരുന്നതാകിൽ പുന-
രൊട്ടുക്കുംതെക്കുവടക്കുംകിഴക്കുംപടിഞ്ഞാറും വഴി
നടക്കുംജനങ്ങൾമനമ്മെപഴിക്കുന്നുണ്ടെന്നുപല
വഴിക്കുംകേൾപ്പാനുമുണ്ടൊഴിക്കുംപ്രകാരം കാര്യം
കഴിക്കുന്നാകിലോസൌഖ്യംഭവിക്കും നമുക്കും-
പിന്നെ
ചെവിക്കുപുത്തരിയായിട്ടൊരുണ്ടംഷ്ടീത്തികേട്ട
ങ്ങിരിക്കുന്നതിനെക്കാട്ടിൽമരിക്കുന്നതത്രെനല്ല
തെരിക്കുന്നുകാശിക്കുപോതിരിക്കാമെന്നതേവരു
ഒരിക്കൽചാക്കുമുണ്ടല്ലോധരിക്കുന്നവിശ്വാ
മിത്രാ!
തരക്കേടുവന്നുനമ്മെപരിക്കേടുഷ്ടിവരുകിൽ
ഉരയ്ക്കുന്നിതുപോൽനാട്ടിലിരിക്കുംമാനുഷ
രെല്ലാം
ചിരിക്കുന്നതുകൊണ്ടത്തൽപെരുകുന്നുനിങ്ങൾ
ക്കെല്ലാം
നിരക്കുന്നതുപോൽചെയ്വാൻ ഇനിക്കുംമോഹമു-
ണ്ടതു
മുനിക്കുസമ്മതമെങ്കിൽകനക്കേടുചിന്തിയാതെ
കനക്കെഗ്രണമുള്ളൊരുപുരുഷനെക്കൊണ്ടുവേളി
പരിചിൽകഴിപ്പിച്ചുകൊണ്ടുരിയാടാതെപോ
യാലും.

വൈരാഗ്യംകൊണ്ടിങ്ങിനെപലമൊഴി
വൈദേഹൻപറയുന്നതുകേട്ട
ഗൌതമനായശതാനന്ദൻമുനി
വീതവിശങ്കംപുനരരുൾചെയ്തു
സീരദ്ധ്വജനരപാലസഖേതവ
ധീരതപംപുനരെങ്ങുഗമിച്ചു
വീരപരീക്ഷയുള്ളൊരുപണയം
വീരവൊട്ടുപണ്ടുഭവാനരചെയ്തു

ഭംഗംവരികയുമില്ലവിവാഹം
സംഗതിവതമതിനില്ലവിവാദം
പുംഗവകേതനചാപംദൃതമഥ
രംഗതലത്തിൽവരുത്തീടേണം
രാമൻവില്ലുകുലയ്ക്കുമതിന്നൊരു
താമസമില്ലതരിനുമിദാനീം
മാമുനിവിശ്വാമിത്രൻതിരുവടി
രാമനുഗ്രഹവെന്നറികമഹീശാ
ജംഭകിമാദിമഹാസ്ത്രമശേഷം
സംഭൃതമോദംകൌശികമാമുനി
സംപ്രതിരാമനുദാനംചെയ്തു
സരസമതേനീബോധിച്ചീലാ
താടകയെക്കൊലചെയ്തസുബാഹു
നിശാടനമുഖ്യവധത്തെച്ചെയ്തു
നാടകമല്ലിതുസകലത്രിഭുവന
നാടകമഖിലംപാലിച്ചീടാൻ
പാടവമുള്ളൊരുരാമനകാർമ്മുക
പാടനമതിനിന്നെന്തൊരുദണ്ഡം
മൂഢജനങ്ങൾക്കെന്തറിയാമിതു
ഗാഢപരാക്രമനേഷ്കകുമാരൻ
ശിശിരേതരകരകുലമതിലുളവാം
ശിശുവെന്നാലും വൈരികുലത്തെ
പ്രശമിതമാക്കാൻമതിയാമെന്നതു
വിശദമതേ! നീ ബോധിച്ചാലും
പൊക്കമിയന്നമരങ്ങൾനിറഞ്ഞതി
ദുഷ്കരമാകിയകാടുകളെല്ലാം
ഒക്കെച്ചുട്ടുമുടിപ്പാനല്പം
തീക്കനൽമാത്രംമതിയാകില്ലേ
തെല്ലുവിഷാദംവേണ്ടസഖേ തവ
നല്ലൊരുചാപ്പുക്കാരനിവൻതട
വില്ലിഹവിരവൊടുപരമേശ്വരനുടെ
വില്ലുവലിച്ചുകുലച്ചുമുറിച്ചുഥ
ഉല്ലാസത്തൊടുജനകാത്മജയുടെ
കല്യാണോത്സവമാശുകഴിച്ചുഥ
കല്യനതാകിയതവഹൃദിപെരുകിയ
ശല്യമൊഴിക്കും ദശരഥതനയൻ.

മുനിവരഗിരംമുദാകേട്ടസീരദ്ധ്വജൻ
മനതളിർതെളിഞ്ഞുടൻമാനശാലിനുപൻ

Digitized By Kerala Sahitya Akademi

പുരഹരശരാസനംകൊണ്ടുവന്നീടുവാൻ
പുരുഷജനമായിട്ടീ യാത്രയാക്കീടിനാൻ
തദനുപുനരായിരംകിങ്കരന്മാർചെന്ന
മദനരിപുകാർമുകംചെന്നുകണ്ടീടിനാർ
പെരിയൊരുമഹാമലയ്ക്കുമിക്കാർമ്മുകം
വിരവൊട്ടുമന്നുകൊണ്ടെങ്ങുചെൽവാൻപണി
ലനിയുമുടനായിരംനായരുണ്ടെങ്കിലേ
ലതുതലയിലേറുവാനാളാവുനാമെടോ
വലിയമലയെച്ചുമന്നീടുവാനെങ്കിലും
വലിയജനമിങ്ങുകൂടിച്ചെയച്ചാലതും
ഒരുദശയിലിന്നനാംചെയ്യുയെന്നോവരു
കുറവുപറയുംവിധൌകുറവുണ്ടായ്തുരും
അരചന്നടെചെമ്പിലെച്ചോറതിന്നുംനമു-
ക്കൊരുശരണമില്ലെടോതമ്പുരാനെന്നിയേ
തിരുമനസികല്പിച്ചവേലയെല്ലാംനമു-
ക്കൊരുകുറവുക്രൂടാതെചെയ്യുയെന്നോവരു.
വരികവിടവോട്ടുനാംവില്ലെടുത്തീടുക
വരുവതുവരുംഫലംവാഴ്ത്തെന്നാകിലും
ചലമിഴികൾക്കുപ്പുമാജാനകിപ്പെണ്ണിന്റെ
മുലയിണകൊതിച്ചുവന്നീടുന്നവക്കയ്യോ
മലകളെമറിപ്പതിന്നും മടിയില്ലയ്യോ
ഫലമിനിവരുന്നതാക്കെന്നറിഞ്ഞീലഞാൻ
ദശരഥനരാധിപൻതന്നുടെപുത്രനായ്
ശിശുനൃപതിരാമനെന്നിങ്ങിനെപേരായ
പുരുഷനക്കൊച്ചുബ്ഭപാലനിക്കാർമ്മുകം
വിരവൊട്ടുകുലപ്പതിനായ്തുടങ്ങുന്നുപോൽ
ശിവശിവമഹാകഷ്ടമക്കുഞ്ഞുരാമനീ
ശിവനുടെശരാസനത്തെക്കുലച്ചീടുമോ
ഒരുശിശുവധത്തിനായ്നമ്മുടെതമ്പുരാൻ
തിരുമനസിക്കല്പിച്ചതയ്യോ ശിവശിവ.

ഇത്തരമോരോന്നുരചെയ്തുടനെ
മഹത്തരമാകിയകാർമുകമമ്പൊടു
സത്വരമായിരമാളുകൾക്രൂടിയെ-
ട്ടുത്തുപിടിച്ചുവിൽകൊണ്ടുനടനേ
രംഗമതാകിയരംഗത്തിന്നൊരു
മംഗൾക്രൂടാതഴകൊടുവച്ചു
മംഗലസമയമനുകുലനരവര
പുംഗവനന്ദനനാകിയരാമൻ
കുശികാത്മജനുടെശാസനകൊണ്ടതി-
കുശലമതാകിനകർമ്മംചെയ്വാൻ
ഭൂശകുനുകേനപുറപ്പെട്ടപ്പോൾ
സുശകുനമഖിലവുമങ്ങുളവായി.
ദക്ഷിണലോചനമിളകിതദാ ശ്രുത-
ലക്ഷണമാമതുപുരുഷന്മാക്കു
ദക്ഷിണബാഹുപ്രചലനവും പുന-
രക്ഷണമേവദവിച്ചുവിശേഷാൽ
പക്ഷികൾനല്ലചകോരാദികളും
ദക്ഷിണദിശിശബ്ദിച്ചുതുടങ്ങി
ലക്ഷണപൂർണ്ണനാകിയരാമൻ
തൽക്ഷണമുരുവാംകുശികാത്മജനെ
പ്രദക്ഷിണവുംവച്ചുശ്രുവണങ്ങി
ദക്ഷിണനംകിയജനകാധിപനാ-
മക്ഷിതിപതിയെനമിച്ചുസുഖേന വി-
ചക്ഷണനാകിയലക്ഷ്മണസഹിതന-
രക്ഷണമിടെതാമസിയാതുട-
നക്ഷിതിപതിസുതനാശ്രുനടന്നു
ഖണ്ഡാമൃതകരമണ്ഡനനന്ദനകോ-
ദണ്ഡമിരിക്കുംമണ്ഡപസീമനി
മനുകുലബാലൻചെന്നുകരേറി
ഘനമേറീടിനകോദണ്ഡത്തിനു
കനിവൊട്ടുമൂന്നുവലംവച്ചുടനേ
മനസാവാചാമഗനാന്തകനെ
പുനരപിപുനരപിതൊഴുതുവണങ്ങി
ഘനതരകാനമതാകിയചാപം
വിവശതയെന്യെയെടുത്തുഥപൊക്കി
ആനവധിനൃപതികൾനോക്കിയിരിക്കെ
ധനുരാരോപണമാരംഭിച്ചു
വില്ലിൻമുനപുനരവനിയിലൂന്നി
തെല്ലും താമസിയാതെ വളച്ചുഥ
നല്ലൊരുഞാണു പിടിച്ചുമുറുക്കി
പാണിതലംകൊണ്ടുടവുപിടിച്ചു
പതുക്കെത്താഴ്ത്തി ത്വടിതികുലച്ചു
പടുതരമാകിന ചെറുഞാണൊലിയും
പൊട്ടുപൊടെ വട്ടിവൊട്ടു സപദിമുഴക്കി
കച്ചക്കെട്ടിയമന്നോരു നിലയുമു-
റച്ചുഥനിന്നു വലിച്ചുകരേറി



Digitized By Kerala Sahitya Akademi

പറെറത്താണ വലഞ്ഞെവിയുററം
പററിച്ചാടിന സുമയത്തിങ്കൽ
ചട്ടററീടിന ചാപം നട്ടവെ
പൊട്ടിമുറിഞ്ഞുമറിഞ്ഞുപതിച്ചു
പൊട്ടന്നേരമുദിച്ചൊരുശബ്ദം
ഒട്ടംകുറവല്ലാഴിയുമുഴിയു-
മെട്ടദിഗന്തരമൊന്നുകുലുങ്ങി
അഷ്ടദിഗന്തരദന്തികളുടെ ചെവി
പൊട്ടിയലഞ്ഞവർ ഞെട്ടിയുഴന്നു
സപ്തകുലാചലകുഹരേ മരുവിന
സുപ്തമതാകിന സിംഹസമൂഹം
സരഭാമഖിലമുണർന്നതിവേഗ
ബദ്ധപ്പെട്ടു ഭയിച്ചുടനന്നു.

നരവീരശിഖാമണിരാമൻ
പരകാമിനിമാക്കൊരുകാമൻ
അതിസുന്ദരനാകിയ ബാലൻ
അരിവൃന്ദകുലത്തിനുകാലൻ
അതിചതുരൻ മധുരൻ മഹിതൻ
സുഭഗൻ സുരുചിരസരസതരൻ
ഹരചാപമെടുത്തുകുലച്ചു
പരിചൊടു പിടിച്ചുവലിച്ചു
ധരണീതലമൊന്നു വിറച്ചു
ധരണീശമദങ്ങളം നിലച്ചു
സുഖമുദിച്ചുരസിച്ചുസാധുജനം.
അഥകാർമ്മുകമായതുപൊട്ടി
അതുകേട്ടവരൊട്ടുഞെട്ടി
ജനകന്റെ നല്ലൊരു തുഷ്ടി സു-
വനിതയ്ക്കുസുമബലപുഷ്ടി
അതിഭാഗ്യമംഗലംസപദിസമാപതിതം
വരവാണിയരുകിയ സീതാ
വനമാലികയോടുസമേതാ
വരനാകിയ രാമൻപേതാ
വരവർണിമണിസുവനിതാ-
വരനേടെ ഗളേവിവിരവൊട്ടുമാല
വച്ചാരൊഴിച്ചുവാങ്ങിസുഖം.

നരവീരസുരനടവിട്ടുകുലച്ചു
വരനന്നുഗളേവിമാലയുമിട്ട

ധരണീസുരരത്നകണ്ടുരസിച്ചു
പെരുകിനസഭകേളിലവിടെവസിച്ചു
ജനകമഹീപതിഗൗതമമുനിയൊട്ട
ജനിതകുതൂഹലമിദമുരചെയ്തു
മുനികുലപുംഗവനിന്തിരുവടിതാൻ
കനിവൊടുമമമൊഴി കേട്ടരുളേണം
ഇന്നിഹവിരവിലയോദ്ധ്യാനഗരേ
ചെന്നിഹ വിരവൊടു ദശരഥനേയും
നന്ദനഭരതൻ ശത്രുഘ്നനെയും
നന്ദിച്ചിങ്ങു വരുത്തീടേണം
കൌസല്യാകൈകേയിസുമിത്രാ
ദേവികൾമാ മുവരുമവരുടെസഖിമാർ
ദാസികളെന്നിവർ സകലജനത്തോടും
ദശരഥനരവരനാഗ്രവരേണം
തരണികുലത്തിലുപാദ്ധ്യായൻമുനി
ധരണിസുരോത്തമനായവസിഷ്ഠൻ
തിരുവടിതാനുമെഴുന്നള്ളേണം
ഇരുഭ്രതന്മാരപരന്മാരും
ശ്രീരാമൻഭരവില്ലുകുലച്ചു
സീതാ മമ മകൾമാ മാലയുമിട്ട
പത്തുദിനത്തിനകത്തുവിവാഹമു-
ത്സവുമവിടെക്കല്പിച്ചെന്നതി-
നെത്തുകവേണം ജനനികൾമാ ജനകനു-
മിതഥംചെന്നുധരിപ്പിക്കേണം
കുറിയെഴുതീട്ടൊരു പുരുഷനെവിട്ടാൽ
കുറയത്താമസമുണ്ടാമായതു
തമില്ലിപ്പോൾ നിന്തിരുവടിതാൻ
കനിവൊടു ഭണ്ഡിച്ചു മതിയരുതേ
രുതേരും കുതിരയുമാശ്വരുത്താം
ചേരുമകമ്പടി ക്രൂടെയയയ്ക്കാം
പേരുപുകഴ്ന്നൊരു മേനോക്യുച്ച-
ന്മാരും നാലു പണിക്കന്മാരും
പോരുന്നാളുകൾ പലരുംക്രൂടെ
പോരും നിന്തിരുവടിയുടെക്രൂടെ
കാരുണ്യാംബുധിയായഭവാനുപ-
കാരം ചെയ്യണമിന്നിതുമാത്രം.

എന്നുള്ളവാക്കുകേട്ടനന്നായ്തെളിഞ്ഞുശതാ-
നന്ദൻമുനീന്ദ്രനാശു സ്യന്ദനമേറിക്കൊണ്ടു

Digitized By Kerala Sahitya Akademi

കായക്ലേശംകൂടാതെ രായുംപകലുംവീട്ടിൽ
പായുംവിരിച്ചുകൊണ്ടു വായുംപിളർന്നാറങ്ങും
നായന്മാർ കുറുപ്പുസ്സൻ കായ്യസ്ഥന്മാരും വെക്ക-
മായുധംതപ്പിയെടുത്താശു കണ്ണംതിരുമ്പി
തിരിച്ചു തേരിന്റെ പിമ്പേ ചരിച്ചുകാണി
കർം കണ്ടു
തിരിച്ചുതോക്കുംകുന്തവുംപരിച്ചുകൊണ്ടൊരുക്ക
കാട്ടുംമലയും കുന്നും തോട്ടും പുഴകർം മല- [ട്ടും
മൂട്ടും കടന്നയോദ്ധ്യാപുരിയിലകത്തുപുക്കു

ജനകമഹീപതിനഗരംതന്നിൽ
ജനിതമതാകിന വൃത്താന്തത്തെ
മുനിവരനാകിയ ഗൌതമനഖിലം
കനിവൊടുതത്ര പറഞ്ഞറിയിച്ചു
തന്നുടെ തനയൻ വില്ലുകുലച്ചുത
വന്നുപറഞ്ഞ ടേന്നാക്കെല്ലാം
പൊന്നും പണവും പട്ടുംവളയും
മന്നവനനവധി സമ്മാനിച്ചു
വീഴ്ച്ചമുള്ള യജമാനന്മാംക്കും
വീരചങ്ങല കൊടുത്തുനരേന്ദ്രൻ
കായ്മമിങ്ങനെ ശ്രുവിച്ചുതുതന്നുടെ
ഭായ്മാരൊട്ടു പറഞ്ഞറിയിച്ചു
മിത്രാംശുമണി ദശരഥനരപതി
മിത്രബന്ധുജനമൊക്കെവരുത്തി
തത്രനിന്നുഷസ്സീ യാത്രപുറപ്പെ-
ട്ടെത്രയും കുതുകമോടുനടന്നു
ആനപ്പടയും കുതിരപ്പടയും
സേനാപതികളമാത്യന്മാരും
മാനത്തോളമുയർന്നരഥങ്ങളു-
മാനകർം ടുന്നുഭിവാദ്യക്കാരും
നായന്മാരൊരുകോടിസഹസ്രം
കായ്യസ്ഥന്മാരെജമാന്മാരും
ആയുധപാണികളായിരമായിര-
മായതിനോരോ യജമാന്മാരും
കൊട്ടംവെടിയും കൊമ്പുംകുഴലും
തട്ടുംമുട്ടും തിക്കുംതിരക്കും
ചട്ടറവീടിന കുടതഴചാമര-
മൊട്ടില്ലനവധിയോഗംക്രുടി
കേളച്ചുരേ ക്രുവാനമ്മുടെ

വാളുംപരിചയുമങ്ങുത:രമോ
ആയുധമൊക്കും നിന്നുടെ കയ്യിലൊ.
രായുധമില്ല രാമഭ്രൈഷ്മാ!
എന്നുടെ കുന്തം പണയംവെച്ചു
എന്തിനു താനതു പണയംവെച്ചു
വെറുതില പുകയില കൊടുവാനിങ്ങൊരു
വകയില്ലാഞ്ഞതു പണയംവെച്ചു
അയ്യോ താനിന്നകമ്പടിക്രുടാൻ
കയ്യുംവീശിപ്പോകേയുള്ള
ആമ്മാവനുമെന്നമ്മായിയുമായ്
ചുമ്മാവീട്ടിലിരിക്കുന്നുണ്ടു
അങ്ങോളുണ്ടൊരു പീലിക്കുന്തം
എങ്ങുംനമ്മെക്കാട്ടുകയില്ല
ചുമടുചുമപ്പാൻ പോരുംപോലെ
കുമരിച്ചെട്ടനുമങ്ങുനടന്നു
നായന്മാരായ് വന്നുചിറന്നാ-
ലായുധമെല്ലാം കയ്യ്കലിരിക്കണ-
മായതുക്രുടാതുള്ളൊരുനമ്മെ
നായിനുമില്ലൊരു ബഹുമാനമെടോ
നാട്ടിലിരുന്നു പൊറുക്കണമെന്നാൽ
നരവരകല്പനകേട്ടേതീരു
വീട്ടിലിരുന്നു കടംകൊണ്ടാലതു
വീട്ടിക്കൊടുവാൻ വകയുംനാസ്തി
ആട്ടക്കാരുടെ പെട്ടിചുമപ്പാൻ
ചേട്ടക്കാക്കൊരു നാണവുമില്ല
ക്രുട്ടക്കാരജമാനന്മാരൊട്ടു
ക്രുടിനടപ്പാനായുധവുംകൊ-
ണ്ടെത്തിസ്വരുപിക്കുന്നതുകണ്ടാൽ
ഇത്തിരി ഉശിരുതിരിമ്പില്ലാത്താൽ
ചത്തക്കണക്കേ വിലപിടിയാത്ത സ-
മ്മന്മാരിവരെന്തിനുകൊള്ളാം
ഇപ്പോഴെന്തൊരു സംഗതിചെട്ടാ
ഇപ്പുരുഷാരത്തെസ്വരുപിപ്പാൻ
ഘോഷന്മാരതു കേട്ടില്ലെബഹു
ഘോഷിച്ചുള്ളൊരു വേളിമഹോത്സവം
ഞാനതുകേട്ടില്ലാരുടെവേളി
താനല്ലാത്തവരാരൊക്കെക്കേട്ടു
മക്കളിൽ മൂപ്പിലെ വേളിമഹോത്സവ-

Digitized By Kerala Sahitya Akademi

മക്കരെയങ്ങുവിദേഹപുരത്തിൽ
ജനകിയെന്നൊരു കന്യാമണിയുടെ
പാണിഗ്രഹണം ചെയ്യാൻ നമ്മുടെ
രാമസ്വാമിയുമനുജനുമങ്ങൊരു
മാമുനിവരനുമതായെഴുനള്ളി
ഘരനുടെവില്ലുകുലച്ചുമുറിച്ചതു
കേട്ടില്ലേ പടനായന്മാരേ
വില്ലുകുലച്ചുമുറിച്ചുമഹാരഥ-
നല്ലാതൊരുവനു വരുവോന്നല്ല
നല്ലാർകുഴലിജനകാത്മജയുടെ
കല്യാണോത്സവമാശുലഭിപ്പാൻ
അച്ഛൻതമ്പുരാൻതന്നെറകൊച്ചുകുമാരന്മാരിൽ
വച്ചു മൂപ്പീനു വിൽമുറിച്ചു സീതയും മാല
വച്ചു വേളിയുംവസ്ഥാവച്ചുതമ്പുരാൻതാനംഗ്ര-
ഹിച്ചുനന്നായി സന്തോഷിച്ചു
എഴുന്നെള്ളത്തുമുറച്ചു എല്ലാദിക്കിലും
അറിവിച്ചു എല്ലാവരുമൊത്തുതിരിച്ചു
എണ്ണമുള്ളതാശുധരിച്ചുകൊണ്ടാലും നിങ്ങളും.

പള്ളിക്കെട്ടറിയിക്കണമെന്നാ-
പള്ളിശ്രാമ്പികൊടുത്തു നൃപാലൻ
ഉള്ളിൽ തള്ളിന കൌതുകമോടും
ചൊല്ലിയയച്ചിതു ദൂതന്മാരെ

സന്തോഷംപൂണ്ടുചെന്നക്കല്യാണകന്യകയെ
അന്തോളംതന്നിലോററിക്കൊണ്ടിങ്ങുപോന്നീടേ
ചന്തത്തിലകമ്പടിക്കാരരായുധക്കാരും ഭ്രമം
ചന്തമോടെരുമിച്ചു മുമ്പിട്ടുപോയിടേണം
ഉന്തിപ്പടകുതിരപ്പടയെന്നിവ
പന്തിരിരുന്ന നടന്നീടേണം
ഇങ്ങിനെതങ്ങളിലോരോവാക്കുക-
ളുണ്ടുചെയ്താനായന്മാരും
ഭംഗിയിലധികമയോദ്ധ്യാപുരിയിൽ
തിങ്ങിനപടയൊടുവന്നുനിറഞ്ഞു
ദശരഥനരപതിരഥവരമേറി
ദശദിക്കുകളിൽ നിറഞ്ഞുകവിഞ്ഞൊരു
പുരുഷാരങ്ങളുമംഗനമാരും
പരിവാരങ്ങളുമനുണവരരും
ഭരതൻ ശത്രുഘ്നനുമനുഗമനം
പരിചൊടുചെയ്യാനായിമുതിന്നു

കോസലപതിയുടെ പത്നികളാകിയ
കൌസല്യാകൈകേയിസുമിത്രയു-
മാശു നിരന്തരമന്തോളങ്ങളി-
ലധിരോഹിച്ചുഗമിച്ചുതുടങ്ങി
അനവധിവിപ്രസമൂഹത്തോടും
കനിവേറീടിന ഗൌതമമുനിയും
മനുകുലവരനുടെ മുമ്പിൽനടന്നു
വേളിക്കാത്തുവിളിച്ചുവരുമ്പോൾ
പടലിപടിപ്പുര കയ്യാലകളും
മതിലുകൾകുത്തിയിടിച്ചുതകർത്തും
അതിനൊരുദൂഷണമില്ലതരിമ്പും
തെങ്ങുകവുങ്ങും മാവും പ്ലാവും
എങ്ങുംമടിക്കുടാതെനശിപ്പി-
ച്ചുങ്ങുകടന്നുപുരത്തിൽ നിറഞ്ഞിതു
തിങ്ങിനബഹുപുരുഷാരമസംഖ്യം
ജനകമഹീപതിയെതിരേല്പാനഥ
കനകത്തളികകരം വെള്ളിത്തളികകരം
മണിദീപങ്ങളുമവിലരിപൂക്കുല
മണമിയലും കുസുമങ്ങളുമിങ്ങനെ
മംഗല്യങ്ങളെടുത്തുംകൊണ്ടെട-
നംഗനമാരെ നിയോഗിച്ചുപരുടെ
കുരവകളെത്രമനോഹരമതിനൊരു
കുറവുവരാതെ നിരപ്പുതുടങ്ങി
നിറമൊട്ടു രണ്ടും പുറത്തും പെരുകിന
നിറപറവെച്ചുഥ കനകപ്പൊടികരം
നിറച്ചുചൊരിഞ്ഞു വിളക്കുകരംതുക്കി
താകളിൽമീതേ പട്ടവിതാനി-
ച്ചുറകളിലുരുതരമതിരമണീയം
അരിന്തുകരംകൊണ്ടങ്ങണിയിച്ചു
അങ്കണസീമനി കുലവാഴകളും
കുംകുമകളഭം കസ്തൂരികളും
കൊണ്ടുതളിച്ചു മനോഹരമാകിന
പങ്കജമാലകരം മാലതിപിച്ചുക
കുറുമൊഴി മല്ലികകേതകിചെമ്പക
നറുമലർമുല്ലികളെന്നിവ ചെല്ലിൻകതിരും
എല്ലാമനവധി സമ്പാദിച്ചു
വല്ലായുള്ളൊരു വേളിമഹോത്സവം
സീരധ്വജനരപാലനുമങ്ങു

Digitized By Kerala Sahitya Akademi

കുശലധ്വജനുപനുംക്രൂടെച്ചെന്ന
ദശരഥനുപനൊട്ട കുശലപ്രശ്നവു-
മുരചെയ്തഴകൊടുമണിപീഠത്തിലിരുത്തിവണ
പ്രണയിനിമാരാം കൌസല്യാദികൾ [ങ്ങി
രാജസ്ത്രീകളെയെല്ലാംതന്നുടെ
രാജസ്ത്രീവനങ്ങളിലാക്കി
സ്നാനാശനമൂടനെല്ലാപ്പരിഷയു-
മാനന്ദേന കഴിച്ചിച്ചുടനേ
നായന്മാരുടെ സദ്യകഴിപ്പാൻ
കായ്സ്ഥന്മാരധികാരികളും
കായ്സ്ഥന്മാരങ്ങുശ്രമിച്ചു
പന്തൽനിറഞ്ഞുകൊട്ടിൽനിറഞ്ഞു
നെടുമ്പുരകെട്ടിയതൊക്കെനിറഞ്ഞു
പന്തിനിരക്കെയിരുന്നൊരുശേഷം
ഒരുപന്തിക്കിലവച്ചുതുടങ്ങി
കറിയരി വെള്ളവെളെയുള്ളൊരുചോറും
കറിനാലും പപ്പടവുംപഴവും
ഇഞ്ചിപ്പച്ചടി നാരങ്ങാകറി
പെഞ്ചീരക്കറിചേനക്കറിയും
കന്നംതെരും കാച്ചിയമോരും
ഒന്നുകറക്രൂടാതെവിളമ്പി
മതിമതിയേയെന്നോത്തുവിളിച്ചുഥ
ഘോഷിച്ചുടനേ സദ്യകഴിച്ചു
അത്താഴത്തിനു നായന്മാക്കു പു-
റത്തൊരു കൊട്ടിലിലിലിലവയ്ക്കണം
മറെറാരുക്രൂട്ടം കറിക്രൂടാതെ
കൊററിനു മോടിവരുത്തിക്രൂടാ
കാട്ടിലുമുണ്ടു കടലിലുമുണ്ടു
കായലിലുണ്ടു കുളത്തിലുമുണ്ടു
കറിവെപ്പാനുണ്ടൊരുവകസാധന-
മറിയപ്പാകാതവനുമിതറിയാ
ക്രൂട്ടംനൽകറിക്രൂട്ടാഞ്ഞാലൊരു
ക്രൂടക്കാക്കുണക്കിനുക്രൂടാ
കുക്കുടമെന്നൊരുപാധനമുണ്ടതു
ദുർഘടമില്ലവതത്തിനുട്ടൻ
പന്നിത്തടിയനെവെട്ടിക്കൊന്നി-
ട്ടതുകൊണ്ടൊരുകറിവെപ്പാനുണ്ടു
ഇത്തിരിവിഷമം നായാട്ടിനു സ-
മത്ഥന്മാക്കേയതുസാധിപ്പൂ
നായാട്ടിനൊരു പത്തുസഹസ്രം
നായന്മാരെ നിയോഗിച്ചുനൃപൻ
ആയവർചെന്നിഹ പന്നികൾ മാനുക-
ളാവകവളരെ വരുത്തീടേണം
കറിവെപ്പാനായ്നായന്മാരില-
ട്ടുക്കളവെപ്പാൻ തടവില്ലാത്തവർ
ആക്കരെയുള്ളവരിക്കരെയുള്ള വ-
രൊക്കെയടുക്കളപുക്കുപയുക്കെ
ചട്ടകവും പല കലവുംകടവും
കുട്ടകവും തവിചട്ടകമീവിധ-
മെല്ലാം പരിചൊട്ടു വട്ടംക്രൂട്ടി
കറിയുംചോറും വച്ചുവിളമ്പി
ക്ഷണമാശു കഴിപ്പിച്ചവരും
പട്ടുംമുണ്ടും വാങ്ങിക്കൊണ്ടാർ.
ഇങ്ങിനെയൊരുദിശികോലാഹലമിഹ
യെങ്ങിനെ ഞാനതു വർണ്ണിക്കേണ്ടു
ഗണിതക്കാരൊരു ദിക്കിൽ ഗണിതം
പരിചിൽ ഗണേശഗണായനമസ്തേ
എന്നുഗണിച്ചു. വേളിമുഹൂർത്തം
അമ്പൊടുകല്പിച്ചാശ്രുവസിച്ചു.

സീരദ്ധ്വജനുമപ്പോൾ മകളെകൊടുപ്പാൻവേ
സകലസംഭാരങ്ങളെ സമ്പാദിച്ചുടനേ [ണ്ടും
ജനകന്റെ പുരോഹിതൻശതാനന്ദമാമുനിയും
മന്ത്രനാഥപുരോഹിതവര്യൻ വസിഷ്ഠൻതാനും
വൈവാഹക്രിയയെല്ലാംവാദംക്രൂടാതെചെയ്തു
വിദേഹൻപുത്രിസീതേ വിരവോടുമാനംചെയ്തു
ഏണക്കോടിപ്പുടവയും ഉടുത്തു കോപ്പുകളിട്ടു
മണപ്പാടൻമുണ്ടുകൊണ്ടു പുതച്ചുശരീരംമുടി
ശരവും കണ്ണുടിയുംതാൻകരത്തിലെടുത്തും
കൊണ്ടു
വരവുതുടങ്ങീവേളിമണിപ്പന്തൽ പുക്കുപിന്നേ.

ശ്രീരാമനുമഥദശരഥനുപനെ
പരിചൊട്ടുവീണുവണങ്ങിപദാന്തേ
വിശ്വാമിത്രമുനീന്ദ്രനെയും ബഹു
വിശ്വാസേന നമസ്കൃതിചെയ്തു
കുലഗുരുവായ വസിഷ്ഠമഹാമുനി
തിലകനെ നലമൊടുനമനംചെയ്തു

Digitized By Kerala Sahitya Akademi

ഗൌതമകാശ്യപനാരദമുനിവര
വയ്യന്മാരെ വണങ്ങിത്തന്നുടെ
മാതുജനത്തെയുമുഷിപത്നികളെയു-
മാദരവോടുനമിച്ചെഴുനേറവ
ദാനമുഹൂർത്താദികളുംചെയ്തു
ആനന്ദേനവിവാഹോചിതമാം
നാനാകർമ്മവിശേഷമശേഷം
ഊനംക്രടാതെപൊടുചെയ്തു
നാളീകാക്ഷിവിദേഹാത്മജയുടെ
വേളികഴിച്ചു രഘൂത്തമവീരൻ
മേളിതമാംവിധിയോടാദികളും
മേളമിയന്നു കഴിഞ്ഞ ദശായം
വിപ്രന്മാക്കു പ്രതിഗ്രഹമവിടെ
ക്ഷിപ്രംചെയ്തു ദശരഥനൃപവരൻ
ഇരുകൈകൊണ്ടും വാരിക്കോരി
കുറിമുണ്ടുവിരിച്ചുയതിലാക്കി
തെരുതെരെയങ്ങുകൊടുത്തുയുടങ്ങി
കുറിക്രടാതെയുകെട്ടിപ്പേറി
പിറകേപിറകേപുനരപിപുനരപി
തിക്കിയിടഞ്ഞുതടഞ്ഞുകടഞ്ഞു

തിരക്കിത്തിക്കിനടന്നുഗമിച്ചു
ധരണിസുരോത്തമരെന്നോവേണ്ടു
ധാർമ്മികനാകിയ ജനകൻപിന്നെ
ഊർമ്മിളയെന്നൊരു മകളുണ്ടവളെ
തൽക്ഷണമേവമഹീപതിജനകൻ
ലക്ഷ്മണനെക്കൊണ്ടഥവേൾപ്പിച്ചു
ബാലമയതായ കുശദ്ധ്വജനൃപതി-
ക്കിരുവർകുമാരികളുണ്ടതിലഗ്രജ
മാണ്ഡവിയെന്നുള്ളവളെബ്ഭരതനു
മന്നവവീരൻ ദാനംചെയ്തു
അവളുടെയനുജത്തി ശ്രുതകീർത്തി
അവളെശ്ശത്രുഘ്നനുമഥനൽകി
നാലുകുമാരികമാരെയുമിങ്ങിനെ
നാലുകുമാരന്മാരവർവേട്ടു
നാലുവിവാഹോത്സവമതികുതുകം
നാലുദിവസമങ്ങുകഴിച്ചുതദാനീം
മിഥിലാപുരമതിൽനിന്നുമഹീപതി
ദശരഥകൌസല്യാദിയുമുടനെ
ഋഷിവരനായവസിഷ്ഠൻതാനും
ദേവിയരുന്ധതിജാനകിയോടും
തേരിൽകേറി യാത്രതുടങ്ങി.

സീതാസ്വയംവരം ഓട്ടൻതുള്ളൽ സമാപ്തം.

# ശീലാവതീചരിതം

## ഓട്ടൻതുള്ളൽ.

സരസിജഭവസുതനത്രിമുനീന്ദ്രൻ
പരിചൊടു ഭക്ഷകുമാരിയതാകും
തരുണീമണിയാമനസൂയയെവേ-
ട്ടുരുതരസുഖമൊടുമേവുംകാലം
സുമഹിതമാകിന ഭൂഭുവംശത്തിൽ
സുതപസ്സുന്നൊരു മുനിയുണ്ടായി
സുതപസ്സിനൊരു സുതനുണ്ടായി
സുതനും കോപനനതിദുശ്ശീലൻ

ശ്രുതപെരുകിന മുനിതനയനു പേ-
രുശ്രുതപസ്സുന്നറികമുനീന്ദ്ര
വിഗ്രഹഭംഗിയുമില്ലകറുത്തൊരു
ദുർഗ്രഹപീഡിതനെന്നകണക്കേ
വളരെവ്യസ്സുചെന്നനരച്ചൊരു
വെളിവില്ലാതൊരു വേഷമതായി
കളിവചനങ്ങളുമറിയപ്പോകാ
തെളിവില്ലാതെ കറുത്തൊരുരാവം

Digitized By Kerala Sahitya Akademi

അങ്ങിനെയുള്ള മുയക്കുമുനിക്കതി
മംഗലരൂപഗുണങ്ങളിണങ്ങും
അംഗനാമാർമണിശീലവതീയിതി
സംഗതമാകിന നാമത്തോടെ
ഭംഗികലന്നൊരു കന്യാമണിയെ
സംഗതിവന്ന വിവാഹം ചെയ്യാൻ
ദുർമ്മുഖനായ ഗൃഹസ്ഥനുമവും
തമ്മിലഹോ ബഹുഭേദം കണ്ടാൽ
തങ്കപ്പൊന്മണിയിടയിൽ ചേത്തൊരു
ചെങ്കല്ലെന്നകണക്കിന കാന്തൻ
പങ്കജമുഖിയാമംക്കുള്ള ഗുണം മലർ-
മങ്കയ്ക്കും പുനരിങ്ങിനെയില്ല
പുരികുഴലഴകിയിരുണ്ടു ചുരുണ്ടുരു-
പരിമളമെത്രമനോഹരമതുമൊരു
കരിമുകിൽ കണ്ടാൽ മണ്ടിയൊളിച്ചുഥ
ഗിരിഗുഹപുക്കുകിടക്കേയുള്ള
ചടുലവിശാലവിലോലദ്വിവിലോചന
കുടിലകടാക്ഷനിരീക്ഷണമോത്താൽ
അടവിയിലിയലും മറിമാൻ ക്കുട്ടം
നെടുവീർപ്പിട്ടു മുഖം താഴ്ത്തീടും
പല്ലവതുല്യം തുടുതുടെയധരം
പല്ലകരം മുല്ലപ്പൂമലർപോലെ
നല്ലൊരു മുത്തുകരം ചേത്തൊരു വിദ്രുമ-
മാല്യംപോലെ മനോഹരമധികം
ചഷമിഴിയാളുടെ ചാരുമുഖത്തൊട്ടു
തുഖനം മോഹിക്കുന്നൊരു ചന്ദ്രൻ
കലകളഴിച്ചും ചേത്തും ശിവ ശിവ
പലകുറിയുണ്ടിഹ പണി ചെയ്യുന്നു.
പങ്കജമൊട്ടുകരം മട്ടോൽ മൊഴിയുടെ
കൊങ്കകളുടെ വടിവാഴ്ച ലഭിപ്പാൻ
കലിതരസേനകുഴത്തോളം ബഹു
സലിലേനിന്നു തപം ചെയ്യുന്ന
മടവാർമണിയുടെ പിടിയിലടങ്ങും
കൊടിനടുതുടിയെഴു പടപൊരുതുന്ന
കടിതടമുടനഥകരിമസ്തകരുചി
സ്ഫടികതികലസ്ഥ വിളങ്ങിടുന്ന
കൊമ്പൻ കരിയുടെ തുമ്പിക്കരവും
കുമ്പിടുമവളുടെ തുടയിണകണ്ടാൽ

കാർകുഴലണികുഴലാളുടെ പുറവടി
ക്രമ്മത്തേക്കാളധികമനോജ്ഞം
പാർമേലവളൊട്ടു സമമായിട്ടൊരു
പാൽമൊഴിമാരെക്കാൺമാനില്ല
അങ്ങിനെയുള്ളൊരു ശീലവതിക്കിന്ന
സംഗതിവന്നതു വുലൻ ക്രൂരൻ
എങ്ങാനൊരു പിഴകിട്ടാഞ്ഞാലും
ചങ്ങാതിക്കൊരു തെളിവില്ലൊട്ടും.
പാണ്ടു പിടിച്ചു വെളുത്തു ശരീരം
നീണ്ടു കുഴഞ്ഞും മുഞ്ഞിചുളിഞ്ഞു
കോലുകൾപോലെമെലിഞ്ഞു കുഴഞ്ഞൊരു
കാലും കയ്യും കണ്ടാൽ വികൃതം
എല്ലുമികച്ചു പല്ലുവമിച്ചും
കണ്ണുകുഴിഞ്ഞു കാഴ്ചകുറഞ്ഞു
കണ്ണുമടച്ചു കാലുചിടിച്ചു
മൂക്കും താടിയുമൊന്നിച്ചിട്ടും
വാക്കിന മൂച്ചുകുറഞ്ഞില്ലൊട്ടും
താടിയുമൊട്ടുകൊഴിഞ്ഞുതുടങ്ങീ
തലയിൽ കാൺമാനില്ലൊരുരോമം
കണ്ണാടിക്കു സമാനം നല്ല
കഷണ്ടിപിടിച്ചു മിനുത്തു ശിരസ്സും
കണ്ണിൽ പീളനിറഞ്ഞുനിറഞ്ഞൊരു
വെണ്ണകണക്കിന കാണാം വെളിയിൽ
പൊയ്യല്ലിവനുടെ വാക്കാറംകൊ-
ണ്ടയ്യോ! ശിവ ശിവ! പാരമസഹ്യം
ചോരം കറിയും വച്ചുകൊടുത്താൽ
നൂറുവിധത്തിൽ കുറ്റം പറയും
ആറിപ്പോയാലീരയ്ക്കും പു-
ടേറിപ്പോയാൽ നിന്നു ശപിക്കും
മാറിപ്പോയാലെല്ലുതല്ലിവനെ-
പ്പേറിക്കൊണ്ടു നടന്നേപോരൂ
ചോരം വിരവിൽ പുളിയും മുളകും
ചാരംകൊണ്ടിഹ ചെല്ലുന്നേരം
ചീറും നില്ലെടി! നിച്ചിരിയത്തീ!
ക്രൂരില്ലാത്തവിലക്ഷണമിപ്പോൾ
ചോരം കൊണ്ടു വരുന്നതുകൊള്ളാം
ചോറൊരുചാറുമിറങ്ങുകയില്ല
ദാഹിക്കുമ്പോൾ കഞ്ഞികുടിപ്പാൻ

Digitized By Kerala Sahitya Akademi

മോഹമിനിക്കതു സാധിക്കില്ല
സ്നേഹിച്ചിട്ടൊരുപെണ്ണെങ്കെങ്കിലെ
മോഹിക്കുന്നതു സാധിപ്പിച്ചു
കറിവച്ചാലതിനുപ്പും മുളകും
കണികാണ്മാനില്ലൊരു ദിനമിങ്ങിനെ
കളിയല്ലൊരുനാളുപ്പെങ്കിലുമാം
മുളകെങ്കിലുമാമെതുകുറ്റപ്പം
കയ്പുണ്യത്തിനു ശീലവതിക്കെതി-
രിപ്പൊഴതൊരു പെണ്ണുങ്ങളുമില്ല
കയ്പുള്ളതു മധുരം മധുരിച്ചതു
കണ്ടെന്നും വരുമീയവമംവെച്ചാൽ
കറവരിയായിട്ടൊരു ദിനമന്നം
കറം പറകല്ലിതു പരമ തഥ്യം
പിറേറന്നാളതു മുളപിളയങ്ങിനെ
പറയും വെള്ളവുമൊന്നായ്കാണാം
മറൊരു പെണ്ണിനെവേഗമക്കാതിവിടെ
കൊറിനു സൌഖ്യമിനിക്കില്ലിനിമേൽ
അന്തകവീട്ടിനു യാത്രയയപ്പൊരു
തന്തക്കിഴവനു വേളികഴിപ്പാൻ
എന്തൊരു മോഹം പെണ്ണുകൊടുപ്പാൻ
ബന്ധുജനങ്ങളുമൊക്കെമടിക്കും
പത്തുപണത്തിനു മുതലുണ്ടെങ്കിൽ
വൃദ്ധനുമാക്കും പെണ്ണുകിടയ്ക്കും
നാത്തൊഴിലിന്നെളുതല്ല നമുക്കൊരു
പുത്തൻപോലും നാസ്തികരത്തിൽ
പട്ടിണിതന്നെ കിടപ്പാനിന്നൊരു
വട്ടംകൂടി നമുക്കൊരുവസ്തു
കിട്ടുകയില്ല വിശക്കുന്നേരം
കിട്ടുകിലതിനൊരുരുചിതാനുമില്ല
തലമുടി പലകുറി ചിക്കിവിടത്തും
തിലകംതൊട്ടും പുടകഞൊറിഞ്ഞും
കണ്ണെഴുതിക്കണ്ണാടിയിൽ നോക്കി
ഉണ്ടും പല്ലും ചന്തം പാത്തും
എണ്ണയെടുത്തും തേച്ചു കളിച്ചും
പെണ്ണുങ്ങളുമായ് നിന്നു കളിക്കും
നമ്മുടെ ശീലവതിക്കൊരുനേരം
നമ്മളെനോക്കാനവസരമില്ലേ
രക്ഷിപ്പാനിവരം കൊള്ളരുതൊട്ടും
ലക്ഷണമില്ലാതുള്ളൊരിവരംക്കിഹ
ലക്ഷണമെന്നാൽ പഞ്ചപ്രസ്ഥം
ശിക്ഷയുമേറെ ലഭിച്ചുതശേഷം
ശിക്ഷയിൽ വച്ചിവളഷ്ടികഴിക്കും
നിത്യവുമിങ്ങിനെ ചട്ടമെനിക്കരി-
വയ്കരിച്ചു പൊരിച്ചു പുകച്ചുട-
നുച്ചയ്ക്കിത്തിരികൊണ്ടുപന്നിലയും
വച്ചതിലിട്ടേച്ചുണ്ടുതിരിക്കും
കാച്ചിയമോരും നീരുംവേണം
വഴ്ത്തുതൊരു കുട്ടാനുംവേണം
ഞാത്തെയുള്ള നമുക്കൊരു പത്ഥ്യം
ഞാതിനു മിവരംക്കിഹടുഷ്ടമിപ്പോൾ
എന്തൊരു തൊഴിലെന്നേയുമറിഞ്ഞി-
ല്ലെന്നുടെ മുമ്പിൽ വരുന്നതു കായും
പന്തം നോക്കി ഞെളിഞ്ഞു പിരിഞ്ഞുമൊ-
രന്തസ്സാരമവരംക്കില്ലേതും
എന്തിനുകൊള്ളാം കഷ്ടമെനിക്കീ
ജന്തുവിനെക്കുടിവയ്പാൻതോന്നി
താന്തോന്നിത്തം പാരം പെണ്ണിനു
താനാരെന്നൊരു ഭേദവുമില്ല
വലിയവരിത്തിരിലാളിക്കുമ്പോൾ
തലയിൽ കേറും തരുണികളല്ലവേ
തലയും മുലയും കണ്ണും കാതും
വിലയും നിറവും കണ്ടു ഭമിച്ചിഹ
വലയും നല്ലജമാനപ്പരിഷകരം
മലയാളത്തും പരദേശത്തും
വിലയറ്റൊരു ശീലത്തർവഴി
കലിയൻ ചിലവിട്ടിങ്ങുവരുത്തി
കലിതാനന്ദമവരംക്കു കൊടുക്കും
പൊളിയല്ലിങ്ങിനെ ചെയ്താലും
തെളിയിപ്പാനെളുതല്ലൊരുനാളും
ഒളിശയനക്കാരുടെ സുഖമൊന്നും
വെളിശയനക്കാക്കെത്തുകയില്ല
കളഭമഴിമാരുടെ കളവറിയാതെ
വളരെ ദ്രവ്യമവരംക്കുകൊടുക്കും
ജളനെക്കാരം ഗുണമോക്കണ്ടങ്ങളിൽ
വിളവിനു വിത്തു വിതയ്ക്കും ദോഷൻ

Digitized By Kerala Sahitya Akademi

വള്ളത്തിൽ നിന്നു വള്ളത്തിലൊരു വാഴക്കുലം
വള്ളത്തിലിരുന്നു പുണ്ടുകുലച്ചാൽ
അള്ളവേകുലയിലൊരുട്ടോപത്തോ
ഫലമുണ്ടാമതു പുഷ്ടിയുമില്ല
കള്ളവേറിടിന കാമിനിമാരെ
കള്ളും പുരുഷൻ ഘട്ടിക്കാറൻ
കള്ളപറിയാഞ്ഞാൽ കണ്ടുങ്ങളിലൊരു
വിളവില്ലാതാമെന്നറിയേണം
എന്നതുകൊണ്ടു പറഞ്ഞു നമ്മുടെ
പെണ്ണിനു നമ്മെക്കുറില്ലൊട്ടും
കണ്ണും തിരിയാ കാതും കേളാ
ദണ്ഡം പലതു നമുക്കു: വേവിച്ചു
കിണ്ണം പോലെ ശിരസ്സു മിനുത്തൊരു
ദണ്ഡും കുത്തിനടക്കും കിഴവനി
വണ്ണം നിന്നു ശകാരിച്ചെന്നാൽ
പെണ്ണുങ്ങൾക്കൊരു ക്രോധമുണ്ടാമോ?
മുഞ്ഞിച്ചുളിഞ്ഞമുലുക്കന്മാരെ
കുഞ്ഞിപ്പെണ്ണിനു കുശലുണ്ടാമോ?
പഞ്ഞികണക്കിനെ തോടിവെളുത്താൽ
പരിഷ്കാരത്തിനുകൊള്ളാംപുരുഷൻ
മക്കണ്ണികളൊടു സംസാരിപ്പാ-
നുക്കിഴവച്ചാർ ചെല്ലരുതെങ്ങും
അക്കഥയറിയാഞ്ഞല്ല പറഞ്ഞുന-
മുക്കഥസങ്കടമെന്നേ വേണ്ടൂ
ശീലവതിക്കു ചെറുപ്പമവൾക്കൊരു
ബാലപുരുഷനെയല്ലലഭിച്ചു
ശീലക്കേടുകൾ കാട്ടുന്നതുമമ
കാലക്കേടെന്നേ പറയാവൂ
ജാതകദോഷമിനിക്കിതുവന്നതു
പാതകദോഷമവൾക്കിതുവന്നതു
ഏതുമൊരുത്തനെകുറ്റം പറവാൻ
ന്തോതുമില്ലിതുതലയിലെഴുത്തു.

ഇത്ഥം പലപ്രകാരം ക്രുദ്ധൻ പറഞ്ഞീടുന്ന
വൃദ്ധൻമുനിയോടൊരുത്തരം പറകയില്ല
ചിത്തേവിനയത്തോടെമത്തഭഗാമിനിതൻ
ഭർത്താവേ ശുശ്രൂഷിച്ചുപാർത്താൾകനിവിനോടേ
മുറ്റുമെൻഭർത്താവിൻറെ കുറ്റമല്ലിവനയാസം
പെറ്റമ്മയാകുന്നതും ക്രൂരകാരാകുന്നതും
മറ്റാരുമല്ലെനിക്കെൻഭർത്താവുതന്നെ സത്യം
ഉള്ളം തന്നിലെനിക്കുകള്ളംതരിമ്പുമില്ല
ഉള്ളന്നീനാഥൻ തിരുവുള്ളം പ്രകാശിപ്പിപ്പാൻ
ഉള്ളപ്രയത്നത്തിന്നെള്ളോളമുപേക്ഷയില്ല
ഉള്ളിലഹങ്കാരവും ദ്വേഷം നമുക്കില്ലേതും
വേഗമെൻഭർത്താവിൻറെ രോഗം ശമിപ്പാനുള്ള
യോഗം വരുമോദൈവയോഗമാക്കറിയാവൂ?
നല്ലകഷായങ്ങളും നല്ലമുക്കുടികളും
എല്ലാം കൊടുക്കുന്ന ഞാനെല്ലാനേരവുമിപ്പോൾ
തെല്ലുംവിശേഷംകാൺമാനില്ല ചോറൊരുപറ്റം
ചെല്ലുന്നതില്ലരോഗം വെല്ലുന്നൌഷധജാലം
തെല്ലും നമുക്കു കഴിവില്ലെന്നു വന്നു കാന്ത-
നല്ലും പകലും കഴിവില്ലാതെ വലയുന്നു
നില്ലാതെ വിഷമങ്ങളും വല്ലാതെ വന്നനമു-
ക്കെല്ലാമോർത്താലാരോടു ചൊല്ലുന്നുഞാനിക്ലേശം
ഇരുങ്ങളിൽ നടന്നു നെല്ലുമരിയും തെണ്ടി
ചൊല്ലുന്നപോലെ കുത്തിക്കുല്ലുകളഞ്ഞുവച്ചു
നല്ലചോറും കറിയുമെല്ലാമുണ്ടാക്കിക്കൊണ്ടു
ചെല്ലുന്നനേരമങ്ങു തെല്ലും രുചിയുമില്ല
കൊല്ലുന്നതിനെക്കാളും ശല്യമായിട്ടുള്ളോരു
കൊള്ളിവാക്കല്ലാതൊന്നും ചൊല്ലുകയില്ലദ്ദേഹം
എട്ടത്തെന്നാലതും കുറ്റം എടുക്കാഞ്ഞാലതും-
കുറ്റം
കൊടുത്തെന്നാലതുംകുറ്റം കൊടുക്കാഞ്ഞാലതും
കുറ്റം
അടുത്തെന്നാലതും കുറ്റം അടുക്കാഞ്ഞാലതും
കുറ്റം
കളിച്ചെങ്കിലതുംകുറ്റംകളിക്കാഞ്ഞാലതുംകുറ്റം
പറഞ്ഞെങ്കിലതുംകുറ്റംപറയാഞ്ഞാലതും കുറ്റം
എരിച്ചെങ്കിലതും കുറ്റം എരിക്കാഞ്ഞാലതും-
കുറ്റം

കുറവല്ലാതെ നമുക്കൊരുവസ്തു
പറവാനില്ല ജനിച്ചുപ്പിന്നെ
മരിമായങ്ങളുമവിനയവും ഞാൻ
അറിയുന്നവളല്ല ഛൂത കൃഷ്ണ!
പിറവീലുള്ളൊരു ജാതകദോഷം
കുറയല്ലതുകൊണ്ടിങ്ങിനെനമ്മെ-
ക്കുറവുപറഞ്ഞു നശിപ്പിക്കുന്ന
കുറവറിടിനമുനികുലനാഥൻ.



Digitized By Kerala Sahitya Akademi

പദ്യം.

പത്മനാഭ! വാസുദേവ! പരമബന്ധോ!ദേവ
പത്മപുത്രീജീവനാഥ! പാഹിമാം കൃഷ്ണ! (ദേവ!
അച്യുതാനന്ത! ഗോവിന്ദ! സച്ചിദാനന്ദ! ഗോപാല
നിശ്ശേഷാന്തരവോനിന്നെകൈതൊഴുന്നോൻ ഞാൻ
വേഗമെൻ ഭർത്താവിന്റെ രോഗശാന്തിവന്നീടുവാൻ
യോഗമാവേശിച്ചിടേണം യോഗമായേശ!
ദൈവമാകുന്നതും ലോകേദേഹമാകുന്നതുംനാഥ
ജീവനാകുന്നതുമെന്റെ ജീവനാഥൻതാൻ
ആധികൊണ്ടുഴന്നിടുന്ന വ്യാധികൊണ്ടുമെന്റെ നാഥൻ
വ്യാധിതങ്ങളെല്ലാം നീക്കിക്കാത്തരുളേണം
ജന്മജന്മങ്ങളിൽ ചെയ്യും കല്മഷങ്ങളെല്ലാം കൂടി
ജന്മികർമ്മരോഗമായി സംഭവിക്കുന്ന
കർമ്മപാശംകൊണ്ടു കെട്ടിക്കളിപ്പിക്കുന്നമർത്ത്യന്മാരേ
നിർമ്മലാകാര! നീയല്ലോ നിഖിലലോകേശ!
വെന്തിടുന്നു; സംസാരാംബുരാശിതന്നിലെല്ലാരെയും
നീന്തിക്കുന്ന നീതാനല്ലോ നീലക്കാർവർണ്ണ!
വാസുദേവ! നീതാനെന്റെ പാതിവ്രത്യത്തിന്റെ ഭംഗം
വന്നിടാതെ പാലിക്കേണം വാഴിച്ചീടുന്നോൻ
ഇന്ദിരാവല്ലഭ! നാഥ! ഇന്ദുബിംബാനനാശൌരേ!
ഇന്നുമെന്നും നിൻ കാരുണ്യമിങ്ങൊരാധാരം!

ശീലമഹാഗുണശാലിനിയാകിയ
ശീലവതീ പുനരിങ്ങിനെമനസാ
ധ്യാനം ചെയ്തുവസിക്കുംകാലം
ജ്ഞാനം പെരുകിനമുനികുലവരനുടെ
ദിനംകിമപിശമിച്ചുതുടങ്ങി
മൂലാമുഹരകരുണാമൂലം
ഉഗ്രതപസ്സിനകിമപിഭുജിപ്പാൻ
ആഗ്രഹമുണ്ടെന്നുള്ളതു കേട്ടഥ
സഗ്രഹമകിമഹീസുരരെല്ലാം
സൽകൃതിപൂർവ്വം വന്നക്ഷന്നിച്ചു
നമ്മുടെ ഇല്ലത്തിനു പുനരാഗം
ഉമ്മാനവിടെവരേണംമാമുനി
സമ്മാനിപ്പാൻ മാത്രമതില്ലൊരു
സംഗതിമാത്രമതെന്നേയുള്ളു
എന്നൊരു വിപ്രൻ വന്നു ക്ഷണിച്ചു
നന്നായ്ചെല്ലുമെന്നുഗ്രതപസ്സും
എന്നാലെന്നെയെടുത്തും കൊണ്ടുടനെന്നുടെ ഭാര്യയുമങ്ങുവരുന്നു
പോയാലും താനെന്നു മുനീശ്വരനായാളെ ദൃതമങ്ങഥവിട്ടു
ആയതമിഴിമണിയാകിയതന്നുടെ
ജായയെ വിരവിൽ വിളിച്ചുവരുത്തി
അവടെ കഴുത്തേലേറിയിരുന്നാനവികലമുഗ്രതപോമുനിവര്യൻ
അവയവമൊന്നു മനങ്ങാതെകണ്ടവളുംകൊണ്ടു തിരിച്ചു പതുക്കെ
ചൊല്ലിയസരസബ്രാഹ്മണവരനുടെയില്ലംപുക്കഥ പടിമേൽതന്നുടെ
വല്ലഭമുനിയെയിറക്കിവണങ്ങി
പല്ലവമൃദുനിജപാണികമം കൊണ്ടവർ
മെല്ലെപ്പതിയുടെ കാലുതലോടി-
ക്കല്യതയോടഥതേച്ചുകളിപ്പി-
ച്ചുല്ലൽവരാതൊരു ദിക്കിലിരുത്തി
നല്ലൊരു ചാരും നെയ്യും തെരുമി-
തെല്ലാമങ്ങുഭുജിപ്പിച്ചുടനേ
വല്ലഭനുടെ ഭോജനശേഷംകൊ-
ണ്ടല്പസദമൃത സമംനിജഭോജനം
എല്ലാമാത്തുകഴിച്ചുകഴുത്തൽ
വല്ലഭനേയുമെടുത്തുകരോടി
കല്യാണീമണിവിരവൊടുതെരുവിൽ
ചെല്ലുന്നേരം പെരുവഴിമദ്ധ്യേ
വെള്ളമൊലിച്ചു വരുന്നതുകണ്ടു
കൊള്ളരുതിവഴി തെല്ലുവലത്തു
വളച്ചുഗമിച്ചേ ഗുണമാവുള്ളു
നിശ്ചയദേവമുറച്ചു തിരിച്ചുവ-
ളിച്ചുനടന്നുടനാശ്രമവും പ്രാപിച്ചു സുഖിച്ചു വസിച്ചുതദാനീം
മോദിച്ചാനഥ പിറ്റെന്നാൾ മുനി
മോദിച്ചുൻപൊടു പറകസുശീലേ
പോയിച്ചെന്നെയെടുത്തൊരുതെരുവിൻ
പാതിവഴിക്കിഹ ചെല്ലുന്നേരം

Digitized By Kerala Sahitya Akademi

എന്തിനുവഴിവിട്ടൊരു കന്തപ്പാ-
ടകലെ വള്ളു ഗമിച്ചിതുനീയും
ബന്ധമതെന്തതു കേൾക്കാൻ കൌതുക-
മുണ്ടു നമുക്കതു ചൊല്ലീടുകനീ.
എന്നതിനുത്തരമവളുരചെയ്താൾ.
ഉന്നതമാകിന മണിഗൃഹമവിടെ
സന്നിധിതന്നിൽ കണ്ടതു വേശ്യാ
മന്ദിരമെന്നു ധരിക്കമുനീന്ദ്രാ!
"മണിമാണിക്ക"-മതിങ്ങനെനല്ലൊരു
ഗണികാരത്നവുമുണ്ടവിടത്തിൽ
കണവന്മാരൊരു മുപ്പതു നാല്പതു
ഗുണവാന്മാരുണ്ടവടെ സമീപേ
കിണറും കുളവും തെങ്ങും കമുങ്ങും
മണമിയലും പല പൂമലർ വാടികയും
തണലും മണലും നല്ല പ്രദേശം
പണമുണ്ടെന്നാലെന്തരുതാത്തു
മണിമാണിക്കപ്പെണ്ണിനുപാത്താൽ
പണവും ഗുണവും ഭേദമതില്ല
പണിചെയ്യുന്ന ജനത്തിനു നെല്ലും:
പണവും വരിക്കോരിവിതയ്ക്കും
അൻപതു രാശിയെടുത്തുകൊടുത്താ-
ലവളെക്കാണ്മോൻ സംഗതിക്രൂടാ
അവളെയൊരിക്കൽ പുണരണമെങ്കിൽ
ഭവനമവൾക്കു ദകം ചെയ്യേണം
വൻപനതാകിന വൈശ്രവണൻ താൻ
ഒൻപതു നിധിയുമെടുത്തു കൊടുത്താൽ
ഒൻപതുദിവസം കളൂർമുലപുണരാൻ
ഒരുകഴിവരികിലതവനുടെ ഭാഗ്യം!
പണമുള്ളവനും ഗുണമുള്ളവനും
ഗണികാഭവനം പുക്കുവസിച്ചാൽ
പണമുള്ളവനെയകത്തുകരേറും
ഗുണമുള്ളവനെത്തള്ളിയയയ്ക്കും
ധനികന്മാർ പരദേശവളുടെ വീട്ടിൽ
പനിയുംകൊണ്ടു കുടുന്ന വിറച്ചിഹ
പുറമുറത്തു കിടക്കുന്നുണ്ടവൾ
കനിവും പാത്തിഹ പത്തും ന്യൂനം
മണിമാണിക്കപ്പെൺകൊടിയാളുടെ
മണവാളനാക്കിടില്ലൊരു നാണം
കണികാണ്മാനില്ലവടെ വിഴുപ്പും
തുണിയുമെടുപ്പാനവർ വേണം ചോൽ
അങ്ങനെയുള്ളൊരു വേശ്യകുളിപ്പാ-
നങ്ങുടനുടനേരം വൃഷലികൾ
വെള്ളമനത്തിച്ചെമ്പുനിറച്ചതി-
നുള്ളിൽ കുങ്കുമകസ്തൂരിപ്പൊടി
ഇട്ടുകലക്കൊരു പരിമളശബളം
കളമൊഴിമണിയുടെ മെയ്യിലൊഴിച്ചഥ
കുളർമുലയിണയും കയ്യുംകാലും
തെളിവൊടു തേച്ചു കുളിപ്പിക്കുന്നൊരു
കലശലുനിച്ചലുമിങ്ങനെതന്നെ
പെരുകിനവെള്ളമതൊഴുകിപ്പരിചൊടു
പെരുവഴി തന്നിൽ നിറഞ്ഞീടുന്ന
പെരുവഴിപോക്കർ ചവിട്ടിനടന്നതു
പെരുകിപ്പലവഴിവന്നു പരന്നു.
അശുചിയതാകിയ വെള്ളംതൊട്ടാൽ
ആശുകുളിച്ചാലും മതിയല്ല
പുണ്യാഹം ചെയ്തീടുകയോഗ്യം
പുണ്യക്ഷയമതു തൊട്ടജനാനാം
എന്നതു-മൂലം ഞാനതു കണ്ടുട-
നന്യപഥേനവളച്ചിറപോന്നു
എന്നുടെ സുകൃതവുമങ്ങു സുകൃതവു-
മിന്നു നശിക്കും ജലമതുതൊട്ടാൽ
ഈശ്വരകൃപയാലതു ക്രൂടാതെ
വാഴ്വതുമൊരുവഴിപോന്നിഹപറ്റി
വേശ്യാജനസമ്പർക്കമതുള്ളവർ
ശാശ്വതദുഷ്കൃതഭാജനമല്ലോ!
നല്ലാരിൽമണിയുടെ സല്ലാപം കേട്ടമുനി
വല്ലാതെ കാമബാണശല്യം മനസ്സിലോറ
മല്ലാക്ഷിഗണികതന്റെ ഉല്ലാസമോർത്തു നിദ്ര
യില്ലാതെ ജനികളിൽ തെല്ലുംതെളിവുമില്ല
ഉഗ്രതപസ്സിനുടെ വ്യഗ്രതകണ്ടുപാരം
ഖേദിച്ചു ശീലവതീ ചോദിച്ചുതേ്താറവോടെ
ഇന്നെന്റെഭർത്താവിനു സന്താപമാകുന്നിപ്പോൾ
ചിന്താവിഷാദങ്ങൾക്കുമെന്താനു മൂലം നാഥാ
എന്നോടരുൾ ചെയ്യേണമേതും മടിക്കവേണ്ടാ
എന്നാലൊഴിക്കാമെങ്കിലെല്ലാമൊഴിക്കുന്നുണ്ടു

Digitized By Kerala Sahitya Akademi

ക്ഷണമില്ലാതായിപ്പുരംമെല്ലിഞ്ഞുദേഹം
ലക്ഷണം കണ്ടാൽ കാമസന്താപമെന്നേ വേണ്ടൂ
സംഗതിയില്ലതിനുമെങ്ങും നിനച്ചാൽസവ്-
സംഗനിവൃത്തിവന്നദേഹമല്ലോ വോനും
കഷ്ടംപിടിച്ചുദേഹമൊട്ടും വിധേയമല്ല
കഷ്ടംവയസ്സു പിന്നെയൊട്ടുവളരുമെന്നു
എട്ടുദിനത്തിനുള്ളിൽ ചട്ടംപകർന്നുപോയി
പെട്ടെന്നുദീനമെല്ലാമൊട്ടുശമിച്ചിരുന്നു
ഇഷ്ടമെന്തെന്നാലതുമൊട്ടും മറയ്ക്കവേണ്ടാ
പുഷ്ടിവരുത്താമെങ്കിലാശ്രവരുത്തുന്നുണ്ട്
പത്നീവചനമതുകേട്ടുമുനീന്ദ്രൻതാനും
പാരാതെകണ്ടുതന്റെ മാരാർത്തിയറിയിച്ചു.

ശീലഗുണോദയശീലനശാലിനി
ശീലവതീ! ശൃണു വചനമിദംമേ
ബാലജനങ്ങടെക്രൂരനമുക്കൊരു:
മാലകതാരിലിയന്നീടുന്നു
ആലസ്യങ്ങളുമരുചിയുമരതിയു-
മാലോലതാമധീരതയുംമേ
ശീലവിഭേഗവുമെന്നിവ ശിവ ശിവ!
നീലസരോരുഹനയനേ ബാലേ!
അനുചിതമാകുമൊരഭിലാഷംമമ
മനതളിരകമേവന്നിടുകുടി
മനസിജസായകപാവകശിഖയാ
ലനവരതംമമഹൃദയമിദാനീം
വെന്തുരുകുന്നിതു ബന്ധുവദനേ'
ബന്ധുതനീമമചെയ്തീടേണം
അന്ധതമസ്സിലകപ്പെട്ടഴലും
ബന്ധുജനത്തെപ്പരിപൊട്ടനല്ലൊരു
പന്തമെടുപ്പുപിടിപ്പുപ്രകാശ
പ്പുന്നാരോടിടകുട്ടിക്കാട്ടി
ചിന്തിതദേശംപ്രാപിപ്പിപ്പതി-
നന്തരമില്ലാത്തവർബന്ധുക്കൾ
നിന്നൊടുപറയുന്നതാരൊരുഗോഷ്ഠികൾ
നിന്നൊടുതന്നേപാടുകയുള്ളൂ
പിന്നെനമുക്കിഹമറ്റൊരുഗതിയി-
ല്ലെന്നുധരിക്കുന്നിതുനീയും
ഒരുദിനമെന്നെയെടുത്തുകാണൊരു
പെരുവഴിതന്നിൽ പെല്ലുന്നേരം
നിരുപമമാകിനവേശ്യാഭവനം
പരിപൊടുനീമമകാട്ടിത്തന്നതു
നിരുപമമായിനമുക്കവിടത്തിൽ
സരസംമേവിനഗണികാമണിയുടെ
കരികുംഭോകൃതികളുർമുലയുഗളം
ഒരുകുറിപുണരാൻസംഗതിവരുമോ
കരളിലിനിക്കതിമോഹം ബാലേ!
അവളുടെ തലയും മുലയും മുഖവും
കവളിണചേരും കണ്ണാരേണവും
അവയവഭംഗിയുമധരമൃദുത്വവു-
മവയവപലതും ചിലവകപിന്നെയും
അവികലമോർത്തും നെടുവീർപ്പിട്ടും
ഭവിഷ്യതവീണമുരുണ്ടും ദിശിദിശി
രവിരുചിസമമാംചന്ദ്രപ്രഭയാൽ
അവശതചൂണ്ടുവിയർത്തുശരീരം
നയനജലങ്ങൾപൊഴിഞ്ഞുമഴിഞ്ഞും
ശയനാശനനിദ്രാദികൾവെടിഞ്ഞും
നിയമത്തിനുഭംഗമിയന്നും
നിയതിബലേനവലഞ്ഞിതുഞാനും
മണിമാണിക്യപ്പൊൻകൊടിയാളുടെ
മണിമാളികമേലെന്നെക്കൊണ്ടു
അണിമതിമുഖിയുടെമുന്നിൽചെല്ലുക
പണിപെട്ടെങ്കിലുമിന്നുനിശായാം
വാഴ്ത്തുകണക്കിലുമെന്നെക്കൊണ്ടാ-
വേശ്യാസംഗമപരമാനന്ദം
സാധിപ്പിക്കുനിനക്കതുകൊണ്ടു
സാധുഗുണങ്ങൾ, ഭവിക്കുംമേലിൽ
ഭർത്താവെന്തുപറഞ്ഞെന്നാലതു
ഭോഷ്കുജനമുടനേകേൾക്കേണം
ഗുണദോഷങ്ങളും വിചാരിക്കേണ്ടാ
ഗുരുജനമൊന്നുനിയോഗിക്കുമ്പോൾ
മരണമടുത്തുകിടക്കുംകിഴവനു
തരുണന്മാരെപ്പോലേബാല-
ത്തരുണികളോടുരമിപ്പാൻമോഹം
തരമില്ലിങ്ങനെവിസ്മൃതിയെന്നും
വരുമ്പിവണ്ണമൊരാശുതുടർന്നാൽ
പരിഹാസത്തിനുനല്ലൊരുമാർഗ്ഗം
ഭരുപതിലാരാൻചുരികപയറവു
തുടങ്ങാറുണ്ടേ ശിവശിവ കഷ്ടം!

Digitized By Kerala Sahitya Akademi

ഇങ്ങിനെയുള്ളവിചാരം ഗുണമ-
ല്ലെങ്ങിനെ ഭർത്താവിന്റെ നിയോഗം
അങ്ങിനെചെയ്കപതിവ്രതമാരാ-
മംഗനമാക്കുമവാകിനധർമ്മം
ഇഹലോകസുഖം പരലോകസുഖം
ഗൃഹിണിനിനക്കുലഭിക്കണമെങ്കിൽ
ഗൃഹമേധിയതാമെന്നൊഗ്ഗുണികം-
ഗൃഹമതിലാക്കുകസന്ധ്യകഴിഞ്ഞാൽ
ഇത്തരമുള്ളൊരുത്തൻഗിരംകേ-
ട്ടുത്തമതാപസിചിന്തതുടങ്ങി
വൃദ്ധനതാകിനഭർത്താവിന്റെ
ബുദ്ധിമറിഞ്ഞതുപാരം കഷ്ടം!
നിശ്ചലലീലമഹാബ്രാഹ്മണരേ
പുംശ്ചലിവീട്ടിൽകയ്യാളിപ്പാൻ
ഇജ്ജനമെങ്ങിനെകയ്യേൽക്കേണ്ടു
സജ്ജനമെന്തുപറഞ്ഞാലും ശിവ
ദുർജ്ജനമെന്നതുപോലെനമുക്കതി
ദുഷ്ണമയ് വരുമിങ്ങിനെചെയ്താൽ
എങ്കിലതിങ്ങനെചെയ്തീടാഞ്ഞാൽ
ലംഘിതമാമഥഭർത്തൃനിയോഗം
സംഘടിതംബഹുപാതകമതിനാൽ
സങ്കടമെന്നേപറവാനുള്ള
കുചരിതകാംക്ഷനിവൃത്തിവരുത്തുവ
ചിതമിതെന്നുപറഞ്ഞൊരുപാരു
അതിനാരുദ്യോഗംവന്നില്ലെങ്കിൽ
പതിയുടെകല്പനകേൾക്കാംപിന്നെ
സുന്ദരിയിങ്ങനെചിന്തിച്ചുടനേ
വന്ദനചെയ്തുപറഞ്ഞുതുടങ്ങി
നിന്ദിതമാകിയവൃഷലീസംഗമ-
മെന്നതുപരം ദുഷ്ണമയ്യോ!
അന്തേവാസികൾഗ്ഗുരുവരനെയും
കാന്താജനമഥഭർത്താവിനെയും
ശാന്തിവരുത്താൻശാസിക്കുന്നതു
ശാസ്ത്രവിരുദ്ധം വേദവിരുദ്ധം
ശ്രുതിയും സ്മൃതികളുമാഗമവിധികളും
ഇതിഹാസങ്ങൾ പുരാണാദികളും
മതിയിലശേഷംധാരണയുള്ളൊരു
മതിമാനല്ലോ നിന്തിരുവടിതാൻ
ധർമ്മാധർമ്മമറിഞ്ഞുവസിക്കും
ധാർമ്മികവരനാം നിന്തിരുവടിയുമ-
ധർമ്മത്തിനുപുറപ്പെട്ടാലീ
ദുർമ്മതികൾക്കിനിനല്ലൊരുസൌഖ്യം
വൻപൻമാരൊരുപെരുവഴിയിട്ടാൽ
പിൻപിൽവരുന്നവരതിലിടക്കുടും
കൊമ്പൻപോയതുമോഴയ്ക്കുംവഴി
കോലാഹലമിനിവേണ്ടതുകാട്ടും
ആശാനക്ഷരമൊന്നുപിഴച്ചാൽ
അമ്പത്തൊന്നുപിഴയ്ക്കുംശിഷ്യനു
കളരിക്കാരനുചാടുപിഴച്ചാൽ
കാണികളൊക്കെപ്പുഴുതിൽചാടും
ഓതിക്കോനൊരുമന്ത്രമിളച്ചാൽ
ഒരുപന്തിക്കാരൊക്കെയിളയ്ക്കും
എംപ്രാനപ്പംകട്ടുളുജിച്ചാൽ
അമ്പലവാസികളൊക്കെക്കക്കും
പടനായകനൊരുപടയിൽതോറ്റാൽ
ഭടജനമെല്ലാമോടിയൊളിക്കും
അമരക്കാരനുതലതെറുമ്പോൾ
അണിയക്കാരുടെ തണ്ടുകൾതെറ്റും
കായ്ക്കാരൻ കളപുതുടമ്പാർ
കരമേലുള്ളവർകട്ടുമുടിക്കും
താളക്കാരനുമാത്രപിഴച്ചാൽ
തകിലറയുന്നവനവതാളത്തിൽ
കാമം ക്രോധം ലോഭം മോഹം
പ്രേമം പ്രഖണം രാഗം ദ്വേഷം
മാമുനികുലവരകിനനിങ്ങടെ
മനസതാരിലിതൊന്നും നന്നിനനീ
ആചാരത്തിൽമികച്ചൊരുസാധന-
മാചാര്യന്മാർപറയുന്നല്ലോ
നീചന്മാരുടെസംഗത്തക്കാകം
നിന്ദിതമായിട്ടില്ലൊരുവസ്തു
പലഗുണമുള്ളൊരുവേശ്യാസ്ത്രീകൾ-
വക്ത്രാംബുജവും രങ്കന്മാരുടെ
വസ്ത്രമലക്കാനുള്ളൊരുകല്ലും
വളരെബ്ഭേദമതില്ലമുനീന്ദ്ര
നരപതിമാരുടെനന്മപെരുത്തൊരു
തിരുവുടയാടകളേറുമതിന്മേൽ

Digitized By Kerala Sahitya Akademi

നായന്മാരുടെകൈക്കോണകവും
നാർപ്പട്ടംപുനരേറുമതിന്മേൽ
പട്ടന്മാരുടെനാറിക്കീറിയ
രട്ടംസോമനുമേറുമതിന്മേൽ
നംപൂരാരുടെമുണ്ടും തോര-
ക്കോണകവുംപുനരേറുമതിന്മേൽ
അച്ചികളുടയചവുണ്ടുകറുത്തൊരു
കച്ചുണികളുമേറുമതിന്മേൽ
എംപ്രാരുടെപുകനാറിപ്പുടവ-
ക്കൊപീനങ്ങളുമേറുമതിന്മേൽ
നല്ലതുമാകാത്തതുമേറുമ്പോൾ
കല്ലിനുമാവവിശേഷമതുണ്ടോ!
എന്നകണക്കിനുവേശ്യാമുഖമതു
മെന്നുധരിക്കണമെല്ലാജനവും
ഒരുപുരുഷൻമുംബേചൂതിരിച്ചാൽ
വരുമന്നേരം മറൊരുപുരുഷൻ
അവനുമതിന്മേൽത്തന്നെപ്രയോഗം
അവയവമതുതന്നെല്ലാവക്കും
ഊറക്കാരനൊരുത്തനൊരുന്നാൾ
പിറേന്നാളൊരുവാല്യക്കാരൻ
വിപ്രൻവന്നുശയിക്കുമൊരുന്നാൾ
വൃഷലൻവന്നുശയിക്കുമൊരുന്നാൾ
വിപ്രന്മാരും വൃഷലന്മാരും
വൃദ്ധന്മാരും വികലന്മാരും
ബൌദ്ധന്മാരും ബാലന്മാരു-
മൊരുത്തരുമില്ലൊരു ഭേദമവർക്ക
മുടിയനതാമൊരുപുരുഷൻതന്നുടെ
മടിയിൽകാലിണകേറും മറൊരു
തടിയൻതന്നുടെമടിയിൽതന്നുടെ
മുടിയുംവച്ചുകിടക്കുംവേശ്യാ
മടിയില്ലൊന്നിനുമന്തണരുംകരും
കുടിയന്മാരുമവർക്കൊരുപോലെ
തടമുലയിണയും പല്ലും ചൊടിയും
തടിയുടെവടിവും തലമുടിയുടയും
കുടിലകടാക്ഷവുമോർത്തുനരന്മാർ
ഉടലുമെലിഞ്ഞും നെടുവീർപ്പിട്ടും
വിടുധൂളിക്കുവിടന്മാരായവർ
കടവുംകൊണ്ടുകഴുത്തിലകത്തില

കടകുമോതിരമെന്നിവകോപ്പുകൾ
ഉടനേതീർത്തുകൊടുത്തുപുറത്തേ
പ്പടിമേൽകൊയ്കുകടിച്ചുകിടക്കും
വിടുദോഷന്മാരെത്രതരത്തിൽ
ശുദ്ധമിതെന്നുമശുദ്ധമിതെന്നും
കൃത്യമിതെന്നുമകൃത്യമിതെന്നും
സത്യമിതെന്നുമസത്യമിതെന്നും
യുക്തമിതെന്നുമയുക്തമിതെന്നും
നിത്യമിതെന്നുമനിത്യമിതെന്നും
ബദ്ധമിതെന്നുമബദ്ധമിതെന്നും
ഒരുവകനിനവില്ലാത്തൊരുവേശ്യകൾ
മരുവുംദിക്കുകളൊക്കെയശുദ്ധം
ദുരിതസമൂഹമശേഷമെടുത്തിഹ
തരുണീരൂപംതീർത്തുവിരിഞ്ചൻ
തരുണന്മാരെദുരിതക്കുഴിയിൽ
തരസാതള്ളിമറിപ്പാനുള്ളൊരു
പെരുവഴിയായിതു തരുണീരൂപം
അരുവയർമീതേ രോമാവലിയെ-
ന്നൊരുതണലുള്ള നടക്കാവിടയിൽ
സരസമതാകിനനാഭീക്രൂപം
മലരണ്ടുണ്ടുവഴിക്കിരുപുറവും
മുലയെന്നുള്ളൊരു പേരുമതിന്നു
മുഞ്ഞിയതാകിനൊരമ്പലമവിടെ
കഞ്ഞിയുമുണ്ടധരാമൃതസംജ്ഞം
നാസികയാകിന ചിറമേൽക്രൂടെ
നയനമതാകിനതോടുകടന്നു
തലമുടിയാകിനകാട്ടിൽപൂക്കാ-
നലസതതീന്നു തണുപ്പിലിരിക്കാൻ
അക്കാടങ്ങു കടന്നാൽ കാണാം
അക്കാത്തമ്മനുടെ വീടുമടുക്കൽ
അങ്ങിനെയുള്ളൊരു പെരുവഴിപോവാൻ
സംഗതിവരുവാനാഗ്രഹമെങ്കിൽ
എങ്ങിനെ ഞാനിതു നിൻതീടേണ്ടു
നിങ്ങടെ നീതി നമുക്കറിയാരാമോ
കുലഗുണമുള്ളൊരു വിപ്രന്മാക്കു
കുലടാസംഗമമൊരുകുറിചെയ്താൽ
കുലനാശം ധനനാശം യൌവന
ബലനാശം ഗുണനാശം സന്തതി

Digitized By Kerala Sahitya Akademi

ബലനാശം പലനാശം വരുമിവ
തപസ്സിനും യശസ്സിനും തന്നുടെ
വപുസ്സിനും വയസ്സിനും ഹാനികരം
പരസ്ത്രീയെ പരിഗ്രാഹിച്ചീടിന
ഗൃഹസ്ഥനങ്ങനത്ഥമെന്നുള്ളതു്
നിവൃത്തിയില്ലൊരുത്തി രുന്നെന്നതു്
മനസ്സിലോത്തനക്കമില്ലാതിഹ
തപസ്സുചെയ്കിരിക്കനീ മുനിവര!
മൂത്രമലാദിധരിപ്പാനുള്ളൊരു
പാത്രമതാകിന വേശ്യാസ്ത്രീകടെ
ഗാത്രംകണ്ടു കൊതിപ്പാനേതൊരു
ശാസ്ത്രംകൊണ്ടു സമർത്ഥിക്കുന്നു?
മണ്ണകംകൊണ്ടൊരു പിണ്ഡമുരുട്ടി
ക്കണ്ണും മൂക്കും വായും ചെവിയു-
മിവണ്ണം ചിലതുളയങ്ങുയുമച്ചതു
പെണ്ണെന്നങ്ങിനെ പേരുമതാക്കി
പൊണ്ണന്മാരുടെ ചിത്തമിളക്കാൻ
അണ്ഡജവാഹനഭഗവാൻ പല പല
ഖണ്ഡമതാക്കിത്തീർത്തിഹവിട്ടതു
പണ്ഡിതരാകിയ നിങ്ങടെ ചേതസി
നന്നെന്നുള്ളൊരു വ്യാമോഹത്തെ
ത്തോന്നിക്കുന്നതു വിസ്മയമോർത്താൽ
എന്നല്ലവരുടെ ധൂളിതുലങ്ങളി-
ലൊന്ന നിനച്ചു വിരക്തിവരുത്താൻ
കുലഗുണമുള്ളൊരു വിപ്രന്മാക്കിഹ
കുലടാസംഗമമൊരു കുറിചെയ്താൽ
പലജന്മങ്ങളിലുള്ളൊരു സുചരിത
ഫലസമ്പത്തു നശിക്കുമശേഷം
നാലും മൂന്നും ജന്മം മുഴുവൻ
നരകാനുഭവം വേണ്ടിവരും നിജ-
നാരിയെയങ്ങു വെടിഞ്ഞു പരസ്ത്രീ-
മാരിൽ രമിക്കും വിപ്രന്മാക്കു്
എന്നതു കൊണ്ടിദുർവ്യവസായം
നന്നല്ലെന്നു നമുക്കിഹ തോന്നി
എന്നുടെ ഭർത്താവോടിതിലപ്പു-
മൊന്നുമിനിക്കിഹ പറവാനില്ലാ
അരുളിച്ചെയ്താനുഗ്രതപോമുനി
പരമാർത്ഥം നീചൊന്നതശേഷം

പരനാരീജനസംഗം ചെയ്താൽ
ദുരിതം പെരുതുഗൃഹസ്ഥനനുനം
അറിയാഞ്ഞല്ല പറഞ്ഞിതു ഞാനും
മറിമാൻകണ്ണിധരിച്ചീടേണം
പറയാമെങ്കിൽ മനുഷ്യജനങ്ങടം
ക്കറുപതുമറുപതുമായുസ്സുള്ളു!
ആയതിലറുപതുറക്കംകൊണ്ടും
പോയാലറുപതു പിന്നെശ്ശിഷ്ടം
വൃദ്ധതകൊണ്ടും ബാലതകൊണ്ടുമൊ-
രൽപംകുറവറുപതിലുംകാണാം
മുപ്പതുവർഷം മുഴുവൻകിട്ടു-
മതിൽപ്പുനരൊട്ടം പോവതുമില്ലാ
അപ്പോൾവേണം സുകൃതസമാഹ്വന-
തല്പരമാകിനകർമ്മം ചെയ്വാൻ
അക്കാലങ്ങളിലംഗനമാരുടെ
പൊൽക്കീഴായി വിഴപ്പും കെട്ടത-
ലയ്ക്കും വച്ചുകിടക്കയുമവരുടെ
മക്കളെയെളിയിലെടുത്തു നടക്കയും
ഇക്കഥകൊണ്ടു പിരിഞ്ഞെനാകിൽ
പാക്കമവക്കൊരുസൽഗതിമാർഗ്ഗം
ദുഃഖമതാം ദുരിതാംബുധിതന്നുടെ
യക്കരപറ്റാൻ കൂടുകയില്ല
അപ്പുരമാർത്ഥമെനിക്കുണ്ടെങ്കിലു-
മിപ്പോൾ നമുക്കൊരുമോഹംതോന്നിയ
തിപ്പോൾ തന്നതു സാധിക്കാതെയൊ-
ഴിപ്പാൻ മാത്രം ക്ഷമയില്ലുള്ളിൽ
കായത്തിന്നൊരു ദോഷംവന്നാൽ
പ്രായശ്ചിത്തം കൊണ്ടതു നീക്കാം
ആയതുമെല്ലതല്ലെന്നാലെന്തിനു-
പ്രായശ്ചിത്തസ്മൃതിയുണ്ടാക്കി
ആയിരമക്ഷികളുള്ളമഘോന്ദ്രനു
മായതമിഴിയാളാകുമഹല്യയെ
മായംകൊണ്ടു ഭജിച്ചു രസിച്ചൊരു-
പായംവളരെ വരാതെരമിച്ചു
മിത്രാവരുണന്മാരുർവ്വശിയെ
കുത്രചിൽനിന്നു പുണർന്നു നിഗൂഢം
ആയവരെല്ലാമുടനേതന്നെ
പ്രായശ്ചിത്തംചെയ്തതെളിഞ്ഞു

Digitized By Kerala Sahitya Akademi

ആയതുപോലെ നമുക്കും പിന്നെ
പ്രായശ്ചിത്തം ചെയ്യാമുടനെ
ചലമിഴിയാളേ! മാന്ത്രായണവിധി
നലമൊടു ചെയ്തു വിശ്രുതിവരുത്തണം
നമ്രമൊടുനമ്മെയെടുത്തു കഴുത്തിൽ
കലിതാനന്ദമിരുത്തിക്കൊണ്ടു
ആരുംഗ്രഹിയാതന്തികഴിഞ്ഞാൽ
വാരസ്ത്രീമണിവേനംതന്നിൽ
കൊണ്ടിഹചെന്നെന്നാഗ്രഹമവളെ
ക്കൊണ്ടു ലടിപ്പിച്ചീടുകവേണം.

ഏവം മുനീന്ദ്രനോടേവമെന്നാകിലേതും
ആവതില്ലെങ്കുകൊണ്ടു പോവഞൻ മടിക്കരുതു
എന്നങ്ങുറച്ചവളുമന്നരജനിതന്നിൽ
ചന്ദ്രനുദിക്കുംമുമ്പേ മന്ദം മുനിവരനെ
കണ്ണത്തിലെടുത്തേറിക്കൊണ്ടങ്ങു പുറപ്പെട്ടു
വണ്ടുനിറഞ്ഞപ്പോലിരുണ്ടുള്ള തിമിരങ്ങളം
കൊണ്ടുനിറഞ്ഞവഴികണ്ടു ക്രൂടാഞ്ഞു പാദം
കൊണ്ടുപതുക്കെത്തപ്പിക്കൊണ്ടു നന്നായ്ചെന്നു
കാട്ടിൽ മരങ്ങളുടെ മൂട്ടിൽ വഴിപിഴച്ചു
കല്ലിൻറിടയിൽ കാലും തല്ലിയലച്ചുകാട്ടു
വള്ളികളിൽ തടഞ്ഞു വല്ലാതെ പോകുന്നേരം
കൊല്ലാതെ കഴുവേറിക്കള്ളന്മാർ കിടക്കുന്ന
കള്ളപ്പറമ്പിൽ ചെന്നുകേറീശീലാവതീരാൻ

അക്കഥ കിമപിചുരുക്കിപ്പറയേണം
തസ്കരജാതികളങ്ങൊരുക്കൂട്ടം
തെക്കുവടക്കവർകപ്പാനുള്ള
തക്കംനോക്കിനടക്കുന്നേരം
രാത്രിയിലൊരു നാളരമനതന്നിലു-
കത്തുകരേറിക്കട്ടയുടങ്ങി
കാത്തുകിടക്കും കാവൽക്കാക്കു
കള്ളുകുടിച്ചൊരു ബോധവുമില്ല
ചത്തശവത്തെപ്പോലൊരുക്കൂട്ടം
തത്തനിരക്കെയുറങ്ങീടുന്ന
കള്ളന്മാരുടെ ബന്ധാരങ്ങളി-
ലുള്ളതശേഷം മോഷ്ടിച്ചാർ പല
വെള്ളിക്കുടവും പൊന്നും കുടവും
വെള്ളപ്പട്ടുകളും ചകലാസുകളും
പൊന്നരഞ്ഞാണം മുട്ടുകടുക്കൻ
പൊന്നും കിണ്ടികളും ചങ്ങലവട്ടക
ഇത്തരമെല്ലാം കട്ടും കൊണ്ടുവർ
സത്വരമങ്ങുഗമിച്ചൊരുശേഷം
ഭൃത്യന്മാർ ചിലർ ബോധിച്ചുടനെ
പൃഥ്വീപതിയൊടു ചെന്നറിയിച്ചു
കേട്ടവർ കേട്ടവർ ചൂട്ടമെരിച്ചു
മോഷ്ടാക്കന്മാർ വന്ന സമസ്തം
മോഷ്ടിച്ചും കൊണ്ടങ്ങു തിരിച്ചുപോ
പട്ടക്കാരിവർ ബോധിച്ചില്ലാ
കട്ടജനത്തെപ്പരിചൊടുചെന്നിഹ
കെട്ടിക്കൊണ്ടു വരാഞ്ഞാൽ നിങ്ങടെ
അഷ്ടിമുടക്കും ചന്ദ്രക്കാരൻ
വീട്ടിലുമുള്ളതു കത്തിക്കുമതും
പെട്ടെന്നിങ്ങനെ ലോഷ്ടിച്ചുംകൊ-
ണ്ടോട്ടവഴിക്കിഹമണ്ടിടമന്മാർ
തെക്കും ദിക്കിനുമണ്ടിവനത്തിൽ
പുക്കിതുതസ്കരരതിയേമോടെ
അക്കുന്നടിച്ചു വെളിച്ചവുമായിന-
മുക്കുതരക്കേടായ്വരുമെന്നിവ-
രൊക്കെക്കുടെയുഴന്നവിടത്തിൽ
നിൽക്കുന്നേരം കാണായ്മുന്നിൽ
കണ്ണുമടച്ചുതപംചെയ്യുന്നൊരു
മണ്ഡവ്യൻമുനി തന്നുടെനികടെ
സ്വർണ്ണംകെട്ടിയെടുത്തു വലഞ്ഞൊരു
വണ്ണമിറക്കിക്കാട്ടിലെറിഞ്ഞു
തങ്ങടെ പ്രാണനെയും കൊണ്ടോടി
ത്തസ്കരപലപല കോട്ടിലൊളിച്ചു
പാടവമേറിന നൃപടേരെല്ലാം
പേടിവെടിഞ്ഞവർ സന്നാഹത്തൊടു
കുടിപ്പുലവകതോടുകരം വേലികരം
ചാടിക്കുക്കുവിളിച്ചും കൊണ്ടുട-
നോടിയടുത്തഥ പൂരകേക്കുടി
ക്കാട്ടുകരം പുക്കു തിരഞ്ഞൊരുനേരം.

കനകമഹാമണിഭൂഷണജാലവു-
മനവധിരാജനവസനാദികളും
വാനഭുവിനിന്നു തപം ചെയ്തീടും
മുനിവരനികടേ കാണായ്വന്നു
എല്ലാമായതു കെട്ടിയെടുത്തവ-
രുല്ലാസത്തൊടു ചൊല്ലീടുന്നു

Digitized By Kerala Sahitya Akademi

മന്ദനതാമവനറിയാതല്ലിതു
വന്നതുമന്നാലവനെച്ചൊടെ
ക്കൊന്നില്ലെന്നാലിനിയും രാസ്യ-
വൃന്ദംവന്നിഹമോഷണമുണ്ടാം
ഒന്നുമറിഞ്ഞീലാനാം നിങ്ങടെ
സന്നാഹംപോലെല്ലാംചെയ്യുവിൻ
മന്നവനിങ്ങിനെമൌനംകൊണ്ടുപ-
പന്നമിതെന്നാലവാദംചെയ്യാൻ
മന്നിൽമഹീപ്രതിഭോവത്തോടെ
വന്നവരിന്നവളന്നജനത്തിനു-
മിന്നിഹകാര്യാകാര്യവിചാരമി-
യന്നമഹീപതിപാരംതുച്ഛം
എന്നതുകൊണ്ടുവിവേകമൊരല്പവു-
മന്നുള്ളരചന്നുണ്ടായില്ല.
തല്പുണ്യപനിഹകൊല്പുംസചിവൻ
കൊല്പുണ്യപനിഹതിന്നും സചിവൻ
ഒന്നുംഘോഷിക്കേണ്ടാമുനിയെ
ക്കൊന്നാൽമതിയെന്നരചന്നുപദേശം
കൊല്ലാതേകഴുവേറാനവരൊട്ട
പൊല്ലിയയച്ചിതുകാര്യക്കാരൻ
ഉപ്പിലിടുന്നപദാർത്ഥങ്ങൾക്കട-
നപ്പിലിരട്ടിപ്പുളിപ്പുണ്ടാകും
കല്പിച്ചതിലൊരുപത്തുമടങ്ങു
കവിഞ്ഞുനടക്കും കാര്യക്കാരും
വമ്പുപറഞ്ഞുപിടിച്ചുപറിച്ചുത-
രിമ്പുമടിക്കാതൊരുസാധുവൊട-
ങ്ങമ്പുരാശിപിടിച്ചുപറിച്ചുതി-
ലൊമ്പതുരാശിനുപന്നുകൊടുക്കും
ഇത്ഥംനൃപനൊട്ടുദോഷംകുറിയിക്കും
ശ്രീമൻനൃപനതുബോധിച്ചീടും
രണ്ടുജനങ്ങളുതമ്മിൽകായ്ക്കും
കൊണ്ടുവിവാദിച്ചുരമനപുക്കാൽ
രണ്ടുജനത്തിനുമപരനെയെത്തി-
ക്കണ്ടറിയിപ്പാൻ സംഗതിക്കുടാ
കായ്ക്കുകാരുടെമുമ്പിൽച്ചെന്നവർ
കായ്ക്കുന്നതല്ലാമങ്ങറിയിച്ചു
കായ്ക്കുന്നതിനുകാര്യക്കാരുടെപാ-
തുക്കുന്നതിനുമുപായമുപായം

നല്ലവനല്ലിതുതാടിക്കാരനി-
തെല്ലാമവനുടെ കപടമതായ്വതു-
മില്ലൊരു സാശയമിവനുടെ ഭള്ളുക-
ളെല്ലാമിനി ശമിപ്പിച്ചീടേണം
എല്ലുറുങ്ങുമതല്പുദിടണം
വല്ലുകൾ തച്ചുതകർത്തിടണം
കൊല്ലാതിവനെക്കുടവാനതി-
നല്ലാം പുനരങ്ങറിയിച്ചീടാം
കല്പനകൂടാതതിതിലൊന്നും
സ്വല്പം നിങ്ങളിനി ക്ഷമിച്ചീടേണം
കെല്പൊടുതിരയുന്നതിനിടയതന്നാൽ
തൽപരമാപ്തമതെല്ലാമറിയാം
കണ്ണുതവിട്ടു തിരഞ്ഞുപുനരപി
മന്നിനടന്നുപകർള്ളുവാരെ
ക്കണ്ടുപിടിച്ചുപകൊട്ടുള്ളിൽ
കൊണ്ടുചെന്നവിടെ വിലങ്ങിലുമിട്ടു
തിരുവുള്ളക്കാര്യക്കാരന്മാർ
തിരുമുമ്പിൽചെന്നുണർവിച്ചു
തിരുപണ്ടാരപ്പെട്ടികളെല്ലാം
തിരുടിക്കൊണ്ടു തിരിച്ചുപോന്നാർ
തിരുകള്ളന്മാർ പലരുമിവനെ
ത്തരസാചെന്നുതിരുത്തുപിടിച്ചു
തിരിയാത്താളുകളടിയങ്ങൾക്കാ
തിരിവുള്ളംകൊണ്ടിവരെക്കിട്ടി
ചോരന്മാരെക്കഴുവേറാനുട-
നാരാച്ചുരുളിൽകയ്യൊപ്പിച്ചിൻ
പാരാതിങ്ങിനെകല്പിച്ചനൃപ-
നാരോഹണവും തീർത്തുടനാർ
ഭൂനേരത്തൊരുകിങ്കരനവിടെ
ച്ചെന്നവണങ്ങിയുണർത്തിക്കുന്നു
കണ്ണുമടച്ചൊരുതാടിക്കാരൻ
കാട്ടിൻനടുവിലിരിപ്പുണ്ടെന്നു
ഞങ്ങളനേകംപോരിച്ചിട്ടും
ധൃങ്ങാതിക്കൊരുനക്കുമില്ല
നാങ്ങൾക്കുടമനസ്സുറിയാത-
ട്ടിങ്ങനെകള്ളന്മാരിതുചെയ്തു
എന്നതുകേട്ടരുൾചെയ്തു നരേന്ദ്രൻ
വന്നായുന്നവരിതിലിരിപ്പൂ



Digitized By Kerala Sahitya Akademi

നേരില്ലാത്തോൻ കാട്ടിക്കൂട്ടുന്ന
ചേരുംദ്രവ്യമെടുത്തുകൊടുത്താൽ
നേരുള്ളവനെശ്ശാനെന്നുള്ളൊരു
ചേരുംനൽകിപ്പൂക്കിയയയ്ക്കും
ഈക്കഥയൊന്നാ നൃപനെബ്ബോധി
പ്പിക്കയുമില്ലവരിങ്ങനെ ചട്ടം
താഴ്ത്താരാണിരുവർവരുന്ന
താഴത്തെത്രജനങ്ങൾവരുന്ന
രണ്ടുകടക്കാർനംപൂരാരേ-
കണ്ടുപടിപ്പുരകേറുന്നതുതാൻ
രണ്ടുകടക്കാശ്ശിനിവന്നവ-
രണ്ടുംകൊണ്ടവരങ്ങുനടന്നു
ഇങ്ങിനെപലവകമോഷ്ടിയിക്കും
തങ്ങടെനായകനാകിയനൃപനേ
ഇങ്ങിനെയുള്ളവനിഹാധരണീതല-
മെങ്ങുമൊരിടവുമില്ലെന്നാലും
ഇങ്ങിനെമാണ്ഡവ്യൻ മുനിതിലകനു
സംഗതിവന്നവതെന്നേവേണ്ടു
അതിനൊരുകാരണമുണ്ടുനിവിടെ
കഥനംചെയ്തിട്ടെന്തൊരുകാര്യം
മതിമാൻമാമുനിതിലകൻകഴുവേ-
ലതിബ്രഹ്മകാലമലങ്കാരം കിടന്നു
മതിമുഖിയാമവളിൽനിശായാം
അതിനുടനേരമേതപ്പിത്തപ്പി
പതിയെത്തഞ്ചാളിലെടുത്തുംകൊണ്ടവ-
ളതിലേതന്നേചെന്നുകരേറി
ഉഗ്രതപോമുനിതന്നുടെമസ്തക-
മഗ്രസ്ഥിതമായുള്ളൊരുശൂലേ
വ്യഗ്രതപൂണ്ടുകിടക്കും വിപ്രകു-
ലാഗ്രസരനാം മാണ്ഡവ്യന്റെ
കാലേലമ്പോടുതട്ടിയനേരം
ശൂലവുമൊന്നുകുലുങ്ങിക്കണ്ടൊ
മുറിയിളകീട്ടൊരുവേദനവന്നു
കുറെയല്ലുണ്ടുപറഞ്ഞുമുനീന്ദ്രൻ
കഷ്ടംനമ്മുടെപാദേവന്നിഹ
മൂട്ടുന്നവനിവനെന്തൊരുമൂഢൻ
പെട്ടെന്നാത്തുരനകിലിവനെ
തെറ്റെന്നല്ലുകളുകിശൂലവും

ഒട്ടുശമിച്ചൊരുവദനയിപ്പോൾ
ഏറ്റുമടങ്ങുകടുത്തുകഠോരം
ഉഗ്രതപസ്സുചെയ്തുനീ? നിന്നുടെ
വിഗ്രഹനാശമടുത്തുമുതുക്കാ!
നിന്നുടെചപലതഞാനറിയുന്നു
നന്നിതുവിസ്മയമെന്നതുപറയാം
വേളികഴിച്ചുപതിവ്രതതന്നുടെ
തോളിൽകേറിയിരുന്നുംകൊണ്ടതി
ധൂളിയതാകും വേശ്യയിരിക്കും
മാളികകേറാനല്ലേഗമനം
അയ്യോകിഴവച്ചാരേതന്നുടെ
കയ്യോ കാലോ കണ്ണോ മൂക്കോ
മെയ്യോ മുഖമോ നല്ലതുവേശ്യാ
സംയോഗത്തിനുസാധനമിപ്പോൾ
മണിമാണിക്യത്തിന്നിഹനല്ലൊരു
മണിയായുള്ളരഥാപൂക്കാരൻ
ഇത്രമനോഹരനായൊരുപുരുഷനെ
യെത്രകൊതിച്ചുലഭിച്ചിതവർക്കും
തഴുകീടുവതിനുതപ്പിത്തപ്പി
ക്കിഴവൻമെല്ലെച്ചെല്ലുന്നേരം
ഒഴുകീടുംചലമവളുടെമുലമേൽ
പിഴുകീടുംമണമേറിനനാടൻ
പുഴുവിന്നുള്ളൊരുപരിമളമൊക്കെ
പിഴുകീടുവതിനും സംഗതിവന്നു
കഴുവറിടിനനാമിന്നിയെന്തിനു
പഴുതേയവളെയുപേക്ഷിക്കുന്നു
നമ്മേത്തോളിലെടുപ്പാനിന്നൊരു
നന്മൊഴിയാളില്ലായതുഭേദം
ധാർമ്മികനായി വയോധികനായി
കാർമ്മികനാകിനതാനൊരുകലടാ
കാമുകനായതുകേട്ടുൽമറഹാ
മാമുനിമാക്കലഘൃതമശേഷം
രോഷ്യയിലാഗ്രഹമുണ്ടെന്നല്ലവരം
ഭോരംപോലെചുമന്നൊരുവൃഷലീ
വീട്ടിലിറക്കിത്തന്നൊടവളെ
കുട്ടിയിണക്കിക്കുശലിതമാകിന
ഗോപ്യാക്കുള്ളചടങ്ങുംകാട്ടി
ക്കുട്ടനെയെന്നൊരുശ്ലീലത്തെ

Digitized By Kerala Sahitya Akademi

തന്നുടെപതിയെത്തന്നകിടത്തി
ചെന്നുകളിച്ചുപതിവ്രതവേഗാൽ
തന്നുടെനെടുമംഗല്യവിടംഗം
വന്നീടരുതെന്നാദരവോടെ
വന്ദ്യന്മാരാമിന്ദ്രമരുത്പൂര-
ന്ദ്രവിരിഞ്ചമഹേന്ദ്രാദികളുടെ
വന്ദനമൻപൊടുചെയ്തുമിച്ചിതി
വന്ദനമാശ്രുതുടങ്ങികുശാംഗി.

പദം.

വന്ദേഹം ഭോനോ വന്ദേഹം
സന്ദേഹം കൂടാതെ നമ്മുടെ
സന്താപം ശമിപ്പിക്കേണം
സങ്കടം വിശങ്കടം നിരാകൃ
നിൻകടാക്ഷമെങ്കൽ വേണമൻപൊടു—വന്ദേ!
മാത്താണ്ഡ! പാഹി ഭത്താരം
ആർത്തി കളകത്ഥികാമിത
പൂർത്തികരം വരുത്തീടേണം
കീർത്തനീയമൂർത്തിയായനിൻപദ-
മോർത്തുകൊണ്ടുപാർത്തുകൊൾകമമഗതി—വന്ദേ
താപസേന്ദ്രന്റെ ശാപമേ
താപത്തിന മൂലമുടൻ
ആപത്തിനുഹേതുവായെൻ
പാപജാതപാതമായിവന്നിതു
പാവനാംഗ! പാഹി! പാഹി! ദിനകരാ!—വന്ദേ
ഉടിക്കാതെ നാളെ വാണിടേക്കണം
ഉദിക്കുമ്പോളെന്നുടെ നാഥൻ
പതിക്കും പാലെന്ന മാണ്ഡവ്യൻ
വിധിച്ചുഷ്ഠ! പതിച്ചുനമ്മെമാമുനി
വധിച്ചുവെങ്കിലതിനുഖേദമില്ലിഹ—വന്ദേ
വൈധവ്യം മമവൈധവ്യം
വാരാതെലോകേശാനുമ്മേ
പരാതെപാലിച്ചീടേണം
പരമയോഗിവരനുമിന്നുവന്നൊരു
മരണഖേദമരണമഞ്ജസാ വിടോ!—വന്ദേ
കല്യാത്മൻപാഹി! കല്യാണം
ഉല്ലാസമിയന്നുമമ
ശല്യങ്ങളൊഴിച്ചീടേണം
ഉദയശൈലമുപരിവന്നിരിക്കിലും
ഉദയോവമരുത്ത ദേവ! രോസ്മരാ വന്ദേഹം.

ക്കേട്ടുജനങ്ങളുംവിരിക്കും നമ്മുടെ
കുട്ടിക്കാരെക്കുടെ രക്ഷിക്കും
പുത്രപ്പുറുക്കുടിപോലേനേരുമ-
ടുപ്പംകൊണ്ടിവനിതുനീതിചെയ്താൽ
കാഴ്ചക്കാരുടെപരിഹാസത്തിനു
താഴ്ചവരുത്താൻതാമതിയാരുമാ?
കായ്പുംകുടാതെന്തിനുചാഴിൽ
കലഹിക്കുന്നു നീയിനിനാളെ
സൂര്യനുദിക്കുംമുമ്പേമരണം
പ്രാപിക്കുംദുഷ്ടനെന്നുശപിച്ചു
കോപിതനാകിനമാണ്ഡവ്യന്റെ
ശാപമതേറുടനുഴുതുപോമുനി
താപംപൂണ്ടുപറഞ്ഞുപത്നിക്കു
ശാപംഹന്ത! ഫലിച്ചുസുശീലേ!
നിന്നുടെവാക്കിനെലംഘിച്ചിട്ടിഹ
വന്നുപോയ്പുനമുക്കുവിനാശം
നിന്നുടെപാതിവ്രത്യബലംകൊ-
ണ്ടെന്നുടെജീവനെരക്ഷിച്ചെങ്കിൽ
നമ്മുടെഭാഗ്യമതല്ലെന്നാൽമമ
കർമ്മമതെന്നേപറവാനൊള്ളു
ഇന്നിനിഗണികാസംഗം വേർപെടു-
ത്തുന്നാലും പുരകോട്ടിനിവേഗാൽ
ഉത്തമയാകിനശീലവതീപുന-
രുത്തരമേവംകിമപിപറഞ്ഞു
ഭർത്താവേതുംഖേദിക്കേണ്ടാ
പാർത്താലിതിനൊരുപായമതുണ്ടാം
മാത്താണ്ഡൻമമവൈധവ്യത്തെവ-
രുത്താതേപരിപാലിക്കേണം
ആർക്കുംനാളെയുദിക്കരുതെന്നുവി-
ലക്കാൻഭാവമിനിക്കുണ്ടധുനാ
തൽകൃപവരുവാനുൽക്കടമിന്നുന-
മുക്കൊരുനിയമമെടുക്കണമുഗ്രം
ആശ്രമവാടംതന്നിൽചെന്നാൽ
വാശ്ശയമൊരുകഴിവുണ്ടായീടും
വിശ്വാസംവരുമന്നേരംതവ
വിശ്വാധീശൻ സാക്ഷിദിനേശൻ
എന്നുപറഞ്ഞുതിരിച്ചുടനു
ചെന്നുനിജാശ്രമവാടംപുക്കു

Digitized By Kerala Sahitya Akademi

ശീലവതിന്നതിവചനമതിങ്ങനെ
തിങ്ങിനരസംമാടുകേട്ടദിനേശൻ
കാലവിധായകനെങ്കിലുമവളുടെ
ശീലഗുണാദികൾമൂലമവൾക്കന-
ക്കുലമതാകിനകാലവിളംബന-
ലോലതയോടയശൈലവരാന്തരവി-
ശാലമതാകിനൾരിരുന്തന്നിൽ
ബാലദിവാകരഭാവത്തോടെ
ശൂലസ്ഥിതനാം മുനിയുടെശാപൽ
കാലവശംഗതനാകിയമുനിയുടെ
പാലനമൻപൊടുപെയ്തതിനായി
ശീലവതീഹിതപൂരണനിരതൻ
തന്തമറഞ്ഞുവസിച്ചുരുളീടുമ്പോൾ
മാന്യപരിഭ്രൻ മിന്നൻ ഭഗവാൻ
നക്കോദയമില്ലാഞ്ഞതുകൊണ്ടു
ജഗത്ത്രയമൊക്കെപ്പുരവശമപ്പോൾ
ധാത്രിയിലുള്ളജനങ്ങളശേഷം
രാത്രിവിരാമംകാണാഞ്ഞൊരുനു-
മാത്തികലന്നുമുറക്കമുണർന്നുപു-
രത്തിനകത്തുകിടന്നുഴലുന്ന
പുറത്തുപുറപ്പെട്ടവർയെമോരാ-
ളുരുത്തുകരുത്തുപരക്കുമിരട്ടകരം
കൊണ്ടുവിരണ്ടുംതങ്ങളിലാങ്ങം
കണ്ടുംകൂടമറഞ്ഞുവെഷ്ടുമ്പോൾ
കണ്ടുംകണ്ണുമറിഞ്ഞുംകൂടതു
കൊണ്ടുമിറങ്ങിനടപ്പൻമേലാ
ഭൂമിയിലുള്ളമഹാബ്രാഹ്മണരും
മാമുനിമാരും മറ്റുള്ളവരും
യാമിനിവിരതിവരാഞ്ഞതുമൂലം
കാമിതവിധിയുമിളച്ചുവസിച്ചു
നാമിനിനിയമമുപേക്ഷിച്ചുതിനാൽ
നരകക്കുഴിയിൽചാടുകയായി
കാമിനിമാക്കും പുരുഷന്മാക്കും
കാമവിലാസംകൊണ്ടുമുഷിഞ്ഞു
ദുരിതമനാഹാരമുതെന്നാലും
രതികാരിതക്കാരിയൊഴിച്ചാൽമുഷിയും
നക്കനുദിക്കാഞ്ഞപ്പോൾചന്ദ്രനു-
ലക്ഷ്യമുണ്ടെന്നുമുദയംനാസ്തി

നക്ഷത്രങ്ങടെഗമനാഗമനം
തൽക്ഷണമില്ലാതായിതുകാലം
കൃതപ്രതപിശാചാദികളും
ഭൂവാംതന്നിൽനിറഞ്ഞുചമഞ്ഞു
കണ്ണന്മാക്കിനകട്ടുടിച്ചാ-
നുള്ളപരാക്രമമെന്നുമുധികം
വേദിയവരുടെധർമ്മാധർമ്മം
വേദാദ്ധ്യയനം സന്ധ്യാവന്ദനം
ഓദനപാകം ശാസ്ത്രംതർപ്പണ
മാദിസമസ്തം നാസ്തിയതായി
ദേവക്ഷേത്രപൂജകളീശ്വര-
നേവാവിധികൾ നമസ്കാരാദികൾ
നൈവേദ്യങ്ങൾ രൂപങ്ങളുമെന്നിവ
കേവലമൊക്കെമുടങ്ങിതദാനീം
ധരണീസുരരുടെയാഗാദികളാം
കരണീയങ്ങളുമെനശിച്ചുതുമൂലം
സുരവൃന്ദങ്ങൾക്കുമിടങ്ങി
പരവശരവരുമുഴന്നുതുടങ്ങി
അഷ്ടവസുക്കളുമശ്വനികളുമര-
ച്ഛ്രേഷ്ഠന്മാരുംകിം പുരുഷാദികൾ
രുഷ്ടദിഗീശന്മാരുംകൂടി
ക്ലിഷ്ടപൂണ്ടുമഹേന്ദ്രസമീപെ
ചെന്നഥയാഗംകൂടിവിചാരി-
ക്കുന്നൊരുസമയ നാരദമുനിയും
മദ്ധ്യസ്ഥിതവുംതുകിപ്പുരിചൊടു-
വന്നവിശേഷംബോധിപ്പിച്ചു
ഉഗ്രതപസ്സുനടത്തുന്നൊരുമുനിയുടെ
സൽഗൃഹിണീമണിശീലവതീനാമ-
ർത്ഥവിനാശഭയംകൊണ്ടവരന്തൻ
ർത്ഥപ്രീതിവരുത്താർത്ഥപരിതമു-
ദിക്കരുതെന്നവിലംഘകകാരണ-
മക്കനുദിക്കുന്നില്ലുതുമൂലം
സല്ലക്ഷ്മങ്ങളശേഷംമുട്ടി
സജ്ജനങ്ങൾക്കുപദ്രവമുദ്ധം
നാക്കനുദിച്ചാലവളുടെഭർത്തൃ-
വക്ത്രജവീട്ടിൽപോകുമൊരാമുനി
കൊക്കുരമാകിയശാപംനൽകി
ഭർത്തൃവിനാശമില്ലാതായതുമൂലം

Digitized By Kerala Sahitya Akademi

തോടിക്കാരുടെകൃത്യതികർമ്മകണ്ടാൽ
താഡിക്കാത്തവർവിട്ടുദോഷന്മാർ
പേടിക്കാതെവനങ്ങളിലെല്ലാം
ക്രൂടിക്കൊണ്ടവർകണ്ടജനത്തെ
ശാപംകൊണ്ടുനശിപ്പിക്കുന്ന
കോപംകൊണ്ടൊരുപൊറുതിയുമില്ല
താപസവരുടെമുഷ്കുപൊറാഞ്ഞൊരു
ഭൂപൻകല്പിച്ചൊരുതാപസനെ-
ക്കഴുവോറിച്ചുപിന്നെയുറുമുനി
കഴുവേലങ്ങുമലസ്സൻകിടന്നാഹ
വഴിപോകുന്നജനത്തെഞാനൊരു
പിഴകൂടാതെശപിച്ചുടങ്ങി
നമ്മുടെകുട്ടിക്കാരേറ്റുപാലെ
ഭൂമ്യാദംമാറാക്കൊള്ളൂ?
അനിയേമരണമടുത്തമുയക്കൻ
മുനിയേസ്സുപദിശപിക്കാനിമിത്തം
മനുജസുരാസുരമുനിവൃന്ദത്തിനു-
മരുവമിങ്ങൊവന്നുചൊല്ലി
നാരദവചനംകേട്ടമഹേന്ദ്രൻ
നമ്മാലെളുതല്ലെന്നുരചെയ്തു
നീരജവേനെക്കാണ്മാൻതന്നുടെ
വാരണവരഗളമേറിനടന്നു
കുടതഴചാമരമെന്നിവചിഹ്നം
പടുപടഹധ്വനികൊണ്ടും കുഴലും
ഉടിതകിൽതിമിലയിടയ്ക്കുയുടുക്കുകൾ
ഝടഝടരവമൊടുവാനവർസേനാ-
ടേജനമാക്കെനടന്നിതുമുൻപിൽ

പൊല്ലാണ്ടീടിനമുപ്പുതുകോടികൾ
മുക്കോടിയുമമരന്മാരുടെ കുല-
മൊക്കെച്ചുടിവിറിഞ്ഞനികേതം
പുക്കുവിരിഞ്ഞനെവന്ദനംചെയ്തു
ജംഭനിഷൂദനനൻപൊടുപങ്കജ
സംഭവനോടുവിശേഷമശേഷം
സംഭ്രമരഹിതം ശീലവതീവ്രത-
സംഭൃതംബതബോധിപ്പിച്ചു
ഇങ്ങനെയുള്ളൊരുസങ്കടമെങ്കില-
തിങ്ങുനിനച്ചാലെളുതല്ലെതും
ഭൂംഗജനാശനനോടറിയിച്ചാൽ
സംഗതിവരുമിടർഘടമൊഴിയാൻ
വിരവൊടുഞാനുപായമെന്നട-
നരവിന്ദാസനമതുളവിച്ചു
അരയന്നപ്പുറമേറിനടന്നാ-
നരനാഴികവൈകാതെതരസാ
നാലാനനനും നാരദമുനിയും
കാലാനിലവരുണേശാദികളും
ബാലാമൃതരശ്മിധരനമരും
കൈലാസാചലമൻപൊടണഞ്ഞു
കൈലാഹലമൊടുമണിമയഗോപുര
ശാലാനികടനിന്നദശായാം
ഐശലാധീശ്വരനീശ്വരനോടനു-
ക്രലാചാരംതൊഴുതറിയിച്ചു
മംഗലദൈവതമക്കന്ദിച്ചുവി-
ളങ്ങിയസമയം സപദിവെടിച്ചു.

ശീലാവതീചരിതം ഓട്ടൻതുള്ളൽ സമാപ്തം.

Digitized By Kerala Sahitya Akademi

# രാവണോത്ഭവം

## ഓട്ടൻതുള്ളൽ.

പണ്ടുനിശാചരവംശേവിപുലേ
രണ്ടുനിശാചരരുണ്ടായ്വന്നു
കൊണ്ടാടീടിനഹേതിപ്രഹേതിക-
ളിണ്ടൽകലർന്നവളന്നൊരുകാലം
കണ്ണെതിരനാംഹേതിക്കൊരുമക
നുണ്ടായ്വന്നിതുവിദ്യുൽക്കേശൻ
കണ്ടാലധികഭയങ്കരനവനെ
ക്കൊണ്ടുജഗത്തിനുമിണ്ടൽതുടങ്ങി
കാലസഹോദരിമകളാമവളഥ
സാലകടംകടയെന്നൊരുരാക്ഷസി
ചാലേവല്ലഭയായിട്ടവളോടു
ലീലകളാടിവളർന്നുകാലം
ബാലനുമുണ്ടായവനെയുപേക്ഷി
ച്ചാലസരാമവരങ്ങുനടന്നു
കാലാന്തകനുടെകൃപകൊണ്ടുടനെ
ബാലനുയൊവനമുണ്ടായ്വന്നു
ശീലഗുണാകരനായസുകേശൻ
ലീലാപരനായ്വാഴുംകാലം
ദക്ഷമഹാമുനിതന്നുടെമകളെ
രാക്ഷസരാജനുദാനംചെയ്തു
തൽക്ഷണമവനുംവേട്ടാനതിശ്രീ
ലക്ഷണയാകിയദക്ഷാത്മജയേ
യൊവനശാലികളായിട്ടവനഥ
മുവ്വരുമക്കളുമുണ്ടായ്വന്നു
മാല്യവദാഖ്യൻ പ്രഥമതനുജൻ
മാലിസുമാലികളനുജന്മാരും
സൃഷ്ടാവിനെയവരവിടെവരുത്തി
തുഷ്ടന്മാരൊരുപുരമുളവാക്കി
പുഷ്ടിപെരുത്തൊരുലങ്കാപുരമു
വിഷ്ടപസീമനിവിശ്രുതമായി
തുഷ്ടന്മാരവർമൂവരുമവിടെ
പുഷ്ടാനന്ദംമരുവുംകാലം

നമ്മടയെന്നൊരുഗന്ധർവ്വിയുടെ
ശമ്മടമാരാംകന്യകമാരെ
ധർമ്മത്തോടുവിവാഹംചെയ്തു
ടുമ്മടരാമവർമൂവരുമുടനെ
ഗർവ്വോദ്ധതരാംമക്കളനേകം
മുവ്വുംപുനരുണ്ടായ്വന്നു
പുഷ്പോൽക്കടയും കൈകസിയുംകില
കുംഭീനസിയും മൂന്നുകുമാരികളം
ദർപ്പോൽക്കടനായുള്ളസുമാലി
ക്കപ്പോളുണ്ടായെന്നേവേണ്ടൂ
രാക്ഷസരവരതിരുക്ഷതയോടേ
തൽക്ഷണമിന്ദ്രപുരത്തിലടുത്തുട-
നക്ഷതമാകിനവൃക്ഷാദികളുടെ
പ്രക്ഷപണരണദക്ഷതയോടേ
യക്ഷജനത്തെയടിച്ചുമിടിച്ചും
കാക്ഷികളൊക്കെയെടുത്തുമുടിച്ചും
തൽക്ഷണമുദയാമരാവതിയെ-
ത്തൽക്ഷണമങ്ങുനശിപ്പിക്കുമ്പോൾ
പക്ഷിവരാസനനായ മുകുന്ദൻ
സാക്ഷാലവിടെയെഴുന്നള്ളിപ്പുന-
രക്ഷയമാകിനചക്രംകൊണ്ടു
രാക്ഷസരെക്കൊലചെയ്തുതുടങ്ങി
ശക്രപുരത്തിൽ കരുമനകാട്ടം
വിക്രമിയാകിയമാലിയുടേഗള-
മക്രമമുടനേചക്രംകൊണ്ടു
ചക്രായുധനും ഝടിതിമുറിച്ചു
മാലിനിശാചരവീരനുമപ്പോൾ
കാലപുരത്തിനകത്തുകടന്നു
ഭീതന്മാരാംമാറവരെല്ലാം
പാതാളംപുക്കവിടെയൊളിച്ചു
അക്കാലത്തുപുലസ്ത്യാത്മജനാ-
മക്കൾസമാനമഹാമതിയാകിയ

Digitized By Kerala Sahitya Akademi

വിശ്രവസസ്സുതനാംദ്രവിണേശൻ
വൈശ്രവണൻതാനീശ്വരകൃപയാൽ
വിശ്രുതമാകിനലങ്കാനഗരം
വിശ്രുതനായിവസിച്ചുസുചിരം
വിശേഷാൽക്കർഷമഥാനിധിയാകിയ
വൈശ്രവണന്റെവിശേഷംകേട്ടതി-
ശോകത്തോടുസുമാലിയുമപ്പോൾ
കൈകസിയാംമകളോടുപറഞ്ഞു
ഇന്നുപുലസ്ത്യാത്മജനാം മുനിയെ-
ച്ചെന്നുഭജിക്കണമെന്നാലുടനേ
നന്നായിട്ടൊരുനന്ദനനുണ്ടാ-
മെന്നതുകേട്ടവളന്നമതിയോടും
അമ്മുനിവരനെച്ചെന്നുഭജിച്ചും.
ളംബുജമുഖിയാംകൈകസിയുടനേ
ളങ്ങായീസുതനക്കാലം ദശ-
കണ്ഠൻവിംശതിബാഹുസമേതൻ
പണ്ടൊരുപുരുഷനുമവനെപ്പോലെ
കണ്ടില്ലഖിലജഗത്ത്രയവാടേ
നീണ്ടുവളഞ്ഞതിഭീഷണമാകിന
തെങ്ങളുമൊരുപന്തിനിരക്കെ
ചന്തംതടവിനപംക്തിമുഖങ്ങളു-
മെന്തൊരുവിസ്മയമോക്കുന്നോറും
വട്ടംചന്ദ്രകലങ്ങൾമറിഞ്ഞതി-
നിഷ്ഠുരമാകിനകണ്ണുകളിരുപതു-
മെട്ടദിഗന്തരവാസിജനത്തിനു
ഞെട്ടൽകൊടുപ്പാൻപുഷ്ടതപോരും
ചെമ്പിച്ചീടിനതലമുടികണ്ടാൽ
വൻപന്മാക്കുംഭീതിമുഴുക്കും
തുംഗതപെരുകുമൊരഞ്ജനഗിരിയുടെ
ശൃംഗംതന്നൊടുപടപൊരുതീടും
അംഗത്തോടുംക്രൂടിനിശാചര-
പുംഗവനുടനവന്നുപിറന്നാൻ.

ജംഭവൈരിയുടെവാഹനമാകും
കുംഭിരാജനുടെഡംഭമടക്കുന്ന
ജൃംഭമാണഭുജവിക്രമനാകിന
കുംഭകർണ്ണനുമവായിതദാനീം
അന്ധകാരപടലത്തിനുചന്ദ്രൻ
ബന്ധുവാകിയകദളബാന്ധവനോടേ

സിന്ധുരായുതമഥാബലരാക്ഷസി
മന്ത്രഃ ശൂർപ്പണഖവന്നുപിറന്നാൾ
വിക്ഷുപാദസരസീരുഹസേവനൊ
രിഷ്ടമാകിനവിഭീഷണനാമം
വിശ്രുതപൗത്രിതയഭൂഷണരത്നം
പുഷ്പമോദമുളവായികുമാരൻ
തരുണന്മാരംതനയന്മാരോടു-
മൊരുമിച്ചനവധികൗതുകമോടേ
തരുണീമണിയാംകൈകസിയുടനേ
ചിരതരമവിടെവസിച്ചുസുഖിച്ചു
ഒരുനാളവളഥശുകസ്കന്ധരനേ
പരിചൊടുമടിയിലെടുത്തുകിടത്തി
തലമുടിവടിവൊടുതടവിയുറക്കി-
പ്പലതരസുഖമൊടുമരുവുംകാലം
എട്ടുദിഗന്തംപൊട്ടുംപടിചില
തട്ടംവിള്ളിയുംകൊട്ടുംവെടിയും
പട്ടുംപൂടവകൾപട്ടവുമാലും
കെട്ടിയുടുത്തൊരുക്രൂട്ടുരിഞ്ഞുകൾ
ചട്ടറവീടിനവട്ടപ്പുരിചകൾ
ഒട്ടുതുടയ്ക്കുടനിട്ടുംപരിചൊടു
വട്ടത്തിൽചിലർവട്ടംപാഞ്ഞും
വാട്ടമകന്നുപിടിച്ചുകളിച്ചും
വെള്ളക്കുടതഴവെള്ളക്കൊടിയും
വെള്ളക്കുതിരകൾവെള്ളാനകളും
പള്ളിത്തണ്ടിനുള്ളിൽപരിചൊടു
ത്തുള്ളിച്ചാടിനവെള്ളച്ചുമരികൾ
പള്ളിക്കട്ടിലുപള്ളിവിരിപ്പും
പള്ളിക്കിണ്ടികൾപള്ളിത്തുകിലും
പള്ളിപ്പടഹംപല്ലക്കുംപല
വെള്ളത്തോളവുമുള്ളരശേഷം
പൊന്നുംകുടമണിപൊന്നുംപരിചകൾ
മിന്നുംചെലവകപൊന്നുംകൊടിമര-
മെന്നുംവിലസിനപൊന്നുംവാളും
പൊന്നുംചുരികകൾപൊന്നുടവാളും
തപ്പുംതകിലുകളൊപ്പമടിച്ചുട-
നൊപ്പുംപെരുകിനകോപ്പുംപലവക
കൊമ്പുംകുഴലുകളമ്പിളിവളയം
ഞാൻമുമ്പടംബുധികന്യതടിന

Digitized By Kerala Sahitya Akademi

കൊമ്പൻകരികളുൻപടുക്ഷം
വമ്പടമുമ്പിലകമ്പടിക്രൂടിന
വമ്പന്മാരവരമ്പതുവെള്ളം!
സ്തംഭിച്ചീടിനകുംഭികളനവധി
എതിരില്ലാതൊരുകുതിരകളെന്നിവ
പടുതരമിളകിനപടകളൊടിടഃഖ-
ന്തടനാടനതികടുരോഷത്തോടേ
പടഹമടിപ്പിച്ചിവിടെപ്പരിചൊടു
പടുവാംധന..തിവരവുതുടങ്ങീ.

വിശ്രുവസ്സുന്നമുനിവിശ്രമിച്ചുതപ്പുന്നോ-
രാശ്രമംതന്നിൽചെന്നൈശ്രവണനമപ്പോൾ
വിശ്വാസത്തോടുവന്ദിച്ചുശാസം പൂണ്ടുമെല്ലെ
വിശ്രുതനായതാപസേശ്വരനരുളാലെ
വിശ്രവവിജയിയായശ്രവണനംപോയാൻ
കൈകസിയതുകണ്ടുശോകങ്ങൾസഹിയാഞ്ഞു
വൈകാതെമാവിടത്തിൽകൈകളുംചേർത്തു
കൊണ്ടു
ദുഃഖത്തോടിടക്കുടിരോദനംചെയ്തീടുമ്പോൾ
തിണ്ണംപൊഴിഞ്ഞീടുന്നകണ്ണുനീരുടനുടൻ
മാറാതെരാവണൻറെമാമ്പുവീണനേരം
പെട്ടെന്നുമടിയീന്നുഞെട്ടിയുണർന്നിരുന്നൊ-
രട്ടഹാസങ്ങളോടെപൊട്ടിച്ചിരിച്ചുകൊണ്ടു
തന്നുടെമാതാവിനെവന്ദിച്ചുങ്ങുരചെയ്തു
എന്തൊരുമൂലമമ്മേസന്താപംതുടരുവാൻ
നിന്തിരുവടിക്കിപ്പോളന്തശ്ശോകത്തിന്നുള്ള
ബന്ധമെന്തുടിയനോടെന്തരുളിച്ചെയ്യാത്തു?
ചിന്തിതംസാധിപ്പിപ്പാനന്തരമില്ലമമ
അന്തികേമരുവുനാപദ്ധതികണ്ടുനാമെന്നാ-
ടെന്തുനീപറയാത്തു ചിന്തയിലുള്ളഖേദം
നിൻതാപംതീർത്തീടുവാനെന്തുമേമടിയമ്മേ!
ചിന്തകളഞ്ഞുതെളിഞ്ഞെന്തിനുമോടമോടെ
സന്താപമൂലമെല്ലാംനിന്തിരുവടിചൊൽക
വൈദ്ധിക്കണ്ടൻറെവാക്കുകേട്ടോരുനേരമവൾ
ചെന്തീകണക്കെചിത്തംവെന്തുരുകീടുന്നൊരു
സന്താപമടക്കിക്കൊണ്ടീവണ്ണമുരചെയ്താൾ.

ഉണ്ണീ! നിന്നുടെപൂവ്വജനിപ്പോൾ
വിണ്ണോർപതിയൊടുസമനായ്വന്നു
കണ്ണുകളിരുപതുകൊണ്ടിഹപരിചൊടു
കണ്ടാലുംനീധനപതിവിഭവം
കൊണ്ടാടീടിനചടുതടനടുവ
രണ്ടിലിതെന്നൊളിഞ്ഞുപോന്നു
വണ്ണംവാഴുകണക്കുതടിച്ചുതു
ടുണ്ണാനിയതുകാണാന്നിരിപ്പൂ?
ബന്ധംമനസിനിനക്കുണ്ടെങ്കിൽ
കണ്ണുകളാക്കെയടച്ചാലുംനീ
നിന്നുടെജനകനുമവനുടെജനകനു-
മൊന്നാണെന്നുള്ളതുബോധിച്ചീടും!
യക്ഷകുലാമലമകുടമഹാമണി
രാക്ഷസനഗരമടക്കീടുന്ന
ശിക്ഷാരക്ഷകനെന്നുചൊല്ലുവാനവനതി
ദക്ഷിണനൊന്നധരിച്ചീടണം
രാക്ഷസകുലപതിയായൊരുനീയും
വൃക്ഷംപോലെവളർന്നീടുന്ന
ഭക്ഷിച്ചുവധികൾക്ഷിനിരപ്പാൻ
ദക്ഷരായുണ്ടുനിനക്കനുജനേ!
ഉരഗംപോലേനീണ്ടുതടിച്ചു-
ങ്ങിരുപതുകൈകളുമന്തിനഭാഴിൽ
പരിചൊടിതെല്ലാമിന്നുതരിപ്പാൻ
ദുരിതംതന്നെനിരൂപിച്ചാലും!
പത്തുമുഖങ്ങളുമിരുപതുകരവും
മത്തഗജത്തിന്നൊത്തൊരുതടിയും
ചിത്തത്തിൽഭയമുള്ളനിനക്കണി-
യത്തിന്നമാത്രം ചെരുംമൂഢ!
കാതരനാകിയനീയിഹകൊള്ളാം
പാതാളത്തിലിടങ്ങുംമൂടക്കാൻ
നിന്നുടദോഷമിതല്ലുന്മകനേ
എന്നുടെദുരിതമിതന്നേവേണ്ടു
നന്നായിട്ടൊരുമകനുണ്ടാവാ-
നന്നാതതരമാം സുകൃതംവേണം
രാക്ഷസജാതിയിൽവന്നുപിറന്നാൽ
ശ്രുതവേണമറിഞ്ഞാലുംനീ-
നാരായണനുടനേരേനിന്നാ
പോരാടുന്നൊരുക്രൂട്ടമിതേ
ള്ളുക്കുലജാതന്മാരെപ്പലരും
ധിക്കരിയാതെയിരിക്കണമെങ്കിൽ
വിശ്രുതമേറുംവേണമിതെല്ലാ-
മോർക്കണമെന്നുകനിവുളവോടേ

Digitized By Kerala Sahitya Akademi

വിക്രമമുള്ളജനത്തോടൊരുവൻ
നേക്കയുമില്ലുഭയാബാധിച്ചാലും!
വാക്കുനടിക്കുംനേ മീതുട്ടുക-
ളൊക്കുമടിതിയൊളിക്കുന്നില്ലേ?
വല്ലജനത്തിനുപുഷ്കുറഞ്ഞാ-
ലില്ലൊരുനേരംസുഖമിഹലോകേ
മന്ദനതാകിയചന്ദ്രനെയാഗ്ലാവു-
മന്നനാഗ്രവിഴുങ്ങീടുന്നാ
പെരികെക്കാലംവണിചെട്ടെന്നാ-
ലൊരുദിനമെത്തുംവിയെവിഴുങ്ങാൻ
എന്നതുകൊണ്ടിഹബലവാന്മാരെടു
നിന്നുപിണങ്ങുന്നവരുമുരുക്കം
ദുഷ്ടതയുള്ളജനങ്ങടെമുൻപിൽ
ധൃതയൊരുവൻകാട്ടുകയില്ല
കണ്ടകമുള്ളൊരുവള്ളികൾകണ്ടാൽ
മണ്ടും നല്ല സമർത്ഥന്മാരും
കണ്ടകമില്ലെന്നാകിലതെല്ലാം
കണ്ടവർ ചെന്നു പിടിച്ചു വലിക്കും
കണ്ണുതകാട്ടാതൊരുപൊഴയും ദശ-
കണ്ണാനീയിതു ബോധിച്ചാലും!
കണ്ടുവിഷാദം കാട്ടുന്നവനെ
ക്കണ്ടാൽക്രൂടെ പ്രാതകമുണ്ടാം
തൊണ്ടൻ രാവണനെന്നൊരു നാണിയ-
മുണ്ടാമിനി ലോകങ്ങളിലെങ്ങും
ദുഷ്കീർത്തികളിഹ ചന്തു വേറിച്ചാൽ
നീക്കിക്കൊൾവാനെളുതല്ലേതും
നല്ലപരാക്രമമില്ലെന്നാകിൽ
ചെല്ലാമെന്മകനല്ലേ വാനം
വല്ലാമക്കളിലില്ലാമക്കളി-
തെല്ലാജനവും ചൊല്ലുന്നല്ലോ
മല്ലേറീടിന വില്ലാളികളെ-
ക്കൊല്ലാൻ തക്കൊരു വിരുതുണ്ടാവാൻ
ഇല്ലാസത്തൊടു നല്ലജനത്തെ-
ക്കല്യാ! നീ ജഃ കില്ലുരുതേതും
അഗ്രജനാകിയ പുണ്യജനേശ്വര-
നഗ്രേതാകിന പുണ്യംചെയ്തു
ശങ്കവെടിഞ്ഞവനത്ര കൊതിച്ചധുനാ
ലങ്കാനഗരേ മരുവീടുന്നു

പുഷ്കരമെന്നൊരു നല്ലവിമാനം
കൊച്ചാതൊരുവനവന്നുകൊടുത്തു
ആൽഭുതമാകിയ നമ്മുടെ നഗരേ
ശില്പമൊടവനരം വാണീടുന്നു.
ഇത്തടതിമിരനിരന്തരമാകിന
സപ്തകുലത്തിൽ നമുക്കധിവാസം
ദത്തംകൊണ്ടൊരു ഫലമില്ലീശ്വര
കല്പനയൊരുവനൊഴിച്ചീടാമോ
ശ്രുക്ഷ്മതയായിജ്ഞാനനിധിയുമീവിധ-
മാക്ഷേപകികളുരചെയ്തപ്പോൾ
അക്ഷയരോഷനുമാകുലനാകിയ
രാക്ഷസരാജൻ തൊഴുതുരചെയ്തു
ആക്ഷേപാക്ഷരവചനംകൊണ്ടിഹ
ദുഃക്ഷാരിതമിന്നെന്നുടെ ഹൃദയം
ഇക്ഷിതിതന്നിൽ ഭിക്ഷയുമോറ്റു
ഭക്ഷിച്ചുങ്ങിനെ കുക്ഷിനിറപ്പാൻ
കാൽക്ഷണനേരം കാംക്ഷിക്കില്ലിനി
യക്ഷേശ്വരനെശ്ശിക്ഷിക്കാതെ
വൃക്ഷംപോലെ വളന്നൊരു ഞാനും
പക്ഷയിവിടെ നശിച്ചീടട്ടെ!
രാക്ഷസനഗരമടക്കിപ്പലവക
നിക്ഷേപം വച്ചവിടെയിരിക്കും
യക്ഷേശ്വരനത്തച്ഛ പറിച്ചു-
ങ്ങക്ഷിതിതന്നിൽ നമുക്കുവസിക്കാം
ഭിക്ഷാപാത്രം കയ്യിലെടുത്തിനി
യക്ഷന്മാരുനടന്നീടേണം
എട്ടുദിഗന്തരപാലന്മാരുടെ
തട്ടിപ്പറിച്ചൊന്നു കൂട്ടുകയില്ല
എട്ടുദിനത്തിനകത്തങ്ങവരെ
പ്പിട്ടിപിടിച്ചു നടത്തിപ്പൻ ഞാൻ
കെട്ടിയിരുന്ന പണങ്ങളശേഷം
പെട്ടികളോടെയടിച്ചു പറിച്ചു-
ങ്ങഷ്ടദിഗീശകളാകിയയക്ഷന്മാരവ-
രാട്ടിക്കില്ലാഞ്ഞതെങ്ങാരേതുദിശി
പെട്ടികളെന്നതുരപാലെപരിതാപാട്ട
പ്പെട്ടിണിയിട്ടു നടക്കയുള്ളൂ
ശങ്കവെടിഞ്ഞവരെന്തൊരു കഷ്ടം
ലങ്കയടക്കിവസിപ്പാറായാ



Digitized By Kerala Sahitya Akademi

എങ്കിലതറിയണമവനെക്കൊണ്ടു
ശിങ്കുകളിപ്പിക്കും ഞാനുടനെ
നമ്മുടെ പൂവ്വജനവനെന്നാകിലു-
മിമ്മടമൊട്ടു ശമിപ്പിക്കേണം
അമ്മുനിവരനെക്കാൾമാനായി-
സ്സമ്മോദത്തൊടു പോകുമ്പോളവ-
നമ്മയെ വന്നു വണങ്ങീടാഞ്ഞതു
നിമ്മയ്യാദമതെന്നോവേണ്ടു.
നമ്മുടെ ജാതിക്കനുചിതമെന്നാര-
ഥമ്മതികൊണ്ടവനിവിടെവരാഞ്ഞു
ജാതികുലം കൊണ്ടുനിരൂപിച്ചെന്നാ-
ലേതുംകുറവു നമുക്കില്ലിപ്പോൾ
ബ്രഹ്മകുലത്തിൽജനനം നമ്മുടെ
ജിഹ്മന്മാരതുബോധിച്ചാലും
സൂക്ഷ്മതരാകിനകർമ്മംകൊണ്ടു
രാക്ഷസരെന്നു പറഞ്ഞിടുന്നു
ഭിക്ഷുമഹാമുനിതന്നുടെ മകളെ
ദക്ഷിണനായ സുകേശൻവേട്ടാൻ
മാല്യവദാദികൾ മാലിസുമാലികൾ
പൊല്ലെഴുമവളുടെ പുത്രരതല്ലോ.
അമ്മേ! നിന്തിരുവടിയുടെ ജനകൻ
നിർമ്മലനായ സുമാലിസുമല്ല?
എന്തിനവളെയുണർത്തിക്കുന്നു
നിന്തിരുവടിയൊട്ടു പാഴിലിലതെല്ലും
സന്തതകലഹമഹാകുതുകീദൃ-
ക്കന്ധരനെന്നതുബോധിക്കേണം
നിന്തിരുവടിയിനിവളരെക്കാലം
സന്താപത്തെ വഹിച്ചിരുടണ്ടാ
സിന്ധുരതരബലനാകുമെനിക്കൊരു
ബന്ധുവിശേഷിച്ചുതും വേണ്ടാ
അനുജന്മാരിവരിരുവരുമെങ്കിൽ
കനിവൊടുകൂടിവസിച്ചാൽപോരും
മനുജന്മാരും ദനുജന്മാരും
മുനികളുമഖിലനരേന്ദ്രന്മാരും
കിന്നരചാരണസിദ്ധന്മാരും
പിന്നെപ്പലവിധമുപദേവകളും
ഇന്ദ്രനുമക്നുമമരന്മാരും
ചന്ദ്രനുമാശാപാലന്മാരും
പന്നഗഗണവും പക്ഷിമൃഗാദിയു-
മെന്നെത്തന്നെ വണങ്ങീടേണം
എന്നും പദമതെനിക്കെന്നോർത്തി-
ട്ടിന്ദ്രനു മേറെ ഞെളിഞ്ഞിടേണ്ടാ
ഇന്നീമൂന്നു ജഗത്തിലുമോർത്താ-
ലെന്നിൽ മികച്ചവനൊരുവൻ വരുമോ?
മന്നിൽ പല പല മന്നവരുണ്ടവ-
രെന്നെക്കണ്ടാലോടിയൊളിക്കും
മുന്നിൽ പരിചൊടു നിന്നു പിന്നാങ്ങാ-
നിന്നിയൊരുത്തൻ മതിയാകില്ല;
ഈവണ്ണം ചില വാചുപറഞ്ഞൊരു
രാവണനോടഥ കൈകസിചൊന്നാൾ
ദൈവാനുഗ്രഹമുണ്ടെന്നാലതു
പൈയ്യനുഗ്രതയുണ്ടായീടും
ദേവകളൊക്കെ വിരോധികളെന്നതു
കേവലമുണ്ണികൾ ബോധിക്കേണം
ദേവതമാരിലൊരേടത്തനവധി
സേവകൾ കൊണ്ടതു സാധിക്കേണം
ഈവകകൊണ്ടിഹ വിബുധന്മാരുടെ
ഭാവാഢ്യമതിബോധിക്കേണം
ഭൂവലയത്തിൽ വസിക്കുന്നവരുടെ
നിയാമകത്തെ നിരോധിക്കേണം
നാരായണനെന്നൊന്നുള്ള ഭജിപ്പതു
നേരായ്തരികയുമില്ല നമുക്കു
വൈരികളായ ജനത്തിനുമഖിലം
വേരായതു നാരായണനതു
മാരാന്തകനെച്ചെന്നു ഭജിച്ചാൽ
ചേരുമതെങ്കിലുമുണ്ടൊരു ദോഷം
ക്രൂരതയേറും ഭഗവാനെന്നാ-
ലാരാധിപ്പാനെളുതല്ലേതും
പിന്നെയുമുണ്ടൊരു വൈഷമ്യം ചെത
പന്നഗഭൂഷണ സേവയിലവനെ
സേവിക്കുന്ന ജനത്തെത്തന്നെ
കൊൽവാനും മടിയില്ലവനതും
ധന്യന്മാരാം ത്രിപുരന്മാർ പ-
ണ്ടുന്നതിവരുവാൻ വളരെക്കാലം
ഗംഗാപതിയാം ഭഗവാൻ തന്നുടെ
ലിംഗംതടിതി ധരിച്ചു നടന്നാർ

Digitized By Kerala Sahitya Akademi

ദാസുരജടയും രുദ്രാക്ഷങ്ങളു-
മസുരന്മാരവരാത്ത ധരിച്ചാർ
ശിവനാമങ്ങാം ജപിക്കയുടങ്ങീ-
ട്ടവധാരിതവിധി പലതും ചെയ്തു
ഭുവനം തന്നിലടക്കിനിനച്ചാൽ
ശിവനല്ലാതൊരു ദൈവവുമില്ലെ-
ന്നവരുടെയുള്ളിലുറപ്പു നിമിത്തം
ഭുവനമവക്കുവശത്തായുന്ന
മാരാന്തകനുടെ കേതന്മാരവ-
രീരേഴുലകിലുമൊക്കെ നടന്നാർ
പരമേശ്വരൻ താനൊരു നാളവരെ
പ്പരിചൊട്ടു മുട്ടുകരിച്ചാനെന്നൊരു
ശ്രുതിയതുമുലകിൽ നടന്നു വാസ്തവ-
മതുമെന്നാവിൻ തനയന്മാരേ?
എന്നതുകൊണ്ടു പുരത്രയഹരനെ
ച്ചെന്നു ജയിപ്പതു വിഷമംതന്നെ
പങ്കജഭവനെ സ്സേവിക്കുകിലോ
സങ്കടമൊഴിയുമൊരന്തരമില്ല
തൻകൃപകൊണ്ടു നമുക്കിനിമേലിൽ
ലകാപുരിയിലിരിപ്പാറാകും.
എന്നാലുണ്ണികൾ മൂവരുമധുനാ
ചെന്നൊരു കോട്ടിലുറച്ചീടേണം
സൃഷ്ടിവിനെ വഴിപോലേ സവി-
ച്ചിഷ്ടവരങ്ങളും വാങ്ങീടേണം
അഭ്യുദയങ്ങളും നമുക്കു ലഭിപ്പാ-
നിതുപദേശം കരുതീടേണം
ആത്മോദയമേ ചിന്തിക്കാവു പ-
രജ്യാനിക്കുയുടങ്ങീടരുതു";
പത്മോത്ഭവനെസ്സേവിച്ചനവധി
പത്തോൽപ്രീതി വരുത്തീടണം
സൌമ്യാദികളുടെ സൌഖ്യവുമതി-
മാത്മജസുഖവുമുപേക്ഷിക്കേണം
ഉചിതമതാകിയ ജനനീതന്നുടെ
വചനമിതെല്ലാം കേട്ടദശാസ്യൻ
തുടയിലടിച്ചു ചിരിച്ചുംകൊണ്ടു
കടുതരമാകിന വചനംചൊന്നാൻ
ശുദ്ധതകൊണ്ടുടനമ്മ പറഞ്ഞതു
ബുദ്ധിയിലിങ്ങതു പറാറില്ലേതും

ഉത്തമരാകിയ വിബുധന്മാരൊടു
യുദ്ധം ചെയ്യണമെന്നൊരു പക്ഷം
പാന്ഥന്മാരെ വധിച്ചീടാഞ്ഞാൽ
സൌഖ്യവുമില്ലിഹ സുഖസഞ്ചാരം
പരപീഡകളെക്കരുതീടാഞ്ഞാ-
ലൊരുവനുമുണ്ടോ പരമാനന്ദം
നമ്മുടെകുലഗുരുവാകിയശുക്രൻ
ധർമ്മവിചാരപരായണനല്ലീ
സമ്മതനായ പരജ്യാനിക്കൊരു
കല്മഷമില്ലതു ബോധിച്ചാലും!
ശത്രുജനത്തൊടു പടപൊരുവാനഹ
മെത്രകൊതിച്ചു വസിച്ചീടുന്നു
മത്തഗജങ്ങടെ മസ്തകതതികളി-
ച്ചെത്തിപ്പരിചൊട്ടു കുത്തിയമർത്തും
ആത്തുവിളിച്ചും നേർത്തു കടന്നും
പത്തമ്പതുമരമെത്തിവലിച്ചുട-
നെത്തും പടിചിലപത്തികളൊരുവക
ചത്തും പടകളുരത്തും ധരണിത-
ട്ടുത്തുംകഥചനകൊട്ടും വെടികളു-
മൊട്ടങ്ങൊരുദിശിവെട്ടും മനമതു
പൊട്ടുന്നൊരു ചില ചാക്കുംമുറികളും
മാക്കംപെരുകിനതോക്കും ചാവളറു-
മന്തംപെരുകിനകുന്തങ്ങളുടെ-
നന്തകടേരുടെടന്തങ്ങൾക്കൊരു
ബന്ധുതടിന ചന്ത്രത്തിൽപല
ലന്തപ്പരശുകൾതമ്മിലിടഞ്ഞുത-
ടഞ്ഞുവരുന്നൊരുപൊ ിപടലങ്ങളു-
മുടനിടതിങ്ങിനനടുതരമാം ചില
ചോരപ്പുഴകളിലളവേകളികളി-
ലിളകിമറിഞ്ഞും കാളികരംകുളികരം
രുധിരശവങ്ങൾകൊടിച്ചുകടിച്ചുര-
സിച്ചുനടപ്പാനടിയനവടിവൊട്ടു
രുചിയുണ്ടമ്മേ!

എന്തിനുവളരെയുണത്തിക്കുന്നു
നിന്തിരുവടിയൊടുപാഴിലിതെല്ലാം
സന്തതമവസ്ഥയമപ്പതിനേതുമൊ-
രന്തരമില്ലതുബോധിച്ചാലും!
എങ്കിൽപരമൊടുഞങ്ങളിദാനീം
പങ്കജഭവനെസ്സേവിപ്പാനായ്

Digitized By Kerala Sahitya Akademi

ശങ്കവെടിഞ്ഞുഗമിച്ചീടുന്ന
സങ്കടമകതിനി, ലിതനരർക്ക്
പങ്കജനേത്രൻനിജസഖജന്മാരം
ലങ്കയിലെന്നപത്തുകൊക്കേരംകാം
യക്കന്മാരുണ്ടെങ്കൊരുദിക്കിൽ
ഭിക്ഷയുമോരുനടക്കുകെന്നാനാം
എന്നുപറഞ്ഞഥരാവണനുടനേ
തന്നുടസഖജന്മാരെട്ടുകൂടി
ജനനീചരണസരോരുഹനികടേ
കനിവൊടുവീണുവണങ്ങുനേരം
പുത്രന്മാർതൻനല്ലശിഷ്യകരം
പത്തുംരണ്ടുമതൊത്തുപത്തുക്കേ
തൊട്ടുക്കൈകസിതൈകൊണ്ടുടനേ
പുഷ്ടാനന്ദമനുഗ്രഹമേകി
നല്ലഭവരികെൻപുത്രന്മാക്കെ-
ന്നല്ലാസത്തൊടുചൊല്ലുനേരം
കനിവൊടുനയനജലംകൊണ്ടുവളർ
തനയന്മാരുടെമുടികളിൽനന്നു
ഒഴുകീടുന്നാനയനജലങ്ങളിൽ
മുഴുകീടുംദശകന്ധരനപ്പോൾ
എഴുനേറ്റാനജന്മാരെട്ടുകൂടി-
ത്തൊഴുതുപത്തുക്കെനടന്നുതുടങ്ങി.

തുടന്നമോദമോടെനടന്നാരവരെല്ലാം
പടന്നാഗിരിതടംകടന്നുതടിനിയും
ഉടനേപലതരംതടിനീതടങ്ങളു-
മുടമക്കുംപടികടന്നുനടന്നവർ
വിടപിപടലംകൊണ്ടിടയിലിടക്കിട-
നടവിനടുവിലങ്ങുടനേവസിക്കയും
പടയിലരിതുപിതടവും വചനങ്ങ-
ളിടയിൽപറകയുമുടനേ ഹസിക്കയും
മുമ്പിൽനടന്നീടുന്നവൻപനാം ദശകണ്ഠ-
നിമ്പായ്പലവാക്കങ്ങൻപോടുപറകയും
പിമ്പിൽനടന്നീടുന്നകുംഭകർണ്ണനതിനെ
കൊണ്ടോടിനുന്തികയും കണ്ണുവാക്കുരയ്ക്കയും
രണ്ടുപുരുടപിൻപേമിങ്ങുതെവിഭീഷ്ണൻ
തമ്പിമാർമനിനീകുറെതൻകുറെണ്ടൽവണ്ണനെ-
ത്തന്നെ
കണ്ടോരുഎന്നുചിന്തിച്ചുകൊണ്ടുമോദമോടെ

കണ്ണുതുടിഞ്ഞുവെകയ്യുകലുറയ്ക്കയും
ഇങ്ങിനെയവരെല്ലാംതിങ്ങിനമോദമോടെ
ഭംഗിയിൽനടക്കുമ്പോളങ്ങുടൻകാണായ്വന്നു
വൈഭ്രണ്ഡ്യംക്രൂരാഭ്രേരാകണ്ണനംമന്ത്രത്താൽ
ലോകണ്ണംനീക്കീടുന്നുഗോകണ്ണമെന്നുദേശം.
താണ്ണവനികടേവിലസീടുംഗോ-
കർണ്ണമഹാക്ഷേത്രത്തിന്നരികേ
പുണ്ണ്യമനോരഥസിദ്ധിക്കവഥ
നിർണ്ണയമാശ്രിതപസ്സുതുടങ്ങി
ഭഗവൽമഹാബലവിഗ്രഹനായദ-
ശഗ്രീവൻപുനരഗ്രജനരികിലെ
നിഗ്രഹണത്തിനൊരുഗ്രഹപദനിവ-
നഗ്രതകൊണ്ടുനവഗ്രഹപതിയുടെ
വിഗ്രഹശോഭസമഗ്രമടക്കി
ഭഗവതപോബലടുർഗ്രഹമായിതനു-
നഗ്രഹണാദിലനഗ്രഹഗ്രണനം
പങ്കജമേവനെത്തകലുറുപ്പി-
ച്ചങ്കണമാകിയപങ്കമകറ്റി
പങ്കജമിഴികടെകൊങ്കകളിഴകും
കുങ്കുമപങ്കമൊടങ്കംചൊരുവാൻ
ശങ്കകറഞ്ഞൊരുതങ്കരളാകിയ
വൻകരിതന്നുടെഗർവ്വംകൃതിനിത്താൻ
അങ്കുശമാംവിധിതങ്കഴലിണയെ-
സ്സുങ്കടമൊഴിവാൻവീണുവണങ്ങി
ഇന്ദ്രാദികസുരസുന്ദരിമാരുടെ
പന്നിക്കരണമിതെന്നുകൊതിച്ചവൻ
ഇന്ദ്രിയനികരമമന്ദമടക്കി
ചന്ദനഹിമജലകന്ദകരണ്ഡക
സാന്ദ്രാധികസുഖസന്ദോഹങ്ങളിൽ
നിന്നുമുഴുത്തുനടന്നവനൊന്നുളവിക്കണമെന്നും.
സൌഖ്യമിതെന്നും ദുഃഖമിതെന്നും
കാമ്യമിതെന്നും പ്രേമമിതെന്നും
ദ്വേഷ്യമിതെന്നും ദുരാഷ്ടമിതെന്നും
മധുരമിതെന്നും വിധുരമിതെന്നും
സാരമിതെന്നും വീരസമിതെന്നും
പരിപാടിതൊക്കമറന്നവനുടനേ
പരമാനന്ദപയോധിയിൽമുഴുകി
പരിതാപങ്ങളകന്നൊരുശേഷം
പരമാത്മാവുമനസ്സിലുദിച്ചു

Digitized By Kerala Sahitya Akademi

പരിപാകങ്ങളുമനവധിവന്നു
പരിതോഷിതമായ ദേഹവുമദ്ദാ
നാമുവശത്തുംപരിപൊട്ടനല്ലൊരു
രിമലരക്കുട്ടിച്ചുവനമെരിച്ചു
ചാലകണ്ണുകളിരുപത്തുമുദയ-
ബാലാദിത്യന്മാർതങ്കലുറച്ചു
ആഹാരാദികളില്ലവനതിലൊരു
ദേഹാലസ്യവുമില്ലൊരുതെല്ലും
ദേഹാദികളെപ്പരിപാലിപ്പാൻ
മോഹവുമില്ലവനെത്രവിചിത്രം!
സോഹംഭാവംമനസിനിനച്ചാൽ
ദേഹമതെന്നതുപുല്ലൊടൊക്കും
ഇപ്പാരിടമതിലുള്ളജനത്തിനു
മപ്പാവളരെമനസ്സംമുട്ടി
കല്പാനലനൊടുതുല്യമതായി-
ട്ടിരുപ്പാളനവധിചൂടുയരുംതും
എന്നുപറഞ്ഞഥവാളുമെടുത്തവ-
നൊന്നുപതുക്കെയിളക്കിക്കൊണ്ടു
വാമകരംകൊണ്ടൊരുതലമുറിത്തി-
ത്താമസമറവുപിടിച്ചുനിവർത്തി
ചട്ടറവീടിനവാർകൊണ്ടവനഥ
വെട്ടിയറുത്തുകരത്തിലെടുത്തു
നെയ്യിൽപുനരതുമുക്കിപ്പരിചൊട്ടു
തീയിൽത്തരസാഹോമംചെയ്തു
കണ്ഡംതന്നിൽതീപിടിചൊട്ടു
മുണ്ഡംചടചടനെന്നുപൊടിഞ്ഞു
പൊട്ടിച്ചിതറിയതലയോടുകളിൽ
പാട്ടാലപ്പടിലിഖിതംകണ്ടു
ഉത്തമനാകിയരാമൻകൈയാൽ
മൃത്യുനിനക്കെന്നതുവായിച്ചു
കൊട്ടിക്കരതലമൊന്നുചിരിച്ചു
കൂട്ടാക്കീലവനതുകൊണ്ടെന്തും
പിന്നെയുമവനൊരുവർഷസഹസ്രം
ചെന്നതുനേരമിവണ്ണംതന്നെ
ഒൻപതുതലകളിലൊന്നുമുറിച്ചു
വൻപുപെരുത്തൊരുരാക്ഷസരാജൻ
ഒൻപതുവർഷസഹസ്രംചെന്നു
ഒൻപതുതലകളുമഗ്നൗതിചെയ്തു.

പത്താംവർഷസഹസ്രവുമായി
പാർത്താർമകനെക്കണ്ടീലുമിപ്പോ
നക്തഞ്ചരവരനിങ്ങനെതന്നെ
ചെന്നാകിൽവരംനൽകേണ്ടാ
ഇത്തരമാരോടുള്ളുപെരുത്തൊരു
മർത്ത്യന്മാർചെന്നേഷണക്കുട്ടീ
ശുദ്ധാത്മാവാംനമ്മുടെമുപ്പുര-
കന്തൊരുകോട്ടിലൊളിച്ചിടുന്നു
ചെണ്ടക്കാരൻഞാനെന്നിപ്പോൾ
ഉണ്ടൊരുദോവമിവക്കില്ലാക്കും
കണ്ടാലറിയുമവക്കിന്നവിടെ
ക്കണ്ണതുപൊയന്നതുതൊണ്ടന്മാരേ
വണ്ടോർകുഴലികുംതലമുടിചുറ്റി
ക്കണ്ടനിശാചരരെന്നുടെമുമ്പിൽ
കൊണ്ടന്നാശുപിരട്ടിയുരുട്ടി
ക്കണ്ണാരേണംതച്ചുപറിക്കിണ
കണ്ടാലറിയാംനമ്മുടെദോവം
വേണ്ടാതുള്ളൊരുകപടംകാട്ടി
ക്കൊണ്ടാൽവരുമതിനാവതുമില്ലാ
ബാലന്മാരെപ്പോലെനമ്മുടെ
നാലാമച്ഛനുമെന്തിതുതോന്നാൻ
ഈലോകങ്ങൾംതപസ്സാമഗ്നൗ
പാലതുപോലവെഹോമിക്കുന്നൻ
നാലാംഗളമുഖനിങ്ങെഴുന്നള്ളി
ച്ചാലോവരവരംതന്നില്ലാ
തോലിപിണയ്ക്കുംഞാനല്ലാഞ്ഞാൽ
ഇത്തരമോരോവാക്കുപറഞ്ഞവ-
നത്തലകൊണ്ടുപാണമെടുത്തു
പത്താംതലമുടികെട്ടിമുറുക്കീ
ട്ടാത്മാനന്ദംധ്യാനമുറച്ചു
വെട്ടാനായിത്തുടരുന്നേരം
സൃഷ്ടാവിനെയുംകാണായ്വന്നു
ഓടിനടന്നുവിയത്തുവലഞ്ഞും
രോടിയിൽനിന്നുജലങ്ങളുംപൊഴിഞ്ഞും
രോരോരങ്ങളഴിഞ്ഞതിനുള്ളിൽ
കൂടിയതുള്ളസിദളങ്ങളുംപൊഴിഞ്ഞും
പാളത്താരുകിഴിഞ്ഞുംപരിചൊട്ട
തോളിലണിഞ്ഞൊരുവസനമുലഞ്ഞും

Digitized By Kerala Sahitya Akademi

ദണ്ഡകേണ്ഡികരവുമെന്നിവ
എന്നപ്പോഴവകരുദ്രാക്ഷങ്ങളു-
മൊട്ടുകളഞ്ഞും വാരിയെടുത്തും
പെട്ടമതിങ്ങനെഭാവിച്ചുടനേ
വെട്ടത്തൻപൊടികാണായ്വന്നു
ഉണ്ണീ! സാഹസമരുതരുതിപ്പോൾ
ഞാണ്ഡഘടങ്ങളുമുറിച്ചുടൻതൊല്ല
എന്തുനിനക്കഭിലാഷമതെന്നാ-
ലന്തമില്ലതരുന്നേനെന്നും
എന്നരുൾചെയ്തങ്ങവനടെനികടേ
ചെന്നുപതുക്കെയുണർത്തുകൊണ്ട്
നന്നായുടലിൽതടവുന്നേരം
ദേഹമെവിച്ചുതലകളുമെല്ലാം
നിന്നടെതലകളുമുറിച്ചുനാകിൽ
പിന്നെയുമുണ്ടാമെന്നരുൾചെയ്ത
നിന്നീടുന്നൊരുകമലാസനനേ
താണുവണങ്ങിദശമുഖനടനേ
ഭുവനകടാഹതരായനമസ്തേ
ഭുവനവിധാനകരായനമസ്തേ
ജഗതീനാഥപരായനമസ്തേ
ജഗതീശോകഹരായനമസ്തേ
നമലസരോജഭവായനമസ്തേ
കമലവിധേയകരായനമസ്തേ
ഗുരുകരുണാകരദേവനമസ്തേ
പരപരിതോഷിത ദേവനമസ്തേ.
ഇത്തരമോരോസ്തുതിവചനംകൊ
ണ്ടുത്തമനാകിയ സരസിജഭവനേ
സത്വരമങ്ങു പ്രസാദിപ്പിച്ചു
നക്തഞ്ചരവരവീരനിവണ്ണം
തുഷ്ടികലർന്നു വിരിഞ്ചനുമപ്പോ-
ളിഷ്ടമറിഞ്ഞുടനരുളിച്ചെയ്തു
വിഷ്ണുപമർഥിതമഹാഗുണരാശേ!
വിഷ്ണുപവാസികളൊരുവരുമിന്നതി-
നിഷ്ഠുരനായ ഭവാനടെ നേരേ
ധൃഷ്ടതയോടു പിണങ്ങാൻ പോരാ
തീഭുവനമൊക്കെയടക്കി ജയിപ്പാൻ
പ്രഭുതനിനക്കു ഭവിച്ചീടേണം
ഖാതികടുകോപമൊടെതിരിടുമടവേ
ധൃതിപെടുമമരസുരാസുരനികരം
മർത്ത്യന്മാരുമമർത്ത്യന്മാരും ധൂർത്തന്മാരാമുപദേവ-
ശക്തിപെരുത്തൊരു ഭുജഗാദികളും (കളും
ഉഗ്രതരാകിയ വാനരജാതിയും
ഇവർകളിൽ നിന്നുനിനക്കൊരുനാളും
മൃത്യുഭവിക്കയുമില്ലനിശാചരി
സത്യം ഞാനിതവരമേകുന്നേൻ
ഇത്തരമുള്ള പിതാമഹവചനം
സത്വരമവിടെക്കേട്ടദശായാം
ഉദ്ധതനാകിയ രാക്ഷസവീരൻ
ഉത്തരമങ്ങു പറഞ്ഞുതുടങ്ങി
അഭിമാനത്തെ നടിക്കുമൊരടിയനെ-
ടരിമതമല്ലഭവാനടെ വചനം
സുരയെന്മാരാം മനുജരിൽ നിന്നട-
നുഭയമെനിക്കു തരേണ്ടതുമില്ല-
കണ്ണഗതപ്രാണന്മാരാമതി-
കുണ്ഠതപെരുകിനമനുജന്മാരേ
കണ്ടെടുത്തിഹകൊലചെയ്വാൻ ദശ-
കണ്ഠനുവരബലമേതും വേണ്ട
വാനരജാതിയിൽ നിന്നുംസംപ്രതി
ഞാനൊരുപേടിയറിഞ്ഞിട്ടില്ല
മാനുഷവാനരജാതിയിൽ നിന്നവ-
മാനമെനിക്കു ഭവിക്കില്ലൊട്ടും
ഒണ്ടിതു കരുണഭവാനെന്നാലിതു
ണ്ടുമൊഴിച്ചുവരമരുളേണ്ടു.
കണ്ടവരങ്ങളപേക്ഷിപ്പാനൊരു
തൊണ്ടനതല്ലടിയൻ ദശകണ്ഠൻ
എന്നതുകേട്ടു തെളിഞ്ഞു വിരിഞ്ചൻ
മന്ദസ്മിതമൊടുമൊന്നരുൾചെയ്തു.
സാംപ്രതമുചിതം നിന്നുടെ വചനം
ഞാൻ പുനരിതു വിചാരിച്ചില്ല-
നരവരവാനരജാതികളല്ലാ
തൊരുവരുൻനിന്നെക്കൊലചെയ്കില്ല,
വരമിതു തന്നനെന്നരുൾചെയ്തു
സരസിജസംഭവനവിടെ മറഞ്ഞു
കംസകേണ്ണന്റെ മുമ്പിലംഭോജജന്മാവപ്പോൾ
സംഭവനംചെയ്വാനായമ്പാടങ്ങെഴുന്നള്ളി
വമ്പനമവനോടുഗംഭീരമരുൾചെയ്തു

Digitized By Kerala Sahitya Akademi

സംഭ്രമം പെടിഞ്ഞാശു കുംഭകർണ്ണ! നീ പൊൽക
എന്തൊരുവരമിപ്പോൾ ചിന്തിതമന്തരംഗേ
ഹന്ത! നീ പറഞ്ഞാലുമന്തരമില്ലതരാം;
പെന്താരിന്മകനെയങ്ങന്തികേകണ്ടനേരം
ചിന്തിച്ചു കുംഭകർണ്ണനെന്തിനമോദമോടെ
ചന്തത്തിലൊരുവരമെന്തു ഞാൻ മേടിക്കേണ്ടു
ചിന്തിച്ചില്ലിത്രനാളുമെന്തൊരുകഷ്ടമിദം
ദേവകളെല്ലാം മമകേവലാ വിരോധിക-
ളേവരും നശിപ്പാനായേവം ഞാൻ പറയുന്ന
ഭൗവണ്ണം കുംഭകർണ്ണൻ ഭാവിച്ചതറിഞ്ഞാശു
ദേവകൾ ഭയപ്പെട്ട സേവിച്ചാർ വാണിതന്നെ
ദുഷ്ടരാം നിശാചരർ ശിഷ്ടനാംവിരിഞ്ചനോ-
ടിഷ്ടമായ്യാചിക്കുന്ന കഷ്ടംദേവേന്ദ്രപ്പട്ടം
ശിഷ്ടരാംഞങ്ങളെല്ലാം നഷ്ടമായീടുമിപ്പോൾ
ദുഷ്ടിയോടൊരുമാഗ്രംക്രൂട്ടണംമടിയാതെ
ഭാരതിയതു കേട്ടപാരാതെയെഴുന്നള്ളി
വീരന്റെ രസനമേൽ ചേരുന്നനേരംതന്നെ
മുന്നമേ നിർദ്ദേവത്വമെന്നെല്ലാമുരപ്പിച്ചു
പെന്നപ്പോൾ നിദ്രാവത്വമെന്നതുപുറപ്പെട്ട
അന്നേരം വാണീനാഥൻ നന്നായിപ്രസാദിച്ചു
മന്ദഹാസവും തൂകിമന്ദമൊന്നരുൾചെയ്തു
ഉണ്ണീ! നീമടിക്കാതെകണ്ണിപ്പെയടച്ചാലും
നന്നായിട്ടൊരു ദിക്കിൽ പെന്നടനുറങ്ങുക
പന്തീരാണ്ടുറങ്ങുകസന്തോഷത്തോടുംക്രൂടി
യെന്തിനുപാഴിലോരോ ചിന്തകൾ തേടീടുന്നു
മൂന്നുനാഴികനേരം മുക്കാലും ക്രൂടെക്കൊള്ളാം
സാനന്ദമുണർന്നിരുന്നാലും നീ കുംഭകർണ്ണ!
ഖിന്നതവെടിഞ്ഞാശു പിന്നെയുമുറങ്ങുക
അന്തരാ ഉണർന്നാകിൽ അന്തകൻവീടുപൂകും
ഇത്തരംവരംനൽകിസത്വരമെഴുന്നള്ളി
ഉത്തമൻ വിഭീഷണൻമുമ്പിലേകാണായ്തുന്നു.
ഗുണഗണനായ വിഭീഷണനോടുട-
നരുളിച്ചെയ്താനംബുജഭവനൻ
വരികവിഭീഷണ! പുരുഗുണരാശേ!
വരമെയുവേണ്ടയു തരുവേനടനേ
കരളിൽ നിനച്ചയു പറകേവേണ്ടു
തരുവാനിന്നൊരു മടിയില്ലുണ്ണീ!
അരുളിച്ചെയ്തയു കേട്ടതെളിഞ്ഞവ-
നാരരവോടറിവിച്ചുയുടങ്ങീ

അടിയനുവേണ്ടം വരമത്തനിന്തിരു
വടിയൊട്ടുവടിവിലുണർത്തിക്കുന്ന
അടിമലരിണയുണയായിഹവരുവാൻ
പടുതരമൊരുകൃപവിളയാടേണം
മനസാവാചാകർമ്മംകൊണ്ടും
നനുപുനരടിയൻപെയ്യുമവസ്ഥക
ളുണ്ടിനമെന്നുടെകമലാകാന്തൻ
കനിവുണ്ടാവാനരുളീടേണം.
അമലകളായ കളേബരമധുരൻ
കമലദളായതലോചന ഭഗവാൻ
കമനീയാകൃതിയായ മുകുന്ദൻ
കരുണാകരനാം ഭഗവാനെന്നുടെ
കരളിൽ പരിപൊട്ട വിലസീടണം,
ഇന്നുമുരാന്തകടക്തന്മാരി-
ലൊന്നായടിയനെയരുളീടേണം
എന്നതു കേട്ട തെളിഞ്ഞു വിരിഞ്ചൻ
മന്ദസ്മിതമൊട്ടുമൊന്നരുൾചെയ്തു
നന്നുവിഭീഷണ! നിന്നുടെ ഹൃദയം
പോന്നഭവിക്കും തവരുചിയെല്ലാം
സംപ്രതിമുരഹരഭക്തന്മാരിൽ
മുമ്പുനിനക്കെന്നായ് വരവേണം
സമ്പത്തനവധിമേലിൽനിനക്കു
സമ്പാദിതമാമെന്നരുൾചെയ്തു
അംഭോജാലയനവിടെ മറഞ്ഞു
സംഭൃതബലനായ് രാവണനപ്പോൾ
ഡംഭമനസ്സിൽ മുഴുത്തുചമഞ്ഞു
ഗംഭീരധ്വനിയവിടെ മുഴക്കി
ജംഭാന്തകനുടെ വാഹനമാകും
കുംഭീശ്വരനുടെ നീണ്ടുതടിച്ചൊരു
തുമ്പിക്കയ്യു പിടിച്ചു വലിക്കാം
കൊമ്പുകളാനാലും ഝടിതിയെടിക്കാം
അമ്പൊടിവണ്ണം പലതുമെനിക്കൊരു
സംഭ്രമമിനിയൊട്ടും ചതസി
ബദ്ധൻമെല്ലെനടന്നു തുടങ്ങി
അപ്പൊഴതിളമയുറക്കുംതുങ്ങി
തപ്പിത്തപ്പിവരുന്നയു കാണാം
അപ്പൊപൊണ്ണനു കണ്ണുകൾ കാണാ-
ഞപ്പടിനല്ലകുഴപ്പുംതന്നെ

Digitized By Kerala Sahitya Akademi

ഒട്ടുനടക്കും വഴികാണാഞ്ഞൊരു
